# ശ്രീമദ് ഭാഗവതം

(അന്വയക്രമപരിഭാഷാസഹിതം)

# SRIMAD BHAGAVATHAM

(Malayalam)

**Skandam - 4**



*M.N. Ramaswamy Iyer Memorial Edition*


**SRI RAM PUBLISHERS**

North Village

MELARKODE - 678 703

# ശ്രീമദ് ഭാഗവതം

(ചതുർത്ഥസ്കന്ധം)

(അന്വയക്രമ പരിഭാഷാസഹിതം)

*By*


വിദ്വാൻ, സി. ജി. നാരായണൻ എമ്പ്രാന്തിരി,

LANGUAGE ASST.,

M. N K M. HIGH SCHOOL, CHITTALAMCHERY, PALGHAT Dt.


**M. N. RAMASWAMY IYER MEMORIAL EDITION,**

*Editor.* M. R. NARASIMHAN


*Published by:*

SRI RAM PUBLISHERS.

NORTH VILLAGE,

MELARKODE,

Pin - 678 701

# വിഷയാനുക്രമണിക.


| അദ്ധ്യായം | വിഷയവിവരം | പേജ് നമ്പ്ര് | ശ്ലോകസംഖ്യ |
|---|---|---|---|
| 1 | മനുകന്യകമാരുടെ വംശവർണ്ണനം .... .... | 1 | 66 |
| 2 | ദക്ഷനും ശിവനും തമ്മിൽ വൈരമുണ്ടായതു് .... .... | 19 | 35 |
| 3 | സതിയുടെ അഭ്യർത്ഥനയും ശിവന്റെ നിഷേധവും .... | 30 | 25 |
| 4 | സതിയുടെ ദേഹവിയോഗം .... .... | 41 | 34 |
| 5 | വീരഭദ്രകൃതമായ ദക്ഷയജ്ഞധ്വംസനം .... .... | 56 | 26 |
| 6 | ബ്രഹ്മാവു് ദേവന്മാരോടുകൂടി കൈലാസത്തിലേക്കു് പോകുന്നതു് .... .... | 65 | 53 |
| 7 | ദക്ഷയജ്ഞസമാപനം .... .... | 81 | 61 |
| 8 | ധ്രുവോപാഖ്യാനപ്രാരംഭം .... .... | 104 | 82 |
| 9 | ധ്രുവന്റെ ഭഗവദ്ദർശനവും ഗൃഹപ്രത്യാഗമനവും .... | 128 | 67 |
| 10 | ഉത്തമന്റെ മരണവും ധ്രുവന്റെ യക്ഷവംശധ്വംസനസംരംഭവും .... .... | 152 | 30 |
| 11 | മനുവിന്റെ സാന്ത്വനവും യുദ്ധവിരാമവും .... .... | 160 | 35 |
| 12 | കുബേരന്റെ അഭിനന്ദനവും ധ്രുവന്റെ ഭഗവൽപദാരോഹണവും .... .... | 173 | 52 |
| 13 | പൃഥുചരിതോപക്രമം അംഗന്റെ ഗൃഹത്യാഗം .... .... | 189 | 49 |
| 14 | വേനന്റെ ദുർഭരണവും നാശവും .... .... | 204 | 46 |
| 15 | പൃഥുവിന്റെ ജനനവും രാജ്യാഭിഷേകവും .... .... | 217 | 26 |
| 16 | പൃഥുരാജസ്തുതി .... .... | 225 | 27 |

| അദ്ധ്യായം | വിഷയവിവരം | | പേജ് നമ്പ്ര് | ശ്ലോക സംഖ്യ |
|---|---|---|---|---|
| 17 | പൃഥു ഭൂമിദേവിയോട് കയക്കുന്നതും, ഭൂമിദേവീകൃതമായ പൃഥുസ്തുതിയും | .... .... | 233 | 36 |
| 18 | പൃഥിവീദോഹനം | .... .... | 246 | 32 |
| 19 | പൃഥുവിന്റെ യജ്ഞാശ്വത്തെ ഇന്ദ്രൻ അപഹരിച്ചതു് | .... | 255 | 42 |
| 20 | ഭഗവത്പൃഥുസംവാദം | .... .... | 268 | 38 |
| 21 | പൃഥുചക്രവൎത്തിയുടെ പ്രജാനുശാസനം | .... .... | 283 | 52 |
| 22 | സനത്കുമാരോപദേശം | .... .... | 301 | 63 |
| 23 | പൃഥുചക്രവൎത്തിയുടെ വൈകുണ്ഠലോകപ്രാപ്തി | .... .... | 323 | 39 |
| 24 | രുദ്രപ്രചേതസസ്സമാഗമവും രുദ്രഗീതവും | .... .... | 335 | 79 |
| 25 | പുരഞ്ജനോപാഖ്യാനപ്രാരംഭം | .... .... | 361 | 62 |
| 26 | പുരഞ്ജനന്റെ വേട്ടപോക്കും പുരഞ്ജനിയുടെ പ്രണയകോപവും | .... .... | 381 | 26 |
| 27 | പുരഞ്ജനപുരിയിൽ ചണ്ഡവേഗന്റെ ആക്രമണവും കാലകന്യാചരിത്രവും | .... .... | 391 | 30 |
| 28 | പുരഞ്ജനൻ സ്ത്രീയായി പിറക്കുന്നതും, അവിജ്ഞാതന്റെ ഉപദേശത്താൽ മുക്തനാവുന്നതും | .... .... | 402 | 65 |
| 29 | പുരഞ്ജനോപാഖ്യാനത്തിന്റെ താത്പര്യം | .... .... | 421 | 85 |
| 30 | ഭഗവാൻ പ്രചേതസ്സുകൾക്കു് വരം കൊടുക്കുന്നതു് | .... | 452 | 51 |
| 31 | പ്രചേതസ്സുകൾക്കു് നാരദോപദേശത്താൽ മുക്തി സിദ്ധിക്കുന്നതു് | .... .... | 469 | 31 |


ശുഭം.

ഓം

ശ്രീഗണേശായ നമഃ



ഓം നമോ ഭഗവതേ വാസുദേവായ.

# ശ്രീമദ്ഭാഗവതം - ചതുൎത്ഥസ്കന്ധം

## അദ്ധ്യായം ഒന്നു്.

### മനുകന്യകമാരുടെ വംശവൎണ്ണനം

"അഥൈകത്രിംശദധ്യായൈർവിസൎഗ്ഗസ്തുര്യ ഈൎയതേ
വിസൎഗ്ഗസ്ത്വീശ്വരാധീനൈർ ബ്രഹ്മമന്വാദിഭിഃ കൃതഃ
തത്ര തു പ്രഥമേഽധ്യായേ മനുകന്യാന്വയാഃ പൃഥക്
വർണ്ണ്യന്തേ യത്ര യജ്ഞാദിമൂൎത്തിഭിഃ പ്രഭവോ ഹരേഃ"

മുപ്പത്തൊന്നധ്യായങ്ങളുള്ള നാലാമത്തെ സ്കന്ധത്തിൽ വിസൎഗ്ഗമെന്ന ഈശ്വരലീലയാണു് പൊതുവിൽ പ്രതിപാദ്യവിഷയം. ഈശ്വരവിധേയരായ ബ്രഹ്മമന്വാദികൾ വഴിക്കുള്ള സൃഷ്ടിപ്രസരമത്രേ വിസൎഗ്ഗമെന്നതു്.

ഈ ഒന്നാമധ്യായത്തിൽ സ്വായംഭുവമനുവിൻെറ പുത്രിമാരുടെ വംശക്രമം വെവ്വേറെയായി വിസ്തരിക്കപ്പെടുന്നു. അക്കൂട്ടത്തിൽ മഹാവിഷ്ണുവിൻെറ യജ്ഞദേവാദ്യവതാരലീലകളും ഉൾക്കൊള്ളുന്നു. തൃതീയസ്കന്ധത്തിൽ ആരംഭിച്ച വിദുരമൈത്രേയസംവാദത്തിൻെറ തുടൎച്ചയാണിതു്.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

1 മനോസ്തു ശതരൂപായാം തിസ്രഃ കന്യാശ്ച ജജ്ഞിരേ
ആകൂതിർദേവഹൂതിശ്ച പ്രസൂതിരിതി വിശ്രുതാഃ

| | | | |
|---|---|---|---|
| മനോഃ തു | സ്വായംഭുവമനുവിന്നു് | പ്രസൂതിഃ ച | പ്രസൂതിയും |
| ശതരൂപായാം | ശതരൂപയെന്ന പത്നിയിൽ | ഇതി | എന്നിങ്ങനെ |
| | | വിശ്രുതാഃ | വിഖ്യാതകളായ |
| ആകൂതിഃ | ആകൂതിയും, | തിസ്രഃ കന്യാഃ ച | മൂന്നു പെൺമക്കളും |
| ദേവഹൂതിഃ | ദേവഹൂതിയും, | ജജ്ഞിരേ | ഉണ്ടായി |

2 ആകൂതിം രുചയേ പ്രാദാദപി ഭ്രാതൃമതീം നൃപഃ
പുത്രികാധൎമ്മമാശ്രിത്യ ശതരൂപാനുമോദിതഃ

| | | | |
|---|---|---|---|
| നൃപഃ | രാജാവു് (മനു) | പുത്രികാധൎമ്മം | "പുത്രികാധൎമ്മം" എന്ന സമ്പ്രദായത്തെ |
| ശതരൂപാനുമോദിതഃ | ശതരൂപയാൽ അനുമോദിതനായിട്ടു്, | ആശ്രിത്യ | കൈക്കൊണ്ടു് |
| ഭ്രാതൃമതീം അപി | സോദരന്മാരുള്ളവളെന്നിരിക്കിലുംകൂടി | രുചയെ | രുചിയെന്ന പ്രജാപതിക്കു് |
| ആകൂതിം | ആകൂതിയെ | പ്രാദാത് | വിവാഹംചെയ്തുകൊടുത്തു. |

പുത്രിയുടെ പുത്രനെ തനിക്കു ദത്തു്തരണമെന്ന വാചാനിശ്ചയത്തിന്മേൽ ചെയ്യുന്ന കന്യകാദാനമാണു് പുത്രികാധൎമ്മമെന്നതു്. പുത്രിക്കു് സോദരന്മാരില്ലെങ്കിലാണു് ഇതു് ചെയ്യാറു്. എങ്കിലും ഇവിടെ മനു ബഹുപുത്രലാഭേച്ഛകൊണ്ടു് പുത്രികാധൎമ്മവിധി സ്വീകരിക്കയാണുണ്ടായതു്.

3 പ്രജാപതിഃ സ ഭഗവാൻ രുചിസ്തസ്യാമജീജനത്
മിഥുനം ബ്രഹ്മവൎച്ചസ്വീ പരമേണ സമാധിനാ

| | | | |
|---|---|---|---|
| ബ്രഹ്മവൎച്ചസ്വീ | ബ്രഹ്മതേജസ്വിയും | സമാധിനാ | ഈശ്വരധ്യാനത്തോടെ |
| ഭഗവാൻ | മഹാനുഭാവനും | തസ്യാം | അവളിൽ |
| പ്രജാപതിഃ | പ്രജാപതിയുമായ | മിഥുനം | ഒരാണിനേയും പെണ്ണിനേയും |
| സഃ രുചിഃ | ആ രുചി | | |
| പരമേണ | അത്യുത്തമമായ | അജീജനത് | ജനിപ്പിച്ചു. |

4 യസ്തയോഃ പുരുഷഃ സാക്ഷാദ്വിഷ്ണുൎയ്യജ്ഞസ്വരൂപധൃക്
യാ സ്ത്രീ സാ ദക്ഷിണാ ഭൂതേരംശഭൂതാനപായിനീ

| | | | |
|---|---|---|---|
| തയോഃ | അവരിൽ | സ്ത്രീ | പെണ്ണായിപിറന്നുവോ, |
| പുരുഷഃ യഃ | ആൺകുഞ്ഞായതു് | സാ | അവൾ |
| യജ്ഞസ്വരൂപധൃക് | "യജ്ഞ"രൂപത്തെ ധരിച്ചവതരിച്ച | ഭൂതേഃ | മഹാലക്ഷ്മിയുടെ |
| | | അനപായിനീ | അഴിവില്ലാത്ത |
| സാക്ഷാത് വിഷ്ണുഃ | വിഷ്ണുതന്നെയായിരുന്നു. | അംശഭൂതാ | അംശമായി ഭവിച്ച |
| യാ | യാതൊരുവൾ | ദക്ഷിണാ | 'ദക്ഷിണ'യുംആയിരുന്നു |

5 ആനിന്യേ സ്വഗൃഹം പുത്ര്യാഃ പുത്രം വിതതരോചിഷം
സ്വായംഭുവോ മുദാ യുക്തോ രുചിർജഗ്രാഹ ദക്ഷിണാം

| | |
|---|---|
| സ്വായംഭുവഃ | സ്വായംഭുവമനു |
| മുദാ യുക്തഃ | സന്തോഷത്തോടുകൂടി |
| വിതതരോചിഷം | വിശാലകാന്തിമാനായ |
| പുത്ര്യാഃ പുത്രം | പേരമകനെ(യജ്ഞനെ) |
| സ്വഗൃഹം | സ്വന്തം ഗൃഹത്തിലേക്ക് |
| ആനിന്യേ | കൊണ്ടുപോന്നു. |
| രുചിഃ | രുചിപ്രജാപതി |
| ദക്ഷിണാം | ദക്ഷിണയെ മാത്രം |
| ജഗ്രാഹ | പുത്രിയായിട്ടെടുത്തു. |

6 താം കാമയാനാം ഭഗവാനുവാഹ യജൂഷാം പതിഃ
തുഷ്ടായാം തോഷമാപന്നോഽജനയദ്ദ്വാദശാത്മജാൻ

| | |
|---|---|
| യജൂഷാം | യജ്ഞങ്ങളുടെ |
| പതിഃ | നായകനായ |
| ഭഗവാൻ | യജ്ഞദേവൻ |
| കാമയാനാം | തന്നെ കാമിക്കുന്ന |
| താം | അവളെ (ദക്ഷിണയെ) |
| ഉവാഹ | വേട്ടു. |
| തുഷ്ടായാം | സന്തുഷ്ടയായുള്ളവളിൽ |
| തോഷം ആപന്നഃ | സന്തോഷംപൂണ്ട് |
| ദ്വാദശ | പന്ത്രണ്ട് |
| ആത്മജാൻ | പുത്രന്മാരെ |
| അജനയത് | ഉൽപാദിപ്പിച്ചു. |

ദക്ഷിണയും യജ്ഞദേവനും സോദരീസോദരന്മാരാണെങ്കിലും ലക്ഷ്മീനാരായണാംശജരാകയാൽ പിറവിയിൽത്തന്നെ ദമ്പതിമാരാണ്. അതുകൊണ്ട് അവർതമ്മിലുള്ള വിവാഹം സദാചാരവിരുദ്ധമല്ലെന്നു ധരിച്ചുകൊള്ളണം.

ഇനി ആ പുത്രന്മാരുടെ പേർവിവരം പറയുന്നു—

7 തോഷഃ പ്രതോഷഃ സന്തോഷോ ഭദ്രഃ ശാന്തിരിഡസ്പതിഃ
ഇധ്മഃ കവിർവിഭുഃ സ്വഹ്നഃ സുദേവോ രോചനോ ദ്വിഷട്

തോഷൻ, പ്രതോഷൻ, സന്തോഷൻ, ഭദ്രൻ, ശാന്തി, ഇഡസ്പതി, ഇധ്മൻ, കവി, വിഭു, സ്വഹ്നൻ, സുദേവൻ, രോചനൻ ഇങ്ങനെ (ദ്വിഷട്) ഈരാറ്.

8 തുഷിതാ നാമ തേ ദേവാ ആസൻ സ്വായംഭുവാന്തരേ
മരീചിമിശ്രാ ഋഷയോ യജ്ഞഃ സുരഗണേശ്വരഃ

| | |
|---|---|
| സ്വായംഭുവാന്തരേ | സ്വായംഭുവമനുവിന്റെ വാഴ്ചക്കാലത്ത് |
| തേ | അവർ |
| തുഷിതാഃ നാമ | തുഷിതരെന്നു പേരായ |
| ദേവാഃ | ദേവന്മാർ |
| ആസൻ | ആയിരുന്നു. |
| മരീചിമിശ്രാഃ | മരീചി മുതലായവർ |
| ഋഷയഃ | സപ്തർഷികളായിരുന്നു. |
| യജ്ഞഃ | വിഷ്ണുവിന്റെ അംശാവതാരമായിരുന്ന യജ്ഞൻ |
| സുരഗണേശ്വരഃ | ഇന്ദ്രനും ആയിരുന്നു. |

9 പ്രിയംവ്രതോത്താനപാദൌ മനുപുത്രൌ മഹൌജസൌ
തത്പുത്രപൌത്രനപ്തൄണാമനുവൃത്തം തദന്തരം.

| | | | |
|---|---|---|---|
| മഹൌജസൌ | മഹാബലശാലികളായ | തത്പുത്രപൌത്രനപ്തൄണാം | അവരുടെമക്കളും പേരമക്കളും അവരുടെ മക്കളും ആയവരുടെ പരമ്പരയാൽ |
| പ്രിയംവ്രതോത്താനപാദൌ | പ്രിയംവ്രതനും ഉത്താനപാദനും | തദന്തരം | ആ മന്വന്തരം |
| മനുപുത്രൌ | മനുവിന്റെ മക്കളായ ഭൂമിപാലന്മാർ ആയിരുന്നു | അനുവൃത്തം | തുടരെത്തുടരെ അഭിവൃദ്ധമായി. |

ഓരോ മന്വന്തരത്തിലും പ്രത്യേകം ഒരു മനുവും, ദേവകളും, മനുപുത്രന്മാരും, ഇന്ദ്രനും, ഋഷിഗണവും, വിഷ്ണുവിന്റെ അംശാവതാരവും ഉണ്ടായിരിക്കും. സ്വായംഭുവ മന്വന്തരത്തിലെ ഈ ഷഡ്കത്തെയാണ് മുൻചൊന്ന രണ്ടുശ്ലോകംകൊണ്ട് പ്രസംഗവശാൽ കാണിച്ചതു്. അതിങ്ങനെ—സ്വായംഭുവൻ മനു, തുഷിതർ ദേവന്മാർ, പ്രിയംവ്രതോത്താനപാദന്മാർ മനുപുത്രർ, മരീച്യാദികൾ ഋഷിഗണം, യജ്ഞൻ ഇന്ദ്രനും അംശാവതാരമൂർത്തിയും.

10 ദേവഹൂതിമദാത്താത കർദ്ദമായാത്മജാം മനുഃ
തത്സംബന്ധി ശ്രുതപ്രായം ഭവതാ ഗദതോ മമ.

| | | | |
|---|---|---|---|
| താത | വത്സ വിദുര ! | തത്സംബന്ധി | അവരെപ്പറ്റിയുള്ളതു് |
| മനുഃ | സ്വായംഭുവമനു | മമ ഗദതഃ | ഞാൻ വിസ്തരിക്കവേ |
| ആത്മജാം | സ്വപുത്രിയായ | ഭവതാ | അങ്ങയാൽ |
| ദേവഹൂതിം | ദേവഹൂതിയെ | ശ്രുതപ്രായം | മിക്കതും കേൾക്കപ്പെട്ടിരിക്കുന്നു. |
| കർദ്ദമായ | കർദ്ദമന്നു് | | |
| അദാത് | കൊടുത്തു | | |

11 ദക്ഷായ ബ്രഹ്മപുത്രായ പ്രസൂതിം ഭഗവാൻ മനുഃ
പ്രായച്ഛദ്യത്കൃതഃ സർഗ്ഗസ്ത്രിലോക്യാം വിതതോ മഹാൻ

| | | | |
|---|---|---|---|
| ഭഗവാൻ | മഹാനുഭാവനായ | പ്രായച്ഛത് | വിവാഹംചെയ്തുകൊടുത്തു |
| മനുഃ | സ്വായംഭുവമനു | യത്കൃതഃ | അതുവഴിക്ക് ഉണ്ടായ |
| ബ്രഹ്മപുത്രായ | ബ്രഹ്മാവിന്റെ പുത്രനായ | സർഗ്ഗഃ | പ്രജാസൃഷ്ടി |
| | | മഹാൻ | പെരുകിവലുതായിട്ട് |
| ദക്ഷായ | ദക്ഷപ്രജാപതിക്ക് | ത്രിലോക്യാം | മൂന്നു ലോകത്തിലും |
| പ്രസൂതിം | പ്രസൂതിയെന്നവളെ | വിതതഃ | പരന്നു. |

12 യാഃ കർദ്ദമസുതാഃ പ്രോക്താ നവ ബ്രഹ്മർഷിപത്നയഃ
താസാം പ്രസൂതിപ്രസവം പ്രോച്യമാനം നിബോധ മേ.

| | |
|---|---|
| കർദമസുതാഃ | കർദമന്റെ പുത്രിമാർ |
| നവ | ഒമ്പതും,— |
| യാഃ | യാതൊരുവർ |
| ബ്രഹ്മർഷി-പത്നയഃ | ബ്രഹ്മർഷിമാരുടെ പത്നികളാണെന്നു് |
| പ്രോക്താഃ | പറയപ്പെട്ടിരുന്നുവോ, |
| താസാം | അവരുടെ |
| പ്രസൂതിപ്രസവം | പുത്രപൗത്രപരംപരയെപ്പററി |
| മേ | എന്നാൽ |
| പ്രോച്യമാനം | വിവരിക്കപ്പെടുന്നതു് |
| നിബോധ | കേട്ടറിഞ്ഞുകൊൾക. |

13 പത്നീ മരീചേസ്തു കലാ സുഷുവേ കർദമാത്മജാ
കശ്യപം പൂർണ്ണിമാനം ച യയോരാപൂരിതം ജഗത്.

| | |
|---|---|
| കർദമാത്മജാ | കർദമപുത്രിയും |
| മരീചേഃ | മരീചിയുടെ |
| പത്നീ | പത്നിയുമായ |
| കലാ തു | കലയാകട്ടെ |
| കശ്യപം | കശ്യപനേയും |
| പൂർണ്ണിമാനം ച | പൂർണ്ണിമാ എന്നവളേയും |
| സുഷുവേ | പ്രസവിച്ചു. |
| യയോഃ | യാതൊരു ഇവർ നിമിത്തമായി |
| ജഗത് | ലോകം |
| ആപൂരിതം | നിറഞ്ഞു. |

14 പൂർണ്ണിമാസൂത വിരജം വിശ്വഗം ച പരന്തപ
ദേവകുല്യാം ഹരേഃ പാദശൗചാദ്യാഭൂത് സരിദ്ദിവഃ

| | |
|---|---|
| പരന്തപ | ഹേ ശത്രുസൂദന! |
| പൂർണ്ണിമാ | പൂർണ്ണിമയെന്നവൾ |
| വിരജം | വിരജനേയും, |
| വിശ്വഗം | വിശ്വഗനേയും, |
| ദേവകുല്യാം ച | ദേവകുല്യയേയും |
| അസൂത | പ്രസവിച്ചു. |
| യാ | യാതൊരു ഈ ദേവകുല്യ |
| ഹരേഃ | വിഷ്ണുവിന്റെ |
| പാദശൗചാത് | കാൽ കഴുകിച്ചതുമൂലം |
| ദിവഃ സരിത് | സ്വർഗംഗയായി |
| അഭൂത് | ഭവിച്ചു. |

15 അത്രേഃ പത്ന്യനസൂയാ ത്രീൻ ജജ്ഞേ സുയശസഃ സുതാൻ
ദത്തം ദുർവാസസം സോമമാത്മേശബ്രഹ്മസംഭവാൻ

| | |
|---|---|
| അത്രേഃ | അത്രിമഹർഷിയുടെ |
| പത്നീ | പത്നിയായ |
| അനസൂയാ | അനസൂയാദേവി |
| സുയശസഃ | കീർത്തിശാലികളും |
| ആത്മേശബ്രഹ്മ-സംഭവാൻ | വിഷ്ണു, ശിവൻ ബ്രഹ്മാവു് എന്നിവരുടെ അംശജാതന്മാരുമായ |
| ദത്തം ദുർവ്വാസസം സോമം | ദത്താത്രേയൻ, ദുർവ്വാസാവു് സോമൻ (ചന്ദ്രൻ) എന്നിങ്ങനെ |
| ത്രീൻ സുതാൻ | മൂന്നു പുത്രന്മാരെ |
| ജജ്ഞേ | ജനിപ്പിച്ചു. |

വിദുര ഉവാച = വിദുരർ പറഞ്ഞു :

16 അത്രേർഗൃഹേ സുരശ്രേഷ്ഠാഃ സ്ഥിത്യുത്പത്ത്യന്തഹേതവഃ
കിഞ്ചിച്ചികീർഷവോ ജാതാ ഏതദാഖ്യാഹി മേ ഗുരോ

| | | | |
|---|---|---|---|
| ഗുരോ | ആചാര്യരേ ! | ചികീർഷവഃ | നിറവേററുവാൻ ആഗ്രഹിച്ചുകൊണ്ട് |
| സ്ഥിത്യുത്പത്ത്യന്തഹേതവഃ | രക്ഷയ്ക്കും, സൃഷ്ടിയ്ക്കും, സംഹാരത്തിന്നും കാരണഭൂതരായ | അത്രേഃ | അത്രിമുനിയുടെ |
| | | ഗൃഹേ | ഗൃഹത്തിൽ |
| | | ജാതാഃ | ജനിച്ചു ? |
| സുരശ്രേഷ്ഠാഃ | ദേവോത്തമന്മാർ | ഏതത് മേ | ഇതെനിക്ക് |
| കിഞ്ചിത് | എന്തുകാര്യത്തെ | ആഖ്യാഹി | പറഞ്ഞുതരണം |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു :

17 ബ്രഹ്മണാ നോദിതഃ സൃഷ്ടാവത്രിർബ്രഹ്മവിദാം വരഃ
സഹ പത്ന്യാ യയാവൃക്ഷം കുലാദ്രിം തപസി സ്ഥിതഃ

| | | | |
|---|---|---|---|
| ബ്രഹ്മവിദാം | ബ്രഹ്മജ്ഞരിൽവെച്ച് | തപസി | തപോനുഷ്ഠാനത്തിൽ |
| വരഃ | ശ്രേഷ്ഠനായ | സ്ഥിതഃ | നിഷ്ഠപൂണ്ടവനായിട്ട് |
| അത്രിഃ | അത്രിമുനി | ഋക്ഷം | ഋക്ഷമെന്നുപേരായ |
| സൃഷ്ടൗ | സൃഷ്ടികർമ്മത്തിൽ | കുലാദ്രിം | മഹാഗിരിയിലേക്ക് |
| ബ്രഹ്മണാ | ബ്രഹ്മാവിനാൽ | പത്ന്യാ സഹ | പത്നിയോടുകൂടെ |
| നോദിതഃ | സംപ്രേരിതനായി, | യയൗ | യാത്രപുറപ്പെട്ടു. |

18 തസ്മിൻ പ്രസൂനസ്തബകപലാശാശോകകാനനേ
വാർഭിഃ സ്രവദ്ഭിരുദ്ഘുഷ്ടേ നിർവ്വിന്ധ്യായാഃ സമന്തതഃ

19 പ്രാണായാമേന സംയമ്യ മനോ വർഷശതം മുനിഃ
അതിഷ്ഠദേകപാദേന നിർദ്വന്ദ്വോഽനിലഭോജനഃ

| | | | |
|---|---|---|---|
| തസ്മിൻ | ആ ഋക്ഷപർവ്വതത്തിൽ, | മുനിഃ | അത്രിമഹാമുനി |
| നിർവ്വിന്ധ്യായാഃ | നിർവ്വിന്ധ്യാനദിയുടെ | നിർദ്വന്ദ്വഃ | ദ്വന്ദ്വാതീതനായും |
| സ്രവദ്ഭിഃ | കുത്തിയൊലിക്കുന്ന | അനിലഭോജനഃ | വായുഭക്ഷനായുംഭവിച്ച് |
| വാർഭിഃ | ജലപൂരത്താൽ | പ്രാണായാമേന | പ്രാണായാമത്താൽ |
| സമന്തതഃ | എമ്പാടും | മനഃ | മനസ്സിനെ |
| ഉദ്ഘുഷ്ടേ | ആർത്തിരമ്പുന്നതും | സംയമ്യ | അടക്കി, |
| പ്രസൂനസ്തബകപലാശാശോകകാനനേ | പൂങ്കുലയേന്തിയ പ്ലാശും അശോകവും നിറഞ്ഞതിട്ടുള്ളതുമായ വനത്തിൽ | വർഷശതം | ഒരു നൂററാണ്ടുകാലം |
| | | ഏകപാദേന | ഒററക്കാലാൽ |
| | | അതിഷ്ഠത് | നിലകൊണ്ടു. |

20 ശരണം തം പ്രപദ്യേഽഹം യ ഏവ ജഗദീശ്വരഃ
പ്രജാമാത്മസമാം മഹ്യം പ്രയച്ഛത്വിതി ചിന്തയൻ.

| | | | |
|---|---|---|---|
| അഹം | “ഞാൻ | ആത്മസമാം | ആത്മസമാനമായ |
| ത്വാം | നിന്തിരുവടിയെ | പ്രജാം | സന്താനത്തെ |
| ശരണം പ്രപദ്യേ | ശരണം പ്രാപിച്ചുകൊള്ളുന്നു | പ്രയച്ഛതു | കനിഞ്ഞരുളട്ടെ!” |
| ജഗദീശ്വരഃ | ലോകനാഥനായ | ഇതി | എന്നിങ്ങനെ |
| യഃ ഏവ | യാതൊരുവൻ തന്നെ | ചിന്തയൻ | സങ്കല്പിച്ചുകൊണ്ടു് (തപസ്സാചരിച്ചു) |
| മഹ്യം | എനിക്കു് | | |

21 തപ്യമാനം ത്രിഭുവനം പ്രാണായാമൈധസാഗ്നിനാ
നിർഗതേന മുനേർമൂർധ്നഃ സമീക്ഷ്യ പ്രഭവസ്ത്രയഃ

22 അപ്സരോമുനിഗന്ധർവ്വസിദ്ധവിദ്യാധരോരഗൈഃ
വിതായമാനയശസസ്തദാശ്രമപദം യയുഃ

| | | | |
|---|---|---|---|
| പ്രാണായാമൈധസാ | പ്രാണായാമമാവുന്ന മേലെരിയോടുകൂടിയതായി | ത്രയഃ പ്രഭവഃ | ത്രിമൂർത്തികൾ |
| മുനേഃ | അത്രിമുനിയുടെ | അപ്സരോമുനിഗന്ധർവ്വസിദ്ധവിദ്യാധരോരഗൈഃ | അപ്സരസ്ത്രീകൾ–ഋഷിമാർ–ഗന്ധർവ്വന്മാർ–സിദ്ധന്മാർ–വിദ്യാധരന്മാർ–നാഗന്മാർ എന്നിവരാൽ |
| മൂർധ്നഃ | ശിരോമദ്ധ്യത്തിൽനിന്നു | | |
| നിർഗതേന | പുറപ്പെട്ട | | |
| അഗ്നിനാ | അഗ്നിയാൽ | വിതായമാനയശസഃ | വാഴ്ത്തപ്പെടുന്ന പെരുമയോടുകൂടിയവരായിട്ടു് |
| തപ്യമാനം | എരിപൊരി കൊള്ളിക്കപ്പെടുന്ന | തദാശ്രമപദം | ആ ആശ്രമസങ്കേതത്തിലേക്കു് |
| ത്രിഭുവനം | മുപ്പാരിനെ | | |
| സമീക്ഷ്യ | കണ്ടിട്ടു്, | യയുഃ | എഴുന്നള്ളി. |

23 തത്പ്രാദുർഭാവസംയോഗവിദ്യോതിതമനാ മുനിഃ
ഉത്തിഷ്ഠന്നേകപാദേന ദദർശ വിബുധർഷഭാൻ

| | | | |
|---|---|---|---|
| തത്പ്രാദുർഭാവസംയോഗവിദ്യോതിതമനാഃ | അവരുടെ പ്രത്യക്ഷീഭാവത്തിൻെറ സാന്നിധ്യയോഗത്താൽ വികസിതമാനസനായിഭവിച്ച | ഏകപാദേന | ഒററക്കാലിന്മേൽ |
| | | ഉത്തിഷ്ഠൻ | നിന്നുകൊണ്ടു് |
| | | വിബുധർഷഭാൻ | ദേവോത്തമന്മാരെ |
| മുനിഃ | അത്രിമുനി | ദദർശ | ദർശിച്ചു. |

24 പ്രണമ്യ ദണ്ഡവദ്ഭൂമാവുപതസ്ഥേഽർഹണാഞ്ജലിഃ
വൃഷഹംസസുപർണ്ണസ്ഥാൻ സ്വൈഃ സ്വൈശ്ചിഹ്നൈശ്ച
ചിഹ്നിതാൻ

| | | | |
|---|---|---|---|
| വൃഷഹംസസുപർണ്ണസ്ഥാൻ | കാള, ഹംസം, ഗരുഡൻ എന്നീ വാഹനങ്ങളിൽ സ്ഥിതിചെയ്യുന്നവരും | സ്വൈഃ സ്വൈഃ ചിഹ്നൈഃ | തങ്ങൾതങ്ങൾക്കുള്ള ആയുധാദി ലക്ഷണങ്ങളാൽ |

| | |
|---|---|
| ചിഹ്നിതാൻ ച | സംലക്ഷിതരുമായ അവരെ |
| ഭൂമൗ | നിലത്തു് |
| ദണ്ഡവത് | വടിപോലെ |
| പ്രണമ്യ | വീണുവണങ്ങി, |

| | |
|---|---|
| അൎഹണാഞ്ജലിഃ | കൈക്കുടന്നയിൽ പുഷ്പാദി പൂജാസാധനങ്ങളെടുത്തുകൊണ്ടു് |
| ഉപതസ്ഥേ | പൂജിച്ചു. |

25 കൃപാവലോകേന ഹസദ്വദനേനോപലംഭിതാൻ
തദ്രോചിഷാ പ്രതിഹതേ നിമീല്യ മുനിരക്ഷിണീ

26 ചേതസ്തത്പ്രവണം യുഞ്ജന്നസ്താവീത് സംഹതാഞ്ജലിഃ
ശ്ലക്ഷ്ണയാ സൂക്തയാ വാചാ സൎവ്വലോകഗരീയസഃ

| | |
|---|---|
| കൃപാവലോകേന | കരുണാകടാക്ഷം ചേൎന്നതും |
| ഹസദ്വദനേന | പുഞ്ചിരിതൂകുന്നതുമായ മുഖത്താൽ |
| ഉപലംഭിതാൻ | പ്രസന്നഭാവം വ്യഞ്ജിപ്പിക്കുന്നവരും |
| സൎവ്വലോക-ഗരീയസഃ | സൎവ്വലോകഗുരുവര്യന്മാരുമായ അവരെ, |
| തദ്രോചിഷാ | അവരുടെ തേജസ്സിനാൽ |
| പ്രതിഹതേ | അഞ്ചിപ്പോയ |
| അക്ഷിണീ | കണ്ണുകൾ |

| | |
|---|---|
| നിമീല്യ | അടച്ചിട്ടു്, |
| ചേതഃ | മനസ്സിനെ |
| തത്പ്രവണം | അവരിൽ ഏകാഗ്രമാംവിധം |
| യുഞ്ജൻ | ചേൎത്തുകൊണ്ടു്, |
| സംഹതാഞ്ജലിഃ | അഞ്ജലിബന്ധംചെയ്തു് |
| ശ്ലക്ഷ്ണയാ | സരസവും |
| സൂക്തയാ | സാരഗൎഭവുമായ |
| വാചാ | മൊഴിയാൽ |
| മുനിഃ | അത്രിമുനി |
| അസ്താവീത് | സ്തോത്രംചെയ്തു. |

അത്രിരുവാച = അത്രി പറഞ്ഞു:

27 വിശോദ്ഭവസ്ഥിതിലയേഷു വിഭജ്യമാനൈർ-
മായാഗുണൈരനുയുഗം വിഗൃഹീതദേഹാഃ
തേ ബ്രഹ്മവിഷ്ണുഗിരിശാഃ പ്രണതോസ്മ്യഹം വ-
സ്തേഭ്യഃ ക ഏവ ഭവതാം മ ഇഹോപഹൂതഃ

| | |
|---|---|
| അനുയുഗം | യുഗംതോറും |
| വിശോദ്ഭവ-സ്ഥിതിലയേഷു | പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ നിമിത്തീകരിച്ചു് |
| വിഭജ്യമാനൈഃ | വിഭജിക്കപ്പെട്ടിരിക്കുന്ന |
| മായാഗുണൈഃ | മായാഗുണങ്ങളാൽ |
| വിഗൃഹീത-ദേഹാഃ | വെവ്വേറെയായി സ്വീകരിക്കപ്പെട്ട ശരീരത്തോടുകൂടിയ |

| | |
|---|---|
| തേ ബ്രഹ്മ-വിഷ്ണുഗിരിശാഃ | ആ ബ്രഹ്മവിഷ്ണുമഹേശ്വരന്മാരല്ലയോ നിങ്ങൾ ? |
| വഃ അഹം | നിങ്ങളെ ഞാൻ |
| പ്രണതഃ അസ്മി | നമസ്കരിക്കുന്നു. |
| തേഭ്യഃ | ആ മൂവ്വരിൽനിന്നു് |
| മേ ഇഹ | എന്നാൽ ഇവിടെ |
| ഉപഹൂതഃ | വിളിക്കപ്പെട്ട ആൾ |
| ഭവതാം | ഭവാന്മാരുടെ ഇടയിൽ |
| കഃ ഏവ | ആരായിരിക്കാം ? |

28 ഏകോ മയേഹ ഭഗവാൻ വിവിധപ്രധാനൈ-
ശ്ചിത്തീകൃതഃ പ്രജനനായ കഥം നു യൂയം
അത്രാഗതാസ്തനുഭൃതാം മനസോഽപി ദൂരാ
ബ്രൂത പ്രസീദത മഹാനിഹ വിസ്മയോ മേ

| | | | |
|---|---|---|---|
| മയാ ഇഹ | എന്നാൽ ഇങ്ങ് | യൂയം | നിങ്ങൾ മൂവ്വരും |
| ഏകഃ | ഒരേ ഒരു | അത്ര | ഇവിടെ |
| ഭഗവാൻ | ഈശ്വരൻമാത്രം | കഥം നു | എങ്ങനെയാണ് |
| വിവിധ-പ്രധാനൈഃ | പലതരത്തിലുള്ള പൂജോപചാരങ്ങളോടെ | ആഗതാഃ | സമാഗതരായതു്? |
| പ്രജനനായ | സന്താനോൽപത്തിക്കു വേണ്ടി | ബ്രൂത | പറഞ്ഞുതരിക; |
| ചിത്തീകൃതഃ | ധ്യാനിക്കപ്പെട്ടു. | പ്രസീദത | അതിന്നു പ്രസാദിക്കുക. |
| തനുഭൃതാം | ശരീരികളുടെ | ഇഹ | ഈ വിഷയത്തിൽ |
| മനസഃ അപി | മനസ്സിനുപോലും | മേ | എനിക്ക് |
| ദൂരാഃ | എത്താനരുതാത്ത അകലത്തിൽ വർത്തിക്കുന്ന | മഹാൻ | വലിയ |
| | | വിസ്മയഃ | അത്ഭുതമുണ്ടു് |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു :

29 ഇതി തസ്യ വചഃ ശ്രുത്വാ ത്രയസ്തേ വിബുധർഷഭാഃ
പ്രത്യാഹുഃ ശ്ലക്ഷ്ണയാ വാചാ പ്രഹസ്യ തമൃഷിം പ്രഭോ

| | | | |
|---|---|---|---|
| പ്രഭോ | സമർത്ഥനായ വിദുര! | തേ ത്രയഃ | ആ മൂന്നുപേരും |
| ഇതി | ഇപ്രകാരം | ശ്ലക്ഷ്ണയാ | മൃദുലമായ |
| | | വാചാ | വചനത്താൽ |
| തസ്യ വചഃ | ആ അത്രിയുടെ വാക്ക് | തം ഋഷിം | ആ മുനിയോടു് |
| ശ്രുത്വാ | കേട്ടിട്ടു്, | പ്രഹസ്യ | ചിരിച്ചു് |
| വിബുധർഷഭാഃ | ദേവശ്രേഷ്ഠരായ | പ്രത്യാഹുഃ | മറുപടി പറഞ്ഞു. |

ദേവാ ഊചുഃ = ത്രിമൂർത്തികൾ അരുളിച്ചെയ്തു :

30 യഥാ കൃതസ്തേ സംകല്പോ ഭാവ്യം തേനൈവ നാന്യഥാ
സത്സങ്കല്പസ്യ തേ ബ്രഹ്മൻ യദ്വൈ ധ്യായതി തേ വയം

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രാഹ്മണ! അങ്ങയാൽ | സത്സംകല്പസ്യ | സത്യസംകല്പനായ |
| യഥാ | യാതൊരു വിധത്തിൽ | തേ | അങ്ങയുടെ (സംകല്പം) |
| സംകല്പഃ | മനഃസംകല്പമാണോ | അന്യഥാ | മറെറാരുവിധത്തിൽ |
| കൃതഃ | പ്രകടിപ്പിക്കപ്പെട്ടിരുന്നതു് | ന | ആകുന്നതല്ല. |
| | | യത് വൈ | യാതൊന്നിനെത്തന്നെ |
| തേന ഏവ | അതിൻപടിക്കുതന്നെ | ധ്യായതി | അങ്ങു ധ്യാനിക്കുന്നുവോ, |
| ഭാവ്യം | സംഭവിക്കേണ്ടതാണ് | തേ വയം | അവരാണ് ഞങ്ങൾ. |

അങ്ങയാൽ ധ്യാനിക്കപ്പെട്ട ഒരേ ഈശ്വരതത്ത്വത്തിന്റെ മൂന്നു ഉൾപ്പിരിവുകളാണു് ഞങ്ങൾ. അതിനാൽ ഒന്നിനെ ധ്യാനിച്ചപ്പോൾ മൂന്നും പ്രത്യക്ഷീഭവിച്ചുവെന്നു സാരം.

31 അഥാസ്മദംശഭൂതാസ്തേ ആത്മജാ ലോകവിശ്രുതാഃ
ഭവിതാരോഽങ്ഗ ഭദ്രം തേ വിസ്രപ്സ്യന്തി ച തേ യശഃ

| | | | |
|---|---|---|---|
| അഥ | ആകയാൽ, ഇനി | ഭവിതാരഃ | ഉണ്ടാവുന്നതായിരിക്കും |
| തേ | അങ്ങേയ്ക്കു് | തേ | അവർ, അങ്ങയുടെ |
| അസ്മദംശഭൂതാഃ | ഞങ്ങളുടെ അംശങ്ങളായിഭവിച്ച | യശഃ ച | കീൎത്തിയേയും |
| ലോകവിശ്രുതാഃ | ലോകപ്രസിദ്ധരായ | വസ്രപ്സ്യന്തി | വളൎത്തിക്കൊള്ളും |
| ആത്മജാഃ | പുത്രന്മാർ | അങ്ഗ തേ | പ്രിയമുനേ ! അങ്ങേയ്ക്കു് |
| | | ഭദ്രം | ശ്രേയസ്സുണ്ടാകട്ടെ. |

32 ഏവം കാമവരം ദത്വാ പ്രതിജഗ്മുഃ സുരേശ്വരാഃ
സഭാജിതാസ്തയോഃ സമ്യഗ്ദംപത്യോർമിഷതോസ്തതഃ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | സഭാജിതാഃ | സംപൂജിതരായിട്ടു് |
| കാമവരം | അഭീഷ്ടവരത്തെ | തയോഃ ദംപത്യോഃ | ആ ദമ്പതിമാർ |
| ദത്വാ | ദാനംചെയ്തു്, | മിഷതോഃ | നോക്കിനില്ക്കേ, |
| സുരേശ്വരാഃ | ആ ദേവദേവന്മാർ | തതഃ | അവിടെനിന്നു് |
| സമ്യക് | നല്ലപോലെ | പ്രതിജഗ്മുഃ | മടങ്ങിപ്പോയി |

33 സോമോഽഭൂദ്ബ്രഹ്മണോംശേന ദത്തോ വിഷ്ണോസ്തു യോഗവിത്
ദുൎവ്വാസാ ശങ്കരസ്യാംശോ നിബോധാങ്ഗിരസഃ പ്രജാഃ

| | | | |
|---|---|---|---|
| ബ്രഹ്മണഃ | ബ്രഹ്മാവിന്റെ | ശങ്കരസ്യ | ശിവന്റെ |
| അംശേന | അംശംകൊണ്ടു് | അംശഃ | അംശമായിട്ടു് |
| സോമഃ | ചന്ദ്രൻ | ദുൎവ്വാസാഃ | ദുൎവ്വാസസ്സുണ്ടായി |
| അഭൂത് | ഉണ്ടായി | അങ്ഗിരസഃ | അംഗിരസ്സിന്റെ |
| വിഷ്ണോഃ തു | വിഷ്ണുവിൻേറതിനാൽ | പ്രജാഃ | സന്തതികളെ |
| യോഗവിത് | യോഗജ്ഞനായ | നിബോധ | ഇനി കേട്ടുകൊള്ളുക. |
| ദത്തഃ | ദത്താത്രേയനുണ്ടായി. | | |

34 ശ്രദ്ധാ ത്വങ്ഗിരസഃ പത്നീ ചതസ്രോഽസൂത കന്യകാഃ
സിനീവാലീ കുഹൂ രാകാ ചതുൎത്ഥ്യനുമതിസ്തഥാ.

| | | | |
|---|---|---|---|
| അങ്ഗിരസഃ | അംഗിരസ്സിന്റെ | അസൂത | പ്രസവിച്ചു |
| പത്നീ | ഭാൎയ്യയായ | സിനീവാലീ | സിനീവാലി, |
| ശ്രദ്ധാ തു | ശ്രദ്ധയാകട്ടെ | കുഹൂഃ രാകാ | കുഹൂ, രാക |
| ചതസ്രഃ | നാലു് | തഥാ ചതുൎത്ഥീ | അപ്രകാരം നാലാമതായ് |
| കന്യകാഃ | കന്യകമാരെ | അനുമതിഃ | അനുമതിയും. |

35 തത്പുത്രാവപരാവാസ്താം ഖ്യാതൗ സ്വാരോചിഷേഽന്തരേ
ഉതത്ഥ്യോ ഭഗവാൻ സാക്ഷാദ് ബ്രഹ്മിഷ്ഠശ്ച ബൃഹസ്പതിഃ

| | | | |
|---|---|---|---|
| തത്പുത്രൗ | അദ്ദേഹത്തിൻെറ പുത്രന്മാരായി | ഖ്യാതൗ | വിഖ്യാതരായ അവർ |
| | | ഭഗവാൻ | ഭഗവാനായ |
| അപരൗ | വേറേയും ഇരുവർ | ഉതത്ഥ്യഃ | ഉതത്ഥ്യനും, |
| ആസ്താം | ഉണ്ടായി. | സാക്ഷാത് | ശരിക്കും |
| സ്വാരോചിഷേ | സ്വാരോചിഷമെന്ന | ബ്രഹ്മിഷ്ഠഃ | ബ്രഹ്മജ്ഞവര്യനായ |
| അന്തരേ | മന്വന്തരത്തിൽ | ബൃഹസ്പതിഃ ച | ബൃഹസ്പതിയുമായിരുന്നു |

36 പുലസ്ത്യോഽജനയത് പത്ന്യാമഗസ്ത്യം ച ഹവിർഭുവി
സോഽന്യജന്മനി ദഹ്രാഗ്നിർവിശ്രവാശ്ച മഹാതപാഃ

| | | | |
|---|---|---|---|
| പുലസ്ത്യഃ | പുലസ്ത്യൻ | സഃ | ആ അഗസ്ത്യൻ |
| പത്ന്യാം | സ്വപത്നിയായ | അന്യജന്മനി | മറുപിറവിയിൽ |
| | | ദഹ്രാഗ്നി | ജാഠരാഗ്നിയായിരുന്നു. |
| ഹവിർഭുവി | ഹവിർഭുവെന്നവളിൽ | മഹാതപാഃ | മഹാതപസ്വിയായ |
| അഗസ്ത്യം ച | അഗസ്ത്യനേയും | വിശ്രവാഃ ച | വിശ്രവസ്സും |
| അജനയത് | ജനിപ്പിച്ചു. | | (പുലസ്ത്യപുത്രനാണ്) |

37 തസ്യ യക്ഷപതിർദേവഃ കുബേരസ്ത്വിഡവിഡാസുതഃ
രാവണഃ കുംഭകർണ്ണശ്ച തഥാന്യസ്യാം വിഭീഷണഃ

| | | | |
|---|---|---|---|
| തസ്യ | ആ വിശ്രവസ്സിന്നു് | ദേവഃ തു | ഒരു ദേവനും, |
| ഇഡവിഡാസുതഃ | ഇഡവിഡയെന്ന പത്നിയുടെ പുത്രനായിട്ടു് | തഥാ | അപ്രകാരം |
| | | അന്യസ്യാം | മററൊരുത്തിയിൽ |
| കുബേരഃ | കുബേരനെന്നു പ്രസിദ്ധനും | രാവണഃ | രാവണനും, |
| | | കുംഭകർണ്ണഃ | കുംഭകർണ്ണനും |
| യക്ഷപതിഃ | യക്ഷന്മാരുടെ രാജാവുമായ | വിഭീഷണഃ ച | വിഭീഷണനും ജാതരായി. |

38 പുലഹസ്യ ഗതിർഭാര്യാ ത്രീനസൂത സതീ സുതാൻ
കർമ്മശ്രേഷ്ഠം വരീയാംസം സഹിഷ്ണും ച മഹാമതേ.

| | | | |
|---|---|---|---|
| മഹാമതേ | ഹേ ബുദ്ധിസമ്പന്ന! | വരീയാംസം | വരീയാൻ എന്നും |
| പുലഹസ്യ | പുലഹൻെറ | സഹിഷ്ണും ച | സഹിഷ്ണുവെന്നും പേരായ |
| ഭാര്യാ ഗതിഃ | ഭാര്യയായ ഗതിയെന്ന | | |
| സതീ | പതിവ്രത | ത്രീൻ സുതാൻ | മൂന്നു പുത്രന്മാരെ |
| കർമ്മശ്രേഷ്ഠം | കർമ്മശ്രേഷ്ഠൻ എന്നും | അസൂത | പ്രസവിച്ചു. |

39 ക്രതോരപി ക്രിയാ ഭാര്യാ ബാലഖില്യാനസൂയത
ഋഷീൻ ഷഷ്ടിസഹസ്രാണി ജ്വലതോ ബ്രഹ്മതേജസാ

| | | | |
|---|---|---|---|
| ക്രതോഃ ഭാര്യാ | ക്രതുവിൻെറ ഭാര്യയായ | ബാലഖില്യാൻ | ബാലഖില്യന്മാരെന്ന |
| ക്രിയാ അപി | ക്രിയയെന്നവളും | ഷഷ്ടി-സഹസ്രാണി | അറുപതിനായിരം |
| ബ്രഹ്മതേജസാ | ബ്രഹ്മതേജസ്സിനാൽ | ഋഷീൻ | ഋഷിമാരെ |
| ജ്വലതഃ | പ്രോജ്വലിക്കുന്ന | അസൂയത | ജനിപ്പിച്ചു. |

40 ഊൎജ്ജായാം ജജ്ഞിരേ പുത്രാ വസിഷ്ഠസ്യ പരന്തപ
ചിത്രകേതുപ്രധാനാസ്തേ സപ്ത ബ്രഹ്മൎഷയോഽമലാഃ

| | | | |
|---|---|---|---|
| പരന്തപ | ഹേ ശത്രുതാപന ! | പുത്രാഃ | പുത്രന്മാർ |
| വസിഷ്ഠസ്യ | വസിഷ്ഠന്റെ | ജജ്ഞിരേ | ജനിച്ചു. |
| ഊൎജ്ജായാം | ഊൎജ്ജാദേവിയിൽ | അമലാഃ | നിൎമ്മലന്മാരായ |
| ചിത്രകേതു-പ്രധാനാഃ | ചിത്രകേതു മുതലായുള്ള | തേ സപ്ത | അവർ ഏഴു് |
| | | ബ്രഹ്മൎഷയഃ | ബ്രഹ്മൎഷിമാരായി. |

41 ചിത്രകേതുഃ സുരോചിശ്ച വിരജാ മിത്ര ഏവ ച
ഉല്ബണോ വസുഭൃദ്യാനോ ദ്യുമാൻ ശക്ത്യാദയോഽപരേ.

ചിത്രകേതു, സുരോചിസ്സ്, വിരജസ്സ്, മിത്രൻ, ഉല്ബണൻ, വസുഭൃദ്യാനൻ, ദ്യുമാൻ എന്നിവരാണു് ആ സപ്തബ്രഹ്മൎഷികൾ. ശക്ത്യാദയഃ അപരേ = ശക്തി മുതലായ മററുപേർ മറെറാരു പത്നിയിലും ഉണ്ടായി.

42 ചിത്തിസ്ത്വഥൎവ്വണഃ പത്നീ ലേഭേ പുത്രം ധൃതവ്രതം
ദധ്യഞ്ചമശ്വശിരസം ഭൃഗോൎവംശം നിബോധ മേ

| | | | |
|---|---|---|---|
| അഥ | അനന്തരം | ദധ്യഞ്ചം | ദധ്യങ്ങ് എന്നുള്ള |
| അഥൎവ്വണഃ | അഥൎവ്വാവിൻെറ | പുത്രം ലേഭേ | പുത്രനെ ലഭിച്ചു. |
| പത്നീ | പത്നിയായ | ഭൃഗോഃ | ഇനി ഭൃഗുവിൻെറ |
| ചിത്തിഃ തു | ചിത്തിയാകട്ടെ | വംശം | വംശത്തെക്കുറിച്ചു് |
| ധൃതവ്രതം | വ്രതനിഷ്ഠയുള്ളവനും | മേ | എന്നിൽനിന്നു് |
| അശ്വശിരസം | അശ്വത്തിൻേറതുപോലെ ശിരസ്സുള്ളവനുമായ | നിബോധ | ധരിച്ചുകൊള്ളുക |

43 ഭൃഗുഃ ഖ്യാത്യാം മഹാഭാഗഃ പത്ന്യാം പുത്രാനജീജനത്
ധാതാരം ച വിധാതാരം ശ്രിയം ച ഭഗവത്പരാം.

| | | | |
|---|---|---|---|
| മഹാഭാഗഃ | മഹാഭാഗനായ | ഖ്യാത്യാം | ഖ്യാതിയെന്ന |
| ഭൃഗുഃ | ഭൃഗുമുനി | പത്ന്യാം | പത്നിയിൽ |

| | | | |
|---|---|---|---|
| ധാതാരം ച | ധാതാവിനേയും | ശ്രിയം ച | ലക്ഷ്മിയേയും— |
| വിധാതാരം | വിധാതാവിനേയും | പുത്രാൻ | ഇങ്ങനെ മക്കളെ |
| ഭഗവത്പരാം | വിഷ്ണുപരായണയായ | അജീജനത് | ഉൽപാദിപ്പിച്ചു. |

44 ആയതിം നിയതിം ചൈവ സുതേ മേരുസ്തയോരദാത്
താഭ്യാം തയോരഭവതാം മൃകണ്ഡുഃ പ്രാണ ഏവ ച.

| | | | |
|---|---|---|---|
| മേരുഃ | മഹാമേരു | താഭ്യാം | അവരിൽനിന്നു് |
| ആയതിം | ആയതി എന്നും | തയോഃ | അവക്കു് |
| നിയതിം ച ഏവ | നിയതി എന്നും ഉള്ള | മൃകണ്ഡുഃ | മൃകണ്ഡുവെന്നും |
| സുതേ | രണ്ടു പുത്രിമാരെ | പ്രാണഃ ഏവ ച | പ്രാണനെന്നും |
| തയോഃ | അവരിരുവക്കും (ധാതാവിനും വിധാതാവിനും) | (സുതൌ) | രണ്ടുപുത്രന്മാർ |
| അദാത് | യഥാക്രമം കൊടുത്തു. | അഭവതാം | ഉണ്ടായി. |

45 മാർക്കണ്ഡേയോ മൃകണ്ഡുസ്യ പ്രാണാദ്വേദശിരാ മുനിഃ
കവിശ്ച ഭാർഗവോ യസ്യ ഭഗവാനുശനാഃ സുതാഃ

| | | | |
|---|---|---|---|
| മൃകണ്ഡുസ്യ | മൃകണ്ഡുവിന്നു് | ഉശനാഃ | ശുക്രാചാര്യർ |
| മാർക്കണ്ഡേയഃ | മാർക്കണ്ഡേയനുണ്ടായി | യസ്യ | യാതൊരാളുടെ |
| വേദശിരാഃ | വേദശിരസ്സെന്ന | സുതഃ | പുത്രനാകുന്നുവോ, |
| മുനിഃ പ്രാണാത് | മുനി പ്രാണനിൽനിന്നും. | (സഃ) കവിഃ ച | ആ കവിയും |
| ഭഗവാൻ | സർവ്വജ്ഞനായ | ഭാർഗവഃ | ഭൃഗുവിന്റെ പുത്രനാണു് |

46 ത ഏതേ മുനയഃ ക്ഷത്തഃ ലോകാൻ സർഗ്ഗൈരഭാവയൻ
ഏഷ കർദ്ദമദൗഹിത്രസന്താനഃ കഥിതസ്തവ
ശൃണ്വതഃ ശ്രദ്ദധാനസ്യ സദ്യഃ പാപഹരഃ പരഃ.

| | | | |
|---|---|---|---|
| ക്ഷത്തഃ | അല്ലയോ വിദുര ! | തവ ഏഷഃ | അങ്ങയ്ക്കു് ഇതാ |
| ഏതേ | ഇപ്പറഞ്ഞവരായ | കഥിതഃ | ചൊല്ലിത്തരപ്പെട്ടിരിക്കുന്നു. |
| തേ മുനയഃ | ആ മുനിമാർ | ശ്രദ്ദധാനസ്യ | ശ്രദ്ധായുക്തനായി |
| ലോകാൻ | ലോകങ്ങളെ | ശൃണ്വതഃ | കേൾക്കുന്നവന്നു് |
| സർഗ്ഗൈഃ | സൃഷ്ടികളെക്കൊണ്ടു് | പരഃ | പരമപ്രധാനമായ ഇതു് |
| അഭാവയൻ | പരിപോഷിപ്പിച്ചു. | സദ്യഃ | ഉടനടി |
| കർദ്ദമദൗഹിത്ര-സന്താനഃ | കർദ്ദമപ്രജാപതിയുടെ പുത്രീപുത്രന്മാരുടെ വംശക്രമം | പാപഹരഃ | പാപത്തെ സംഹരിക്കുന്നതാണു്. |

47 പ്രസൂതിം മാനവീം ദക്ഷ ഉപയേമേ ഹ്യജാത്മജഃ
തസ്യാം സസർജ്ജ ദുഹിതൄഃ ഷോഡശാമലലോചനാഃ

| | | | |
|---|---|---|---|
| അജാത്മജഃ | ബ്രഹ്മപുത്രനായ | തസ്യാം | അവളിൽ |
| ദക്ഷഃ | ദക്ഷപ്രജാപതി | അമലലോചനാഃ | സുലോചനമാരായ |
| മാനവീം | മനുപുത്രിയായ | ഷോഡശ | പതിനാറു് |
| പ്രസൂതിം | പ്രസൂതിയെ | ദുഹിതൄഃ | പെൺമക്കളെ |
| ഉപയേമേ ഹി | വേട്ടപോൽ | സസൎജ്ജ | ഉൽപാദിപ്പിച്ചു. |

48 ത്രയോദശാദാദ്ധൎമ്മായ തഥൈകാമഗ്നയേ വിഭുഃ
പിതൃഭ്യ ഏകാം യുക്തേഭ്യോ ഭവായൈകാം ഭവച്ഛിദേ

| | | | |
|---|---|---|---|
| വിഭുഃ | പ്രഭാവശാലിയായ ദക്ഷൻ | പിതൃഭ്യഃ | പിതൃദേവന്മാൎക്കു് |
| ത്രയോദശ | പതിമ്മൂന്നുപേരെ | യുക്തേഭ്യഃ | എല്ലാവൎക്കുമായും, |
| ധൎമ്മായ | ധൎമ്മദേവന്നും, | ഏകാം | വേറെ ഒരുവളെ |
| തഥാ ഏകാം | അവ്വിധം ഒരുവളെ | ഭവച്ഛിദേ | സംസാരബന്ധവിച്ഛേദനം ചെയ്യുന്ന |
| അഗ്നയേ | അഗ്നിദേവന്നും, | ഭവായ | പരമശിവന്നും |
| ഏകാം | മററൊരുവളെ | അദാത് | കൊടുത്തു. |

49 ശ്രദ്ധാ മൈത്രീദയാ ശാന്തിസ്തുഷ്ടിഃ പുഷ്ടിഃ ക്രിയോന്നതിഃ
ബുദ്ധിൎമ്മേധാ തിതിക്ഷാ ഹ്രീൎമ്മൂൎത്തിൎദ്ധൎമ്മസ്യ പത്നയഃ

ശ്രദ്ധ, മൈത്രി, ദയ, ശാന്തി, തുഷ്ടി, പുഷ്ടി, ക്രിയ, ഉന്നതി, ബുദ്ധി, മേധ, തിതിക്ഷ, ക്ഷ, ഹ്രീ, മൂൎത്തി എന്നിവരാണു് ധൎമ്മന്റെ പത്നിമാർ.

50 ശ്രദ്ധാസൂത ശുഭം മൈത്രീ പ്രസാദമഭയം ദയാ
ശാന്തിഃ സുഖം മുദം തുഷ്ടിഃ സ്മയം പുഷ്ടിരസൂയത.

| | | | |
|---|---|---|---|
| ശ്രദ്ധാ ശുഭം | ശ്രദ്ധ ശുഭത്തെയും, | ശാന്തിഃ സുഖം | ശാന്തി സുഖത്തെയും, |
| മൈത്രീ | മൈത്രിയെന്നവാ | തുഷ്ടിഃ മുദം | തുഷ്ടി മോദത്തെയും, |
| പ്രസാദം | പ്രസാദത്തെയും, | പുഷ്ടിഃ സ്മയം | പുഷ്ടി സ്മയത്തെയും |
| ദയാ അഭയം | ദയ അഭയത്തെയും | | |
| അസൂത | പ്രസവിച്ചു. | അസൂയത | ജനിപ്പിച്ചു. |

51 യോഗം ക്രിയോന്നതിൎദ്ദൎപ്പമൎത്ഥം ബുദ്ധിരസൂയത
മേധാ സ്മൃതിം തിതിക്ഷാ തു ക്ഷേമം ഹ്രീഃ പ്രശ്രയം സുതം

52 മൂൎത്തിഃ സൎവ്വഗുണോത്പത്തിൎന്നരനാരായണാവൃഷീ–

| | | | |
|---|---|---|---|
| ക്രിയാ | ക്രിയ എന്ന ധൎമ്മപത്നി | ക്ഷേമം | ക്ഷേമത്തെയും, |
| യോഗം | യോഗത്തെയും, | ഹ്രീഃ പ്രശ്രയം | ഹ്രീ പ്രശ്രയത്തെയും |
| ഉന്നതിഃ | ഉന്നതിയെന്നവാ | സുതം | പുത്രനായിട്ടു് |
| ദൎപ്പം | ദൎപ്പത്തെയും, | അസൂയത | ജനിപ്പിച്ചു. |
| ബുദ്ധിഃ അൎത്ഥം | ബുദ്ധി അൎത്ഥത്തെയും, | സൎവ്വഗുണോ– | സമസ്തഗുണങ്ങളുടെയും |
| മേധാ സ്മൃതിം | മേധ സ്മൃതിയേയും, | ത്പത്തിഃ | ഉറവിടമായുള്ള |
| തിതിക്ഷാ തു | തിതിക്ഷയാകട്ടെ | മൂൎത്തിഃ | മൂൎത്തിയെന്ന ധൎമ്മപത്നി |

| | | | |
|---|---|---|---|
| നരനാരായണൗ | നരനെന്നും നാരായണനെന്നും പേരായ | ഋഷീ | രണ്ടു ഋഷിമാരേയും |
| | | (അസൃജത) | ജനിപ്പിച്ചു. |

ശ്രദ്ധാദികളായ ധർമ്മപത്നിമാരെ തത്തൽഗുണങ്ങളുടെ അധിഷ്ഠാതൃദേവതകളായി കരുതിക്കൊള്ളണം. ശ്രദ്ധയാൽ ശുഭം, മൈത്രയാൽ പ്രസാദം — ഇങ്ങനെ എല്ലാററിനും സാരാത്ഥം ഗ്രഹിക്കുക.

ധർമ്മദേവന്നു് മൂർത്തിയിൽ ജാതരായ നരനാരായണന്മാർ ഭഗവദംശാവതാരപുരുഷന്മാരാകയാൽ അവരുടെ ഉദ്ഭവചരിതത്തെ താഴെ ഏഴുശ്ലോകംകൊണ്ടു വിസ്തരിക്കുന്നു.

53 യയോർജന്മന്യദോ വിശ്വമഭ്യനന്ദത് സുനിർവൃതം
മനാംസി കകുഭോ വാതാഃ പ്രസേദുഃ സരിതോഽദ്രയഃ

| | | | |
|---|---|---|---|
| യയോഃ | യാതൊരു ഇവരുടെ | കകുഭഃ | ദിക്കുകളും, |
| ജന്മനി | അവതാരത്തിങ്കൽ | വാതാഃ | കാററുകളും, |
| അദഃ വിശ്വം | ഈ ലോകം | സരിതഃ | പുഴകളും, |
| സുനിർവൃതം | അത്യാനന്ദഭരിതമായി | അദ്രയഃ | മലകളും എന്നിവ |
| അഭ്യനന്ദത് | അഭിനന്ദിച്ചു. | പ്രസേദുഃ | തെളിവാർന്നു. |
| മനാംസി | ജനമാനസങ്ങളും, | | |

54 ദിവ്യവാദ്യന്ത തൂര്യാണി പേതുഃ കുസുമവൃഷ്ടയഃ
മുനയസ്തുഷ്ടുവുസ്തുഷ്ടാ ജഗുർഗന്ധർവ്വകിന്നരാഃ

| | | | |
|---|---|---|---|
| ദിവി | ആകാശത്തിൽ | മുനയഃ | മാമുനിമാർ |
| തൂര്യാണി | പെരുമ്പറകളും | തുഷ്ടാഃ | സന്തുഷ്ടരായി |
| അവാദ്യന്ത | അടിക്കപ്പെട്ടു. | തുഷ്ടുവുഃ | സ്തുതിച്ചു. |
| കുസുമവൃഷ്ടയഃ | പുഷ്പവർഷങ്ങളും | ഗന്ധർവ്വകിന്നരാഃ | ഗന്ധർവ്വന്മാരും കിന്നരന്മാരും |
| പേതുഃ | നിപതിച്ചു. | ജഗുഃ | പാടി. |

55 നൃത്യന്തി സ്മ സ്ത്രിയോ ദേവ്യ ആസീത് പരമമംഗലം
ദേവാ ബ്രഹ്മാദയഃ സർവ്വേ ഉപതസ്ഥുരഭിഷ്ടവൈഃ

| | | | |
|---|---|---|---|
| ദേവ്യഃ സ്ത്രിയഃ | ദേവനാരിമാർ | ബ്രഹ്മാദയ | ബ്രഹ്മാവുതുടങ്ങിയ |
| നൃത്യന്തി സ്മ | നർത്തനം ചെയ്തു. | സർവ്വേ ദേവാഃ | എല്ലാ ദേവകളും |
| പരമമംഗലം | എങ്ങും നിറഞ്ഞ നന്മ | അഭിഷ്ടവൈഃ | സ്തുതിഗീതങ്ങളുംകൊണ്ടു് |
| ആസീത് | ഉളവായി. | ഉപതസ്ഥുഃ | ഭജനം നടത്തി |

ദേവാ ഊചുഃ = ദേവകൾ ചൊല്ലി:

56 യോ മായയാ വിരചിതം നിജയാത്മനീദം
ഖേ രൂപഭേദമിവ തത്പ്രതിചക്ഷണായ
ഏതേന ധൎമ്മസദനേ ഋഷിമൂൎത്തിനാദ്യ
പ്രാദുശ്ചകാര പുരുഷായ നമഃ പരസ്മൈ.

| | | | |
|---|---|---|---|
| നിജയാ | തന്റേതായ | അദ്യ | ഇന്നു് |
| മായയാ | യോഗമായയാൽ | ധൎമ്മസദനേ | ധൎമ്മദേവഭവനത്തിൽ |
| ഖേ | ആകാശത്തിൽ | ഏതേന | ഇപ്രകാരത്തിലുള്ള |
| രൂപഭേദം | ഗന്ധൎവ്വനഗരം | ഋഷിമൂൎത്തിനാ | മുനിവടിവോടെ |
| ഇവ | എന്നപോലെ | യഃ | യാതൊരുവൻ |
| ഇദം | ഈ വിശ്വം | പ്രാദുശ്ചകാര | ആത്മാവിഷ്കാരം ചെയ്തുവോ, |
| ആത്മനി | യാതൊരാത്മാവിങ്കൽ | പരസ്മൈ | ആ പരമനായ |
| വിരചിതം | വിരചിക്കപ്പെട്ടുവോ, | പുരുഷായ | പുരുഷനായിക്കൊണ്ടു് |
| തത്പ്രതിചക്ഷണായ | ആ ആത്മസ്വരൂപത്തെ പ്രകാശിപ്പിക്കുന്നതിനു വേണ്ടി | നമഃ | നമസ്കാരം. |

57 സോऽയം സ്ഥിതിവ്യതികരോപശമായ സൃഷ്ടാൻ
സത്വേന നഃ സുരഗണാനനുമേയതത്വഃ
ദൃശ്യാദദഭ്രകരുണേന വിലോകനേന
യച്ഛ്രീനികേതമമലം ക്ഷിപതാऽരവിന്ദം.

| | | | |
|---|---|---|---|
| അനുമേയതത്വഃ | ശാസ്ത്രദൃഷ്ട്യാ അനുമിച്ചറിയപ്പെടേണ്ടുന്ന തത്വത്തോടുകൂടിയ | ശ്രീനികേതം | ലക്ഷ്മീനിവാസഭൂതവും |
| സഃ അയം | ആ ഈ നിന്തിരുവടി | അമലം | നിൎമ്മലവും ആയ |
| സ്ഥിതിവ്യതികരോപശമായ | ലോകമൎയ്യാദയ്ക്കു് അന്യഥാഭാവംവരുന്നതിനെ തടയുവാനായി | യത് | യാതൊരു |
| സത്വേന | സാത്വികഗുണത്താൽ | അരവിന്ദം | താമരയുണ്ടോ, |
| സൃഷ്ടാൻ | സൃഷ്ടിക്കപ്പെട്ട | (തത്) | ആയതിനെ |
| സുരഗണാൻ | ദേവഗണങ്ങളായ | ക്ഷിപതാ | വെല്ലുവിളിക്കുന്നതും |
| നഃ | ഞങ്ങളെ | അദഭ്രകരുണേന | അനല്പമായ കരുണാരസം വഴിയുന്നതുമായ |
| | | വിലോകനേന | വിശിഷ്ടനേത്രത്താൽ |
| | | ദൃശ്യാത് | തൃക്കൺപാൎത്താലും. |

58 ഏവം സുരഗണൈസ്താത ഭഗവന്താവഭിഷ്ടുതൗ
ലബ്ധാവലോകൈൎയ്യയതുരൎച്ചിതൗ ഗന്ധമാദനം

| | | | |
|---|---|---|---|
| താത ഏവം | വത്സ ! ഇങ്ങനെ | ലബ്ധാവലോകൈഃ | തദ്ദൎശനംസിദ്ധിച്ച |
| ഭഗവന്തൗ | ഭഗവാന്മാരിരുവരും | സുരഗണൈഃ | ദേവസംഘങ്ങളാൽ |

| | | | |
|---|---|---|---|
| അഭിഷ്ടുതൗ | സംസ്തുതന്മാരും | ഗന്ധമാദനം | ഗന്ധമാദനപൎവ്വതത്തിലേക്കു് |
| അൎച്ചിതൗ | സംപൂജിതന്മാരുമായി ഭവിച്ചു് | യയതുഃ | യാത്രയായി |

59 താവിമൗ വൈ ഭഗവതോ ഹരേരംശാവിഹാഗതൗ
ഭാരവ്യയായ ച ഭുവഃ കൃഷ്ണൗ യദുകുരൂദ്വഹൗ

| | | | |
|---|---|---|---|
| ഭഗവതഃ | ഭഗവാനായ | യദുകുരൂദ്വഹൗ | യദുവംശമുഖ്യനും കുരുവംശമുഖ്യനുമായ |
| ഹരേഃ | മഹാവിഷ്ണുവിൻെറ | | |
| അംശൗ | അംശസംഭൂതരായ | കൃഷ്ണൗ | രണ്ടു കൃഷ്ണന്മാരായിട്ടു് * |
| തൗ ഇമൗ വൈ | അവരിരുവരുംതന്നെ | | |
| ഭുവഃ | ഭൂമിയുടെ | ഇഹ ച | ഇവിടെ വീണ്ടും |
| ഭാരവ്യയായ | ഭാരത്തെ തീൎക്കുവാനായി | ആഗതൗ | വന്നിരിക്കുന്നു. |

* യദുകുരൂദ്വഹൗ കൃഷ്ണൗ = യദൂദ്വഹനായ കൃഷ്ണനും കുരൂദ്വഹനായ കൃഷ്ണനും—ശ്രീകൃഷ്ണാൎജ്ജുനന്മാർ എന്നൎത്ഥം.

60 സ്വാഹാഽഭിമാനിനശ്ചാഗ്നേരാത്മജാംസ്ത്രീനജീജനത്
പാവകം പവമാനം ച ശുചിം ച ഹുതഭോജനം

| | | | |
|---|---|---|---|
| അഗ്നേഃ | അഗ്നിയുടെ പത്നിയായ | ശുചിം ച | ശുചിയേയും— |
| സ്വാഹാ ച | സ്വാഹാദേവിയാകട്ടെ | അഭിമാനിനഃ | ഇങ്ങനെ അഗ്ന്യഭിമാനികളായ |
| ഹുതഭോജനം | ഹോമദ്രവ്യത്തെ ഭുജിക്കുന്ന | ത്രീൻ | മൂന്നു് |
| പാവകം | പാവകനേയും | ആത്മജാൻ | പുത്രന്മാരെ |
| പവമാനം ച | പവമാനനേയും | അജീജനത് | ജനിപ്പിച്ചു. |

61 തേഭ്യോഽഗ്നയഃ സമഭവൻ ചത്വാരിംശച്ച പഞ്ച ച
ത ഏവൈകോനപഞ്ചാശത്സാകം പിതൃപിതാമഹൈഃ

| | | | |
|---|---|---|---|
| തേഭ്യഃ | അവരിൽനിന്നു് | തേ ഏവ | അവർ തന്നെ |
| ചത്വാരിംശത് ച | നാല്പതും | പിതൃപിതാമഹൈഃ സാകം | പിതാക്കന്മാരോടും പിതാമഹനോടും കൂടെ * |
| പഞ്ച ച | അഞ്ചും | | |
| അഗ്നയഃ | അഗ്നിദേവതകൾ | ഏകോനപഞ്ചാശത് | നാല്പത്തൊമ്പതായി |
| സമഭവൻ | ഉണ്ടായി | | |

* ഈ നാല്പത്തഞ്ചു് അഗ്നിദേവതകളും, അവരുടെ പിതാക്കളായ പാവകാദികൾ മൂന്നും അവരുടേയും പിതാവായ സാക്ഷാൽ അഗ്നി ഒന്നും — ഇങ്ങനെ അഗ്ന്യഭിമാനിദേവതകൾ ആകെ 49. ഈ അഗ്നികൾ ലൗകികങ്ങളല്ലെന്നും വൈതാനികങ്ങളാണെന്നും താഴെ എടുത്തുപറയുന്നു.

62 വൈതാനികേ കൎമ്മണി യന്നാമഭിർബ്രഹ്മവാദിഭിഃ
ആഗ്നേയ്യ ഇഷ്ടയോ യജ്ഞേ നിരൂപ്യന്തേഽഗ്നയസ്തു തേ

| | | | |
|---|---|---|---|
| വൈതാനികേ യജ്ഞേ കൎമ്മണി | വേദോക്തമായുള്ള യജ്ഞകൎമ്മത്തിങ്കൽ | ആഗ്നേയ്യഃ | അഗ്നിദേവതാകങ്ങളായ |
| ബ്രഹ്മവാദിഭിഃ | വേദജ്ഞരായ ഋഷികളാൽ | ഇഷ്ടയഃ | ഇഷ്ടികൾ |
| യന്നാമഭിഃ | യാവചില അഗ്നികളുടെ സംജ്ഞകളോടുകൂടി | നിരൂപ്യന്തേ | നിരൂപണം ചെയ്യപ്പെടുന്നുവോ. |
| | | തേ അഗ്നയഃ തു | ആ അഗ്നികളാകട്ടെ മേൽപ്പറഞ്ഞവയാണ്. |

63 അഗ്നിഷ്വാത്താ ബൎഹിഷദഃ സൌമ്യാ പിതര ആജ്യപാഃ
സാഗ്നയോഽനഗ്നയസ്തേഷാം പത്നീ ദാക്ഷായണീ സ്വധാ

| | | | |
|---|---|---|---|
| അഗ്നിഷ്വാത്താഃ | അഗ്നിഷ്വാത്തന്മാർ | അനഗ്നയഃ | അഗ്നീകരണമില്ലാത്തവർ ഇങ്ങനെ |
| ബൎഹിഷദഃ | ബൎഹിഷത്തുക്കൾ | പിതരഃ | പല പിതൃദേവന്മാരുണ്ട് |
| സൌമ്യാഃ | സോമപന്മാർ, | തേഷാം പത്നീ | അവരുടെ പത്നി |
| ആജ്യപാഃ | ആജ്യപന്മാർ, | ദാക്ഷായണീ | ദക്ഷപുത്രിയായ |
| സാഗ്നയഃ | അഗ്നീകരണമുള്ളവർ, | സ്വധാ | സ്വധയാകുന്നു. |

64 തേഭ്യോ ദധാര കന്യേ ദ്വേ വയുനാം ധാരിണീം സ്വധാ
ഉഭേ തേ ബ്രഹ്മവാദിന്യൌ ജ്ഞാനവിജ്ഞാനപാരഗേ

| | | | |
|---|---|---|---|
| സ്വധാ | സ്വധാദേവി | ദധാര | കയ്യേററു |
| തേഭ്യഃ | ആ പിതൃദേവന്മാരിൽ നിന്നു് | തേ ഉഭേ | അവർ ഇരുവരും |
| വയുനാം | വയുനയെന്നും | ബ്രഹ്മവാദിന്യൌ | വേദാധ്യയനം ചെയ്തവരായിരുന്നു; |
| ധാരിണീം | ധാരിണിയെന്നും | ജ്ഞാനവിജ്ഞാനപാരഗേ | ജ്ഞാനവിജ്ഞാനങ്ങളുടെ മറുകരയെത്തിയവരും ആയിരുന്നു |
| ദ്വേ കന്യേ | രണ്ടു പുത്രിമാരെ | | |

65 ഭവസ്യ പത്നീ തു സതീ ഭവം ദേവമനുവ്രതാ
ആത്മനഃ സദൃശം പുത്രം ന ലേഭേ ഗുണശീലതഃ

| | | | |
|---|---|---|---|
| ഭവസ്യ | ശിവന്റെ | ദേവം ഭവം | ദേവനായ ശിവനെ |
| പത്നീ | പത്നിയായിരുന്ന | അനുവ്രതാ | അനുവൎത്തിച്ചിരുന്നു് |
| സതീ തു | സതീദേവിയാകട്ടെ | ഗുണശീലതഃ | ഗുണംകൊണ്ടും ശീലംകൊണ്ടും |

| | |
|---|---|
| ആത്മനഃ | തനിക്കു് |
| സദൃശം | ഒത്തവനായ |
| പുത്രം | പുത്രനെ |
| ന ലേഭേ | ലഭിക്കയുണ്ടായില്ല. |

66 പിതര്യപ്രതിരൂപേ സ്വേ ഭവായാനാഗസേ രുഷാ
അപ്രൗഢൈവാത്മനാത്മാനമജഹാദ്യോഗ സംയുതാ

| | |
|---|---|
| അനാഗസേ | അപരാധം ചെയ്തിട്ടില്ലാത്ത |
| ഭവായ | ശിവന്റെ നേക്കു് |
| രുഷാ | കോപത്താൽ |
| സ്വേ പിതരി | തന്റെ അച്ഛൻ |
| അപ്രതിരൂപേ | പ്രതികൂലനായി ഭവിച്ചപ്പോൾ, |
| അപ്രൗഢാ ഏവ | അവൾ പൂർണ്ണതാരുണ്യത്തിലെത്താതെ തന്നെ |
| യോഗസംയുതാ | യോഗബലത്തെ അവലംബിച്ചുകൊണ്ടു് |
| ആത്മനാ | തന്നാൽത്തന്നെ |
| ആത്മാനം | തന്നുടലിനെ |
| അജഹാത് | ഉപേക്ഷിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
വിദുരമൈത്രേയസംവാദേ പ്രഥമോഽധ്യായഃ   ആദിതഃ ശ്ലോകാഃ 66.

നാലാമത്തെ സ്കന്ധത്തിൽ ഒന്നാമദ്ധ്യായം കഴിഞ്ഞു.

# ദ്വിതീയോഽധ്യായഃ  –  അദ്ധ്യായം രണ്ടു്.

## ദക്ഷനും ശിവനും തമ്മിൽ വൈരമുണ്ടായതു്.

"ദ്വിതീയേ പ്രഥമാധ്യായോപക്ഷിപ്തഭവദക്ഷയോഃ
വിദ്വേഷേ വർണ്ണ്യതേ ഹേതുർവിശ്വസൃഡ്യജ്ഞസംഭവഃ"

ഒന്നാമദ്ധ്യായത്തിന്റെ അവസാനത്തിൽ ശിവനും ദക്ഷനും തമ്മിൽ വിരോധികളായെന്ന വസ്തുത സൂചിപ്പിക്കപ്പെട്ടിരുന്നു. ഈ രണ്ടാമദ്ധ്യായത്തിൽ തൽകാരണത്തെ വിവരിച്ചുപറയുന്നു.

വിദുര ഉവാച = വിദുരർ പറഞ്ഞു :

1 ഭവേ ശീലവതാം ശ്രേഷ്ഠേ ദക്ഷോ ദുഹിതൃവത്സലഃ
വിദ്വേഷമകരോത് കസ്മാദനാദൃത്യാത്മജാം സതീം

| | |
|---|---|
| ദുഹിതൃവത്സലഃ | പുത്രീവത്സലനായ |
| ദക്ഷഃ | ദക്ഷപ്രജാപതി |
| ആത്മജാം | സ്വപുത്രിയായ |
| സതീം | സതീദേവിയെ |
| അനാദൃത്യ | പരിഗണിക്കാതെ, |
| ശീലവതാം | ശീലഗുണമുള്ളവരിൽ |
| ശ്രേഷ്ഠേ | ശ്രേഷ്ഠനായ |
| ഭവേ | ശ്രീപരമേശ്വരനിൽ |
| കസ്മാത് | എന്തുകാരണത്താൽ |
| വിദ്വേഷം | വിരോധത്തെ |
| അകരോത് | പ്രവൃത്തിച്ചു ? |

2 കസ്തം ചരാചരഗുരും നിർവൈരം ശാന്തവിഗ്രഹം
ആത്മാരാമം കഥം ദ്വേഷ്ടി ജഗതോ ദൈവതം മഹത്.

| | | | |
|---|---|---|---|
| ചരാചരഗുരും | സർവ്വലോകാചാര്യനും | ജഗതഃ | ലോകത്തിന്റെ |
| നിർവൈരം | ആരിലും വിദ്വേഷമി | മഹത് | മഹാനായ |
| | ല്ലാത്തവനും | ദൈവതം | ആരാധ്യദേവനും |
| ശാന്തവിഗ്രഹം | പ്രശാന്തമൂർത്തിയും | | ആയിരിക്കുന്ന |
| ആത്മാരാമം | ആത്മസ്വരൂപത്തിൽ | തം | തന്തിരുവടിയെ |
| | ത്തന്നെ വിഹരിക്കുന്ന | കഃ കഥം | ആർ എങ്ങനെ |
| | വനും | ദ്വേഷ്ടി | ദ്വേഷിക്കുന്നു ? |

3 ഏതദാഖ്യാഹി മേ ബ്രഹ്മൻ ജാമാതുഃ ശ്വശുരസ്യ ച
വിദ്വേഷസ്തു യതഃ പ്രാണാംസ്തത്യജേ ദുസ്ത്യജാൻ സതീ.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മൻ ! | സതീ | സതീദേവി |
| ജാമാതുഃ | ജാമാതാവിനും | ദുസ്ത്യജാൻ | ത്യജിക്കുവാൻ മനഃപ്രയാ |
| | | | സമുണ്ടാവുന്ന |
| ശ്വശുരസ്യ ച | ശ്വശുരനും തമ്മിൽ | പ്രാണാൻ | പ്രാണങ്ങളെപ്പോലും |
| വിദ്വേഷഃ തു | വിരോധം എന്നത് | തത്യജേ | ത്യജിച്ചുവല്ലോ. |
| (കഥം ജാതഃ) | എങ്ങനെ സംഭവിച്ചു? | ഏതത് മേ | ഇതെനിക്ക് |
| യതഃ | യാതൊന്നുനിമിത്തം | ആഖ്യാഹി | പറഞ്ഞുതരിക. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു :

4 പുരാ വിശ്വസൃജാം സത്രേ സമേതാഃ പരമർഷയഃ
തഥാമരഗണാഃ സർവ്വേ സാനുഗാ മുനയോഗ്നയഃ

| | | | |
|---|---|---|---|
| പുരാ | പണ്ട് | മുനയഃ | മുനിമാരും, |
| വിശ്വസൃജാം | വിശ്വസ്രഷ്ടാക്കളുടെ | അഗ്നയഃ | അഗ്നികളും, |
| സത്രേ | യജ്ഞത്തിൽ | സർവ്വേ | എല്ലാവരും |
| പരമർഷയഃ | ശ്രേഷ്ഠരായ ഋഷിമാരും, | സാനുഗാഃ | അനുചരന്മാരോടുകൂടെ |
| തഥാ | അതേവിധം | | |
| അമരഗണാഃ | ദേവഗണങ്ങളും, | സമേതാഃ | സമ്മേളിക്കുകയുണ്ടായി. |

5 തത്ര പ്രവിഷ്ടമൃഷയോ ദൃഷ്ട്വാർക്കമിവ രോചിഷാ
ഭ്രാജമാനം വിതിമിരം കുർവ്വന്തം തന്മഹത് സദഃ

6 ഉദതിഷ്ഠൻ സദസ്യാസ്തേ സ്വധിഷ്ണ്യേഭ്യഃ സഹാഗ്നയഃ
ഋതേ വിരിഞ്ചം ശർവ്വം ച തദ്ഭാസാക്ഷിപ്തചേതസഃ

| | |
|---|---|
| രോചിഷാ | തേജസ്സുകൊണ്ടു് |
| അൎക്കം ഇവ | സൂൎയ്യനെപ്പോലെ |
| ഭ്രാജമാനം | പ്രകാശിക്കുന്നവനും |
| മഹത് | മഹത്തായ |
| തത് സദഃ | ആ യജ്ഞസഭയെ |
| വിതിമിരം കുൎവ്വന്തം | ഇരുളകന്നതാക്കിത്തീൎക്കുന്നവനുമായ (ദക്ഷനെ) |
| തത്ര | അവിടെ |
| പ്രവിഷ്ടം | കയറിവന്നതായി |
| ദൃഷ്ട്വാ | കണ്ടിട്ടു്, |
| വിരിഞ്ചം | ബ്രഹ്മാവിനേയും |
| ശൎവ്വം ച ഋതേ | ശിവനേയും ഒഴിച്ചു് |
| സദസ്യാഃ | സദസ്സിലുള്ളവരായ |
| തേ ഋഷയഃ | ആ ഋഷിമാരെല്ലാം |
| തദ്ഭാസാ | അദ്ദേഹത്തിന്റെ തേജസ്സിനാൽ |
| ആക്ഷിപ്തചേതസഃ | ആകൃഷ്ടചിത്തരായിട്ടു് |
| സഹാഗ്നയഃ | അഗ്നികളോടുകൂടി |
| സ്വധിഷ്ണ്യേഭ്യഃ | തങ്ങൾതങ്ങൾക്കുള്ള ആസനങ്ങളിൽനിന്നു് |
| ഉദതിഷ്ഠൻ | എഴുന്നേററുനിന്നു. |

7 സദസസ്പതിഭിൎദ്ദക്ഷോ ഭഗവാൻ സാധു സത്കൃതഃ
അജം ലോകഗുരും നത്വാ നിഷസാദ തദാജ്ഞയാ

| | |
|---|---|
| ഭഗവാൻ | മഹാനുഭാവനായ |
| ദക്ഷഃ | ദക്ഷപ്രജാപതി |
| സദസസ്പതിഭിഃ | സഭാനേതാക്കളാൽ |
| സാധു | വഴിപോലെ |
| സത്കൃതഃ | സൽകൃതനായിട്ടു്, |
| ലോകഗുരും | ലോകപിതാവായ |
| അജം | ബ്രഹ്മദേവനെ |
| നത്വാ | നമസ്കരിച്ചശേഷം |
| തദാജ്ഞയാ | അവിടുത്തെ കല്പനപ്രകാരം |
| നിഷസാദ | ആസനസ്ഥനായി. |

8 പ്രാങ്നിഷണ്ണം മൃഡം ദൃഷ്ട്വാ നാമൃഷ്യത്തദനാദൃതഃ
ഉവാച വാമം ചക്ഷുൎഭ്യാമഭിവീക്ഷ്യ ദഹന്നിവ.

| | |
|---|---|
| പ്രാങ്നിഷണ്ണം | മുമ്പുതന്നെ ഇരിപ്പുകൊണ്ടിരിക്കുന്ന |
| മൃഡം | ശിവനെ |
| ദൃഷ്ട്വാ | കണ്ടിട്ടു്, |
| തദനാദൃതഃ | അദ്ദേഹത്താൽ എഴുന്നേററു് ആദരിക്കപ്പെട്ടിട്ടില്ലാത്ത ദക്ഷൻ |
| ന അമൃഷ്യത് | പൊറുത്തില്ല. |
| ചക്ഷുൎഭ്യാം | കണ്ണുകൾകൊണ്ടു്. |
| ദഹൻ ഇവ | ദഹിപ്പിക്കുമോ എന്നു തോന്നുമാറു് |
| വാമം | ചെരിച്ചുകൊണ്ടു് |
| അഭിവീക്ഷ്യ | ഒന്നു നോക്കി, |
| ഉവാച | പറഞ്ഞു. |

9 ശ്രൂയതാം ബ്രഹ്മൎഷയോ മേ സഹദേവാഃ സഹാഗ്നയഃ
സാധൂനാം ബ്രുവതോ വൃത്തം നാജ്ഞാനാന്ന ച മത്സരാത്

| | |
|---|---|
| സഹദേവാഃ | ദേവന്മാരോടുകൂടിയ— |
| സഹാഗ്നയഃ | അഗ്നികളോടുകൂടിയ |
| ബ്രഹ്മൎഷയഃ | ബ്രഹ്മൎഷിമാരേ! |
| സാധൂനാം | സജ്ജനങ്ങളുടെ |
| വൃത്തം | ആചാരക്രമത്തെപ്പററി |
| ബ്രുവതഃ മേ | പറയുന്ന എന്റെവാക്കു് |
| ശ്രൂയതാം | കേൾക്കപ്പെട്ടാലും |
| അജ്ഞാനാത് | അറിവില്ലായ്മകൊണ്ടു് |
| ന | ഉള്ളതല്ല; |
| മത്സരാത് ച | മത്സരംകൊണ്ടും |
| ന | ഉള്ളതല്ല. |

10 അയം തു ലോകപാലാനാം യശോഘ്നോ നിരപത്രപഃ
സദ്ഭിരാചരിതഃ പന്ഥാ യേന സ്തബ്ധേന ദൂഷിതഃ

| | | | |
|---|---|---|---|
| അയം തു | ഇവനാകട്ടെ | യേന | യാതൊരു ഇവനാൽ |
| ലോകപാലാനാം | ലോകരക്ഷ ചെയ്യുന്ന ദേവന്മാരുടെ | സദ്ഭിഃ | സജ്ജനങ്ങളാൽ |
| യശോഘ്നഃ | നല്ലപേരിനെ കെടുത്തുന്നവനാണ്, | ആചരിതഃ | ആചരിക്കപ്പെടുന്ന |
| നിരപത്രപഃ | നാണമില്ലാത്തവനാണ് | പന്ഥാഃ | മാർഗ്ഗം |
| സ്തബ്ധേന | വേണ്ടേടത്തു വേണ്ടതു ചെയ്യാതെ തെമ്പുകാട്ടുന്ന | ദൂഷിതഃ | ദൂഷിപ്പിക്കപ്പെട്ടിരിക്കുന്നു. |

11 ഏഷഃ മേ ശിഷ്യതാം പ്രാപ്തോ യന്മേ ദുഹിതുരഗ്രഹീത്
പാണിം വിപ്രാഗ്നിമുഖതഃ സാവിത്ര്യാ ഇവ സാധുവത്.

| | | | |
|---|---|---|---|
| ഏഷഃ മേ | ഇവൻ എന്റെ | സാവിത്ര്യാഃ ഇവ | സവിതൃഗായത്രീമന്ത്രം പോലെ വിശുദ്ധമായ |
| ശിഷ്യതാം | ശിഷ്യനെന്ന നിലയെ | മേ ദുഹിതുഃ | എന്റെ മകളുടെ |
| പ്രാപ്തഃ | സ്വീകരിച്ചവനാണ് | പാണിം | കരത്തെ |
| യത് | എന്തെന്നാൽ, | സാധുവത് | നല്ലവനെന്ന നിലയിൽ |
| വിപ്രാഗ്നി-മുഖതഃ | ബ്രാഹ്മണരുടേയും അഗ്നിയുടേയും സമക്ഷം | അഗ്രഹീത് | ഗ്രഹിച്ചിരിക്കുന്നു. |

12 ഗൃഹീത്വാ മൃഗശാബാക്ഷ്യാഃ പാണിം മർക്കടലോചനഃ
പ്രത്യുത്ഥാനാഭിവാദാർഹേ വാചാപ്യകൃത നോചിതം.

| | | | |
|---|---|---|---|
| മർക്കടലോചനഃ | കുരങ്ങനെപ്പോലെ തുറിയൻ കണ്ണനായ ഇവൻ | പ്രത്യുത്ഥാനാ-ഭിവാദാർഹേ | എഴുന്നേററു കാൽതൊട്ടു വണങ്ങുവാൻ അർഹനായ എന്റെ അടുക്കൽ |
| മൃഗശാബാക്ഷ്യാഃ | ഇളമാനിനെപ്പോലെ കണ്ണഴകുള്ള എന്റെ മകളുടെ | ഉചിതം | മുറപോലെ വേണ്ട ഉപചാരം |
| പാണിം ഗൃഹീത്വാ | പാണിഗ്രഹണംചെയ്തു, | വാചാ അപി | വാക്കിനാൽപ്പോലും |
| | | ന അകൃത | നിവ്വഹിച്ചില്ല. |

അനന്തരം ആ പുത്രിയെ വിവാഹംചെയ്തുകൊടുത്തതിൽ പശ്ചാത്തപിച്ചുകൊണ്ട് ദക്ഷൻ തുടന്നുപറയുന്ന നിന്ദാവചനങ്ങൾ ഇനി നാലുശ്ലോകങ്ങൾകൊണ്ട് നിബന്ധിച്ചിരിക്കുന്നു.

13 ലുപ്തക്രിയായാശുചയേ മാനിനേ ഭിന്നസേതവേ
അനിച്ഛന്നപ്യദാം ബാലാം ശൂദ്രായേവോശതീം ഗിരം

| | |
|---|---|
| ലുപ്തക്രിയായ | സൽകർമ്മാനുഷ്ഠാനം കൈവിട്ടവനും |
| അശുചയേ | ശുദ്ധിയില്ലാത്തവനും |
| മാനിനേ | ദുരഭിമാനം കൊള്ളുന്നവനും |
| ഭിന്നസേതവേ | അതിർവരമ്പുകളെ ഉല്ലംഘിച്ചിട്ടുള്ളവനുമായ ഒരുത്തനു്, |

| | |
|---|---|
| ഉശതീം ഗിരം | വേദവചനത്തെ |
| ശൂദ്രായ ഇവ | ശൂദ്രനു കൊടുക്കുംപോലെ, |
| അനിച്ഛൻ അപി | ഉള്ളിൽ തൃപ്തിവരാതെയാണെങ്കിലുംകൂടി |
| ബാലാം | കൊച്ചുമകളെ |
| അദാം | ഞാൻ കൊടുത്തു. |

14 പ്രേതാവാസേഷു ഘോരേഷു പ്രേതൈർഭൂതഗണൈർവൃതഃ
അടത്യുന്മത്തവന്നഗ്നോ വ്യുപ്തകേശോ ഹസൻ രുദൻ.

| | |
|---|---|
| ഘോരേഷു | കൊടുതായ |
| പ്രേതാവാസേഷു | ചുടലക്കളങ്ങളിൽ |
| ഭൂതഗണൈഃ | ഭൂതസംഘങ്ങളാലും |
| പ്രേതൈഃ | പ്രേതങ്ങളാലും |
| വൃതഃ | ചൂഴപ്പെട്ടവനായി, |
| നഗ്നഃ | ഉടുവസ്ത്രമില്ലാതെ |

| | |
|---|---|
| വ്യുപ്തകേശഃ | തലമുടിയഴിച്ചിട്ടു് |
| ഹസൻ | ചിരിച്ചുകൊണ്ടും |
| രുദൻ | നിലവിളിച്ചുകൊണ്ടും |
| ഉന്മത്തവത് | ഭ്രാന്തനെപ്പോലെ |
| അടതി | അലഞ്ഞുതിരിയുന്നു. |

15 ചിതാഭസ്മകൃതസ്നാനഃ പ്രേതസ്രങ്ന്ര്സ്ഥിഭൂഷണഃ
ശിവാപദേശോ ഹ്യശിവോ മത്തോ മത്തജനപ്രിയഃ
പതിഃ പ്രമഥഭൂതാനാം തമോമാത്രാത്മകാത്മനാം.

| | |
|---|---|
| ചിതാഭസ്മ-കൃതസ്നാനഃ | ഇവൻ ചുടലച്ചാരം കൊണ്ടു് ആറാട്ടുകഴിച്ചവനാണു് |
| പ്രേതസ്രക് | പ്രേതങ്ങളുടെ മുണ്ഡമാല ധരിച്ചവനാണു്; |
| ന്ര്സ്ഥിഭൂഷണഃ | നരാസ്ഥിഖണ്ഡങ്ങളാൽ ആഭരണമണിഞ്ഞവനാണു് |
| ശിവാപദേശഃ | 'ശിവൻ' (മംഗളമൂർത്തി) എന്ന കള്ളപ്പേരുള്ളവനും |

| | |
|---|---|
| ഹി | വാസ്തവത്തിൽ |
| അശിവഃ | അമംഗളമൂർത്തിയുമാണു് |
| മത്തഃ | സ്വയം മദംകൊണ്ടവനും |
| മത്തജനപ്രിയഃ | മദംകൊണ്ട ജനങ്ങൾക്കു് ഇഷ്ടനായവനും ആകുന്നു |
| തമോമാത്രാ-ത്മകാത്മനാം | വെറും തമോഗുണപ്രധാനസ്വരൂപികളായ |
| പ്രമഥഭൂതാനാം | പ്രമഥഭൂതഗണങ്ങളുടെ |
| പതിഃ | നേതാവാണിവൻ. |

16 തസ്മാ ഉന്മാദനാഥായ നഷ്ടശൗചായ ദുർഹൃദേ
ദത്താ ബത മയാ സാധ്വീ ചോദിതേ പരമേഷ്ഠിനാ

| | |
|---|---|
| ഉന്മാദനാഥായ | പേപ്പിശാചങ്ങളുടെ നായകനും |
| നഷ്ടശൗചായ | വിശുദ്ധിയില്ലാത്തവനും |
| ദുർഹൃദേ | ദുഷ്ടഹൃദയനുമായ |
| തസ്മൈ | അവന്നു് |
| പരമേഷ്ഠിനാ | ബ്രഹ്മദേവനാൽ |

| | |
|---|---|
| ചോദിതേ | പ്രേരിപ്പിക്കപ്പെട്ടപ്പോൾ |
| മയാ | എന്നാൽ |
| സാധ്വീ | എന്റെ ഉത്തമപുത്രി |
| ദത്താ | കൊടുക്കപ്പെട്ടുവല്ലോ– |
| ബത | കഷ്ടംതന്നെ |

ഈശ്വരനിന്ദാശ്രവണം ഏതുസന്ദർഭത്തിലുള്ളതായാലും വർജ്ജ്യമാകുന്നു. ആകയാൽ ഈ ദക്ഷവചനത്തിന്റെ വാസ്തവികാർത്ഥം സ്തുതിപരമായെടുത്തുകൊള്ളണം. അതെങ്ങനെയെന്നാൽ —

'ലുപ്തക്രിയായ' (ലുപ്താഃ ക്രിയാഃ യസ്മിൻ) = നിഷ്ക്രിയൻ.

'അശുചയേ' (നാസ്തി ശുചിഃ യസ്മാത്) = സർവ്വാധികശുദ്ധൻ

'അമാനിനേ, അഭിന്നസേവതേ' എന്നു് പാഠഭേദം. അഭിമാനരഹിതനെന്നും ധർമ്മമര്യാദ ലംഘിക്കാത്തവൻ എന്നും അർത്ഥം.

'അശിവഃ' (നാസ്തി ശിവഃ യസ്മാത്) = പരമമംഗളൻ.

'അമത്തഃ' അമത്തജനപ്രിയഃ' എന്നും പാഠം മുറിക്കാം.

'പതിഃ പ്രമഥഭൂതാനാം'— താമസന്മാരെപ്പോലും പാലിക്കുന്നവൻ എന്നും, നഷ്ടശൗചായ — ശുദ്ധിയില്ലാത്തവരെ ശുദ്ധീകരിക്കുന്നവൻ എന്നും, 'ദുർഹൃദേ' — ദുഷ്ടന്മാരിലും കാരുണ്യമുള്ളവൻ എന്നും വാസ്തവികാർത്ഥം എടുക്കാം.

മൈത്രേയ ഉവാച = മൈത്രേയ മുനി പറഞ്ഞു :

17 വിനിന്ദ്യൈവം സ ഗിരിശമപ്രതീപമവസ്ഥിതം
ദക്ഷോഽഥാപ ഉപസ്പൃശ്യ ക്രുദ്ധഃ ശപ്തും പ്രചക്രമേ

| | | | |
|---|---|---|---|
| സഃ ദക്ഷഃ | ആ ദക്ഷൻ | വിനിന്ദ്യ | കലശലായി ശകാരിച്ചു്, |
| അപ്രതീപം | മറുത്തൊന്നും പറയാതെ | അഥ ക്രുദ്ധഃ | പിന്നെയും ക്രുദ്ധനായിട്ടു് |
| അവസ്ഥിതം | വെറുതെ ഇരിക്കുന്ന | അപഃ ഉപസ്പൃശ്യ | ജലമെടുത്തു് ആചമനാദികർമ്മം ചെയ്തശേഷം |
| ഗിരിശം | ശ്രീപരമേശ്വരനെ | ശപ്തും | ശപിക്കുവാൻ |
| ഏവം | ഇപ്രകാരം | പ്രചക്രമേ | ആരംഭിച്ചു. |

18 അയം തു ദേവയജന ഇന്ദ്രോപേന്ദ്രാദിഭിർഭവഃ
സഹ ഭാഗം ന ലഭതാം ദേവൈർദേവഗണാധമഃ

| | | | |
|---|---|---|---|
| ദേവഗണാധമഃ | ദേവന്മാരുടെ കൂട്ടത്തിൽ നികൃഷ്ടനായ * | ഇന്ദ്രോ- പേന്ദ്രാദിഭിഃ | ഇന്ദ്രൻ, ഉപേന്ദ്രൻ (വിഷ്ണു) മുതലായ |
| അയം ഭവഃ തു | ഈ രുദ്രൻ | ദേവൈഃ സഹ | ദേവന്മാരോടൊപ്പം |
| | | ഭാഗം | ഹവിർഭാഗത്തെ |
| ദേവയജനേ | ദേവകർമ്മങ്ങളുള്ള യാഗത്തിൽ | ന ലഭതാം | ലഭിക്കാതെയാകട്ടെ |

* 'ദേവഗണാഃ അധമാഃ യസ്മാത്സഃ' എന്നു വിഗ്രഹിച്ചു് "സർവ്വദേവന്മാരും യാതൊരുവനെക്കാളും താഴെയാണോ, അവൻ" എന്നിങ്ങനെ വാസ്തവാർത്ഥം ഗ്രഹിക്കണം.

19 നിഷിധ്യമാനഃ സ സദസ്യമുഖ്യൈർ-
ദക്ഷോ ഗിരിത്രായ വിസൃജ്യ ശാപം
തസ്മാദ്വിനിഷ്ക്രമ്യ വിവൃദ്ധമന്യുർ-
ജ്ജഗാമ കൗരവ്യ നിജം നികേതനം.

| | |
|---|---|
| കൗരവ്യ | ഹേ വിദുര ! |
| സഃ ദക്ഷഃ | ആ ദക്ഷൻ |
| സദസ്യ- മുഖ്യൈഃ | യജ്ഞസദസ്സിലെ പ്രധാനികളായവരാൽ |
| നിഷിദ്ധ്യമാനഃ | അരുതെന്നു വിലക്കപ്പെട്ടിട്ടുംകൂടി |
| ഗിരിത്രായ | ശിവന്റെ നേക്ക് |
| ശാപം | ശാപവാക്കിനെ |
| വിസൃജ്യ | തൊടുത്തുവിട്ട്, |
| തസ്മാത് | അവിടെനിന്നും |
| വിനിഷ്ക്രമ്യ | പുറത്തിറങ്ങി, |
| വിവൃദ്ധമന്യുഃ | കോപം മുഴുത്തുകൊണ്ട് |
| നിജം | സ്വന്തമായ |
| നികേതനം | വാസഭവനത്തിലേക്ക് |
| ജഗാമ | പോയി. |

20 വിജ്ഞായ ശാപം ഗിരിശാനുഗാഗ്രണീർ-
നന്ദീശ്വരോ രോഷകഷായദൂഷിതഃ
ദക്ഷായ ശാപം വിസസർജ്ജ ദാരുണം
യേ ചാന്വമോദംസ്തദവാച്യതാം ദ്വിജാഃ.

| | |
|---|---|
| ഗിരിശാനു- ഗാഗ്രണീഃ | ശിവാനുചരന്മാരിൽ അഗ്രഗണ്യനായ |
| നന്ദീശ്വരഃ | നന്ദീശ്വരൻ |
| ശാപം | ഈ ശാപത്തെ |
| വിജ്ഞായ | അറിഞ്ഞിട്ട്, |
| രോഷകഷായ- ദൂഷിതഃ | കോപത്താൽ ആരക്തനേത്രനായി, |
| ദക്ഷായ | ദക്ഷനും |
| യേ ദ്വിജാഃ | യാവചില ബ്രാഹ്മണർ |
| തദവാച്യതാം | ശിവന്റെ നേക്കുള്ള ആ നിന്ദാവചനത്തെ |
| അന്വമോദൻ | അഭിനന്ദിച്ചിരുന്നുവോ, |
| (തേഭ്യഃ) ച | ആയവക്കും |
| ദാരുണം | അത്യുഗ്രമായ |
| ശാപം | ശാപത്തെ |
| വിസസർജ്ജ | തൊടുത്തുവിട്ടു. |

ദക്ഷന്റെ നേക്കുള്ള ശാപം മൂന്നരശ്ലോകംകൊണ്ടു പറയുന്നു.

21 യ ഏതന്മത്ത്യമുദ്ദിശ്യ ഭഗവത്യപ്രതിദ്രുഹി
ദ്രുഹ്യത്യജ്ഞഃ പൃഥഗ്ദൃഷ്ടിസ്തത്ത്വതോ വിമുഖോ ഭവേത്.

| | |
|---|---|
| അജ്ഞഃ | അറിവില്ലാത്ത |
| യഃ | യാതൊരുത്തൻ |
| ഏതത് മത്ത്യം | ഈ ദക്ഷരൂപത്തിൽ കാണുന്ന തന്റെ നശ്വരശരീരത്തെ |
| ഉദ്ദിശ്യ | വലുതെന്നു കരുതി, |
| അപ്രതിദ്രുഹി | ഇങ്ങോട്ട് ഒരു ദ്രോഹവും ചെയ്യിട്ടില്ലാത്ത |
| ഭഗവതി | ജ്ഞാനൈശ്വര്യാദി സമസ്തഗുണസമ്പൂർണ്ണനായ ഈശ്വരനിൽ |
| പൃഥഗ്ദൃഷ്ടിഃ | ഭേദദശനത്തോടുകൂടിയവനായിട്ട് |
| ദ്രുഹ്യതി | വിദ്രോഹമാചരിക്കുന്നു |
| (സഃ) | അവൻ |
| തത്ത്വതഃ | പരമാത്മജ്ഞാനത്തിൽ നിന്ന് |
| വിമുഖഃ | പരാങ്മുഖനായി |
| ഭവേത് | ഭവിക്കട്ടെ [വോ |

അജ്ഞനെന്നു പറഞ്ഞതിനെ വ്യക്തമാക്കുന്നു.

22 ഗൃഹേഷു കൂടധർമ്മേഷു സക്തോ ഗ്രാമ്യസുഖേച്ഛയാ
കർമ്മതന്ത്രം വിതനുതേ വേദവാദവിപന്നധീഃ

| | | | |
|---|---|---|---|
| വേദവാദവിപന്നധീഃ | വേദത്തിലുള്ള അർത്ഥവാദങ്ങളാൽ നഷ്ടബുദ്ധിയായിരിക്കുന്ന ഇവൻ | ഗ്രാമ്യസുഖേച്ഛയാ | പ്രാകൃത സുഖാനുഭവത്തിലുള്ള താൽപര്യത്താൽ |
| | | സക്തഃ | ആസക്തനായിട്ട് |
| കൂടധർമ്മേഷു | വഞ്ചനാനിരതമായ | കർമ്മതന്ത്രം വിതനുതേ | കർമ്മാനുബന്ധത്തെ വളർത്തിക്കൊണ്ടിരിക്കുന്നു. |
| ഗൃഹേഷു | കുടുംബജീവിതത്തിൽ | | |

23 ബുദ്ധ്യാ പരാഭിധ്യായിന്യാ വിസ്മൃതാത്മഗതിഃ പശുഃ
സ്ത്രീകാമഃ സോഽസ്ത്വതിതരാം ദക്ഷോ ബസ്തമുഖോഽചിരാത്

| | | | |
|---|---|---|---|
| സഃ ദക്ഷഃ | ആ ദക്ഷൻ | അതിതരാം | കണക്കിലേറെ |
| പരാഭിധ്യായിന്യാ | ദേഹാദിയായ ആത്മവ്യതിരിക്തവസ്തുവിൽ ആത്മാഭിധ്യാനമിയലുന്ന | സ്ത്രീകാമഃ | പെൺകൊതിയനും |
| | | അസ്തു | ആയിത്തീരട്ടെ. |
| ബുദ്ധ്യാ | മിഥ്യാജ്ഞാനത്താൽ | അചിരാത് | കാലതാമസമെന്നിയെ |
| വിസ്മൃതാത്മഗതിഃ | യഥാർത്ഥമായ ആത്മജ്ഞാനത്തെ വിസ്മരിച്ച് | ബസ്തമുഖഃ | കോലാടിന്റെ മുഖം ചേർന്നവനായും |
| പശുഃ | മൃഗതുല്യനും | (അസ്തു) | ഭവിക്കട്ടെ. |

ആത്മജ്ഞാനവിസ്മരണത്താൽ ഉണ്ടാവുന്ന പശുത്വം, സ്ത്രീകാമത്വം, അജമുഖത്വം ഇങ്ങനെ മൂന്നു ശാപമാണ് ദക്ഷനു് നന്ദികേശ്വരൻ കൊടുത്തതു്. ദക്ഷൻ ഈ ശാപങ്ങൾക്കർഹനാണെന്നു് ഒന്നുകൂടി ഊന്നിപ്പറഞ്ഞശേഷം ദക്ഷാനുവർത്തികളായ ബ്രാഹ്മണരെയും ശപിക്കുന്നു.

24 വിദ്യാബുദ്ധിരവിദ്യായാം കർമ്മമയ്യാമസൗ ജഡഃ
സംസരന്ത്വിഹ യേ ചാമുമനു ശർവ്വാവമാനിനം.

| | | | |
|---|---|---|---|
| കർമ്മമയ്യാം | കർമ്മസ്വരൂപമായ | ശർവ്വാവമാനിനം | പരമശിവനെ അവമാനിച്ച |
| അവിദ്യായാം | അവിദ്യയെ അധികരിച്ച് | അമും അനു | ഇവനെ അനുവർത്തിക്കുന്ന |
| വിദ്യാബുദ്ധിഃ | ഇതുതന്നെ യഥാർത്ഥമായ തത്ത്വവിദ്യയെന്നു ധരിച്ചുവെച്ചിരിക്കുന്ന | യേ | യാവചിലരുണ്ടോ |
| | | (തേ) ച | അവരും |
| | | ഇഹ | ഈ സംസാരത്തിൽ |
| അസൗ | ഇവൻ | സംസരന്തു | ജന്മമരണക്ലേശങ്ങളനുഭവിച്ചു വലയട്ടെ. |
| ജഡഃ | മൂഢനാകുന്നു. | | |

25 ഗിരഃ ശ്രുതായാഃ പുഷ്പിണ്യാ മധുഗന്ധേന ഭൂരിണാ
മഥ്നാ ചോന്മഥിതാത്മാനഃ സംമുഹ്യന്തു ഹരദ്വിഷഃ.

| | | | |
|---|---|---|---|
| പുഷ്പിണ്യാഃ | കർമ്മത്തിന്റെ മേന്മയെ പുകഴ്ത്തിപ്പറയുന്ന അർത്ഥവാദങ്ങൾകൊണ്ട് പൂനിറഞ്ഞിരിക്കുന്ന | മധുഗന്ധേന | തേൻമണത്താൽ (തത്തുല്യമായ പ്രലോഭനത്താൽ) |
| ശ്രുതായാഃ ഗിരഃ | ശ്രുതിവചനത്തിന്റെ | ഉന്മഥിതാത്മാനഃ | വിക്ഷുബ്ധചിത്തവൃത്തികളായിട്ട് |
| ഭൂരിണാ | ഒട്ടേറെയുള്ള | ഹരദ്വിഷഃ | ശിവദ്വേഷികൾ |
| മഥ്നാ | മനഃക്ഷോഭകമായ | സംമുഹ്യന്തു ച | സമ്മോഹം പ്രാപിക്കയും ചെയ്യട്ടെ. |

26 സർവ്വഭക്ഷാ ദ്വിജാ വൃത്ത്യൈ ധൃതവിദ്യാതപോവ്രതാഃ
വിത്തദേഹേന്ദ്രിയാരാമാ യാചകാ വിചരന്ത്വിഹ.

| | | | |
|---|---|---|---|
| ദ്വിജാഃ | ബ്രാഹ്മണർ | വിത്തദേഹേന്ദ്രിയാരാമാഃ | ധനത്തിലും ദേഹേന്ദ്രിയാദികളിലും ആസക്തന്മാരും ആകട്ടെ. |
| സർവ്വഭക്ഷാഃ | കിട്ടിയതെല്ലാം തിന്നുന്നവരും | | |
| വൃത്ത്യൈ | ഉപജീവനത്തിന്നുവേണ്ടി | യാചകാഃ | ഇരക്കുന്നതരക്കാരായിട്ട് |
| ധൃതവിദ്യാതപോവ്രതാഃ | വിദ്യ, തപസ്സ്, വ്രതങ്ങൾ എന്നിവയെ ധരിച്ചിട്ടുള്ളവരും | ഇഹ | ലോകത്തിൽ |
| | | വിചരന്തു | അലയട്ടെ |

ദക്ഷനെ അനുമോദിച്ച ബ്രാഹ്മണർക്ക് നന്ദികേശ്വരൻ കൊടുത്ത ശാപം നാല്. 1. സംസാരചക്രത്തിൽപെട്ട് നട്ടംതിരിയൽ. 2. വേദത്തിലെ അർത്ഥവാദവചനങ്ങളിൽ മയങ്ങിക്കൊണ്ടുള്ള കർമ്മാസക്തി. 3. അതിഭോജനപ്രിയതയും വിദ്യാദികളെ ഉദരപൂരണാർത്ഥം വിനിയോഗിക്കലും, ധനാദിഭൗതികങ്ങളിൽ അത്യാശയും. 4. യാചകത്വം.

27 തസ്യൈവം വദതഃ ശാപം ശ്രുത്വാ ദ്വിജകുലായ വൈ
ഭൃഗുഃ പ്രത്യസൃജച്ഛാപം ബ്രഹ്മദണ്ഡം ദുരത്യയം.

| | | | |
|---|---|---|---|
| ദ്വിജകുലായ | ബ്രാഹ്മണവംശത്തിന്ന് | ഭൃഗുഃ | ഭൃഗുമഹർഷി |
| | | ശ്രുത്വാ | അതു കേട്ടിട്ട് |
| ഏവം | ഇപ്രകാരമുള്ള | ദുരത്യയം | അനതിക്രമണീയവും |
| ശാപം | ശാപത്തെ | ശാപം | ശാപരൂപവുമായ |
| തസ്യ വദതഃ വൈ | ആ നന്ദീശ്വരൻ കൊടുത്തുകൊണ്ടിരിക്കവേ, | ബ്രഹ്മദണ്ഡം | ബ്രഹ്മദണ്ഡത്തെ |
| | | പ്രത്യസൃജത് | പകരം പ്രയോഗിച്ചു. |

28 ഭവവ്രതധരാ യേ ച യേ ച താൻ സമനുവ്രതാഃ
പാഖണ്ഡിനസ്തേ ഭവന്തു സച്ഛാസ്ത്രപരിപന്ഥിനഃ

| | |
|---|---|
| യേ | യാവചിലർ |
| ഭവവ്രതധരാഃ ച | ശൈവവ്രതങ്ങളെ അനുഷ്ഠിക്കുന്നുവോ, അവരും |
| യേ താൻ | യാവചിലർ അവരെ |
| സമനുവ്രതാഃ | അനുവർത്തിക്കുന്നുവോ, |
| തേ ച | ആയവരും |
| സച്ഛാസ്ത്രപരിപന്ഥിനഃ | ശരിക്കുള്ള ശാസ്ത്രമാർഗ്ഗത്തിന്റെ വിരുദ്ധന്മാരായ |
| പാഷണ്ഡിനഃ | വിധർമ്മികളായിട്ട് |
| ഭവന്തു | ഭവിക്കട്ടെ. |

29 നഷ്ടശൗചാ മൂഢധിയോ ജടാഭസ്മാസ്ഥിധാരിണഃ
വിശന്തു ശിവദീക്ഷായാം യത്ര ദൈവം സുരാസവം

| | |
|---|---|
| നഷ്ടശൗചാഃ | ശുദ്ധിയില്ലാത്തവരും |
| മൂഢധിയഃ | മൂഢമതികളും |
| ജടാഭസ്മാസ്ഥിധാരിണഃ | ജട, ഭസ്മം അസ്ഥി എന്നിവകളെ ധരിക്കുന്നവരുമായിട്ട് |
| യത്ര | യാതൊന്നിൽ |
| സുരാസവം | കള്ളും ചാരായവും |
| ദൈവം | ദൈവത്തെപ്പോലെ ആരാധ്യമാണോ |
| ശിവദീക്ഷായാം | ആ ശൈവസമ്പ്രദായത്തിൽ |
| വിശന്തു | ചെന്നുചേരട്ടെ. |

30 ബ്രഹ്മ ച ബ്രാഹ്മണാംശ്ചൈവ യദ്യൂയം പരിനിന്ദഥ
സേതും വിധാരണം പുംസാമതഃ പാഷണ്ഡമാശ്രിതാഃ

| | |
|---|---|
| യത് | ഏതൊരു കാരണത്താൽ |
| യൂയം | നിങ്ങൾ |
| പുംസാം | വർണ്ണാശ്രമാചാരമുള്ള ജനങ്ങളുടെ |
| വിധാരണം | സംസ്ഥിതിക്കവലംബഭൂതമായ |
| സേതും | ധർമ്മമര്യാദയായിരിക്കുന്ന |
| ബ്രഹ്മ ച | വേദത്തെയും |
| ബ്രാഹ്മണാൻ ച ഏവ | വേദജ്ഞരായ ബ്രാഹ്മണരേയും |
| പരിനിന്ദഥ | ആകമാനം അവഹേളിക്കുന്നുവോ, |
| അതഃ | അതേ കാരണത്താൽ |
| പാഷണ്ഡം | ബ്രഹ്മദ്വേഷം വെച്ചുപുലർത്തുന്ന നാസ്തികവാദത്തെ |
| ആശ്രിതാഃ | സ്വീകരിച്ചവരാണ്. |

വേദത്തിന്റെ ധർമ്മസേതുത്വം താഴെ രണ്ടു ശ്ലോകങ്ങളാൽ പ്രപഞ്ചനം ചെയ്യുന്നു.

31 ഏഷ ഏവ ഹി ലോകാനാം ശിവഃ പന്ഥാഃ സനാതനഃ
യം പൂർവ്വേ ചാനുസന്തസ്ഥുര്യത് പ്രമാണം ജനാർദ്ദനഃ

| | |
|---|---|
| ഏഷഃ ഏവ ഹി | ഈ വേദമാർഗ്ഗം മാത്രമേ |
| ലോകാനാം | ലോകവാസികൾക്കെല്ലാം |
| സനാതനഃ | ശാശ്വതമായ |
| ശിവഃ പന്ഥാഃ | നല്ല മാർഗ്ഗമായിട്ടുള്ളൂ. |
| പൂർവ്വേ ച | പണ്ടേയുള്ളവരും |
| യം | യാതൊരീ മാർഗ്ഗത്തെ |
| അനുസന്തസ്ഥുഃ | അനുസന്ധാനം ചെയ്തിരിക്കുന്നു. |
| യത് | യാതൊരീ മാർഗ്ഗത്തിൽ |
| ജനാർദ്ദനഃ | സർവ്വേശ്വരൻ |
| പ്രമാണം | അടിസ്ഥാനമായി നിലകൊള്ളുന്നു. |

32 തദ് ബ്രഹ്മ പരമം ശുദ്ധം സതാം വർത്മ സനാതനം
വിഗർഹ്യ യാത പാഖണ്ഡം ദൈവം വോ യത്ര ഭൂതരാട്.

| | | | |
|---|---|---|---|
| പരമം | അത്യധികം | ഭൂതരാട് | തമോഗുണപ്രധാനരായ ഭൂതങ്ങളുടെ നാഥൻ |
| ശുദ്ധം | വിശുദ്ധവും | വഃ | നിങ്ങൾക്ക് |
| സതാം | സജ്ജനങ്ങളുടെ | ദൈവം | ആരാധ്യനായിരിക്കുന്നുവോ, |
| സനാതനം | സനാതനമായ | പാഖണ്ഡം | ആ വേദവിരുദ്ധമായ അസദ്ധർമ്മത്തെ |
| വർത്മ | മാർഗ്ഗവുമായിരിക്കുന്ന | യാത | പ്രാപിക്കുവിൻ |
| തത് ബ്രഹ്മ | ആ വേദത്തെ | | |
| വിഗർഹ്യ | അവഹേളിച്ച്, | | |
| യത്ര | യാതൊന്നിൽ | | |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

33 തസ്യൈവം ദദതഃ ശാപം ഭൃഗോഃ സ ഭഗവാൻ ഭവഃ
നിശ്ചക്രാമ തതഃ കിഞ്ചിദ്വിമനാ ഇവ സാനുഗഃ

| | | | |
|---|---|---|---|
| തസ്യ ഭൃഗോഃ | ആ ഭൃഗുമഹർഷി | കിഞ്ചിത് | കുറഞ്ഞൊന്നു് |
| ഏവം ശാപം | ഈവിധം ശാപത്തെ | വിമനാഃ ഇവ | മനഃപ്രയാസം നേരിട്ടവനെന്ന മട്ടിൽ |
| ദദതഃ | പ്രദാനംചെയ്തുകൊണ്ടിരിക്കെ, | തതഃ | അവിടെനിന്നു് |
| ഭഗവാൻ | സർവ്വജ്ഞമൗലിയായ | സാനുഗഃ | അനുചരന്മാരോടുകൂടെ |
| സഃ ഭവഃ | ആ പരമശിവൻ | നിശ്ചക്രാമ | ഇറങ്ങിപ്പോയി. |

34 തേഽപി വിശ്വസൃജഃ സത്രം സഹസ്രപരിവത്സരാൻ
സംവിധായ മഹേഷ്വാസ യത്രേജ്യ ഋഷഭോ ഹരിഃ

35 ആപ്ലുത്യാവഭൃഥം യത്ര ഗംഗാ യമുനയാന്വിതാ
വിരജേനാത്മനാ സർവ്വേ സ്വം സ്വം ധാമ യയുസ്തതഃ

| | | | |
|---|---|---|---|
| മഹേഷ്വാസ | മഹാധനുർദ്ധരനായ വിദുര | സഹസ്രപരിവത്സരാൻ | ആയിരം സംവത്സരങ്ങൾ തികയും കാലത്തോളം |
| വിശ്വസൃജഃ | പ്രജാപതിമാരായ | സംവിധായ | ചെയ്തവസാനിപ്പിച്ച്, |
| തേ അപി | അവരാകട്ടെ | യത്ര | യാതൊരിടത്തു് |
| യത്ര | യാതൊന്നിൽ | ഗംഗാ | ഗംഗാനദി |
| ഋഷഭഃ | സർവ്വശ്രേഷ്ഠനായ | യമുനയാ | യമുനാനദിയോടു് |
| ഹരിഃ | ശ്രീമഹാവിഷ്ണു | അന്വിതാ | കൂടിച്ചേരുന്നുവോ, |
| ഇജ്യഃ | യജിക്കപ്പെടേണ്ടവനാകുന്നുവോ, | തത്ര | അവിടെ(പ്രയാഗയിൽ) |
| സത്രം | ആ സത്രത്തെ | | |

| | | | |
|---|---|---|---|
| അവഭൃഥം അപ്ലുത്യ | അവഭൃഥസ്നാനം (ദീക്ഷാന്തസ്നാനം) കഴിച്ച് | സൎവ്വേ | എല്ലാവരും |
| | | തതഃ | അവിടംവിട്ട് |
| വിരജേന | നിൎമ്മലമായ | സ്വം സ്വം | തങ്ങൾ തങ്ങൾക്കുള്ള |
| ആത്മനാ | ദേഹേന്ദ്രിയാന്തഃകരണത്തോടെ | ധാമ | സ്ഥലത്തേക്ക് |
| | | യയുഃ | യാത്രയായി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുൎത്ഥസ്കന്ധേ
ദക്ഷശാപോ നാമ ദ്വിതീയോऽധ്യായഃ ആദിതഃ ശ്ലോകാഃ 101.

നാലാമത്തെ സ്കന്ധത്തിൽ രണ്ടാമദ്ധ്യായം കഴിഞ്ഞു.

# തൃതീയോऽധ്യായഃ — അദ്ധ്യായം മൂന്ന്.

## സതിയുടെ അഭ്യൎത്ഥനയും ശിവന്റെ നിഷേധവും

“തൃതീയേ തു സതീ താതയജ്ഞോത്സവദിദൃക്ഷയാ
ഗമിഷ്യന്തീ മഹേശേന വാരിതാ നീതിഹേതുഭിഃ”

അച്ഛന്റെ യജ്ഞമഹോത്സവം കാണ്മാൻ പോകുന്നതിന്ന് സതീദേവി ശിവനോട് അനുവാദം ചോദിക്കുന്നതും, ശിവൻ നയോപായങ്ങളാൽ അതു നിഷേധിക്കുന്നതും ഈ മൂന്നാമത്തെ അദ്ധ്യായത്തിൽ പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു

1 സദാ വിദ്വിഷതോരേവം കാലോ വൈ ധ്രിയമാണയോഃ
ജാമാതുഃ ശ്വശുരസ്യാപി സുമഹാനതിചക്രമേ

| | | | |
|---|---|---|---|
| ജാമാതുഃ ശ്വശുരസ്യ അപി | ജാമാതാവായ ശ്രീരുദ്രനും ശ്വശുരനായ ദക്ഷപ്രജാപതിയും തമ്മിൽ തമ്മിൽ | വിദ്വിഷതോഃ | വിരോധിച്ചുകൊണ്ടു |
| | | ധ്രിയമാണയോഃ | അവസ്ഥിതിചെയ്യവേ, |
| | | സുമഹാൻ | ഏററവും നീണ്ടതായ |
| | | കാലഃ വൈ | ഒരു കാലഘട്ടം |
| സദാ ഏവം | എന്നും ഈവിധം | അതിചക്രമേ | കടന്നുപോയി. |

രുദ്രനില്ലാത്ത യജ്ഞം പതിവില്ലെങ്കിലും ദക്ഷൻ രുദ്രനെ ഒഴിച്ചുനിൎത്തിയാണ് ഒരു മഹായജ്ഞം ആരംഭിക്കുന്നതു്. അതിന്നു കാരണം രണ്ടാണ് — വിദ്വേഷവും അഹങ്കാരവും. വിദ്വേഷഹേതു പൂൎവ്വാദ്ധ്യായത്തിൽ പറഞ്ഞുകഴിഞ്ഞു. അഹങ്കാരത്തിന്നുള്ള ഹേതു അടുത്ത ശ്ലോകത്തിൽ ചൂണ്ടിക്കാട്ടുന്നു.

2 യദാഭിഷിക്തോ ദക്ഷസ്തു ബ്രഹ്മണാ പരമേഷ്ഠിനാ
പ്രജാപതീനാം സൎവ്വേഷാമാധിപത്യേ സ്മയോऽഭവത്.

| | | | |
|---|---|---|---|
| ദക്ഷഃ തു | ദക്ഷനാകട്ടെ | പ്രജാപതീനാം | പ്രജാപതിമാരുടെയും |
| പരമേഷ്ഠിനാ | സൎവ്വോന്നതസ്ഥാനത്തിൽ സ്ഥിതിചെയ്യുന്ന | ആധിപത്യേ | നേതൃസ്ഥാനത്തിൽ |
| | | അഭിഷിക്തഃ | വാഴിക്കപ്പെട്ടുവോ, |
| ബ്രഹ്മണാ | ബ്രഹ്മദേവനാൽ | (തദാ തസ്യ) | അപ്പോൾ അദ്ദേഹത്തിന്നു് |
| യദാ | എപ്പോൾ | സ്മയഃ | അഹങ്കാരവും |
| സൎവ്വേഷാം | സമസ്തരായ | അഭവത് | വന്നുകൂടി. |

3 ഇഷ്ട്വാ സ വാജപേയേന ബ്രഹ്മിഷ്ഠാനഭിഭൂയ ച
ബൃഹസ്പതിസവം നാമ സമാരേഭേ ക്രതൂത്തമം.

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | ഇഷ്ട്വാ ച | യജിച്ചതിന്നുശേഷം |
| ബ്രഹ്മിഷ്ഠാൻ | ശ്രീരുദ്രാദിബ്രഹ്മജ്ഞോത്തമന്മാരെ | ബൃഹസ്പതിസവം നാമ | ബൃഹസ്പതിസവം എന്നു പേരായ |
| അഭിഭൂയ | തിരസ്കരിച്ചു് | ക്രതൂത്തമം | മഹായാഗത്തെ |
| വാജപേയേന | വാജപേയത്താൽ | സമാരേഭേ | ആരംഭിച്ചു. |

4 തസ്മിൻ ബ്രഹ്മൎഷയഃ സൎവ്വേ ദേവൎഷിപിതൃദേവതാഃ
ആസൻ കൃതസ്വസ്ത്യയനാസ്തത്പത്ന്യശ്ച സഭൎത്തൃകാഃ

| | | | |
|---|---|---|---|
| തസ്മിൻ | ആ യാഗത്തിൽ | സഭൎത്തൃകാഃ | ഭൎത്താക്കന്മാരോടുകൂടെ |
| സൎവ്വേ | സമസ്തരായ | തത്പത്ന്യഃ ച | അവരുടെ പത്നിമാരും |
| ബ്രഹ്മൎഷയഃ | ബ്രഹ്മൎഷിമാരും, | കൃതസ്വസ്ത്യയനാഃ | ചെയ്യപ്പെട്ട മംഗളോപചാരത്തോടുകൂടിയവരായിട്ടു് |
| ദേവൎഷിപിതൃദേവതാഃ | ദേവൎഷിമാരും, പിതൃക്കളും ദേവന്മാരും, | ആസൻ | ഉണ്ടായിരുന്നു |

5 തദുപശ്രുത്യ നഭസി ഖേചരാണാം പ്രജല്പതാം
സതീ ദാക്ഷായണീ ദേവീ പിതുൎയ്യജ്ഞമഹോത്സവം
6 വ്രജന്തീ സൎവ്വതോദിഗ്ഭ്യ ഉപദേവവരസ്ത്രിയഃ
വിമാനയാനാഃ സപ്രേഷ്ഠാ നിഷ്കകണ്ഠീഃ സുവാസസഃ
7 ദൃഷ്ട്വാ സ്വനിലയാഭ്യാശേ ലോലാക്ഷീൎമ്മൃഷ്ടകുണ്ഡലാഃ
പതിം ഭൂതപതിം ദേവമൗത്സുക്യാദഭ്യഭാഷത.

| | | | |
|---|---|---|---|
| തത് | അത്തവ്വിൽ | പ്രജല്പതാം | അന്യോന്യം സംഭാഷണം ചെയ്തുകൊണ്ടിരിക്കെ, |
| ഖേചരാണാം | ദേവന്മാർ | | |
| നഭസി | ആകാശത്തിൽവെച്ചു് | | |

| | |
|---|---|
| ദാക്ഷായണീ | ദക്ഷപുത്രിയായ |
| സതീ ദേവീ | സതീദേവി |
| പിതുഃ | അച്ഛന്റെ |
| യജ്ഞമഹോത്സവം | യാഗസംബന്ധമായ മഹോത്സവത്തെപ്പററി |
| ഉപശ്രുത്യ | കേട്ടിട്ടും |
| സർവ്വതഃ ദിഗ്ഭ്യഃ | എല്ലാ ദിക്കുകളിൽ നിന്നും |
| വിമാനയാനാഃ | വിമാനങ്ങളിൽ യാത്ര തിരിച്ചവരായി- |
| സപ്രേഷ്ഠാഃ | പ്രിയതമന്മാരോടുകൂടിയവരായി- |
| നിഷ്കകണ്ഠീഃ | പൊൻപതക്കം കഴുത്തിൽകെട്ടി, |
| സുവാസസഃ | നല്ലവസ്ത്രങ്ങളും ധരിച്ച്, |
| മൃഷ്ടകുണ്ഡലാഃ | മിന്നുന്നതോടകളണിഞ്ഞു്, |
| ലോലാക്ഷീഃ | ചഞ്ചലാക്ഷിമാരായി |
| സ്വനിലയാഭ്യാശേ | തന്റെ വസതിക്കുസമീപത്തിലൂടെ |
| വ്രജന്തീഃ | യാത്രപോകുന്ന |
| ഉപദേവവരസ്ത്രീയഃ | ഉപദേവസുന്ദരീജനങ്ങളെ |
| ദൃഷ്ട്വാ | കണ്ടിട്ടു് |
| ഔത്സുക്യാത് | ഉൽകണ്ഠയാൽ, |
| പതിം | തന്റെ നാഥനും |
| ഭൂതപതിം | സർവ്വഭൂതനാഥനുമായ |
| ദേവം | പരമേശ്വരനോട് |
| അഭ്യഭാഷത | പറഞ്ഞു. |

സത്യുവാച = സതീദേവി പറഞ്ഞു.

8 പ്രജാപതേസ്തേ ശ്വശുരസ്യ സാംപ്രതം
നിര്യാപിതോ യജ്ഞമഹോത്സവഃ കില
വയം ച തത്രാഭിസരാമ വാമ തേ
യദ്യർത്ഥിതാऽമീ വിബുധാ വ്രജന്തി ഹി

| | |
|---|---|
| തേ | ഭവാന്റെ |
| ശ്വശുരസ്യ | ശ്വശുരനായ |
| പ്രജാപതേഃ | ദക്ഷപ്രജാപതിയുടെ |
| യജ്ഞമഹോത്സവഃ | യാഗമഹോത്സവം |
| സാംപ്രതം | ഇപ്പോൾ |
| നിര്യാപിതഃ കില | ആരബ്ധമായിരിക്കുന്നു പോലും. |
| വാമ | ഭഗവൻ! |
| തേ | അവിടേക്ക് |
| അർത്ഥിതാ | അഭിമതം |
| യദി | ആണെങ്കിൽ |
| വയം ച | നമ്മളും |
| തത്ര | അങ്ങോട്ട് |
| അഭിസരാമ | ചെന്നുചേരേണ്ടതാണ്. |
| അമീ വിബുധാഃ | ഈ ദേവന്മാരെല്ലാം |
| വ്രജന്തി ഹി | പോകുന്നുണ്ടല്ലോ. |

പോകുവാനുള്ള തന്റെ തീവ്രാഭിലാഷത്തെ സതീദേവി ആറു ശ്ലോകം കൊണ്ട് വ്യക്തമാക്കിപ്പറയുന്നു.

9 തസ്മിൻ ഭഗിന്യോ മമ ഭർത്തൃഭിഃ സ്വകൈഃ
ധ്രുവം ഗമിഷ്യന്തി സുഹൃദ്ദിദൃക്ഷവഃ
അഹം ച തസ്മിൻ ഭവതാऽഭികാമയേ
സഹോപനീതം പരിബർഹമർഹിതും.

| | |
|---|---|
| മമ ഭഗിന്യഃ | എന്റെ സോദരിമാർ |
| സ്വകൈഃ | തങ്ങളുടെ |
| ഭർത്തൃഭിഃ | ഭർത്താക്കന്മാരോടുകൂടി |
| സുഹൃദ്- ദിദൃക്ഷവഃ | വേണ്ടപ്പെട്ടവരെയെല്ലാം കാണുവാനുള്ള ഇച്ഛയാൽകൊണ്ട് |
| തസ്മിൻ | അവിടത്തിൽ |
| ധ്രുവം | തീർച്ചയായും |
| ഗമിഷ്യന്തി | എത്തിയിരിക്കും. |
| അഹം ച | ഞാനും |
| ഭവതാ സഹ | നിന്തിരുവടിയോടുകൂടെ |
| തസ്മിൻ | അവിടെച്ചെന്ന് |
| ഉപനീതം | (അച്ഛനമ്മമാരാൽ) നല്കപ്പെട്ട |
| പരിബർഹം | അലങ്കാരാദ്യുപചാരത്തെ |
| അർഹിതും | സ്വീകരിക്കുവാൻ |
| അഭികാമയേ | ആഗ്രഹിക്കുന്നു. |

10 തത്ര സ്വസൄർമ്മേ നനു ഭർത്തൃസമ്മിതാ
മാതൃഷ്വസൄഃ ക്ലിന്നധിയം ച മാതരം
ദ്രക്ഷ്യ ചിരോത്കണ്ഠമനാ മഹർഷിഭി-
രുന്നീയമാനം ച മൃഡാധ്വരധ്വജം.

| | |
|---|---|
| മൃഡ | ഹേ ആനന്ദമൂർത്തേ! |
| ചിരോത്- കണ്ഠമനാഃ, | ചിരകാലമായി ഉള്ളിൽ അഴലാർന്നിരിക്കുന്ന ഞാൻ |
| തത്ര | അവിടെ |
| ഭർത്തൃസമ്മിതാഃ | ഭർത്താക്കന്മാരോടൊത്ത |
| മേ സ്വസൄഃ | എന്റെ സോദരിമാരെയും |
| മാതൃഷ്വസൄഃ | മാതൃസഹോദരിമാരെയും |
| ക്ലിന്നധിയം | മക്കളെയോർത്തു മനഃക്ലേശം പൂണ്ടു കഴിയുന്ന |
| മാതരം ച | അമ്മയെയും |
| മഹർഷിഭിഃ | ഋഷിപുംഗവന്മാരാൽ |
| ഉന്നീയമാനം | ഉയർത്തപ്പെടുന്ന |
| അധ്വരധ്വജം ച | യജ്ഞമണ്ഡപത്തിലെ യൂപസ്തംഭത്തെയും |
| ദ്രക്ഷ്യ നനു | കാണുമല്ലോ. |

11 ത്വയ്യേതദാശ്ചര്യമജാത്മമായയാ
വിനിർമ്മിതം ഭാതി ഗുണത്രയാത്മകം
തഥാപ്യഹം യോഷിദതത്ത്വവിച്ച തേ
ദീനാ ദിദൃക്ഷേ ഭവ മേ ഭവക്ഷിതിം

| | |
|---|---|
| അജ | അജന്മാവായ ദേവ! |
| ആത്മമായയാ | തന്റെ യോഗമായാവൈഭവത്താൽ |
| വിനിർമ്മിതം | വിവിധാകാരേണ നിർമ്മിക്കപ്പെട്ട |
| ഗുണത്രയാത്മകം | ഗുണത്രയരൂപമായ |
| ഏതത് ആശ്ചര്യം | ഈ അദ്ഭുതപ്രപഞ്ചം |
| ത്വയി | നിന്തിരുമേനിയിൽ |
| ഭാതി | എന്നും വിളങ്ങുന്നു. |
| ഭവ | ഹേ വിശ്വാത്മൻ! |
| തഥാപി | എന്നിട്ടും കൂടി |
| തേ | ഭവാന്റെ |
| അതത്ത്വവിത് | യാഥാർത്ഥ്യം അറിയാത്തവളും |
| ദീനാ | പാവപ്പെട്ട |
| യോഷിത് ച | ഒരു സ്ത്രീയുമായ |
| അഹം മേ | ഞാൻ എന്റെ |
| ഭവക്ഷിതിം | ജന്മദേശത്തെ |
| ദിദൃക്ഷേ | കാണ്മാൻ കൊതിക്കുന്നു. |

12 പശ്യ പ്രയാന്തീരഭവാന്യയോഷിതോ-
പ്യലംകൃതാഃ കാന്തസഖാ വരൂഥശഃ
യാസാം വ്രജദ്ഭിഃ ശിതികണ്ഠ മണ്ഡിതം
നഭോ വിമാനൈഃ കളഹംസപാണ്ഡുഭിഃ

| | | | |
|---|---|---|---|
| അഭവ | ഹേ അജന്മാവേ! | പശ്യ | നോക്കൂ. |
| അന്യയോഷിതഃ | അന്യസ്ത്രീജനങ്ങൾ | ശിതികണ്ഠ | ഹേ നീലകണ്ഠ ! |
| അപി | കൂടിയും | യാസാം | യാതൊരുവരുടെ |
| അലംകൃതാഃ | അലംകരിച്ച് | കളഹംസ പാണ്ഡുഭിഃ | അരയന്നപ്പറവകൾപോലെ വെണ്മയാൻകൊണ്ട് |
| കാന്തസഖാഃ | ഭർത്താക്കന്മാരോടുകൂടെ | വ്രജദ്ഭിഃ | പറന്നുപോകുന്ന |
| വരൂഥശഃ | കൂട്ടംകൂട്ടമായി | വിമാനൈഃ | വ്യോമയാനങ്ങളാൽ |
| പ്രയാന്തീഃ | പോയിക്കൊണ്ടിരിക്കുന്നതു് | നഭഃ | അന്തരീക്ഷം |
| | | മണ്ഡിതം | അലംകൃതമായിരിക്കുന്നു. |

13 കഥം സുതായാഃ പിതൃഗേഹകൗതുകം
നിശമ്യ ദേഹഃ സുരവര്യ നേങ്ഗതേ
അനാഹൂതാ അപ്യഭിയന്തി സൗഹൃദം
ഭർത്തുർഗ്ഗുരോർദേഹകൃതശ്ച കേതനം

| | | | |
|---|---|---|---|
| സുരവര്യ | ദേവോത്തമ ! | കേതനം | ഗൃഹത്തിലേക്കും, |
| പിതൃഗേഹ-കൗതുകം | അച്ഛന്റെ ഗൃഹത്തിൽ നടക്കുന്ന ആഘോഷത്തെ | ഭർത്തുഃ | ഭർത്താവിന്റേയും |
| നിശമ്യ | കേട്ടിട്ട് | ഗുരോഃ | ഗുരുവിന്റേയും |
| സുതായാഃ | മകളുടെ | ദേഹകൃതഃ ച | പിതാവിന്റേയും |
| ദേഹഃ കഥം | ശരീരം എങ്ങനെ | (കേതനം) | ഗൃഹത്തിലേക്കും |
| ന ഇങ്ഗതേ | അനങ്ങാതിരിക്കും? | അനാഹൂതാഃ അപി | ക്ഷണിക്കപ്പെട്ടില്ലെങ്കിൽകൂടിയും |
| സൗഹൃദം | സുഹൃത്തുക്കളുടേതായ | അഭിയന്തി | പോകുമാറുണ്ട് |

14 തന്മേ പ്രസീദേദമമർത്ത്യ വാഞ്ഛിതം
കർത്തും ഭവാൻ കാരുണികോ ബതാർഹതി
ത്വയാത്മനോऽർദ്ധേऽഹമദഭ്രചക്ഷുഷാ
നിരൂപിതാ മാऽനുഗൃഹാണ യാചിതഃ

| | | | |
|---|---|---|---|
| തത് | ആകയാൽ | കാരുണികഃ | കരുണാമയനായ |
| അമർത്ത്യ | ഹേ ദേവ ! | ഭവാൻ | നിന്തിരുവടി |
| പ്രസീദ | പ്രസാദിച്ചാലും | മേ ഇദം | എന്റെ ഈ |

| | |
|---|---|
| വാഞ്ഛിതം | അഭിലാഷത്തെ |
| കർത്തും | നിറവേററിത്തരുവാൻ |
| അർഹതി | അർഹിക്കുന്നു. |
| ബത അഹം | ആഹാ! ഞാൻ |
| അദഭ്രചക്ഷുഷാ | വിശാലവീക്ഷണനായ |
| ത്വയാ | നിന്തിരുവടിയാൽ |
| ആത്മനഃ | സ്വശരീരത്തിന്റെ |
| അർദ്ധേ | പാതിയിൽ |
| നിരൂപിതാ | കല്പിതയാണു്. |
| യാചിതഃ | അഭ്യർത്ഥിതനായ നിന്തിരുവടി |
| മാ | എന്നെ |
| അനുഗൃഹാണ | അനുഗ്രഹിച്ചാലും. |

ഋഷിരുവാച = മൈത്രേയമുനി പറഞ്ഞു.

15 ഏവം ഗിരിത്രഃ പ്രിയയാഽഭിഭാഷിതഃ
പ്രത്യഭ്യധത്ത പ്രഹസൻ സുഹൃത്പ്രിയഃ
സംസ്മാരിതോ മർമ്മഭിദഃ കുവാഗിഷൂൻ
യാനാഹ കോ വിശ്വസൃജാം സമക്ഷതഃ.

| | |
|---|---|
| ഏവം | എന്നിപ്രകാരം |
| പ്രിയയാ | പ്രിയപത്നിയാൽ |
| അഭിഭാഷിതഃ | അഭിഭാഷിതനും |
| സുഹൃത്പ്രിയഃ | ഉററവരിൽ പ്രീതിയുള്ളവനുമായ |
| ഗിരിത്രഃ | ശ്രീപരമേശ്വരൻ, |
| വിശ്വസൃജാം | പ്രജാപതിമാരുടെ |
| സമക്ഷതഃ | മുമ്പിൽവെച്ച് |
| കഃ യാൻ | ദക്ഷൻ ഏതെല്ലാം |
| ആഹ | പറഞ്ഞുവോ, |
| മർമ്മഭിദഃ | ആ മർമ്മഭേദകങ്ങളായ |
| കുവാഗിഷൂൻ | ദുരുക്തിശരങ്ങളെ |
| സംസ്മാരിതഃ | നല്ലപോലെഓർമ്മിപ്പിച്ച് |
| പ്രഹസൻ | നന്നായൊന്നുചിരിച്ചുകൊണ്ടു് |
| പ്രത്യഭ്യധത്ത | മറുവടിപറഞ്ഞു. |

ശ്രീഭഗവാനുവാച = ശ്രീപരമേശ്വരൻ അരുളിചെയ്തു.

16 ത്വയോദിതം ശോഭനമേവ ശോഭനേ
അനാഹൂതാ അപ്യഭിയാന്തി ബന്ധുഷു
തേ യദ്യനുത്പാദിതദോഷദൃഷ്ടയോ
ബലീയസാഽനാത്മ്യമദേന മന്യുനാ.

| | |
|---|---|
| ശോഭനേ | അല്ലയോ മംഗളാംഗി! |
| ത്വയാ | ഭവതിയാൽ |
| ഉദിതം | ചൊല്ലപ്പെട്ടതു് |
| ശോഭനം ഏവ | നല്ലകാര്യംതന്നെ. |
| ബന്ധുഷു | ഉററവരുടെ അടുക്കൽ |
| അനാഹൂതാഃ അപി | ക്ഷണിക്കപ്പെട്ടില്ലെങ്കിൽ കൂടിയും |
| അഭിയാന്തി | പോകുമാറുണ്ടു്— |
| തേ | അവർ |
| ബലീയസാ | അതികലശലായ |
| അനാത്മ്യമദേന | ആത്മസംസ്കാരരാഹിത്യംമൂലമായുള്ള തിമിർപ്പിനാലോ |
| മന്യുനാ | വിദ്വേഷത്താലോ |
| അനുത്പാദിതദോഷദൃഷ്ടയഃ | സംഭവിക്കപ്പെട്ട ദോഷദർശനമില്ലാത്തവരായി |
| യദി | ഇരിക്കയാണെങ്കിൽ |

17 വിദ്യാതപോവിത്തവപുർവയഃകുലൈഃ
സതാം ഗുണൈഃ ഷഡ്ഭിരസത്തമേതരൈഃ
സ്മൃതൗ ഹതായാം ഭൃതമാനദുർദൃശഃ
സ്തബ്ധാ ന പശ്യന്തി ഹി ധാമ ഭൂയസാം

| | | | |
|---|---|---|---|
| സതാം | സത്തുക്കളെ സംബന്ധിച്ചിടത്തോളം | സ്മൃതൗ | തന്റേടം |
| ഗുണൈഃ | ഗുണങ്ങളായവയും | ഹതായാം | നഷ്ടപ്പെട്ടപ്പോൾ |
| അസത്തമേതരൈഃ | അസത്തമന്മാരെ സംബന്ധിച്ചിടത്തോളം അങ്ങനെ അല്ലാത്തവയുമായ | ഭൃതമാനദുർദൃശഃ | സംഭൃതമായ അഭിമാനത്താൽ ദർശനദോഷം ബാധിച്ച |
| വിദ്യാതപോവിത്തവപുർവയഃകുലൈഃ | വിദ്യ, തപഃശക്തി, ധനം, ശരീരയോഗ്യത, യൗവനം, കുലമഹിമ എന്നീ | സ്തബ്ധാഃ | അഹംകാരികൾ |
| ഷഡ്ഭിഃ | ആറിനങ്ങളാൽ | ഭൂയസാം | തങ്ങളെക്കാളും വലിപ്പമുള്ളവരുടെ |
| | | ധാമ | മഹിമയെ |
| | | ന പശ്യന്തിഹി | കാണുകയില്ലല്ലോ. |

18 നൈതാദൃശാനാം സ്വജനവ്യപേക്ഷയാ
ഗൃഹാൻ പ്രതീയാദനവസ്ഥിതാത്മനാം
യേഽഭ്യാഗതാൻ വക്രധിയാ/ഭിചക്ഷതേ
ആരോപിതഭ്രൂഭി/രമർഷണാക്ഷിഭിഃ

| | | | |
|---|---|---|---|
| യേ | യാതൊരുവർ | ഏതാദൃശാനാം | ഇത്തരക്കാരായ |
| അഭ്യാഗതാൻ | വന്നവരുടെ നേർക്ക് | അനവസ്ഥിതാത്മനാം | അവ്യവസ്ഥിതബുദ്ധികളുടെ |
| വക്രധിയാ | കുടിലബുദ്ധിയോടെ | ഗൃഹാൻ | ഗൃഹങ്ങളിലേക്ക് |
| ആരോപിതഭ്രൂഭിഃ | മേലോട്ടു ചുളിച്ചുകയററിയ പുരികത്തോടുകൂടി | സ്വജനവ്യപേക്ഷയാ | സ്വന്തം ആളുകളാണെന്ന വിചാരത്തോടെ |
| അമർഷണാക്ഷിഭിഃ | അമർഷം പ്രകാശിപ്പിക്കുന്ന കണ്ണുകൾകൊണ്ട് | ന പ്രതീയാത് | തിരിഞ്ഞുനോക്കുകയേ അരുത്. |
| അഭിചക്ഷതേ | തുറിച്ചുനോക്കുന്നുവോ, | | |

സ്വന്തം ആളുകളുടെ അടുക്കലേക്ക് അവരുടെ ചേട്ടത്തങ്ങളെ പൊറുത്തും പോകേണ്ടതല്ലേ? ഈ ആശങ്കയെ പരിഹരിക്കാൻ പറയുന്നു.

19 തഥാഽരിഭിർന വ്യഥതേ ശിലീമുഖൈഃ
ശേതേഽർദ്ദിതാംഗോ ഹൃദയേന ദൂയതാ
സ്വാനാം യഥാ വക്രധിയാം ദുരുക്തിഭിർ-
ദിവാനിശം തപ്യതി മർമ്മതാഡിതഃ

| | | | |
|---|---|---|---|
| വക്രധിയാം | കുടിലമതികളായ | തഥാ | അപ്രകാരം |
| സ്വാനാം | സ്വജനങ്ങളുടെ | അരിഭിഃ | ശത്രുക്കളാൽ |
| ദുരുക്തിഭിഃ | ദുർഭാഷണങ്ങളാൽ | ശിലീമുഖൈഃ | അമ്പുകൾകൊണ്ട് |
| മർമ്മതാഡിതഃ | മർമ്മങ്ങളിൽപ്രഹരിക്കപ്പെട്ടവനായിട്ട് | അർദ്ദിതാംഗഃ | മുറിവേല്പിക്കപ്പെട്ട ശരീരത്തോടുകൂടിയവനായിരുന്നാൽപ്പോലും |
| ദൂയതാ | നൊന്തുനീറുന്ന | | |
| ഹൃദയേന | ഹൃദയത്തോടെ | | |
| യഥാ | എപ്രകാരം | ന വ്യഥതേ | വേദനകൊള്ളുകയില്ല. |
| ദിവാനിശം | രാവും പകലും | (യതഃ) | എന്തെന്നാൽ, (അവൻ) |
| തപ്യതി | തപിച്ചുകൊണ്ടിരിക്കുന്നുവോ, | ശേതേ | ഉറങ്ങുമാറുണ്ട്. |

'ഞാൻ അച്ഛന്റെ പ്രിയപുത്രിയാണ്. അതുകൊണ്ട് അവിടെ ചെന്നാൽ അനാദരം സംഭവിക്കുമെന്ന ആശങ്ക തന്നെ അസ്ഥാനത്താണ്'' എന്നു ദേവിക്കു തോന്നുന്നുവെങ്കിൽ അതും ശരിയല്ലെന്നു പറയുന്നു.

20 വ്യക്തം ത്വമുത്കൃഷ്ടഗതേഃ പ്രജാപതേഃ
പ്രിയാത്മജാനാമസി സുഭ്രു സമ്മതാ
അഥാപി മാനം ന പിതുഃ പ്രപത്സ്യസേ
മദാശ്രയാത് കഃ പരിതപ്യതേ യതഃ

| | | | |
|---|---|---|---|
| സുഭ്രു വ്യക്തം | സുന്ദരി! തീർച്ചയായും, | പിതുഃ | അച്ഛന്റെപക്കൽ നിന്ന് |
| ത്വം | ഭവതി | | |
| ഉത്കൃഷ്ടഗതേഃ | ഉയർന്നനിലയിലുള്ള | മാനം ന പ്രപത്സ്യസേ | ആദരസൽക്കാരം ലഭിക്കുവാൻ പോകുന്നില്ല. |
| പ്രജാപതേഃ | ദക്ഷപ്രജാപതിക്ക് | | |
| ആത്മജാനാം | സ്വന്തംമക്കളുടെ ഇടയിൽ | യതഃ | എന്തുകൊണ്ടെന്നാൽ |
| പ്രിയാ | ഓമനയായിട്ട് | മദാശ്രയാത് | എന്നോടുള്ളബന്ധം മൂലം |
| സമ്മതാ അസി | പരിഗണിക്കപ്പെട്ടവളാണ്. | കഃ | ദക്ഷൻ |
| അഥാപി | എന്നിരുന്നാലും | പരിതപ്യതേ | വിമ്മിഷ്ടപ്പെടുന്നു. |

"നിന്തിരുവടി എന്റെ അച്ഛനെ അനാദരിച്ചതെന്തിന്? അതല്ലേ ഇങ്ങോട്ടുള്ള ദ്വേഷത്തിനു ഹേതുവായത്?" എന്ന ചോദ്യത്തെ ആശങ്കിച്ചുകൊണ്ട് പറയുന്നു.

21 പാപച്യമാനേന ഹൃദാതുരേന്ദ്രിയഃ
സമൃദ്ധിഭിഃ പൂരുഷബുദ്ധിസാക്ഷിണാം
അകല്പ ഏഷാമധിരോഢുമഞ്ജസാ
പദം പരം ദ്വേഷ്ടി യഥാഽസുരാ ഹരിം

| | | | |
|---|---|---|---|
| പൂരുഷബുദ്ധി-സാക്ഷിണാം | ജീവബുദ്ധിയായ ചിത്തത്തിന്റെ കേവലം ദ്രഷ്ടാക്കളായി (നിരഹംകാരികളായി) വർത്തിക്കുന്നവരുടെ | ഏഷാം | ഇവരുടെ |
| | | പദം | നിലയിലേക്ക് |
| | | അധിരോഢും | കയറിപ്പററുവാൻ |
| | | അകല്പഃ | അശക്തനുമായിട്ട്, |
| സമൃദ്ധിഭിഃ | മേന്മകളാൽ | അസുരാഃ | അസുരന്മാർ |
| പാപച്യമാനേന | ഒട്ടധികം എരിയിക്കപ്പെടുന്ന | ഹരിം | വിഷ്ണുവിനെ |
| ഹൃദാ | ഹൃദയംനിമിത്തം | യഥാ | എന്നപോലെ, |
| ആതുരേന്ദ്രിയഃ | വ്യാകുലാന്തഃകരണനായിഭവിച്ച്, | പരം | അന്യനെ |
| | | ദ്വേഷ്ടി | ദ്വേഷിക്കുന്നു. |

ദക്ഷന്റെ പരോത്കർഷാസഹിഷ്ണുതയാണ് വിദ്വേഷത്തിന്നു കാരണം. താൻ ഒരപരാധവും അങ്ങോട്ടു ചെയ്തിട്ടില്ലെന്നു് താല്പര്യം.

ദക്ഷനെ കണ്ടപ്പോൾ എഴുന്നേററ് ആദരിക്കാതിരുന്നതു് അപരാധമല്ലേ എന്നാ ശങ്കിക്കുകയാണെങ്കിൽ, പറയുന്നു—

22 പ്രത്യുദ്ഗമപ്രശ്രയണാഭിവാദനം
വിധീയതേ സാധു മിഥഃ സുമധ്യമേ
പ്രാജ്ഞൈഃ പരസ്മൈ പുരുഷായ ചേതസാ
ഗുഹാശയായൈവ ന ദേഹമാനിനേ

| | | | |
|---|---|---|---|
| സുമധ്യമേ | അല്ലയോ മോഹനാംഗി! | പ്രാജ്ഞൈഃ | വിവേകികളാൽ |
| മിഥഃ | അന്യോന്യം ചെയ്യപ്പെടാറുള്ള | ചേതസാ ഏവ | മനസ്സുകൊണ്ടുമാത്രം |
| പ്രത്യുദ്ഗമ-പ്രശ്രയണാ-ഭിവാദനം | എതിരേല്പും, വണക്കവും, അഭിവാദ്യവുമെല്ലാം | സാധു | ശരിയായവിധം |
| | | വിധീയതേ | ചെയ്യപ്പെടാറുണ്ട്. |
| ഗുഹാശയായ | സർവ്വാന്തര്യാമിയും | ദേഹമാനിനേ | ദേഹാഭിമാനിയായ പ്രാകൃതമനുഷ്യന്നു് |
| പരസ്മൈ പുരുഷായ | പരമപുരുഷനുമായ ശ്രീവാസുദേവനായിക്കൊണ്ടു് | ന | പതിവില്ല. |

ദക്ഷന്റെ ദേഹത്തെ ആദരിക്കാനെന്തിരിക്കുന്നു? സർവ്വാന്തര്യാമിയായ ശ്രീവാസുദേവനെ ദക്ഷനിലും കണ്ടു് ആദരിക്കണം. ആയതു് ശരീരവ്യാപാരംകൊണ്ടല്ല, മനസ്സുകൊണ്ടാണ് വിവേകികൾ ചെയ്യാറുള്ളതു്. ഏതൽകൃത്യം താനും നിർവ്വഹിച്ചിരിക്കുന്നു—എന്നു് ഭാവാർത്ഥം.

എന്നും ഈ വാസുദേവാഭിവന്ദനത്തെ താൻ മാനസികമായി ചെയ്യുന്നുണ്ടെന്നു് ഇനി പ്രത്യേകം എടുത്തുപറയുന്നു.

23 സത്ത്വം വിശുദ്ധം വസുദേവസംജ്ഞിതം
യദീയതേ തത്ര പുമാനപാവൃതഃ
സത്ത്വേ ച തസ്മിൻ ഭഗവാൻ വാസുദേവോ
ഹ്യധോക്ഷജോ മേ നമസാ വിധീയതേ.

| | | | |
|---|---|---|---|
| വിശുദ്ധം | പരിശുദ്ധമായുള്ള | അപാവൃതഃ | മറക്കൂടാതെ |
| സത്ത്വം | സാത്ത്വികാന്തഃകരണമാണു് | ഈയതേ | പ്രകാശിക്കുന്നു. |
| വസുദേവശബ്ദിതം | 'വസുദേവ'ശബ്ദംകൊണ്ടുപറയപ്പെടുന്നതു്. | തസ്മിൻ ഹി സത്ത്വേ ച | അതേ വിശുദ്ധസാത്ത്വികാന്തഃകരണത്തിൽ |
| യത് | എന്തെന്നാൽ | അധോക്ഷജഃ | ബാഹ്യേന്ദ്രിയങ്ങൾക്കു് അതീതനായി |
| തത്ര | അവിടെ (ആ വിശുദ്ധസത്ത്വാന്തഃകരണത്തിൽ) | വാസുദേവഃ | വാസുദേവാഖ്യനായുള്ള |
| | | ഭഗവാൻ | സർവ്വേശ്വരൻ |
| | | മേ | എന്നാൽ |
| പുമാൻ | 'വാസുദേവാ'ഖ്യനായ പരമപുരുഷൻ | നമസാ | നമസ്കാരാദിയാൽ |
| | | വിധീയതേ | സേവിക്കപ്പെടുന്നുണ്ടു്. |

"വസുദേവേ (ശുദ്ധസത്ത്വേ) പ്രതീയതേ ഇതി വാസുദേവഃ" എന്നാണു് വാസുദേവശബ്ദത്തിൻെറ വ്യുത്പത്തി. വിശുദ്ധസാത്ത്വികാന്തഃകരണത്തിൽ പ്രകാശിക്കുന്ന ചിദാനന്ദമൂർത്തി എന്നർത്ഥം. "വസത്യസ്മിൻ ഇതി വസുഃ- ദീവ്യതി(ദ്യോതതേ)ഇതി ദേവഃ- വസുശ്ചാസൗ ദേവഃ വസുദേവഃ" എന്നു വസുദേവശബ്ദത്തിൻെറ വ്യുത്പത്തി. സർവ്വേശ്വരാധിഷ്ഠാനയോഗ്യമായി വിശുദ്ധസത്ത്വഗുണമയമായ അന്തഃകരണം എന്നർത്ഥം. ശുദ്ധാന്തരംഗത്തിൽ പ്രകാശിക്കുന്ന ആനന്ദമൂർത്തിയായ ശ്രീവാസുദേവനെ ഞാൻ അന്തർമുഖമായി വണങ്ങി ആദരിക്കുന്നുണ്ടെന്നുസാരം. ആ എനിക്കു് ദേഹാഭിമാനിയായ ദക്ഷൻ വന്ദ്യനാകുന്നതെങ്ങനെ?

ഈ നിലക്കു് ഭവതിയും ദക്ഷനെ കാണാൻ പോകേണ്ടതില്ലെന്നു് ഭഗവാൻ സതീദേവിയെ വ്യക്തമായി ധരിപ്പിക്കുന്നു.

24 തത്തേ നിരീക്ഷ്യോ ന പിതാഽപി ദേഹകൃ-
ദ്ദക്ഷോ മമ ദ്വിട് തദനുവ്രതാശ്ച യേ
യോ വിശ്വസൃഗ്യജ്ഞഗതം വരോരു മാ-
മനാഗസം ദുർവചസാഽകരോത്തിരഃ

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | തിരഃ അകരോത് | തിരസ്കരിച്ചുവോ, |
| വിശ്വസൃഗ്-യജ്ഞഗതം | പ്രജാപതിമാരുടെ യജ്ഞത്തിന്നു ചെന്ന | (സഃ) ദക്ഷഃ | ആ ദക്ഷൻ |
| | | മമ ദ്വിട് | എൻെറ ശത്രുവാണു്. |
| അനാഗസം | നിരപരാധിയായ | തദനുവ്രതാഃ | അദ്ദേഹത്തെ അനുസരിക്കുന്ന |
| മാം | എന്നെ | | |
| ദുർവചസാ | ദുഷിച്ച വാക്കാൽ | യേ | യാവചിലരുണ്ടോ, |

| | | | |
|---|---|---|---|
| (തേ) ച | അവരും അങ്ങനെ തന്നെ | ദേഹകൃത് | തനിക്ക് ശരീരത്തെ ഉണ്ടാക്കിത്തന്ന |
| വരോരു | അല്ലയോ സുന്ദരി! | പിതാ അപി തേ | അച്ഛനാണെങ്കിലുംകൂടി ഭവതിയാൽ |
| തത് | തന്നിമിത്തം, | ന നിരീക്ഷ്യഃ | ദൎശിക്കപ്പെടേണ്ടവനല്ല. |

തന്റെ വാക്ക് നിരസിക്കുകയാണെങ്കിൽ ഉണ്ടാവുന്ന ദോഷത്തെ പറയുന്നു—

25 യദി വ്രജിഷ്യസ്യതിഹായ മദ്വചോ
ഭദ്രം ഭവത്യാ ന തതോ ഭവിഷ്യതി
സംഭാവിതസ്യ സ്വജനാത് പരാഭവോ
യദാ സ സദ്യോ മരണായ കല്പതേ.

| | | | |
|---|---|---|---|
| മദ്വചഃ | എന്റെ വാക്കിനെ | സ്വജനാത് | സ്വന്തംആളുകളിൽ നിന്ന് |
| അഹതായ | തള്ളിക്കളഞ്ഞ് | യദാ | എപ്പോൾ |
| വ്രജിഷ്യസി യദി | പോകുവാൻ തുനിയുകയാണെങ്കിൽ | പരാഭവഃ | മാനക്കേടുവന്നണയുന്നുവോ, |
| തതഃ | അതുകൊണ്ട് | (തദാ)സദ്യഃ | അപ്പോൾ, ഉടനെ |
| ഭവത്യാഃ | ഭവതിക്ക് | സഃ (തസ്യ) | അത് അയാളുടെ |
| ഭദ്രം | നല്ലത് | മരണായ | മൃത്യുവിന്നുപോലും |
| ന ഭവിഷ്യതി | സംഭവിക്കയില്ല. | കല്പതേ | ഉതകിയേക്കാം. |
| സംഭാവിതസ്യ | മാന്യനിലയിലിരിക്കുന്ന വ്യക്തിക്ക് | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുൎത്ഥസ്കന്ധേ

ഉമാരുദ്രസംവാദേ തൃതീയോऽധ്യായഃ ആദിതഃ ശ്ലോകാഃ 126.

നാലാമത്തെ സ്കന്ധത്തിൽ മൂന്നാമദ്ധ്യായം കഴിഞ്ഞു.

# ചതുർത്ഥോഽധ്യായഃ — അദ്ധ്യായം നാല്.

## സതീദേവിയുടെ ദേഹത്യാഗം.

"ചതുർത്ഥേ തു പതിം ഹിത്വാ ഗതാ പിത്രാവമാനിതാ
രുഷാ നിർഭർത്സ്യ തം യജ്ഞേ ജഹൗ ദേഹമിതീര്യതേ."

ഭർത്താവിനെ അനുസരിക്കാതെ യജ്ഞത്തിന്നുപോയ സതി പിതാവിനാൽ അവമാനിതയായി ദേഹത്യാഗം ചെയ്ത സംഭവം ഈ അധ്യായത്തിൽ പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

1 ഏതാവദുക്ത്വാ വിരരാമ ശങ്കരഃ
പത്ന്യംഗനാശം ഹ്യുഭയത്ര ചിന്തയൻ
സുഹൃദ്ദിദൃക്ഷുഃ പരിശങ്കിതാ ഭവാ-
ന്നിഷ്ക്രാമതീ നിവ്വിശതീ ദ്വിധാഽസ സാ-

| | | | |
|---|---|---|---|
| ശങ്കരഃ | ശ്രീശങ്കരൻ | വിരരാമ | വിരമിച്ചു. |
| ഏതാവത് | ഇത്രമാത്രം | സാ | ആ ദേവിയാകട്ടെ |
| ഉക്ത്വാ | അരുളിച്ചെയ്തു്, | സുഹൃദ്ദിദൃക്ഷുഃ | ബന്ധുജനങ്ങളെ കാണ്മാനുള്ള ഇച്ഛപൂണ്ടു് |
| ഉഭയത്ര ഹി | രണ്ടുതരത്തിലായാലും (പോകാൻ അനുവദിച്ചാലും ഇല്ലെങ്കിലും) സംഭവിക്കാനിടയുള്ള | നിഷ്ക്രാമതീ | പുറത്തേക്കുകടന്നും |
| | | ഭവാത് | ഭഗവാനിൽനിന്നു് |
| | | പരിശങ്കിതാ | ആശങ്കപൂണ്ടു് |
| പത്ന്യംഗനാശം | പത്നിയുടെ ദേഹനാശത്തെപ്പററി | നിർവിശതീ | അകത്തേക്കുകടന്നും |
| | | ദ്വിധാ | രണ്ടുവിധത്തിലായിട്ടു് |
| ചിന്തയൻ | ചിന്തിച്ചുകൊണ്ടു് | ആസ | വേിച്ചു. |

അതിതീവ്രമായ ബന്ധുജനദിദൃക്ഷയാൽ പോകാൻ തുനിഞ്ഞു പുറത്തേക്കുകടന്നും, എന്നാൽ ഭർത്തൃവിരോധത്തെ ശങ്കിച്ചു് അകത്തേക്കുതന്നെ വന്നും — ഇങ്ങനെ പോകാതെയും ഇരിപ്പുകൊള്ളാതെയും സതീദേവി ഒട്ടുനേരം ഊഞ്ഞാലുപോലെ ചലിച്ചുവശായി എന്നു താൽപര്യം.

2 സുഹൃദ്ദിദൃക്ഷാപ്രതിഘാതദുർമനാഃ
സ്നേഹാദ്രുദത്യശ്രുകലാതിവിഹ്വലാ
ഭവം ഭവാന്യപ്രതിപൂരുഷം രുഷാ
പ്രധക്ഷ്യതീവൈക്ഷത ജാതവേപഥുഃ

| | |
|---|---|
| ഭവാനീ | സതീദേവി |
| സുഹൃദ്ദിദൃക്ഷാ- പ്രതിഘാത- ദുർമ്മനാഃ | ബന്ധുക്കളെ കാണ്മാനുള്ള ആഗ്രഹത്തിന്നു് തടവേല്ക്കയാൽ ദുഃഖിതയായും, |
| സ്നേഹാത് | ബന്ധുസ്നേഹംനിമിത്തം |
| രുദതീ | കരഞ്ഞും, |
| അശ്രുകലാ | കണ്ണുനീർതൂകിയും, |
| അതിവിഹ്വലാ | അധികംപാരവശ്യമാർന്നും, |
| ജാതവേപഥുഃ | ദേഹംവിറച്ചുകൊണ്ടും |
| അപ്രതിപൂരുഷം | നിരുപമനായ |
| ഭവം | ഭഗവാനെ |
| രുഷാ | കോപത്താൽ |
| പ്രധക്ഷ്യതീ ഇവ | ദഹിപ്പിക്കുമോ എന്നു തോന്നിക്കുമാറു് |
| ഐക്ഷത | നോക്കി. |

3 തതോ വിനിശ്വസ്യ സതീ വിഹായ തം
ശോകേന രോഷേണ ച ദൂയതാ ഹൃദാ
പിത്രോരഗാത് സ്ത്രൈണവിമൂഢധീർഗ്ഗൃഹാൻ
പ്രേമ്ണാത്മനോ യോഽർദ്ധമദാത് സതാം പ്രിയഃ

| | |
|---|---|
| തതഃ സതീ | അനന്തരം ദേവി |
| വിനിശ്വസ്യ | നെടുവീർപ്പിട്ടു്, |
| സതാം | സജ്ജനങ്ങൾക്കു് |
| പ്രിയഃ | പ്രിയംകരനായ |
| യഃ | യാതൊരാൾ |
| പ്രേമ്ണാ | പ്രേമംനിമിത്തം |
| ആത്മനഃ | സ്വശരീരത്തിന്റെ |
| അർദ്ധം | നേർപാതിയെപ്പോലും |
| അദാത് | ദാനംതന്നുവോ |
| തം ഭവം | ആ മഹേശ്വരനെ |
| ശോകേന | ദുഃഖത്താലും |
| രോഷേണ ച | കോപത്താലും |
| ദൂയതാ | നൊമ്പരംകൊള്ളുന്ന |
| ഹൃദാ | ഹൃദയത്തോടെ |
| വിഹായ | ഉപേക്ഷിച്ചു്, |
| സ്ത്രൈണ- വിമൂഢധീഃ | സ്ത്രീസ്വഭാവംകൊണ്ടു കൃത്യാകൃത്യബോധം ഇല്ലാത്തവളായിട്ടു് |
| പിത്രോഃ | മാതാപിതാക്കളുടെ |
| ഗൃഹാൻ | ഗൃഹത്തിലേക്കു് |
| അഗാത് | പോയി. |

4 താമന്വഗച്ഛൻ ദ്രുതവിക്രമാം സതീ-
മേകാം ത്രിനേത്രാനുചരാഃ സഹസ്രശഃ
സപാർഷദയക്ഷാ മണിമന്മദാദയഃ
പുരോവൃഷേന്ദ്രാസ്തരസാ ഗതവ്യഥാഃ

| | |
|---|---|
| ഏകാം | ഏകാകിനിയായി |
| ദ്രുതവിക്രമാം | വേഗത്തിൽ കാലെടുത്തുവെച്ചുനടക്കുന്ന |
| താം സതീം | ആ സതീദേവിയെ |
| മണിമ- ന്മദാദയഃ | മണിമാൻ, മദൻ മുതലായ |
| സപാർഷദ- യക്ഷാഃ | പാർഷദന്മാരോടും യക്ഷന്മാരോടും കൂടിയുള്ള |
| സഹസ്രശഃ | ആയിരക്കണക്കിൽ |
| ത്രിനേത്രാനു- ചരാഃ | രുദ്രാനുചരന്മാർ |
| പുരോവൃഷേന്ദ്രാഃ | വൃഷഭശ്രേഷ്ഠനെ മുൻനടത്തിക്കൊണ്ടു് |
| ഗതവ്യഥാഃ | നിർഭീകരായി |
| തരസാ | ശീഘ്രതയോടെ |
| അന്വഗച്ഛൻ | അനുഗമിച്ചു. |

5 താം സാരികാകന്ദുകദർപ്പണാംബുജ-
ശ്വേതാതപത്രവ്യജനസ്രഗാദിഭിഃ
ഗീതായനൈർദുന്ദുഭിശംഖവേണുഭി-
ർവൃഷേന്ദ്രമാരോപ്യ വിടങ്കിതാ യയുഃ

| | |
|---|---|
| സാരികാകന്ദുകദർപ്പണാംബുജശ്വേതാതപത്രവ്യജനസ്രഗാദിഭിഃ | കിളിയും പന്തും കണ്ണാടിയും താമരപ്പൂവും മററുമായ കളിസ്സാധനങ്ങളോടും, കുടയും ചാമരവും തഴയും മററുമായ രാജചിഹ്നങ്ങളോടും |
| ഗീതായനൈഃ | സംഗീതോപകരണങ്ങളായ |
| ദുന്ദുഭിശംഖവേണുഭിഃ | ദുന്ദുഭി-ശംഖ്-പുല്ലാംകുഴൽ എന്നിവയോടും കൂടി |
| താം | ആ ദേവിയെ |
| വൃഷേന്ദ്രം | കാളപ്പുറത്തു് |
| ആരോപ്യ | കയററിയിരുത്തി |
| വിടങ്കിതാഃ | പ്രശോഭിതരായിട്ടു് |
| (തേ) യയുഃ | അവർ യാത്രയായി. |

6 ആബ്രഹ്മഘോഷോർജ്ജിതയജ്ഞവൈശസം
വിപ്രർഷിജ്ജുഷ്ടം വിബുധൈശ്ച സർവ്വശഃ
മൃദ്ദാർവ്വയഃകാഞ്ചനദർഭചർമ്മഭിർ-
നിസൃഷ്ടഭാണ്ഡം യജനം സമാവിശത്.

| | |
|---|---|
| ആബ്രഹ്മഘോഷോർജ്ജിതയജ്ഞവൈശസം | എമ്പാടും വേദഘോഷത്താൽ പരിലസിതമായ പശുഹിംസനത്തോടു കൂടിയതും |
| സർവ്വശഃ | എല്ലായിടത്തും |
| വിപ്രർഷിജ്ജുഷ്ടം വിബുധൈഃ ച | ബ്രാഹ്മണർ, ഋഷിമാർ, ദേവന്മാർ എന്നിവരെക്കൊണ്ടു നിറഞ്ഞതും |
| മൃദ്ദാർവ്വയഃകാഞ്ചനദർഭചർമ്മഭിഃ | മണ്ണു്, മരം, ഇരിമ്പു്, സ്വർണ്ണം, ദർഭ, തോലു് എന്നിവയാൽ |
| നിസൃഷ്ടഭാണ്ഡം | നിർമ്മിതമായ പാത്രവിശേഷങ്ങളോടുകൂടിയതും ആയിരിക്കുന്ന |
| യജ്ഞം | യാഗശാലയിലേക്കു് |
| സമാവിശത് | കടന്നുചെന്നു. |

7 താമാഗതാം തത്ര ന കശ്ചനാദ്രിയ-
ദ്വിമാനിതാം യജ്ഞകൃതോ ഭയാജ്ജനഃ
ഋതേ സ്വസൄർവൈ ജനനീം ച സാദരാഃ
പ്രേമാശ്രുകണ്ഠ്യഃ പരിഷസ്വജുർമുദാ.

| | |
|---|---|
| തത്ര | അവിടെ |
| ആഗതാം | വന്നുചേർന്നവളും |
| വിമാനിതാം | (ദക്ഷനാൽ) അനാദരിക്കപ്പെട്ടവളുമായ |
| താം | ആ ദേവിയെ, |
| സ്വസൄഃ | സഹോദരിമാരും |
| ജനനീം ച | അമ്മയും |
| ഋതേ വൈ | മാത്രമല്ലാതെ |
| കശ്ചന ജനഃ | വേറിട്ടൊരാളും |
| യജ്ഞകൃതഃ | യജമാനനായ ദക്ഷനിൽനിന്നുള്ള |
| ഭയാത് | ഭീതിയാൽ |
| ന ആദ്രിയത് | ആദരിച്ചില്ല. |

| | | | |
|---|---|---|---|
| പ്രേമാശ്രുകണ്ഠ്യഃ | പ്രേമാശ്രുക്കളാൽ നിരുദ്ധമായ കണ്ഠത്തോടുകൂടിയവരായി ഭവിച്ച അമ്മയും സഹോദരിമാരും | സാദരാഃ | ആദരാന്വിതകളായിട്ട് |
| | | മുദാ | സന്തോഷത്തോടെ |
| | | പരിഷസ്വജുഃ | കെട്ടിപ്പുണർന്നു. |

8 സൌദര്യസംപ്രശ്നസമർത്ഥവാർത്തയാ
മാത്രാ ച മാതൃഷ്വസൃഭിശ്ച സാദരം
ദത്താം സപര്യാം വരമാസനം ച സാ
നാദത്ത പിത്രാഽപ്രതിനന്ദിതാ സതീ.

| | | | |
|---|---|---|---|
| സൌദര്യ- സംപ്രശ്ന- സമർത്ഥ- വാർത്തയാ | സാഹോദര്യത്തോടുചേർന്ന കുശലാന്വേഷണത്തിന്ന് ഉതകുമാറുള്ള സ്വസഹോദരിമാരുടെ സംഭാഷണത്തോടുകൂടെ | സപര്യാം | സൽക്കാരത്തെയും |
| | | വരം | യോഗ്യതയുള്ള |
| | | ആസനം ച | ഇരിപ്പിടത്തെയും |
| | | സാ സതീ | ആ സതീദേവി |
| | | പിത്രാ | അച്ഛനാൽ |
| മാത്രാ ച | അമ്മയാലും | അപ്രതിനന്ദിതാ | താൻ അഭിനന്ദിക്കപ്പെട്ടവളായില്ല |
| മാതൃഷ്വസൃഭിഃ ച | ഇളയമ്മമാരാലും | | |
| സാദരം | ആദരപൂർവ്വം | (ഇതി) | എന്നകാരണത്താൽ |
| ദത്താം | നൽകപ്പെട്ട | ന ആദത്ത | കൈക്കൊണ്ടില്ല |

9 അരുദ്രഭാഗം തമവേക്ഷ്യ ചാധ്വരം
പിത്രാ ച ദേവേ കൃതഹേളനം വിഭൌ
അനാദൃതാ യജ്ഞസദസ്യധീശ്വരീ
ചുകോപ ലോകാനിവ ധക്ഷ്യതീ രുഷാ

| | | | |
|---|---|---|---|
| അരുദ്രഭാഗം | രുദ്രന്ന് ഹവിർഭാഗമില്ലാത്ത | യജ്ഞസദസി | യാഗസഭയിൽവെച്ച് |
| | | അനാദൃതാ | അവമാനിതയായ |
| തം അധ്വരം ച | ആ യാഗത്തെയും, | അധീശ്വരീ | ആ സർവ്വലോകേശ്വരി |
| വിഭൌ | സർവ്വസമർത്ഥനായ | രുഷാ | അമർഷംകൊണ്ട് |
| ദേവേ | തന്തിരുവടിയിൽ | ലോകാൻ | ലോകങ്ങളെ |
| പിത്രാ | പിതാവിനാൽ | ധക്ഷ്യതീ ഇവ | ദഹിപ്പിക്കുമോ എന്നു തോന്നുമാറ് |
| കൃതഹേളനം ച | ചെയ്യപ്പെട്ടിരിക്കുന്ന അനാദരത്തെയും | | |
| അവേക്ഷ്യ | കണ്ടിട്ട് | ചുകോപ | കോപിച്ചു. |

10 ജഗർഹ സാഽമർഷവിപന്നയാ ഗിരാ
ശിവദ്വിഷം ധൂമപഥശ്രമസ്മയം
സ്വതേജസാ ഭൂതഗണാൻ സമുത്ഥിതാൻ
നിഗൃഹ്യ ദേവീ ജഗതോഽഭിശൃണ്വതഃ

| | | | |
|---|---|---|---|
| സാ ദേവീ | ആ ദേവി | ധൂമപഥ-ശ്രമസ്മയം | കർമ്മപദ്ധതിയിലുള്ള നിരന്തരപ്രവർത്തനത്താൽ ഭള്ളുകൊള്ളുന്ന |
| സമുത്ഥിതാൻ | (ദക്ഷവധത്തിന്നു്) ഒരുങ്ങിയെഴുന്നേററ | | |
| ഭൂതഗണാൻ | ഭൂതഗണങ്ങളെ | ശിവദ്വിഷം | ശിവദ്വേഷിയെ |
| സ്വതേജസാ | തന്റെ ആജ്ഞാശക്തിയാൽ | അമർഷ-വിപന്നയാ | കോപംകൊണ്ടു് പതറിയിരിക്കുന്ന |
| നിഗൃഹ്യ | തടഞ്ഞുനിർത്തി, | ഗിരാ | വാക്കിനാൽ |
| ജഗതഃ | ലോകമാകെയും | | |
| അഭിശൃണ്വതഃ | കേൾക്കെത്തന്നെ, | ജഗർഹ | നിന്ദിച്ചു. |

ശ്രീദേവ്യുവാച = ശ്രീ സതീദേവി പറഞ്ഞു.

ദേവിയുടെ നിന്ദാവചനത്തെ 13 ശ്ലോകങ്ങൾകൊണ്ടു ഇനി പറയുന്നു.

11 ന യസ്യ ലോകേഽസ്ത്യതിശായനഃ പ്രിയ-
സ്തഥാഽപ്രിയോ ദേഹഭൃതാം പ്രിയാത്മനഃ
തസ്മിൻ സമസ്താത്മനി മുക്തവൈരകേ
ഋതേ ഭവന്തം കതമഃ പ്രതീപയേത്.

| | | | |
|---|---|---|---|
| യസ്യ | യാതൊരാൾക്കു് | അപ്രിയഃ | പ്രിയനല്ലാത്തവനുമായി |
| ലോകേ | ലോകത്തിൽ | | |
| അതിശായനഃ | തന്നിലും കവിഞ്ഞതായിട്ടു് | (ന അസ്തി) | ആരുമില്ലയോ, |
| ന അസ്തി | ഒന്നുമില്ലയോ, | മുക്തവൈരകേ | ആരിലും വിദ്വേഷമില്ലാത്ത- |
| ദേഹഭൃതാം | സർവ്വശരീരികൾക്കും | സമസ്താത്മനി | സർവ്വകാരണനായ |
| പ്രിയാത്മനഃ | പ്രിയപ്പെട്ട ആത്മാവായി സ്ഥിതിചെയ്യുന്ന | തസ്മിൻ | ആ ഭഗവാങ്കൽ |
| (യസ്യ) | യാതൊരാൾക്കു് | ഭവന്തം ഋതെ | അങ്ങയല്ലാതെ |
| പ്രിയഃ | പ്രിയനായും | കതമഃ | വേറെ ആരു് |
| തഥാ | അപ്രകാരം | പ്രതീപയേത് | പ്രതികൂലമാചരിക്കും? |

12 ദോഷാൻ പരേഷാം ഹി ഗുണേഷു സാധവോ
ഗൃഹ്ണന്തി കേചിന്ന ഭവാദൃശാ ദ്വിജ
ഗുണാംശ്ച ഫല്ഗൂൻ ബഹുലീകരിഷ്ണവോ
മഹത്തമാസ്തേഷ്വവിദദ്ഭവാനഘം.

| | | | |
|---|---|---|---|
| ദ്വിജ | ഹേ ദ്വിജന്മാവേ! | ദോഷാൻ | ദോഷങ്ങളെ |
| ഭവാദൃശാഃ | അങ്ങയെപ്പോലുള്ള അസൂയാലുക്കൾ | ഗൃഹ്ണന്തി | കണ്ടെത്തുന്നു; |
| | | കേചിത് | (മഹാന്മാരായ) ചിലർ |
| പരേഷാം | അന്യരുടെ | ന | അങ്ങനെയല്ല. (ഗുണദോഷങ്ങളെ അവർ തത്തദ്രൂപേണ കാണുന്നു). |
| ഗുണേഷു ഹി | ഗുണങ്ങളിൽപ്പോലും | | |

| | | | |
|---|---|---|---|
| സാധവഃ | വിശിഷ്ടന്മാരായ മഹാന്മാർ | ബഹുലീകരിഷ്ണവഃ | വലുതാക്കിയെടുക്കുന്നവരാണ് |
| ഗുണാൻ ഏവ (ഗൃഹ്ണന്തി) | ഗുണങ്ങളെ മാത്രമെ കാണുകയുള്ളു. | തേഷു | അങ്ങനെയുള്ള അതിവിശിഷ്ടമഹാത്മാക്കളിൽ |
| മഹത്തമാഃ | അതിവിശിഷ്ടന്മാരായ മഹാന്മാരാകട്ടെ | ഭവാൻ | അങ്ങ് |
| ഫല്ഗൂൻ | നിസ്സാരങ്ങളായ | അഘം | ദോഷത്തെ |
| ഗുണാൻ ച | ഗുണങ്ങളേയുംകൂടി | അവിദത് | കല്പിച്ചിരിക്കുന്നു. |

ഗുണദോഷനിരൂപണവിഷയത്തിൽ ജനങ്ങളെ നാലുതരക്കാരായി പരിഗണിക്കാം 1. ഗുണങ്ങളിലും ദോഷം കാണുന്ന ദക്ഷനെപ്പോലെയുള്ള അസൂയാലുക്കൾ 2. ഗുണങ്ങളേയും ദോഷങ്ങളേയും അതാതുനിലയിൽ കാണുന്ന മഹാന്മാർ 3. കേവലം ഗുണങ്ങളെ മാത്രം കാണുന്ന മഹത്തരന്മാർ 4 അല്പഗുണങ്ങളെക്കൂടി വലുതായിട്ടു കരുതുന്ന മഹത്തമന്മാർ — ഇതിൽ ആദ്യത്തെ വൎഗ്ഗത്തിൽപെട്ട ദക്ഷൻ വിദ്വേഷബുദ്ധികൊണ്ടു് ദോഷഗ്രാഹിയായിട്ടു്, മഹത്തമന്മാരെയാണ് അകാരണമായി നിന്ദിച്ചിരിക്കുന്നതെന്നു് താൽപര്യം. "ബ്രഹ്മിഷ്ഠാനഭിദ്രുഹ്യ" എന്നു് മുമ്പു പറഞ്ഞതുതന്നെ ഇതിന്നാസ്പദം.

ഈ മഹത്തമതിരസ്കാരം ദുൎജ്ജനോചിതംതന്നെ എന്നു് ഇനി പറയുന്നു.

13 നാശ്ചൎയ്യമേതദ്യദസത്സു സൎവ്വദാ
മഹദ്വിനിന്ദാ കുണപാത്മവാദിഷു
സേൎഷ്യം മഹാപൂരുഷപാദപാംസുഭിർ-
നിരസ്തതേജഃസു തദേവ ശോഭനം.

| | | | |
|---|---|---|---|
| കുണപാത്മവാദിഷു | ജഡശരീരത്തെ ആത്മാവെന്നു കരുതിവരുന്ന | സേൎഷ്യം | ഈൎഷ്യയോടുകൂടവെ |
| അസത്സു | ദുൎജ്ജനങ്ങളിൽ | മഹാപൂരുഷപാദപാംസുഭിഃ | മഹാത്മാക്കളുടെ തൃപ്പാദരേണുക്കളാൽ |
| സൎവ്വദാ | എല്ലാനേരവും | നിരസ്തതേജഃസു | നിരസിക്കപ്പെട്ട പ്രതാപത്തോടുകൂടിയ അവരിൽ |
| മഹദ്വിനിന്ദാ | മഹാത്മാക്കളെ അവഹേളിക്കുക | | |
| (ഇതി) യത് | എന്നതു് യാതൊന്നോ, | തത് ഏവ | അതുതന്നെയാണ് |
| ഏതത് | ഇതു് | ശോഭനം | യുക്തമായതു് |
| ന ആശ്ചൎയ്യം | അദ്ഭുതകരമല്ല. | | |

മഹാത്മാക്കൾ അവഹേളനം പൊറുത്തെന്നുവരാം. അവർ പ്രശാന്തന്മാരാണ്. എന്നാൽ അവരുടെ പാദരേണുക്കൾ അതുപൊറുക്കുകയില്ല. അവ നിന്ദകന്മാരുടെ പ്രതാപത്തെ നശിപ്പിക്കുകതന്നെ ചെയ്യും—എന്നു് സൂചിതാൎത്ഥം.

ഈ മഹത്തമനിന്ദയ്ക്കുപുറമെ ദക്ഷൻ പ്രത്യേകിച്ചും ചെയ്തിരിക്കുന്ന ശിവനിന്ദയെ ഇനി രണ്ടു ശ്ലോകംകൊണ്ടു് കാണിക്കുന്നു.

14 യദ്‌ദ്വ്യക്ഷരം നാമ ഗിരേരിതം നൃണാം
സകൃത്പ്രസംഗാദഘമാശു ഹന്തി തത്
പവിത്രകീർത്തിം തമലംഘ്യശാസനം
ഭവാനഹോ ദ്വേഷ്ടി ശിവം ശിവേതരഃ

| | | | |
|---|---|---|---|
| യദ്‌ദ്വ്യക്ഷരം | യാതൊരാളുടെ രണ്ടക്ഷരം മാത്രമുള്ള | ഹന്തി | നശിപ്പിക്കുന്നു, |
| നാമ | തിരുനാമം | പവിത്രകീർത്തിം | പരിശുദ്ധമായ കീർത്തിയെഴുന്ന- |
| സകൃത് | ഒരിക്കൽ | അലംഘ്യ-ശാസനം | ആർക്കും അതിലംഘിക്കുവാനാവാത്ത ആജ്ഞയോടുകൂടിയ |
| ഗിരാ | വെറും വാക്കാലെങ്കിലും | | |
| പ്രസംഗാത് | സംഗതിവശാൽ | | |
| ഈരിതം | ഉച്ചരിക്കപ്പെട്ടെന്നു വരികിൽ | തം ശിവം | ആ ശിവനെ (മംഗളമൂർത്തിയെ) |
| തത് നൃണാം | അതു്, മനുഷ്യരുടെ | ശിവേതരഃ | അമംഗളമൂർത്തിയായ |
| അഘം | ദുഷ്കൃതത്തെ | ഭവാൻ | അങ്ങു് |
| ആശു | ഉടനടി | ദ്വേഷ്ടി ബത | ദ്വേഷിക്കുന്നുവല്ലോ, കഷ്ടം! |

ശിവൻ പാപഹരൻ മാത്രമല്ല; ഭുക്തിയേയും മുക്തിയേയും പ്രദാനംചെയ്യുന്നവനുംകൂടിയാണെന്നു താഴെ വർണ്ണിച്ചുപറയുന്നു.

15 യത്പാദപദ്മം മഹതാം മനോളിഭിർ-
നിഷേവിതം ബ്രഹ്മരസാസവാർത്ഥിഭിഃ
ലോകസ്യ യദ്വർഷതി ചാശിഷോ഼ർത്ഥിന-
സ്തസ്മൈ ഭവാൻ ദ്രുഹ്യതി വിശ്വബന്ധവേ.

| | | | |
|---|---|---|---|
| ബ്രഹ്മരസാ-സവാർത്ഥിഭിഃ | ബ്രഹ്മാനന്ദമകരന്ദത്തെ നുകരാനാഗ്രഹിക്കുന്ന | അർത്ഥിനഃ | സകാമന്മാരായ |
| | | ലോകസ്യ | ജനത്തിനു് |
| മഹതാം | മഹാത്മാക്കളുടെ | ആശിഷഃ | അഭീഷ്ടങ്ങളെ |
| മനോളിഭിഃ | മനസ്സുകളാവുന്ന വണ്ടുകളാൽ | വർഷതി ച | ചൊരിയുകയും ചെയ്യുന്നുവോ, |
| യത്പാദ-പദ്മം | യാതൊരുവൻെറ തൃപ്പാദകമലം | തസ്മൈ | അങ്ങനെയുള്ള |
| | | വിശ്വബന്ധവേ | ലോകബന്ധുവിൻെറനേർക്കു് |
| നിഷേവിതം | സേവിക്കപ്പെട്ടിരിക്കുന്നുവോ, | ഭവാൻ ദ്രുഹ്യതി | അങ്ങു് ദ്രോഹമാചരിക്കുന്നു. |
| യത് | യാതൊന്നു് | | |

“ശിവാപദേശോ ഹ്യശിവഃ” എന്നുതുടങ്ങിയ ദക്ഷൻെറ ആക്ഷേപങ്ങളെ ദേവി നിരാകരിക്കുന്നു.

16 കിം വാ ശിവാഖ്യമശിവം ന വിദുസ്ത്വദന്യേ
ബ്രഹ്മാദയസ്തമവകീര്യ ജടാഃ ശ്മശാനേ
തന്മാല്യഭസ്മനൃകപാല്യവസത് പിശാചൈ-
ർയേ മൂർധഭിർദധതി തച്ചരണാവസൃഷ്ടം.

| | | | |
|---|---|---|---|
| (യഃ) ജടാഃ | യാതൊരാൾ ജടകളെ | ശിവാഖ്യം | ശിവനെന്നുപേർപറയുന്ന |
| അവകീര്യ | അഴിച്ചുപരത്തിയിട്ട് | അശിവം | അശിവനായിട്ട് |
| ശ്മശാനേ | ചുടുകാട്ടിൽചെന്ന് | ന വിദുഃ | അറിഞ്ഞിട്ടില്ല |
| തന്മാല്യഭസ്മ-നൃകപാലീ | അവിടെയുള്ള അസ്ഥിമാലയും ചാമ്പലും തലയോടും ധരിച്ച് | കിം വാ | എന്നുവരുമോ? |
| | | ബ്രഹ്മാദയഃ | ബ്രഹ്മാവുമുതലായ |
| പിശാചൈഃ | പിശാചന്മാരോടുകൂടി | യേ | യാതൊരു അവർ |
| അവസത് | വസിച്ചുവോ, | തച്ചരണാ-വസൃഷ്ടം | അവിടുത്തെ തൃച്ചേവടിയിൽനിന്ന് ഉതിർന്ന നിർമ്മാല്യത്തെ |
| തം | അദ്ദേഹത്തെ | | |
| ത്വത് | അങ്ങയെഒഴിച്ച് | മൂർദ്ധഭിഃ | ശിരസ്സുകളാൽ |
| അന്യേ | വേറെയാരും | ദധതി | ധരിക്കുന്നു. |

ദേവി ഈ സാഹചര്യത്തിൽ തന്റെ ശരീരം പരിത്യജിക്കുവാൻ കൃതനിശ്ചയയായിട്ട് അതിനുള്ള ധർമ്മതത്ത്വം പറയുന്നു.

17 കർണ്ണൗ പിധായ നിരയാദ്യദകല്പ ഈശേ
ധർമ്മാവിതര്യസൃണിഭിർനൃഭിരസ്യമാനേ
ഛിന്ദാത് പ്രസഹ്യ രുശതീമസതീം പ്രഭുശ്ചേ
ജ്ജിഹ്വാമസൂനപി തതോ വിസൃജേത് സ ധർമ്മഃ

| | | | |
|---|---|---|---|
| ധർമ്മാവിതരി | ധർമ്മസംരക്ഷകനായ | പ്രഭുഃ ചേത് | കഴിവുള്ളവനാണെങ്കിൽ |
| ഈശേ | മഹേശ്വരൻ | രുശതീം | നെറികേടുപറയുന്ന |
| അസൃണിഭിഃ | നിരങ്കുശന്മാരായ | അസതീം | ചീത്തത്തംബാധിച്ച |
| നൃഭിഃ | ജനങ്ങളാൽ | ജിഹ്വാം | നാവിനെ |
| അസ്യമാനേ | അധിക്ഷേപിക്കപ്പെടുന്ന സന്ദർഭത്തിൽ, | പ്രസഹ്യ | കേറിപ്പിടിച്ച് |
| | | ഛിന്ദ്യാത് | അരിഞ്ഞിടണം. |
| അകല്പഃ യത് | ഒന്നിനും കഴിയാത്തവനാണെങ്കിൽ | തതഃ | അതിൽപ്പിന്നെ |
| കർണ്ണൗ | കാതുരണ്ടും | അസൂൻ അപി | സ്വന്തം ജീവനേയുംകൂടി |
| പിധായ | പൊത്തിയിട്ട് | വിസൃജേത് | വെടിയണം |
| നിരയാത് | കടന്നുപോകണം. | സഃ ധർമ്മഃ | അതാണ് ധർമ്മം. |

18 അതസ്തവോത്പന്നമിദം കളേബരം
ന ധാരയിഷ്യേ ശിതികണ്ഠഗർഹിണഃ
ജഗ്ധസ്യ മോഹാദ്ധി വിശുദ്ധിമന്ധസോ
ജുഗുപ്സിതസ്യോദ്ധരണം പ്രചക്ഷതേ.

| | | | |
|---|---|---|---|
| അതഃ | ആകയാൽ, | ഉത്പന്നം | ഉണ്ടായ |
| ശിതികണ്ഠ-ഗർഹിണഃ | ശ്രീനീലകണ്ഠന്റെ നിന്ദകനായുള്ള | ഇദം കളേവരം | ഈ ഉടലിനെ |
| | | ന ധാരയിഷ്യേ | ഇനി ചുമക്കുന്നില്ല. |
| തവ | അങ്ങയിൽനിന്ന് | ഹി | എന്തെന്നാൽ, |

| | | | |
|---|---|---|---|
| മോഹാത് | അബദ്ധത്തിൽ | ഉദ്ധരണം ഏവ | വമനംമാത്രമേ |
| ജുഷ്ടസ്യ | ഭക്ഷിക്കപ്പെട്ടുപോയ | വിശുദ്ധിം | വിശുദ്ധിയായിട്ടു് (പരിഹാരമായിട്ടു്) |
| ജുഗുപ്സിതസ്യ | അശുദ്ധമായ | പ്രചക്ഷതേ | പറയുന്നുള്ളു. |
| അന്ധസഃ | ആഹാരത്തിന്റെ | | |

സദാചാരശൂന്യനാണെന്നും മററും ശിവനെക്കുറിച്ചു് ദക്ഷൻ ആക്ഷേപിച്ചതിന്നു് ഇനി സമാധാനം പറയുന്നു.

19 ന വേദവാദാനനുവർത്തതേ മതിഃ
സ്വ ഏവ ലോകേ രമതോ മഹാമുനേഃ
യഥാ ഗതിർദേവമനുഷ്യയോഃ പൃഥക്
സ്വ ഏവ ധർമ്മേ ന പരം ക്ഷിപേത് സ്ഥിതഃ.

| | | | |
|---|---|---|---|
| സ്വേ ലോകേ ഏവ | സ്വകീയമായ ആത്മസ്വരൂപത്തിൽത്തന്നെ | പൃഥക് | വിഭിന്നമാകുന്നുവോ, |
| രമതഃ | രമിച്ചുകൊണ്ടിരിക്കുന്ന | [തഥാ | അപ്രകാരം |
| മഹാമുനേഃ | മഹാനുഭാവനായ മുനിയുടെ | ആത്മാരാമസ്യ | ആത്മസ്വരൂപത്തിൽ രമിക്കുന്നവന്റെയും |
| മതിഃ | ബുദ്ധി | വേദവാദാനനുവർത്തിനഃ ച | വേദവാക്യങ്ങളെ അനുവർത്തിക്കുന്നവന്റെയും |
| വേദവാദാൻ | വിധിനിഷേധാത്മകങ്ങളായ വേദവാക്യങ്ങളെ | ഗതിഃ പൃഥക് | പോക്കു് വിഭിന്നമാണു്] |
| ന അനുവർത്തതേ | അനുവർത്തിക്കുന്നില്ല. | സ്വേ | സ്വകീയമായ |
| ദേവമനുഷ്യയോഃ | ദേവന്റെയും മനുഷ്യന്റെയും | ധർമ്മേ ഏവ | ധർമ്മത്തിൽത്തന്നെ |
| ഗതിഃ | പോക്കു് | സ്ഥിതഃ | ഉറച്ചുനില്ക്കുന്നവൻ |
| യഥാ | ഏതുപ്രകാരം | പരം | അന്യധർമ്മത്തിൽ നില്ക്കുന്നവനെ |
| | | ന ക്ഷിപേത് | ആക്ഷേപിച്ചുകൂടാ. |

ആത്മാനന്ദാനുഭൂതിലക്ഷണമായ നിവൃത്തിമാർഗ്ഗത്തിലൂടെയുള്ള പോക്കും വേദത്തിലെ വിധിനിഷേധവാക്യങ്ങളുടെ അനുശാസനത്തിന്നു് വിധേയമായ പ്രവൃത്തിമാർഗ്ഗത്തിലൂടെയുള്ള പോക്കും രണ്ടും രണ്ടാണു്. ദേവന്മാരുടെ ആകാശഗമനവും മനുഷ്യരുടെ ഭൂതലഗമനവുംപോലെ അവ വ്യത്യസ്തങ്ങളാണു്. എങ്കിലും ഒരുമാർഗ്ഗത്തിൽ നില്ക്കുന്നവൻ മററെ മാർഗ്ഗത്തിലുള്ളവനെ ആക്ഷേപിക്കുന്നതു് ശരിയല്ല. പ്രവൃത്തിനിഷ്ഠനായ ദക്ഷൻ താദൃശനല്ലാത്ത ശിവനെ ആക്ഷേപിച്ചതു് തെററായിരുന്നുവെന്നു വ്യംഗ്യം. അടുത്ത ശ്ലോകത്തിൽ ഇതിനെത്തന്നെ ഉപപാദിക്കുന്നു.

20 കർമ്മ പ്രവൃത്തം ച നിവൃത്തമപ്യൃതം
വേദേ വിവിച്യോഭയലിംഗമാശ്രിതം
വിരോധി തദ്യൗഗപദേകകർത്തരി
ദ്വയം തഥാ ബ്രഹ്മണി കർമ്മ നർച്ഛതി,

| | |
|---|---|
| കർമ്മ | കർമ്മമെന്നതു് |
| പ്രവൃത്തം | പ്രവൃത്തിരൂപമായും |
| നിവൃത്തം ച | നിവൃത്തിരൂപമായും |
| ഉഭയലിംഗം | രാഗം, വൈരാഗ്യം എന്നീ രണ്ടുപാധികളെ ആധാരമാക്കി |
| വിവിച്യ | അധികാരിഭേദേന തരം തിരിച്ചു് |
| വേദേ | വേദത്തിൽ |
| ആശ്രിതം | വിഹിതമായിരിക്കുന്നു എന്നതു് |
| അപി ഋതം | നേരത്രേ |
| തത് ദ്വയം | ആയതു് രണ്ടും |
| യൗഗപദ്യൈകകർത്തരി | ഒത്തുചേർന്നുകൊണ്ടു് ഒരേകർത്താവിൽ |
| വിരോധി | പൊരുത്തപ്പെട്ടുകയില്ല |
| തഥാ | അപ്രകാരം വിഭിന്നമായ |
| (ദ്വയം) കർമ്മ | രണ്ടുകർമ്മവും |
| ബ്രഹ്മണി | ബ്രഹ്മസ്വരൂപമായ സദാശിവനിൽ |
| ന ഋച്ഛതി | ചേരുന്നതുമല്ല. |

പ്രവൃത്തവും നിവൃത്തവുമായി തരംതിരിഞ്ഞിരിക്കുന്ന രണ്ടുവിധം കർമ്മത്തിൽ നിന്നും അതീതനാണു് സദാശിവൻ. അതിനാൽ അവിടുത്തേക്കു് ഒരു സദാചാരനിയമവും ബാധകമല്ലെന്നു് സാരം.

ചിതാഭസ്മത്തിൽ സ്നാതനും നഗ്നനും മററമാണെന്നു് പറഞ്ഞു ദക്ഷൻ ഭഗവാനെ അധിക്ഷേപിച്ചതിന്നു് ദേവി സമാധാനം പറയുന്നു.

21 മാ വഃ പദവ്യഃ പിതരസ്മദാസ്ഥിതാ
യാ യജ്ഞശാലാസു ന ധൂമവർത്മഭിഃ
തദന്നതൃപ്തൈരസുഭൃദ്ഭിരീഡിതാ
അവ്യക്തലിംഗാ അവധൂതസേവിതാഃ

| | |
|---|---|
| പിതഃ | അച്ഛാ! |
| അസ്മദാസ്ഥിതാഃ | ഞങ്ങളാൽ അവലംബിക്കപ്പെട്ടിരിക്കുന്ന |
| പദവ്യഃ | നേട്ടങ്ങൾ (അണിമാദി സിദ്ധികൾ) |
| വഃ മാ | നിങ്ങൾക്കില്ല. |
| യാഃ | യാതൊന്നുകൾ |
| യജ്ഞശാലാസു | യാഗശാലകളിൽ വെച്ചു് |
| തദന്നതൃപ്തൈഃ | അവിടെയുള്ള ഭക്ഷണവസ്തുക്കളാൽ സംതൃപ്തരായിക്കഴിയുന്ന |
| ധൂമവർത്മഭിഃ | കർമ്മമാർഗ്ഗികളായ |
| അസുഭൃദ്ഭിഃ | ജീവികളാൽ |
| ഈഡിതാഃ | പരിസേവതങ്ങളായി |
| ന | ഭവിക്കയില്ല. |
| (താഃ തു) | അവയാകട്ടെ |
| അവ്യക്തലിംഗാഃ | (ഇച്ഛാപ്രവർത്തകങ്ങളാകയാൽ) അവ്യക്തഹേതുകങ്ങളും |
| അവധൂതസേവിതാഃ | ബ്രഹ്മജ്ഞന്മാരാൽ പരിസേവിതങ്ങളും ആകുന്നു. |

യജ്ഞശിഷ്ടാന്നഭുക്കായി ധൂമമാർഗ്ഗിയായി വർത്തിക്കുന്ന ദക്ഷൻ തന്നെ ആഢ്യനെന്നും, ഇച്ഛാമാത്രപ്രവർത്തകങ്ങളായ അണിമാദിസിദ്ധികളാൽ സവൈശ്വര്യപൂർണ്ണനായ ശ്രീരുദ്രനെ ദരിദ്രനെന്നും കരുതുന്നതിൽ അർത്ഥമില്ല എന്നു സാരം.

എന്തിനിങ്ങനെ ഏറെ? തന്റെ ഈ ശരീരം ഇനി നിലനിർത്തുന്നില്ലെന്നു ദേവി അന്തിമമായി താഴെ രണ്ടു ശ്ലോകംകൊണ്ടു പറയുന്നു.

22 നൈതേന ദേഹേന ഹരേ കൃതാഗസോ
ദേഹോദ്ഭവേനാലമലം കുജന്മനാ
വ്രീഡാ മമാഭൂത് കുജനപ്രസംഗത-
സ്തജ്ജന്മ ധിഗ് യോ മഹതാമവദ്യകൃത്.

| | |
|---|---|
| ഹരേ | ശ്രീപരമേശ്വരങ്കൽ |
| കൃതാഗസഃ | കൃതാപരാധനായ ഒരുത്തന്റെ |
| ദേഹോദ്- ഭവേന | ശരീരത്തിൽനിന്നും കിളർന്നുണ്ടായ |
| കുജന്മനാ | കൊട്ടംപിറവിയെടുത്ത |
| ഏതേന ദേഹേന | ഈ ദേഹംകൊണ്ട് |
| അലം അലം ന | ധാരാളം മതിയായില്ലേ? |
| കുജന- പ്രസംഗതഃ | ദുഷ്ടനായ അങ്ങയോടുള്ള ബന്ധംഹേതുവായിട്ട് |
| മമ | എനിക്ക് |
| വ്രീഡാ | നാണക്കേട് |
| അഭൂത് | സംഭവിച്ചുകഴിഞ്ഞു. |
| യഃ | യാതൊരുവൻ |
| മഹതാം | വലിയവർക്ക് |
| അവദ്യകൃത് | ഇഷ്ടക്കേടുണ്ടാക്കുന്നുവോ, |
| തജ്ജന്മ | അവനിൽനിന്നുള്ള ഈ പിറവി |
| ധിക് | നിന്ദ്യമാണ്. |

ഈശ്വരദ്വേഷിയായ അങ്ങയോടു ബന്ധപ്പെട്ടതാകയാൽ എന്റെ ശരീരം നിന്ദ്യമായിരിക്കുന്നു എന്നു് സാരം.

23 ഗോത്രം ത്വദീയം ഭഗവാൻ വൃഷധ്വജോ
ദാക്ഷായണീത്യാഹ യദാ സുദുർമനാഃ
വ്യപേതനർമ്മസ്മിതമാശു തദ്ധ്യഹം
വ്യുത്സ്രക്ഷ്യ ഏതത് കുണപം ത്വദംഗജം.

| | |
|---|---|
| ഭഗവാൻ | ജ്ഞാനൈശ്വര്യാദി ഗുണസമ്പന്നനായ |
| വൃഷധ്വജഃ | മഹാദേവൻ |
| യദാ | എപ്പോൾ |
| ദാക്ഷായണി | 'ദാക്ഷായണി' (ദക്ഷന്റെ മകളെ!) |
| ഇതി | എന്നിങ്ങനെ |
| ത്വദീയം | അങ്ങയെ സംബന്ധിച്ച |
| ഗോത്രം | ഗോത്രനാമം |
| ആഹ | പറയുന്നുവോ, |
| തദാ അഹം | അപ്പോൾ ഞാൻ |
| വ്യപേത- നർമ്മസ്മിതം | അകന്നുപോയ കളിപ്പുഞ്ചിരിയോടെ |
| സുദുർമനാഃ | അത്യന്തം ക്ലേശിക്കുന്ന മനസ്സോടുകൂടിയവളായേക്കാം |
| തത് | അതിനാൽ |
| ആശു ഹി | ഉടൻതന്നെ |
| ത്വദംഗജം | അങ്ങയുടെ ദേഹത്തിൽ നിന്നുണ്ടായ |
| ഏതത് കുണപം | ഈ ജഡത്തെ |
| വ്യുത്സ്രക്ഷ്യേ | ഉപേക്ഷിച്ചേക്കാം. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

24 ഇത്യധ്വരേ ദക്ഷമനൂദ്യ ശത്രുഹൻ
ക്ഷിതാവുദീചീം നിഷസാദ ശാന്തവാക്

സ്പൃഷ്ട്വാ ജലം പീതദുകൂലസംവൃതാ
നിമീല്യ ദൃഗ്യോഗപഥം സമാവിശത്.

| | | | |
|---|---|---|---|
| ശത്രുഹൻ | മാനസികശത്രുക്കളെ നശിപ്പിച്ചിരിക്കുന്ന ഹേ വിദുര! | ക്ഷിതൌ | നിലത്തു് |
| | | ഉദീചീം | വടക്കുദിക്കിലേക്കു് |
| | | നിഷസാദ | തിരിഞ്ഞിരുന്നു. |
| ഇതി | ഈ വിധം | പീതദുകൂല-സംവൃതാ | മഞ്ഞപ്പട്ടുകൊണ്ടു ഉടൽ മറച്ചിരുന്ന ആ ദേവി |
| അധ്വരേ | യാഗശാലയിൽവെച്ചു് | | |
| ദക്ഷം | ദക്ഷനോടു് | ജലം സ്പൃഷ്ട്വാ | ആചമനംചെയ്തു് |
| അനൂദ്യ | പറഞ്ഞു്, | ദൃക് നിമീല്യ | കണ്ണടച്ചു് |
| ശാന്തവാക് | വാക്കുകളെ ഒതുക്കിക്കൊണ്ടു് | യോഗപഥം | യോഗമാർഗ്ഗത്തിലേക്കു് |
| | | സമാവിശത് | പ്രവേശിച്ചു. |

ആ യോഗമാർഗ്ഗത്തെ താഴെ വിവരിക്കുന്നു—

25 കൃത്വാ സമാനാവനിലൌ ജിതാസനാ
സോദാനമുത്ഥാപ്യ ച നാഭിചക്രതഃ
ശനൈർഹൃദി സ്ഥാപ്യ ധിയോരസി സ്ഥിതം
കണ്ഠാദ്ഭ്രുവോർമധ്യമനിന്ദിതാഽനയത്.

| | | | |
|---|---|---|---|
| അനിന്ദിതാ | സർവ്വാദൃതയായ | ശനൈഃ | സാവധാനം |
| സാ | ആ ദേവി | ഹൃദി | ഹൃദയത്തിൽ |
| ജിതാസനാ | ആസനജയം സാധിച്ചവളായിട്ടു്, | സ്ഥാപ്യ ച | സ്ഥാപിക്കുകയുംചെയ്തു്, |
| അനിലൌ | പ്രാണാപാനവായുക്കളെ | ഉരസി | ഹൃദയത്തിൽ |
| സമാനൌ കൃത്വാ | സമാനങ്ങളാക്കി, | സ്ഥിതം | സ്ഥിതിചെയ്യുന്ന അതിനെ |
| നാഭിചക്രതഃ | നാഭിചക്രത്തിൽനിന്നു് | | |
| ഉദാനം | ഉദാനവായുവിനെ | കണ്ഠാത് | കണ്ഠത്തിലൂടെ |
| ഉത്ഥാപ്യ | ഉയർത്തുകയും | ഭ്രുവോഃ മധ്യം | ഭ്രൂമധ്യത്തിലേക്കു് |
| ധിയാ | ബുദ്ധിയോടുകൂടെ | അനയത് | കൊണ്ടുചെന്നു. |

26 ഏവം സ്വദേഹം മഹതാം മഹീയസാ
മുഹുഃ സമാരോപിതമങ്കമാദരാത്
ജിഹാസതീ ദക്ഷരുഷാ മനസ്വിനീ
ദധാര ഗാത്രേഷ്വനിലാഗ്നിധാരണാം

| | | | |
|---|---|---|---|
| മനസ്വിനീ | ധീരചിത്തയായ ദേവി | ആദരാത് | ആദരപൂർവ്വം |
| മഹതാം | മഹത്തുക്കളിൽവെച്ചു് | മുഹുഃ | അനേകവാരം |
| മഹീയസാ | മഹത്തരനായ മഹാദേവനാൽ | അങ്കം | മടിത്തടത്തിൽ |

| | | | |
|---|---|---|---|
| സമാരോപിതം | കയററിയിരുത്തപ്പെട്ടതായ | ജിഹാസതീ | ഉപേക്ഷിക്കുവാനൊരുങ്ങിക്കൊണ്ടു് |
| സ്വദേഹം | തൻെറ ശരീരത്തെ | ഗാത്രേഷു | ദേഹത്തിലാകെയും |
| ഏവം | ഇപ്രകാരം | അനിലാഗ്നിധാരണാം | വായുസഹിതമായ അഗ്നിയുടെ സന്ധാരണത്തെ |
| ദക്ഷരുഷാ | ദക്ഷനോടു വന്ന കോപത്താൽ | ദധാര | ആവഹിച്ചു. |

27 തതഃ സ്വഭർത്തുശ്ചരണാംബുജാസവം
ജഗദ്ഗുരോശ്ചിന്തയതീ ന ചാപരം
ദദർശ ദേഹോ ഹതകല്മഷാ സതീ
സദ്യഃ പ്രജജ്വാല സമാധിജാഗ്നിനാ.

| | | | |
|---|---|---|---|
| ഹതകല്മഷാ | പാപലേശമില്ലാത്ത | അപരം ച | അതല്ലാതെ മറെറാന്നിനേയും |
| സതീ | സതീദേവി | ന ദദർശ | കണ്ടില്ല. |
| തതഃ | അതിൽപ്പിന്നെ | സദ്യഃ | ഉടൻതന്നെ |
| ജഗദ്ഗുരോഃ | സർവ്വലോകാചാര്യനായ | ദേഹഃ | തിരുവുടൽ |
| സ്വഭർത്തുഃ | സ്വഭർത്താവിൻെറ | സമാധിജാഗ്നിനാ | സമാധിയിൽനിന്നുണ്ടായ അഗ്നിയാൽ |
| ചരണാംബുജാസവം | തൃപ്പാദാംബുജമകരന്ദത്തെ | പ്രജജ്വാല | കത്തിയെരിഞ്ഞു. |
| ചിന്തയതീ | ധ്യാനിച്ചുകൊണ്ടു് | | |

28 തത് പശ്യതാം ഖേ ഭുവി ചാദ്ഭുതം മഹ-
ദ്ധാഹേതി വാദഃ സുമഹാനജായത
ഹന്ത പ്രിയാ ദൈവതമസ്യ ദേവീ
ജഹാവസൂൻ കേന സതീ പ്രകോപിതാ.

| | | | |
|---|---|---|---|
| തത് മഹത് | ആ വലിയ | ഹന്ത | "ഹാ കഷ്ടമേ! |
| അദ്ഭുതം | ആശ്ചര്യസംഭവം | ദൈവതമസ്യ | മഹേശ്വരൻെറ |
| പശ്യതാം | കണ്ടുനിന്നിരുന്നവരുടെ | പ്രിയാ ദേവീ | പ്രിയപത്നിയായ |
| ഹാ ഹാ ഇതി | 'അയ്യയ്യോ!'എന്നിങ്ങനെ | സതീ | സതീദേവി |
| സുമഹാൻ | പെരുത്തുയന്ന | കേന | ദക്ഷപ്രജാപതിയാൽ |
| വാദഃ | ഒച്ചപ്പാടു് | പ്രകോപിതാ | പ്രകോപിതയായിട്ടു് |
| ഖേ | ആകാശത്തിലും | അസൂൻ | ജീവനെ |
| ഭുവി ച | ഭൂമിയിലും | ജഹൗ | കൈവെടിഞ്ഞു". |
| അജായത | ഉണ്ടായി | | |

29 അഹോ അനാത്മ്യം മഹദസ്യ പശ്യത
പ്രജാപതേര്യസ്യ ചരാചരം പ്രജാഃ
ജഹാവസൂൻ യദ്വിമതാത്മജാ സതീ
മനസ്വിനീ മാനമഭീക്ഷ്ണമർഹതി.

| | | | |
|---|---|---|---|
| ചരാചരം | ജംഗമങ്ങളും സ്ഥാവരങ്ങളുമെല്ലാം | ആത്മജാ | പുത്രിയായ |
| യസ്യ | യാതൊരാളുടെ | സതീ | സതീദേവി |
| പ്രജാഃ | സന്താനങ്ങളാകുന്നുവോ, | യദ്വിമതാ | യാതൊരുവനാൽ അപമാനിതയായിട്ട് |
| അസ്യ | അങ്ങനെയുള്ള ഈ | അസൂൻ | ജീവനെ |
| പ്രജാപതേഃ | ദക്ഷപ്രജാപതിയുടെ | ജഹൗ | കളഞ്ഞു |
| മഹത് | വമ്പിച്ച | മനസ്വിനീ | ധീരചിത്തയായ അവൾ |
| ദൗരാത്മ്യം | ദുഷ്ടത്തരം | അഭീക്ഷ്ണം | എന്നുകാലത്തും |
| പശ്യത | നോക്കുക, | മാനം | ബഹുമതിയെ |
| അഹോ | കഷ്ടംതന്നെ! | അർഹതി | അർഹിക്കുന്നു. |

30 സോഽയം ദുർമ്മർഷഹൃദയോ ബ്രഹ്മധ്രുക് ച
ലോകേഽപകീർത്തിം മഹതീമവാപ്സ്യതി
യദംഗജാം സ്വാം പുരുഷദ്വിഡുദ്യതാം
ന പ്രത്യഷേധന്മൃതയേഽപരാധതഃ

| | | | |
|---|---|---|---|
| ദുർമ്മർഷഹൃദയഃ | ഉള്ളിൽ സഹിഷ്ണുതയില്ലാത്തവനും | യത് | എന്തെന്നാൽ, |
| ബ്രഹ്മധ്രുക് ച | ഈശ്വരദ്രോഹിയുമായ | പുരുഷദ്വിട് | ഈശ്വരദ്വേഷിയായ |
| സഃ അയം | ആ ഈ ദക്ഷൻ | അയം | ഇദ്ദേഹം |
| ലോകേ | ജനതാമദ്ധ്യത്തിൽ | അപരാധതഃ | താൻ ചെയ്ത തെററിനാൽ |
| മഹതീം | വലിയ | മൃതയേ | മരണത്തിന്ന് |
| അപകീർത്തിം | അപകീർത്തിയെ | ഉദ്യതാം | ഒരുങ്ങിയ |
| അവാപ്സ്യതി | പ്രാപിച്ചേക്കും | സ്വാം അംഗജാം | തന്റെ പുത്രിയെ |
| | | ന പ്രത്യഷേധത് | തടഞ്ഞില്ല. |

31 വദത്യേവം ജനേ സത്യാ ദൃഷ്ട്വാഽസുത്യാഗമദ്ഭുതം
ദക്ഷം തത്പാർഷദാ ഹന്തുമുദതിഷ്ഠന്നുദായുധാഃ

| | | | |
|---|---|---|---|
| ജനേ ഏവം | ആളുകൾ ഇങ്ങനെ | ദൃഷ്ട്വാ | കണ്ടിട്ട്, |
| വദതി | പറഞ്ഞുനില്ക്കെ, | തത്പാർഷദാഃ | ദേവിയുടെ പാർഷദന്മാർ |
| സത്യാഃ | സതീദേവിയുടെ | ദക്ഷം ഹന്തും | ദക്ഷനെ കൊല്ലുവാൻ |
| അദ്ഭുതം | ആശ്ചര്യകരമായ | ഉദായുധാഃ | ആയുധധാരികളായി |
| അസുത്യാഗം | പ്രാണത്യാഗത്തെ | ഉദതിഷ്ഠൻ | എഴുന്നേററു. |

32 തേഷാമാപതതാം വേഗം നിശാമ്യ ഭഗവാൻ ഭൃഗുഃ
യജ്ഞഘ്നഘ്നേന യജുഷാ ദക്ഷിണാഗ്നൗ ജുഹാവ ഹ

| | | | |
|---|---|---|---|
| ആപതതാം | ചാടിപ്പാഞ്ഞുവരുന്ന | നിശാമ്യ | കണ്ടിട്ട്, |
| തേഷാം | അവരുടെ | ഭഗവാൻ | മഹാനുഭാവനായ |
| വേഗം | വേഗത്തെ | ഭൃഗുഃ | ഭൃഗുമുനി |

| | | | |
|---|---|---|---|
| യജ്ഞഘ്നഘ്നേന | യാഗവിഘ്നകാരികളുടെ നാശംവരുത്തുന്ന | ദക്ഷിണാഗ്നൗ | ദക്ഷിണാഗ്നിയിൽ |
| യജുഷാ | യജുർമന്ത്രംകൊണ്ടു് | ജുഹാവ ഹ | ആഹുതിചെയ്യുമ്പോൾ |

33 അധ്വര്യുണാ ഹൂയമാനേ ദേവാ ഉത്പേതുരോജസാ
ഋഭവോ നാമ തപസാ സോമം പ്രാപ്താഃ സഹസ്രശഃ

| | | | |
|---|---|---|---|
| അധ്വര്യുണാ | അധ്വര്യുവായ ഭൃഗുമുനിയാൽ | ഋഭവഃ നാമ | ഋഭുക്കൾ എന്നുപേരായ |
| ഹൂയമാനേ | ആഹുതിചെയ്യപ്പെട്ടപ്പോൾ | ദേവാഃ | ദേവന്മാർ |
| തപസാ | തപഃശക്തികൊണ്ടു് | സഹസ്രശഃ | ആയിരക്കണക്കിൽ |
| സോമം | ചന്ദ്രമണ്ഡലത്തെ | ഓജസാ | ഓജസ്സോടെ |
| പ്രാപ്താഃ | പ്രാപിച്ച | ഉത്പേതുഃ | (യജ്ഞകുണ്ഡത്തിൽനിന്നു്) ഉയൻവന്നു. |

34 തൈരലാതായുധൈഃ സർവ്വേ പ്രമഥാഃ സഹഗുഹ്യകാഃ
ഹന്യമാനാ ദിശോ ഭേജുരുശദ്ഭിർബ്രഹ്മതേജസാ.

| | | | |
|---|---|---|---|
| സഹഗുഹ്യകാഃ | ഗുഹ്യകന്മാരോടുകൂടിയ | തൈഃ | ആ ദേവഗണങ്ങളാൽ |
| സർവ്വേ പ്രമഥാഃ | എല്ലാ രുദ്രപാർഷദന്മാരും | ഹന്യമാനാഃ | പ്രഹരിക്കപ്പെട്ടവരായി |
| ബ്രഹ്മതേജസാ | ബ്രഹ്മതേജസ്സിനാൽ | | |
| ഉശദ്ഭിഃ | പ്രശോഭിക്കുന്നവരും | ദിശഃ | നാനാ ദിക്കുകളിലേക്കു |
| അലാതായുധൈഃ | തീക്കൊള്ളികൾ ആയുധമാക്കിയിരിക്കുന്നവരുമായ | ഭേജുഃ | ഓടിയൊഴിഞ്ഞു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ

സതീദേഹോത്സർഗ്ഗോ നാമ ചതുർത്ഥോഽദ്ധ്യായഃ ആദിതഃ ശ്ലോകാഃ 160.

നാലാമത്തെ സ്കന്ധത്തിൽ നാലാമത്തെ അദ്ധ്യായം കഴിഞ്ഞു.

# പഞ്ചമോऽധ്യായഃ — അദ്ധ്യായം അഞ്ച്.

## വീരഭദ്രകൃതമായ ദക്ഷയജ്ഞധ്വംസനം.

"പഞ്ചമേ തു സതീദേഹത്യാഗമാകർണ്യ ശങ്കരഃ
വീരഭദ്രം രുഷോത്ഥാപ്യ ദക്ഷയജ്ഞമഘാതയത്".

അഞ്ചാമദ്ധ്യായത്തിൽ, ശിവൻ സതീദേവിയുടെ ദേഹത്യാഗവാർത്ത കേട്ട് ക്രുദ്ധനായി വീരഭദ്രനെ ജനിപ്പിക്കുന്നതും, ദക്ഷനെയും ദക്ഷയാഗത്തെയും നശിപ്പിക്കുന്നതും വർണ്ണിക്കപ്പെടുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

1 ഭവോ ഭവാന്യാ നിധനം പ്രജാപതേ-
രസത്കൃതായാ അവഗമ്യ നാരദാത്
സ്വപാർഷദസൈന്യം ച തദധ്വരർഭുഭിർ-
വിദ്രാവിതം കോപമപാരമാദധേ.

| | | | |
|---|---|---|---|
| ഭവഃ | ശ്രീരുദ്രൻ | വിദ്രാവിതം | വിരട്ടിയോടിക്കപ്പെട്ട |
| പ്രജാപതേഃ | ദക്ഷൻനിമിത്തം | സ്വപാർഷദസൈന്യം ച | സ്വപാർഷദപ്പടയേയും കുറിച്ച് |
| അസത്കൃതായാഃ | അവമാനിതയായി ഭവിച്ച | നാരദാത് | നാരദമുനിയിൽനിന്ന് |
| ഭവാന്യാഃ | സതീദേവിയുടെ | അവഗമ്യ | അറിഞ്ഞു |
| നിധനം | മരണത്തേയും | അപാരം | അതിരററ |
| തദധ്വരർഭുഭിഃ | ആ ദക്ഷന്റെ യജ്ഞത്തിങ്കലെ ഋഭുദേവന്മാരാൽ | കോപം | കോപത്തെ |
| | | ആദധേ | കൈക്കൊണ്ടു. |

2 ക്രുദ്ധഃ സുദഷ്ടോഷ്ഠപുടഃ സ ധൂർജടിർ-
ജടാം തടിദ്വഹ്നിസടോഗ്രരോചിഷം
ഉത്കൃത്യ രുദ്രഃ സഹസോത്ഥിതോ ഹസൻ
ഗംഭീരനാദോ വിസസർജ താം ഭുവി.

| | | | |
|---|---|---|---|
| ക്രുദ്ധഃ | കുപിതനായിഭവിച്ച | തടിദ്വഹ്നിസടോഗ്രരോചിഷം | ഇടിമിന്നലിന്റേയും അഗ്നിയുടേയും ജ്വാലകൾപോലെ ഭീഷണപ്രഭയോന്ന |
| സഃ ധൂർജടിഃ | ആ ശ്രീരുദ്രൻ | | |
| സുദഷ്ടോഷ്ഠപുടഃ | ചുണ്ടമർത്തിക്കടിച്ചുകൊണ്ട്, | ജടാം | ജടയെ |

| | |
|---|---|
| ഉത്കൃത്യ | പറിച്ചെടുത്ത് |
| രുദ്രഃ | അതിഭീകരനായി |
| സഹസാ | പെട്ടെന്ന് |
| ഉത്ഥിതഃ | എഴുന്നേററിട്ട്, |
| ഗംഭീരനാദഃ | മുഴങ്ങുന്ന ശബ്ദത്തോടു കൂടി |
| ഹസൻ | അട്ടഹസിച്ചുകൊണ്ട് |
| താം ഭുവി | അതിനെ നിലത്തേക്ക് |
| വിസസർജ | വലിച്ചെറിഞ്ഞു. |

3 തതോഽതികായസ്തനുവാ സ്പൃശൻ ദിവം
സഹസ്രബാഹുർഘനരുക് ത്രിസൂര്യദൃക്
കരാളദംഷ്ട്രോ ജ്വലദഗ്നിമൂർധജഃ
കപാലമാലീ വിവിധോദ്യതായുധഃ

| | |
|---|---|
| തതഃ | അതിൽനിന്ന് (ആ ജട മുടിയിൽനിന്നു) |
| തനുവാ | ദേഹംകൊണ്ട് |
| ദിവം | ആകാശത്തെ |
| സ്പൃശൻ | സ്പർശിക്കുന്നവനും |
| സഹസ്രബാഹുഃ | ആയിരം കരങ്ങളുള്ളവനും |
| ഘനരുക് | കാർകൊണ്ടൽനിറം പൂണ്ടവനും |
| ത്രിസൂര്യദൃക് | മൂന്നു സൂര്യന്മാർക്കൊത്ത മൂന്നു കണ്ണുകളോടുകൂടിയവനും |
| കരാളദംഷ്ട്രഃ | കുടിലോഗ്രദംഷ്ട്രകളോടു കൂടിയവനും |
| ജ്വലദഗ്നി-മൂർധജഃ | എരിയുന്ന തീപോലുള്ള ചെമ്പൻമുടിയെഴുന്നവനും |
| കപാലമാലീ | മുണ്ഡമാലകളണിഞ്ഞവനും |
| വിവിധോ-ദ്യതായുധഃ | വിവിധായുധങ്ങൾ ഉയർത്തിപ്പിടിച്ചവനുമായ |
| അതികായഃ | ഒരു മഹോന്നതശരീരൻ (ആവിർഭവിച്ചു) |

ക്രുദ്ധനായ ശിവൻ പറിച്ചുനിലത്തിട്ട ജടമുടിയിൽനിന്ന് ശിവന്റെതന്നെ മൂർത്ത്യന്തരമായ വീരഭദ്രസ്വാമി ദക്ഷാധ്വരവിധ്വംസനാർത്ഥം ആവിർഭവിച്ചു എന്നാശയം.

4 തം കിം കരോമീതി ഗൃണന്തമാഹ
ബദ്ധാഞ്ജലിം ഭഗവാൻ ഭൂതനാഥഃ
ദക്ഷം സയജ്ഞം ജഹി മദ്ഭടാനാം
ത്വമഗ്രണീ രുദ്ര ഭടാംശകോ മേ.

| | |
|---|---|
| കിം കരോമി | 'ഞാൻ എന്തുചെയ്യണം?' |
| ഇതി | എന്നിങ്ങനെ |
| ഗൃണന്തം | ചോദിച്ചുകൊണ്ടും |
| ബദ്ധാഞ്ജലിം | കൈകൂപ്പിത്തൊഴുതുകൊണ്ടും നില്ക്കുന്ന |
| തം | ആ വീരഭദ്രനോട് |
| ഭഗവാൻ | സർവ്വൈശ്വര്യാദി മഹിമയെഴുന്ന |
| ഭൂതനാഥഃ | ശ്രീപരമേശ്വരൻ |
| ആഹ | അരുളിച്ചെയ്തു. |
| രുദ്ര ഭട | "ഹേ രുദ്ര! യോദ്ധാവേ! |
| മദ്ഭടാനാം | എന്റെ യോദ്ധാക്കളുടെ |
| അഗ്രണീഃ ത്വം | നേതാവായിട്ട്, നീ |
| ദക്ഷം | ദക്ഷനെ |
| സയജ്ഞം | യജ്ഞത്തോടുകൂടവെ |
| ജഹി | സംഹരിക്കണം |
| മേ | (നീ) എന്റെ |
| അംശകഃ | അംശജാതനാണ്"' |

5 ആജ്ഞപ്ത ഏവം കുപിതേന മന്യുനാ
സ ദേവദേവം പരിചക്രമേ വിഭും
മേനേ തദാത്മാനമസംഗരംഹസാ
മഹീയസാം താത സഹഃ സഹിഷ്ണും

| | | | |
|---|---|---|---|
| കുപിതേന | കോപംമുഴുത്തിരിക്കുന്ന | തദാ (സഃ) | അപ്പോൾ അവൻ |
| മന്യുനാ | ശ്രീ മഹാരുദ്രനാൽ | ആത്മാനം | തന്നെക്കുറിച്ച് |
| ഏവം | ഇപ്രകാരം | അസംഗ- രംഹസാ | തന്റെ അനുപമമായ ഊക്കിനാൽ |
| ആജ്ഞപ്തഃ | ആജ്ഞാപിക്കപ്പെട്ട | | |
| സഃ | അവൻ | മഹീയസാം | വലിയ വലിപ്പക്കാരുടെ |
| വിഭും | സർവ്വശക്തനായ | സഹഃ | ഊക്കിനെപ്പോലും |
| ദേവദേവം | ആ മഹാദേവനെ | സഹിഷ്ണും | ചെറുക്കുവാൻ കരുത്തുള്ളതായിട്ട് |
| പരിചക്രമേ | പ്രദക്ഷിണംചെയ്തു. | | |
| താത | ഹേവത്സ വിദുര! | മേനേ | കരുതി. |

6 അന്വീയമാനഃ സ തു രുദ്രപാർഷദൈർ-
ഭൃശം നദദ്ഭിർവ്യനദത് സുഭൈരവം
ഉദ്യമ്യ ശൂലം ജഗദന്തകാന്തകം
സ പ്രാദ്രവദ്ഘോഷണഭൂഷണാംഘ്രിഃ

| | | | |
|---|---|---|---|
| സഃ തു | ആ വീരഭദ്രനാകട്ടെ | സഃ | അവൻ |
| ഭൃശം | അതികേമമായി | ജഗദന്ത- കാന്തകം | അന്തകന്റെയും കൂടി അന്തകാരിയായ |
| നദദ്ഭിഃ | ആർത്തലറുന്ന | ശൂലം | ശൂലായുധത്തെ |
| രുദ്രപാർഷദൈഃ | ശിവഭൂതഗണങ്ങളാൽ | ഉദ്യമ്യ | ഉയർത്തിപ്പിടിച്ച്, |
| അന്വീയമാനഃ | അനുഗമിക്കപ്പെട്ടുകൊണ്ട് | ഘോഷണ- ഭൂഷണാംഘ്രിഃ | കിലുകിലുങ്ങുന്ന ചിലമ്പുകളിട്ട കാലടികളോടുകൂടി |
| സുഭൈരവം | അതിഭീകരമായി | | |
| വ്യനദത് | അട്ടഹാസം മുഴക്കി. | പ്രാദ്രവത് | കുതിച്ചുപാഞ്ഞു. |

7 അഥർത്വിജോ യജമാനഃ സദസ്യാഃ
കകുഭ്യുദീച്യാം പ്രസമീക്ഷ്യ രേണും
തമഃ കിമേതത് കുത ഏതദ്രജോഽഭൂ-
ദിതി ദ്വിജാ ദ്വിജപത്ന്യശ്ച ദധ്യുഃ.

| | | | |
|---|---|---|---|
| അഥ | അനന്തരം, | ദ്വിജാഃ | ബ്രാഹ്മണരും |
| ഋത്വിജഃ | യജ്ഞപുരോഹിതന്മാരും | ദ്വിജപത്ന്യഃ ച | ബ്രാഹ്മണസ്ത്രീകളും |
| യജമാനഃ | യാജകനും | ഉദീച്യാം | വടക്കെ |
| സദസ്യാഃ | യജ്ഞസദസ്യരും | കകുഭി | ദിക്കിൽ (പടന്ന) |

| | | | |
|---|---|---|---|
| രേണും | മൺപൊടി | ഏതത് തമഃ | "ഈ ഇരുട്ടു് |
| പ്രസമീക്ഷ്യ | പെരികെക്കണ്ടിട്ടു് | കിം | എന്തൊന്നാണു്? |
| ഇതി | ഇപ്രകാരം | ഏതത് രജഃ | ഈ മൺപൊടി |
| ദധ്യൗ | ചിന്തിച്ചു. | കുതഃ | എങ്ങനെ |
| | | അഭൂത് | ഉണ്ടായി? |

8 വാതാ ന വാന്തി ന ഹി സന്തി ദസ്യവഃ
പ്രാചീനബർഹിർജീവതി ഹോഗ്രദണ്ഡഃ
ഗാവോ ന കാല്യന്ത ഇദം കുതോ രജോ
ലോകോഽധുനാ കിം പ്രളയായ കല്പതേ.

| | | | |
|---|---|---|---|
| വാതാഃ | കൊടുംകാററു് | ഗാവഃ | കന്നുകാലികൾ |
| ന വാന്തി | വീശുന്നില്ല. | ന കാല്യന്തേ | ആട്ടിത്തെളിക്കപ്പെടുന്നില്ല. |
| ദസ്യവഃ | കവച്ചക്കനടക്കുന്നോർ | ഇദം രജഃ | ഈ പൊടിപടലം |
| ന സന്തി ഹി | ഇന്നില്ലതന്നെ. | കുതഃ | എങ്ങനെയുണ്ടായി? |
| ഉഗ്രദണ്ഡഃ | ഉഗ്രശാസനനായ | ലോകഃ അധുനാ | ലോകം ഇപ്പോൾ |
| പ്രാചീനബർഹിഃ | പ്രാചീനബർഹിസ്സു്* | പ്രളയായ | പ്രളയത്തിന്നു് |
| ജീവതി ഹ | ജീവനോടുണ്ടല്ലോ. | കല്പതേ കിം | പാകപ്പെട്ടിരിക്കുമോ? |

* പ്രാചീനബർഹിസ്സു് ദസ്യുക്കളെ ആകമാനം അടിച്ചമർത്തി രാജ്യം ഭരിച്ചിരുന്ന അക്കാലത്തെ മഹാരാജാവാണു്. അദ്ദേഹമുള്ളപ്പോൾ ദസ്യുപ്പട വരുവാൻ കാരണമില്ലല്ലോ എന്നു് ഭാവം.

9 പ്രസൂതിമിശ്രാഃ സ്ത്രിയ ഉദ്വിഗ്നചിത്താഃ
ഊചുർവിപാകോ വൃജിനസ്യൈഷ തസ്യ
യത് പശ്യന്തീനാം ദുഹിതൄണാം പ്രജേശഃ
സുതാം സതീമവദധ്യാവനാഗാം.

| | | | |
|---|---|---|---|
| ഉദ്വിഗ്നചിത്താഃ | മനസ്സിൽ അമ്പരപ്പുകലർന്ന | സതീം | സതിയെ |
| പ്രസൂതിമിശ്രാഃ | പ്രസൂതിപ്രഭൃതികളായ | ദുഹിതൄണാം | മററുപുത്രിമാരെല്ലാം |
| സ്ത്രിയഃ | സ്ത്രീജനങ്ങൾ | പശ്യന്തീനാം | നോക്കിനില്ക്കെ |
| ഊചുഃ | അന്യോന്യം പറഞ്ഞു. | അവദധ്യൗ | അവമാനിച്ചു |
| പ്രജേശഃ | "ദക്ഷപ്രജാപതി | യത് | എന്നതു യാതൊന്നോ, |
| അനാഗാം | അപരാധിനിയല്ലാത്ത | തസ്യ വൃജിനസ്യ | ആ ദുഷ്കൃതത്തിന്റെ |
| സുതാം | സ്വപുത്രിയായ | വിപാകഃ | ദുഷ്പരിണാമം |
| | | ഏഷഃ | ഇതാണു്. |

പുത്രിയെ മാത്രമോ ? ഭഗവാനെയുംകൂടി അവമാനിച്ചില്ലേ ? അതുകൊണ്ടു് പ്രജാപതിക്കു് നന്മയുണ്ടാകാൻ ഇനി പ്രയാസമാണെന്നു് താഴെ രണ്ടുശ്ലോകംകൊണ്ടു് ചൊല്ലുന്നു.

10 യസ്ത്വന്തകാലേ വ്യുപ്തജടാകലാപഃ
സ്വശൂലസൂച്യർപ്പിതദിഗ്ഗജേന്ദ്രഃ
വിതത്യ നൃത്യത്യുദിതാസ്ത്രദോർദ്ധ്വജാ-
നുച്ചാട്ടഹാസസ്തനയിത്നുഭിന്നദിക്.

11 അമർഷയിത്വാ തമസഹ്യതേജസം
മന്യുപ്ലുതം ദുർവിഷഹം ഭ്രുകുട്യാ
കരാളദംഷ്ട്രാഭിരുദസ്തഭാഗണം
സ്യാത് സ്വസ്തി കിം കോപയതോ വിധാതുഃ

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | നൃത്യതി | താണ്ഡവംചെയ്യുന്നുവോ, |
| അന്തകാലേ | കല്പാന്തകാലത്തിൽ | തം | അദ്ദേഹത്തെ, |
| വ്യുപ്തജടാ-കലാപഃ | അഴിച്ചുപരത്തിയിട്ട ജടാജൂടത്തോടുകൂടിയവനായി | അമർഷയിത്വാ | ക്ഷോഭിപ്പിച്ച് |
| സ്വശൂലസൂച്യ-ർപ്പിതദിഗ്ഗജേന്ദ്രഃ | തന്റെ ശൂലാഗ്രത്തിൽ കോർത്തിട്ട ദിഗ്ഗജങ്ങളോടുകൂടിയവനായി- | അസഹ്യ-വിക്രമം | അസഹനീയമായ തേജസ്സെഴുന്ന- |
| ഉദിതാസ്ത്ര-ദോർദ്ധ്വജാൻ | ആയുധങ്ങൾ ഉയർത്തിപ്പിടിച്ച ഭുജസ്തംഭങ്ങളെ | മന്യുപ്ലുതം | കോപത്തിൽമുഴുകിയ |
| വിതത്യ | പരത്തിവീശി, | ഭ്രുകുട്യാ | വളച്ച പുരികത്താൽ |
| ഉച്ചാട്ടഹാസ-സ്തനയിത്നു-ഭിന്നദിക് | ഇടിമുഴക്കംപോലുള്ള ഘോരാട്ടഹാസധ്വനിയാൽ ദിക്കുകളെ ഭേദിച്ചുംകൊണ്ട് | ദുർവിഷഹം | അത്യുഗ്രനായ- |
| | | കരളദംഷ്ട്രാഭിഃ | ഭീഷണദംഷ്ട്രകളാൽ |
| | | നിരസ്ത-ഭാഗണം | തട്ടിത്തകർത്ത നക്ഷത്രരാശിയോടുകൂടിയ തന്തിരുവടിയെ |
| | | കോപയതഃ | കോപിപ്പിച്ചാൽ |
| | | വിധാതുഃ | ബ്രഹ്മദേവനുപോലും |
| | | സ്വസ്തി കിം-സ്യാത് | നന്മയുണ്ടാകുമോ ?" |

12 ബഹ്വേവമുദ്വിഗ്നദൃശോച്യമാനേ
ജനേന ദക്ഷസ്യ മുഹുർമ്മഹാത്മനഃ
ഉത്പേതുരുത്പാതതമാഃ സഹസ്രശോ
ഭയാവഹാ ദിവി ഭൂമൗ ച പര്യക്.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ഭയാവഹാഃ | ഭയം ജനിപ്പിക്കുന്ന |
| ഉദ്വിഗ്നദൃശാ | സംഭ്രമംപൂണ്ട കണ്ണുകളോടെ | ഉത്പാതതമാഃ | കൊടുംദുർന്നിമിത്തങ്ങൾ |
| ജനേന | ജനങ്ങളാൽ | ദിവി | ആകാശത്തിലും |
| ബഹു | പലമട്ടിൽ | ഭൂമൗ ച | ഭൂമിയിലും |
| ഉച്യമാനേ | പറയപ്പെട്ടുകൊണ്ടിരിക്കെ, | പര്യക് | നാലുപാടും |
| മഹാത്മനഃ | മനസ്സുറപ്പുള്ള | സഹസ്രശഃ | ആയിരക്കണക്കിൽ |
| ദക്ഷസ്യ | ദക്ഷനുപോലും | മുഹുഃ | വീണ്ടും വീണ്ടും |
| | | ഉത്പേതുഃ | ഉണ്ടായ്‌വന്നു. |

13 താവത് സ രുദ്രാനുചരൈർമഖോ മഹാൻ
നാനായുധൈർവാമനകൈരുദായുധൈഃ
പിംഗൈഃ പിശംഗൈർമകരോദരാനനൈഃ
പര്യാദ്രവദ്ഭിർവിദുരാന്വരുധ്യത.

| | | | |
|---|---|---|---|
| വിദുര | അല്ലയോ വിദുര ! | നാനായുധൈഃ | വിവിധായുധങ്ങളുള്ളവരും |
| താവത് | അപ്പോഴേക്കും | ഉദായുധൈഃ | ആയുധങ്ങളെ പൊക്കിപ്പിടിച്ചിരിക്കുന്നവരും |
| മഹാൻ | മഹത്തായ | പര്യാദ്രവദ്ഭിഃ | ഓടിച്ചാടിപ്പാഞ്ഞണയുന്നവരുമായ |
| സഃ മഖഃ | ആ യജ്ഞം | രുദ്രാനുചരൈഃ | ശിവഭൂതങ്ങളാൽ |
| വാമനകൈഃ | ഹ്രസ്വകായന്മാരും | അന്വരുധ്യത | നിരോധിക്കപ്പെട്ടു |
| പിംഗൈഃ | ചെമ്പൻനിറക്കാരും | | |
| പിശംഗൈഃ | മഞ്ഞനിറക്കാരും | | |
| മകരോദരാനനൈഃ | നീർക്കുതിരക്കൊത്ത വയറും മുഖവും ചേർന്നവരും | | |

14 കേചിദ്ബഭഞ്ജുഃ പ്രാഗ്വംശം പത്നീശാലാം തഥാപരേ
സദ ആഗ്നീധ്രശാലാം ച തദ്വിഹാരം മഹാനസം.

| | | | |
|---|---|---|---|
| കേചിത് | ചിലർ | സദഃ | യാഗസഭാവേദിയേയും |
| പ്രാഗ്വംശം | യാഗശാലയുടെ മുകളിൽ വെച്ച ഏത്തുമരത്തെ | ആഗ്നീധ്രശാലാം | അഗ്നിപ്രജ്ജ്വലനം ചെയ്യുന്ന പുരോഹിതന്മാരുടെ ശാലയേയും, |
| ബഭഞ്ജുഃ | അടിച്ചുപൊട്ടിച്ചു; | | |
| തഥാ | അതേവിധം | തദ്വിഹാരം | യജമാനഗൃഹത്തെയും, |
| അപരേ | മററു ചിലർ | മഹാനസം ച | പാകഭോജനശാലയേയും |
| പത്നീശാലാം | യാഗകർത്താവിന്റെ സഹധർമ്മിണികൾക്കുള്ള വസതിയേയും, | (ബഭഞ്ജുഃ) | തല്ലിത്തകർത്തു. |

15 രുരുജുര്യജ്ഞപാത്രാണി തഥൈകേഽഗ്നീനനാശയൻ
കുണ്ഡേഷ്വമൂത്രയൻ കേചിദ്ബിഭിദുർവേദിമേഖലാഃ.

| | | | |
|---|---|---|---|
| ഏകേ | ചിലർ | കേചിത് | ചിലർ |
| യജ്ഞപാത്രാണി | യാഗപാത്രങ്ങളെ | കുണ്ഡേഷു | അഗ്നികുണ്ഡങ്ങളിൽ |
| രുരുജുഃ | തച്ചുടച്ചു. | അമൂത്രയൻ | മൂത്രമൊഴിച്ചു. |
| തഥാ | അപ്രകാരം | വേദിമേഖലാഃ | വേദികൾക്ക് അതിരിട്ടിരിക്കുന്ന പുൽച്ചരടുകളെ |
| അഗ്നീൻ | അഗ്നികളെ | | |
| അനാശയൻ | കെടുത്തി | ബിഭിദുഃ | അറുത്തിട്ടു. |

16 അബാധന്ത മുനീനന്യേ ഏകേ പത്നീരതർജ്ജയൻ
അപരേ ജഗൃഹുർദേവാൻ പ്രത്യാസന്നാൻ പലായിതാൻ

| | | | |
|---|---|---|---|
| അന്യേ | വേറെ ചിലർ | അപരേ | മററു ചിലർ |
| മുനീൻ | മുനിമാരെ | പ്രത്യാസന്നാൻ | അടുത്തുനിന്നവരും |
| അബാധന്ത | കൈയേററം ചെയ്തു. | പലായിതാൻ | പേടിച്ചുകന്നവരുമായ |
| ഏകേ | ചിലർ | | |
| പത്നീഃ | തത്പത്നികളെ | ദേവാൻ | ദേവന്മാരെയെല്ലാം |
| അതർജ്ജയൻ | ഭീഷണിപ്പെടുത്തി. | ജഗൃഹുഃ | കടന്നുപിടിച്ചു |

17 ഭൃഗും ബബന്ധ മണിമാൻ വീരഭദ്രഃ പ്രജാപതിം
ചണ്ഡീശഃ പൂഷണം ദേവം ഭഗം നന്ദീശ്വരോഽഗ്രഹീത്.

| | | | |
|---|---|---|---|
| മണിമാൻ | മണികണ്ഠൻ | ചണ്ഡീശഃ | ചണ്ഡീശ്വരൻ |
| ഭൃഗും | ഭൃഗുമുനിയേയും, | പൂഷണം | പൂഷാവിനേയും |
| വീരഭദ്രഃ | വീരഭദ്രൻ | നന്ദീശ്വരഃ | നന്ദികേശ്വരൻ |
| പ്രജാപതിം | ദക്ഷനേയും | ഭഗം ദേവം | ഭഗനെന്ന ദേവനേയും |
| ബബന്ധ | ബന്ധിച്ചു. | അഗ്രഹീത് | പിടികൂടി. |

18 സർവ്വ ഏവർത്ത്വിജോ ദൃഷ്ട്വാ സദസ്യാഃ സദിവൌകസഃ
തൈരർദ്യമാനാഃ സുഭൃശം ഗ്രാവഭിർന്നൈകധാഽദ്രവൻ

| | | | |
|---|---|---|---|
| ഋത്വിജഃ | ഋത്വിക്കുകളും | തൈഃ | അവരാൽ |
| സദിവൌകസഃ | ദേവന്മാരുൾപ്പെടെയുള്ള | ഗ്രാവഭിഃ | കല്ലുകൾകൊണ്ടു് |
| സദസ്യാഃ | സദസ്യന്മാരും | സുഭൃശം | അതിശക്തിയായി |
| സർവ്വേ ഏവ | എല്ലാവരും തന്നെ | അർദ്യമാനാഃ | എറിഞ്ഞാട്ടിയകററപ്പെട്ടു |
| (ഏതത്) | ഇതിനെ | നൈകധാ | പലദിക്കിലേക്കും |
| ദൃഷ്ട്വാ | കണ്ടിട്ടു്, | അദ്രവൻ | പലായനം ചെയ്തു. |

19 ജുഹ്വതഃ സ്രുവഹസ്തസ്യ ശ്മശ്രൂണി ഭഗവാൻ ഭവഃ
ഭൃഗോർല്ലുലുഞ്ചേ സദസി യോഽഹസച്ഛ്മശ്രു ദർശയൻ.

| | | | |
|---|---|---|---|
| ഭഗവാൻ | മാഹാത്മ്യശാലിയായ | ലുലുഞ്ചേ | പറിച്ചെടുത്തു. |
| ഭവഃ | വീരഭദ്രസ്വാമി | യഃ | യാതൊരുവൻ (ഭൃഗു) |
| സ്രുവഹസ്തസ്യ | കൈയിൽ സ്രുവം പിടിച്ചു് | സദസി | സഭയിൽവെച്ചു് |
| | | ശ്മശ്രു | താടിമീശ |
| ജുഹ്വതഃ | ഹോമം കഴിച്ചിരുന്ന | ദർശയൻ | കാട്ടിക്കൊണ്ടു് |
| ഭൃഗോഃ | ഭൃഗുമഹർഷിയുടെ | അഹസത് | (ശിവനെ) പരിഹസിക്കയുണ്ടായി |
| ശ്മശ്രൂണി | താടിരോമങ്ങളെ | | |

20 ഭഗസ്യ നേത്രേ ഭഗവാൻ പാതിതസ്യ രുഷാ ഭുവി
ഉജ്ജഹാര സദസ്ഥോഽക്ഷ്ണാ യഃ ശപന്തമസൂസുചത്.

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീവീരഭദ്രൻ | സദസ്ഥഃ | സഭയിലിരുന്നിട്ടുണ്ടായിരുന്ന |
| ഭുവി | ഭൂമിയിൽ | | |
| പാതിതസ്യ | തള്ളിവീഴ്ത്തപ്പെട്ട | യഃ | യാതൊരു ഈ ഭഗൻ |
| ഭഗസ്യ | ഭഗൻെറ | ശപന്തം | (ശിവനെ) അധിക്ഷേ |
| നേത്രേ | കണ്ണുരണ്ടും | | പിക്കുന്ന ദക്ഷനെ |
| രുഷാ | കോപത്താൽ | അക്ഷ്ണാ | കണ്ണുകൊണ്ട് |
| ഉജ്ജഹാര | ചൂന്നെടുത്തു. | അസൂസുചത് | സൂചനകാട്ടി പ്രേരിപ്പി |
| (യത്) | ഹേതുവെന്തെന്നാൽ, | | ച്ചിരുന്നു. |

21 പൂഷ്ണശ്ചാപാതയദ്ദന്താൻ കലിംഗസ്യ യഥാ ബലഃ
ശപ്യമാനേ ഗരിമണി യോഹസദ്ദർശയൻ ദതഃ

| | | | |
|---|---|---|---|
| ബലഃ | ബലരാമൻ | ഗരിമണി | മഹാഗുരു (ശിവൻ) |
| കലിംഗസ്യ | കലിംഗരാജാവിൻെറ | ശപ്യമാനേ | അധിക്ഷേപിക്കപ്പെട്ടും |
| യഥാ | എന്നപോലെ | | സമയത്തിങ്കൽ |
| പൂഷ്ണഃ | പൂഷാവിൻെറ | യഃ | യാതൊരു ഈ പൂഷാവ് |
| ദന്താൻ ച | പല്ലുകളേയും | ദതഃ | പല്ലുകളെ |
| അപാതയത് | തല്ലിക്കൊഴിച്ചു. | ദർശയൻ | ഇളിച്ചുകാട്ടിക്കൊണ്ട് |
| (യത്) | ഹേതുവെന്തെന്നാൽ, | അഹസത് | ചിരിച്ചിരുന്നു. |

22 ആക്രമ്യോരസി ദക്ഷസ്യ ശിതധാരേണ ഹേതിനാ
ഛിന്ദന്നപി തദുദ്ധർത്തും നാശക്നോത്ത്ര്യംബകസ്തദാ.

| | | | |
|---|---|---|---|
| ദക്ഷസ്യ | ദക്ഷൻെറ | തത് | അതിനെ (ശിരസ്സിനെ) |
| ഉരസി | മാറിടത്തിൽ | ഉദ്ധർത്തും | ഛേദിച്ചെടുക്കുവാൻ |
| ആക്രമ്യ | ചവിട്ടിക്കയറി | തദാ | അന്നേരത്ത് |
| ശിതധാരേണ | മൂർച്ചയുള്ള | | |
| ഹേതിനാ | ആയുധംകൊണ്ട് | ത്ര്യംബകഃ | വീരഭദ്രൻ |
| ഛിന്ദൻ അപി | ഛേദിച്ചിരുന്നിട്ടും | ന അശക്നോത് | ശക്തനായില്ല. |

23 ശസ്ത്രൈരസ്ത്രാന്വിതൈരേവമനിർഭിന്നത്വചം ഹരഃ
വിസ്മയം പരമാപന്നോ ദധ്യൗ പശുപതിശ്ചിരം

| | | | |
|---|---|---|---|
| ഹരഃ | സംഹാരമൂർത്തിയായ | (ദൃഷ്ട്വാ) | കണ്ടിട്ട്, |
| പശുപതിഃ | വീരഭദ്രരുദ്രൻ | പരം | ഏറിയ |
| ഏവം | ഇപ്രകാരം | വിസ്മയം | വിസ്മയത്തെ |
| അസ്ത്രാന്വിതൈഃ | അസ്ത്രമന്ത്രത്തോടുകൂടിയ | ആപന്നഃ | പ്രാപിച്ച് |
| ശസ്ത്രൈഃ | ആയുധങ്ങളാൽ | ചിരം | ദീർഘനേരം |
| അനിർഭിന്ന- | നിർഭേദിക്കപ്പെടാത്ത | | |
| ത്വചം | ത്വക്കോടുകൂടി ദക്ഷനെ | ദധ്യൗ | ആലോചിച്ചു. |

24 ദൃഷ്ട്വാ സംജ്ഞപനം യോഗം പശൂനാം സ പതിർമഖേ
യജമാനപശോഃ കസ്യ കായാത്തേനാഹരച്ഛിരഃ.

| | | | |
|---|---|---|---|
| സഃ പശൂനാം പതിഃ | ആ വീരഭദ്രരുദ്രൻ | തേന | ആ ഉപായത്താൽ |
| മഖേ | യാഗത്തിങ്കൽ | യജമാനപശോഃ | യജമാനപശുവായ |
| സംജ്ഞപനം യോഗം | ബലിമൃഗത്തെ കഴുത്തു ഞെരുക്കിക്കൊല്ലുക എന്ന സമ്പ്രദായത്തെ | കസ്യ | ദക്ഷപ്രജാപതിയുടെ |
| | | ശിരഃ | തലയെ |
| | | കായാത് | ഉടലിൽനിന്നു് |
| ദൃഷ്ട്വാ | ആലോചിച്ചുകണ്ടു്, | അഹരത് | വേർപെടുത്തി. |

25 സാധുവാദസ്തദാ തേഷാം കർമ്മ തത്തസ്യ ശംസതാം
ഭൂതപ്രേതപിശാചാനാമന്യേഷാം തദ്വിപര്യയഃ

| | | | |
|---|---|---|---|
| തദാ | അപ്പോൾ | സാധുവാദഃ | അഭിനന്ദനവാക്യവും, |
| തസ്യ | അദ്ദേഹത്തിന്റെ | | |
| തത് കർമ്മ | ആ പ്രവൃത്തിയെ | അന്യേഷാം | മററുള്ളവരുടെ |
| ശംസതാം | പ്രശംസിക്കുന്ന | | |
| തേഷാം ഭൂതപ്രേതപിശാചാനാം | ആ ഭൂതപ്രേതപിശാചങ്ങളുടെ | തദ്വിപര്യയഃ | മറിച്ചുള്ള വാക്യവും ഉണ്ടായി. |

26 ജുഹാവൈതച്ഛിരസ്തസ്മിൻ ദക്ഷിണാഗ്നാവമർഷിതഃ
തദ്ദേവയജനം ദഗ്ദ്ധ്വാ പ്രാതിഷ്ഠദ് ഗുഹ്യകാലയം.

| | | | |
|---|---|---|---|
| അമർഷിതഃ | അമർഷം കൊണ്ടിട്ടു് | തത് ദേവയജനം | ആ ദേവയജ്ഞമഹാശാലയെ മുഴുവനും |
| ഏതത് ശിരഃ | ഈ ദക്ഷശിരസ്സിനെ | | |
| തസ്മിൻ | അങ്ങുള്ള | ദഗ്ദ്ധ്വാ | ചുട്ടെരിച്ചശേഷം |
| ദക്ഷിണാഗ്നൗ | ദക്ഷിണാഗ്നിയിൽ | ഗുഹ്യകാലയം | കൈലാസത്തിലേക്കു് |
| ജുഹാവ | ഹോമിച്ചു. | പ്രാതിഷ്ഠത് | യാത്രതിരിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ

ദക്ഷയജ്ഞവിധ്വംസോ നാമ പഞ്ചമോऽദ്ധ്യായഃ ആദിതഃ ശ്ലോകാഃ 186.

നാലാമത്തെ സ്കന്ധത്തിൽ അഞ്ചാമത്തെ അധ്യായം കഴിഞ്ഞു.

# ഷഷ്ഠോഽധ്യായഃ — അദ്ധ്യായം ആറ്.

## ബ്രഹ്മാവ് ദേവന്മാരോടുകൂടി കൈലാസത്തിലേക്ക് പോകുന്നതു്.

"ഷഷ്ഠേ തു ദേവസംഘേന സഹ ഗത്വാ ഭവം വിധിഃ
സാന്ത്വയാമാസ ദക്ഷാദിജീവിതാദ്യർത്ഥമാദരാത്."

ആറാമത്തെ അധ്യായത്തിൽ ബ്രഹ്മാവ് ദേവന്മാരോടുകൂടി ശിവനെ ചെന്നു കണ്ടു്, ദക്ഷാദികളുടെ ജീവിതാദികൾക്കുവേണ്ടി സാദരം അനുസാന്ത്വനം ചെയ്യുന്നതാണ് പ്രതിപാദ്യം.

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

1 അഥ ദേവഗണാഃ സർവ്വേ രുദ്രാനീകൈഃ പരാജിതാഃ
ശൂലപട്ടിശനിസ്ത്രിംശഗദാപരിഘമുദ്ഗരൈഃ

2 സംഛിന്നഭിന്നസർവ്വാംഗാഃ സർത്ത്വിക്സഭ്യാ ഭയാകുലാഃ
സ്വയംഭുവേ നമസ്കൃത്യ കാർത്സ്ന്യേനൈതന്ന്യവേദയൻ.

| | |
|---|---|
| അഥ | അനന്തരം |
| രുദ്രാനീകൈഃ | ശിവസേനകളാൽ |
| പരാജിതാഃ | തോല്പിക്കപ്പെട്ടവരും |
| ശൂലപട്ടിശ-നിസ്ത്രിംശ-ഗദാപരിഘ-മുദ്ഗരൈഃ | ശൂലം, ഈട്ടി, വാൾ, ഗദ, ഇരുമ്പുലക്ക, ചുററിക, എന്നീ ആയുധങ്ങളാൽ |
| സംഛിന്നഭിന്ന-സർവ്വാംഗാഃ | മുറിപ്പെട്ടുപൊളിഞ്ഞുടഞ്ഞ സർവ്വാംഗങ്ങളോടുകൂടിയവരുമായ |
| ദേവഗണാഃ | ദേവസംഘങ്ങൾ |
| സർവ്വേ | മുഴുവനും |
| സർത്ത്വിക്സഭ്യാഃ | ഋത്വിക്കുകൾ, സദസ്യർ എന്നിവരോടുകൂടെ |
| ഭയാകുലാഃ | പേടിമുഴുത്തവശരായി, |
| സ്വയംഭുവേ | ബ്രഹ്മാവിനായിക്കൊണ്ടു് |
| നമസ്കൃത്യ | നമസ്കരിച്ചു് |
| ഏതത് | ഇതിനെ |
| കാർത്സ്ന്യേന | ഒന്നൊഴിയാതെ |
| ന്യവേദയൻ | അറിയിച്ചു. |

3 ഉപലഭ്യ പുരൈവൈതദ് ഭഗവാനബ്ജസംഭവഃ
നാരായണശ്ച വിശ്വാത്മാ ന കസ്യാധ്വരമീയതുഃ

| | |
|---|---|
| ഭഗവാൻ | സർവ്വജ്ഞനായ |
| അബ്ജസംഭവഃ | ബ്രഹ്മദേവനും |
| വിശ്വാത്മാ | സർവ്വാത്മാവായ |
| നാരായണഃ ച | ശ്രീമഹാവിഷ്ണുവും |
| ഏതത് | ഇതൊക്കെയും |
| പുരാ ഏവ | കാലേകൂട്ടിത്തന്നെ |
| ഉപലഭ്യ | മനസ്സിലാക്കിയിട്ടു് |
| കസ്യ | ദക്ഷന്റെ |
| അധ്വരം | യാഗത്തിലേക്ക് |
| ന ഈയതുഃ | പോയിരുന്നില്ല. |

4 തദാകൎണ്യ വിഭുഃ പ്രാഹ തേജീയസി കൃതാഗസി
ക്ഷേമായ തത്ര സാ ഭൂയാന്ന പ്രായേണ ബുഭൂഷതാം

| | | | |
|---|---|---|---|
| തത് | അതു് | തത്ര | തദ്വിഷയത്തിൽ |
| ആകൎണ്യ | കേട്ടിട്ടു് | (കൃതാഗസാം) | തെററുചെയ്തവരായി |
| വിഭുഃ | ബ്രഹ്മാവു് | ബുഭൂഷതാം | ഭവിക്കുവാൻ ഇച്ഛിക്കുന്നവരുടെ |
| പ്രാഹ | പറഞ്ഞു— | | |
| തേജീയസി | "അതിപ്രഭാവശാലിയായ ഒരു സൽപുരുഷൻ | സാ | താദൃശമായ ഇച്ഛതന്നെ |
| | | പ്രായേണ | സാധാരണമായി |
| കൃതാഗസി സതി അപി | തെററുചെയ്തവനായിരിക്കുമ്പോൾക്കൂടിയും, | ക്ഷേമായ | ക്ഷേമത്തിനു് |
| | | ന ഭൂയാത് | പ്രയോജകീഭവിക്കയില്ല |

5 അഥാപി യൂയം കൃതകില്ബിഷാ ഭവം
യേ ബൎഹിഷോ ഭാഗഭാജം പരാദുഃ
പ്രസാദയധ്വം പരിശുദ്ധചേതസാ
ക്ഷിപ്രപ്രസാദം പ്രഗൃഹീതാംഘ്രിപദ്മം

| | | | |
|---|---|---|---|
| യേ | യാവചിലർ | അഥാപി | എന്നിരിക്കിലും, |
| ബൎഹിഷഃ | യാഗത്തിന്റെ | പരിശുദ്ധചേതസാ | നിൎമ്മലമായ ഹൃദയത്തോടുകൂടി |
| ഭാഗഭാജം | ഭാഗഭാക്കായ | | |
| ഭവം | ശ്രീമഹാരുദ്രനെ | ക്ഷിപ്രപ്രസാദം | അതിവേഗം മനസ്സലിവുണ്ടാകുന്ന ആ കാരുണികനെ |
| പരാദുഃ | അകററിനിൎത്തിയിരുന്നുവോ, | | |
| (തേ) യൂയം | അങ്ങനെയുള്ള നിങ്ങൾ | പ്രഗൃഹീതാംഘ്രിപദ്മം | കാൽത്താരിണ തൊട്ടു തൊഴുതു് |
| കൃതകില്ബിഷാഃ | കൃതാപരാധന്മാരാകുന്നു. | പ്രസാദയധ്വം | പ്രസാദിപ്പിക്കുവിൻ. |

6 ആശാസാനാ ജീവിതമധ്വരസ്യ
ലോകഃ സപാലഃ കുപിതേ ന യസ്മിൻ
തമാശു ദേവം പ്രിയയാ വിഹീനം
ക്ഷമാപയധ്വം ഹൃദി വിദ്ധം ദുരുക്തൈഃ.

| | | | |
|---|---|---|---|
| യസ്മിൻ | യാതൊരാൾ | വിഹീനം | വേർപിരിഞ്ഞവനും |
| കുപിതേ | കുപിതനായാൽ, | ദുരുക്തൈഃ | ദുർഭാഷണങ്ങൾകൊണ്ടു് |
| സപാലഃ | പാലകന്മാരോടുകൂടിയ | | |
| ലോകഃ ന | ലോകംതന്നെയില്ലാതെയാകുമോ, | ഹൃദി | ഹൃദയത്തിൽ |
| | | വിദ്ധം | പിളൎക്കപ്പെട്ടവനുമായ |
| തം | അങ്ങനെയുള്ളവനും | ദേവം | ദേവനെ |
| പ്രിയയാ | പത്നിയോടു് | അധ്വരസ്യ | യജ്ഞത്തിന്റെ |

| | | | |
|---|---|---|---|
| ജീവിതം | നിലനില്പിനെ | ആശു | ഉടനെ ചെന്നുകണ്ട് |
| ആശാസാനാഃ | ആഗ്രഹിക്കുന്ന നിങ്ങൾ | ക്ഷമാപയധ്വം | തെറ്റുപറഞ്ഞു പ്രസാദിപ്പിക്കുവിൻ. |

ഞങ്ങൾക്ക് ശ്രീരുദ്രനെ ചെന്ന് കാണുവാൻ ഭയം തോന്നുന്നു. അതുകൊണ്ട് മറ്റേതെങ്കിലും ഉപായം ഉപദേശിച്ചുതരണം — എന്നാണെങ്കിൽ,

7 നാഹം ന യജ്ഞോ ന ച യൂയമന്യേ
യേ ദേഹഭാജോ മുനയശ്ച തത്ത്വം
വിദുഃ പ്രമാണം ബലവീര്യയോർവാ
യസ്യാത്മതന്ത്രസ്യ ക ഉപായം വിധിത്സേത്.

| | | | |
|---|---|---|---|
| ആത്മതന്ത്രസ്യ | സർവ്വതന്ത്രസ്വതന്ത്രനായ | യൂയം ച | നിങ്ങളും |
| യസ്യ | യാതൊരു ശ്രീരുദ്രന്റെ | ന | അറിയുന്നില്ല; |
| തത്ത്വം | യാഥാർത്ഥ്യത്തെയോ, | മുനയഃ | മുനിമാരും |
| | | ദേഹഭാജഃ | ഉടലെടുത്ത |
| ബലവീര്യയോഃ | ബലപരാക്രമങ്ങളുടെ | അന്യേ | മറ്റുള്ളവർ |
| പ്രമാണം വാ | അളവിനേയോ | യേ ച | ആരെല്ലാമോ അവരും |
| അഹം | ഞാൻ | ന വിദുഃ | അറിയുന്നില്ല. |
| ന (വേദ) | അറിയുന്നില്ല; | കഃ | പിന്നെ, ആർ |
| യജ്ഞഃ | ഇന്ദ്രനായ യജ്ഞദേവൻ | ഉപായം | മറ്റൊരുപായത്തെ |
| ന | അറിയുന്നില്ല: | വിധിത്സേത് | നിർദ്ദേശിക്കും?” |

8 സ ഇത്ഥമാദിശ്യ സുരാനജസ്തൈഃ
സമന്വിതഃ പിതൃഭിഃ സപ്രജേശൈഃ
യയൗ സ്വധിഷ്ണ്യാന്നിലയം പുരദ്വിഷഃ
കൈലാസമദ്രിപ്രവരം പ്രിയം പ്രഭോഃ

| | | | |
|---|---|---|---|
| സഃ അജഃ | ആ ബ്രഹ്മദേവൻ | സ്വധിഷ്ണ്യാത് | സ്വസ്ഥാനത്തുനിന്ന് |
| ഇത്ഥം | ഇപ്രകാരം | പുരദ്വിഷഃ | ത്രിപുരാന്തകനായ |
| സുരാൻ | ദേവന്മാരോട് | പ്രഭോഃ | ഭഗവാന്റെ |
| ആദിശ്യ | ആജ്ഞാപിച്ച്, | പ്രിയം | ഇഷ്ടപ്പെട്ട |
| തൈഃ | അവരോടും, | നിലയം | വസതിയായ |
| സപ്രജേശൈഃ | പ്രജാപതിമാരോടു കൂടിയ | കൈലാസം | കൈലാസമെന്ന |
| പിതൃഭിഃ | പിതൃദേവന്മാരോടും | അദ്രിപ്രവരം | മഹാഗിരിയിലേക്ക് |
| സമന്വിതഃ | ഒത്തുചേർന്നുകൊണ്ട് | യയൗ | യാത്രയായി. |

ഇനി 14 ശ്ലോകം കൊണ്ട് കൈലാസത്തെ വർണ്ണിക്കുന്നു. (22-ാം ശ്ലോകംവരെ ഒന്നിച്ചന്വയിക്കണം)

9 ജന്മൗഷധിതപോമന്ത്രയോഗസിദ്ധൈർനരേതരൈഃ
ജുഷ്ടം കിന്നരഗന്ധർവൈരപ്സരോഭിർവൃതം സദാ

| | | | |
|---|---|---|---|
| ജന്മൗഷധി-തപോമന്ത്ര-യോഗസിദ്ധൈഃ | ജന്മം കൊണ്ടും, ഔഷധങ്ങൾ-തപസ്സുകൾ-മന്ത്രങ്ങൾ-യോഗസാധനകൾ എന്നിവകൊണ്ടും സിദ്ധന്മാരായ | കിന്നര-ഗന്ധർവൈഃ | കിന്നരന്മാർ-ഗന്ധർവന്മാർ എന്നിവരാലും, |
| നരേതരൈഃ | അമാനുഷന്മാരാലും, | അപ്സരോഭിഃ | അപ്സരസ്ത്രീകളാലും |
| | | സദാ | എല്ലാനേരത്തും |
| | | വൃതം | പരിവൃതവുമായ |
| | | ജുഷ്ടം | പരിസേവിതവുമായ— |

10 നാനാമണിമയൈഃ ശൃംഗൈർനാനാധാതുവിചിത്രിതൈഃ
നാനാദ്രുമലതാഗുല്മൈർനാനാമൃഗഗണാവൃതൈഃ

11 നാനാമലപ്രസ്രവണൈർനാനാകന്ദരസാനുഭിഃ
രമണം വിഹരന്തീനാം രമണൈഃ സിദ്ധയോഷിതാം.

| | | | |
|---|---|---|---|
| നാനാമണിമയൈഃ | പലതരം രത്നങ്ങൾ നിറഞ്ഞവയും | നാനാകന്ദരസാനുഭിഃ | അനേകം ഗുഹകളോടും താഴ്വാരങ്ങളോടും കൂടിയുള്ളവയുമായ |
| നാനാധാതു-വിചിത്രിതൈഃ | പലവിധം ധാതുക്കളാൽ വർണ്ണശബളിതങ്ങളും | ശൃംഗൈഃ | കൊടുമുടികളാൽ |
| നാനാദ്രുമ-ലതാഗുല്മൈഃ | പലജാതി മരങ്ങളോടും വള്ളിക്കുടിലുകളോടും ചേർന്നവയും | രമണൈഃ | കാന്തന്മാരോടൊത്ത് |
| നാനാമൃഗ-ഗണാവൃതൈഃ | പലപല മൃഗജാലങ്ങളാൽ ആവൃതങ്ങളും | വിഹരന്തീനാം | രമിക്കുന്ന |
| നാനാമല-പ്രസ്രവണൈഃ | അസംഖ്യം നിർമ്മലജലപ്രപാതങ്ങളോടുകൂടിയവയും | സിദ്ധ-യോഷിതാം | സിദ്ധകാമിനിമാർക്ക് |
| | | രമണം | രതിപ്രദമായ— |

12 മയൂരകേകാഭിരുതം മദാന്ധാളിവിമൂർച്ഛിതം
പ്ലാവിതൈ രക്തകണ്ഠാനാം കൂജിതൈശ്ച പതത്രിണാം

13 ആഹ്വയന്തമിവോദ്ധസ്തൈർദ്വിജാൻ കാമദുഘൈർദ്രുമൈഃ
വ്രജന്തമിവ മാതംഗൈർഗൃണന്തമിവ നിർഝരൈഃ

| | | | |
|---|---|---|---|
| മയൂരകേകാ-ഭിരുതം | മയിലുകളുടെ കൂകലുകളാൽ ശബ്ദായമാനമായ— | പതത്രിണാം | മററുപറവകളുടെ |
| മദാന്ധാളി-വിമൂർച്ഛിതം | മത്തഭ്രമരഗീതികളാൽ അഭിവ്യാപ്തമായ— | കൂജിതൈഃ ച | നീട്ടിക്കുറുകലുകളാലും, |
| രക്തകണ്ഠാനാം | കുയിലുകളുടെ | ഉദ്ധസ്തൈഃ | ഉയർത്തിയ ശാഖാകരങ്ങളോടെ |
| പ്ലാവിതൈഃ | നീണ്ടുള്ള ചൂളംവിളികളാലും, | കാമദുഘൈഃ | അഭിമതഫലപ്രദങ്ങളായിനില്ക്കുന്ന |
| | | ദ്രുമൈഃ | വൃക്ഷങ്ങളാലും |
| | | ദ്വിജാൻ | പക്ഷികളെ |

| | |
|---|---|
| ആഹ്വയന്തം ഇവ | മാടിവിളിക്കുന്നുവോ എന്നു തോന്നുമാറ് സ്ഥിതിചെയ്യുന്ന— |
| മാതംഗൈഃ | മത്തഗജങ്ങളാൽ |
| വ്രജന്തം ഇവ | സഞ്ചരിക്കുന്നതുപോലെ സ്ഥിതിചെയ്യുന്ന— |
| നിർഝരൈഃ | ജലപ്രപാതങ്ങളാൽ |
| ഗൃണന്തം ഇവ | ചിലതുപറയുന്നതു പോലെ സ്ഥിതി ചെയ്യുന്ന— |

14 മന്ദാരൈഃ പാരിജാതൈശ്ച സരളൈശ്ചോപശോഭിതം
തമാലൈഃ ശാലതാലൈശ്ച കോവിദാരാസനാർജ്ജുനൈഃ

15 ചൂതൈഃ കദംബൈർനീപൈശ്ച നാഗപുന്നാഗചമ്പകൈഃ
പാടലാശോകബകുളൈഃ കുന്ദൈഃ കരവകൈരപി.

| | |
|---|---|
| മന്ദാരൈഃ | മന്ദാരമരങ്ങളാ കൊണ്ടും, |
| പാരിജാതൈഃ | പാരിജാതങ്ങളാ കൊണ്ടും, |
| സരളൈഃ ച | സരളവൃക്ഷങ്ങളാ കൊണ്ടും |
| ഉപശോഭിതം | ഉപശോഭിതമായ |
| തമാലൈ | പച്ചിലമരങ്ങളാലും, |
| ശാലതാലൈഃ ച | പയിൻ–കരിമ്പന എന്നിവയാലും, |
| കോവിദാരാ–സനാർജ്ജുനൈഃ | മലയകത്തി–വേങ്ങ–നീർമരുത് എന്നിവയാലും, |
| ചൂതൈഃ | മാവിൻമരങ്ങളാലും |
| കദംബൈഃ | കടമ്പുകളാലും, |
| നീപൈഃ ച | നീർക്കടമ്പുകളാലും, |
| നാഗപുന്നാഗ–ചമ്പകൈഃ | നാകം–പുന്നാകം–ചമ്പകം എന്നിവയാലും, |
| പാടലാശോക–ബകുളൈഃ | പൂപ്പാതിരി അശോകം–ഇലഞ്ഞി എന്നിവയാലും, |
| കുന്ദൈഃ | മുല്ലകളാലും, |
| കരവകൈഃ അപി | ചെംകുറിഞ്ഞി മുതലായവയാലും |
| (ഉപശോഭിതം) | ഉപശോഭിതമായ— |

16 സ്വർണ്ണാസ്വർണ്ണശതപത്രൈശ്ച വരരേണുകജാതിഭിഃ
കുബ്ജകൈർമല്ലികാഭിശ്ച മാധവീഭിശ്ച മണ്ഡിതം

17 പനസോദുംബരാശ്വത്ഥപ്ലക്ഷന്യഗ്രോധഹിംഗുഭിഃ
ഭൂർജ്ജൈരോഷധിഭിഃ പൂഗൈ രാജപൂഗൈശ്ച ജംബുഭിഃ

18 ഖർജ്ജൂരാമ്രാതകാമ്രാദ്യൈഃ പ്രിയാളമധുകേംഗുദൈഃ
ദ്രുമജാതിഭിരന്യൈശ്ച രാജിതം വേണുകീചകൈഃ

| | |
|---|---|
| സ്വർണ്ണാസ്വർണ്ണശത–പത്രൈഃ ച | പൊൻനിറമുള്ള താമരകളാലും, |
| വരരേണുക–ജാതിഭിഃ | മേത്തരം ഏലവള്ളികളാലും, പിച്ചിച്ചെടികളാലും, |
| കുബ്ജകൈഃ | ചെമന്തിച്ചെടികളാലും, |
| മല്ലികാഭിഃ ച | മല്ലികകളാലും |
| മാധവീഭിഃ ച | കുരുക്കത്തിമുല്ലകളാലും |
| മണ്ഡിതം | അലംകൃതമായ— |
| പനസോദുംബ–രാശ്വത്ഥപ്ലക്ഷ–ന്യഗ്രോധ–ഹിംഗുഭിഃ | പിലാവ് – അത്തി – ഇത്തി – അരയാൽ – പേരാൽ–പെരുങ്കായമരം എന്നിവയാലും, |

| | | | |
|---|---|---|---|
| ഭൂർജ്ജൈഃ | പൂതന്നക്കവൃക്ഷങ്ങളാലും, | പ്രിയാളമധു– | മുരൾമരം - ഇരിപ്പ – ഓ |
| ഓഷധിഭിഃ | കദളീവർഗ്ഗങ്ങളാലും, | കേംഗുദൈഃ | ടൽ എന്നിവയാലും |
| പൂഗൈഃ | കൂട്ടമായി നില്ക്കുന്ന | | |
| രാജപൂഗൈഃ | കവുങ്ങുകളാലും | വേണു– | ഓടകൾ – തുമ്പി മുളച്ച |
| ജംബുഭിഃ | ഞാവൽമരങ്ങളാലും | കീചകൈഃ | മുളകൾ എന്നിവയാലും |
| | | അന്യൈഃ ച | വേറെയുമുള്ള |
| ഖർജ്ജൂരാ– | ഈന്തൽ – അമ്പാഴം – | ദ്രുമജാതിഭിഃ | വൃക്ഷവർഗ്ഗങ്ങളാലും |
| മ്രാതകാ– | മാവ് എന്നുതുടങ്ങിയ | | |
| മ്രാദ്യൈഃ | മരങ്ങളാലും | രാജിതം | പ്രശോഭിതമായ— |

19 കുമുദോത്പലകല്ഹാരശതപത്രവനർദ്ധിഭിഃ
നളിനീഷു കലം കൂജത്ഖഗവൃന്ദോപശോഭിതം

| | | | |
|---|---|---|---|
| കുമുദോത്പല– | ആമ്പൽ – കരിംകുവല | കലം | അവ്യക്തമധുരമായവിധം |
| കല്ഹാരശത– | യം - സൗഗന്ധികം – ചെ | | |
| പത്രവനർദ്ധിഭിഃ | ന്താമര എന്നിവയുടെ | കൂജത്ഖഗ– | കൂവിക്കൊണ്ടിരിക്കുന്ന |
| | സമൃദ്ധിയോടുകൂടിയ | വൃന്ദോപ– | പക്ഷിവൃന്ദങ്ങളാൽ ഉപ |
| നളിനീഷു | താമരക്കുളങ്ങളിൽ | ശോഭിതം | ശോഭിതമായ— |

20 മൃഗൈഃ ശാഖാമൃഗൈഃ ക്രോഡൈർമൃഗേന്ദ്രൈർഋക്ഷശല്യകൈഃ
ഗവയൈഃ ശരഭൈർവ്യാഘ്രൈ രുരുഭിർമഹിഷാദിഭിഃ

21 കർണ്ണാന്ത്രൈകപദാശ്വാസ്യൈർന്നിർജ്ജുഷ്ടം വൃകനാഭിഭിഃ
കദളീഖണ്ഡസംരുദ്ധനളിനീപുളിനശ്രിയം

| | | | |
|---|---|---|---|
| മൃഗൈഃ | മാനുകളാലും, | മഹിഷാദിഭിഃ | കാട്ടുപോത്തുകൾ മുതലാ |
| ശാഖാമൃഗൈഃ | മർക്കടങ്ങളാലും, | | യവയാലും, |
| ക്രോഡൈഃ | പന്നികളാലും, | കർണ്ണാന്ത്രൈ– | കർണ്ണാന്ത്രങ്ങൾ – ഏകപ |
| മൃഗേന്ദ്രൈഃ | സിംഹങ്ങളാലും, | കപദാ– | ദങ്ങൾ - അശ്വമുഖങ്ങൾ |
| ഋക്ഷശല്യകൈഃ | കരടികൾ – മുള്ളൻപ | ശ്വാസ്യൈഃ | എന്നിവയാലും, |
| | ന്നികൾ എന്നിവയാലും, | വൃകനാഭിഭിഃ | ചെന്നായ്ക്കൾ കസ്തൂരി |
| | | | മാനുകൾ എന്നിവയാലും |
| ഗവയൈഃ | ആര്യമാനുകളാലും | നിർജ്ജുഷ്ടം | അഭിവ്യാപ്തമായ— |
| ശരഭൈഃ | എട്ടടിമാനുകളാലും, | കദളീഖണ്ഡ– | വാഴക്കൂട്ടത്താൽ മറയ്ക്ക |
| വ്യാഘ്രൈഃ | കടുവകളാലും, | സംരുദ്ധ– | പ്പെട്ട താമരത്തടാകങ്ങ |
| | | നളിനീ– | ളുടെ വെൺമണൽത്തിട്ടു |
| രുരുഭിഃ | പുള്ളിമാനുകളാലും, | പുളിനശ്രിയം | കളോടുകൂടിയതായ— |

22 പര്യസ്തം നന്ദയാ സത്യാഃ സ്നാനപുണ്യതരോദയാ
വിലോക്യ ഭൂതേശഗിരിം വിബുധാ വിസ്മയം യയുഃ

| | | | |
|---|---|---|---|
| സത്യാഃ | സതീദേവിയുടെ | പര്യസ്തം | പരിവൃതവുമായ |
| സ്നാനപുണ്യതരോദയാ | നീരാട്ടുകളികൊണ്ടു് പരമവിശുദ്ധമായ ജലത്തോടുകൂടിയ | ഭൂതേശഗിരിം | ശിവശൈലത്തെ |
| | | വിലോക്യ | കണ്ടിട്ടു് |
| | | വിബുധാഃ | ദേവന്മാർ |
| നന്ദയാ | നന്ദാനദിയാൽ | വിസ്മയം യയുഃ | അദ്ഭുതപ്പെട്ടു. |

23 ദദൃശുസ്തത്ര തേ രമ്യാമളകാം നാമ വൈ പുരീം
വനം സൗഗന്ധികം ചാപി യത്ര തന്നാമ പങ്കജം.

| | | | |
|---|---|---|---|
| തത്ര തേ | അവിടെ അവർ | തന്നാമ | അതേപേരായ |
| അളകാം നാമ | 'അളക' എന്നുപേരുള്ള | പങ്കജം | പങ്കജപുഷ്പമുള്ളതു്, |
| രമ്യാം | മനോഹരമായ | സൗഗന്ധികം | ആ സൗഗന്ധികമെന്ന |
| പുരീം വൈ | നഗരിയേയും, | വനം ച അപി | വനത്തേയും |
| യത്ര | യാതൊരുദിക്കിലാണോ | ദദൃശുഃ | കണ്ടു. |

ഇനി നാലു ശ്ലോകംകൊണ്ടു് പ്രസ്തുത അളകാപുരിയെ വർണ്ണിക്കുന്നു.

24 നന്ദാ ചാളകനന്ദാ ച സരിതൗ വാഹ്യതഃ പുരഃ
തീർത്ഥപാദപദാംഭോജരജസാതീവ പാവനേ

| | | | |
|---|---|---|---|
| തീർത്ഥപാദപദാംഭോജരജസാ | തീർത്ഥപാദനായ ശ്രീമഹാവിഷ്ണുവിന്റെ പാദാരവിന്ദധൂളിയാൽ | നന്ദാ ച | നന്ദയും |
| | | അളകനന്ദാ ച | അളകനന്ദയും— |
| അതീവ | അത്യധികം | പുരഃ | പുരിയുടെ ഇരുപുറത്തുമായി |
| പാവനേ | പരിശുദ്ധങ്ങളായ | | |
| സരിതൗ | രണ്ടുനദികൾ— | വാഹ്യതഃ | പ്രവഹിക്കുന്നു. |

25 യയോഃ സുരസ്ത്രിയഃ ക്ഷത്തരവരുഹ്യ സ്വധിഷ്ണ്യതഃ
ക്രീഡന്തി പുംസഃ സിഞ്ചന്ത്യോ വിഗാഹ്യ രതികർശിതാഃ

| | | | |
|---|---|---|---|
| ക്ഷത്തഃ | വിദുര! | യയോഃ | യാതൊരു ഈ നദികളിൽ |
| രതികർശിതാഃ | രമിച്ചുതളർന്ന | വിഗാഹ്യ | മുഴുകിയിട്ടു് |
| സുരസ്ത്രിയഃ | ദേവസ്ത്രീകൾ | പുംസഃ | കാമുകപുരുഷന്മാരെ |
| സ്വധിഷ്ണ്യതഃ | സ്വസ്ഥാനങ്ങളിൽനിന്നു് | സിഞ്ചന്ത്യഃ | തേവിക്കളിപ്പിച്ചുകൊണ്ടു് |
| അവരുഹ്യ | ഇറങ്ങി, | ക്രീഡന്തി | കളിയാടുന്നു. |

26 യയോസ്തത്സ്നാനവിഭ്രഷ്ടനവകുങ്കുമപിഞ്ജരം
വിതൃഷോഽപി പിബന്ത്യംഭഃ പായയന്തോ ഗജാ ഗജീഃ

| | |
|---|---|
| തത്സ്നാനവിഭ്രഷ്ടനവകുങ്കുമപിഞ്ജരം | ആ ദേവസ്ത്രീകളുടെ സ്നാനവേളയിൽ കുതിർന്നുവീണ പുതുകുങ്കുമത്താൽ പീതവർണ്ണമായ |
| യയോഃ | യാതൊരു ഈ നദികളിലെ |
| അംഭഃ | ജലത്തെ |
| ഗജാഃ | കൊമ്പനാനകൾ |
| വിതൃഷഃ അപി | ദാഹമില്ലെങ്കിലുംകൂടി |
| ഗജീഃ | പിടിയാനകളെ |
| പായയന്തഃ | കോരിക്കുടിപ്പിച്ചുകൊണ്ട് |
| പിബന്തി | സ്വയം കുടിക്കുന്നു |

27 താരഹേമമഹാരത്നവിമാനശതസങ്കുലാം
ജുഷ്ടാം പുണ്യജനസ്ത്രീഭിർയഥാ ഖം സതഡിദ്ഘനം

| | |
|---|---|
| താരഹേമമഹാരത്നവിമാനശതസങ്കുലാം | വെള്ളിയും പൊന്നും വിശിഷ്ടരത്നങ്ങളുംകൊണ്ടു നിർമ്മിതങ്ങളായ അസംഖ്യം വിമാനങ്ങൾ ഇടതിങ്ങിയതും |
| പുണ്യജനസ്ത്രീഭിഃ | യക്ഷരക്ഷോഗണസ്ത്രീകളാൽ |
| ജുഷ്ടാം | പരിസേവിതവും |
| സതഡിദ്ഘനം | മിന്നൽപ്പിണർചാർത്തെഴുന്ന മഴക്കാർനിറഞ്ഞ |
| ഖം യഥാ | ആകാശംപോലെ |
| (സ്ഥിതാം പുരീം തേ ദദൃശുഃ) | ഇരിക്കുന്നതുമായ അളകയെ അവർ ദർശിച്ചു. |

28 ഹിത്വാ യക്ഷേശ്വരപുരീം വനം സൗഗന്ധികം ച തത്
ദ്രുമൈഃ കാമദുഘൈർഹൃദ്യം ചിത്രമാല്യഫലച്ഛദൈഃ

29 രക്തകണ്ഠഖഗാനീകസ്വരമണ്ഡിതഷട്പദം
കലഹംസകലപ്രേഷ്ഠം ഖരദണ്ഡജലാശയം

30 വനകുഞ്ജരസംഘൃഷ്ടഹരിചന്ദനവായുനാ
അധിപുണ്യജനസ്ത്രീണാം മുഹുരുന്മഥയന്മനഃ

31 വൈഡൂര്യകൃതസോപാനാ വാപ്യ ഉത്പലമാലിനീഃ
പ്രാപ്തം കിമ്പുരുഷൈർദൃഷ്ട്വാ ത ആരാദ്ദദൃശുർവടം.

| | |
|---|---|
| യക്ഷേശ്വരപുരീം ഹിത്വാ | അളകാപുരിയെ കടന്നതിന്നുശേഷം, |
| തേ | അവർ |
| കാമദുഘൈഃ | സർവ്വകാമഫലപ്രദങ്ങളും |
| ചിത്രമാല്യഫലച്ഛദൈഃ | വിവിധപുഷ്പഫലദലങ്ങളോടുചേർന്നവയുമായ |
| ദ്രുമൈഃ | തരുക്കളാൽ |
| ഹൃദ്യം | ഹൃദയംഗമമായ— |
| രക്തകണ്ഠഖഗാനീകസ്വരമണ്ഡിതഷട്പദം | കോകിലാദിപക്ഷിനിവഹങ്ങളുടെ നാദങ്ങൾകൊണ്ട് ഉല്ലസിതമായ ഭ്രമരഗീതത്തോടുകൂടിയതായ |
| കലഹംസകുലപ്രേഷ്ഠം | രാജഹംസങ്ങൾക്ക് ഏറ്റവും പ്രിയംകരമായ— |
| ഖരദണ്ഡജലാശയം | താമരകൾ ധാരാളമുള്ള ജലാശങ്ങളോടുകൂടിയതായ— |
| വനകുഞ്ജരസംഘൃഷ്ടഹരിചന്ദനവായുനാ | കാട്ടാനകൾ ഉരസിപ്പൊളിച്ച ഹരിചന്ദനവൃക്ഷങ്ങളിൽ തട്ടിവരുന്ന കാററിനാൽ |
| പുണ്യജനസ്ത്രീണാം മനഃ | യക്ഷകാമിനിമാരുടെ മനസ്സിനെ |
| മുഹുഃ അധി | അടിയ്ക്കടി ഏറെയേറെ |
| ഉന്മഥയത് | വിക്ഷോഭിപ്പിക്കുന്ന— |

| | |
|---|---|
| കിംപുരുഷൈഃ | കിന്നരന്മാരാൽ |
| പ്രാപ്തം | പരിസേവിതമായ— |
| (യത്ര) | യാതൊരിടത്തു് |
| വൈഡൂര്യ— കൃതസോപാനാഃ | വൈഡൂര്യക്കല്ലുകൾ കൊണ്ടു് നിർമ്മിതമായ കല്പടവുകളുള്ളവയും |
| ഉത്പല— മാലിനീഃ | താമരപ്പൂക്കൾ നിറഞ്ഞു നില്ക്കുന്നവയുമായ |
| വാപ്യഃ | തടാകങ്ങൾ (പരിലസിക്കുന്നുവോ), |
| തത് | അങ്ങനെയുള്ളതായ |
| സൗഗന്ധികം | സൗഗന്ധികമെന്ന |
| വനം ച അപി | വനത്തേയും |
| ദൃഷ്ട്വാ | കണ്ടശേഷം |
| ആരാത് | അങ്ങകലത്തായി |
| വടം | ഒരു വടവൃക്ഷത്തെ |
| ദദൃശുഃ | ദർശിച്ചു. |

32 സ യോജനശതോത്സേധഃ പാദോനവിടപായതഃ
പര്യക്കൃതാചലച്ഛായോ നിർന്നീഡസ്താപവർജ്ജിതഃ

| | |
|---|---|
| സഃ | ആ വടവൃക്ഷം |
| യോജന— ശതോത്സേധഃ | നൂറുയോജന ഉയരമുള്ളതും |
| പാദോന— വിടപായതഃ | നൂറിൽ കാലംശം കുറഞ്ഞ യോജന കൊമ്പുകൾകൊണ്ടു് വിടന്നതും |
| പര്യക്കൃതാ— ചലച്ഛായഃ | എല്ലാടവും പരന്നു് അനക്കമില്ലാതെ നില്ക്കുന്ന തണലുള്ളതും |
| നിർന്നീഡഃ | പക്ഷിക്കൂടുകളില്ലാത്തതും |
| താപവർജ്ജിതഃ | ചൂടകന്നതും ആയിരുന്നു. |

33 തസ്മിൻ മഹായോഗമയേ മുമുക്ഷുശരണേ സുരാഃ
ദദൃശുഃ ശിവമാസീനം ത്യക്താമർഷമിവാന്തകം

| | |
|---|---|
| മഹായോഗമയേ | ഉത്തമമായ യോഗനിലയവും |
| മുമുക്ഷുശരണേ | മോക്ഷാർത്ഥികൾക്കു് അഭയപ്രദവുമായ |
| തസ്മിൻ | അതിൻചുവട്ടിൽ |
| ത്യക്താമർഷം | കോപംകൈവെടിഞ്ഞ |
| അന്തകം ഇവ | അന്തകനെപ്പോലെ |
| ആസീനം | ആസനസ്ഥനായിരിക്കുന്ന |
| ശിവം | ശ്രീപരമേശ്വരനെ |
| സുരാഃ | ദേവന്മാർ |
| ദദൃശുഃ | ദർശിച്ചു. |

ഇനി അഞ്ചുശ്ലോകംകൊണ്ടു് തന്തിരുവടിയെ വർണ്ണിക്കുന്നു. (അഞ്ചും ഒന്നിച്ചു് അന്വയിക്കണം.)

34 സനന്ദനാദ്യൈർമഹാസിദ്ധൈഃ ശാന്തൈഃ സംശാന്തവിഗ്രഹം
ഉപാസ്യമാനം സഖ്യാ ച ഭർത്രാ ഗുഹ്യകരക്ഷസാം.

| | |
|---|---|
| മഹാസിദ്ധൈഃ | മഹാസിദ്ധന്മാരും |
| ശാന്തൈഃ | ശാന്തന്മാരുമായ |
| സനന്ദനാദ്യൈഃ | സനന്ദനാദികളാലും, |
| സഖ്യാ | തന്റെ സുഹൃത്തും |
| ഗുഹ്യക— രക്ഷസാം | ഗുഹ്യകന്മാർ — രക്ഷസ്സുകൾ എന്നിവരുടെ |
| ഭർത്രാ ച | നാഥനുമായ കുബേരനാലും |
| ഉപാസ്യമാനം | ഉപാസിക്കപ്പെട്ടുകൊണ്ടു് സ്ഥിതിചെയ്യുന്ന |
| സംശാന്ത— വിഗ്രഹം | അതിശാന്തമൂർത്തിയെ (ദർശിച്ചു). |

35 വിദ്യാതപോയോഗപഥമാസ്ഥിതം തമധീശ്വരം
ചരന്തം വിശ്വസുഹൃദം വാത്സല്യാല്ലോകമംഗളം

| | |
|---|---|
| വിദ്യാതപോ-യോഗപഥം | ഉപാസന, ചിത്തൈകാഗ്രത, സമാധി എന്നിവയുടെ മാൎഗ്ഗത്തെ |
| ആസ്ഥിതം | അനുഷ്ഠാനംചെയ്യുന്ന |
| വിശ്വസുഹൃദം | സൎവ്വലോകഹിതൈഷിയും, |
| വാത്സല്യാത് | ലോകസ്നേഹത്താൽ |
| ലോകമംഗളം | ലോകകല്യാണകരമായ തപസ്സിനെ |
| ചരന്തം | ആചരിക്കുന്നവനുമായ |
| തം അധീശ്വരം | ആ ലോകാധിനാഥനെ (ദൎശിച്ചു) |

36 ലിംഗം ച താപസാഭീഷ്ടം ഭസ്മദണ്ഡജടാജിനം
അംഗേന സന്ധ്യാഭ്രരുചാ ചന്ദ്രലേഖാം ച ബിഭ്രതം

| | |
|---|---|
| താപസാഭീഷ്ടം | തപസ്വികൾക്കിഷ്ടമായ |
| ഭസ്മദണ്ഡ-ജടാജിനം | ഭസ്മം, ദണ്ഡം, ജട, മാൻതോൽ, എന്നീ തരത്തിലുള്ള |
| ലിംഗം ച | ചിഹ്നത്തേയും |
| ചന്ദ്രലേഖാം ച | ചന്ദ്രക്കലയേയും |
| സന്ധ്യാഭ്രരുചാ | അന്തിവാനത്തിനൊത്ത കാന്തിയേന്തിയ |
| അംഗേന | തിരുവുടൽകൊണ്ടു് |
| ബിഭ്രതം | ധരിച്ചിരിക്കുന്നവനും, |

37 ഉപവിഷ്ടം ദൎഭമയ്യാം ബൃസ്യാം ബ്രഹ്മ സനാതനം
നാരദായ പ്രവോചന്തം പൃച്ഛതേ ശൃണ്വതാം സതാം

| | |
|---|---|
| ദൎഭമയ്യാം | ദൎഭപ്പുല്ലുകൊണ്ടുള്ള |
| ബൃസ്യാം | വ്രതാസനത്തിൽ |
| ഉപവിഷ്ടം | ഇരുന്നരുളുന്നവനും, |
| പൃച്ഛതേ | ചോദിച്ചുകൊണ്ടിരിക്കുന്ന |
| നാരദായ | നാരദമഹൎഷിക്കു് |
| സതാം | പുണ്യാത്മാക്കളെല്ലാം |
| ശൃണ്വതാം | കേട്ടുനില്ക്കെ, |
| സനാതനം | ശാശ്വതമായ |
| ബ്രഹ്മ | ബ്രഹ്മവിദ്യയെ |
| പ്രവോചന്തം | ഉപദേശിക്കുന്നവനും, |

38 കൃത്വോരൗ ദക്ഷിണേ സവ്യം പാദപദ്മം ച ജാനുനി
ബാഹും പ്രകോഷ്ഠേക്ഷമാലാമാസീനം തൎക്കമുദ്രയാ.

| | |
|---|---|
| ദക്ഷിണേ | വലത്തെ |
| ഊരൗ | തുടമേൽ |
| സവ്യം | ഇടത്തെ |
| പാദപദ്മം | പാദകമലത്തേയും |
| (സവ്യേ) ജാനുനി | ഇടത്തെ കാൽമുട്ടിന്മേൽ |
| ബാഹും ച | ഇടത്തെ കരത്തേയും |
| കൃത്വാ | വെച്ചു്, |
| (ദക്ഷിണേ) | വലത്തെ |
| പ്രകോഷ്ഠേ | കൈത്തണ്ടയിൽ |
| അക്ഷമാലാം | ജപമാലയേയും |
| (കൃത്വാ) | ധരിച്ചു് |
| തൎക്കമുദ്രയാ | തൎക്കമുദ്രയോടുകൂടി* |
| ആസീനം | ഇരുന്നരുളുന്ന |
| (ശിവം | പരമശിവനെ |
| ദദൃശുഃ) | ദൎശിച്ചു. |

* പെരുവിരലിന്റെയും ചൂണ്ടുവിരലിന്റെയും അഗ്രങ്ങൾ അന്യോന്യം യോജിപ്പിച്ചു് മററു വിരലുകൾ വിടർത്തികാണിക്കുംപ്രകാരത്തിലുള്ള ഹസ്തമുദ്ര.

39 തം ബ്രഹ്മനിർവ്വാണസമാധിമാശ്രിതം
വ്യുപാശ്രിതം ഗിരിശം യോഗകക്ഷാം
സലോകപാലാ മുനയോ മനൂനാ-
മാദ്യം മനും പ്രാഞ്ജലയഃ പ്രണേമുഃ

| | | | |
|---|---|---|---|
| ബ്രഹ്മനിർവ്വാണ-സമാധിം | ബ്രഹ്മാനന്ദത്തിൽ ചിത്തൈകാഗ്രതയെ | ആദ്യം | പ്രമുഖനായിരിക്കുന്ന |
| ആശ്രിതം | പ്രാപിച്ചിരിക്കുന്നവനും | മനും | മനനശീലനുമായ |
| യോഗകക്ഷാം | യോഗപട്ടത്തെ | തം ഗിരിശം | ആ കൈലാസനാഥനെ |
| വ്യുപാശ്രിതം | മുറുക്കി ധരിച്ചിരിക്കുന്നവനും | സലോകപാലാഃ | ലോകപാലന്മാരോടുകൂടിയ |
| മനൂനാം | മനനശീലന്മാരുടെ ഇടയിൽ | മുനയഃ | മുനിമാർ |
| | | പ്രാഞ്ജലയഃ | കൂപ്പുകൈകളോടുകൂടെ |
| | | പ്രണേമുഃ | നമസ്കരിച്ചു. |

40 സ തൂപലഭ്യാഗതമാത്മയോനിം
സുരാസുരേശൈരഭിവന്ദിതാംഘ്രിഃ
ഉത്ഥായ ചക്രേ ശിരസാഭിവാദന-
മർഹത്തമഃ കസ്യ യഥൈവ വിഷ്ണുഃ.

| | | | |
|---|---|---|---|
| സുരാസുരേശൈഃ | സുരേന്ദ്രന്മാരാലും അസുരേന്ദ്രന്മാരാലും | അർഹത്തമഃ | മഹാസംപൂജ്യനായ |
| അഭിവന്ദി-താംഘ്രിഃ | അഭിവന്ദിതമായ തൃപ്പാദത്തോടുകൂടിയ | വിഷ്ണുഃ | വാമനമൂർത്തി |
| സഃ തു | ആ ശ്രീരുദ്രനാകട്ടെ | കസ്യ | കശ്യപപ്രജാപതിക്കു് |
| ആത്മയോനിം | സ്വകാരണനായ ബ്രഹ്മദേവനെ | യഥാ ഏവ | എന്നതുപോലെത്തന്നെ, |
| ആഗതം | വന്നിരിക്കുന്നതായിട്ടു് | ഉത്ഥായ | എഴുന്നേററിട്ടു് |
| ഉപലഭ്യ | അറിഞ്ഞു്, | ശിരസാ | ശിരസ്സിനാൽ |
| | | അഭിവാദനം | അഭിവന്ദനത്തെ |
| | | ചക്രേ | ചെയ്തു. |

41 തഥാ പരേ സിദ്ധഗണാ മഹർഷിഭിർ-
യേ വൈ സമന്താദനു നീലലോഹിതം
നമസ്കൃതഃ പ്രാഹ ശശാങ്കശേഖരം
കൃതപ്രണാമം പ്രഹസന്നിവാത്മഭൂഃ.

| | | | |
|---|---|---|---|
| തഥാ | അതേവിധം | നീലലോഹിതം | ശ്രീപരമേശ്വരനെ |
| മഹർഷിഭിഃ | മഹർഷിമാരോടുകൂടി | അനു | അനുവർത്തിച്ചുകൊണ്ടു് |

| | | | |
|---|---|---|---|
| സമന്താത് | ചുററുപാടും നിന്നിരുന്ന | ആത്മഭൂഃ | ബ്രഹ്മാവ് |
| യേ വൈ | യാവചില | കൃതപ്രണാമം | എല്ലാവരാലും ചെയ്യപ്പെട്ട നമസ്കാരത്തോടു കൂടിയ |
| സിദ്ധഗണാഃ | സിദ്ധന്മാർ | | |
| പരേ | വേറെ ഉണ്ടായിരുന്ന | | |
| (തേ അപി | അവരും [വോ, | ശശാങ്കശേഖരം | ചന്ദ്രശേഖരനോട് |
| അഭിവന്ദനം | അഭിവന്ദനത്തെ | | |
| ചക്രുഃ) | ചെയ്തു. | പ്രഹസൻ ഇവ | കുറഞ്ഞൊന്നു മന്ദഹസിച്ചുകൊണ്ട് |
| നമസ്കൃതഃ | ഇങ്ങനെ എല്ലാവരാലും നമസ്കരിക്കപ്പെട്ട | പ്രാഹ | പറഞ്ഞു. |

42 ജാനേ ത്വാമീശം വിശ്വസ്യ ജഗതോ യോനിബീജയോഃ
ശക്തേഃ ശിവസ്യ ച പരം യത്തദ് ബ്രഹ്മനിരന്തരം

| | | | |
|---|---|---|---|
| ജഗതഃ | പ്രപഞ്ചത്തിൻെറ | ത്വാം | അങ്ങയെ |
| യോനി-ബീജയോഃ | യോനിയും ബീജവുമാകുന്ന | ജാനേ | ഞാൻ അറിയുന്നു. |
| ശക്തേഃ | ശക്തിയുടേയും | (തഥാപി) | എന്നിരിക്കിലും, |
| ശിവസ്യ ച | ശിവൻെറയും (പ്രകൃതിയുടേയും പുരുഷൻെറയും) | നിരന്തരം | നിർഭേദമായ |
| | | ബ്രഹ്മ | നിർവികാരതത്ത്വം |
| പരം | പരമകാരണഭൂതനായി | യത് | യാതൊന്നൊ, |
| വിശ്വസ്യ | പ്രപഞ്ചത്തിൻെറ | തത് | അതും |
| ഈശം | നിയന്താവായിരിക്കുന്ന ഈശ്വരനായിട്ട് | (ത്വം ഇതി | അങ്ങുതന്നെയാണെന്ന് |
| | | ജാനേ) | ഞാൻ അറിയുന്നു. |

"കേവലം താണവനെപ്പോലെ അങ്ങ് എന്നെ വന്ദിച്ചുനമസ്കരിച്ചുവെങ്കിലും അങ്ങയുടെ യോഗൈശ്വര്യവൈഭവത്തെക്കുറിച്ച് ഞാൻ തികച്ചും ബോധവാനാണ്. പ്രപഞ്ചത്തിൻെറ കാരണമായും നിർവികാരതത്ത്വമായും വർത്തിക്കുന്നതു് അങ്ങുതന്നെ" എന്നുഭാവം.

എന്നാൽ കാരണത്വവും നിർവികാരത്വവും അന്യോന്യവിരുദ്ധമാകയാൽ അവയ്ക്കു് ഏകത്ര സന്നിവേശം എങ്ങനെ എന്നാശങ്കിച്ചുപറയുന്നു.

43 ത്വമേവ ഭഗവന്നേതച്ഛിവശക്ത്യോഃ സ്വരൂപയോഃ
വിശ്വം സൃജസി പാസ്യത്സി ക്രീഡന്നൂർണപടോ യഥാ.

| | | | |
|---|---|---|---|
| ഭഗവൻ | ഭഗവാനേ! | ഊർണപടഃ | എട്ടുകാലി വല |
| ത്വം ഏവ | നിന്തിരുവടിതന്നെ | യഥാ | എന്നപോലെ |
| സ്വരൂപയോഃ | അവിഭക്തമായി ഒത്തിണങ്ങിയിരിക്കുന്ന | ഏതത് വിശ്വം | ഈ വിശ്വത്തെ |
| ശിവശക്ത്യോഃ | ശിവശക്തിസ്വരൂപങ്ങളിൽ | സൃജസി | സൃഷ്ടിക്കുന്നു; |
| | | പാസി | രക്ഷിക്കുന്നു; |
| ക്രീഡൻ | വിഹരിച്ചുകൊണ്ട് | അത്സി | സംഹരിക്കുന്നു. |

44 ത്വമേവ ധർമ്മാർത്ഥദുഘാഭിപത്തയേ
ദക്ഷേണ സൂത്രേണ സസർജ്ജിഥാധ്വരം
ത്വയൈവ ലോകേഽവസിതാശ്ച സേതവോ
യാൻ ബ്രാഹ്മണാഃ ശ്രദ്ദധതേ ധൃതവ്രതാഃ

| | | | |
|---|---|---|---|
| ധർമ്മാർത്ഥദുഘാഭിപത്തയേ | ധർമ്മത്തേയും അർത്ഥത്തേയും ഉളവാക്കിത്തരുന്ന വേദങ്ങളുടെ സംരക്ഷണത്തിന്നുവേണ്ടി | ബ്രാഹ്മണാഃ | ബ്രാഹ്മണന്മാർ |
| ദക്ഷേണ | ദക്ഷനാവുന്ന | യാൻ | യാതൊന്നുകളെ |
| സൂത്രേണ | നിമിത്തത്തിലൂടെ | ശ്രദ്ദധതേ | ശ്രദ്ധാപൂർവ്വം അനുഷ്ഠിച്ചുവരുന്നുവോ, |
| ത്വം ഏവ | അങ്ങുതന്നെ | (തേ) സേതവഃ | ആ ധർമ്മമര്യാദകൾ |
| അധ്വരം | യജ്ഞകർമ്മത്തെ | ത്വയാ ഏവ | അങ്ങയാൽത്തന്നെ |
| സസർജ്ജിഥ | സൃഷ്ടിച്ചു. | ലോകേ | ലോകത്തിൽ |
| ധൃതവ്രതാഃ | വ്രതം ധരിച്ചവരായ | അവസിതാഃ ച | നിബന്ധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. |

യജ്ഞകർമ്മങ്ങളുടെ സ്രഷ്ടാവുമാത്രമല്ല, അവയുടെ ഫലദാതാവും അങ്ങുതന്നെയാണെന്നു പറയുന്നു —

45 ത്വം കർമ്മണാം മംഗള മംഗളാനാം
കർത്തുഃ സ്മ ലോകേ തനുഷേ സ്വഃ പരം വാ
അമംഗളാനാം ച തമിസ്രമുൽബണം
വിപര്യയഃ കേന തദേവ കസ്യചിത്

| | | | |
|---|---|---|---|
| മംഗള | ഹേ മംഗളമൂർത്തേ! | അമംഗളാനാം | അശുഭകർമ്മങ്ങളുടെ |
| ലോകേ | ലോകത്തിൽ | (കർത്തുഃ) | കർത്താവിന്നു് |
| മംഗളാനാം | ശുഭങ്ങളായ | ഉൽബണം | അതിഘോരമായ |
| കർമ്മണാം | കർമ്മങ്ങളുടെ | തമിസ്രം ച | നരകവും (നല്കുന്നു) |
| കർത്തുഃ | കർത്താവിന്നു് | തത് ഏവ | അതിൽത്തന്നെ |
| സ്വഃ | സ്വർഗ്ഗത്തെയോ, | കസ്യചിത് | ഒരാൾക്കു് |
| പരം വാ | മോക്ഷത്തെത്തന്നെയോ | കേന | എന്തുകൊണ്ടു് |
| ത്വം | നിന്തിരുവടി | വിപര്യയഃ | വിപരീതഫലമുണ്ടായി? |
| തനുഷേ സ്മ | കനിഞ്ഞരുളുന്നു. | | |

ശുഭമായ യജ്ഞകർമ്മം ചെയ്ത ദക്ഷന്നു് വിപരീതഫലമുണ്ടായതെങ്ങനെയെന്നു് വ്യംഗ്യം.

ഭഗവാന്റെ കോപം അതിന്നു കാരണമാകാൻ ഇടയില്ലെന്നു് ഇനി ഭംഗ്യന്തരേണ പറയുന്നു.

46 ന വൈ സതാം ത്വച്ചരണാർപ്പിതാത്മനാം
ഭൂതേഷു സർവ്വേഷ്വഭിപശ്യതാം തവ
ഭൂതാനി ചാത്മന്യപൃഥഗ്ദിദൃക്ഷതാം
പ്രായേണ രോഷോഽഭിഭവേദ്യഥാ പശും

| | | | |
|---|---|---|---|
| സർവ്വേഷു | സർവ്വങ്ങളായ | തച്ചരണാർപ്പിതാത്മനാം | ഭവൽപാദങ്ങളിൽ അർപ്പിതമായ മനസ്സോടുകൂടിയവരുമായ |
| ഭൂതേഷു | ചരാചരങ്ങളിൽ | സതാം വൈ | സത്തുക്കളെപ്പോലും |
| തവ | അങ്ങയെ | പശും യഥാ | മൃഗപ്രായനായുള്ളവനെ ബാധിക്കുന്നപോലെ |
| അഭിപശ്യതാം | നേരിൽ കാണുന്നവരും | രോഷഃ | കോപം |
| ഭൂതാനി ച | സർവ്വചരാചരങ്ങളേയും | പ്രായേണ | അധികപക്ഷവും |
| ആത്മനി | തന്നിൽ | ന അഭിഭവേത് | ബാധിക്കുകയില്ല. |
| അപൃഥഗ്ദിദൃക്ഷതാം | ഭേദഭാവമെന്നിയെ കാണ്മാൻ അഭിലഷിക്കുന്നവരും | | |

ഭവൽസേവകന്മാരെപ്പോലും ബാധിക്കാത്ത കോപം ഭവാനെ ബാധിക്കയില്ലെന്നു് പ്രത്യേകം പറയണമോ? എന്നുസാരം.

47 പൃഥഗ്ധിയഃ കർമ്മദൃശോ ദുരാശയാഃ
പരോദയേനാർപ്പിതഹൃദ്രുജോഽനിശം
പരാൻ ദുരുക്തൈർവിതുദന്ത്യരുന്തുദാഃ
താൻ മാ വധീദ്ദൈവവധാൻ ഭവദ്വിധഃ

| | | | |
|---|---|---|---|
| പൃഥഗ്ധിയഃ | ഭേദബുദ്ധിയുള്ളവരും | പരാൻ അനിശം | അന്യന്മാരെ എപ്പോഴും |
| കർമ്മദൃശഃ | കർമ്മമാർഗ്ഗത്തിൽമാത്രം നോട്ടമുള്ളവരും | ദുരുക്തൈഃ | ദുർവ്വചനങ്ങൾകൊണ്ടു് |
| ദുരാശയാഃ | ദുഷിച്ച മനസ്സുള്ളവരും | വിതുദന്തി | ശല്യപ്പെടുത്തുന്നു, |
| പരോദയേന | പരോൽകർഷയാൽ | ദൈവവധാൻ | ദൈവംതന്നെ വധംകഴിച്ചിട്ടുള്ള |
| അർപ്പിതഹൃദ്രുജഃ | ഉണ്ടാക്കപ്പെട്ട ഹൃദ്രോഗത്തോടുകൂടിയവരും | താൻ | അവരെ |
| അരുന്തുദാഃ | മർമ്മത്തെ പിളക്കുന്നവരുമായ ചിലർ | ഭവദ്വിധഃ | അങ്ങയെപ്പോലുള്ള ഒരു സൽപുരുഷൻ |
| | | മാ വധീത് | നിഗ്രഹിക്കേണ്ടതില്ല. |

നിഗ്രഹിക്കാതിരുന്നാൽ പോരാ, അനുഗ്രഹിക്കുകകൂടി ചെയ്യണമെന്നാണ് താഴെ രണ്ടുശ്ലോകംകൊണ്ടു് പറയുന്നതു്.

48 യസ്മിൻ യദാ പുഷ്കരനാഭമായയാ
ദുരന്തയാ സ്പൃഷ്ടധിയഃ പൃഥഗ്ദൃശഃ
കുർവ്വന്തി തത്ര ഹ്യനുകമ്പയാ കൃപാം
ന സാധവോ ദൈവബലാത് കൃതേ ക്രമം

| | | | |
|---|---|---|---|
| ദുരന്തയാ | അപാരമായ | സ്പൃഷ്ടധിയഃ | ബാധിക്കപ്പെട്ട ബുദ്ധിയോടുകൂടിയവർ |
| പുഷ്കരനാഭമായയാ | ഈശ്വരമായാവൈഭവത്താൽ | യസ്മിൻ | യാതൊരിടത്തിൽ |
| | | യദാ | യാതൊരുനേരത്തു് |

| | | | |
|---|---|---|---|
| പൃഥഗ്ദൃശഃ | ഭേദദൃഷ്ടികളായിത്തീരുന്നുവോ, | സാധവഃ | സൽപുരുഷന്മാർ |
| (തദാ) | അന്നേരത്തു് | അനുകമ്പയാ | ദയകൊണ്ടു് |
| തത്ര | അവിടത്തിൽ | കൃപാം ഹി | കാരുണ്യത്തെ മാത്രമേ |
| ദൈവബലാത് | വിധിബലത്താൽ | കുർവ്വന്തി | ചെയ്യുകയുള്ളു; |
| കൃതേ | ചെയ്യപ്പെട്ട തെററിൽ | ക്രമം ന | പരാക്രമത്തെ ചെയ്യുകയില്ല. |

49 ഭവാംസ്തു പുംസഃ പരമസ്യ മായയാ
ദുരന്തയാഽസ്പൃഷ്ടമതിഃ സമസ്തദൃക്
തയാ ഹതാത്മസ്വനുകർമ്മചേതഃ-
സ്വനുഗ്രഹം കർത്തുമിഹാർഹസി പ്രഭോ

| | | | |
|---|---|---|---|
| ഭവാൻ തു | ഭവാനാകട്ടെ | പ്രഭോ | ഹേ സർവ്വശക്ത! |
| പരമസ്യ | സർവ്വാധികനായ | തയാ | ആ മായയാൽ |
| പുംസഃ | സർവ്വേശ്വരന്റെ | ഹതാത്മസു | തകർക്കപ്പെട്ട ബുദ്ധിയോടും |
| ദുരന്തയാ | അളവററ | അനുകർമ്മചേതസ്സു | പ്രാരബ്ധകർമ്മാനുസാരിയായ മനോവൃത്തിയോടുംകൂടിയവരിൽ |
| മായയാ | യോഗമായയാൽ | അനുഗ്രഹം | അനുഗ്രഹത്തെ |
| അസ്പൃഷ്ടമതിഃ | സ്പർശിക്കപ്പെട്ടിട്ടില്ലാത്ത ബുദ്ധിയോടുകൂടിയവനും | കർത്തും | ചെയ്യുവാൻ |
| സമസ്തദൃക് | എല്ലാം കണ്ടറിഞ്ഞവനമാണു്. | ഇഹ അർഹസി | ഇവിടെ അർഹിക്കുന്നു. |

ഇങ്ങനെ പൊതുവിൽ പറഞ്ഞശേഷം ഇവിടെ വേണ്ടതെന്തെന്നു് എടുത്തുപറയുന്നു

50 കുർവ്വധ്വരസ്യോദ്ധരണം ഹതസ്യ ഭോ-
സ്ത്വയാഽസമാപ്തസ്യ മനോ പ്രജാപതേഃ
ന യത്ര ഭാഗം തവ ഭാഗിനോ ദദുഃ
കുയജ്വിനോ യേന മഖോ നിനീയതേ.

| | | | |
|---|---|---|---|
| ഭോഃ മനോ | ഹേ മനനശീല! | നിനീയതേ | സഫലീകരിക്കപ്പെടുന്നതു്, |
| ത്വയാ | അങ്ങയാൽ | ഭാഗിനഃ | ആ യജ്ഞഭാഗാർഹനായ |
| ഹതസ്യ | വധിക്കപ്പെട്ട | തവ | അവിടുത്തേക്കു് |
| പ്രജാപതേഃ | ദക്ഷന്റെ | കുയജ്വിനഃ | കുത്സിതരായ യാജ്ഞികന്മാർ |
| അസമാപ്തസ്യ | മുഴമിപ്പിച്ചിട്ടില്ലാത്ത | യത്ര | യാതൊരു ആ യജ്ഞത്തിൽ |
| അധ്വരസ്യ | യജ്ഞത്തിന്റെ | ഭാഗം | ഹവിർഭാഗത്തെ |
| ഉദ്ധരണം | പുനരുജ്ജീവനത്തെ | ന ദദുഃ | നല്കിയിരുന്നില്ലല്ലോ. |
| കുരു | ചെയ്താലും. | | |
| യേന | യാതൊരാളാലാണോ, | | |
| മഖഃ | യജ്ഞം | | |

51 ജീവതാദ്യജമാനോഽയം പ്രപദ്യേതാക്ഷിണീ ഭഗഃ
ഭൃഗോഃ ശ്മശ്രൂണി രോഹന്തു പൂഷ്ണോ ദന്താശ്ച പൂർവ്വവത്.

| | | | |
|---|---|---|---|
| യജമാനഃ | യാഗം നിർവ്വഹിക്കുന്ന | ഭൃഗോഃ | ഭൃഗുവിന്നു് |
| അയം | ഈ ദക്ഷൻ | ശ്മശ്രൂണി | താടിരോമങ്ങളും |
| ജീവതാത് | ജീവിച്ചുകൊള്ളട്ടെ. | പൂഷ്ണഃ | പൂഷാവിന്നു് |
| ഭഗഃ | ഭഗൻ | ദന്താഃ ച | പല്ലുകളും |
| അക്ഷിണീ | കണ്ണുരണ്ടും | പൂർവ്വവത് | മുമ്പേത്തേതുപോലെ |
| പ്രപദ്യേത | ലഭിച്ചുകൊള്ളട്ടെ | രോഹന്തു | മുളച്ചുകൊള്ളട്ടെ. |

52 ദേവാനാം ഭഗ്നഗാത്രാണാമൃത്വിജാം ചായുധാശ്മഭിഃ
ഭവതാനുഗൃഹീതാനാമാശു മന്യോഽസ്ത്വനാതുരം.

| | | | |
|---|---|---|---|
| മന്യോ | ഹേ രുദ്രമൂർത്തേ! | ഭവതാ | അങ്ങയാൽ |
| ആയുധാശ്മഭിഃ | ആയുധങ്ങൾ കൊണ്ടും കല്ലുകൾ കൊണ്ടും | അനുഗൃഹീതാനാം | അനുഗ്രഹിക്കപ്പെട്ടവരായിട്ടു് |
| ഭഗ്നഗാത്രാണാം | മുറിവേല്ക്കപ്പെട്ട ശരീരത്തോടുകൂടിയ | ആശു | വേഗത്തിൽ |
| ദേവാനാം | ദേവന്മാർക്കും | അനാതുരം | ആരോഗ്യം |
| ഋത്വിജാം ച | ഋത്വിക്കുകൾക്കും | അസ്തു | ഉണ്ടാകട്ടെ. |

53 ഏഷ തേ രുദ്ര ഭാഗോഽസ്തു യദുച്ഛിഷ്ടോഽധ്വരസ്യ വൈ
യജ്ഞസ്തേ രുദ്ര ഭാഗേന കല്പതാമദ്യ യജ്ഞഹൻ

| | | | |
|---|---|---|---|
| രുദ്ര | ഹേ രുദ്ര! | യജ്ഞഹൻ | യജ്ഞഹന്താവേ! |
| അധ്വരസ്യ | യജ്ഞത്തിന്റെ | രുദ്ര | രുദ്രമൂർത്തേ! |
| ഉച്ഛിഷ്ടഃ | അവശിഷ്ടാംശം | തേ | അവിടുത്തെ |
| യത് വൈ | എത്രമാത്രമോ, അതത്രയും | ഭാഗേന | പങ്കോടുകൂടി |
| ഏഷഃ തേ | ഇതാ അവിടുത്തെ | അദ്യ യജ്ഞഃ | ഇനി യജ്ഞം |
| ഭാഗഃ അസ്തു | ഭാഗമായി ഭവിക്കട്ടെ. | കല്പതാം | പൂർത്തിയാകട്ടെ. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ

രുദ്രസാന്ത്വനം നാമ ഷഷ്ഠോഽധ്യായഃ ആദിതഃ ശ്ലോകാഃ 239.

നാലാം സ്കന്ധത്തിൽ ആറാമദ്ധ്യായം കഴിഞ്ഞു.

# സപ്തമോഽധ്യായഃ — അദ്ധ്യായം ഏഴ്.

## ദക്ഷയജ്ഞസമാപനം.

"സപ്തമേ വിഷ്ണുരുദ്ഭൂതസ്തതോ ദക്ഷഭവാദിഭിഃ
യജ്ഞം പ്രവർത്തയാമാസ ദക്ഷേണേതി നിരൂപ്യതേ"

ശ്രീവിഷ്ണു ആവിർഭവിച്ച് ദക്ഷനാലും ശിവനാലും മററും സംസ്തുതനായിട്ട് ദക്ഷനെക്കൊണ്ട് യജ്ഞം പൂർത്തിയാക്കിച്ച പ്രകാരത്തെ ഈ അദ്ധ്യായത്തിൽ പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

1 ഇത്യജേനാനുനീതേന ഭവേന പരിതുഷ്യതാ
അഭ്യധായി മഹാബാഹോ പ്രഹസ്യ ശ്രൂയതാമിതി.

| | | | |
|---|---|---|---|
| മഹാബാഹോ | മഹാബാഹുവായ വിദുര! | പരിതുഷ്യതാ | അകം തെളിഞ്ഞ |
| | | ഭവേന | പരമശിവനാൽ |
| ഇതി | ഇപ്രകാരം | പ്രഹസ്യ | മന്ദഹസിച്ച് |
| അജേന | ബ്രഹ്മാവിനാൽ | ശ്രൂയതാം ഇതി | 'കേട്ടാലും' എന്നു |
| അനുനീതേന | അനുനയിക്കപ്പെട്ട് | അഭ്യധായി | അരുളിച്ചെയ്യപ്പെട്ടു. |

ശ്രീ മഹാദേവ ഉവാച = ശ്രീ മഹാദേവൻ അരുളിച്ചെയ്തു.

2 നാഘം പ്രജേശ ബാലാനാം വർണ്ണയേ നാനുചിന്തയേ
ദേവമായാഭിഭൂതാനാം ദണ്ഡസ്തത്ര ധൃതോ മയാ.

| | | | |
|---|---|---|---|
| പ്രജേശ | ഹേ ബ്രഹ്മൻ! | അഹം | ഞാൻ |
| ദേവമായാഭിഭൂതാനാം | ലീലാമയനായ സർവ്വേശ്വരൻെറ മായയാൽ ബാധിതരായ | ന വർണ്ണയേ | വലുതാക്കിയെടുക്കാറില്ല; |
| | | ന അനുചിന്തയേ | ഓർക്കാറുമില്ല. |
| | | തത്ര | ആ അപരാധത്തിൽ |
| ബാലാനാം | ബാലിശന്മാരുടെ | മയാ | എന്നാൽ |
| അഘം | അപരാധത്തെ | ദണ്ഡഃ ധൃതഃ | ശിക്ഷചെയ്യപ്പെട്ടതാണ് |

3 പ്രജാപതേർദ്ദഗ്ദ്ധശീർഷ്ണോ ഭവത്വജമുഖം ശിരഃ
മിത്രസ്യ ചക്ഷുഷേക്ഷേത ഭാഗം സ്വം ബർഹിഷോ ഭഗഃ

| | | | |
|---|---|---|---|
| ദഗ്ദ്ധശീർഷ്ണഃ | തലവെന്തുപോയ | അജമുഖം | ആടിൻെറ മുഖമുള്ള |
| പ്രജാപതേഃ | ദക്ഷന്നു | ശിരഃ ഭവതു | തലയുണ്ടാകട്ടെ. |

| | | | |
|---|---|---|---|
| ഭഗഃ സ്വം | ഭഗൻ തനിക്കുള്ള | മിത്രസ്യ | മിത്രന്റെ |
| | | ചക്ഷുഷാ | നേത്രംകൊണ്ട് |
| ബർഹിഷഃ ഭാഗം | യജ്ഞഭാഗത്തെ | ഈക്ഷേത | കണ്ടുകൊള്ളട്ടെ |

4 പൂഷാ തു യജമാനസ്യ ദദ്ഭിർജക്ഷതു പിഷ്ടഭുക്
ദേവാഃ പ്രകൃതസർവ്വാംഗാ യേ മ ഉച്ഛേഷണം ദദുഃ.

| | | | |
|---|---|---|---|
| പൂഷാ തു | പൂഷാവാകട്ടെ | യേ | യാതൊരുവർ |
| യജമാനസ്യ | യജ്ഞകർത്താവിന്റെ | മേ | എനിക്ക് |
| ദദ്ഭിഃ | പല്ലുകൾകൊണ്ട് (ചവച്ച്) | ഉച്ഛേഷണം | യജ്ഞാവശേഷത്തെ |
| | | ദദുഃ | നല്കിയോ, |
| ജക്ഷതു | ഭക്ഷിക്കട്ടെ; | (തേ) ദേവാഃ | ആ ദേവന്മാർ |
| പിഷ്ടഭുക് | അരച്ചുകലക്കിയതു ഭക്ഷിക്കുന്നവനായിട്ട് | പ്രകൃതസർവ്വാംഗാഃ | വീണ്ടും സുപുഷ്ടമായ സർവ്വാംഗത്തോടുകൂടിയവരായുംഭവിക്കട്ടെ. |
| (ഭവതു വാ) | ഭവിക്കയോ ചെയ്യട്ടെ | | |

5 ബാഹുഭ്യാമശ്വിനോഃ പൂഷ്ണോ ഹസ്താഭ്യാം കൃതബാഹവഃ
ഭവന്ത്വധ്വര്യവശ്ചാന്യേ ബസ്തശ്മശ്രുർഭൃഗുർഭവേത്.

| | | | |
|---|---|---|---|
| അധ്വര്യവഃ | അധ്വര്യുക്കളും | കൃതബാഹവഃ | കല്പിതങ്ങളായ ബാഹുക്കളോടുകൂടിയവരായി |
| അന്യേ ച | മററു ഋത്വിക്കുകളും | ഭവന്തു | ഭവിക്കട്ടെ, |
| അശ്വിനോഃ | അശ്വനീദേവന്മാരുടെ | ഭൃഗുഃ | ഭൃഗുമുനി |
| ബാഹുഭ്യാം | ഭുജങ്ങൾകൊണ്ടും | ബസ്തശ്മശ്രുഃ | ആടിന്റെ താടിവെച്ചവനായും |
| പൂഷ്ണഃ | പൂഷാവിന്റെ | | |
| ഹസ്താഭ്യാം | കരങ്ങൾകൊണ്ടും | ഭവേത് | ഭവിക്കട്ടെ |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

6 തദാ സർവ്വാണി ഭൂതാനി ശ്രുത്വാ മീഢുഷ്ടമോദിതം
പരിതുഷ്ടാത്മഭിസ്താത സാധു സാധ്വിത്യഥാബ്രുവൻ

| | | | |
|---|---|---|---|
| താത | വത്സ വിദുര! | ശ്രുത്വാ | കേട്ട്, |
| തദാ | അന്നേരത്ത് | പരിതുഷ്ടാത്മഭിഃ | സന്തുഷ്ടമായ മാനസത്തോടുകൂടെ |
| സർവ്വാണി | എല്ലാ | | |
| ഭൂതാനി | ജീവരാശികളും | സാധു സാധു | 'നന്നായി! നന്നായി!' |
| മീഢുഷ്ടമോദിതം | ശ്രീപരമേശ്വരന്റെ അനുഗ്രഹവചനത്തെ | ഇതി അഥ | എന്നിങ്ങനെ തുടരെ |
| | | അബ്രുവൻ | പറഞ്ഞു. |

7 തതോ മീഢ്വാംസമാമന്ത്ര്യ ശുനാസീരാഃ സഹർഷിഭിഃ
ഭൂയസ്തദ്ദേവയജനം സമീഢ്വദ്വേധസോ യയുഃ

| | | | |
|---|---|---|---|
| തതഃ | അനന്തരം | ഋഷിഭിഃ സഹ | ഋഷിമാരോടുകൂടി |
| മീഢ്വാംസം | ശിവനോട് | സമീഢ്വ-ദ്വേധസഃ | ശിവനോടും ബ്രഹ്മാവിനോടും സഹിതരായിട്ട് |
| ആമന്ത്ര്യ | 'ഭവാൻതന്നെ ഇതെല്ലാം സാധിപ്പിക്കണ'മെന്ന് അപേക്ഷിച്ചശേഷം | ഭൂയഃ | വീണ്ടും |
| | | തത് ദേവ-യജനം | ആ യജ്ഞഭൂമിയിലേക്ക് |
| ശുനാസീരാഃ | ദേവന്മാർ | യയുഃ | യാത്രതിരിച്ചു. |

8 വിധായ കാർത്സ്ന്യേന ച തദ്യദാഹ ഭഗവാൻ ഭവഃ
സന്ദധുഃ കസ്യ കായേന സവനീയപശോഃ ശിരഃ

| | | | |
|---|---|---|---|
| ഭഗവാൻ | സമഗ്രൈശ്വര്യനിധിയായ | കസ്യ | ദക്ഷപ്രജാപതിയുടെ |
| ഭവഃ | ശ്രീ രുദ്രൻ | കായേന | ഉടലോടുകൂടി |
| യത് ആഹ | യാതൊന്നരുളിയോ | സവനീയ-പശോഃ ശിരഃ | യജ്ഞത്തിൽ ഹിംസിക്കപ്പെട്ട ആടിന്റെ തലയെ |
| തത് ച | അതെല്ലാം | | |
| കാർത്സ്ന്യേന | പരിപൂർണ്ണമായി | | |
| വിധായ | നിവ്വഹിച്ച് | സന്ദധുഃ | കൂട്ടിയോജിപ്പിച്ചു. |

9 സന്ധീയമാനേ ശിരസി ദക്ഷോ രുദ്രാഭിവീക്ഷിതഃ
സദ്യഃ സുപ്ത ഇവോത്തസ്ഥൗ ദദൃശേ ചാഗ്രതോ മൃഡം.

| | | | |
|---|---|---|---|
| ശിരസി | ശിരസ്സ് | ഇവ | എന്നതുപോലെ |
| സന്ധീയമാനേ | സന്ധാനം ചെയ്യപ്പെട്ടപ്പോൾ | സദ്യഃ | ഉടനടി |
| ദക്ഷഃ | ദക്ഷൻ | ഉത്തസ്ഥൗ | എഴുന്നേററു. |
| രുദ്രാഭി-വീക്ഷിതഃ | ശ്രീ രുദ്രനാൽ അഭിവീക്ഷിതനായിട്ട്, | അഗ്രതഃ | മുന്നിൽ |
| | | മൃഡം | ശിവനെ |
| സുപ്തഃ | ഉറങ്ങിയിരുന്നവൻ | ദദൃശേ ച | കാണുകയും ചെയ്തു. |

10 തദാ വൃഷധ്വജദ്വേഷകലിലാത്മാ പ്രജാപതിഃ
ശിവാവലോകാദഭവച്ഛരദ്ധ്രദ ഇവാമലഃ.

| | | | |
|---|---|---|---|
| വൃഷധ്വജ-ദ്വേഷ-കലിലാത്മാ | ശിവവിദ്വേഷത്താൽ പങ്കിലചിത്തനായിരുന്ന | ശിവാവ-ലോകാത് | ശിവന്റെ തൃക്കടാക്ഷം ഏററതിനാൽ |
| | | ശരദ്ധ്രദഃ ഇവ | ശരൽകാലത്തെ ജലാശയം എന്നപോലെ |
| പ്രജാപതിഃ | ദക്ഷൻ | അമലഃ | തെളിവുററവനായി |
| തദാ | അന്നേരത്ത് | അഭവത് | ഭവിച്ചു |

11 ഭവസ്തവായ കൃതധീർനാശക്നോദനുരാഗതഃ
ഔത്കണ്ഠ്യാദ്ബാഷ്പകലയാ സംപരേതാം സുതാം സ്മരൻ.

| | | | |
|---|---|---|---|
| ഭവസ്തവായ | ശിവനെ സ്തുതിക്കുന്നതിനു് | അനുരാഗതഃ | വാത്സല്യത്താലും |
| കൃതധീഃ | കൃതനിശ്ചയനായ ദക്ഷൻ | ഔത്കണ്ഠ്യാത് | ഔത്സുക്യത്താലും ഉണ്ടായ |
| സംപരേതാം | മരിച്ചുപോയ | ബാഷ്പകലയാ | കണ്ണുനീരിനാൽ |
| സുതാം | മകളെ | ന അശക്നോത് | ശക്തനായില്ല. |
| സ്മരൻ | ഓർത്തിട്ടു് | | |

12 കൃച്ഛ്രാത് സംസ്തഭ്യ ച മനഃ പ്രേമവിഹ്വലിതഃ സുധീഃ
ശശംസ നിർവ്യളീകേന ഭാവേനേശം പ്രജാപതിഃ

| | | | |
|---|---|---|---|
| പ്രേമവിഹ്വലിതഃ | സ്നേഹവിവശീകൃതനും | മനഃ | മനസ്സിനെ |
| സുധീഃ | സുബുദ്ധിയായവനുമായി ഭവിച്ച | സംസ്തഭ്യ ച | ഒതുക്കിയശേഷം |
| പ്രജാപതിഃ | ദക്ഷൻ | നിർവ്യളീകേന | നിഷ്കപടമായ |
| കൃച്ഛ്രാത് | പണിപ്പെട്ടു് | ഭാവേന | ഭക്തിയോടെ |
| | | ഈശം | ശിവനെ |
| | | ശശംസ | സ്തോത്രം ചെയ്തു. |

ദക്ഷ ഉവാച = ദക്ഷൻ പറഞ്ഞു.

13 ഭൂയാനനുഗ്രഹ അഹോ ഭവതാ കൃതോ മേ
ദണ്ഡസ്ത്വയാ മയി ഭൃതോ യദപി പ്രലബ്ധഃ
ന ബ്രഹ്മബന്ധുഷു ച വാം ഭഗവന്നവജ്ഞാ
തുഭ്യം ഹരേശ്ച കുത ഏവ ധൃതവ്രതേഷു.

| | | | |
|---|---|---|---|
| പ്രലബ്ധഃ യദപി | അവമാനിക്കപ്പെട്ടവനായെങ്കിലും കൂടി | ത്വയാ | നിന്തിരുവടിയാൽ |
| ഭവതാ | നിന്തിരുവടിയാൽ | ദണ്ഡഃ ഭൃതഃ | ശിക്ഷയേല്പിക്കപ്പെട്ടു |
| മേ | എനിക്കു് | ഭഗവൻ | മഹാനുഭാവ ! |
| ഭൂയാൻ | മഹത്തായ | തുഭ്യം | അവിടുത്തേക്കും |
| അനുഗ്രഹഃ | അനുഗ്രഹമാണു് | ഹരേഃ ച | ശ്രീഹരിക്കും— |
| കൃതഃ | ചെയ്യപ്പെട്ടതു് | വാം | ഭവാന്മാരിരുവർക്കും |
| അഹോ | ആശ്ചര്യം തന്നെ | ബ്രഹ്മബന്ധുഷു ച | അധമ ബ്രാഹ്മണരിൽപ്പോലും |
| മയി | എന്നിൽ (അനുഗ്രഹാർത്ഥം) | അവജ്ഞാ ന | അവമതിയില്ല. |
| | | ധൃതവ്രതേഷു | ഉത്തമ ബ്രാഹ്മണരിൽ |
| | | കുതഃ | പിന്നെയുണ്ടാകുമോ ? |

ഉണ്ടാകാതെയിരിപ്പാനുള്ള കാരണം പറയുന്നു.

14 വിദ്യാതപോവ്രതധരാൻ മുഖതഃ സ്മ വിപ്രാൻ
ബ്രഹ്മാഽഽത്മതത്ത്വമവിതും പ്രഥമം ത്വമസ്രാൿ
തദ്ബ്രാഹ്മണാൻ പരമ സർവ്വവിപത്സു പാസി
പാലഃ പശൂനിവ വിഭോ പ്രഗൃഹീതദണ്ഡഃ.

| | | | |
|---|---|---|---|
| ത്വം | നിന്തിരുവടി | അസ്രാൿ സ്മ | സൃഷ്ടിച്ചുവല്ലോ. |
| പ്രഥമം | ആദിയിൽ | പരമ | ഹേ ഉത്തമോത്തമ ! |
| ബ്രഹ്മാ | ബ്രഹ്മാവായിരുന്നിട്ട് | വിഭോ | സർവ്വസമർത്ഥ ! |
| ആത്മതത്ത്വം | ആത്മതത്ത്വജ്ഞാനത്തെ | തത് | ആകയാൽ, |
| അവിതും | സംരക്ഷിക്കുവാൻ (സംപ്രദായക്രമേണ നിലനിർത്തുവാൻ) വേണ്ടി | പാലഃ | മേവുകാരൻ |
| വിദ്യാതപോവ്രതധരാൻ | വിദ്യ, തപസ്സ്, വ്രതം എന്നിവയെ കൊണ്ടു നടത്തുന്ന | പശൂൻ ഇവ | പശുക്കളെയെന്ന വിധം |
| വിപ്രാൻ | ബ്രാഹ്മണരെ | പ്രഗൃഹീതദണ്ഡഃ | വേണ്ടവഴിക്കു് തെളിക്കുവാൻ കൈയിൽ വടിയുമായിട്ട് |
| മുഖതഃ | മുഖത്തിൽനിന്നു് | ബ്രാഹ്മണാൻ | ബ്രാഹ്മണരെ |
| | | സർവ്വവിപത്സു | എല്ലാ അപകടങ്ങളിലും |
| | | പാസി | കാത്തുപോരുന്നു. |

നിന്തിരുവടി ദണ്ഡം ഉപയോഗിക്കുന്നതു് അവർ അപഥത്തിൽ ചരിക്കാതിരിക്കുവാനാണെന്നു് സാരം.

ഇങ്ങനെ ശിക്ഷയിലൂടെ സന്മാർഗ്ഗദർശനം തന്നതിന്നു് പ്രത്യുപകാരം ചെയ്യുവാൻ താനശക്തനാണെന്നു് താഴെ കാണിക്കുന്നു.

15 യോഽസൗ മയാഽവിദിതതത്ത്വദൃശാ സഭായാം
ക്ഷിപ്തോ ദുരുക്തിവിശിഖൈരഗണയ്യ തന്മാം
അർവ്വാൿ പതന്തമർഹത്തമനിന്ദയാപാദ്-
ദൃഷ്ട്യാഽഽർദ്രയാ സ ഭഗവാൻ സ്വകൃതേന തുഷ്യേത്.

| | | | |
|---|---|---|---|
| അവിദിതതത്ത്വദൃശാ | തത്ത്വബോധം സിദ്ധിച്ചിട്ടില്ലാത്ത | അർഹത്തമനിന്ദയാ | സംപൂജ്യന്മാരെ നിന്ദിച്ചതുമൂലം |
| മയാ | എന്നാൽ | അർവ്വാൿ | താഴോട്ടു് |
| സഭായാം | സഭയിൽ വെച്ചു് | പതന്തം മാം | മറിഞ്ഞുവീഴുന്ന എന്നെ |
| യഃ അസൗ | യാതൊരു ഈ ഭഗവാൻ | ആർദ്രയാ | കനിവു കിനിയുന്ന |
| ദുരുക്തിവിശിഖൈഃ | ദുർഭാഷണങ്ങളാവുന്ന ബാണങ്ങളാം കൊണ്ടു് | ദൃഷ്ട്യാ | തൃക്കണ്ണാൽ |
| ക്ഷിപ്തഃ | എയ്യപ്പെട്ടിട്ടും, | അപാത് | കാത്തുരക്ഷിച്ചുവോ, |
| തത് | അതിനെ | സഃ ഭഗവാൻ | ആ ഭഗവാൻ |
| അഗണയ്യ | പരിഗണിക്കാതെ, | സ്വകൃതേന | തന്റെ സൽപ്രവൃത്തിയാൽത്തന്നെ |
| | | തുഷ്യേത് | പ്രസാദിക്കട്ടെ. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

16 ക്ഷമാപ്യൈവം സ മീഢുഷാം ബ്രഹ്മണാ ചാനുമന്ത്രിതഃ
കർമ്മ സന്താനയാമാസ സോപാധ്യായർത്ത്വിഗഗ്നിഭിഃ

| | | | |
|---|---|---|---|
| സഃ | ആ ദക്ഷൻ | സോപാധ്യായർത്ത്വിഗഗ്നിഭിഃ | ആചാര്യൻ, ഋത്വിക്കുകൾ, അഗ്നികൾ എന്നിവരോടുകൂടി |
| ഏവം | ഇപ്രകാരം | കർമ്മ | യജ്ഞകർമ്മത്തെ |
| മീഢുഷാം | ശ്രീരുദ്രനോട് | സന്താനയാമാസ | തുടർന്നു നടത്തി. |
| ക്ഷമാപ്യ | ക്ഷമാപണംചെയ്ത്, | | |
| ബ്രഹ്മണാ ച | ബ്രഹ്മാവിനാലും | | |
| അനുമന്ത്രിതഃ | ഉപദേശിക്കപ്പെട്ടവനായിട്ട്, | | |

17 വൈഷ്ണവം യജ്ഞസന്തത്യൈ ത്രികപാലം ദ്വിജോത്തമാഃ
പുരോഡാശം നിരവപൻ വീരസംസർഗ്ഗശുദ്ധയേ.

| | | | |
|---|---|---|---|
| ദ്വിജോത്തമാഃ | മഹാബ്രാഹ്മണന്മാർ | വൈഷ്ണവം | വിഷ്ണുദേവതാകമായി |
| യജ്ഞസന്തത്യൈ | യജ്ഞം നിർവ്വിഘ്നം നിറവേറുന്നതിന്നും | ത്രികപാലം | മൂന്നു സ്ഥാലികളിലായിട്ട് |
| വീരസംസർഗ്ഗശുദ്ധയേ | പ്രമഥവീരന്മാരുടെ സമ്പർക്കംമൂലം വന്നുചേർന്ന ദോഷം അകലുന്നതിന്നും വേണ്ടി | പുരോഡാശം | യജ്ഞീയഹവിസ്സിനെ |
| | | നിരവപൻ | ഒരുക്കിവെച്ചു. |

18 അധ്വര്യുണാത്തഹവിഷാ യജമാനോ വിശാംപതേ
ധിയാ വിശുദ്ധയാ ദധ്യൗ തഥാ പ്രാദുരഭൂദ്ധരിഃ

| | | | |
|---|---|---|---|
| വിശാംപതേ | ഹേ വിദുരരേ! | ധിയാ | അന്തഃകരണത്താൽ |
| യജമാനഃ | യജമാനൻ | ദധ്യൗ | ധ്യാനിച്ചു. |
| ആത്തഹവിഷാ | ഹവിസ്സ് കയ്യിലെടുത്ത | തഥാ | അതിൻവണ്ണം |
| അധ്വര്യുണാ | അധ്വര്യുവിനോടുകൂടി | ഹരിഃ | ശ്രീമഹാവിഷ്ണു |
| വിശുദ്ധയാ | ഏററവും ശുദ്ധമായ | പ്രാദുരഭൂത് | പ്രത്യക്ഷീഭവിച്ചു. |

19 തദാ സ്വപ്രഭയാ തേഷാം ദ്യോതയന്ത്യാ ദിശോ ദശ
മുഷ്ണംസ്തേജ ഉപാനീതസ്താർക്ഷ്യേണ സ്തോത്രവാജിനാ

| | | | |
|---|---|---|---|
| തദാ | അപ്പോൾ, | സ്തോത്രവാജിനാ | ബൃഹദ്രഥന്തരസ്തോത്രങ്ങളാകുന്ന ചിറകുകളോടുകൂടിയ |
| ദശ ദിശഃ | പത്തു ദിക്കുകളേയും | | |
| ദ്യോതയന്ത്യാ | പ്രകാശിപ്പിച്ചുകൊണ്ടുള്ള | | |
| സ്വപ്രഭയാ | നിജകാന്തിയാൽ | താർക്ഷ്യേണ | വൈനതേയനാൽ |
| തേഷാം | അവരുടെ | | |
| തേജഃ | തേജസ്സിനെ | ഉപാനീതഃ | (ഭഗവാൻ അവരുടെ) സമീപം എത്തിക്കപ്പെട്ടു. |
| മുഷ്ണൻ | കവർന്നെടുത്തുകൊണ്ട്, | | |

പ്രത്യക്ഷീഭവിച്ച ശ്രീഹരിയെ രണ്ടു ശ്ലോകംകൊണ്ടു് വർണ്ണിക്കുന്നു.

20 ശ്യാമോ ഹിരണ്യരശനോഽർക്കകിരീടജുഷ്ടഃ
നീലാളകഭ്രമരമണ്ഡിതകുണ്ഡലാസ്യഃ
കംബ്വബ്ജചക്രശരചാപഗദാസിചർമ്മ-
വ്യഗ്രൈർഹിരണ്മയഭുജൈരിവ കർണ്ണികാരഃ

| | | | |
|---|---|---|---|
| ശ്യാമഃ | നീലവർണ്ണമായി, | കംബ്വബ്ജ-ചക്രശരചാപ-ഗദാസിചർമ്മ-വ്യഗ്രൈഃ | ശംഖം, പദ്മം, ചക്രം, അമ്പ്, വില്ല്, ഗദ, വാൾ, പരിച എന്നീ വരായുധങ്ങളേന്തിയ |
| ഹിരണ്യരശനഃ | പൊന്നാട ചാർത്തി, | ഹിരണ്മയ-ഭുജൈഃ | പൊന്നൊളി വീശുന്ന തൃക്കരങ്ങളോടെ |
| അർക്കകിരീട-ജുഷ്ടഃ | സൂര്യനെപ്പോലെ തിളങ്ങുന്ന കിരീടം ധരിച്ച്, | കർണ്ണികാരഃ | കർണ്ണികാരമരം |
| നീലാളക-ഭ്രമരമണ്ഡിത-കുണ്ഡലാസ്യഃ | കരിവണ്ടുകളെപ്പോലുള്ള കുറുനിരകളാലും കുണ്ഡലങ്ങളാലും അലംകൃതമായ തിരുമുഖത്തോടുകൂടി, | ഇവ | പോലെ (ശോഭിച്ചു.) |

21 വക്ഷസ്യധിശ്രിതവധൂർവനമാല്യുദാര-
ഹാസാവലോകകലയാ രമയംശ്ച വിശ്വം
പാർശ്വഭ്രമദ്വ്യജനചാമരരാജഹംസഃ
ശ്വേതാതപത്രശശിനോപരി രജ്യമാനഃ

| | | | |
|---|---|---|---|
| വക്ഷസി | തിരുമാറിൽ | പാർശ്വഭ്രമദ്-വ്യജനചാമര-രാജഹംസഃ | ഇരുവശങ്ങളിലും വീശിക്കൊണ്ടിരിക്കുന്ന വെഞ്ചാമരങ്ങളാവുന്ന അരയന്നങ്ങളോടു് ചേർന്നവനും, |
| അധിശ്രിത-വധൂഃ | കുടികൊള്ളുന്ന ശ്രീവല്ലഭയോടുകൂടിയവനും, | ഉപരി | ശിരസ്സിനുമീതെ |
| വനമാലീ | വനമാലയണിഞ്ഞവനും, | ശ്വേതാതപത്ര-ശശിനാ | വെൺകൊററക്കുടയാവുന്ന വെൺതിങ്കളാൽ |
| ഉദാരഹാസാ-വലോകകലയാ | മഹത്വമുള്ള മന്ദഹാസത്താലും വീക്ഷാവിലാസത്താലും | രജ്യമാനഃ ച | പരിശോഭ വളർത്തപ്പെട്ടുന്നവനും ആയിരുന്നു. |
| വിശ്വം | ലോകത്തെ | | |
| രമയൻ | രമിപ്പിക്കുന്നവനും, | | |

22 തമുപാഗതമാലക്ഷ്യ സർവ്വേ സുരഗണാദയഃ
പ്രണേമുഃ സഹസോത്ഥായ ബ്രഹ്മേന്ദ്രത്ര്യക്ഷനായകാഃ.

| | | | |
|---|---|---|---|
| ബ്രഹ്മേന്ദ്ര-ത്ര്യക്ഷനായകാഃ | ബ്രഹ്മാവു്, ഇന്ദ്രൻ, ശ്രീരുദ്രൻ എന്നീ നേതാക്കളോടുകൂടിയ | ഉപാഗതം | വന്നുചേർന്നവനായി |
| സർവ്വേ സുര-ഗണാദയഃ | എല്ലാ ദേവവൃന്ദങ്ങളും മററുള്ളവരും | ആലക്ഷ്യ | കണ്ടിട്ടു്, |
| തം | തന്തിരുവടിയെ | സഹസാ | പെട്ടെന്നു് |
| | | ഉത്ഥായ | എഴുന്നേററു് |
| | | പ്രണേമുഃ | നമസ്കരിച്ചു. |

23 തത്തേജസാ ഹതരുചഃ സന്നജിഹ്വാഃ സസാധ്വസാഃ
മൂർധ്നാ കൃതാഞ്ജലിപുടാ ഉപതസ്ഥുരധോക്ഷജം.

| | |
|---|---|
| തത്തേജസാ | അവിടുത്തെ ദേഹകാന്തിയാൽ |
| ഹതരുചഃ | അധഃകരിക്കപ്പെട്ട കാന്തിയോടുകൂടിയവരും |
| സന്നജിഹ്വാഃ | ഇടറിയ വാക്കുകളോടുകൂടിയവരും |
| സസാധ്വസാഃ | ക്ഷുഭിതചിത്തന്മാരുമായി ഭവിച്ച അവർ |
| മൂർധ്നാ ധൃതാഞ്ജലിപുടാഃ | ശിരസ്സിലപ്പിച്ച കൂപ്പുകൈയോടുകൂടി |
| അധോക്ഷജം | ശ്രീഹരിയെ |
| ഉപതസ്ഥുഃ | സ്തുതിച്ചു. |

24 അപ്യർവാഗ്വൃത്തയോ യസ്യ മഹി ത്വാത്മഭുവാദയഃ
യഥാമതി ഗൃണന്തി സ്മ കൃതാനുഗ്രഹവിഗ്രഹം.

| | |
|---|---|
| ആത്മഭുവാദയഃ തു | ബ്രഹ്മാദിദേവന്മാരാകട്ടെ |
| യസ്യ | യാതൊരു ഭഗവാന്റെ |
| മഹി | മഹിമയെക്കുറിച്ച് |
| അർവാഗ്വൃത്തയഃ അപി | താണനിലയിലുള്ള അറിവുള്ളവരാണെങ്കിലുംകൂടി |
| കൃതാനുഗ്രഹവിഗ്രഹം | സർവ്വാനുഗ്രഹാർത്ഥം സ്വരൂപത്തെ ആവിഷ്കരിച്ചിരിക്കുന്ന തന്തിരുവടിയെ |
| യഥാമതി | ബുദ്ധ്യനുസരണം |
| ഗൃണന്തി സ്മ | സ്തുതിച്ചു. |

25 ദക്ഷോ ഗൃഹീതാർഹണസാദനോത്തമം
യജ്ഞേശ്വരം വിശ്വസൃജാം പരം ഗുരും
സുനന്ദനന്ദാദ്യനുഗൈർവൃതം മുദാ
ഗൃണൻ പ്രപേദേ പ്രയതഃ കൃതാഞ്ജലിഃ.

| | |
|---|---|
| ദക്ഷഃ | ദക്ഷൻ |
| ഗൃഹീതാർഹണസാദനോത്തമം | പൂജാദ്രവ്യങ്ങൾ വെച്ചിട്ടുള്ള ഉത്തമപാത്രം സ്വീകരിച്ചിരിക്കുന്നവനും |
| സുനന്ദനന്ദാദ്യനുഗൈഃ | സുനന്ദനന്ദപ്രഭൃതികളായ അനുചരന്മാരാൽ |
| വൃതം | പരിവൃതനും |
| വിശ്വസൃജാം | പ്രജാപതിമാർക്കെല്ലാം |
| പരം ഗുരും | പരമഗുരുവുമായ |
| യജ്ഞേശ്വരം | യജ്ഞഫലദാതാവിനെ |
| പ്രയതഃ | ഏകാഗ്രചിത്തനായി |
| കൃതാഞ്ജലിഃ | തൊഴുകൈകളോടെ |
| മുദാ | സന്തോഷസമേതം |
| ഗൃണൻ | സ്തുതിച്ചുകൊണ്ട് |
| പ്രപേദേ | ശരണംപ്രാപിച്ചു. |

ദക്ഷ ഉവാച = ദക്ഷൻ പറഞ്ഞു.

26 ശുദ്ധം സ്വധാമ്ന്യുപരതാഖിലബുദ്ധ്യവസ്ഥം
ചിന്മാത്രമേകമഭയം പ്രതിഷിധ്യ മായാം
തിഷ്ഠംസ്തയൈവ പുരുഷത്വമുപേത്യ തസ്യാ-
മാസ്തേ ഭവാനപരിശുദ്ധ ഇവാത്മതന്ത്രഃ

| | |
|---|---|
| മായാം | മായയെ |
| പ്രതിഷിധ്യ | പ്രതിഷേധിച്ച് |
| സ്വധാമ്നി | സ്വസ്വരൂപത്തിൽ |
| തിഷ്ഠൻ | നിലകൊള്ളുന്ന |
| ഭവാൻ | നീന്തിരുവടി |
| ഉപരതാഖില- ബുദ്ധ്യവസ്ഥം | ബുദ്ധിയെ സംബന്ധിച്ച ജാഗ്രദാദ്യവസ്ഥകളിൽനിന്നെല്ലാം നിത്യനിവൃത്തവും |
| ശുദ്ധം | മായാതീതവും |
| ഏകം | നിർദ്വന്ദ്വവും |
| അഭയം | നിർഭയവുമായ |
| ചിന്മാത്രം | ചൈതന്യഘനമാകുന്നു. |
| ആത്മതന്ത്രഃ | അങ്ങനെ സ്വതന്ത്രനായിരിക്കുന്ന നീന്തിരുവടി |
| തയാ ഏവ | അതേ |
| മായയാ | മായയാൽത്തന്നെ |
| പുരുഷത്വം | ജീവധർമ്മത്തെ |
| ഉപേത്യ | സ്വീകരിച്ച്, |
| തസ്യാം | അതിൽ (മായയിൽ) |
| അപരിശുദ്ധഃ | രാഗദ്വേഷാദികളുള്ളവൻ |
| ഇവ | എന്നപോലെ |
| ആസ്തേ | വർത്തിക്കുകയുംചെയ്യുന്നു |

"മായാതീതമായ ചൈതന്യഘനത്വവും മായാശ്രിതമായ ജീവധർമ്മത്വവും നീന്തിരുവടിയിൽ മാത്രമാണുള്ളത്. ശ്രീരുദ്രാദി ദേവന്മാരുടെ നില വ്യത്യസ്തമത്രേ. അവർ ജീവധർമ്മികളാകുന്നു" ഇങ്ങനെ ഒരാശയം ദക്ഷൻ ഈ സ്തുതിയിലൂടെ ധ്വനിപ്പിച്ചു. ഈ ആശയത്തെയാണ് "അഹം ബ്രഹ്മാ ച ശർവ്വശ്ച" എന്ന ശ്ലോകത്താൽ ഭഗവാൻ മേലിൽ നിഷേധിക്കാൻ പോകുന്നതും.

ഋത്വിജഃ ഊചുഃ = ഋത്വിക്കുകൾ പറഞ്ഞു —

(അവർ സ്വാപരാധം പരിഹരിച്ചുകൊണ്ട് സ്തുതിക്കുന്നു)

27
തത്ത്വം ന തേ വയമനഞ്ജന രുദ്രശാപാത്
കർമ്മണ്യവഗ്രഹധിയോ ഭഗവൻ വിദാമഃ
ധർമ്മോപലക്ഷണമിദം ത്രിവൃദധ്വരാഖ്യം
ജ്ഞാതം യദർത്ഥമധിദൈവമദോവ്യവസ്ഥാഃ

| | |
|---|---|
| ഭഗവൻ | അല്ലയോ ഭഗവാനേ ! |
| അനഞ്ജന | ഉപാധിമാലിന്യമില്ലാത്ത ഹേ നിത്യശുദ്ധ ! |
| വയം | ഞങ്ങൾ |
| രുദ്രശാപാത് | രുദ്ര (നന്ദീശ്വര) ശാപം നിമിത്തം |
| കർമ്മണി | കർമ്മമാർഗ്ഗത്തിൽത്തന്നെ |
| അവഗ്രഹധിയഃ | ദുരാഗ്രഹമതികളായിരുന്നിട്ട് |
| തേ തത്ത്വം | ഭവാന്റെ യാഥാർത്ഥ്യത്തെ |
| ന വിദാമഃ | അറിയുന്നില്ല. |
| യദർത്ഥം | യാതൊന്നിനുവേണ്ടിയുള്ള |
| അധിദൈവം | ദേവതാധികരണവിധിപ്രകാരം |
| അദോവ്യവസ്ഥാഃ | "ഇന്നതിന്ന് ഇന്ന ദേവത" എന്ന നിയമങ്ങൾ ഉണ്ടായിരിക്കുന്നുവോ, |
| ധർമ്മോപലക്ഷണം | ധർമ്മത്തിന്റെ ഉപലക്ഷണമായതും |
| ത്രിവൃത് | വേദപ്രതിപാദ്യവും |
| അധ്വരാഖ്യം | യജ്ഞം എന്നുപേരുള്ളതുമായ |
| ഇദം | ഇതു് (ഭവാന്റെ സ്വരൂപമായിട്ട്) |
| ജ്ഞാതം | (ഞങ്ങളാൽ) അറിയപ്പെട്ടിരിക്കുന്നു. |

സദസ്യാ ഊചുഃ = സദസ്യർ പറഞ്ഞു :

(നിരീശ്വരമായ ദക്ഷയാഗത്തിൽപ്പോലും ധനലോഭത്താൽ ഭാഗഭാക്കുകളായതിൽ പശ്ചാത്തപിച്ച്, വിരക്തിയെ പ്രാർത്ഥിച്ചുകൊണ്ട് സദസ്യർ സ്തുതിക്കുന്നു)

28 ഉത്പത്ത്യധ്വന്യശരണ ഉരുക്ലേശദുർഗ്ഗേഽന്തകോഗ്ര-
വ്യാളാന്വിഷ്ടേ വിഷയമൃഗതൃഷ്യാത്മഗേഹോരുഭാരഃ
ദ്വന്ദ്വശ്വഭ്രേ ഖലമൃഗഭയേ ശോകദാവേഽജ്ഞസാർത്ഥഃ
പാദൗകസ്തേ ശരണദ കദാ യാതി കാമോപസൃഷ്ടഃ.

| | |
|---|---|
| ശരണദ | ഹേ ആശ്രയദാതാവേ! |
| അശരണേ | ആശ്രയസ്ഥാനമില്ലാത്ത— |
| ഉരുക്ലേശ-ദുർഗ്ഗേ | പെരുത്ത കഷ്ടപ്പാടുകളാവുന്ന ദുർഗ്ഗമസ്ഥാനങ്ങളുള്ള— |
| അന്തകോഗ്ര-വ്യാളാന്വിഷ്ടേ | കാലനാവുന്ന ഭീകരസർപ്പത്താൽ തിരക്കപ്പെട്ടിരിക്കുന്ന— |
| ഖലമൃഗഭയേ | ദുഷ്ടന്മാരാവുന്ന ദുർജന്തുക്കളിൽ നിന്നും ഭയപ്പാടുള്ള— |
| ദ്വന്ദ്വശ്വഭ്രേ | സുഖദുഃഖങ്ങളാവുന്ന കുണ്ടുകുഴികൾ നിറഞ്ഞ— |

| | |
|---|---|
| വിഷയ-മൃഗതൃഷി | വിഷയങ്ങളാവുന്ന മരീചികയോടുകൂടിയ— |
| ശോകദാവേ | ആധികളാവുന്ന കാട്ടുതീയുള്ള— |
| ഉത്പത്ത്യധ്വനി | സംസാരമാർഗ്ഗത്തിൽ |
| ആത്മഗേഹോ-രുഭാരഃ | ദേഹഗേഹാദികളാവുന്ന പെരും ചുമടേററി, |
| കാമോപസൃഷ്ടഃ | കാമപീഡിതമായി അലയുന്ന |
| അജ്ഞസാർത്ഥഃ | അജ്ഞസമൂഹം |
| തേ | നിന്തിരുവടിയുടെ |
| പാദൗകഃ | തൃപ്പാദമാവുന്ന വാസസ്ഥലത്തിലേക്ക് |
| കദാ യാതി | എന്നെത്തിച്ചേരുമോ? |

രുദ്ര ഉവാച = ശ്രീ രുദ്രൻ പറഞ്ഞു.

(തനിക്ക് ദുഃസഹമായിത്തോന്നിയിരുന്ന നിന്ദയെ താനിപ്പോൾ പരിഗണിക്കുന്നില്ലെന്നു പറഞ്ഞു ശ്രീ രുദ്രൻ സ്തുതിക്കുന്നു.)

29 തവ വരദ വരാംഘ്രാവാശിഷേഹാഖിലാർത്ഥേ
ഹ്യപി മുനിഭിരസക്തൈരാദരേണാർഹണീയേ
യദി രചിതധിയം മാവിദ്യലോകോഽപവിദ്ധം
ജപതി ന ഗണയേ തത്ത്വത്പരാനുഗ്രഹേണ.

| | |
|---|---|
| വരദ | ഹേ അഭീഷ്ടദാതാവേ! |
| ആശിഷാ | ആഗ്രഹത്തോട് |
| അസക്തൈഃ | ആസക്തിയില്ലാത്ത |
| മുനിഭിഃ അപി | മുനികളാൽപ്പോലും |
| ആദരേണ | ആദരാന്വിതം |
| അർഹണീയേ | പൂജനീയമായുള്ളതും |
| അഖിലാർത്ഥേ | സർവ്വപുരുഷാർത്ഥപ്രദവുമായ |

| | |
|---|---|
| തവ | ഭവാന്റെ |
| വരാംഘ്രൗ | ആരാധ്യപാദത്തിൽ |
| ഇഹ | ഇങ്ങ് |
| രചിതധിയം | ചിത്തം ചേർത്തിയിരിക്കുന്ന |
| മാ ഹി | എന്നെപ്പോലും |
| അവിദ്യലോകഃ | അജ്ഞലോകം |
| അപവിദ്ധം | ആചാരഭ്രഷ്ടനായിട്ട് |

| | | | |
|---|---|---|---|
| ജല്പതി യദി | ജല്പിക്കുന്നുവെങ്കിൽ | ത്വത്പരാനുഗ്രഹേണ | ഭവദീയമായ വിശിഷ്ടാനുഗ്രഹം കൊണ്ടു് |
| തത് | ആയതിനെ | ന ഗണയേ | ഞാൻ കണക്കാക്കുന്നില്ല. |

ഭൃഗുരുവാച = ഭൃഗു പറഞ്ഞു.

(ജീവന്മാർ സ്വാഭാവികമായും തത്ത്വജ്ഞാനമില്ലാത്തവരാകയാൽ അജ്ഞാനകൃതമായ സ്വാപരാധം പൊറുക്കണമെന്ന ആശയത്തോടെ ഭൃഗുമഹർഷി സ്തുതിക്കുന്നു.)

30 യന്മായയാ ഗഹനയാഽപഹൃതാത്മബോധാ
ബ്രഹ്മാദയസ്തനുഭൃതസ്തമസി സ്വപന്തഃ
നാത്മൻ ശ്രിതം തവ വിദന്ത്യധുനാപി തത്ത്വം
സോഽയം പ്രസീദതു ഭവാൻ പ്രണതാത്മബന്ധുഃ.

| | | | |
|---|---|---|---|
| ബ്രഹ്മാദയഃ | ബ്രഹ്മാവുമുതല്ക്കുള്ള | ശ്രിതം | നിലകൊള്ളുന്ന |
| തനുഭൃതഃ | ശരീരികൾ | തവ | നിന്തിരുവടിയുടെ |
| ഗഹനയാ | ദുരധിഗമ്യമായ | തത്ത്വം | യഥാർത്ഥസ്വരൂപത്തെ |
| യന്മായയാ | യാതൊരാളുടെ മായയാൽ | അധുനാ അപി | ഇപ്പോൾ കൂടിയും |
| അപഹൃതാത്മബോധാഃ | അപഹരിക്കപ്പെട്ട ആത്മാവബോധത്തോടു കൂടിയവരായി | ന വിദന്തി | അറിയുന്നില്ലയോ, |
| തമസി | അജ്ഞാനാന്ധകാരത്തിൽ | സഃ | അങ്ങനെയുള്ള— |
| സ്വപന്തഃ | ഉറങ്ങിക്കിടന്നുകൊണ്ടു് | പ്രണതാത്മബന്ധുഃ | ഭക്തന്മാരുടെ ആത്മാവും ബന്ധുവും ആയിരിക്കുന്ന |
| ആത്മൻ | സ്വാന്തർഭാഗത്തിൽ | അയം ഭവാൻ | ഈ നിന്തിരുവടി |
| | | പ്രസീദതു | പ്രസാദിച്ചാലും ! |

ബ്രഹ്മോവാച = ബ്രഹ്മാവു പറഞ്ഞു.

("ബ്രഹ്മാദികൾ പോലും അറിയിന്നില്ലെ"ന്നു ഭൃഗു പറഞ്ഞതു കേട്ടു് സഹിക്കാതെ, തന്റെ അറിവിനെ പ്രകാശിപ്പിക്കുമാറുള്ളതാണു് ബ്രഹ്മാവിന്റെ സ്തുതി വചനം.)

31 നൈതത് സ്വരൂപം ഭവതോഽസൗ പദാർത്ഥ-
ഭേദഗ്രഹൈഃ പുരുഷോ യാവദീക്ഷേത്.
ജ്ഞാനസ്യ ചാർത്ഥസ്യ ഗുണസ്യ ചാശ്രയോ
മായാമയാദ്വ്യതിരിക്തോ യതസ്ത്വം.

| | | | |
|---|---|---|---|
| അസൗ പുരുഷഃ | ഈ ജീവൻ | ഈക്ഷേത് | കണ്ടെത്തിയേക്കുമോ, |
| പദാർത്ഥഭേദഗ്രഹൈഃ | പദാർത്ഥഭേദങ്ങളെ ഗ്രഹിക്കുന്ന ഇന്ദ്രിയങ്ങൾ കൊണ്ടു് | ഭവതഃ | അവിടുത്തെ |
| | | സ്വരൂപം | യഥാർത്ഥരൂപം |
| യാവത് | എത്രത്തോളം | ഏതത് ന | ഇതൊന്നുമല്ല. |

| | | | |
|---|---|---|---|
| യതഃ | എന്തെന്നാൽ, | ആശ്രയഃ | ആധാരമാണ്; (എങ്കിലും) |
| ത്വം | അവിടുന്ന് | മായാമയാത് | ആ മായാപ്രപഞ്ചത്തിൽ നിന്ന് |
| ജ്ഞാനസ്യ | അറിവിന്നും | | |
| അർത്ഥസ്യ ച | പൊരുളിന്നും | | |
| ഗുണസ്യ ച | ഗുണത്തിന്നും | വ്യതിരിക്തഃ | വേർപെട്ടുനില്ക്കുന്നു. |

ഇന്ദ്ര ഉവാച = ഇന്ദ്രൻ പറഞ്ഞു—

(ഇന്ദ്രിയവിഷയം സർവ്വവും മിഥ്യയാണെന്നുള്ള ബ്രഹ്മസ്തുതിവാക്യത്തിലെ ആശയത്തെ നിഷേധിക്കുന്നുവോ എന്നു തോന്നുമാറ് ഇന്ദ്രൻ പറയുന്നു.)

32 ഇദമപ്യച്യുത വിശ്വഭാവനം
വപുരാനന്ദകരം മനോദൃശാം
സുരവിദ്വിട്ക്ഷപണൈരുദായുധൈർ-
ഭുജദണ്ഡൈരുപപന്നമഷ്ടഭിഃ

| | | | |
|---|---|---|---|
| അച്യുത | ഹേ നിർവികാരാത്മൻ! | ഉദായുധൈഃ | ഉയർത്തിപ്പിടിച്ച ആയുധങ്ങളോടുകൂടിയ |
| വിശ്വഭാവനം | പ്രപഞ്ചകാരണവും | അഷ്ടഭിഃ | എട്ട് |
| മനോദൃശാം | മനോനേത്രങ്ങൾക്ക് | ഭുജദണ്ഡൈഃ | തൃക്കരങ്ങളോടു ചേർന്നിട്ടുള്ളതുമായ |
| ആനന്ദകരം | ആനന്ദദായകവും | ഇദം | ഇക്കാണുന്ന |
| സുരവിദ്വിട്-ക്ഷപണൈഃ | ദേവദ്വേഷികളെ സംഹരിക്കുന്ന | വപുഃ അപി | സ്വരൂപവും |
| | | ഉപപന്നം | സത്യമത്രെ. |

പത്ന്യ ഊചുഃ = ഋത്വിക്കുകളുടെ പത്നിമാർ പറഞ്ഞു—

33 യജ്ഞോഽയം തവ യജനായ കേന സൃഷ്ടോ
വിധ്വസ്തഃ പശുപതിനാഽദ്യ ദക്ഷകോപാത്
തം നസ്ത്വം ശവശയനാഭശാന്തമേധം
യജ്ഞാത്മന്നളിനരുചാ ദൃശാ പുനീഹി.

| | | | |
|---|---|---|---|
| തവ | അങ്ങയുടെ | യജ്ഞാത്മൻ | ഹേ യജ്ഞമൂർത്തേ ! |
| യജനായ | സമാരാധനയ്ക്കുവേണ്ടി | ശവശയനാഭ-ശാന്തമേധം | ഒരു ചുടുകാടിന്റെ പ്രതീതിയുളവാക്കും വിധം ഉല്ലാസമററുപോയിരിക്കുന്ന |
| കേന | ബ്രഹ്മാവിനാൽ | | |
| സൃഷ്ടഃ | സൃഷ്ടിക്കപ്പെട്ടതായ | | |
| അയം യജ്ഞഃ | ഈ യാഗം | | |
| അദ്യ | ഇന്നിപ്പോൾ | നഃ | ഞങ്ങളുടെ |
| പശുപതിനാ | ശ്രീരുദ്രനാൽ | തം | ആ യജ്ഞത്തെ |
| ദക്ഷകോപാത് | ദക്ഷന്റെ നേർക്കുള്ള കോപംകൊണ്ട് | നളിനരുചാ | താമരപ്പൂവുപോൽ ശോഭചേർന്ന |
| വിധ്വസ്തഃ | തികച്ചും ധ്വംസനം ചെയ്യപ്പെട്ടിരിക്കുന്നു. | ദൃശാ ത്വം | തൃക്കണ്ണാൽ അങ്ങുന്ന് |
| | | പുനീഹി | ശുദ്ധീകരിച്ചാലും |

ഋഷയ ഊചുഃ = ഋഷിമാർ പറഞ്ഞു.

(കർമ്മങ്ങളെ അനുഷ്ഠിക്കുന്നവരെല്ലാം അവയുടെ പുണ്യഫലങ്ങളാൽ ബദ്ധരാണ്. എന്നാൽ ഭഗവാനിൽ അത്തരം ബന്ധനമൊന്നും കാണായ്കയാൽ വിസ്മിതരായി സ്തുതിക്കുന്നു)

34 അനന്വിതം തേ ഭഗവൻ വിചേഷ്ടിതം
യദാത്മനാ ചരസി ഹി കർമ്മ നാജ്യസേ
വിഭൂതയേ യത ഉപസേദുരീശ്വരീം
ന മന്യതേ സ്വയമനുവർത്തതീം ഭവാൻ.

| | |
|---|---|
| ഭഗവൻ | ഭഗവാനേ ! |
| തേ | അവിടുത്തെ |
| വിചേഷ്ടിതം | വിവിധമായുള്ള കർമ്മം |
| അനന്വിതം | അന്യോന്യം പൊരുത്തപ്പെടുന്നില്ല. |
| യത് | എന്തെന്നാൽ, |
| ആത്മനാ | താൻതന്നെ |
| കർമ്മ | സൃഷ്ട്യാദികർമ്മം |
| ചരസി | നടത്തുന്നു; |
| ഹി | എന്നിരിക്കിലും |
| ന അജ്യസേ | അതിനോട്ട് ബന്ധപ്പെടുന്നില്ല. |
| വിഭൂതയേ | ഐശ്വര്യത്തിനുവേണ്ടി |
| യതഃ | യാതൊരു |
| ഈശ്വരീം | ലക്ഷ്മീഭഗവതിയെ |
| ഉപസേദുഃ | അന്യർ സേവിക്കുന്നുവോ |
| സ്വയം | തന്നെത്താൻ |
| അനുവർത്തതീം | ഇങ്ങുവന്നുചേരുന്ന |
| (താം അപി) | ആയവളെപ്പോലും |
| ഭവാൻ | അവിടുന്ന് |
| ന മന്യതേ | പരിഗണിക്കുന്നില്ല. |

സിദ്ധാ ഊചുഃ = സിദ്ധന്മാർ പറഞ്ഞു—

(സിദ്ധന്മാർ ഭഗവൽകഥാസുഖത്തെ അഭിനന്ദിച്ചുകൊണ്ട് സ്തുതിക്കുന്നു.)

35 അയം ത്വത്കഥാമൃഷ്ടപീയൂഷനദ്യാം
മനോവാരണഃ ക്ലേശദാവാഗ്നിദഗ്ദ്ധഃ
തൃഷാർത്തോऽവഗാഢോ ന സസ്മാര ദാവം
ന നിഷ്ക്രാമതി ബ്രഹ്മസമ്പന്നവന്നഃ

| | |
|---|---|
| ക്ലേശദാവാഗ്നിദഗ്ദ്ധഃ | സംസാരദുഃഖമാവുന്ന കാട്ടുതീയിൽപെട്ട് പൊള്ളലേററതായ |
| നഃ അയം | ഞങ്ങളുടെ ഈ |
| മനോവാരണഃ | മനസ്സാവുന്ന കാട്ടാന |
| തൃഷാർത്തഃ | ദാഹപീഡിതനായി |
| ത്വത്കഥാമൃഷ്ടപീയൂഷനദ്യാം | അവിടുത്തെ കഥകളാവുന്ന വിശുദ്ധസുധാസരിത്തിൽ |
| അവഗാഢഃ | ചെന്നിറങ്ങിയിട്ട് |
| ദാവം | സംസാരദുഃഖമാവുന്ന കാട്ടുതീയിനെ |
| ന സസ്മാര | ഓർക്കുന്നതേ ഇല്ല. |
| ബ്രഹ്മസമ്പന്നവത് | ബ്രഹ്മൈക്യം പ്രാപിച്ചവനെന്നപോലെ |
| ന നിഷ്ക്രാമതി | അതിൽ നിന്ന് കരകയറിപ്പോരുന്നതുമില്ല. |

യജമാന്യുവാച = ദക്ഷപത്നി പറഞ്ഞു.

36 സ്വാഗതം തേ പ്രസീദേശ തുഭ്യം നമഃ
ശ്രീനിവാസ ശ്രിയാ കാന്തയാ ത്രാഹി നഃ
ത്വാമൃതേഽധീശ നാംഗൈർമഖഃ ശോഭതേ
ശീർഷഹീനഃ കബന്ധോ യഥാ പൂരുഷഃ

| | | | |
|---|---|---|---|
| ഈശ | ഭഗവാനെ! | അധീശ | ഹേ അധീശ്വര! |
| തേ സ്വാഗതം | അവിടുത്തേക്കു് സ്വാഗതം | ത്വാം ഋതേ | നിന്തിരുവടിയില്ലെങ്കിൽ |
| പ്രസീദ | പ്രസാദിച്ചാലും! | മഖഃ | യജ്ഞം |
| തുഭ്യം | നിന്തിരുവടിക്കു | ശീർഷഹീനഃ | തലയില്ലാത്ത — |
| നമഃ | നമസ്കാരം | കബന്ധഃ | ഉടൽമാത്രമായ |
| ശ്രീനിവാസ | ശ്രീഭഗവതിക്കു് ആശ്രയഭൂതനായുള്ളോവേ! | പൂരുഷഃ | ആൾ |
| | | യഥാ | എന്നതുപോലെ |
| കാന്തയാ | പത്നിയായ | | |
| ശ്രിയാ | ശ്രീഭഗവതിയോടുകൂടി | അംഗൈഃ | അംഗങ്ങൾകൊണ്ടു് |
| നഃ ത്രാഹി | ഞങ്ങളെ കാത്തരുളുക! | ന ശോഭതേ | ശോഭിക്കുന്നതല്ല |

ലോകപാലാ ഊചുഃ = ലോകപാലകന്മാർ പറഞ്ഞു.

(സ്വയം ഈശ്വരത്വം ഭാവിക്കുന്ന ഇവർ ഈശ്വരത്വം അറിഞ്ഞുകൂടായ്കയാൽ ഭഗവാനെ സ്തുതിക്കുന്നു.)

37 ദൃഷ്ടഃ കിം നോ ദൃഗ്ഭിരസദ്ഗ്രഹൈസ്ത്വം
പ്രത്യഗ്ദ്രഷ്ടാ ദൃശ്യതേ യേന ദൃശ്യം
മായാ ഹ്യേഷാ ഭവദീയാ ഹി ഭൂമൻ
യസ്ത്വം ഷഷ്ഠഃ പഞ്ചഭിർഭാസി ഭൂതൈഃ.

| | | | |
|---|---|---|---|
| നഃ | ഞങ്ങളുടെ | ദൃശ്യതേ | കാണപ്പെടുന്നുവെന്നതും |
| അസദ്ഗ്രഹൈഃ | വിഷയഗ്രാഹികളായ | യഃ ത്വം ഹി | യാതൊരു ഭവാൻ തന്നെ |
| ദൃഗ്ഭിഃ | ഇന്ദ്രിയങ്ങളാൽ | പഞ്ചഭിഃ | അഞ്ചു് |
| പ്രത്യഗ്ദ്രഷ്ടാ | പ്രത്യഗാത്മാവും ദ്രഷ്ടാവുമായ | ഭൂതൈഃ | ഭൂതങ്ങളോടുകൂടിയ |
| | | ഷഷ്ഠഃ | ആറാമത്തെ ഒന്നായിട്ടു് (ജീവസ്വരൂപമായിട്ടു്) |
| ത്വം | നിന്തിരുവടി | | |
| ദൃഷ്ടഃ കിം | ദൃഷ്ടനായിവരുമോ? | ഭാസി | പ്രതിഭാസിക്കുന്നുവെന്നതും |
| ഭൂമൻ | ഹേ മഹാത്മാൻ! | | |
| യേന | യാതൊരു ഭവാനാൽ | ഭവദീയാ | ഭവാനെ സംബന്ധിച്ച |
| ദൃശ്യം | ഇന്ദ്രിയഗോചരമായ വസ്തു | ഏഷാ മായാ ഹി | ഈ മായയാണല്ലോ. |

യോഗേശ്വരാ ഊചുഃ = യോഗേശ്വരന്മാർ പറഞ്ഞു.

(അഭേദഭാവേന ഭജിക്കുന്നവർക്കെന്നപോലെ സ്വാമിഭൃത്യഭാവേന ഭജിക്കുന്നവർക്കും അനുഗ്രഹമേകണേ എന്നു പ്രാർത്ഥിച്ചുകൊണ്ടു് രണ്ടു ശ്ലോകത്താൽ സ്തുതിക്കുന്നു.)

38 പ്രേയാന്ന തേഽന്യോഽസ്ത്യമൃതസ്ത്വയി പ്രഭോ
വിശ്വാത്മനീക്ഷേന്ന പൃഥഗ്യ ആത്മനഃ
അഥാപി ഭക്ത്യേശ തയോപധാവതാ-
മനന്യവൃത്ത്യാഽനുഗ്രഹാണ വത്സല.

| | | | |
|---|---|---|---|
| പ്രഭോ | ഹേ സർവ്വശക്ത ! | അന്യഃ | മററാരും |
| വിശ്വാത്മനി | സർവ്വാത്മാവായ | ന അസ്തി | ഇല്ല. |
| ത്വയി | നന്തിരുവടിയിൽ | അഥാപി | എന്നിരിക്കിലും, |
| യഃ | യാതൊരുവൻ | ഈശ | ഹേ ശാസിതാവേ ! |
| ആത്മനഃ | തന്നിൽനിന്നും | വത്സല | ഭക്തജനപ്രിയ ! |
| പൃഥക് | അന്യത്വം | അനന്യവൃത്ത്യാ | ഏകനിഷ്ഠമായ |
| ന ഈക്ഷേത് | ദർശിക്കുകയില്ലയോ, | തയാ ഭക്ത്യാ | ആ ഭക്തിയോടെ |
| അമൃതഃ | ആയവനെക്കാൾ | ഉപധാവതാം | ആശ്രയിക്കുന്നവർക്കും |
| പ്രേയാൻ | ഇഷ്ടപ്പെട്ടവൻ | അനുഗ്രഹാണ | അനുഗ്രഹമേകണേ ! |
| തേ | നിന്തിരുവടിക്ക് | | |

39 ജഗദുദ്ഭവസ്ഥിതിലയേഷു ദൈവതോ
ബഹുഭിദ്യമാനഗുണയാത്മമായയാ
രചിതാത്മഭേദമതയേ സ്വസംസ്ഥയാ
വിനിവർത്തിതഭ്രമഗുണാത്മനേ നമഃ.

| | |
|---|---|
| ജഗദുദ്ഭവ-സ്ഥിതിലയേഷു | ജഗത്തിന്റെ ഉൽപത്തി സ്ഥിതിസംഹാരങ്ങളെ നിമിത്തീകരിച്ച് |
| ദൈവതഃ | ജീവാദൃഷ്ടത്താൽ |
| ബഹുഭിദ്യ-മാനഗുണയാ | ബഹുവിധം ഭേദിക്കപ്പെടുന്ന ഗുണങ്ങളോടു കൂടിയ |
| ആത്മമായയാ | തന്റെ യോഗമായയാൽ |
| രചിതാത്മ-ഭേദമതയേ | സ്വസ്വരൂപത്തിൽ രചിക്കപ്പെട്ട ബ്രഹ്മാദി ഭേദഭാവത്തോടുകൂടിയവനും |
| സ്വസംസ്ഥയാ | കേവലമായ സ്വരൂപാവസ്ഥിതിയാൽ |
| വിനിവർത്തിത-ഭ്രമഗുണാത്മനേ | ദൂരീകരിക്കപ്പെട്ട ഭേദഭ്രമത്തോടും തൽകാരണങ്ങളായ ഗുണങ്ങളോടും കൂടിയിരിക്കുന്നവനുമായ |
| (തുഭ്യം) | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. |

ബ്രഹ്മോവാച = ശബ്ദബ്രഹ്മം പറഞ്ഞു.

40 നമസ്തേ ശ്രിതസത്ത്വായ ധർമ്മാദീനാം ച സൂതയേ
നിർഗുണായ ച യത്കാഷ്ഠാം നാഹം വേദാപരേഽപി ച.

| | | | |
|---|---|---|---|
| ശ്രിതസത്ത്വായ | സത്ത്വഗുണത്തെ സ്വീകരിച്ചിരിക്കുന്നവനും | സൂതയേ ച | ഫലമുളവാക്കുന്നവനുമായ |
| ധർമ്മാദീനാം | ധർമ്മാദി പുരുഷാർത്ഥങ്ങൾക്ക് | തേ നമഃ | അങ്ങേയ്ക്കു നമസ്കാരം |
| | | യത്കാഷ്ഠാം | യാതൊരാളുടെ തത്ത്വം |

| | | | |
|---|---|---|---|
| അഹം | ഞാൻ (ശബ്ദബ്രഹ്മം) | നിൎഗ്ഗുണായ | ആ നിൎഗ്ഗുണസ്വരൂപന്നു് |
| ന വേദ | അറിയുന്നില്ലയോ, | | |
| അപരേ } | മററു് ബ്രഹ്മാദിദേവന്മാ | | |
| അപി ച } | രും അറിയുന്നില്ലയോ, | (നമഃ) | നമസ്കാരം |

അഗ്നിരുവാച=അഗ്നി പറഞ്ഞു–(യജ്ഞമൂൎത്തി എന്ന നിലയിൽ അഗ്നിദേവൻ സ്തുതിക്കുന്നു)

41 യത്തേജസാഽഹം സുസമിദ്ധതേജാ
ഹവ്യം വഹേ സ്വധ്വര ആജ്യസിക്തം
തം യജ്ഞിയം പഞ്ചവിധം ച പഞ്ചഭിഃ
സ്വിഷ്ടം യജുൎഭിഃ പ്രണതോസ്മി യജ്ഞം

| | | | |
|---|---|---|---|
| യത്തേജസാ | യാതൊരാളുടെ തേജസ്സിനാൽ | യജ്ഞിയം | യജ്ഞപാലകനും |
| സുസമിദ്ധ– } | അധികം പ്രദീപ്തമായ | പഞ്ചവിധം | അഞ്ചുവിധത്തിൽ അവസ്ഥിതനും (1) |
| തേജാഃ അഹം } | തേജസ്സോടുകൂടിയവനായിഭവിച്ച ഞാൻ | പഞ്ചഭിഃ | അഞ്ചുവിധം |
| | | യജുൎഭിഃ | യജുൎമന്ത്രങ്ങളാൽ (2) |
| സ്വധ്വരേ | ശ്രേഷ്ഠമായ യജ്ഞത്തിൽ | സ്വിഷ്ടം ച | സുപൂജിതനുമായിയിരിക്കുന്ന |
| ആജ്യസിക്തം | നെയ്യിൽകുതിൎന്ന | | |
| ഹവ്യം | ഹവിസ്സിനെ | തം യജ്ഞം | ആ യജ്ഞമൂൎത്തിയെ |
| വഹേ | വഹിക്കുന്നുവോ, | പ്രണതഃ അസ്മി | ഞാൻ നമസ്കരിക്കുന്നു. |

(1) അഗ്നിഹോത്രം, ദൎശപൂൎണ്ണമാസങ്ങൾ, ചാതുൎമ്മാസ്യങ്ങൾ, പശു, സോമം എന്നീ അഞ്ചുവിധം യജ്ഞഭേദേന സ്ഥിതിചെയ്യുന്നവൻ (2) ആശ്രാവയ, അസ്തു ശ്രൗഷട്, യജ, യേ യജാമഹേ, വഷട് എന്നീ അഞ്ചുവിധം യജ്ഞമന്ത്രങ്ങളാൽ

ദേവാ ഊചുഃ = ദേവന്മാർ പറഞ്ഞു—(ഞങ്ങളും ദേവന്മാരാണു്; പക്ഷെ, ജഗത്തിന്റെ ആദിയിലും അവസാനത്തിങ്കലും നിന്തിരുവടി മാത്രമാണുള്ളതു് എന്നുപറഞ്ഞു് സ്തുതിക്കുന്നു)

42 പുരാ കല്പാപായേ സ്വകൃതമുദരീകൃത്യ വികൃതം
ത്വമേവാദ്യസ്തസ്മിൻ സലില ഉരഗേന്ദ്രാധിശയനേ
പുമാൻ ശേഷേ സിദ്ധൈൎഹൃദി വിമൃശിതാധ്യാത്മപദവിഃ
സ ഏവാദ്യാക്ഷ്ണോൎയഃ പഥി ചരസി ഭൃത്യാനവസി നഃ

| | | | |
|---|---|---|---|
| കല്പാപായേ | പ്രളയകാലത്തിങ്കൽ, | ത്വം ഏവ | നിന്തിരുവടിമാത്രം |
| സ്വകൃതം | തന്നാൽ ഉണ്ടാക്കപ്പെട്ട | തസ്മിൻ സലിലേ | ആ പ്രളയജലത്തിൽ |
| വികൃതം | കാൎയ്യപ്രപഞ്ചത്തെ | ഉരഗേന്ദ്രാ– } | ആദിശേഷനാവുന്ന മെ |
| ഉദരീകൃത്യ | ഉള്ളിലൊതുക്കിയിട്ടു് | ധിശയനേ } | ത്തമേൽ |
| ആദ്യഃ പുമാൻ | ആദിപുരുഷനായ | സിദ്ധൈഃ | ജനലോകവാസികളായ സിദ്ധന്മാരാൽ |
| യഃ | യാതൊരു | | |

| | | | |
|---|---|---|---|
| ഹൃദി | ഹൃദയത്തിൽ | അദ്യ | ഇന്ന് |
| വിമൃശിതാധ്യാത്മപദവീഃ | വിചിന്തിതമായ ജ്ഞാനമാർഗ്ഗത്തോടുകൂടിയവനായിട്ട് | നഃ അക്ഷ്ണോഃ | ഞങ്ങളുടെ നേത്രങ്ങളുടെ |
| | | പഥി | മാർഗ്ഗത്തിൽ |
| | | ചരസി | സഞ്ചരിക്കുന്നു; |
| പുരാ ശേഷേ | ശയിച്ചുകമോ, | ഭൃത്യാൻ | സേവകജനങ്ങളെ |
| സഃ ഏവ | ആ നിന്തിരുവടിതന്നെ | അവസി | രക്ഷിക്കുന്നു. |

ഗന്ധർവ്വാ ഊചുഃ = ഗന്ധർവ്വന്മാർ പറഞ്ഞു.

("ഞങ്ങൾ ഭീതിമൂലം എല്ലാവരേയും സർവ്വേശ്വരത്വേന പുകഴ്ത്തിപ്പാടാറുണ്ട്; പക്ഷേ സാക്ഷാൽ സർവ്വേശ്വരൻ നിന്തിരുവടി മാത്രമാണ്; മററുള്ളവർ അവിടുത്തെ അംശാംശജാതർ മാത്രമാകുന്നു" എന്നു പറഞ്ഞ് ഗന്ധർവ്വന്മാർ സ്തുതിക്കുന്നു.)

43 അംശാംശാസ്തേ ദേവ മരീച്യാദയ ഏതേ
ബ്രഹ്മേന്ദ്രാദ്യാ ദേവഗണാ രുദ്രപുരോഗാഃ
ക്രീഡാഭാണ്ഡം വിശ്വമിദം യസ്യ വിഭൂമം-
സ്തസ്മൈ നിത്യം നാഥ നമസ്തേ കരവാമ.

| | | | |
|---|---|---|---|
| ദേവ | ഹേ ദേവ ! | നാഥ | ഹേ രക്ഷക ! |
| മരീച്യാദയഃ | മരീചി മുതലായ | ഇദം വിശ്വം | ഈ ബ്രഹ്മാണ്ഡം മുഴുവനും |
| ഏതേ | ഈ പ്രജാപതിമാരും | | |
| ബ്രഹ്മേന്ദ്രാദ്യാഃ | ബ്രഹ്മാവ്, ഇന്ദ്രൻ മുതലായ | യസ്യ | യാതൊരുവൻ്റെ |
| | | ക്രീഡാഭാണ്ഡം | കളിക്കോപ്പായിരിക്കുന്നുവോ, |
| ദേവഗണാഃ | ദേവവൃന്ദങ്ങളും | | |
| രുദ്രപുരോഗാഃ | ശ്രീ രുദ്രപ്രഭൃതികളും | തസ്മൈ | അങ്ങനെയുള്ള |
| തേ | നിന്തിരുവടിയുടെ | തേ | നിന്തിരുവടിക്ക് |
| അംശാംശാഃ | അംശത്തിൻ്റെ അംശങ്ങളാകുന്നു. | നിത്യം | എന്നെന്നും |
| | | നമഃ | നമസ്കാരത്തെ |
| വിഭൂമൻ | ഹേ മഹത്തമ ! | കരവാമ | അർപ്പിക്കട്ടെ |

വിദ്യാധരാ ഊചുഃ = വിദ്യാധരന്മാർ പറഞ്ഞു.

(വിദ്യാദികൾ കൊണ്ട് സമ്പത്ത് നേടാം; എന്നാൽ അഹംകാരാദിവ്യാമോഹനിവൃത്തിക്ക് ഭഗവൽ കഥാശ്രവണം തന്നെ വേണമെന്നു പറഞ്ഞ് വിദ്യാധരന്മാർ സ്തുതിക്കുന്നു.)

44 ത്വന്മായയാർത്ഥമഭിപദ്യ കളേബരേഽസ്മിൻ
കൃത്വാ മമാഹമിതി ദുർമ്മതിരുത്പഥൈഃ സ്വൈഃ
ക്ഷിപ്തോഽപ്യസദ്വിഷയലാലസ ആത്മമോഹം
യുഷ്മത്കഥാമൃതനിഷേവക ഉദ്വ്യുദസ്യേത്.

| | |
|---|---|
| അൎത്ഥം | സൎവ്വപുരുഷാൎത്ഥസാധനമായ ശരീരത്തെ |
| അഭിപദ്യ | ലഭിച്ചിട്ടും |
| ത്വന്മായയാ | അവിടുത്തെ മായയാൽ |
| അസ്മിൻ | ഈ |
| കളേബരേ | ശരീരത്തിൽ |
| അഹം മമ ഇതി കൃത്വാ | ഞാനെന്നും എന്റേതെന്നും അഭിമാനിച്ച് |
| ദുൎമ്മതിഃ | ബുദ്ധി ദുഷിച്ചുപോയ [വൻ |
| ഉത്പഥൈഃ | ദുൎമ്മാൎഗ്ഗികളായ |
| സ്വൈഃ | സ്വപുത്രാദികളാൽ |
| ക്ഷിപ്തഃ അപി | അധിക്ഷിപ്തനായാൽ കൂടി |
| അസദ്വിഷയലാലസഃ | അസത്തുക്കളായ ഇന്ദ്രിയവിഷയങ്ങളിൽ അത്യാസക്തനായിട്ട് കഴിയുന്നു. |
| യുഷ്മത്കഥാമൃതനിഷേവകഃ | നിന്തിരുവടിയുടെ കഥാപീയൂഷത്തെ സേവിച്ചിട്ടുള്ളവൻ മാത്രമേ |
| ആത്മമോഹം | ആത്മമോഹത്തെ |
| ഉദ്വ്യുദസ്യേത് | തള്ളിക്കളയുകയുള്ളൂ. |

ബ്രാഹ്മണാ ഊചുഃ = ബ്രാഹ്മണന്മാർ പറഞ്ഞു.

45 ത്വം ക്രതുസ്ത്വം ഹവിസ്ത്വം ഹുതാശഃ സ്വയം
ത്വം ഹി മന്ത്രഃ സമിദ്ദൎഭപാത്രാണി ച
ത്വം സദസ്യൎത്ത്വിജോ ദമ്പതീ ദേവതാ
അഗ്നിഹോത്രം സ്വധാ സോമ ആജ്യം പശുഃ

| | |
|---|---|
| ത്വം ക്രതുഃ | ഭവാൻ യജ്ഞമാകുന്നു, |
| ത്വം ഹവിഃ | ഭവാൻ ഹവ്യമാകുന്നു, |
| ത്വം സ്വയം | ഭവാൻ സാക്ഷാൽ |
| ഹുതാശഃ | അഗ്നിദേവനാണ്. |
| മന്ത്രഃ | അഹുതിമന്ത്രവും |
| ത്വം ഹി | ഭവാൻ തന്നെ. |
| സമിദ്ദൎഭപാത്രാണി | ചമതകൾ, ദൎഭകൾ, പാത്രികകൾ എന്നിവയും, |
| സദസ്യൎത്ത്വിജഃ | സദസ്യന്മാരും, ഋത്വിക്കുകളും, |
| ദമ്പതീ | യജമാനദമ്പതികളും, |
| ദേവതാഃ | മന്ത്രദേവതകളും, |
| അഗ്നിഹോത്രം | അഗ്നിഹോത്രാദി കൎമ്മവും, |
| സ്വധാ | സ്വധയും, |
| സോമഃ | സോമരസവും, |
| ആജ്യം | നെയ്യും |
| പശുഃ ച | യജ്ഞപശുവും |
| ത്വം | ഭവാനാകുന്നു. |

46 ത്വം പുരാ ഗാം രസായാ മഹാസൂകരോ
ദംഷ്ട്രയാ പദ്മിനീം വാരണേന്ദ്രോ യഥാ
സ്തൂയമാനോ നദൻ ലീലയാ യോഗിഭിർ-
വ്യുജ്ജഹൎത്ഥ ത്രയീഗാത്ര യജ്ഞക്രതുഃ.

| | |
|---|---|
| ത്രയീഗാത്ര യജ്ഞക്രതുഃ | ഹേ വേദമൂൎത്തേ! യാഗത്തിന്റെയും യാഗവിശേഷമായ ക്രതുവിന്റെയും സ്വരൂപമായിരിക്കുന്ന |
| ത്വം | നിന്തിരുവടി |
| പുരാ | ആദികാലത്തിങ്കൽ |
| മഹാസൂകരഃ | മഹാവരാഹമായിട്ട് |
| നദൻ | ഗൎജ്ജിച്ചുകൊണ്ടും |

| | | | |
|---|---|---|---|
| യോഗിഭിഃ | യോഗിമാരാൽ | ലീലയാ | അനായാസേന |
| സ്തൂയമാനഃ | സ്തുതിക്കപ്പെട്ടുകൊണ്ടും, | രസായാഃ | രസാതലത്തിൽനിന്നു് |
| വാരണേന്ദ്രഃ | ഗജവീരൻ | ഗാം | ഭൂമിയെ |
| പത്മിനീം | താമരയെ | ദംഷ്ട്രയാ | തേററകൊണ്ടു് |
| യഥാ | എന്നതുപോലെ, | ഉജ്ജഹർത്ഥ | പൊക്കിയെടുത്തു. |

47 സ പ്രസീദ ത്വമസ്മാകമാകാങ്ക്ഷതാം
ദർശനം തേ പരിഭ്രഷ്ടസത്കർമ്മണാം
കീർത്ത്യമാനേ നൃഭിർനാമ്നി യജ്ഞേശ തേ
യജ്ഞവിഘ്നാഃ ക്ഷയം യാന്തി തസ്മൈ നമഃ

| | | | |
|---|---|---|---|
| സഃ ത്വം | അങ്ങനെയുള്ള ഭവാൻ | യജ്ഞേശ | ഹേ യജ്ഞേശ്വര ! |
| പരിഭ്രഷ്ട-സത്കർമ്മണാം | സൽകർമ്മങ്ങൾക്കു് പരിഭ്രംശം നേരിട്ടിരിക്കുന്നവരും | നൃഭിഃ | ജനങ്ങളാൽ |
| | | തേ നാമ്നി | ഭവാന്റെ നാമം |
| | | കീർത്ത്യമാനേ | കീർത്തിക്കപ്പെടുമ്പോൾ |
| തേ ദർശനം | ഭവാന്റെ ദർശനത്തെ | യജ്ഞവിഘ്നാഃ | യജ്ഞത്തിന്റെ മുടക്കങ്ങൾ |
| ആകാങ്ക്ഷതാം | ആശിച്ചിരിക്കുന്നവരുമായ | ക്ഷയം യാന്തി | ഇല്ലാതെയാകുന്നു. |
| അസ്മാകം | ഞങ്ങൾക്കു് | തസ്മൈ | ആ നിന്തിരുവടിക്കു് |
| പ്രസീദ | അനുഗ്രഹമേകണേ ! | നമഃ | നമസ്കാരം. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

48 ഇതി ദക്ഷഃ കവിർയജ്ഞം ഭദ്ര രുദ്രാവമർശിതം
കീർത്ത്യമാനേ ഹൃഷീകേശേ സന്നിന്യേ യജ്ഞഭാവനേ.

| | | | |
|---|---|---|---|
| ഭദ്ര | അല്ലയോ വിദുര ! | കവിഃ | മഹാവിദ്വാനായ |
| യജ്ഞഭാവനേ | യജ്ഞങ്ങളുടെ സംരക്ഷകനായ | ദക്ഷഃ | ദക്ഷപ്രജാപതി |
| ഹൃഷീകേശേ | ശ്രീ മഹാവിഷ്ണു | രുദ്രാവമർശിതം | ശ്രീ രുദ്രനാൽ അലങ്കോലപ്പെടുത്തപ്പെട്ട |
| ഇതി | ഇപ്രകാരം | യജ്ഞം | യജ്ഞത്തെ |
| കീർത്ത്യമാനേ | കീർത്തിക്കപ്പെട്ടുകൊണ്ടിരിക്കേ, | സന്നിന്യേ | തുടർന്നുനടത്തി. |

49 ഭഗവാൻ സ്വേന ഭാഗേന സർവ്വാത്മാ സർവ്വഭാഗഭുക്
ദക്ഷം ബഭാഷ ആഭാഷ്യ പ്രീയമാണ ഇവാനഘ

| | | | |
|---|---|---|---|
| അനഘ | ഹേ വിശുദ്ധനായ വിദുര ! | ഭഗവാൻ | വിഷ്ണുഭഗവാൻ |
| സർവ്വാത്മാ | സർവ്വസ്വരൂപനായ | സർവ്വഭാഗഭുക് | സർവ്വരുടേയും ഭാഗങ്ങളെ ഭുജിക്കുന്നവനെന്നിരിക്കിലും |

| | | | |
|---|---|---|---|
| സ്വേന | തനിക്കുള്ള | ദക്ഷം | ദക്ഷനെ |
| ഭാഗേന | ഭാഗം കൊണ്ടു് | ആഭാഷ്യ | അഭിസംബോധനം ചെയ്തു് |
| പ്രിയമാണഃ | പ്രീതിയാൎന്നവൻ | | |
| ഇവ | എന്നപോലെ ഭാവിച്ചു്, | ബഭാഷേ | പറഞ്ഞു. |

ശ്രീ ഭഗവാനുവാച = ശ്രീ ഭഗവാൻ അരുളിച്ചെയ്തു.

50 അഹം ബ്രഹ്മാ ച ശൎവ്വശ്ച ജഗതഃ കാരണം പരം
ആത്മേശ്വര ഉപദ്രഷ്ടാ സ്വയംദൃഗവിശേഷണഃ

| | | | |
|---|---|---|---|
| ജഗതഃ | ലോകത്തിന്റെ | അവിശേഷണഃ | വികാരരഹിതനായും നിലകൊള്ളുന്ന |
| പരം കാരണം | പ്രധാനകാരണമായും | | |
| ആത്മാ | ആത്മചൈതന്യമായും | അഹം | ഞാൻ |
| ഈശ്വരഃ | നിയന്താവായും | | |
| ഉപദ്രഷ്ടാ | സാക്ഷിഭൂതനായും | ബ്രഹ്മാ ച | ബ്രഹ്മാവും |
| സ്വയംദൃക് | സ്വപ്രകാശനായും | ശൎവ്വഃ ച | ശിവനും ആകുന്നു. |

51 ആത്മമായാം സമാവിശ്യ സോഽഹം ഗുണമയീം ദ്വിജ
സൃജൻ രക്ഷൻ ഹരൻ വിശ്വം ദധ്രേ സംജ്ഞാം ക്രിയോചിതാം.

| | | | |
|---|---|---|---|
| ദ്വിജ | ഹേ ദ്വിജന്മാവേ ! | സൃജൻ | സൃഷ്ടിച്ചുകൊണ്ടും |
| സഃ അഹം | ആ ഞാൻ | രക്ഷൻ | രക്ഷിച്ചുകൊണ്ടും |
| ഗുണമയീം | സത്വാദി ഗുണ സ്വരൂപമാൎന്നിരിക്കുന്ന | ഹരൻ | സംഹരിച്ചുകൊണ്ടും |
| | | ക്രിയോചിതാം | അതാതു ക്രിയയ്ക്കു് ഉചിതമായ |
| ആത്മമായാം | സ്വയോഗമായയെ | | |
| സമാവിശ്യ | അവലംബിച്ചു് | സംജ്ഞാം | നാമധേയത്തെ |
| വിശ്വം | ലോകത്തെ | ദധ്രേ | ധരിച്ചിരിക്കുന്നു. |

52 തസ്മിൻ ബ്രഹ്മണ്യദ്വിതീയേ കേവലേ പരമാത്മനി
ബ്രഹ്മരുദ്രൗ ച ഭൂതാനി ഭേദേനാജ്ഞോഽനുപശ്യതി.

| | | | |
|---|---|---|---|
| തസ്മിൻ | അങ്ങനെയുള്ള | ബ്രഹ്മരുദ്രൗ | ബ്രഹ്മാവിനെയും ശിവനെയും |
| കേവലേ | കേവലസ്വരൂപനും | | |
| പരമാത്മനി | പരമാത്മാവും | ഭൂതാനി ച | സൎവ്വചരാചരങ്ങളേയും |
| അദ്വിതീയേ | സാജാത്യവൈജാത്യ ഭേദരഹിതനും | ഭേദേന | വേറെയെന്ന നിലയ്ക്കു് |
| | | അജ്ഞഃ | അറിവില്ലാത്തവൻ |
| ബ്രഹ്മണി | ബ്രഹ്മസ്വരൂപനുമായ എന്നിൽ | അനുപശ്യതി | കാണുന്നു. |

അറിവുള്ളവർ ഭേദം കാണുകയില്ലെന്നു് ദൃഷ്ടാന്തപൂൎവ്വം ഇനി പറയുന്നു.

53 യഥാ പുമാൻ ന സ്വാംഗേഷു ശിരഃപാണ്യാദിഷു കുചിത്
പാരക്യബുദ്ധിം കുരുതേ ഏവം ഭൂതേഷു മത്പരഃ.

| | | | |
|---|---|---|---|
| പുമാൻ | മനുഷ്യൻ | കുചിത് | ഒരിക്കലും |
| സ്വാംഗേഷു | തന്റെ ശരീരാവയവങ്ങളായ | ന കുരുതേ | കരുതുന്നില്ലയോ |
| ശിരഃപാണ്യാദിഷു | ശിരസ്സ്, കരം മുതലായവയിൽ | ഏവം | അപ്രകാരം |
| യഥാ | ഏതുപ്രകാരം | മത്പരഃ | എന്നെ സർവ്വാത്മനാ സേവിക്കുന്നവൻ |
| പാരക്യബുദ്ധിം | പാരകീയത്വം | ഭൂതേഷു | ജീവജാലങ്ങളുടെ വിഷയത്തിലും (കരുതുകയില്ല) |

ആകയാൽ സർവ്വത്ര ഏകത്വം ദർശിക്കുന്നവൻ കൃതകൃത്യനാകുമെന്നു് ഭഗവാൻ വ്യക്തമാക്കുന്നു.

54 ത്രയാണാമേകഭാവാനാം യോ ന പശ്യതി വൈ ഭിദാം
സർവ്വഭൂതാത്മനാം ബ്രഹ്മൻ സ ശാന്തിമധിഗച്ഛതി.

| | | | |
|---|---|---|---|
| ബ്രഹ്മൻ | അല്ലയോ ബ്രഹ്മൻ ! | ഭിദാം വൈ | അന്യോന്യഭേദം |
| ഏകഭാവാനാം | ഏകസ്വരൂപന്മാരും | ന പശ്യതി | ദർശിക്കുന്നില്ലയോ, |
| സർവ്വഭൂതാത്മനാം | സർവ്വജീവസ്വരൂപന്മാരുമായിരിക്കുന്ന | സഃ | അങ്ങനെയുള്ളവൻ |
| ത്രയാണാം | ത്രിമൂർത്തികൾക്കു് | ശാന്തിം | നിത്യശാന്തിയെ |
| യഃ | യാതൊരുവൻ | അധിഗച്ഛതി | അധിഗമിക്കുന്നു. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

55 ഏവം ഭഗവതാऽऽദിഷ്ടഃ പ്രജാപതിപതിർഹരിം
അർച്ചിത്വാ ക്രതുനാ സ്വേന ദേവാനുഭയതോऽയജത്.

| | | | |
|---|---|---|---|
| പ്രജാപതിപതിഃ | പ്രജാപതികൾക്കെല്ലാം പതിയായ ദക്ഷൻ | ക്രതുനാ | ത്രികപാലേഷ്ടിയാൽ |
| ഏവം | ഈ വിധം | അർച്ചിത്വാ | ആരാധിച്ചു്, |
| ഭഗവതാ | വിഷ്ണുഭഗവാനാൽ | ഉഭയതഃ | ഇരുമുറകളാലും (അംഗങ്ങളാലും പ്രധാനത്താലും) |
| ആദിഷ്ടഃ | കല്പിക്കപ്പെട്ടവനായിട്ടു്, | ദേവാൻ | ദേവന്മാരെ |
| ഹരിം | വിഷ്ണുവിനെ | അയജത് | ആരാധിച്ചു. |
| സ്വേന | സ്വകീയമായ | | |

56 രുദ്രം ച സ്വേന ഭാഗേന ഹ്യുപാധാവത് സമാഹിതഃ
കർമ്മണോദവസാനേന സോമപാനിതരാനപി
ഉദവസ്യ സഹർത്വിഗ്ഭിഃ സസ്നാവവഭൃഥം തതഃ

| | |
|---|---|
| സമാഹിതഃ | നിയന്ത്രിതമനസ്കനായിട്ട്, അദ്ദേഹം |
| രുദ്രം ച | ശ്രീരുദ്രനേയും |
| സ്വേന ഭാഗേന ഹി | യജ്ഞാവശിഷ്ടമായ സ്വകീയഭാഗത്താൽ തന്നെ |
| ഉപാധാവത് | സമാരാധിച്ചു. |
| ഉദവസാനേന | യജ്ഞസമാപനമെന്ന |
| കർമ്മണാ | കർമ്മത്താൽ |
| ഇതരാൻ | മററുള്ള |
| സോമപാൻ അപി | സോമരസാസ്വാദകന്മാരായ ദേവന്മാരെയെല്ലാം |
| (ഉപാധാവത്) | സമാരാധിച്ചു. |
| തതഃ | അനന്തരം |
| ഉദവസ്യ | യജ്ഞത്തെ ഉദ്വസിച്ചതിനുശേഷം |
| ഋത്വിഗ്ഭിഃ സഹ | ഋത്വിക്കുകളും മുതലായവരോടുകൂടി |
| അവഭൃഥം | അവഭൃഥമുറപ്രകാരം |
| സസ്നൗ | ദീക്ഷാന്തസ്നാനം ചെയ്തു. |

57 തസ്മാ അപ്യനുഭാവേന സ്വേനൈവാവാപ്തരാധസേ
ധർമ്മ ഏവ മതിം ദത്വാ വിബുധാസ്തേ ദിവം യയുഃ

| | |
|---|---|
| സ്വേന | തനിക്കുള്ള |
| അനുഭാവേന ഏവ | മഹിമാതിശയത്താൽ തന്നെ |
| അവാപ്തരാധസേ | സംപ്രാപ്തമായ സർവ്വാർത്ഥസിദ്ധിയോടുകൂടിയ |
| തസ്മൈ | ആ ദക്ഷന്നു് |
| അപി | മേലിലും |
| ധർമ്മേ ഏവ | ധർമ്മത്തിൽത്തന്നെ |
| മതിം | ശ്രദ്ധാബുദ്ധിയെ |
| ദത്വാ | പ്രദാനംചെയ്തു്, |
| തേ വിബുധാഃ | ആ ദേവന്മാർ |
| ദിവം യയുഃ | സ്വർഗ്ഗത്തിലേക്കുപോയി |

58 ഏവം ദാക്ഷായണീ ഹിത്വാ സതീ പൂർവ്വകളേബരം
ജജ്ഞേ ഹിമവതഃ ക്ഷേത്രേ മേനായാമിതി ശുശ്രുമ

| | |
|---|---|
| ഏവം | ഇപ്രകാരം |
| ദാക്ഷായണീ | ദക്ഷന്റെ മകളായ |
| സതീ | സതീദേവി |
| പൂർവ്വകളേബരം | ആദ്യശരീരത്തെ |
| ഹിത്വാ | ഉപേക്ഷിച്ചു്, |
| ഹിമവതഃ | ഹിമവാന്റെ |
| ക്ഷേത്രേ | പത്നിയായ |
| മേനായാം | മേനാദേവിയിൽ |
| ജജ്ഞേ ഇതി | വീണ്ടുംജനിച്ചുവെന്നു് |
| ശുശ്രുമ | നാം കേട്ടിരിക്കുന്നു. |

59 തമേവ ദയിതം ഭൂയ ആവൃങ്ക്തേ പതിമംബികാ
അനന്യഭാവൈകഗതിം ശക്തിഃ സുപ്തേവ പൂരുഷം

| | |
|---|---|
| സുപ്താ | പ്രളയകാലത്തു് വിലയം പ്രാപിച്ചുപോയ |
| ശക്തിഃ | ആധാരശക്തി |
| പൂരുഷം | പരമപുരുഷനെ |
| ഇവ | പ്രളയാനന്തരം വീണ്ടും അണയുന്നപോലെ, |
| അംബികാ | യോഗാഗ്നിയിൽ ദഹിച്ചുപോയ ദാക്ഷായണി |
| അനന്യഭാവൈകഗതിം | ഏകാന്തഭക്തക്കു് ഏകാവലംബമായ |
| തം ഏവ | തന്തിരുവടിയെത്തന്നെ |
| ദയിതം പതിം | പ്രിയഭർത്താവായി |
| ആവൃങ്ക്തേ | വരിച്ചു |

60 ഏതദ്ഭഗവതഃ ശംഭോഃ കർമ്മ ദക്ഷാധ്വരദ്രുഹഃ
ശ്രുതം ഭാഗവതാച്ഛിഷ്യാദുദ്ധവാന്മേ ബൃഹസ്പതേഃ

| | | | |
|---|---|---|---|
| ദക്ഷാധ്വരദ്രുഹഃ | ദക്ഷയാഗവിധ്വംസകനായി | ബൃഹസ്പതേഃ | ബൃഹസ്പതിയുടെ |
| ഭഗവതഃ | സർവ്വജ്ഞമൗലിയായിരിക്കുന്ന | ശിഷ്യാത് | ശിഷ്യനും |
| ശംഭോഃ | ശ്രീപരമേശ്വരന്റെ | ഭാഗവതാത് | ഭഗവൽഭക്തനുമായ |
| ഏതത് കർമ്മ | ഈ പ്രവൃത്തി | ഉദ്ധവാത് | ഉദ്ധവരിൽനിന്നു് |
| | | മേ ശ്രുതം | എന്നാൽ ശ്രവിക്കപ്പെട്ടതാകുന്നു |

ഫലശ്രുതിപറഞ്ഞു് ഈ ആഖ്യാനം ഉപസംഹരിക്കുന്നു—

61 ഇദം പവിത്രം പരമീശചേഷ്ടിതം
യശസ്യമായുഷ്യമഘൗഘമർഷണം
യോ നിത്യദാഽഽകർണ്യ നരോഽനുകീർത്തയേ-
ദ്ധുനോത്യഘം കൗരവ ഭക്തിഭാവതഃ

| | | | |
|---|---|---|---|
| കൗരവ | അല്ലയോ വിദുര! | യഃ നരഃ | ഏതൊരു മനുഷ്യൻ |
| യശസ്യം | കീർത്തികരവും | നിത്യദാ | നിത്യേന |
| ആയുഷ്യം | ആയുർവർദ്ധകവും | ഭക്തിഭാവതഃ | ഭക്തിഭാവത്തോടെ |
| അഘൗഘമർഷണം | പാപങ്ങളുടെ കൂമ്പാരത്തെ തല്ലിത്തകർക്കുന്നതും | ആകർണ്യ | കേട്ടിട്ടു് |
| പരം | അത്യധികം | അനുകീർത്തയേത് | മററുള്ളവരേയും തുടർന്നു കേൾപ്പിക്കുമോ, ആയാൾ |
| പവിത്രം | പാവനവുമായ | അഘം | പാപത്തെ |
| ഇദം ഈശചേഷ്ടിതം | ഈ സർവ്വേശ്വരലീലയെ | ധുനോതി | അകററിക്കളയുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ദക്ഷയജ്ഞസന്ധാനം നാമ സപ്തമോഽധ്യായഃ  ആദിതഃ ശ്ലോകാഃ 300.

നാലാമത്തെ സ്കന്ധത്തിൽ ഏഴാമദ്ധ്യായം കഴിഞ്ഞു.

# അഷ്ടമോഽധ്യായഃ — അദ്ധ്യായം എട്ട്.

## ധ്രുവോപാഖ്യാനപ്രാരംഭം.

"അഷ്ടമേ ഗുരുദാരോക്തിദോഷമത്സരതഃ പുരാത്
നിർഗതേന ധ്രുവേണാഥ തപസാ തോഷണം ഹരേഃ"

വിമാതാവിൻെറ അധിക്ഷേപവചനത്താൽ മനോവിക്ഷോഭം കലൎന്ന ധ്രുവൻ രാജധാനി വിട്ടു് ഇറങ്ങിപ്പോകുന്നതും തപസ്സുചെയ്തു് ശ്രീഹരിയെ പ്രസാദിപ്പിക്കുന്നതും ഈ അധ്യായത്തിൽ പറയുന്നു.

ദക്ഷകന്യകമാരുടെ വംശക്രമം വിവരിക്കവേ പ്രാസംഗികമായിവന്ന ദക്ഷയജ്ഞധ്വംസനകഥ വൎണ്ണിച്ചു് പറഞ്ഞു. ഇനി മനുപുത്രവംശവിവരണത്തിൽ ഉൾപ്പെടുന്ന ധ്രുവചരിതം ഇതു് മുതൽ അഞ്ചധ്യായം കൊണ്ടു് ഉപന്യസിക്കാൻ പോകുന്നു.

മനുകന്യകമാരുടെ വംശക്രമവൎണ്ണനത്തിലൂടെത്തന്നെ അതിനോടു് ബന്ധപ്പെട്ട മരീച്യാദിബ്രഹ്മപുത്രന്മാരുടെ ക്രമവും പ്രസ്താവിക്കപ്പെട്ടതാണു്. അതിലവശേഷിച്ച ചെറിയൊരംശം അധ്യായത്തിൻെറ തുടക്കത്തിൽ പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

1 സനകാദ്യാ നാരദശ്ച ഋഭുർഹംസോഽരുണിര്യതിഃ
നൈതേ ഗൃഹാൻ ബ്രഹ്മസുതാ ഹ്യാവസന്നൂർദ്ധ്വരേതസഃ

| | | | |
|---|---|---|---|
| ബ്രഹ്മസുതാഃ | ബ്രഹ്മാവിൻെറ പുത്രന്മാരായ | ഏതേ ച | എന്നിവരും |
| സനകാദ്യാഃ | സനകാദികളും, | ഗൃഹാൻ ന ആവസൻ | ഗൃഹസ്ഥവൃത്തികളെ സ്വീകരിക്കുകയുണ്ടായില്ല. |
| നാരദഃ | നാരദൻ, | ഹി | എന്തെന്നാൽ, അവർ |
| ഋഭുഃ ഹംസഃ | ഋഭു, ഹംസൻ, | ഊർദ്ധ്വരേതസഃ | നൈഷ്ഠികബ്രഹ്മചാരികളായിരുന്നു. |
| അരുണിഃ യതിഃ | അരുണി, യതി | | |

നൈഷ്ഠികന്മാരായതിനാൽ ഇവൎക്കു് വംശപരമ്പരയില്ലെന്നു് സാരം.

അധൎമ്മവും ബ്രഹ്മസന്താനമാണു്. നാലുശ്ലോകം കൊണ്ടു് തദ്വംശത്തെ പറയുന്നു

2 മൃഷാഽധൎമ്മസ്യ ഭാര്യാസീദ്ദംഭം മായാം ച ശത്രുഹൻ
അസൂത മിഥുനം തത്തു നിരൃതിർജ്ജഗൃഹേഽപ്രജഃ

| | | | |
|---|---|---|---|
| മൃഷാ | മൃഷയെന്നവൾ | ഭാര്യാ ആസീത് | ഭാര്യയായിരുന്നു. |
| അധൎമ്മസ്യ | അധൎമ്മമൂൎത്തിയുടെ | ശത്രുഹൻ | ഹേ ശത്രുഹന്താവായ വിദുര! |

| | | | |
|---|---|---|---|
| ദംഭം | 'ദംഭം' എന്ന പുത്രനേയും | അപ്രജഃ | സന്താനമില്ലാത്ത |
| മായാം ച | 'മായ' എന്ന പുത്രിയേയും | നിരൃതിഃ തു | നിരൃതിയാകട്ടെ |
| അസൂത | അവരം പ്രസവിച്ചു. | തത് മിഥുനം | ദാമ്പത്യബന്ധമുള്ള ആ സ്ത്രീപുരുഷദ്വന്ദ്വത്തെ |
| | | ജഗൃഹേ | സ്വീകരിച്ചു. |

പരവഞ്ചനയുടെ പ്രതീകമാണ് ദംഭം. അതിനുതകുന്ന പ്രവൃത്തിയാണ് മായ. രണ്ടും സഹോദരങ്ങളാണ്; ദമ്പതികളുമാണ്. അധർമ്മജാതരാണല്ലോ. അവരെ സ്വീകരിച്ച നിരൃതി മാരണദേവതയുമാണ്.

3 തയോഃ സമഭവല്ലോഭോ നികൃതിശ്ച മഹാമതേ
താഭ്യാം ക്രോധശ്ച ഹിംസാ ച യദ്ദുരുക്തിഃ സ്വസാ കലിഃ

| | | | |
|---|---|---|---|
| തയോഃ | ആ ദംഭമായാദമ്പതികളിൽ | ക്രോധഃ ച | 'ക്രോധം' എന്നവനും |
| ലോഭഃ | 'ലോഭം' എന്നവൻ | ഹിംസാ ച | 'ഹിംസ' എന്നവളും ഉണ്ടായി. |
| സമഭവത് | ഉണ്ടായി. | യത് | യാതൊരീ ക്രോധഹിംസാദ്വന്ദ്വത്തിൽ നിന്ന് |
| മഹാമതേ | ഹേ ബുദ്ധിശാലിൻ ! | കലിഃ | 'കലി' എന്ന് പുരുഷനും |
| നികൃതിഃ ച | 'നികൃതി' എന്നവളും ഉണ്ടായി. | സ്വസാ | അവന്റെ സോദരിയായ |
| താഭ്യാം | ദമ്പതിമാരായിത്തീർന്ന അവരിൽനിന്ന് | ദുരുക്തിഃ | 'ദുരുക്തി'യെന്നവളും ജനിച്ചു. |

ലോഭമെന്നത് ദുരാഗ്രഹവും, നികൃതി ശഠതയുമാകുന്നു. ഇവയുടെ അവിഹിതബന്ധത്തിൽ നിന്ന് ക്രോധവും ഹിംസയുമുണ്ടായി. ഈ ദ്വന്ദ്വത്തിൽനിന്നാണ് കലിയുടെയും ദുരുക്തി (പരുഷമൊഴി) യുടേയും ഉത്ഭവം.

4 ദുരുക്തൗ കലിരാധത്ത ഭയം മൃത്യും ച സത്തമ
തയോശ്ച മിഥുനം ജജ്ഞേ യാതനാ നിരയസ്തഥാ.

| | | | |
|---|---|---|---|
| സത്തമ | ഹേ സജ്ജനശ്രേഷ്ഠ ! | തയോഃ ച | ആ ഭയമൃത്യുക്കളിൽ |
| കലിഃ | കലിപുരുഷൻ | യാതനാ | 'യാതന' എന്നവളും |
| ദുരുക്തൗ | ദുരുക്തിസ്ത്രീയിൽ | നിരയഃ | 'നിരയം' എന്നവനും |
| ഭയം | 'ഭയം' എന്നവനേയും | തഥാ | അപ്രകാരം |
| മൃത്യും ച | 'മൃത്യു' എന്നവളേയും | മിഥുനം | ഇണകളായിട്ട് |
| ആധത്ത | ജനിപ്പിച്ചു. | ജജ്ഞേ | ജനിച്ചു. |

യാതനയെന്നത് തീവ്രവേദനയും, നിരയം നരകവുമാണ്. മേൽപ്പറഞ്ഞവയെല്ലാം അധർമ്മബീജങ്ങളായ ദുർവൃത്തികളാണെന്നും പുംസ്ത്രീഭേദേന ചെയ്തിരിക്കുന്ന സാകാരത്വകല്പന കാവ്യശോഭാർത്ഥമാണെന്നും ധരിക്കുക.

5 സംഗ്രഹേണ മയാഽഽഖ്യാതഃ പ്രതിസർഗസ്തവാനഘ
ത്രിഃ ശ്രുത്വൈതത് പുമാൻ പുണ്യം വിധുനോത്യാത്മനോ മലം.

| | |
|---|---|
| അനഘ | നിഷ്പാപനായ വിദുര! |
| പ്രതിസർഗഃ | ധർമ്മവൃത്തികളുടെ പ്രതിബന്ധികളായ അധർമ്മവൃത്തികളുടെ ഉൽപത്തി |
| സംഗ്രഹേണ | ചുരുക്കത്തിൽ |
| മയാ തവ | എന്നാൽ അങ്ങേയ്ക്കു് |
| ആഖ്യാതഃ | പറഞ്ഞുതരപ്പെട്ടു. |
| പുമാൻ | മനുഷ്യൻ |
| പുണ്യം | വർജ്ജനദ്വാരാ പുണ്യഹേതുകമായ |
| ഏതത് | ഈ അധർമ്മവംശത്തെ |
| ത്രിഃ ശ്രുത്വാ | മൂന്നുവട്ടം കേട്ടാൽ |
| ആത്മനഃ | മനസ്സിന്റെ |
| മലം | മാലിന്യത്തെ |
| വിധുനോതി | കൈവെടിയുന്നതാണു്. |

6 അഥാതഃ കീർത്തയേ വംശം പുണ്യകീർത്തേഃ കുരൂദ്വഹ
സ്വായംഭുവസ്യാപി മനോർഹരേരംശാംശജന്മനഃ.

| | |
|---|---|
| കുരൂദ്വഹ | ഹേ കുരുകുലപ്രമുഖ! |
| ഹരേഃ | ഹരിയുടെ |
| അംശാംശജന്മനഃ | അംശമായ ബ്രഹ്മാവിന്റെ പാതിയുടലിൽനിന്നു് പിറവിയെടുത്ത |
| പുണ്യകീർത്തേഃ | സുചരിതനായ |
| സ്വായംഭുവസ്യ | സ്വായംഭുവമനുവിന്റെ |
| വംശം അപി | പുത്രവംശത്തെയും |
| അഥാതഃ | ഇനിമേൽ |
| കീർത്തയേ | വിസ്തരിക്കാം. |

7 പ്രിയംവ്രതോത്താനപാദൌ ശതരൂപാപതേഃ സുതൌ
വാസുദേവസ്യ കലയാ രക്ഷായാം ജഗതഃ സ്ഥിതൌ.

| | |
|---|---|
| ശതരൂപാപതേഃ | ശതരൂപയുടെ ഭർത്താവായ സ്വായംഭുവമനുവിന്റെ |
| സുതൌ | പുത്രന്മാരായ |
| പ്രിയംവ്രതോത്താനപാദൌ | പ്രിയംവ്രതനും ഉത്താനപാദനും |
| വാസുദേവസ്യ | ശ്രീ വാസുദേവന്റെ |
| കലയാ | കലയോടുകൂടി |
| ജഗതഃ | ലോകത്തിന്റെ |
| രക്ഷായാം | പരിപാലനത്തിൽ |
| സ്ഥിതൌ | നിലകൊണ്ടവരാണു്. |

8 ജായേ ഉത്താനപാദസ്യ സുനീതിഃ സുരുചിസ്തയോഃ
സുരുചിഃ പ്രേയസീ പത്യുർനേതരാ യത്സുതോ ധ്രുവഃ

| | |
|---|---|
| സുനീതിഃ | സുനീതിയും |
| സുരുചിഃ | സുരുചിയും |
| ഉത്താനപാദസ്യ | ഉത്താനപാദന്റെ |
| ജായേ | ഭാര്യമാരായിരുന്നു. |
| തയോഃ | അവരിൽ |
| പത്യുഃ | ഭർത്താവിനു് |
| പ്രേയസീ | അധികം പ്രിയപ്പെട്ട |
| സുരുചിഃ | സുരുചിയാണു്. |
| ഇതരാ ന | മറേറവാം അല്ല. |
| യത്സുതഃ | യാതൊരുവളുടെ പുത്രനായിരുന്നു |
| ധ്രുവഃ | ധ്രുവൻ |

9 ഏകദാ സുരുചേഃ പുത്രമങ്കമാരോപ്യ ലാളയൻ
ഉത്തമം നാരുരുക്ഷന്തം ധ്രുവം രാജാഽഭ്യനന്ദത.

| | | | |
|---|---|---|---|
| ഏകദാ | ഒരിക്കൽ, | ലാളയൻ | താലോലിച്ചുകൊണ്ടിരു |
| സുരുചേഃ | സുരുചിയുടെ | രാജാ | രാജാവു് [ന്ന |
| പുത്രം | മകനായ | ആരുരുക്ഷന്തം | മടിയിൽ കയറിയിരി |
| ഉത്തമം | ഉത്തമനെ | | ക്കുവാൻ ആഗ്രഹിച്ചുവന്ന |
| അങ്കം | മടിയിൽ | ധ്രുവം | ധ്രുവകുമാരനെ |
| ആരോപ്യ | കയററിയിരുത്തി | ന അഭ്യനന്ദത | ശ്രദ്ധിച്ചില്ല. |

10 തഥാ ചികീർഷമാണം തം സപത്ന്യാസ്തനയം ധ്രുവം
സുരുചിഃ ശൃണ്വതോ രാജ്ഞഃ സേർഷ്യമാഹാതിഗർവ്വിതാ

| | | | |
|---|---|---|---|
| അതിഗർവ്വിതാ | വലിയ ഊററക്കാരിയാ | തനയം | പുത്രനുമായ |
| സുരുചിഃ | സുരുചി [യ | തം ധ്രുവം | ആ ധ്രുവനോടു് |
| തഥാ | അപ്രകാരം | | |
| ചികീർഷമാണം | മടിയിലിരിക്കുവാനാഗ്ര | രാജ്ഞഃ | രാജാവു് കേട്ടുകൊണ്ടി |
| | ഹിച്ചു നില്ക്കുന്നവനും | ശൃണ്വതഃ | രിക്കെത്തന്നെ |
| സപത്ന്യാഃ | സപത്നിയുടെ (ഭർത്താവി | സേർഷ്യം | ഈർഷ്യയോടുകൂടി |
| | ന്റെ അന്യഭാര്യയുടെ) | ആഹ | പറഞ്ഞു. |

സുരുചിയുടെ ഗർവ്വോക്തികളെ മൂന്നുശ്ലോകംകൊണ്ടു് പറയുന്നു—

11 ന വത്സ നൃപതേർധിഷ്ണ്യം ഭവാനാരോഢുമർഹതി
ന ഗൃഹീതോ മയാ യത്ത്വം കുക്ഷാവപി നൃപാത്മജഃ

| | | | |
|---|---|---|---|
| വത്സ ഭവാൻ | ഉണ്ണീ! നീ | ന അർഹതി | അർഹിക്കുന്നില്ല. |
| നൃപതേ | രാജാവിന്റെ | യത് ത്വം | എന്തെന്നാൽ, നീ |
| ധിഷ്ണ്യം | ഇരിപ്പിടത്തിലേക്കു് | മയാ | എന്നാൽ |
| നൃപാത്മജഃ അപി | രാജകുമാരനാണെങ്കിലും കൂടി | കുക്ഷൗ | ഗർഭത്തിൽ |
| ആരോഢും | കയറുവാൻ | ന ഗൃഹീതഃ | ധരിക്കപ്പെട്ടവനല്ലല്ലോ |

12 ബാലോഽസി ബത നാത്മാനമന്യസ്ത്രീഗർഭസംഭൃതം
നൂനം വേദ ഭവാൻ യസ്യ ദുർല്ലഭേഽർത്ഥേ മനോരഥഃ.

| | | | |
|---|---|---|---|
| ബത | അയ്യോ പാവമേ! | ന വേദ | അറിഞ്ഞുവച്ചിട്ടില്ല. |
| ബാലഃ അസി | നീ കൊച്ചുകുട്ടിയാണു് | യസ്യ | (അതിനാൽ) യാതൊരു നിനക്കു് |
| അന്യസ്ത്രീഗർഭ- സംഭൃതം | മറെറാരുത്തിയുടെ വയ റിലുണ്ടായ | ദുർല്ലഭേ | സാധിച്ചുകൂടാത്ത |
| ആത്മാനം | തന്നെക്കുറിച്ചു് | അർത്ഥേ | കാര്യത്തിലും |
| ഭവാൻ നൂനം | നീ തീർച്ചയായും | മനോരഥഃ | ആശയുണ്ടായി |

13 തപസാഽരാധ്യ പുരുഷം തസ്യൈവാനുഗ്രഹേണ മേ
ഗർഭേ ത്വം സാധയാഽത്മാനം യദീച്ഛസി നൃപാസനം.

| | | | |
|---|---|---|---|
| നൃപാസനം | രാജാസനത്തെ | തസ്യ ഏവ | അവിടുത്തെ മാത്രം |
| ഇച്ഛസി യദി | ആഗ്രഹിക്കുന്നുവെങ്കിൽ | അനുഗ്രഹേണ | അനുഗ്രഹംകൊണ്ടു് |
| തപസാ | തപസ്സുകൊണ്ടു് | മേ ഗർഭേ | എന്റെ വയററിൽ |
| പുരുഷം | ഈശ്വരനെ | ത്വം ആത്മാനം സാധയ | നീ പിറവിയെടുത്തു കൊള്ളുക |
| ആരാധ്യ | ആരാധിച്ചു്, | | |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

14 മാതുഃ സപത്ന്യാഃ സ ദുരുക്തിവിദ്ധഃ
ശ്വസൻ രുഷാ ദണ്ഡഹതോ യഥാഽഹിഃ
ഹിത്വാ മിഷന്തം പിതരം സന്നവാചം
ജഗാമ മാതുഃ പ്രരുദൻ സകാശം

| | | | |
|---|---|---|---|
| സപത്ന്യാഃ മാതുഃ | മററമ്മയുടെ | പ്രരുദൻ | തേങ്ങിക്കരഞ്ഞു കൊണ്ടും, |
| ദുരുക്തിവിദ്ധഃ | ചീത്തവാക്കാൽ ചിത്തം പിളൎന്നുപോയ | സന്നവാചം | തളൎന്ന വാക്കോടെ |
| സഃ | അവൻ | മിഷന്തം | മിഴിച്ചിരിക്കുന്ന |
| ദണ്ഡഹതഃ | വടികൊണ്ടു് അടിക്കപ്പെട്ട | പിതരം | അച്ഛനെ |
| | | ഹിത്വാ | വിട്ടിട്ടു്, |
| അഹിഃ യഥാ | പാമ്പുപോലെ | മാതുഃ | പെററമ്മയുടെ |
| രുഷാ | കോപത്താൽ | സകാശം | അടുക്കലേക്കു് |
| ശ്വസൻ | വീൎപ്പിട്ടുകൊണ്ടും | ജഗാമ | പോയി. |

15 തം നിശ്വസന്തം സ്ഫുരിതാധരോഷ്ഠം
സുനീതിരുത്സംഗ ഉദൂഹ്യ ബാലം
നിശമ്യ തത് പൗരമുഖാന്നിതാന്തം
സാ വിവ്യഥേ യദ്ഗദിതം സപത്ന്യാ.

| | | | |
|---|---|---|---|
| സാ സുനീതിഃ | ആ സുനീതി | ഗദിതം | പറയപ്പെട്ടതു് |
| നിശ്വസന്തം | നെടുവീൎപ്പിട്ടുകൊണ്ടും | യത് തത് | യാതൊന്നാണോ, അതു് |
| സ്ഫുരിതാധരോഷ്ഠം | ചുണ്ടുവിറച്ചുകൊണ്ടും വന്നുനിന്ന | പൗരമുഖാത് | അന്തഃപുരത്തിലുള്ളവരുടെ മുഖത്തിൽ നിന്നു് |
| തം ബാലം | ആ പൈതലിനെ | നിശമ്യ | കേട്ടറിഞ്ഞു് |
| ഉത്സംഗേ | മടിത്തടത്തിൽ | നിതാന്തം | വളരെ |
| ഉദൂഹ്യ | എടുത്തുവെച്ചു്, | വിവ്യഥേ | സങ്കടപ്പെട്ടു. |
| സപത്ന്യാ | സപത്നിയാൽ | | |

16 സോത്സൃജ്യ ധൈര്യം വിലലാപ ശോക-
ദാവാഗ്നിനാ ദാവലതേവ ബാലാ
വാക്യം സപത്ന്യാഃ സ്മരതീ സരോജ-
ശ്രിയാ ദൃശാ ബാഷ്പകലാമുവാഹ.

| | | | |
|---|---|---|---|
| ശോകദാവാ-ഗ്നിനാ | ദുഃഖമാവുന്ന കാട്ടുതീയാൽ (വെന്തുരുകിയ) | സപത്ന്യാഃ | സപത്നിയുടെ |
| സാ ബാലാ | ആ കൊച്ചുരാജ്ഞി | വാക്യം | വചനത്തെ |
| ദാവലതാ ഇവ | കാട്ടുതീയിൽപ്പെട്ട പൂവള്ളിപോലെ (വാടിയിട്ട്) | സ്മരതീ | ഓർത്തുകൊണ്ട് |
| | | സരോജശ്രിയാ | ചെന്താമരപ്പൂവിൻെറ ചന്തംചിന്തുന്ന |
| ധൈര്യം | കരുത്തിനെ | ദൃശാ | കണ്ണിണയാൽ |
| ഉത്സൃജ്യ | കൈവിട്ട്, | ബാഷ്പകലാം | കണ്ണീർകണത്തെ |
| വിലലാപ | കരഞ്ഞുതൊഴിച്ചു. | ഉവാഹ | ഏന്തിനിന്നു |

17 ദീർഘം ശ്വസന്തീ വൃജിനസ്യ പാര-
മപശ്യതീ ബാലകമാഹ ബാലാ
മാമംഗളം താത പരേഷ്വമംസ്ഥാഃ
ഭുങ്ക്തേ ജനോ യത്പരദുഃഖദസ്തത്

| | | | |
|---|---|---|---|
| ബാലാ | ആ അബലാമണി | താത | "മകനെ ! |
| വൃജിനസ്യ | ദുഃഖത്തിൻെറ | പരേഷു | മററുള്ളവരിൽ |
| പാരം | മറുകര | അമംഗളം | തെററ് |
| അപശ്യതീ | കാണാൻ കഴിയാതെ | മാ അമംസ്ഥാഃ | കരുതരുത്. |
| ദീർഘം | നെടുതായി | യത് | എന്തെന്നാൽ, |
| ശ്വസന്തീ | വീർപ്പിട്ടുകൊണ്ട് | പരദുഃഖദഃ | അന്യർക്കു ദുഃഖമേകിയ |
| ബാലകം | കുട്ടിയോട് | ജനഃ തത് | ആാം, അതിനെ |
| ആഹ | പറഞ്ഞു— | ഭുങ്ക്തേ | അനുഭവിക്കുന്നു |

18 സത്യം സുരുച്യാഽഭിഹിതം ഭവാന്മേ
യദ്ദുർഭഗായാ ഉദരേ ഗൃഹീതഃ
സ്തന്യേന വൃദ്ധശ്ച വിലജ്ജതേ യാം
ഭാര്യേതി വാ വോഢുമിഡസ്പതിർമാം

| | | | |
|---|---|---|---|
| സുരുച്യാ | സുരുചിയാൽ | ഭാര്യാ ഇതി വാ വോഢും | ഒരു ഭാര്യയാണെന്നെങ്കിലും ഉള്ളിലോർക്കുവാൻ |
| അഭിഹിതം | പറയപ്പെട്ടതു് | ഇഡസ്പതിഃ | മഹാരാജാവ് |
| സത്യം | നേരാണ് | വിലജ്ജതേ | വല്ലാതെ ലജ്ജിക്കുന്നുവോ, |
| യാം മാം | യാതൊരു എന്നെ | | |

| | | | |
|---|---|---|---|
| ദുർഭഗായാഃ | ആ ഭാഗ്യംകെട്ടവളായ | ഗൃഹീതഃ | ഗ്രഹിക്കപ്പെട്ടു; |
| മേ ഉദരേ | എന്റെ, വയററിൽ | സ്തന്യേന | എന്റെ മുലപ്പാലു കൊണ്ടു് |
| ഭവാൻ | നീ | വൃദ്ധഃ ച | വളർത്തപ്പെട്ടവനുമായി. |

19 ആതിഷ്ഠ തത്താത വിമത്സരസ്ത്വ-
മുക്തം സമാത്രാഽപി യദവ്യളീകം
ആരാധയാധോക്ഷജപാദപദ്മം
യദീച്ഛസേഽധ്യാസനമുത്തമോ യഥാ

| | | | |
|---|---|---|---|
| താത ത്വം | മകനേ! നീ | ആതിഷ്ഠ | അനുഷ്ഠിക്കുക. |
| സമാത്രാ അപി | മാതൃസപത്നിയാലാണെങ്കിലുംകൂടി | ഉത്തമഃ യഥാ | ഉത്തമനെപ്പോലെ |
| ഉക്തം | പറയപ്പെട്ടതു് | അധ്യാസനം | രാജാസനത്തെ |
| യത് | യാതൊന്നാണോ, | ഇച്ഛസി യദി | കാംക്ഷിക്കുന്നുവെങ്കിൽ |
| തത് | അതിനെ | അധോക്ഷജപാദപദ്മം | ശ്രീവാസുദേവന്റെ പാദാംബുജത്തെ |
| വിമത്സരഃ | ഗതമത്സരനായിട്ടു് | | |
| അവ്യളീകം | നിഷ്കപടതയോടെ | ആരാധയ | ഭജിക്കുക. |

20 യസ്യാംഘ്രിപദ്മം പരിചര്യ വിശ്വ-
വിഭാവനായാത്തഗുണാഭിപത്തേഃ
അജോഽധ്യതിഷ്ഠത് ഖലു പാരമേഷ്ഠ്യം
പദം ജിതാത്മശ്വസനാഭിവന്ദ്യം.

| | | | |
|---|---|---|---|
| വിശ്വവിഭാവനായ | ലോകസംരക്ഷണത്തിന്നായി | അജഃ | ബ്രഹ്മാവു് |
| ആത്തഗുണാഭിപത്തേഃ | സ്വീകരിക്കപ്പെട്ട സത്ത്വഗുണാധിഷ്ഠാനത്തോടുകൂടിയ | ജിതാത്മശ്വസനാഭിവന്ദ്യം | മനഃപ്രാണങ്ങളെ കീഴടക്കിയ സിദ്ധന്മാരാൽ അഭിവന്ദ്യമായ |
| യസ്യ | യാതൊരു തന്തിരുവടിയുടെ | പാരമേഷ്ഠ്യം | പരമേഷ്ഠിയുടേതായ |
| അംഘ്രിപദ്മം | പാദാംബുജത്തെ | പദം | പദവിയെ |
| | | അധ്യതിഷ്ഠത് | അധിഷ്ഠിതിചെയ്തു |
| പരിചര്യ | ഭജിച്ചിട്ടു് | ഖലു | എന്നല്ലേ പ്രസിദ്ധി? |

21 തഥാ മനുർവോ ഭഗവാൻ പിതാമഹോ
യമേകമത്യാ പുരുദക്ഷിണൈർമഖൈഃ
ഇഷ്ട്വാഽഭിപേദേ ദുരവാപമന്യതോ
ഭൗമം സുഖം ദിവ്യമഥാപവർഗ്യം.

| | | | |
|---|---|---|---|
| തഥാ | അതേവിധം, | മഖൈഃ | യജ്ഞങ്ങളാൽ |
| വഃ | നിങ്ങളുടെയെല്ലാം | ഇഷ്ട്വാ | യജിച്ചിട്ട് |
| പിതാമഹഃ | മുത്തച്ഛനായ | അന്യതഃ | അന്യത്ര |
| ഭഗവാൻ | സർവ്വജ്ഞനായുള്ള | ദുരവാപം | ദുർല്ലഭമായ |
| മനുഃ | സ്വായംഭുവമനു | ഭൗമം | ഐഹികവും |
| യം | യാതൊരു തന്തിരുവടിയെ | ദിവ്യം | സ്വർഗ്ഗീയവും ആയ |
| ഏകമത്യാ | സർവ്വാന്തര്യാമിയെന്ന ഭാവനയോടെ | സുഖം | സുഖത്തേയും |
| | | അഥ | പിന്നീട് |
| പുരുദക്ഷിണൈഃ | ധാരാളം ദക്ഷിണകളോടുകൂടിയ | ആപവർഗ്ഗ്യം | മുക്തിസൗഖ്യത്തേയും |
| | | അഭിപേദേ | പ്രാപിച്ചു. |

22 തമേവ വത്സാശ്രയ ഭൃത്യവത്സലം
മുമുക്ഷുഭിർമ്മൃഗ്യപദാബ്ജപദ്ധതിം
അനന്യഭാവേ നിജധർമ്മഭാവിതേ
മനസ്യവസ്ഥാപ്യ ഭജസ്വ പൂരുഷം

| | | | |
|---|---|---|---|
| വത്സ | ഉണ്ണീ! | അനന്യഭാവേ | അന്യവിചാരമില്ലാത്തതും |
| ഭൃത്യവത്സലം | ഭക്തവത്സലനും | നിജധർമ്മഭാവിതേ | സ്വധർമ്മാനുഷ്ഠാനത്താൽ ശുദ്ധീകരിക്കപ്പെട്ടതുമായ |
| മുമുക്ഷുഭിഃ | മോക്ഷാർത്ഥികളാൽ | | |
| മൃഗ്യപദാബ്ജപദ്ധതിം | അന്വേഷണീയമായുള്ള പാദപദ്മങ്ങളുടെ മാർഗ്ഗത്തോടുകൂടിയവനുമായ | മനസി | മനസ്സിൽ |
| | | പൂരുഷം | പരമപുരുഷനെ |
| തം ഏവ | തന്തിരുവടിയെത്തന്നെ | അവസ്ഥാപ്യ | പ്രതിഷ്ഠിച്ച് |
| ആശ്രയ | ആശ്രയിക്ക. | ഭജസ്വ | സേവിച്ചുകൊള്ളുക. |

23 നാന്യം തതഃ പദ്മപലാശലോചനാദ്–
ദുഃഖച്ഛിദം തേ മൃഗയാമി കഞ്ചന
യോ മൃഗ്യതേ ഹസ്തഗൃഹീതപദ്മയാ
ശ്രിയേതരൈരംഗ വിമൃഗ്യമാണയാ–

| | | | |
|---|---|---|---|
| അംഗ | ഉണ്ണീ! | പദ്മപലാശലോചനാത് | ചെന്താമരക്കണ്ണനായ |
| ഇതരൈഃ | ഇതരജനങ്ങളാൽ | | |
| മൃഗ്യമാണയാ | തേടപ്പെടേണ്ടുന്നവളും | തതഃ | ആ ഭഗവാനിൽനിന്ന് |
| ഹസ്തഗൃഹീതപദ്മയാ | തൃക്കരത്തിൽ ചെന്താമരപ്പൂവ് ധരിച്ചിരിക്കുന്നവളുമായ | അന്യം | അന്യനായ |
| | | കഞ്ചന | ഒരാളെയും |
| ശ്രിയാ | മഹാലക്ഷ്മിയാല്പോലും | തേ | നിന്റെ |
| യഃ | യാതൊരു ഭഗവാൻ | ദുഃഖച്ഛിദം | ദുഃഖത്തെ വേരറുക്കുവാനായിട്ട് |
| മൃഗ്യതേ | അന്വേഷിക്കപ്പെട്ടുവരുന്നുവോ, | ന മൃഗയാമി | ഞാൻ കണ്ടെത്തുന്നില്ല. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു__

24 ഏവം സഞ്ജല്പിതം മാതുരാകൎണ്യാൎത്ഥാഗമം വചഃ
സന്നിയമ്യാത്മനാ ऽ ത്മാനം നിശ്ചക്രാമ പിതുഃ പുരാത്.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ആത്മനാ | മനസ്സാലെ |
| മാതുഃ | അമ്മയുടെ | ആത്മാനം | മനസ്സിനെ |
| സഞ്ജല്പിതം | കരച്ചിലും | സന്നിയമ്യ | ഒതുക്കി, |
| അൎത്ഥാഗമം | കാൎയ്യസാധകമായ | പിതുഃ | അച്ഛന്റെ |
| വചഃ | പറച്ചിലും | പുരാത് | കൊട്ടാരത്തിൽനിന്നു് |
| ആകൎണ്യ | കേട്ടിട്ടു്, | നിശ്ചക്രാമ | പുറത്തുകടന്നു. |

25 നാരദസ്തദുപാകൎണ്യ ജ്ഞാത്വാ തസ്യ ചികീൎഷിതം
സ്പൃഷ്ട്വാ മൂൎദ്ധന്യഘഘ്നേന പാണിനാ പ്രാഹ വിസ്മിതഃ.

| | | | |
|---|---|---|---|
| നാരദഃ | ശ്രീ നാരദൻ | വിസ്മിതഃ | വിസ്മിതനായിട്ടു്, |
| തത് | അതു് | അഘഘ്നേന | പാപം നശിപ്പിക്കുന്ന |
| ഉപാകൎണ്യ | കേട്ടു്, | പാണിനാ | കരത്താൽ |
| തസ്യ | ആ ബാലന്റെ | മൂൎദ്ധനി | തലയിൽ |
| ചികീൎഷിതം | ഉദ്ദേശ്യത്തെയും | സ്പൃഷ്ട്വാ | തൊട്ടനുഗ്രഹിച്ചു് |
| ജ്ഞാത്വാ | അറിഞ്ഞു് | പ്രാഹ | പറഞ്ഞു. |

ശ്രീ നാരദന്റെ ഉള്ളിൽ വിസ്മയംതോന്നുവാനുള്ള കാരണം താഴെ വ്യക്തമാക്കുന്നു.

26 അഹോ തേജഃ ക്ഷത്രിയാണാം മാനഭംഗമമൃഷ്യതാം
ബാലോ ऽ പ്യയം ഹൃദാ ധത്തേ യത് സമാതുരസദ്വചഃ.

| | | | |
|---|---|---|---|
| മാനഭംഗം | മാനക്കേടു് | യത് അയം | എന്തെന്നാൽ, ഇവൻ |
| അമൃഷ്യതാം | പൊറുക്കവാനാവാത്ത | ബാലഃ അപി | കുട്ടിയായിട്ടുകൂടി |
| ക്ഷത്രിയാണാം | ക്ഷത്രിയന്മാരുടെ | സമാതുഃ | ചിററമ്മയുടെ |
| തേജഃ | ഉൾക്കരുത്തു് | അസദ്വചഃ | ചീത്തവാക്കിനെ |
| അഹോ | അതിശയം തന്നെ | ഹൃദാ ധത്തേ | ഉള്ളുകൊണ്ടു് കരുതുന്നു. |

ശ്രീ നാരദ ഉവാച = ശ്രീ നാരദൻ പറഞ്ഞു.

27 നാധുനാപ്യവമാനം തേ സമ്മാനം വാപി പുത്രക
ലക്ഷയാമഃ കുമാരസ്യ സക്തസ്യ ക്രീഡനാദിഷു

| | | | |
|---|---|---|---|
| പുത്രക | മകനേ ! | തേ | നിനക്കു് |
| അധുനാപി | ഇപ്പോഴുംകൂടി | അവമാനം | അവമതിയായോ, |
| ക്രീഡനാദിഷു | കുട്ടിക്കളിയിലും മററും | സമ്മാനം വാ | ബഹുമതിയായോ |
| സക്തസ്യ | താൽപൎയ്യമുള്ള | അപി | മററൊ ഒന്നിനേയും |
| കുമാരസ്യ | ഒരു ബാലകനായ | ന ലക്ഷയാമഃ | നാം കാണുന്നില്ല. |

28 വികല്പേ വിദ്യമാനേഽപി ന ഹ്യസന്തോഷഹേതവഃ
പുംസോ മോഹമൃതേ ഭിന്നാ യല്ലോകേ നിജകർമ്മഭിഃ

| | | | |
|---|---|---|---|
| വികല്പേ | അവമതി–ബഹുമതി എന്നിവയുടെ തരംതിരിച്ചറിവ് | മോഹം ഋതേ | അവൻെറ ബുദ്ധിമോശമെന്നതല്ലാതെ |
| വിദ്യമാനേ അപി | ഉണ്ടെന്നുള്ള പക്ഷത്തിൽക്കൂടിയും | ഭിന്നാഃ ന ഹി | മറെറാന്നും ആകയില്ല |
| പുംസഃ | മനുഷ്യന് | യത് | എന്തെന്നാൽ |
| അസന്തോഷ–ഹേതവഃ | മനഃസുഖമില്ലാതെ വരുവാനുള്ള കാരണങ്ങൾ | ലോകേ | ലോകത്തിൽ |
| | | നിജകർമ്മഭിഃ | തൻെറ കർമ്മങ്ങൾ നിമിത്തമാണ് അവ സംഭവിക്കുന്നതു് |

മനുഷ്യൻ സ്വകർമ്മാർജ്ജിതം അനുഭവിക്കുന്നു. അതിൽ അന്യനെ പഴിക്കുന്നതു് ബുദ്ധിമോശമാണെന്നു് ആശയം.

ഇനി ആറുശ്ലോകങ്ങളാൽ ശ്രീ നാരദൻ ധ്രുവനു് ക്ഷമാഗുണം ഉപദേശിക്കുന്നു. ബാലനെ തപസ്സിൽനിന്നു് പിൻതിരിപ്പിക്കുവാനുള്ള ശ്രമമാണതു്.

29 പരിതുഷ്യേത്തതസ്താത താവന്മാത്രേണ പൂരുഷഃ
ദൈവോപസാദിതം യാവദ്വീക്ഷ്യേശ്വരഗതിം ബുധഃ

| | | | |
|---|---|---|---|
| തതഃ താത | അതിനാൽ ഉണ്ണി! | യാവത് | എത്രമാത്രം |
| ബുധഃ | ബോധവാനായ | ദൈവോപ–സാദിതം | ഈശ്വരേച്ഛയാൽ വന്നുചേരുന്നുവോ, |
| പൂരുഷഃ | മനുഷ്യൻ | താവന്മാത്രേണ | അത്രമാത്രംകൊണ്ടു് |
| ഈശ്വരഗതിം | ഈശ്വരസങ്കല്പത്തെ | | |
| വീക്ഷ്യ | കണ്ടറിഞ്ഞു്, | പരിതുഷ്യേത് | സന്തുഷ്ടനായേക്കും |

30 അഥ മാത്രോപദിഷ്ടേന യോഗേനാവരുരുത്സസി
യത്പ്രസാദം സ വൈ പുംസാം ദുരാരാധ്യോ മതോ മമ

| | | | |
|---|---|---|---|
| അഥ | പിന്നെ, | സഃ വൈ | അദ്ദേഹമാകട്ടെ |
| മാത്രാ | മാതാവിനാൽ | | |
| ഉപദിഷ്ടേന | ഉപദേശിക്കപ്പെട്ട | പുംസാം | സാധാരണ ജനങ്ങൾക്കു് |
| യോഗേന | യോഗമാർഗ്ഗത്തിലൂടെ | | |
| യത്പ്രസാദം | യാതൊരാളുടെ പ്രസാദത്തെ | ദുരാരാധ്യഃ | ആരാധിക്കുവാൻ പ്രയാസമുള്ളവനാണെന്നു് |
| അവരുരുത്സസി | കൈപ്പററുവാൻ നീ ആഗ്രഹിക്കുന്നുവോ, | മമ മതഃ | എന്നാൽ കരുതപ്പെടുന്നു |

31 മുനയഃ പദവീം യസ്യ നിഃസംഗേനോരുജന്മഭിഃ
ന വിദുർമൃഗയന്തോഽപി തീവ്രയോഗസമാധിനാ.

| | | | |
|---|---|---|---|
| യസ്യ | യാതൊരുവന്റെ | തീവ്രയോഗസമാധിനാ | നിരന്തരാഭ്യാസമുള്ളതുമായ സമാധിയിലൂടെ |
| പദവീം | മാർഗ്ഗത്തെ | ഉരുജന്മഭിഃ | അനേകം ജന്മങ്ങൾ കൊണ്ട് |
| മുനയഃ | മനനശീലരായ ഋഷിമാർ | മൃഗയന്തഃ അപി | തിരഞ്ഞിട്ടുകൂടി |
| നിഃസംഗേന | സംഗരഹിതവും | ന വിദുഃ | അറിയാതെയിരിക്കുന്നു. |

32 അതോ നിവർത്തതാമേഷ നിർബന്ധസ്തവ നിഷ്ഫലഃ
യതിഷ്യതി ഭവാൻ കാലേ ശ്രേയസാം സമുപസ്ഥിതേ.

| | | | |
|---|---|---|---|
| അതഃ തവ | ആകയാൽ, നിന്റെ | ശ്രേയസാം | നല്ലതുകൾക്കുള്ള |
| നിഷ്ഫലഃ | പ്രയോജനമില്ലാത്ത | കാലേ | തക്കസമയം |
| ഏഷഃ നിർബന്ധഃ | ഈ പിടിവാശി | സമുപസ്ഥിതേ | വന്നുചേരുമ്പോൾ |
| | | ഭവാൻ | നീ സ്വയം |
| നിവർത്തതാം | വിട്ടുപോകട്ടെ. | യതിഷ്യതി | പ്രയത്നിച്ചുകൊള്ളും. |

33 യസ്യ യദ്ദൈവവിഹിതം സ തേന സുഖദുഃഖയോഃ
ആത്മാനം തോഷയൻ ദേഹീ തമസഃ പാരമൃച്ഛതി.

| | | | |
|---|---|---|---|
| യസ്യ | യാതൊരു മനുഷ്യന് | തേന | അതുകൊണ്ട് (ദൈവവിഹിതമെന്തോ അതുകൊണ്ട്) |
| സുഖദുഃഖയോഃ | സുഖദുഃഖങ്ങളുടെ ഇടയിൽ | ആത്മാനം | മനസ്സിനെ |
| യത് | യാതൊന്നാണോ | തോഷയൻ | സന്തോഷിച്ചുകൊണ്ടിരുന്ന് |
| ദൈവവിഹിതം | ഈശ്വരനാൽ കല്പിക്കപ്പെട്ടിരിക്കുന്നത്, | തമസഃ | മോഹാന്ധകാരത്തിന്റെ |
| | | പാരം | മറുകരയിലേക്ക് |
| സഃ ദേഹീ | ആ മനുഷ്യൻ | ഋച്ഛതി | എത്തിച്ചേരുന്നു. |

34 ഗുണാധികാന്മുദം ലിപ്സേദനുക്രോശം ഗുണാധമാത്
മൈത്രീം സമാനാദന്വിച്ഛേന്ന താപൈരഭിഭൂയതേ.

| | | | |
|---|---|---|---|
| ഗുണാധികാത് | തന്നെക്കാൾ അധികം ഗുണമുള്ളവനെ കണ്ടാൽ | സമാനാത് | ഗുണസമത്വമുള്ളവനെ കണ്ടാൽ |
| മുദം | സന്തോഷത്തെ | മൈത്രീം | സുഹൃദ്ഭാവത്തെ |
| ലിപ്സേത് | കൈക്കൊള്ളണം. | അന്വിച്ഛേത് | കൈക്കൊള്ളണം. |
| ഗുണാധമാത് | ഗുണം കുറഞ്ഞവനെ കണ്ടാൽ | (സഃ) | അങ്ങനെയുള്ളവൻ |
| അനുക്രോശം | അനുകമ്പയെ | താപൈഃ | താപങ്ങളാൽ |
| (ലിപ്സേത്) | കൈക്കൊള്ളണം. | ന അഭിഭൂയതേ | പീഡിതനാകയില്ല. |

ധ്രുവ ഉവാച = ധ്രുവൻ പറഞ്ഞു.

35 സോഽയം ശമോ ഭഗവതാ സുഖദുഃഖഹതാത്മനാം
ദർശിതഃ കൃപയാ പുംസാം ദുർദർശോഽസ്മദ്വിധൈസ്തു യഃ

| | | | |
|---|---|---|---|
| അസ്മദ്വിധൈഃ | എന്നെപ്പോലെയുള്ളവരാൽ | സുഖദുഃഖഹതാത്മനാം | സുഖദുഃഖങ്ങളാൽ നഷ്ടബുദ്ധികളായ |
| ദുർദർശഃ തു | ദുർവിജ്ഞേയമായിത്തന്നെ സ്ഫുരിക്കുന്ന | പുംസാം | മനുഷ്യർക്കുവേണ്ടി |
| അയം യഃ | ഈ യാതൊരു | ഭഗവതാ | മഹാനുഭാവനായ അങ്ങയാൽ |
| ശമഃ | ശാന്തിമാർഗ്ഗമുണ്ടോ, | കൃപയാ | കാരുണ്യം നിമിത്തം |
| സഃ | ആയതു് | ദർശിതഃ | വെളിവാക്കപ്പെട്ടു. |

36 അഥാപി മേഽവിനീതസ്യ ക്ഷാത്രം ഘോരമുപേയുഷഃ
സുരുച്യാ ദുർവചോബാണൈർന ഭിന്നേ ശ്രയതേ ഹൃദി

| | | | |
|---|---|---|---|
| അഥാപി | എന്നിരിക്കിലും | സുരുച്യാഃ | സുരുചിയുടെ |
| ഘോരം | അതിനിഷ്ഠുരമായ | ദുർവചോബാണൈഃ | ദുർവചനാസ്ത്രങ്ങളാൽ കൊണ്ടു് |
| ക്ഷാത്രം | ക്ഷത്രിയസ്വഭാവത്തെ | | |
| ഉപേയുഷഃ | പ്രാപിച്ചിരിക്കുന്ന | ഭിന്നേ | പിളർന്നിരിക്കുന്ന |
| അവിനീതസ്യ | മനസ്സൊതുക്കമില്ലാത്ത | ഹൃദി | ഹൃദയത്തിൽ |
| മേ | എന്റെ, | ന ശ്രയതേ | ഏശുന്നില്ല. |

37 പദം ത്രിഭുവനോത്കൃഷ്ടം ജിഗീഷോഃ സാധു വർത്മ മേ
ബ്രൂഹ്യസ്മത്പിതൃഭിർബ്രഹ്മന്നന്യൈരപ്യനധിഷ്ഠിതം.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ ! | ത്രിഭുവനോത്കൃഷ്ടം | മൂപ്പാരിലും വെച്ചു് മീതെയായുള്ളതുമായ |
| അസ്മത്പിതൃഭിഃ | എന്റെ പൂർവ്വികന്മാരായുള്ളവരാലും | പദം | സ്ഥാനത്തെ |
| | | ജിഗീഷോഃ | പിടിച്ചടക്കുവാൻ ഇച്ഛപൂണ്ടിരിക്കുന്ന |
| അന്യൈഃ അപി | മററുള്ളവരാലും | മേ | എനിക്കു് |
| അനധിഷ്ഠിതം | അധിഷ്ഠിതമായിട്ടില്ലാത്തതും | സാധു വർത്മ | നേരായ മാർഗ്ഗത്തെ |
| | | ബ്രൂഹി | ഉപദേശിച്ചുതരിക. |

38 നൂനം ഭവാൻ ഭഗവതോ യോഽങ്ഗജഃ പരമേഷ്ഠിനഃ
വിതുദന്നടതേ വീണാം ഹിതാർത്ഥം ജഗതോഽർക്കവത്.

| | | | |
|---|---|---|---|
| ഭവാൻ | അങ്ങുന്നു് | വിതുദൻ | വിശേഷേണ ശബ്ദിപ്പിച്ചുകൊണ്ടു് |
| ഭഗവതഃ | ഭഗവാനായ | | |
| പരമേഷ്ഠിനഃ | ബ്രഹ്മദേവന്റെ | ജഗതഃ | ലോകത്തിന്റെ |
| അങ്ഗജഃ | ശരീരജാതനാണു്. | ഹിതാർത്ഥം | ഗുണത്തിനായി |
| നൂനം | തീർച്ചതന്നെ. | അർക്കവത് | സൂര്യനെപ്പോലെ |
| യഃ | യാതൊരാൾ | | |
| വീണാം | വീണയെ | അടതേ | ചുററിസഞ്ചരിക്കുന്നു. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു —

39 ഇത്യുദാഹൃതമാകർണ്യ ഭഗവാന്നാരദസ്തദാ
പ്രീതഃ പ്രത്യാഹ തം ബാലം സദ്വാക്യമനുകമ്പയാ

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | പ്രീതഃ | സന്തുഷ്ടനായിട്ടു് |
| ഉദാഹൃതം | പറയപ്പെട്ടതു് | | |
| ആകർണ്യ | കേട്ടിട്ടു്, | തം ബാലം | ആ കുമാരനോടു് |
| ഭഗവാൻ | സർവ്വജ്ഞനായ | സദ്വാക്യം | സദ്വചനത്തെ |
| നാരദഃ | ശ്രീനാരദൻ | അനുകമ്പയാ | കൃപയോടുകൂടി |
| തദാ | അന്നേരം | പ്രത്യാഹ | പ്രതിവചിച്ചു. |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു.

40 ജനന്യാഭിഹിതഃ പന്ഥാഃ സ വൈ നിഃശ്രേയസസ്യ തേ
ഭഗവാൻ വാസുദേവസ്തം ഭജ തത്പ്രവണാത്മനാ

| | | | |
|---|---|---|---|
| ജനന്യാ | അമ്മയാൽ | സഃ ഭഗവാൻ | ആ ഭഗവാനായ |
| തേ | നിന്റെ | വാസുദേവഃ വൈ | ശ്രീവാസുദേവനത്രേ. |
| നിഃശ്രേയസസ്യ | ഉദ്ഗതിക്കുള്ള | തം | തന്തിരുവടിയെ |
| പന്ഥാഃ | മാർഗ്ഗമായി | തത്പ്രവണാത്മനാ | തദ്ഗതമായ ഏകാഗ്രമനസ്സോടെ |
| അഭിഹിതഃ | പറയപ്പെട്ടതു് | ഭജ | ഭജിച്ചുകൊൾക. |

41 ധർമ്മാർത്ഥകാമമോക്ഷാഖ്യം യ ഇച്ഛേച്ഛ്രേയ ആത്മനഃ
ഏകമേവ ഹരേസ്തത്ര കാരണം പാദസേവനം.

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | (തസ്യ) | ആയാൾക്കു് |
| ധർമ്മാർത്ഥകാമമോക്ഷാഖ്യം | ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പേരുകളാൽ അറിയപ്പെടുന്ന | തത്ര | ആയതിൽ |
| | | ഏകം ഏവ | മുഖ്യമായിത്തന്നെ |
| ശ്രേയഃ | പുരുഷാർത്ഥത്തെ | കാരണം | കാരണഭൂതമായതു് |
| ആത്മനഃ | തനിക്കുവേണ്ടി | ഹരേഃ | ശ്രീവാസുദേവന്റെ |
| ഇച്ഛേത് | ആഗ്രഹിക്കുന്നുവോ, | പാദസേവനം | പാദഭജനമാകുന്നു. |

42 തത്താത ഗച്ഛ ഭദ്രം തേ യമുനായാസ്തടം ശുചി
പുണ്യം മധുവനം യത്ര സാന്നിധ്യം നിത്യദാ ഹരേഃ

| | | | |
|---|---|---|---|
| തത് താത | അതുകൊണ്ടു്, ഉണ്ണീ! | പുണ്യം | പുണ്യകരവും |
| തേ ഭദ്രം | നിനക്കു നന്മനേരുന്നു. | ശുചി | വിശുദ്ധവുമായ |

| | | | |
|---|---|---|---|
| യമുനായാഃ | യമുനാനദിയുടെ | യത്ര | യാതൊരിടത്തിൽ |
| മധുവനം | മധുവനമെന്ന | നിത്യദാ | എന്നെന്നും |
| തടം | തീരത്തിലേക്ക് | ഹരേഃ | ശ്രീഹരിയുടെ |
| ഗച്ഛ | പോയ്ക്കൊള്ളൂ. | സാന്നിധ്യം | സാന്നിധ്യമുണ്ട് |

43 സ്നാത്വാനുസവനം തസ്മിൻ കാളിന്ദ്യാഃ സലിലേ ശിവേ
കൃത്വോചിതാനി നിവസന്നാത്മനഃ കല്പിതാസനഃ

44 പ്രാണായാമേന ത്രിവൃതാ പ്രാണേന്ദ്രിയമനോമലം
ശനൈർവ്യുദസ്യാഭിധ്യായേന്മനസാ ഗുരുണാ ഗുരും

| | | | |
|---|---|---|---|
| കാളിന്ദ്യാഃ | യമുനയുടെ | ത്രിവൃതാ | പൂരകം, കുംഭകം, രേചകം എന്നീ മൂന്നു തരത്തിലുള്ള |
| തസ്മിൻ ശിവേ | ആ പരിശുദ്ധമായ | പ്രാണായാമേന | പ്രാണായാമത്താൽ |
| സലിലേ | ജലത്തിൽ | പ്രാണേന്ദ്രിയ-മനോമലം | പ്രാണങ്ങളും, ഇന്ദ്രിയങ്ങളും, മനസ്സ് എന്നിവയുടെ ചാഞ്ചല്യത്തെ |
| അനുസവനം | മൂന്നുനേരവും | ശനൈഃ | സാവകാശം |
| സ്നാത്വാ | മുങ്ങിക്കുളിച്ച്, | വ്യുദസ്യ | നീക്കിക്കളഞ്ഞ്, |
| ആത്മനഃ | തനിക്ക് | ഗുരുണാ | സുധീരമായ |
| ഉചിതാനി | ആകാവുന്ന ദേവകാര്യങ്ങളെ | മനസാ | മനസ്സുകൊണ്ട് |
| കൃത്വാ | ചെയ്തശേഷം, | ഗുരും | സദ്ഗുരുവായ ശ്രീവാസുദേവമൂർത്തിയെ |
| കല്പിതാസനഃ | സ്വസ്തികാദ്യാസനങ്ങളെ അവലംബിച്ച് | അഭിധ്യായേത് | ധാരണചെയ്യുക. |
| നിവസൻ | ഇരുന്നുകൊണ്ട്, | | |

ഇവിടെ അഷ്ടാംഗയോഗാനുഷ്ഠാനക്രമത്തിന്ന് അനുസരിച്ചുള്ള യമനിയമങ്ങളെ 'ഉചിതാനി കൃത്വാ' എന്ന ഭാഗംകൊണ്ടും, ആസനജയത്തെ 'കല്പിതാസനഃ' എന്നതുകൊണ്ടും, പ്രാണായാമപ്രത്യാഹാരങ്ങളെ 'ത്രിവൃതാ പ്രാണായാമേന പ്രാണേന്ദ്രിയമനോമലം വ്യുദസ്യ' എന്നഭാഗംകൊണ്ടും പറഞ്ഞു. 'അഭിധ്യായേത്'' എന്നതുകൊണ്ട് സൂചിതമായ ധാരണാവിധിക്ക് വിഷയീഭവിക്കേണ്ടുന്ന ദിവ്യമംഗളവിഗ്രഹത്തെ ഇനി ആറു ശ്ലോകം കൊണ്ട് വ്യക്തമാക്കുന്നു.

45 പ്രസാദാഭിമുഖം ശശ്വത് പ്രസന്നവദനേക്ഷണം
സുനാസം സുഭ്രുവം ചാരുകപോലം സുരസുന്ദരം

46 തരുണം രമണീയാംഗമരുണോഷ്ഠേക്ഷണാധരം
പ്രണതാശ്രയണം നൃമ്ണം ശരണ്യം കരുണാർണ്ണവം

47 ശ്രീവത്സാങ്കം ഘനശ്യാമം പുരുഷം വനമാലിനം
ശംഖചക്രഗദാപദ്മൈരഭിവ്യക്തചതുർഭുജം

48 കിരീടിനം കുണ്ഡലിനം കേയൂരവലയാന്വിതം
കൗസ്തുഭാഭരണഗ്രീവം പീതകൗശേയവാസസം

49 കാഞ്ചീകലാപപര്യസ്തം ലസത്കാഞ്ചനനൂപുരം
ദർശനീയതമം ശാന്തം മനോനയനവർധനം

50 പദ്ഭ്യാം നഖമണിശ്രേണ്യാ വിലസദ്ഭ്യാം സമർച്ചതാം
ഹൃത്പദ്മകർണികാധിഷ്ണ്യമാക്രമ്യാത്മന്യവസ്ഥിതം

| | |
|---|---|
| ശശ്വത് | എല്ലായ്പോഴും |
| പ്രസാദാഭിമുഖം | പ്രസാദിക്കുന്നതിനു സന്നദ്ധനായി നിലകൊള്ളുന്ന— |
| പ്രസന്നവദനേക്ഷണം | തെളിമയുള്ള തിരുമുഖത്തോടും തൃക്കണ്ണുകളോടുംകൂടിയ— |
| സുനാസം | അഴകാർന്ന നാസികയുള്ള— |
| സുഭ്രുവം | മോഹനമായ പുരികക്കൊടികളോടുകൂടിയ— |
| ചാരുകപോലം | സുന്ദരമായ കവിൾത്തടത്തോടുകൂടിയ— |
| സുരസുന്ദരം | ദേവന്മാരിലും അധികം സുരൂപനായുള്ള— |
| തരുണം | നവയൗവനയുക്തനായ— |
| രമണീയാംഗം | കോമളാംഗനായ— |
| അരുണോഷ്ഠേക്ഷണാധരം | ചുവന്ന ചുണ്ടും കടക്കണ്ണും പൂണ്ടവനായ— |
| പ്രണതാശ്രയണം | ഭക്തന്മാർക്ക് ഏകാവലംബമായ— |
| നൃമ്ണം | സുഖകരനായ— |
| ശരണ്യം | ശരണാർഹനായ— |
| കരുണാർണ്ണവം | കരുണാസമുദ്രമായ— |
| ശ്രീവത്സാങ്കം | ശ്രീവത്സാങ്കിതവക്ഷസ്സായ— |
| ഘനശ്യാമം | മേഘശ്യാമളനായ— |
| പുരുഷം | പുരുഷലക്ഷണസംയുക്തനായ— |
| വനമാലിനം | വനമാലിയായ— |
| ശംഖചക്രഗദാപദ്മൈഃ | ശംഖം, ചക്രം, ഗദ, പങ്കജം എന്നിവയാൽ |
| അഭിവ്യക്തചതുർഭുജം | അലംകൃതമായ നാലു തൃക്കൈകളോടുകൂടിയ— |
| കിരീടിനം | കിരീടം ചാർത്തിയ— |
| കുണ്ഡലിനം | കുണ്ഡലങ്ങളണിഞ്ഞ— |
| കേയൂരവലയാന്വിതം | തോൾവളയും കങ്കണവും ധരിച്ച— |
| കൗസ്തുഭാഭരണഗ്രീവം | കൗസ്തുഭരത്നം ചാർത്തിയ കണ്ഠത്തോടുകൂടിയ— |
| പീതകൗശേയവാസസം | മഞ്ഞപ്പട്ടുടയാട ചാർത്തിയ— |
| കാഞ്ചീകലാപപര്യസ്തം | മേഖലകളാൽ അരയ്ക്കു ചുററം അലംകൃതനായ— |
| ലസത്കാഞ്ചനനൂപുരം | തിളക്കമുള്ള പൊൻചിലമ്പണിഞ്ഞ— |
| ദർശനീയതമം | കാഴ്ചയിൽ കൗതുകം തോന്നിക്കുന്ന— |
| ശാന്തം | പ്രശാന്താത്മാവായ— |
| മനോനയനവർധനം | കരളിനും കണ്ണിനും ആനന്ദം വളർത്തുന്ന— |
| നഖമണിശ്രേണ്യാ | നഖരത്നങ്ങളുടെ നിരകളാൽ |
| വിലസദ്ഭ്യാം | പരിലസിക്കുന്ന |
| പദ്ഭ്യാം | ശ്രീപാദങ്ങൾകൊണ്ട് |
| സമർച്ചതാം | ആരാധകന്മാരുടെ |
| ഹൃത്പദ്മകർണ്ണികാധിഷ്ണ്യം | ഹൃദയകമലത്തിന്റെ മധ്യസ്ഥാനത്തിലേക്ക് |
| ആക്രമ്യ | കയറിപ്പാററി, |
| ആത്മനി | മനസ്സിൽ |
| അവസ്ഥിതം | കുടികൊള്ളുന്നവനുമായ ശ്രീഹരിയെ |
| (അഭിധ്യായേത്) | ധാരണചെയ്യുക |

ഇനി ധ്യാനപ്രകാരം ഉപദേശിക്കുന്നു—

51 സ്മയമാനമഭിധ്യായേത് സാന്ദ്രരാഗാവലോകനം
നിയതേനൈകഭൃതേന മനസാ വരദർഷഭം.

| | | | |
|---|---|---|---|
| നിയതേന | ധാരണയാൽ സ്ഥിരീകൃതവും | സ്മയമാനം | പുഞ്ചിരിപൊഴിച്ചുകൊണ്ടും നില്ക്കുന്ന |
| ഏകഭൃതേന | ഏകാഗ്രവുമായ | വരദർഷഭം | മഹത്തമനായ അഭീഷ്ടദാതാവിനെ |
| മനസാ | മനസ്സുകൊണ്ട് | | |
| സാന്ദ്രരാഗാവലോകനം | കാരുണ്യത്തോടെ കടാക്ഷിച്ചുകൊണ്ടും | അഭിധ്യായേത് | ധ്യാനിക്കുക. |

സമാധിയെ ഉപദേശിക്കുന്നു –

52 ഏവം ഭഗവതോ രൂപം സുഭദ്രം ധ്യായതോ മനഃ
നിവൃത്ത്യാ പരയാ തൂർണം സമ്പന്നം ന നിവർത്തതേ

| | | | |
|---|---|---|---|
| ഭഗവതഃ | ഭഗവാന്റെ | പരയാ | പരിപൂർണ്ണമായ |
| ഏവം | ഈവിധം | നിവൃത്ത്യാ | ബാഹ്യവിഷയനിവൃത്തിയാൽ |
| സുഭദ്രം | പരമമംഗളമായ | | |
| രൂപം | സ്വരൂപത്തെ | തൂർണം | അതിവേഗം |
| ധ്യായതഃ | ധ്യാനിച്ചുകൊണ്ടിരിക്കെ, | സമ്പന്നം | സമ്പന്നമായിഭവിച്ചിട്ട്, |
| മനഃ | മനസ്സ്, | ന നിവർത്തതേ | ആ ധ്യേയവസ്തുവിൽനിന്ന് വിട്ടുനില്ക്കുയില്ല. |

53 ജപ്യശ്ച പരമോ ഗുഹ്യഃ ശ്രൂയതാം മേ നൃപാത്മജ
യം സപ്തരാത്രം പ്രപഠൻ പുമാൻ പശ്യതി ഖേചരാൻ

| | | | |
|---|---|---|---|
| നൃപാത്മജ | രാജകുമാര ! | സപ്തരാത്രം | ഏഴുനാൾ തികച്ചും |
| പരമഃ | ഏററവുമധികം | പ്രപഠൻ | ഇടവിടാതെ ജപിക്കുന്ന |
| ഗുഹ്യഃ | ഗോപ്യമായുള്ള | പുമാൻ | മനുഷ്യൻ |
| ജപ്യഃ ച | മന്ത്രവും | ഖേചരാൻ | ആകാശചാരികളെ |
| മേ ശ്രൂയതാം | എന്നിൽനിന്നു് കേൾക്കുക. | | |
| യം | യാതൊരു ഈ മന്ത്രത്തെ | പശ്യതി | കാണുന്നതാണ്. |

54 'ഓം നമോ ഭഗവതേ വാസുദേവായ'
മന്ത്രേണാനേന ദേവസ്യ കുര്യാദ്ദ്രവ്യമയീം ബുധഃ
സപര്യാം വിവിധൈർദ്രവ്യൈർദേശകാലവിഭാഗവിത്

| | | | |
|---|---|---|---|
| | | ബുധഃ | വിവേകി |
| ദേശകാലവിഭാഗവിത് | ദേശകാലങ്ങളുടെ വിശേഷജ്ഞാനമുള്ള | "ഓം ഭഗവതേ | "സർവ്വൈശ്വര്യാദിഗുണോപേതനായി |

| | | | |
|---|---|---|---|
| വാസുദേവായ | വിശുദ്ധസാത്വികാന്തഃ കരണത്തിൽ പ്രകാശി ക്കുന്ന ആനന്ദമൂൎത്തിക്കു് | വിവിധൈഃ | പലപ്രകാരത്തിലുള്ള |
| | | ദ്രവ്യൈഃ | ദ്രവ്യങ്ങൾ കൊണ്ടു് |
| നമഃ" | നമസ്കാരം" | ദേവസ്യ | ശ്രീഹരിയുടെ |
| അനേന | ഈ അൎത്ഥത്തിലുള്ള | ദ്രവ്യമയീം | ദ്രവ്യാധിഷ്ഠിതമായ |
| മന്ത്രേണ | 'ദ്വാദശാക്ഷര' മന്ത്ര ത്താൽ | സപൎയ്യാം | സമാരാധനയെ |
| | | കുൎയ്യാത് | ചെയ്തുകൊള്ളുക. |

ആരാധനയ്ക്കുള്ള ദ്രവ്യങ്ങളെ കാണിക്കുന്നു.

55 സലിലൈഃ ശുചിഭിൎമ്മാല്യൈൎവ്വന്യൈൎമ്മൂലഫലാദിഭിഃ
ശസ്താങ്കുരാംശുകൈശ്ചാൎച്ചേത്തുളസ്യാ പ്രിയയാ പ്രഭും

| | | | |
|---|---|---|---|
| ശുചിഭിഃ | പരിശുദ്ധമായ | ശസ്താങ്കുരാം-ശുകൈഃ | } വിശിഷ്ടമായ കറുക, വല്ക്കലവസ്ത്രം എന്നിവ കൊണ്ടും, |
| സലിലൈഃ | ജലം കൊണ്ടും, | | |
| വന്യൈഃ | വനത്തിലുള്ള | പ്രിയയാ | പ്രിയംകരമായ |
| മാല്യൈഃ | പുഷ്പമാല്യങ്ങൾ കൊണ്ടും, | തുളസ്യാ ച | തുളസിയെക്കൊണ്ടും |
| | | പ്രഭും | ശ്രീവാസുദേവമൂൎത്തിയെ |
| മൂലഫലാദിഭിഃ | മൂലഫലാദികൾ കൊണ്ടും | അൎച്ചേത് | ആരാധിക്കണം. |

ഇനി ആരാധനയ്ക്കുള്ള ദ്രവ്യാധിഷ്ഠാനത്തെയും ആരാധനയ്ക്കു് സാദ്ഗുണ്യം വരു വാൻ വേണ്ടതിനെയും പറയുന്നു.

56 ലബ്ധ്വാ ദ്രവ്യമയീമൎച്ചാം ക്ഷിത്യംബ്വാദിഷു വാൎച്ചയേത്
ആഭൃതാത്മാ മുനിഃ ശാന്തോ യതവാങ്മിതവന്യഭുക്.

57 സ്വേച്ഛാവതാരചരിതൈരചിന്ത്യനിജമായയാ
കരിഷ്യത്യുത്തമശ്ലോകസ്തദ് ധ്യായേദ്ധൃദയംഗമം.

| | | | |
|---|---|---|---|
| ദ്രവ്യമയീം | ശിലകൊണ്ടോ മററോ ഉള്ളതായ | ശാന്തഃ | ശമഗുണമുള്ളവനായും |
| അൎച്ചാം | ദേവവിഗ്രഹത്തെ | യതവാക് | നിയന്ത്രിതവചസ്സായും |
| ലബ്ധ്വാ | തെരഞ്ഞെടുത്തു് | മിതവന്യഭുക് | നിയന്ത്രിതവന്യാഹാര ത്തോടുകൂടിയവനായും ഇരിക്കണം. |
| (തസ്യാം) | അതിലോ, | | |
| ക്ഷിത്യംബ്വാ-ദിഷു വാ | } സ്ഥണ്ഡിലത്തിലോ, ജലത്തിലോ, മററേതെ ങ്കിലും അധിഷ്ഠാനത്തി | | |
| | | ഉത്തമശ്ലോകഃ | പുണ്യചരിതനായ ഭഗവാൻ |
| അൎച്ചയേത് | അൎച്ചനചെയ്യണം. [ലോ | | |
| ആഭൃതാത്മാ | നിയന്ത്രിതചിത്തനായും | അചിന്ത്യനിജ-മായയാ | } ചിന്തിച്ചറിവാനാവാത്ത തന്റെ യോഗമായയാൽ |
| മുനിഃ | മനനശീലനായും | | |

| | | | |
|---|---|---|---|
| സ്വച്ഛന്ദാവതാ- രചരിതൈഃ | തന്നിഷ്ടപ്രകാരം സ്വീകരിക്കുന്ന അവതാരലീലകൾ കൊണ്ട് | കരിഷ്യതി | ചെയ്യാൻപോകുന്നുവോ * |
| ഹൃദയംഗമം | ഹൃദയാകർഷകമായി | തത് | അതിനെയും |
| (യത്) | യാതൊന്ന് | ധ്യായേത് | ധ്യാനിച്ചുകൊള്ളണം. |

* അക്കാലത്ത് അവതാരങ്ങൾ അധികം കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ഭാവികാലക്രിയ ഉപയോഗിച്ചത്.

58 പരിചര്യാ ഭഗവതോ യാവത്യഃ പൂർവ്വസേവിതാഃ
താ മന്ത്രഹൃദയേനൈവ പ്രയുംജ്യാന്മന്ത്രമൂർത്തയേ

| | | | |
|---|---|---|---|
| പൂർവ്വസേവിതാഃ | പൂർവ്വികന്മാരാൽ അനുഷ്ഠേയത്വേന വിധിക്കപ്പെട്ടവയായ | താഃ | അവയെല്ലാം |
| ഭഗവതഃ | ഭഗവാന്റെ | മന്ത്രമൂർത്തയേ | മന്ത്രസ്വരൂപനായ തന്തിരുവടിക്കായിക്കൊണ്ട് |
| പരിചര്യാഃ | ആരാധനാസമ്പ്രദായങ്ങൾ | മന്ത്രഹൃദ- യേന ഏവ | ഉത്തമദ്വാദശാക്ഷരമന്ത്രം കൊണ്ടുതന്നെ |
| യാവത്യഃ | ഏതെല്ലാമാണോ, | പ്രയുംജ്യാത് | നിർവ്വഹിക്കുക. |

59 ഏവം കായേന മനസാ വചസാ ച മനോഗതം
പരിചര്യമാണോ ഭഗവാൻ ഭക്തിമത്പരിചര്യയാ

60 പുംസാമമായിനാം സമ്യഗ്ഭജതാം ഭാവവർദ്ധനഃ
ശ്രേയോ ദിശത്യഭിമതം യദ്ധർമ്മാദിഷു ദേഹിനാം.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | സമ്യക് | വഴിപോലെ |
| മനോഗതം | ഇംഗിതമനുസരിച്ച് | ഭജതാം | സേവിച്ചുവരുന്ന |
| കായേന | വപുസ്സുകൊണ്ടും | പുംസാം | ജനങ്ങൾക്ക് |
| മനസാ | മനസ്സുകൊണ്ടും | ഭാവവർദ്ധനഃ | ഭക്തിയെ വളർത്തിക്കൊണ്ട്, |
| വചസാ ച | വചസ്സുകൊണ്ടും | ദേഹിനാം | ശരീരികൾക്ക് |
| ഭക്തിമത്- | ഭക്തിനിർഭരമായ | ധർമ്മാദിഷു | ധർമ്മാർത്ഥകാമങ്ങളിൽ വെച്ച് |
| പരിചര്യയാ | പരിചരണംകൊണ്ടും | | |
| പരിചര്യമാണഃ | സേവിക്കപ്പെടുന്ന | യത് ശ്രേയഃ | യാതൊരു പുരുഷാർത്ഥം |
| ഭഗവാൻ | സർവ്വേശ്വരൻ | അഭിമതം | വേണ്ടിയിരിക്കുന്നുവോ, |
| അമായിനാം | കാപട്യമില്ലാത്തവരായി | (തത്) | ആയതിനെ |
| | | ദിശതി | കനിഞ്ഞരുളുന്നു. |

61 വിരക്തശ്ചേന്ദ്രിയരതൗ ഭക്തിയോഗേന ഭൂയസാ
തം നിരന്തരഭാവേന ഭജേതാദ്ധാ വിമുക്തയേ.

| | |
|---|---|
| ഇന്ദ്രിയരതൗ | ഇന്ദ്രിയസുഖാനുഭവത്തിൽ |
| വിരക്തഃ ച | ആസക്തിയില്ലാത്തവൻ കൂടിയും |
| ഭൂയസാ | വർദ്ധിച്ച |
| ഭക്തിയോഗേന | ഭക്തിയോഗത്തോടെ |
| വിമുക്തയേ | മോക്ഷലബ്ധിക്കായി |
| നിരന്തരഭാവേന | ഇടവിടാതുള്ള ഭക്തിനിഷ്ഠയോടുകൂടി |
| തം | തന്തിരുവടിയെ |
| അദ്ധാ | സാക്ഷാത്തായി |
| ഭജേത | ഭജിച്ചുകൊള്ളണം. |

62 ഇത്യുക്തസ്തം പരിക്രമ്യ പ്രണമ്യ ച നൃപാർഭകഃ
യയൗ മധുവനം പുണ്യം ഹരേശ്ചരണചർച്ചിതം

| | |
|---|---|
| ഇതി | എന്നീപ്രകാരം |
| ഉക്തഃ | ഉപദേശിക്കപ്പെട്ട |
| നൃപാത്മജഃ | രാജകുമാരൻ |
| തം | ആ നാരദമുനിയെ |
| പരിക്രമ്യ | പ്രദക്ഷിണംവച്ച് |
| പ്രണമ്യ ച | നമസ്കരിക്കുകയും ചെയ്ത്, |
| ഹരേഃ | ശ്രീഹരിയുടെ |
| ചരണചർച്ചിതം | തൃപ്പാദങ്ങളാൽ അലംകൃതമായി |
| പുണ്യം | പരിപാവനമായുള്ള |
| മധുവനം | മധുവനത്തിലേക്ക് |
| യയൗ | പോയി. |

63 തപോവനം ഗതേ തസ്മിൻ പ്രവിഷ്ടോऽന്തഃപുരം മുനിഃ
അർഹിതാർഹണകോ രാജ്ഞാ സുഖാസീന ഉവാച തം

| | |
|---|---|
| തസ്മിൻ | ആ ധ്രുവകുമാരൻ |
| തപോവനം | തപോവനത്തിലേക്ക് |
| ഗതേ | പോയതിൽപ്പിന്നെ |
| അന്തഃപുരം | (ഉത്താനപാദന്റെ) അന്തഃപുരത്തിലേക്ക് |
| പ്രവിഷ്ടഃ | കടന്നുചെന്ന |
| മുനിഃ | ശ്രീ നാരദമുനി |
| രാജ്ഞാ | രാജാവിനാൽ |
| അർഹിതാർഹണകഃ | സൽകാരപൂർവ്വം സമർപ്പിക്കപ്പെട്ട സപര്യയോടുകൂടിയവനായി |
| സുഖാസീനഃ | സുഖോപവിഷ്ടനായിട്ട് |
| തം | അദ്ദേഹത്തോട് |
| ഉവാച | പറഞ്ഞു. |

നാരദ ഉവാച = ശ്രീ നാരദൻ പറഞ്ഞു.

64 രാജൻ കിം ധ്യായസേ ദീർഘം മുഖേന പരിശുഷ്യതാ
കിം വാ ന രിഷ്യതേ കാമോ ധർമ്മോ വാऽർത്ഥേന സംയുതഃ

| | |
|---|---|
| രാജൻ | രാജാവേ ! |
| പരിശുഷ്യതാ | വാടിയിരിക്കുന്ന |
| മുഖേന | മുഖത്തോടെ |
| ദീർഘം | ദീർഘമായിട്ട് |
| കിം | എന്തൊന്ന് |
| ധ്യായസേ | ചിന്തിക്കുന്നു ? |
| കാമഃ | കാമമോ, |
| ധർമ്മഃ വാ | ധർമ്മമോ, |
| അർത്ഥേന | അർത്ഥത്തോട് |
| സംയുതഃ | കൂടവേ |
| ന രിഷ്യതേ കിം വാ | വിനഷ്ടമായിട്ടൊന്നുമില്ലല്ലോ ? |

രാജോവാച = രാജാവ് പറഞ്ഞു.

65 സുതോ മേ ബാലകോ ബ്രഹ്മൻ സ്ത്രൈണേനാകരുണാത്മനാ
നിർവാസിതഃ പഞ്ചവർഷഃ സഹ മാത്രാ മഹാൻ കവിഃ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ ! | പഞ്ചവർഷഃ | അഞ്ചുവയസ്സുമാത്രം പ്രായംചെന്ന |
| സ്ത്രൈണേന | സ്ത്രീലമ്പടനും | ബാലകഃ | ചെറുപൈതലുമായ |
| അകരുണാത്മനാ (മയാ) | മനസ്സിൽ കനിവില്ലാത്തവനുമായ എന്നാൽ | മേ സുതഃ | എന്റെ മകൻ |
| മഹാൻ | മഹത്വമുള്ളവനും | മാത്രാ സഹ | അമ്മയോടുകൂടെ |
| കവിഃ | ക്രാന്തദർശിയും | നിർവാസിതഃ | ഇറക്കിയയക്കപ്പെട്ടു ! |

"അമ്മയോടുകൂടെ" എന്നു പറഞ്ഞതിന്ന് ആ മകന്റെ അമ്മയേയും (സുനീതി) താൻ ആദരിച്ചിരുന്നില്ല എന്നു മാത്രമേ താൽപര്യമുള്ളു.

66 അപ്യനാഥം വനേ ബ്രഹ്മൻ മാ സ്മാദന്ത്യർഭകം വൃകാഃ
ശ്രാന്തം ശയാനം ക്ഷുധിതം പരിമ്ലാനമുഖാംബുജം.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മൻ ! | ശയാനം | കിടക്കുന്ന |
| വനേ | കാട്ടിൽ | അനാഥം | ഉറ്റവരില്ലാത്ത |
| ക്ഷുധിതം | വിശന്നും | അർഭകം | എന്റെ മകനെ |
| ശ്രാന്തം | തളർന്നും | വൃകാഃ | ചെന്നായ്ക്കൾ |
| പരിമ്ലാനമുഖാംബുജം | വാടിക്കരിഞ്ഞ ഓമനപ്പൂമുഖത്തോടുകൂടിയും | അപി മാ അദന്ത സ്മ | പിടിച്ചു ഭക്ഷിക്കാതെയിരിക്കുമോ ? |

67 അഹോ മേ ബത ദൗരാത്മ്യം സ്ത്രീജിതസ്യോപധാരയ
യോƒങ്കം പ്രേമ്ണാരുരുക്ഷന്തം നാഭ്യനന്ദമസത്തമഃ

| | | | |
|---|---|---|---|
| അഹോ ബത | കഷ്ടമേ കഷ്ടം ! | യഃ | യാതൊരു ഞാൻ |
| സ്ത്രീജിതസ്യ | സ്ത്രീജിതനായ | പ്രേമ്ണാ | സ്നേഹത്തോടെ |
| മേ | എന്റെ | അങ്കം ആരുരുക്ഷന്തം | മടിയിലിരിക്കാൻ ആശിച്ചുവന്ന കുഞ്ഞിനെ |
| ദൗരാത്മ്യം | ദുർമ്മനസ്സതയെപ്പറ്റി | | |
| ഉപധാരയ | ബോധിച്ചുകൊള്ളു. | | |
| അസത്തമഃ | വലിയ അസത്തായ | ന അഭ്യനന്ദം | താലോലിച്ചില്ല. |

നാരദ ഉവാച = ശ്രീ നാരദൻ പറഞ്ഞു.

68 മാ മാ ശുചഃ സ്വതനയം ദേവഗുപ്തം വിശാംപതേ
തത്പ്രഭാവമവിജ്ഞായ പ്രാവൃങ്ക്തേ യദ്യശോ ജഗത്.

| | | | |
|---|---|---|---|
| വിശാംപതേ | മഹാരാജാവേ ! | സ്വതനയം | സ്വപുത്രനെക്കുറിച്ച് |
| ദേവഗുപ്തം | ഭഗവാനാൽ സുരക്ഷിതനായ | തത്പ്രഭാവം | അവന്റെ മഹിമയെ |

| | | | |
|---|---|---|---|
| അവിജ്ഞായ | അറിയാതെ | ജഗത് | ലോകത്തെ |
| മാ മാ ശുചഃ | ഒട്ടും വ്യസനിക്കരുത്. | | |
| യദ്യശഃ | യാതൊരുവന്റെ കീൎത്തി | പ്രാവൃണ്ഢ്ക്തേ | ആകെയും മൂടുന്നു. |

69 സുദുഷ്കരം കൎമ്മ കൃത്വാ ലോകപാലൈരപി പ്രഭുഃ
ഏഷ്യത്യചിരതോ രാജൻ യശോ വിപുലയംസ്തവ.

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | കൎമ്മ കൃത്വാ | പ്രവൃത്തിചെയ്തിട്ട്, |
| പ്രഭുഃ | സൎവ്വസമൎത്ഥനായ അവൻ | തവ | അങ്ങയുടെ |
| ലോകപാലൈഃ അപി | ഇന്ദ്രാദി ദിക്പാലന്മാരാൽക്കൂടിയും | യശഃ | കീൎത്തിയെ |
| | | വിപുലയൻ | വളൎത്തിക്കൊണ്ട് |
| സുദുഷ്കരം | നിറവേററുവാൻ സാധ്യമല്ലാത്ത | അചിരതഃ | വിനാവിളംബം |
| | | ഏഷ്യതി | വന്നുചേരും. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

70 ഇതി ദേവൎഷിണാ പ്രോക്തം വിശ്രുത്യ ജഗതീപതിഃ
രാജലക്ഷ്മീമനാദൃത്യ പുത്രമേവാനുചിന്തയത്.

| | | | |
|---|---|---|---|
| ജഗതീപതിഃ | മഹാരാജാവായ ഉത്താനപാദൻ | രാജലക്ഷ്മീം | രാജൈശ്വൎയ്യത്തെ പ്പോലും |
| ഇതി | ഈവിധം | അനാദൃത്യ | വകവെക്കാതെ |
| ദേവൎഷിണാ | ശ്രീ നാരദനാൽ | | |
| പ്രോക്തം | പ്രവചിക്കപ്പെട്ടതു് | പുത്രം ഏവ | പുത്രനെത്തന്നെ |
| വിശ്രുത്യ | കേട്ട്, | അനുചിന്തയത് | നിനച്ചുകൊണ്ടിരുന്നു. |

മധുവനത്തിലേക്ക് പോയ ധ്രുവന്റെ വൃത്താന്തത്തിലേക്ക് ഇനി കടക്കുന്നു.

71 തത്രാഭിഷിക്തഃ പ്രയതസ്താമുപോഷ്യ വിഭാവരീം
സമാഹിതഃ പൎയ്യചരദൃഷ്യാദേശേന പൂരുഷം.

| | | | |
|---|---|---|---|
| തത്ര | അങ്ങ്, (യമുനയിൽ) | ഋഷ്യാദേശേന | നാരദമുനിയുടെ നിൎദ്ദേശം അനുസരിച്ച് |
| അഭിഷിക്തഃ | കുളിച്ച് | | |
| പ്രയതഃ | പരിശുദ്ധനായിട്ട്, | സമാഹിതഃ | ഏകാഗ്രചിത്തനായിരുന്നു് |
| താം | അന്നത്തെ | | |
| വിഭാവരീം | രാത്രിയെ | പൂരുഷം | ശ്രീ വാസുദേവനെ |
| ഉപോഷ്യ | ഉപവസിച്ചിട്ട്, | പൎയ്യചരത് | ഭജിച്ചുതുടങ്ങി. |

72 ത്രിരാത്രാന്തേ ത്രിരാത്രാന്തേ കപിത്ഥബദരാശനഃ
ആത്മവൃത്ത്യനുസാരേണ മാസം നിന്യേ ഽൎച്ചയൻ ഹരിം

| | | | |
|---|---|---|---|
| ത്രിരാത്രാന്തേ ത്രിരാത്രാന്തേ | മൂന്നുദിവസം കഴിയുമ്പോൾ ഒരിക്കൽ | ഹരിം | ശ്രീഹരിയെ |
| ആത്മവൃത്ത്യനുസാരേണ | ശരീരത്തിന്റെ നിലനില്പിന്നു് ഉതകും പ്രകാരം | അർച്ചയൻ | ആരാധിച്ചുകൊണ്ടു് |
| കപിത്ഥബദരാശനഃ | വ്ളാംപഴം, ലന്തപ്പഴം എന്നിവ ഭക്ഷിച്ചു് | മാസം | ആദ്യത്തെ മാസം |
| | | നിന്യേ | കഴിച്ചു. |

73 ദ്വിതീയം ച തഥാ മാസം ഷഷ്ഠേ ഷഷ്ഠേഽർഭകോ ദിനേ
തൃണപർണ്ണാദിഭിഃ ശീർണ്ണൈഃ കൃതാന്നോഽഭ്യർച്ചയദ്വിഭും.

| | | | |
|---|---|---|---|
| ഷഷ്ഠേ ഷഷ്ഠേ | ആറാമത്തു ആറാമത്തു് | ദ്വിതീയം | രണ്ടാമത്തെ |
| ദിനേ | ദിവസം വരുമ്പോൾ | മാസം ച | മാസത്തിലും |
| ശീർണ്ണൈഃ | ഉണങ്ങി മൊരിഞ്ഞ | തഥാ | അപ്രകാരം |
| തൃണപർണ്ണാദിഭിഃ | പുല്ലുകൾ, ഇലകൾ മുതലായവയാൽ | അർഭകഃ | ബാലൻ |
| കൃതാന്നഃ | ഭക്ഷണകൃത്യം നിർവ്വഹിച്ചുകൊണ്ടു് | വിഭും | ശ്രീഹരിയെ |
| | | അഭ്യർച്ചയത് | ആരാധിച്ചു. |

74 തൃതീയം ചാനയന്മാസം നവമേ നവമേഽഹനി
അബ്ഭക്ഷ ഉത്തമശ്ലോകമുപാധാവത് സമാധിനാ.

| | | | |
|---|---|---|---|
| നവമേ | ഒമ്പതാമത്തു | ആനയൻ | നിരായാസം കഴിച്ചുകൂട്ടിക്കൊണ്ടു് |
| നവമേ | ഒമ്പതാമത്തു് | | |
| അഹനി | ദിവസം വരുമ്പോൾ | സമാധിനാ | സമാധിനിഷ്ഠയാൽ |
| അബ്ഭക്ഷഃ | ജലം മാത്രം ആഹരിച്ചു് | | |
| തൃതീയം | മൂന്നാമത്തെ | ഉത്തമശ്ലോകം | ശ്രീഹരിയെ |
| മാസം ച | മാസത്തെയും | ഉപാധാവത് | ആരാധിച്ചു. |

75 ചതുർത്ഥമപി വൈ മാസം ദ്വാദശേ ദ്വാദശേഽഹനി
വായുഭക്ഷോ ജിതശ്വാസോ ധ്യായൻ ദേവമരാധയത്

| | | | |
|---|---|---|---|
| ദ്വാദശേ | പന്ത്രണ്ടാമത്തു | മാസം അപി | മാസത്തെയും |
| ദ്വാദശേ | പന്ത്രണ്ടാമത്തു് | (ആനയൻ) | അനായാസേന കഴിച്ചുകൂട്ടിക്കൊണ്ടു് |
| അഹനി | ദിവസം വരുമ്പോൾ | | |
| വായുഭക്ഷഃ | വായുമാത്രം ഭക്ഷിച്ചു് | ദേവം വൈ | ശ്രീഹരിയെത്തന്നെ |
| ജിതശ്വാസഃ | പ്രാണങ്ങളെ അടക്കി, | ധ്യായൻ | ധ്യാനിച്ചിരുന്നു് |
| ചതുർത്ഥം | നാലാമത്തെ | അരാധയത് | ആരാധിച്ചു. |

76 പഞ്ചമേ മാസ്യനുപ്രാപ്തേ ജിതശ്വാസോ നൃപാത്മജഃ
ധ്യായൻ ബ്രഹ്മ പദൈകേന തസ്ഥൗ സ്ഥാണുരിവാചലഃ

| | | | |
|---|---|---|---|
| പഞ്ചമേ മാസി | അഞ്ചാമത്തെ മാസം | ധ്യായൻ | ധ്യാനിച്ചുകൊണ്ടു് |
| അനുപ്രാപ്തേ | വന്നുചേൎന്നപ്പോൾ | ഏകേന പദാ | ഒററക്കാലാൽ |
| നൃപാത്മജഃ | രാജകുമാരൻ | സ്ഥാണുഃ ഇവ | തൂണുപോലെ |
| ജിതശ്വാസഃ | പ്രാണങ്ങളെ അടക്കി, | അചലഃ | നിശ്ചലനായിട്ടു് |
| ബ്രഹ്മ | സൎവ്വാത്മകമായ വിഷ്ണുരൂപത്തെ | തസ്ഥൗ | നിലകൊണ്ടു. |

77 സൎവ്വതോ മന ആകൃഷ്യ ഹൃദി ഭൂതേന്ദ്രിയാശയം
ധ്യായൻ ഭഗവതോ രൂപം നാദ്രാക്ഷീത് കിഞ്ചനാപരം.

| | | | |
|---|---|---|---|
| ഭൂതേന്ദ്രിയാശയം | ശബ്ദാദിവിഷയങ്ങളുടെയും ശ്രോത്രാദിഇന്ദ്രിയങ്ങളുടെയും നിലയമായ | ഹൃദി | ഹൃദയത്തിൽ |
| | | ഭഗവതഃ | ശ്രീഹരിയുടെ |
| | | രൂപം | സ്വരൂപത്തെ മാത്രം |
| മനഃ | മനസ്സിനെ | ധ്യായൻ | ധ്യാനിച്ചുകൊണ്ടു് |
| സൎവ്വതഃ | എല്ലാററിൽനിന്നും | അപരം | വേറിട്ടുള്ള |
| | | കിഞ്ചന | യാതൊന്നിനേയും |
| ആകൃഷ്യ | പ്രത്യാഹരിച്ചിട്ടു്, | ന അദ്രാക്ഷീത് | ദൎശിക്കാതെയായി. |

78 ആധാരം മഹദാദീനാം പ്രധാനപുരുഷേശ്വരം
ബ്രഹ്മ ധാരയമാണസ്യ ത്രയോ ലോകാശ്ചകമ്പിരേ.

| | | | |
|---|---|---|---|
| മഹദാദീനാം | മഹദാദിതത്വങ്ങൾക്കെല്ലാം | ബ്രഹ്മ | സൎവ്വേശ്വരസ്വരൂപത്തെ |
| ആധാരം | ആശ്രയഭൂതമായതും | ധാരയമാണസ്യ | (ധ്രുവൻ) ധാരണ ചെയ്തുകൊണ്ടിരിക്കവേ, |
| പ്രധാനപുരുഷേശ്വരം | പ്രകൃതിപുരുഷന്മാരെ നിയന്ത്രിച്ചുവരുന്നതുമായ | ത്രയഃ ലോകാഃ | മൂന്നുലോകവും |
| | | ചകമ്പിരേ | വിറച്ചുപോയി. |

79 യദൈകപാദേന സ പാൎത്ഥിവാത്മജ-
സ്തസ്ഥൗ തദംഗുഷ്ഠനിപീഡിതാ മഹീ
നനാമ തത്രാൎദ്ധമിഭേന്ദ്രധിഷ്ഠിതാ
തരീവ സവ്യേതരതഃ പദേ പദേ.

| | | | |
|---|---|---|---|
| യദാ സഃ | എപ്പോഴാണോ, ആ | ഇഭേന്ദ്രധിഷ്ഠിതാ | ഒരു ഗജവീരനാൽ കയറി നില്ക്കപ്പെട്ട |
| പാൎത്ഥിവാത്മജഃ | രാജകുമാരൻ | | |
| ഏകപാദേന | ഒരേ പാദംകൊണ്ടു് | തരീ ഇവ | ചങ്ങാടംപോലെ |
| തസ്ഥൗ | നിന്നതു്, | പദേ പദേ | ഓരോ അടിവെപ്പിലും |
| തത്ര | അപ്പോൾ | സവ്യേതരതഃ | ഇടതും വലതുമായി |
| തദംഗുഷ്ഠനിപീഡിതാ | അവന്റെ പെരുവിരൽകൊണ്ടു് അമൎക്കപ്പെട്ട | അൎദ്ധം | പാതിവശം |
| മഹീ | ഭൂമി | നനാമ | താഴ്ന്നുപോയി. |

80　തസ്മിന്നഭിധ്യായതി വിശ്വമാത്മനോ
ദ്വാരം നിരുധ്യാസുമനന്യയാ ധിയാ
ലോകാ നിരുച്ഛ്വാസനിപീഡിതാ ഭൃശം
സലോകപാലാഃ ശരണം യയുർഹരിം.

| | | | |
|---|---|---|---|
| തസ്മിൻ | ആ ധ്രുവകുമാരൻ | അഭിധ്യായതി | അഭിധ്യാനം ചെയ്തു കൊണ്ടിരിക്കെ, |
| അസും | പ്രാണനെയും | സലോകപാലാഃ | ലോകപാലകന്മാരോടു കൂടിയ |
| ദ്വാരം | അതിന്റെ മാർഗ്ഗത്തെയും | ലോകാഃ | ലോകവാസികൾ |
| നിരുധ്യ | നിരോധിച്ച്, | ഭൃശം | വല്ലാതെ |
| വിശ്വം | വിശ്വരൂപനെ | നിരുച്ഛ്വാസ-നിപീഡിതാഃ | വീർപ്പുമുട്ടലുണ്ടാകയാൽ വലഞ്ഞവശരായി |
| ആത്മനഃ | തന്നിൽനിന്നു് | ഹരിം | ശ്രീഹരിയെ |
| അനന്യയാ | അഭിന്നമായ | ശരണം യയുഃ | ശരണം പ്രാപിച്ചു. |
| ധിയാ | ബുദ്ധിയാൽ | | |

ധ്രുവൻ വിശ്വത്തെ സ്വാത്മീകരിച്ച് പ്രാണനിരോധം ചെയ്കയാൽ വിശ്വവാസികൾക്ക് വീർപ്പുമുട്ടിത്തുടങ്ങി എന്നു് ഭാവം.

ദേവാ ഊചുഃ = ദേവന്മാർ പറഞ്ഞു.

81　നൈവം വിദാമോ ഭഗവൻ പ്രാണരോധം
ചരാചരസ്യാഖിലസത്ത്വധാമ്നഃ
വിധേഹി തന്നോ വൃജിനാദ്വിമോക്ഷം
പ്രാപ്താ വയം ത്വാം ശരണം ശരണ്യം.

| | | | |
|---|---|---|---|
| ഭഗവൻ | ഹേ സർവ്വജ്ഞപുരുഷ! | വൃജിനാത് | കഷ്ടതയിൽനിന്നു് |
| ചരാചരസ്യ | ചരങ്ങളും അചരങ്ങളുമായ | നഃ | ഞങ്ങൾക്ക് |
| അഖില-സത്ത്വധാമ്നഃ | സമസ്ത ജീവധാരിവർഗ്ഗത്തിനും | വിമോക്ഷം | വിമോചനത്തെ |
| ഏവം | ഇപ്രകാരം | വിധേഹി | അരുളിയാലും- |
| പ്രാണരോധം | വീർപ്പുമുട്ടലുണ്ടായതു് | ശരണ്യം | ശരണാർഹനായ |
| ന വിദാമഃ | എന്തെന്നറിഞ്ഞുകൂടാ- | ത്വാം | നിന്തിരുവടിയെ |
| തത് | അതുകൊണ്ടു് | വയം | ഞങ്ങൾ |
| | | ശരണം പ്രാപ്താഃ | ശരണം പ്രാപിച്ചിരിക്കുന്നു. |

ശ്രീഭഗവാനുവാച = ശ്രീഭഗവാനരുളിച്ചെയ്തു.

82　മാ ഭൈഷ്ട ബാലം തപസോ ദുരത്യയാ-
ന്നിവർത്തയിഷ്യേ പ്രതിയാത സ്വധാമ
യതോ ഹി വഃ പ്രാണനിരോധ ആസീ-
ദൗത്താനപാദിർമയി സംഗതാത്മാ.

| | |
|---|---|
| മാ ഭൈഷ്ട | നിങ്ങൾ പേടിക്കേണ്ട. |
| ദുരത്യയാത് | കൊടുതായ |
| തപസഃ | തപസ്സിൽനിന്നു് |
| ബാലം | ബാലനെ |
| നിവൎത്തയിഷ്യേ | ഞാൻ നിവൎത്തിപ്പിക്കാം |
| സ്വധാമ | സ്വസ്ഥാനത്തിലേക്കു് |
| പ്രതിയാത | തിരികെപോയിക്കൊള്ളുവിൻ. |
| ഹി | എന്തെന്നാൽ, |
| യതഃ | യാതൊരുവൻനിമിത്തം |
| വഃ | നിങ്ങൾക്കു് |
| പ്രാണനിരോധഃ | ശ്വാസപ്രതിരോധം |
| ആസീത് | സംഭവിച്ചുവോ, |
| (സഃ) | ആ ബാലൻ |
| മയി | വിശ്വരൂപനായ എന്നിൽ |
| സംഗതാത്മാ | മനസ്സൂന്നിയിരിക്കുന്ന |
| ഔത്താനപാദിഃ | ഉത്താനപാദപുത്രനാകുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുൎത്ഥസ്കന്ധേ
ധ്രുവചരിതേ അഷ്ടമോഽധ്യായഃ
ആദിതഃ ശ്ലോകാഃ 382.

നാലാമത്തെ സ്കന്ധത്തിൽ എട്ടാമധ്യായം കഴിഞ്ഞു.

## നവമോഽധ്യായഃ — അദ്ധ്യായം ഒമ്പതു്.

### ധ്രുവന്റെ ഭഗവദ്ദൎശനവും ഗൃഹപ്രത്യാഗമനവും.

"നവമേ തു ഹരിം സ്തുത്വാ ലബ്ധ്വാ തസ്മാദ്വരാൻ തതഃ
പ്രത്യാഗത്യാകരോദ്രാജ്യം പിത്രാ ദത്തമിതീൎയ്യതേ."

ധ്രുവൻ ശ്രീഹരിയെ സ്തുതിച്ചു പ്രസാദിപ്പിച്ചു് വരങ്ങൾ വാങ്ങി ഗൃഹത്തിലേക്കു തിരിച്ചെത്തി, പിതൃദത്തമായ രാജ്യം സംരക്ഷിച്ചുവെന്നതു് ഈ അധ്യായത്തിൽ പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

1 ത ഏവമുത്സന്നഭയാ ഉരുക്രമേ
കൃതാവനാമാഃ പ്രയയുസ്ത്രിവിഷ്ടപം
സഹസ്രശീൎഷാപി തതോ ഗരുത്മതാ
മധോൎവനം ഭൃത്യദിദൃക്ഷയാ ഗതഃ.

| | |
|---|---|
| ഏവം | ഇപ്രകാരം |
| ഉത്സന്നഭയാഃ | ഭയമകന്നുപോയ |
| തേ | ആ ദേവന്മാർ |
| ഉരുക്രമേ | ശ്രീഭഗവാൻകൽ |
| കൃതാവനാമാഃ | അർപ്പിതമായ നമസ്കാരത്തോടുകൂടിയവരായിട്ട് |
| ത്രിവിഷ്ടപം | സ്വർഗ്ഗത്തിലേക്ക് |
| പ്രയയുഃ | പ്രയാണം ചെയ്തു. |
| സഹസ്രശീർഷാ അപി | വിശ്വസ്വരൂപനായ ശ്രീമഹാവിഷ്ണുവും |
| തതഃ | അതിൽപ്പിന്നെ |
| ഭൃത്യദിദൃക്ഷയാ | ഭക്തദർശനലാലസയോടെ |
| ഗരുത്മതാ | ഗരുഡന്റെ പുറത്തു കയറി |
| മധോഃ വനം | മധുവനത്തിലേക്ക് |
| ഗതഃ | എഴുന്നള്ളി. |

2 സ വൈ ധിയാ യോഗവിപാകതീവ്രയാ
ഹൃത്പദ്മകോശേ സ്ഫുരിതം തഡിത്പ്രഭം
തിരോഹിതം സഹസൈവോപലക്ഷ്യ
ബഹിഃസ്ഥിതം തദവസ്ഥം ദദർശ.

| | |
|---|---|
| സഃ വൈ | ആ ധ്രുവനാകട്ടെ |
| യോഗവിപാകതീവ്രയാ | സമാധിദാർഢ്യം കൊണ്ടു സുസ്ഥിരമായി ഭവിച്ച |
| ധിയാ | ബുദ്ധിയിലൂടെ |
| ഹൃത്പദ്മകോശേ | ഹൃദയകമലത്തിന്റെ അന്തർഭാഗത്തിൽ |
| തഡിത്പ്രഭം | മിന്നൽപ്രഭയോടെ |
| സ്ഫുരിതം | സ്ഫുരിച്ചിരുന്ന ദേവനെ |
| സഹസാ ഏവ | ഉടനടി |
| തിരോഹിതം | അന്തർധാനം ചെയ്തതായി |
| ഉപലക്ഷ്യ | അനുഭവപ്പെട്ടിട്ട് നോക്കിയപ്പോൾ |
| തദവസ്ഥം | അതേ നിലയിലുള്ള ദേവനെ |
| ബഹിഃസ്ഥിതം | പുറത്തുനില്ക്കുന്നതായിട്ട് |
| ദദർശ | കണ്ടു. |

ധ്രുവൻ അന്തർദൃഷ്ടിയായിരുന്നതിനാൽ തൻമുന്നിൽ പ്രാദുർഭവിച്ച ഗരുഡാരൂഢനെ ആദ്യം കണ്ടില്ല. അപ്പോൾ ഭഗവാൻതന്നെ അന്തഃസ്ഥിതമായ സ്വരൂപത്തെ മറച്ചു. ഇതനുഭവപ്പെട്ടതും ധ്രുവൻ കൺതുറന്നു നോക്കി. തന്നുള്ളിൽ സ്ഫുരിച്ചിരുന്ന അതേ ദിവ്യമംഗളവിഗ്രഹം അന്നേരത്ത് മുന്നിൽ നില്ക്കുന്നതായി കണ്ടു—എന്നു ഭാവാർത്ഥം.

3 തദ്ദർശനേനാഗതസാധ്വസഃ ക്ഷിതാ-
വവന്ദതാംഗം വിനമയ്യ ദണ്ഡവത്
ദൃഗ്ഭ്യാം പ്രപശ്യൻ പ്രപിബന്നിവാർഭക-
ശ്ചുംബന്നിവാസ്യേന ഭുജൈരിവാശ്ലിഷൻ.

| | |
|---|---|
| തദ്ദർശനേന | ഭഗവദ്ദർശനത്താൽ |
| ആഗതസാധ്വസഃ | സംജാതമായ സംഭ്രമത്തോടുകൂടിയവനായി ഭവിച്ച |
| അർഭകഃ | ബാലൻ (ധ്രുവൻ) |
| അംഗം | ശരീരത്തെ |
| ക്ഷിതൗ | ഭൂമിയിൽ |
| ദണ്ഡവത് | വടിപോലെ |
| വിനമയ്യ | വീഴ്ത്തിയിട്ട് |
| അവന്ദത | വണങ്ങി. |

| | |
|---|---|
| ദൃഗ്ഭ്യാം | കണ്ണുകളാൽ |
| പ്രപിബൻ ഇവ | മോന്തിക്കുടിക്കുന്ന പോലെ |
| പ്രപശ്യൻ | നോക്കിനിന്നുകൊണ്ടു് |
| (അവന്ദതഃ) | വണങ്ങി |
| ആസ്യേന | മുഖംകൊണ്ടു് |
| ചുംബൻ ഇവ | ചുംബിക്കുന്നപോലെയും |
| ഭുജൈഃ | ഭുജങ്ങളാൽ |
| ആശ്ലിഷൻ ഇവ | ആശ്ലേഷിക്കുന്ന പോലെയും |
| (അവന്ദത) | വണങ്ങി. |

4 സ തം വിവക്ഷന്തമതദ്വിദം ഹരിർ
ജ്ഞാത്വാസ്യ സർവ്വസ്യ ച ഹൃദ്യവസ്ഥിതഃ
കൃതാഞ്ജലിം ബ്രഹ്മമയേന കംബുനാ
പസ്പർശ ബാലം കൃപയാ കപോലെ

| | |
|---|---|
| അസ്യ | ഇവന്റെയും |
| സർവ്വസ്യ ച | മറ്റെല്ലാത്തിന്റെയും |
| ഹൃദി | അന്തഃകരണത്തിൽ |
| അവസ്ഥിതഃ | കുടികൊള്ളുന്നവനായ |
| സഃ ഹരിഃ | ആ ശ്രീഹരി |
| കൃതാഞ്ജലിം | കൈകൂപ്പിനില്ക്കുന്ന |
| തം ബാലം | ആ കുട്ടിയെ |
| വിവക്ഷന്തം | തന്നെ സ്തുതിച്ചുചൊല്ലുവാൻ ആഗ്രഹിക്കുന്നവനാണെന്നും |
| അതദ്വിദം | അതിന്നു് അറിഞ്ഞുകൂടാത്തവനാണെന്നും |
| ജ്ഞാത്വാ | മനസ്സിലാക്കീയിട്ടു്, |
| കൃപയാ | കാരുണ്യത്താൽ |
| കപോലേ | അവന്റെ കവിളിൽ |
| ബ്രഹ്മമയേന | വേദാത്മകമായ |
| കംബുനാ | ശംഖുകൊണ്ടു് |
| പസ്പർശ | സ്പർശിച്ചു. |

5 സ വൈ തദൈവ പ്രതിപാദിതാം ഗിരം-
ദൈവീം പരിജ്ഞാതപരാത്മനിർണ്ണയഃ
തം ഭക്തിഭാവോഽഭ്യഗൃണാദസത്വരം
പരിശ്രുതോരുശ്രവസം ധ്രുവക്ഷിതിഃ

| | |
|---|---|
| ധ്രുവക്ഷിതിഃ | അവിചലമായ സ്ഥാനം കൈപ്പററുവാൻ പോകുന്ന |
| സഃ വൈ | ആ ബാലനാകട്ടെ |
| തദാ ഏവ | അപ്പോൾത്തന്നെ |
| പ്രതിപാദിതാം | ഭഗവൽപ്രതിപാദിതമായ |
| ദൈവീം ഗിരം | ദൈവീകവചസ്സിനെ |
| (പ്രതിപദ്യ) | ഉൾക്കൊണ്ടു്, |
| പരിജ്ഞാത-പരാത്മ-നിർണ്ണയഃ | പരിജ്ഞാതമായ പരമാത്മജീവാത്മതത്വാവബോധത്തോടുകൂടിയവനായും |
| ഭക്തിഭാവഃ | ഭക്തിയാൽ പ്രേമനിർഭരതയാർന്നവനായും ഭവിച്ചു്, |
| പരിശ്രുതോ-രുശ്രവസം | സർവ്വതോവിഖ്യാതമായ വിശ്രുതിയെഴുന്ന |
| തം | തന്തിരുവടിയെ |
| അസത്വരം | ഉറച്ച സ്വരത്തോടെ |
| അഭ്യഗൃണാത് | സ്തുതിച്ചു. |

ധ്രുവ ഉവാച = ധ്രുവൻ പറഞ്ഞു.

## ധ്രുവകൃതദ്വാദശശ്ലോകീസ്തോത്രം

6 യോഽന്തഃ പ്രവിശ്യ മമ വാചമിമാം പ്രസുപ്താം
സംജീവയത്യഖിലശക്തിധരഃ സ്വധാമ്നാ
അന്യാംശ്ച ഹസ്തചരണശ്രവണത്വഗാദീൻ
പ്രാണാൻ നമോ ഭഗവതേ പുരുഷായ തുഭ്യം.

| | | | |
|---|---|---|---|
| അഖില— ശക്തിധരഃ | എല്ലാററിനേയും കർമ്മോന്മുഖമാക്കുവാനുള്ള ശക്തിയെ ധരിച്ചിരിക്കുന്ന | ഹസ്തചരണ— ശ്രവണ— ത്വഗാദീൻ | കരചരണശ്രോത്രത്വഗാദികളായ ഇന്ദ്രിയങ്ങളേയും, |
| യഃ | യാതൊരു നിന്തിരുവടി | പ്രാണാൻ ച | പ്രാണങ്ങളേയും |
| മമ അന്തഃ | എന്റെ അകത്തു് | സ്വധാമ്നാ | സ്വവൈഭവത്താൽ |
| പ്രവിശ്യ | കടന്നിട്ടു് | സഞ്ജീവയതി | ഉത്തേജിപ്പിക്കുന്നുവോ, |
| പ്രസുപ്താം | അവിടെ ഉറങ്ങിക്കിടന്നിരുന്ന | ഭഗവതേ | സൎവ്വൈശ്വൎയ്യപൂൎണ്ണനും |
| | | പുരുഷായ | സൎവ്വാന്തൎയ്യാമിയുമായ |
| ഇമാം വാചം | ഈ വാക്കിനേയും, | തസ്മൈ തുഭ്യം | ആ നിന്തിരുവടിക്കു് |
| അന്യാൻ | മററുള്ള | നമഃ | നമസ്കാരം. |

‘വാഗാദീന്ദ്രിയങ്ങളെ ഉത്തേജിപ്പിക്കുന്നതു് അഗ്ന്യാദിദേവതകളാണു്, ഞാനല്ലല്ലോ’. എന്നാണെങ്കിൽ പറയുന്നു—

7 ഏകസ്ത്വമേവ ഭഗവന്നിദമാത്മശക്ത്യാ
മായാഖ്യയോരുഗുണയാ മഹദാദ്യശേഷം
സൃഷ്ട്വാഽനുവിശ്യ പുരുഷസ്തദസദ്ഗുണേഷു
നാനേവ ദാരുഷു വിഭാവസുവദ്വിഭാസി.

| | | | |
|---|---|---|---|
| ഭഗവൻ | ഭഗവാനേ ! | പുരുഷഃ | അന്തൎയ്യാമിയായിട്ടു് |
| ഏകഃ | ഏകനായിരിക്കുന്ന | അനുവിശ്യ | അതിൽ പ്രവേശിച്ചു്, |
| ത്വം ഏവ | അവിടുന്നുതന്നെ | തദസദ്— ഗുണേഷു | അതിലെ അന്തഃസത്തയില്ലാത്ത ഇന്ദ്രിയസ്ഥാനങ്ങളിൽ |
| ഉരുഗുണയാ | അനേകം ഗുണങ്ങളോടുകൂടിയതും | സ്ഥിതഃ | അതാതിന്റെ ഉത്തേജകശക്തിയായി നിന്നു് |
| മായാഖ്യയാ | മായയെന്ന പേരാൽ അറിയപ്പെടുന്നതുമായ | ദാരുഷു | വിറകുകളിൽ |
| ആത്മശക്ത്യാ | തന്റെ ശക്തികൊണ്ടു് | വിഭാവസുവത് | അഗ്നിയെന്നവിധം |
| മഹദാദി | മഹത്തത്ത്വം മുതലുള്ള | നാനാ ഇവ | അനേകനെന്നു തോന്നുമാറു് |
| ഇദം അശേഷം | ഈ സമസ്തത്തെയും | വിഭാസി | പ്രതിഭാസിക്കുന്നു. |
| സൃഷ്ട്വാ | സൃഷ്ടിച്ചു്, | | |

അഗ്ന്യാദിദേവതകൾക്കുള്ള ഐന്ദ്രിയ ജ്ഞാനശക്തി നിന്തിരുവടിയുടെ സാന്നിധ്യം ഹേതുവായിട്ടാണെന്നതു് ഇരിക്കട്ടെ. ബ്രഹ്മാവിൻെറ സൃഷ്ടികർമ്മജ്ഞാനം പോലും ഭവദധീനമാണു്. ഇതു് താഴെ പറയുന്നു—

8 ത്വദ്ദത്തയാ വയുനയേദമചഷ്ട വിശ്വം
സുപ്തപ്രബുദ്ധ ഇവ നാഥ ഭവത്പ്രപന്നഃ
തസ്യാപവർഗ്ഗ്യശരണം തവ പാദമൂലം
വിസ്മര്യതേ കൃതവിദാ കഥമാർത്തബന്ധോ.

| | |
|---|---|
| നാഥ | ഹേ നാഥ ! |
| ഭവത്പ്രപന്നഃ | നിന്തിരുവടിയെ സർവ്വാത്മനാ ശരണംപ്രാപിച്ച |
| (ബ്രഹ്മാ) | ബ്രഹ്മദേവൻ |
| ത്വദ്ദത്തയാ | നിന്തിരുവടിയാൽ നല്കപ്പെട്ട |
| വയുനയാ | ജ്ഞാനം കൊണ്ടു് |
| സുപ്ത- പ്രബുദ്ധഃ ഇവ | ഉറക്കംവിട്ടു് ഉണർന്നെഴുന്നേററവൻ കണക്കെ |
| ഇദം വിശ്വം | ഈ ലോകത്തെ |
| അചഷ്ട | ദർശിച്ചുപോൽ- |
| ആർത്തബന്ധോ | ഹേ ദീനബന്ധോ ! |
| തസ്യ | അങ്ങനെയുള്ള |
| തവ | അവിടുത്തെ |
| ആപവർഗ്ഗ്യ- ശരണം | മുക്തന്മാർക്കുകൂടിയും ശരണപ്രദമായ |
| പാദമൂലം | തൃച്ചേവടി |
| കൃതവിദാ | കൃതജ്ഞതയുള്ള ഒരുവനാൽ |
| വിസ്മര്യതേ | വിസ്മരിക്കപ്പെടുന്നതു് |
| കഥം | എങ്ങനെ ? |

നിന്തിരുവടിയെ മറക്കുന്നവർ കൃതഘ്നന്മാർ തന്നെ എന്നു സാരം. എന്നാൽ എന്നെപ്പോലെ സകാമഭജനം ചെയ്യുന്നവരോ ? — അവർ മഹാമൂഢന്മാരാണെന്നു ഇനി ഉണർത്തിക്കുന്നു —

9 നൂനം വിമുഷ്ടമതയസ്തവ മായയാ തേ
യേ ത്വാം ഭവാപ്യയവിമോക്ഷണമന്യഹേതോഃ
അർച്ചന്തി കല്പകതരും കുണപോപഭോഗ്യ-
മിച്ഛന്തി യത്സ്പർശജം നിരയേഽപി നൃണാം

| | |
|---|---|
| യേ | യാവചിലർ |
| ഭവാപ്യയ- വിമോക്ഷണം | ജന്മമൃത്യുക്കളിൽ നിന്നുള്ള വിമുക്തിക്കു് ഹേതുഭൂതനായ |
| ത്വാം | നിന്തിരുവടിയെ |
| അന്യഹേതോഃ | മററുകാര്യങ്ങൾക്കുവേണ്ടി |
| അർച്ചന്തി | ഭജിക്കുന്നുവോ, |
| തേ | അവർ |
| തവ | നിന്തിരുവടിയുടെ |
| മായയാ | മായയാൽ |
| വിമുഷ്ട- മതയഃ | വഞ്ചിക്കപ്പെട്ട ബുദ്ധിയോടുകൂടിയവരാകുന്നു; |
| നൂനം | സംശയമില്ല. |
| (തേ തു) | അവരാകട്ടെ |
| കല്പകതരും | സർവ്വാഭീഷ്ടപ്രദമായ കല്പവൃക്ഷത്തെ |
| (അർച്ചന്തി) | ആരാധിക്കുകയും |
| കുണപോ- പഭോഗ്യം | ശവപ്രായമായ ശരീരത്താൽ അനുഭവയോഗ്യമായ വിഷയസുഖത്തെ |

| | |
|---|---|
| ഇച്ഛന്തി | ആഗ്രഹിക്കുകയും ചെയ്യുന്നു. |
| യത് | യാതൊരു |
| സ്പർശജം | ഈ വിഷയസുഖം |
| നൃണാം | മനുഷ്യർക്ക് |
| നിരയേ അപി | നരകത്തിൽപ്പോലും |
| (ഭവതി) | ഉണ്ടാകുന്നതാണ്. |

സ്വർഗ്ഗാദിസുഖം സകാമഭജനം ചെയ്യുന്നവർക്കല്ലേ സിദ്ധിക്കുന്നതു് ? നിഷ്കാമഭജനം തൽപ്രയോജകമാകയില്ലല്ലോ എന്നുള്ള ആശങ്കയെ പരിഹരിച്ചുകൊണ്ടും സ്വർഗ്ഗാദിസുഖങ്ങളുടെ നശ്വരതയെ പരാമർശിച്ചുകൊണ്ടും പറയുന്നു—

10 യാ നിർവൃതിസ്തനുഭൃതാം തവ പാദപദ്മ-
ധ്യാനാദ്ഭവജ്ജനകഥാശ്രവണേന വാ സ്യാത്
സാ ബ്രഹ്മണി സ്വമഹിമന്യപി നാഥ മാ ഭൂത്
കിംത്വന്തകാസിലുളിതാത് പതതാം വിമാനാത്

| | |
|---|---|
| തനുഭൃതാം | ശരീരികൾക്ക് |
| യാ | യാതൊരു |
| നിർവൃതിഃ | പരമാനന്ദം |
| തവ | നിന്തിരുവടിയുടെ |
| പാദപദ്മ- ധ്യാനാത് വാ | പാദാരവിന്ദധ്യാനം കൊണ്ടോ, അഥവാ |
| ഭവജ്ജനകഥാ- ശ്രവണേന | ഭവൽഭക്തജനങ്ങളുടെ മുഖത്തിൽനിന്നു് പുറപ്പെടുന്ന സൽകഥാശ്രവണം കൊണ്ടോ |
| സ്യാത് | ഉണ്ടാകുമോ, |
| സാ | ആയതു് |
| സ്വമഹിമനി | ആത്മാനന്ദസ്വരൂപമായ |
| ബ്രഹ്മണി അപി | ബ്രഹ്മസായൂജ്യത്തിൽപ്പോലും |
| മാ ഭൂത് | സംഭാവ്യമല്ല. |
| നാഥ | അല്ലയോ നാഥ ! |
| അന്തകാസി- ലുളിതാത് | കാലഖഡ്ഗത്താൽ വിച്ഛിന്നമായ |
| വിമാനാത് | ദിവ്യയാനത്തിൽനിന്നു് |
| പതതാം | താഴോട്ടു് വീഴുന്നവരുടെ |
| കിം തു | കഥ പിന്നെ പറയാനുണ്ടോ ? |

ആകയാൽ അവിടുത്തെ കഥാശ്രവണത്തിനു് പ്രയോജനപ്പെടുന്ന സജ്ജനസംസർഗ്ഗത്തെ അനുഗ്രഹിച്ചേകിയാലും എന്നു് ഇനി പ്രാർത്ഥിക്കുന്നു.

11 ഭക്തിം മുഹുഃ പ്രവഹതാം ത്വയി മേ പ്രസംഗോ
ഭൂയാദനന്ത മഹതാമമലാശയാനാം
യേനാഞ്ജസോൽബണമുരുവ്യസനം ഭവാബ്ധിം
നേഷ്യേ ഭവദ്ഗുണകഥാമൃതപാനമത്തഃ.

| | |
|---|---|
| അനന്ത | ഹേ അനശ്വരമൂർത്തേ ! |
| ത്വയി | നിന്തിരുവടിയിൽ |
| മുഹുഃ | നിരന്തരം |
| ഭക്തിം | ഭക്തിയെ |
| പ്രവഹതാം | ഉൾക്കൊള്ളുന്നവരും |
| അമലാ- ശയാനാം | (ആകയാൽ) നിർമ്മലാന്തഃകരണന്മാരായി ഭവിച്ചവരുമായ |
| മഹതാം | മഹാത്മാക്കളുടെ |
| പ്രസംഗഃ | സംസർഗ്ഗം |

| | |
|---|---|
| മേ ഭൂയാത് | എനിക്കുണ്ടാകണേ ! |
| യേന | യാതൊന്നുകൊണ്ടു്, |
| ഭവദ്ഗുണ–കഥാമൃത–പാനമത്തഃ | ഭവാന്റെ ഗുണങ്ങളെ കീർത്തിക്കുന്ന കഥാസുധയുടെ പാനത്താൽ ലഹരിയാർന്നുള്ള ഞാൻ |
| ഉല്ബണം | അത്യുഗ്രവും |
| ഉരുവ്യസനം | അതിക്ലേശകരവുമായ |
| ഭവാബ്ധിം | സംസാരസാഗരത്തെ |
| അഞ്ജസാ | അനായാസേന |
| നേഷ്യേ | കടന്നുകൊള്ളാം. |

കഥാസുധാപാനത്തിന്റെ മാദകത്വം വ്യക്തമാക്കുന്നു —

12 തേ ന സ്മരന്ത്യതിതരാം പ്രിയമീശ മർത്ത്യം
യേ ചാന്വദഃ സുതസുഹൃദ്ഗൃഹവിത്തദാരാഃ
യേ ത്വബ്ജനാഭ ഭവദീയപദാരവിന്ദ-
സൗഗന്ധ്യലുബ്ധഹൃദയേഷു കൃതപ്രസംഗാഃ

| | |
|---|---|
| ഈശ | ഭഗവാനേ ! |
| അബ്ജനാഭ | ശ്രീപദ്മനാഭ ! |
| ഭവദീയ–പദാരവിന്ദ–സൗഗന്ധ്യ–ലുബ്ധ–ഹൃദയേഷു | അവിടുത്തെ പാദകമലത്തിന്റെ പരിമളത്തിൽ ആശയാർന്ന മാനസത്തോടു കൂടിയ സത്തുക്കളിൽ |
| കൃതപ്രസംഗാഃ | സമ്പർക്കം പുലർത്തുന്നവർ |
| യേ തു | യാവചിലരാണോ, |
| തേ പ്രിയം | അവർ പ്രിയപ്പെട്ട |
| മർത്ത്യം | നശ്വരശരീരത്തെയും, |
| അദഃ അനു | ഇതിനെ അനുബന്ധിച്ചു നില്ക്കുന്ന |
| സുതസുഹൃദ്–ഗൃഹവിത്ത–ദാരാഃ യേ | മക്കളും, ബന്ധുക്കളും, വീടും, ഭാര്യയും ഇങ്ങനെ യാതൊന്നുകളുണ്ടോ |
| (താൻ) ച | അതുകളേയും |
| അതിതരാം | തീരെ |
| ന സ്മരന്തി | സ്മരിക്കുകയില്ല. |

അതെ ശരി, ഇത്രയും അറിവുള്ള താൻ ദേഹാദ്യഭിമാനം പുലർത്തുന്നതെന്തുകൊണ്ടു് ? അതിന്നു് പറയുന്നു—

13 തിര്യങ്നഗദ്വിജസരീസൃപദേവദൈത്യ-
മർത്ത്യാദിഭിഃ പരിചിതം സദസദ്വിശേഷം
രൂപം സ്ഥവിഷ്ഠമജ തേ മഹദാദ്യനേകം
നാതഃ പരം പരമ വേദ്മി ന യത്ര വാദഃ

| | |
|---|---|
| അജ | ഹേ ജന്മാദിരഹിത ! |
| തിര്യങ്നഗ–ദ്വിജസരീ–സൃപ–ദേവദൈത്യ–മർത്ത്യാദിഭിഃ | മൃഗങ്ങളും, വൃക്ഷങ്ങളും, പക്ഷികളും, സർപ്പങ്ങളും, ദേവന്മാർ, അസുരന്മാർ, മനുഷ്യർ എന്നു തുടങ്ങിയ ജീവരാശികളാൽ |
| പരിചിതം | അഭിവ്യാപ്തമായതും |
| സദസദ്–വിശേഷം | സ്ഥൂലസൂക്ഷ്മവിഭാഗത്തോടുകൂടിയതും |
| മഹദാദ്യനേകം | മഹത്തത്ത്വം തുടങ്ങിയ അനേകം കാരണങ്ങളോടുകൂടിയതുമായ |
| തേ | നിന്തിരുവടിയുടെ |
| സ്ഥവിഷ്ഠം | അതിസ്ഥൂലമായ (വിശ്വാത്മകമായ) |

| | | | |
|---|---|---|---|
| രൂപം | സ്വരൂപത്തെമാത്രമേ | യത്ര | യാതൊന്നിനെ അധികരിച്ച് |
| വേദ്മി | ഞാൻ അറിയുന്നുള്ളു. | വാദഃ ന | ശബ്ദവ്യാപാരമില്ലയോ, |
| പരമ | ഹേ സർവ്വോന്നത ! | (തത് ച | അതിനെയും (ആ ബ്രഹ്മപദവാച്യമായ രൂപത്തെയും) |
| അതഃപരം | ഇതിൽനിന്നും അതീതമായ ഈശ്വരസ്വരൂപത്തെയും | ന വേദ്മി) | ഞാൻ അറിയുന്നില്ല. |

അതുകൊണ്ട് ദേഹാദ്യഭിമാനം വിട്ടുപോകുന്നില്ലെന്ന് താൽപര്യം.

**എന്നാൽ**, ഈവിധം ഭഗവാന്റെ അനുകമ്പയ്ക്കു് പാത്രീഭവിച്ചതുമൂലം ആ അജ്ഞാതമായ രണ്ടു രൂപവും ഉള്ളിൽ പ്രകാശിക്കുവാൻ ധ്രുവൻ ഈശ്വരസ്വരൂപത്തെ അനുവർണ്ണിച്ചു സ്തുതിക്കുന്നു.

14 കല്പാന്ത ഏതദഖിലം ജഠരേണ ഗൃഹ്ണൻ
ശേതേ പുമാൻ സ്വദൃഗനന്തസഖസ്തദങ്കേ
യന്നാഭിസിന്ധുരുഹകാഞ്ചനലോകപദ്മ-
ഗർഭേ ദ്യുമാൻ ഭഗവതേ പ്രണതോഽസ്മി തസ്മൈ.

| | | | |
|---|---|---|---|
| കല്പാന്തേ | കല്പാന്തകാലത്തിൽ | ശേതേ | പള്ളിക്കുറിപ്പു കൊള്ളുന്നുവോ, |
| ഏതത് അഖിലം | ഈ ദൃശ്യപ്രപഞ്ചത്തെ മുഴുവനും | യന്നാഭി- സിന്ധുരുഹ- കാഞ്ചന- ലോകപദ്മ- ഗർഭേ | യാതൊരാളുടെ നാഭിസമുദ്രത്തിൽ സമുൽഭവിച്ച സുവർണ്ണമയമായ ലോകാത്മകപദ്മത്തിന്റെ കർണ്ണികയിൽ |
| ജഠരേണ | ഉദരത്താൽ | ദ്യുമാൻ | തേജസ്വിയായ ബ്രഹ്മാവ് |
| ഗൃഹ്ണൻ | ഗ്രഹിച്ചുകൊണ്ട്, | (ഭവതി) | ഉണ്ടായിരിക്കുന്നുവോ, |
| അനന്തസഖഃ | അനന്തസഹായനായി | തസ്മൈ | അങ്ങനെയുള്ള |
| തദങ്കേ | ആ അനന്തന്റെ ഉത്സംഗത്തിൽ | ഭഗവതേ | ഭഗവാനായിക്കൊണ്ട് |
| സ്വദൃക് | യോഗനിദ്രയെ അവലംബിച്ച് അന്തശ്ചക്ഷുസ്സായിട്ട് | പ്രണതഃ അസ്മി | ഞാൻ നമസ്കരിക്കുന്നു. |
| (യഃ) പുമാൻ | യാതൊരു പുരുഷൻ | | |

"ഇപ്പറഞ്ഞതനുസരിച്ച് നിദ്രാദ്യവസ്ഥാവിശേഷങ്ങൾ എനിക്കുമുള്ളതിനാൽ ജീവാപേക്ഷയാ എന്തു വിശേഷമുണ്ട് ?" എന്ന ചോദ്യത്തെ ആശങ്കിച്ച് തുടർന്നു പറയുന്നു.

15 ത്വം നിത്യമുക്തപരിശുദ്ധവിബുദ്ധ ആത്മാ
കൂടസ്ഥ ആദിപുരുഷോ ഭഗവാംസ്ത്ര്യധീശഃ
യദ്ബുദ്ധ്യവസ്ഥിതിമഖണ്ഡിതയാ സ്വദൃഷ്ട്യാ
ദ്രഷ്ടാ സ്ഥിതാവധിമഖോ വ്യതിരിക്ത ആസ്സേ.

| | |
|---|---|
| ത്വം | നിന്തിരുവടി |
| നിത്യമുക്ത–പരിശുദ്ധ–വിബുദ്ധഃ | സ്വാഭാവികമായി ത്തന്നെ മുക്തനും പരി ശുദ്ധനും സർവ്വജ്ഞനും |
| ആത്മാ | ചൈതന്യമയനും |
| കൂടസ്ഥഃ | നിർവികാരനും |
| ആദിപുരുഷഃ | ആദിയിങ്കൽത്തന്നെ യുള്ള പുരുഷനും |
| ഭഗവാൻ | ഐശ്വര്യാദി ഷഡ്ഗുണസംപൂർണ്ണനും |
| ത്ര്യധീശഃ | ത്രിഗുണങ്ങളുടെ അധി നായകനുമാണ്. |
| യത് | എന്തെന്നാൽ |
| ബുദ്ധ്യവ–സ്ഥിതിം | ബുദ്ധിയുടെ അതാതു് അവസ്ഥയെ |
| അഖണ്ഡിതയാ | ഇടതടവില്ലാതെ വിലസുന്ന |
| സ്വദൃഷ്ട്യാ | തന്റെ വീക്ഷണത്താൽ (ചിച്ഛക്തിയാൽ) |
| ദ്രഷ്ടാ | ദർശിക്കുന്ന നിന്തിരുവടി |
| വ്യതിരിക്തഃ | ജീവവിലക്ഷണനായിട്ടു തന്നെ |
| സ്ഥിതൗ | ലോകപാലനവിഷയ ത്തിൽ |
| അധിമഖഃ | യജ്ഞമൂർത്തിയായ വിഷ്ണുവായിട്ടു് |
| ആസ്സേ | വർത്തിക്കുന്നു. |

ജീവൻ ത്വത്പ്രസാദമുണ്ടെങ്കിൽമാത്രം മുക്തനാവുന്നവനും, ദേഹാധ്യാസംമൂലം അശുദ്ധനും, അജ്ഞനും, ജഡനും, വികാരിയും, ആദിയുള്ളവനും, ഐശ്വര്യാദിഗുണരഹിതനും ത്രിഗുണാധീനനുമാണ്. നിന്തിരുവടിയുടെ അവസ്ഥ മറിച്ചാകയാൽജീവാപേക്ഷയാ നിന്തിരുവടിക്കുള്ള വൈലക്ഷണ്യം വ്യക്തമത്രേ.

ബ്രഹ്മരൂപേണ അറിയപ്പെട്ട തന്തിരുവടിയെ ഇനി നമസ്കരിക്കുന്നു.

16 യസ്മിൻ വിരുദ്ധഗതയോ ഹ്യനിശം പതന്തി
വിദ്യാദയോ വിവിധശക്തയ ആനുപൂർവ്യാത്
തദ്ബ്രഹ്മ വിശ്വഭവമേകമനന്തമാദ്യ–
മാനന്ദമാത്രമവികാരമഹം പ്രപദ്യേ.

| | |
|---|---|
| യസ്മിൻ | യാതൊന്നിൽ |
| വിരുദ്ധഗതയഃ | അന്യോന്യവിരുദ്ധ സ്വഭാവമുള്ള |
| വിദ്യാദയഃ | വിദ്യ–അവിദ്യ മുതലായവയും |
| വിവിധശക്തയഃ | സർഗ്ഗവിസർഗ്ഗാദി നാനാ ശക്തികളും |
| അനിശം ഹി | ഇടവിടാതെ തന്നെ |
| അനുപൂർവ്യാത് | അനുക്രമം |
| പതന്തി | ഉറന്നുകൊണ്ടിരിക്കുന്നു |
| തത് | അങ്ങനെയുള്ള [വോ, |
| വിശ്വഭവം | വിശ്വോൽപത്തികാര ണമായി— |
| ഏകം | അഖണ്ഡമായി— |
| അനന്തം | അന്തരഹിതമായി— |
| ആദ്യം | ആദിതത്ത്വമായി— |
| ആനന്ദമാത്രം | ആനന്ദഘനമായി— |
| അവികാരം | വികാരമില്ലാത്തതുമായി നിലകൊള്ളുന്ന |
| ബ്രഹ്മ | ബ്രഹ്മസ്വരൂപത്തെ |
| അഹം പ്രപദ്യേ | ഞാൻ ശരണം ഗമി ക്കുന്നു. |

ഭഗവാൻ സകാമഭക്തിയെ സ്വീകരിച്ചും മോക്ഷമേകുമെന്നു് ആശംസിച്ചുകൊണ്ടു പറയുന്നു.

17 സത്യാശിഷോ ഹി ഭഗവംസ്തവ പാദപദ്മ-
മാശീസ്തഥാഽനുഭജതഃ പുരുഷാർത്ഥമൂർത്തേഃ
അപ്യേവമാര്യ ഭഗവാൻ പരിപാതി ദീനാൻ
വാശ്രേവ വത്സകമനുഗ്രഹകാതരോഽസ്മാൻ.

| | | | |
|---|---|---|---|
| ഭഗവൻ | ഭഗവാനേ ! | ആര്യ | ഹേ സ്വാമിൻ ! |
| തഥാ | അവ്വിധം (നിഷ്കാമമായി) | ഏവം അപി | അങ്ങനെയാണെങ്കിലും, |
| അനുഭജതഃ | ഇടവിടാതെ ഭജിക്കുന്നവനു് | അനുഗ്രഹ-കാതരഃ | ലോകാനുഗ്രഹവ്യഗ്രതയുള്ള |
| പുരുഷാർത്ഥ-മൂർത്തേഃ തവ | പരമാനന്ദമൂർത്തിയായ നിന്തിരുവടിയുടെ | ഭഗവാൻ | നിന്തിരുവടി |
| പാദപദ്മം | തൃപ്പാദകമലം തന്നെ | ദീനാൻ | പാവങ്ങളായ |
| ആശിഷഃ | മററു് അഭീഷ്ടഫലങ്ങളെക്കാളും | അസ്മാൻ | മാദൃശന്മാരെ (സകാമ ഭജനം ചെയ്യുന്നവരെ) |
| സത്യാ | യഥാർത്ഥമായ | വാശ്രാ | നവപ്രസൂതയായ പശു |
| ആശീഃ | അഭീഷ്ടഫലമാകുന്നു, | വത്സകം | പിഞ്ചുകിടാവിനെ |
| ഹി | നിശ്ചയം— | ഇവ | എന്നപോലെ |
| | | പരിപാതി | പരിപാലിക്കുന്നുണ്ടു്. |

നവപ്രസൂതയായ ഗോവു് അതിന്റെ കുട്ടിയെ പാലൂട്ടുകയും ഹിംസ്രജന്തുക്കളിൽ നിന്നു് രക്ഷിക്കുകയും ചെയ്യുന്നപോലെ കാരുണികനായ നിന്തിരുവടി സകാമ ഭക്തന്മാരെ കാമിതം നല്കി അനുഗ്രഹിക്കുകയും സംസാരഭയത്തിൽ നിന്നു് രക്ഷിക്കുകയും ചെയ്യുന്നുവെന്നു് താൽപര്യം.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

18 അഥാഭിഷ്ടുത ഏവം വൈ സത്സങ്കല്പേന ധീമതാ
ഭൃത്യാനുരക്തോ ഭഗവാൻ പ്രതിനന്ദ്യേദമബ്രവീത്.

| | | | |
|---|---|---|---|
| അഥ | അനന്തരം, | അഭിഷ്ടുതഃ | സ്തോത്രം ചെയ്യപ്പെട്ട |
| സത്സങ്കല്പേന | സത്യസങ്കല്പനും | ഭൃത്യാനുരക്തഃ | ഭക്തവത്സലനായ |
| ധീമതാ | ബുദ്ധിമാനുമായ ധ്രുവനാൽ | ഭഗവാൻ | വിഷ്ണുഭഗവാൻ |
| ഏവം വൈ | ഇപ്രകാരമെല്ലാം | പ്രതിനന്ദ്യ | അഭിനന്ദിച്ചശേഷം |
| | | ഇദം | ഇങ്ങനെ |
| | | അബ്രവീത് | അരുളിച്ചെയ്തു. |

ശ്രീഭഗവാനുവാച = ശ്രീഭഗവാനരുളിച്ചെയ്തു.

19 വേദാഹം തേ വ്യവസിതം ഹൃദി രാജന്യബാലക
തത് പ്രയച്ഛാമി ഭദ്രം തേ ദുരാപമപി സുവ്രത.

| | |
|---|---|
| രാജന്യബാലക | ഹേ രാജകുമാര ! |
| തേ ഹൃദി | നിന്റെ മനസ്സിലുള്ള |
| വ്യവസിതം | സങ്കല്പിതത്തെ |
| അഹം വേദ | ഞാൻ അറിയുന്നുണ്ടു്. |
| സുവ്രത | അല്ലയോ വ്രതസമ്പന്ന ! |
| ദുരാപം അപി | ദുഷ്പ്രാപമെങ്കിലും കൂടി |
| തത് | അതിനെ |
| പ്രയച്ഛാമി | സാധിപ്പിച്ചുതരാം. |
| തേ ഭദ്രം | നിനക്കു നല്ലതു വരട്ടെ. |

തരാമെന്നു പറഞ്ഞതിനെ രണ്ടര ശ്ലോകം കൊണ്ടു് വ്യക്തമാക്കുന്നു.

20 നാന്യൈരധിഷ്ഠിതം ഭദ്ര യദ്ഭ്രാജിഷ്ണു ധ്രുവക്ഷിതി
യത്ര ഗ്രഹൎക്ഷതാരാണാം ജ്യോതിഷാം ചക്രമാസ്ഥിതം

21 മേഢ്യാം ഗോചക്രവത്സ്ഥാസ്നു പരസ്താത് കല്പവാസിനാം
ധൎമ്മോഗ്നിഃ കശ്യപഃ ശുക്രോ മുനയോ യേ വനൗകസഃ
ചരന്തി ദക്ഷിണീകൃത്യ ഭ്രമന്തോ യത്സതാരകാഃ.

| | |
|---|---|
| ഭദ്ര | ഹേ ശുഭചരിത ! |
| യത് | യാതൊന്നു് |
| അന്യൈഃ | മററു് ആരാലും |
| ന അധിഷ്ഠിതം | അധ്യാസിതമായിട്ടില്ലയോ, |
| യത്ര | യാതൊന്നിൽ |
| ഗ്രഹൎക്ഷതാരാണാം | ഗ്രഹങ്ങളും നക്ഷത്രങ്ങളും താരങ്ങളും ആവുന്ന |
| ജ്യോതിഷാം | ജ്യോതിർഗോളങ്ങളുടെ |
| ചക്രം | രാശിവലയം |
| മേഢ്യാം | കററക്കളത്തിലെ കെട്ടുകുററിയിൽ |
| ഗോചക്രവത് | മെതിക്കാളക്കൂട്ടം പോലെ |
| ആസ്ഥിതം | ചുററിത്തിരിയുംവിധം ചേൎത്തിണക്കപ്പെട്ടു് സ്ഥിതിചെയ്യുന്നുവോ, |
| യത് | യാതൊന്നിനെ |
| ധൎമ്മഃ | ധൎമ്മദേവനും |
| അഗ്നിഃ | അഗ്നിയും |
| കശ്യപഃ | കശ്യപനും |
| ശുക്രഃ | ശുക്രനും |
| വനൗകസഃ യേ മുനയഃ | വാനപ്രസ്ഥരായ യാവ ചിലമുനിമാർ (സപ്തൎഷികൾ) ഉണ്ടോ അവരും |
| സതാരകാഃ | നക്ഷത്രസമാനരൂപികളായിട്ടു് |
| ദക്ഷിണീകൃത്യ | വലംവെച്ചു് |
| ഭ്രമന്തഃ | ചുററിക്കൊണ്ടു് |
| ചരന്തി | സഞ്ചരിക്കുന്നുവോ, |
| തത് | അങ്ങനെയുള്ളതും |
| കല്പവാസിനാം | അവാന്തരകല്പകാലാവധി സൂക്ഷ്മദേഹേന വസിക്കുന്നവൎക്കുകൂടി |
| പരസ്താത് | അപ്പുറം |
| സ്ഥാസ്നു | നിലകൊള്ളുന്നതും |
| ഭ്രാജിഷ്ണു | പ്രകാശമാനവും |
| ധ്രുവക്ഷിതി | ശാശ്വതനിവാസാസ്പദവുമായ ഉന്നതസ്ഥാനമാണതു്. |

പരമോന്നതമായ ധ്രുവനക്ഷത്രസ്ഥാനം തരുന്നുണ്ടെന്നു് സാരം.

എന്നാൽ ഇതു് കുറെക്കാലം രാജ്യം ഭരിച്ചതിന്നു ശേഷമാണു് സംഭവിക്കുക എന്നു് ഇനി പറയുന്നു.

22 പ്രസ്ഥിതേ തു വനം പിത്രാ ദത്വാ ഗാം ധൎമ്മസംശ്രയഃ
ഷട്ത്രിംശദ്വൎഷസാഹസ്രം രക്ഷിതാഽവ്യാഹതേന്ദ്രിയഃ.

| | | | |
|---|---|---|---|
| ഗാം | ഭൂമിയെ | ധൎമ്മസംശ്രയഃ | ധൎമ്മത്തെ അവലംബിച്ചുകൊണ്ടും |
| ദത്വാ | ഒഴിഞ്ഞുതന്നിട്ടു് | അവ്യാഹതേന്ദ്രിയഃ (ഭവാൻ) | ഇന്ദ്രിയങ്ങൾക്കു് കോട്ടം തട്ടാതെയും നീ |
| പിത്രാ | അച്ഛനാൽ | ഷട്ത്രിംശദ്വൎഷസാഹസ്രം | മുപ്പത്താറായിരം സംവത്സരത്തോളം |
| വനം | വനത്തിലേക്കു് | രക്ഷിതാ | രാജ്യം പാലിക്കും. |
| പ്രസ്ഥിതേ തു | പോകുക എന്നതുണ്ടായ ശേഷം, | | |

"എന്റെ ഭക്തനായ നിന്നെ ദ്രോഹിക്കുക മൂലം സുരുചിക്കു് ആപത്തുകപ്പെട്ടും. നീ അതു് ഉള്ളിൽ കരുതിയതല്ലെങ്കിലും കൂടി" എന്നു പറയുന്നു.

23 ത്വദ്ഭ്രാതൎയ്യുത്തമേ നഷ്ടേ മൃഗയായാം തു തന്മനാഃ
അന്വേഷന്തീ വനം മാതാ ദാവാഗ്നിം സാ പ്രവേക്ഷ്യതി.

| | | | |
|---|---|---|---|
| ത്വദ്ഭ്രാതരി | നിന്റെ സഹോദരനായ | സാ മാതാ | ആ മാതാവു് (സുരുചി) |
| ഉത്തമേ തു | ഉത്തമനാകട്ടെ | വനം | കാട്ടിലേക്കു് |
| മൃഗയായാം | നായാട്ടിൽവെച്ചു് | അന്വേഷന്തീ | അവനെ തേടിപ്പോയിട്ടു് |
| നഷ്ടേ | മൃതിയടയുമ്പോൾ | ദാവാഗ്നിം | കാട്ടുതീയിലേക്കു് |
| തന്മനാഃ | തന്മനസ്സായായി ഭവിച്ച | പ്രവേക്ഷ്യതി | മറിഞ്ഞുവീഴും |

അതിൽപ്പിന്നെ എന്തെന്നു് വ്യക്തമാക്കുന്നു—

24 ഇഷ്ട്വാ മാം യജ്ഞഹൃദയം യജ്ഞൈഃ പുഷ്കലദക്ഷിണൈഃ
ഭുക്ത്വാ ചേഹാശിഷഃ സത്യാ അന്തേ മാം സംസ്മരിഷ്യസി.

| | | | |
|---|---|---|---|
| പുഷ്കലദക്ഷിണൈഃ | ധാരാളം ദക്ഷിണകളോടുകൂടിയ | സത്യാഃ | നല്ലവയായ |
| യജ്ഞൈഃ | യജ്ഞങ്ങൾകൊണ്ടു് | ആശിഷഃ | ആഗ്രഹങ്ങളെ |
| യജ്ഞഹൃദയം | യജ്ഞമാവുന്ന ഹൃദയത്തോടുകൂടിയ (യജ്ഞമൂൎത്തിയായ) | ഭുക്ത്വാ ച | അനുഭവിക്കുകയും ചെയ്തു്, |
| മാം ഇഷ്ട്വാ | എന്നെ യജിച്ചു് | അന്തേ | അവസാന കാലത്തു് |
| ഇഹ | ഈ ലോകത്തിലെ | മാം | എന്നെ |
| | | സംസ്മരിഷ്യസി | സ്മരിപ്പാനിടവരും. |

25 തതോ ഗന്താസി മത്സ്ഥാനം സൎവ്വലോകനമസ്കൃതം
ഉപരിഷ്ടാദൃഷിഭ്യസ്ത്വം യതോ നാവൎത്തതേ ഗതഃ.

| | | | |
|---|---|---|---|
| തതഃ | അതിനുശേഷം | മത്സ്ഥാനം | എന്റെ സ്ഥാനത്തിലേക്ക് |
| ഋഷിഭ്യഃ | ഋഷിമണ്ഡലത്തെക്കാളും | ത്വം ഗന്താസി | നീ ഗമിക്കുന്നതാണ്. |
| ഉപരിഷ്ടാത് | ഉപരിഭാഗത്തു് | യതഃ | യാതൊരിടത്തുനിന്നു് |
| സർവ്വലോക-നമസ്കൃതം | സർവ്വലോക സമാരാധ്യമായി സ്ഥിതിചെയ്യുന്ന | ഗതഃ | പോയവൻ |
| | | ന ആവർത്തതേ | തിരിച്ചുപോരുന്നതല്ല. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

26 ഇത്യർച്ചിതഃ സ ഭഗവാനതിദിശ്യാത്മനഃ പദം
ബാലസ്യ പശ്യതോ ധാമ സ്വമഗാദ്ഗരുഡധ്വജഃ.

| | | | |
|---|---|---|---|
| ഗരുഡധ്വജഃ | ഗരുഡചിഹ്നമുള്ള കൊടിയോടുകൂടിയ | അർച്ചിതഃ | സംപൂജിതനായിട്ടു്, |
| സഃ ഭഗവാൻ | ആ വിഷ്ണുഭഗവാൻ | ബാലസ്യ പശ്യതഃ | കുമാരൻ (ധ്രുവൻ) നോക്കി നില്ക്കേ, |
| ഇതി | ഇപ്രകാരം | സ്വം ധാമ | തന്റെ ആവസത്തിലേക്ക് |
| ആത്മനഃ പദം | തന്റെ സ്ഥാനത്തെ | | |
| അതിദിശ്യ | കൊടുത്തനുഗ്രഹിച്ചു് | അഗാത് | ഗമിച്ചു. |

27 സോഽപി സംകല്പജം വിഷ്ണോഃ പാദസേവോപസാദിതം
പ്രാപ്യ സംകല്പനിർവ്വാണം നാതിപ്രീതോഽഭ്യഗാത്പുരം.

| | | | |
|---|---|---|---|
| സഃ അപി | ആ ധ്രുവനും | സംകല്പജം | മനോഭിലാഷത്തെ |
| വിഷ്ണോഃ | വിഷ്ണുഭഗവാന്റെ | പ്രാപ്യ | സാധിച്ചിട്ടുകൂടി |
| പാദസേവോ-പസാദിതം | പാദസേവയാൽ തനിക്കു കൈവന്നതും | നാതിപ്രീതഃ | അധികം സന്തുഷ്ടനായി ഭവിക്കാതെ |
| സംകല്പ-നിർവ്വാണം | മനോഭിലാഷങ്ങൾക്കെല്ലാം ഉപശമം വരുത്തുന്നതുമായ | പുരം | സ്വനഗരത്തിലേക്കു |
| | | അഭ്യഗാത് | യാത്ര തിരിച്ചു. |

വിദുര ഉവാച = വിദുരർ പറഞ്ഞു.

28 സുദുർല്ലഭം യത്പരമം പദം ഹരേർ-
മായാവിനസ്തച്ചരണാർച്ചനാർജ്ജിതം
ലബ്ധ്വാപ്യസിദ്ധാർത്ഥമിവൈകജന്മനാ
കഥം സ്വമാത്മാനമമന്യതാർത്ഥവിത്.

| | | | |
|---|---|---|---|
| മായാവിനഃ | മായാബാധിതനും (സകാമനായുള്ളവനും) | ഹരേഃ | ശ്രീഹരിയുടെ |
| | | പരമം | സമുന്നതമായ |
| സുദുർല്ലഭം | അത്യന്തം ദുർല്ലഭമായ | പദം യത് | സ്ഥാനം യാതൊന്നോ, |

| | | | |
|---|---|---|---|
| (തത്) | ആയതിനെ | അർത്ഥവിത് | കാര്യജ്ഞനായ ധ്രുവൻ |
| തച്ചരണാച്ച്നാജ്ജിതം | അവിടുത്തെ തൃപ്പാദ ഭജനത്താൽ സമ്പാദിതമായിട്ടു് | സ്വം ആത്മാനം | തന്റെ മനസ്സിനെ |
| ഏകജന്മനാ | ഒരേ ജന്മം കൊണ്ടുതന്നെ | അസിദ്ധാർത്ഥം ഇവ | അകൃതാർത്ഥമെന്നതുപോലെ |
| ലബ്ധ്വാ അപി | നേടിയെടുത്തിട്ടും കൂടി | അമന്യത കഥം | കരുതിയതു് എന്തേ ? |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

29 മാതുഃ സപത്ന്യാ വാഗ്ബാണൈർഹൃദി വിദ്ധസ്തു താൻസ്മരൻ
നൈച്ഛന്മുക്തിപതേർമുക്തിം തസ്മാത്താപമുപേയിവാൻ.

| | | | |
|---|---|---|---|
| സപത്ന്യാഃ മാതുഃ | സപത്നീമാതാവിന്റെ | മുക്തിപതേഃ | മുക്തിയുടെ അധിപതിയിൽനിന്നു് |
| വാഗ്ബാണൈഃ | വാക്കുകളാവുന്ന ശരങ്ങളാൽ | മുക്തിം | മുക്തിയെ |
| ഹൃദി | ഹൃദയത്തിൽ | ന ഐച്ഛത് | കാംക്ഷിച്ചിരുന്നില്ല. |
| വിദ്ധഃ തു | തറക്കപ്പെട്ടിരുന്ന ധ്രുവനാകട്ടെ | തസ്മാത് | ആകയാൽ |
| താൻ | അവയെ | താപം | പശ്ചാത്താപത്തെ |
| സ്മരൻ | ഓർത്തുകൊണ്ടു് | ഉപേയിവാൻ | പ്രാപിച്ചു. |

ധ്രുവന്റെ ആ പശ്ചാത്താപം താഴെ ആറര ശ്ലോകം കൊണ്ടു് വിവരിക്കുന്നു.

ധ്രുവ ഉവാച = ധ്രുവൻ (മനസ്സിൽ) പറഞ്ഞു.

30 സമാധിനാ നൈകഭവേന യത്പദം
വിദുഃ സനന്ദാദയ ഊർദ്ധ്വരേതസഃ.
മാസൈരഹം ഷഡ്ഭിരമുഷ്യ പാദയോ-
ശ്ഛായാമുപേത്യാപഗതഃ പൃഥങ്മതിഃ.

| | | | |
|---|---|---|---|
| ഊർദ്ധ്വരേതസഃ | നിത്യബ്രഹ്മചാരികളായ | അമുഷ്യ | ആ ഭഗവാന്റെ |
| സനന്ദാദയഃ | സനന്ദാദികൾ പോലും | പാദയോഃ | തൃച്ചേവടികളുടെ |
| നൈകഭവേന | ബഹുജന്മങ്ങൾ കൊണ്ടുള്ള | ഛായാം അഹം | തണലിനെ ഞാൻ |
| | | ഷഡ്ഭിഃ | വെറും ആറു് |
| സമാധിനാ | യോഗചര്യയാൽ | മാസൈഃ | മാസങ്ങൾ കൊണ്ടു് |
| യത്പദം | യാതൊരാളുടെ തൃപ്പാദമഹിമയെ | ഉപേത്യ | പ്രാപിച്ചിട്ടും |
| | | പൃഥങ്മതിഃ | ഭേദദൃഷ്ടിയായിട്ടു് |
| വിദുഃ | അറിയുന്നുവോ, | അപഗതഃ | തിരിച്ചുപോന്നുവല്ലോ ! |

31 അഹോ ബത മമാനാത്മ്യം മന്ദഭാഗ്യസ്യ പശ്യത
ഭവച്ഛിദഃ പാദമൂലം ഗത്വായാചേ യദന്തവത്

| | | | |
|---|---|---|---|
| അഹോ ബത | ഹാ ! കഷ്ടം ! | യത് | എന്തെന്നാൽ, |
| മന്ദഭാഗ്യസ്യ | ഭാഗ്യദോഷിയായ | ഭവച്ഛിദഃ | സംസൃതിഹന്താവിന്റെ |
| മമ | എന്റെ | പാദമൂലം | പാദാന്തികത്തെ |
| അനാത്മ്യം | ആത്മശൂന്യത (അജ്ഞത) | ഗത്വാ | പ്രാപിച്ച് |
| | | അന്തവത് | നശ്വരമായതിനെ |
| പശ്യത | നോക്കുക. | അയാചേ | യാചിച്ചു. |

അജ്ഞതയ്ക്കുള്ള കാരണം സ്വയം അഭ്യൂഹിക്കുന്നു.

32 മതിർവിദൂഷിതാ ദേവൈഃ പതദ്ഭിരസഹിഷ്ണുഭിഃ
യോ നാരദവചസ്തഥ്യം നാഗ്രാഹിഷമസത്തമഃ.

| | | | |
|---|---|---|---|
| പതദ്ഭിഃ | എന്നെക്കാൾ താഴ്ന്നു പോകുന്നവരും | അസത്തമഃ | (അതിനാൽ) അതീവ ദുർബുദ്ധിയായി ഭവിച്ച |
| അസഹിഷ്ണുഭിഃ | തന്നിമിത്തം ഈൎഷ്യാലുക്കളുമായ | യഃ | യാതൊരു ഞാൻ |
| ദേവൈഃ | ദേവന്മാരാൽ | തഥ്യം | യഥാൎത്ഥമായ |
| മതിഃ | എന്റെ ബുദ്ധി | നാരദവചഃ | നാരദവചനത്തെ |
| വിദൂഷിതാ | കെടുത്തപ്പെട്ടതാണ്. | ന അഗ്രാഹിഷം | സ്വീകരിച്ചില്ല. |

33 ദൈവീം മായാമുപാശ്രിത്യ പ്രസുപ്ത ഇവ ഭിന്നദൃക്
തപ്യേ ദ്വിതീയേഽപ്യസതി ഭ്രാതൃഭ്രാതൃവ്യഹൃദ്രുജാ.

| | | | |
|---|---|---|---|
| പ്രസുപ്തഃ ഇവ | സ്വപ്നം കണ്ടുകിടക്കുന്നവനെപ്പോലെ | ദ്വിതീയേ | രണ്ടാമതായിട്ടൊന്നു് |
| ദൈവീം | ഈശ്വരീയമായ | അസതി അപി | വാസ്തവത്തിലില്ലെങ്കിലും, |
| മായാം | മായയെ | ഭ്രാതൃഭ്രാതൃവ്യഹൃദ്രുജാ | സഹോദരൻ ശത്രുവാണെന്ന തോന്നലുകൊണ്ടു് വന്നുചേൎന്ന ഹൃദയപീഡയാൽ |
| ഉപാശ്രിത്യ | അവലംബിച്ച് | | |
| ഭിന്നദൃക് | ഭേദഭാവനയിലൂടെ പ്രപഞ്ചത്തെ ദൎശിക്കുന്ന ഞാൻ | തപ്യേ | താപം അനുഭവിക്കുന്നു. |

അതിനും പുറമെ, ഭഗവാനെ പ്രസാദിപ്പിച്ച് പ്രാൎത്ഥിക്കപ്പെട്ടതും നിഷ്ഫലമായെന്നു് പറയുന്നു.

34 മയൈതത് പ്രാൎത്ഥിതം വ്യൎത്ഥം ചികിത്സേവ ഗതായുഷി
പ്രസാദ്യ ജഗദാത്മാനം തപസാ ദുഷ്പ്രസാദനം
ഭവച്ഛിദമയാചേഽഹം ഭവം ഭാഗ്യവിവൎജ്ജിതഃ.

| | | | |
|---|---|---|---|
| മയാ | എന്നാൽ | ഗതായുഷി | ആയുസ്സററവനിൽ |
| പ്രാൎത്ഥിതം | പ്രാൎത്ഥിക്കപ്പെട്ട | | |
| ഏതത് | ഈ തുച്ഛവിഷയം | ചികിത്സാ ഇവ | ചികിത്സപോലെ |

| | | | |
|---|---|---|---|
| വൃത്ഥം | നിഷ്ഫലമായിപ്പോയി. | തപസാ | തപസ്സിനാൽ |
| ജഗദാത്മാനം | വിശ്വസ്വരൂപനും | പ്രസാദ്യ | പ്രസാദിപ്പിച്ചിട്ടു് |
| ദുഷ്പ്രസാദനം | പ്രസാദിപ്പിക്കാൻ പ്രയാസമുള്ളവനും | ഭാഗ്യ-വിവൎജ്ജിതഃ | ഭാഗ്യശൂന്യനായ |
| | | അഹം | ഞാൻ |
| ഭവച്ഛിദം | സംസാരനാശകനുമായ തന്തിരുവടിയെ | ഭവം | സംസാരസുഖത്തെ |
| | | അയാചേ | യാചിച്ചുവല്ലോ. |

അതുതന്നെ സോദാഹരണം വ്യക്തമാക്കുന്നു.

35 സ്വാരാജ്യം യച്ഛതോ മൌഢ്യാന്മാനോ മേ ഭിക്ഷിതോ ബത
ഈശ്വരാത് ക്ഷീണപുണ്യേന ഫലീകാരാനിവാധനഃ

| | | | |
|---|---|---|---|
| അധനഃ | ദരിദ്രൻ | സ്വാരാജ്യം | ആത്മാനന്ദത്തെ |
| ക്ഷീണപുണ്യേന | പുണ്യക്കുറവുമൂലം | യച്ഛതഃ | തന്നരുളുന്ന തന്തിരുവടിയുടെ അടുക്കൽനിന്നു് |
| ഈശ്വരാത് | ചക്രവൎത്തിയുടെ അടുക്കൽനിന്നു് | മൌഢ്യാത് | ബുദ്ധിമോശംനിമിത്തം |
| ഫലീകാരാൻ | കുറുമികലൎന്ന നുറുങ്ങരി | മാനഃ | പ്രാപഞ്ചികബഹുമതി |
| ഇവ | യാചിക്കും മട്ടിൽ | ഭിക്ഷിതഃ | യാചിക്കപ്പെട്ടുവല്ലോ. |
| മേ | എന്നാൽ | ബത | കഷ്ടമായി ! |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

36 ന വൈ മുകുന്ദസ്യ പദാരവിന്ദയോ
രജോജുഷസ്താത ഭവാദൃശാ ജനാഃ
വാഞ്ഛന്തി തദ്ദാസ്യമൃതേऽൎത്ഥമാത്മനോ
യദൃച്ഛയാ ലബ്ധമനഃസമൃദ്ധയഃ.

| | | | |
|---|---|---|---|
| താത | വത്സവിദുര ! | ലബ്ധമനഃ-സമൃദ്ധയഃ | ലബ്ധമായ മനോഭിലാഷത്തോടുകൂടിയവരായിട്ടു്, |
| മുകുന്ദസ്യ | മുക്തിപ്രദനായ ഭഗവാൻെറ | | |
| പദാരവിന്ദയോഃ | ചേവടിത്താരുകളിലെ | തദ്ദാസ്യം | അവിടുത്തെ ദാസ്യത്തെ |
| രജോജുഷഃ | രജസ്സിനെ സേവിക്കുന്ന | ഋതേ | അല്ലാതെ വേറെ |
| ഭവാദൃശാഃ | അങ്ങയെപ്പോലുള്ള | ആത്മനഃ | തങ്ങൾക്കായി |
| ജനാഃ | ആളുകൾ | അൎത്ഥം | ഒരു കാൎയ്യവും |
| യദൃച്ഛയാ | ആഗ്രഹിക്കാതെ സ്വയം | ന വൈ വാഞ്ഛന്തി | ആഗ്രഹിക്കുകയേ ഇല്ലല്ലോ. |

37 ആകൎണ്യാത്മജമായാന്തം സംപരേത്യ യഥാऽഗതം
രാജാ ന ശ്രദ്ദധേ ഭദ്രമഭദ്രസ്യ കുതോ മമ.

| | | | |
|---|---|---|---|
| രാജാ | ഉത്താനപാദരാജാവു്, | ആകൎണ്യ | കേട്ടിട്ടു്, |
| സംപരേത്യ | മരിച്ചുപോയിട്ടു് | അഭദ്രസ്യ | "ഭാഗ്യദോഷിയായ |
| ആഗതം | തിരിച്ചുവന്നവനെ | മമ | എനിക്കു് |
| യഥാ | പോലെ | ഭദ്രം കുതഃ | ഭാഗ്യം എങ്ങനെ്? ! " |
| ആയാന്തം | വന്നുചേരുന്ന | | (എന്ന വിചാരത്താൽ) |
| ആത്മജം | പുത്രനെക്കുറിച്ചു് | ന ശ്രദ്ദധേ | വിശ്വസിച്ചില്ല. |

38 ശ്രദ്ധായ വാക്യം ദേവൎഷേർഹൎഷവേഗേന ധൎഷിതഃ
വാൎത്താഹൎത്തുരതിപ്രീതോ ഹാരം പ്രാദാന്മഹാധനം.

| | | | |
|---|---|---|---|
| ദേവൎഷേഃ | ശ്രീനാരദന്റെ | വാൎത്താഹൎത്തുഃ | ഈ വൎത്തമാനം അറിയിച്ച ആൾക്കു് |
| വാക്യം | വചനത്തെ | | |
| ശ്രദ്ധായ | വിശ്വസിച്ചു് | മഹാധനം | വളരെ വിലപിടിച്ച |
| ഹൎഷവേഗേന | സന്തോഷവായ്പാൽ | | |
| ധൎഷിതഃ | വിവശനായി, | ഹാരം | രത്നമാലയെ |
| അതിപ്രീതഃ | അതിസംതൃപ്തനായിട്ടു് | പ്രാദാത് | സമ്മാനിച്ചു. |

39 സദശ്വം രഥമാരുഹ്യ കാൎത്തസ്വരപരിഷ്കൃതം
ബ്രാഹ്മണൈഃ കുലവൃദ്ധൈശ്ച പൎയ്യസ്തോഽമാത്യബന്ധുഭിഃ.

40 ശംഖദുന്ദുഭിനാദേന ബ്രഹ്മഘോഷേണ വേണുഭിഃ
നിശ്ചക്രാമ പുരാത്തൂൎണ്ണമാത്മജാഭീക്ഷണോത്സുകഃ.

| | | | |
|---|---|---|---|
| സദശ്വം | നല്ല കുതിരകളെ പൂട്ടിയതും | ശംഖദുന്ദുഭി-നാദേന | ശംഖധ്വനിയോടും, ഭേരീനിനാദത്തോടും, |
| കാൎത്തസ്വര-പരിഷ്കൃതം | സ്വൎണ്ണാലംകൃതമായുള്ളതും ആയ | വേണുഭിഃ | കുഴൽവിളികളോടും, |
| രഥം ആരുഹ്യ | തേരിൽ കയറി— | ബ്രഹ്മ-ഘോഷേണ | വേദോച്ചാരണഘോഷത്തോടുംകൂടി. |
| ബ്രാഹ്മണൈഃ | ബ്രാഹ്മണരാലും | തൂൎണ്ണം | അതിവേഗം |
| കുലവൃദ്ധൈഃ | കുലവൃദ്ധന്മാരാലും | ആത്മജാഭീ-ക്ഷണോത്സുകഃ | പുത്രസന്ദൎശന തൽപരനായിട്ടു് |
| അമാത്യ-ബന്ധുഭിഃ ച | മന്ത്രിമാർ, ബന്ധുജനങ്ങൾ എന്നിവരാലും | പുരാത് | നഗരത്തിൽനിന്നു് |
| പൎയ്യസ്തഃ | പരിവൃതനായി— | നിശ്ചക്രാമ | പുറപ്പെട്ടു. |

41 സുനീതിഃ സുരുചിശ്ചാസ്യ മഹിഷ്യൗ രുക്മഭൂഷിതേ
ആരുഹ്യ ശിബികാം സാൎദ്ധമുത്തമേനാഭിജഗ്മതുഃ.

| | | | |
|---|---|---|---|
| അസ്യ | ഇദ്ദേഹത്തിന്റെ | സുരുചിഃ ച | സുരുചിയും |
| മഹിഷ്യൗ | രാജ്ഞിമാരായ | രുക്മഭൂഷിതേ | സ്വൎണ്ണഭൂഷണങ്ങളണിഞ്ഞു്, |
| സുനീതിഃ | സുനീതിയും | | |

| | | | |
|---|---|---|---|
| ഉത്തമേന | ഉത്തമനോടു് | ആരുഹ്യ | കയറി |
| സാർദ്ധം | കൂടവേ | | |
| ശിബികാം | പല്ലക്കിൽ | അഭിജഗ്മതുഃ | എതിരേററുചെന്നു. |

42 തം ദൃഷ്ട്വോപവനാഭ്യാശ ആയാന്തം തരസാ രഥാത്
അവരുഹ്യ നൃപസ്തൂർണ്ണമാസാദ്യ പ്രേമവിഹ്വലഃ

43 പരിരേഭേംഗജം ദോർഭ്യാം ദീർഘോത്കണ്ഠമനാഃ ശ്വസൻ
വിഷ്വക്സേനാംഘ്രിസംസ്പർശഹതാശേഷാഘബന്ധനം

| | | | |
|---|---|---|---|
| ഉപവനാഭ്യാശേ | ബാഹ്യോദ്യാനത്തിന്റെ പരിസരത്തിൽ വെച്ചു്, | ദീർഘോത്കണ്ഠമനാഃ | വമ്പിച്ച വെമ്പലെഴുന്ന ഉൾക്കാമ്പോടുകൂടിയവനായിട്ടു് |
| ആയാന്തം | വന്നുകൊണ്ടിരിക്കുന്ന | ശ്വസൻ | നെടുവീർപ്പിട്ടുകൊണ്ടു്, |
| തം ദൃഷ്ട്വാ | ആ പുത്രനെ കണ്ടു് | വിഷ്വക്സേനാംഘ്രിസംസ്പർശഹതാശേഷാഘബന്ധനം | ശ്രീഹരിയുടെ പാദസ്പർശത്താൽ വേരററുപോയ സമസ്തപാപങ്ങളോടും ബന്ധനങ്ങളോടും കൂടിയവനായി ഭവിച്ചിരിക്കുന്ന |
| നൃപഃ | രാജാവു് | | |
| തരസാ | അതിശീഘ്രം | | |
| രഥാത് | തേരിൽനിന്നു് | | |
| അവരുഹ്യ | താഴെയിറങ്ങി, | | |
| പ്രേമവിഹ്വലഃ | സ്നേഹവിവശനായി | അംഗജം | മകനെ |
| തൂർണ്ണം | വേഗത്തിൽ | ദോർഭ്യാം | രണ്ടു കൈകൊണ്ടും |
| ആസാദ്യ | അടുത്തുചെന്നു്, | പരിരേഭേ | കെട്ടിപ്പിടിച്ചു. |

44 അഥാജിഘ്രന്മുഹുർമൂർധ്നി ശീതൈർനയനവാരിഭിഃ
സ്നാപയാമാസ തനയം ജാതോദ്ദാമമനോരഥഃ.

| | | | |
|---|---|---|---|
| അഥ | അനന്തരം | ശീതൈഃ | കുളിർത്ത |
| മൂർധ്നി | നെറുകയിൽ | നയനവാരിഭിഃ | കണ്ണീരുകളാൽ |
| മുഹുഃ | തെരുതെരെ | | |
| അജിഘ്രത് | മുകർന്നു. | തനയം | പുത്രനെ |
| ജാതോദ്ദാമമനോരഥഃ | സർവ്വമനോരഥങ്ങളും നിറവേറിയ അദ്ദേഹം | സ്നാപയാമാസ | കുളിപ്പിച്ചു. |

45 അഭിവന്ദ്യ പിതുഃ പാദാവാശീർഭിശ്ചാഭിമന്ത്രിതഃ
നനാമ മാതരൗ ശീർഷ്ണാ സത്കൃതഃ സജ്ജനാഗ്രണീഃ.

| | | | |
|---|---|---|---|
| സജ്ജനാഗ്രണീഃ | സജ്ജനവരേണ്യനായ ധ്രുവൻ | അഭിവന്ദ്യ | അഭിവാദ്യം ചെയ്തു വണങ്ങി, |
| | | ആശീർഭിഃ | ആശീർവാദങ്ങളെക്കൊണ്ടു് |
| പിതുഃ പാദൗ | അച്ഛന്റെ പാദങ്ങളെ | | |

| | | | |
|---|---|---|---|
| സത്കൃതഃ | സൽക്കരിക്കപ്പെട്ടവനും | മാതരൗ | രണ്ടമ്മമാരെയും |
| അഭിമന്ത്രിതഃ ച | അഭിഭാഷണം ചെയ്യപ്പെട്ടവനുമായിട്ടു്, | ശീൎഷ്ണാ | തലകുനിച്ചു് |
| | | നനാമ | നമസ്കരിച്ചു. |

46 സുരുചിസ്തം സമുത്ഥാപ്യ പാദാവനതമൎഭകം
പരിഷ്വജ്യാഹ ജീവേതി ബാഷ്പഗദ്ഗദയാ ഗിരാ.

| | | | |
|---|---|---|---|
| പാദാവനതം | കാല്ക്കൽ കുമ്പിട്ട | ഗിരാ | വാക്കിനാൽ |
| തം അൎഭകം | ആ ബാലനെ | സുരുചിഃ ആഹ | സുരുചി പറഞ്ഞു. |
| സമുത്ഥാപ്യ | എഴുന്നേല്പിച്ചു്, | | |
| പരിഷ്വജ്യ | ആലിംഗനം ചെയ്തു് | ജീവ | "നീണാൾ വാഴ്ക" |
| ബാഷ്പഗദ്ഗദയാ | കണ്ണീർ തടഞ്ഞു് ഇടറിയ | ഇതി | എന്നു്. |

സുരുചിയുടെ മനസ്സു് മാറിയതിൽ അത്ഭുതപ്പെടാനില്ലെന്നു് താഴെ കാണിക്കുന്നു.

47 യസ്യ പ്രസന്നോ ഭഗവാൻ ഗുണൈൎമ്മൈത്ര്യാദിഭിൎഹരിഃ
തസ്മൈ നമന്തി ഭൂതാനി നിമ്നമാപ ഇവ സ്വയം.

| | | | |
|---|---|---|---|
| ഭഗവാൻ | സമസ്തൈശ്വൎയ്യപൂൎണ്ണനായ | തസ്മൈ | അയാളുടെ നേൎക്കു് |
| ഹരിഃ | ശ്രീഹരി | നിമ്നം | താണ ഇടത്തേക്കു് |
| മൈത്ര്യാദിഭിഃ | സൗഹാൎദ്ദാദികളായ | ആപഃ ഇവ | വെള്ളമെന്നപോലെ |
| ഗുണൈഃ | ഗുണങ്ങളെക്കൊണ്ടു് | ഭൂതാനി | സൎവ്വജീവരാശികളും |
| യസ്യ | ഏതൊരാളുടെ പേരിൽ | സ്വയം | സ്വാഭാവികമായി |
| പ്രസന്നഃ | സംപ്രീതനാകുന്നുവോ, | നമന്തി | കുനിയുന്നു. |

48 ഉത്തമശ്ച ധ്രുവശ്ചോഭാവന്യോന്യം പ്രേമവിഹ്വലൗ
അംഗസംഗാദുത്പുളകാവസ്രൗഘം മുഹുരൂഹതുഃ.

| | | | |
|---|---|---|---|
| ഉത്തമഃ ച | ഉത്തമനും | ഉത്പുളകൗ | രോമാഞ്ചംപൂണ്ടുകൊണ്ടു് |
| ധ്രുവഃ ച | ധ്രുവനും— | | |
| ഉഭൗ | ഇരുവരും | മുഹുഃ | തുടരെത്തുടരെ |
| പ്രേമവിഹ്വലൗ | പ്രേമപരവശരായിട്ടു് | | |
| അന്യോന്യം | തമ്മിൽത്തമ്മിൽ | അസ്രൗഘം | കണ്ണുനീർ |
| അംഗസംഗാത് | ശരീരസ്പൎശം ഹേതുവായി | ഊഹതുഃ | ഒഴുക്കി. |

49 സുനീതിരസ്യ ജനനീ പ്രാണേഭ്യോഽപി പ്രിയം സുതം
ഉപഗുഹ്യ ജഹാവാധിം തദംഗസ്പൎശനിൎവൃതാ.

| | | | |
|---|---|---|---|
| അസ്യ | ഈ ധ്രുവന്റെ | തദംഗസ്പർശ- നിർവൃതാ | അവന്റെ ശരീരസ്പർശത്താൽ ആനന്ദാനുഭൂതി യാർന്നു് |
| ജനനീ | പെററമ്മയായ | | |
| സുനീതിഃ | സുനീതി | | |
| പ്രാണേഭ്യഃ അപി | ജീവനെക്കാളും | ആധിം | മനോവ്യഥയെ |
| പ്രിയം സുതം | പ്രിയനായ പുത്രനെ | | |
| ഉപഗുഹ്യ | അണച്ചാശ്ലേഷിച്ചു് | ജഹൌ | കൈവെടിഞ്ഞു. |

50 പയഃ സ്തനാഭ്യാം സുസ്രാവ നേത്രജൈഃ സലിലൈഃ ശിവൈഃ
തദാഭിഷിച്യമാനാഭ്യാം വീര വീരസുവോ മുഹുഃ

| | | | |
|---|---|---|---|
| വീര | സുയോഗ്യനായ വിദുര ! | തദാ | അപ്പോൾ |
| വീരസുവഃ | സുയോഗ്യതയുള്ള പുത്രന്റെ മാതാവായ സുനീതിയുടെ | അഭിഷിച്യ- മാനാഭ്യാം | അഭിഷേചനം ചെയ്യപ്പെട്ടുകൊണ്ടിരുന്ന |
| നേത്രജൈഃ | കണ്ണുകളിൽനിന്നുറന്ന | സ്തനാഭ്യാം | മുലകളിൽനിന്നു് |
| ശിവൈഃ | പരിപാവനമായ | പയഃ മുഹുഃ | പാൽ തുടരെ |
| സലിലൈഃ | ജലധാരയാൽ | സുസ്രാവ | ചുരന്നൊഴുകി. |

51 താം ശശംസുർജനാ രാജ്ഞീം ദിഷ്ട്യാ തേ പുത്ര ആർത്തിഹാ
പ്രതിലബ്ധശ്ചിരം നഷ്ടോ രക്ഷിതാ മണ്ഡലം ഭുവഃ

| | | | |
|---|---|---|---|
| ജനാഃ | ആളുകൾ | പുത്രഃ | തിരുമകൻ |
| താം രാജ്ഞീം | ആ രാജ്ഞിയെ | പ്രതിലബ്ധഃ | തിരികെ ലഭിക്കപ്പെട്ടു. |
| ശശംസുഃ | പുകഴ്ത്തിപ്പറഞ്ഞു— | ദിഷ്ട്യാ | ഭാഗ്യംതന്നെ. |
| ചിരം | "ഏറിയനാൾ | (ഏഷഃ) | ഈ കുമാരൻ |
| നഷ്ടഃ | കാണപ്പെടാതെയിരുന്ന | ഭുവഃ മണ്ഡലം | ഭൂമണ്ഡലത്തെ |
| തേ | ഭവതിയുടെ | | |
| ആർത്തിഹാ | സന്താപനാശകനായ | രക്ഷിതാ | രക്ഷിക്കുന്നതാണു്" |

52 അഭ്യർച്ചിതസ്ത്വയാനൂനം ഭഗവാൻ പ്രണതാർത്തിഹാ
യദനുധ്യായിനോ ധീരാ മൃത്യും ജിഗ്യുഃ സുദുർജയം.

| | | | |
|---|---|---|---|
| യദനുധ്യായിനഃ | "യാതൊരുവനെ നിരന്തരം ധ്യാനിക്കുന്ന | (സഃ) പ്രണതാർത്തിഹാ | ആ പ്രണതാർത്തിഹന്താവായ |
| ധീരാഃ | ദൃഢപ്രജ്ഞന്മാർ | ഭഗവാൻ | സർവ്വേശ്വരൻ |
| സുദുർജയം | ജയിപ്പാൻ വളരെയേറെ പ്രയാസമുള്ള | ത്വയാ | ഭവതിയാൽ |
| | | നൂനം | തീർച്ചയായും |
| മൃത്യും | മൃത്യുദേവതയെക്കൂടി | അഭ്യർച്ചിതഃ | ആരാധിക്കപ്പെട്ടിരിക്കുന്നു." |
| ജിഗ്യുഃ | ജയിച്ചിരിക്കുന്നുവോ, | | |

53 ലാള്യമാനം ജനൈരേവം ധ്രുവം സഭ്രാതരം നൃപഃ
ആരോപ്യ കരിണീം ഹൃഷ്ടഃ സ്തൂയമാനോഽവിശത് പുരം

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | സഭ്രാതരം | സഹോദരനോടുകൂടെ |
| ജനൈഃ | ജനങ്ങളാൽ | കരിണീം ആരോപ്യ | ആനപ്പുറത്ത് കയററിയിരുത്തി, |
| ലാള്യമാനം | വാത്സല്യപൂർവ്വം ആദരിക്കപ്പെടുന്ന | സ്തൂയമാനഃ | ബഹുജനങ്ങളാൽ പുകഴ്ത്തപ്പെട്ടുകൊണ്ട് |
| ധ്രുവം | ധ്രുവനെ | പുരം | രാജധാനിയിലേക്ക് |
| ഹൃഷ്ടഃ | സന്തോഷവാനായ | അവിശത് | പ്രവേശിച്ചു. |
| നൃപഃ | രാജാവ് | | |

54 തത്ര തത്രോപസംക്ലൃപ്തൈർലസന്മകരതോരണൈഃ
സവൃന്ദൈഃ കദളീസ്തംഭൈഃ പൂഗപോതൈശ്ച തദ്വിധൈഃ

55 ചൂതപല്ലവവാസഃസ്രങ്മുക്താദാമവിലംബിഭിഃ
ഉപസ്കൃതം പ്രതിദ്വാരമപാം കുംഭൈഃ സദീപകൈഃ

| | | | |
|---|---|---|---|
| തത്ര തത്ര | അതാതിടങ്ങളിൽ | ചൂതപല്ലവ-വാസഃസ്രങ്-മുക്താദാമ-വിലംബിഭിഃ | മാന്തളിർ—വസ്ത്രം—പൂമാല—മുത്തുമാല എന്നിവ ഭംഗിയിൽ തൂങ്ങിക്കിടക്കുന്നതും |
| ഉപസംക്ലൃപ്തൈഃ | സജ്ജീകരിക്കപ്പെട്ടു് | സദീപകൈഃ | അടുക്കെ വിളക്കു വെച്ചിരിക്കുന്നവയുമായ |
| ലസന്മകര-തോരണൈഃ | വിലസുന്ന മകരാകൃതി തോരണങ്ങളാലും, | അപാം കുംഭൈഃ | ജലപൂർണ്ണകുംഭങ്ങളാലും |
| സവൃന്ദൈഃ കദളീസ്തംഭൈഃ | കുലകളോടുകൂടി വെട്ടി നാട്ടിയ വാഴകളാലും, | പ്രതിദ്വാരം | ഗൃഹദ്വാരം തോറും |
| തദ്വിധൈഃ | അവ്വിധമുള്ള | ഉപസ്കൃതം ച | അലംകൃതമായ— |
| പൂഗപോതൈഃ | തൈക്കവുങ്ങുകളാലും, | | |

56 പ്രാകാരൈർഗോപുരാഗാരൈഃ ശാതകുംഭപരിച്ഛദൈഃ
സർവ്വതോഽലംകൃതം ശ്രീമദ്വിമാനശിഖരദ്യുഭിഃ

57 മൃഷ്ടചത്വരരഥ്യാട്ടമാർഗ്ഗം ചന്ദനചർച്ചിതം
ലാജാക്ഷതൈഃ പുഷ്പഫലൈസ്തണ്ഡുലൈർബലിഭിർയുതം

| | | | |
|---|---|---|---|
| പ്രാകാരൈഃ | മതിലുകളാലും, | ഗോപുരാ-ഗാരൈഃ | ഗോപുരഗൃഹങ്ങളാലും |
| ശാതകുംഭ-പരിച്ഛദൈഃ | സ്വർണ്ണമയങ്ങളായ ഉപകരണങ്ങളോടുകൂടിയവയും | സർവ്വതോലംകൃതം | സർവ്വത്ര അലംകരിക്കപ്പെട്ട— |
| വിമാന-ശിഖരദ്യുഭിഃ | വിമാനാഗ്രങ്ങളും പോലെ പരിശോഭയുള്ളവയുമായ | ശ്രീമത് | ഐശ്വര്യപൂർണ്ണമായ— |

| | | | |
|---|---|---|---|
| മൃഷ്ടചത്വര-രഥ്യാട്ടമാർഗ്ഗം | തുത്തുതളിച്ചു് വൃത്തിയാക്കിയ അങ്കണങ്ങളം, തെർവീഥികളം, കൊത്തളങ്ങളം, നടപ്പാതകളം എന്നിവയോടുകൂടിയ- | പുഷ്പഫലൈഃ | പൂക്കളം, ഫലങ്ങളം, |
| ചന്ദനചർച്ചിതം | ചന്ദനവെള്ളം തളിച്ച- | തണ്ഡുലൈഃ | അരി, |
| ലാജാക്ഷതൈഃ | മലർ, അക്ഷതം, | ബലിഭിഃ | പൂജാസാമഗ്രികളം എന്നിവയോടു് |
| | | യുതം | കൂടിയതുമായ (രാജധാനിയിലേക്ക പ്രവേശിച്ചു.) |

58 ധ്രുവായ പഥി ദൃഷ്ടായ തത്ര തത്ര പുരസ്ത്രിയഃ
സിദ്ധാർത്ഥാക്ഷതദധ്യംബുദൂർവാപുഷ്പഫലാനി ച

59 ഉപജഹ്രുഃ പ്രയുഞ്ജാനാ വാത്സല്യാദാശിഷഃ സതീഃ
ശൃണ്വംസ്തദ്വല്ഗുഗീതാനി പ്രാവിശദ്ഭവനം പിതുഃ.

| | | | |
|---|---|---|---|
| തത്ര തത്ര | അതാതിടത്തു് | സിദ്ധാർത്ഥാ-ക്ഷതദധ്യംബു-ദൂർവാപുഷ്പ-ഫലാനി ച | വെൺകടുക്, അക്ഷതം, തയിർ, തണ്ണീർ, കറുക, പൂക്കളം, പഴങ്ങളം മുതലായവയെ |
| പുരസ്ത്രിയഃ | പൗരസ്ത്രീകളം | ഉപജഹ്രുഃ | അഭിവർഷിച്ചു. |
| പഥി | വഴിയിൽവെച്ചു് | തദ്വല്ഗു-ഗീതാനി | അവരുടെ മോഹനഗാനങ്ങളെ |
| ദൃഷ്ടായ | കാണപ്പെട്ട | ശൃണ്വൻ | കേട്ടുകൊണ്ടു്, |
| ധ്രുവായ | ധ്രുവന്നായിക്കൊണ്ടു് | പിതുഃ | അച്ഛന്റെ |
| വാത്സല്യാത് | വാത്സല്യത്താൽ | ഭവനം | കൊട്ടാരത്തിലേക്കു് |
| സതീഃ | സഫലങ്ങളായ | പ്രാവിശത് | ധ്രുവൻ പ്രവേശിച്ചു. |
| ആശിഷഃ | ആശിസ്സുകളെ | | |
| പ്രയുഞ്ജനാഃ | പ്രയോഗിച്ചുകൊണ്ടു് | | |

60 മഹാമണിവ്രാതമയേ സ തസ്മിൻ ഭവനോത്തമേ
ലാളിതോ നിതരാം പിത്രാ ന്യവസദ്ദിവി ദേവവത്.

| | | | |
|---|---|---|---|
| സഃ | ആ ധ്രുവൻ | പിത്രാ | പിതാവിനാൽ |
| മഹാമണി-വ്രാതമയേ | മഹാരത്നനിരകളം നിറഞ്ഞതായ | നിതരാം | അത്യന്തം |
| തസ്മിൻ | ആ | ലാളിതഃ | ലാളിതനായിട്ടു് |
| ഭവനോത്തമേ | വലിയ കൊട്ടാരത്തിൽ | ദിവി | സ്വർഗ്ഗത്തിൽ |
| | | ദേവവത് | ദേവനെന്നപോലെ |
| | | ന്യവസത് | നിവസിച്ചു. |

61 പയഃഫേനനിഭാഃ ശയ്യാ ദാന്താ രുക്മപരിച്ഛദാഃ
ആസനാനി മഹാർഹാണി യത്ര രൗക്മാ ഉപസ്കരാഃ.

| | |
|---|---|
| യത്ര | യാതൊരിടത്തു് |
| ശയ്യാഃ | ശയ്യകൾ |
| പയഃഫേനനിഭാഃ | പാൽപ്പതപോലെ വെളുപ്പും പതുപ്പുമുള്ളവയാണു്; |
| ദാന്താഃ | ആനക്കൊമ്പുകൊണ്ടുള്ള കട്ടിലുകൾ |
| രുക്മപരിച്ഛദാഃ | സ്വർണ്ണംകൊണ്ടു് കെട്ടിച്ചലങ്കരിച്ചവയാണു്; |
| ആസനാനി | ഇരിപ്പിടങ്ങൾ |
| മഹാർഹാണി | വളരെ വിലപിടിച്ചവയാണു്; |
| ഉപസ്കരാഃ | ഗൃഹോപകരണങ്ങൾ |
| രൗക്മാഃ | സ്വർണ്ണനിർമ്മിതങ്ങളുമാണു്. |

62 യത്ര സ്ഫടികകുഡ്യേഷു മഹാമാരകതേഷു ച
രത്നപ്രദീപാ ആഭാന്തി ലലനാരത്നസംയുതാഃ

| | |
|---|---|
| യത്ര | യാതൊരിടത്തു് |
| സ്ഫടികകുഡ്യേഷു | സ്ഫടികനിർമ്മിതങ്ങളായ ഭിത്തികളിലും |
| മഹാമാരകതേഷു ച | മേത്തരം മരതകക്കല്ലു പതിച്ച തളങ്ങളിലും |
| ലലനാരത്നസംയുതാഃ | സുന്ദരീമണികളോടൊന്നിച്ചു് |
| രത്നപ്രദീപാഃ | മണിവിളക്കുകൾ |
| ആഭാന്തി | പ്രതിഫലിച്ചുതിളങ്ങുന്നു. |

63 ഉദ്യാനാനി ച രമ്യാണി വിചിത്രൈരമരദ്രുമൈഃ
കൂജദ്വിഹംഗമിഥുനൈർഗ്ഗായന്മത്തമധുവ്രതൈഃ

| | |
|---|---|
| കൂജദ്വിഹംഗമിഥുനൈഃ | കൂകുന്ന ഇണപ്പറവകളോടുകൂടിയവയും |
| ഗായന്മത്തമധുവ്രതൈഃ | മൂളിപ്പാടുന്ന മത്തഭ്രമരങ്ങളോടുകൂടിയവയും |
| വിചിത്രൈഃ | അത്ഭുതകരങ്ങളായുമുള്ളവയുമായ |
| അമരദ്രുമൈഃ | ദിവ്യവൃക്ഷങ്ങളാൽ |
| ഉദ്യാനാനി | ഉപവനങ്ങൾ |
| രമ്യാണി ച | അഭിരാമങ്ങളുമാണു്. |

64 വാപ്യോ വൈഡൂര്യസോപാനാഃ പദ്മോത്പലകുമുദ്വതീഃ
ഹംസകാരണ്ഡവകുലൈർജ്ജുഷ്ടാശ്ചക്രാഹ്വൈരപി.

| | |
|---|---|
| വാപ്യഃ | തടാകങ്ങൾ |
| വൈഡൂര്യസോപാനാഃ | വൈഡൂര്യക്കല്പടകളുള്ളവയും |
| പദ്മോത്പലകുമുദ്വതീഃ | താമര, ഉൽപലം, കുമുദം എന്നിവ നിറഞ്ഞവയും |
| ഹംസകാരണ്ഡവകുലൈഃ | അരയന്നം, കുളക്കോഴി എന്നിവയാലും |
| ചക്രാഹ്വൈഃ അപി | ചക്രവാകപക്ഷികളാലും |
| ജുഷ്ടാഃ | സേവിതങ്ങളുമാണു്. |

65 ഉത്താനപാദോ രാജർഷിഃ പ്രഭാവം തനയസ്യ തം
ശ്രുത്വാ ദൃഷ്ട്വാദ്ഭുതതമം പ്രപേദേ വിസ്മയം പരം

| | | | |
|---|---|---|---|
| രാജൎഷിഃ | രാജൎഷിയായ | ശ്രുത്വാ | കേട്ടിട്ടും |
| ഉത്താനപാദഃ | ഉത്താനപാദൻ | ദൃഷ്ട്വാ ച | കണ്ടിട്ടും |
| തനയസ്യ | പുത്രന്റെ | പരം | അധികമായ |
| അദ്ഭുതതമം | അത്യദ്ഭുതകരമായ | വിസ്മയം | വിസ്മയത്തെ |
| തം പ്രഭാവം | ആ മഹിമയെ | പ്രപേദേ | പ്രാപിച്ചു. |

66 വീക്ഷ്യോഢവയസം തം ച പ്രകൃതീനാം ച സമ്മതം
അനുരക്തപ്രജം രാജാ ധ്രുവം ചക്രേ ഭുവഃ പതിം

| | | | |
|---|---|---|---|
| രാജാ | രാജാവു് | അനുരക്തപ്രജം ച | പ്രജകൾക്കു് സ്നേഹമുള്ളവനായും |
| തം ധ്രുവം | ആ ധ്രുവനെയാകട്ടെ | വീക്ഷ്യ | കണ്ടിട്ടു് |
| ഊഢവയസം | സംപ്രാപ്തയൗവനനായും | | |
| പ്രകൃതീനാം | അമാത്യാദികൾക്കും മററും | ഭുവഃ പതിം | ഭൂമിയുടെ നായകനാക്കി |
| സമ്മതം ച | അഭിമതനായും | ചക്രേ | വാഴിച്ചു. |

67 ആത്മാനം ച പ്രവയസമാകലയ്യ വിശാംപതിഃ
വനം വിരക്തഃ പ്രാതിഷ്ഠദ്വിമൃശന്നാത്മനോ ഗതിം

| | | | |
|---|---|---|---|
| വിശാംപതിഃ | രാജാവു് | ആത്മനഃ | ആത്മാവിന്റെ |
| ആത്മാനം | തന്നെ | ഗതിം | ഉദ്ഗതിയെ |
| പ്രവയസം ച | വൃദ്ധനായെന്നും | വിമൃശൻ | ചിന്തിച്ചുകൊണ്ടു് |
| ആകലയ്യ | കണ്ടിട്ടു്, | വനം | തപോവനത്തിലേക്കു് |
| വിരക്തഃ | വിരക്തനായി, | പ്രാതിഷ്ഠത് | പുറപ്പെട്ടു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുൎത്ഥസ്കന്ധേ

നവമോഽദ്ധ്യായഃ ആദിതഃ ശ്ലോകാഃ 449.

നാലാമത്തെ സ്കന്ധത്തിൽ ഒമ്പതാമദ്ധ്യായം കഴിഞ്ഞു.

## ദശമോഽദ്ധ്യായഃ — അദ്ധ്യായം പത്ത്.

### ഉത്തമന്റെ മരണവും ധ്രുവന്റെ യക്ഷവംശധ്വംസനസംരംഭവും.

"ദശമേ ഭ്രാതൃഹന്തൄണാം യക്ഷാണാമകരോദ്വധം
ഏക ഏവാളകാം ഗത്വേത്യസ്യ വിക്രമ ഉച്യതേ"

സ്വസഹോദരനായ ഉത്തമനെ വധിച്ചതു കാരണം യക്ഷന്മാരോട് പ്രതികാരം ചെയ്യുവാൻ ധ്രുവൻ ഒററയ്ക്കു് അളകയെ ആക്രമിക്കുന്നതും യക്ഷന്മാരെ ധ്വംസിക്കുന്നതും ഈ അദ്ധ്യായത്തിൽ പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

1 പ്രജാപതേർദ്ദുഹിതരം ശിശുമാരസ്യ വൈ ധ്രുവഃ
ഉപയേമേ ഭ്രമിം നാമ തത്സുതൗ കല്പവത്സരൗ.

| | | | |
|---|---|---|---|
| ധ്രുവഃ വൈ | ധ്രുവനാകട്ടെ | ഭ്രമിം നാമ | ഭ്രമിയെന്നവളെ |
| ശിശുമാരസ്യ | ശിശുമാരനെന്ന | ഉപയേമേ | വിവാഹം ചെയ്തു. |
| പ്രജാപതേഃ | പ്രജാപതിയുടെ | തത്സുതൗ | അവരുടെ പുത്രന്മാരായി |
| ദുഹിതരം | പുത്രിയായ | കല്പവത്സരൗ | കല്പൻ, വത്സരൻ ഇങ്ങനെ ഇരുവർ ഉണ്ടായി. |

2 ഇളായാമപി ഭാര്യായാം വായോഃ പുത്ര്യാം മഹാബലഃ
പുത്രമുത്കലനാമാനം യോഷിദ്രത്നമജീജനത്.

| | | | |
|---|---|---|---|
| മഹാബലഃ | ബലശാലിയായ ധ്രുവൻ | ഭാര്യായാം അപി | മറെറാരു ഭാര്യയിൽ |
| വായോഃ | വായുദേവന്റെ | ഉത്കലനാമാനം പുത്രം | ഉത്കലൻ എന്നു പേരായ പുത്രനേയും |
| പുത്ര്യാം | മകളായ | യോഷിദ്രത്നം | ഒരു കന്യാരത്നത്തെയും |
| ഇളായാം | ഇളയെന്ന | അജീജനത് | ജനിപ്പിച്ചു. |

3 ഉത്തമസ്ത്വകൃതോദ്വാഹോ മൃഗയായാം ബലീയസാ
ഹതഃ പുണ്യജനേനാദ്രൗ തന്മാതാസ്യ ഗതിം ഗതാ.

| | | | |
|---|---|---|---|
| അകൃതോദ്വാഹഃ | വിവാഹം കഴിക്കാത്ത | അദ്രൗ | ഹിമവൽപർവ്വതത്തിൽ വെച്ച് |
| ഉത്തമഃ തു | ഉത്തമനാകട്ടെ | ബലീയസാ | അതിബലവാനായ |
| മൃഗയായാം | വേട്ടയാടുന്നതിന്നിടയിൽ | പുണ്യജനേന | ഒരു യക്ഷനാൽ |

| | |
|---|---|
| ഹതഃ | കൊല്ലപ്പെട്ട |
| തന്മാതാ | അവന്റെ അമ്മ (സുരുചി) |
| അസ്യ | ഈ മരിച്ചുപോയ പുത്രന്റെ |
| ഗതിം ഗതാ | ഗതിയെ പ്രാപിച്ചു. |

4 ധ്രുവോ ഭ്രാതൃവധം ശ്രുത്വാ കോപാമർഷശുചാർപ്പിതഃ
ജൈത്രം സ്യന്ദനമാസ്ഥായ ഗതഃ പുണ്യജനാലയം.

| | |
|---|---|
| ധ്രുവഃ | ധ്രുവൻ |
| ഭ്രാതൃവധം | സഹോദരഹത്യയെ |
| ശ്രുത്വാ | കേട്ടു് |
| കോപാമർഷശുചാ | കോപം, പ്രതികാരബുദ്ധി, വ്യസനം എന്നിവയാൽ |
| അർപ്പിതഃ | അഭിവ്യാപ്തനായിട്ടു്, |
| ജൈത്രം | വിജയംവരിക്കുവാൻ തികച്ചും ഉതകുന്ന |
| സ്യന്ദനം | രഥത്തിൽ |
| ആസ്ഥായ | കയറി, |
| പുണ്യജനാലയം | അളകാപുരിയിലേക്കു് |
| ഗതഃ | പോയി. |

5 ഗത്വോദീചീം ദിശം രാജാ രുദ്രാനുചരസേവിതാം
ദദർശ ഹിമവദ്ദ്രോണ്യാം പുരീം ഗുഹ്യകസംകുലാം

| | |
|---|---|
| രാജാ | രാജാവായ ധ്രുവൻ |
| ഉദീചീം ദിശം | വടക്കുദിക്കിലേക്കു് |
| ഗത്വാ | പോയിട്ടു് |
| ഹിമവദ്ദ്രോണ്യാം | ഹിമാലയപർവ്വതത്തിന്റെ ചെരിവിൽ |
| രുദ്രാനുചരസേവിതാം | ശിവഭൂതഗണങ്ങളാൽ പരിസേവിതമായും |
| ഗുഹ്യകസംകുലാം | യക്ഷന്മാർ നിറഞ്ഞിരിക്കുന്നതുമായ |
| പുരീം | അളകാപുരിയെ |
| ദദർശ | കണ്ടു. |

6 ദധ്മൗ ശംഖം ബൃഹദ്ബാഹുഃ ഖം ദിശശ്ചാനുനാദയൻ
യേനോദ്വിഗ്നദൃശഃ ക്ഷത്തരുപദേവ്യോഽത്രസൻ ഭൃശം.

| | |
|---|---|
| ക്ഷത്തഃ | വിദുര ! |
| ബൃഹദ്ബാഹുഃ | മഹാബാഹുവായ ധ്രുവചക്രവർത്തി |
| ഖം | ആകാശത്തേയും |
| ദിശഃ ച | ദിക്കുകളേയും |
| അനുനാദയൻ | മാറ്റൊലിക്കൊള്ളിച്ചുകൊണ്ടു് |
| ശംഖം ദധ്മൗ | ശംഖുവിളിച്ചു. |
| യേന | യാതൊരു ശംഖനാദത്താൽ |
| ഉപദേവ്യഃ | യക്ഷസ്ത്രീകൾ |
| ഉദ്വിഗ്നദൃശഃ | സംഭ്രാന്തനേത്രകളായിച്ചമഞ്ഞു് |
| ഭൃശം | അതികലശലായി |
| അത്രസൻ | നടുങ്ങിപ്പോയി. |

7 തതോ നിഷ്ക്രമ്യ ബലിന ഉപദേവമഹാഭടാഃ
അസഹന്തസ്തന്നിനാദമഭിപേതുരുദായുധാഃ

| | | | |
|---|---|---|---|
| ബലിനഃ | ബലവാന്മാരായ | അസഹന്തഃ | കേട്ടുപൊറുക്കാതെ |
| ഉപദേവ- മഹാഭടാഃ | യക്ഷരക്ഷോഗണവീര യോദ്ധാക്കൾ | തതഃ | അങ്ങുനിന്നും |
| | | നിഷ്ക്രമ്യ | പുറത്തുവന്നു് |
| തന്നിനാദം | ആ ശംഖനാദത്തിന്റെ വെല്ലുവിളിയെ | ഉദായുധാഃ | ആയുധധാരികളായി |
| | | അഭിപേതുഃ | എതിരിട്ടു. |

8 സ താനാപതതോ വീര ഉഗ്രധന്വാ മഹാരഥഃ
ഏകൈകം യുഗപത്സർവ്വാനഹൻ ബാണൈസ്ത്രിഭിസ്ത്രിഭിഃ

| | | | |
|---|---|---|---|
| ഉഗ്രധന്വാ | പെരുംവില്ലേന്തിയ— | ഏകൈകം | ഓരോരുത്തൎക്കു് |
| മഹാരഥഃ | പെരും തേരേറിയ | ത്രിഭിഃ ത്രിഭിഃ | മുമ്മൂന്നു്(എന്നതോതിൽ) |
| സഃ വീരഃ | ആ വീരൻ | ബാണൈഃ | ശരങ്ങൾകൊണ്ടു് |
| ആപതതഃ | നേരിട്ടുവരുന്ന | യുഗപത് | ഒരേസമയം |
| താൻ | അവരെ | അഹൻ | പ്രഹരിച്ചു. |
| സർവ്വാൻ | എല്ലാവരേയും | | |

9 തേ വൈ ലലാടലഗ്നൈസ്തൈരിഷുഭിഃ സർവ്വ ഏവ ഹി
മത്വാ നിരസ്തമാത്മാനമാശംസൻ കർമ്മ തസ്യ തത്.

| | | | |
|---|---|---|---|
| തേ വൈ | അവരാകട്ടെ | നിരസ്തം | പിൻതള്ളപ്പെട്ടതായി |
| സർവ്വേ ഏവ ഹി | എല്ലാവരുംതന്നെ | മത്വാ | കരുതി, |
| ലലാടലഗ്നൈഃ | നെററിയിൽതറച്ച | തസ്യ | അദ്ദേഹത്തിന്റെ |
| തൈഃ ഇഷുഭിഃ | ആ അമ്പുകളാൽ | തത് കർമ്മ | ആ പ്രവൃത്തിയെ |
| ആത്മാനം | തങ്ങളെ | ആശംസൻ | വാഴ്ത്തി. |

10 തേഽപി ചാമുമമൃഷ്യന്തഃ പാദസ്പർശമിവോരഗാഃ
ശരൈരവിധ്യൻ യുഗപദ്ദ്വിഗുണം പ്രചികീർഷവഃ.

| | | | |
|---|---|---|---|
| തേ അപി ച | ആ യക്ഷന്മാരും, | ദ്വിഗുണം | ഇരട്ടിച്ചു് |
| ഉരഗാഃ | സർപ്പങ്ങൾ | പ്രചികീർഷവഃ | പകരംവീട്ടുവാൻ ഒരുങ്ങിക്കൊണ്ടു് |
| പാദസ്പർശം ഇവ | കാൽചവിട്ടിനെ പൊറുക്കാത്തതുപോലെ | യുഗപത് | ഒരേസമയം |
| അമും | ഈ ധ്രുവനെ | ശരൈഃ | ഒരുപാടുശരങ്ങളാൽ |
| അമൃഷ്യന്തഃ | പൊറുത്തിരിക്കാതെ, | അവിധ്യൻ | എയ്തുതറപ്പിച്ചു. |

11 തതഃ പരിഘനിസ്ത്രിംശൈഃ പ്രാസശൂലപരശ്വധൈഃ
ശക്ത്യൃഷ്ടിഭിർഭുശുണ്ഡീഭിശ്ചിത്രവാജൈഃ ശരൈരപി

12 അഭ്യവർഷൻ പ്രകുപിതാഃ സരഥം സഹസാരഥിം
ഇച്ഛന്തസ്തത് പ്രതീകർത്തുമയുതാനി ത്രയോദശ.

| | |
|---|---|
| തതഃ | അനന്തരം |
| ത്രയോദശ | പതിമൂന്നു് |
| അയുതാനി | പതിനായിരം |
| (യക്ഷാഃ) | (130000) യക്ഷന്മാർ |
| തത് | അതിനെ |
| പ്രതീകർത്തും | തിരിച്ചടിക്കുവാൻ |
| ഇച്ഛന്തഃ | ആഗ്രഹിച്ചുകൊണ്ടു് |
| പ്രകുപിതാഃ | അതിക്രുദ്ധന്മാരായിട്ടു് |
| പരിഘ- നിസ്ത്രിംശൈഃ | ഇരുമ്പുദണ്ഡുകൾ, വാളുകൾ എന്നിവകൊണ്ടും, |
| പ്രാസശൂല- പരശ്വധൈഃ | കുന്തം, ശൂലം, വെൺമഴു എന്നിവകൊണ്ടും, |
| ശക്ത്യൃഷ്ടിഭിഃ | വേലുകൊണ്ടും ഈട്ടി കൊണ്ടും, |
| ഭുശുണ്ഡീഭിഃ | ഭുശുണ്ഡികൾകൊണ്ടും, |
| ചിത്രവാജൈഃ | വർണ്ണശബളിതങ്ങളായ തൂവലുകൾ കെട്ടിയ |
| ശരൈഃ അപി | അമ്പുകൾകൊണ്ടും |
| സരഥം | തേരോടും |
| സഹസാരഥിം | സാരഥിയോടുംകൂടിയ ധ്രുവനെ |
| അഭ്യവർഷൻ | അഭിവർഷിച്ചു. |

13 ഔത്താനപാദിഃ സ തദാ ശസ്ത്രവർഷേണ ഭൂരിണാ
ന ഉപാദൃശ്യത ഛന്ന ആസാരേണ യഥാ ഗിരിഃ

| | |
|---|---|
| തദാ | അപ്പോൾ |
| ഔത്താനപാദിഃ | ഉത്താനപാദപുത്രനായ |
| സഃ | അദ്ദേഹം |
| ഭൂരിണാ | വർദ്ധിച്ച |
| ശസ്ത്രവർഷേണ | ആയുധവർഷത്താൽ |
| ഛന്നഃ | മൂടപ്പെട്ടിട്ടു് |
| ആസാരേണ | കോരിച്ചൊരിയുന്ന മാരിയാൽ |
| ഗിരിഃ യഥാ | മാമലയെന്നപോലെ |
| ന ഉപാദൃശ്യത | പുറമെ കാണപ്പെട്ടില്ല. |

14 ഹാഹാകാരസ്തദൈവാസീത് സിദ്ധാനാം ദിവി പശ്യതാം
ഹതോഽയം മാനവഃ സൂര്യോ മഗ്നഃ പുണ്യജനാർണ്ണവേ.

| | |
|---|---|
| ദിവി | ആകാശത്തിൽ |
| പശ്യതാം | നോക്കിനിന്നിരുന്ന |
| സിദ്ധാനാം | സിദ്ധദേവന്മാരുടെ |
| ഹാഹാകാരഃ | ആർത്തനാദം |
| തദാ ഏവ | ഉടൻതന്നെ |
| ആസീത് | ഉണ്ടായി— |
| ഹതഃ | "പെട്ടുപോയി! |
| മാനവഃ | മനുവംശ്യനായ |
| അയം സൂര്യഃ | ഈ സൂര്യൻ (ധ്രുവൻ) |
| പുണ്യജനാർണ്ണവേ | യക്ഷപ്പെരുംകടലിൽ |
| മഗ്നഃ | മുങ്ങിക്കഴിഞ്ഞു." |

15 നദത്സു യാതുധാനേഷു ജയകാശിഷ്വഥോ മൃധേ
ഉദതിഷ്ഠദ്രഥസ്തസ്യ നീഹാരാദിവ ഭാസ്കരഃ.

| | |
|---|---|
| അഥോ | അല്പം കഴിഞ്ഞപ്പോൾ, |
| മൃധേ | യുദ്ധത്തിൽ |
| ജയകാശിഷു | ജയിച്ചെന്നു് വീമ്പുകാട്ടി |
| യാതുധാനേഷു | രക്ഷസ്സുകൾ [നില്ക്കുന്ന |
| നദത്സു | ആർപ്പുവിളി കൂട്ടിക്കൊണ്ടിരിക്കെ, |
| തസ്യ രഥഃ | ധ്രുവന്റെ തേർ |
| നീഹാരാത് | മൂടൽമഞ്ഞിന്റെ ഇടയിൽനിന്നു് |
| ഭാസ്കരഃ ഇവ | സൂര്യബിംബംപോലെ |
| ഉദതിഷ്ഠത് | പുറത്തുവന്നു. |

16 ധനുർവിസ്ഫൂർജ്ജയൻ ദിവ്യം ദ്വിഷതാം ഖേദമുദ്വഹൻ
അസ്ത്രൗഘം വ്യധമദ്ബാണൈർഘനാനീകമിവാനിലഃ

| | | | |
|---|---|---|---|
| ദിവ്യം ധനുഃ | ദിവ്യമായ വില്ലിനെ | അസ്ത്രൗഘം | അവരുടെ ശരനിരയെ |
| വിസ്ഫൂർജ്ജൻ | ഞാണൊലിയാൽ ഘോഷിപ്പിച്ചുകൊണ്ടും | അനിലഃ | കാററ് |
| | | ഘനാനീകം | കാർനിരയെ |
| ദ്വിഷതാം | ശത്രുക്കൾക്ക് | ഇവ | എന്നപോലെ |
| ഖേദം | താപം | ബാണൈഃ | സ്വശരങ്ങളാൽ |
| ഉദ്വഹൻ | ഉളവാക്കിക്കൊണ്ടും | വ്യധമത് | ചിന്നിച്ചിതറിച്ചു. |

17 തസ്യ തേ ചാപനിർമ്മുക്താ ഭിത്വാ വർമ്മാണി രക്ഷസാം
കായാനാവിവിശുസ്തിഗ്മാ ഗിരീനശനയോ യഥാ.

| | | | |
|---|---|---|---|
| തസ്യ | അദ്ദേഹത്തിന്റെ | രക്ഷസാം | രക്ഷസ്സുകളുടെ |
| ചാപനിർമ്മുക്താഃ | വില്ലിൽനിന്നു് കുതിച്ചുചാടിയ | വർമ്മാണി | മാർച്ചട്ടകളെ |
| തേ തിഗ്മാഃ | ആ കൂർത്തുമൂർത്ത ശരങ്ങൾ | ഭിത്വാ | തകർത്തിട്ടു് |
| അശനയഃ | ഇടിവാളുകൾ | കായാൻ | അവരുടെ ശരീരങ്ങളിലേക്കു് |
| ഗിരീൻ | മലകളെ | | |
| യഥാ | എന്നപോലെ | ആവിവിശുഃ | ആണ്ടുകയറി. |

18 ഭല്ലൈഃ സംഛിദ്യമാനാനാം ശിരോഭിശ്ചാരുകുണ്ഡലൈഃ
ഊരുഭിർഹേമതാലാഭൈർദോർഭിർവലയവൽഗുഭിഃ

19 ഹാരകേയൂരമുകുടൈരുഷ്ണീഷൈശ്ച മഹാധനൈഃ
ആസ്തൃതാസ്താ രണഭുവോ രേജുർവീരമനോഹരാഃ.

| | | | |
|---|---|---|---|
| ഭല്ലൈഃ | വാളമ്പുകൾകൊണ്ടു് | ദോർഭിഃ | കരങ്ങളാലും, |
| സംഛിദ്യമാനാനാം | ഛേദിക്കപ്പെടുന്നവരുടെ | ഹാരകേയൂരമുകുടൈഃ | മുത്തുമാലകൾ, തോൾവളകൾ, കിരീടങ്ങൾ എന്നിവയാലും, |
| ചാരുകുണ്ഡലൈഃ | ഭംഗിയുള്ള കുണ്ഡലങ്ങളോടുകൂടിയ | മഹാധനൈഃ | വിലകൂടിയ |
| ശിരോഭിഃ | ശിരസ്സുകളാലും | ഉഷ്ണീഷൈഃ ച | തലപ്പാവുകളാലും |
| ഹേമതാലാഭൈഃ | തങ്കനിറമുള്ള പനകൾക്കൊത്ത | ആസ്തൃതാഃ | നിരക്കെ വിരിക്കപ്പെട്ട |
| | | താഃ രണഭുവഃ | ആ പടക്കളങ്ങൾ |
| ഊരുഭിഃ | തുടകളാലും, | വീരമനോഹരാഃ | വീരന്മാർക്കു് ചിത്താകർഷകങ്ങളായി |
| വലയവൽഗുഭിഃ | അണിവളകൾകൊണ്ടു മനോഹരങ്ങളായ | രേജുഃ | ശോഭിച്ചു. |

20 ഹതാവശിഷ്ടാ ഇതരേ രണാജിരാ-
ദ്രക്ഷോഗണാഃ ക്ഷത്രിയവര്യസായകൈഃ
പ്രായോ വിവൃക്ണാവയവാ വിദുദ്രുവുർ-
മൃഗേന്ദ്രവിക്രീഡിതയൂഥപാ ഇവ

| | | | |
|---|---|---|---|
| ഹതാവശിഷ്ടാഃ | ചാവാതെ ശേഷിച്ച | മൃഗേന്ദ്ര- വിക്രീഡിത- യൂഥപാഃ | സിംഹത്തിന്റെ പോരാട്ടത്താൽ വിരണ്ടോടുന്ന കൊമ്പനാനകൾ |
| ഇതരേ | മററുള്ള | | |
| രക്ഷോഗണാഃ | രാക്ഷസസൈനികർ | | |
| ക്ഷത്രിയവര്യ- സായകൈഃ | ക്ഷത്രിയോത്തമനായ ധ്രുവന്റെ അസ്ത്രങ്ങ[ളാൽ | ഇവ | എന്നപോലെ |
| പ്രായഃ | മിക്കവാറും | രണാജിരാത് | സമരാങ്കണത്തിൽ |
| വിവൃക്ണാ- വയവാഃ | മുറിഞ്ഞൊടിഞ്ഞ അംഗങ്ങളോടുകൂടിയവരായി | വിദുദ്രുവുഃ | ഓടിയകന്നു. [നിന്നു് |

21 അപശ്യമാനഃ സ തദാഽഽതതായിനം
മഹാമൃധേ കഞ്ചന മാനവോത്തമഃ
പുരീം ദിദൃക്ഷന്നപി നാവിശദ്ദ്വിഷാം
ന മായിനാം വേദ ചികീർഷിതം ജനഃ

| | | | |
|---|---|---|---|
| മാനവോത്തമഃ | മനുകുലോത്തമനായ | ദിദൃക്ഷൻ അപി | നിരീക്ഷിക്കുവാൻ ആഗ്രഹം കൊണ്ടെന്നിരിക്കിലും |
| സഃ | അദ്ദേഹം (ധ്രുവൻ) | | |
| തദാ | അന്നേരത്തു് | | |
| മഹാമൃധേ | ഉഗ്രരണാങ്കണത്തിൽ | ന അവിശത് | ഉള്ളിലേക്കുകടന്നില്ല. |
| ആതതായിനം | ആയുധപാണിയായി | മായിനാം | 'മായാവികളുടെ |
| കഞ്ചന | ഒരുവനേയും [നില്ക്കുന്ന | ചികീർഷിതം | ഉദ്ദേശ്യത്തെ |
| അപശ്യമാനഃ | കാണാതെയായപ്പോൾ, | ജനഃ | സാധാരണജനം |
| ദ്വിഷാം പുരീം | ശത്രുനഗരത്തെ | ന വേദ | അറികയില്ല.' |

22 ഇതി ബ്രുവംശ്ചിത്രരഥഃ സ്വസാരഥിം
യത്തഃ പരേഷാം പ്രതിയോഗശങ്കിതഃ
ശുശ്രാവ ശബ്ദം ജലധേരിവേരിതം
നഭസ്വതോ ദിക്ഷു രജോഽന്വദൃശ്യത.

| | | | |
|---|---|---|---|
| ഇതി | ഇങ്ങനെ | പ്രതിയോഗ- ശങ്കിതഃ | പ്രത്യാക്രമണത്തെ ആശങ്കിച്ചുകൊണ്ടു് |
| സ്വസാരഥിം | സ്വന്തം സാരഥിയോടു | യത്തഃ | ജാഗരൂകനായിനിന്നു. |
| ബ്രുവൻ | പറഞ്ഞു് | (തദാ) | തൽസമയത്തു് |
| ചിത്രരഥഃ | ധ്രുവചക്രവർത്തി | ജലധേഃ | കടലിന്റെ |
| പരേഷാം | ശത്രുക്കളുടെ | ഈരിതം ഇവ | ഇരമ്പം പോലുള്ള |

| | | | |
|---|---|---|---|
| ശബ്ദം | ഒച്ച | ദിക്ഷു | ദിക്കുകളിലെങ്ങും |
| ശുശ്രാവ | കേട്ടുതുടങ്ങി. | രജഃ | ധൂളിപടലം |
| നഭസ്വതഃ | കാററുകൊണ്ടു് | അദൃശ്യത | കാണപ്പെട്ടു. |

23 ക്ഷണേനാച്ഛാദിതം വ്യോമ ഘനാനീകേന സൎവ്വതഃ
വിസ്ഫുരത്തഡിതാ ദിക്ഷു ത്രാസയത്സ്തനയിത്നുനാ

| | | | |
|---|---|---|---|
| വിസ്ഫുരത്തഡിതാ | ഒളിവീശുന്ന മിന്നൽപ്പിണരുകളോടും | വ്യോമ | ആകാശം |
| ത്രാസയത്സ്തനയിത്നുനാ | ഭയംജനിപ്പിക്കുന്ന ഇടിമുഴക്കത്തോടുംകൂടിയ | സൎവ്വതഃ ദിക്ഷു | എല്ലായിടങ്ങളിലും |
| | | ക്ഷണേന | ക്ഷണനേരംകൊണ്ടു് |
| ഘനാനീകേന | മഴക്കാർനിരയാൽ | ആച്ഛാദിതം | മൂടപ്പെട്ടു |

24 വവൃഷു രുധിരൗഘാസൃക്പൂയവിൺമൂത്രമേദസഃ
നിപേതുൎഗ്ഗഗനാദസ്യ കബന്ധാന്യഗ്രതോഽനഘ.

| | | | |
|---|---|---|---|
| അനഘ | നിഷ്കല്മഷനായ വിദുര! | ഗഗനാത് | ആകാശത്തിൽനിന്നു് |
| രുധിരൗഘാസൃക്പൂയവിൺമൂത്രമേദസഃ | ചോര, ചലം, ദുൎന്നീരുകൾ, മലം, മൂത്രം, കൊഴുപ്പു് മുതലായവ | അസ്യ | ധ്രുവൻെറ |
| | | അഗ്രതഃ | മുൻവശത്തു് |
| | | കബന്ധാനി | തലയററ ഉടലുകൾ |
| വവൃഷുഃ | പെയ്തു. | നിപേതുഃ | വന്നുവീണു. |

25 തതഃ ഖേഽദൃശ്യത ഗിരിൎന്നിപേതുഃ സൎവ്വതോദിശം
ഗദാപരിഘനിസ്ത്രിംശമുസലാഃ സാശ്മവൎഷിണഃ

| | | | |
|---|---|---|---|
| തതഃ ഖേ | പിന്നെ, ആകാശത്തിൽ | ഗദാപരിഘനിസ്ത്രിംശമുസലാഃ | ഗദകൾ, ഇരുമ്പുവടികൾ, വാളുകൾ, ഉലക്കകൾ എന്നിവ |
| ഗിരിഃ | ഒരു പൎവ്വതം | | |
| അദൃശ്യത | കാണപ്പെട്ടു. | സാശ്മവൎഷിണഃ | കന്മാരികളോടുകൂടി |
| സൎവ്വതോദിശം | എല്ലാദിക്കിലും | നിപേതുഃ | വന്നുവീണു. |

26 അഹയോഽശനിനിഃശ്വാസാ വമന്തോഽഗ്നിം രുഷാക്ഷിഭിഃ
അഭ്യധാവൻ ഗജാ മത്താഃ സിംഹവ്യാഘ്രാശ്ച യൂഥശഃ

| | | | |
|---|---|---|---|
| അശനിനിഃശ്വാസാഃ | ഇടിവാൾവീശുംമട്ടിൽ ചീററലോടുകൂടിയ | അഗ്നിം | അഗ്നിയെ |
| | | അക്ഷിഭിഃ | കൺകളാൽ |
| അഹയഃ | പാമ്പുകൾ | വമന്തഃ | കക്കിക്കൊണ്ടു് |
| രുഷാ | കോപത്താൽ | അഭ്യധാവൻ | നേരെപ്പാഞ്ഞുവന്നു. |

| | | | |
|---|---|---|---|
| മത്താഃ ഗജാഃ | മദിച്ച ആനകളും | യൂഥശഃ | കൂട്ടത്തോടെ |
| സിംഹ-വ്യാഘ്രാഃ ച | സിംഹങ്ങളും പുലികളും | (അഭ്യധാവൻ) | നേരിട്ടോടിവന്നു. |

27 സമുദ്ര ഊർമ്മിഭിർഭീമഃ പ്ലാവയൻ സർവ്വതോ ഭുവം
ആസസാദ മഹാഹ്രാദഃ കല്പാന്ത ഇവ ഭീഷണഃ

| | | | |
|---|---|---|---|
| ഊർമ്മിഭിഃ | തിരമാലകളാൽ | ഇവ | എന്നപോലെ |
| ഭീമഃ | ഭയാനകവും | ഭീഷണഃ | ഭീകാരാകാരംപൂണ്ട്, |
| മഹാഹ്രാദഃ | പെരികെ ആർത്തിരമ്പുന്നതുമായ | ഭുവം | ഭൂമിയെ |
| | | സർവ്വതഃ | എമ്പാടും |
| സമുദ്രഃ | സമുദ്രം | പ്ലാവയൻ | ജലത്തിലാഴ്ത്തിക്കൊണ്ട് |
| കല്പാന്തേ | പ്രളയകാലത്തിൽ | ആസസാദ | അരികെ വന്നണഞ്ഞു. |

28 ഏവംവിധാന്യനേകാനി ത്രാസനാന്യമനസ്വിനാം
സസൃജുസ്തിഗ്മഗതയ ആസുര്യാ മായയാസുരാഃ

| | | | |
|---|---|---|---|
| തിഗ്മഗതയഃ | ക്രൂരവൃത്തികളായ | ത്രാസനാനി | മനക്കമ്പമുണ്ടാക്കുന്ന |
| അസുരാഃ | യക്ഷന്മാർ * | | |
| ആസുര്യാ | അസുരസംബന്ധിയായ | ഏവംവിധാനി | ഇത്തരം |
| മായയാ | മായാപ്രയോഗത്താൽ | അനേകാനി | പലതും |
| അമനസ്വിനാം | മനക്കരുത്തില്ലാത്തവൎക്ക് | സസൃജുഃ | ഉളവാക്കി. |

* ഈ പ്രകൃതത്തിലെ അസുരരാക്ഷസശബ്ദങ്ങളും യക്ഷന്മാരെത്തന്നെ ഉദ്ദേശിച്ച് പ്രയോഗിക്കപ്പെട്ടവയാണ്. യക്ഷരക്ഷോസുരന്മാർ എല്ലാരും തമോവൃത്തികളാകയാൽ ഏകവർഗ്ഗമായി പരിഗണിച്ചിരിക്കുന്നു എന്നു കരുതണം.

29 ധ്രുവേ പ്രയുക്താമസുരൈസ്താം മായാമതിദുസ്തരാം
നിശാമ്യ തസ്യ മുനയഃ ശമാശംസൻ സമാഗതാഃ.

| | | | |
|---|---|---|---|
| ധ്രുവേ | ധ്രുവനിൽ | നിശാമ്യ | നിരീക്ഷിച്ച് |
| അസുരൈഃ | യക്ഷന്മാരാൽ | സമാഗതാഃ | വന്നുചേർന്ന |
| പ്രയുക്താം | പ്രയോഗിക്കപ്പെട്ട | മുനയഃ | മുനിമാർ |
| അതിദുസ്തരാം | അത്യന്തം ദുസ്തരമായ | തസ്യ | അദ്ദേഹത്തിന്ന് |
| താം മായാം | ആ മായയെ | ശം ആശംസൻ | ഭാവുകം നേർന്നു. |

30 ഔത്താപാദേ ഭഗവാംസ്തവ ശാർങ്ഗധന്വാ
ദേവഃ ക്ഷിണോത്വവനതാർത്തിഹരോ വിപക്ഷാൻ
യന്നാമധേയമഭിധായ നിശമ്യ ചാദ്ധാ
ലോകോഽഞ്ജസാ തരതി ദുസ്തരമംഗ മൃത്യും.

| | |
|---|---|
| അംഗ | പ്രിയനേ! |
| ഔത്താനപാദേ | ഉത്താനപാദതനയ! |
| അവനതാർത്തിഹരഃ | ഭക്തജനത്തിന്റെ സങ്കടത്തെ തീർത്തരുളുന്നവനായും |
| ശാർങ്ഗധന്വാ | ശാർങ്ഗചാപധരനായും |
| ഭഗവാൻ | സമഗ്രൈശ്വര്യാദി ഷഡ്ഗുണപൂർണ്ണനായും ഇരിക്കുന്ന |
| ദേവഃ | ശ്രീവാസുദേവൻ |
| തവ | അങ്ങയുടെ |
| വിപക്ഷാൻ | ശത്രുക്കളെ |
| ക്ഷിണോതു | ക്ഷയിപ്പിക്കട്ടെ! |
| ലോകഃ | ജനങ്ങൾ |
| യന്നാമധേയം | യാതൊരാളുടെ തിരുനാമത്തെ |
| അഭിധായ | ഉച്ചരിച്ചിട്ടും, |
| നിശമ്യ ച | ശ്രവിച്ചിട്ടും |
| ദുസ്തരം | കടക്കുവാൻ പ്രയാസമേറിയ |
| മൃത്യും | സംസാരത്തെക്കൂടി |
| അഞ്ജസാ | അനായാസേന |
| അദ്ധാ | ശരിക്കും |
| തരതി | കടക്കുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ

ദശമോഽദ്ധ്യായഃ ആദിതഃ ശ്ലോകാഃ 479.

നാലാമത്തെ സ്കന്ധത്തിൽ പത്താമദ്ധ്യായം കഴിഞ്ഞു.

## ഏകാദശോഽദ്ധ്യായഃ — അദ്ധ്യായം പതിനൊന്നു്.

### മനുവിന്റെ സാന്ത്വനവും യുദ്ധവിരാമവും.

“ഏകാദശേ തു യക്ഷാണാം ക്ഷയം ദൃഷ്ട്വാ മനുഃ സ്വയം
ആഗത്യ വാരയാമാസ ധ്രുവം തത്ത്വോപദേശതഃ”.

യക്ഷവംശനാശം കണ്ടു സ്വായംഭുവമനു സ്വയം അവിടേക്കു് വന്നു്, തത്ത്വോപദേശം ചെയ്തു് ധ്രുവനെ സമാധാനിപ്പിക്കുന്നതും യുദ്ധത്തിൽനിന്നു് വിരമിപ്പിക്കുന്നതും ഈ പതിനൊന്നാമദ്ധ്യായം കൊണ്ടു് പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

1 നിശമ്യ ഗദതാമേവമൃഷീണാം ധനുഷി ധ്രുവഃ
സംദധേഽസ്ത്രമുപസ്പൃശ്യ യന്നാരായണനിർമ്മിതം.

| | |
|---|---|
| ഏവം | എന്നിങ്ങനെ |
| ഗദതാം | ചൊല്ലുന്ന |
| ഋഷീണാം | മുനിമാരുടെ വാക്കിനെ |
| നിശമ്യ | കേട്ടു്, |
| ധ്രുവഃ | ധ്രുവൻ |
| ഉപസ്പൃശ്യ | ആചമനാദിചെയ്തു സ്വയം ശുദ്ധിവരുത്തി, |
| നാരായണനിർമ്മിതം | ശ്രീനാരായണനാൽ ഉപജ്ഞാതമായ |
| അസ്ത്രം യത് | അസ്ത്രമേതോ, അതിനെ |
| ധനുഷി | വില്ലിൽ |
| സംദധേ | തൊടുത്തു. |

2 സന്ധീയമാന ഏതസ്മിൻ മായാ ഗുഹ്യകനിർമ്മിതാഃ
ക്ഷിപ്രം വിനേശുർവിദുര ക്ലേശാ ജ്ഞാനോദയേ യഥാ

| | | | |
|---|---|---|---|
| വിദുര | അല്ലയോ വിദുര! | മായാഃ | മായകൾ |
| ഏതസ്മിൻ | ഈ നാരായണാസ്ത്രം | ജ്ഞാനോദയേ | ജ്ഞാനം ഉദിക്കുമ്പോൾ |
| സന്ധീയമാനേ | തൊടുക്കപ്പെട്ടപ്പോൾ | ക്ലേശാഃ | പ്രാപഞ്ചികദുഃഖങ്ങൾ |
| | | യഥാ | എന്നപോലെ |
| ഗുഹ്യകനിർമ്മിതാഃ | യക്ഷന്മാരാൽ ഉളവാക്കപ്പെട്ട | ക്ഷിപ്രം | അതിവേഗം |
| | | വിനേശുഃ | നശിച്ചു. |

3 തസ്യാർഷാസ്ത്രം ധനുഷി പ്രയുഞ്ജതഃ
സുവർണപുംഖാഃ കളഹംസവാസസഃ
വിനിഃസൃതാ ആവിവിശുർദ്വിഷദ്ബലം
യഥാ വനം ഭീമരവാഃ ശിഖണ്ഡിനഃ

| | | | |
|---|---|---|---|
| തസ്യ | അദ്ദേഹം | വിനിഃസൃതാഃ | വില്ലുവിട്ടിറങ്ങി |
| ധനുഷി | വില്ലിൽ | ഭീമരവാഃ | ഭയങ്കരശബ്ദത്തോടു കൂടിയവയായിട്ടു് |
| ആർഷാസ്ത്രം | നാരായണാസ്ത്രത്തെ | ശിഖണ്ഡിനഃ | മയിലുകൾ |
| പ്രയുഞ്ജതഃ | തൊടുത്തപ്പോൾ | വനം യഥാ | കാട്ടിലേക്കെന്നപോലെ |
| സുവർണപുംഖാഃ | പൊൻകണകളോടും | ദ്വിഷദ്ബലം | ശത്രുസേനയിലേക്കു് |
| കളഹംസവാസസഃ | അരയന്നച്ചിറകുകളോടും കൂടിയ ശരങ്ങൾ | ആവിവിശുഃ | കടന്നു. |

4 തൈസ്തിഗ്മധാരൈഃ പ്രധനേ ശിലീമുഖൈ-
രിതസ്തതഃ പുണ്യജനാ ഉപദ്രുതാഃ
തമഭ്യധാവൻ കുപിതാ ഉദായുധാഃ
സുപർണമുന്നദ്ധഫണാ ഇവാഹയഃ

| | | | |
|---|---|---|---|
| തിഗ്മധാരൈഃ | നിശിതാഗ്രങ്ങളായ | ഉദായുധാഃ | ആയുധമേന്തിയവരുമായിട്ടു് |
| തൈഃ | ആ | | |
| ശിലീമുഖൈഃ | ശരങ്ങളാൽ | ഉന്നദ്ധഫണാഃ | പത്തിയുയർത്തിയ |
| പ്രധനേ | യുദ്ധത്തിൽ | അഹയഃ | സർപ്പങ്ങൾ |
| ഇതസ്തതഃ | തലങ്ങും വിലങ്ങും | സുപർണം | ഗരുഡന്റെ നേർക്കു് |
| ഉപദ്രുതാഃ | അലട്ടപ്പെട്ടവരായ | ഇവ | എന്നപോലെ |
| പുണ്യജനാഃ | യക്ഷന്മാർ | തം | ആ ധ്രുവന്റെ നേർക്കു് |
| കുപിതാഃ | ക്രുദ്ധരും | അഭ്യധാവൻ | ഓടിയണഞ്ഞു. |

5 സ താൻ പൃഷത്കൈരഭിധാവതോ മൃധേ
നികൃത്തബാഹൂരുശിരോധരോദരാൻ
നിനായ ലോകം പരമർക്കമണ്ഡലം
വ്രജന്തി നിർഭിദ്യ യമൂർദ്ധ്വരേതസഃ.

| | |
|---|---|
| മൃധേ | യുദ്ധത്തിൽവെച്ച് |
| പൃഷത്കൈഃ | ശരങ്ങൾകൊണ്ട് |
| നികൃത്തബാഹൂരുശിരോധരോദരാൻ | മുറിയപ്പെട്ട കൈ, തുട, കഴുത്ത് വയറ് എന്നീ അവയവങ്ങളോടുകൂടിയവരായി |
| അഭിധാവതഃ | ഓടിയണയുന്ന |
| താൻ | ആ യക്ഷന്മാരെ |
| സഃ | അദ്ദേഹം, |

| | |
|---|---|
| ഊർദ്ധ്വരേതസഃ | നൈഷ്ഠികസന്ന്യാസിമാർ |
| അർക്കമണ്ഡലം | ആദിത്യമണ്ഡലത്തെ |
| നിർഭിദ്യ | നിർഭേദിച്ചിട്ട് |
| യം | യാതൊന്നിലേക്ക് |
| വ്രജന്തി | എത്തുന്നുവോ, ആ |
| പരം ലോകം | ഊർദ്ധ്വലോകത്തിലേക്ക് |
| നിനായ | എത്തിച്ചു. |

6 താൻ ഹന്യമാനാനഭിവീക്ഷ്യ ഗുഹ്യകാ-
നനാഗസശ്ചിത്രരഥേന ഭൂരിശഃ
ഔത്താനപാദിം കൃപയാ പിതാമഹോ
മനുർജഗാദോപഗതഃ സഹർഷിഭിഃ.

| | |
|---|---|
| അനാഗസഃ | നിരപരാധരായ |
| താൻ ഗുഹ്യകാൻ | ആ യക്ഷന്മാരെ |
| ചിത്രരഥേന | ധ്രുവനാൽ |
| ഭൂരിശഃ | നിരവധി |
| ഹന്യമാനാൻ | വധിക്കപ്പെടുന്നതായി |
| അഭിവീക്ഷ്യ | കണ്ടിട്ട്, |
| പിതാമഹഃ | (അദ്ദേഹത്തിന്റെ) മുത്തച്ഛനായ |

| | |
|---|---|
| മനുഃ | സ്വായംഭുവൻ |
| കൃപയാ | കാരുണ്യത്താൽ |
| ഋഷിഭിഃ സഹ | മുനിമാരോടുകൂടി |
| ഉപഗതഃ | അവിടേക്കുവന്ന് |
| ഔത്താനപാദിം | ധ്രുവനോടായിട്ട് |
| ജഗാദ | പറഞ്ഞു. |

മനുരുവാച = സ്വായംഭുവമനു പറഞ്ഞു —

7 അലം വത്സാതിരോഷേണ തമോദ്വാരേണ പാപ്മനാ
യേന പുണ്യജനാനേതാനവധീസ്ത്വമനാഗസഃ.

| | |
|---|---|
| വത്സ | ഉണ്ണീ! |
| തമോദ്വാരേണ | നരകത്തിലേക്കുള്ള മാർഗ്ഗവും |
| പാപ്മനാ | പാപസ്വരൂപവുമായ |
| അതിരോഷേണ | ഉഗ്രകോപംകൊണ്ടുള്ളതു് |

| | |
|---|---|
| അലം | മതി. |
| യേന | യാതൊരു കോപത്താൽ, |
| അനാഗസഃ | നിരപരാധരായ |
| ഏതാൻ | ഈ |
| പുണ്യജനാൻ | യക്ഷന്മാരെയെല്ലാം |
| ത്വം അവധീഃ | നീ കൊന്നൊടുക്കി. |

8 നാസ്മത്കുലോചിതം താത കർമ്മൈതത് സദ്വിഗർഹിതം
വധോ യദുപദേവാനാമാരബ്ധസ്തേഽകൃതൈനസാം

| | | | |
|---|---|---|---|
| താത | പുത്ര! | യത് | യാതൊന്നോ, |
| അകൃതൈനസാം | കുററംചെയ്തിട്ടില്ലാത്ത | ഏതത് കർമ്മ | ഈ ഉദ്യമം |
| ഉപദേവാനാം | ഉപദേവന്മാരുടെ | സദ്ഭിഗർഹിതം | സജ്ജനനിന്ദിതമാകുന്നു; |
| വധഃ | ഹനനം | അസ്മത്- കുലോചിതം ന | നമ്മുടെ വംശത്തിനു് യോജിക്കാത്തതുമാകുന്നു. |
| തേ | നിന്നാൽ | | |
| ആരബ്ധഃ | ആരംഭിക്കപ്പെട്ട എന്നതു് | | |

"ശരി. പക്ഷേ, ഇവർ എന്റെ സഹോദരനെ കൊന്നവരാണു്. അതുകൊണ്ടു് നിരപരാധരല്ലല്ലോ" എന്നാണെങ്കിൽ പറയുന്നു—

9 നന്വേകസ്യാപരാധേന പ്രസംഗാദ് ബഹവോ ഹതാഃ
ഭ്രാതുർവധാപിതപ്തേന ത്വയാങ്ഗ ഭ്രാതൃവത്സല.

| | | | |
|---|---|---|---|
| അങ്ഗ | പ്രിയനേ! | വധാഭി- തപ്തേന | വധത്താൽ സന്തപ്തനായിഭവിച്ച |
| ഭ്രാതൃവത്സല | സഹോദരസ്നേഹസമ്പന്ന! | ത്വയാ | നിന്നാൽ |
| ഏകസ്യ | ഒരുവന്റെ | പ്രസംഗാത് | സന്ദർഭവശാൽ |
| അപരാധേന | തെററുനിമിത്തമുണ്ടായ | ബഹവഃ | അനേകം പേർ |
| ഭ്രാതുഃ | സഹോദരന്റെ | ഹതാഃ നനു | കൊല്ലപ്പെട്ടില്ലയോ ? |

നിന്റെ സഹോദരനെ ഏതോ ഒരു യക്ഷൻ കൊന്നതിന്റെ പേരിൽ നടത്തുന്ന ഈ യക്ഷകുലധ്വംസനം ന്യായീകരിക്കത്തക്കതല്ല. യക്ഷന്മാർ മുഴുവനും ഇതിൽ അപരാധികളല്ലല്ലോ. അഥവാ, അങ്ങനെയാണെന്നുവന്നാൽക്കൂടിയും സത്തമനായ നിനക്കു് ഈ ഹിംസ യോജിച്ചതല്ല. സംഗതി താഴെ എടുത്തുപറയുന്നു—

10 നായം മാർഗ്ഗോ ഹി സാധൂനാം ഹൃഷീകേശാനുവർത്തിനാം
യദാത്മാനം പരാഗ്ഗൃഹ്യ പശുവദ്ഭൂതവൈശസം.

| | | | |
|---|---|---|---|
| ആത്മാനം | തൻസ്വരൂപത്തെ | (ഇതി) യത് | എന്നതു് യാതൊന്നോ, |
| പരാഗ്ഗൃഹ്യ | മറിച്ചുധരിച്ചു് (ആത്മാവിനെ ദേഹമെന്നോർത്തു്) | അയം | ഇതു് |
| | | ഹൃഷീകേശാ- നുവർത്തിനാം | ഈശ്വരനെ അനുസരിച്ചു് ജീവിക്കുന്ന |
| പശുവത് | മൃഗങ്ങളെപ്പോലെ | സാധൂനാം | സജ്ജനങ്ങളുടെ |
| ഭൂതവൈശസം | പ്രാണിഹിംസചെയ്യുക | മാർഗ്ഗഃ ന ഹി | മാർഗ്ഗം അല്ലതന്നെ. |

ബാല്യദശയിൽ നല്ലവനായിരുന്ന ആൾ ഇപ്പോൾ എങ്ങനെ ഇത്തരം പ്രവർത്തിച്ചുവെന്നു് മനു തുടർന്നു ചോദിക്കുന്നു. (രണ്ടു ശ്ലോകംകൊണ്ടു്)

11 സർവ്വഭൂതാത്മഭാവേന ഭൂതാവാസം ഹരിം ഭവാൻ
ആരാധ്യാപ ദുരാരാധ്യം വിഷ്ണോസ്തത് പരമം പദം

12 സ ത്വം ഹരേരനുധ്യാതസ്തത്പുംസാമപി സമ്മതഃ
കഥം ത്വവദ്യം കൃതവാനനുശിക്ഷൻ സതാം വ്രതം.

| | | | |
|---|---|---|---|
| ഭൂതാവാസം | സമസ്തദേഹാന്തർവർത്തിയും | ഹരേഃ | ശ്രീഹരിയുടെ |
| ദുരാരാധ്യം | എളുപ്പത്തിൽ ആരാധ്യനല്ലാത്തവനും ആയ | അനുധ്യാതഃ | നിരന്തരസ്മരണയ്ക്കു പാത്രമായും |
| ഹരിം | ശ്രീഹരിയെ | തത്പുംസാം അപി | അവിടുത്തെ ഭക്തജനങ്ങൾക്കെല്ലാം |
| സർവ്വഭൂതാത്മഭാവേന | സർവ്വചരാചരാത്മകനെന്ന നിലയ്ക്കു് | സമ്മതഃ | അഭിമതനായും |
| ആരാധ്യ | ആരാധിച്ചു് | സതാം | സജ്ജനങ്ങളുടെ |
| വിഷ്ണോഃ | ശ്രീമഹാവിഷ്ണുവിന്റെ | വ്രതം | ആചാരത്തെ |
| തത് പരമം | ആ മഹോന്നതമായ | അനുശിക്ഷൻ | ഉപദേശിക്കുന്നവനുമായിരുന്നുകൊണ്ടു് |
| പദം | സ്ഥാനത്തെ | അവദ്യം | ഹീനകർമ്മത്തെ |
| ഭവാൻ ആപ | നീ പ്രാപിച്ചിരിക്കുന്നു. | കഥം നു | എങ്ങനെ |
| സഃ ത്വം | അങ്ങനെയുള്ള നീ | കൃതവാൻ | പ്രവർത്തിച്ചു ? |

സജ്ജനാചാരമെന്തെന്നു കാണിക്കുന്നു—

13 തിതിക്ഷയാ കരുണയാ മൈത്ര്യാ ചാഖിലജന്തുഷു
സമത്വേന ച സർവ്വാത്മാ ഭഗവാൻ സംപ്രസീദതി.

| | | | |
|---|---|---|---|
| തിതിക്ഷയാ | (വലിയവരിൽ) ക്ഷമാഗുണംകൊണ്ടും, | അഖിലജന്തുഷു | സർവ്വജീവികളിൽ |
| കരുണയാ | (ചെറിയവരിൽ) കാരുണ്യംകൊണ്ടും, | സമത്വേന ച | സമഭാവനകൊണ്ടും |
| മൈത്ര്യാ ച | (സമന്മാരിൽ) മൈത്രികൊണ്ടും, | സർവ്വാത്മാ | സർവ്വാന്തര്യാമിയായ |
| | | ഭഗവാൻ | സർവ്വേശ്വരൻ |
| | | സംപ്രസീദതി | സുപ്രീതനായിത്തീരുന്നു. |

അപ്പോൾ മാത്രമാണു് മനുഷ്യൻ ചാരിതാർത്ഥനാവുന്നതെന്നു് തുടർന്നു പറയുന്നു.

14 സംപ്രസന്നേ ഭഗവതി പുരുഷഃ പ്രാകൃതൈർഗ്ഗുണൈഃ
വിമുക്തോ ജീവനിർമ്മുക്തോ ബ്രഹ്മ നിർവാണമൃച്ഛതി.

| | | | |
|---|---|---|---|
| ഭഗവതി | സർവ്വേശ്വരൻ | ജീവനിർമ്മുക്തഃ | ജീവസ്വരൂപമായ ലിംഗശരീരത്താലും നിർമ്മോചിക്കപ്പെട്ടു് |
| സംപ്രസന്നേ | സുപ്രീതനായാൽ | | |
| പുരുഷഃ | മനുഷ്യൻ | | |
| പ്രാകൃതൈഃ | പ്രാകൃതികങ്ങളായ | നിർവാണം | ആനന്ദാത്മകമായ |
| ഗുണൈഃ | ഗുണങ്ങളാൽ | ബ്രഹ്മ | ബ്രഹ്മത്തെ |
| വിമുക്തഃ | വിമോചിക്കപ്പെട്ടു്, | ഋച്ഛതി | പ്രാപിക്കുന്നു. |

യക്ഷൻ ധ്രുവന്റെ സഹോദരനെ വധിച്ചുവെന്ന വസ്തുതയെ അംഗീകരിച്ചുകൊണ്ടുള്ളതായിരുന്നു ഇതുവരെക്കുമുള്ള തത്ത്വോപദേശം. ഇനി ഒരുപടികൂടി കടന്നു് ഭ്രാതൃപുത്രാദിചിന്തയും ഹന്തൃഹതത്വാദിബോധവും അജ്ഞാനകല്പിതമാണെന്നു് പത്തുശ്ലോകം കൊണ്ടു് ഉദ്ബോധിപ്പിക്കുന്നു.

15 ഭൂതൈഃ പഞ്ചഭിരാരബ്ധൈർയോഷിത് പൂരുഷ ഏവ ഹി
തയോർവ്യവായാത് സംഭൂതിർയോഷിത്പൂരുഷയോരിഹ

| | | | |
|---|---|---|---|
| ആരബ്ധൈഃ | ദേഹാദികളായി രൂപാന്തരപ്പെട്ട | തയോഃ | അവർതമ്മിലുള്ള |
| പഞ്ചഭിഃ | (പൃഥിവ്യാദി) അഞ്ചു് | വ്യവായാത് | ഇണചേരലാൽ |
| ഭൂതൈഃ | ഭൂതങ്ങളാൽ | ഇഹ | ഈ പ്രപഞ്ചത്തിൽ |
| യോഷിത് | സ്ത്രീയും | യോഷിത്- പൂരുഷയോഃ | സ്ത്രീവർഗ്ഗത്തിന്റെയും പുരുഷവർഗ്ഗത്തിന്റെയും |
| പൂരുഷഃ | പുരുഷനും | | |
| ഏവ ഹി | ഉണ്ടായതാണല്ലോ | സംഭൂതിഃ | പെരുക്കം സംഭവിച്ചു. |

16 ഏവം പ്രവർത്തതേ സർഗ്ഗഃ സ്ഥിതിഃ സംയമ ഏവ ച
ഗുണവ്യതികരാദ്രാജൻ മായയാ പരമാത്മനഃ

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ഏവം | ഇപ്രകാരം സംഭവിച്ച ദേഹങ്ങളാൽ |
| പരമാത്മനഃ | സർവ്വേശ്വരന്റെ | സർഗ്ഗഃ | സൃഷ്ടി |
| മായയാ | യോഗമായയാൽ | പ്രവർത്തതേ | പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു |
| ഗുണവ്യതി- കരാത് | സത്ത്വാദിഗുണങ്ങൾക്കുണ്ടായ വിക്ഷോഭം നിമിത്തം | സ്ഥിതിഃ | പാലനവും |
| | | സംയമഃ | സംഹാരവും |
| | | ഏവ ച | അങ്ങനെതന്നെ. |

ജഡങ്ങളായ ഗുണങ്ങൾക്കോ, ദേഹങ്ങൾക്കോ സൃഷ്ടിസ്ഥിതിസംയമങ്ങളുടെ ഹേതുത്വം ഉണ്ടാവുന്നതെങ്ങനെ? പറയുന്നു —

17 നിമിത്തമാത്രം തത്രാസീന്നിർഗ്ഗുണഃ പുരുഷർഷഭഃ
വ്യക്താവ്യക്തമിദം വിശ്വം യത്ര ഭ്രമതി ലോഹവത്.

| | | | |
|---|---|---|---|
| നിർഗ്ഗുണഃ | ഗുണനിർമ്മുക്തനായ | വ്യക്താവ്യക്തം | കാര്യകാരണാത്മകമായ |
| പുരുഷർഷഭഃ | പുരുഷോത്തമൻ (ഈശ്വരൻ) | ഇദം വിശ്വം | ഈ പ്രപഞ്ചം |
| തത്ര | ആയതിൽ | (അയസ്കാന്തേ) | കാന്തമെന്ന നിമിത്തം സ്ഥിതമാകുമ്പോൾ |
| നിമിത്തമാത്രം | കേവലം നിമിത്തമായി | ലോഹവത് | ഇരുമ്പു് ഏതുപോലെയോ, അതുപോലെ |
| ആസീത് | ഭവിച്ചിരിക്കുന്നു. | | |
| യത്ര | യാതൊരു ഈ നിമിത്തം സ്ഥിതമാകുമ്പോൾ | ഭ്രമതി | ചുഴലുകയാകുന്നു. |

ഈശ്വരനാണ് പ്രപഞ്ചത്തിന്റെ സർഗ്ഗാദിത്രയത്തിനു് നിമിത്തകാരണമെങ്കിൽ ആ ഈശ്വരൻ നിർവ്വിശേഷനാകയാൽ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ മൂന്നും ഒന്നിച്ചല്ലേ സംഭവിക്കുക എന്ന ആശങ്കയെ പരിഹരിക്കുന്നു.

18 സ ഖല്വിദം ഭഗവാൻ കാലശക്ത്യാ
ഗുണപ്രവാഹേണ വിഭക്തവീര്യഃ
കരോത്യകർത്തൈവ നിഹന്ത്യഹന്താ
ചേഷ്ടാ വിഭൂമ്നഃ ഖലു ദുർവിഭാവ്യാ.

| | | | |
|---|---|---|---|
| സഃ ഭഗവാൻ | ആ സർവ്വേശ്വരൻ | അകർത്താ ഏവ | വാസ്തവത്തിൽ കർത്താവല്ലെന്നിരിക്കിലും |
| കാലശക്ത്യാ | കാലശക്തിയാൽ ക്രമികമായുണ്ടായ | കരോതി | നിർമ്മിക്കുന്നു; |
| ഗുണപ്രവാഹേണ | ഗുണങ്ങളുടെ സംക്ഷോഭത്താൽ | അഹന്താ | ഹന്താവല്ലെന്നിരിക്കിലും |
| വിഭക്തവീര്യഃ | വേർതിരിക്കപ്പെട്ട സൃഷ്ട്യാദി വിഷയകശക്തിയോടുകൂടിയവനായിട്ടു് | നിഹന്തി | നിശ്ശേഷം ഹനിക്കുന്നു. |
| ഇദം ഖലു | ഇതിനെയെല്ലാം | വിഭൂമ്നഃ | സർവ്വാത്മാവായ ഈശ്വരന്റെ |
| | | ചേഷ്ടാ | കാലശക്ത്യധിഷ്ഠിതമായ പ്രവർത്തനം |
| | | ദുർവിഭാവ്യാ ഖലു | അചിന്ത്യമായതാണല്ലോ. |

ഈശ്വരശക്തിയായ കാലത്തിന്റെ പ്രചോദനത്താൽ സൃഷ്ട്യാദ്യുന്മുഖമായ ഗുണവിക്ഷോഭം ഒന്നിച്ചു സംഭവിക്കുന്നില്ല; ക്രമികമായിട്ടേ സംഭവിക്കുന്നുള്ളു. ഇതിന്റെ കാരണം മനുഷ്യന്റെ ഭാവനാശക്തിക്കു് പിടികിട്ടാത്തതുമാണ് എന്നു് ആശയം.

'മാതാപിതാക്കൾ സൃഷ്ടിക്കുന്നു, നാടുവാഴികൾ രക്ഷിക്കുന്നു, നാടുമുടിയന്മാർ നശിപ്പിക്കുന്നു'. സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടക്കുന്നതു് ഇങ്ങനെയല്ലേ? ഈശ്വരൻ എന്തുചെയ്യുന്നുണ്ടു്? ഈ പൂർവ്വപക്ഷത്തെ മനസ്സിൽകണ്ടുകൊണ്ടു് പറയുന്നു—

19 സോഽനന്തോഽന്തകരഃ കാലോഽനാദിരാദികൃദവ്യയഃ
ജനം ജനേന ജനയൻ മാരയൻ മൃത്യുനാന്തകം

| | | | |
|---|---|---|---|
| സഃ | ആ സർവ്വേശ്വരൻ | മൃത്യുനാ | നാശഹേതുവാൽ |
| കാലഃ (സൻ) | കാലശക്തിയായി വർത്തിച്ചു് | മാരയൻ | നശിപ്പിച്ചുകൊണ്ടു് |
| ജനം | ജനത്തെ (മക്കളെ) | അന്തകരഃ | സംഹാരകാരണമായും, |
| ജനേന | ജനത്താൽ (മാതാപിതാക്കളാൽ) | അനാദിഃ | (എന്നാൽ)സ്വയം ആദിരഹിതനായും, |
| ജനയൻ | ജനിപ്പിച്ചുകൊണ്ടു് | അനന്തഃ | അന്തരഹിതനായും, |
| ആദികൃത് | സൃഷ്ടികാരണമായും, | അവ്യയഃ | അക്ഷീണശക്തിസമ്പന്നനായും വർത്തിക്കുന്നു. |
| അന്തകം | നാശകനെ | | |

പിത്രാദികൾ സൃഷ്ട്യാദികൎമ്മങ്ങളിൽ സ്വതന്ത്രകാരണങ്ങളല്ല. അവൎക്കും പിത്രാദികളുണ്ടായിരുന്നു. അതിനാൽ അനാദിയും അനന്തനുമായ ഈശ്വരൻ മാത്രമാണു് എല്ലാററിനും നിദാനം എന്നു് ഭാവാൎത്ഥം.

ഈ വിധം സൃഷ്ട്യാദികൎമ്മങ്ങളെ അകൎത്താവായിട്ടു ചെയ്തുകൊണ്ടിരിക്കുന്ന ഈശ്വരൻ പക്ഷപാതരഹിതനാകയാൽ അവിടെ അസമത്വത്തിന്നു് പ്രസക്തിയേ ഇല്ലെന്നു് താഴെ രണ്ടുശ്ലോകംകൊണ്ടു് പറയുന്നു—

20 ന വൈ സ്വപക്ഷോഽസ്യ വിപക്ഷ ഏവ വാ
പരസ്യ മൃത്യോർവിശതഃ സമം പ്രജാഃ
തം ധാവമാനമനുധാവന്ത്യനീശാ
യഥാ രജാംസ്യനിലം ഭൂതസംഘാഃ

| | | | |
|---|---|---|---|
| പ്രജാഃ | ജീവരാശികളെ | അനീശാഃ | പ്രാരബ്ധകൎമ്മത്തിന്നു് അടിമകളായ |
| സമം | സമനിലയിൽ | ഭൂതസംഘാഃ | ജീവരാശികൾ , |
| വിശതഃ | അനുപ്രവേശിച്ചിരിക്കുന്ന | രാജാംസി | മൺപൊടികൾ |
| മൃത്യോഃ | കാലസ്വരൂപനായ | അനിലം | കാററിനെ |
| അസ്യ പരസ്യ | ഈ പരമേശ്വരനു് | യഥാ | എന്നപോലെ, |
| സ്വപക്ഷഃ | സ്വജനമെന്നോ | ധാവമാനം | പാഞ്ഞുപോയിക്കൊണ്ടിരിക്കുന്ന |
| വിപക്ഷഃ ഏവ വാ | പരജനമെന്നോ ഉള്ളതായ അസമത്വം | തം | തന്തിരുവടിയെ |
| ന വൈ | തീരെയില്ല. | അനുധാവന്തി | പിൻതുടൎന്നുപാഞ്ഞുകൊണ്ടിരിക്കുന്നു. |

പരതന്ത്രതയാൽ കാലസ്വരൂപനായ ഈശ്വരനെ അനുധാവനം ചെയ്യുന്ന ജീവരാശികൾ കാററടിക്കുമ്പോൾ പറക്കുന്ന ധൂളിപടലം പോലെയാണു്. ധൂളികളിൽ ചിലതു പറന്നുചെന്നു് വെള്ളത്തിലും ചിലതു തീയിലും മറവമായി വീഴുന്നതു് കാററിന്റെ വൈഷമ്യം കൊണ്ടല്ല. അതുപോലെ ജീവരാശികളിൽ ചിലതിന്നു് കൎമ്മവശാൽ സുസ്ഥിതിയും ചിലതിന്നു് ദുഃസ്ഥിതിയും ഉണ്ടാവുന്നതു് ഈശ്വരനിലുള്ള വിഷമസ്വഭാവം കൊണ്ടുമല്ല— എന്നു് സാരം.

21 ആയുഷോഽപചയം ജന്തോസ്തഥൈവോപചയം വിഭുഃ
ഉഭാഭ്യാം രഹിതഃ സ്വസ്ഥോ ദുഃസ്ഥസ്യ വിദധാത്യസൗ

| | | | |
|---|---|---|---|
| ആയുഷഃ | ആയുസ്സിന്റെ | സ്വസ്ഥഃ | സ്വതന്ത്രനായി വൎത്തിക്കുന്ന |
| അപചയം | തളൎച്ചയേയും | അസൗ വിഭുഃ | ഈ സൎവ്വശക്തൻ |
| തഥാ ഏവ | അവ്വിധം തന്നെ | ദുഃസ്ഥസ്യ | കൎമ്മപരതന്ത്രനായ |
| ഉപചയം | വളൎച്ചയേയും, | ജന്തോഃ | ജീവനു് |
| ഉഭാഭ്യാം | ഇവ രണ്ടിൽനിന്നും | വിദധാതി | ഉളവാക്കുന്നു. |
| രഹിതഃ | നിൎമ്മുക്തനായി | | |

ഈ വിധം സർവ്വത്ര സമനായിരിക്കുന്ന ഈശ്വരനെ എല്ലാ മതവിഭാഗക്കാരും അംഗീകരിക്കുന്നുണ്ട്. പേരിൽ മാത്രമാണ് വിവാദമുള്ളതെന്ന് തുടർന്നു പറയുന്നു—

22 കേചിത് കർമ്മ വദന്ത്യേനം സ്വഭാവമപരേ നൃപ
ഏകേ കാലം പരേ ദൈവം പുംസഃ കാമമുതാപരേ.

| | | | |
|---|---|---|---|
| നൃപ | രാജാവേ ! | കാലം | 'കാല'മെന്നും |
| ഏനം | ഈ ഈശ്വരനെ | പരേ | വേറെച്ചിലർ |
| കേചിത് | ചിലർ | ദൈവം | 'ദൈവ'മെന്നും, |
| കർമ്മ | 'കർമ്മ'മെന്നും, | ഉത അപരേ | പുറമെ മററുചിലർ |
| അപരേ | മററു ചിലർ | പുംസഃ | മനുഷ്യന്റെ |
| സ്വഭാവം | 'സ്വഭാവ'മെന്നും | കാമം | 'കാമ'മെന്നും * |
| ഏകേ | ഒരുതരക്കാർ | വദന്തി | പറയുന്നു. |

* വാത്സ്യായനാദികാമശാസ്ത്രോപജ്ഞാതാക്കൾ ജഗൽകാരണശക്തിയെ കാമമെന്നു വ്യവഹരിക്കുന്നു. 'കാമോഽകാർഷീത്' ഇത്യാദി ശ്രുതി ഇതിലേക്കു പ്രമാണവും ആകുന്നു.

കർമ്മാദികൾക്കു ജഡത്വാദിസംബന്ധമുള്ളതിനാൽ സ്വരൂപം കൊണ്ടുപോലും അവയ്ക്കു വിഭിന്നത്വമുള്ള നിലയിൽ ഏകാഭിപ്രായം സംഭാവ്യമല്ലെന്നു പറയുന്നു—

23 അവ്യക്തസ്യാപ്രമേയസ്യ നാനാശക്ത്യുദയസ്യ ച
ന വൈ ചികീർഷിതം താത കോ വേദാഥ സ്വസംഭവം.

| | | | |
|---|---|---|---|
| അവ്യക്തസ്യ | വ്യക്തീഭാവമില്ലാത്തവനും | ചികീർഷിതം | സങ്കല്പത്തെ |
| അപ്രമേയസ്യ | (ആകയാൽ) പ്രമാണാതീതനും | ന വേദ വൈ | ആരും അറിയുന്നില്ല. |
| നാനാശക്ത്യുദയസ്യ ച | മഹദാദിവിവിധശക്തികളുടെ ഉൽപത്തിസ്ഥാനവുമായ സർവ്വേശ്വരന്റെ | താത അഥ | ഉണ്ണീ ! പിന്നെ, |
| | | സ്വസംഭവം | തനിക്കു താൻ കാരണമായുള്ളവനെ |
| | | കഃ വേദ | ആരറിയുന്നു ? |

തത്ത്വാവബോധം ലഭിക്കായ്കയാലാണ് ഈശ്വരനെ സംബന്ധിച്ച വിശേഷാംശങ്ങളിൽ വിവാദം വരുന്നതെന്ന് ആശയം.

മേൽപ്രസ്താവിച്ച ഈശ്വരവാദത്തിന്നു പ്രകൃതോപയോഗിത്വം കാണിക്കുന്നു.

24 ന ചൈതേ പുത്രക ഭ്രാതുർഹന്താരോ ധനദാനുഗാഃ
വിസർഗാദാനയോസ്താത പുംസോ ദൈവം ഹി കാരണം

| | | | |
|---|---|---|---|
| പുത്രക | പ്രിയപുത്ര ! | ധനദാനുഗാഃ | കുബേരാനുചരന്മാരായ |
| ഭ്രാതുഃ | സഹോദരന്റെ | ഏതേ | ഈ യക്ഷന്മാർ |
| ഹന്താരഃ | ഘാതകന്മാർ | ന ച | ആകുന്നില്ല |

| | | | |
|---|---|---|---|
| താത | ഉണ്ണി ! | കാരണം | ഹേതുവായതു് |
| പുംസഃ | ഒരാളുടെ | | |
| വിസർഗാദാനയോഃ | പിറവിക്കും അറുതിക്കും | ദൈവം ഹി | ഈശ്വരൻ മാത്രമാണു്. |

എന്നിരിക്കിലും ഈശ്വരൻ നിർല്ലേപനാണെന്നു് കാണിക്കുന്നു—

25 സ ഏവ വിശ്വം സൃജതി സ ഏവാവതി ഹന്തി ച
അഥാപി ഹ്യനഹംകാരാന്നാജ്യതേ ഗുണകർമ്മഭിഃ

| | | | |
|---|---|---|---|
| സഃ ഏവ | തന്തിരുവടിതന്നെ | അഥാപി | എന്നിരിക്കിലും |
| വിശ്വം | വിശ്വത്തെ | അനഹംകാരാത് | ഞാനെന്ന ഭാവമില്ലായ്കകൊണ്ടു* |
| സൃജതി | സൃഷ്ടിക്കുന്നു; | | |
| സഃ ഏവ | തന്തിരുവടിതന്നെ | ഗുണകർമ്മഭിഃ | ഗുണകർമ്മങ്ങളാൽ |
| അവതി | രക്ഷിക്കുന്നു; | | |
| ഹന്തി ച | സംഹരിക്കുകയും ചെയ്യുന്നു— | ന അജ്യതേ ഹി | സംബന്ധപ്പെടുന്നതേ ഇല്ല. |

അനഹംകാരതയ്ക്കുള്ള കാരണം പറയുന്നു—

26 ഏഷ ഭൂതാനി ഭൂതാത്മാ ഭൂതേശോ ഭൂതഭാവനഃ
സ്വശക്ത്യാ മായയാ യുക്തഃ സൃജത്യത്തി ച പാതി ച

| | | | |
|---|---|---|---|
| ഭൂതാത്മാ | സർവ്വലോകാത്മാവും | മായയാ | മായയോടു |
| ഭൂതേശഃ | സർവ്വലോകനിയന്താവും | യുക്തഃ | ചേർന്നിട്ടു് |
| ഭൂതഭാവനഃ | സർവ്വലോകകാരണനുമായിരിക്കുന്ന | ഭൂതാനി | സർവ്വലോകങ്ങളേയും |
| | | സൃജതി | സൃഷ്ടിക്കുന്നു; |
| ഏഷഃ | ഈ ഈശ്വരൻ | അത്തി ച | സംഹരിക്കുകയും, |
| സ്വശക്ത്യാ | തന്റെ ശക്തിയായ | പാതി ച | പാലിക്കുകയുംചെയ്യുന്നു |

'വാസ്തവം, കർത്താവു് ഈശ്വരൻതന്നെ. പക്ഷേ, കർത്തൃത്വാഹംകാരം ഉപേക്ഷിക്കുവാൻ എനിക്കു് ആകുന്നില്ലല്ലോ' എന്നാണെങ്കിൽ അതിനുവേണ്ടതു് നാലുശ്ലോകംകൊണ്ടു് തുടർന്നുപദേശിക്കുന്നു.

27 തമേവ മൃത്യുമമൃതം താത ദൈവം
സർവ്വാത്മനോപേഹി ജഗത്പരായണം
യസ്മൈ ബലിം വിശ്വസൃജോ ഹരന്തി
ഗാവോ യഥാ വൈ നസി ദാമയന്ത്രിതാഃ

| | | | |
|---|---|---|---|
| താത | വത്സ! | അമൃതം | (ഭക്തന്മാർക്കു്) അമൃതസ്വരൂപനും |
| മൃത്യും | (അഭക്തന്മാർക്കു്) മൃത്യുസ്വരൂപനും | ജഗത്പരായണം | ലോകത്തിനു പരമാശ്രയഭൂതനുമായ |

| | |
|---|---|
| തം ഏവ | ആ ഈശ്വരനെത്തന്നെ |
| ദൈവം | അദൃഷ്ടകാരണമെന്നു് |
| സർവ്വാത്മനാ | സർവ്വഭാവേന കരുതി |
| ഉപേഹി | ശരണം പ്രാപിക്കുക. |
| നസി | മൂക്കിൽ |
| ദാമയന്ത്രിതാഃ | കയറിട്ടുപിടിക്കപ്പെട്ട |
| ഗാവഃ | കാളകൾ |
| യഥാ വൈ | എന്നവിധം |
| വിശ്വസൃജഃ | വിശ്വസ്രഷ്ടാക്കൾ പോലും |
| (നാമയന്ത്രിതാഃ) | ഓരോ നാമത്താൽ നിയന്ത്രിതരായിട്ടു് |
| യസ്മൈ | യാതൊരുവനായിട്ടു് |
| ബലിം | ബലിയെ |
| ഹരന്തി | അർപ്പിക്കുന്നു. |

ആ സർവ്വേശ്വരാരാധന ധ്രുവനെ സംബന്ധിച്ചിടത്തോളം സുഖകരവുമാണു്, എന്തെന്നാൽ—

28 യഃ പഞ്ചവർഷോ ജനനീം ത്വം വിഹായ
മാതുഃ സപത്ന്യാ വചസാ ഭിന്നമർമ്മാ
വനം ഗതസ്തപസാ പ്രത്യഗക്ഷ-
മാരാധ്യ ലേഭേ മൂർധ്നി പദം ത്രിലോക്യാഃ.

29 തമേനമംഗാത്മനി മുക്തവിഗ്രഹേ
വ്യപാശ്രിതം നിർഗ്ഗുണമേകമക്ഷരം
ആത്മാനമന്വിച്ഛ വിമുക്തമാത്മദൃഗ്-
യസ്മിന്നിദം ഭേദമസത് പ്രതീയതേ.

| | |
|---|---|
| പഞ്ചവർഷഃ | അഞ്ചുവയസ്സായിരുന്ന |
| യഃ ത്വം | യാതൊരു നീ |
| സപത്ന്യാഃ മാതുഃ | സപത്നീമാതാവിന്റെ |
| വചസാ | വാക്കാൽ |
| ഭിന്നമർമ്മാ | പിളക്കപ്പെട്ട മർമ്മത്തോടുകൂടിയവനായിട്ടു് |
| ജനനീം | പെററമ്മയെക്കൂടി |
| വിഹായ | വിട്ടുപിരിഞ്ഞു് |
| വനം ഗതഃ | കാട്ടിലേക്കുപോയി. |
| തപസാ | തപസ്സുകൊണ്ടു് |
| പ്രത്യഗക്ഷം | ഇന്ദ്രിയാഭിഗമ്യനല്ലാത്ത ശ്രീഹരിയെ |
| ആരാധ്യ | ആരാധിച്ചു്, |
| ത്രിലോക്യാഃ | മൂപ്പാരിന്നും |
| മൂർധ്നി | മീതെയായുള്ള |
| പദം | സ്ഥാനത്തെ |
| ലേഭേ | പ്രാപിച്ചു. |
| അംഗ | പ്രിയവത്സ! |
| യസ്മിൻ | യാതൊരുവനിൽ |
| ഇദം ഭേദം | ഈ ദ്വൈതം |
| അസത് | വാസ്തവികമല്ലാത്തതായി |
| പ്രതീയതേ | തോന്നപ്പെടുന്നുവോ, |
| മുക്തവിഗ്രഹേ | പരവൈരം വിട്ടൊഴിഞ്ഞ— |
| ആത്മനി | സന്മനസ്സിൽ |
| വ്യപാശ്രിതം | തിളങ്ങിയെഴുന്ന— |
| നിർഗ്ഗുണം | ഗുണബന്ധമില്ലാത്ത— |
| ഏകം | അദ്വിതീയനായ— |
| അക്ഷരം | അവിനാശിയായ— |
| വിമുക്തം | നിത്യമുക്തനായ— |
| തം ഏനം ആത്മാനം | ആ ഈ ആത്മസ്വരൂപനെ |
| ആത്മദൃക് | അന്തർമുഖമായ വീക്ഷണത്തോടുകൂടിയവനായി |
| അന്വിച്ഛ | അന്വേഷിക്കുക. |

അന്വേഷണഫലം വ്യക്തമാക്കുന്നു.

30 ത്വം പ്രത്യഗാത്മനി തദാ ഭഗവത്യനന്ത-
ആനന്ദമാത്ര ഉപപന്നസമസ്തശക്തൗ
ഭക്തിം വിധായ പരമാം ശനകൈരവിദ്യാ-
ഗ്രന്ഥിം വിഭേത്സ്യസി മമാഹമിതി പ്രരൂഢം.

| | | | |
|---|---|---|---|
| ത്വം തദാ | നീ അന്നേരത്തു് | ഭക്തിം | ഭക്തിയെ |
| പ്രത്യഗാത്മനി | സർവ്വചരാചരങ്ങളുടെ ഉള്ളിലെഴുന്നവനും | വിധായ | ചെലുത്തി, |
| അനന്തേ | അവസാനമില്ലാത്തവനും | പ്രരൂഢം | അകമേ ഊന്നി നില്ക്കുന്ന |
| ആനന്ദമാത്രേ | കേവലാനന്ദരൂപനും | മമ അഹം ഇതി | "ഞാൻ, എന്റെ" എന്നീ തോന്നലാവുന്ന |
| ഉപപന്ന-സമസ്തശക്തൗ | സമസ്തശക്തിസംപന്നനുമായിരിക്കുന്ന | അവിദ്യാഗ്രന്ഥിം | അജ്ഞാനക്കെട്ടിനെ |
| ഭഗവതി | ഭഗവാങ്കൽ | ശനകൈഃ | മെല്ലെ മെല്ലെ |
| പരമാം | സമുന്നതമായ | വിഭേത്സ്യസി | ഭേദിച്ചുകൊള്ളും |

മനു സോപദേശം രണ്ടു ശ്ലോകത്താൽ ഇനി ചുരുക്കിപ്പറയുന്നു.

31 സംയച്ഛ രോഷം ഭദ്രം തേ പ്രതീപം ശ്രേയസാം പരം
ശ്രുതേന ഭൂയസാ രാജന്നഗദേന യഥാമയം

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | യഥാ | എന്നപോലെ |
| ശ്രേയസാം | നന്മകളുടെ | ഭൂയസാ | ബഹുതരമായ |
| പരം | വലിയ | ശ്രുതേന | തത്ത്വോപദേശഗ്രഹണംകൊണ്ടു് |
| പ്രതീപം | വിരോധിയായ | സംയച്ഛ | നിയന്ത്രിച്ചാലും. |
| രോഷം | ക്രോധത്തെ, | തേ ഭദ്രം | നിനക്കു നന്മവരട്ടെ. |
| അഗദേന | മരുന്നുകൊണ്ടു് | | |
| ആമയം | രോഗത്തെ | | |

32 യേനോപസൃഷ്ടാത് പുരുഷാല്ലോക ഉദ്വിജതേ ഭൃശം
ന ബുധസ്തദ്വശം ഗച്ഛേദിച്ഛന്നഭയമാത്മനഃ.

| | | | |
|---|---|---|---|
| ആത്മനഃ | തനിക്കു് | പുരുഷാത് | മനുഷ്യനിൽനിന്നാണോ, |
| അഭയം | ക്ഷേമത്തെ | ലോകഃ | ലോകവാസിജനം |
| ഇച്ഛൻ | ആഗ്രഹിക്കുന്ന | ഭൃശം | ഏററവും |
| ബുധഃ | വിവേകശീലൻ | ഉദ്വിജതേ | സംഭ്രമംകൊള്ളുന്നതു് |
| യേന | യാതൊന്നാൽ | തദ്വശം ന ഗച്ഛേത് | ആ കോപത്തിന്നു് വശംവദനായിക്കൂടാ. |
| ഉപസൃഷ്ടാത് | ബാധിതനായുള്ള | | |

അതിനും പുറമെ ഒന്നുകൂടി വേണ്ടതുണ്ടെന്നു് രണ്ടു ശ്ലോകംകൊണ്ടു നിർദ്ദേശിക്കുന്നു.

33 ഹേലനം ഗിരിശഭ്രാതുർധനദസ്യ ത്വയാ കൃതം
യജ്ജഘ്നിവാൻ പുണ്യജനാൻ ഭ്രാതൃഘ്നാനിത്യമർഷിതഃ

| | | | |
|---|---|---|---|
| ഭ്രാതൃഘ്നാൻ ഇതി | സഹോദരഹന്താക്കളാണെന്നു് കരുതി | ഗിരിശഭ്രാതുഃ | ശിവന്റെ ഉററബന്ധുവായ |
| അമർഷിതഃ | അമർഷംകൊണ്ടിട്ടു് | ധനദസ്യ | കുബേരന്റെ |
| പുണ്യജനാൻ | യക്ഷന്മാരെ | ഹേലനം | അവഹേളനമാണു് |
| ജഘ്നിവാൻ | നീ വധിച്ചു. | ത്വയാ | നിന്നാൽ |
| യത് | യാതൊന്നുകൊണ്ടു് | കൃതം | ചെയ്യപ്പെട്ടിരിക്കുന്നതു്. |

34 തം പ്രസാദയ വത്സാശു സന്നത്യാ പ്രശ്രയോക്തിഭിഃ
ന യാവന്മഹതാം തേജഃ കുലം നോഽഭിഭവിഷ്യതി.

| | | | |
|---|---|---|---|
| വത്സ | അല്ലയോ പുത്ര ! | സന്നത്യാ | വണക്കംകൊണ്ടും |
| മഹതാം | മഹാത്മാക്കളുടെ | പ്രശ്രയോക്തിഭിഃ | വന്ദനവാക്കുകൾകൊണ്ടും |
| തേജഃ | ദിവ്യശക്തി | ആശു | ഉടനെ |
| നഃ കുലം | നമ്മുടെ വംശത്തെ | തം | അദ്ദേഹത്തെ |
| യാവത് ന അഭിഭവിഷ്യതി | കെടുത്തുന്നതിന്നുമുമ്പായിട്ടുതന്നെ | പ്രസാദയ | പ്രീണിപ്പിക്കണം. |

35 ഏവം സ്വായംഭുവഃ പൗത്രമനുശാസ്യ മനുർധ്രുവം
തേനാഭിവന്ദിതഃ സാകമൃഷിഭിഃ സ്വപുരം യയൗ.

| | | | |
|---|---|---|---|
| സ്വായംഭുവഃ | സ്വായംഭുവനെന്ന | അഭിവന്ദിതഃ | അഭിവന്ദിതനായിട്ടു് |
| മനുഃ ഏവം | മനു ഇങ്ങനെ | ഋഷിഭിഃ സാകം | ഋഷിമാരോടുകൂടി |
| പൗത്രം ധ്രുവം | പൗത്രനായ ധ്രുവനെ | സ്വപുരം | തന്റെ പുരത്തിലേക്കു് |
| അനുശാസ്യ | അനുശാസിച്ചു്, | യയൗ | യാത്രയായി. |
| തേന | അദ്ദേഹത്താൽ | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ

ഏകാദശോഽധ്യായഃ ആദിതഃ ശ്ലോകാഃ 514.

നാലാമത്തെ സ്കന്ധത്തിൽ പതിനൊന്നാമധ്യായം കഴിഞ്ഞു.

# ദ്വാദശോധ്യായ: — അദ്ധ്യായം പന്ത്രണ്ട്.

## കുബേരന്റെ അഭിനന്ദനവും ധ്രുവന്റെ ഭഗവൽപദാരോഹണവും

"ദ്വാദശേ ധനദേനാഭിനന്ദിതഃ പുരമാഗതഃ
യജ്ഞൈരിഷ്ട്വാ ഹരേഃ സ്ഥാനമാരുരോഹേതി കീർത്ത്യതേ"

ധ്രുവൻ കുബേരനാൽ അഭിനന്ദിതനായിട്ട് സ്വപുരത്തിലേക്ക് വരുന്നതും യജ്ഞങ്ങളാൽ ശ്രീഹരിയെ ആരാധിച്ച് തൽപദത്തെ ആരോഹണം ചെയ്യുന്നതും ഈ അദ്ധ്യായത്തിൽ പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

1 ധ്രുവം നിവൃത്തം പ്രതിബുദ്ധ്യ വൈശസാ-
ദപേതമന്യും ഭഗവാൻ ധനേശ്വരഃ
തത്രാഗതശ്ചാരണയക്ഷകിന്നരൈഃ
സംസ്തൂയമാനോഽഭ്യവദത് കൃതാഞ്ജലിം

| | | | |
|---|---|---|---|
| ഭഗവാൻ | മഹാനുഭാവനായ | ചാരണയക്ഷ-കിന്നരൈഃ | ചാരണന്മാർ, യക്ഷന്മാർ, കിന്നരന്മാർ എന്നിവരാൽ |
| ധനേശ്വരഃ | കുബേരൻ | സംസ്തൂയമാനഃ | വാഴ്ത്തപ്പെട്ടുകൊണ്ട് |
| ധ്രുവം | ധ്രുവനെ | തത്ര | അവിടേക്ക് |
| അപേതമന്യും | കോപം വിട്ടുപോയവനായും | ആഗതഃ | വന്നു; |
| വൈശസാത് | (യക്ഷ)വധത്തിൽനിന്നു് | കൃതാഞ്ജലിം | കരംകൂപ്പിനില്ക്കുന്ന ധ്രുവനോടായി |
| നിവൃത്തം | വിരമിച്ചവനായും | അഭ്യവദത് | പറഞ്ഞു. |
| പ്രതിബുദ്ധ്യ | അറിഞ്ഞിട്ട്, | | |

ധനദ ഉവാച = കുബേരൻ പറഞ്ഞു :

2 ഭോ ഭോഃ ക്ഷത്രിയദായാദ പരിതുഷ്ടോഽസ്മി തേഽനഘ
യസ്ത്വം പിതാമഹാദേശാദ്വൈരം ദുസ്ത്യജമത്യജഃ

| | | | |
|---|---|---|---|
| ഭോ: ഭോ: | ഹേ ! ഹേ ! | പിതാമഹാ-ദേശാത് | മുത്തച്ഛന്റെ ആജ്ഞയെ അനുസരിച്ച്, |
| ക്ഷത്രിയദായാദ | ക്ഷത്രിയപുത്ര ! | ദുസ്ത്യജം | വിട്ടുകളവാൻ വിഷമമുള്ള |
| തേ | അങ്ങയോട് | വൈരം | വിദ്വേഷത്തെ |
| പരിതുഷ്ടഃ അസ്മി | ഞാൻ സന്തോഷം കൊണ്ടവനാകുന്നു. | അത്യജഃ | ഉപേക്ഷിച്ചുവല്ലോ. |
| യ: ത്വം | യാതൊരു അങ്ങ് | | |

വാസ്തവത്തിൽ വിശേഷത്തിന്നു് കാരണമേ ഉണ്ടായിട്ടില്ലെന്നു് പറയുന്നു.

3 ന ഭവാനവധീദ്യക്ഷാന്ന യക്ഷാ ഭ്രാതരം തവ
കാല ഏവ ഹി ഭൂതാനാം പ്രഭുരപ്യയഭാവയോഃ

| | | | |
|---|---|---|---|
| ഭവാൻ | അങ്ങു് | ഹി | എന്തെന്നാൽ |
| യക്ഷാൻ | യക്ഷന്മാരെ | ഭൂതാനാം | ജീവരാശികളുടെ |
| ന അവധീത് | വധിച്ചിട്ടില്ല; | അപ്യയ-ഭാവയോഃ | സംഹൃതിക്കും സൃഷ്ടിക്കും |
| യക്ഷാഃ | യക്ഷന്മാർ | പ്രഭുഃ | പ്രഭവിക്കുന്നതു് |
| തവ | അങ്ങയുടെ | കാലഃ ഏവ | കാലം മാത്രമാണു്. |
| ഭ്രാതരം ന | സോദരനേയും ഇല്ല. | | |

4 അഹം ത്വമിത്യപാൎത്ഥാ ധീരജ്ഞാനാത് പുരുഷസ്യ ഹി
സ്വാപ്നീവാഭാത്യതദ്ധ്യാനാദ്യയാ ബന്ധവിപൎയ്യയൌഃ

| | | | |
|---|---|---|---|
| പുരുഷസ്യ | ജീവന്നു് | സ്വാപ്നി ഇവ | സ്വപ്നത്തിലെന്നപോലെ |
| അജ്ഞാനാത് | ആത്മതത്വാവബോധമില്ലാത്തതിനാലുള്ള | ആഭാതി | പ്രതിഭാസിക്കുന്നു. |
| അതദ്ധ്യാനാത് | അബദ്ധധാരണയാൽ | യയാ | യാതൊന്നുനിമിത്തം |
| അഹം ത്വം | 'ഞാൻ, നീ' | ബന്ധ-വിപൎയ്യയൌ | സാംസാരികബന്ധവും ദുഃഖാദിവൈപരീത്യവും ഏൎപ്പെടുന്നു. |
| ഇതി | എന്നിങ്ങനെയുള്ള | | |
| അപാൎത്ഥാ | അൎത്ഥശൂന്യമായ | | |
| ധീഃ | ധാരണ | | |

5 തദ്ഗച്ഛ ധ്രുവ ഭദ്രം തേ ഭഗവന്തമധോക്ഷജം
സൎവ്വഭൂതാത്മഭാവേന സൎവ്വഭൂതാത്മവിഗ്രഹം

6 ഭജസ്വ ഭജനീയാങ്ഘ്രിമഭവായ ഭവച്ഛിദം
യുക്തം വിരഹിതം ശക്ത്യാ ഗുണമയ്യാത്മമായയാ-

| | | | |
|---|---|---|---|
| ധ്രുവ | അല്ലയോ ധ്രുവ! | ശക്ത്യാ | ശക്തിയോടു് |
| തേ ഭദ്രം | അങ്ങക്കു് നന്മവരട്ടെ! | യുക്തം | ചേൎന്നവനെന്നിരിക്കിലും |
| തത് ഗച്ഛ | ആകയാൽ പോകൂ- | വിരഹിതം | വാസ്തവത്തിൽ ചേരാത്തവനും |
| സൎവ്വഭൂതാത്മവിഗ്രഹം | സൎവ്വചരാചരാത്മകമായ സ്വരൂപത്തോടുകൂടിയവനും | അധോക്ഷജം | ഇന്ദ്രിയജ്ഞാനാതീതനുമായ |
| ഭജനീയാംഘ്രിം | ഭജനാൎഹമായ പാദപദ്മത്തോടുകൂടിയവനും | ഭഗവന്തം | ശ്രീഭഗവാനെ |
| ഭവച്ഛിദം | സംസാരദുഃഖത്തിന്റെ വേരറുക്കുന്നവനും | അഭവായ | സംസാരനിവൃത്തിക്കു്. |
| ഗുണമയ്യാ | ത്രിഗുണാത്മികയായ | സൎവ്വഭൂതാത്മഭാവേന | സൎവ്വജീവാത്മകതയോടെ |
| ആത്മമായയാ | തന്റെ മായയാവുന്ന | ഭജസ്വ | ഭജിക്ക. |

7 വൃണീഹി കാമം നൃപ യന്മനോഗതം
മത്തസ്ത്വമൗത്താനപദേഽവിശങ്കിതഃ.
വരം വരാർഹോഽംബുജനാഭപാദയോ-
രനന്തരം ത്വാം വയമംഗ ശുശ്രുമ.

| | | | |
|---|---|---|---|
| നൃപ | രാജാവേ ! | അംഗ | ഹേ ധ്രുവ ! |
| ഔത്താനപദേ | ഉത്താനപാദാത്മജ ! | ത്വാം | അങ്ങു് |
| ത്വം | അങ്ങ് | വരാർഹഃ | വരംവരിക്കുവാൻ അർഹനായിരിക്കുന്നു. |
| മനോഗതം | മനസ്സിലുള്ളതു് | വയം ത്വാം | നാം അങ്ങയെ |
| യത് | യാതൊന്നോ, | അംബുജനാഭപാദയോഃ | വിഷ്ണുപാദങ്ങളുടെ |
| വരം | ആ വരത്തെ | അനന്തരം | തൊട്ടടുത്തിരിക്കുന്ന ആളായിട്ടു് |
| അവിശങ്കിതഃ | ഒട്ടും സംശയിക്കാതെ | ശുശ്രുമ | കേട്ടിരിക്കുന്നു. |
| കാമം | ഇഷ്ടംപോലെ | | |
| മത്തഃ | എന്നിൽനിന്നു് | | |
| വൃണീഹി | വരിച്ചുകൊൾക. | | |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

8 സ രാജരാജേന വരായ ചോദിതോ
ധ്രുവോ മഹാഭാഗവതോ മഹാമതിഃ
ഹരൗ സ വവ്രേഽചലിതാം സ്മൃതിം യയാ
തരത്യയത്നേന ദുരത്യയം തമഃ.

| | | | |
|---|---|---|---|
| മഹാമതിഃ | ബുദ്ധിമഹത്വമുള്ളവനും | അചലിതാം | സുസ്ഥിരമായ |
| മഹാഭാഗവതഃ | ഭഗവൽഭക്താഗ്രഗണ്യനുമായ | സ്മൃതിം | സ്മരണയെ |
| സഃ ധ്രുവഃ | ആ ധ്രുവൻ | വവ്രേ | വരമായി വരിച്ചു. |
| രാജരാജേന | കുബേരനാൽ | യയാ | യാതൊന്നുകൊണ്ടു് |
| വരായ | വരത്തിനുവേണ്ടി | ദുരത്യയം | ദുരന്തമായ |
| ചോദിതഃ | പ്രേരിതനായി. | തമഃ | അജ്ഞാനാന്ധകാരത്തെ |
| സഃ | അദ്ദേഹം | അയത്നേന | നിഷ്പ്രയാസം |
| ഹരൗ | ശ്രീഹരിയിൽ | തരതി | തരണംചെയ്യുന്നു. |

9 തസ്യ പ്രീതേന മനസാ താം ദത്ത്വൈഡവിഡസ്തതഃ
പശ്യതോഽന്തർദധേ സോഽപി സ്വപുരം പ്രത്യപദ്യത.

| | | | |
|---|---|---|---|
| തതഃ | അനന്തരം | മനസാ | മനസ്സോടെ |
| ഐഡവിഡഃ | കുബേരൻ | താം ദത്ത്വാ | അതിനെ കൊടുത്തു്, |
| പ്രീതേന | സന്തുഷ്ടമായ | തസ്യ പശ്യതഃ | അദ്ദേഹം കാൺകെ, |

| | | | |
|---|---|---|---|
| അന്തർദധേ | അന്തർദ്ധാനംചെയ്തു. | സ്വപുരം | സ്വപുരത്തിലേക്ക് |
| സഃ അപി | ധ്രുവനും | പ്രത്യപദ്യത | തിരിച്ചുപോയി. |

10 അഥായജത യജ്ഞേശം ക്രതുഭിർഭൂരിദക്ഷിണൈഃ
ദ്രവ്യക്രിയാദേവതാനാം കർമ്മ കർമ്മഫലപ്രദം.

| | | | |
|---|---|---|---|
| അഥ | അതിൽപ്പിന്നെ | | കർമ്മഫലത്തെ പ്രദാനം ചെയ്യുന്ന |
| ദ്രവ്യക്രിയാ-ദേവതാനാം | ദ്രവ്യങ്ങൾ, ക്രിയകൾ, ദേവതകൾ എന്നിവകളെ സംബന്ധിച്ച | യജ്ഞേശം | യജ്ഞേശനെ |
| | | ഭൂരിദക്ഷിണൈഃ | ബഹുദക്ഷിണകളോടുകൂടിയ |
| കർമ്മകർമ്മ-ഫലപ്രദം | കർമ്മവും കർമ്മഫലവും ആകുന്ന സ്വരൂപത്തോടുകൂടിയവനായി | ക്രതുഭിഃ | യജ്ഞങ്ങളാൽ |
| | | അയജത | യജിച്ചു. |

11 സർവ്വാത്മന്യച്യുതേഽസർവ്വേ തീവ്രൗഘാം ഭക്തിമുദ്വഹൻ
ദദർശാത്മനി ഭൂതേഷു തമേവാവസ്ഥിതം വിഭും.

| | | | |
|---|---|---|---|
| സർവ്വാത്മനി | സർവ്വാത്മാവും | ഉദ്വഹൻ | ഉദ്വഹിച്ചുകൊണ്ട് |
| അസർവ്വേ | സർവ്വോപാധിവിവർജ്ജിതനുമായ | ആത്മനി | തന്നിലും, |
| | | ഭൂതേഷു | മററു ജീവരാശികളിലും |
| അച്യുതേ | നിർവ്വികാരസ്വരൂപനിൽ | അവസ്ഥിതം | ഒരുപോലെ നിലകൊള്ളുന്ന |
| തീവ്രൗഘാം | പ്രബലമായി വർദ്ധിച്ച | തം വിഭും ഏവ | ആ വിശ്വരൂപനെ |
| ഭക്തിം | ഭക്തിയെ | ദദർശ | ദർശിച്ചു. [ത്തന്നെ |

12 തമേവ ശീലസമ്പന്നം ബ്രഹ്മണ്യം ദീനവത്സലം
ഗോപ്താരം ധർമ്മസേതൂനാം മേനിരേ പിതരം പ്രജാഃ.

| | | | |
|---|---|---|---|
| ശീലസമ്പന്നം | ശീലവാനും | തം ഏവ | അദ്ദേഹത്തെത്തന്നെ |
| ബ്രഹ്മണ്യം | ബ്രാഹ്മണഭക്തനും | പ്രജാഃ | ജനങ്ങൾ |
| ദീനവത്സലം | ദീനദയാലുവും | | |
| ധർമ്മസേതൂനാം | ധർമ്മമര്യാദകളുടെ | പിതരം | പിതാവായിട്ട് |
| ഗോപ്താരം | സംരക്ഷകനുമായ | മേനിരേ | കരുതിവന്നു. |

13 ഷട്ത്രിംശദ്വർഷസാഹസ്രം ശശാസ ക്ഷിതിമണ്ഡലം
ഭോഗൈഃ പുണ്യക്ഷയം കുർവ്വന്നഭോഗൈരശുഭക്ഷയം.

| | | | |
|---|---|---|---|
| ഭോഗൈഃ | വിഷയോപഭോഗങ്ങൾകൊണ്ട് | പുണ്യക്ഷയം | പുണ്യത്തിന്റെ അറുതിയും, |

| | |
|---|---|
| അഭോഗൈഃ | വിഷയോപഭോഗരാഹിത്യം വഴിക്കുള്ള കർമ്മങ്ങളാൽ |
| അശുഭക്ഷയം | പാപത്തിന്റെ അറുതിയും |
| കുർവ്വൻ | വരുത്തിക്കൊണ്ട് |
| ഷട്ത്രിംശദ്വർഷസാഹസ്രം | മുപ്പത്താറായിരം സംവത്സരം കാലം |
| ക്ഷിതിമണ്ഡലം | ഭൂമണ്ഡലത്തെ |
| ശശാസ | ഭരിച്ചു. |

14 ഏവം ബഹ്വസവം കാലം മഹാത്മാവിചലേന്ദ്രിയഃ
ത്രിവർഗ്ഗോപയികം നീത്വാ പുത്രായാദാന്നൃപാസനം.

| | |
|---|---|
| മഹാത്മാ | മഹാത്മാവായ ധ്രുവൻ |
| അവിചലേന്ദ്രിയഃ | അചഞ്ചലമായ ഇന്ദ്രിയങ്ങളോടു കൂടിയവനായിട്ട് |
| ഏവം | ഇപ്രകാരം |
| ബഹ്വസവം | ദീർഘിച്ച |
| കാലം | കാലത്തെ |
| ത്രിവർഗ്ഗോപയികം | ധർമ്മാർത്ഥകാമങ്ങൾക്ക് ഉതകുംപ്രകാരം |
| നീത്വാ | കഴിച്ചുകൂട്ടി, |
| പുത്രായ | മകന്ന് |
| നൃപാസനം | രാജസിംഹാസനത്തെ |
| അദാത് | ഒഴിഞ്ഞുകൊടുത്തു. |

15 മന്യമാന ഇദം വിശ്വം മായാരചിതമാത്മനി
അവിദ്യാരചിതസ്വപ്നഗന്ധർവ്വനഗരോപമം.

16 ആത്മസ്ത്ര്യപത്യസുഹൃദോ ബലമൃദ്ധകോശ-
മന്തഃപുരം പരിവിഹാരഭുവശ്ച രമ്യാഃ
ഭൂമണ്ഡലം ജലധിമേഖലമാകലയ്യ
കാലോപസൃഷ്ടമിതി സ പ്രയയൗ വിശാലാം.

| | |
|---|---|
| ഇദം വിശ്വം | ഈ ലോകത്തെ |
| അവിദ്യാരചിതസ്വപ്നഗന്ധർവ്വനഗരോപമം | അവിദ്യാകല്പിതവും സ്വപ്നത്തിൽ കണ്ട ഗന്ധർവ്വപുരംപോലെ വാസ്തവികത്വമില്ലാത്തതും |
| ആത്മനി | ആത്മാവിൽ |
| മായാരചിതം | മായാകല്പിതവുമാണെന്ന് |
| മന്യമാനഃ | കരുതിക്കൊണ്ട്, |
| സഃ | ആ ധ്രുവൻ |
| ആത്മസ്ത്ര്യപത്യസുഹൃദഃ | ശരീരം, ഭാര്യാപുത്രന്മാർ, ബന്ധുമിത്രാദികൾ, |
| ബലം | സൈന്യം, |
| ഋദ്ധകോശം | സമൃദ്ധമായ ഭണ്ഡാരം, |
| അന്തഃപുരം | വനിതാഗാരം, |
| രമ്യാഃ | രമണീയങ്ങളായ |
| പരിവിഹാരഭുവഃ | ക്രീഡാസങ്കേതസ്ഥലങ്ങൾ, |
| ജലധിമേഖലം | സമുദ്രപര്യന്തം വ്യാപിച്ചുകിടക്കുന്ന |
| ഭൂമണ്ഡലം ച | സാമ്രാജ്യം മുതലായവയെ |
| കാലോപസൃഷ്ടം ഇതി | കാലാതിക്രാന്തമാകയാൽ അനിത്യമെന്ന് |
| ആകലയ്യ | ചിന്തിച്ചുറച്ച് |
| വിശാലാം | വിശാലയിലേക്ക് (ബദര്യാശ്രമത്തിലേക്ക്) |
| പ്രയയൗ | പ്രയാണംചെയ്തു. |

ധ്രുവൻ അവിടെ ചെയ്ത അഷ്ടാംഗയോഗത്തെ സംക്ഷേപിച്ചുപറയുന്നു—

17 തസ്യാം വിശുദ്ധകരണഃ ശിവവാർവിഗാഹ്യ
ബദ്ധ്വാഽഽസനം ജിതമരുന്മനസാ ഹൃതാക്ഷഃ.
സ്ഥൂലേ ദധാര ഭഗവത്പ്രതിരൂപ ഏത-
ദ്ധ്യായംസ്തദവ്യവഹിതോ വ്യസൃജത് സമാധൗ

| | | | |
|---|---|---|---|
| തസ്യാം | ആ വിശാലയിങ്കൽ | ഭഗവത്-പ്രതിരൂപേ | സർവ്വേശ്വരന്റെ പ്രാതിനിധ്യമുള്ള |
| ശിവവാഃ | ശുദ്ധജലത്തിലേക്ക് | സ്ഥൂലേ | വിരാട്സ്വരൂപത്തിൽ |
| വിഗാഹ്യ | ഇറങ്ങിസ്നാനംചെയ്ത്, | ദധാര | ധാരണചെയ്തു. |
| വിശുദ്ധകരണഃ | പരിശുദ്ധാന്തഃകരണനായി, | ധ്യായൻ | അങ്ങനെ ധാരണ ചെയ്തുകൊണ്ട് |
| ആസനം | യോഗാസനത്തെ | അവ്യവഹിതഃ | താനും ഈശ്വരനും രണ്ടെന്നുള്ള തോന്നലിനെ മറികടന്ന്, |
| ബദ്ധ്വാ | കല്പിച്ചിരുന്ന്, | സമാധൗ | സമാധിയിൽ ഉറച്ച് |
| ജിതമരുത് | പ്രാണനിയന്ത്രണം | തത് | ആ വിരാഡ്രൂപത്തെയും |
| മനസാ | ചിത്തത്താൽ [ചെയ്ത്, | വ്യസൃജത് | കൈവിട്ടു. |
| ഹൃതാക്ഷഃ | ഇന്ദ്രിയങ്ങളെ പ്രത്യാഹരിച്ച്, | | |
| ഏതത് | ഈ ചിത്തത്തെ | | |

18 ഭക്തിം ഹരൗ ഭഗവതി പ്രവഹന്നജസ്ര-
മാനന്ദബാഷ്പകലയാ മുഹുരർദ്യമാനഃ
വിക്ലിദ്യമാനഹൃദയഃ പുളകാചിതാംഗോ
നാത്മാനമസ്മരദസാവിതി മുക്തലിംഗഃ

| | | | |
|---|---|---|---|
| ഭഗവതി | ഭഗവാനായ | വിക്ലിദ്യമാന-ഹൃദയഃ | അലിവാർന്ന അന്തരംഗത്തോടുകൂടിയവനായും, |
| ഹരൗ | ശ്രീഹരിയിൽ | പുളകാ-ചിതാംഗഃ | കോരിത്തരിപ്പേഴുന്ന ശരീരത്തോടുകൂടിയവനായും |
| അജസ്രം | ഇടതടവില്ലാതെ | മുക്തലിംഗഃ | പരിത്യക്തമായ ദേഹാഭിമാനത്തോടുകൂടിയവനായും ഭവിച്ച ധ്രുവൻ |
| ഭക്തിം | ഭക്തിയെ | ആത്മാനം | തന്നെക്കുറിച്ച് |
| പ്രവഹൻ | സുദൃഢം ചെലുത്തിയും, | അസൗ ഇതി | "ഇയ്യുള്ളവൻ എന്നിങ്ങനെയുള്ള അഹന്തയെ |
| ആനന്ദ-ബാഷ്പകലയാ | ഭക്തിഭാവനയാൽ ഉളവായ ആനന്ദക്കണ്ണീർക്കണത്താൽ | ന അസ്മരത് | ഓർക്കാതെയായി. |
| മുഹുഃ | തുടരെത്തുടരെ | | |
| അർദ്യമാനഃ | സംബാധിതനായും, | | |

19 സ ദദർശ വിമാനാഗ്ര്യം നഭസോഽവതരദ്ധ്രുവഃ
വിഭ്രാജയദ്ദശ ദിശോ രാകാപതിമിവോദിതം.

| | | | |
|---|---|---|---|
| സഃ ധ്രുവഃ | ആ ധ്രുവൻ | ഇവ | പോലെയുള്ളതും ആയ |
| ദശ ദിശഃ | പത്തു ദിക്കുകളെയും | വിമാനാഗ്ര്യം | ഒരു വിശിഷ്ടവിമാനം |
| വിഭ്രാജയത് | പ്രകാശിപ്പിക്കുന്നതും | നഭസഃ | ആകാശത്തിൽനിന്നു് |
| ഉദിതം | ഉദിച്ചുയർന്ന | അവതരത് | ഇറങ്ങിവരുന്നതായി |
| രാകാപതിം | പൂർണ്ണചന്ദ്രബിംബത്തെ | ദദർശ | കണ്ടു. |

20 തത്രാനു ദേവപ്രവരൗ ചതുർഭുജൗ
ശ്യാമൗ കിശോരാവരുണാംബുജേക്ഷണൗ
സ്ഥിതാവവഷ്ടഭ്യ ഗദാം സുവാസസൗ
കിരീടഹാരാംഗദചാരുകുണ്ഡലൗ

| | | | |
|---|---|---|---|
| തത്ര അനു | അതിൽ, പിന്നിട്ടു്, | സ്ഥിതൗ | നില്ക്കുന്നവരും |
| ചതുർഭുജൗ | നാലുകൈകളുള്ളവരും | സുവാസസൗ | വിശേഷപ്പെട്ട വസ്ത്രം ധരിച്ചവരും |
| ശ്യാമൗ | ശ്യാമളനിറം പൂണ്ടവരും | കിരീടഹാരാം- ഗദചാരു- കുണ്ഡലൗ | കിരീടം, മുത്തുമാല, തോൾവള, നല്ല കർണ്ണഭൂഷണം എന്നിവയോടു കൂടിയവരുമായ |
| കിശോരൗ | നവയൗവനസമ്പന്നരും | | |
| അരുണാം- ബുജേക്ഷണൗ | ചെന്താമരപ്പൂവിനൊത്ത കണ്ണിണയോടുകൂടിയവരും | | |
| ഗദാം | ഗദയെ | ദേവപ്രവരൗ | രണ്ടുദേവോത്തമന്മാരെ |
| അവഷ്ടഭ്യ | താങ്ങിപ്പിടിച്ചു് | (ദദർശ) | കണ്ടു. |

21 വിജ്ഞായ താവുത്തമഗായകിങ്കരാ-
വഭ്യുത്ഥിതഃ സാധ്വസവിസ്മൃതക്രമഃ
നനാമ നാമാനി ഗൃണൻ മധുദ്വിഷഃ
പാർഷത്പ്രധാനാവിതി സംഹതാഞ്ജലിഃ.

| | | | |
|---|---|---|---|
| തൗ ഉത്തമ- ഗായകിങ്കരൗ | അവർ ശ്രീഹരിയുടെ പാർഷദന്മാരാണെന്നു് | അഭ്യുത്ഥിതഃ | അഭ്യുത്ഥാനംചെയ്തു്, |
| | | മധുദ്വിഷഃ | വിഷ്ണുഭഗവാന്റെ |
| വിജ്ഞായ | മനസ്സിലാക്കിയിട്ടു്, | പാർഷത്- പ്രധാനൗ ഇതി | പാർഷദമുഖ്യന്മാരാക കൊണ്ടു് |
| സാധ്വസ- വിസ്മൃതക്രമഃ | പെട്ടെന്നുണ്ടായ അമ്പരപ്പിനാൽ മറന്നുപോയ പൂജാമുറകളോടുകൂടിയവനായി, | സംഹതാഞ്ജലിഃ | കൂപ്പുകൈയോടെനിന്നു് |
| | | നാമാനി | തിരുനാമങ്ങളെ |
| | | ഗൃണൻ | ഉരുവിട്ടുകൊണ്ടു് |
| | | നനാമ | നമസ്കരിച്ചു. |

22 തം കൃഷ്ണപാദാഭിനിവിഷ്ടമാനസം
ബദ്ധാഞ്ജലിം പ്രശ്രയനമ്രകന്ധരം
സുനന്ദനന്ദാവുപസൃത്യ സസ്മിതം
പ്രത്യൂചതുഃ പുഷ്കരനാഭസമ്മതൗ

| | | | |
|---|---|---|---|
| പുഷ്കരനാഭസമ്മതൗ | ശ്രീപദ്മനാഭന് ഏററവും അഭിമതരായ | ബദ്ധാഞ്ജലിം | കൂപ്പുകൈയോടുകൂടിനില്ക്കുന്നവനും |
| സുനന്ദനന്ദൗ | സുനന്ദനും നന്ദനും | പ്രശ്രയനമ്രകന്ധരം തം | വിനയാവനതമായ കണ്ഠത്തോടുകൂടിയവനുമായ ആ ധ്രുവനോട് |
| ഉപസൃത്യ | അടുത്തുവന്നിട്ട് | | |
| കൃഷ്ണപാദാഭിനിവിഷ്ടമാനസം | ശ്രീഹരിയുടെ തൃപ്പാദത്തിൽത്തന്നെ അഭിനിവേശംകൊണ്ടിരിക്കുന്ന ഹൃദയത്തോടുകൂടിയവനും | സസ്മിതം | പുഞ്ചിരിയോടെ |
| | | പ്രത്യൂചതുഃ | പറഞ്ഞു. |

സുനന്ദനന്ദാവൂചതുഃ = സുനന്ദനന്ദന്മാർ പറഞ്ഞു:

23 ഭോ ഭോ രാജൻ സുഭദ്രം തേ വാചം നോഽവഹിതഃ ശൃണു
യഃ പഞ്ചവർഷസ്തപസാ ഭവാൻ ദേവമതീതൃപത്

| | | | |
|---|---|---|---|
| ഭോ ഭോ രാജൻ | അല്ലയോ രാജാവേ. | യഃ ഭവാൻ | യാതൊരു അങ്ങുന്ന് |
| തേ | അങ്ങയ്ക്കു് | പഞ്ചവർഷഃ | അഞ്ചുവയസ്സായിരുന്നപ്പോൾ |
| സുഭദ്രം | സുമംഗളം. | തപസാ | തപസ്സുകൊണ്ട് |
| നഃ വാചം | ഞങ്ങളുടെ വാക്കിനെ | ദേവം | ശ്രീവാസുദേവനെ |
| അവഹിതഃ | സശ്രദ്ധനായി | അതീതൃപത് | പ്രസാദിപ്പിച്ചുവല്ലോ. |
| ശൃണു | കേട്ടുകൊണ്ടാലും | | |

24 തസ്യാഖിലജഗദ്ധാതുരാവാം ദേവസ്യ ശാർങ്ഗിണഃ
പാർഷദാവിഹ സംപ്രാപ്തൗ നേതും ത്വാം ഭഗവത്പദം.

| | | | |
|---|---|---|---|
| അഖിലജഗദ്ധാതുഃ | സർവ്വലോകവിധാതാവും | ത്വാം | അങ്ങയെ |
| ശാർങ്ഗിണഃ | ശാർങ്ഗചാപധരനുമായ | ഭഗവത്പദം | ഭഗവാന്റെ ആസ്ഥാനത്തിലേക്ക് |
| തസ്യ ദേവസ്യ | ആ വാസുദേവന്റെ | നേതും | കൊണ്ടുപോകുവാൻ |
| പാർഷദൗ | പാർഷദന്മാരായ | ഇഹ | ഇവിടെ |
| ആവാം | ഞങ്ങളിരുവരും | സംപ്രാപ്തൗ | വന്നിരിക്കുന്നു. |

25 സുദുർജ്ജയം വിഷ്ണുപദം ജിതം ത്വയാ
യത്സൂരയോഽപ്രാപ്യ വിചക്ഷതേ പരം
ആതിഷ്ഠ തച്ചന്ദ്രദിവാകരാദയോ
ഗ്രഹർക്ഷതാരാഃ പരിയന്തി ദക്ഷിണം.

| | | | |
|---|---|---|---|
| സുദുർജ്ജയം | ജയിച്ചടക്കുവാൻ വളരെ പ്രയാസമേറിയ | ത്വയാ | അങ്ങയാൽ |
| വിഷ്ണുപദം | ഭഗവൽസ്ഥാനം | ജിതം | ജയിക്കപ്പെട്ടിരിക്കുന്നു. |
| | | പരം | അത്യുന്നതമായ |

| | | | |
|---|---|---|---|
| യത് | യാതൊരു സ്ഥാനത്തേക്ക് | ഗ്രഹർക്ഷതാരാഃ | ഗ്രഹങ്ങളും, അശ്വിന്യാദിനക്ഷത്രങ്ങളും മററു ജ്യോതിർഗോളങ്ങളും |
| അപ്രാപ്യ | എത്തുവാനാവാതെ | യത് | യാതൊന്നിനെ |
| സൂരയഃ | പരമജ്ഞാനികളായ സപ്തർഷികൾപോലും | ദക്ഷിണം പരിയന്തി | വലംവെച്ചു ചുററി തിരിയുന്നുവോ, |
| വിചക്ഷതേ | താഴെ നോക്കിനില്ക്കുന്നുവോ, | തത് | ആയതിനെ |
| ചന്ദ്രദിവാകരാദയഃ | ചന്ദ്രസൂര്യാദികളായ | ആതിഷ്ഠ | ആസ്ഥാനമാക്കിയാലും. |

26 അനാസ്ഥിതം തേ പിതൃഭിരന്യൈരപ്യംഗ കർഹിചിത്
ആതിഷ്ഠ ജഗതാം വന്ദ്യം തദ്വിഷ്ണോഃ പരമം പദം.

| | | | |
|---|---|---|---|
| അംഗ | ഹേ ധ്രുവ ! | ജഗതാം | സർവ്വലോകർക്കും |
| തേ | അങ്ങയുടെ | വന്ദ്യം | അഭിവന്ദ്യമായതുമായ |
| പിതൃഭിഃ | പിതൃപിതാമഹന്മാ[രാലും | വിഷ്ണോഃ | ശ്രീമഹാവിഷ്ണുവിന്റെ |
| അന്യൈഃ അപി | മററുള്ളവരാലും | പരമം | മഹോന്നതമായ |
| കർഹിചിത് | ഒരിക്കലും | തത് പദം | ആ സ്ഥാനത്തെ |
| അനാസ്ഥിതം | പ്രാപ്തമായിട്ടില്ലാത്തതും | ആതിഷ്ഠ | ആസ്ഥാനമാക്കിയാലും. |

27 ഏതദ്വിമാനപ്രവരമുത്തമശ്ലോകമൌലിനാ
ഉപസ്ഥാപിതമായുഷ്മന്നധിരോഢും ത്വമർഹസി.

| | | | |
|---|---|---|---|
| ആയുഷ്മൻ | ഹേ ദീർഘായുഷ്മൻ ! | ഏതത് | ഈ |
| ഉത്തമശ്ലോകമൌലിനാ | പുണ്യകീർത്തിമാനായ ഭഗവാനാൽ | വിമാനപ്രവരം | ശ്രേഷ്ഠവിമാനത്തെ |
| | | അധിരോഢും | ആരോഹണം ചെയ്യുവാൻ |
| ഉപസ്ഥാപിതം | അടുക്കലേക്കയയ്ക്കപ്പെട്ട | ത്വം അർഹസി | അങ്ങു് അർഹിക്കുന്നു. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

28 നിശമ്യ വൈകുണ്ഠനിയോജ്യമുഖ്യയോർ-
മധുച്യുതാം വാചമുരുക്രമപ്രിയഃ.
കൃതാഭിഷേക കൃതനിത്യമംഗളോ
മുനീൻ പ്രണമ്യാശിഷമഭ്യവാദയത്

| | | | |
|---|---|---|---|
| വൈകുണ്ഠനിയോജ്യമുഖ്യയോഃ | വിഷ്ണുപാർഷദപ്രമുഖന്മാരായ ആ രണ്ടുപേരുടെ | വാചം നിശമ്യ | മൊഴി കേട്ടു് |
| | | ഉരുക്രമപ്രിയഃ | ആ ഭഗവൽപ്രിയൻ |
| മധുച്യുതാം | തേനൊലുന്ന | കൃതാഭിഷേകഃ | സ്നാനം കഴിച്ചു്, |

| | | | |
|---|---|---|---|
| കൃതനിത്യ-മംഗളഃ | നിത്യകർമ്മംകഴിച്ച് അലങ്കരിച്ച്. | പ്രണമ്യ | നമസ്കരിച്ച്, |
| മുനീൻ | മുനിമാരെ | ആശിഷം അഭ്യവാദയത് | ആശീർവചനത്തെ ചെയ്യിച്ചു |

29 പരിത്യാഭ്യർച്യ ധിഷ്ണ്യാഗ്ര്യം പാർഷദാവഭിവന്ദ്യ ച
ഇയേഷ തദധിഷ്ഠാതും ബിഭ്രദ്രൂപം ഹിരണ്മയം

| | | | |
|---|---|---|---|
| ധിഷ്ണ്യാഗ്ര്യം | ഉത്തമവിമാനത്തെ | ഹിരണ്മയം | തനിത്തങ്കനിറമായ |
| പരീത്യ | വലംവെച്ച് | രൂപം ബിഭ്രത് | ഉടൽ പൂണ്ട് |
| അഭ്യർച്യ | പൂജിച്ച്, | തത് | ആ വിമാനത്തിലേക്ക് |
| പാർഷദൗ | വിഷ്ണുപാർഷദന്മാരെ | അധിഷ്ഠാതും | കയറുവാൻ |
| അഭിവന്ദ്യ ച | അഭിവന്ദിക്കയുംചെയ്ത്, | ഇയേഷ | ഉദ്യമിച്ചു. |

30 തദോത്താനപദഃ പുത്രോ ദദർശാന്തകമാഗതം
മൃത്യോർമൂർധ്നി പദം ദത്വാ ആരുരോഹാദ്ഭുതം ഗൃഹം

| | | | |
|---|---|---|---|
| തദാ | അന്നേരത്ത് | മൃത്യോഃ | അന്തകന്റെ |
| ഉത്താനപദഃ | ഉത്താനപാദന്റെ | മൂർധ്നി | ശിരസ്സിൽ |
| പുത്രഃ | പുത്രൻ (ധ്രുവൻ) | പദം ദത്വാ | കാലെടുത്തുവെച്ച് |
| ആഗതം | വന്നെത്തിയ | അദ്ഭുതം | വിശേഷപ്പെട്ട |
| അന്തകം | അന്തകനെ | ഗൃഹം | വിമാനമന്ദിരത്തി[ലേക്ക്] |
| ദദർശ | കണ്ടു. | ആരുരോഹ | കയറി. |

ഇവിടെ ഭാവം ഇങ്ങനെയാണ് — ധ്രുവൻ വിമാനത്തിൽ കയറാൻ ഉദ്യുതനായപ്പോൾ അന്തകൻ വന്ന് വന്ദിച്ചു പറഞ്ഞു—"മഹാരാജാവേ! എന്നെ അംഗീകരിക്കണം." ധ്രുവൻ പറഞ്ഞു— "ശരി, അങ്ങക്ക് സ്വാഗതം; അല്പനേരം ഒരിടത്തിരിക്ക." ഇങ്ങനെ ഇരുന്ന അന്തകന്റെ ശിരസ്സിൽ വിഷ്ണുസ്മരണയോടെ കാലെടുത്തുവെച്ച് ആ പരമഭാഗവതൻ സൗകര്യപൂർവ്വം വിമാനത്തിലേക്ക കയറി.

31 തദാ ദുന്ദുഭയോ നേദുർമൃദംഗപണവാദയഃ
ഗന്ധർവ്വമുഖ്യാഃ പ്രജഗുഃ പേതുഃ കുസുമവൃഷ്ടയഃ.

| | | | |
|---|---|---|---|
| തദാ | ആ സമയത്ത് | ഗന്ധർവ്വമുഖ്യാഃ | ഗന്ധർവ്വോത്തമന്മാർ |
| ദുന്ദുഭയഃ | പെരുമ്പറകളും, | പ്രജഗുഃ | പാടി; |
| മൃദംഗപണ-വാദയഃ | മൃദംഗം, ഇടയ്ക്ക മുതലായവയും | കുസുമവൃഷ്ടയഃ | പൂമഴകൾ |
| നേദുഃ | മുഴങ്ങി; | പേതുഃ | പെയ്തു. |

32 സ ച സ്വർലോകമാരോക്ഷ്യൻ സുനീതിം ജനനീം ധ്രുവഃ
അന്വസ്മരദഗം ഹിത്വാ ദീനാം യാസ്യേ ത്രിവിഷ്ടപം.

| | | | |
|---|---|---|---|
| സഃ ധ്രുവഃ | ആ ധ്രുവൻ | അന്വസ്മരത് | അനുസ്മരിച്ചു. |
| സ്വർലോകം | ഊർധ്വലോകത്തിലേക്കു് | ദീനാം | "പാവപ്പെട്ട അമ്മയെ |
| | | ഹിത്വാ | വിട്ടിട്ടു് |
| ആരോക്ഷ്യൻ | ആരോഹണം ചെയ്യുവാൻ തുടങ്ങുമ്പോൾ, | അഗം | ദുഷ്പ്രാപമായ |
| ജനനീം | മാതാവായ | ത്രിവിഷ്ടപം | സ്വർല്ലോകത്തിലേക്കു് |
| സുനീതിം ച | സുനീതിയെ പ്രത്യേകം | യാസ്യേ | ഞാൻ പോകുകയോ ?" |

33 ഇതി വ്യവസിതം തസ്യ വ്യവസായ സുരോത്തമൗ
ദർശയാമാസതുർദേവീം പുരോയാനേന ഗച്ഛതീം

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരമുള്ള | പുരോയാനേന | മുന്നിലുള്ള വിമാനത്തിൽ കയറി |
| തസ്യ | അദ്ദേഹത്തിന്റെ | | |
| വ്യവസിതം | അഭിപ്രായത്തെ | ഗച്ഛതീം | പോകുന്ന |
| വ്യവസായ | അറിഞ്ഞിട്ടു് | ദേവീം | സുനീതിയെ |
| സുരോത്തമൗ | സുനന്ദനന്ദന്മാർ | ദർശയാമാസതുഃ | കാട്ടിക്കൊടുത്തു. |

34 തത്ര തത്ര പ്രശംസദ്ഭിഃ പഥി വൈമാനികൈഃ സുരൈഃ
അവകീര്യമാണോ ദദൃശേ കുസുമൈഃ ക്രമശോ ഗ്രഹാൻ.

| | | | |
|---|---|---|---|
| പഥി | വഴിയിൽ | കുസുമൈഃ | പുഷ്പങ്ങൾകൊണ്ടു് |
| തത്ര തത്ര | അതാതിടത്തു് | അവകീര്യമാണഃ | അഭിവർഷിക്കപ്പെട്ട |
| പ്രശംസദ്ഭിഃ | വാഴ്ത്തിക്കൊണ്ടുള്ള | ക്രമശഃ | ക്രമത്തിൽ [കൊണ്ടു് |
| വൈമാനികൈഃ | വിമാനചാരികളായ | ഗ്രഹാൻ | ഗ്രഹങ്ങളെയെല്ലാം |
| സുരൈഃ | ദേവന്മാരാൽ | ദദൃശേ | കണ്ടു. |

35 ത്രിലോകീം ദേവയാനേന സോഽതിവ്രജ്യ മുനീനപി
പരസ്താദ്യദ് ധ്രുവഗതിർവിഷ്ണോഃ പദമഥാഭ്യഗാത്

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | വിഷ്ണോഃ | വിഷ്ണുവിന്റെ |
| ദേവയാനേന | ദേവമാർഗ്ഗത്തിലൂടെ | തത് പദം | യാതൊരു സ്ഥാനമുണ്ടോ, |
| ത്രിലോകീം | ത്രിലോകങ്ങളെയും | (തത്) | ആയതിലേക്കു് |
| മുനീൻ അപി | സപ്തർഷികളെക്കൂടിയും | അഥ | ഒടുവിൽ |
| അതിവ്രജ്യ | അതിലംഘിച്ചു്, | ധ്രുവഗതിഃ | അചഞ്ചലഗതിയായി |
| പരസ്താത് | അപ്പുറത്തു് | അഭ്യഗാത് | അഭിഗമിച്ചു. |

സപ്തർഷിമണ്ഡലത്തിൽനിന്നും മീതെ സ്ഥിതിചെയ്യുന്ന ധ്രുവമണ്ഡലമെന്ന വിഷ്ണുപദത്തെ പുനരാവൃത്തിരഹിതനായി പ്രാപിച്ചുവെന്നർത്ഥം.

36 യദ്ഭ്രാജമാനം സ്വരുചൈവ സർവ്വതോ
ലോകാസ്ത്രയോ ഹ്യനുവിഭ്രാജന്ത ഏതേ
യന്നാവ്രജൻ ജന്തുഷു യേƽനനുഗ്രഹാ
വ്രജന്തി ഭദ്രാണി ചരന്തി യേƽനിശം.

| | | | |
|---|---|---|---|
| സ്വരുചാ ഏവ | സ്വകീയമായ പ്രകാശത്താൽ | യേ | യാതൊരുത്തർ |
| ഭ്രാജമാനം | പ്രകാശിച്ചുകൊണ്ടിരിക്കുന്ന | അനനുഗ്രഹാഃ | കൃപയില്ലാത്തവരാണോ |
| യത് ഹി | യാതൊന്നിനെത്തന്നെ | (തേ) | ആയവർ |
| അനു ഏതേ | അനുസരിച്ച്, ഈ | യത് | യാതൊന്നിനെ |
| ത്രയഃ ലോകാഃ | മൂന്നു ലോകങ്ങളും | ന അവ്രജൻ | പ്രാപിച്ചിട്ടില്ല; |
| സർവ്വതഃ | സാർവ്വത്രികമായി | യേ | യാതൊരുത്തർ |
| വിഭ്രാജന്തേ | പ്രകാശിച്ചുകൊണ്ടിരിക്കുന്നു; | അനിശം | എല്ലാനേരത്തും |
| ജന്തുഷു | ജീവികളിൽ | ഭദ്രാണി | നല്ലകാര്യങ്ങളെ |
| | | ചരന്തി | ചെയ്യുന്നുവോ, |
| | | (തേ) | ആയവർമാത്രം |
| | | വ്രജന്തി | അവിടെയെത്തുന്നു. |

37 ശാന്താഃ സമദൃശഃ ശുദ്ധാഃ സർവ്വഭൂതാനുരഞ്ജനാഃ
യാന്ത്യഞ്ജസാച്യുതപദമച്യുതപ്രിയബാന്ധവാഃ

| | | | |
|---|---|---|---|
| ശാന്താഃ | ശമസ്വഭാവമുള്ളവരും | അച്യുതപ്രിയബാന്ധവാഃ | ശ്രീഹരിയാവുന്ന ഇഷ്ടബന്ധുവോടുകൂടിയവരുമായ മഹാത്മാക്കൾ |
| സമദൃശഃ | സമദർശനമുള്ളവരും | അച്യുതപദം | ആ വിഷ്ണുപദത്തിലേക്ക് |
| ശുദ്ധാഃ | സംശുദ്ധിയുള്ളവരും | അഞ്ജസാ | അനായാസേന |
| സർവ്വഭൂതാനുരഞ്ജനാഃ | സർവ്വജീവജാലങ്ങളിലും കനിവുള്ളവരും | യാന്തി | യാനംചെയ്യുന്നു. |

38 ഇത്യുത്താനപദഃ പുത്രോ ധ്രുവഃ കൃഷ്ണപരായണഃ
അഭൂത് ത്രയാണാം ലോകാനാം ചൂഡാമണിരിവാമലഃ

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ത്രയാണാം | മൂന്ന് |
| ഉത്താനപദഃ | ഉത്താനപാദന്റെ | ലോകാനാം | ലോകങ്ങളുടെയും |
| പുത്രഃ | പുത്രനും | അമലഃ | നിർമ്മലമായ |
| കൃഷ്ണപരായണഃ | വിഷ്ണുഭക്തനുമായ | ചൂഡാമണിഃ | ചൂഡാരത്നം |
| ധ്രുവഃ | ധ്രുവൻ | ഇവ അഭൂത് | പോലെയായി. |

39 ഗംഭീരവേഗോƽനിമിഷം ജ്യോതിഷാം ചക്രമാഹിതം
യസ്മിൻ ഭ്രമതി കൗരവ്യ മേഢ്യാമിവ ഗവാം ഗണഃ

| | | | |
|---|---|---|---|
| ഗംഭീരവേഗഃ | അതിവേഗത്തിൽ കുതിച്ചുപായുന്ന | യസ്മിൻ | യാതൊരു ധ്രുവസ്ഥാനത്തെ അധികരിച്ചു് |
| ഗവാം ഗണഃ | കാളകളുടെ കൂട്ടം | ആഹിതം | നിലയുറപ്പിക്കപ്പെട്ട |
| മേഢ്യാം | മെതിക്കുററിയിൽ കെട്ടിയിട്ടു് | ജ്യോതിഷാം ചക്രം | ജ്യോതിർഗ്ഗോളമണ്ഡലം |
| | | അനിമിഷം | ഇടവിടാതെ |
| ഇവ | (വട്ടംചുററുന്ന) പോലെ, | ഭ്രമതി | കറങ്ങിക്കൊണ്ടിരിക്കുന്നു. |
| കൗരവ്യ | അല്ലയോ വിദുരരേ! | | |

40 മഹിമാനം വിലോക്യാസ്യ നാരദോ ഭഗവാനൃഷിഃ
ആതോദ്യം വിതുദൻ ശ്ലോകാൻ സത്രേഽഗായത് പ്രചേതസാം

| | | | |
|---|---|---|---|
| അസ്യ | ഈ ധ്രുവന്റെ | സത്രേ | ബ്രഹ്മസത്രത്തിൽവെച്ചു് |
| മഹിമാനം | മഹിമയെ | ആതോദ്യം | വീണ |
| വിലോക്യ | കണ്ടു്, | വിതുദൻ | വായിച്ചുകൊണ്ടു് |
| ഭഗവാൻ | സർവ്വജ്ഞാനനിധിയായ | | |
| നാരദഃ ഋഷിഃ | ശ്രീനാരദമഹർഷി | ശ്ലോകാൻ | ഏതാനും പദ്യങ്ങളെ |
| പ്രചേതസാം | പ്രചേതസ്സുകളുടെ | അഗായത് | പാടുകയുണ്ടായി |

നാരദമുനി ഭഗവൽകഥാകഥനപ്രസ്താവത്തിലൂടെ ധ്രുവചരിതം അവതരിപ്പിച്ചു് ഗാനംചെയ്ത മൂന്നു ശ്ലോകങ്ങളാണിവ—

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

41 നൂനം സുനീതേഃ പതിദേവതായാ-
സ്തപഃപ്രഭാവസ്യ സുതസ്യ താം ഗതിം
ദൃഷ്ട്വാഭ്യുപായാനപി വേദവാദിനോ
നൈവാധിഗന്തും പ്രഭവന്തി കിം നൃപാഃ

| | | | |
|---|---|---|---|
| പതിദേവതായാഃ | പതിവ്രതാരത്നമായ | അഭ്യുപായാൻ | ഭഗവദ്ധർമ്മങ്ങളെ |
| സുനീതേഃ | സുനീതിയുടെ | ദൃഷ്ട്വാ അപി | ദർശിച്ചിട്ടുപോലും |
| സുതസ്യ | പുത്രനെ സംബന്ധിച്ച | അധിഗന്തും | പ്രാപിക്കുവാൻ |
| തപഃപ്രഭാവസ്യ | തപോവൈഭവത്തിന്റെ | ന പ്രഭവന്തി ഏവ നൂനം | ശക്തരാകുന്നതേ ഇല്ല തീർച്ചതന്നെ; |
| താം ഗതിം | താദൃശഫലത്തെ | നൃപാഃ കിം | രാജാക്കന്മാർ പിന്നെയുണ്ടോ? |
| വേദവാദിനഃ | ബ്രഹ്മജ്ഞന്മാർ | | |

42 യഃ പഞ്ചവർഷോ ഗുരുദാരവാക്ശരൈർ-
ഭിന്നേന യാതോ ഹൃദയേന ദൂയതാ
വനം മദാദേശകരോഽജിതം പ്രഭും
ജിഗായ തദ്ഭക്തഗുണൈഃ പരാജിതം.

| | |
|---|---|
| പഞ്ചവൎഷഃ | അഞ്ചുവയസ്സായ |
| യഃ | യാതൊരു ബാലൻ |
| ഗുരുദാര-വാക്ശരൈഃ | പിതൃപത്നിയുടെ വചനബാണങ്ങളാൽ |
| ഭിന്നേന | പിളൎന്നതും |
| ദൂയതാ | നൊന്തുനീറുന്നതുമായ |
| ഹൃദയേന | ഹൃദയത്തോടെ |
| വനം യാതഃ | കാട്ടിലേക്കുപോയി, |
| മദാദേശ-കരഃ | എന്റെ ഉപദേശത്തെ അനുഷ്ഠിച്ചുകൊണ്ടിരുന്നു |
| അജിതം | ആരാലും ജയിക്കപ്പെട്ടിട്ടില്ലാത്തവനും |
| തദ്ഭക്ത-ഗുണൈഃ | അവിടുത്തെ ഭക്തന്മാരുടെ ഗുണങ്ങളാൽ |
| പരാജിതം | തോല്പിക്കപ്പെട്ടവനുമായ |
| പ്രഭും | ശ്രീവാസുദേവനെ |
| ജിഗായ | ജയിച്ചു. |

43 യഃ ക്ഷത്രബന്ധുൎഭുവി തസ്യാധിരൂഢ-
മന്വാരുരുക്ഷേദപി വൎഷപൂഗൈഃ
ഷട്പഞ്ചവൎഷോ യദഹോഭിരല്പൈഃ
പ്രസാദ്യ വൈകുണ്ഠമവാപ തത്പദം.

| | |
|---|---|
| യഃ ഭുവി | ഏതൊരാൾ ഭൂമിയിൽ |
| ക്ഷത്രബന്ധുഃ | ക്ഷത്രിയനായി പിറന്നിരിക്കുന്നുവോ, അവൻ |
| തസ്യ-അധിരൂഢം | അദ്ദേഹം (ധ്രുവൻ) ആരോഹണംചെയ്ത ഉന്നതസ്ഥാനത്തെ |
| വൎഷപൂഗൈഃ | സഹസ്രാബ്ദങ്ങൾകൊണ്ടുപോലും |
| (തം) അനു | അദ്ദേഹത്തെ അനുസരിച്ച് |
| ആരുരുക്ഷേത്-അപി | ആരോഹണം ചെയ്വാൻ ആഗ്രഹിക്കുന്നതിനുകൂടി കഴിഞ്ഞേക്കുമോ ?— |
| ഷട്പഞ്ചവൎഷഃ | അഞ്ചോ ആറോ വയസ്സുമാത്രംചെന്ന ഒരു കുട്ടി |
| അല്പൈഃ | കുറഞ്ഞ |
| അഹോഭിഃ | ദിവസങ്ങൾകൊണ്ട് |
| വൈകുണ്ഠം | ശ്രീഹരിയെ |
| പ്രസാദ്യ | പ്രസാദിപ്പിച്ച്, |
| യത് തത്പദം | തന്തിരുവടിയുടെ യാതൊരു സ്ഥാനത്തെ |
| അവാപ | പ്രാപിച്ചുവോ, |
| (തത്) | ആയതിനെ— |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

44 ഏതത്തേഽഭിഹിതം സൎവ്വം യത്പൃഷ്ടോഽഹമിഹ ത്വയാ
ധ്രുവസ്യോദ്ദാമയശസശ്ചരിതം സമ്മതം സതാം

| | |
|---|---|
| അഹം ത്വയാ | ഞാൻ അങ്ങയാൽ |
| ഇഹ യത് | ഇവിടെ യാതൊന്ന് |
| പൃഷ്ടഃ | ചോദിക്കപ്പെട്ടുവോ, |
| ഉദ്ദാമയശസഃ | വിപുലകീൎത്തിമാനായ |
| ധ്രുവസ്യ | ധ്രുവന്റെ |
| സതാം സമ്മതം | സജ്ജനസമ്മതമായ |
| ഏതത് ചരിതം | ഈ ആഖ്യാനം |
| തേ | അങ്ങയ്ക്കായി |
| സൎവ്വം | ഈ വിധം മുഴുവനും |
| അഭിഹിതം | ചൊല്ലിത്തരപ്പെട്ടു. |

45 ധന്യം യശസ്യമായുഷ്യം പുണ്യം സ്വസ്ത്യയനം മഹത്
സ്വർഗ്ഗ്യം ധ്രൗവ്യം സൗമനസ്യം പ്രശസ്യമഘമർഷണം

| | | | |
|---|---|---|---|
| മഹത് | മഹത്തായ | സ്വസ്ത്യയനം | ശുഭഹേതുകവും |
| (ഏതത്) | ഇക്കഥ | സ്വർഗ്ഗ്യം | സ്വർഗ്ഗസാധകവും |
| ധന്യം | സമ്പൽകരവും | ധ്രൗവ്യം | ധ്രുവപദപ്രദവും |
| യശസ്യം | കീർത്തികരവും | സൗമനസ്യം | മനഃശുദ്ധികരവും |
| ആയുഷ്യം | ആയുർവർദ്ധകവും | പ്രശസ്യം | പ്രശംസാർഹവും |
| പുണ്യം | പുണ്യജനകവും | അഘമർഷണം | പാപനാശകവുമാകുന്നു. |

46 ശ്രുത്വൈതച്ഛ്രദ്ധയാഭീക്ഷ്ണമച്യുതപ്രിയചേഷ്ടിതം
ഭവേദ്ഭക്തിർഭഗവതി യയാ സ്യാത് ക്ലേശസംക്ഷയഃ.

| | | | |
|---|---|---|---|
| ഏതത് | ഈ | ഭഗവതി | ഭഗവാനിൽ |
| അച്യുതപ്രിയചേഷ്ടിതം | ഭഗവൽപ്രിയഭക്തചരിതത്തെ | ഭക്തിഃ ഭവേത് | ഭക്തിയുണ്ടാകും. |
| അഭീക്ഷ്ണം | ഇടവിടാതെ | യയാ | യാതൊരു ഭക്തിയാൽ |
| ശ്രദ്ധയാ | ശ്രദ്ധയോടുകൂടി | ക്ലേശസംക്ഷയഃ | സംസാരദുഃഖത്തിന്റെ അറുതിയും |
| ശ്രുത്വാ | ശ്രവിച്ചെന്നാൽ | സ്യാത് | സംഭവിക്കും. |

47 മഹത്ത്വമിച്ഛതാം തീർത്ഥം ശ്രോതുഃ ശീലാദയോ ഗുണാഃ
യത്ര തേജസ്തദിച്ഛൂനാം മാനോ യത്ര മനസ്വിനാം.

| | | | |
|---|---|---|---|
| മഹത്ത്വം | മഹത്ത്വത്തെ | തേജഃ | തേജസ്സ് |
| ഇച്ഛതാം | ആഗ്രഹിക്കുന്നവർക്ക് | തദിച്ഛൂനാം | അതിനെ ആഗ്രഹിക്കുന്നവർക്ക് ഉണ്ടാകുന്നതാണ്. |
| തീർത്ഥം | മഹത്ത്വപ്രാപ്തിക്കുള്ള സ്ഥാനമാണിതു്. | | |
| ശ്രോതുഃ | ശ്രോതാവിനു് | യത്ര | യാതൊന്നു ശ്രവിക്കപ്പെട്ടാൽ |
| ശീലാദയഃ | സൗശീല്യാദികളായ | | |
| ഗുണാഃ | ഗുണങ്ങളും ഉണ്ടാകും. | മനസ്വിനാം | ധീരചിത്തന്മാർക്കു് |
| യത്ര | യാതൊന്നു ശ്രവിക്കപ്പെട്ടാൽ | മാനഃ | മാനവും കൈവരും. |

48 പ്രയതഃ കീർത്തയേത്പ്രാതഃ സമവായേ ദ്വിജന്മനാം
സായം ച പുണ്യശ്ലോകസ്യ ധ്രുവസ്യ ചരിതം മഹത്.

| | | | |
|---|---|---|---|
| ദ്വിജന്മനാം | ബ്രാഹ്മണരുടെ | സായം ച | വൈകുന്നേരത്തും |
| സമവായേ | സഭയിൽവെച്ച് | പ്രയതഃ | ശ്രദ്ധാഭക്തിസമന്വിതനായിട്ടു് |
| പ്രാതഃ | രാവിലെയും | | |

| | |
|---|---|
| പുണ്യശ്ലോകസ്യ | പാവനകീർത്തിസമ്പന്നനായ |
| ധ്രുവസ്യ | ധ്രുവന്റെ |
| മഹത് | മാഹാത്മ്യമുള്ള |
| ചരിതം | ചരിത്രത്തെ |
| കീർത്തയേത് | കീർത്തിക്കേണ്ടതാണ്. |

49 പൌർണ്ണമാസ്യാം സിനീവാല്യാം ദ്വാദശ്യാം ശ്രവണേഽഥവാ
ദിനക്ഷയേ വ്യതീപാതേ സംക്രമേഽർക്കദിനേഽപി വാ

50 ശ്രാവയേച്ഛ്രദ്ദധാനാനാം തീർത്ഥപാദപദാശ്രയഃ
നേച്ഛംസ്തത്രാത്മനാത്മാനം സന്തുഷ്ട ഇതി സിദ്ധ്യതി.

| | |
|---|---|
| പൌർണ്ണമാസ്യാം | വെളുത്തവാവിലോ, |
| സിനീവാല്യാം | 'പൂർവ്വാമാവാസ്യ'യായി വരുന്ന കറുത്തവാവിൻ നാളിലോ, |
| ദ്വാദശ്യാം | ദ്വാദശിയിങ്കലോ, |
| ശ്രവണേ | തിരുവോണത്തിൻ നാളിലോ, |
| അഥവാ | അല്ലെങ്കിൽ |
| ദിനക്ഷയേ | പകലറുതിയിങ്കലോ, |
| വ്യതീപാതേ | വ്യതീപാതകാലത്തിങ്കലോ, (തിങ്കളാഴ്ചയും പൌർണ്ണമിയും ഒന്നിക്കുന്ന ദിവസം) |
| സംക്രമേ | സൂര്യൻ രാശിപകരുന്ന ദിവസത്തിലോ, |
| അർക്കദിനേ അപി വാ | ഞായറാഴ്ചയിലെങ്കിലുമോ |
| തീർത്ഥപാദ-പദാശ്രയഃ | ഭഗവൽപാദങ്ങൾ മാത്രം ആശ്രയമെന്നു കരുതിക്കൊണ്ട് |
| ശ്രദ്ദധാനാനാം | ശ്രദ്ധാലുക്കൾക്ക് |
| ശ്രാവയേത് | കേൾപ്പിച്ചുകൊള്ളണം. |
| തത്ര | അതിൽ |
| നേച്ഛൻ | ഫലേച്ഛകൊള്ളാതെ |
| ആത്മനാ | തന്നാൽ |
| ആത്മാനം | തന്നെക്കുറിച്ച് |
| സന്തുഷ്ടഃ | സംതൃപ്തൻ |
| ഇതി | എന്നിങ്ങനെ വന്നാൽ |
| സിദ്ധ്യതി | അവൻ സിദ്ധനായി ഭവിക്കുന്നു. |

51 ജ്ഞാനമജ്ഞാതതത്ത്വായ യോ ദദ്യാത് സത്പഥേഽമൃതം
കൃപാലോർദ്ദീനനാഥസ്യ ദേവാസ്തസ്യാനുഗൃഹ്ണതേ.

| | |
|---|---|
| യഃ | യാതൊരാൾ |
| അജ്ഞാത-തത്ത്വായ | തത്ത്വം ഗ്രഹിച്ചിട്ടില്ലാത്ത മറ്റൊരുവന്ന് |
| സത്പഥേ | സന്മാർഗ്ഗവിഷയത്തിങ്കൽ |
| അമൃതം | അനശ്വരമായ |
| ജ്ഞാനം | അറിവിനെ |
| ദദ്യാത് | ദാനംചെയ്യുന്നുവോ, |
| കൃപാലോഃ | കാരുണികനും |
| ദീനനാഥസ്യ | ദീനരക്ഷകനുമായ |
| തസ്യ | ആയാൾക്ക് |
| ദേവാഃ | ദേവകൾ |
| അനുഗൃഹ്ണതേ | അനുഗ്രഹമരുളുന്നു. |

52 ഇദം മയാ തേഽഭിഹിതം കുരൂദ്വഹ
ധ്രുവസ്യ വിഖ്യാതവിശുദ്ധകർമ്മണഃ
ഹിത്വാർഭകഃ ക്രീഡനകാനി മാതുർ-
ഗൃഹം ച വിഷ്ണും ശരണം യോ ജഗാമ-

| | |
|---|---|
| കുരൂദ്വഹ | ഹേ കുരുവംശോത്തമ ! |
| യഃ അർഭകഃ | യാതൊരു ബാലൻ |
| ക്രീഡനകാനി | കളിസ്സാമാനങ്ങളേയും |
| മാതുഃ | അമ്മയുടെ |
| ഗൃഹം ച | ഗൃഹത്തേയും |
| ഹിത്വാ | ഉപേക്ഷിച്ചു്, |
| വിഷ്ണും | വിഷ്ണുഭഗവാനെ |
| ശരണം ജഗാമ | ശരണംപ്രാപിച്ചുവോ, |
| വിഖ്യാത-വിശുദ്ധ-കർമ്മണഃ | പ്രശസ്തവും പവിത്രവുമായ കർമ്മത്തോടുകൂടി വർത്തിച്ച |
| ധ്രുവസ്യ | ആ ധ്രുവന്റെ |
| ഇദം | ഈ സൽകഥ |
| മയാ തേ | എന്നാൽ അങ്ങേയ്ക്കു് |
| അഭിഹിതം | പറഞ്ഞുതരപ്പെട്ടു |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ധ്രുവചരിതം നാമ ദ്വാദശോऽധ്യായഃ ആദിതഃ ശ്ലോകാഃ 566.

നാലാമത്തെ സ്കന്ധത്തിൽ പന്ത്രണ്ടാമദ്ധ്യായം കഴിഞ്ഞു.

# ത്രയോദശോऽധ്യായഃ — അദ്ധ്യായം പതിമൂന്നു്.

## പൃഥുചരിതോപക്രമം—അംഗന്റെ ഗൃഹത്യാഗം

"ഏവം പഞ്ചഭിരധ്യായൈർധ്രുവചര്യാ നിരൂപിതാ
അഥൈകാദശഭിശ്ചിത്രം പൃഥുചാരിത്രമുച്യതേ
തത്ര ത്രയോദശേ വക്തും പൃഥോർജന്മ ധ്രുവാന്വയേ
അംഗോ വേനപിതാ പുത്രക്രൗര്യാദ്ഗത ഇതീര്യതേ"

കഴിഞ്ഞ അഞ്ചു് അധ്യായങ്ങൾകൊണ്ടു് ധ്രുവചരിതം വർണ്ണിച്ചുകഴിഞ്ഞു. ഇനി 11 അധ്യായങ്ങളാൽ പൃഥുചക്രവർത്തിയുടെ അദ്ഭുതകഥ വർണ്ണിപ്പാൻ പോകുന്നു.

ധ്രുവന്റെ വംശത്തിൽ ജനിച്ച അംഗൻ എന്ന മഹാരാജാവു് സ്വപുത്രനായ വേനന്റെ ക്രൂരതകാരണം രാജ്യംവിട്ടുപോകാൻ ഇടവന്നതു് ഈ പതിമൂന്നാമധ്യായത്തിൽ പറയുന്നു. പൃഥുവിന്റെ ജന്മകഥയ്ക്കുള്ള ഉപക്രമമാണിതു്.

സൂത ഉവാച = സൂതൻ (ശൗനകാദികളോടു്) പറഞ്ഞു :

1 നിശമ്യ കൗഷാരവിണോപവർണിതം
ധ്രുവസ്യ വൈകുണ്ഠപദാധിരോഹണം
പ്രരൂഢഭാവോ ഭഗവത്യധോക്ഷജേ
പ്രഷ്ടും പുനസ്തം വിദുരഃ പ്രചക്രമേ.

| | | | |
|---|---|---|---|
| കൗഷാരവിണാ | മൈത്രേയമുനിയാൽ | അധോക്ഷജേ | ശ്രീകൃഷ്ണപരമാത്മാവിൽ |
| ഉപവർണ്ണിതം | വിസ്തരിച്ചു പറയപ്പെട്ട | പ്രരൂഢഭാവഃ | ഭക്തിയുറച്ച |
| ധ്രുവസ്യ | ധ്രുവന്റെ | വിദുരഃ | വിദുരർ |
| വൈകുണ്ഠപദാധിരോഹണം | വിഷ്ണുപദത്തിലേക്കുള്ള ആരോഹണത്തെ | തം | അദ്ദേഹത്തോട് |
| നിശമ്യ | കേട്ടിട്ട് | പുനഃ പ്രഷ്ടും | വീണ്ടും ചോദിക്കുവാൻ |
| ഭഗവതി | ഭഗവാനായ | പ്രചക്രമേ | ആരംഭിച്ചു. |

വിദുര ഉവാച = വിദുരർ പറഞ്ഞു :

2 കേ തേ പ്രചേതസോ നാമ കസ്യാപത്യാനി സുവ്രത
കസ്യാന്വവായേ പ്രഖ്യാതാഃ കുത്ര വാ സത്രമാസത.

| | | | |
|---|---|---|---|
| സുവ്രത | ഹേ ശുദ്ധചരിത ! | കസ്യ | ആരുടെ |
| പ്രചേതസഃ | പ്രചേതസ്സുകൾ | അന്വവായേ | വംശത്തിൽ |
| നാമ തേ | എന്നു പേരുള്ള അവർ | പ്രഖ്യാതാഃ | ഖ്യാതിനേടിയവരാണ് ? |
| കേ | ആരാണ് ? | | |
| കസ്യ | ആരുടെ | കുത്ര വാ | എവിടെവെച്ച് |
| അപത്യാനി | പുത്രന്മാരാണ് ? | സത്രം ആസത | സത്രം നടത്തി ? |

ശ്രീനാരദൻ പ്രചേതസ്സുകളുടെ സത്രസഭയിൽവെച്ച് കഥാപ്രവചനം നടത്തിയെന്ന് പൂർവ്വാദ്ധ്യായത്തിൽ പറയുകയുണ്ടായി. അപ്പോഴാണ് ഋഷി ധ്രുവന്റെ മാഹാത്മ്യം പരാമർശിച്ചത്. വിദുരർ അതനുസ്മരിച്ച് നാരദൻ അവിടെ വേറെയും പറഞ്ഞ ഭഗവൽകഥകൾ ഏതെല്ലാമാണെന്ന് അറിവാൻ ആഗ്രഹിച്ചുകൊണ്ട് ആ ദേവർഷിയുടെ മഹിമയെ പരാമർശിച്ചു പറയുന്നു.

3 മന്യേ മഹാഭാഗവതം നാരദം ദേവദർശനം
യേന പ്രോക്തഃ ക്രിയായോഗഃ പരിചര്യാവിധിർഹരേഃ

| | | | |
|---|---|---|---|
| യേന | യാതൊരാളാൽ | പ്രോക്തഃ | രചിക്കപ്പെട്ടുവോ, |
| ഹരേഃ | ശ്രീഹരിയുടെ | (തം) നാരദം | ആ നാരദമുനിയെ |
| പരിചര്യാവിധിഃ | സമാരാധനാനുഷ്ഠാനപദ്ധതിയെ പ്രതിപാദിക്കുന്ന | ദേവദർശനം | സർവ്വേശ്വരസാക്ഷാൽകാരം സിദ്ധിച്ച |
| | | മഹാഭാഗവതം | പരമഭക്തനായിട്ട് |
| ക്രിയായോഗഃ | വിശിഷ്ട കർമ്മയോഗം (നാരദപഞ്ചരാത്രം) | മന്യേ | ഞാൻ കരുതുന്നു. |

4 സ്വധർമ്മശീലൈഃ പുരുഷൈർഭഗവാൻ യജ്ഞപൂരുഷഃ
ഇജ്യമാനോ ഭക്തിമതാ നാരദേനേരിതഃ കില

| | | | |
|---|---|---|---|
| യജ്ഞപൂരുഷഃ | യജ്ഞമൂർത്തിയായ | ഇജ്യമാനഃ | ആരാധിക്കപ്പെടുന്നതായി |
| ഭഗവാൻ | വിഷ്ണുഭഗവാൻ | ഭക്തിമതാ | ഭക്തിയോഗജ്ഞനായ |
| സ്വധർമ്മശീലൈഃ | സ്വധർമ്മാനുഷ്ഠാനനിരതരായ | നാരദേന | നാരദമുനിയാൽ |
| പുരുഷൈഃ | ആ ജനങ്ങളാൽ (പ്രചേതസ്സുകളാൽ) | ഈരിതഃ കില | പ്രസ്താവിക്കപ്പെട്ടുവല്ലോ. |

5 യാസ്താ ദേവർഷിണാ തത്ര വർണ്ണിതാ ഭഗവത്കഥാഃ
മഹ്യം ശുശ്രൂഷവേ ബ്രഹ്മൻ കാർത്സ്ന്യേനാചഷ്ടുമർഹസി.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ ! | താഃ | അവയെ |
| തത്ര | അവിടെവെച്ചു് | ശുശ്രൂഷവേ | കേൾക്കാൻ ആഗ്രഹിക്കുന്ന |
| ദേവർഷിണാ | ശ്രീനാരദനാൽ | മഹ്യം | എനിക്കായിക്കൊണ്ടു് |
| യാഃ | ഏതെല്ലാം | കാർത്സ്ന്യേന | മുഴുവനും |
| ഭഗവത്കഥാഃ | ഭഗവൽകഥകൾ | ആചഷ്ടും | പറഞ്ഞുതരുവാൻ |
| വർണ്ണിതാഃ | വർണ്ണിക്കപ്പെട്ടുകയുണ്ടായോ, | അർഹസി | അർഹിക്കുന്നു. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

ധ്രുവന്റെ വംശത്തിലാണു് അവർ ജനിച്ചതെന്നു് പറയുവാൻവേണ്ടി ധ്രുവന്റെ വംശക്രമം കാണിക്കുന്നു.

6 ധ്രുവസ്യ ചോത്കലഃ പുത്രഃ പിതരി പ്രസ്ഥിതേ വനം
സാർവ്വഭൗമശ്രിയം നൈച്ഛദധിരാജാസനം പിതുഃ

| | | | |
|---|---|---|---|
| ധ്രുവസ്യ | ധ്രുവന്റെ | പിതുഃ | അച്ഛന്റെ |
| പുത്രഃ | പുത്രനായ | സാർവ്വഭൗമശ്രിയം | സാമ്രാജ്യലക്ഷ്മിയേയും |
| ഉത്കലഃ | ഉത്കലൻ | | |
| പിതരി | അച്ഛൻ | | |
| വനം | തപോവനത്തിലേക്കു് | അധിരാജാസനം | അധിരാജപദവിയേയും |
| പ്രസ്ഥിതേ ച | പോയതിൽപ്പിന്നെ | ന ഐച്ഛത് | ഇച്ഛിച്ചില്ല. |

ഇച്ഛിക്കാതെയിരിക്കുവാനുള്ള കാരണം താഴെ നാലു ശ്ലോകംകൊണ്ടു് പറയുന്നു.

7 സ ജന്മനോപശാന്താത്മാ നിഃസംഗഃ സമദർശനഃ
ദദർശ ലോകേ വിതതമാത്മാനം ലോകമാത്മനി

| | | | |
|---|---|---|---|
| ജന്മനാ | ജനനാൽത്തന്നെ | സമദർശനഃ | സമദർശിയും ആയിരുന്ന |
| ഉപശാന്താത്മാ | ഉള്ളൊതുക്കമുള്ളവനും | സഃ | അദ്ദേഹം |
| നിഃസംഗഃ | അനാസക്തനും | ലോകേ | ബാഹ്യപ്രപഞ്ചത്തിൽ |

| | | | |
|---|---|---|---|
| വിതതം | വ്യാപിച്ചിരിക്കുന്ന | വിതതം | (മായാകല്പിതമായി)വ്യാപിച്ചിരിക്കുന്ന |
| ആത്മാനം | ആത്മസ്വരൂപത്തേയും | ലോകം | ബാഹ്യപ്രപഞ്ചത്തേയും |
| ആത്മനി | ആത്മസ്വരൂപത്തിൽ | ദദൎശ | ദൎശിച്ചു. |

8 ആത്മാനം ബ്രഹ്മനിർവ്വാണം പ്രത്യസ്തമിതവിഗ്രഹം
അവബോധരസൈകാത്മ്യ മാനന്ദമനുസന്തതം

9 അവ്യവച്ഛിന്നയോഗാഗ്നിദഗ്ദ്ധകൎമ്മമലാശയഃ
സ്വരൂപമവരുന്ധാനോ നാത്മനോഽന്യം തദൈക്ഷത.

| | | | |
|---|---|---|---|
| നിർവ്വാണം | പ്രശാന്തവും | ആത്മാനം | താനായിട്ട് (പ്രത്യഗാത്മാവായിട്ട്) |
| പ്രത്യസ്തമിത–വിഗ്രഹം | പ്രശമിതമായ ഭേദാവസ്ഥിതിയുള്ളതും | അവരുന്ധാനഃ | അനുഭവപ്പെട്ടുകൊണ്ട് |
| അവബോധ–രസൈകാത്മ്യം | കേവലജ്ഞാനരസസ്വരൂപവും | അവ്യവച്ഛിന്ന–യോഗാഗ്നി–ദഗ്ദ്ധകൎമ്മ–മലാശയഃ | നിരന്തരമായ യോഗസാധനയാവുന്ന അഗ്നിയിൽ എരിഞ്ഞുപോയ കൎമ്മമാലിന്യത്തോടും വാസനയോടും കൂടിയവനായി ഭവിച്ച്, |
| ആനന്ദം | ആനന്ദമയവും | തദാ | അങ്ങനെയായപ്പോൾ |
| അനുസന്തതം | അനുസ്യൂതമായി നിലകൊള്ളുന്നതും ആയ | ആത്മനഃ | തന്നിൽനിന്ന് |
| ബ്രഹ്മ | ബ്രഹ്മത്തെ–സൎവ്വവ്യാപ്തമായ ചൈതന്യത്തെ | അന്യം | അന്യമായി ഒന്നിനേയും |
| സ്വരൂപം | സ്വരൂപീഭവിച്ച | ന ഐക്ഷത | കാണാതെയായി. |

10 ജഡാന്ധബധിരോന്മത്തമൂകാകൃതിരതന്മതിഃ
ലക്ഷിതഃ പഥി ബാലാനാം പ്രശാന്താൎച്ചിരിവാനലഃ

| | | | |
|---|---|---|---|
| ജഡാന്ധ–ബധിരോന്മത്ത–മൂകാകൃതിഃ | ഒരു ഭോഷന്റെയോ, കുരുടന്റെയോ, ചെകിടന്റെയോ, ഭ്രാന്തന്റെയോ, ഊമയുടേയോ മാതിരി വേഷം ചമഞ്ഞുകൊണ്ട്, | പ്രശാന്താൎച്ചിഃ | ജ്വാലയടങ്ങിയ |
| | | അനലഃ ഇവ | അഗ്നിപോലെ |
| | | പഥി | പെരുവഴിയിൽ |
| | | ബാലാനാം | കുട്ടികളുടെ ഇടയിൽ |
| അതന്മതിഃ | അവരുടെ ബുദ്ധിചേരാത്തവനായ അദ്ദേഹം | ലക്ഷിതഃ | കാണപ്പെട്ടിരുന്നു. |

11 മത്വാ തം ജഡമുന്മത്തം കുലവൃദ്ധാഃ സമന്ത്രിണഃ
വത്സരം ഭൂപതിം ചക്രുര്യവീയാംസം ഭ്രമേഃ സുതം

| | | | |
|---|---|---|---|
| തം | അദ്ദേഹത്തെ | ഉന്മത്തം | ഭ്രാന്തനെന്നും |
| ജഡം | ഭോഷനെന്നും | മത്വാ | കരുതിയിട്ട് |

| | | | |
|---|---|---|---|
| കുലവൃദ്ധാഃ | നാട്ടിലെ കുടുംബത്തലവന്മാർ | യവീയാംസം | ഇളയ |
| | | സുതം | പുത്രനായ |
| സമന്ത്രിണഃ | മന്ത്രിമാരോടുകൂടി | വത്സരം | വത്സരനെ |
| ഭൂമേഃ | ഭൂമിയുടെ | ഭൂപതിം ചക്രുഃ | രാജാവാക്കിവാഴിച്ചു. |

12 സ്വർവീഥിർവത്സരസ്യേഷ്ടാ ഭാര്യാऽസൂത ഷഡാത്മജാൻ
പുഷ്പാർണം തിഗ്മകേതും ച ഇഷമൂർജം വസും ജയം.

| | | | |
|---|---|---|---|
| വത്സരസ്യ | വത്സരന്റെ | ഊർജം | ഊർജനെന്നും |
| ഇഷ്ടാ ഭാര്യാ | പ്രിയപത്നിയായ | വസും | വസുവെന്നും |
| സ്വർവീഥിഃ | സ്വർവീഥിയെന്നവൾ | ജയം ച | ജയനെന്നും |
| പുഷ്പാർണം | പുഷ്പാർണനെന്നും | ഷട് | ആറ് |
| തിഗ്മകേതും | തിഗ്മകേതുവെന്നും | ആത്മജാൻ | പുത്രന്മാരെ |
| ഇഷം | ഇഷനെന്നും | അസൂത | പ്രസവിച്ചു. |

13 പുഷ്പാർണസ്യ പ്രഭാ ഭാര്യാ ദോഷാ ച ദ്വേ ബഭൂവതുഃ
പ്രാതർമധ്യന്ദിനം സായമിതി ഹ്യാസൻ പ്രഭാസുതാഃ

| | | | |
|---|---|---|---|
| പുഷ്പാർണസ്യ | പുഷ്പാർണന്ന് | മധ്യന്ദിനം | മധ്യന്ദിനം, |
| ഭാര്യാ | ഭാര്യയായിട്ട് | സായം | സായം |
| പ്രഭാ | പ്രഭയെന്നും | ഇതി ഹി | എന്നീ ത്രിസന്ധ്യാമൂർത്തികൾ |
| ദോഷാ ച | ദോഷയെന്നും | | |
| ദ്വേ | രണ്ടുപേർ | പ്രഭാസുതാഃ | പ്രഭയുടെ പുത്രന്മാരായിട്ട് |
| ബഭൂവതുഃ | ഉണ്ടായിരുന്നു. | | |
| പ്രാതഃ | പ്രാതർ, | ആസൻ | ഉണ്ടായി. |

14 പ്രദോഷോ നിശിഥോ വ്യുഷ്ട ഇതി ദോഷാസുതാസ്ത്രയഃ
വ്യുഷ്ടഃ സുതം പുഷ്കരിണ്യാം സർവതേജസമാദധേ

| | | | |
|---|---|---|---|
| പ്രദോഷഃ | പ്രദോഷൻ, | ത്രയഃ | മൂന്നുപേർ. |
| നിശിഥഃ | നിശീഥൻ, | വ്യുഷ്ടഃ | വ്യുഷ്ടൻ |
| വ്യുഷ്ടഃ | വ്യുഷ്ടൻ | പുഷ്കരിണ്യാം | പുഷ്കരിണിയിൽ |
| ഇതി | എന്നിങ്ങനെ | സർവതേജസം | സർവതേജസ്സെന്ന |
| ദോഷാസുതാഃ | ദോഷയുടെ മക്കൾ | സുതം ആദധേ | പുത്രനെ ജനിപ്പിച്ചു. |

15 സ ചക്ഷുഃ സുതമാകൂത്യാം പത്ന്യാം മനുമവാപ ഹ
മനോരസൂത മഹിഷീ വിരജാൻ നഡ്വലാ സുതാൻ

16 പുരും കുത്സം ത്രിതം ദ്യുമ്നം സത്യവന്തമൃതം വ്രതം
അഗ്നിഷ്ഠോമമതീരാത്രം പ്രദ്യുമ്നം ശിബിമുല്മുകം.

| | | | |
|---|---|---|---|
| സഃ | അദ്ദേഹം (സവ്വതേജസ്സ്) | അവാപ ഹ | ലഭിച്ചപ്പോൽ. |
| ആകൂത്യാം | ആകൂതിയെന്ന | മനോഃ | മനുവിന്റെ |
| പത്ന്യാം | ഭാൎയ്യയിൽ | മഹിഷീ | രാജ്ഞിയായ |
| ചക്ഷുഃ | ചക്ഷുസ്സ് എന്നു പേരായ | നഡ്വലാ | നഡ്വലയെന്നവൾ |
| മനും | മനുവിനെ | വിരജാൻ | വിശുദ്ധരായ |
| സുതം | പുത്രനായി | സുതാൻ | (12) പുത്രന്മാരെ |
| | | അസൂത | പ്രസവിച്ചു. |

അവരുടെ പേരുകൾ:— പുരു, കുത്സൻ, ത്രിതൻ, ദ്യുമ്നൻ, സത്യവാൻ, ഋതൻ, വ്രതൻ, അഗ്നിഷ്ടോമൻ, അതീരാത്രൻ, പ്രദ്യുമ്നൻ, ശിബി, ഉല്മുകൻ.

17 ഉല്മുകോഽജനയത് പുത്രാൻ പുഷ്കരിണ്യാം ഷഡുത്തമാൻ
അങ്ഗം സുമനസം ഖ്യാതിം ക്രതുമംഗിരസം ഗയം.

| | | | |
|---|---|---|---|
| ഉല്മുകഃ | ഉല്മുകൻ | ഉത്തമാൻ | ശ്രേഷ്ഠരായ |
| പുഷ്കരിണ്യാം | പുഷ്കരിണിയെന്ന ഭാൎയ്യയിൽ | ഷട്പുത്രാൻ | ആറുപുത്രന്മാരെ |
| | | അജനയത് | ജനിപ്പിച്ചു. |

അവരുടെ പേരുകൾ:= അങ്ഗൻ, സുമനസ്സ്, ഖ്യാതി, ക്രതു, അംഗിരസ്സ്, ഗയൻ.

18 സുനീഥാങ്ഗസ്യ യാ പത്നീ സുഷുവേ വേനമുല്ബണം
യദ്ദൗഃശീല്യാത് സ രാജൎഷിൎന്നിൎവ്വിണ്ണോ നിരഗാത് പുരാത്.

| | | | |
|---|---|---|---|
| അങ്ഗസ്യ | അങ്ഗന്റെ | യദ്ദൗഃശീല്യാത് | ഇവന്റെ ദുഷ്ടസ്വഭാവം നിമിത്തം |
| പത്നീ | ഭാൎയ്യയായ | സഃ രാജൎഷിഃ | ആ ഋഷിതുല്യനായ രാജാവു് |
| സുനീഥാ യാ | സുനീഥയെന്നവൾ | നിൎവ്വിണ്ണഃ | വിരക്തനായി |
| ഉല്ബണം | കൊട്ടംക്രൂരനായ | പുരാത് | അരമനവിട്ടു് |
| വേനം | വേനനെ | നിരഗാത് | ഇറങ്ങിപ്പോയി |
| സുഷുവേ | പ്രസവിച്ചു | | |

19 യമംഗ ശേപുഃ കുപിതാ വാഗവജ്രാ മുനയഃ കില
ഗതാസോസ്തസ്യ ഭൂയസ്തേ മമന്ഥുൎദ്ദക്ഷിണം കരം

| | | | |
|---|---|---|---|
| അംഗ | ഹേ വിദുര! | ഗതാസോഃ | അങ്ങനെ ഗതപ്രാണനായ |
| യം | യാതൊരു ഈ വേനനെ | തസ്യ | അവന്റെ |
| കുപിതാഃ | കോപംകൊണ്ടവരും | ദക്ഷിണം | വലത്തെ |
| വാഗവജ്രാഃ | വാക്കാവുന്ന വാജ്രായുധത്തോടുകൂടിയവരുമായ | കരം | കരത്തെ |
| മുനയഃ | ഋഷിമാർ | തേ ഭൂയഃ | അവർ വീണ്ടും |
| ശേപുഃ കില | ശപിച്ചപ്പോൽ | മമന്ഥുഃ | കടഞ്ഞു. |

അതിന്റെ കാരണം പറയുന്നു.

20 അരാജകേ തദാ ലോകേ ദസ്യുഭിഃ പീഡിതാഃ പ്രജാഃ
ജാതോ നാരായണാംശേന പൃഥുരാദ്യഃ ക്ഷിതീശ്വരഃ

| | | | |
|---|---|---|---|
| അരാജകേ | രാജാവില്ലാതെയായ | നാരായണാംശേന | വിഷ്ണുഭഗവാന്റെ അംശാവതാരമായിട്ട് |
| ലോകേ | ലോകത്തിൽ | പൃഥു | പൃഥുവെന്ന |
| പ്രജാഃ | ജനങ്ങൾ | ആദ്യഃ | ആദിമനായ * |
| ദസ്യുഭിഃ | കൊള്ളക്കാരാൽ | ക്ഷിതീശ്വരഃ | ചക്രവർത്തി |
| പീഡിതാഃ | ദ്രോഹിക്കപ്പെട്ടവരായി. | ജാതഃ | സംജാതനായി |
| തദാ | ആ ഘട്ടത്തിൽ | | |

* പുരഗ്രാമാദികൾ സ്ഥാപിച്ച് ലോകത്തിൽ സുഖവും സുഭിക്ഷതയും കൈവരുത്തിയ ചക്രവർത്തിമാരിൽ ആദിമൻ.

വിദുര ഉവാച = വിദുരർ പറഞ്ഞു—

21 തസ്യ ശീലനിധേഃ സാധോർ ബ്രഹ്മണ്യസ്യ മഹാത്മനഃ
രാജ്ഞഃ കഥമഭൂദ്ദുഷ്ടാ പ്രജാ യദ് വിമനാ യയൗ.

| | | | |
|---|---|---|---|
| ശീലനിധേഃ | സൽസ്വഭാവ സമ്പന്നനും | ദുഷ്ടാ പ്രജാ | ദുഷിച്ച സന്താനം |
| സാധോഃ | സദ്വൃത്തനും | കഥം അഭൂത് | എങ്ങനെ ജനിച്ചു. |
| ബ്രഹ്മണ്യസ്യ | ബ്രാഹ്മണഭക്തനും | യത് | യാതൊരു കാരണത്താൽ |
| മഹാത്മനഃ | മഹാമനസ്കനുമായ | വിമനാഃ | മനസ്സുമടുത്തിട്ട് |
| തസ്യ രാജ്ഞഃ | ആ രാജാവിന് | യയൗ | ഇറങ്ങിപ്പോയല്ലോ. |

22 കിം വാംഹോ വേന ഉദ്ദിശ്യ ബ്രഹ്മദണ്ഡമയൂയുജൻ
ദണ്ഡവ്രതധരേ രാജ്ഞി മുനയോ ധർമ്മകോവിദാഃ

| | | | |
|---|---|---|---|
| ധർമ്മകോവിദാഃ | ധർമ്മതത്ത്വസ്വരൂപം നന്നായറിയുന്ന | രാജ്ഞി | രാജാവായ |
| മുനയഃ | ഋഷിമാർ | വേനേ | വേനനിൽ |
| ദണ്ഡവ്രതധരേ | ദുഷ്ടരെ അമർച്ചചെയ്തു പ്രജാപാലനം ചെയ്വാൻ ബദ്ധശ്രദ്ധനായ | കിംവാ അംഹഃ | എന്തപരാധത്തെ |
| | | ഉദ്ദിശ്യ | ലക്ഷ്യമാക്കി |
| | | ബ്രഹ്മദണ്ഡം | ബ്രഹ്മശാപദണ്ഡനം |
| | | അയൂയുജൻ | ചുമത്തി ? |

ഋഷിമാർ വേനനെ ശപിച്ചതു് അധർമ്മമല്ലേ എന്നാശങ്കിച്ചു പറയുന്നു.

23 നാവധ്യേയഃ പ്രജാപാലഃ പ്രജാഭിരഘവാനപി
യദസൗ ലോകപാലാനാം ബിഭർത്ത്യോജഃ സ്വതേജസാ

| | |
|---|---|
| പ്രജാപാലഃ | രാജാവു് |
| അഘവാൻ അപി | പിഴചെയ്തവനായാൽ കൂടിയും |
| പ്രജാഭിഃ | പ്രജകളാൽ |
| ന അവധ്യേയഃ | അവഹേളിക്കപ്പെട്ടുകൂടാ. |

| | |
|---|---|
| യത് | എന്തുകൊണ്ടെന്നാൽ |
| അസൗ | ഇയ്യാൾ |
| സ്വതേജസാ | സ്വകീയതേജസ്സാൽ |
| ലോകപാലാനാം | ദിക്പാലന്മാരുടെ |
| ഓജഃ | വൈഭവത്തെ |
| ബിഭർത്തി | ഏന്തിനില്ക്കുന്നു. |

24 ഏതദാഖ്യാഹി മേ ബ്രഹ്മൻ സുനീഥാത്മജചേഷ്ടിതം
ശ്രദ്ദധാനായ ഭക്തായ ത്വം പരാവരവിത്തമഃ

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞരേ ! |
| ശ്രദ്ദധാനായ | ശ്രദ്ധാലുവായ |
| ഭക്തായ | ഭക്തനായിരിക്കുന്ന |
| മേ | എനിക്കു് |
| ഏതത് | ഈ |

| | |
|---|---|
| സുനീഥാത്മജചേഷ്ടിതം | സുനീഥാപുത്രനായ വേനന്റെ ചരിതം |
| ആഖ്യാഹി | വിസ്തരിച്ചുതരണം |
| ത്വം | അങ്ങുന്നു് |
| പരാവരവിത്തമഃ | മേലും കീഴുമെല്ലാം അറിയുന്ന ആളാണു്. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

സ്വാഭാവികമായി പുത്രനുണ്ടാവാത്ത സാഹചര്യത്തിൽ, കാമ്യകർമ്മങ്ങൾ വഴിക്കു് സ്വപൗരുഷത്താൽ നേടിയെടുത്ത പുത്രൻ നന്നാകയില്ലെന്നു് സൂചിപ്പിച്ചുകൊണ്ടു് അംഗരാജാവിന്റെ പുത്രോത്പത്തിവിക്രമത്തെ പറഞ്ഞു തുടങ്ങുന്നു.

25 അംഗോഽശ്വമേധം രാജർഷിരാജഹാര മഹാക്രതും
നാജഗ്മുർദേവതാസ്തസ്മിന്നാഹൂതാ ബ്രഹ്മവാദിഭിഃ.

| | |
|---|---|
| രാജർഷിഃ | രാജർഷിയായ |
| അംഗഃ | അംഗൻ |
| അശ്വമേധം | അശ്വമേധമെന്ന |
| മഹാക്രതും | മഹായാഗത്തെ |
| ആജഹാര | ചെയ്തു. |

| | |
|---|---|
| തസ്മിൻ | അതിൽ |
| ദേവതാഃ | ദേവന്മാർ |
| ബ്രഹ്മവാദിഭിഃ | വേദവാദികളായ ബ്രാഹ്മണന്മാരാൽ |
| ആഹൂതാഃ | ആമന്ത്രിതരായിട്ടുപോലും |
| ന ആജഗ്മുഃ | വന്നില്ല. |

26 തമൂചുർവിസ്മിതാസ്തത്ര യജമാനമഥർത്വിജഃ
ഹവീംഷി ഹൂയമാനാനി ന തേ ഗൃഹ്ണന്തി ദേവതാഃ

| | |
|---|---|
| അഥ തത്ര | പിന്നെ, അതിൽ |
| വിസ്മിതാഃ | അദ്ഭുതം തോന്നിയ |
| ഋത്വിജഃ | ഋത്വിക്കുകൾ |
| യജമാനം | യാഗംകഴിക്കുന്ന |
| തം | അദ്ദേഹത്തോടു് |
| ഊചുഃ | പറഞ്ഞു— |

| | |
|---|---|
| ദേവതാഃ | "ദേവന്മാർ |
| ഹൂയമാനാനി | ഹോമിക്കപ്പെടുന്ന |
| തേ | അങ്ങയുടെ |
| ഹവീംഷി | ഹവിസ്സുകളെ |
| ന ഗൃഹ്ണന്തി | സ്വീകരിക്കുന്നില്ല. |

27 രാജൻ ഹവീംഷ്യദുഷ്ടാനി ശ്രദ്ധയാഽസാദിതാനി തേ
ഛന്ദാംസ്യയാതയാമാനി യോജിതാനി ധൃതവ്രതൈഃ

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | അയാതയാമാനി | സ്വരവർണ്ണങ്ങൾക്കു പിഴ വരാതെ ചൊല്ലുകയാൽ വീര്യം വിട്ടുപോയിട്ടില്ലാത്തവയും |
| തേ ഹവീംഷി | അങ്ങയുടെ ഹവിസ്സുകൾ | ധൃതവ്രതൈഃ | വ്രതംകൊണ്ടിരിക്കുന്നവരാൽ |
| ശ്രദ്ധയാ | ശ്രദ്ധയോടെ | യോജിതാനി | പ്രയോഗിക്കപ്പെട്ടവയുമാണ്. |
| അസാദിതാനി | തയ്യാറാക്കപ്പെട്ടവയും | | |
| അദുഷ്ടാനി | ദോഷം തട്ടാത്തവയുമാണ് | | |
| ഛന്ദാംസി | വേദമന്ത്രങ്ങൾ | | |

28 ന വിദാമേഹ ദേവാനാം ഹേലനം വയമണ്വപി
യന്ന ഗൃഹ്ണന്തി ഭാഗാൻ സ്വാൻ യേ ദേവാഃ കർമ്മസാക്ഷിണഃ

| | | | |
|---|---|---|---|
| കർമ്മസാക്ഷിണഃ | കർമ്മസാക്ഷികളായ | ഇഹ | ഇവിടെ |
| ദേവാഃ | ദേവന്മാർ | ദേവാനാം | ദേവന്മാർക്കുനേരെ |
| യേ | ആരെല്ലാമാണോ, അവർ | ഹേലനം | ഒരവഹേളനം (ഉണ്ടായതു് എന്താണെന്നു്) |
| സ്വാൻ | തങ്ങൾതങ്ങൾക്കുള്ള | വയം | ഞങ്ങൾ |
| ഭാഗാൻ | ഹവിർഭാഗങ്ങളെ | അണു അപി | അല്പംപോലും |
| യത് | എന്തുകൊണ്ടു് | ന വിദാമ | അറിവാൻ ശക്തരല്ല” |
| ന ഗൃഹ്ണന്തി | സ്വീകരിക്കാതിരിക്കുന്നുവോ, ആവിധം | | |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

29 അങ്ഗോ ദ്വിജവചഃ ശ്രുത്വാ യജമാനഃ സുദുർമനാഃ
തത്പ്രഷ്ടും വ്യസൃജദ്വാചം സദസ്യാംസ്തദനുജ്ഞയാ

| | | | |
|---|---|---|---|
| യജമാനഃ | യജമാനനായ | സദസ്യാൻ | യജ്ഞസദസ്യന്മാരോടു് |
| അങ്ഗഃ | അംഗരാജാവു് | തത് | അതേപ്പററി |
| ദ്വിജവചഃ | ഋത്വിക്കുകളായ ബ്രാഹ്മണരുടെ വാക്കിനെ | പ്രഷ്ടും | ചോദിക്കുവാൻ |
| ശ്രുത്വാ | കേട്ടു് | തദനുജ്ഞയാ | അവരുടെ അനുവാദപ്രകാരം |
| സുദുർമനാഃ | അത്യന്തം ദുഃഖിതമാനസനായി, | വാചം വ്യസൃജത് | മൗനം ഭഞ്ജിച്ചു. |

30 നാഗച്ഛന്ത്യാഹുതാ ദേവാ ന ഗൃഹ്ണന്തി ഗ്രഹാനിഹ
സദസസ്പതയോ ബ്രൂത കിമവദ്യം മയാ കൃതം

| | |
|---|---|
| ആഹൂതാഃ | "ആഹൂതിമന്ത്രത്താൽ ആഹ്വാനംചെയ്യപ്പെട്ടിട്ടും |
| ദേവാഃ | ദേവന്മാർ |
| ന ആഗച്ഛന്തി | വരുന്നില്ല. |
| ഇഹ | ഇവിടെ |
| ഗ്രഹാൻ | സോമപാത്രങ്ങളെ |
| ന ഗൃഹ്ണന്തി | എടുക്കുന്നില്ല. |
| സദസസ്പതയഃ | ഹേ സദസസ്പതികളെ! |
| ബ്രൂത | പറയുവിൻ— |
| മയാ | എന്നാൽ |
| കിം അവദ്യം | എന്തുദോഷം |
| കൃതം | ചെയ്യപ്പെട്ടിരിക്കുന്നു?" |

സദസസ്പതയ ഊചുഃ = സദോമുഖ്യന്മാർ പറഞ്ഞു —

31 നരദേവേഹ ഭവതോ നാഘം താവന്മനാക് സ്ഥിതം
അസ്ത്യേകം പ്രാക്തനമഘം യദിഹേദൃക് ത്വമപ്രജഃ

| | |
|---|---|
| നരദേവ | മഹാരാജാവേ! |
| ഇഹ താവത് | ഈ ജന്മത്തിലാകട്ടെ |
| ഭവതഃ | അങ്ങയ്ക്ക് |
| അഘം മനാക് | ദോഷം അല്പംപോലും |
| ന സ്ഥിതം | ഇരിപ്പില്ല. |
| പ്രാക്തനം | മുജ്ജന്മത്തിലെ |
| ഏകം അഘം | ഒരു ദോഷം |
| അസ്തി | ഉണ്ട്. |
| യത് | തന്നിമിത്തം |
| ഇഹ ത്വം | ഇജ്ജന്മത്തിൽ അങ്ങ് |
| ഈദൃക് | ഇമ്മാതിരിക്കുള്ള |
| അപ്രജഃ | സന്താനരഹിതനായിരിക്കുന്നു. |

32 തഥാ സാധയ ഭദ്രം തേ ആത്മാനം സുപ്രജം കുരു
ഇഷ്ടസ്തേ പുത്രകാമസ്യ പുത്രം ദാസ്യതി യജ്ഞഭുക്

| | |
|---|---|
| തേ ഭദ്രം | അങ്ങയ്ക്കു നന്മനേരുന്നു |
| തഥാ | അപ്രകാരം (ദേവകൾ ഹവിർഭാഗം കൊള്ളുവാനുതകുംപ്രകാരം) |
| സാധയ | കാര്യംനിറവേററുക. |
| ആത്മാനം | തന്നെ |
| സുപ്രജം കുരു | നല്ലൊരു സന്താനമുള്ളവനാക്കിത്തീർക്കുക |
| യജ്ഞഭുക് | യജ്ഞത്തിൽ അർപ്പിക്കുന്നതിനെ അനുഭവിക്കുന്ന ശ്രീ വിഷ്ണു |
| ഇഷ്ടഃ | യജിക്കപ്പെട്ടെന്നാൽ |
| പുത്രകാമസ്യ | പുത്രാർത്ഥിയായ |
| തേ പുത്രം | അങ്ങയ്ക്ക് പുത്രനെ |
| ദാസ്യതി | തന്നുകൊള്ളും. |

33 തഥാ സ്വഭാഗധേയാനി ഗ്രഹീഷ്യന്തി ദിവൗകസഃ
യദ് യജ്ഞപുരുഷഃ സാക്ഷാദപത്യായ ഹരിർവൃതഃ.

| | |
|---|---|
| തഥാ | അങ്ങനെയാകുമ്പോൾ |
| സ്വഭാഗധേയാനി | അവരവർക്കുള്ള ഹവിർഭാഗങ്ങളെ |
| ദിവൗകസഃ | ദേവന്മാർ |
| ഗ്രഹീഷ്യന്തി | കൈക്കൊള്ളും. |
| യത് | എന്തെന്നാൽ, |

| | | | |
|---|---|---|---|
| സാക്ഷാത് | തികച്ചും | അപത്യായ | സന്താനലാഭാൎത്ഥം |
| യജ്ഞപുരുഷഃ | യജ്ഞമൂൎത്തിയായ | വൃതഃ | വരിക്കപ്പെട്ട് |
| ഹരിഃ | ശ്രീഹരി | | സമാഗതനാവുന്നു. |

ശ്രീഹരി സമാഗതനായി ഹവിരാദാനം ചെയ്യുമ്പോൾ സൎവ്വദേവന്മാരും അവിടത്തെ ഒന്നിച്ചുവന്നു് താന്താങ്ങളുടെ ഭാഗങ്ങളെ സ്വീകരിക്കുമെന്നാശയം.

34 താംസ്താൻ കാമാൻ ഹരിൎദദ്യാദ്യാൻ യാൻ കാമയതേ ജനഃ
ആരാധിതോ യഥൈവൈഷ തഥാ പുംസാം ഫലോദയഃ

| | | | |
|---|---|---|---|
| ജനഃ | മനുഷ്യൻ | ദദ്യാത് | നല്കുന്നതാണ്. |
| യാൻ യാൻ | ഏതേതു് | ഏഷഃ | തന്തിരുവടി |
| കാമാൻ | അഭീഷ്ടങ്ങളെ | യഥാ ഏവ | ഏപ്രകാരംതന്നെ |
| കാമയതേ | ആഗ്രഹിച്ചാരാധിക്കുന്നുവോ, | ആരാധിതഃ | ആരാധിക്കപ്പെടുന്നുവോ, |
| | | പുംസാം | മനുഷ്യൎക്കുള്ള |
| താൻ താൻ | അതാതുകളെ | ഫലോദയഃ | ഫലസിദ്ധിയും |
| ഹരിഃ | ഭഗവാൻ | തഥാ | അപ്രകാരമായിരിക്കും. |

35 ഇതി വ്യവസിതാ വിപ്രാസ്തസ്യ രാജ്ഞഃ പ്രജാതയേ
പുരോഡാശം നിരവപൻ ശിപിവിഷ്ടായ വിഷ്ണവേ

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ശിപിവിഷ്ടായ | പശുക്കളിൽ യജ്ഞരൂപേണ പ്രവിഷ്ടനായിരിക്കുന്ന |
| വ്യവസിതാഃ | നിശ്ചയിച്ചുറച്ച | | |
| വിപ്രാഃ | ബ്രാഹ്മണർ | വിഷ്ണവേ | വിഷ്ണുവിനായിക്കൊണ്ടു് |
| തസ്യ രാജ്ഞഃ | ആ രാജാവിന്നു് | പുരോഡാശം | ഹവിസ്സിനെ |
| പ്രജാതയേ | സന്തതിയുണ്ടാകുവാൻ | നിരവപൻ | ഒരുക്കംചെയ്തു. |

36 തസ്മാത് പുരുഷ ഉത്തസ്ഥൗ ഹേമമാല്യമലാംബരഃ
ഹിരണ്മയേന പാത്രേണ സിദ്ധമാദായ പായസം

| | | | |
|---|---|---|---|
| തസ്മാത് | അതിൽനിന്നു് (യാഗാഗ്നിയിൽനിന്നു്) | സിദ്ധം | നന്നായി പാകംചെയ്ത |
| | | പായസം | ക്ഷീരോദനത്തെ |
| ഹേമമാലീ | സ്വൎണ്ണമാലയണിഞ്ഞും | ഹിരണ്മയേന | കനകമയമായ |
| അമലാംബരഃ | നിൎമ്മലവസ്ത്രം ധരിച്ചുംകൊണ്ടുള്ള | പാത്രേണ | പാത്രത്താൽ |
| | | ആദായ | എടുത്തു് |
| പുരുഷഃ | ഒരു പുരുഷൻ | ഉത്തസ്ഥൗ | ഉയൎന്നുവന്നു. |

37 സ വിപ്രാനുമതോ രാജാ ഗൃഹീത്വാഞ്ജലിനൗദനം
അവഘ്രായ മുദാ യുക്തഃ പ്രാദാത് പത്ന്യാ ഉദാരധീഃ.

| | | | |
|---|---|---|---|
| ഉദാരധീഃ | ഉദാരബുദ്ധിമാനായ | ഓദനം | ക്ഷീരാന്നത്തെ |
| സഃ രാജാ | ആ അംഗരാജാവു് | ഗൃഹീത്വാ | വാങ്ങി, |
| വിപ്രാനുമതഃ | ബ്രാഹ്മണരാൽ അനുവദിക്കപ്പെട്ടവനായിട്ടു്, | മുദാ യുക്തഃ | സന്തോഷത്തോടെ |
| അഞ്ജലിനാ | ചേർത്തിപ്പിടിച്ച ഇരുകരത്താൽ | അവഘ്രായ | അതിനെ ഘ്രാണിച്ചു് |
| | | പത്ന്യൈ | പത്നിക്കായി |
| | | പ്രാദാത് | കൊടുത്തു. |

38 സാ തത് പുംസവനം രാജ്ഞീ പ്രാശ്യ വൈ പത്യുരാദധേ
ഗർഭം കാല ഉപാവൃത്തേ കുമാരം സുഷുവേ ഽപ്രജാ.

| | | | |
|---|---|---|---|
| അപ്രജാ | മക്കളുണ്ടായിട്ടില്ലാത്ത | പത്യുഃ | ഭർത്താവിന്റെ അടുക്കൽനിന്നു് |
| സാ രാജ്ഞീ | ആ രാജപത്നി | ഗർഭം ആദധേ | ഗർഭം ധരിച്ചു. |
| പുംസവനം | പുരുഷപ്രജയെ പ്രസവിക്കാനുള്ളതായ | കാലേ | പ്രസവകാലം |
| തത് | ആ പായസത്തെ | ഉപാവൃത്തേ | അടുത്തപ്പോൾ |
| പ്രാശ്യ വൈ | പ്രാശനംചെയ്തു് (ഭക്ഷിച്ചു്) ഉടൻതന്നെ | കുമാരം | ഒരു ആൺകുഞ്ഞിനെ |
| | | സുഷുവേ | പെറ്റു. |

39 സ ബാല ഏവ പുരുഷോ മാതാമഹമനുവ്രതഃ
അധർമ്മാംശോദ്ഭവം മൃത്യും തേനാഭവദധാർമ്മികഃ.

| | | | |
|---|---|---|---|
| സഃ | അവൻ | മൃത്യും | മൃത്യുവിനെ * |
| ബാലഃ ഏവ | കുട്ടിയായിരിക്കുമ്പോൾ തന്നെ | അനുവ്രതഃ | അനുകരിച്ചവനായിരുന്നു |
| മാതാമഹം | തന്റെ അമ്മയുടെ അച്ഛനും | തേന | അതുനിമിത്തം |
| അധർമ്മാംശോദ്ഭവം | അധർമ്മാംശത്താൽ ഉദ്ഭവിച്ചവനുമായ | അധാർമ്മികഃ | അധർമ്മിഷ്ഠനായ |
| | | പുരുഷഃ | പുരുഷനായിട്ടു് |
| | | അഭവത് | ഭവിച്ചു. |

* വേനമാതാവായ സുനീഥ മൃത്യുദേവതാപുത്രിയാണു്.

40 സ ശരാസനമുദ്യമ്യ മൃഗയുർവനഗോചരഃ
ഹന്ത്യസാധുർമൃഗാൻ ദീനാൻ വേനോ ഽസാവിത്യരൗജ്ജനഃ

| | | | |
|---|---|---|---|
| സഃ | അവൻ | മൃഗാൻ | മൃഗങ്ങളെ |
| ശരാസനം | വില്ലു് | ഹന്തി | കൊന്നൊടുക്കി |
| ഉദ്യമ്യ | കൈയിലെടുത്തു് | ജനഃ | ആളുകൾ (അവനെ കാണുമ്പോൾ) |
| മൃഗയുഃ | വേടനായിട്ടു് | | |
| വനഗോചരഃ | കാട്ടിൽ പ്രത്യക്ഷപ്പെട്ടു | അസൗ വേനഃ | 'ഇതാ വേനൻ' |
| അസാധുഃ | നിർദ്ദയനായി | ഇതി | എന്നു പറഞ്ഞു |
| ദീനാൻ | പാവപ്പെട്ട | അരൗത് | നിലവിളിച്ചിരുന്നു. |

41 ആക്രീഡേ ക്രീഡതോ ബാലാൻ വയസ്യാനതി ദാരുണഃ
പ്രസഹ്യ നിരനുക്രോശഃ പശുമാരമമാരയത്

| | | | |
|---|---|---|---|
| ആക്രീഡേ | കളിസ്ഥലത്തു | പ്രസഹ്യ | ബലാൽപിടിച്ചു് |
| ക്രീഡതഃ | കളിച്ചുകൊണ്ടിരിക്കുന്ന | നിരനുക്രോശഃ | കരുണയില്ലാതെ |
| വയസ്യാൻ | ഒത്ത പ്രായക്കാരായ | പശുമാരം | യജ്ഞപശുവിനെ കൊല്ലുംവിധം |
| ബാലാൻ | കുട്ടികളെ | | |
| അതിദാരുണഃ | ആ മഹാഭീകരൻ | അമാരയത് | ഞെക്കിക്കൊന്നിരുന്നു. |

42 തം വിചക്ഷ്യ ഖലം പുത്രം ശാസനൈർവിവിധൈർനൃപഃ
യദാ ന ശാസിതും കല്പോ ഭൃശമാസീത് സുദുർമനാഃ

| | | | |
|---|---|---|---|
| നൃപഃ | അംഗരാജാവു് | യദാ | എപ്പോൾ |
| ഖലം | ദുർവൃത്തനായ | ന കല്പഃ | കഴിയാത്തവനായി വന്നുവോ, അപ്പോൾ |
| തം പുത്രം | ആ പുത്രനെ | | |
| വിചക്ഷ്യ | കണ്ടു്, | | |
| വിവിധൈഃ | പലതരത്തിലുള്ള | ഭൃശം | അത്യന്തം |
| ശാസനൈഃ | ശാസനകൾകൊണ്ടു് | സുദുർമനാഃ | മനഃപ്രയാസമുള്ളവനായി |
| ശാസിതും | ഒതുക്കുവാൻ | ആസീത് | ഭവിച്ചു. |

മാനസീകപീഡയാൽ അംഗൻ തന്റെ കുപുത്രതയെ പഴിച്ചുകൊണ്ടു് പറയുന്നു
(മൂന്നു ശ്ലോകംകൊണ്ടു്)

43 പ്രായേണാഭ്യർച്ചിതോ ദേവോ യേഽപ്രജാ ഗൃഹമേധിനഃ
കദപത്യഭൃതം ദുഃഖം യേ ന വിന്ദന്തി ദുർഭരം.

| | | | |
|---|---|---|---|
| അപ്രജാഃ | പുത്രന്മാരില്ലാത്ത | യേ | യാതൊരു ഇവർ |
| ഗൃഹമേധിനഃ | ഗൃഹസ്ഥാശ്രമികൾ | | |
| യേ (തൈഃ) | യാതൊരുവരോ, അവരാൽ | കദപത്യ-ഭൃതം | ദുഷ്ടസന്താനങ്ങളാൽ ചുമത്തപ്പെടുന്ന |
| ദേവഃ | ഭഗവാൻ | ദുർഭരം | താങ്ങാനാവാത്ത |
| പ്രായേണ | സാധാരണമായി | ദുഃഖം | മനോവ്യഥയെ |
| അഭ്യർച്ചിതഃ | ആരാധിക്കപ്പെട്ടുവരുന്നു | ന വിന്ദന്തി | അറിയുന്നില്ല. |

അതു് അറിയാത്തതുകൊണ്ടാണു് അപുത്രന്മാർ പുത്രാർത്ഥികളായിട്ടു് ഈശ്വരനെ ഭജിക്കുന്നതെന്നർത്ഥം.

44 യതഃ പാപീയസീ കീർത്തിരധർമ്മശ്ച മഹാൻ നൃണാം
യതോ വിരോധഃ സർവ്വേഷാം യത ആധിരനന്തകഃ.

45 കസ്തം പ്രജാപദേശം വൈ മോഹബന്ധനമാത്മനഃ
പണ്ഡിതോ ബഹു മന്യേത യദർത്ഥാഃ ക്ലേശദാ ഗൃഹാഃ

| | | | |
|---|---|---|---|
| നൃണാം | മനുഷ്യക്ക് | ആധിഃ | മനോവേദനയേർപ്പെട്ടുന്നുവോ, |
| യതഃ | ഏതൊരുത്തൻമൂലം | തം | അങ്ങനെത്തവനായ |
| പാപീയസീ | പാപഭൂയിഷ്ഠമായ | പ്രജാപദേശം | 'പുത്രൻ' എന്നു പേരുള്ള |
| കീർത്തിഃ | അപകീർത്തിയും | ആത്മനഃ | ആത്മാവിൻെറ |
| മഹാൻ | മഹത്തായ | മോഹബന്ധനം | മോഹക്കെട്ടിനെ |
| അധർമ്മഃ ച | അധർമ്മവും ഉണ്ടാവുന്നുവോ, | പണ്ഡിതഃ | അറിവുള്ള |
| യതഃ | ഏതൊരുത്തൻമൂലം | കഃ വൈ | ഏതൊരാൾ |
| സർവ്വേഷാം | എല്ലാവരുടെയും | ബഹുമന്യേത | വലുതായിക്കരുതുന്നു ? |
| വിരോധഃ | പകവന്നുചേരുന്നുവോ, | യദർത്ഥാഃ | ഈ പുത്രൻ നിമിത്തമായ |
| യതഃ | യാതൊരുത്തൻമൂലം | ഗൃഹാഃ | ഗൃഹവുംകൂടെ |
| അനന്തകഃ | അററം കാണാത്ത | ക്ലേശദാഃ | ദുഃഖപ്രദമാകുന്നു. |

കുപുത്രത്വം വിരക്തിക്ക് ഹേതുവാണെന്നുകണ്ട് ആയതിനെ അഭിനന്ദിച്ചുപറയുന്നു.

46 കദപത്യം വരം മന്യേ സദപത്യാച്ഛുചാം പദാത്
നിർവിദ്യേത ഗൃഹാന്മർത്ത്യോ യത് ക്ലേശനിവഹാ ഗൃഹാഃ.

| | | | |
|---|---|---|---|
| സദപത്യാത് | നല്ലമക്കളെക്കാൾ | നിർവിദ്യേത | വെറുത്തുപോയേക്കാം- |
| കദപത്യം | ചീത്തമക്കളാണ് | യത് | എന്തുകൊണ്ടെന്നാൽ |
| വരം മന്യേ | നല്ലതെന്ന്തോന്നുന്നു. | ഗൃഹാഃ | വീടുകൾ (അസത് പുത്രൻ നിമിത്തം) |
| മർത്ത്യഃ | മനുഷ്യൻ | | |
| ശുചാം | സ്വൈരക്കേടുകളുടെ | ക്ലേശനിവഹാഃ | മനഃശല്യങ്ങളുടെ സംഘടിതകേന്ദ്രങ്ങളായിത്തീരുന്നു. |
| പദാത് | ആസ്ഥാനമായ | | |
| ഗൃഹാത് | വീട്ടിൽനിന്നും | | |

47 ഏവം സ നിർവ്വിണ്ണമനാ നൃപോ ഗൃഹാ-
ന്നിശീഥ ഉത്ഥായ മഹോദയോദയാത്
അലബ്ധനിദ്രോऽനുപലക്ഷിതോ നൃഭിർ-
ഹിത്വാ ഗതോ വേനസുവം പ്രസുപ്താം

| | | | |
|---|---|---|---|
| ഏവം | ഈ വിധത്തിൽ | വേനസുവം | വേനമാതാവിനെ |
| നിർവ്വിണ്ണമനാഃ | വിരക്തചിത്തനായി ഭവിച്ച | ഹിത്വാ | ഉപേക്ഷിച്ച്, |
| സഃ നൃപഃ | ആ രാജാവ് | മഹോദയോദയാത് | വമ്പിച്ച സമ്പൽസമൃദ്ധികൾ പെരുകിയുയർന്ന |
| അലബ്ധനിദ്രഃ | ഉറക്കം കിട്ടാതെ, | ഗൃഹാത് | രാജഭവനത്തിൽനിന്ന് |
| നിശീഥേ | പാതിരാവിൽ | നൃഭിഃ | ജനങ്ങളാൽ |
| ഉത്ഥായ | എഴുന്നേററ്, | അനുപലക്ഷിതഃ | കാണപ്പെടാതെ |
| പ്രസുപ്താം | ഉറങ്ങിക്കിടക്കുന്ന | ഗതഃ | ഇറങ്ങിപ്പോയി. |

48 വിജ്ഞായ നിർവിദ്യ ഗതം പതിം പ്രജാഃ
പുരോഹിതാമാത്യസുഹൃദ്ഗണാദയഃ
വിചിക്യുരുർവ്യാമതിശോകകാതരാ
യഥാ നിഗൂഢം പുരുഷം കുയോഗിനഃ.

| | |
|---|---|
| പ്രജാഃ | പ്രജകളും |
| പുരോഹിതാമാത്യസുഹൃദ്ഗണാദയഃ | പുരോഹിതന്മാർ, മന്ത്രിമാർ, ബന്ധുമിത്രങ്ങൾ മുതലായവരും |
| പതിം | രാജാവിനെ |
| നിർവിദ്യ | നിർവ്വേദംകൊണ്ടു് |
| ഗതം | ഇറങ്ങിപ്പോയതായി |
| വിജ്ഞായ | അറിഞ്ഞിട്ടു് |
| അതിശോകകാതരാഃ | പെരുകിയ സങ്കടത്താൽ പരവശരായി, |
| കുയോഗിനഃ | ഭ്രഷ്ടയോഗികൾ |
| നിഗൂഢം പുരുഷം | പരമാത്മാവിനെ |
| യഥാ | എന്നപോലെ, |
| ഉർവ്യാം | ഭൂമിയിലെങ്ങും |
| വിചിക്യുഃ | അന്വേഷിച്ചു. |

അദ്ദേഹം ഭൂമിയിൽത്തന്നെ ഉണ്ടായിരുന്നെങ്കിലും അന്വേഷിച്ചു കണ്ടെത്തുവാൻ പ്രജകൾക്കു കഴിഞ്ഞില്ലെന്നാണു് ദൃഷ്ടാന്തം വെളിപ്പെടുത്തുന്നതു്. ഈശ്വരൻ എങ്ങുമുണ്ടെങ്കിലും കുയോഗികൾക്കു വിഷയീഭവിക്കയില്ലല്ലോ.

49 അലക്ഷയന്തഃ പദവീം പ്രജാപതേർ-
ഹതോദ്യമാഃ പ്രത്യുപസൃത്യ തേ പുരീം
ഋഷീൻ സമേതാനഭിവന്ദ്യ സാശ്രുവോ
ന്യവേദയൻ പൗരവ ഭർത്തുവിപ്ലവം.

| | |
|---|---|
| പൗരവ | ഹേ വിദുര ! |
| പ്രജാപതേഃ | രാജാവിന്റെ |
| പദവീം | മാർഗ്ഗത്തെ |
| അലക്ഷയന്തഃ | കണ്ടെത്തുവാൻ കഴിയാതെ |
| ഹതോദ്യമാഃ | വിഫലയത്നന്മാരായ |
| തേ | അവർ |
| പുരീം | നഗരത്തിലേക്കു് |
| പ്രത്യുപസൃത്യ | തിരിച്ചുവന്നു്, |
| സമേതാൻ | അവിടെ വന്നുകൂടിയ |
| ഋഷീൻ | മഹർഷിമാരെ |
| അഭിവന്ദ്യ | വണങ്ങി, |
| ഭർത്തൃവിപ്ലവം | രാജാവു് നഷ്ടപ്പെട്ടുപോയ കഥയെ |
| സാശ്രുവഃ | കണ്ണീരണിഞ്ഞുകൊണ്ടു് |
| ന്യവേദയൻ | അറിയിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ത്രയോദശോऽധ്യായഃ ആദിതഃ ശ്ലോകാഃ 615.

നാലാമത്തെ സ്കന്ധത്തിൽ പതിമൂന്നാമദ്ധ്യായം കഴിഞ്ഞു.

# ചതുർദ്ദശോഽദ്ധ്യായഃ — അദ്ധ്യായം പതിനാല്.

## വേനന്റെ ദുർഭരണവും നാശവും.

"ചതുർദ്ദശേ തു ദുഷ്പുത്രഭയാദംഗേ ഗതേ ദ്വിജൈഃ
അഭിഷിക്തസ്യ വേനസ്യ രോഷാദ്വൈർവധ ഉച്യതേ"

ദുഷ്ടനായ പുത്രനെ ഭയന്ന് അംഗൻ രാജഭവനം വിട്ടുപോയശേഷം ഋഷിമാർ വേനനെ രാജാവാക്കി വാഴിച്ചതും അവന്റെ ദുർഭരണം മുഴുത്തപ്പോൾ ഋഷിമാർ തന്നെ കോപിച്ച് ഹുംകാരത്താൽ അവനെ വധിച്ചതും ഈ അദ്ധ്യായത്തിൽ പറയുന്നു—

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

1 ഭൃഗ്വാദയസ്തേ മുനയോ ലോകാനാം ക്ഷേമദർശിനഃ
ഗോപ്തര്യസതി വൈ നൄണാം പശ്യന്തഃ പശുസാമ്യതാം

2 വീര മാതരമാഹൂയ സുനീഥാം ബ്രഹ്മവാദിനഃ
പ്രകൃത്യസമ്മതം വേനമഭ്യഷിഞ്ചൻ പതിം ഭുവഃ.

| | | | |
|---|---|---|---|
| ലോകാനാം | ജനങ്ങളുടെ | ബ്രഹ്മവാദിനഃ | വേദജ്ഞരായ അവർ |
| ക്ഷേമദർശിനഃ | ക്ഷേമമാരായുന്ന | മാതരം | വേനമാതാവായ |
| ഭൃഗ്വാദയഃ | ഭൃഗുപ്രഭൃതികളായ | സുനീഥാം | സുനീഥയെ |
| തേ മുനയഃ | ആ മാമുനിമാർ | ആഹൂയ | വിളിച്ചുവരുത്തി, |
| ഗോപ്തരി | രാജ്യപാലകൻ | പ്രകൃത്യസമ്മതം | പൗരന്മാർ, മന്ത്രിമാർ മുതലായവർക്കാർക്കും |
| അസതി വൈ | ഇല്ലാത്ത നിലയിൽ | അസമ്മതം | സമ്മതിയില്ലാത്ത |
| നൄണാം | മനുഷ്യർക്കുണ്ടായ | വേനം | വേനനെ |
| പശുസാമ്യതാം | മൃഗീയസ്വഭാവത്തെ | ഭുവഃ പതിം | രാജാവാക്കി |
| പശ്യന്തഃ | നിരീക്ഷിച്ചുകൊണ്ട്, | അഭ്യഷിഞ്ചൻ | അഭിഷേകം ചെയ്തു. |
| വീര | അല്ലയോ വിദുര ! | | |

3 ശ്രുത്വാ നൃപാസനഗതം വേനമത്യുഗ്രശാസനം
നിലില്യുർദസ്യവഃ സദ്യഃ സർപ്പത്രസ്താ ഇവാഖവഃ.

| | | | |
|---|---|---|---|
| അത്യുഗ്ര- ശാസനം | അതിഭയങ്കരമായ ദണ്ഡനോപായത്താൽ ഭരണം നടത്തുന്ന | സർപ്പത്രസ്താഃ | പാമ്പിനെകണ്ടു ഭയന്ന |
| വേനം | വേനനെ | ആഖവഃ ഇവ | എലികൾ കണക്കെ |
| നൃപാസന- ഗതം ശ്രുത്വാ | രാജസിംഹാസനാരൂഢനായെന്നു കേട്ടിട്ട്, | ദസ്യവഃ | തസ്കരന്മാർ |
| | | സദ്യഃ | ഉടനടി |
| | | നിലില്യുഃ | ഓടിയൊളിച്ചു. |

4 സ ആരൂഢനൃപസ്ഥാന ഉന്നദ്ധോഽഷ്ടവിഭൂതിഭിഃ
അവമേനേ മഹാഭാഗാൻ സ്തബ്ധഃ സംഭാവിതഃ സ്വതഃ

| | |
|---|---|
| സ്വതഃ | സ്വതഃതന്നെ |
| സ്തബ്ധഃ | തെമ്പുള്ളവനും |
| സംഭാവിതഃ | അഭിമാനിയുമായ |
| സഃ | അവൻ |
| ആരൂഢനൃപസ്ഥാനഃ | രാജാസനാരോഹണം ചെയ്തവനായി, |
| അഷ്ടവിഭൂതിഭിഃ | എട്ടുലോകപാലകന്മാരുടെയും ഐശ്വര്യത്താൽ |
| ഉന്നദ്ധഃ | കുറെക്കൂടി മുന്തിയവനായി ചമഞ്ഞതപ്പോൾ |
| മഹാഭാഗാൻ | മഹാത്മാക്കളെപ്പോലും |
| അവമേനേ | അവമതിച്ചുതുടങ്ങി. |

5 ഏവം മദാന്ധ ഉത്സിക്തോ നിരങ്കുശ ഇവ ദ്വിപഃ
പര്യടൻ രഥമാസ്ഥായ കമ്പയിന്നിവ രോദസീ.

6 ന യഷ്ടവ്യം ന ദാതവ്യം ന ഹോതവ്യം ദ്വിജാഃ കചിത്
ഇതി ന്യവാരയദ്ധർമ്മം ഭേരീഘോഷേണ സർവ്വശഃ

| | |
|---|---|
| ഏവം | ഈ വിധം |
| മദാന്ധഃ | മദത്താൽ തിമിരം ബാധിച്ച അവൻ |
| നിരങ്കുശഃ | അങ്കുശം(തോട്ടി)ഇല്ലാത്ത |
| ദ്വിപഃ ഇവ | ആനയെപ്പോലെ |
| ഉത്സിക്തഃ | അനിയന്ത്രിതനായിട്ടു് |
| രഥം ആസ്ഥായ | തേരിലേറി, |
| രോദസീ | മണ്ണിനെയും വിണ്ണിനെയും |
| കമ്പയൻ ഇവ | വിറകൊള്ളിക്കുംമട്ടിൽ |
| പര്യടൻ | ചുററിനടന്നുകൊണ്ടിരുന്നു. |
| ദ്വിജാഃ | "ബ്രാഹ്മണരേ ! |
| കചിത് | ഒരിക്കലും |
| ന യഷ്ടവ്യം | യാഗം ചെയ്യരുതു്; |
| ന ദാതവ്യം | ദാനം ചെയ്യരുതു് |
| ന ഹോതവ്യം | ഹോമം കഴിക്കരുതു്" |
| ഇതി | എന്നിങ്ങിനെ |
| സർവ്വശഃ | എല്ലാടവും |
| ഭേരീഘോഷേണ | പറകൊട്ടിയറിയിപ്പോടെ |
| ധർമ്മം | ധാർമ്മികകർമ്മത്തെ |
| ന്യവാരയത് | വിലക്കി |

7 വേനസ്യാവേക്ഷ്യ മുനയോ ദുർവൃത്തസ്യ വിചേഷ്ടിതം
വിമൃശ്യ ലോകവ്യസനം കൃപയോചുഃ സ്മ സത്രിണഃ.

| | |
|---|---|
| ദുർവൃത്തസ്യ | ദുഃസ്വഭാവിയായ |
| വേനസ്യ | വേനരാജാവിന്റെ |
| വിചേഷ്ടിതം | തോന്നിയവാസത്തെ |
| അവേക്ഷ്യ | കണ്ടിട്ടു് |
| ലോകവ്യസനം | ലോകത്തിനുവന്ന വല്ലായ്മയെ |
| വിമൃശ്യ | പരിചിന്തിച്ചിട്ടു് |
| കൃപയാ | കാരുണ്യത്താൽ |
| സത്രിണഃ | ഏകത്ര സമ്മേളിച്ച |
| മുനയഃ | മുനിമാർ |
| ഊചുഃ സ്മ | അന്യോന്യം പറഞ്ഞു. |

8 അഹോ ഉഭയതഃ പ്രാപ്തം ലോകസ്യ വ്യസനം മഹത്
ദാരുണ്യുഭയതോ ദീപ്തേ ഇവ തസ്കരപാലയോഃ

| | |
|---|---|
| അഹോ | "കഷ്ടം! |
| ഉഭയതഃ | കടയ്ക്കൽനിന്നും തലയ്ക്കൽനിന്നും |
| ദീപ്തേ | തീയെരിഞ്ഞുപിടിച്ച |
| ദാരുണി | മരത്തിൽ |
| ഇവ | (നടുവിൽപെട്ട)പോലെ |
| ലോകസ്യ | ജനനിവഹത്തിന്ന് |
| തസ്കര-പാലയോഃ | ചോരന്മാരിൽനിന്നും രാജാവിൽനിന്നുമായി |
| ഉഭയതഃ | ഇരുപുറത്തുനിന്നും |
| മഹത് | പെരുത്ത |

വ്യസനം പ്രാപ്തം ദുഃഖം അകപ്പെട്ടു.

ഈ സംഗതി വ്യക്തമാക്കുന്നു—

9 അരാജകഭയാദേവ കൃതോ രാജാതദർഹണഃ
തതോഽപ്യാസീദ്ഭയം ത്വദ്യ കഥം സ്യാത്സ്വസ്തി ദേഹിനാം

| | |
|---|---|
| അരാജക-ഭയാത് ഏവ | അരാജകതയെ ഭയന്നിട്ടു മാത്രമാണ് |
| അതദർഹണഃ | രാജത്വത്തിന്നു അർഹനല്ലാത്ത ഇവൻ |
| രാജാ കൃതഃ | രാജാവാക്കിവാഴിക്കപ്പെട്ടതു്. |
| അദ്യ തു | ഇപ്പോഴാകട്ടെ |
| തതഃ അപി | അതിനെക്കാളും |
| ഭയം ആസീത് | ഭീതിവന്നിരിക്കുന്നു. |
| ദേഹിനാം | ജനങ്ങൾക്ക് |
| സ്വസ്തി | യോഗക്ഷേമം |
| സ്യാത് കഥം | ഉണ്ടാവുന്നതെങ്ങനെ? |

നമുക്കും അനിഷ്ടഫലമാണുണ്ടായതെന്നു പറയുന്നു—

10 അഹേരിവ പയഃപോഷഃ പോഷകസ്യാപ്യനർത്ഥഭൃത്
വേനഃ പ്രകൃത്യൈവ ഖലഃ സുനീഥാഗർഭസംഭവഃ.

| | |
|---|---|
| അഹേഃ ഇവ | പാമ്പിന്ന്, ഏതുപോലെ |
| പയഃപോഷഃ | പാൽകൊടുത്തുവളർത്തുന്നതു് |
| പോഷകസ്യ-അപി | വളർത്തിയവന്നുപോലും |
| അനർത്ഥഭൃത് | ആപത്തിയററുന്നതാണോ, അതുപോലെയായി— |
| സുനീഥാഗർഭ-സംഭവഃ | മൃത്യുപുത്രി സുനീഥയുടെ വയററിൽകിടന്നുണ്ടായ |
| വേനഃ | വേനൻ |
| പ്രകൃത്യാ ഏവ | ജന്മനാതന്നെ |
| ഖലഃ | പരമദുഷ്ടനാണ്. |

11 നിരൂപിതഃ പ്രജാപാലഃ സ ജിഘാംസതി വൈ പ്രജാഃ
തഥാപി സാന്ത്വയേമാമും നാസ്മാംസ്തത്പാതകം സ്പൃശേത്.

| | |
|---|---|
| പ്രജാപാലഃ | ജനങ്ങളുടെ രക്ഷിതാവായിട്ടു |
| നിരൂപിതഃ | നിയുക്തനായ |
| സഃ വൈ | അവൻ തന്നെ |
| പ്രജാഃ | ജനങ്ങളെ |
| ജിഘാംസതി | നശിപ്പിക്കുവാൻ കോപ്പുകൂട്ടുന്നു. |
| തഥാപി | എന്നിരിക്കിലും, |
| അമും | ഇവനെ |
| സാന്ത്വയേമ | പറഞ്ഞുനന്നാക്കാൻ ശ്രമിക്കാം |
| തത്പാതകം | അവന്റെ കൊടുംപാപം |
| അസ്മാൻ | നമ്മളെ |
| ന സ്പൃശേത് | തീണ്ടാതിരിക്കട്ടെ. |

തത്പാതകം ഋഷിമാരെ ബാധിക്കുന്നതെങ്ങനെയെന്നു പറയുന്നു.

12 തദ്വിദ്വദ്ഭിരസദ്വൃത്തോ വേനോസ്മാഭിഃ കൃതോ നൃപഃ
സാന്ത്വിതോ യദി നോ വാചം ന ഗ്രഹിഷ്യത്യധർമ്മകൃത്
ലോകധിക്കാരസന്ദഗ്ദ്ധം ദഹിഷ്യാമഃ സ്വതേജസാ

| | | | |
|---|---|---|---|
| വേനഃ | 'വേനൻ | നഃ വാചം | നമ്മുടെ വചനത്തെ |
| അസദ്വൃത്തഃ | നല്ലതരക്കാരനല്ല' | ന ഗ്രഹിഷ്യതി യദി | സ്വീകരിക്കുന്നില്ലെന്നു വരുന്നപക്ഷം |
| തത് | എന്നുള്ളതു് | | |
| വിദ്വദ്ഭിഃ | അറിഞ്ഞിരുന്ന | ലോകധിക്കാരസന്ദഗ്ദ്ധം | ജനങ്ങളെ ധിക്കരിച്ചതിനാൽത്തന്നെ ദഹിച്ചുപോയിരിക്കുന്ന അവനെ |
| അസ്മാഭിഃ | നമ്മളാൽ | | |
| നൃപഃ | രാജാവാക്കി | | |
| കൃതഃ | വാഴിക്കപ്പെട്ടതാണു് | | |
| സാന്ത്വിതഃ | സാമംകൊണ്ടു് വഴിപ്പെടുത്തപ്പെട്ടിട്ടും | സ്വതേജസാ | സ്വന്തം തേജസ്സുകൊണ്ടു |
| അധർമ്മകൃത് | ആ അധർമ്മാചാരനിരതൻ | ദഹിഷ്യാമഃ | ദഹിപ്പിച്ചുകളയാം" |

13 ഏവമദ്ധ്യവസായൈനം മുനയോ ഗൂഢമന്യവഃ
ഉപവ്രജ്യാബ്രുവൻ വേനം സാന്ത്വയിത്വാ ച സാമഭിഃ

| | | | |
|---|---|---|---|
| മുനയഃ | മുനിമാർ | ഏനം വേനം | ഈ വേനനെ |
| ഏവം | ഇപ്രകാരം | ഉപവ്രജ്യ | സമീപിച്ചു് |
| | | സാമഭിഃ | പ്രിയവാക്കുകളാൽ |
| അദ്ധ്യവസായ | നിശ്ചയിച്ചു് | സാന്ത്വയിത്വാ ച | അനുനയിപ്പിക്കുകയും ചെയ്തിട്ടു് |
| ഗൂഢമന്യവഃ | കോപം അകത്തൊതുക്കിക്കൊണ്ടു് | അബ്രുവൻ | പറഞ്ഞു |

മുനയ ഊചുഃ = മുനിമാർ പറഞ്ഞു :

14 നൃപവര്യ നിബോധൈതദ്യത്തേ വിജ്ഞാപയാമ ഭോഃ
ആയുഃശ്രീബലകീർത്തീനാം തവ താത വിവർദ്ധനം.

| | | | |
|---|---|---|---|
| ഭോഃ നൃപവര്യ | അല്ലയോ മഹാരാജാവേ ! | വിവർദ്ധകം | വളർച്ചയേകുന്നതു് |
| | | യത് | യാതൊന്നോ, |
| തവ | അങ്ങയുടെ | ഏതത് | ഇത്തരത്തിലുള്ളതിനെ |
| ആയുഃശ്രീബലകീർത്തീനാം | ആയുസ്സിനും സമ്പത്തിനും ബലത്തിനും കീർത്തിക്കും | തേ വിജ്ഞാപയാമ | അങ്ങേയ്ക്കായി ഞങ്ങൾ അറിയിക്കട്ടെ. |
| | | താത നിബോധ | വത്സ ! കേട്ടുധരിക്ക. |

15 ധർമ്മ ആചരിതഃ പുംസാം വാങ്മനഃകായബുദ്ധിഭിഃ
ലോകാൻ വിശോകാൻ വിതരത്യഥാനന്ത്യമസംഗിനാം.

| | | | |
|---|---|---|---|
| വാങ്മനഃ- കായബുദ്ധിഭിഃ | വാക്ക്, മനസ്സ്, ശരീരം ബുദ്ധി എന്നീ ചതുർവിധ കാരണങ്ങളാൽ | ലോകാൻ | ലോകങ്ങളെ |
| | | വിതരതി | പ്രദാനം ചെയ്യുന്നു. |
| ആചരിതഃ | അനുഷ്ഠിതമായ | അഥ | അതിനും പുറമെ, |
| ധൎമ്മഃ | ധൎമ്മം | അസംഗിനാം | അനാസക്തരായവൎക്ക് |
| പുംസാം | സാമാന്യമനുഷ്യൎക്ക് | ആനന്ത്യം | നിത്യകൈവല്യത്തെയും. |
| വിശോകാൻ | ശോകബാധയില്ലാത്ത | | |

16 സ തേ മാ വിനശേദ്വീര പ്രജാനാം ക്ഷേമലക്ഷണഃ
യസ്മിൻ വിനഷ്ടേ നൃപതിരൈശ്വര്യാദവരോഹതി.

| | | | |
|---|---|---|---|
| വീര | അല്ലയോ വീര ! | യസ്മിൻ | യാതൊന്നു് (ധൎമ്മം) |
| പ്രജാനാം | പ്രജകളുടെ | വിനഷ്ടേ | ഇല്ലാതെയാകുമ്പോൾ |
| ക്ഷേമലക്ഷണഃ | ക്ഷേമസ്വരൂപമായ | നൃപതിഃ | രാജാവു് |
| സഃ തേ | ആ ധൎമ്മം അങ്ങേയ്ക്കു് | ഐശ്വര്യാത് | ഐശ്വര്യത്തിൽനിന്നു് |
| മാ വിനശേത് | ഇല്ലാതെയാകരുതു്. | അവരോഹതി | താഴോട്ടിറങ്ങുന്നു. |

17 രാജന്നസാധ്വമാത്യേഭ്യശ്ചോരാദിഭ്യഃ പ്രജാ നൃപഃ
രക്ഷൻ യഥാ ബലിം ഗൃഹ്ണന്നിഹ പ്രേത്യ ച മോദതേ.

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | ബലിം | രാജഭോഗം (നികുതി) |
| അസാധ്വ- മാത്യേഭ്യഃ | കശ്മലന്മാരായ മന്ത്രിമാരിൽനിന്നും | ഗൃഹ്ണൻ | ഈടാക്കിക്കൊണ്ടും ഇരിക്കുന്ന |
| ചോരാദിഭ്യഃ | കള്ളന്മാർ മുതലായ സമുദായദ്രോഹികളിൽനിന്നും | നൃപഃ | ഒരു രാജാവു് |
| | | ഇഹ | ഈ ലോകത്തിലും |
| പ്രജാഃ | പ്രജകളെ | പ്രേത്യ ച | മരണാനന്തര ലോകത്തിലും |
| രക്ഷൻ | രക്ഷിച്ചുകൊണ്ടും, | | |
| യഥാ | വേണ്ടപോലെ | മോദതേ | സുഖിക്കുന്നു. |

18 യസ്യ രാഷ്ട്രേ പുരേ ചൈവ ഭഗവാൻ യജ്ഞപൂരുഷഃ
ഇജ്യതേ സ്വേന ധൎമ്മേണ ജനൈൎവൎണ്ണാശ്രമാന്വിതൈഃ

19 തസ്യ രാജ്ഞോ മഹാഭാഗ ഭഗവാൻ ഭൂതഭാവനഃ
പരിതുഷ്യതി വിശ്വാത്മാ തിഷ്ഠതോ നിജശാസനേ.

| | | | |
|---|---|---|---|
| യസ്യ | ഏതൊരു രാജാവിന്റെ | ഭഗവാൻ | സൎവ്വേശ്വരൻ |
| രാഷ്ട്രേ | രാഷ്ട്രത്തിലും | വൎണ്ണാശ്രമാ- ന്വിതൈഃ | വൎണ്ണാശ്രമാചാരങ്ങളുള്ളവരായ |
| പുരേ ച ഏവ | നഗരത്തിലും | | |
| യജ്ഞപൂരുഷഃ | യജ്ഞമൂൎത്തിയായ | ജനൈഃ | ജനങ്ങളാൽ |

| | | | |
|---|---|---|---|
| സ്വേന | തങ്ങൾതങ്ങൾക്കുള്ള | ഭഗവാൻ | സൎവ്വേശ്വരൻ |
| ധൎമ്മേണ | ധൎമ്മമൎയ്യാദയനുസരിച്ചു് | നിജശാസനേ | തന്റെ ചൊല്പടിക്കു് |
| ഇജ്യതേ | യജിക്കപ്പെടുന്നുവോ, | തിഷ്ഠതഃ | നിലകൊള്ളുന്ന |
| മഹാഭാഗ | ഹേ മഹാനുഭാവ! | | |
| ഭൂതഭാവനഃ | ജഗൽകാരണനും | തസ്യ രാജ്ഞഃ | ആ രാജാവിനെക്കുറിച്ചു് |
| വിശ്വാത്മാ | ജഗൽസ്വരൂപനുമായ | പരിതുഷ്യതി | സന്തോഷിക്കുന്നതാണു്. |

20 തസ്മിൻ തുഷ്ടേ കിമപ്രാപ്യം ജഗതാമീശ്വരേശ്വരേ
ലോകാഃ സപാലാ ഹ്യേതസ്മൈ ഹരന്തി ബലിമാദൃതാഃ

| | | | |
|---|---|---|---|
| ജഗതാം | സൎവ്വലോകങ്ങളുടേയും | സപാലാഃ | ലോകപാലന്മാരോടു കൂടിയ |
| ഈശ്വരേശ്വരേ | സൎവ്വാധിപതിയായ | ലോകാഃ | ലോകവാസികളെല്ലാം |
| തസ്മിൻ | തന്തിരുവടി | ഏതസ്മൈ ഹി | ഈ അധിപതിക്കായിക്കൊണ്ടുതന്നെ |
| തുഷ്ടേ | സന്തോഷിച്ചാൽ | ആദൃതാഃ | ആദരാന്വിതരായിട്ടു് |
| അപ്രാപ്യം | അലഭ്യമായതു് | ബലിം | ഉപഹാരത്തെ |
| കിം | എന്തുതന്നെയുണ്ടു് ? | ഹരന്തി | അൎപ്പിക്കുന്നു. |

21 തം സൎവ്വലോകാമരയജ്ഞസംഗ്രഹം
ത്രയീമയം ദ്രവ്യമയം തപോമയം
യജ്ഞൈൎവിചിത്രൈൎയ്യജതോ ഭവായ തേ
രാജൻ സ്വദേശാനനുരോദ്ധുമൎഹസി

| | | | |
|---|---|---|---|
| രാജൻ തേ | രാജാവേ! അങ്ങയുടെ | തപോമയം | തപഃസ്വരൂപനുമായ |
| ഭവായ | അഭ്യുദയത്തിനുവേണ്ടി | തം | തന്തിരുവടിയെ |
| സൎവ്വലോകാമരയജ്ഞസംഗ്രഹം | സൎവ്വലോകങ്ങളേയും ദേവന്മാരേയും യജ്ഞങ്ങളേയും നിയന്ത്രിക്കുന്നവനും | വിചിത്രൈഃ | പലപ്രകാരത്തിലുള്ള |
| | | യജ്ഞൈഃ | യജ്ഞങ്ങളാൽ |
| | | യജതഃ | യജിക്കുന്ന |
| | | സ്വദേശാൻ | സ്വദേശവാസികളെ |
| ത്രയീമയം | വേദസ്വരൂപനും | അനുരോദ്ധും | അനുകൂലിക്കുവാൻ |
| ദ്രവ്യമയം | ദ്രവ്യസ്വരൂപനും | അൎഹസി | അങ്ങു് അൎഹിക്കുന്നു. |

22 യജ്ഞേന യുഷ്മദ്വിഷയേ ദ്വിജാതിഭിർ-
വിതായമാനേന സുരാഃ കലാ ഹരേഃ
സ്വിഷ്ടാഃ സുതുഷ്ടാഃ പ്രദിശന്തി വാഞ്ഛിതം
തദ്ധേളനം നാൎഹസി വീര ചേഷ്ടിതും

| | | | |
|---|---|---|---|
| യുഷ്മദ്വിഷയേ | അങ്ങയുടെ നാട്ടിൽ | വിതായമാനേന | ചെയ്യപ്പെടുന്ന |
| ദ്വിജാതിഭിഃ | ബ്രാഹ്മണരാൽ | യജ്ഞേന | യജ്ഞംകൊണ്ടു് |

| | | | |
|---|---|---|---|
| ഹരേഃ | ശ്രീഹരിയുടെ | വാഞ്ഛിതം | അഭീഷ്ടത്തെ |
| കലാഃ | അംശഭൂതന്മാരായ | പ്രദിശന്തി | പ്രദാനം ചെയ്യുന്നു. |
| സുരാഃ | ദേവന്മാർ | വീര | ഹേ വീര്യവാനേ ! |
| സ്വിഷ്ടാഃ | വേണ്ടവിധം യജിക്കപ്പെട്ടു് | തദ്ധേലനം ചേഷ്ടിതും | അവരെ അവഹേളിച്ചു തള്ളുവാൻ |
| സുതുഷ്ടാഃ | സന്തുഷ്ടരായിട്ടു് | ന അർഹസി | അങ്ങു് അർഹിക്കുന്നില്ല. |

വേന ഉവാച = വേനൻ പറഞ്ഞു—

23 ബാലിശാ ബത യൂയം വാ അധൎമ്മേ ധൎമ്മമാനിനഃ
യേ വൃത്തിദം പതിം ഹിത്വാ ജാരം പതിമുപാസതേ.

| | | | |
|---|---|---|---|
| ബത | കഷ്ടം ! | യേ | യാതൊരു നിങ്ങൾ |
| അധൎമ്മേ | ധൎമ്മമല്ലാത്തതിൻമേൽ | വൃത്തിദം | ജീവിതവൃത്തിക്കു വേണ്ടതെല്ലാം തരുന്ന |
| ധൎമ്മമാനിനഃ | ധൎമ്മത്തെ തെററായി ധരിച്ചുവെച്ചിരിക്കുന്ന | പതിം ഹിത്വാ | ഭൎത്താവിനെ വിട്ടു് |
| യൂയം വൈ | നിങ്ങൾ തികച്ചും | ജാരം പതിം | ജാരപുരുഷനെ |
| ബാലിശാഃ | മൂഢന്മാരാണു്. | ഉപാസതേ | സേവിക്കുന്നു. |

രക്ഷിക്കുന്ന രാജാവിനെ സേവിക്കാതെ ഈശ്വരനെ സേവിക്കുവാൻ തിടുക്കം കൂട്ടുന്ന നിങ്ങൾ, അന്നവസ്ത്രാദികൾതന്നു പുലൎത്തിവരുന്ന ഭൎത്താവിനെ വിട്ടു ജാരനെ സേവിക്കുവാൻ മോഹിക്കുന്ന നീചനാരികൾകണക്കെ ബുദ്ധിമോശം കാണിക്കുന്നു; ധൎമ്മവ്യഭിചാരവും ചെയ്യുന്നു — എന്നു് വിവക്ഷിതാൎത്ഥം.

24 അവജാനന്ത്യമീ മൂഢാ നൃപരൂപിണമീശ്വരം
നാനുവിന്ദന്തി തേ ഭദ്രമിഹ ലോകേ പരത്ര ച

| | | | |
|---|---|---|---|
| അമീ മൂഢാഃ | ഈ മൂഢന്മാർ | തേ | ആയവർ |
| നൃപരൂപിണം | രാജാവായി രൂപം ധരിച്ചിരിക്കുന്ന | ഇഹ ലോകേ | ഇഹലോകത്തിലും |
| | | പരത്ര ച | പരലോകത്തിലും |
| ഈശ്വരം | ഈശ്വരനെ | ഭദ്രം | ക്ഷേമത്തെ |
| അവജാനന്തി | അവഗണിക്കുന്നു. | ന അനുവിന്ദന്തി | അനുഭവിക്കുന്നതല്ല |

25 കോ യജ്ഞപുരുഷോ നാമ യത്ര വോ ഭക്തിരീദൃശീ
ഭൎത്തൃസ്നേഹവിദൂരാണാം യഥാ ജാരേ കുയോഷിതാം

| | | | |
|---|---|---|---|
| ഭർത്തൃസ്നേഹ-വിദൂരാണാം | ഭൎത്താവിന്റെ അടുക്കൽ ലവലേശം സ്നേഹമില്ലാത്ത | ജാരേ | രഹസ്യവേഴ്ചക്കാരനിൽ |
| | | യഥാ | എന്നപോലെ |
| | | വഃ | നിങ്ങൾക്കു് |
| കുയോഷിതാം | നീചസ്ത്രീകൾക്കു് | യത്ര | ഏതൊരുത്തനിൽ |

| | | | |
|---|---|---|---|
| ഈദൃശീ | ഇത്തരമൊരു | യജ്ഞപുരുഷഃ | ആ 'യജ്ഞപുരുഷൻ' |
| ഭക്തിഃ | ഭക്തി ഉണ്ടായിരിക്കുന്നുവോ, | കോ നാമ | ആരാണാവോ ? |

26 വിഷ്ണുർവിരിഞ്ചോ ഗിരിശ ഇന്ദ്രോ വായുർയമോ രവിഃ
പർജ്ജന്യോ ധനദഃ സോമഃ ക്ഷിതിരഗ്നിരപാംപതിഃ

27 ഏതേ ചാന്യേ ച വിബുധാഃ പ്രഭവോ വരശാപയോഃ
ദേഹേ ഭവന്തി നൃപതേഃ സർവ്വദേവമയോ നൃപഃ.

വിഷ്ണു, ബ്രഹ്മാ, ശിവൻ, ഇന്ദ്രൻ, വായു, യമൻ, ആദിത്യൻ, പർജ്ജന്യൻ, കുബേരൻ, സോമൻ, ഭൂമി, വരുണൻ—

| | | | |
|---|---|---|---|
| ഏതേ ച | എന്നിവരും | നൃപതേഃ | രാജാവിന്റെ |
| അന്യേ ച | മററുള്ളവരുമായി | ദേഹേ | ശരീരത്തിൽ |
| വരശാപയോഃ | അനുഗ്രഹനിഗ്രഹങ്ങൾക്ക് | ഭവന്തി | ഉണ്ട്. |
| പ്രഭവഃ | സമർത്ഥരായ | നൃപഃ | രാജാവ് |
| വിബുധാഃ | ദേവന്മാർ | സർവ്വദേവമയഃ | സർവ്വദേവസ്വരൂപനാണ്. |

28 തസ്മാന്മാം കർമ്മഭിർവിപ്രാ യജധ്വം ഗതമത്സരാഃ
ബലിം ച മഹ്യം ഹരത മത്തോഽന്യഃ കോഽഗ്രഭുക് പുമാൻ

| | | | |
|---|---|---|---|
| വിപ്രാഃ | ബ്രാഹ്മണരേ ! | ബലിം ച | രാജഭോഗത്തെയും |
| തസ്മാത് | അതിനാൽ | ഹരത | അർപ്പിക്കുവിൻ |
| ഗതമത്സരാഃ | എന്നോടുള്ള സ്പർദ്ധവിട്ട് | അഗ്രഭുക് | ആരാധ്യനായ |
| കർമ്മഭിഃ | കർമ്മങ്ങൾകൊണ്ട് | പുമാൻ | പുരുഷൻ |
| മാം യജധ്വം | എന്നെ ആരാധിക്കുവിൻ | മത്തഃ | എന്നിലും മീതെ |
| മഹ്യം | എനിക്ക് തന്നെ | അന്യഃ കഃ | വേറെ ആരുണ്ട് ? |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു—

29 ഇത്ഥം വിപര്യയമതിഃ പാപീയാനുത്പഥം ഗതഃ
അനുനീയമാനസ്തദ്യാച്ഞാം ന ചക്രേ ഭ്രഷ്ടമംഗളഃ.

| | | | |
|---|---|---|---|
| ഇത്ഥം | ഇപ്രകാരം | ഭ്രഷ്ടമംഗളഃ | നന്മകെട്ടവനുമായ അവൻ |
| വിപര്യയമതിഃ | വിപരീതബുദ്ധിയാർന്നവനും | അനുനീയമാനഃ | സാമംവഴിക്ക് അനുനയിക്കപ്പെട്ടിട്ട് |
| പാപീയാൻ | പാപം മുഴുത്തവനും | തദ്യാച്ഞാം | അവരുടെ അഭ്യർത്ഥനയെ |
| ഉത്പഥം | അബദ്ധമാർഗ്ഗത്തെ | | |
| ഗതഃ | അവലംബിച്ചവനും | ന ചക്രേ | അംഗീകരിച്ചില്ല. |

30 ഇതി തേഽസത്കൃതാസ്തേന ദ്വിജാഃ പണ്ഡിതമാനിനാ
ഭഗ്നായാം ഭവ്യയാച്ഞായാം തസ്മൈ വിദുര ചുക്രുധുഃ.

| | | | |
|---|---|---|---|
| വിദുര | അല്ലയോ വിദുര ! | തേ ദ്വിജാഃ | ആ അന്തണന്മാർ |
| ഇതി | ഈ വിധം | ഭവ്യ-യാച്ഞായാം | അവരുടെ സാന്ത്വനയാച്ഞ |
| പണ്ഡിത-മാനിനാ | താനൊരു ജ്ഞാനിയാണെന്നു് ഊററം കൊണ്ടിരിക്കുന്ന | ഭഗ്നായാം | തകർന്നുപോയപ്പോൾ, |
| തേന | അവനാൽ | തസ്മൈ | അവന്റെ നേക്കു് |
| അസത്കൃതാഃ | അനാദരിക്കപ്പെട്ട | ചുക്രുധുഃ | കോപിച്ചു. |

31 ഹന്യതാം ഹന്യതാമേഷ പാപഃ പ്രകൃതിദാരുണഃ
ജീവൻ ജഗദസാവാശു കുരുതേ ഭസ്മസാദ്ധ്രുവം.

| | | | |
|---|---|---|---|
| പ്രകൃതിദാരുണഃ | "പ്രകൃത്യാ ക്രൂരനായ | ആശു | അതിവേഗം |
| ഏഷഃ പാപഃ | ഈ പാതകി | ജഗത് | ലോകത്തെ |
| ഹന്യതാം ഹന്യതാം | തികച്ചും കൊല്ലപ്പെടേണ്ടവനാകുന്നു. | ഭസ്മസാത് കുരുതേ | ചുട്ടുചാമ്പലാക്കി മാററുന്നതാണു്. |
| അസൗ | ഇവൻ | | |
| ജീവൻ | ജീവനോടെ ഇരുന്നാൽ | ധ്രുവം | സംശയമില്ല. |

32 നായമർഹത്യസദ്വൃത്തോ നരദേവവരാസനം
യോഽധിയജ്ഞപതിം വിഷ്ണും വിനിന്ദത്യനപത്രപഃ.

| | | | |
|---|---|---|---|
| അസദ്വൃത്തഃ | ദുർവൃത്തനായ | അനപത്രപഃ | നിർല്ലജ്ജൻ |
| അയം | ഇവൻ | അധിയജ്ഞ-പതിം | യജ്ഞങ്ങളുടെ അധീശ്വരനായ |
| നരദേവ-വരാസനം | ശ്രേഷ്ഠതയുള്ള രാജസിംഹാസനത്തെ | | |
| ന അർഹതി | അർഹിക്കുന്നില്ല. | വിഷ്ണും | മഹാവിഷ്ണുവിനെ |
| യഃ | യാതൊരു ഈ | വിനിന്ദതി | അധിക്ഷേപിക്കുന്നു. |

33 കോ വൈനം പരിചക്ഷീത വേനമേകമൃതേഽശുഭം
പ്രാപ്ത ഈദൃശമൈശ്വര്യം യദനുഗ്രഹഭാജനഃ.

| | | | |
|---|---|---|---|
| യദനുഗ്രഹ-ഭാജനഃ | യാതൊരു ഭഗവാന്റെ അനുഗ്രഹത്തിന്നു പാത്രീഭവിച്ചു് | പ്രാപ്തഃ | പ്രാപിച്ച |
| | | കോ വാ | ആരെങ്കിലും, |
| | | അശുഭം | അശുഭനായ |
| ഈദൃശം | ഇമ്മാതിരിയിലുള്ള | ഏനം ഏകം | ഈ ഒരു |
| | | വേനം ഋതേ | വേനനല്ലാതെ |
| ഐശ്വര്യം | ഐശ്വര്യത്തെ | പരിചക്ഷീത | അനാദരിക്കുമോ ?" |

34 ഇത്ഥം വ്യവസിതാ ഹന്തുമൃഷയോ രൂഢമന്യവഃ
നിജഘ്നുർഹുംകൃതൈർവേനം ഹതമച്യുതനിന്ദയാ

| | | | |
|---|---|---|---|
| ഋഷയഃ | ഋഷിമാർ | അച്യുതനിന്ദയാ | ഭഗവാന്റെ അവഹേളനത്താൽത്തന്നെ |
| ഇത്ഥം | ഇങ്ങനെ അന്യോന്യം പറഞ്ഞു്, | ഹതം | ഹനിക്കപ്പെട്ടിരുന്ന |
| ഹന്തും | വധിക്കുവാൻ | വേനം | വേനനെ |
| വ്യവസിതാഃ | ഉദ്യതരായി, | ഹുംകൃതൈഃ | ഹുംകാരപ്രയോഗങ്ങളാൽ |
| രൂഢമന്യവഃ | കോപം വ്യക്തമാക്കിക്കൊണ്ടു് | നിജഘ്നുഃ | നിഹനിച്ചു. |

35 ഋഷിഭിഃ സ്വാശ്രമപദം ഗതേ പുത്രകളേബരം
സുനീഥാ പാലയാമാസ വിദ്യായോഗേന ശോചതീ.

| | | | |
|---|---|---|---|
| ഋഷിഭിഃ | ഋഷിമാരാൽ | ശോചതീ | പുത്രദുഃഖാർത്തയായ |
| സ്വാശ്രമപദം | അവരവരുടെ ആശ്രമസ്ഥാനത്തേക്കു് | സുനീഥാ | സുനീഥ |
| | | പുത്രകളേബരം | പുത്രശരീരത്തെ |
| ഗതേ | ഗമനം ചെയ്യപ്പെട്ടിരിക്കവേ, | വിദ്യായോഗേന | മന്ത്രസിദ്ധിയാൽ |
| | | പാലയാമാസ | കേടുതട്ടാതെ സൂക്ഷിച്ചു. |

36 ഏകദാ മുനയസ്തേ തു സരസ്വത്സലിലാപ്ലുതാഃ
ഹുത്വാഗ്നീൻ സത്കഥാശ്ചക്രുരുപവിഷ്ടാഃ സരിത്തടേ

| | | | |
|---|---|---|---|
| ഏകദാ തു | അങ്ങനെ ഒരിക്കൽ | ഹുത്വാ | ഹോമിച്ചാരാധിച്ചു്, |
| തേ മുനയഃ | ആ ഋഷിമാർ | സരിത്തടേ | നദീതീരത്തിൽ |
| സരസ്വത്സലിലാപ്ലുതാഃ | സരസ്വതീനദിയിലെ ജലത്തിൽ കുളിച്ചു്, | ഉപവിഷ്ടാഃ | ഇരുന്നുകൊണ്ടു് |
| | | സത്കഥാഃ | ഹരികഥാകഥനം |
| അഗ്നീൻ | ത്രേതാഗ്നികളെ | ചക്രുഃ | ചെയ്തിരുന്നു. |

37 വീക്ഷ്യോത്ഥിതാൻ മഹോത്പാതാനാഹുർലോകഭയംകരാൻ
അപ്യഭദ്രമനാഥായാ ദസ്യുഭ്യോ ന ഭവേദ്ഭുവഃ.

| | | | |
|---|---|---|---|
| ഉത്ഥിതാൻ | ഉയർന്നെഴുന്ന | അനാഥായാഃ | "നാഥനില്ലാതെയായ |
| ലോകഭയങ്കരാൻ | ലോകഭീതികരങ്ങളായ | ഭുവഃ | ഭൂമിക്കു് |
| മഹോത്പാതാൻ | അശുഭനിമിത്തങ്ങളെ | ദസ്യുഭ്യഃ | ചോരന്മാരിൽനിന്നു് |
| | | അഭദ്രം | ശല്യം |
| വീക്ഷ്യ | കണ്ടു് | അപി ന ഭവേത് | സംഭവിച്ചുകൂടെന്നില്ലല്ലോ" |
| ആഹുഃ | അവർ പറഞ്ഞു. | | |

38 ഏവം മൃശന്ത ഋഷയോ ധാവതാം സർവ്വതോദിശം
പാംസുഃ സമുത്ഥിതോ ഭൂരിശ്ചോരാണാമഭിലുംപതാം

| | | | |
|---|---|---|---|
| ഋഷയഃ | മുനിമാർ | സർവ്വതോദിശം | എല്ലാടവും |
| ഏവം | ഇപ്രകാരം | ധാവതാം | പരക്കംപായുന്ന |
| മൃശന്തഃ | അഭ്യൂഹിച്ചുകൊണ്ടു് | ചോരാണാം | തസ്കരന്മാരുടെ |
| (സ്ഥിതാഃ തദാക) | നില്പായി. അപ്പോൾ, | ഭൂരിഃ | പരപ്പിലുള്ള |
| | | പാംസുഃ | മൺപൊടി |
| അഭിലുംപതാം | കൊള്ളയടിച്ചുകൊണ്ടു് | സമുത്ഥിതഃ | ഉയർന്നുവന്നു. |

39 തദുപദ്രവമാജ്ഞായ ലോകസ്യ വസു ലുംപതാം
ഭർത്തര്യുപരതേ തസ്മിന്നന്യോന്യം ച വിലുംപതാം

40 ചോരപ്രായം ജനപദം ഹീനസത്ത്വമരാജകം
ലോകാന്നാവാരയൻ ശക്താ അപി തദ്ദോഷദർശിനഃ

| | | | |
|---|---|---|---|
| തസ്മിൻ | തദ്ദേശത്തിൽ | ഹീനസത്ത്വം | ഉൾക്കരുത്തില്ലാതെയായിരിക്കുന്ന |
| ഭർത്തരി | ഭരണാധികാരി | | |
| ഉപരതേ | ഇല്ലാതിരിക്കേ, | ജനപദം ച | നാടിനേയും |
| തത് | അപ്പോൾ | ആജ്ഞായ | കണ്ടറിഞ്ഞു്, |
| ലോകസ്യ | നാട്ടുകാരുടെ | ശക്താഃ അപി | ഈ വക വൈഷമ്യങ്ങളെ തടയാൻ കഴിവുള്ളവരായിരുന്നിട്ടും |
| വസു | സമ്പത്തു് | | |
| ലുംപതാം | കവരുന്നവരും | | |
| അന്യോന്യം | തമ്മിൽത്തമ്മിൽ | | |
| വിലുംപതാം | കൊള്ളയും കൊലയും നടത്തുന്നവരുമായ അസത്തുക്കളുടെ | തദ്ദോഷ-ദർശിനഃ | തടയാതിരുന്നാൽ അതുകൊണ്ടുള്ള ദോഷം അറിയുന്നവരായിരുന്നിട്ടുംകൂടി |
| ഉപദ്രവം | ദ്രോഹത്തേയും, | ലോകാൻ | (കവർച്ചചെയ്യുന്ന) ജനങ്ങളെ |
| ചോരപ്രായം | കള്ളന്മാർ പെരുകി | | |
| അരാജകം | അരാജകത്വംബാധിച്ചു്, | ന അവാരയൻ | (ഋഷിമാർ) തടഞ്ഞില്ല. |

ഇത്തരം സമൂഹദ്രോഹികളെ അമർച്ചചെയ്യേണ്ടതു് ശക്തന്മാരായ ക്ഷത്രിയന്മാരുടെ കടമയാണ്. അവർ അതു ചെയ്തില്ലെങ്കിൽ അവർക്കു ദോഷമുണ്ടാകുമെന്നതു തീർച്ച. ഋഷിമാർ സമദർശികളും പ്രശാന്തന്മാരുമായ ബ്രാഹ്മണരാണ്. എന്നിരുന്നാലും സാധുക്കൾക്ക് അസാധുക്കളിൽനിന്നു് വിദ്രോഹം നേരിടുന്നതിനെ നോക്കിനില്ക്കുന്നതായാൽ അവരുടെ ബ്രഹ്മതേജസ്സും ക്ഷയിച്ചുപോകുമെന്നു് അവർ കരുതിയതു് താഴെ ചൂണ്ടിക്കാണിക്കുന്നു.

41 ബ്രാഹ്മണഃ സമദൃക് ശാന്തോ ദീനാനാം സമുപേക്ഷകഃ
സ്രവതേ ബ്രഹ്മ തസ്യാപി ഭിന്നഭാണ്ഡാത് പയോ യഥാ.

| | | | |
|---|---|---|---|
| ബ്രാഹ്മണഃ | "ബ്രാഹ്മണൻ | ശാന്തഃ | ശമഗുണമുള്ളവനാണ് |
| സമദൃക് | സമദർശിയാണ് | (തഥാപി) | എന്നിരുന്നാലും |

| | | | |
|---|---|---|---|
| ദീനാനാം | ദീനജനങ്ങളെ സംബന്ധിച്ചു് | ബ്രഹ്മ | ബ്രാഹ്മണ്യം |
| സമുപേക്ഷകഃ | ഉപേക്ഷകാട്ടുന്നവൻ | ഭിന്നഭാണ്ഡാത് | പൊട്ടിയ പാൽക്കലത്തിൽനിന്നു് |
| (യദി ഭവതി) | ആയിരുന്നാൽ | പയഃ യഥാ | പാലെന്നപോലെ |
| തസ്യ അപി | അവൻെറയും | സ്രവതേ | ചോൎന്നുപോകുന്നു. |

42 നാങ്ഗസ്യ വംശോ രാജർഷേരേഷ സംസ്ഥാതുമർഹതി
അമോഘവീര്യാ ഹി നൃപാ വംശേഽസ്മിൻ കേശവാശ്രയാഃ.

| | | | |
|---|---|---|---|
| രാജർഷേഃ | രാജർഷിയായ | ഹി | എന്തെന്നാൽ |
| അങ്ഗസ്യ | അംഗൻെറ | അസ്മിൻ വംശേ | ഈ വംശത്തിലെ |
| ഏഷഃ വംശഃ | ഈ വംശം | നൃപാഃ | രാജാക്കന്മാർ |
| സംസ്ഥാതും | നിന്നുപോകുവാൻ (അവസാനിക്കുവാൻ) | കേശവാശ്രയാഃ | ഭഗവൽ പരായണന്മാരും |
| ന അർഹതി | അർഹിക്കുന്നില്ല. (പാടില്ല) | അമോഘവീര്യാഃ | വീര്യശാലികളുമായിരുന്നു.” |

43 വിനിശ്ചിത്യൈവമൃഷയോ വിപന്നസ്യ മഹീപതേഃ
മമന്ഥുരൂരും തരസാ തത്രാസീദ് ബാഹുകോ നരഃ

| | | | |
|---|---|---|---|
| ഋഷയഃ | ഋഷിമാർ | തരസാ | വേഗത്തിൽ |
| ഏവം | ഈ വിധം | മമന്ഥുഃ | മഥനംചെയ്തു. |
| വിനിശ്ചിത്യ | ആലോചിച്ചുറച്ചു് | തത്ര | അപ്പോൾ, അവിടെ |
| വിപന്നസ്യ | മൃതിയടഞ്ഞ | ബാഹുകഃ | ഹ്രസ്വകായനായ |
| മഹീപതേഃ | വേനരാജാവിൻെറ | നരഃ | ഒരാൾ |
| ഊരും | തുടയെ | ആസീത് | ആവിർഭവിച്ചു. |

ഹുംകാരംകൊണ്ടു വേനനെ നിർജീവനാക്കാൻ കഴിഞ്ഞ ഋഷിമാൎക്കു ദസ്യുക്കളേയും ഭസ്മസാൽകരിക്കാനുള്ള കഴിവുണ്ടു്. പക്ഷേ തപഃശക്തിക്കു് അങ്ങനെ ലോപം വരുത്താവുന്നതല്ല. എന്നാൽ നാടിനെ ബാധിച്ചിരിക്കുന്ന അരാജകത്വം നോക്കി നില്ക്കുന്നതും ശരിയല്ല. അതിനും പുറമെ അംഗരാജർഷിയുടെ വിശുദ്ധവംശം തീരെ നിന്നുപോകയും അരുതു്. അതിനാൽ ആ വംശത്തിൽ സന്തതിയുണ്ടാകാൻ വേണ്ടിയാണു് സുനീഥാസംരക്ഷിതമായ വേനജഡത്തിൻെറ തുടയെ അവർ കടഞ്ഞതു്. അപ്പോൾ ഉണ്ടായതു് ഒരു കുള്ളൻ. അവൻെറ രൂപത്തെ താഴെ വിവരിക്കുന്നു.

44 കാകകൃഷ്ണോഽതിഹ്രസ്വാംഗോ ഹ്രസ്വബാഹുർമഹാഹനുഃ
ഹ്രസ്വപാന്നിമ്നനാസാഗ്രോ രക്താക്ഷസ്താമ്രമൂർധജഃ

| | |
|---|---|
| കാകകൃഷ്ണഃ | കാക്കപോലെ കറുത്തവൻ; |
| അതിഹ്രസ്വാംഗഃ | തീരെ പൊക്കമില്ലാത്തവൻ; |
| ഹ്രസ്വബാഹുഃ | മുണ്ടൻകൈയ്യൻ; |
| ഹ്രസ്വപാത് | കുറുംകാലൻ; |
| മഹാഹനുഃ | പെരുത്തുന്തിയ കപോലപ്രാന്തങ്ങളുള്ളവൻ; |
| നിമ്നനാസാഗ്രഃ | പതിമൂക്കൻ; |
| രക്താക്ഷഃ | ചെംകണ്ണൻ; |
| താമ്രമൂൎദ്ധജഃ | ചെമ്പൻമുടിയുള്ളവൻ. |

45 തം തു തേഽവനതം ദീനം കിം കരോമീതി വാദിനം
നിഷീദേത്യബ്രുവംസ്താത സ നിഷാദസ്തതോഽഭവത്.

| | |
|---|---|
| അവനതം | കുമ്പിട്ടുവണങ്ങി |
| ദീനം | ദീനഭാവത്തിൽനിന്നുകൊണ്ടു് |
| കിം കരോമി | 'ഞാൻ എന്തുചെയ്യണം' |
| ഇതി വാദിനം | എന്നു ചോദിക്കുന്ന |
| തം തു | അവനോടായി |
| തേ | ആ ഋഷിമാർ |
| നിഷീദ ഇതി | "നിഷീദനം ചെയ്യ്" (ഒരിടത്തിരിക്ക) എന്നു് |
| അബ്രുവൻ | പറഞ്ഞു— |
| താത | വത്സവിദുര ! |
| തതഃ | ആകയാൽ |
| സഃ | അവൻ |
| നിഷാദഃ | നിഷാദൻ (കാട്ടാളൻ) |
| അഭവത് | ആയി ഭവിച്ചു. |

46 തസ്യ വംശ്യാസ്തു നൈഷാദാ ഗിരികാനനഗോചരാഃ
യേനാഹരജ്ജായമാനോ വേനകല്മഷമുല്ബണം

| | |
|---|---|
| യേന | യാതൊരുകാരണത്താൽ |
| (സഃ) | അവൻ |
| ജായമാനഃ | പിറവിയെടുത്തുകൊണ്ടു് |
| ഉല്ബണം | അത്യുഗ്രമായ |
| വേനകല്മഷം | വേനന്റെ ദുരിതത്തെ |
| അഹരത് | ഏറ്റെടുത്തുവോ, തന്മൂലം |
| തസ്യ | അവന്റെ |
| വംശ്യാഃ തു | വംശത്തിലുണ്ടായവരാകട്ടെ |
| ഗിരികാനനഗോചരാഃ | മലകളിലും കാടുകളിലും താവളമുറപ്പിച്ച |
| നൈഷാദാഃ | നൈഷാദന്മാർ (കാട്ടാളജാതികൾ) ആയിത്തീൎന്നു. |

**ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുൎത്ഥസ്കന്ധേ**

**പൃഥുചരിതേ നിഷാദോത്പത്തിൎനാമ ചതുൎദ്ദശോഽദ്ധ്യായഃ**

**ആദിതഃ ശ്ലോകാഃ 661.**

**നാലാമത്തെ സ്കന്ധത്തിൽ പതിനാലാമദ്ധ്യായം കഴിഞ്ഞു.**

# പഞ്ചദശോഽധ്യായഃ — അധ്യായം പതിനഞ്ച്.

## പൃഥുവിന്റെ ജനനവും രാജ്യാഭിഷേകവും

"തതഃ പഞ്ചദശേ വിപ്രൈർമഥനാദ്വേനബാഹുതഃ
ജാതസ്യ തു പൃഥോരുക്തമഭിഷേകാർഹണാദികം"

ഋഷിമാർ വേനന്റെ ബാഹുക്കളെ കടഞ്ഞ് അതിൽനിന്ന് പൃഥുചക്രവർത്തി ജനിക്കുന്നതും അദ്ദേഹത്തെ രാജാവാക്കി വാഴിക്കുന്നതും ബഹുമാനിക്കുന്നതും മററുമായ സംഗതികൾ ഈ അധ്യായത്തിൽ പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

1 അഥ തസ്യ പുനർവിപ്രൈരപുത്രസ്യ മഹീപതേഃ
ബാഹുഭ്യാം മഥ്യമാനാഭ്യാം മിഥുനം സമപദ്യത.

| | | | |
|---|---|---|---|
| അഥ തസ്യ | അനന്തരം, ആ | പുനഃ | വീണ്ടും |
| അപുത്രസ്യ | പുത്രരഹിതനായ | മഥ്യമാനാഭ്യാം | കടയപ്പെട്ട |
| മഹീപതേഃ | വേനരാജാവിന്റെ | ബാഹുഭ്യാം | ബാഹുക്കളിൽനിന്ന് |
| വിപ്രൈഃ | ഋഷിമാരാൽ | മിഥുനം | ഒരു പുരുഷനും സ്ത്രീയും |
| | | സമപദ്യത | ഉണ്ടായിവന്നു. |

2 തദ്ദൃഷ്ട്വാ മിഥുനം ജാതമൃഷയോ ബ്രഹ്മവാദിനഃ
ഊചുഃ പരമസന്തുഷ്ടാ വിദിത്വാ ഭഗവത്കലാം

| | | | |
|---|---|---|---|
| ബ്രഹ്മവാദിനഃ | വേദജ്ഞരായ | ഭഗവത്കലാം | ഭഗവാന്റെ അംശാവതാരമെന്ന് |
| ഋഷയഃ | മഹർഷിമാർ | വിദിത്വാ | മനസ്സിലാക്കി, |
| ജാതം | ജനിച്ചിരിക്കുന്ന | പരമസന്തുഷ്ടാഃ | അതീവ സന്തുഷ്ടരായി |
| തത് മിഥുനം | ആ സ്ത്രീപുരുഷദ്വന്ദ്വത്തെ | ഊചുഃ | പറഞ്ഞു. |
| ദൃഷ്ട്വാ | കണ്ട്, | | |

ഋഷിമാരുടെ ചൊല്ലിനെ നാലു ശ്ലോകംകൊണ്ട് കാണിക്കുന്നു.

ഋഷയ ഊചുഃ = ഋഷിമാർ പറഞ്ഞു :

3 ഏഷ വിഷ്ണോർഭഗവതഃ കലാ ഭുവനപാലിനീ
ഇയം ച ലക്ഷ്മ്യാഃ സംഭൂതിഃ പുരുഷസ്യാനപായിനീ

| | | | |
|---|---|---|---|
| ഏഷഃ | ഈ കുമാരൻ | ഇയം ച | ഈ കുമാരിയാകട്ടെ |
| ഭഗവതഃ | സർവ്വേശ്വരനായ | പുരുഷസ്യ | ഭഗവാന്റെ |
| വിഷ്ണോഃ | മഹാവിഷ്ണുവിന്റെ | അനപായിനീ | വേർപാടില്ലാത്ത |
| ഭുവനപാലിനീ | ലോകപാലനക്ഷമമായ | ലക്ഷ്മ്യാഃ | മഹാലക്ഷ്മിയുടെ |
| കലാ | അംശമാകുന്നു | സംഭൂതിഃ | അവതാരവുമാകുന്നു. |

4 അത്ര തു പ്രഥമേ രാജ്ഞാം പുമാൻ പ്രഥയിതാ യശഃ
പൃഥുർനാമ മഹാരാജോ ഭവിഷ്യതി പൃഥുശ്രവാഃ

| | | | |
|---|---|---|---|
| അത്ര തു | ഇവരിൽ | പ്രഥയിതാ | വളർത്തുന്നവനുമായിട്ട് |
| പുമാൻ | പുരുഷനായുള്ളവൻ | പൃഥുഃ നാമ | 'പൃഥു'വെന്നുപേരായ |
| പൃഥുശ്രവാഃ | വിഖ്യാതകീർത്തിമാനും | പ്രഥമഃ | ഒന്നാമത്തെ |
| രാജ്ഞാം | രാജാക്കന്മാരുടെ | മഹാരാജഃ | ചക്രവർത്തിയായി |
| യശഃ | കീർത്തിയെ | ഭവിഷ്യതി | ഭവിക്കും. |

5 ഇയം ച സുദതീ ദേവീ ഗുണഭൂഷണഭൂഷണാ
അർച്ചിർനാമ വരാരോഹാ പൃഥുമേവാവരുന്ധതീ.

| | | | |
|---|---|---|---|
| സുദതീ | ശോഭനദന്തനിരയുള്ളവളും | ഇയം ദേവീ ച | ഈ ദേവിയും |
| | | അർച്ചിഃ നാമ | 'അർച്ചീസ്സ്'എന്ന പേരോടെ |
| ഗുണഭൂഷണ-ഭൂഷണാ | ഗുണങ്ങൾക്കും ഭൂഷണങ്ങൾക്കും ഭൂഷണമായുള്ളവളും | പൃഥും ഏവ | പൃഥുവിനെത്തന്നെ |
| | | അവരുന്ധതീ | ഭർത്തൃഭാവേന അനുസരിക്കുന്നവളായിഭവിക്കും . |
| വരാരോഹാ | ഉത്തമയുമായ | | |

6 ഏഷ സാക്ഷാദ്ധരേരംശോ ജാതോ ലോകരിരക്ഷയാ
ഇയം ച തത്പരാ ഹി ശ്രീരനുജജ്ഞേഽനപായിനീ.

| | | | |
|---|---|---|---|
| സാക്ഷാത് | ശരിയായും | തത്പരാ | അവിടുത്തെ അവലംബിച്ചവളും |
| ഹരേഃ അംശഃ | ശ്രീഹരിയുടെ അംശം | | |
| ലോകരിരക്ഷയാ | ലോകരക്ഷാഭിവാഞ്ഛയാൽ | അനപായിനീ | വിട്ടുപിരിയാത്തവളുമായ |
| | | ശ്രീ | ലക്ഷ്മീദേവി |
| ഏഷഃ | ഈ പുരുഷനായിട്ട് | ഇയം ച | ഈ സ്ത്രീയായും |
| ജാതഃ | ജനിച്ചതാണ്. | | |
| ഹി | അതിൻവണ്ണം | അനുജജ്ഞേ | കൂടെ പിറന്നു. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

7 പ്രശംസന്തി സ്മ തം വിപ്രാ ഗന്ധർവ്വപ്രവരാ ജഗുഃ
മുമുചുഃ സുമനോധാരാഃ സിദ്ധാ നൃത്യന്തി സ്വഃസ്ത്രീയഃ.

| | |
|---|---|
| വിപ്രാഃ | ബ്രാഹ്മണർ |
| തം | അദ്ദേഹത്തെ |
| പ്രശംസന്തി സ്മ | വാഴ്ത്തി; |
| ഗന്ധർവ്വപ്രവരാഃ | ഗന്ധർവ്വോത്തമന്മാർ |
| ജഗുഃ | പാടി; |

| | |
|---|---|
| സിദ്ധാഃ | സിദ്ധന്മാർ |
| സുമനോധാരാഃ | പൂമാരികൾ |
| മുമുചുഃ | പൊഴിച്ചു. |
| സ്വഃസ്ത്രീയഃ | അപ്സരസ്ത്രീകൾ |
| നൃത്യന്തി സ്മ | നൃത്തമാടി. |

8 ശംഖതൂര്യമൃദംഗാദ്യാ നേദുർദുന്ദുഭയോ ദിവി
തത്ര സർവ ഉപാജഗ്മുർദേവർഷിപിതൃണാം ഗണാഃ.

| | |
|---|---|
| ദിവി | സ്വർഗ്ഗലോകത്തിൽ |
| ശംഖതൂര്യ-മൃദംഗാദ്യാഃ | ശംഖതൂര്യമൃദംഗാദി വാദ്യങ്ങളും |
| ദുന്ദുഭയഃ | ഭേരികളും |
| നേദുഃ | മുഴങ്ങി- |

| | |
|---|---|
| ദേവർഷി-പിതൃണാം | ദേവന്മാർ, ഋഷികൾ, പിതൃക്കൾ എന്നിവരുടെ |
| സർവേ ഗണാഃ | സകല സംഘങ്ങളും |
| തത്ര | അവിടത്തിൽ |
| ഉപാജഗ്മുഃ | എത്തിച്ചേർന്നു. |

9 ബ്രഹ്മാ ജഗദ്ഗുരുർദേവൈഃ സഹാസൃത്യ സുരേശ്വരൈഃ
വൈന്യസ്യ ദക്ഷിണേ ഹസ്തേ ദൃഷ്ട്വാ ചിഹ്നം ഗദാഭൃതഃ

10 പാദയോരരവിന്ദം ച തം വൈ മേനേ ഹരേഃ കലാം
യസ്യാപ്രതിഹതം ചക്രമംശഃ സ പരമേഷ്ഠിനഃ.

| | |
|---|---|
| ജഗദ്ഗുരുഃ | സർവ്വലോകാചാര്യനായ |
| ബ്രഹ്മാ | ബ്രഹ്മദേവൻ |
| ദേവൈഃ | ദേവന്മാരോടും |
| സുരേശ്വരൈഃ | ദേവപ്രമുഖന്മാരായ ഇന്ദ്രാദിലോകപാലന്മാരോടും |
| സഹ ആസൃത്യ | കൂടി ആഗമിച്ചു്, |
| വൈന്യസ്യ | പൃഥുവിന്റെ |
| ദക്ഷിണേ | വലത്തെ |
| ഹസ്തേ | കരത്തിൽ |
| ഗദാഭൃതഃ | ശ്രീ മഹാവിഷ്ണുവിന്റെ |
| ചിഹ്നം | രേഖാത്മകമായ ചക്രലക്ഷണവും |
| പാദയോഃ | പാദങ്ങളിൽ |

| | |
|---|---|
| അരവിന്ദം ച | പദ്മരേഖയും |
| ദൃഷ്ട്വാ | കണ്ടു്, |
| തം വൈ | അദ്ദേഹത്തെ ശരിക്കും |
| ഹരേഃ | വിഷ്ണുവിന്റെ |
| കലാം മേനേ | അംശമായി കരുതി. |
| യസ്യ | യാതൊരാൾക്കു് |
| അപ്രതിഹതം | ഇതരരേഖകളാൽ മുറിക്കപ്പെടാത്ത |
| ചക്രം | ചക്രരേഖ തെളിഞ്ഞു കാണുന്നുവോ, |
| സഃ | ആയാൾ |
| പരമേഷ്ഠിനഃ | സർവ്വേശ്വരന്റെ |
| അംശഃ | അംശമാകുന്നു. |

11 തസ്യാഭിഷേക ആരബ്ധോ ബ്രാഹ്മണൈർ ബ്രഹ്മവാദിഭിഃ
അഭിഷേചനികാന്യസ്മൈ ആജഹ്രുഃ സർവ്വതോ ജനാഃ

| | | | |
|---|---|---|---|
| ബ്രഹ്മവാദിഭിഃ | വേദജ്ഞരായ | സർവ്വതഃ | എല്ലാ ദിക്കിൽനിന്നും |
| ബ്രാഹ്മണൈഃ | ബ്രാഹ്മണരാൽ | അസ്മൈ | ഇദ്ദേഹത്തിനുവേണ്ടി |
| തസ്യ | ആ പൃഥുവിന്റെ | അഭിഷേചനികാനി | അഭിഷേകത്തിനായുള്ള സാധനസാമഗ്രികളെ |
| അഭിഷേകഃ | രാജപട്ടാഭിഷേകം | | |
| ആരബ്ധഃ | ആരംഭിക്കപ്പെട്ടു. | | |
| ജനാഃ | ജനങ്ങൾ | ആജഹ്രുഃ | കൊണ്ടുവന്നു. |

12 സരിത്സമുദ്രാ ഗിരയോ നാഗാ ഗാവഃ ഖഗാ മൃഗാഃ
ദ്യൗഃ ക്ഷിതിഃ സർവ്വഭൂതാനി സമാജഹ്രുരുപായനം.

| | | | |
|---|---|---|---|
| സരിത്സമുദ്രാഃ | നദികൾ, സമുദ്രങ്ങൾ, | ദ്യൗഃ ക്ഷിതിഃ | സ്വർഗ്ഗം, ഭൂമി ഇങ്ങനെ |
| ഗിരയഃ | പർവ്വതങ്ങൾ, | സർവ്വഭൂതാനി | എല്ലാ ചരാചരങ്ങളും |
| നാഗാഃ ഗാവഃ | നാഗങ്ങൾ, ഗോക്കൾ, | ഉപായനം | തിരുമുൽക്കാഴ്ച |
| ഖഗാഃ മൃഗാഃ | പക്ഷികൾ, മൃഗങ്ങൾ, | സമാജഹ്രുഃ | കൊണ്ടുവന്നു. |

13 സോഽഭിഷിക്തോ മഹാരാജഃ സുവാസാഃ സാധ്വലംകൃതഃ
പത്ന്യാർച്ചിഷാലംകൃതയാ വിരേജേഽഗ്നിരിവാപരഃ.

| | | | |
|---|---|---|---|
| സുവാസാഃ | വിശേഷപ്പെട്ട വസ്ത്രം ധരിച്ച് | അലംകൃതയാ | അലംകരിക്കപ്പെട്ടവളും |
| | | അർച്ചിഷാ | അർച്ചിസ്സെന്നു പേരായവളുമായ |
| സാധു | നല്ലപോലെ | | |
| അലംകൃതഃ | അലംകൃതനായി | പത്ന്യാ | പത്നിയോടുകൂടി |
| അഭിഷിക്തഃ | അഭിഷേകം കഴിക്കപ്പെട്ട | അപരഃ | മറ്റൊരു |
| | | അഗ്നിഃ ഇവ | അഗ്നിപോലെ |
| സഃ മഹാരാജഃ | ആ രാജാധിരാജൻ | വിരേജേ | പ്രശോഭിച്ചു. |

14 തസ്മൈ ജഹാര ധനദോ ഹൈമം വീര വരാസനം
വരുണഃ സലിലസ്രാവമാതപത്രം ശശിപ്രഭം.

| | | | |
|---|---|---|---|
| വീര | ഹേ വിദുര! | വരുണഃ | വരുണദേവൻ |
| ധനദഃ | വൈശ്രവണൻ | സലിലസ്രാവം | വെള്ളം വാർന്നുവീഴുന്നതും |
| തസ്മൈ | അദ്ദേഹത്തിന് | | |
| ഹൈമം | സ്വർണ്ണംകൊണ്ടുള്ള | ശശിപ്രഭം | മുഴുത്തിങ്കളെപ്പോലെ വെണ്മയെഴുന്നതുമായ |
| വരാസനം | നല്ല സിംഹാസനം | | |
| ജഹാര | സമ്മാനിച്ചു. | ആതപത്രം | കുടയും (കൊടുത്തു.) |

15 വായുശ്ച വാലവ്യജനേ ധർമ്മഃകീർത്തിമയീം സ്രജം
ഇന്ദ്രഃ കിരീടമുത്കൃഷ്ടം ദണ്ഡം സംയമനം യമഃ

| | | | |
|---|---|---|---|
| വായുഃ | വായുദേവൻ | ഉത്കൃഷ്ടം | വിശിഷ്ടമായ |
| വാലവ്യജനേ | രണ്ടു ചാമരങ്ങളും, | കിരീടം | കിരീടവും, |
| ധർമ്മഃ | ധർമ്മദേവൻ | യമഃ | യമൻ |
| കീർത്തിമയീം | യശോരൂപമായ | സംയമനം | നിയന്ത്രണോപകരണമായ |
| സ്രജം | പൂമാലയും, | | |
| ഇന്ദ്രഃ | ദേവേന്ദ്രൻ | ദണ്ഡം ച | ദണ്ഡവും (കൊടുത്തു) |

16 ബ്രഹ്മാ ബ്രഹ്മമയം വർമ്മ ഭാരതീ ഹാരമുത്തമം
ഹരിഃ സുദർശനം ചക്രം തത്പത്ന്യവ്യാഹതാം ശ്രിയം

| | | | |
|---|---|---|---|
| ബ്രഹ്മാ | ബ്രഹ്മാവ് | ഹരിഃ | മഹാവിഷ്ണു |
| ബ്രഹ്മമയം | വേദരൂപമായ | സുദർശനം | സുദർശനമെന്ന |
| വർമ്മ | കവചവും | ചക്രം | ചക്രവും |
| ഭാരതീ | സരസ്വതീദേവി | തത്പത്നീ | മഹാലക്ഷ്മി |
| ഉത്തമം | ഉത്തമമായ | അവ്യാഹതാം | ഇളക്കം തട്ടാത്ത |
| ഹാരം | മണിമാലയും, | ശ്രിയം | സമ്പത്തും (നല്കി) |

17 ദശചന്ദ്രമസിം രുദ്രഃ ശതചന്ദ്രം തഥാംബികാ
സോമോഽമൃതമയാനശ്വാംസ്ത്വഷ്ടാ രൂപാശ്രയം രഥം

| | | | |
|---|---|---|---|
| രുദ്രഃ | ശ്രീരുദ്രൻ | സോമഃ | സോമദേവൻ |
| ദശചന്ദ്രം | പത്തു ചന്ദ്രാകാരപ്പുറകളിട്ടുറപ്പിച്ച | അമൃതമയാൻ | അമൃതമയങ്ങളായ |
| അസിം | വാളും, | അശ്വാൻ | കുതിരകളെയും, |
| തഥാ | അപ്രകാരം | ത്വഷ്ടാ | ത്വഷ്ടാവ് |
| അംബികാ | ശ്രീപാർവ്വതി | രൂപാശ്രയം | ഭംഗിചന്തമായ |
| ശതചന്ദ്രം | നൂറു ചന്ദ്രചിഹ്നമുള്ള പരിചയും, | രഥം | തേരും (കൊടുത്തു.) |

18 അഗ്നിരാജഗവം ചാപം സൂര്യോ രശ്മിമയാനിഷൂൻ
ഭൂഃ പാദുകേ യോഗമയ്യൗ ദ്യൗഃ പുഷ്പാവലിമന്വഹം

| | | | |
|---|---|---|---|
| അഗ്നിഃ | അഗ്നിദേവൻ | യോഗമയ്യൗ | കാലിലിട്ടാൽ എത്തേണ്ട ദിക്കിലെത്തിക്കുന്ന ദിവ്യശക്തിയുള്ള |
| ആജഗവം | ആടിന്റെയും ഗോവിന്റെയും കൊമ്പുകൾ കൊണ്ടു നിർമ്മിച്ച | | |
| ചാപം | വില്ലും, | പാദുകേ | മെതിയടികളും (നല്കി). |
| സൂര്യഃ | സൂര്യദേവൻ | ദ്യൗഃ | അന്തരീക്ഷദേവത |
| രശ്മിമയാൻ | രശ്മിമയങ്ങളായ | അന്വഹം | ദിനംതോറും |
| ഇഷൂൻ | ശരങ്ങളും, | പുഷ്പാവലിം | പുഷ്പനിചയത്തെയും (കൊടുത്തുവന്നു) |
| ഭൂഃ | ഭൂമീദേവി | | |

19 നാട്യം സുഗീതം വാദിത്രമന്തർധാനം ച ഖേചരാഃ
ഋഷയശ്ചാശിഷഃ സത്യാഃ സമുദ്രഃ ശംഖമാത്മജം.

| | | | |
|---|---|---|---|
| ഖേചരാഃ | വിദ്യാധരാദിദേവകൾ | ഋഷയഃ | ഋഷിമാർ |
| നാട്യം സുഗീതം, വാദിത്രം | നൃത്തം, സംഗീതം, വാദ്യം എന്നീ കലാകൗശലത്തേയും | സത്യാഃ | അമോഘങ്ങളായ |
| | | ആശിഷഃ | ആശീർവാദങ്ങളേയും |
| | | സമുദ്രഃ | സമുദ്രം |
| അന്തർധാനം ച | തിരസ്കരിണീവിദ്യയേയും, | ആത്മജം | തന്നിലുണ്ടായ |
| | | ശംഖം ച | ശംഖിനേയും (നല്കി) |

20 സിന്ധവഃ പർവ്വതാ നദ്യോ രഥവീഥീർമഹാത്മനഃ
സൂതോऽഥ മാഗധോ ബന്ദീ തം സ്തോതുമുപതസ്ഥിരേ.

| | | | |
|---|---|---|---|
| സിന്ധവഃ | കടലുകളും | സൂതഃ | സൂതൻ, |
| പർവ്വതാഃ | മലകളും, | മാഗധഃ | മാഗധൻ, |
| നദ്യഃ | പുഴകളും | ബന്ദീ | ബന്ദി (എന്നിങ്ങനെയുള്ള സ്തുതിപാഠകന്മാർ) |
| മഹാത്മനഃ | മഹാത്മാവിന്നു് | | |
| രഥവീഥീഃ | തേർവ്വീഥികളെ (കൊടുത്തു.) | തം | അദ്ദേഹത്തെ |
| | | സ്തോതും | വാഴ്ത്തിപ്പാടുവാൻ |
| അഥ | അനന്തരം | ഉപതസ്ഥിരേ | അരികത്തണഞ്ഞു. |

21 സ്താവകാംസ്താനഭിപ്രേത്യ പൃഥുർവൈന്യഃ പ്രതാപവാൻ
മേഘനിർഹ്രാദയാ വാചാ പ്രഹസന്നിദമബ്രവീത്.

| | | | |
|---|---|---|---|
| വൈന്യഃ | വേനപുത്രനും | അഭിപ്രേത്യ | മനസ്സിലാക്കി, |
| പ്രതാപവാൻ | പ്രതാപശാലിയുമായ | മേഘനിർഹ്രാദയാ | മേഘനാദംപോലുള്ള |
| പൃഥുഃ | പൃഥുചക്രവർത്തി | വാചാ | വാക്കാൽ |
| താൻ | അവരെ | പ്രഹസൻ | ചിരിച്ചുകൊണ്ടു് |
| സ്താവകാൻ | സ്തുതിഗീതോദ്യതന്മാരാണെന്നു് | ഇദം | ഇങ്ങനെ |
| | | അബ്രവീത് | പറഞ്ഞു. |

പൃഥുരുവാച = പൃഥു പറഞ്ഞു.

22 ഭോ സൂത ഹേ മാഗധ സൌമ്യ ബന്ദിൻ
ലോകേऽധുനാ സ്പഷ്ടഗുണസ്യ മേ സ്യാത്
കിമാശ്രയോ മേ സ്തവ ഏഷ യോജ്യതാം
മാ മയ്യഭൂവൻ വിതഥാ ഗിരോ വഃ.

| | | | |
|---|---|---|---|
| ഭോ സൂത | അല്ലയോ സൂത! | സൌമ്യ ബന്ദിൻ | സാധുശീല ബന്ദിൻ! |
| ഹേ മാഗധ | അല്ലയോ മാഗധ! | ലോകേ | ലോകത്തിൽ |

| | | | |
|---|---|---|---|
| സ്പഷ്ടഗുണസ്യ (സതഃ) | തെളിഞ്ഞുകഴിഞ്ഞ ഗുണങ്ങളോടുകൂടിയവനാകുമ്പോൾ | ഏഷഃ | ഈ സ്തുതി |
| | | കിമാശ്രയഃ | എന്തൊന്നിനെ അവലംബമാക്കിയതായിട്ടു് |
| മേ | എന്നെക്കുറിച്ചു് | യോജ്യതാം | പ്രയോഗിക്കപ്പെടാം ? |
| സ്തവഃ സ്യാത് | സ്തുതിയാകാം. | വഃ ഗിരഃ | നിങ്ങളുടെ മൊഴികൾ |
| അധുനാ | ഇപ്പോൾ | മയി | എൻെറ വിഷയത്തിൽ |
| മേ | എനിക്കായി കൊണ്ടുള്ള | വിതഥാഃ | അയഥാർത്ഥങ്ങളായി |
| | | മാ അഭൂവൻ | വന്നേക്കരുതു്. |

23 തസ്മാത് പരോക്ഷേഽസ്മദുപശ്രുതാന്യലം
കരിഷ്യഥ സ്തോത്രമപീച്യവാചഃ
സത്യുത്തമശ്ലോകഗുണാനുവാദേ
ജുഗുപ്സിതം ന സ്തവയന്തി സഭ്യാഃ.

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ടു് | അപീച്യവാചഃ | ഹേ സുവചസ്സുകളേ ! |
| പരോക്ഷേ | കാലാന്തരത്തിൽ (നമ്മുടെ ഗുണങ്ങൾ തെളിയുമ്പോൾ | ഉത്തമശ്ലോക-ഗുണാനുവാദേ | പുണ്യചരിതൻെറ ഗുണങ്ങളെ എടുത്തുപറയുക എന്നതു് |
| അസ്മദ്-ഉപശ്രുതാനി | നമ്മെ സംബന്ധിച്ച കീർത്തികളെ | സതി | കർത്തവ്യമായിരിക്കെ, |
| | | ജുഗുപ്സിതം | ഒരു താണനിലക്കാരനെ |
| സ്തോത്രം | സ്തോത്രം തോറും | | |
| അലം | ധാരാളമായി | സഭ്യാഃ | സുയോഗ്യന്മാർ |
| കരിഷ്യഥ | കീർത്തിച്ചുകൊള്ളുവിൻ | ന സ്തവയന്തി | സ്തുതിചെയ്യിക്കുകയില്ല. |

24 മഹദ്ഗുണാനാത്മനി കർത്തുമീശഃ
കഃ സ്താവകൈഃ സ്താവയതേഽസതോഽപി
തേഽസ്യാഭവിഷ്യന്നിതി വിപ്രലബ്ധോ
ജനാവഹാസം കുമതിർന വേദ.

| | | | |
|---|---|---|---|
| മഹദ്ഗുണാൻ | മഹാന്മാരുടെ ഗുണങ്ങളെ | സ്താവയതേ | സ്തുതിചെയ്യിക്കുന്നു ? |
| | | തേ | ആ ഗുണങ്ങൾ |
| ആത്മനി | തന്നിൽ | അസ്യ | ഇവന്നു് |
| കർത്തും | ഉളവാക്കുവാൻ | അഭവിഷ്യൻ | മേലിലുണ്ടായേക്കും |
| ഈശഃ അപി | കഴിവുള്ളവനെന്നിരിക്കിലും | ഇതി | എന്നു് കരുതി, |
| അസതഃ | (ഇപ്പോൾ) ഇല്ലാത്തവയെക്കുറിച്ചു് | വിപ്രലബ്ധഃ | വഞ്ചിതനായിത്തീരുന്ന |
| | | കുമതിഃ | ബുദ്ധികെട്ടവൻ |
| സ്താവകൈഃ | സ്തുതിപാഠകന്മാരെക്കൊണ്ടു് | ജനാവഹാസം | ജനങ്ങളുടെ അകാകൊണ്ടുള്ള പരിഹാസത്തെ |
| കഃ | ആർ | ന വേദ | അറിയുകയില്ല. |

25 പ്രഭവോ ഹ്യാത്മനഃ സ്തോത്രം ജുഗുപ്സന്ത്യപി വിശ്രുതാഃ
ഹ്രീമന്തഃ പരമോദാരാഃ പൗരുഷം വാ വിഗൎഹിതം

| | | | |
|---|---|---|---|
| പരമോദാരാഃ | അത്യുദാരന്മാരും | പൗരുഷം വാ | പൗരുഷത്തെയെന്ന പോലെ |
| പ്രഭവഃ | കഴിവുള്ളവരും | | |
| വിശ്രുതാഃ | വിഖ്യാതന്മാരും | ആത്മനഃ | തങ്ങളുടെ |
| അപി | ആയിരുന്നാൽക്കൂടിയും | സ്തോത്രം | സ്തുതിയെ |
| ഹ്രീമന്തഃ | ലജ്ജായുക്തന്മാർ | ജുഗുപ്സന്തി | വെറുക്കുന്നു; |
| വിഗൎഹിതം | നിന്ദിതമായ | ഹി | അങ്ങനെയാണല്ലോ. |

26 വയം ത്വവിദിതാ ലോകേ സൂതാദ്യാപി വരീമഭിഃ
കൎമ്മഭിഃ കഥമാത്മാനം ഗാപയിഷ്യാമ ബാലവത്.

| | | | |
|---|---|---|---|
| സൂത | അല്ലയോ സ്തുതിപാഠക ! | അവിദിതാഃ | പ്രസിദ്ധിയാൎജ്ജിച്ചിട്ടി |
| അദ്യാപി | ഇപ്പോഴും | വയം തു | നാമാകട്ടെ [ല്ലാത്ത |
| വരീമഭിഃ | വരിഷ്ഠങ്ങളായ | ബാലവത് | കുട്ടികളെപ്പോലെ |
| കൎമ്മഭിഃ | കൎമ്മങ്ങളാൽ | കഥം | എങ്ങനെ |
| | | ആത്മാനം | തന്നെക്കുറിച്ചു് |
| ലോകേ | ലോകത്തിൽ | ഗാപയിഷ്യാമ | ഗാനംചെയ്യിപ്പിക്കും ? |

രാജാക്കന്മാരെ അത്യുക്തിപരമായി പാടിപ്പുകഴ്ത്തുന്നവരാണ് സൂതമാഗധബന്ദികൾ. താൻ ലോകത്തിനുവേണ്ടി ചെയ്യാൻപോകുന്ന നന്മകളെ അറിയുന്നതിനുമുമ്പ്—തന്റെ ഗുണങ്ങൾ വികസിക്കുന്നതിനുമുമ്പ്, വെറുതെ പുകഴ്ത്തുന്നതു് യുക്തമല്ലെന്നാണ് പൃഥു അവരോടു പറഞ്ഞതിന്റെ ചുരുക്കം. അദ്ദേഹത്തിന്റെ വൃഥാസ്തുതിവൈമുഖ്യവും വിനയാദിഗുണങ്ങളും ഈ വാക്കുകളിൽ സ്ഫുരിക്കുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുൎത്ഥസ്കന്ധേ
പൃഥുചരിതേ പഞ്ചദശോഽധ്യായഃ ആദിതഃ ശ്ലോകാഃ 687.

നാലാമത്തെ സ്കന്ധത്തിൽ പതിനഞ്ചാമധ്യായം കഴിഞ്ഞു.

## ഷോഡശോഽധ്യായഃ — അദ്ധ്യായം പതിനാറ്.

### പൃഥുരാജസ്തുതി

"ഷോഡശേ സർവ്വലോകേശൈഃ സത്കൃതം ഭാര്യയാ യുതം
മുനിപ്രയുക്താഃ സൂതാദ്യാഃ സ്തുവന്തി സ്തോതി വർണ്യതേ".

സർവ്വലോകനാഥന്മാരാലും സമ്മാനിതനായി പത്നീസഹിതനായി സ്ഥിതിചെയ്യുന്ന പൃഥുവിനെ മുനിമാരുടെ പ്രേരണയാൽ സൂതാദിഗായകന്മാർ സ്തുതിച്ചുപാടിയപ്രകാരത്തെ ഈ അദ്ധ്യായത്തിൽ പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

1 ഏവം ബ്രുവാണം നൃപതിം ഗായകാ മുനിചോദിതാഃ
തുഷ്ടുവുസ്തുഷ്ടമനസസ്തദ്വാഗമൃതസേവയാ.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | തുഷ്ടമനസഃ | സന്തുഷ്ടചിത്തരായിഭവിച്ചു |
| ബ്രുവാണം | പറയുന്ന | ഗായകാഃ | സ്തുതിപാഠകന്മാർ |
| നൃപതിം | രാജാവിനെ | മുനിചോദിതാഃ | മുനികളാൽ സംപ്രേരിതരായിട്ട് |
| തദ്വാഗമൃത-സേവയാ | അദ്ദേഹത്തിന്റെ വചനാമൃതത്തെ ആസ്വദിക്കയാൽ | തുഷ്ടുവുഃ | വാഴ്ത്തിപ്പാടി. |

2 നാലം വയം തേ മഹിമാനുവർണ്ണനേ
യോ ദേവവര്യോഽവതതാര മായയാ
വേനാംഗജാതസ്യ ച പൌരുഷാണി തേ
വാചസ്പതീനാമപി ബഭ്രമുർധിയഃ

| | | | |
|---|---|---|---|
| ദേവവര്യഃ | ദേവശ്രേഷ്ഠനായ | വേനാംഗ-ജാതസ്യ ച | വേനന്റെ ശരീരത്തിൽനിന്നു പിറന്ന |
| യഃ | യാതൊരാൾ | തേ | നിന്തിരുവടിയുടെ |
| മായയാ | യോഗമായാബലത്താൽ | പൌരുഷാണി | വീര്യാതിശയങ്ങളെക്കുറിച്ച് |
| അവതതാര | അവതരിച്ചുവോ, | വാചസ്പതീനാം അപി | ബ്രഹ്മാദികളായ വിജ്ഞന്മാരുടേയുംകൂടി |
| (തസ്യ) തേ | ആ നിന്തിരുവടിയുടെ | ധിയഃ | ബുദ്ധികൾ |
| മഹിമാനു-വർണ്ണനേ | മഹിമയെ അനുവർണ്ണിക്കുന്നതിൽ | ബഭ്രമുഃ | അമ്പരന്നിരിക്കുന്നു. |
| വയം | ഞങ്ങൾ | | |
| ന അലം | മതിയായവരല്ല. | | |

3 അഥാപ്യുദാരശ്രവസഃ പൃഥോർഹരേഃ
കലാവതാരസ്യ കഥാമൃതാദൃതാഃ
യഥോപദേശം മുനിഭിഃ പ്രചോദിതാഃ
ശ്ലാഘ്യാനി കർമ്മാണി വയം വിതന്മഹി.

| | | | |
|---|---|---|---|
| അഥാപി | എന്നിരിക്കിലും | വയം | ഞങ്ങൾ |
| ഉദാരശ്രവസഃ | ഉദാരകീർത്തിമാനായ | മുനിഭിഃ | മുനിമാരാൽ |
| ഹരേഃ | ശ്രീഹരിയുടെ | പ്രചോദിതാഃ | പ്രേരിതരായിട്ട്, |
| കലാവതാരസ്യ | അംശാവതാരമായ | ശ്ലാഘ്യാനി | പ്രശംസനീയങ്ങളായ |
| പൃഥോഃ | പൃഥുചക്രവർത്തിയുടെ | കർമ്മാണി | കർമ്മങ്ങളെ |
| കഥാമൃതാദൃതാഃ | കഥാസുധയിൽ ആദരവാന്ന | യഥോപദേശം | ഉപദേശം അനുസരിച്ച് |
| | | വിതന്മഹി | വിസ്തരിക്കുന്നു. |

4 ഏഷ ധർമ്മഭൃതാം ശ്രേഷ്ഠോ ലോകം ധർമ്മേഽനുവർത്തയൻ
ഗോപ്താ ച ധർമ്മസേതൂനാം ശാസ്താ തത്പരിപന്ഥിനാം.

| | | | |
|---|---|---|---|
| ധർമ്മഭൃതാം | ധർമ്മാനുവർത്തികളുടെ ഇടയിൽ | അനുവർത്തയൻ | അനുസരിപ്പിച്ചുകൊണ്ട് |
| ശ്രേഷ്ഠഃ | പ്രമുഖനായ | ധർമ്മസേതൂനാം | ധർമ്മമര്യാദകളുടെ |
| ഏഷഃ | ഇദ്ദേഹം | ഗോപ്താ | രക്ഷിതാവും |
| ലോകം | ലോകത്തെ | തത്പരിപന്ഥിനാം | അവയ്ക്ക് എതിർ നില്ക്കുന്നവരുടെ |
| ധർമ്മേ | ധർമ്മമാർഗ്ഗത്തിൽ | ശാസ്താ ച | ശാസകനുമാകുന്നു. |

5 ഏഷ വൈ ലോകപാലാനാം ബിഭർത്ത്യേകസ്തനൗ തനൂഃ
കാലേ കാലേ യഥാഭാഗം ലോകയോരുഭയോർഹിതം

| | | | |
|---|---|---|---|
| ഏഷഃ | ഇദ്ദേഹം | കാലേ കാലേ | അതാതുകാലത്തെ |
| ഏകഃ വൈ | ഏകനായിത്തന്നെ | യഥാഭാഗം | ആവശ്യമനുസരിച്ച് |
| തനൗ | സ്വശരീരത്തിൽ | ഉഭയോഃ ലോകയോഃ | ഭൂമി, സ്വർഗ്ഗം എന്നീ രണ്ടു ലോകങ്ങൾക്കും |
| ലോകപാലാനാം | ദിക്പാലന്മാരുടെ | ഹിതം | ഗുണപ്രദമാകുമാറ് |
| തനൂഃ | ശരീരങ്ങളെ | ബിഭർത്തി | ഭരിക്കുന്നു. |

6 വസു കാല ഉപാദത്തേ കാലേ ചായം വിമുഞ്ചതി
സമഃ സർവ്വേഷു ഭൂതേഷു പ്രതപൻ സൂര്യവദ്വിഭുഃ.

| | | | |
|---|---|---|---|
| സർവ്വേഷു | സമസ്തങ്ങളായ | അയം വിഭുഃ | ഈ മഹാരാജൻ |
| ഭൂതേഷു | ജീവരാശികളിലും | കാലേ | വേണ്ടകാലത്തിൽ |
| സൂര്യവത് | സൂര്യനെപ്പോലെ | വസു | ധനത്തെ |
| സമഃ | സമത്വമെഴുന്നവനും | ഉപാദത്തേ | ആർജ്ജിച്ചെടുക്കും; |
| പ്രതപൻ | പ്രതാപം ചെലുത്തുന്നവനുമായ | കാലേ | വേണ്ടകാലത്തിൽ |
| | | വിമുഞ്ചതി ച | വിതരണവും ചെയ്യും |

ആസന്നഭാവ്യൎത്ഥത്തിൽ ഉള്ളവയാണു് ഈ പ്രകൃതത്തിലെ വൎത്തമാനക്രിയകൾ.

7 തിതിക്ഷത്യക്രമം വൈന്യ ഉപൎയ്യാക്രമതാമപി
ഭൂതാനാം കരുണഃ ശശ്വദാൎത്താനാം ക്ഷിതിവൃത്തിമാൻ

| | | | |
|---|---|---|---|
| ക്ഷിതിവൃത്തിമാൻ | ഭൂമിയെപ്പോലെ സഹനശീലമുള്ളവനും | ആക്രമതാം അപി | ചവുട്ടിക്കയറുന്നവരായാൽക്കൂടിയും |
| ശശ്വത് | എപ്പോഴും | ആൎത്താനാം | പാവങ്ങളായ |
| കരുണഃ | കൃപാലുവുമായ | ഭൂതാനാം | ജീവികളുടെ |
| വൈന്യഃ | പൃഥുചക്രവൎത്തി | അക്രമം | അക്രമത്തെ |
| ഉപരി | തലയ്ക്കുമേൽ | തിതിക്ഷതി | പൊറുക്കുന്നതാണു്. |

8 ദേവേഽവൎഷത്യസൗ ദേവോ നരദേവവപുൎഹരിഃ
കൃച്ഛ്രപ്രാണാഃ പ്രജാ ഹ്യേഷ രക്ഷിഷ്യത്യഞ്ജസേന്ദ്രവത്.

| | | | |
|---|---|---|---|
| ദേവേ | ഇന്ദ്രൻ | രക്ഷിഷ്യതി | രക്ഷിക്കുന്നതാണു്. |
| അവൎഷതി | വൎഷിക്കാതിരിക്കു | ഹി | എന്തെന്നാൽ |
| അസൗ ദേവഃ | ഈ നരേന്ദ്രൻ [മ്പോഴം | ഏഷഃ | ഇങ്ങുന്നു |
| കൃച്ഛ്രപ്രാണാഃ | പ്രാണസങ്കടം നേരിട്ട | നരദേവവപുഃ | രാജശരീരം പൂണ്ടിരിക്കുന്ന |
| പ്രജാഃ | പ്രജകളെ | ഹരിഃ | സാക്ഷാൽ ശ്രീഹരിയാണല്ലോ. |
| ഇന്ദ്രവത് | ഇന്ദ്രനെപ്പോലെ | | |
| അഞ്ജസാ | അനായാസേന | | |

9 ആപ്യായയത്യസൗ ലോകം വദനാമൃതമൂൎത്തിനാ
സാനുരാഗാവലോകേന വിശദസ്മിതചാരുണാ.

| | | | |
|---|---|---|---|
| അസൗ | ഇദ്ദേഹം | വദനാമൃതമൂൎത്തിനാ | തിരുമുഖമാവുന്ന പൂൎണ്ണചന്ദ്രബിംബത്താൽ |
| സാനുരാഗാവലോകേന | സസ്നേഹവീക്ഷണത്തോടുകൂടിയതും | ലോകം | ലോകത്തെ |
| വിശദസ്മിതചാരുണാ | സ്വച്ഛമായ മന്ദഹാസത്താൽ മനോഹരമായതും ആയ | ആപ്യായയതി | ആഹ്ലാദിപ്പിക്കുന്നതാണു്. |

10 അവ്യക്തവൎത്മൈഷ നിഗൂഢകാൎയ്യോ
ഗംഭീരവേധാ ഉപഗുപ്തവിത്തഃ
അനന്തമാഹാത്മ്യഗുണൈകധാമാ
പൃഥുഃ പ്രചേതാ ഇവ സംവൃതാത്മാ.

| | | | |
|---|---|---|---|
| ഏഷഃ പൃഥുഃ | ഈ പൃഥുചക്രവൎത്തി | അവ്യക്തവൎത്മാ | വ്യക്തമാകാത്ത ഗതാഗതമാൎഗ്ഗത്തോടുകൂടിയവനായും, |
| പ്രചേതാഃ ഇവ | വരുണനെപ്പോലെ | | |
| നിഗൂഢകാൎയ്യഃ | രഹസ്യമായ പ്രവൎത്തനത്തോടുകൂടിയവനായും | | |

| | | | |
|---|---|---|---|
| ഗംഭീരവേധാഃ | ആഴത്തിലുള്ള (അന്യർക്ക് അജ്ഞാതമായ) ആശയങ്ങളോടുകൂടിയവനായും | അനന്തമാഹാത്മ്യഗുണൈകധാമാ | അളവററ മഹിമകളോടുചേർന്ന ഗുണങ്ങൾക്ക് ഏകാശ്രയമായവനായും |
| ഉപഗുപ്തവിത്തഃ | സുരക്ഷിതമായ സമ്പത്തോടുകൂടിയവനായും | സംവൃതാത്മാ | സംയതമൂർത്തിയായും ഭവിക്കും |

11 ദുരാസദോ ദുർവിഷഹ ആസന്നോഽപി വിദൂരവത്

നൈവാഭിഭവിതും ശക്യോ വേനാരണ്യുത്ഥിതോഽനലഃ

| | | | |
|---|---|---|---|
| വേനാരണ്യുത്ഥിതഃ | വേനനാവുന്ന അരണിയിൽനിന്നുദ്ഭവിച്ച | ദുരാസദഃ | ദുഷ്പ്രാപമാണ്; |
| അനലഃ | അഗ്നി | ദുർവിഷഹഃ | സഹിക്കുവാൻ ആവാത്തതാണ്; |
| ആസന്നഃ അപി | അരികത്തുള്ളതായാലും | അഭിഭവിതും | പരാജയപ്പെടുത്തുവാൻ |
| വിദൂരവത് | അകലത്തുള്ളതുപോലെ | നൈവ ശക്യഃ | ശക്യമായുള്ളതേ അല്ല |

12 അന്തർബ്ബഹിശ്ച ഭൂതാനാം പശ്യൻ കർമ്മാണി ചാരണൈഃ

ഉദാസീന ഇവാധ്യക്ഷോ വായുരാത്മേവ ദേഹിനാം

| | | | |
|---|---|---|---|
| ഭൂതാനാം | ജീവരാശികളുടെ | ദേഹിനാം | ശരീരികളുടെ |
| അന്തഃ | അകത്തും | അധ്യക്ഷഃ | സൂത്രധാരനായും |
| ബഹിഃ ച | പുറത്തുമുള്ള | ആത്മാ | നിർവ്വികാരാത്മാവായും |
| കർമ്മാണി | ചേഷ്ടകളെ | വായുഃ ഇവ | പ്രാണവായുപോലെ |
| ചാരണൈഃ | ചാരന്മാർവഴിക്ക് | ഉദാസീനഃ | സ്തുതിനിന്ദാദികളിൽ താല്പര്യമില്ലാത്തവനായി |
| പശ്യൻ | കണ്ടറിയുന്നവനാണെങ്കിലും, | (വർത്തിഷ്യതേ) | വർത്തിക്കുന്നതാണ് |

13 നാദണ്ഡ്യം ദണ്ഡയത്യേഷ സുതമാത്മദ്വിഷാമപി

ദണ്ഡയത്യാത്മജമപി ദണ്ഡ്യം ധർമ്മപഥേ സ്ഥിതഃ

| | | | |
|---|---|---|---|
| ഏഷഃ | ഇദ്ദേഹം | സുതം അപി | പുത്രനെ ആയാലും |
| ധർമ്മപഥേ | ദണ്ഡ്യന്മാരെ ദണ്ഡിക്കുക എന്ന യമധർമ്മൻെറ മാർഗ്ഗത്തിൽ | അദണ്ഡ്യം | ദണ്ഡനീയനല്ലാത്തവനെ |
| | | ന ദണ്ഡയതി | ദണ്ഡിക്കുന്നതല്ല |
| | | ആത്മജം അപി | സ്വപുത്രനെ ആയാലും |
| സ്ഥിതഃ | നിലയുറച്ചുകൊണ്ട് | ദണ്ഡ്യം | ദണ്ഡനീയനെങ്കിൽ |
| ആത്മദ്വിഷാം | സ്വന്തം വിരോധികളുടെ | ദണ്ഡയതി | ദണ്ഡിക്കുന്നതാണ്. |

14 അസ്യാപ്രതിഹതം ചക്രം പൃഥോരാമാനസാചലാത്

വർത്തതേ ഭഗവാനർക്കോ യാവത്തപതി ഗോഗണൈഃ

| | | | |
|---|---|---|---|
| അസ്യ പൃഥോഃ | ഈ പൃഥുചക്രവൎത്തിയുടെ | തപതി | പ്രകാശിക്കുന്നുവോ, |
| ചക്രം | ശാസനമണ്ഡലം | (താവത്) | അതുവരെക്കും |
| ഭഗവാൻ അൎക്കഃ | സൂൎയ്യഭഗവാൻ | ആമാനസാചലാത് | മാനസാചലം ഉൾപ്പടെ |
| ഗോഗണൈഃ | കിരണങ്ങളെക്കൊണ്ടു് | അപ്രതിഹതം | തടവിയലാതെ |
| യാവത് | എതുവരെക്കും | വൎത്തതേ | നിലകൊള്ളുന്നതാണു്. |

15 രഞ്ജയിഷ്യതി യല്ലോകമയമാത്മവിചേഷ്ടിതൈഃ
അഥാമുമാഹൂ രാജാനം മനോരഞ്ജനകൈഃ പ്രജാഃ

| | | | |
|---|---|---|---|
| അയം | ഇദ്ദേഹം | രഞ്ജയിഷ്യതി | രഞ്ജിപ്പിക്കും |
| മനോരഞ്ജനകൈഃ | മനസ്സിനെ രഞ്ജിപ്പിക്കുന്നതായ | യത് അഥ | എന്നതിനാൽ |
| | | പ്രജാഃ | പ്രജകൾ |
| ആത്മവിചേഷ്ടിതൈഃ | സ്വന്തം പ്രവൃത്തനങ്ങൾ വഴിയായി | അമും | ഇദ്ദേഹത്തെ |
| | | രാജാനം | രാജാവെന്നു് |
| ലോകം | ലോകവാസിജനത്തെ | ആഹുഃ | വിളിക്കുന്നതാണു് |

16 ദൃഢവ്രതഃ സത്യസന്ധോ ബ്രഹ്മണ്യോ വൃദ്ധസേവകഃ
ശരണ്യഃ സൎവ്വഭൂതാനാം മാനദോ ദീനവത്സലഃ

| | | | |
|---|---|---|---|
| ദൃഢവ്രതഃ | വ്രതദാൎഢ്യമുള്ളവനും | ശരണ്യഃ | ശരണംപ്രാപിക്കുവാൻ അൎഹനും |
| സത്യസന്ധഃ | സത്യസന്ധനും | | |
| ബ്രഹ്മണ്യഃ | വേദത്തിലും വേദജ്ഞരിലും വിശ്വാസമുള്ളവനും | മാനദഃ | ജനങ്ങൾക്കു് ബഹുമാനമേകുന്നവനും |
| വൃദ്ധസേവകഃ | ഗുരുജനോപാസകനും | ദീനവത്സലഃ | ദീനന്മാരിൽ വാത്സല്യമുള്ളവനും ആയേക്കും |
| സൎവ്വഭൂതാനാം | സൎവ്വജനങ്ങൾക്കും | | |

17 മാതൃഭക്തിഃ പരസ്ത്രീഷു പത്ന്യാമൎദ്ധ ഇവാത്മനഃ
പ്രജാസു പിതൃവത്സ്നിഗ്ദ്ധഃ കിംകരോ ബ്രഹ്മവാദിനാം.

| | | | |
|---|---|---|---|
| പരസ്ത്രീഷു | അന്യസ്ത്രീകളിൽ | പ്രജാസു | പ്രജകളിൽ |
| മാതൃഭക്തിഃ | അമ്മയിലെന്നപോലെ ഭക്തിയുള്ളവനും | പിതൃവത് | പിതാവിനെപ്പോലെ |
| പത്ന്യാം | ഭാൎയ്യയിൽ | സ്നിഗ്ദ്ധഃ | സ്നേഹമുള്ളവനും |
| ആത്മനഃ | തന്നുടലിന്റെ | ബ്രഹ്മവാദിനാം | വേദജ്ഞന്മാരുടെ |
| അൎദ്ധ ഇവ | പാതിയിലെന്നപോലെ (പ്രീതിയുള്ളവനും) | കിംകരഃ | ഭൃത്യനും ആയേക്കും |

18 ദേഹിനാമാത്മവത്പ്രേഷ്ഠഃ സുഹൃദാം നന്ദിവൎദ്ധനഃ
മുക്തസംഗപ്രസംഗോऽയം ദണ്ഡപാണിരസാധുഷു

| | | | |
|---|---|---|---|
| അയം | ഇദ്ദേഹം | അസാധുഷു | അസജ്ജനങ്ങളിൽ |
| ദേഹിനാം | ജനങ്ങൾക്ക് | ദണ്ഡപാണി: | യമതുല്യനും |
| ആത്മവത് | ജീവനെപ്പോലെ | മുക്തസംഗ-പ്രസംഗ: | വിഷയാസക്തിവിട്ട യോഗീന്ദ്രന്മാരിൽ ആസക്തിയുള്ളവനും ആകുന്നതാണ്. |
| പ്രേഷ്ഠ: | അതിപ്രിയനും | | |
| സുഹൃദാം | ബന്ധുമിത്രാദികൾക്ക് | | |
| നന്ദിവർദ്ധന: | ആഹ്ലാദം വളർത്തുന്നവനും | | |

19 അയം തു സാക്ഷാദ് ഭഗവാംസ്ത്ര്യധീശഃ
കൂടസ്ഥ ആത്മാ കലയാവതീർണഃ
യസ്മിന്നവിദ്യാരചിതം നിരർത്ഥകം
പശ്യന്തി നാനാത്വമപി പ്രതീതം.

| | | | |
|---|---|---|---|
| യസ്മിൻ | യാതൊന്നിൽ | ആത്മാ | പരമാത്മാവ് |
| അവിദ്യാരചിതം | അവിദ്യാകല്പിതമായിട്ട് | കലയാ | അംശംകൊണ്ട് |
| നാനാത്വം | അനേകവദ്ഭാവം | അവതീർണ: | (പൃഥുവായിട്ട്) അവതരിച്ചിരിക്കുന്നു. |
| പ്രതീതം അപി | പ്രതിഭാസിക്കുന്നതാണെങ്കിലും, | അയം തു | (അതിനാൽ) ഇദ്ദേഹമാകട്ടെ |
| നിരർത്ഥകം | അർത്ഥമില്ലാത്തതാണെന്നു് | ത്ര്യധീശ: | ത്രിഗുണാത്മികയായ പ്രകൃതിയുടെ നിയന്താവായ |
| പശ്യന്തി | (ദാർശികന്മാർ) ദർശിക്കുന്നുവോ, | | |
| (സ:) കൂടസ്ഥ: | ആ നിർവികാരതത്ത്വമായ | സാക്ഷാത് | സാക്ഷാൽ |
| | | ഭഗവാൻ | സർവ്വേശ്വരൻതന്നെ |

20 അയം ഭുവോ മണ്ഡലമോദയാദ്രേർ-
ഗോപ്തൈകവീരോ നരദേവനാഥഃ
ആസ്ഥായ ജൈത്രം രഥമാത്തചാപഃ
പര്യസ്യതേ ദക്ഷിണതോ യഥാർക്കഃ

| | | | |
|---|---|---|---|
| ഏകവീര: | അതുല്യപരാക്രമിയും | ആത്തചാപ: | വില്ലേന്തി, |
| നരദേവനാഥ: | രാജാധിരാജനുമായ് | ജൈത്രം | വിജയംവരിക്കുന്ന |
| അയം | ഇദ്ദേഹം | രഥം ആസ്ഥായ | തേരിൽ കയറി, |
| ഓദയാദ്രേ: | ഉദയഗിരിമുതൽക്ക് | അർക്ക: യഥാ | സൂര്യനെപ്പോലെ |
| ഭുവ: മണ്ഡലം | ഭൂമണ്ഡലത്തെ | ദക്ഷിണത: പര്യസ്യതേ | (ഭൂമിയെ) വലംവെച്ച് പര്യടനംചെയ്യും |
| ഗോപ്താ | സംരക്ഷിക്കുന്നതാണ്; | | |

21 അസ്മൈ നൃപാലാഃ കില തത്ര തത്ര
ബലിം ഹരിഷ്യന്തി സലോകപാലാഃ
മംസ്യന്ത ഏഷാം സ്ത്രിയ ആദിരാജം
ചക്രായുധം തദ്യശ ഉദ്ധരന്ത്യഃ.

| | |
|---|---|
| സലോകപാലാഃ | ലോകപാലന്മാരോടു കൂടിയ |
| നൃപാലാഃ | രാജാക്കന്മാർ |
| അസ്മൈ | ജൈത്രയാത്രചെയ്യുന്ന ഇദ്ദേഹത്തിന്നു് |
| തത്ര തത്ര | അതാതിടത്തുവെച്ചു് |
| ബലിം കില | കപ്പംപോലും |
| ഹരിഷ്യന്തി | കൊണ്ടുവന്നപ്പിക്കും |
| ഏഷാം സ്ത്രിയഃ | ഇവരുടെ സ്ത്രീകൾ |
| ആദിരാജം | ഈ ആദിരാജാവിനെ |
| തദ്യശഃ | അദ്ദേഹത്തിൻെറ കീർത്തിയെ |
| ഉദ്ധരന്ത്യഃ | പ്രകീർത്തിച്ചുകൊണ്ടു് |
| ചക്രായുധം | സാക്ഷാൽ വിഷ്ണുവായിട്ടു് |
| മംസ്യന്തേ | കരുതുന്നതാണു്. |

22 അയം മഹീം ഗാം ദുദുഹേഽധിരാജഃ
പ്രജാപതിർവൃത്തികരഃ പ്രജാനാം
യോ ലീലയാദ്രീൻ സ്വശരാസകോട്യാ
ഭിന്ദൻ സമാം ഗാമകരോദ്യഥേന്ദ്രഃ

| | |
|---|---|
| പ്രജാനാം | പ്രജകൾക്കു് |
| വൃത്തികരഃ | ജീവനോപായം ഏർപ്പെടുത്തിക്കൊടുക്കുന്ന |
| പ്രജാപതിഃ | പ്രജാപാലകനായ |
| അയം | ഈ |
| അധിരാജഃ | സാർവ്വഭൗമൻ |
| ഗാം | ഗോരൂപംധരിച്ച |
| മഹീം | ഭൂമിയെ |
| ദുദുഹേ | കറന്നേക്കും. |
| യഃ | യാതൊരാൾ |
| ഇന്ദ്രഃ യഥാ | ഇന്ദ്രനെപ്പോലെ |
| സ്വശരാസകോട്യാ | തൻെറ ധനുഷ്കോടി കൊണ്ടു് |
| ലീലയാ | അനായാസേന |
| അദ്രീൻ | പർവ്വതങ്ങളെ |
| ഭിന്ദൻ | കുത്തിയടർത്തി |
| ഗാം സമാം | ഭൂമിയെ നിരന്നതാക്കി |
| അകരോത് | ചെയ്തേക്കും. |

ഈ പ്രകൃതത്തിലെ ഭൂതകാലക്രിയകൾ ആശംസാർത്ഥദ്യോതകങ്ങളാണു്.

23 വിസ്ഫൂർജ്ജയന്നാജഗവം ധനുഃ സ്വയം
യദാചരത് ക്ഷ്മാമവിഷഹ്യമാജൗ
തദാ നിലില്യുർദിശി ദിശ്യസന്തോ
ലാംഗൂലമുദ്യമ്യ യഥാ മൃഗേന്ദ്രഃ

| | |
|---|---|
| മൃഗേന്ദ്രഃ | സിംഹം |
| ലാംഗൂലം | വാലിനെ |
| ഉദ്യമ്യ | പൊക്കിപ്പിടിച്ചു് |
| യഥാ | നടക്കുംപോലെ |
| യദാ (അയം) | എപ്പോൾ, ഇദ്ദേഹം |
| ആജഗവം | അജഗോവിഷാണനിർമ്മിതവും |
| ആജൗ | യുദ്ധത്തിൽ |
| അവിഷഹ്യം | പൊറുക്കരുതാത്തതുമായ |
| ധനുഃ | പടവില്ലിനെ |
| വിസ്ഫൂർജ്ജയൻ | ഞാണൊലിതുകിച്ചുകൊണ്ടു് |
| സ്വയം | തന്നെത്താൻ |
| ക്ഷ്മാം | ഭൂമിയിലാകെ |
| അചരത് | സഞ്ചരിക്കുമോ, |
| തദാ | അപ്പോൾ |
| അസന്തഃ | അസജ്ജനങ്ങൾ |
| ദിശി ദിശി | ഓരോ ദിക്കിൽ |
| നിലില്യുഃ | ഓടിയൊളിക്കും. |

24 ഏഷോഽശ്വമേധാൻ ശതമാജഹാര
സരസ്വതീ പ്രാദുരഭാവി യത്ര
അഹാർഷീദ്യസ്യ ഹയം പുരന്ദരഃ
ശതക്രതുശ്ചരമേ വർത്തമാനേ.

| | | | |
|---|---|---|---|
| യത്ര | യാതൊരു ദിക്കിൽ | ചരമേ | അവസാനത്തേതു് |
| സരസ്വതി | സരസ്വതീനദി | വർത്തമാനേ | നടന്നുകൊണ്ടിരിക്കെ, |
| പ്രാദുരഭാവി | പ്രത്യക്ഷപ്പെട്ടുവോ, അവിടെവെച്ചു് | യസ്യ | യാതൊരാളുടെ |
| | | ഹയം | യാഗാശ്വത്തെ |
| ഏഷഃ | ഇദ്ദേഹം | ശതക്രതുഃ | നൂറുയാഗം ചെയ്തവനായ |
| ശതം | നൂറു് | | |
| അശ്വമേധാൻ | അശ്വമേധയാഗങ്ങളെ | പുരന്ദരഃ | ഇന്ദ്രൻ |
| ആജഹാര | ചെയ്തെന്നുവരാം. | അഹാർഷീത് | അപഹരിച്ചെന്നുവരും. |

25 ഏഷ സ്വസദ്മോപവനേ സമേത്യ
സനത്കുമാരം ഭഗവന്തമേകം
ആരാധ്യ ഭക്ത്യാലഭതാമലം ത-
ജ്ജ്ഞാനം യതോ ബ്രഹ്മ പരം വിദന്തി.

| | | | |
|---|---|---|---|
| ഏഷഃ | ഇദ്ദേഹം | ഭക്ത്യാ | ഭക്തിയോടെ |
| സ്വസദ്മോപവനേ | തന്റെ ഗൃഹോദ്യാന പരിസരത്തിൽ | ആരാധ്യ | ആരാധിച്ചു്, |
| | | യതഃ | യാതൊന്നിനാൽ |
| ഏകം | ഒറ്റയ്ക്കുവന്നുചേർന്ന | പരം ബ്രഹ്മ | പരബ്രഹ്മത്തെ |
| ഭഗവന്തം | സർവ്വജ്ഞാനനിധിയായ | വിദന്തി | സാക്ഷാൽകരിക്കാമോ, |
| | | തത് അമലം | ആ വിശുദ്ധമായ |
| സനത്കുമാരം | സനത്കുമാരമുനിയെ | ജ്ഞാനം | ജ്ഞാനത്തെ |
| സമേത്യ | സമീപിച്ചു് | അലഭത | ലബ്ധമാക്കിയേക്കും. |

26 തത്ര തത്ര ഗിരസ്താസ്താ ഇതി വിശ്രുതവിക്രമഃ
ശ്രോഷ്യത്യാത്മാശ്രിതാ ഗാഥാഃ പൃഥുഃ പൃഥുപരാക്രമഃ

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ആത്മാശ്രിതാഃ | ആത്മസ്വരൂപനായ ശ്രീഹരിയെ അവലംബിച്ചിട്ടുള്ള |
| വിശ്രുതവിക്രമഃ | വിഖ്യാതങ്ങളായ വിക്രമങ്ങളോടുകൂടിയ | ഗാഥാഃ | പ്രബന്ധങ്ങളെ |
| പൃഥുപരാക്രമഃ | മഹാപരാക്രമിയായ | തത്ര തത്ര | അതാതിടത്തുവെച്ചു് |
| | | താഃ താഃ ഗിരഃ | അതാതുഭാഷകളായിട്ടു് |
| പൃഥുഃ | പൃഥുചക്രവർത്തി | ശ്രോഷ്യതി | ശ്രവിക്കുന്നതാണു് |

27 ദിശോ വിജിത്യാപ്രതിരുദ്ധചക്രഃ
സ്വതേജസോത്പാടിതലോകശല്യഃ
സുരാസുരേന്ദ്രൈരുപഗീയമാന-
മഹാനുഭാവോ ഭവിതാ പതിർഭുവഃ

| | | | |
|---|---|---|---|
| സ്വതേജസാ | തന്റെ തേജസ്സിനാൽ | സുരാ-സുരേന്ദ്രൈഃ | ദേവപ്രമുഖന്മാരാലും അസുരപ്രമുഖന്മാരാലും |
| ഉത്പാടിത-ലോകശല്യഃ | ഉന്മൂലനംചെയ്യപ്പെട്ട ലോകദ്രോഹികളോടുകൂടിയവനായിത്തീരുന്ന ഈ പൃഥു | ഉപഗീയമാന-മഹാനുഭാവഃ | പാടിപ്പുകഴ്ത്തപ്പെടുന്ന മഹാമഹിമയോടുകൂടിയവനുമായിട്ട് |
| ദിശഃ | ദിക്കുകളെ | | |
| വിജിത്യ | വിജയിച്ച് | ഭുവഃ പതിഃ | ഭൂമിയുടെ നാഥനായി |
| അപ്രതി-രുദ്ധചക്രഃ | ഒരിടത്തും പ്രതിരോധം വരാത്ത ആജ്ഞാശക്തിയോടുകൂടിയവനും | ഭവിതാ | ഭവിക്കും |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പൃഥുചരിതേ ഷോഡശോऽദ്ധ്യായഃ ആദിതഃ ശ്ലോകാഃ 714.

നാലാമത്തെ സ്കന്ധത്തിൽ പതിനാറാമദ്ധ്യായം കഴിഞ്ഞു.

# സപ്തദശോऽദ്ധ്യായഃ — അദ്ധ്യായം പതിനേഴ്.

## പൃഥു ഭൂമീദേവിയോടു കയർക്കുന്നതും ഭൂമീദേവീകൃതമായ പൃഥുസ്തുതിയും

"തതഃ സപ്തദശേ ലോകക്ഷുധാഃ പ്രശമയൻ പൃഥുഃ
ഗ്രസ്തബീജാം മഹീം ഹന്തും യത്തോ ഭീത്യാ തയാ സ്തുതഃ

വിശപ്പുകൊണ്ടു വലഞ്ഞ ജനങ്ങൾക്ക് ആശ്വാസമേകുവാൻവേണ്ടി പൃഥുചക്രവർത്തി ധാന്യാദിബീജങ്ങളെ നിഗ്രഹനംചെയ്തിരിക്കുന്ന ഭൂമിയോട് പടവെട്ടാനൊരുങ്ങുന്നതും അന്നേരം ഭയത്രസ്തയായ ഭൂമി അദ്ദേഹത്തെ സ്തുതിക്കുന്നതും ഈ അദ്ധ്യായത്തിൽ വിസ്തരിക്കുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

1 ഏവം സ ഭഗവാൻ വൈന്യഃ ഖ്യാപിതോ ഗുണകർമ്മഭിഃ
ഛന്ദയാമാസ താൻ കാമൈഃ പ്രതിപൂജ്യാഭിനന്ദ്യ ച

| | | | |
|---|---|---|---|
| ഏവം | ഈ വിധം | താൻ | അവരെ (സ്തുതിപാഠകന്മാരെ) |
| ഗുണകർമ്മഭിഃ | ഗുണങ്ങൾ, കർമ്മങ്ങൾ എന്നിവയെ സംബന്ധിച്ച സ്തുതിവചനങ്ങളാൽ | പ്രതിപൂജ്യ | അങ്ങോട്ടു് ആരാധിച്ചു് |
| | | അഭിനന്ദ്യ ച | അഭിനന്ദിക്കയുംചെയ്തു് |
| ഖ്യാപിതഃ | വിഖ്യാതനാക്കപ്പെട്ട | കാമൈഃ | അഭീഷ്ടദാനങ്ങൾ കൊണ്ടു് |
| ഭഗവാൻ | മഹാനുഭാവനായ | | |
| സഃ വൈന്യഃ | ആ പൃഥുരാജാവു് | ഛന്ദയാമാസ | സന്തോഷിപ്പിച്ചു. |

2 ബ്രാഹ്മണപ്രമുഖാൻ വർണ്ണാൻ ഭൃത്യാമാത്യപുരോധസഃ
പൗരാൻ ജാനപദാൻ ശ്രേണീഃ പ്രകൃതീഃ സമപൂജയത്

| | | | |
|---|---|---|---|
| ബ്രാഹ്മണ-പ്രമുഖാൻ | ബ്രാഹ്മണർ മുതലായ | പൗരാൻ | പുരവാസികളേയും, |
| | | ജാനപദാൻ | ഗ്രാമവാസികളേയും, |
| വർണ്ണാൻ | ജാതികളേയും, | ശ്രേണീഃ | തൊഴിൽജീവനക്കാരേയും, |
| ഭൃത്യാമാത്യ പുരോധസഃ | ഭൃത്യന്മാർ മന്ത്രിമാർ, പുരോഹിതന്മാർ എന്നിവരേയും, | പ്രകൃതീഃ | രാജപരികർമ്മികളേയും |
| | | സമപൂജയത് | സംതൃപ്തിപ്പെടുത്തി |

വിദുര ഉവാച = വിദുരർ പറഞ്ഞു.

3 കസ്മാദ്ദധാര ഗോരൂപം ധരിത്രീ ബഹുരൂപിണീ
യാം ദുദോഹ പൃഥുസ്തത്ര കോ വത്സോ ദോഹനം ച കിം.

| | | | |
|---|---|---|---|
| ബഹുരൂപിണീ | അനേകരൂപങ്ങളുള്ള | ദുദോഹ | കറന്നുവല്ലോ, |
| ധരിത്രീ | ഭൂമീദേവി | തത്ര | അപ്പോൾ |
| കസ്മാത് | എന്തുകാരണത്താൽ | വത്സഃ | പൈക്കിടാവു് |
| ഗോരൂപം | പശുവിൻെറ രൂപം | | |
| ദധാര | ധരിച്ചു ? | കഃ | ഏതായിരുന്നു ? |
| പൃഥുഃ | പൃഥുചക്രവർത്തി | ദോഹനം ച | കറവുപാത്രവും |
| യാം | യാതൊരുവളെ | കിം | എന്തായിരുന്നു ? |

4 പ്രകൃത്യാ വിഷമാ ദേവീ കൃതാ തേന സമാ കഥം
തസ്യ മേധ്യം ഹയം ദേവഃ കസ്യ ഹേതോരപാഹരത്

| | | | |
|---|---|---|---|
| പ്രകൃത്യാ | സ്വഭാവേന | കൃതാ | ചെയ്യപ്പെട്ടു ? |
| വിഷമാ | സമനിരപ്പല്ലാത്ത | ദേവഃ | ഇന്ദ്രൻ |
| ദേവീ | ഭൂമിദേവി | തസ്യ | അദ്ദേഹത്തിൻെറ |
| തേന | അദ്ദേഹത്താൽ | മേധ്യം ഹയം | യജ്ഞാശ്വത്തെ |
| കഥം | എങ്ങനെ | കസ്യ ഹേതോഃ | എന്തുകാരണത്താൽ |
| സമാ | സമനിരപ്പുള്ളതാക്കി | അപാഹരത് | അപഹരിച്ചു ? |

5 സനത്കുമാരാദ്ഭഗവതോ ബ്രഹ്മൻ ബ്രഹ്മവിദുത്തമാത്
ലബ്ധ്വാ ജ്ഞാനം സവിജ്ഞാനം രാജർഷിഃ കാം ഗതിം ഗതഃ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മൻ ! | സവിജ്ഞാനം | അപരോക്ഷജ്ഞാനസഹിതമായുള്ള |
| ബ്രഹ്മവിദുത്തമാത് | ബ്രഹ്മജ്ഞരിൽവെച്ചു് ഉത്തമനും | ജ്ഞാനം | അധ്യാത്മബോധത്തെ |
| | | ലബ്ധ്വാ | ലഭിച്ചതിനുശേഷം |
| ഭഗവതഃ | സർവ്വജ്ഞനുമായ | രാജർഷിഃ | ആ രാജർഷി |
| സനത്കുമാരാത് | സനൽകുമാരനിൽനിന്നു് | കാം ഗതിം | ഏതൊരു നിലയെ |
| | | ഗതഃ | പ്രാപിച്ചു ? |

6 യച്ചാന്യദപി കൃഷ്ണസ്യ ഭവാൻ ഭഗവതഃ പ്രഭോഃ
ശ്രവഃ സുശ്രവസഃ പുണ്യം പൂർവ്വദേഹകഥാശ്രയം.

7 ഭക്തായ മേऽനുരക്തായ തവ ചാധോക്ഷജസ്യ ച
വക്തുമർഹസി യോऽദുഹ്യദ്വൈന്യരൂപേണ ഗാമിമാം

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | ഭഗവതഃ | സൈശ്വര്യാദിഷഡ്ഗുണസമ്പന്നനും |
| വൈന്യരൂപേണ | വേനാംശജാതനായ പൃഥുവിൻെറ രൂപത്തോടെ | പ്രഭോഃ | സർവ്വസമർത്ഥനുമായ |
| | | കൃഷ്ണസ്യ | ശ്രീകൃഷ്ണൻെറ |
| ഇമാം ഗാം | ഗോരൂപംപൂണ്ട ഈ ഭൂമിയെ | പൂർവ്വദേഹകഥാശ്രയം | പൂർവ്വാവതാരകഥയായ പൃഥുചരിതത്തെ സംബന്ധിച്ചു് |
| അദുഹ്യത് | ദോഹനം ചെയ്തുവോ, | | |
| അധോക്ഷജസ്യ | ഇന്ദ്രിയജ്ഞാനാതീത | പുണ്യം യത് | പുണ്യകരമായി യാതൊന്നു് |
| (തസ്യ) ച | അവിടത്തെയും [നായ | | |
| തവ ച | അങ്ങയുടേയും | അന്യദപി | വേറെയുണ്ടോ, |
| ഭക്തായ | ഭക്തനും | ശ്രവഃ ച | ആ കേൾവിയേയും |
| അനുരക്തായ | അനുരക്തനുമായ | ഭവാൻ (ത്വം) | സംപൂജ്യനായ അങ്ങു് |
| മേ | എനിക്കായിക്കൊണ്ടു്, | വക്തും | പറഞ്ഞുതരുവാൻ |
| സുശ്രവസഃ | സുകീർത്തിമാനും | അർഹസി | അർഹിക്കുന്നു. |

സൂത ഉവാച = സൂതൻ (ശൗനകാദികളോടു) പറഞ്ഞു—

8 ചോദിതോ വിദുരേണൈവം വാസുദേവകഥാം പ്രതി
പ്രശസ്യ തം പ്രീതമനാ മൈത്രേയഃ പ്രത്യഭാഷത.

| | | | |
|---|---|---|---|
| വാസുദേവകഥാം പ്രതി | ശ്രീകൃഷ്ണൻെറ കഥയെക്കുറിച്ചു് പറയുവാൻ | വിദുരേണ | വിദുരനാൽ |
| | | ചോദിതഃ | പ്രേരിതനായ |
| ഏവം | ഇപ്രകാരം | മൈത്രേയഃ | മൈത്രേയമുനി |

| | | | |
|---|---|---|---|
| പ്രീതമനാഃ | സന്തുഷ്ടചിത്തനായി | പ്രശസ്യ | അഭിനന്ദിച്ച് |
| തം | അദ്ദേഹത്തെ | പ്രത്യഭാഷത | മറുപടിപറഞ്ഞു. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

9 യദാഭിഷിക്തഃ പൃഥുരങ്ഗവിപ്രൈ-
രാമന്ത്രിതോ ജനതായാശ്ച പാലഃ
പ്രജാ നിരന്നേ ക്ഷിതിപൃഷ്ഠ ഏത്യ
ക്ഷുത്ക്ഷാമദേഹാഃ പതിമഭ്യവോചൻ

| | | | |
|---|---|---|---|
| അങ്ഗ | പ്രിയ വിദുര ! | തദാ | അക്കാലത്ത് |
| യദാ | യാതൊരുകാലത്ത് | ക്ഷിതിപൃഷ്ഠേ | ഭൂതലം |
| പൃഥുഃ | പൃഥുമഹാരാജാവ് | നിരന്നേ | ഭക്ഷണക്ഷാമം പിടി പെട്ടതായിവന്നപ്പോൾ |
| വിപ്രൈഃ | ബ്രാഹ്മണരാൽ | | |
| അഭിഷിക്തഃ | രാജ്യാഭിഷേകം കഴിക്കപ്പെട്ടകയും, | ക്ഷുത്ക്ഷാമ-ദേഹാഃ | വിശപ്പുകൊണ്ട് ക്ഷീണഗാത്രരായിച്ചമഞ്ഞ |
| ജനതായാഃ | ജനനിവഹത്തിന്റെ | പ്രജാഃ | ജനങ്ങൾ |
| പാലഃ (ഇതി) | രക്ഷിതാവാണെന്നിങ്ങനെ | പതിം | രാജാവിനെ |
| ആമന്ത്രിതഃ ച | നിയോഗിക്കപ്പെട്ടകയും ചെയ്തുവോ, | ഏത്യ | സമീപിച്ച് |
| | | അഭ്യവോചൻ | സങ്കടമുണർത്തിച്ചു. |

10 വയം രാജൻ ജാഠരേണാഭിതപ്താ
യഥാഗ്നിനാ കോടരസ്ഥേന വൃക്ഷാഃ
ത്വാമദ്യ യാതാഃ ശരണം ശരണ്യം
യഃ സാധിതോ വൃത്തികരഃ പതിർന്നഃ

| | | | |
|---|---|---|---|
| രാജൻ വയം | "രാജാവേ! ഞങ്ങൾ | അദ്യ | ഇന്നിതാ, |
| കോടരസ്ഥേന | പൊത്തിനകത്തുള്ള | ശരണം യാതാഃ | ശരണം പ്രാപിക്കുന്നു. |
| അഗ്നിനാ | തീയിനാൽ | യഃ | യാതൊരു ഭവാൻ |
| വൃക്ഷാ യഥാഃ | മരങ്ങളെന്നപോലെ | നഃ | ഞങ്ങൾക്ക് |
| ജാഠരേണ | വയററിലെ തീയിനാൽ | വൃത്തികരഃ | ഉപജീവനദാതാവായ |
| അഭിതപ്താഃ | പൊരിഞ്ഞവരായിട്ട്, | പതിഃ | സംരക്ഷകനായിട്ട് |
| ശരണ്യം | ശരണാർഹനായ | സാധിതഃ | ഏർപ്പെടുത്തപ്പെട്ടവനല്ലയോ? |
| ത്വാം | നിന്തിരുവടിയെ | | |

11 തന്നോ ഭവാനീഹതു രാതവേന്നം
ക്ഷുധാർദിതാനാം നരദേവദേവ
യവന്ന നങ്ക്ഷ്യാമഹ ഉജ്ഝിതോർജാ
വാർത്താപതിസ്ത്വം കില ലോകപാലഃ

| | |
|---|---|
| നരദേവദേവ | ഹേ രാജാധിരാജ ! |
| തത് | അതിനാൽ, |
| ഭവാൻ | അവിടുന്നു് |
| ക്ഷുധാർദി-താനാം | വിശപ്പിനാൽ വലഞ്ഞു പ്പെട്ടിരിക്കുന്ന |
| നഃ | ഞങ്ങൾക്കു്, |
| ഉജ്ഝിതോർജാഃ | അന്നാഹാരം വിട്ടിരിക്കുന്ന ഞങ്ങൾ |
| യാവത് ന നങ്ക്ഷ്യാമഹേ | നശിക്കാതിരിക്കുന്നതിനുമുമ്പായി |
| അന്നം ദാതവേ | അന്നം തരുവാൻ |
| ഈഹതു | വേണ്ടതു ചെയ്യണേ! |
| ലോകപാലഃ | ലോകരക്ഷകനായ |
| ത്വം | അവിടുന്നു് |
| വാർത്താപതിഃ കില | ഉപജീവനം ഉണ്ടാക്കിത്തരുവാൻ ചുമതലപ്പെട്ടവനത്രെ". |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു—

12 പൃഥുഃ പ്രജാനാം കരുണം നിശമ്യ പരിദേവിതം
ദീർഘം ദധ്യൌ കുരുശ്രേഷ്ഠ നിമിത്തം സോഽന്വപദ്യത.

| | |
|---|---|
| കുരുശ്രേഷ്ഠ | ഹേ വിദുര ! |
| പൃഥുഃ | പൃഥുചക്രവർത്തി |
| പ്രജാനാം | പ്രജകളുടെ |
| കരുണം | ദയനീയമായ |
| പരിദേവിതം | നിലവിളി |
| നിശമ്യ | കേട്ടിട്ടു് |
| ദീർഘം | കുറെനേരം |
| ദധ്യൌ | ആലോചിച്ചു. |
| സഃ | അദ്ദേഹം |
| നിമിത്തം | കാരണത്തെ |
| അന്വപദ്യത | മനസ്സിലാക്കി. |

13 ഇതി വ്യവസിതോ ബുദ്ധ്യാ പ്രഗൃഹീതശരാസനഃ
സന്ദധേ വിശിഖം ഭൂമേഃ ക്രുദ്ധസ്ത്രിപുരഹാ യഥാ

| | |
|---|---|
| ഇതി | ഇപ്രകാരം (ഭൂമിയാണു് കാരണമെന്നു്) |
| ബുദ്ധ്യാ | ബുദ്ധിയാൽ |
| വ്യവസിതഃ | നിശ്ചയിച്ച പൃഥു |
| പ്രഗൃഹീത-ശരാസനഃ | ഏന്തിപ്പിടിച്ച ഉഗ്രചാപത്തോടുകൂടിയവനായിട്ടു് |
| ത്രിപുരഹാ യഥാ | ത്രിപുരാസുരഹന്താവായ രുദ്രനെപ്പോലെ |
| ക്രുദ്ധഃ | കോപാവിഷ്ടനായി |
| ഭൂമേഃ | ഭൂമിയുടെ നേർക്കു് |
| വിശിഖം | ശരം |
| സന്ദധേ | തൊടുത്തു. |

14 പ്രവേപമാനാ ധരണീ നിശാമ്യോദായുധം ച തം
ഗൗഃ സത്യപാദ്രവദ്ഭീതാ മൃഗീവ മൃഗയുദ്രുതാ.

| | |
|---|---|
| ധരണീ ച | ഭൂമീദേവിയാകട്ടെ |
| ഉദായുധം | ആയുധമേന്തിയ |
| തം നിശാമ്യ | അദ്ദേഹത്തെ കണ്ടു് |
| പ്രവേപമാനാ | നടുങ്ങിവിറച്ചുകൊണ്ടു്, |
| ഗൗഃ സതീ | ഗോരൂപിണിയായിട്ടു് |
| മൃഗയുദ്രുതാ | വേടനാൽ ഓടിക്കപ്പെട്ട |
| മൃഗീ ഇവ | മാൻപേടപോലെ |
| ഭീതാ | ഭീതയായി |
| അപാദ്രവത് | പലായനം ചെയ്തു. |

15 താമന്വധാവത് തദ്വൈന്യഃ കുപിതോഽത്യരുണേക്ഷണഃ
ശരം ധനുഷി സന്ധായ യത്ര യത്ര പലായതേ.

| | | | |
|---|---|---|---|
| കുപിതഃ | കോപംവന്നവനും | ശരം സന്ധായ | ശരം തൊടുത്തു |
| അത്യരുണേക്ഷണഃ | ഏറെച്ചുവന്ന കണ്ണിണയോടുകൂടിയവനുമായ | യത്ര യത്ര | എവിടെക്കെല്ലാം |
| | | പലായതേ | പാഞ്ഞുപോകുന്നുവോ, |
| വൈന്യഃ | പൃഥുചക്രവർത്തി | തത് | അവിടെക്കു് |
| | | താം | അവളെ |
| ധനുഷി | വില്ലിൽ | അന്വധാവത് | അനുധാവനം ചെയ്തു. |

16 സാ ദിശോ വിദിശോ ദേവീ രോദസീ ചാന്തരം തയോഃ
ധാവന്തീ തത്ര തത്രൈനം ദദർശാനുദ്യതായുധം.

| | | | |
|---|---|---|---|
| സാ ദേവീ | ആ ഭൂമിദേവി | ധാവന്തീ | ഓടിയുഴന്നുകൊണ്ടു്, |
| ദിശഃ | ദിക്കുകളിലും | തത്ര തത്ര | അവിടെയവിടെയെല്ലാം |
| വിദിശഃ | വിദിക്കുകളിലും | അനു | പിന്നാലെ |
| രോദസീ | വിണ്ണിലും മണ്ണിലും | ഉദ്യതായുധം | ആയുധമെടുത്തുവരുന്ന |
| തയോഃ | അവയുടെ | ഏനം | ഈ പൃഥുവിനെ |
| അന്തരം ച | അന്തരാളത്തിലുമാകെ | ദദർശ | കണ്ടു. |

17 ലോകേ നാവിന്ദത ത്രാണം വൈന്യാന്മൃത്യോരിവ പ്രജാഃ
ത്രസ്താ തദാ നിവവൃതേ ഹൃദയേന വിദൂയതാ.

| | | | |
|---|---|---|---|
| പ്രജാഃ | ജനങ്ങൾ | ലോകേ | ലോകത്തിലെങ്ങും |
| മൃത്യോഃ ഇവ | മൃത്യുവിൽനിന്നെന്നപോലെ | ന അവിന്ദത | ലഭിച്ചില്ല. |
| ത്രസ്താ (സാ) | ഭയചകിതയായി ഭവിച്ച അവൾ | തദാ | അങ്ങനെയായപ്പോൾ |
| | | വിദൂയതാ | നൊമ്പരംകൊള്ളുന്ന |
| വൈന്യാത് | പൃഥുവിൽനിന്നു് | ഹൃദയേന | ഹൃദയത്തോടെ |
| ത്രാണം | സുരക്ഷയെ | നിവവൃതേ | മടങ്ങി. |

18 ഉവാച ച മഹാഭാഗം ധർമ്മജ്ഞാപന്നവത്സല
ത്രാഹി മാമപി ഭൂതാനാം പാലനേഽവസ്ഥിതോ ഭവാൻ

| | | | |
|---|---|---|---|
| മഹാഭാഗം | മഹാനുഭാവനോടു് | ഭവാൻ | അങ്ങുന്നു് |
| ഉവാച ച | പറകയുംചെയ്തു— | ഭൂതാനാം | സർവ്വജീവരാശികളുടെയും |
| ധർമ്മജ്ഞ | “ഹേ ധർമ്മജ്ഞ! | | |
| ആപന്നവത്സല | ദീനദയാലോ! | പാലനേ | പരിപാലനത്തിൽ |
| മാം അപി | എന്നെക്കൂടി | അവസ്ഥിതഃ | നിലകൊള്ളുന്നവനാണല്ലോ? |
| ത്രാഹി | രക്ഷിക്കണേ! | | |

19 സ ത്വം ജിഘാംസസേ കസ്മാദ്ദീനാമകൃതകില്ബിഷാം
അഹനിഷ്യത് കഥം യോഷാം ധർമ്മജ്ഞ ഇതി യോ മതഃ

| | | | |
|---|---|---|---|
| സഃ ത്വം | അങ്ങനെയുള്ള ഭവാൻ | ഇതി | എന്നിങ്ങനെ |
| അകൃത-കില്ബിഷാം | ഒരു തെററും ചെയ്തിട്ടില്ലാത്ത | മതഃ | എവരാലും സമ്മതിക്കപ്പെട്ടിരിക്കുന്ന |
| ദീനാം | പാവമായ എന്നെ | യഃ | യാതൊരു ഭവാൻ |
| കസ്മാത് | എന്തുകാരണത്താൽ | കഥം | എങ്ങനെ |
| ജിഘാംസസേ | കൊല്ലാൻ തുനിയുന്നു ? | | |
| ധർമ്മജ്ഞഃ | ധർമ്മതത്ത്വം ഗ്രഹിച്ചവൻ | യോഷാം | ഒരു സ്ത്രീയെ |
| | | അഹനിഷ്യത് | നിഗ്രഹിക്കും ? |

20 പ്രഹരന്തി ന വൈ സ്ത്രീഷു കൃതാഗഃസ്വപി ജന്തവഃ
കിമുത ത്വദ്വിധാ രാജൻ കരുണാ ദീനവത്സലാഃ

| | | | |
|---|---|---|---|
| കൃതാഗഃസു അപി | പിഴ ചെയ്തവരാണെങ്കിലുംകൂടി | രാജൻ | രാജാവേ ! |
| | | കരുണാഃ | കാരുണികന്മാരും |
| സ്ത്രീഷു | സ്ത്രീകളിൽ | ദീനവത്സലാഃ | ദീനാനുകമ്പയുള്ളവരുമായ |
| ജന്തവഃ വൈ | സാമാന്യജനങ്ങളും പോലും | ത്വദ്വിധാഃ | അങ്ങയെപ്പോലുള്ളവർ |
| ന പ്രഹരന്തി | പ്രഹരിക്കമാറില്ല. | കിമുത | പിന്നെ പറയേണമോ? |

21 മാം വിപാട്യാജരാം നാവം യത്ര വിശ്വം പ്രതിഷ്ഠിതം
ആത്മാനം ച പ്രജാശ്ചേമാഃ കഥമംഭസി ധാസ്യസി.

| | | | |
|---|---|---|---|
| വിശ്വം | ലോകമാകെയും | മാം | എന്നെ |
| യത്ര | യാതൊന്നിൽ | വിപാട്യ | തമത്തിവിട്ടിട്ട് |
| പ്രതിഷ്ഠിതം | നിലകൊള്ളിക്കപ്പെട്ടിരിക്കുന്നുവോ (അങ്ങനെയുള്ള) | ആത്മാനം ച | തന്നേയും |
| | | ഇമാഃ പ്രജാഃ ച | ഈ പ്രജകളേയും |
| | | കഥം | ഏതുവിധം |
| അജരാം | നല്ല കെട്ടുറപ്പുള്ള | അംഭസി | വെള്ളത്തിൽ |
| നാവം | കപ്പലായ | ധാസ്യസി | താങ്ങിനിത്തും. |

പൃഥുരുവാച = പൃഥുചക്രവത്തി പറഞ്ഞു.

22 വസുധേ ത്വാം വിധിഷ്യാമി മച്ഛാസനപരാങ്മുഖീം
ഭാഗം ബഹിഷി യാ വൃങ്ക്തേ ന തനോതി ച നോ വസു.

| | | | |
|---|---|---|---|
| വസുധേ | വസുന്ധരേ ! | ത്വാം | നിന്നെ |
| മച്ഛാസന-പരാങ്മുഖീം | എന്റെ ശാസനയനുസരിക്കാത്ത | വിധിഷ്യാമി | ഞാൻ കൊല്ലും. |

| | | | |
|---|---|---|---|
| യാ | യാതൊരു നീ | വൃങ്ക്തേ | അവകാശപ്പെടുന്നു; |
| ബർഹിഷി | യജ്ഞത്തിൽ (ദേവതാരൂപേണ) | നഃ | ഞങ്ങൾക്ക് |
| | | വസു | ധാന്യസമ്പത്ത് |
| ഭാഗം | ഹവിർഭാഗം | ന തനോതി ച | തരുന്നതുമില്ല. |

23 യവസം ജഗ്ധ്യനുദിനം നൈവ ദോഗ്ധ്യൗധസം പയഃ
തസ്യാമേവം ഹി ദുഷ്ടായാം ദണ്ഡോ നാത്ര ന ശസ്യതേ.

| | | | |
|---|---|---|---|
| അനുദിനം | ദിവസേന | ദുഷ്ടായാം | ദുഷ്ടയിൽ |
| യവസം | പുല്ലും വയ്ക്കോലും | ഏവം | ഇത്തരം |
| ജഗ്ധി | തിന്നുന്നു. | ദണ്ഡഃ | ദണ്ഡനം |
| ഔധസം | അകിട്ടിലുള്ള | | |
| പയഃ | പാൽ | അത്ര | ഈ കുറ്റത്തിന് |
| നൈവ ദോഗ്ധി | ചുരത്തിത്തരുന്നതുമില്ല. | ന ശസ്യതേ ഹി | നിഷേധിക്കപ്പെടാവുന്നതേ അല്ല. |
| തസ്യാം | അത്തരത്തിലുള്ള | | |

24 ത്വം ഖല്വോഷധിബീജാനി പ്രാക് സൃഷ്ടാനി സ്വയംഭുവാ
ന മുഞ്ചസ്യാത്മരുദ്ധാനി മാമവജ്ഞായ മന്ദധീഃ

| | | | |
|---|---|---|---|
| മന്ദധീഃ ത്വം | ബുദ്ധികുറഞ്ഞ നീ | മാം | എന്നെ |
| സ്വയംഭുവാ | ബ്രഹ്മാവിനാൽ | അവജ്ഞായ | അനാദരിച്ച് |
| പ്രാക് | ആദികാലത്ത് | ആത്മരുദ്ധാനി | തന്നുള്ളിൽ തടഞ്ഞു നിർത്തപ്പെട്ടിട്ട് |
| സൃഷ്ടാനി | സൃഷ്ടിക്കപ്പെട്ട | | |
| ഓഷധിബീജാനി | സസ്യവിത്തുക്കളെ | ന മുഞ്ചസി ഖലു | വിട്ടുതരുന്നില്ലല്ലോ. |

എന്നെ വധിച്ചാൽ പിന്നെ അന്നം തീരെയുണ്ടാകയില്ലല്ലോ' എന്നാണെങ്കിൽ അതിനു പറയുന്നു—

25 അമൂഷാം ക്ഷുത്പരീതാനാമാർത്താനാം പരിദേവിതം
ശമയിഷ്യാമി മദ്ബാണൈർഭിന്നായാസ്തവ മേദസാ.

| | | | |
|---|---|---|---|
| ക്ഷുത്- പരീതാനാം | വിശപ്പുബാധിച്ചവരും | മദ്ബാണൈഃ | എന്റെ ശരങ്ങളാൽ |
| | | ഭിന്നായാഃ | പിളക്കപ്പെട്ട |
| ആർത്തനാം | വിവശന്മാരുമായ | തവ | നിന്റെ |
| അമൂഷാം | ഈ ജനങ്ങളുടെ | മേദസാ | മാംസംകൊണ്ട് |
| പരിദേവിതം | കരച്ചിലിനെ | ശമയിഷ്യാമി | ശമിപ്പിച്ചേക്കാം. |

'സ്ത്രീയെ നിഗ്രഹിക്കാമോ?' എന്നതിന്നു് സമാധാനം കണ്ടു പറയുന്നു—

26 പുമാൻ യോഷിദുത ക്ലീബ ആത്മസംഭാവനോഽധമഃ
ഭൂതേഷു നിരനുക്രോശോ നൃപാണാം തദ്വധോഽവധഃ.

| | | | |
|---|---|---|---|
| പുമാൻ | പുരുഷനോ, | ഭൂതേഷു | പ്രാണികളിൽ |
| യോഷിത് | സ്ത്രീയോ, | നിരനുക്രോശഃ | അനുകമ്പവിട്ടിരിക്കുന്നവോ, |
| ഉത ക്ലീബഃ | നപുംസകമോ ആകട്ടെ; | തദ്വധഃ | അവനെ വധിക്കുന്നതു് |
| ആത്മസംഭാവനഃ | തന്നെക്കുറിച്ചു് വലിയ മതിപ്പുള്ള | നൃപാണാം | രാജാക്കന്മാരെ സംബന്ധിച്ചിടത്തോളം |
| (യഃ) അധമഃ | യാതൊരു നീചൻ | അവധഃ | വധമാകയില്ല. |

'എന്നെ തമർത്തിയാൽ പ്രജകളെ നിലനിർത്തുവാനാകുമോ?' എന്ന ഭൂമിയുടെ ചോദ്യത്തെ ഉള്ളിൽ കരുതി പറയുന്നു—

27 ത്വാം സ്തബ്ധാം ദുർമദാം നീത്വാ മായാഗാം തിലശഃ ശരൈഃ
ആത്മയോഗബലേനേമാ ധാരയിഷ്യാമ്യഹം പ്രജാഃ

| | | | |
|---|---|---|---|
| സ്തബ്ധാം | ദുർവിനീതയും | തിലശഃ നീത്വാ | നുറുനുറുങ്ങാക്കിയിട്ടു് |
| ദുർമദാം | ദുരഹങ്കാരമുള്ളവളും | ആത്മയോഗബലേന | സ്വന്തം യോഗശക്തിയുടെ ബലംകൊണ്ടു് |
| മായാഗാം | മായയാൽ ഗോരൂപം ധരിച്ചവളുമായ | ഇമാഃ പ്രജാഃ | ഈ പ്രജകളെ |
| ത്വാം | നിന്നെ | അഹം | ഞാൻ |
| ശരൈഃ | ശരങ്ങളാൽ | ധാരയിഷ്യാമി | നിലനിർത്തിക്കൊള്ളാം |

28 ഏവം മന്യുമയീം മൂർത്തിം കൃതാന്തമിവ ബിഭ്രതം
പ്രണതാ പ്രാഞ്ജലിഃ പ്രാഹ മഹീ സംജാതവേപഥുഃ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | മഹീ | ഭൂമിദേവി |
| മന്യുമയീം | കോപമയമായ | പ്രണതാ | നമസ്കരിച്ചു്, |
| മൂർത്തിം | സ്വരൂപത്തെ | പ്രാഞ്ജലിഃ | കൈകൂപ്പി, |
| ബിഭ്രതം | പൂണ്ടുകൊണ്ടു് | സംജാതവേപഥുഃ | ഉടൽവിറച്ചുകൊണ്ടു് |
| കൃതാന്തം ഇവ | അന്തകനെപ്പോലെയിരിക്കുന്ന പൃഥുവിനെ | പ്രാഹ | ഉണർത്തിച്ചു. |

ധരോവാച = ഭൂമിദേവി പറഞ്ഞു —

(അകസ്മാൽ അതിദാരുണനായിഭവിച്ച വിശുദ്ധസത്ത്വമൂർത്തിയായ ശ്രീഹരിയെ പൃഥുചക്രവർത്തിയിൽ ദർശിച്ചുകൊണ്ടു് ഭൂമിദേവി സ്തുതിച്ചു.)

29 നമഃ പരസ്മൈ പുരുഷായ മായയാ
വിന്യസ്തനാനാതനവേ ഗുണാത്മനേ
നമഃ സ്വരൂപാനുഭവേന നിർധുത-
ദ്രവ്യക്രിയാകാരകവിഭ്രമോർമ്മയേ.

| | |
|---|---|
| മായയാ | യോഗമായകൊണ്ടു് |
| വിന്യസ്തനാനാതനവേ | വിരചിതമായ നാനാ ശരീരങ്ങളോടുകൂടിയവനായി |
| ഗുണാത്മനേ | ഗുണസ്വരൂപനായി പ്രതിഭാസിക്കുന്ന |
| പരസ്മൈ പുരുഷായ | പരമപുരുഷന്നു് |
| നമഃ | നമസ്കാരം. |
| സ്വരൂപാനുഭവേന | സ്വരൂപാനുഭൂതിയിലൂടെയാകട്ടെ |
| നിർധുതദ്രവ്യക്രിയാകാരകവിഭ്രമോർമ്മയേ | ദ്രവ്യക്രിയാകാരകളിൽ (അധിഭൂതം, അധ്യാത്മം, അധിദേവം എന്നിവയിൽ) ഞാനെന്ന തോന്നലും തന്നിമിത്തമായ രാഗദ്വേഷാദിതരംഗങ്ങളുമില്ലാതെ നിർഗുണാത്മാവായിരിക്കുന്ന നീന്തിരുവടിക്കു് |
| നമഃ | നമസ്കാരം. |

സർവ്വജീവാശ്രയത്വേന സൃഷ്ടിക്കപ്പെട്ടിരിക്കുന്ന തന്നെ ഉന്മൂലനം ചെയ്യാനുദ്യമിച്ചതിൽ ആശ്ചര്യം തോന്നിയിട്ടു് ഭൂമി പറയുന്നു.

30 യേനാഹമാത്മായതനം വിനിർമ്മിതാ
ധാത്രാ യതോഽയം ഗുണസർഗസംഗ്രഹഃ
സ ഏവ മാം ഹന്തുമുദായുധഃ സ്വരാ-
ഡുപസ്ഥിതോഽന്യം ശരണം കമാശ്രയേ.

| | |
|---|---|
| യതഃ | യാതൊരു എന്നിലാണോ |
| അയം ഗുണസർഗസംഗ്രഹഃ | ഈ ത്രിഗുണാത്മകമായ നാനാസൃഷ്ടിയുടെ സംധാരണം സ്ഥിതി ചെയ്യുന്നതു്, |
| (സാ) അഹം | ആ ഞാൻ |
| യേന | യാതൊരു |
| ധാത്രാ | സ്രഷ്ടാവിനാൽ |
| ആത്മായതനം | ജീവാത്മാക്കളുടെ വാസസ്ഥാനമായിട്ടു് |
| വിനിർമ്മിതാ | നിർമ്മിക്കപ്പെട്ടുവോ, |
| സഃ ഏവ | ആ ആൾതന്നെയായ |
| സ്വരാട് | സ്വതന്ത്രനായ ഭവാൻ |
| മാം ഹന്തും | എന്നെ ഹനിക്കുന്നതിന്നു് |
| ഉദായുധഃ | ആയുധം ഓങ്ങിക്കൊണ്ടു് |
| ഉപസ്ഥിതഃ | വന്നുനില്ക്കുന്നു. |
| അന്യം കം | വേറെ ആരെ |
| ശരണം | രക്ഷകനായിട്ടു് |
| ആശ്രയേ | ഞാൻ ആശ്രയിക്കും ? |

‘ഞാൻ സൃഷ്ടികാരകനും സംഹാരകാരകനുമാണു്. നിന്നെ ഒരിക്കൽ സൃഷ്ടിച്ചു; ഇപ്പോഴിതാ സംഹരിക്കുന്നു.’ എന്നതാണു് ഉള്ളിലെങ്കിൽ അതും ശരിയല്ല. അവിടുന്നു് ഇപ്പോൾ പ്രജാപാലനവിഷയത്തിൽ പ്രവൃത്തനാണല്ലോ എന്നു വീണ്ടും എടുത്തു പറയുന്നു.

31 യ ഏതദാദാവസൃജച്ചരാചരം
സ്വമായയാഽത്മാശ്രയയാഽവിതർക്ക്യയാ
തയൈവ സോഽയം കില ഗോപ്തുമുദ്യതഃ
കഥം നു മാം ധർമ്മപരോ ജിഘാംസതി.

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | സഃ അയം | ആ ആൾ |
| ആദൗ | പൂർവ്വകാലത്തിൽ | തയാ ഏവ | ആയതിലൂടെത്തന്നെ |
| ഏതത് | ഇക്കാണുന്ന | ഗോപ്തും | രക്ഷിക്കുവാൻ |
| ചരാചരം | സ്ഥാവരജംഗമാത്മക പ്രപഞ്ചത്തെ | ഉദ്യതഃ കില | ഉദ്യമിച്ചിരിക്കയാണല്ലോ. |
| അവിതർക്ക്യയാ | ദുരൂഹവും | ധർമ്മപരഃ | ആ ധർമ്മിഷ്ഠൻ |
| ആത്മാശ്രയയാ | ജീവാത്മവിഷയകവുമായ | കഥം നു | എങ്ങനെ |
| സ്വമായയാ | തന്റെ മായയാൽ | മാം | എന്നെ |
| അസൃജത് | സൃഷ്ടിച്ചുവോ, | ജിഘാംസതി | കൊല്ലാൻ തുനിയുന്നു? |

എന്തോ, ഈശ്വരചേഷ്ടിതം ആരറിയുന്നു എന്ന നിഗമനത്തിൽ തുടർന്നുപറയുന്നു—

32 നൂനം ബതേശസ്യ സമീഹിതം ജനൈ-
സ്തന്മായയാ ദുർജ്ജയയാകൃതാത്മഭിഃ
ന ലക്ഷ്യതേ യസ്ത്വകരോദകാരയദ്
യോഽനേക ഏകഃ പരതശ്ച ഈശ്വരഃ

| | | | |
|---|---|---|---|
| ബത | ആശ്ചര്യം! | ഈശ്വരഃ ച | സർവ്വനിയന്താവായി വർത്തിക്കുകയും ചെയ്യുന്നുവോ, |
| യഃ തു | യാതൊരാളാകട്ടെ | ഈശസ്യ | ആ സർവ്വേശ്വരന്റെ |
| അകരോത് | (ബ്രഹ്മാവിനെ) സൃഷ്ടിക്കുകയും, | സമീഹിതം | സങ്കല്പം |
| അകാരയത് | (ആ ബ്രഹ്മാവിനെക്കൊണ്ട്) സൃഷ്ടി നടത്തിക്കുകയും ചെയ്തുവോ, | ദുർജ്ജയയാ | ജയിക്കുവാൻ പ്രയാസമായ |
| യഃ | യാതൊരാൾ | തന്മായയാ | അവിടുത്തെ മായമൂലം |
| ഏകഃ | ഏകനെന്നിരിക്കിലും | അകൃതാത്മഭിഃ | അസംസ്കൃതചിത്തരായ |
| പരതഃ | പരാശക്തിയായ യോഗമായയാൽ | ജനൈഃ | ജനങ്ങളാൽ |
| | | ന ലക്ഷ്യതേ | അറിയപ്പെടുന്നില്ല; |
| അനേകഃ | അനേകനായിവർത്തിച്ച് | നൂനം | തീർച്ചയാണ്. |

അതിനാൽ അലക്ഷ്യസങ്കല്പനായ നിന്തിരുവടിയെ നമസ്കരിക്കട്ടെ എന്നുപറയുന്നു—

33 സർഗാദി യോഽസ്യാനുരുണദ്ധി ശക്തിഭിർ-
ദ്രവ്യക്രിയാകാരകചേതനാത്മഭിഃ
തസ്മൈ സമുന്നദ്ധനിരുദ്ധശക്തയേ
നമഃ പരസ്മൈ പുരുഷായ വേധസേ.

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | ദ്രവ്യക്രിയാകാരകചേതനാത്മഭിഃ | ഭൂതേന്ദ്രിയദേവതാബുദ്ധ്യഹങ്കാരതത്ത്വങ്ങളാവുന്ന |
| അസ്യ | ഈ പ്രപഞ്ചത്തിന്റെ | | |
| സർഗാദി | സൃഷ്ട്യാദി കർമ്മങ്ങളെ | | |

| | |
|---|---|
| ശക്തിഭിഃ | ശക്തികൾകൊണ്ടു് |
| അനുരുണദ്ധി | നിരന്തരം കൊണ്ടുനടത്തുന്നുവോ, |
| സമുന്നദ്ധ-നിരുദ്ധ-ശക്തയേ | ആക്കവും ഒതുക്കവുമുള്ള ശക്തികളോടുകൂടി വർത്തിക്കുന്നവനും |
| വേധസേ | സർവ്വകാരണനും |
| പരസ്മൈ പുരുഷായ | പരമപുരുഷനും ആയിരിക്കുന്ന |
| തസ്മൈ | ആ നിന്തിരുവടിക്കു് |
| നമഃ | നമസ്കാരം. |

പ്രാണികളുടെ സംധാരണത്തിനുവേണ്ടി രസാതലത്തിൽനിന്നു സമുദ്ധരിച്ച തന്നെ പ്രജാരക്ഷണത്തിൽ പ്രവൃത്തനായ അവിടുന്നു് വധിച്ചുകളയുന്നതു് സർവ്വഥാ അയുക്തമാണെന്നു് താഴെ രണ്ടു ശ്ലോകംകൊണ്ടു് പറയുന്നു.

34 സ വൈ ഭവാനാത്മവിനിർമ്മിതം ജഗത്
ഭൂതേന്ദ്രിയാന്തഃകരണാത്മകം വിഭോ
സംസ്ഥാപയിഷ്യന്നജ മാം രസാതലാ-
ദഭ്യുജ്ജഹാരാംഭസ ആദിസൂകരഃ

| | |
|---|---|
| വിഭോ | സർവ്വശക്ത! |
| അജ | ജന്മാദിരഹിത! |
| സഃ ഭവാൻ | ആ നിന്തിരുവടി |
| ആത്മ-വിനിർമ്മിതം | തന്നാൽ നിർമ്മിക്കപ്പെട്ടതും |
| ഭൂതേന്ദ്രിയാ-ന്തഃകരണാ-ത്മകം | ഭൂതങ്ങൾ, ഇന്ദ്രിയങ്ങൾ, അന്തഃകരണവൃത്തികൾ ആത്മാവു് എന്നിവയോടുകൂടിയതുമായ |
| ജഗത് | ചരാചരപ്രപഞ്ചത്തെ |
| സംസ്ഥാപ-യിഷ്യൻ | ശരിക്കു നിലനിർത്താൻ ഉദ്ദേശിച്ചുകൊണ്ടു് |
| ആദിസൂകരഃ | ആദിവരാഹമൂർത്തിയായിട്ടു് |
| രസാതലാത് | പാതാളത്തിൽനിന്നു്, |
| അംഭസഃ | ജലത്തിൽനിന്നു് |
| മാം വൈ | എന്നെത്തന്നെ |
| അഭ്യുജ്ജഹാര | പൊക്കിയെടുത്തു. |

35 അപാമുപസ്ഥേ മയി നാവ്യവസ്ഥിതാഃ
പ്രജാ ഭവാനദ്യ രിരക്ഷിഷുഃ കില
സ വീരമൂർത്തിഃ സമഭൂദ്ധരാധരോ
യോ മാം പയസ്യുഗ്രശരോ ജിഘാംസസി

| | |
|---|---|
| യഃ | യാതൊരു |
| ധരാധരഃ | ഭൂധരവരാഹമൂർത്തി |
| അദ്യ | ഇപ്പോൾ |
| അപാം | ജലത്തിന്റെ |
| ഉപസ്ഥേ | മദ്ധ്യത്തിൽ |
| മയി | ഞാനാവുന്ന |
| നാവി | നൗകയിൽ (ആലംബത്തിൽ) |
| അവസ്ഥിതാഃ | അവസ്ഥിതിചെയ്യുന്ന |
| പ്രജാഃ | പ്രജകളെ |
| രിരക്ഷിഷുഃ | രക്ഷിക്കാനിച്ഛിച്ചുകൊണ്ടു് |
| വീരമൂർത്തിഃ | വീരാത്മാവായ പൃഥുചക്രവർത്തിയായി |
| സമഭൂത് | അവതരിച്ചുവോ, |
| സഃ കില | ആ ആൾതന്നെയായ |

| | | | |
|---|---|---|---|
| ഭവാൻ | അവിടുന്നു | ഉഗ്രശരഃ | ക്രൂരബാണം ധരിച്ചു |
| പയസി | പയസ്സിനു (പാലിനു) വേണ്ടി | മാം | എന്നെ |
| | | ജിഘാംസസി | കൊല്ലുവാൻ തുനിയുന്നു |

അതിനാൽ ഈശ്വരസങ്കല്പത്തിന്റെ ദുർവിജ്ഞേയതയെ കൈമുത്യന്യായേന ചൂണ്ടിക്കാണിച്ചുപസംഹരിക്കുന്നു—

36 നൂനം ജനൈരീഹിതമീശ്വരാണാ-
മസ്മദ്വിധൈസ്തദ്ഗുണസർഗമായയാ
ന ജ്ഞായതേ മോഹിതചിത്തവർത്മഭി-
സ്തേഭ്യോ നമോ വീരയശസ്കരേഭ്യഃ.

| | | | |
|---|---|---|---|
| സദ്ഗുണസർഗമായയാ | തന്തിരുവടിയുടെ ഗുണപ്രകാശനസ്വരൂപമാന്ന മായയാൽ | ന ജ്ഞായതേ | അറിയപ്പെടുകയില്ല; |
| മോഹിതചിത്തവർത്മഭിഃ | വ്യാമോഹിക്കപ്പെട്ട ചിത്തമാവുന്ന മാർഗ്ഗത്തോടുകൂടിയ | നൂനം | തീർച്ചയാണ്. |
| അസ്മദ്വിധൈഃ | എന്നെപ്പോലുള്ള | (കിം പുനഃ | പിന്നെയുണ്ടോ |
| ജനൈഃ | ജനങ്ങളാൽ | ഈശ്വരസ്യ) | ഈശ്വരന്റേതു് ? |
| ഈശ്വരാണാം | ഈശ്വരനെ സംബന്ധിച്ചുള്ളവരുടെ | വീരയശസ്കരേഭ്യഃ | ധീരാത്മാക്കളുടെ കീർത്തിയെ വളർത്തുന്നവരായ |
| ഈഹിതം | സങ്കല്പം പോലും | തേഭ്യഃ | ആ ഈശ്വരാനുവർത്തികൾക്കു് |
| | | നമഃ | നമസ്കാരം |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പൃഥുവിജയേ ധരിത്രീനിഗ്രഹോ നാമ സപ്തദശോഽധ്യായഃ
ആദിതഃ ശ്ലോകാഃ 750.

നാലാമത്തെ സ്കന്ധത്തിൽ പതിനേഴാമദ്ധ്യായം കഴിഞ്ഞു.

# അഷ്ടാദശോഽധ്യായഃ — അദ്ധ്യായം പതിനെട്ട്.

## പൃഥിവീദോഹനം

"അഷ്ടാദശേ മഹീവാക്യാദ്വത്സപാത്രാദിഭേദതഃ
പൃഥ്വാദിഭിസ്തു സാ ദുഗ്ധാ സ്വം സ്വം ദുഗ്ധമിതീര്യതേ."

ഭൂമിയുടെ വാക്കനുസരിച്ച് പൃഥുവും മററും പൈക്കിടാവ്, കറവുപാത്രം എന്നു തുടങ്ങിയവയുടെ ഭേദത്തോടെ അവരവക്കു വേണ്ടതു ഭൂമിയിൽനിന്നു കറന്നെടുത്തുവെന്ന് ഈ അദ്ധ്യായത്തിൽ പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു—

1 ഇത്ഥം പൃഥുമഭിഷ്ടൂയ രുഷാ പ്രസ്ഫുരിതാധരം
പുനരാഹാവനിർഭീതാ സംസ്തഭ്യാത്മാനമാത്മനാ.

| | | | |
|---|---|---|---|
| രുഷാ | കോപത്താൽ | ഭീതാ | ഭയംപൂണ്ടിരിക്കുന്ന |
| പ്രസ്ഫുരിതാധരം | ചുണ്ടുവിറയ്ക്കുന്ന | അവനിഃ | ഭൂമിദേവി |
| പൃഥും | പൃഥുവിനെ | ആത്മനാ | തന്നാൽ |
| ഇത്ഥം | ഇപ്രകാരം | ആത്മാനം | തന്നെ |
| അഭിഷ്ടൂയ | സ്തോത്രംചെയ്തു, | സംസ്തഭ്യ | അടക്കി |
| | | പുനഃ ആഹ | പിന്നേയും പറഞ്ഞു. |

2 സന്നിയച്ഛാഭിഭോ മന്യും നിബോധ ശ്രാവിതം ച മേ
സർവ്വതഃ സാരമാദത്തേ യഥാ മധുകരോ ബുധഃ

| | | | |
|---|---|---|---|
| അഭിഭോ | "ഹേ പ്രഭോ! | ബുധഃ | അറിവുള്ളവൻ |
| മന്യും | കോപത്തെ | മധുകരഃ യഥാ | വണ്ടിനെപ്പോലെ |
| സന്നിയച്ഛ | നിയന്ത്രിച്ചാലും | സർവ്വതഃ | എല്ലായിടത്തുനിന്നും |
| മേ | എന്റെ | സാരം | സത്തിനെ |
| ശ്രാവിതം ച | ഉണർത്തിപ്പിനേയും | ആദത്തേ | എടുക്കുന്നു. |
| നിബോധ | ബോധിക്കുക | | |

തന്നുള്ളിൽ മറവിച്ചിരിക്കുന്ന ധാന്യാദിവസ്തുക്കളെ ഉപായംകൊണ്ട് എടുത്തുകൊള്ളണമെന്ന് പറവാനുദ്ദേശിച്ചുകൊണ്ട് ഉപായമഹിമയെ മൂന്നുശ്ലോകംകൊണ്ട് പ്രതിപാദിക്കുന്നു.

3 അസ്മിൻ ലോകേഽഥവാമുഷ്മിൻ മുനിഭിസ്തത്ത്വദർശിഭിഃ
ദൃഷ്ടാ യോഗാഃ പ്രയുക്താശ്ച പുംസാം ശ്രേയഃപ്രസിദ്ധയേ

| | | | |
|---|---|---|---|
| അസ്മിൻ ലോകേ | ഈ ലോകത്തിലായാലും | യോഗാഃ | ഉപായങ്ങൾ (കൎമ്മകൗശലങ്ങൾ) |
| അഥവാ | അല്ലെങ്കിൽ | തത്ത്വദൎശിഭിഃ | തത്ത്വജ്ഞന്മാരായ |
| അമുഷ്മിൻ | പരലോകത്തിലായാലും | മുനിഭിഃ | ഋഷികളാൽ |
| പുംസാം | ജനങ്ങൾക്ക് | ദൃഷ്ടാഃ | കണ്ടുപിടിക്കപ്പെട്ടുകയും |
| ശ്രേയഃ പ്രസിദ്ധയേ | പുരുഷാൎത്ഥങ്ങൾ ശരിയാംവണ്ണം നേടുവാനുള്ള | പ്രയുക്താഃ ച | പ്രയോഗിക്കപ്പെട്ടുകയും ചെയ്തിട്ടുണ്ട്. |

4 താനാതിഷ്ഠതി യഃ സമ്യഗുപായാൻ പൂൎവ്വദൎശിതാൻ
അവരഃ ശ്രദ്ധയോപേത ഉപേയാൻ വിന്ദതേഽഞ്ജസാ.

| | | | |
|---|---|---|---|
| പൂൎവ്വദൎശിതാൻ | പൂൎവ്വികന്മാർ കാട്ടിത്തരപ്പെട്ട | ശ്രദ്ധയാ | ശ്രദ്ധയോടു |
| താൻ | ആ | ഉപേതഃ | കൂടിയവനായിട്ട് |
| ഉപായാൻ | ഉപായങ്ങളെ | ആതിഷ്ഠതി | അനുഷ്ഠിക്കുന്നുവോ, |
| അവരഃ | അൎവ്വാചീനനായ | (സഃ) | ആയവൻ |
| യഃ | യാതൊരാൾ | ഉപേയാൻ | തൽഫലങ്ങളെ |
| സമ്യക് | വിധിയാംവണ്ണം | അഞ്ജസാ | അനായാസേന |
| | | വിന്ദതേ | പ്രാപിക്കുന്നതാണ് |

5 താനനാദൃത്യ യോഽവിദ്വാനൎത്ഥാനാരഭതേ സ്വയം
തസ്യ വ്യഭിചരന്ത്യൎത്ഥാ ആരബ്ധാശ്ച പുനഃ പുനഃ.

| | | | |
|---|---|---|---|
| യഃ | യാതൊരു | ആരഭതേ | ആരംഭിക്കുന്നുവോ, |
| അവിദ്വാൻ | അറിവില്ലാത്തവൻ | തസ്യ അൎത്ഥാഃ | അവന്റെ കാൎയ്യങ്ങൾ |
| താൻ | അവയെ (പൂൎവ്വദൃഷ്ടങ്ങളായ ഉപായങ്ങളെ) | പുനഃ പുനഃ | പിന്നെയും പിന്നെയും |
| അനാദൃത്യ | അവഗണിച്ച്, | ആരബ്ധാഃ ച | ആരംഭിക്കപ്പെട്ടിരുന്നാൽക്കൂടി |
| അൎത്ഥാൻ | കാൎയ്യങ്ങളെ | വ്യഭിചരന്തി | പിഴച്ചുപോകുന്നു. |
| സ്വയം | താനാകവേ | | |

ഇനി 6 ശ്ലോകം കൊണ്ട് ഉപായമെന്തെന്നു സഹേതുകം പറയുന്നു—

6 പുരാ സൃഷ്ടാ ഹ്യോഷധയോ ബ്രഹ്മണാ യാ വിശാംപതേ
ഭുജ്യമാനാ മയാ ദൃഷ്ടാ അസദ്ഭിരധൃതവ്രതൈഃ

| | | | |
|---|---|---|---|
| ഹി | എന്തെന്നാൽ, | പുരാ | പണ്ട് |
| വിശാംപതേ | രാജൻ! | ബ്രഹ്മണാ | ബ്രഹ്മാവിനാൽ |
| യാഃ | യാവചില | സൃഷ്ടാഃ | സൃഷ്ടിക്കപ്പെട്ടിരുന്നുവോ, |
| ഓഷധയഃ | സസ്യജാലങ്ങൾ | (താഃ) | അവ |

| | | | |
|---|---|---|---|
| അധൃതവ്രതൈഃ | യജ്ഞദീക്ഷാദികളൊന്നും എടുക്കാത്ത | ഭുജ്യമാനാഃ | അനുഭവിക്കപ്പെട്ടുവരുന്നതു് |
| | | മയാ | എന്നാൽ |
| അസദ്ഭിഃ | അസജ്ജനങ്ങളാൽ | ദൃഷ്ടാഃ | കാണപ്പെട്ടു. |

7 അപാലിതാഽനാദൃതാ ച ഭവദ്ഭിർലോകപാലകൈഃ
ചോരീഭൂതേഽഥ ലോകേഽഹം യജ്ഞാർത്ഥേഽഗ്രസമോഷധീഃ.

| | | | |
|---|---|---|---|
| ലോകപാലകൈഃ | നാട്ടുവാഴുന്ന രാജാക്കന്മാരായ | അഹം | ഞാൻ |
| ഭവദ്ഭിഃ | ഭവന്മാരാൽ | അഥ ലോകേ | ക്രമേണ ലോകം |
| അപാലിതാ | ചോരാദികളെ നിവാരണംചെയ്തു പാലിക്കപ്പെടാതെയും | ചോരീഭൂതേ | കള്ളന്മാർ നിറഞ്ഞതായപ്പോൾ |
| | | യജ്ഞാർത്ഥേ | യജ്ഞത്തിന്നുവേണ്ടി |
| അനാദൃതാ ച | യജ്ഞാദികൾ ചെയ്യാതെ അനാദരിക്കപ്പെട്ടും ആയിത്തീർന്നു | ഓഷധീഃ | സസ്യവർഗ്ഗങ്ങളെ |
| | | അഗ്രസം | ഉള്ളിലേക്കു വലിച്ചു. |

8 നൂനം താ വീരുധഃ ക്ഷീണാ മയി കാലേന ഭൂയസാ
തത്ര യോഗേന ദൃഷ്ടേന ഭവാനാദാതുമർഹതി.

| | | | |
|---|---|---|---|
| താ വീരുധഃ | ആ സസ്യവർഗ്ഗങ്ങൾ | ദൃഷ്ടേന | പൂർവ്വികന്മാരാൽ ദർശിക്കപ്പെട്ട |
| ഭൂയസാ | ഏറെ ദീർഘിച്ച | | |
| കാലേന | കാലംകൊണ്ടു് | യോഗേന | ഉപായംകൊണ്ടു് |
| മയി | എന്നുള്ളിലിരുന്നു് | ആദാതും | തിരികെയെടുക്കാൻ |
| ക്ഷീണാഃ നൂനം | ജീർണ്ണിച്ചുപോയിരിക്കണം | ഭവാൻ | അവിടുന്നു് |
| തത്ര | അവയിൽ | അർഹതി | അർഹിക്കുന്നു. |

9 വത്സം കല്പയ മേ വീര യേനാഹം വത്സലാ തവ
ധോക്ഷ്യേ ക്ഷീരമയാൻ കാമാനനുരൂപം ച ദോഹനം

10 ദോഗ്ധാരം ച മഹാബാഹോ ഭൂതാനാം ഭൂതഭാവന
അന്നമീപ്സിതമൂർജ്ജസ്വദ്ഭഗവാൻ വാഞ്ഛതേ യദി.

| | | | |
|---|---|---|---|
| വീര | അല്ലയോ വീര! | ഊർജ്ജസ്വത് | ബലപ്രദവുമായ |
| മഹാബാഹോ | പരാക്രമശാലിൻ! | അന്നം | ഭക്ഷണപദാർത്ഥം |
| ഭൂതഭാവന | ജീവലോകപാലക! | വാഞ്ഛതേ | അഭിലഷിക്കുന്നു |
| ഭഗവാൻ | മഹാനുഭാവനായ | യദി | എങ്കിൽ, |
| | അവിടുന്നു് | അനുരൂപം | തക്കതായ |
| ഭൂതാനാം | ജീവരാശികൾക്കു് | വത്സം | പൈക്കിടാവിനേയും |
| ഈപ്സിതം | ഇച്ഛയ്ക്കൊത്തതും | ദോഹനം ച | കറവുപാത്രത്തേയും |

| | | | |
|---|---|---|---|
| ദോഗ്ധാരം ച | കറവുകാരനേയും | വത്സലാ | സുസ്നേഹവതിയായി |
| മേ | എനിക്കായിക്കൊണ്ട് | ക്ഷീരമയാൻ | ക്ഷീരസ്ഥാനീയങ്ങളായ |
| കല്പയ | ഏപ്പെടുത്തുക. | കാമാൻ | അഭീഷ്ടങ്ങളെ |
| യേന | യാതൊന്നുകൊണ്ട് | തവ | അവിടുത്തേക്ക് |
| അഹം | ഞാൻ | ധോക്ഷ്യേ | പൂർത്തീകരിച്ചുകൊള്ളാം. |

11 സമാം ച കുരു മാം രാജൻ ദേവവൃഷ്ടം യഥാ പയഃ
അപത്താവപി ഭദ്രം തേ ഉപാവർത്തേത മേ വിഭോ

| | | | |
|---|---|---|---|
| വിഭോ | സർവ്വസമർത്ഥ ! | യഥാ | എപ്രകാരമായാൽ |
| രാജൻ | ഹേ രാജൻ | മേ | എന്നിൽ |
| ദേവവൃഷ്ടം | മഴക്കാലത്ത് ദേവനാൽ വർഷിക്കപ്പെട്ട | ഉപാവർത്തേത | തങ്ങിനില്ക്കുമോ, |
| | | (തഥാ) മാം | അപ്രകാരം എന്നെ |
| പയഃ | വെള്ളം | സമാം ച | സമനിരപ്പുള്ളതാക്കിയും |
| അപത്തൗ അപി | മഴക്കാലം കഴിഞ്ഞു പോയ സന്ദർഭത്തിലും | കുരു | ചെയ്യേക്കണം. |
| | | തേ ഭദ്രം | അവിടുത്തേക്കു ശുഭം." |

12 ഇതി പ്രിയം ഹിതം വാക്യം ഭുവ ആദായ ഭൂപതിഃ
വത്സം കൃത്വാ മനും പാണാവദുഹത് സകലൗഷധീഃ.

| | | | |
|---|---|---|---|
| ഇതി | ഈവിധം | മനും | സ്വായംഭുവമനുവിനെ |
| പ്രിയം | പ്രീതികരവും | വത്സം | പശുക്കുട്ടിയാക്കി |
| ഹിതം | ഗുണകരവുമായ | കൃത്വാ | പരികല്പിച്ച്, |
| ഭുവഃ | ഭൂമിദേവിയുടെ | സകലൗഷധീഃ | എല്ലാ സസ്യസമ്പത്തുകളും |
| വാക്യം | വചനത്തെ | | |
| ആദായ | സ്വീകരിച്ച്, | പാണൗ | കൈത്തലത്തിൽ |
| ഭൂപതിഃ | പൃഥുചക്രവർത്തി | അദുഹത് | കറന്നെടുത്തു. |

13 തഥാ പരേ ച സർവ്വത്ര സാരമാദദതേ ബുധാഃ
തതോഽന്യേ ച യഥാകാമം ദുദുഹുഃ പൃഥുഭാവിതാം.

| | | | |
|---|---|---|---|
| [തഥാ | അതുപ്രകാരം (പൃഥു ചെയ്തതുപ്രകാരം) | തതഃ | അനന്തരം |
| | | അന്യേ ച | മററുപേരും |
| പരേ | മററുള്ള | പൃഥുഭാവിതാം | പൃഥുവിനാൽ ഇണക്കപ്പെട്ട ഗോരൂപധരയായ ഭൂമിയെ |
| ബുധാഃ ച | വിവേകികളും | | |
| സർവ്വത്ര | എല്ലാററിലും | | |
| സാരം | സത്തായതിനെ | യഥാകാമം | താന്താങ്ങളുടെ അഭീഷ്ടമനുസരിച്ച് |
| ആദദതേ | സ്വീകരിക്കുന്നു.] | ദുദുഹുഃ | ദോഹനം ചെയ്തു. |

ഈ ശ്ലോകത്തിലെ പൂർവ്വാർദ്ധം സന്ദർഭാനുസാരേണ പറഞ്ഞ ഒരു തത്ത്വകഥനം മാത്രമാണു്. “പൃഥു ഭൂമിയുടെ വാക്യത്തിലെ സാരാംശം ഗ്രഹിച്ചു് ശാന്തനായി പ്രവർത്തിച്ചുവല്ലോ — ലോകത്തിൽ വിവേകികൾ സർവ്വത്ര സാരഗ്രാഹികളാകുന്നു” എന്നിങ്ങനെ സാമാന്യം കൊണ്ടുള്ള സമർത്ഥനം.

ഇനി പ്രസ്തുത ദോഹനത്തെ വിസ്തരിക്കുന്നു.

14 ഋഷയോ ദുദുഹുർദേവീമിന്ദ്രിയേഷ്വഥ സത്തമ
വത്സം ബൃഹസ്പതിം കൃത്വാ പയശ്ഛന്ദോമയം ശുചി.

| | | | |
|---|---|---|---|
| സത്തമ | സജ്ജനവരേണ്യനായ വിദുര! | ഛന്ദോമയം | വേദസ്വരൂപമായ |
| അഥ | അതിനുശേഷം | ശുചി പയഃ | വിശുദ്ധക്ഷീരത്തെ |
| ഋഷയഃ | ഋഷിമാർ | ഇന്ദ്രിയേഷു | ഇന്ദ്രിയങ്ങളാവുന്ന പാത്രങ്ങളിൽ * |
| ബൃഹസ്പതിം | ബൃഹസ്പതിയെ | ദേവീം | ഭൂമിദേവിയിൽനിന്നു് † |
| വത്സം കൃത്വാ | പൈക്കിടാവാക്കി, | ദുദുഹുഃ | കറന്നെടുത്തു. |

* വേദഗ്രഹണം വാക്കു്, മനസ്സു്, ശ്രവണം എന്നിവകൊണ്ടാകയാൽ ഇന്ദ്രിയങ്ങൾക്കു പാത്രത്വം കല്പിച്ചു. † ‘ദുദുഹുഃ’ എന്ന ദ്വികർമ്മകക്രിയയുടെ അപ്രധാന കർമ്മമായ ‘ദേവീം’ എന്ന ദ്വിതീയാവിഭക്ത്യന്തപദത്തിന്നു് പഞ്ചമ്യർത്ഥം കൊടുത്തതു ഭാഷയിലെ വാക്യശൈലിയനുസരിച്ചാണു്

15 കൃത്വാ വത്സം സുരഗണാ ഇന്ദ്രം സോമമദൂദുഹൻ
ഹിരണ്മയേന പാത്രേണ വീര്യമോജോ ബലം പയഃ.

| | | | |
|---|---|---|---|
| സുരഗണാഃ | ദേവഗണങ്ങൾ | വീര്യം | മനഃശക്തിയും, |
| ഇന്ദ്രം | ഇന്ദ്രനെ | ഓജഃ | ഇന്ദ്രിയശക്തിയും, |
| വത്സം കൃത്വാ | പൈക്കിടാവാക്കി, | ബലം | ദേഹശക്തിയും ആവുന്ന |
| ഹിരണ്മയേന | സുവർണ്ണമയമായ | | |
| പാത്രേണ | പാത്രംകൊണ്ടു് | പയഃ | പാൽ |
| സോമം | അമൃതവും, | അദൂദുഹൻ | കറന്നെടുത്തു. |

16 ദൈതേയാ ദാനവാ വത്സം പ്രഹ്ലാദമസുരർഷഭം
വിധായാദൂദുഹൻ ക്ഷീരമയഃപാത്രേ സുരാസവം

| | | | |
|---|---|---|---|
| ദൈതേയാഃ | ദിതിപുത്രന്മാരും | അയഃപാത്രേ | ഇരുമ്പുപാത്രത്തിൽ |
| ദാനവാഃ | ദനുപുത്രന്മാരും ആയുള്ള അസുരഗണങ്ങൾ | സുരാസവം | സുര, ആസവം എന്നീ ലഹരിപേയങ്ങളെ |
| അസുരർഷഭം | അസുരശ്രേഷ്ഠനായ | ക്ഷീരം | പാലായിട്ടു് |
| പ്രഹ്ലാദം | പ്രഹ്ലാദനെ | | |
| വത്സം വിധായ | വത്സനാക്കിയിട്ടു്, | അദൂദുഹൻ | കറന്നെടുത്തു. |

17 ഗന്ധൎവ്വാപ്സരസോഽദ്ധ്യക്ഷൻ പാത്രേ പദ്മമയേ പയഃ
വത്സം വിശ്വാവസും കൃത്വാ ഗാന്ധൎവ്വം മധു സൗഭഗം.

| | | | |
|---|---|---|---|
| ഗന്ധൎവ്വാപ്സരസഃ | ഗന്ധൎവ്വന്മാരും അപ്സരസ്ത്രീകളും | പാത്രേ | പാത്രത്തിൽ |
| | | ഗാന്ധൎവ്വം | ഗാനത്തെയും |
| വിശ്വാവസും | വിശ്വാവസുവിനെ | മധു | വാങ്മാധുൎയ്യത്തേയും |
| വത്സം കൃത്വാ | വത്സനാക്കിയിട്ടു്, | സൗഭഗം | സൗന്ദൎയ്യത്തേയും |
| | | പയഃ | പാലായിട്ടു് |
| പദ്മമയേ | താമരപ്പൂവാകുന്ന | അദ്ധ്യക്ഷൻ | കറന്നെടുത്തു. |

18 വത്സേന പിതരോഽൎയ്യമ്ണാ കവ്യം ക്ഷീരമധുക്ഷത
ആമപാത്രേ മഹാഭാഗാഃ ശ്രദ്ധയാ ശ്രാദ്ധദേവതാഃ

| | | | |
|---|---|---|---|
| മഹാഭാഗാഃ | മഹാനുഭാവന്മാരും | ആമപാത്രേ | ചുളയ്ക്കുവെയ്ക്കാത്ത മണ്പാത്രത്തിൽ |
| ശ്രാദ്ധദേവതാഃ | ശ്രാദ്ധദേവന്മാരുമായ | കവ്യം | കവ്യത്തെ |
| പിതരഃ | പിതൃക്കൾ | ക്ഷീരം | ക്ഷീരമായിട്ടു് |
| അൎയ്യമ്ണാ | അൎയ്യമാവാകുന്ന | ശ്രദ്ധയാ | ശ്രദ്ധാസഹിതം |
| വത്സേന | വത്സഃനോടുകൂടി, | അധുക്ഷത | കറന്നെടുത്തു. |

19 പ്രകല്പ്യ വത്സം കപിലം സിദ്ധാഃ സംകല്പനാമയീം
സിദ്ധിം നഭസി വിദ്യാം ച യേ ച വിദ്യാധരാദയഃ

| | | | |
|---|---|---|---|
| സിദ്ധാഃ | സിദ്ധന്മാർ | വിദ്യാധരാദയഃ യേ ച | വിദ്യാധരാദികളായ യാവചിലരാകട്ടെ |
| കപിലം | കപിലമുനിയെ | നഭസി | ആകാശമാവുന്ന പാത്രത്തിൽ |
| വത്സം | വത്സനാക്കി | | |
| പ്രകല്പ്യ | പരികല്പിച്ചു്, | വിദ്യാം ച | ആകാശഗമനാദി വിദ്യയേയും |
| സംകല്പനാമയീം സിദ്ധിം | അണിമാദികളായ അഷ്ടസിദ്ധിയേയും, | (ദുദുഹുഃ) | കറന്നെടുത്തു. |

20 അന്യേ ച മായിനോ മായാമന്തൎദ്ധാനാദ്ഭുതാത്മനാം
മയം പ്രകല്പ്യ വത്സം തേ ദുദുഹുൎദ്ധാരണാമയീം

| | | | |
|---|---|---|---|
| അന്യേ തേ | മററുള്ള ആ | അന്തൎദ്ധാനാദ്ഭുതാത്മനാം | തിരസ്കരിണീവിദ്യയാൽ അദ്ഭുതാത്മാക്കളായവരെ സംബന്ധിച്ച |
| മായിനഃ ച | മായാവികളും | | |
| മയം | മയനെ | ധാരണാമയീം | നിനവിനൊത്തവിധം രൂപം കൊള്ളുന്ന |
| വത്സം | വത്സനാക്കി | മായാം | മായാവിദ്യയെ |
| പ്രകല്പ്യ | കല്പിച്ചിട്ടു്, | ദുദുഹുഃ | കറന്നെടുത്തു. |

21 യക്ഷരക്ഷാംസി ഭൂതാനി പിശാചാഃ പിശിതാശനാഃ
ഭൂതേശവത്സാ ദുദുഹുഃ കപാലേ ക്ഷതജാസവം.

| | |
|---|---|
| യക്ഷരക്ഷാംസി | യക്ഷന്മാർ, രക്ഷസ്സുകൾ, |
| ഭൂതാനി | ഭൂതങ്ങൾ, |
| പിശാചാഃ | പിശാചങ്ങൾ, |
| പിശിതാശനാഃ | മാംസം ഭക്ഷിക്കുന്ന രാക്ഷസപ്പരിഷകൾ എന്നിവരെല്ലാം |
| ഭൂതേശവത്സാഃ | രുദ്രനെ വത്സനാക്കിക്കൊണ്ട് |
| കപാലേ | തലയോട്ടിൽ |
| ക്ഷതജാസവം | ചോരയാവുന്ന ചാരയത്തെ |
| ദുദുഹുഃ | കറന്നെടുത്തു. |

22 തഥാഹയോ ദന്ദശൂകാഃ സർപ്പാ നാഗാശ്ച തക്ഷകം
വിധായ വത്സം ദുദുഹുർബിലപാത്രേ വിഷം പയഃ

| | |
|---|---|
| തഥാ | അവ്വണ്ണം |
| അഹയഃ | പത്തിയില്ലാത്ത പാമ്പുകളും, |
| ദന്ദശൂകാഃ | തേൾ മുതലായ ക്ഷുദ്ര ജന്തുക്കളും, |
| സർപ്പാഃ | പത്തിയുള്ള പാമ്പുകളും, |
| നാഗാഃ ച | ദിവ്യസർപ്പങ്ങളും |
| തക്ഷകം | തക്ഷകനെ |
| വത്സം വിധായ | പൈക്കിടാവാക്കിയിട്ട്, |
| ബിലപാത്രേ | വായയാവുന്ന പാത്രത്തിൽ |
| വിഷം പയഃ | വിഷത്തെ പാലായിട്ട് |
| ദുദുഹുഃ | കറന്നു. |

23 പശവോ യവസം ക്ഷീരം വത്സം കൃത്വാ ച ഗോവൃഷം
അരണ്യപാത്രേ ചാധുക്ഷൻ മൃഗേന്ദ്രേണ ച ദംഷ്ട്രിണഃ

24 ക്രവ്യാദാഃ പ്രാണിനഃ ക്രവ്യം ദുദുഹുഃ സ്വേ കളേബരേ
സുപർണവത്സാ വിഹഗാശ്ചരം ചാചരമേവ ച

| | |
|---|---|
| പശവഃ | സസ്യഭുക്കുകളായ മൃഗങ്ങൾ |
| ഗോവൃഷം | ശിവന്റെ കൂറ്റനെ |
| വത്സം കൃത്വാ | വത്സനാക്കിയിട്ട്, |
| അരണ്യപാത്രേ | വനമാവുന്ന പാത്രത്തിൽ |
| യവസം ച | പച്ചപ്പുല്ലിനേയും |
| അധുക്ഷൻ | കറന്നെടുത്തു. |
| ദംഷ്ട്രിണഃ | തേറ്റകളുള്ള |
| ക്രവ്യാദാഃ | മാംസഭുക്കുകളായ |
| പ്രാണിനഃ ച | ജന്തുക്കളാകട്ടെ |
| മൃഗേന്ദ്രേണ | സിംഹത്തെ വത്സനാക്കി, |
| സ്വേ | സ്വന്തം |
| കളേബരേ | ശരീരത്തിൻ |
| ക്രവ്യം ച | മാംസത്തെയും |
| ക്ഷീരം | ക്ഷീരമായി |
| ദുദുഹുഃ | കറന്നെടുത്തു. |
| വിഹഗാഃ | പക്ഷികൾ |
| സുപർണവത്സാഃ | ഗരുഡനാവുന്ന വത്സനോടുകൂടിയവരായിട്ട് |
| ചരം | കൃമികീടാദിയേയും |
| അചരം ഏവ ച | ഫലമൂലാദിയേയും കറന്നെടുത്തു. |

25 വടവത്സാ വനസ്പതയഃ പൃഥഗ്രസമയം പയഃ
ഗിരയോ ഹിമവദ്വത്സാ നാനാധാതൂൻ സ്വസാനുഷു.

| | | | |
|---|---|---|---|
| വനസ്പതയഃ | വൃക്ഷങ്ങൾ | ഗിരയഃ | പർവ്വതങ്ങൾ |
| വടവത്സാഃ | ആൽമരത്തെ വത്സ നാക്കിക്കൊണ്ടു് | ഹിമവദ്വത്സാഃ | ഹിമവാനെ വത്സ നാക്കിക്കൊണ്ടു് |
| പൃഥക് | വെവ്വേറെ | സ്വസാനുഷു | സ്വന്തം താഴ്വര കളിൽ |
| രസമയം | ഉൾനീരാവുന്ന | നാനാധാതൂൻ | പലതരം ധാതുക്കളെയും |
| പയഃ | പാലിനെയും, | (ദുദുഹുഃ) | കറന്നെടുത്തു. |

ഇവിടെ അനുക്തമായതു സർവ്വസംഗ്രഹേണ പറഞ്ഞു് ഉപസംഹരിക്കുന്നു—

26 സർവ്വേ സ്വമുഖ്യവത്സേന സ്വേ സ്വേ പാത്രേ പൃഥക് പയഃ
സർവ്വകാമദുഘാം പൃഥ്വീം ദുദുഹുഃ പൃഥുഭാവിതാം

| | | | |
|---|---|---|---|
| സർവ്വേ | എല്ലാവരും | പൃഥക് | വേറെ വേറെയായി |
| സ്വമുഖ്യ-വത്സേന | സ്വവർഗ്ഗത്തിൽ പ്രമുഖ നായവനെ വത്സ ത്വേന കല്പിച്ചുകൊണ്ടു് | സർവ്വകാമദുഘാം | സർവ്വാഭീഷ്ടദായിനിയും |
| | | പൃഥുഭാവിതാം | പൃഥുവിനാൽ വശീകൃത യുമായ |
| | | പൃഥ്വീം | ഭൂമിയിൽനിന്നു് |
| സ്വേ സ്വേ | അവരവക്കു യോജിച്ച | പയഃ | പയസ്സിനെ |
| പാത്രേ | പാത്രത്തിൽ | ദുദുഹുഃ | കറന്നെടുത്തു. |

27 ഏവം പൃഥ്വാദയഃ പൃഥ്വീമന്നാദാഃ സ്വന്നമാത്മനഃ
ദോഹവത്സാദിഭേദേന ക്ഷീരഭേദം കുരൂദ്വഹ

| | | | |
|---|---|---|---|
| കുരൂദ്വഹ | അല്ലയോ വിദുര! | ക്ഷീരഭേദം | വ്യത്യസ്തക്ഷീരമായിട്ടു് |
| ഏവം | ഇപ്രകാരം | ദോഹവത്സാ-ദിഭേദേന | കറവുപാത്രം, പശുക്കുട്ടി മുതലായവയുടെ വ്യത്യാസത്തോടെ |
| അന്നാദാഃ | ഭക്ഷ്യാർത്ഥികളായ | | |
| പൃഥ്വാദയഃ | പൃഥു മുതലായവർ | | |
| ആത്മനഃ | തങ്ങൾ തങ്ങൾക്കുള്ള | പൃഥ്വീം | ഭൂമിയിൽനിന്നു് |
| സ്വന്നം | പ്രമുഖ ഭക്ഷ്യപദാർത്ഥ ത്തെ | (ദുദുഹുഃ) | കറന്നു. |

28 തതോ മഹീപതിഃ പ്രീതഃ സർവ്വകാമദുഘാം പൃഥുഃ
ദുഹിതൃത്വേ ചകാരേമാം പ്രേമ്ണാ ദുഹിതൃവത്സലഃ

| | | | |
|---|---|---|---|
| തതഃ | അനന്തരം, | സർവ്വകാമ-ദുഘാം | സർവ്വാഭീഷ്ടങ്ങളേയും ദോഹനം ചെയ്യുന്ന |
| പ്രീതഃ | സന്തോഷവാനായ | ഇമാം | ഈ ഭൂമിയെ |
| പൃഥുഃ മഹീപതിഃ | പൃഥു ചക്രവർത്തി | പ്രേമ്ണാ | സ്നേഹത്താൽ |

| | | | |
|---|---|---|---|
| ദുഹിതൃവത്സലഃ | പുത്രിയിലെന്നപോലെ വാത്സല്യത്തോടു കൂടിയവനായി | ദുഹിതൃത്വേന | പുത്രിയെന്നനിലയിൽ |
| | | ചകാര | സ്വീകരിച്ചു. |

29 ചൂൎണയൻ സ്വധനുഷ്കോട്യാ ഗിരികൂടാനി രാജരാട്
ഭൂമണ്ഡലമിദം വൈന്യഃ പ്രായശ്ചക്രേ സമം വിഭുഃ

| | | | |
|---|---|---|---|
| വിഭുഃ | വൈഭവം തികഞ്ഞ | ഗിരികൂടാനി | പൎവ്വതശിഖരങ്ങളെ |
| | | ചൂൎണയൻ | കുത്തിയടത്തിക്കൊണ്ടു് |
| രാജരാട് | സമ്രാട്ടായ | ഇദം | ഈ |
| വൈന്യഃ | പൃഥു | ഭൂമണ്ഡലം | ഭൂവലയത്തെ |
| സ്വധനുഷ്കോട്യാ | തന്റെ വില്ലിൻമുന കൊണ്ടു് | പ്രായഃ | മിക്കവാറും |
| | | സമം ചക്രേ | ഒത്തനിരപ്പാക്കി |

30 അഥാസ്മിൻ ഭഗവാൻ വൈന്യഃ പ്രജാനാം വൃത്തിദഃ പിതാ
നിവാസാൻ കല്പയാഞ്ചക്രേ തത്ര തത്ര യഥാൎഹതഃ

31 ഗ്രാമാൻ പുരഃ പത്തനാനി ദുൎഗ്ഗാണി വിവിധാനി ച
ഘോഷാൻ വ്രജാൻ സശിബിരാനാകരാൻ ഖേടഖൎവ്വടാൻ.

| | | | |
|---|---|---|---|
| അഥ | അനന്തരം | പത്തനാനി | വൻപട്ടണങ്ങളെയും, |
| ഭഗവാൻ | മഹാനുഭാവനായ | വിവിധാനി | പലതരത്തിലുള്ള |
| വൈന്യഃ | പൃഥു | ദുൎഗ്ഗാണി | കോട്ടകളെയും |
| പ്രജാനാം | പ്രജകളുടെ | ഘോഷാൻ | വേടച്ചേരികളെയും, |
| വൃത്തിദഃ | ഉപജീവനദാതാവായ | വ്രജാൻ | ഇടയച്ചേരികളെയും, |
| പിതാ | പിതാവായി വൎത്തിച്ചു്, | സശിബിരാൻ | സൈനികത്താവളങ്ങളോടുകൂടിയ |
| അസ്മിൻ | ഈ ഭൂമണ്ഡലത്തിൽ | ആകരാൻ | ഖനികളെയും, |
| തത്ര തത്ര | അവിടെയവിടെ | ഖേട- ഖൎവ്വടാൻ ച | കൎഷകഗ്രാമങ്ങൾ, മലയച്ചേരികൾ എന്നിവയേയും |
| യഥാൎഹതഃ | അൎഹതയ്ക്കൊത്തവിധം | | |
| നിവാസാൻ | വാസസ്ഥലങ്ങളായിട്ടു് | | |
| ഗ്രാമാൻ | ഗ്രാമങ്ങളേയും, | | |
| പുരഃ | നഗരങ്ങളെയും, | കല്പയാഞ്ചക്രേ | നിൎമ്മിച്ചു. |

32 പ്രാക് പൃഥോരിഹ നൈവൈഷാ പുരഗ്രാമാദികല്പനാ
യഥാസുഖം വസന്തി സ്മ തത്ര തത്രാകുതോഭയാഃ.

| | | | |
|---|---|---|---|
| പൃഥോഃ പ്രാക് | പൃഥുവിനുമുമ്പു് | പുരഗ്രാമാ- ദികല്പനാ | നഗരഗ്രാമാദികളുടെ സംവിധാനം |
| ഇഹ | ഈ ഭൂമിയിൽ | | |
| ഏഷാ | ഇത്തരത്തിലുള്ള | ന ഏവ | ഉണ്ടായിരുന്നതേ ഇല്ല. |

| | | | |
|---|---|---|---|
| അകുതോഭയാഃ | യാതൊരു അലട്ടും ഇല്ലാത്ത ജനങ്ങൾ | യഥാസുഖം | സുഖസൗകര്യങ്ങളോടെ |
| തത്ര തത്ര | അതാതിടത്തു് | വസന്തിസ്മ | പാർത്തുവന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പൃഥുവിജയേ അഷ്ടാദശോऽദ്ധ്യായഃ ആദിതഃ ശ്ലോകാഃ 782.

നാലാമത്തെ സ്കന്ധത്തിൽ പതിനെട്ടാമദ്ധ്യായം കഴിഞ്ഞു.

## ഏകോനവിംശോऽദ്ധ്യായഃ — അദ്ധ്യായം പത്തൊമ്പതു്.

### പൃഥുവിന്റെ യജ്ഞാശ്വത്തെ ഇന്ദ്രൻ അപഹരിച്ചതു്.

"ഊനവിംശേऽശ്വമേധാംഗഹയാപഹരണാത് പൃഥോഃ
ഇന്ദ്രം ഹന്തും പ്രവൃത്തസ്യ ധാത്രാ വാരണമുച്യതേ"

യജ്ഞാംഗമായ അശ്വത്തിന്റെ അപഹർത്താവായ ഇന്ദ്രനെ കൊല്ലാൻ പുറപ്പെട്ട പൃഥുവിനെ ബ്രഹ്മാവു് നിവാരണം ചെയ്ത കഥ ഈ അദ്ധ്യായത്തിൽ പറയുന്നു—

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

1 അഥാദീക്ഷത രാജാ തു ഹയമേധശതേന സഃ
ബ്രഹ്മാവർത്തേ മനോഃ ക്ഷേത്രേ യത്ര പ്രാചീ സരസ്വതീ

| | | | |
|---|---|---|---|
| അഥ | അനന്തരം | മനോഃ | സ്വായംഭുവന്റെ |
| സഃ രാജാ തു | ആ രാജാവാകട്ടെ | ക്ഷേത്രേ | വാസസ്ഥലവുമായ |
| യത്ര | യാതൊരുദിക്കിൽ | ബ്രഹ്മാവർത്തേ | ബ്രഹ്മാവർത്തത്തിൽ |
| സരസ്വതീ | സരസ്വതീനദി | ഹയമേധശതേന | നൂറു് അശ്വമേധയാഗം ചെയ്യുക എന്നതിനെ നിമിത്തീകരിച്ചു് |
| പ്രാചീ | കിഴക്കോട്ടൊഴുകുന്നുവോ, | | |
| തത്ര | ആ പ്രദേശവും | അദീക്ഷത | ദീക്ഷയെടുത്തു |

2 തദഭിപ്രേത്യ ഭഗവാൻ കർമ്മാതിശയമാത്മനഃ
ശതക്രതുർന മമൃഷേ പൃഥോർയജ്ഞമഹോത്സവം

| | | | |
|---|---|---|---|
| ഭഗവാൻ | ഭഗവാനായ | അഭിപ്രേത്യ | കരുതിയിട്ടു് |
| ശതക്രതുഃ | ഇന്ദ്രൻ | പൃഥോഃ | പൃഥുവിന്റെ |
| ആത്മനഃ | തന്റെ | യജ്ഞമഹോത്സവം | ശതാശ്വമേധയാഗമഹോത്സവത്തെ |
| കർമ്മ | കർമ്മത്തെ | ന മമൃഷേ | പൊറുത്തില്ല. |
| അതിശയം | അതിശയിക്കുന്നതാണ് | | |
| തത് (ഇതി) | അതെന്നു് | | |

ഇനി ഏഴു ശ്ലോകംകൊണ്ടു് ഈ അതിശയത്തെ കാണിക്കുന്നു.

3 യത്ര യജ്ഞപതിഃ സാക്ഷാദ്ഭഗവാൻ ഹരിരീശ്വരഃ
അന്വഭൂയത സർവ്വാത്മാ സർവ്വലോകഗുരുഃ പ്രഭുഃ

4 അന്വിതോ ബ്രഹ്മശർവ്വാഭ്യാം ലോകപാലൈഃ സഹാനുഗൈഃ
ഉപഗീയമാനോ ഗന്ധർവ്വൈർമ്മുനിഭിശ്ചാപ്സരോഗണൈഃ

| | | | |
|---|---|---|---|
| യത്ര | യാതൊരു യജ്ഞമഹോത്സവത്തിൽ | സഹാനുഗൈഃ | അനുചരന്മാരോടുകൂടിയ |
| സർവ്വാത്മാ | സർവ്വസ്വരൂപനും | ലോകപാലൈഃ | ലോകപാലന്മാരാലും, |
| സർവ്വലോകഗുരുഃ | സർവ്വലോകാചാര്യനും | ഗന്ധർവ്വൈഃ | ഗന്ധർവ്വന്മാരാലും, |
| പ്രഭുഃ | സർവ്വസമർത്ഥനും | മുനിഭിഃ | മുനിമാരാലും, |
| ഈശ്വരഃ | സർവ്വനിയന്താവും | അപ്സരോഗണൈഃ ച | അപ്സരസ്ത്രീസമൂഹങ്ങളാലും |
| ഭഗവാൻ | സർവ്വജ്ഞാനനിധിയുമായ | ഉപഗീയമാനഃ | വാഴ്ത്തപ്പെട്ടുകൊണ്ടു് |
| ഹരിഃ | ശ്രീഹരി | യജ്ഞപതിഃ | യാഗാദ്ധ്യക്ഷനായി |
| ബ്രഹ്മശർവ്വാഭ്യാം | ബ്രഹ്മാവിനോടും ശ്രീരുദ്രനോടും | സാക്ഷാത് | പ്രത്യക്ഷമായിട്ടു് |
| അന്വിതഃ | സമന്വിതനായി— | അന്വഭൂയത | കാണപ്പെട്ടിരുന്നു. |

5 സിദ്ധാ വിദ്യാധരാ ദൈത്യാ ദാനവാ ഗുഹ്യകാദയഃ
സുനന്ദനന്ദപ്രമുഖാഃ പാർഷദപ്രവരാ ഹരേഃ

6 കപിലോ നാരദോ ദത്തോ യോഗേശാഃ സനകാദയഃ
തമന്വീയുർഭാഗവതാ യേ ച തത്സേവനോത്സുകാഃ.

| | | | |
|---|---|---|---|
| സിദ്ധാഃ | സിദ്ധന്മാർ, | പാർഷദപ്രവരാഃ | പാർഷദോത്തമന്മാർ, |
| വിദ്യാധരാഃ | വിദ്യാധരന്മാർ, | കപിലഃ | കപിലമുനി, |
| ദൈത്യാഃ | ദൈതേയന്മാർ, | നാരദഃ | നാരദമഹർഷി, |
| ദാനവാഃ | ദനുജന്മാർ, | ദത്തഃ | ദത്താത്രേയൻ, |
| ഗുഹ്യകാദയഃ | ഗുഹ്യകാദികൾ, | സനകാദയഃ | സനകാദികളായ |
| സുനന്ദനന്ദപ്രമുഖാഃ | സുനന്ദൻ നന്ദൻ മുതലായുള്ള | യോഗേശാഃ | യോഗേശ്വരന്മാർ, |
| ഹരേഃ | ശ്രീഹരിയുടെ | തത്സേവനോത്സുകാഃ | തന്തിരുവടിയുടെ സേവനോത്സുകരായി |

| | | | |
|---|---|---|---|
| യേ | (ഇങ്ങനെ) യാവചില | തം | തന്തിരുവടിയെ |
| ഭാഗവതാഃ ച | ഭഗവൽഭക്തന്മാരുണ്ടോ, അവരെല്ലാം | അന്വീയുഃ | അനുഗമിച്ചിരുന്നു. |

7 യത്ര ധർമ്മദുഘാ ഭൂമിഃ സർവ്വകാമദുഘാ സതീ
ദോഗ്ധി സ്മാഭീപ്സിതാനർത്ഥാൻ യജമാനസ്യ ഭാരത

| | | | |
|---|---|---|---|
| ഭാരത | വിദുരരേ ! | ധർമ്മദുഘാ | യജ്ഞകർമ്മത്തിനുള്ള ഹവിസ്സുകളെ ദോഹനം ചെയ്യുന്ന കാമധേനുവായി |
| യത്ര | യാതൊരു യജ്ഞമഹോത്സവത്തിൽ, | സതീ | ഭവിച്ചു്, |
| | | അഭീപ്സിതാൻ | അഭിലഷിതങ്ങളായ |
| സർവ്വകാമദുഘാ | സർവ്വാഭീഷ്ടപ്രദായിനിയായിക്കഴിഞ്ഞ | അർത്ഥാൻ | വസ്തുക്കളെയെല്ലാം |
| | | യജമാനസ്യ | യജമാനന്നു് |
| ഭൂമിഃ | ഭൂമിദേവി | ദോഗ്ധി സ്മ | ചൊരിഞ്ഞുകൊടുത്തിരുന്നു. |

8 ഊഹുഃ സർവ്വരസാൻ നദ്യഃ ക്ഷീരദധ്യന്നഗോരസാൻ
തരവോ ഭൂരിവർഷ്മാണഃ പ്രാസൂയന്ത മധുച്യുതഃ

| | | | |
|---|---|---|---|
| നദ്യഃ | നദികൾ | ഊഹുഃ | വഹിച്ചൊഴുകി. |
| ക്ഷീരദധ്യന്നഗോരസാൻ | പാലു്, തൈരു്, പാനകം, നെയ്യു്, മോരു് എന്നിങ്ങനെയുള്ള | ഭൂരിവർഷ്മാണഃ | പെരുത്ത തടിയുള്ള |
| | | തരവഃ | മാമരങ്ങൾ |
| | | മധുച്യുതഃ | തേൻചൊരിഞ്ഞുകൊണ്ടു് |
| സർവ്വരസാൻ | എല്ലാതരം രസങ്ങളേയും | പ്രാസൂയന്ത | കനികളെ ഉല്പാദിപ്പിച്ചു. |

9 സിന്ധവോ രത്നനികരാൻ ഗിരയോഽന്നം ചതുർവിധം
ഉപായനമുപാജഹ്രുഃ സർവ്വേ ലോകാഃ സപാലകാഃ

| | | | |
|---|---|---|---|
| സിന്ധവഃ | സമുദ്രങ്ങൾ | സപാലകാഃ | ലോകപാലന്മാരോടുകൂടി |
| രത്നനികരാൻ | രത്നരാശികളേയും, | സർവ്വേലോകാഃ | എല്ലാലോകങ്ങളും |
| ഗിരയഃ | പർവ്വതങ്ങൾ | ഉപായനം | കാഴ്ചവസ്തുക്കളെ |
| ചതുർവിധം | നാലുപ്രകാരത്തിലുള്ള | ഉപാജഹ്രുഃ | കൊണ്ടുവന്നു. |
| അന്നം(ഊഹുഃ) | അന്നത്തെയും വഹിച്ചു. | | |

10 ഇതി ചാധോക്ഷജേശസ്യ പൃഥോസ്തു പരമോദയം
അസൂയൻ ഭഗവാനിന്ദ്രഃ പ്രതിഘാതമചീകരത്.

| | | | |
|---|---|---|---|
| അധോക്ഷജേശസ്യ | സർവ്വേശ്വരൻ മാത്രം തനിക്കു നിയന്താവായുള്ള | പൃഥോഃ തു | പൃഥുവിന്റെ |
| | | ഇതി ച | ഇപ്രകാരത്തിലും മററുമായ |

| | | | |
|---|---|---|---|
| പരമോദയം | മികച്ച ഉയൎച്ചക്കനേരെ | ഇന്ദ്രഃ | ദേവേന്ദ്രൻ |
| അസൂയൻ | അസഹിഷ്ണുവായി ച്ചമഞ്ഞ | പ്രതിഘാതം | ഇടങ്ങരം |
| ഭഗവാൻ | ഭഗവാനായ | അചീകരത് | ചെയ്തുവെച്ചു. |

അതെന്തെന്നു താഴെ പറയുന്നു—

11 ചരമേണാശ്വമേധേന യജമാനേ യജുഷ്പതിം
വൈന്യേ യജ്ഞപശും സ്പൎദ്ധന്നപോവാഹ തിരോഹിതഃ

| | | | |
|---|---|---|---|
| വൈന്യേ | പൃഥുചക്രവൎത്തി | (ഇന്ദ്രഃ) | ദേവേന്ദ്രൻ |
| ചരമേണ | അവസാനത്തെ | തിരോഹിതഃ | വേഷപ്രച്ഛന്നനായിട്ട് |
| അശ്വമേധേന | അശ്വമേധംകൊണ്ടു് | | |
| യജുഷ്പതിം | യജ്ഞേശ്വരനെ | യജ്ഞപശും | യജ്ഞപശുവായ കുതിരയെ |
| യജമാനേ | യജിച്ചുകൊണ്ടിരിക്കെ, | | |
| സ്പൎദ്ധൻ | സ്പൎദ്ധാലുവായ | അപോവാഹ | തട്ടിയെടുത്തു. |

12 തമത്രിർഭഗവാനൈക്ഷത് ത്വരമാണം വിഹായസാ
ആമുക്തമിവ പാഖണ്ഡം യോഽധൎമ്മേ ധൎമ്മവിഭ്രമഃ.

| | | | |
|---|---|---|---|
| അധൎമ്മേ | ധൎമ്മമല്ലാത്തതിൽ | ആമുക്തം ഇവ | ധരിച്ചവനെന്നപോലെയായി |
| ധൎമ്മവിഭ്രമഃ | ഇതു് ധൎമ്മമാണെന്നുള്ള അബദ്ധധാരണയുണ്ടാക്കുന്നതു് | വിഹായസാ | ആകാശത്തിലൂടെ |
| | | ത്വരമാണം | ബദ്ധപ്പെട്ടുപോകുന്ന |
| | | തം | ആ ഇന്ദ്രനെ |
| യഃ | യാതൊന്നോ, | ഭഗവാൻ | സൎവ്വജ്ഞനായ |
| (തം) പാഖണ്ഡം | അങ്ങനെയുള്ള പാഖണ്ഡവേഷത്തെ | അത്രിഃ | അത്രിമഹൎഷി |
| | | ഐക്ഷത് | കണ്ടു. |

13 അത്രിണാ ചോദിതോ ഹന്തും പൃഥുപുത്രോ മഹാരഥഃ
അന്വധാവത സംക്രുദ്ധോ തിഷ്ഠതിഷ്ഠേതി ചാബ്രവീത്

| | | | |
|---|---|---|---|
| മഹാരഥഃ | അസംഖ്യം വില്ലാളികളെ ഒററക്കുനിന്നു വെല്ലുവാൻ കെല്പുള്ള | സംക്രുദ്ധഃ | അതിക്രുദ്ധനായിട്ട് |
| | | ഹന്തും | ഇന്ദ്രനെ കൊല്ലുവാൻ |
| | | അന്വധാവത | പിന്നാലെയോടി. |
| പൃഥുപുത്രഃ | പൃഥുവിന്റെ പുത്രൻ | തിഷ്ഠ തിഷ്ഠ | "നില്ല്, നില്ല്" |
| അത്രിണാ | അത്രിമഹൎഷിയാൽ | ഇതി | എന്നു് |
| ചോദിതഃ | പ്രേരിതനായി, | അബ്രവീത് ച | വിളിച്ചുപറകയുംചെയ്തു. |

14 തം താദൃശാകൃതിം വീക്ഷ്യ മേനേ ധൎമ്മം ശരീരിണം
ജടിലം ഭസ്മനാച്ഛന്നം തസ്മൈ ബാണം ന മുഞ്ചതി.

| | | | |
|---|---|---|---|
| ജടിലം | ജടാധാരിയായി | ശരീരിണം | ഉടലെടുത്ത |
| ഭസ്മനാ | ഭസ്മംകൊണ്ടു് | ധർമ്മം | ധർമ്മമാണെന്നു് |
| ആച്ഛന്നം | മൂടിയിരിക്കുന്ന | മേനേ | കരുതി, |
| തം | ആ ഇന്ദ്രനെ | തസ്മൈ | അദ്ദേഹത്തിന്റെനേക്കു് |
| താദൃശാകൃതിം | അമ്മാതിരി രൂപത്തോടു കൂടിയവനായിട്ടു് | ബാണം | അമ്പിനെ |
| വീക്ഷ്യ | കണ്ടു്, | ന മുഞ്ചതി | തൊടുത്തുവിട്ടില്ല |

15 വധാന്നിവൃത്തം തം ഭൂയോ ഹന്തവേഽത്രിരചോദയത്
ജഹി യജ്ഞഹനം താത മഹേന്ദ്രം വിബുധാധമം.

| | | | |
|---|---|---|---|
| വധാത് | ഇന്ദ്രവധത്തിൽനിന്നു് | അചോദയത് | പ്രേരിപ്പിച്ചു— |
| നിവൃത്തം | പിൻവാങ്ങിയ | താത | "വത്സ ! |
| തം | ആ കുമാരനെ | യജ്ഞഹനം | യജ്ഞംമുടക്കുന്ന |
| അത്രിഃ | അത്രിമഹർഷി | വിബുധാധമം | ദേവാധമനായ |
| ഭൂയഃ | വീണ്ടും | മഹേന്ദ്രം | ദേവേന്ദ്രനെ |
| ഹന്തവേ | ഇന്ദ്രവധാർത്ഥം | ജഹി | കൊല്ലുക" |

16 ഏവം വൈന്യസുതഃ പ്രോക്തസ്ത്വരമാണം വിഹായസാ
അന്വദ്രവദഭിക്രുദ്ധോ രാവണം ഗൃധ്രരാഡിവ.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ഗൃധ്രരാട് | ജടായു |
| പ്രോക്തഃ | പ്രേരിതനായ | രാവണം | രാവണനെ |
| വൈന്യസുതഃ | പൃഥുപുത്രൻ | ഇവ | എന്നപോലെ |
| വിഹായസാ | ആകാശത്തിലൂടെ | അഭിക്രുദ്ധഃ | അതികുപിതനായിട്ടു് |
| ത്വരമാണം | ശീഘ്രഗതിയിൽ നീങ്ങുന്ന ദേവരാജാവിനെ, | അന്വദ്രവത് | പിന്തുടൎന്നുചെന്നു. |

17 സോഽശ്വം രൂപം ച തദ്ധിത്വാ തസ്മാ അന്തർഹിതഃ സ്വരാട്
വീരഃ സ്വപശുമാദായ പിതുർയജ്ഞമുപേയിവാൻ

| | | | |
|---|---|---|---|
| സഃ സ്വരാട് | ആ സ്വർല്ലോകപതി | വീരഃ | വീരനായ പുത്രൻ |
| അശ്വം | കുതിരയേയും | സ്വപശും | തന്റെ യജ്ഞപശുവിനെ |
| തത് രൂപം ച | ആ സ്വരൂപത്തേയും | ആദായ | വീണ്ടെടുത്തു് |
| തസ്മൈ | അവനുവേണ്ടി | പിതുഃ | അച്ഛന്റെ |
| ഹിത്വാ | ഉപേക്ഷിച്ചു്, | യജ്ഞം | യാഗശാലയിലേയ്ക്കു് |
| അന്തർഹിതഃ | തിരോധാനംചെയ്തു. | ഉപേയിവാൻ | വന്നുചേൎന്നു. |

18 തത് തസ്യ ചാദ്ഭുതം കർമ്മ വിചക്ഷ്യ പരമർഷയഃ
നാമധേയം ദദുസ്തസ്മൈ വിജിതാശ്വ ഇതി പ്രഭോ

| | |
|---|---|
| പ്രഭോ | വിദുരരേ ! |
| പരമർഷയഃ | ഋഷീശ്വരന്മാർ |
| തസ്യ | അവന്റെ |
| അദ്ഭുതം | ആശ്ചര്യകരമായ |
| തത് കർമ്മ | ആ പ്രവൃത്തിയെ |
| വിചക്ഷ്യ ച | കണ്ടു്, ഉടൻ |
| തസ്മൈ | അവന്നു് |
| വിജിതാശ്വഃ | 'വിജിതാശ്വൻ' (കുതിരയെ പിടിച്ചടക്കിയവൻ) |
| ഇതി | എന്നിങ്ങനെ |
| നാമധേയം ദദുഃ | പേർ കൊടുത്തു. |

19 ഉപസൃജ്യ തമസ്തീവ്രം ജഹാരാശ്വം പുനർഹരിഃ
ചഷാലയൂപതശ്ഛന്നോ ഹിരണ്യരശനം വിഭുഃ.

| | |
|---|---|
| വിഭുഃ ഹരിഃ | സമർത്ഥനായ ഇന്ദ്രൻ |
| തീവ്രം തമഃ | ഘോരാന്ധകാരത്തെ |
| ഉപസൃജ്യ | സൃഷ്ടിച്ചു്, |
| ഛന്നഃ | അതിൽ മറഞ്ഞുനിന്നു് |
| ചഷാലയൂപതഃ | അഗ്രത്തിൽ ചഷാലം (മരംകൊണ്ടുള്ള വളയം) വെച്ചുറപ്പിച്ച യൂപക്കുററിയിൽ |
| ഹിരണ്യരശനം | പൊന്നിൻ തുടരുകൊണ്ടു ബന്ധിച്ച |
| അശ്വം | കുതിരയെ |
| പുനഃ | വീണ്ടും |
| ജഹാര | കട്ടുകൊണ്ടുപോയി. |

പൊന്നിൻ തുടർ പൊട്ടിപ്പാനെളുതല്ലാത്തതിനാൽ അതോടുകൂടിത്തന്നെ യൂപാഗ്രത്തിലെ ചഷാലം തട്ടിമാററി ഊരിയെടുത്തു കുതിരയെ കൊണ്ടുപോയി എന്നു് വിവക്ഷിതാർത്ഥം.

20 അത്രിഃ സന്ദർശയാമാസ ത്വരമാണം വിഹായസാ
കപാലഖട്വാംഗധരം വീരോ നൈനമബാധത.

| | |
|---|---|
| വിഹായസാ | ആകാശത്തിലൂടെ |
| ത്വരമാണം | ത്വരിതഗതിയിൽ പ്രയാണം ചെയ്യുന്ന ഇന്ദ്രനെ |
| അത്രിഃ | അത്രിമഹർഷി |
| സന്ദർശയാമാസ | കാട്ടിക്കൊടുത്തു. |
| കപാലഖട്വാംഗധരം | കാപാലികദണ്ഡം ധരിച്ചിരിക്കുന്ന |
| ഏനം | ഈ പുരുഷനെ |
| വീരഃ | വീരനായ വിജിതാശ്വൻ |
| ന അബാധത | ആക്രമിച്ചില്ല. |

അഗ്രത്തിൽ തലയോടു ഘടിപ്പിച്ച നെട്ടംകുന്തമാണു് ഖട്വാംഗം. അതെടുത്തു നടക്കുന്നവർ കാപാലികരെന്ന ശൈവഭിക്ഷുക്കളാണു്. ഇന്ദ്രൻ ആ വേഷം ധരിച്ചു. പൃഥുപുത്രൻ ഇന്ദ്രനെ കാപാലികനെന്നു കരുതി മിണ്ടാതെ നിന്നതേയുള്ളു. വധിപ്പാനുദ്യമിച്ചില്ല. ഇതാണു് ആശയം.

21 അത്രിണാ ചോദിതസ്തസ്യ സന്ദധേ വിശിഖം രുഷാ
സോഽശ്വം രൂപം ച തദ്ധിത്വാ തസ്ഥാവന്തർഹിതഃ സ്വരാട്.

| | |
|---|---|
| അത്രിണാ | അത്രിയാൽ |
| ചോദിതഃ | പ്രേരിതനായിട്ടു് |
| തസ്യ | ആ ഇന്ദ്രന്റെ നേക്കു് |
| രുഷാ | രോഷത്തോടെ |

| | | | |
|---|---|---|---|
| വിശിഖം | ബാണം | തത് രൂപം ച | ആ സ്വരൂപത്തേയും |
| സന്ദധേ | തൊടുത്തു. | ഹിത്വാ | കൈവെടിഞ്ഞു് |
| സഃ സ്വരാട് | ആ സ്വർഗ്ഗരാജാവു് | അന്തർഹിതഃ തസ്ഥൗ | മറഞ്ഞുനിന്നു. |
| അശ്വം | കുതിരയേയും | | |

22 വീരശ്ചാശ്വമുപാദായ പിതൃയജ്ഞമഥാവ്രജത്
തദവദ്യം ഹരേ രൂപം ജഗൃഹുർജ്ഞാനദുർബലാഃ

| | | | |
|---|---|---|---|
| വീരഃ ച | വീരനായ കുമാരനാകട്ടെ | അവ്രജത് | തിരിച്ചു. |
| അശ്വം | കുതിരയെ | അവദ്യം | നിന്ദിതമായ |
| ഉപാദായ | വീണ്ടെടുത്തു് | ഹരേഃ | ഇന്ദ്രന്റെ |
| അഥ | പിന്നെയും | തത് രൂപം | ആ രൂപത്തെ |
| പിതൃയജ്ഞം | അച്ഛന്റെ യജ്ഞശാലയിലേക്കു് | ജ്ഞാനദുർബലാഃ | അറിവു കുറഞ്ഞവർ |
| | | ജഗൃഹുഃ | ഏറ്റെടുത്തു. |

23 യാനി രൂപാണി ജഗൃഹേ ഇന്ദ്രോ ഹയജിഹീർഷയാ
താനി പാപസ്യ ഖണ്ഡാനി ലിംഗം ഖണ്ഡമിഹോച്യതേ

| | | | |
|---|---|---|---|
| ഇന്ദ്രഃ | ഇന്ദ്രൻ | പാപസ്യ | പാപത്തിന്റെ |
| ഹയജിഹീർഷയാ | യാഗാശ്വത്തെ അപഹരിക്കുവാൻവേണ്ടി | ഖണ്ഡാനി | ഖണ്ഡങ്ങളായി മാറി. |
| | | ഇഹ | ഇവിടെ |
| യാനി | ഏതെല്ലാം | ഖണ്ഡം | 'ഖണ്ഡം' എന്ന ശബ്ദം |
| രൂപാണി | വേഷങ്ങളെ | ലിംഗം | 'ലിംഗം'എന്നർത്ഥമുള്ളതാണെന്നു് |
| ജഗൃഹേ | സ്വീകരിച്ചിരുന്നുവോ, | | |
| താനി | അവയെല്ലാം | ഉച്യതേ | പറയപ്പെടുന്നു. |

പൃഥുവിന്റെ യജ്ഞാശ്വം അപഹരിക്കാൻ ഇന്ദ്രൻ ധരിച്ച കപടരൂപങ്ങളാണു് ലോകത്തിൽ പാഖണ്ഡമാർഗ്ഗങ്ങളെ പ്രവർത്തിപ്പിച്ചതു്. ഇവിടെ ഋഷിതന്നെ പാഖണ്ഡ (പാപഖണ്ഡ) ശബ്ദത്തിന്നു നിരുക്തി കല്പിച്ചിരിക്കുന്നു—'ലിംഗം ഖണ്ഡമിഹോച്യതേ' എന്നിങ്ങനെ, അതായതു്, ഖണ്ഡം ലിംഗാർത്ഥവാചിയാണു്. ലിംഗമെന്നാൽ ലക്ഷണം അഥവാ, പ്രതീകം. പാഖണ്ഡം = പാപത്തിന്റെ (അധർമ്മത്തിന്റെ) പ്രതീകം. ഇതു തന്നെ ഇനിയും വിവരിക്കുന്നു—

24 ഏവമിന്ദ്രേ ഹരത്യശ്വം വൈന്യയജ്ഞജിഘാംസയാ
തദ്ഗൃഹീതവിസൃഷ്ടേഷു പാഖണ്ഡേഷു മതിർനൃണാം.

25 ധർമ്മ ഇത്യുപധർമ്മേഷു നഗ്നരക്തപടാദിഷു
പ്രായേണ സജ്ജതേ ഭ്രാന്ത്യാ പേശലേഷു ച വാഗ്മിഷു.

| | | | |
|---|---|---|---|
| വൈന്യയജ്ഞ-ജിഘാംസയാ | പൃഥുവിന്റെ യജ്ഞത്തെ മുടക്കാനുള്ള ഉദ്ദേശത്തോടെ | വാഗ്മിഷു ച | യുക്തിവാദനിപുണങ്ങളും |
| ഏവം | ഇപ്രകാരം | ഉപധർമ്മേഷു | ധർമ്മസാദൃശ്യമുള്ളവയുമായ |
| ഇന്ദ്രേ | ദേവേന്ദ്രൻ | പാഖണ്ഡേഷു | പാഖണ്ഡങ്ങളെന്ന വേദവിരുദ്ധമാർഗ്ഗങ്ങളിൽ |
| അശ്വം | കുതിരയെ | നൃണാം | ജനങ്ങൾക്ക് |
| ഹരതി | അപഹരിച്ചപ്പോൾ, | ഭ്രാന്ത്യാ | തെററിദ്ധാരണയാൽ |
| തദ്ഗൃഹീത-വിസൃഷ്ടേഷു | അദ്ദേഹത്താൽ സ്വീകരിക്കപ്പെട്ടു ഉപേക്ഷിക്കപ്പെട്ടവയും | ധർമ്മഃ ഇതി | ശരിയായ ധർമ്മമാണെന്ന |
| നഗ്നരക്ത-പടാദിഷു | ജൈനബൗദ്ധകാപാലികാദിഭേദേനയുള്ളവയും * | മതിഃ | വിചാരം |
| | | പ്രായേണ | മിക്കവാറും |
| പേശലേഷു | പൊതുവെ ആകർഷകങ്ങളും | സജ്ജതേ | ഏർപ്പെട്ടിരിക്കുന്നു. |

* നഗ്നരക്തപടാദി — നഗ്നർ = ദിഗംബരജൈനന്മാർ രക്തപടന്മാർ = കാവിവസ്ത്രധാരികളായ ബൗദ്ധർ ആദിശബ്ദത്താൽ കാപാലികാദികളെ ഗ്രഹിക്കണം.

26 തദഭിജ്ഞായ ഭഗവാൻ പൃഥുഃ പൃഥുപരാക്രമഃ
ഇന്ദ്രായ കുപിതോ ബാണമാദത്തോദ്യതകാർമ്മുകഃ

| | | | |
|---|---|---|---|
| തത് | അതു് | പൃഥുഃ | പൃഥുചക്രവർത്തി |
| അഭിജ്ഞായ | അറിഞ്ഞു്, | ഇന്ദ്രായ | ഇന്ദ്രന്റെ നേരെ |
| ഭഗവാൻ | മഹാനുഭാവനും | കുപിതഃ | കോപിച്ചു്, |
| | | ഉദ്യതകാർമ്മുകഃ | വില്ലെടുത്തു് |
| പൃഥുപരാക്രമഃ | മഹാപരാക്രമിയുമായ | ബാണം ആദത്ത | ശരം തൊടുത്തു. |

27 തമൃത്വിജഃ ശക്രവധാഭിസന്ധിതം
വിചക്ഷ്യ ദുഷ്പ്രേക്ഷ്യമസഹ്യരംഹസം
നിവാരയാമാസുരഹോ മഹാമതേ
ന യുജ്യതേ ഽത്രാന്യവധഃ പ്രചോദിതാത്

| | | | |
|---|---|---|---|
| ഋത്വിജഃ | ഋത്വിക്കുകൾ | അഹോ | "അഹോ! |
| ശക്രവധാ-ഭിസന്ധിതം | ഇന്ദ്രവധത്തിന്നു് ഉദ്യമിച്ചവനും | മഹാമതേ | ബുദ്ധിശാലിയായുള്ളോവേ! |
| ദുഷ്പ്രേക്ഷ്യം | കോപാതിരേകംമൂലം ആർക്കുമേ നോക്കരുതാത്തവനും | അത്ര | ഈ സന്ദർഭത്തിൽ |
| | | പ്രചോദിതാത് | ശാസ്ത്രപ്രേരിതമായ പശ്വാലംഭനമല്ലാതെ |
| അസഹ്യ-രംഹസം | സഹിക്കരുതാത്ത വേഗത്തോടുകൂടിയവനുമായ | അന്യവധഃ | മറെറാരു വധം |
| | | ന യുജ്യതേ | ശരിയല്ല" |
| തം | അദ്ദേഹത്തെ | (ഇതി) | എന്നു പറഞ്ഞു് |
| വിചക്ഷ്യ | നോക്കി, | നിവാരയാമാസുഃ | തടഞ്ഞു. |

ആ വധം അതായതു്, ഇന്ദ്രവധം ഞങ്ങൾക്കുതന്നെ ചെയ്തുകൊള്ളാമെന്നു പറയുന്നു—

28 വയം മരുത്വന്തമിഹാൎത്ഥനാശനം
ഹ്വയാമഹേ ത്വച്ഛ്രവസാ ഹതത്വിഷം
അയാതയാമോപഹവൈരനന്തരം
പ്രസഹ്യ രാജൻ ജുഹവാമ തേऽഹിതം.

| | | | |
|---|---|---|---|
| അൎത്ഥനാശനം | "യജ്ഞദ്രവ്യനാശകനും | ഇഹ | ഇവിടെ |
| ത്വച്ഛ്രവസാ | അങ്ങയുടെ സൽകീൎത്തിയാൽ | ഹ്വയാമഹേ | ആവാഹനം ചെയ്തു വരുത്താം. |
| ഹതത്വിഷം | നഷ്ടപ്രഭനുമായ | രാജൻ | രാജാവേ! |
| മരുത്വന്തം | ഇന്ദ്രനെ | അനന്തരം | അതിനുശേഷം |
| വയം | ഞങ്ങൾ | തേ | അങ്ങയുടെ |
| അയാതയാമോപഹവൈഃ | ചൈതന്യത്തിനു് ഹാനിയേല്ക്കാത്ത ആവാഹനമന്ത്രങ്ങൾ കൊണ്ടു് | അഹിതം | ശത്രുവിനെ |
| | | പ്രസഹ്യ | ബലാൽകാരേണ |
| | | ജുഹവാമ | ഹോമിച്ചേക്കാം" |

29 ഇത്യാമന്ത്ര്യ ക്രതുപതിം വിദുരാസ്യൎത്വിജോ രുഷാ
സ്രുഗ്ഘസ്താൻ ജുഹ്വതോऽഭ്യേത്യ സ്വയംഭൂഃ പ്രത്യഷേധത.

| | | | |
|---|---|---|---|
| വിദുര | ഹേ വിദുര! | രുഷാ | രോഷത്തോടെ |
| ഇതി | ഇപ്രകാരം | ജുഹ്വതഃ | ആഹുതി തുടങ്ങിയ |
| ക്രതുപതിം | യജമാനനായ പൃഥുവിനെ | അസ്യ | പൃഥുവിന്റെ |
| | | ഋത്വിജഃ | ഋത്വിക്കുകളെ |
| ആമന്ത്ര്യ | പറഞ്ഞുധരിപ്പിച്ചു്, | അഭ്യേത്യ | സമീപിച്ചു്, |
| സ്രുഗ്ഘസ്താൻ | സ്രുക്കു് കൈയിലെടുത്തു് | സ്വയംഭൂഃ | ബ്രഹ്മാവു് |
| | | പ്രത്യഷേധത | തടഞ്ഞു. |

ബ്രഹ്മാവു് ഋത്വിക്കുകളോടും പൃഥുവിനോടും പറഞ്ഞതു് ഒമ്പതു് ശ്ലോകംകൊണ്ടു് കാണിക്കുന്നു—

30 ന വധ്യോ ഭവതാമിന്ദ്രോ യദ്യജ്ഞോ ഭഗവത്തനുഃ
യം ജിഘാംസഥ യജ്ഞേന യസ്യേഷ്ടാസ്തനവഃ സുരാഃ.

| | | | |
|---|---|---|---|
| യജ്ഞേന | യജ്ഞംകൊണ്ടു് | യസ്യ | യാതൊരാളുടെ |
| യം | യാതൊരാളെ | തനവഃ | ശരീരാംശങ്ങളാകുന്നുവോ, |
| ജിഘാംസഥ | നിങ്ങൾ ഹനിക്കുവാൻ തുനിയുന്നുവോ, | (സഃ) ഇന്ദ്രഃ | ആ ഇന്ദ്രൻ |
| ഇഷ്ടാഃ | യജ്ഞത്താൽ ആരാധിതരായ | ഭവതാം | നിങ്ങൾക്കു് |
| | | ന വധ്യഃ | വധാൎഹനല്ല. |
| സുരാഃ | ദേവന്മാർ | യത് | എന്തെന്നാൽ |

| | | | |
|---|---|---|---|
| യജ്ഞഃ | യജ്ഞനെന്നു പേരായ ഈ ഇന്ദ്രൻ | ഭഗവത്തനുഃ | ഭഗവാൻ മഹാവിഷ്ണുവിന്റെ അവതാരമാണു്. |

രുചിപ്രജാപതിക്കു് ആകൂതിയിലുണ്ടായ യജ്ഞനാണു്, സ്വായംഭുവമന്വന്തരത്തിലെ ഇന്ദ്രൻ. ഈ യജ്ഞനാകട്ടെ വിഷ്ണുവിന്റെ അംശാവതാരവുമാണു്. അതിനാൽ ഇന്ദ്രനോടു് സഖ്യം ചെയ്യുകയേ നിൎവ്വാഹമുള്ളു. അല്ലെങ്കിൽ ഇനിയും പാഖണ്ഡധൎമ്മം വളൎന്നേക്കും. ഈ സംഗതി ഓൎമ്മിപ്പിച്ചുകൊണ്ടു് പറയുന്നു.

31 തദിദം പശ്യത മഹദ്ധൎമ്മവ്യതികരം ദ്വിജാഃ
ഇന്ദ്രേണാനുഷ്ഠിതം രാജ്ഞഃ കൎമ്മൈതദ്വിജിഘാംസതാ.

| | | | |
|---|---|---|---|
| ദ്വിജാഃ | ഹേ ബ്രാഹ്മണരേ ! | തത് ഇദം | അത്തരം ഈ |
| രാജ്ഞഃ | പൃഥുരാജാവിന്റെ | മഹത് | മഹത്തായ |
| ഏതത് കൎമ്മ | ഈ യജ്ഞകൎമ്മത്തെ | ധൎമ്മവ്യതികരം | ധൎമ്മവിപൎയ്യയത്തെ (ഓരോ പാഖണ്ഡ മാൎഗ്ഗത്തെ) |
| വിജിഘാംസതാ. | മുടക്കുവാനാഗ്രഹിക്കുന്ന | | |
| ഇന്ദ്രേണ | ഇന്ദ്രനാൽ | | |
| അനുഷ്ഠിതം | അനുഷ്ഠിക്കപ്പെട്ട | പശ്യത | നോക്കുവിൻ. |

32 പൃഥുകീൎത്തേൎപൃഥോൎഭൂയാത്തൎഹ്യേകോനശതക്രതുഃ
അലം തേ ക്രതുഭിഃ സ്വിഷ്ടൈൎയ്യദ്ഭവാൻമോക്ഷധൎമ്മവിത്.

| | | | |
|---|---|---|---|
| തൎഹി | ആകയാൽ | സ്വിഷ്ടൈഃ | ഇതുവരെ നന്നായി യജിക്കപ്പെട്ട |
| പൃഥുകീൎത്തേഃ | വിശാലകീൎത്തിമാനായ | ക്രതുഭിഃ | യജ്ഞങ്ങളെക്കൊണ്ടു് |
| പൃഥോഃ | പൃഥുവിനു് | അലം | മതിയാക്കാം. |
| ഏകോന-ശതക്രതുഃ | തൊണ്ണൂറ്റൊമ്പതു യജ്ഞകൎമ്മം മാത്രം | യത് | എന്തെന്നാൽ |
| | | ഭവാൻ | അങ്ങുന്നു് |
| ഭൂയാത് | സംഭവിക്കട്ടെ. | മോക്ഷധൎമ്മ-വിത് | മുക്തിമാൎഗ്ഗങ്ങളെ അറിയുന്ന ആളാണു്. |
| തേ | അങ്ങയ്ക്കു് | | |

33 നൈവാത്മനേ മഹേന്ദ്രായ രോഷമാഹൎത്തുമൎഹസി
ഉഭാവപി ഹി ഭദ്രം തേ ഉത്തമശ്ലോകവിഗ്രഹൌ

| | | | |
|---|---|---|---|
| ആത്മനേ | താൻതന്നെയായ (തന്റെ രൂപാന്തരമായ) | ഹി | എന്തെന്നാൽ |
| മഹേന്ദ്രായ | ഇന്ദ്രന്റെ നേൎക്കു് | ഉഭൌ അപി | ഇരുവരും |
| രോഷം | കോപത്തെ | ഉത്തമശ്ലോക-വിഗ്രഹൌ | നാരായണാംശസംജാതന്മാർ ആകുന്നു. |
| ആഹൎത്തും | കൈക്കൊള്ളുവാൻ | | |
| ന അൎഹസി ഏവ | അങ്ങു് ഒട്ടുമേ അൎഹിക്കുന്നില്ല. | തേ ഭദ്രം | അങ്ങയ്ക്കു് നന്മവരട്ടെ. |

എങ്കിലും തുടങ്ങിവെച്ച യജ്ഞം പൂർത്തിയാക്കാൻ കഴിഞ്ഞില്ലല്ലോ എന്നുള്ള പൃഥുവിൻെറ കുണ്ഠിതഭാവം ഉള്ളിൽ കണ്ടിട്ടു് ബ്രഹ്മദേവൻ വീണ്ടും തുടൻ്നുപറയുന്നു.

34 മാസ്മിൻ മഹാരാജ കൃഥാഃ സ്മ ചിന്താം
നിശാമയാസ്മദ്വച ആദൃതാത്മാ
യദ് ധ്യായതോ ദൈവഹതം നു കർത്തും
മനോഽതിരുഷ്ടം വിശതേ തമോഽന്ധം

| | | | |
|---|---|---|---|
| മഹാരാജ | മഹാനായ രാജാവേ! | ദൈവഹതം | ദൈവത്താൽ മുടക്കപ്പെട്ടതിനെ |
| അസ്മിൻ | ഈ വിഷയത്തിൽ | കർത്തും | നിറവേററുവാൻ |
| ചിന്താം മാ സ്മ കൃഥാഃ | വ്യാകുലപ്പെടുകയേ അരുതു് | ധ്യായതഃ | നിനയ്ക്കുന്നവൻെറ |
| അസ്മദ്വചഃ | നമ്മുടെ വാക്കിനെ | മനഃ നു | മനസ്സാകട്ടെ |
| ആദൃതാത്മാ | ആദരാന്വിതചിത്തനായിട്ടു് | അതിരുഷ്ടം | അതിവിക്ഷുബ്ധമായിട്ടു് |
| നിശാമയ | കേട്ടുകൊണ്ടാലും | അന്ധം തമഃ | കൂരിരുട്ടിലേക്കു് |
| യത് | അതെന്തെന്നാൽ, | വിശതേ | ചെന്നുചാടുന്നു. |

35 ക്രതുർവിരമതാമേഷ ദേവേഷു ദുരവഗ്രഹഃ
ധർമ്മവ്യതികരോ യത്ര പാഖണ്ഡൈരിന്ദ്രനിർമ്മിതൈഃ

| | | | |
|---|---|---|---|
| ഏഷഃ ക്രതുഃ | ഈ യജ്ഞം | ഇന്ദ്രനിർമ്മിതൈഃ | ഇന്ദ്രനാൽ നിർമ്മിക്കപ്പെട്ടവയായ |
| വിരമതാം | അവസാനിക്കട്ടെ | പാഖണ്ഡൈഃ | പാഖണ്ഡമാർഗ്ഗങ്ങളാൽ |
| ദേവേഷു | ദേവന്മാരിൽ | ധർമ്മവ്യതികരഃ | വൈദികധർമ്മങ്ങൾക്കു് വ്യതിയാനം സംഭവിക്കുന്നു |
| ദുരവഗ്രഹഃ | ദുരാഗ്രഹം സ്വാഭാവികമാണു് | | |
| യത്ര | യാതൊരു ഈ യജ്ഞത്തിൽ | | |

യജ്ഞം അവസാനിപ്പിക്കുന്നതാണു് വിവേകം. തുടൻ്ന നടത്തിയാൽ ദുരാഗ്രഹിയായ ഇന്ദ്രൻ പാഖണ്ഡമാർഗ്ഗങ്ങളിലൂടെ അതിനെ മുടക്കാൻ ഇനിയും ശ്രമിക്കും. അങ്ങനെ പാഖണ്ഡങ്ങളുടെ—വേദവിരുദ്ധനാസ്തികധർമ്മാഭാസങ്ങളുടെ വളച്ച്യ്ക്കു് അതു കാരണമാകുന്നതാണു്—എന്നു് ഭാവം.

ഇപ്പോഴുംതന്നെ ഇന്ദ്രൻെറ ദുരാഗ്രഹം വരുത്തിവെച്ച അനർത്ഥം നോക്കുക—എന്ന ആശയത്തിൽ പറയുന്നു.

36 ഏഭിരിന്ദ്രോപസംസൃഷ്ടൈഃ പാഖണ്ഡൈർഹരിഭിർജനം
ഹ്രിയമാണം വിചക്ഷ്വൈനം യസ്തേ യജ്ഞധ്രുഗശ്വമുട്.

| | | | |
|---|---|---|---|
| ഇന്ദ്രോപസംസൃഷ്ടൈഃ | ഇന്ദ്രനാൽ അവലംബിക്കപ്പെട്ട | ഏഭിഃ ഹരിഭിഃ | ഈ ആകർഷകങ്ങളായ |
| | | പാഖണ്ഡൈഃ | പാഖണ്ഡവേഷങ്ങളാൽ |

| | | | |
|---|---|---|---|
| ഹ്രിയമാണം | ആകൎഷിക്കപ്പെടുന്ന | തേ | അങ്ങയുടെ |
| ഏനം ജനം | ഈ ജനതയെ | യജ്ഞധ്രുക് | യജ്ഞദ്രോഹിയും |
| വിചക്ഷ്വ | നോക്കുക. | അശ്വമുട് | അശ്വമോഷ്ടാവും ആയിരുന്നു. |
| യഃ | യാതൊരുവൻ (ഇന്ദ്രൻ) | | |

'ഇന്ദ്രൻ പാഖണ്ഡസൃഷ്ടിചെയ്തുകൊള്ളട്ടെ. എനിക്കെന്തുവേണം?' എന്നാണ് ഭാവമെങ്കിൽ, അതിനു സമാധാനം പറയുന്നു—

37 ഭവാൻ പരിത്രാതുമിഹാവതീൎണ്ണോ
ധൎമ്മം ജനാനാം സമയാനുരൂപം
വേനാപചാരാദവലുപ്തമദ്യ
തദ്ദേഹതോ വിഷ്ണുകലാസി വൈന്യ.

| | | | |
|---|---|---|---|
| വൈന്യ | ഹേ വേനപുത്ര! | ധൎമ്മം | ധൎമ്മത്തെ |
| ഭവാൻ | അങ്ങ് | പരിത്രാതും | സംരക്ഷിക്കുവാനായി |
| വേനാപചാരാത് | വേനന്റെ അനീതിയാൽ | തദ്ദേഹതഃ | ആ വേനന്റെ ഉടലിൽനിന്നു |
| അവലുപ്തം | നഷ്ടഭ്രഷ്ടമായിരുന്നതും | ഇഹ അദ്യ | ഭൂമിയിലിന്നു് |
| സമയാനുരൂപം | വിവിധശാസ്ത്രസിദ്ധാന്താനുസൃതവുമായ | വിഷ്ണുകലാ | വിഷ്ണുവിന്റെ കലയായിട്ടു് |
| ജനാനാം | ജനങ്ങളുടെ | അവതീൎണ്ണഃ | അവതരിച്ചവൻ |
| | | അസി | ആകുന്നു. |

38 സ ത്വം വിമൃശ്യാസ്യ ഭവം പ്രജാപതേ
സങ്കല്പനം വിശ്വസൃജാം പിപീപൃഹി
ഐന്ദ്രീം ച മായാമുപധൎമ്മമാതരം
പ്രചണ്ഡപാഖണ്ഡപഥം പ്രഭോ ജഹി.

| | | | |
|---|---|---|---|
| പ്രജാപതേ | ഹേ ജനനായക! | പ്രഭോ | ഹേ സൎവ്വസമൎത്ഥ! |
| സഃ ത്വം | താദൃശനായ അങ്ങ് | പ്രചണ്ഡപാഖണ്ഡപഥം | ഭീഷണമായ വേദവിരുദ്ധമാൎഗ്ഗവും |
| അസ്യ | ഈ വിശ്വത്തിന്റെ | ഉപധൎമ്മമാതരം | ധൎമ്മമെന്നു തോന്നാവുന്ന ധൎമ്മങ്ങളുടെ ഉറവിടവും |
| ഭവം | ഉദ്ഭവത്തെ | ഐന്ദ്രീം | ഇന്ദ്രനെ സംബന്ധിച്ചതുമായ |
| വിമൃശ്യ | പൎയ്യാലോചിച്ച്, | മായാം ച | മായയേയും |
| വിശ്വസൃജാം | വിശ്വസ്രഷ്ടാക്കളുടെ | ജഹി | നശിപ്പിക്കുക. |
| സങ്കല്പനം | മനോഭിലാഷത്തെ | | |
| പിപീപൃഹി | നിറവേററിയാലും. | | |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു—

39 ഇത്ഥം സ ലോകഗുരുണാ സമാദിഷ്ടോ വിശാംപതിഃ
തഥാ ച കൃത്വാ വാത്സല്യം മഘോനാപി ച സന്ദധേ.

| | |
|---|---|
| ഇത്ഥം | ഇപ്രകാരം |
| ലോകഗുരുണാ | ബ്രഹ്മദേവനാൽ |
| സമാദിഷ്ടഃ | നിർദ്ദേശിക്കപ്പെട്ട |
| സഃ വിശാംപതിഃ | ആ മഹാരാജാവു് |
| തഥാ ച | അതുപ്രകാരംതന്നെ |
| വാത്സല്യം | സ്നേഹത്തെ |
| കൃത്വാ | പ്രകടിപ്പിച്ചു് |
| മഘോനാ അപി ച | ദേവേന്ദ്രനോടുകൂടിയും |
| സന്ദധേ | സന്ധിചെയ്തു. |

40 കൃതാവഭൃഥസ്നാനായ പൃഥവേ ഭൂരികർമ്മണേ
വരാൻ ദദുസ്തേ വരദാ യേ തദ്ബർഹിഷി തർപ്പിതാഃ

| | |
|---|---|
| ഭൂരികർമ്മണേ | ബഹുയജ്ഞകർമ്മങ്ങൾ ചെയ്തവനും |
| കൃതാവഭൃഥസ്നാനായ | നിറവേററപ്പെട്ട ദീക്ഷാന്തസ്നാനവിധിയോടു കൂടിയവനുമായ |
| പൃഥവേ | പൃഥുചക്രവർത്തിക്കു് |
| തദ്ബർഹിഷി | അദ്ദേഹത്തിൻെറ യജ്ഞത്തിൽവെച്ചു് |
| യേ | യാതൊരുവർ |
| തർപ്പിതാഃ | തൃപ്തരാക്കപ്പെട്ടിരുന്നുവോ, |
| തേ വരദാഃ | ആ വരദാതാക്കളായ ദേവന്മാർ |
| വരാൻ | വരങ്ങളെ |
| ദദുഃ | ദാനംചെയ്തു. |

41 വിപ്രാഃ സത്യാശിഷസ്തുഷ്ടാഃ ശ്രദ്ധയാ ലബ്ധദക്ഷിണാഃ
ആശിഷോ യുയുജുഃ ക്ഷത്തരാദിരാജായ സത്കൃതാഃ

| | |
|---|---|
| ക്ഷത്തഃ | വിദുര ! |
| ശ്രദ്ധയാ | ശ്രദ്ധയോടുകൂടി |
| സത്കൃതാഃ | സൽക്കരിക്കപ്പെട്ടവരും |
| സത്യാശിഷഃ | സഫലമായ ആശിസ്സോടുകൂടിയവരും |
| ലബ്ധദക്ഷിണാഃ | ദക്ഷിണ ലഭിച്ചവരുമായ |
| വിപ്രാഃ | മഹാബ്രാഹ്മണർ |
| തുഷ്ടാഃ | സന്തുഷ്ടരായിട്ടു് |
| ആദിരാജായ | പൃഥുചക്രവർത്തിക്കു് |
| ആശിഷഃ | ആശീർവാദങ്ങൾ |
| യുയുജുഃ | നല്കി. |

സംതൃപ്തന്മാരുടെ അഭിനന്ദനവചനത്തെ താഴെ ഒരു ശ്ലോകംകൊണ്ടു് സംഗ്രഹിക്കുന്നു.

42 ത്വയാഽഽഹൂതാ മഹാബാഹോ സർവ്വ ഏവ സമാഗതാഃ
പൂജിതാ ദാനമാനാഭ്യാം പിതൃദേവർഷിമാനവാഃ

| | |
|---|---|
| മഹാബാഹോ | "ഹേ വീരാഗ്രഗണ്യ ! |
| ത്വയാ | ഭവാനാൽ |
| ആഹൂതാഃ | ക്ഷണിക്കപ്പെട്ടു് |
| സമാഗതാഃ | വന്നുചേർന്ന |
| പിതൃദേവർഷിമാനവാഃ | പിതൃക്കൾ, ദേവന്മാർ, ഋഷികൾ, മനുഷ്യർ |
| സർവ്വേ ഏവ | എന്നീ എല്ലാവരും |
| ദാനമാനാഭ്യാം | സംഭാവനകളാലും ബഹുമതികളാലും |
| പൂജിതാഃ | ആരാധിതരായിരിക്കുന്നു." |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
പൃഥുവിജയേ ഏകോനവിംശോഽദ്ധ്യായഃ ആദിതഃ ശ്ലോകാഃ 824.

നാലാമത്തെ സ്കന്ധത്തിൽ പത്തൊമ്പതാമദ്ധ്യായം കഴിഞ്ഞു.

# വിംശോऽധ്യായഃ — അദ്ധ്യായം ഇരുപതു്.

## ഭഗവൽപൃഥുസംവാദം.

“വിംശേ തു വിഷ്ണുനാ സാക്ഷാത് പൃഥോർയജ്ഞേऽനുശാസനം
വരദാനപ്രസംഗേന പ്രീതിശ്ചാന്യോന്യമീര്യതേ”

യജ്ഞാവസാനത്തിങ്കൽ സാക്ഷാൽ മഹാവിഷ്ണു പൃഥുവിനു് നല്കുന്ന ഉപദേശങ്ങളും, വരദാനപ്രസ്താവത്തിലൂടെയുള്ള അന്യോന്യപ്രീതി എന്നിവയെ ഈ അദ്ധ്യായത്തിൽ പറയുന്നു__

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു__

1 ഭഗവാനപി വൈകുണ്ഠഃ സാകം മഘവതാ വിഭുഃ
യജ്ഞൈർയജ്ഞപതിസ്തുഷ്ടോ യജ്ഞഭുക് തമഭാഷത.

| | | | |
|---|---|---|---|
| മഘവതാ സാകം | ഇന്ദ്രനോടുകൂടെ സ്ഥിതി ചെയ്യുന്നവനും | യജ്ഞപതിഃ | യജ്ഞപാലകനുമായ |
| വിഭുഃ | സർവ്വസമർത്ഥനും | വൈകുണ്ഠഃ അപി | ശ്രീമഹാവിഷ്ണുവും |
| ഭഗവാൻ | സർവൈശ്വര്യാദി ഗുണസമ്പന്നനും | യജ്ഞൈഃ | യജ്ഞകർമ്മങ്ങളാൽ |
| യജ്ഞഭുക് | യജ്ഞഹവിർ ഭോക്താവും | തുഷ്ടഃ | സന്തുഷ്ടനായിട്ടു് |
| | | തം | അദ്ദേഹത്തോടു് |
| | | അഭാഷത | പറഞ്ഞു. |

ശ്രീഭഗവാനുവാച = ഭഗവാൻ അരുളിച്ചെയ്തു.

2 ഏഷ തേऽകാരഷീദ്ഭംഗം ഹയമേധശതസ്യ ഹ
ക്ഷമാപയത ആത്മാനമമുഷ്യ ക്ഷന്തുമർഹസി.

| | | | |
|---|---|---|---|
| ഏഷഃ | ഈ ഇന്ദ്രൻ | ഹ | കഷ്ടമായി; എങ്കിലും, |
| തേ | അങ്ങയുടെ | ആത്മാനം | തന്നോടു് |
| ഹയമേധശതസ്യ | നൂറാമത്തെ അശ്വമേധയാഗത്തിനു് | ക്ഷമാപയതഃ | ക്ഷമാപണം ചെയ്യുന്ന |
| | | അമുഷ്യ | ഇയ്യാളുടെ പേരിൽ |
| ഭംഗം | മുടക്കം | ക്ഷന്തും | ക്ഷമിക്കുവാൻ |
| അകാരഷീത് | വരുത്തിവെച്ചു. | അർഹസി | അങ്ങു് അർഹിക്കുന്നു. |

3 സുധിയഃ സാധവോ ലോകേ നരദേവ നരോത്തമാഃ
നാഭിദ്രുഹ്യന്തി ഭൂതേഭ്യോ യർഹി നാത്മാ കളേവരം

| | | | |
|---|---|---|---|
| നരദേവ | ഹേ രാജൻ! | ഭൂതേഭ്യഃ | ദേഹികൾക്കു് |
| ലോകേ | ലോകത്തിൽ | ന അഭിദ്രുഹ്യന്തി | ദ്രോഹമേല്പിക്കുന്നതല്ല. |
| സുധിയഃ | വിവേകബുദ്ധിയുള്ളവരും | യൽഹി | എന്തെന്നാൽ |
| സാധവഃ | നല്ലവരുമായ | കളേബരം | ശരീരം |
| നരോത്തമാഃ | പുരുഷശ്രേഷ്ഠന്മാർ | ആത്മാ ന | ആത്മാവല്ലല്ലോ |

ദേഹാഭിമാനത്താൽ പ്രേരിതരായി പരപീഡനംചെയ്യുകയില്ലെന്നു സാരം.

4 പുരുഷാ യദി മുഹ്യന്തി ത്വാദൃശാ ദേവമായയാ
ശ്രമ ഏവ പരം ജാതോ ദീർഘയാ വൃദ്ധസേവയാ

| | | | |
|---|---|---|---|
| ത്വാദൃശാഃ | അങ്ങയെപ്പോലെയുള്ള | ദീർഘയാ | നീണ്ടകാലത്തെ |
| പുരുഷാഃ | ആളുകൾ | വൃദ്ധസേവയാ | പണ്ഡിതോപാസന കൊണ്ടു് |
| ദേവമായയാ | ഈശ്വരമായയാൽ | പരം ശ്രമഃ | കേവലം ആയാസം |
| മുഹ്യന്തി യദി | മോഹിക്കുന്നുവെങ്കിൽ, | ഏവ ജാതഃ | മാത്രമേ ഉണ്ടായുള്ളു. |

5 അതഃ കായമിമം വിദ്വാനവിദ്യാകാമകർമ്മഭിഃ
ആരബ്ധ ഇതി നൈവാസ്മിൻ പ്രതിബുദ്ധോഽനുഷജ്ജതേ

| | | | |
|---|---|---|---|
| അതഃ | ആകയാൽ | ആരബ്ധഃ ഇതി | ആരബ്ധമായതാണെന്നു് |
| ഇമം കായം | ഈ ശരീരത്തെ | വിദ്വാൻ | അറിവുള്ള |
| അവിദ്യാ-കാമകർമ്മഭി | സ്വരൂപജ്ഞാനം, തന്നിമിത്തമായ കാമം, തന്നിമിത്തമായ കർമ്മം എന്നിവയാൽ | പ്രതിബുദ്ധഃ | ആത്മജ്ഞൻ |
| | | അസ്മിൻ | ഇതിൽ (ശരീരത്തിൽ) |
| | | അനുഷ്യജ്ജതേ-ന ഏവ | ഒരിക്കലും ആസക്തനാകുന്നതല്ല. |

എങ്കിലും പുത്രാദിമമതയാലും മററും ആസക്തി സംഭവിക്കാമല്ലോ എന്നാണെങ്കിൽ പറയുന്നു.

6 അസംസക്ത ശരീരേഽസ്മിന്നമുനോത്പാദിതേ ഗൃഹേ
ആപത്യേ ദ്രവിണേ വാപി കഃ കുര്യാന്മമതാം ബുധഃ

| | | | |
|---|---|---|---|
| അസ്മിൻ ശരീരേ | ഈ ശരീരത്തിൽ | ഗൃഹേ | ഗൃഹത്തിലോ, |
| അസംസക്തഃ | ആസക്തനല്ലാത്ത | അപത്യേ | പുത്രനിലോ, |
| കഃ ബുധഃ | ഏതെങ്കിലും വിവേകി | ദ്രവിണേ വാ | സമ്പത്തിലോ |
| അമുനാ | ഇതിനെ നിമിത്തമാക്കി | മമതാം | മമത്വബുദ്ധിയെ |
| ഉത്പാദിതേ | ഉണ്ടാക്കപ്പെട്ട | അപി കുര്യാത് | ചെയ്യേണ്ടുവരുമോ ? |

ശരീരത്തിൽ അഹംബുദ്ധിയില്ലാതായ വിവേകിക്കു് ശരീരസംബന്ധികളായ പുത്രദാരധനങ്ങളിൽ മമത്വബുദ്ധിയും ഉണ്ടാകാനവകാശമില്ലെന്നു ഭാവം.

ഇനി അടുത്ത രണ്ടുശ്ലോകംകൊണ്ട് ആത്മപ്രതിബോധക്രമം വിവരിച്ച് ശരീരത്തിലുള്ള ആസക്തിവർജ്ജനം ഉദ്ബോധിപ്പിക്കുന്നു.

7 ഏകഃ ശുദ്ധഃ സ്വയംജ്യോതിർനിർഗ്ഗുണോഽസൗ ഗുണാശ്രയഃ
സർവ്വഗോഽനാവൃതഃ സാക്ഷീ നിരാത്മാഽത്മാഽത്മനഃ പരഃ

| | | | |
|---|---|---|---|
| അസൗ ആത്മാ | ഈ ആത്മാവ് | സർവ്വഗഃ | സർവ്വവ്യാപ്തവും |
| ഏകഃ | നിർവ്വികാരമായി ഒരേ നിലയിൽ ഒന്നുതന്നെയായി നിലകൊള്ളുന്നു; | അനാവൃതഃ | ആവരണമില്ലാത്തതും |
| ശുദ്ധഃ | നിത്യവിശുദ്ധമാകുന്നു; | സാക്ഷീ | സർവ്വസാക്ഷിയുമാകുന്നു; |
| സ്വയംജ്യോതിഃ | സ്വയം പ്രകാശമാകുന്നു; | നിരാത്മാ | ആത്മാവില്ലാത്തതാകുന്നു |
| നിർഗ്ഗുണഃ | ഗുണനിർമ്മുക്തവും | (അതഃ) | ഇക്കാരണങ്ങളാൽ |
| ഗുണാശ്രയഃ | ഗുണങ്ങൾക്ക് ആശ്രയഭൂതവും ആകുന്നു; | ആത്മനഃ | ആത്മത്വേന പ്രതീയമാനമായ ശരീരത്തിൽനിന്ന് |
| | | പരഃ | തികച്ചും ഭിന്നമാണ്. |

ആത്മാവ് ശരീരമല്ല. അതിൽനിന്നും ഭിന്നമാകുന്നു. ഭിന്നത്വം ഏതേതുപാധികൾകൊണ്ട്? അതു വ്യക്തമാക്കുന്നു. ആത്മാവ് ഏകരൂപമാണ്, ശരീരമാകട്ടെ ബാലയുവാദിഭേദംകൊണ്ട് അനേകരൂപമാണ്. ആത്മാവ് നിത്യശുദ്ധവും ശരീരം ബഹുധാ മലിനവുമാകുന്നു. ആത്മാവ് ചൈതന്യഘനവും ശരീരം ജഡവുമാണ്. ആത്മാവ് നിർഗ്ഗുണവും എന്നാൽ ഗുണങ്ങൾക്ക് ആശ്രയഭൂതവും ആയിരിക്കെ, ശരീരം സഗുണവും ഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നതുമാകുന്നു. ആത്മാവ് സർവ്വവ്യാപ്തവും അനാവൃതവും സർവ്വസാക്ഷിയുമാണ്. ശരീരം പരിച്ഛേദ്യവും ഗൃഹാദികളാൽ ആവൃതവും ദൃശ്യവുമാകുന്നു. ആത്മാവിന്ന് ആത്മാവില്ല. ശരീരത്തിന്ന് അതുണ്ട്. ഇങ്ങനെ ഒമ്പതു് ഉപാധികളാൽ ഇവിടെ ഭേദം വ്യക്തമാക്കിയിരിക്കുന്നു.

8 യ ഏവം സന്തമാത്മാനമാത്മസ്ഥം വേദ പൂരുഷഃ
നാജ്യതേ പ്രകൃതിസ്ഥോഽപി തദ്ഗുണൈഃ സ മയി സ്ഥിതഃ

| | | | |
|---|---|---|---|
| യഃ പൂരുഷഃ | യാതൊരാൾ | പ്രകൃതിസ്ഥഃ അപി | പ്രകൃതികാര്യമായ ദേഹത്തിൽ സ്ഥിതനാണെങ്കിലും |
| ഏവം സന്തം | ഇങ്ങനെയിരിക്കുന്ന | മയി | (വാസ്തവത്തിൽ) ബ്രഹ്മസ്വരൂപമായ എന്നിൽ |
| ആത്മാനം | ആത്മാവിനെ | സ്ഥിതഃ | സ്ഥിതനാകകൊണ്ട് |
| ആത്മസ്ഥം | തന്നിൽ സ്ഥിതിചെയ്യുന്നതായിട്ട് | തദ്ഗുണൈഃ | പ്രാകൃതികവികാരങ്ങളാൽ |
| വേദ | അറിയുന്നുവോ, | | |
| സഃ | അവൻ | ന അജ്യതേ | ബാധിക്കപ്പെടുന്നില്ല. |

ഈ അവസ്ഥ ആർക്കുണ്ടാവുന്നു എന്നതു് ഇനി നാലുശ്ലോകംകൊണ്ട് പറയുന്നു.

9 യഃ സ്വധർമ്മേണ മാം നിത്യം നിരാശീഃ ശ്രദ്ധയാഽന്വിതഃ
ഭജതേ ശനകൈസ്തസ്യ മനോ രാജൻ പ്രസീദതി.

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ ! | മാം | എന്നെ |
| യഃ | യാതൊരാൾ | സ്വധർമ്മേണ | സ്വധർമ്മത്തിലൂടെ |
| നിരാശീഃ | നിഷ്കാമനായി, | ഭജതേ | ഭജിക്കുന്നുവോ, |
| ശ്രദ്ധയാ | ശ്രദ്ധയോടു് | തസ്യ മനഃ | അവന്റെ മനസ്സ് |
| അന്വിതഃ | കൂടിയവനായി | ശനകൈഃ | പോകെപ്പോകെ |
| നിത്യം | എന്നെന്നും | പ്രസീദതി | നിർമ്മലമായിത്തീരുന്നു. |

ഈ മനോനൈർമ്മല്യംകൊണ്ടു് എന്തു സാദ്ധ്യം? അതു് താഴെ പറയുന്നു—

10 പരിത്യക്തഗുണഃ സമ്യഗ്ദർശനോ വിശദാശയഃ
ശാന്തിം മേ സമവസ്ഥാനം ബ്രഹ്മ കൈവല്യമശ്നുതേ.

| | | | |
|---|---|---|---|
| വിശദാശയഃ | നിർമ്മലമാനസനായവൻ | മേ | എന്റെ |
| പരിത്യക്തഗുണഃ | പരിത്യജിക്കപ്പെട്ട ഗുണകാര്യങ്ങളോടു കൂടിയവനായും | സമവസ്ഥാനം | നിശ്ചലാവസ്ഥിതിയാവുന്ന |
| സമ്യഗ്ദർശനഃ | ശരിക്കുള്ള ആത്മജ്ഞാനമുള്ളവനായും ഭവിച്ചു് | ബ്രഹ്മ | ബ്രഹ്മസ്വരൂപമായ |
| | | കൈവല്യം | കൈവല്യമെന്ന |
| | | ശാന്തിം | നിത്യനിർവൃതിയെ |
| | | അശ്നുതേ | അനുഭവിക്കുന്നു. |

സമ്യഗ്ദർശനം (യഥാർത്ഥമായ ആത്മജ്ഞാനം) എന്തെന്നു് കാണിക്കുന്നു—

11 ഉദാസീനമിവാധ്യക്ഷം ദ്രവ്യജ്ഞാനക്രിയാത്മനാം
കൂടസ്ഥമിമമാത്മാനം യോ വേദാപ്നോതി ശോഭനം.

| | | | |
|---|---|---|---|
| ഉദാസീനം | നിഷ്ക്രിയനും | അധ്യക്ഷം ഇവ | പര്യവേക്ഷകനെന്നനിലയ്ക്കു് |
| കൂടസ്ഥം | നിർവ്വികാരനുമായ | യഃ വേദ | അറിയുന്നവൻ |
| ഇമം ആത്മാനം | ഈ ആത്മാവിനെ | ശോഭനം | പരമമംഗളത്തെ |
| ദ്രവ്യജ്ഞാനക്രിയാത്മനാം | ശരീരജ്ഞാനകർമ്മേന്ദ്രിയമനോവൃത്തികളുടെ | ആപ്നോതി | പ്രാപിക്കുന്നു. |

സംസൃതിചക്രത്തിലകപ്പെട്ട ആത്മാവിന്നു് കൂടസ്ഥത്വം (നിർവ്വികാരത്വം) സംഭാവ്യമാണോ എന്ന ആശങ്കയെ ഇനി പരിഹരിക്കുന്നു.

12 ഭിന്നസ്യ ലിംഗസ്യ ഗുണപ്രവാഹോ
ദ്രവ്യക്രിയാകാരകചേതനാത്മനഃ
ദൃഷ്ടാസു സംപത്സു വിപത്സു സൂരയോ
ന വിക്രിയന്തേ മയി ബദ്ധസൗഹൃദാഃ

| | | | |
|---|---|---|---|
| ഭിന്നസ്യ | ആത്മാവിൽനിന്നു വ്യത്യസ്തവും | മയി | എന്നിൽ |
| ദ്രവ്യക്രിയാകാരകചേതനാത്മനഃ | ഭൂതേന്ദ്രിയാന്തഃകരണങ്ങളും ചിദാഭാസവും ചേൎന്നു് രൂപംകൊണ്ടതുമായ | ബദ്ധസൗഹൃദാഃ | പ്രേമഭക്തിയുറച്ച |
| ലിംഗസ്യ | ശരീരത്തിനു മാത്രമാണു് | സൂരയഃ | ആത്മജ്ഞാനികൾ |
| ഗുണപ്രവാഹഃ | സംസൃതിയുണ്ടാവുന്നതു് | ദൃഷ്ടാസു | മുന്നിൽ കാണപ്പെട്ട |
| | | സംപത്സു | സുഖങ്ങളാലോ |
| | | വിപത്സു | ദുഃഖങ്ങളാലോ |
| | | ന വിക്രിയന്തേ | വികാരംകൊള്ളുകയില്ല. |

13 സമഃ സമാനോത്തമമധ്യമാധമഃ
സുഖേ ച ദുഃഖേ ച ജിതേന്ദ്രിയാശയഃ
മയോപക്ലൃപ്താഖിലലോകസംയുതോ
വിധത്സ്വ വീരാഖിലലോകരക്ഷണം

| | | | |
|---|---|---|---|
| വീര | വീരനായ രാജാവേ! | ജിതേന്ദ്രിയാശയഃ | ഇന്ദ്രിയങ്ങളേയും അന്തഃകരണത്തേയും കീഴടക്കിയവനായുംഭവിച്ചു് |
| സമാനോത്തമമധ്യമാധമഃ | ഉത്തമന്മാർ, മധ്യമന്മാർ, അധമന്മാർ എന്നീ മൂന്നു തരക്കാരിലും സമഭാവത്തോടുകൂടിയവനായും, | മയാ | എന്നാൽ(ഈശ്വരനാൽ) |
| സുഖേ ച | സുഖത്തിലും | ഉപക്ലൃപ്താഖിലലോകസംയുതഃ | ഉണ്ടാക്കിത്തരപ്പെട്ട അമാത്യാദി സകല പരിവാരങ്ങളോടും കൂടിയവനായ അങ്ങു് |
| ദുഃഖേ ച | ദുഃഖത്തിലും | അഖിലലോകരക്ഷണം | സൎവ്വലോകപരിപാലനത്തെ |
| സമഃ | സമചിത്തതയോടുകൂടിയവനായും, | വിധത്സ്വ | നിറവേററിയാലും |

ലോകരക്ഷണത്തിനു ദണ്ഡോപായം വേണ്ടിവരുന്നു. ഈ ഹിംസാമാൎഗ്ഗം വിട്ടു് തപോവൃത്തി സ്വീകരിക്കയല്ലേ ഉത്തമം? എന്ന പൂൎവ്വപക്ഷത്തെ ആശങ്കിച്ചുകൊണ്ടു പറയുന്നു—

14 ശ്രേയഃ പ്രജാപാലനമേവ രാജ്ഞോ
യത് സാംപരായേ സുകൃതാത് ഷഷ്ഠമംശം
ഹൎത്താന്യഥാ ഹൃതപുണ്യഃ പ്രജാനാ-
മരക്ഷിതാ കരഹാരോഽഘമത്തി.

| | | | |
|---|---|---|---|
| രാജ്ഞഃ | ഒരു രാജാവിന്നു് | സുകൃതാത് | പ്രജകളുടെ സുകൃതത്തിൽനിന്നും |
| പ്രജാപാലനം ഏവ | തന്റെ പ്രജകളുടെ സംരക്ഷണം മാത്രമെ | ഷഷ്ഠം അംശം | ആറിലൊരുഭാഗം |
| ശ്രേയഃ | ശ്രേയസ്കരമാകയുള്ളു. | സാംപരായേ | മരണാനന്തരലോകത്തിൽ |
| യത് | എന്തെന്നാൽ, | (സഃ)ഹൎത്താ | അവൻ നേടുന്നതാണു്. |

| | | | |
|---|---|---|---|
| അന്യഥാ | അതല്ലെങ്കിൽ, | കരഹാരഃ | കരം (നികുതി) ഈടാക്കു ന്ന രാജാവ് |
| പ്രജാനാം | പ്രജകളുടെ | ഹതപുണ്യഃ | നഷ്ടപുണ്യനായിട്ട് |
| | | അഘം | പാപത്തെ |
| അരക്ഷിതാ | സംരക്ഷകനാവാതെ | അത്തി | അനുഭവിക്കുന്നു. |

അതിനെത്തുടർന്ന് സായൂജ്യവും സിദ്ധിക്കുമെന്നു് ചൂണ്ടിക്കാണിക്കുന്നു.

15 ഏവം ദ്വിജാഗ്ര്യാനുമതാനുവൃത്ത-
ധർമ്മപ്രധാനോഽന്യതമോഽവിതാസ്യാഃ
ഹ്രസ്വേന കാലേന ഗൃഹോപയാതാൻ
ദ്രഷ്ടാസി സിദ്ധാനനുരക്തലോകഃ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | അസ്യാഃ | ഈ ഭൂമിയുടെ |
| ദ്വിജാഗ്ര്യാനു- മതാനുവൃത്ത- ധർമ്മപ്രധാനഃ | ബ്രാഹ്മണോത്തമന്മാരാൽ അനുവദിക്കപ്പെട്ടതും പൂർവ്വികന്മാരാൽ അനുവർത്തിക്കപ്പെട്ടതുമായ രാജധർമ്മത്തെ പ്രധാനമാക്കിക്കൊണ്ടും | അവിതാ | രക്ഷകനായിരുന്നു് |
| | | അനുരക്ത- ലോകഃ | ലോകപ്രീതിയാർജ്ജിച്ചു കഴിയുന്ന അങ്ങ് |
| | | ഹ്രസ്വേന | ചുരുങ്ങിയ |
| | | കാലേന | കാലംകൊണ്ട് |
| | | ഗൃഹോപ- യാതാൻ | സ്വഗൃഹത്തിലേക്ക് സ്വയം വന്നുചേർന്ന |
| അന്യതമഃ | എന്നാൽ, അതിൽ അനാസക്തനായി മാറിനിന്നുകൊണ്ടും | സിദ്ധാൻ | സിദ്ധമാമുനിമാരെ |
| | | ദ്രഷ്ടാസി | കാണ്മാനിടയാകും. |

16 വരം ച മത് കഞ്ചന മാനവേന്ദ്ര
വൃണീഷ്വ തേഽഹം ഗുണശീലയന്ത്രിതഃ
നാഹം മഖൈർവൈ സുലഭസ്തപോഭിർ-
യോഗേന വാ യത് സമചിത്തവർത്തീ.

| | | | |
|---|---|---|---|
| മാനവേന്ദ്ര | രാജാവേ ! | തപോഭിഃ | തപസ്സുകളാലോ, |
| മത് | എന്നിൽനിന്നു് | യോഗേന വാ | യോഗാഭ്യാസം കൊണ്ടോ |
| കഞ്ചന വരം ച | ഏതെങ്കിലും വരത്തേയും | | |
| വൃണീഷ്വ | വരിച്ചുകൊൾക. | അഹം വൈ | ഞാൻ ഒരിക്കലും |
| അഹം | ഞാൻ | ന സുലഭഃ | സുലഭനാകയില്ല; |
| തേ | അങ്ങയുടെ | യത് | എന്തെന്നാൽ, |
| ഗുണശീല- യന്ത്രിതഃ | ഗുണശീലങ്ങളാൽ വശീകൃതനായിരിക്കുന്നു. | സമചിത്ത- വർത്തീ | സമചിത്തരായ സത്തുക്കളുടെ ഹൃത്തിൽ വർത്തിക്കുന്നവനാണ്. |
| മഖൈഃ | യജ്ഞങ്ങളാലോ, | | |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു —

17 സ ഇത്ഥം ലോകഗുരുണാ വിഷ്വക്സേനേന വിശ്വജിത്
അനുശാസിത ആദേശം ശിരസാ ജഗൃഹേ ഹരേഃ.

| | | | |
|---|---|---|---|
| വിശ്വജിത് | ലോകജേതാവായ | അനുശാസിതഃ | അനുശാസനം ചെയ്യപ്പെട്ടവനായിട്ട് |
| സഃ | ആ പൃഥുചക്രവൎത്തി | ഹരേഃ | ശ്രീഹരിയുടെ |
| ലോകഗുരുണാ | ലോകാചാൎയ്യനായ | ആദേശം | അനുശാസനത്തെ |
| വിഷ്വക്സേനേന | ശ്രീഹരിയാൽ | ശിരസാ | ശിരോനമനത്തോടെ |
| ഇത്ഥം | ഇപ്രകാരം | ജഗൃഹേ | സ്വീകരിച്ചു. |

18 സ്പൃശന്തം പാദയോഃ പ്രേമ്ണാ വ്രീഡിതം സ്വേന കൎമ്മണാ
ശതക്രതും പരിഷ്വജ്യ വിദ്വേഷം വിസസൎജ്ജ ഹ

| | | | |
|---|---|---|---|
| പ്രേമ്ണാ | സ്നേഹാദരത്തോടെ | വ്രീഡിതം | ലജ്ജിച്ചവനുമായ |
| പാദയോഃ | പാദങ്ങളിൽ | ശതക്രതും | ഇന്ദ്രനെ |
| സ്പൃശന്തം | സ്പൎശിച്ചവണങ്ങുന്നവനും | പരിഷ്വജ്യ | ആശ്ലേഷിച്ച് |
| സ്വേന | തന്റെ | വിദ്വേഷം | വിരോധഭാവം |
| കൎമ്മണാ | പ്രവൃത്തിയാൽ | വിസസൎജ്ജ ഹ | ഉപേക്ഷിച്ചു; ആശ്ചൎയ്യം! |

19 ഭഗവാനഥ വിശ്വാത്മാ പൃഥുനോപഹൃതാൎഹണഃ
സമുജ്ജിഹാനയാ ഭക്ത്യാ ഗൃഹീതചരണാംബുജഃ

20 പ്രസ്ഥാനാഭിമുഖോऽപ്യേനമനുഗ്രഹവിളംബിതഃ
പശ്യൻ പദ്മപലാശാക്ഷോ ന പ്രതസ്ഥേ സുഹൃത്സതാം

| | | | |
|---|---|---|---|
| അഥ | അനന്തരം | പ്രസ്ഥാനാഭിമുഖഃ അപി | പ്രയാണംചെയ്യുന്നതിന്ന് ഉദ്യുതനായെങ്കിലും |
| പൃഥുനാ | പൃഥുവിനാൽ | സതാം | സജ്ജനങ്ങളുടെ |
| സമുജ്ജിഹാനയാ | വായ്ക്കുന്ന | സുഹൃത് | ഉററബന്ധുവായ |
| ഭക്ത്യാ | ഭക്തിയോടെ | പദ്മപലാശാക്ഷഃ | ആ പങ്കജദളനേത്രൻ |
| ഉപഹൃതാൎഹണഃ | അൎപ്പിക്കപ്പെട്ട പൂജോപചാരങ്ങളോടുകൂടിയവനും | അനുഗ്രഹവിളംബിതഃ | ഭക്താനുഗ്രഹൌത്സുക്യത്താൽ കാലവിളംബം വരുത്തി, |
| ഗൃഹീതചരണാംബുജഃ | ഗ്രഹിക്കപ്പെട്ട പാദപദ്മങ്ങളോടുകൂടിയവനും | ഏനം | ഈ പൃഥുവിനെ |
| വിശ്വാത്മാ | വിശ്വമൂൎത്തിയുമായ | പശ്യൻ | തൃക്കൺപാൎത്തുകൊണ്ടിരുന്ന് |
| ഭഗവാൻ | ശ്രീവിഷ്ണുഭഗവാൻ | ന പ്രതസ്ഥേ | എഴുന്നള്ളുകയുണ്ടായില്ല. |

ഭഗവാന്റെ കൃപാതിശയത്തെ വ്യക്തമാക്കി. ഇനി രണ്ടു ശ്ലോകം കൊണ്ടു് പൃഥുവിന്റെ ഭക്ത്യുദ്രേകത്തെ പറയുന്നു.

21 സ ആദിരാജോ രചിതാഞ്ജലിർഹരിം
വിലോകിതും നാശകദശ്രുലോചനഃ
ന കിഞ്ചനോവാച സ ബാഷ്പവിക്ലവോ
ഹൃദോപഗുഹ്യാമുമധാദവസ്ഥിതഃ.

| | | | |
|---|---|---|---|
| രചിതാഞ്ജലിഃ | കൈകൂപ്പിനിന്നിരുന്ന | ബാഷ്പവിക്ലവഃ | ബാഷ്പനിരുദ്ധകണ്ഠനായി |
| സഃ ആദിരാജഃ | ആ ആദിചക്രവൎത്തി | കിഞ്ചന | യാതൊന്നും |
| അശ്രുലോചനഃ | ആനന്ദാശ്രുനിറഞ്ഞ കണ്ണിണയോടുകൂടിയവനായിട്ടു് | ന ഉവാച | ഉരിയാടിയില്ല. |
| ഹരിം | ശ്രീഹരിയെ | അവസ്ഥിതഃ | അങ്ങനെ നിന്നുകൊണ്ടു് |
| വിലോകിതും | അവലോകനം ചെയ്യുവാൻ | അമും | തന്തിരുവടിയെ |
| ന അശകത് | ശക്തനായില്ല. | ഹൃദാ | മനസ്സിനാലെ |
| സഃ | അദ്ദേഹം | ഉപഗുഹ്യ | പിടിച്ചുകൂട്ടി |
| | | അധാത് | ഉള്ളിൽ കുടിയിരുത്തി. |

22 അഥാവമൃജ്യാശ്രുകലാ വിലോകയ-
ന്നതൃപ്തദൃഗ്ഗോചരമാഹ പൂരുഷം
പദാ സ്പൃശന്തം ക്ഷിതിമംസ ഉന്നതേ
വിന്യസ്തഹസ്താഗ്രമുരംഗവിദ്വിഷഃ.

| | | | |
|---|---|---|---|
| അഥ | അതിനുശേഷം | ഉന്നതേ | ഉന്നതമായ |
| അശ്രുകലാഃ | കണ്ണീർക്കണങ്ങളെ | അംസേ | തോളത്തു് |
| അവമൃജ്യ | തുടച്ചുനീക്കി, | വിന്യസ്ത-ഹസ്താഗ്രം | വെക്കപ്പെട്ട കരാഗ്രത്തോടുകൂടിയവനായി |
| വിലോകയൻ | നോക്കിനിന്നുകൊണ്ടു് | പദാ | തൃപ്പാദത്താൽ |
| അതൃപ്ത-ദൃഗ്ഗോചരം | കാണെക്കാണെ തൃപ്തി വരാത്ത കണ്ണുകൾക്കു് വിഷയീഭവിച്ചവനും | ക്ഷിതിം | ഭൂമിയെ |
| | | സ്പൃശന്തം | സ്പർശിക്കുന്നവനുമായ |
| | | പൂരുഷം | ശ്രീഭഗവാനോടായി |
| ഉരംഗവിദ്വിഷഃ | ഗരുഡന്റെ | ആഹ | പറഞ്ഞു. |

പൃഥുരുവാച = പൃഥുചക്രവൎത്തി പറഞ്ഞു:

23 വരാൻ വിഭോ ത്വദ്വരദേശ്വരാദ് ബുധഃ
കഥം വൃണീതേ ഗുണവിക്രിയാത്മനാം
യേ നാരകാണാമപി സന്തി ദേഹിനാം
താനീശ കൈവല്യപതേ വൃണേ ന ച

| | |
|---|---|
| വിഭോ | സൎവ്വശക്ത! |
| വരദേശ്വരാത് | വരദാതാക്കളായ ദേവന്മാൎക്കുപോലും ഈശ്വരനായ |
| ത്വത് | നിന്തിരുവടിയുടെ അടുക്കൽനിന്നു് |
| ഗുണവിക്രിയാത്മനാം | പ്രകൃതിസ്വഭാവങ്ങളാലുള്ള ഉലച്ചൽ മനസ്സിലുണ്ടാവുന്ന ദേഹാഭിമാനികൾ ചേൎന്നതായ |
| വരാൻ | വരങ്ങളെ (ഭോഗൈശ്വൎയ്യങ്ങളെ) |
| ബുധഃ | വിവേകിയായവൻ |
| വൃണീതേ കഥം | വരിക്കുന്നതെങ്ങനെ? |
| ഈശ | അല്ലയോ ലോകനാഥ! |
| കൈവല്യപതേ | മുക്തിനായക! |
| യേ | യാവചിലഭോഗങ്ങൾ |
| നാരകാണാം | നരകവാസികളായ |
| ദേഹിനാം അപി | ശരീരികൾക്കുകൂടി |
| സന്തി | ഉണ്ടാകുന്നുവോ, |
| താൻ | അവയെ |
| (അഹം) ച | ഞാൻ ഒരിക്കലും |
| ന വൃണേ | വരിക്കുന്നില്ല. |

“വരം വരിച്ചുകൊൾക” എന്നു് ഭഗവാൻ പൃഥുവിനോടു് പറഞ്ഞിരുന്നു. എന്നാൽ വരങ്ങൾ ഭോഗാസക്തന്മാൎക്കുള്ളതാണു്. തനിക്കവയിൽ ആഗ്രഹമില്ലെന്നാണു് ഈ ശ്ലോകത്തിൽ പൃഥു പറഞ്ഞതിന്റെ സാരം. എങ്കിൽ ‘കൈവല്യപതേ’ എന്ന സംബോധനയിലെ സൂചനയനുസരിച്ചു് കൈവല്യത്തെത്തന്നെ വരിക്കരുതോ? അതും തനിക്കു് വാഞ്ഛിതമായതല്ല. പിന്നെ എന്തുവേണം? അതു് അടുത്തശ്ലോകംകൊണ്ടു് അറിയിക്കുന്നു.

24 ന കാമയേ നാഥ തദപ്യഹം ക്വചി-
ന്ന യത്ര യുഷ്മച്ചരണാംബുജാസവഃ
മഹത്തമാന്തൎഹൃദയാന്മുഖച്യുതോ
വിധത്സ്വ കൎണ്ണായുതമേഷ മേ വരഃ.

| | |
|---|---|
| നാഥ | രക്ഷിതാവേ! |
| മഹത്തമാന്തൎഹൃദയാത് | മഹാഭാഗവതോത്തമന്മാരുടെ ഹൃദയാന്തൎഭാഗത്തിൽനിന്നു് |
| മുഖച്യുതഃ | മുഖത്തിലൂടെ നിൎഗ്ഗളിച്ച |
| യുഷ്മച്ചരണാംബുജാസവഃ | നിന്തിരുവടിയുടെ ശ്രീപാദപദ്മത്തിലെഴുന്ന ള്ളുമകരന്ദം (ഭവൽകഥാസുധാസ്വാദനം) |
| യത്ര ന | യാതൊന്നിൽ ഇല്ലെന്നുവന്നാൽ |
| തത് അപി | ആയതു് കൈവല്യമായാലും കൂടി |
| ക്വചിത് | ഒരിക്കലും |
| അഹം | ഞാൻ |
| ന കാമയേ | കാംക്ഷിക്കുന്നില്ല. |
| കൎണ്ണായുതം | പതിനായിരം കാതുകൾ (ഭവൽകഥാശ്രവണത്തിന്നു്) |
| വിധത്സ്വ | ഉണ്ടാക്കിത്തന്നാലും |
| മേ | എനിക്കുവേണ്ടിയുള്ള |
| വരഃ ഏഷഃ | വരം ഇതാണു്. |

കൈവല്യമില്ലെങ്കിൽ പ്രകൃതികാൎയ്യങ്ങളായ രാഗദ്വേഷാദികൾ ഉണ്ടാകും. അപ്പോൾ കഥാസ്വാദനഭക്തിസുഖം സിദ്ധമാകുന്നതെങ്ങനെ? ഈ ആശങ്കയെ പരിഹരിച്ചുകൊണ്ടു് പറയുന്നു.

25 സ ഉത്തമശ്ലോക മഹന്മുഖച്യുതോ
ഭവത്പദാംഭോജസുധാകണാനിലഃ
സ്മൃതിം പുനർവിസ്മൃതതത്ത്വവർത്മനാം
കുയോഗിനാം നോ വിതരത്യലം വരൈഃ.

| | | | |
|---|---|---|---|
| ഉത്തമശ്ലോക | ഉദാരകീർത്തേ! | കുയോഗിനാം | കുത്സിതയോഗികൾക്കുകൂടി |
| മഹന്മുഖച്യുതഃ | മഹാത്മാക്കളുടെ മുഖങ്ങളിൽനിന്നു പുറത്തുകടന്ന | പുനഃ | വീണ്ടും |
| സഃ ഭവത്പദാംഭോജസുധാകണാനിലഃ | ആ നിന്തിരുവടിയുടെ ശ്രീപാദപദ്മങ്ങളിലെ പൂന്തേനമൃതിന്റെ ബിന്ദുകളെ തഴുകുന്ന കാററ് | സ്മൃതിം | ശരിയായ ധാരണയെ |
| വിസ്മൃതതത്ത്വവർത്മനാം | തത്ത്വമാർഗ്ഗങ്ങളെ മറന്നുകളഞ്ഞ | വിതരതി | ഉണ്ടാക്കിക്കൊടുക്കുന്നതാണ്; |
| | | (അതഃ) നഃ | അതിനാൽ നമുക്കു |
| | | വരൈഃ | വരദാനങ്ങൾകൊണ്ടു |
| | | അലം | ഒന്നും വേണ്ടതില്ല. |

ഭക്തിയായ കാററ് രാഗാദിമാലിന്യങ്ങളെ അകററുന്നു. അതുകൊണ്ടു വരിഷ്ഠമായ നിഷ്കാമഭക്തിമാത്രമെ വരണീയമായിട്ടുള്ളു. ഭക്തിയിൽ മുക്തിസുഖം അന്തർല്ലീനമാണ് എന്നു് സാരം.

ഭക്തിയുടെ ഫലമാണ് മുക്തി. ഭക്തിമാർഗ്ഗത്തിന്റെ പരമലക്ഷ്യമാണതു്. ഇവിടെ ലക്ഷ്യത്തെ അഥവാ, ഫലത്തെ നിരസിച്ചു് മാർഗ്ഗത്തിൽമാത്രം ആഗ്രഹംകൊള്ളുവാൻ ന്യായമെന്തു്? അതു താഴെ പറയുന്നു.

26 യശഃ ശിവം സുശ്രവ ആര്യസംഗമേ
യദൃച്ഛയാ ചോപശൃണോതി തേ സകൃത്
കഥം ഗുണജ്ഞോ വിരമേദ്വിനാ പശും
ശ്രീര്യത് പ്രവവ്രേ ഗുണസംഗ്രഹേച്ഛയാ

| | | | |
|---|---|---|---|
| സുശ്രവഃ | ഹേ മംഗളകീർത്തേ! | പശും വിനാ | കേവലം മൃഗമല്ലെങ്കിൽ, |
| തേ | നിന്തിരുവടിയുടെ | കഥം | ഏതുവിധം |
| ശിവം യശഃ | പാവനകീർത്തിയെ | വിരമേത് | വിരമിക്കും? |
| ആര്യസംഗമേ | സജ്ജനസമ്മേളനത്തിൽവെച്ചു് | യത് | യാതൊരു കീർത്തിയെ |
| യദൃച്ഛയാ | യാദൃച്ഛികമായി | ശ്രീഃ | മഹാലക്ഷ്മി |
| സകൃത് ച | ഒരിക്കലെങ്കിലും | ഗുണസംഗ്രഹേച്ഛയാ | സമസ്തപുരുഷാർത്ഥങ്ങളെയും തന്നിൽ സംഗ്രഹിക്കാനുള്ള അഭിവാഞ്ഛയാൽ |
| (യഃ) | യാതൊരുവൻ | പ്രവവ്രേ | പ്രകർഷേണ വരിക്കുകയുണ്ടായി. |
| ഉപശൃണോതി | ശ്രവിക്കുന്നുവോ, | | |
| (സഃ) ഗുണജ്ഞഃ | അവൻ പുരുഷാർത്ഥത്തെക്കുറിച്ചു് അറിവുള്ളവനാണെങ്കിൽ, | | |

ആകയാൽ ആ മഹാലക്ഷ്മിയെപ്പോലെ താനും ഇതരവരത്യാഗം ചെയ്തു് ഭജിക്കുകയാണെന്നു് പൃഥു തുടൎന്നു പറയുന്നു—

27 അഥാഭജേ ത്വാഖിലപൂരുഷോത്തമം
ഗുണാലയം പദ്മകരേവ ലാലസഃ
അപ്യാവയോരേകപതിസ്പൃധോഃ കലിർ-
ന സ്യാത് കൃതത്വച്ചരണൈകതാനയോഃ.

| | |
|---|---|
| അഥ | ആകയാൽ, |
| അഖിലപൂരുഷോത്തമം | സകല മഹാപുരുഷന്മാരിലും വെച്ചു് ഉത്തമനായും |
| ഗുണാലയം | സകല ഗുണനികേതനനായും ഇരിക്കുന്ന |
| ത്വാ | നിന്തിരുവടിയെ |
| പദ്മകരാ | ശ്രീമഹാലക്ഷ്മി |
| ഇവ | എന്നതുപോലെ |
| ലാലസഃ | ഔത്സുക്യം പൂണ്ടിരിക്കുന്ന ഞാൻ |
| ആഭജേ | സൎവ്വാത്മനാ ഭജിക്കുന്നു. |
| ഏകപതിസ്പൃധോഃ | ഒരേയൊരു പതിയെ അധികരിച്ചു് പരസ്പരം സ്പൎദ്ധിക്കുന്നവരും |
| കൃതത്വച്ചരണൈകതാനയോഃ | അവിടുത്തെ തൃച്ചേവടികളിൽ മാത്രമായി മനസ്സാകെയും അൎപ്പിച്ചിരിക്കുന്നവരുമായ |
| ആവയോഃ | ഞങ്ങളിരുവൎക്കും തമ്മിൽ |
| കലിഃ | കലഹം |
| അപി ന സ്യാത് | ഉണ്ടാകയില്ലേ ? |

കൎമ്മാനുഷ്ഠാനത്തിൽ പരസ്പരസ്പൎദ്ധയാൽ ഇന്ദ്രനോടു് കലഹംവേണ്ടിവന്നു. അതുപോലെ തൃപ്പാദഭജനത്തിൽ ലക്ഷ്മിയോടും വേണ്ടിവരികയില്ലേ എന്നാണു് പൃഥുവിന്റെ വിതൎക്കം. ഇതും സംഭാവ്യമാണു്. രാജാവിനെ ഐശ്വൎയ്യമദോദ്ധതനാക്കിത്തീൎത്തു് ഭഗവൽപാദപരിചൎയ്യാപരാങ്മുഖനാക്കാൻ ലക്ഷ്മിക്കു് കഴിയുമല്ലോ.

പക്ഷേ, താൻ ഭഗവൽകാരുണ്യംകൊണ്ടു് ആ വിഘാതത്തേയും മറികടന്നു സൎവ്വാത്മനാ നിന്തിരുവടിയെ ഭജിക്കുമെന്നു പൃഥു പറയുന്നു.

28 ജഗജ്ജനന്യാം ജഗദീശ വൈശസം
സ്യാദേവ യത്കൎമ്മണി നഃ സമീഹിതം
കരോതി ഫല്ഗ്വപ്യുരു ദീനവത്സലഃ
സ്വ ഏവ ധിഷ്ണ്യേഽഭിരതസ്യ കിം തയാ

| | |
|---|---|
| ജഗദീശ | ഹേ വിശ്വേശ്വര ! |
| ജഗജ്ജനന്യാം | വിശ്വജനയിത്രിയായ ലക്ഷ്മീദേവിയിൽ |
| വൈശസം | വിരോധം |
| സ്യാത് ഏവ | സംഭവിക്കുകതന്നെ ചെയ്യും. |
| യത്കൎമ്മണി | എന്തെന്നാൽ, യാതൊരു ദേവിയുടെ പ്രവൃത്തിയിൽ(ഭവൽപാദസേവാവ്രതത്തിൽ) |
| നഃ | എനിക്കും |
| സമീഹിതം | ഇച്ഛയുള്ളതാണല്ലോ. |

| | | | |
|---|---|---|---|
| ദീനവത്സല: | ദീനകാരുണികനായ ഭവാൻ | സ്വ ഏവ | തന്റെതന്നെ |
| ഫല്ഗു അപി | ഭക്തന്റെ സേവനം നിസ്സാരമായിരുന്നാൽക്കൂടിയും | ധിഷ്ണ്യേ | അധിഷ്ഠാനമായ സ്വരൂപാനന്ദത്തിൽ |
| ഉരു | സാരവത്തായി | അഭിരതസ്യ | സദാ രമിക്കുന്ന നിന്തിരുവടിക്ക് |
| | | തയാ | ആ ലക്ഷ്മീദേവിയാൽ |
| കരോതി | സ്വീകരിക്കുന്നു | കിം | കാര്യമെന്തുണ്ട്? |

ഇന്ദ്രസ്പർദ്ധയിൽ കാരുണ്യാതിരേകത്താൽ തന്റെ നേർക്ക് പക്ഷപാതം പ്രദർശിപ്പിച്ചതു പോലെ ലക്ഷ്മീസ്പർദ്ധയിലും ചെയ്യുമെന്ന വിശ്വാസമാണ് ഇവിടെ പൃഥു കാണിച്ചതു്.

29 ഭജന്ത്യഥ ത്വാമത ഏവ സാധവോ
വ്യുദസ്തമായാഗുണവിഭ്രമോദയം
ഭവത്പദാനുസ്മരണാദൃതേ സതാം
നിമിത്തമന്യദ്ഭഗവന്ന വിദ്മഹേ

| | | | |
|---|---|---|---|
| അതഃ ഏവ | അതുകൊണ്ടുതന്നെ | ഭഗവൻ | ഹേ ജ്ഞാനൈശ്വര്യാദിസമഗ്രഗുണനിധേ ! |
| സാധവഃ | നിഷ്കാമഭക്തന്മാർ | സതാം | നിഷ്കാമഭക്തന്മാർക്ക് |
| വ്യുദസ്തമായാഗുണവിഭ്രമോദയം | മായാഗുണങ്ങളുടെ വിലാസത്താൽ ഉദയം കൊണ്ടതായ സംസൃതിയെ തികച്ചും തള്ളിനീക്കിയിരിക്കുന്ന | ഭവത്പദാനുസ്മരണാത് ഋതേ | ഭവാന്റെ തിരുവടികളെ തുടരെത്തുടരെ ധ്യാനിച്ചുകൊണ്ടേ ഇരിക്കുക എന്നതിലും കവിഞ്ഞും |
| ത്വാം | നിന്തിരുവടിയെ | അന്യത് | മറെറാരു |
| അഥ | ജ്ഞാനലബ്ധിക്കുശേഷവും | നിമിത്തം | പ്രയോജനവും ഉള്ളതായിട്ട് |
| ഭജന്തി | ഭജിച്ചുവരുന്നു. | ന വിദ്മഹേ | ഞാൻ അറിയുന്നില്ല. |

ഈ വരദാനപ്രലോഭനം കാരുണികനായ അവിടുത്തേക്ക് ചേർന്നതല്ലെന്ന സൂചനയോടെ തുടർന്നുപറയുന്നു—

30 മന്യേ ഗിരം തേ ജഗതാം വിമോഹിനീം
വരം വൃണീഷ്വേതി ഭജന്തമാത്ഥ യത്
വാചാ നു തന്ത്യാ യദി തേ ജനോഽസിതഃ
കഥം പുനഃ കർമ്മ കരോതി മോഹിതഃ.

| | | | |
|---|---|---|---|
| വരം | "വരത്തെ | ഭജന്തം | ഭജിച്ചുകൊണ്ടിരിക്കുന്ന വനോട് |
| വൃണീഷ്വ | വരിച്ചുകൊള്ളുക" | | |
| ഇതി | എന്നിങ്ങനെ, | ആത്ഥ | ഭവാൻ കല്പിക്കുന്നു |

| | | | |
|---|---|---|---|
| യത് | എന്നതിനാൽ | വാചാ | വാഗ്രൂപമായ |
| തേ ഗിരം | ഭവാന്റെ വാക്കിനെ | തന്ത്യാ | പാശത്താൽ |
| ജഗതാം | ലോകവാസികൾക്ക് | ജനഃ | ലോകവാസികൾ |
| വിമോഹിനീം | അതിമോഹം ജനിപ്പി | അസിതഃ യദി | ബദ്ധരല്ലെങ്കിൽ |
| | ക്കുന്ന ഒന്നായിട്ട് | പുനഃ കഥം | പിന്നെ എങ്ങിനെ |
| മന്യേ | ഞാൻ കരുതുന്നു. | മോഹിതഃ | മോഹത്തിലാണ്ട് |
| ന തേ | അഹോ! അവിടുത്തെ | കർമ്മ കരോതി | കർമ്മം ചെയ്യുന്നു? |

സ്വതേതന്നെ മായാമോഹിതന്മാരായുള്ളവരെ ഇത്തരം പ്രലോഭനങ്ങളാൽ വീണ്ടും മോഹിപ്പിക്കരുതെന്നു ഇനി പറയുന്നു.

31 ത്വന്മായയാദ്ധാ ജന ഈശ ഖണ്ഡിതോ
യദന്യദാശാസ്ത ഋതാത്മനോഽബുധഃ
യഥാ ചരേദ്ബാലഹിതം പിതാ സ്വയം
തഥാ ത്വമേവാർഹസി നഃ സമീഹിതും

| | | | |
|---|---|---|---|
| ഈശ | ലോകനാഥ! | യഥാ | എങ്ങനെയാണോ |
| ത്വന്മായയാ | അവിടുത്തെ മായയാൽ | പിതാ | ഒരു പിതാവ് |
| അദ്ധാ ജനഃ | തികച്ചും ലോകം | ബാലഹിതം | തന്റെ കുട്ടിക്ക് വേണ്ട |
| ഖണ്ഡിതഃ | പരമാർത്ഥത്തിൽനിന്ന് | | തിനെ |
| | അകററപ്പെട്ടിരിക്കയാണ് | സ്വയം ചരേത് | താൻതന്നെ അറിഞ്ഞു |
| | | | ചെയ്യുന്നതു്, |
| യത് | ആകയാൽ | | |
| അബുധഃ | പരമാർത്ഥജ്ഞാനമില്ലാ | തഥാ | അതേവിധം |
| | ത്തവൻ | ത്വം ഏവ | അവിടുന്നുതന്നെ |
| ഋതാത്മനഃ | പരമാർത്ഥതത്വമായ | നഃ | എനിക്ക് |
| | നിന്തിരുവടിയെ വിട്ട് | സമീഹിതും | വേണ്ടതറിഞ്ഞു |
| അന്യത് | മററു വല്ലതും | | ചെയ്യുവാൻ |
| ആശാസ്ത | ആഗ്രഹിക്കുന്നു. | അർഹസി | അർഹിക്കുന്നു. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

32 ഇത്യാദിരാജേന നുതഃ സ വിശ്വദൃക്
തമാഹ രാജൻ മയി ഭക്തിരസ്തു തേ
ദിഷ്ട്യേദൃശീ ധീർമ്മയി തേ കൃതാ യയാ
മായാം മദീയാം തരതി സ്മ ദുസ്ത്യജാം.

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | സഃ വിശ്വദൃക് | ആ സർവ്വസാക്ഷി |
| ആദിരാജേന | പൃഥുചക്രവർത്തിയാൽ | തം ആഹ | അദ്ദേഹത്തോട് |
| നുതഃ | സ്തോത്രം ചെയ്യപ്പെട്ട | | പറഞ്ഞു. |

| | | | |
|---|---|---|---|
| രാജൻ തേ | "രാജാവേ! അങ്ങയ്ക്കു് | കൃതാ | അപ്പിതമായി– |
| മയി | എന്നിൽ | യയാ | യാതൊന്നുകൊണ്ടു് |
| ഭക്തിഃ അസ്തു | ഭക്തി ഭവിക്കട്ടെ. | ദുസ്ത്യജാം | വിട്ടുകളവാൻ പ്രയാസമുള്ള |
| ദിഷ്ട്യാ | ഭാഗ്യവശാൽ | | |
| ഈദൃശീ ധീഃ | ഈവിധത്തിലുള്ള ബുദ്ധി | മദീയാം മായാം | എന്റെ മായയെ |
| മയി തേ | എന്നിൽ, അങ്ങയാൽ | തരതി സ്മ | അങ്ങുതരണംചെയ്തു. |

33 ത്വത്തഃ ത്വം കുരു മായാദിഷ്ടമപ്രമത്തഃ പ്രജാപതേ
മദാദേശകരോ ലോകഃ സർവ്വത്രാപ്നോതി ശോഭനം.

| | | | |
|---|---|---|---|
| പ്രജാപതേ | ഹേ ജനനേതാവേ! | കുരു | നിറവേററിയാലും. |
| തത് ത്വം | അതുകൊണ്ടു്, അങ്ങു് | മദാദേശകരഃ | എന്റെ ആദേശത്തെ നിറവേററുന്ന |
| അപ്രമത്തഃ | പ്രമാദമൊന്നുമില്ലാതെ | ലോകഃ | ജനങ്ങൾ |
| മയാ | എന്നാൽ | സർവ്വത്ര | എല്ലായിടത്തും |
| ആദിഷ്ടം | അനുശാസിക്കപ്പെട്ടതിനെ | ശോഭനം | ശ്രേയസ്സിനെ |
| | | ആപ്നോതി | സമാർജ്ജിക്കുന്നു. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

34 ഇതി വൈന്യസ്യ രാജർഷേഃ പ്രതിനന്ദ്യാർത്ഥവദ്വചഃ
പൂജിതോഽനുഗൃഹീത്വൈനം ഗന്തും ചക്രേഽച്യുതോ മതിം

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | പൂജിതഃ | പൂജിതനായി |
| രാജർഷേഃ | രാജർഷിയായ | ഏനം | ഈ പൃഥുവിനെ |
| വൈന്യസ്യ | പൃഥുവിന്റെ | അനുഗൃഹീത്വാ | അനുഗ്രഹിച്ചു്, |
| അർത്ഥവത് | സാരഗർഭമായ | അച്യുതഃ | ശ്രീമഹാവിഷ്ണു |
| വചഃ | വാക്കിനെ | ഗന്തും | പോകുന്നതിനു് |
| പ്രതിനന്ദ്യ | പ്രത്യഭിനന്ദിച്ചു്, | മതിം ചക്രേ | ഉദ്യമിച്ചു. |

35 ദേവർഷിപിതൃഗന്ധർവ്വസിദ്ധചാരണപന്നഗാഃ
കിന്നരാപ്സരസോ മർത്ത്യാഃ ഖഗാ ഭൂതാന്യനേകശഃ

36 യജ്ഞേശധിയാ രാജ്ഞാ വാഗ്വിത്താഞ്ജലിഭക്തിതഃ
സഭാജിതാ യയുഃ സർവ്വേ വൈകുണ്ഠാനുഗതാസ്തതഃ.

| | | | |
|---|---|---|---|
| തതഃ | അനന്തരം | | ചാരണന്മാർ, നാഗദേവന്മാർ, |
| ദേവർഷിപിതൃ-ഗന്ധർവ്വസിദ്ധ-ചാരണപന്നഗാഃ | ദേവന്മാർ, ഋഷികൾ, പിതൃക്കൾ, ഗന്ധർവ്വന്മാർ, സിദ്ധന്മാർ, | കിന്നരാപ്സരസഃ | കിന്നരന്മാർ, അപ്സരസ്സുകൾ, |

| | | | |
|---|---|---|---|
| മർത്ത്യാഃ ഖഗാഃ | മനുഷ്യർ, ആകാശചാരികൾ, | വാഗ്ഗീതാഞ്ജലിഭക്തിതഃ | വാക്കും, ധനവും, കൂപ്പുകൈയും, ഭക്തി പ്രകടനവും കൊണ്ട് |
| ഭൂതാനി | ഭൂതഗണങ്ങൾ, | യജ്ഞേശ്വര- ധിയാ | ഭഗവൽസങ്കല്പത്തോടെ |
| വൈകുണ്ഠാനുഗതാഃ | വിഷ്ണുഭഗവാന്റെ അനുചരന്മാർ എന്നിങ്ങനെ | അനേകശഃ | ബഹുപ്രകാരം |
| സർവ്വേ | എല്ലാവരും | സഭാജിതാഃ | ആരാധിതരായിട്ട് |
| രാജ്ഞാ | രാജാവിനാൽ | യയുഃ | യാത്രയായി. |

37 ഭഗവാനപി രാജർഷേഃ സോപാധ്യായസ്യ ചാച്യുതഃ
ഹരന്നിവ മനോऽമുഷ്യ സ്വധാമ പ്രത്യപദ്യത.

| | | | |
|---|---|---|---|
| അച്യുതഃ | നിർവ്വികാരാത്മാവായ | മനഃ | ഹൃദയത്തെ |
| ഭഗവാൻ അപി | വിഷ്ണുഭഗവാനും | ഹരൻ ഇവ | കവർന്നുകൊണ്ടെന്ന പോലെ |
| സോപാധ്യായസ്യ | സപുരോഹിതനായ | സ്വധാമ ച | സ്വസ്ഥാനത്തേക്കും |
| അമുഷ്യ | ഈ | | |
| രാജർഷേഃ | രാജർഷിയുടെ | പ്രത്യപദ്യത | തിരിച്ചെത്തി. |

38 അദൃഷ്ടായ നമസ്കൃത്യ നൃപഃ സന്ദർശിതാത്മനേ
അവ്യക്തായ ച ദേവാനാം ദേവായ സ്വപുരം യയൗ.

| | | | |
|---|---|---|---|
| നൃപഃ | പൃഥുരാജാവാകട്ടെ | ദേവാനാം | ദേവന്മാരുടെ |
| സന്ദർശിതാത്മനേ | ആത്മസ്വരൂപത്തെ കാട്ടിത്തന്നവനും | ദേവായ | അധിദേവനായി കൊണ്ട് |
| അദൃഷ്ടായ | ദൃഷ്ടിയിൽനിന്നു മറഞ്ഞവനും | നമസ്കൃത്യ | നമസ്കരിച്ച് |
| | | സ്വപുരം ച | സ്വന്തം പുരത്തിലേക്കും |
| അവ്യക്തായ | അവ്യക്തമൂർത്തിയുമായ | യയൗ | യാത്രയായി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ

വിംശോऽധ്യായഃ ആദിതഃ ശ്ലോകാഃ 862.

നാലാമത്തെ സ്കന്ധത്തിൽ ഇരുപതാമധ്യായം കഴിഞ്ഞു.

# ഏകവിംശോഽധ്യായഃ — അദ്ധ്യായം ഇരുപത്തൊന്ന്.

## പൃഥുചക്രവർത്തിയുടെ പ്രജാനുശാസനം.

“ഏകവിംശേ തു പൃഥുനാ പ്രജാനാമനുശാസനം
മഹാസത്രേ സുരാദീനാം മഹാസദസി വർണ്യതേ”

മഹാസത്രത്തിൽ ദേവാദികൾനിറഞ്ഞ സദസ്സിൽവെച്ച് പൃഥു പ്രജകൾക്ക് നല്കുന്ന ധർമ്മാനുശാസനമാണ് ഈ അധ്യായത്തിലെ പ്രതിപാദ്യം.

‘സ്വപുരത്തിലേക്ക് യാത്രയായി’ എന്ന് കഴിഞ്ഞ അധ്യായത്തിൽ പറഞ്ഞു. ആ പുരത്തിന്റെ വർണ്ണനയോടെ ഈ അധ്യായം ആരംഭിക്കുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

1 മൗക്തികൈഃ കുസുമസ്രഗ്ഭിർദുകൂലൈഃ സ്വർണ്ണതോരണൈഃ
മഹാസുരഭിഭിർധൂപൈർമണ്ഡിതം തത്ര തത്ര വൈ

| | | | |
|---|---|---|---|
| മൗക്തികൈഃ | മുത്തുമാലകളാലും | മഹാസുരഭിഭിഃ | അതിസുഗന്ധം വീശുന്ന |
| കുസുമസ്രഗ്ഭിഃ | പുഷ്പമാലകളാലും | ധൂപൈഃ | ധൂപങ്ങളാലും |
| ദുകൂലൈഃ | പട്ടുമേലാപ്പുകളാലും | തത്ര തത്ര | അവിടെയവിടെ |
| സ്വർണ്ണ-തോരണൈഃ | പൊൻതോരണങ്ങളാലും | മണ്ഡിതം വൈ | അലംകൃതമായതും— |

2 ചന്ദനാഗരുതോയാർദ്രരഥ്യാചത്വരമാർഗവത്
പുഷ്പാക്ഷതഫലൈസ്തോക്മൈർലാജൈരർച്ചിഭിരർച്ചിതം

| | | | |
|---|---|---|---|
| ചന്ദനാഗരു-തോയാർദ്ര-രഥ്യാചത്വര-മാർഗവത് | ചന്ദനവും അകിലും കലക്കിയ വെള്ളം കൊണ്ട് നനച്ച തേർവീഥികൾ, നാല്ക്കവലകൾ, നടപ്പാതകൾ എന്നിവയോടു കൂടിയതും— | പുഷ്പാക്ഷത-ഫലൈഃ | പുഷ്പങ്ങൾ, അക്ഷതങ്ങൾ, ഫലങ്ങൾ, എന്നിവയാലും, |
| | | തോക്മൈഃ | പച്ചയവാങ്കുരങ്ങളാലും, |
| | | ലാജൈഃ | മലരുകളാലും, |
| | | അർച്ചിഭിഃ | ദീപങ്ങളാലും, |
| | | അർച്ചിതം | അലങ്കരിക്കപ്പെട്ടതും— |

3 സവൃന്തൈഃ കദളീസ്തംഭൈഃ പൂഗപോതൈഃ പരിഷ്കൃതം
തരുപല്ലവമാലാഭിഃ സർവ്വതഃ സമലംകൃതം

| | | | |
|---|---|---|---|
| സവൃന്തൈഃ | കുലകളുള്ള | പൂഗപോതൈഃ | തൈക്കവുങ്ങുകളാലും |
| കദളീസ്തംഭൈഃ | നെടുവാഴകളാലും | പരിഷ്കൃതം | മോടിപിടിപ്പിക്കപ്പെട്ടതും— |

| | | | |
|---|---|---|---|
| തരുപല്ലവ-മാലാഭിഃ | മാവ്, അശോകം മുതലായ മരങ്ങളുടെ തളിർത്തൊത്തുകളാൽ | സമലംകൃതം | നന്നായി അലങ്കരിക്കപ്പെട്ടിരുന്നതുമായ |
| | | (സ്വപുരം | തന്റെ പുരത്തിലേക്ക് |
| സൎവ്വതഃ | എല്ലായിടവും | യയൗ) | യാത്രചെയ്തു. |

4 പ്രജാസ്തം ദീപബലിഭിഃ സംഭൃതാശേഷമംഗളൈഃ
അഭീയുർമൃഷ്ടകന്യാശ്ച മൃഷ്ടകുണ്ഡലമണ്ഡിതാഃ

| | | | |
|---|---|---|---|
| പ്രജാഃ | പ്രജകളും | ദീപബലിഭിഃ | ദീപോപഹാരങ്ങളോടും |
| മൃഷ്ടകുണ്ഡല-മണ്ഡിതാഃ | മിന്നുന്ന കർണ്ണഭൂഷണങ്ങളാൽ അലംകൃതകളായി | സംഭൃതാശേഷ-മംഗളൈഃ | സംഭരിക്കപ്പെട്ട സകലമംഗളവസ്തുക്കളോടുംകൂടി |
| മൃഷ്ടകന്യാഃ ച | തിളങ്ങുന്ന പെൺകിടാങ്ങളും | തം | അദ്ദേഹത്തെ |
| | | അഭീയുഃ | എതിരേററു. |

5 ശംഖദുന്ദുഭിഘോഷേണ ബ്രഹ്മഘോഷേണ ചൎത്വിജാം
വിവേശ ഭവനം വീരഃ സ്തൂയമാനോ ഗതസ്മയഃ

| | | | |
|---|---|---|---|
| സ്തൂയമാനഃ | വാഴ്ത്തപ്പെട്ടവനായാലും | ഋത്വിജാം | പുരോഹിതന്മാരുടെ |
| ഗതസ്മയഃ | അഹങ്കാരം കൈവെടിഞ്ഞിരുന്ന | ബ്രഹ്മ-ഘോഷേണ ച | വേദമന്ത്രോച്ചാരണഘോഷത്തോടുംകൂടി |
| വീരഃ | വീരനായ രാജാവ് | ഭവനം | രാജഭവനത്തിലേക്ക് |
| ശംഖദുന്ദുഭി-ഘോഷേണ | ശംഖധ്വനിയോടും വാദ്യകോലാഹലത്തോടും | വിവേശ | പ്രവേശിച്ചു. |

6 പൂജിതഃ പൂജയാമാസ തത്ര തത്ര മഹായശാഃ
പൗരാൻ ജാനപദാംസ്താംസ്താൻ പ്രീതഃ പ്രിയവരപ്രദഃ

| | | | |
|---|---|---|---|
| മഹായശാഃ | കീൎത്തിശാലിയായ അദ്ദേഹം | താൻ താൻ | അതാതു തരക്കാരായ |
| | | പൗരാൻ | പുരവാസികളേയും |
| തത്ര തത്ര | അതാതിടത്തുവെച്ച് | ജാനപദാൻ | ജനപദവാസികളേയും |
| പൂജിതഃ | ബഹുജനങ്ങളാൽ ആരാധിതനായും | പ്രിയവരപ്രദഃ | അഭീഷ്ടവരപ്രദാനം ചെയ്തുകൊണ്ട് |
| പ്രീതഃ | സന്തുഷ്ടനമായിട്ട് | പൂജയാമാസ | ആരാധിച്ചു. |

7 സ ഏവമാദീന്യനവദ്യചേഷ്ടിതഃ
കൎമ്മാണി ഭൂയാംസി മഹാൻ മഹത്തമഃ
കുൎവ്വൻ ശശാസാവനിമണ്ഡലം യശഃ
സ്ഫീതം നിധായാരുരുഹേ പരം പദം.

| | |
|---|---|
| അനവദ്യ- ചേഷ്ടിതഃ | നിർദോഷമായ കർമ്മപദ്ധതികളോടുകൂടിയവനും |
| മഹാൻ | ഗുണമഹത്വമുള്ളവനും |
| മഹത്തമഃ | പൂജ്യതമനുമായ |
| സഃ | അദ്ദേഹം |
| ഏവമാദീനി | ഇങ്ങനെ തുടങ്ങിയ |
| ഭൂയാംസി | ഒട്ടുവളരെ |
| കർമ്മാണി | പ്രവൃത്തികൾ |
| കുർവ്വൻ | ചെയ്തുകൊണ്ടു് |
| അവനിമണ്ഡലം | ഭൂമണ്ഡലത്തെ |
| ശശാസ | അടക്കിഭരിച്ചു. |
| സ്ഫീതം | വിപുലമായ |
| യശഃ | കീർത്തിയെ |
| നിധായ | നിലനിർത്തിയിട്ടു് |
| പരം പദം | പരമപദത്തെ |
| ആരുരുഹേ | ആരോഹണം ചെയ്കയും ചെയ്തു. |

സൂത ഉവാച = സൂതൻ (ശൗനകനോടു്) പറഞ്ഞു.

8 തദാദിരാജസ്യ യശോ വിജൃംഭിതം
ഗുണൈരശേഷൈർഗുണവത്സഭാജിതം
ക്ഷത്താ മഹാഭാഗവതഃ സദസ്പതേ
കൗഷാരവിം പ്രാഹ ഗൃണന്തമർച്ചയൻ.

| | |
|---|---|
| സദസ്പതേ | സദോമുഖ്യനായ ശൗനകരേ ! |
| അശേഷൈഃ | ഒന്നൊഴിയാതുള്ള |
| ഗുണൈഃ | ഗുണങ്ങളാൽ |
| വിജൃംഭിതം | വികസിതവും |
| ഗുണവത്- സഭാജിതം | ഗുണവാന്മാരാൽ സമാരാധിതവുമായ |
| ആദിരാജസ്യ | പൃഥുചക്രവർത്തിയുടെ |
| തത് യശഃ | ആ പ്രശസ്തിയെ |
| ഗൃണന്തം | പറഞ്ഞുകേൾപ്പിക്കുന്ന |
| കൗഷാരവിം | മൈത്രേയമഹർഷിയെ |
| അർച്ചയൻ | ബഹുമാനിച്ചുകൊണ്ടു് |
| മഹാഭാഗവതഃ | വലിയ ഭഗവദ്ഭക്തനായ |
| ക്ഷത്താ | വിദുരർ |
| പ്രാഹ | പറഞ്ഞു. |

വിദുര ഉവാച = വിദുരർ പറഞ്ഞു—

9 സോഽഭിഷിക്തഃ പൃഥുർവിപ്രൈർലബ്ധാശേഷസുരാർഹണഃ
ബിഭ്രത് സ വൈഷ്ണവം തേജോ ബാഹ്വോര്യാഭ്യാം ദുദോഹ ഗാം

| | |
|---|---|
| വിപ്രൈഃ | ബ്രാഹ്മണരാൽ |
| അഭിഷിക്തഃ | രാജപട്ടാഭിഷേകം ചെയ്യപ്പെട്ടവനും |
| ലബ്ധാശേഷ- സുരാർഹണഃ | ആർജ്ജിക്കപ്പെട്ട സമസ്ത ബഹുമതിയോടുകൂടിയവനും |
| യാഭ്യാം | യാതൊന്നുകളാൽ |
| ഗാം | ഭൂമിയെ |
| ദുദോഹ | ദോഹനംചെയ്തുവോ, |
| ബാഹ്വോഃ | ആ ബാഹുക്കളിൽ |
| വൈഷ്ണവം | വിഷ്ണുവിന്റേതായ |
| തേജഃ | തേജസ്സിനെ |
| ബിഭ്രത് | ധരിച്ചുകൊണ്ടിരിക്കുന്നവനുമായ |
| സഃ പൃഥുഃ | ആ പൃഥുചക്രവർത്തി |
| കിം അകരോത് | പിന്നെ എന്തുചെയ്തു ? |

10 കോ നാസ്യ കീൎത്തിം ന ശൃണോത്യഭിജ്ഞോ
യദ്വിക്രമോച്ഛിഷ്ടമശേഷഭൂപാഃ
ലോകാഃ സപാലാ ഉപജീവന്തി കാമ-
മദ്യാപി തന്മേ വദ കൎമ്മ ശുദ്ധം.

| | | | |
|---|---|---|---|
| അശേഷഭൂപാഃ | സൎവ്വഭൂപതിമാരും | കീൎത്തിം | കീൎത്തിയെ |
| സപാലാഃ | പാലകരോടുകൂടിയ | അഭിജ്ഞഃ | വിശേഷജ്ഞാനമുള്ള |
| ലോകാഃ | സൎവ്വലോകങ്ങളും | കഃ ന | ആരാണ് |
| യദ്വിക്രമോ-ച്ഛിഷ്ടം | യാതൊരാളുടെ ഭൂദോഹനപരാക്രമത്തിന്റെ ഉച്ഛിഷ്ടംപോലെയുള്ള | ന ശൃണോതി | ശ്രവിക്കാത്തതു് ? |
| | | തത് | അതിനാൽ |
| കാമം | അഭീഷ്ടവസ്തുവിനെ | (തസ്യ) | അദ്ദേഹത്തിന്റെ |
| അദ്യാപി | ഇപ്പോഴും | ശുദ്ധം കൎമ്മ | സൽകൎമ്മത്തെ |
| ഉപജീവന്തി | തുടൎന്നനുഭവിക്കുന്നുവോ, | മേ | എനിക്കുവേണ്ടി |
| അസ്യ | അങ്ങിനെയുള്ള ഈ പൃഥുവിന്റെ | വദ | തുടൎന്നുപറഞ്ഞാലും |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു—

11 ഗംഗായമുനയോൎന്നദ്യോരന്തരാ ക്ഷേത്രമാവസൻ
ആരബ്ധാനേവ ബുഭുജേ ഭോഗാൻ പുണ്യജിഹാസയാ

| | | | |
|---|---|---|---|
| ഗംഗാ-യമുനയോഃ | ഗംഗ, യമുന എന്നീ രണ്ടു് | ആരബ്ധാൻ | പൂൎവ്വകൎമ്മപ്രാപ്തങ്ങളായ |
| നദ്യോഃ | നദികളുടെ | ഭോഗാൻ ഏവ | ലോകസുഖങ്ങളെമാത്രം |
| അന്തരാ | മദ്ധ്യത്തിലുള്ള | പുണ്യ-ജിഹാസയാ | പുണ്യത്തെ അനുഭവിച്ചവസാനിപ്പിക്കുവാൻ വേണ്ടി |
| ക്ഷേത്രം | ഭൂപ്രദേശത്തെ | | |
| ആവസൻ | അധിവസിച്ചുകൊണ്ടു് | ബുഭുജേ | അനുഭവിച്ചു. |

പാപം പോലെ പുണ്യവും ബന്ധഹേതുവാണ്. ഇവ രണ്ടിനെയും വെടിയണം മുക്തനാകുവാൻ. പൃഥു തന്റെ പ്രാചീനസൽകൎമ്മങ്ങളുടെ പരിണതഫലങ്ങളായ ഭോഗങ്ങളെ പുണ്യം ഒടുക്കുവാനുള്ള ഉദ്ദേശത്തോടെയാണ് അനുഭവിച്ചതെന്നു് ആശയം.

12 സൎവ്വത്രാസ്ഖലിതാദേശഃ സപ്തദ്വീപൈകദണ്ഡധൃക്
അന്യത്ര ബ്രാഹ്മണകുലാദന്യത്രാച്യുതഗോത്രതഃ.

| | | | |
|---|---|---|---|
| സപ്തദ്വീപൈ-കദണ്ഡധൃക് | ഏഴു് ദ്വീപുകൾക്കും പൊതുവായ ഒററച്ചെങ്കോൽ ധരിച്ചുകൊണ്ടു്, | ബ്രാഹ്മണ-കുലാത് അന്യത്ര | ബ്രാഹ്മണ സമുദായത്തെ ഒഴിവാക്കിയും |

| | | | |
|---|---|---|---|
| അച്യുതഗോത്രതഃ അന്യത്ര | വൈഷ്ണവസമ്പ്രദായാനുവർത്തികളെ ഒഴിവാക്കിയും | അസ്ഖലിതാദേശഃ | കല്പന തെറ്റാതെ നടത്തിപ്പോന്ന ഭരണകർത്താവായി വാണു. |
| സർവ്വത്ര | മററുള്ളിടത്തെല്ലാം | | |

ശ്രൗതസ്മാർത്തവിഹിതകർമ്മങ്ങളെ അനുഷ്ഠിക്കുന്ന ബ്രാഹ്മണരെയും, ഭാഗവതധർമ്മാനുവർത്തികളായ വൈഷ്ണവരെയും പൃഥു തന്റെ പരമശാസനത്തിന്റെ പരിധിയിൽ നിന്നു് ഒഴിച്ചുനിർത്തിയിരുന്നു എന്നു് സാരം.

13 ഏകദാഽസീന്മഹാസത്രദീക്ഷാ തത്ര ദിവൗകസാം
സമാജോ ബ്രഹ്മർഷീണാം രാജർഷീണാം ച സത്തമ.

| | | | |
|---|---|---|---|
| സത്തമ | സുജനോത്തമനായ വിദുര! | തത്ര | അതിൽ |
| ഏകദാ | ഒരിക്കൽ | ദിവൗകസാം | ദേവന്മാരുടെയും |
| മഹാസത്രദീക്ഷാ | മഹാസത്രം എന്ന യജ്ഞകർമ്മാനുഷ്ഠാനം | ബ്രഹ്മർഷീണാം ച | ബ്രഹ്മർഷിമാരുടെയും |
| ആസീത് | ഉണ്ടായി. | രാജർഷീണാം ച | രാജർഷിമാരുടെയും |
| | | സമാജഃ | സമ്മിളിതസഭ കൂടിയിരുന്നു. |

14 തസ്മിന്നർഹത്സു സർവ്വേഷു സ്വർച്ചിതേഷു യഥാർഹതഃ
ഉത്ഥിതഃ സദസോ മധ്യേ താരാണാമുഡുരാഡിവ

| | | | |
|---|---|---|---|
| തസ്മിൻ | ആ സത്രത്തിൽ | താരാണാം | നക്ഷത്രങ്ങളുടെ ഇടയിൽ |
| അർഹത്സു | സംപൂജ്യന്മാരായ | ഉഡുരാട് ഇവ | ചന്ദ്രനെന്നപോലെ |
| സർവ്വേഷു | എല്ലാവരും | സദസഃ | സദസ്സിന്റെ |
| യഥാർഹതഃ | യോഗ്യതാനുസാരം | മധ്യേ | മധ്യത്തിൽ |
| സ്വർച്ചിതേഷു | യഥാവിധി സംപൂജിതരായിരിക്കെ, | (പൃഥുഃ) | പൃഥുചക്രവർത്തി |
| | | ഉത്ഥിതഃ | എഴുന്നേററുനിന്നു. |

സദസ്സിനെ അഭിമുഖീകരിച്ചുനിന്ന പൃഥുവിനെ വർണ്ണിക്കുന്നു—

15 പ്രാംശുഃ പീനായതഭുജോ ഗൗരഃ കഞ്ജാരുണേക്ഷണഃ
സുനാസഃ സുമുഖഃ സൗമ്യഃ പീനാംസഃ സുദ്വിജസ്മിതഃ

| | | | |
|---|---|---|---|
| പ്രാംശുഃ | ദീർഘകായനും, | സുനാസഃ | അഴകാർന്ന നാസികയുള്ളവനും, |
| പീനായതഭുജഃ | തടിച്ചുനീണ്ട കൈത്തണ്ടകളോടുകൂടിയവനും, | സുമുഖഃ | ശോഭനമായ മുഖത്തോടുകൂടിയവനും |
| ഗൗരഃ | രക്തപ്രസാദമുള്ള വെളുത്തനിറം ചേർന്നവനും, | സൗമ്യഃ | പ്രശാന്തനും, |
| കഞ്ജാരുണേക്ഷണഃ | ചെന്താമരത്താരിനൊത്ത അരുണനേത്രങ്ങളോടുകൂടിയവനും, | പീനാംസഃ | തടിച്ച തോളുന്തിയവനും |
| | | സുദ്വിജസ്മിതഃ | സുന്ദര ദന്തനിരകളും മന്ദഹാസവും ചേർന്നവനുമായിരുന്നു. |

16 വ്യൂഢവക്ഷാ ബൃഹച്ഛ്രോണിർവലിവല്ഗുദളോദരഃ
ആവൎത്തനാഭിരോജസ്വീ കാഞ്ചനോരുരുദഗ്രപാത്.

| | | | |
|---|---|---|---|
| വ്യൂഢവക്ഷാഃ | വിരിഞ്ഞ മാറിട ത്തോടും, | ആവൎത്തനാഭിഃ | നീർച്ചുഴിയ്യൊത്ത നാ ഭിയോടും, |
| ബൃഹച്ഛ്രോണീ | സ്ഥൂലമായ ശ്രോണി യോടും, | കാഞ്ചനോരുഃ | പൊന്നൊളിയുള്ള തുടക ളോടും, |
| വലിവല്ഗു-ദളോദരഃ | വലിത്രയംകൊണ്ടു് ആ കൎഷകമായി ആലില യ്യൊത്തിരിക്കുന്ന ഉദര ത്തോടും, | ഉദഗ്രപാദ് | ഉന്നതാഗ്രങ്ങളായ പാദ ങ്ങളോടും കൂടിയവനായി |
| | | ഓജസ്വീ | ഓജസ്സുള്ളവനായിരുന്നു. |

17 സൂക്ഷ്മവക്രാസിതസ്നിഗ്ദ്ധമൂൎദ്ധജഃ കംബുകന്ധരഃ
മഹാധനേ ദുകൂലാഗ്ര്യേ പരിധായോപവീയ ച

18 വ്യഞ്ജിതാശേഷഗാത്രശ്രീർനിയമേ ന്യസ്തഭൂഷണഃ
കൃഷ്ണാജിനധരഃ ശ്രീമാൻ കുശപാണിഃ കൃതോചിതഃ

| | | | |
|---|---|---|---|
| സൂക്ഷ്മവക്രാ-സിതസ്നിഗ്ദ്ധ-മൂൎദ്ധജഃ | നേൎത്തു് ചുരുണ്ടുകറുത്തു മിനുത്ത തലമുടിയോടു കൂടിയവനും | ന്യസ്തഭൂഷണഃ | അഴിച്ചുവെച്ച ഭൂഷണ ങ്ങളോടുകൂടിയവനായി, |
| കംബുകന്ധരഃ | ശംഖുപോലുള്ള കഴു ത്തോടുകൂടിയവനും | വ്യഞ്ജിതാ-ശേഷഗാത്രശ്രീഃ | വെളിവാക്കപ്പെട്ട സ ൎവ്വാംഗകാന്തിയോടുകൂടി യവനും, |
| മഹാധനേ | വിലകൂടിയ | കൃഷ്ണാജിനധരഃ | കൃഷ്ണാജിനം ധരിച്ചവനും |
| ദുകൂലാഗ്ര്യേ | രണ്ടു പട്ടുകളെ | കുശപാണിഃ | കുശപ്പുല്ലുകൊണ്ടുള്ള 'പ വിത്രം' കരത്തിലുള്ളവനും |
| പരിധായ | ഉടുത്തു്, | | |
| ഉപവീയ ച | ഉത്തരീയവും ഇട്ടു്, | ശ്രീമാൻ | ശോഭാസമ്പന്നനും |
| നിയമേ | യജ്ഞവ്രതം നിമിത്തം | കൃതോചിതഃ | കൃതകൃത്യനുമായിരുന്നു. |

19 ശിശിരസ്നിഗ്ദ്ധതാരാക്ഷഃ സമൈക്ഷത സമന്തതഃ
ഊചിവാനിദമുർവീശഃ സദഃ സംഹൎഷയന്നിവ.

| | | | |
|---|---|---|---|
| ശിശിരസ്നിഗ്ദ്ധ-താരാക്ഷഃ | കുളിൎമ്മയും സ്നേഹത്തെ ളിമയുമുള്ള കൃഷ്ണമണിക ളോടുകൂടിയ നേത്രങ്ങളുള്ള | സദഃ | സദസ്സിനെ |
| | | സംഹൎഷയൻ ഇവ | കൊൾമയിർക്കൊള്ളി ക്കുമാറു് |
| ഉർവീശഃ | രാജാവു് | ഇദം | ഇങ്ങനെ |
| സമന്തതഃ | ചുററുപാടും | | |
| സമൈക്ഷത | നന്നായൊന്നു നോക്കി. | ഊചിവാൻ | പറഞ്ഞു. |

ഭാഷിതത്തിന്റെ സുയോഗ്യതയെ എടുത്തുകാണിക്കുന്നു.

20 ചാരു ചിത്രപദം ശ്ലക്ഷ്ണം മൃഷ്ടം ശുദ്ധമവിക്ലവം
സർവ്വേഷാമുപകാരാർത്ഥം തദാ അനുവദന്നിവ

| | | | |
|---|---|---|---|
| ചാരു | ശ്രോത്രാകർഷകവും | (ഇദം വാക്യം) | ഈ വാക്യത്തെ |
| ചിത്രപദം | ഭംഗിവാക്കുകളുള്ളതും | തദാ | അപ്പോൾ |
| ശ്ലക്ഷ്ണം | പ്രശാന്തവും | സർവ്വേഷാം | എല്ലാവരുടെയും |
| മൃഷ്ടം | അപശബ്ദാദിദോഷരഹിതമാകയാൽ ശുദ്ധവും | ഉപകാരാർത്ഥം | ഉപകാരത്തിനുവേണ്ടി |
| ശുദ്ധം | ആശയഗംഭീരവും | അനുവദൻ ഇവ | സ്വാനുഭവത്തെ എടുത്തു പറഞ്ഞുറപ്പിക്കുമാറു് (പറഞ്ഞു.) |
| അവിക്ലവം | ഉലച്ചലില്ലാത്തതുമായ | | |

രാജോവാച = രാജാവു് പറഞ്ഞു—

21 സഭ്യാഃ ശൃണുത ഭദ്രം വഃ സാധവോ യ ഇഹാഗതാഃ
സത്സു ജിജ്ഞാസുഭിർധർമ്മമാവേദ്യം സ്വമനീഷിതം.

| | | | |
|---|---|---|---|
| സഭ്യാഃ | സഭാവാസികളേ! | ഭദ്രം | ഭാവുകം. |
| ശൃണുത | കേൾപ്പിൻ. | ധർമ്മം | ധർമ്മതത്വത്തെ |
| സാധവഃ | സജ്ജനങ്ങളായ | ജിജ്ഞാസുഭിഃ | അറിവാനാഗ്രഹിക്കുന്നവരാൽ |
| യേ | യാതൊരുവർ | സ്വമനീഷിതം | സ്വാഭിപ്രായം |
| ഇഹ | ഇവിടെ | സത്സു | സജ്ജനങ്ങളുടെ അടുക്കൽ |
| ആഗതാഃ | വന്നുചേർന്നിരിക്കുന്നവോ, | ആവേദ്യം | അറിയിക്കപ്പെടേണ്ടതാകുന്നു. |
| വഃ | ആ നിങ്ങൾക്കെല്ലാം | | |

താൻ പറയുന്നതു് ധർമ്മജിജ്ഞാസകൊണ്ടാണെന്നു്, ധർമ്മോപദേശവ്യഗ്രതകൊണ്ടല്ല എന്നർത്ഥം. ഇനി പ്രജാശിക്ഷണം തനിക്കു് ഒഴിച്ചുകൂടാത്തതാണെന്നു് മൂന്നുശ്ലോകത്താൽ കാണിക്കുന്നു—

22 അഹം ദണ്ഡധരോ രാജാ പ്രജാനാമിഹ യോജിതഃ
രക്ഷിതാ വൃത്തിദഃ സ്വേഷു സേതുഷു സ്ഥാപിതാ പൃഥക്

| | | | |
|---|---|---|---|
| അഹം | ഞാൻ | സേതുഷു | ധർമ്മമര്യാദകൾക്കുള്ളിൽ |
| പ്രജാനാം | പ്രജകളുടെ | പൃഥക് | വെവ്വേറെ (അവരെ) |
| ദണ്ഡധരഃ | ശാസകനും | സ്ഥാപിതാ | ഒതുക്കിനിർത്തുന്നവനുമായ |
| രക്ഷിതാ | രക്ഷകനും | രാജാ | രാജാവായിട്ടു് |
| വൃത്തിദഃ | ഉപജീവനദാതാവും | ഇഹ | ഇവിടെ |
| സ്വേഷു | അവരവർക്കുള്ള | യോജിതഃ | നിയമിതനാകുന്നു. |

23 തസ്യ മേ തദനുഷ്ഠാനാദ്യാനാഹുൎബ്രഹ്മവാദിനഃ
ലോകാഃ സ്യുഃ കാമസന്ദോഹാ യസ്യ തുഷ്യതി ദിഷ്ടകൃൽ

| | | | |
|---|---|---|---|
| ദിഷ്ടകൃൽ | പൂൎവ്വകൎമ്മങ്ങൾക്കു് സാക്ഷിയായിരിക്കുന്ന ഈശ്വരൻ | യാൻ (ലോകാൻ) | യാവചില ലോകങ്ങളെ യാണോ, |
| യസ്യ | യാതൊരാളുടെ നേരെ | ആഹുഃ | പറഞ്ഞിരിക്കുന്നതു് |
| തുഷ്യതി | സന്തോഷിക്കുന്നുവോ, | കാമസന്ദോഹാഃ | സൎവ്വകാമസമ്പൂൎത്തിക്കു് ആശ്രയഭൂതങ്ങളായ |
| തസ്യ | ആ | (തേ) ലോകാഃ | ആ പുണ്യലോകങ്ങൾ |
| ബ്രഹ്മവാദിനഃ | വേദജ്ഞന്നു് | തദനുഷ്ഠാനാൽ | പ്രജാസംരക്ഷണാനുഷ്ഠാനത്താൽ |
| | | മേ സ്യുഃ | എനിക്കു് ഉണ്ടാകും. |

ഈ പ്രജാസംരക്ഷണധൎമ്മം നിറവേററാതിരുന്നാൽ അനിഷ്ടാപത്തിയാണുണ്ടാവുക എന്നു് ഇനി പറയുന്നു.

24 യ ഉദ്ധരേൽ കരം രാജാ പ്രജാ ധൎമ്മേഷ്വശിക്ഷയൻ
പ്രജാനാം ശമലം ഭുങ്ക്തേ ഭഗം ച സ്വം ജഹാതി ച

| | | | |
|---|---|---|---|
| യഃ രാജാ | യാതൊരു രാജാവു് | (സഃ) | അയാൾ |
| പ്രജാഃ | പ്രജകളെ | പ്രജാനാം | പ്രജകളുടെ |
| ധൎമ്മേഷു | ധൎമ്മകാൎയ്യങ്ങളിൽ | ശമലം | പാപത്തെ |
| അശിക്ഷയൻ | പരിശീലിപ്പിക്കാതെ | ഭുങ്ക്തേ ച | അനുഭവിക്കുകയും, |
| കരം | രാജഭോഗം | സ്വം ഭഗം | തന്റെ ഐശ്വൎയ്യത്തെ |
| ഉദ്ധരേൽ | പിരിച്ചെടുക്കുന്നുവോ, | ജഹാതി ച | കളകയും ചെയ്യുന്നു. |

25 തൽ പ്രജാഃ ഭൎത്തൃപിണ്ഡാൎത്ഥം സ്വാൎത്ഥമേവാനസൂയവഃ
കുരുതാധോക്ഷജധിയസ്തൎഹി മേഽനുഗ്രഹഃ കൃതഃ

| | | | |
|---|---|---|---|
| തൽ, | അതുകൊണ്ടു്, | സ്വാൎത്ഥം ഏവ | സ്വധൎമ്മത്തെത്തന്നെ |
| പ്രജാഃ | അല്ലയോ പ്രജകളേ! | കുരുത | അനുഷ്ഠിക്കുവിൻ. |
| ഭൎത്തൃ-പിണ്ഡാൎത്ഥം | ഭരണകൎത്താവായ എന്റെ പരലോകഗുണത്തിനുവേണ്ടി | തൎഹി | അങ്ങിനെ ചെയ്താൽ |
| അനസൂയവഃ | ഈൎഷ്യാദിദോഷങ്ങളില്ലാത്തവരും | മേ | എനിക്കായിക്കൊണ്ടു് |
| അധോക്ഷജ-ധിയഃ | ശ്രീവാസുദേവാൎപ്പണമനോഭാവത്തോടുകൂടിയവരുമായിട്ടു് | അനുഗ്രഹഃ | അനുഗ്രഹം |
| | | കൃതഃ (ഭവേൽ) | ചെയ്യപ്പെട്ടതായി ഭവിക്കും. |

26 യൂയം തദനുമോദധ്വം പിതൃദേവർഷയോƒമലാഃ
കർത്തുഃ ശാസ്തുരനുജ്ഞാതുസ്തുല്യം യത്പ്രേത്യ തത്ഫലം

| | | | |
|---|---|---|---|
| അമലാഃ | നിർമ്മലന്മാരായ | യത് ഫലം | യാതൊരു ഫലം (അവിടെ ഉണ്ടാകുന്നുവോ) |
| പിതൃദേവ-ർഷയഃ | പിതൃക്കളേ! ദേവന്മാരേ! ഋഷിമാരേ! | തത് | അതു് |
| യൂയം തത് | നിങ്ങൾ അതിനെ | കർത്തുഃ | ചെയ്തവന്നും |
| അനുമോദധ്വം | അനുമോദിച്ചാലും. | ശാസ്തുഃ | പറഞ്ഞു ചെയ്യിച്ചവന്നും |
| | | അനുജ്ഞാതുഃ | അനുമോദിച്ചവന്നും |
| പ്രേത്യ | പരലോകം പൂകിയിട്ടു് | തുല്യം | ഒരുപോലെയാണു്. |

"സ്വധർമ്മാധിഷ്ഠിതകർമ്മം ചെയ്യേണ്ടതുതന്നെ, സമ്മതിച്ചു — പക്ഷേ, വാസുദേവാർപ്പണമായി ചെയ്യണമെന്നുണ്ടോ ? അങ്ങയുടെ പിതാവായ വേനനും മററും അങ്ങനെ ഒരു വാസുദേവനെത്തന്നെ അംഗീകരിച്ചിട്ടില്ലല്ലോ." എന്നു് പറയുന്നവരും ഈ സഭയിലുണ്ടാകാമെന്നു് കരുതി, അവരെ നേർമ്മയിൽ സംബോധനചെയ്തു് പറയുന്നു —

27 അസ്തി യജ്ഞപതിർനാമ കേഷാംചിദർഹസത്തമാഃ
ഇഹാമുത്ര ച ലക്ഷ്യന്തേ ജ്യോത്സ്നാവത്യഃ ക്വചിദ്ഭുവഃ

| | | | |
|---|---|---|---|
| അർഹസത്തമാഃ | ഹേ സംപൂജ്യരേ ! | ഇഹ | ഇഹലോകത്തിലും |
| കേഷാംചിത് | ചിലരുടെയെങ്കിലും അഭിപ്രായത്തിൽ | അമുത്ര ച | പരലോകത്തിലും |
| | | ജ്യോത്സ്നാവത്യഃ | നിലാവൊളിചിതറുന്ന |
| യജ്ഞപതിഃ നാമ | യജ്ഞകർമ്മങ്ങളുടെ ഫലദാതാവായി ഒരാൾ | ഭുവഃ | ഭോഗഭൂമികൾ |
| | | ക്വചിത് | ചിലേടത്തായിമാത്രം |
| അസ്തി | ഉണ്ടു്. | ലക്ഷ്യന്തേ | കാണപ്പെടുന്നു. |

കർമ്മഫലദാതാവായിട്ടു് ഒരു സർവ്വേശ്വരൻ ഉണ്ടെന്നുള്ളതിന്നു് ഈ ജഗദ്വൈചിത്ര്യംതന്നെ ദൃഷ്ടാന്തമാണു്. അതിനാൽ വേനാദികളുടേയും മററും നിരീശ്വരതാവാദം അർത്ഥശൂന്യമാകുന്നുവെന്നു സാരം.

'ജഗത്തിലെ ജീവസഞ്ചയം ഒരുപോലെയല്ല നീങ്ങുന്നതു്. ചിലർ സുഖത്തിന്റെ വെണ്ണിലാവിലും മററുചിലർ ദുഃഖത്തിന്റെ തീജ്ജ്വാലയിലും എത്തുന്നു. ഈ വ്യതിയാനം കർമ്മവിപാകകൃതമാണു്. കർമ്മവൈവിധ്യം ഫലവൈവിധ്യമായി രൂപാന്തരപ്പെടുകയാണു്. ഇതിൽ ഈശ്വരന്നു് കർത്തവ്യമൊന്നുമില്ല. ആകയാൽ ജഗദ്വൈചിത്ര്യം കർമ്മവിപാകജമാകുന്നു'. ഈ വാദത്തിൽ യുക്തിയുണ്ടെങ്കിലും ഈശ്വരാനുഭൂതി സാധിച്ച മഹാത്മാക്കൾ കർമ്മഫലദാതാവായിട്ടു് ഒരു സർവ്വേശ്വരനെ അംഗീകരിച്ചിരിക്കുന്നുവെന്നു് ശ്ലോകത്രയം കൊണ്ടു് താഴെ വ്യക്തമാക്കുന്നു.

28 മനോരുത്താനപാദസ്യ ധ്രുവസ്യാപി മഹീപതേഃ
പ്രിയവ്രതസ്യ രാജർഷേരംഗസ്യാസ്മത്പിതുഃ പിതുഃ

29 ഈദൃശാനാമഥാന്യേഷാമജസ്യ ച ഭവസ്യ ച
പ്രഹ്ലാദസ്യ ബലേശ്ചാപി കൃത്യമസ്തി ഗദാഭൃതാ.

| | | | |
|---|---|---|---|
| മനോഃ | സ്വായംഭുവമനുവിനും, | അഥ | അതിനുംപുറമെ |
| ഉത്താനപാദസ്യ | ഉത്താനപാദനും, | ഈദൃശാനാം | ഈ തരക്കാരായ |
| മഹീപതേഃ | രാജാവായിരുന്ന | അന്യേഷാം | മററുപേക്കും, |
| ധ്രുവസ്യ അപി | ധ്രുവനും, | അജസ്യ ച | ബ്രഹ്മാവിനും, |
| പ്രിയവ്രതസ്യ | പ്രിയവ്രതനും, | ഭവസ്യ ച | ശ്രീരുദ്രനും, |
| അസ്മത്പിതുഃ | നമ്മുടെ പിതാവിന്റെ | പ്രഹ്ലാദസ്യ | പ്രഹ്ലാദനും |
| പിതുഃ | പിതാവായ | ബലേഃ ച അപി | മഹാബലിക്കും |
| അംഗസ്യ | അംഗനെന്ന | ഗദാഭൃതാ | ശ്രീവാസുദേവനാൽ |
| രാജർഷേഃ | രാജർഷിക്കും, | കൃത്യം അസ്തി | കർത്തവ്യമുണ്ടു് |

ഈ മഹാപുരുഷന്മാരെല്ലാം സർവ്വേശ്വരനെ കർമ്മഫലദാതാവായി അംഗീകരിച്ചവരാണെന്നു് സാരം.

ഇനി അംഗീകരിക്കാത്തവരെ സൂചിപ്പിച്ചു് പറയുന്നു.

30 ദൗഹിത്രാദീനൃതേ മൃത്യോഃ ശോച്യാൻ ധർമ്മവിമോഹിതാൻ
വർഗസ്വർഗാപവർഗാണാം പ്രായേണൈകാത്മ്യഹേതുനാ.

| | | | |
|---|---|---|---|
| മൃത്യോഃ | മൃത്യുദേവതയുടെ | വർഗസ്വർഗാപവർഗാണാം | ധർമ്മാർത്ഥകാമങ്ങളും, ധർമ്മഫലമായ സ്വർഗ്ഗസുഖം, മോക്ഷം എന്നിവയ്ക്കെല്ലാം |
| ദൗഹിത്രാദീൻ | മകളുടെ മകനായ വേനൻ മുതലായി | പ്രായേണ | പൊതുവിൽ |
| ധർമ്മവിമോഹിതാൻ | ധർമ്മവിഷയത്തിൽ വിമൂഢന്മാരായ | ഐകാത്മ്യഹേതുനാ | ഐകരൂപ്യം (സർവ്വാനുസംഗതത്വം) വന്നേക്കും എന്നതു ഹേതുവായിട്ടു് |
| ശോച്യാൻ | ശോചനീയന്മാരെ | (ഈശ്വരേണ ഭാവ്യം) | കർമ്മഫലദാതാവായി ഒരു സർവ്വേശ്വരൻ ഉണ്ടാകതന്നെ വേണം |
| ഋതേ | ഒഴിച്ചു് (മററവർക്കും വാസുദേവനാൽ കർത്തവ്യമുണ്ടു്) | | |

കർമ്മംതന്നെയോ, അഥവാ വിധി എന്നതുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ള ദേവന്മാരോ (ഭവിതവ്യത) അല്ലേ ഫലം തരുന്നതു്? ഈശ്വരനെക്കൊണ്ടു് കാര്യമെന്തുള്ളു?— ഈ പൂർവ്വപക്ഷത്തെ ഖണ്ഡിക്കുകയാണ് ശ്ലോകത്തിന്റെ ഉത്തരാർദ്ധത്തിൽ ചെയ്തിരിക്കുന്നതു്. അതെങ്ങനെയെന്നാൽ—കർമ്മം ജഡമാകയാൽ അതിനു് ഫലദാതൃത്വശക്തിയില്ല. ദേവന്മാരാകട്ടെ ജീവത്വംകൊണ്ടു് സ്വതന്ത്രന്മാരുമല്ല. തുല്യകർമ്മത്തിനു് വിഭിന്നഫലവും ചിലപ്പോൾ ഫലാഭാവവും കാണുന്നതു് കർമ്മഫലം ഈശ്വരാധീനമാകയാലാണു്. ശ്രദ്ധാദികളുടെ താരതമ്യം അറിഞ്ഞു് ഫലം കൊടുക്കുന്നതും കൊടുക്കാതിരിക്കുന്നതും മാററി മറിച്ചു കൊടുക്കുന്നതുമെല്ലാം കർമ്മസാക്ഷിയും സ്വതന്ത്രനുമായ ഈശ്വരനാണെന്നുവരുന്നു. അതിനാൽ സമസ്തയജ്ഞപതിയെ ഭജിക്കുവാൻ ഇനി ശ്ലോകത്രയംകൊണ്ടു് ഉദ്ബോധിപ്പിക്കുന്നു.

31 യത്പാദസേവാഭിരുചിസ്തപസ്വിനാ-
മശേഷജന്മോപചിതം മലം ധിയഃ
സദ്യഃ ക്ഷിണോത്യന്വഹമേധതീ സതീ
യഥാ പദാംഗുഷ്ഠവിനിഃസൃതാ സരിത്.

32 വിനിർദ്ധുതാശേഷമനോമലഃ പുമാ-
നസംഗവിജ്ഞാനവിശേഷവീര്യവാൻ
യദങ്ഘ്രിമൂലേ കൃതകേതനഃ പുനഃ
ന സംസൃതിം ക്ലേശവഹാം പ്രപദ്യതേ.

33 തമേവ യൂയം ഭജതാത്മവൃത്തിഭിർ-
മനോവചഃകായഗുണൈഃ സ്വകർമ്മഭിഃ
അമായിനഃ കാമദുഘാങ്ഘ്രിപങ്കജം
യഥാധികാരാവസിതാർത്ഥസിദ്ധയഃ.

| | |
|---|---|
| യത്പാദ-സേവാഭിരുചിഃ | യാതൊരാളുടെ തൃപ്പാദങ്ങളെ ഭജിക്കുവാനുള്ള ഇച്ഛ |
| അന്വഹം | നാൾതോറും |
| ഏധതീ | വളൎന്നുവന്നു് |
| സതീ | ശുദ്ധസത്വമയമായി ഭവിച്ചു്, |
| തപസ്വിനാം | സംസാരതപ്തന്മാരുടെ |
| അശേഷ-ജന്മോപചിതം | നിരവധി ജന്മങ്ങളാൽ കുന്നുകൂടിയിരിക്കുന്ന |
| ധിയഃ മലം | മനോമാലിന്യത്തെ |
| പദാംഗുഷ്ഠ-വിനിഃസൃതാ | തൻതിരുവടിയുടെ കാൽപ്പെരുവിരൽത്തുമ്പിൽ നിന്നുദ്ഭവിച്ച |
| സരിത് യഥാ | ഗംഗയെന്നപോലെ |
| സദ്യഃ | ഉടനടി |
| ക്ഷിണോതി | ഇല്ലാതാക്കുന്നുവോ, |
| യദങ്ഘ്രി-മൂലേ | യാതൊരാളുടെ തൃപ്പാദസന്നിധാനത്തിൽ |
| കൃതകേതനഃ | ആശ്രയമുറപ്പിച്ചു് |
| വിനിർദ്ധുതാ-ശേഷ-മനോമലഃ | നിശ്ശേഷം നിരാകരിക്കപ്പെട്ട സൎവ്വമനോമാലിന്യത്തോടുകൂടിയവനും |
| അസംഗ-വിജ്ഞാന-വിശേഷ-വീര്യവാൻ | വിരക്തിയിലൂടെ സിദ്ധമായ ആത്മജ്ഞാനത്തിന്റെ അനുഭൂതിയാവുന്ന വീൎയ്യത്തോടുകൂടിയവനുമായി ഭവിച്ച |
| പുമാൻ | പുരുഷൻ |
| ക്ലേശവഹാം | ദുഃഖാവഹമായ |
| സംസൃതിം | സംസാരത്തെ |
| പുനഃ | പിന്നെയും |
| ന പ്രപദ്യതേ | പ്രാപിക്കാതെയിരിക്കുന്നുവോ, |
| കാമദുഘാം-ഘ്രിപങ്കജം | വേണ്ടതെല്ലാം അറിഞ്ഞരുളുന്ന ചേവടിത്താരുള്ള |
| തം ഏവ | ആ സൎവ്വേശ്വരനെത്തന്നെ |
| യൂയം | നിങ്ങൾ |
| അമായിനഃ | നിഷ്കപടന്മാരും |
| യഥാധികാരാ-വസിതാർത്ഥ-സിദ്ധയഃ | അധികാരമനുസരിച്ചു് നിശ്ചയിക്കപ്പെട്ട അൎത്ഥസിദ്ധിയോടുകൂടിയവരുമായിട്ടു് |

| | |
|---|---|
| ആത്മവൃത്തിഭിഃ | അവനവന്ന് വിഹിതമായ |
| സ്വകർമ്മഭിഃ | സ്വകർമ്മങ്ങളാലും |
| മനോവചഃ-കായഗുണൈഃ | മനസ്സ്, വാക്ക്, ശരീരം എന്നിവയുടെ ധർമ്മങ്ങളായ ധ്യാനസ്തുതിപൂജാനുഷ്ഠാനങ്ങളാലും |
| ഭജത | ഭജിക്കുവിൻ. |

'യജ്ഞാദികളായ സ്വകർമ്മങ്ങളാൽ സർവ്വേശ്വരനെ ഭജിക്കുമ്പോൾ ആ കർമ്മങ്ങളും സർവ്വേശ്വരൻതന്നെയാണെന്നു കരുതണം. ഭേദദൃഷ്ടിയരുത്''. ഈ ആശയത്തെ ആവിഷ്കരിക്കുവാൻ യജ്ഞങ്ങളും യജ്ഞാംഗങ്ങളും ഭഗവൽസ്വരൂപങ്ങളാണെന്ന് താഴെ രണ്ടു ശ്ലോകംകൊണ്ടു പറയുന്നു.

34 അസാവിഹാനേകഗുണോഽഗുണോഽധ്വരഃ
പൃഥഗ്വിധദ്രവ്യഗുണക്രിയോക്തിഭിഃ
സംപദ്യതേഽർത്ഥാശയലിംഗനാമഭിർ-
വിശുദ്ധവിജ്ഞാനഘനഃ സ്വരൂപതഃ

| | |
|---|---|
| അസൗ | ഈ സർവ്വേശ്വരൻ |
| സ്വരൂപതഃ | വാസ്തവരൂപത്തിൽ |
| വിശുദ്ധ-വിജ്ഞാനഘനഃ | വിശുദ്ധജ്ഞാനൈകസാരവും |
| അഗുണഃ | നിർവ്വിശേഷണവും ആകുന്നു (എങ്കിലും) |
| ഇഹ | ഈ കർമ്മമാർഗ്ഗത്തിൽ |
| പൃഥഗ്വിധ-ദ്രവ്യഗുണ-ക്രിയോക്തിഭിഃ | പലതരത്തിലുള്ള ധാന്യാദിദ്രവ്യങ്ങൾ, ധാവള്യാദി വർണ്ണങ്ങൾ, ധാന്യസംസ്കരണാദിക്രിയകൾ, മന്ത്രോച്ചാരണങ്ങൾ എന്നിവകൊണ്ടും, |
| അർത്ഥാശയ-ലിംഗനാമഭിഃ | ഉപകരണങ്ങൾ, സങ്കല്പം, പദാർത്ഥശക്തി, ജ്യോതിഷ്ടോമാദിനാമങ്ങൾ, എന്നിവകൊണ്ടും, |
| അനേകഗുണഃ | ബഹുവിശേഷണങ്ങളോടുകൂടിയ |
| അധ്വരഃ | യജ്ഞകർമ്മമായിട്ട് |
| സംപദ്യതേ | രൂപംകൊള്ളുന്നു. |

യജ്ഞങ്ങളും തദംഗങ്ങളും മാത്രമല്ല, അവയുടെ ഫലവും ഭഗവൽസ്വരൂപമാണെന്ന് ഇനി പറയുന്നു.

35 പ്രധാനകാലാശയധർമ്മസംഗ്രഹേ
ശരീര ഏഷ പ്രതിപദ്യ ചേതനാം
ക്രിയാഫലത്വേന വിഭുർവിഭാവ്യതേ
യഥാനലോ ദാരുഷു തദ്ഗുണാത്മകഃ.

| | |
|---|---|
| ഏഷഃ വിഭുഃ | ഈ സർവ്വേശ്വരൻ |
| പ്രധാനകാലാ-ശയധർമ്മ-സംഗ്രഹേ | മൂലപ്രകൃതി, കാലശക്തി, വാസന, ജീവാദൃഷ്ടം എന്നിവയാൽ രൂപംകൊണ്ടതായ |
| ശരീരേ | ശരീരത്തിൽ |
| ചേതനാം | ബോധശക്തിയെ |
| പ്രതിപദ്യ | പ്രവർത്തിപ്പിച്ച്, |
| യഥാ | ഏതുപ്രകാരം |
| അനലഃ | അഗ്നി |

| | | | |
|---|---|---|---|
| ദാരുഷു | മരമുട്ടികളിൽ പ്രവേശിച്ച് | (തഥാ) | അതുപ്രകാരം |
| തദ്ഗുണാത്മകഃ | അവയുടെ ആകാരഗുണം ഉൾക്കൊണ്ടതായി ഭവിക്കുന്നുവോ, | ക്രിയാ- ഫലത്വേന | കർമ്മങ്ങളുടെ ഫല സ്വരൂപത്വേന |
| | | വിഭാവ്യതേ | പ്രത്യക്ഷപ്പെടുന്നു. |

ഇങ്ങനെ ഭഗവൽഭജനത്തിൽ പ്രവർത്തിക്കാത്തവരെ പ്രവർത്തിക്കുവാൻ ഉദ്ബോധിപ്പിച്ചശേഷം സ്വയം അതിൽ പ്രവർത്തിക്കുന്നവരെ അഭിനന്ദിച്ച് പറയുന്നു.

36 അഹോ മമാമീ വിതരന്ത്യനുഗ്രഹം
ഹരിം ഗുരും യജ്ഞഭുജാമധീശ്വരം
സ്വധർമ്മയോഗേന യജന്തി മാമകാ
നിരന്തരം ക്ഷോണിതലേ ദൃഢവ്രതാഃ

| | | | |
|---|---|---|---|
| ക്ഷോണിതലേ | ഭൂമിയിൽ | സ്വധർമ്മ- യോഗേന | സ്വധർമ്മാനുഷ്ഠാനമാകുന്ന മാർഗ്ഗത്തിലൂടെ |
| മാമകാഃ | എനിക്കുചേർന്ന പ്രജകൾ | നിരന്തരം | ഇടവിടാതെ |
| ദൃഢവ്രതാഃ | മനോനിഷ്ഠയോടുകൂടിയവരായിട്ട്, | ഭജന്തി | ഭജിച്ചുകൊണ്ടിരിക്കുന്നു. |
| യജ്ഞഭുജാം | യജ്ഞാംശഭുക്കുകളായ ദേവന്മാരുടെ | അഹോ | ആഹാ ! സന്തോഷം ! |
| അധീശ്വരം | അധിനായകനും | അമീ മമ | ഇവർ എനിക്ക് |
| ഗുരും | ആചാര്യനുമായ | അനുഗ്രഹം വിരതന്തി | അനുഗ്രഹമാണ് ചെയ്യുന്നതു്. |
| ഹരിം | ശ്രീഹരിയെ | | |

ഇനി തുടർന്നെട്ടുശ്ലോകങ്ങൾ കൊണ്ടു് ഭഗവൽഭക്തിയുടെ സംപോഷണത്തിനു വേണ്ടി ബ്രാഹ്മണഭക്തിയെ വിസ്തരിക്കുന്നു—

37 മാ ജാതു തേജഃ പ്രഭവേന്മഹർദ്ധിഭി-
സ്തിതിക്ഷയാ തപസാ വിദ്യയാ ച
ദേദീപ്യമാനേഽജിതദേവതാനാം
കുലേ സ്വയം രാജകുലാത് ദ്വിജാനാം

| | | | |
|---|---|---|---|
| രാജകുലാത് | ക്ഷത്രിയരുടെ സമൂഹത്തിൽനിന്നു് | വിദ്യയാ ച | ജ്ഞാനംകൊണ്ടും (അതിനെത്തന്നെ ആർജ്ജിച്ച്) |
| മഹർദ്ധിഭിഃ | മഹാസമൃദ്ധികളാൽ | ദേദീപ്യമാനേ | പ്രശോഭിക്കുന്ന |
| (യത്) തേജഃ | യാതൊരു പ്രാഭവം അവർക്ക് ഉണ്ടായിരിക്കുന്നുവോ, | ദ്വിജാനാം | ബ്രാഹ്മണരുടേയും |
| | | അജിത- ദേവതാനാം | ശ്രീഹരിയെ സർവ്വേശ്വരത്വേന സമാശ്രയിക്കുന്ന വൈഷ്ണവരുടേയും |
| (തത്) | അതു്, | | |
| സ്വയം | തന്നെത്താൻ | കുലേ | സമൂഹത്തിൽ |
| തീതിക്ഷയാ | ക്ഷമകൊണ്ടും | ജാതു | ഒരുകാലത്തും |
| തപസാ | തപസ്സുകൊണ്ടും | മാ പ്രഭവേത് | കൈയേറരുതു്. |

38 ബ്രഹ്മണ്യദേവഃ പുരുഷഃ പുരാതനോ
നിത്യം ഹരിർയച്ചരണാഭിവന്ദനാത്
അവാപ ലക്ഷ്മീമനപായിനീം യശോ
ജഗത്പവിത്രം ച മഹത്തമാഗ്രണീഃ.

39 യത്സേവയാഽശേഷഗുഹാശയഃ സ്വരാട്
വിപ്രപ്രിയസ്തുഷ്യതി കാമമീശ്വരഃ
തദേവ തദ്ധർമ്മപരൈർവിനീതൈഃ
സർവ്വാത്മനാ ബ്രഹ്മകുലം നിഷേവ്യതാം.

| | |
|---|---|
| ബ്രഹ്മണ്യദേവഃ | ബ്രാഹ്മണഭക്തനും |
| മഹത്തമാഗ്രണീഃ | മഹത്തമന്മാരിൽ അഗ്രഗണ്യനും |
| പുരാതനഃ പുരുഷഃ | പുരാണപുരുഷനുമായ |
| ഹരിഃ | ശ്രീഹരി |
| നിത്യം | എപ്പോഴും |
| യച്ചരണാഭിവന്ദനാത് | യാതൊരു ബ്രാഹ്മണസമൂഹത്തിന്റെ പാദവന്ദനം ചെയ്കയാൽ |
| അനപായിനീം | തന്നെ വിട്ടുപിരിയാത്ത |
| ലക്ഷ്മീം | ലക്ഷ്മിയേയും |
| ജഗത്പവിത്രം | വിശ്വവിശുദ്ധമായ |
| യശഃ ച | യശസ്സിനേയും |
| അവാപ | പ്രാപിച്ചുവോ, |
| യത്സേവയാ | യാതൊന്നിനെ സേവിക്കുകയാൽ |

| | |
|---|---|
| അശേഷഗുഹാശയഃ | സർവ്വചരാചരപ്രാണികളുടെയും ഹൃദയാന്തർഭാഗത്തിൽ കുടികൊള്ളുന്നവനും |
| സ്വരാട് | സ്വയംപ്രകാശനും |
| വിപ്രപ്രിയഃ | ബ്രാഹ്മണപ്രിയനുമായ |
| ഈശ്വരഃ | ഭഗവാൻ |
| കാമം | ഏററവും |
| തുഷ്യതി | സന്തോഷിക്കുന്നുവോ, |
| തത് ബ്രഹ്മകുലം ഏവ | ആ മഹാബ്രാഹ്മണസമൂഹം തന്നെ |
| തദ്ധർമ്മപരൈഃ | ആ ശ്രീഹരിയുടെ മാതൃകാപരമായ ധർമ്മത്തിൽ തല്പരന്മാരായി |
| വിനീതൈഃ | വിനയാന്വിതരായ ജനങ്ങളാൽ |
| സർവ്വാത്മനാ | എല്ലാപ്രകാരത്തിലും |
| നിഷേവ്യതാം | സേവിക്കപ്പെടട്ടെ. |

'ബ്രാഹ്മണസേവതന്നെ എപ്പോഴും ചെയ്തുകൊണ്ടിരുന്നാൽ സർവ്വദേവതാമുഖമായ അഗ്നിയിൽ യജ്ഞാദ്യനുഷ്ഠാനം ഉണ്ടാകയില്ല. അപ്പോൾ കർമ്മം വഴിക്കുള്ള ചിത്തശുദ്ധിയും ഉണ്ടാകയില്ല. ചിത്തശുദ്ധി വരാതെ മോക്ഷവും ലഭിക്കയില്ല.' ഈ പൂർവ്വപക്ഷത്തെ നിരാകരിക്കുകയാണ് അടുത്ത രണ്ട് ശ്ലോകം കൊണ്ട് ചെയ്യുന്നത്.

40 പുമാൻ ലഭേതാനതിവേലമാത്മനഃ
പ്രസീദതോഽത്യന്തശമം സ്വതഃ സ്വയം
യന്നിത്യസംബന്ധനിഷേവയാ തതഃ
പരം കിമത്രാസ്തി മുഖം ഹവിർഭുജാം

| | | | |
|---|---|---|---|
| യന്നിത്യ-സംബന്ധ-നിഷേവയാ | യാതൊരു ബ്രാഹ്മണസമൂഹത്തെപതിവായി സമീപിച്ചു് സേവിക്കുന്നതുകൊണ്ടു് | സ്വതഃ | ആവിധം സ്വാഭാവികമായി |
| പുമാൻ | മനുഷ്യൻ | അനതിവേലം | കാലവിളംബമെന്നിയെ |
| സ്വയം | തന്നെത്താൻ (ജ്ഞാനാഭ്യാസാദിസഹായം ഇല്ലാതെതന്നെ) | പ്രസീദതഃ | തെളിവാൻവരുന്ന |
| അത്യന്തശമം | നിത്യനിർവൃതിയെ | ആത്മനഃ | ചിത്തത്തെക്കാൾ, |
| ലഭേത | പ്രാപിക്കാമോ, | തതഃ പരം | അതിലും ശ്രേഷ്ഠമായി |
| | | ഹവിർഭുജാം | ദേവന്മാരുടെ |
| | | മുഖം | മുഖം (ഹവിരാദാനമാർഗ്ഗം) |
| | | അത്ര | ഈ ലോകത്തിൽ |
| | | അസ്തി കിം | ഉണ്ടോ ? |

ബ്രാഹ്മണസേവകൊണ്ടുതന്നെ യജ്ഞാദിഫലവും ജ്ഞാനഫലവും സുസമ്പന്നമാകുമെന്നു് താല്പര്യം.

സാക്ഷാൽ ശ്രീഹരിയുടെ മുഖവും ബ്രാഹ്മണസമൂഹംതന്നെയാണെന്നു് ഇനി പറയുന്നു.

41 അശ്നാത്യനന്തഃ ഖലു തത്ത്വകോവിദൈഃ
ശ്രദ്ധാഹുതം യന്മുഖ ഇജ്യനാമഭിഃ
ന വൈ തഥാ ചേതനയാ ബഹിഷ്കൃതേ
ഹുതാശനേ പാരമഹംസ്യപര്യഗുഃ.

| | | | |
|---|---|---|---|
| തത്ത്വകോവിദൈഃ | ഈശ്വരതത്ത്വത്തെ ശരിക്കും അറിഞ്ഞിട്ടുള്ളവരാൽ | അശ്നാതി ഖലു | അനുഭവിക്കുന്നുണ്ടല്ലോ; |
| ഇജ്യനാമഭിഃ | ആരാധ്യദേവന്മാരുടെ (ഇന്ദ്രാദികളുടെ) പേരുകൾകൊണ്ടു് | തഥാ | അതുപോലെ, |
| യന്മുഖേ | യാതൊരു ബ്രാഹ്മണരുടെ മുഖത്തിൽ | പാരമഹംസ്യ-പര്യഗുഃ | ജ്ഞാനഗമ്യനും സർവ്വാന്തര്യാമിയുമായ അവിടുന്നു് |
| ശ്രദ്ധാഹുതം | ശ്രദ്ധാപൂർവ്വം സമർപ്പിതമായതിനെ | ചേതനയാ | ജീവചൈതന്യത്തോടു് |
| അനന്തഃ | അപരിച്ഛിന്നനായ ഭഗവാൻ | ബഹിഷ്കൃതേ | അകന്നിരിക്കുന്ന (ജഡമായ) |
| | | ഹുതാശനേ | അഗ്നിയിൽ (ഹോമിക്കപ്പെട്ടതിനെ) |
| | | ന വൈ | അനുഭവിക്കയില്ലെന്നതു തീർച്ചയാണു് |

സചേതനത്വംകൊണ്ടു് മാത്രമല്ല വേദജ്ഞാനംകൊണ്ടും അഗ്നിയേക്കാൾ ബ്രാഹ്മണനു് വിശേഷമുണ്ടെന്നു് തുടർന്നു് പറയുന്നു—

42 യദ് ബ്രഹ്മ നിത്യം വിരജം സനാതനം
ശ്രദ്ധാതപോമംഗളമൗനസംയമൈഃ
സമാധിനാ ബിഭ്രതി ഹാർത്ഥദൃഷ്ടയേ
യത്രേദമാദർശ ഇവാവഭാസതേ.

43 തേഷാമഹം പാദസരോജരേണു_
മാര്യാ വഹേയാധികിരീടമായുഃ
യം നിത്യദാ ബിഭ്രത ആശു പാപം
നശ്യത്യമും സർവ്വഗുണാ ഭജന്തി.

| | |
|---|---|
| യത്ര | യാതൊന്നിൽ |
| ഇദം | ഈ ലോകമാകെയും |
| ആദർശേ | കണ്ണാടിയിൽ |
| (മുഖം) ഇവ | മുഖമെന്നപോലെ |
| അവഭാസതേ | നിഴലിച്ചിരിക്കുന്നുവോ, |
| (തത്) | അങ്ങനെയുള്ളതും |
| വിരജം | രജോഗുണമകന്നതും |
| സനാതനം | ശാശ്വതവുമായ |
| ബ്രഹ്മ | വേദത്തെ |
| ശ്രദ്ധാതപോ_ മംഗളമൗന_ സംയമൈഃ | ശ്രദ്ധ, തപസ്സ്, ആചാര ശുദ്ധി, മൗനാനുഷ്ഠാനം ഇന്ദ്രിയനിഗ്രഹം എന്നിവയോടും |
| സമാധിനാ | ചിത്തൈകാഗ്രതയോടും കൂടി |
| അർത്ഥദൃഷ്ടയേ | അർത്ഥജ്ഞാനത്തിനു വേണ്ടി |
| * യത് | യാതൊരുവർ |

| | |
|---|---|
| ബിഭ്രതി | ധരിച്ചുകൊണ്ടിരിക്കുന്നുവോ, |
| തേഷാം | അവരുടെ |
| പാദസരോജ- രേണും | പാദപദ്മങ്ങളിലെഴുന്ന പൊടിയെ, |
| ആര്യാഃ | അല്ലയോ ശ്രേഷ്ഠന്മാരേ ! |
| അഹം | ഞാൻ |
| † ആ ആയുഃ | ആയുസ്സൊടുങ്ങുവോളം |
| അധികിരീടം | രാജകിരീടത്തിന്മേൽ |
| വഹേയ | വഹിച്ചുകൊള്ളട്ടെ. |
| യം | യാതൊന്നിനെ |
| നിത്യദാ | നിത്യവും |
| ബിഭ്രതഃ | ധരിക്കുന്നവന്റെ |
| പാപം | ദുഷ്കൃതം |
| ആശു | ഉടനടി |
| നശ്യതി | നശിക്കുന്നു. |
| സർവ്വഗുണാഃ | എല്ലാ ഗുണങ്ങളും |
| അമും | ഇവനെ |
| ഭജന്തി | സമാശ്രയിക്കുന്നു. |

* 'യേ' എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്ന അവ്യയം.

† 'ആ + ആയുഃ = ആയുഃ' സവർണ്ണദീർഘസന്ധി.

44 ഗുണായനം ശീലധനം കൃതജ്ഞം
വൃദ്ധാശ്രയം സംവൃണതേഽനു സംപദഃ
പ്രസീദതാം ബ്രഹ്മകുലം ഗവാം ച
ജനാർദനഃ സാനുചരശ്ച മഹ്യം.

| | |
|---|---|
| ഗുണായനം | ഗുണങ്ങൾക്ക് ആശ്രയഭൂതനും |
| ശീലധനം | സൽസ്വഭാവമാകുന്ന സമ്പത്തോടുകൂടിയവനും |
| കൃതജ്ഞം | ഉപകാരസ്മരണയുള്ളവനും |

| | |
|---|---|
| വൃദ്ധാശ്രയം | പരമജ്ഞാനികളെ സേവിക്കുന്നവനുമായ സൽപുരുഷനെ |
| സംപദഃ | ഇഹത്തിലും പരത്തിലും വേണ്ടതായ ഐശ്വര്യങ്ങൾ |
| അനു | തുടരവേ |

| | | | |
|---|---|---|---|
| സംവൃണുതേ | വന്നുസേവിക്കുന്നു. | സാനുചരഃ | അനുചരന്മാരോടുകൂടിയ |
| (തസ്മാത്) | അതിനാൽ | ജനാർദനഃ ച | ഭഗവാൻ ശ്രീഹരിയും |
| ബ്രഹ്മകുലം | ബ്രാഹ്മണസമൂഹവും | മഹ്യം | എനിക്കായിക്കൊണ്ടു് |
| ഗവാം ച | ഗോവൃന്ദവും | പ്രസീദതാം | പ്രസാദിക്കണമേ! |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു—

45 ഇതി ബ്രുവാണം നൃപതിം പിതൃദേവദ്വിജാതയഃ
തുഷ്ടുവുർഹൃഷ്ടമനസഃ സാധുവാദേന സാധവഃ.

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | സാധവഃ | ഉത്തമജനങ്ങൾ |
| ബ്രുവാണം | ഭാഷണം ചെയ്യുന്ന | ഹൃഷ്ടമനസഃ | സന്തുഷ്ടചിത്തരായിട്ടു് |
| നൃപതിം | രാജാവിനെ | സാധുവാദേന | അനുമോദനവചനം കൊണ്ടു് |
| പിതൃദേവദ്വിജാതയഃ | പിതൃക്കളും ദേവന്മാരും ബ്രാഹ്മണരും ആയ | തുഷ്ടുവുഃ | സ്തുതിച്ചു. |

ഇവരുടെ അനുമോദനപ്രകടനത്തെ ആറു ശ്ലോകം കൊണ്ടു് കാണിക്കുന്നു—

46 പുത്രേണ ജയതേ ലോകാനിതി സത്യവതീ ശ്രുതിഃ
ബ്രഹ്മദണ്ഡഹതഃ പാപോ യദ്വേനോƒത്യതരത്തമഃ.

| | | | |
|---|---|---|---|
| പുത്രേണ | "പുത്രനെക്കൊണ്ടു് | പാപഃ | പാപവാനും |
| ലോകാൻ | പുണ്യലോകങ്ങളെ | ബ്രഹ്മദണ്ഡഹതഃ | ബ്രാഹ്മണശാപത്താൽ നിഹനിക്കപ്പെട്ടവനുമായ |
| ജയതേ ഇതി | നേടുന്നു" എന്നുള്ള | | |
| ശ്രുതിഃ | വേദവാക്യം | വേനഃ | വേനൻ |
| സത്യവതീ | യഥാർത്ഥമാകുന്നു. | തമഃ | നരകാന്ധകാരത്തെ |
| യത് | എന്തെന്നാൽ, | അത്യതരത് | തരണം ചെയ്തു. |

47 ഹിരണ്യകശിപുശ്ചാപി ഭഗവന്നിന്ദയാ തമഃ
വിവിക്ഷുരത്യഗാത്സൂനോഃ പ്രഹ്ലാദസ്യാനുഭാവതഃ

| | | | |
|---|---|---|---|
| ഹിരണ്യകശിപുഃ ച അപി | ഇതുപോലെ ഹിരണ്യകശിപുവും | സൂനോഃ | പുത്രനായ |
| ഭഗവന്നിന്ദയാ | ഭഗവൽതിരസ്കാരത്താൽ | പ്രഹ്ലാദസ്യ | പ്രഹ്ലാദന്റെ |
| തമഃ | നരകാന്ധകാരത്തെ | അനുഭാവതഃ | അനുഭാവത്താൽ |
| വിവിക്ഷുഃ | പ്രവേശിക്കുവാൻ തുടങ്ങവേ, | അത്യഗാത് | അതിനെ മറികടന്നു. |

48 വീരവര്യ പിതഃ പൃഥിവ്യാഃ സമാഃ സഞ്ജീവ ശാശ്വതീഃ
യസ്യേദൃശ്യച്യുതേ ഭക്തിഃ സർവ്വലോകൈകഭർത്തരി.

| | | | |
|---|---|---|---|
| വീരവര്യ | ഹേ വീരാഗ്രഗണ്യ ! | സർവ്വലോകൈക-കർത്തരി | സമസ്തലോകങ്ങളുടെയും ഏകനായകനായ |
| പൃഥ്വ്യാഃ പിതഃ | രാഷ്ട്രപിതാവേ ! | അച്യുതേ | ശ്രീഹരിയിൽ |
| ശാശ്വതീഃ സമാഃ | നീണാൾ | ഈദൃശീ | ഈ വിധത്തിലുള്ള |
| സഞ്ജീവ | വാഴ്ക ! | ഭക്തിഃ | ഭക്തി സംഭവിച്ചുവല്ലോ. |
| യസ്യ | യാതൊരു അങ്ങയ്ക്ക് | | |

49 അഹോ വയം ഹ്യദ്യ പവിത്രകീർത്ത
ത്വയൈവ നാഥേന മുകുന്ദനാഥാഃ
യ ഉത്തമശ്ലോകതമസ്യ വിഷ്ണോർ-
ബ്രഹ്മണ്യദേവസ്യ കഥാം വ്യനക്തി.

| | | | |
|---|---|---|---|
| പവിത്രകീർത്തേ | ഹേ പുണ്യകീർത്തേ ! | യഃ | യാതൊരു അങ്ങ് |
| ത്വയാ | അങ്ങയാവുന്ന | ഉത്തമശ്ലോക-തമസ്യ | പുണ്യകീർത്തിയുള്ളോരിൽ അത്യുത്തമനും |
| നാഥേന ഏവ | നാഥനാൽത്തന്നെ | ബ്രഹ്മണ്യ-ദേവസ്യ | ബ്രാഹ്മണഭക്തനുമായ |
| അദ്യ | ഇന്ന് | വിഷ്ണോഃ | ശ്രീഹരിയുടെ |
| വയം ഹി | ഞങ്ങളും തികച്ചും | കഥാം | കഥയെ |
| മുകുന്ദനാഥാഃ | മുകുന്ദനാവുന്ന നാഥനോടുകൂടിയവരായി; | വ്യനക്തി | വ്യക്തമാക്കുന്നു. |
| അഹോ | മഹാഭാഗ്യം. | | |

50 നാത്യദ്ഭുതമിദം നാഥ തവാജീവ്യാനുശാസനം
പ്രജാനുരാഗോ മഹതാം പ്രകൃതിഃ കരുണാത്മനാം.

| | | | |
|---|---|---|---|
| നാഥ | സ്വാമിൻ ! | ന | ആയതല്ല |
| തവ ഇദം | അങ്ങയുടെ, ഈ | പ്രജാനുരാഗഃ | പ്രജാസ്നേഹമെന്നത് |
| ആജീവ്യാ-നുശാസനം | സേവകജനാനുശാസന പ്രഖ്യാപനം | കരുണാത്മനാം | ദയാർദ്രചിത്തരായ |
| അത്യദ്ഭുതം | അധികം ആശ്ചര്യകരം | മഹതാം | മഹാത്മാക്കളുടെ |
| | | പ്രകൃതിഃ | സ്വഭാവമാണ്. |

51 അദ്യ നസ്തമസഃ പാരസ്ത്വയോപാസാദിതഃ പ്രഭോ
ഭ്രാമ്യതാം നഷ്ടദൃഷ്ടീനാം കർമ്മഭിർദൈവസംജ്ഞിതൈഃ

| | | | |
|---|---|---|---|
| പ്രഭോ | ഹേ പ്രഭോ ! | നഃ | ഞങ്ങളെ |
| ദൈവ-സംജ്ഞിതൈഃ | പ്രാരബ്ധമെന്ന പേരിൽ അറിയപ്പെടുന്ന | അദ്യ ത്വയാ | ഇന്ന്, അങ്ങയാൽ |
| കർമ്മഭിഃ | കർമ്മങ്ങളാൽ | തമസഃ | അജ്ഞാനാന്ധകാരത്തിന്റെ |
| നഷ്ടദൃഷ്ടീനാം | കാഴ്ചകെട്ടവരായി | പാരഃ | മറുകര |
| ഭ്രാമ്യതാം | ചുറ്റംതിരിയുന്ന | ഉപാസാദിതഃ | എത്തിക്കപ്പെട്ടു. |

വിപ്രാദികൾ പൃഥുവിനെ സർവ്വേശ്വരത്വേന പ്രണമിച്ച് പറയുന്നു.

52 നമോ വിവൃദ്ധസത്ത്വായ പുരുഷായ മഹീയസേ
യോ ബ്രഹ്മ ക്ഷത്രമാവിശ്യ ബിഭർത്തീദം സ്വതേജസാ.

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | ആവിശ്യ] | പ്രവേശിച്ച് |
| ബ്രഹ്മ | ബ്രാഹ്മണവർഗ്ഗത്തെ | ഇദം | ഈ ലോകത്തേയും |
| ആവിശ്യ | പ്രവേശിച്ച് | സ്വതേജസാ | സ്വകീയതേജസ്സിനാൽ |
| ക്ഷത്രം | ക്ഷത്രിയവർഗ്ഗത്തേയും, | ബിഭർത്തി | ഭരിക്കുന്നുവോ, |
| [ക്ഷത്രം | ക്ഷത്രിയവർഗ്ഗത്തെ | (തസ്മൈ) | അങ്ങിനെയുള്ള |
| ആവിശ്യ | പ്രവേശിച്ച് | വിവൃദ്ധസത്ത്വായ | പ്രവൃദ്ധസത്ത്വഗുണസമ്പന്നനായ |
| ബ്രഹ്മ | ബ്രാഹ്മണവർഗ്ഗത്തേയും, | മഹീയസേ പുരുഷായ | ശ്രീമഹാപുരുഷോത്തമനായികൊണ്ട് |
| ബ്രഹ്മക്ഷത്രം | ബ്രഹ്മക്ഷത്രോഭയവർഗ്ഗത്തെ | നമഃ | നമസ്കാരം |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ

ഏകവിംശോऽദ്ധ്യായഃ ആദിതഃ ശ്ലോകാഃ 914.

നാലാമത്തെ സ്കന്ധത്തിൽ ഇരുപത്തൊന്നാമദ്ധ്യായം കഴിഞ്ഞു.

# ദ്വാവിംശോऽദ്ധ്യായഃ — അദ്ധ്യായം ഇരുപത്തിരണ്ട്.

## സനത്കുമാരോപദേശം

"ദ്വാവിംശേ തു പരം ജ്ഞാനം പൃഥവേ ഹരിശാസനാത്
സനത്കുമാരോ ഭഗവാനുപാദിശദിതീര്യതേ"

ശ്രീഹരിയുടെ ആജ്ഞയാൽ ഭഗവാൻ സനത്കുമാരമുനി പൃഥുചക്രവർത്തിക്ക് അദ്ധ്യാത്മജ്ഞാനം ഉപദേശിച്ചതു് ഈ ഇരുപത്തിരണ്ടാമദ്ധ്യായത്തിൽ വിസ്തരിക്കുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു —

1 ജനേഷു പ്രഗൃണത്സ്വേവം പൃഥും പൃഥുലവിക്രമം
തത്രോപജഗ്മുർമ്മുനയശ്ചത്വാരഃ സൂര്യവർച്ചസഃ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | തത്ര | അവിടെ |
| പൃഥുലവിക്രമം | മഹാപരാക്രമിയായ | സൂൎയ്യവൎച്ചസഃ | സൂൎയ്യതേജസ്വികളായ |
| പൃഥും | പൃഥുവിനെ | ചത്വാരഃ മുനയഃ | നാലുമുനിമാർ |
| ജനേഷു | ജനങ്ങൾ | ഉപജഗ്മുഃ | വന്നുചേൎന്നു. |
| പ്രഗൃണത്സു | വാഴ്ത്തിസ്തുതിക്കവേ, | | |

2 താംസ്തു സിദ്ധേശ്വരാൻ രാജാ വ്യോമ്നോഽവതരതോഽൎച്ചിഷാ
ലോകാനപാപാൻ കുൎവ്വത്യാ സാനുഗോഽചഷ്ട ലക്ഷിതാൻ

| | | | |
|---|---|---|---|
| സാനുഗഃ | അനുചരവൃന്ദത്തോടു കൂടിയിരിക്കുന്ന | കുൎവ്വത്യാ | തീൎക്കുന്ന |
| രാജാ തു | രാജാവാകട്ടെ | അൎച്ചിഷാ | കാന്തിയാൽ |
| വ്യോമ്നഃ | ആകാശത്തിൽനിന്നു് | ലക്ഷിതാൻ | (സനകാദികളാണെന്നു്) അറിയിക്കപ്പെട്ടവരുമായ |
| അവതരതഃ | ഇറങ്ങിവരുന്നവരും | താൻ | ആ |
| ലോകാൻ | ലോകങ്ങളെ | സിദ്ധേശ്വരാൻ | യോഗിവൎയ്യന്മാരെ |
| അപാപാൻ | പാപരഹിതങ്ങളാക്കി | അചഷ്ട | കണ്ടു. |

3 തദ്ദൎശനോദ്ഗതാൻ പ്രാണാൻ പ്രത്യാദിത്സുരിവോത്ഥിതഃ
സസദസ്യാനുഗോ വൈന്യ ഇന്ദ്രിയേശോ ഗുണാനിവ

| | | | |
|---|---|---|---|
| സസദസ്യാനുഗഃ | സദസ്യന്മാരോടും അനുചരന്മാരോടും കൂടിയിരിക്കുന്ന | തദ്ദൎശനോദ്ഗതാൻ | അവരുടെ ദൎശനത്തിങ്കൽ മുന്നോട്ടുപാഞ്ഞുപോയ |
| വൈന്യഃ | പൃഥുമഹാരാജാവു് | പ്രാണാൻ | സ്വപ്രാണങ്ങളെ |
| ഇന്ദ്രിയേശഃ | ജീവൻ | പ്രത്യാദിത്സുഃ ഇവ | തിരികെ കൊണ്ടുവരുന്നതിനോ എന്നു തോന്നുമാറു് |
| ഗുണാൻ ഇവ | ഗന്ധാദിവിഷയങ്ങളെ സ്വീകരിക്കാനെന്നപോലെ, | ഉത്ഥിതഃ | എഴുന്നേററു. |

അഭ്യാഗതന്മാരായ ആ ദിവ്യയോഗികളുടെ തേജസ്സിനാൽ ആകൎഷിക്കപ്പെട്ടു് മുന്നോട്ടുകുതിച്ച സ്വപ്രാണങ്ങളെ പിടിച്ചുനിൎത്തുവാനൊ എന്നു് തോന്നുമാറു് രാജാവു് എഴുന്നേററു. ആദ്യം അന്തഃകരണത്തിന്റെയും പിന്നെ ബാഹ്യകരണങ്ങളുടെയും വ്യാപാരത്താൽ ആദരിച്ചുവെന്നൎത്ഥം. ജീവന്റെ വിഷയസ്വീകരണത്തോടു് സാദൃശ്യം പറഞ്ഞതു് ഔത്സുക്യദ്യോതനാൎത്ഥം.

4 ഗൗരവാദ്യന്ത്രിതഃ സഭ്യഃ പ്രശ്രയാനതകന്ധരഃ
വിധിവത്പൂജയാംചക്രേ ഗൃഹീതാധ്യൎഹണാസനാൻ.

| | |
|---|---|
| സഭ്യഃ (സഃ) | സഭാമര്യാദകൾ നല്ലപോലെ അറിവുള്ള അദ്ദേഹം |
| ഗൗരവാത് | ഗൗരവത്താൽ |
| യന്ത്രിതഃ | നിയന്ത്രിതനായും, |
| പ്രശ്രയാനത-കന്ധരഃ | വിനയത്താൽ നമ്രശിരസ്സനായും ഭവിച്ച് |
| ഗൃഹീതാർഹ-ണാസനാൻ | സ്വീകരിക്കപ്പെട്ട അർഘ്യപാദ്യാസനാദ്യുപചാരങ്ങളോടുകൂടിയ അവരെ |
| വിധിവത് | വിധിപ്രകാരം |
| പൂജയാഞ്ചക്രേ | ആരാധിച്ചു. |

5 തത്പാദശൗചസലിലൈർമാർജ്ജിതാളകബന്ധനഃ
തത്ര ശീലവതാം വൃത്തമാചരൻ മാനയന്നിവ

| | |
|---|---|
| തത്പാദശൗച-സലിലൈഃ | അവരുടെ കാൽകഴുകിച്ച തീർത്ഥജലത്താൽ |
| മാർജ്ജിതാള-കബന്ധനഃ | പ്രക്ഷാളനംചെയ്യപ്പെട്ട കേശബന്ധനത്തോടുകൂടിയവനായിട്ട് |
| തത്ര | ആ വിഷയത്തിൽ |
| ശീലവതാം | സജ്ജനങ്ങളുടെ |
| വൃത്തം | ആചാരത്തെ |
| മാനയൻ | മാനിച്ചുകൊണ്ട് |
| ആചരൻ | ആചരിക്കുന്നവൻ |
| ഇവ | എന്നു തോന്നുമാറ് |
| (ചചാര) | പ്രവർത്തിച്ചു. |

6 ഹാടകാസന ആസീനാൻ സ്വധിഷ്ണ്യേഷ്വിവ പാവകാൻ
ശ്രദ്ധാസംയമസംയുക്തഃ പ്രീതഃ പ്രാഹ ഭവാഗ്രജാൻ

| | |
|---|---|
| സ്വധിഷ്ണ്യേഷു | സ്വന്തം കല്പിതസ്ഥാനങ്ങളിൽ പ്രോജ്ജ്വലിക്കുന്ന |
| പാവകാൻ | അഗ്നികളോട് |
| ഇവ | എന്നപോലെ, |
| ഹാടകാസനേ | സ്വർണ്ണപീഠത്തിൽ |
| ആസീനാൻ | ഇരുന്നരുളുന്നവരും |
| ഭവാഗ്രജാൻ | ശ്രീരുദ്രന്റെ ജ്യേഷ്ഠസഹോദരന്മാരുമായ സനകാദികളോട് |
| പ്രീതഃ | സന്തോഷവാനായി |
| ശ്രദ്ധാസംയമ-സംയുക്തഃ | ശ്രദ്ധയോടും ആത്മനിയന്ത്രണത്തോടും കൂടിയവനുമായിട്ട് |
| പ്രാഹ | പറഞ്ഞു. |

പൃഥുരുവാച = പൃഥു പറഞ്ഞു —

7 അഹോ ആചരിതം കിം മേ മംഗളം മംഗളായനാഃ
യസ്യ വോ ദർശനം ഹ്യാസീദ്ദുർദർശാനാം ച യോഗിഭിഃ.

| | |
|---|---|
| മംഗളായനാഃ | മംഗളങ്ങൾക്ക് ആശ്രയഭൂതന്മാരായ പുണ്യാത്മാക്കളെ ! |
| അഹോ | ആശ്ചര്യം ! |
| കിം മംഗളം, | എന്തു ശുഭകർമ്മം |
| മേ | എന്നാൽ |
| ആചരിതം | ചെയ്യപ്പെട്ടുവോ ? |
| യോഗിഭിഃ ച | യോഗികളാലുംകൂടി |
| ദുർദർശാനാം | ദർശനീയരല്ലാത്ത |
| വഃ | ഭവാന്മാരുടെ |
| ദർശനം | സാക്ഷാൽകാരം |
| യസ്യ (മേ) | യാതൊരു എനിക്ക് |
| ആസീത് ഹി | ഉണ്ടായല്ലോ. |

8 കിം തസ്യ ദുർല്ലഭതരമിഹ ലോകേ പരത്ര ച
യസ്യ വിപ്രാഃ പ്രസീദന്തി ശിവോ വിഷ്ണുശ്ച സാനുഗഃ.

| | | | |
|---|---|---|---|
| വിപ്രാഃ | ബ്രാഹ്മണരും | പ്രസീദന്തി | പ്രസാദിക്കുന്നുവോ, |
| സാനുഗഃ | അനുചരന്മാരോടുകൂടിയ | തസ്യ | ആയാൾക്ക് |
| ശിവഃ | ശിവനും | ഇഹ ലോകേ | ഈ ലോകത്തിലും |
| വിഷ്ണുഃ ച | വിഷ്ണുവും | പരത്ര ച | പരലോകത്തിലും |
| | | ദുർല്ലഭതരം | അതിദുർല്ലഭമായിട്ട് |
| യസ്യ | യാതൊരാളെക്കുറിച്ച് | കിം | എന്തിരിക്കുന്നു ? |

9 നൈവ ലക്ഷയതേ ലോകോ ലോകാൻ പര്യടതോഽപി യാൻ
യഥാ സർവ്വദൃശം സർവ്വ ആത്മാനം യേഽസ്യ ഹേതവഃ

| | | | |
|---|---|---|---|
| യഥാ | എപ്രകാരം | പര്യടതഃ അപി | ചുററിസഞ്ചരിക്കുന്നവരാണെന്നിരിക്കിലും |
| സർവ്വദൃശം | എല്ലാം ദർശിക്കുന്ന | യാൻ | യാതൊരു ഭവാന്മാരെ |
| ആത്മാനം | പരമാത്മാവിനെ | ലോകഃ | ലോകം |
| സർവ്വേ | എല്ലാവരും | ന ഏവ ലക്ഷയതേ | ദർശിക്കുന്നതേ ഇല്ല |
| (ന ലക്ഷയന്തേ | ദർശിക്കുന്നില്ലയോ, | യേ | യാതൊരു ഭവാന്മാർ |
| തഥാ) | അതുപ്രകാരം | അസ്യ | ഈ ആത്മദർശനത്തിന്ന് |
| ലോകാൻ | ലോകങ്ങളെ മുഴുവനും | ഹേതവഃ | കാരണഭൂതന്മാരുമാണ്. |

10 അധനാ അപി തേ ധന്യാഃ സാധവോ ഗൃഹമേധിനഃ
യദ്ഗൃഹാ ഹ്യർഹവര്യാംബുതൃണഭൂമീശ്വരാവരാഃ

| | | | |
|---|---|---|---|
| യദ്ഗൃഹാഃ ഹി | ആരുടെ ഗൃഹങ്ങൾ മാത്രം | തേ സാധവഃ | ആ സജ്ജനങ്ങളായ |
| | | ഗൃഹമേധിനഃ | ഗൃഹസ്ഥന്മാർ |
| അർഹവര്യാംബുതൃണഭൂമീശ്വരാവരാഃ | സംപൂജ്യന്മാർക്കുവേണ്ടി വെള്ളവും പുല്ലും നിലവും സ്വാമിയും ഭൃത്യന്മാരും ഉള്ളതാകുന്നുവോ, | അധനാഃ അപി | ധനികരല്ലെന്നാൽ കൂടിയും |
| | | ധന്യാ | ധന്യന്മാരാകുന്നു. |

11 വ്യാളാലയദ്രുമാ വൈ തേഽപ്യരിക്താഖിലസമ്പദഃ
യദ്ഗൃഹാസ്തീർത്ഥപാദീയപാദതീർത്ഥവിവർജ്ജിതാഃ.

| | | | |
|---|---|---|---|
| യദ്ഗൃഹാഃ | യാതൊരു ഗൃഹങ്ങളാണോ | അരിക്താഖിലസമ്പദഃ അപി | സർവ്വ സമ്പത്തുകളും വിട്ടൊഴിയാത്തവയാണെങ്കിൽക്കൂടിയും |
| തീർത്ഥപാദീയപാദതീർത്ഥവിവർജ്ജിതാഃ | തീർത്ഥപാദന്മാരായ വൈഷ്ണവന്മാരുടെ പാദതീർത്ഥം ഒഴുകാത്തവയായിരിക്കുന്നത് | വ്യാളാലയദ്രുമാഃ വൈ | പാമ്പുകൾ പാർപ്പുറപ്പിച്ചിരിക്കുന്ന മരങ്ങൾ തന്നെയാണ്. |
| തേ | അവ | | |

12 സ്വാഗതം വോ ദ്വിജശ്രേഷ്ഠാ യദ്വ്രതാനി മുമുക്ഷവഃ
ചരന്തി ശ്രദ്ധയാ ധീരാ ബാലാ ഏവ ബൃഹന്തി ച.

| | | | |
|---|---|---|---|
| ദ്വിജശ്രേഷ്ഠാഃ | ബ്രാഹ്മണോത്തമന്മാരേ! | ധീരാഃ | സ്ഥിരപ്രജ്ഞന്മാരും |
| വഃ സ്വാഗതം | ഭവാന്മാൎക്കു് സ്വാഗതം. | മുമുക്ഷവഃ | മോക്ഷാൎത്ഥികളുമായിട്ടു് |
| യത് | എന്തെന്നാൽ, | ബൃഹന്തി | മഹത്തുകളായ |
| ബാലാഃ ഏവ | ബാലന്മാരായിത്തന്നെ ഇരിക്കുന്ന | വ്രതാനി ച | വ്രതങ്ങളെക്കൂടി |
| | | ശ്രദ്ധയാ | ശ്രദ്ധയോടെ |
| (ഭവന്തഃ) | ഭവാന്മാർ | ചരന്തി | അനുഷ്ഠിക്കുന്നുവല്ലോ. |

13 കച്ചിന്നഃ കുശലം നാഥാ ഇന്ദ്രിയാൎത്ഥാൎത്ഥവാദിനാം
വ്യസനാവാപ ഏതസ്മിൻ പതിതാനാം സ്വകൎമ്മഭിഃ

| | | | |
|---|---|---|---|
| നാഥാഃ | ഹേ ആത്മേശ്വരന്മാരേ! | പതിതാനാം | വീണുപോയവരും |
| സ്വകൎമ്മഭിഃ | പൂൎവ്വകൃതങ്ങളായ സ്വകീയകൎമ്മങ്ങളാൽ | ഇന്ദ്രിയാൎത്ഥാൎത്ഥവാദിനാം | വിഷയങ്ങളെ പുരുഷാൎത്ഥങ്ങളായി തെററിദ്ധരിച്ചിരിക്കുന്നവരുമായ |
| ഏതസ്മിൻ വ്യസനാവാപേ | ദുഃഖങ്ങളുടെ വിളനിലമായ ഈ സംസാരത്തിൽ | നഃ | ഞങ്ങൾക്കു് |
| | | കുശലം കച്ചിത് | ക്ഷേമമുണ്ടാകുമോ ? |

ആകയാൽ ഇവിടെ അന്യോന്യം കുശലപ്രശ്നം അസ്ഥാനത്താണെന്നു് പറയുന്നു

14 ഭവത്സു കുശലപ്രശ്ന ആത്മാരാമേഷു നേഷ്യതേ
കുശലാകുശലാ യത്ര ന സന്തി മതിവൃത്തയഃ.

| | | | |
|---|---|---|---|
| ആത്മാരാമേഷു | ആത്മാവിൽത്തന്നെ ആനന്ദംകൊണ്ടിരിക്കുന്നവരായ | യത്ര | യാതൊരു ഭവാന്മാരിൽ |
| ഭവത്സു | ഭവാന്മാരുടെ വിഷയത്തിൽ | കുശലാകുശലാഃ | ക്ഷേമമെന്നും അക്ഷേമമെന്നും ഉള്ളതായ |
| കുശലപ്രശ്നഃ | ക്ഷേമാന്വേഷണം | മതിവൃത്തയഃ | തോന്നലുകളുടെ പ്രവൎത്തനം |
| ന ഇഷ്യതേ | അഭിലഷണീയമല്ല. | ന സന്തി | ഉണ്ടാകുന്നില്ലല്ലോ. |

15 തദഹം കൃതവിസ്രംഭഃ സുഹൃദോ വസ്തപസ്വിനാം
സംപൃച്ഛേ ഭവ ഏതസ്മിൻ ക്ഷേമഃ കേനാഞ്ജസാ ഭവേത്.

| | | | |
|---|---|---|---|
| തത് അഹം | ആകയാൽ, ഞാൻ | സുഹൃദഃ | സുഹൃത്തുക്കളായ |
| കൃതവിസ്രംഭഃ | വിശ്വാസത്തെ കൈക്കൊണ്ടു് | വഃ | ഭവാന്മാരോടു് |
| തപസ്വിനാം | സന്തപ്തന്മാരുടെ | സംപൃച്ഛേ | ചോദിച്ചുകൊള്ളട്ടെ— |

| | | | |
|---|---|---|---|
| ഏതസ്മിൻ | "ഈ | കേന | ഏതുമാൎഗ്ഗത്തിലൂടെ |
| ഭവേ | സംസാരത്തിൽ | അഞ്ജസാ | എളുപ്പത്തിൽ |
| ക്ഷേമഃ | ക്ഷേമമെന്നുള്ളതു് | ഭവേത് | സംജാതമാകും". |

ഭവാന്മാർ കേവലം സാധാരണ യോഗികളല്ല, ഭഗവൽസ്വരൂപന്മാർ തന്നെയാണല്ലോ എന്നു് പറയുന്നു—

16 വ്യക്തമാത്മവതാമാത്മാ ഭഗവാനാത്മഭാവനഃ
സ്വാനാമനുഗ്രഹായേമാം സിദ്ധരൂപീ ചരത്യജഃ.

| | | | |
|---|---|---|---|
| ആത്മവതാം | സ്ഥിരപ്രജ്ഞന്മാരുടെ ഉള്ളിൽ | ഭഗവാൻ | ശ്രീനാരായണൻ |
| ആത്മാ | ആത്മതത്വമായി പ്രകാശിക്കുന്നവനും | സ്വാനാം | സ്വഭക്തന്മാരുടെ |
| ആത്മഭാവനഃ | ആത്മസ്വരൂപത്തെ (ഭക്തന്മാൎക്കായി) ആവിഷ്കരിക്കുന്നവനും | അനുഗ്രഹായ | അനുഗ്രഹത്തിനുവേണ്ടി |
| | | സിദ്ധരൂപീ | യോഗീശ്വരന്മാരുടെ രൂപംധരിച്ചുകൊണ്ടു് |
| | | ഇമാം | ഈ ഭൂമിയിൽ |
| അജഃ | സ്വതേ ജന്മാദി വികാരരഹിതനുമായ | ചരതി | സഞ്ചരിക്കുന്നു |
| | | (ഇതി) വ്യക്തം | എന്നതു സ്പഷ്ടമത്രെ. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു:

17 പൃഥോസ്തത്സൂക്തമാകൎണ്ണ്യ സാരം സുഷ്ഠു മിതം മധു
സ്മയമാന ഇവ പ്രീത്യാ കുമാരഃ പ്രത്യുവാച ഹ.

| | | | |
|---|---|---|---|
| സാരം | നീതിക്കുചേൎന്നതും | ആകൎണ്ണ്യ | കേട്ടു് |
| സുഷ്ഠു | അൎത്ഥഗാംഭീൎയ്യമുള്ളതും | കുമാരഃ | സനത്കുമാരമുനി |
| മിതം | ചുരുക്കം അക്ഷരങ്ങളോടുകൂടിയതും | പ്രീത്യാ | പ്രസന്നതയാൽ |
| മധു | കൎണ്ണമധുരമായതും ആയ | സ്മയമാനഃ | പുഞ്ചിരിച്ചുകൊണ്ടു് |
| പൃഥോഃ | പൃഥുവിന്റെ | ഇവ | എന്നതുപോലെ |
| തത് സൂക്തം | ആ സുഭാഷിതത്തെ | പ്രത്യുവാച ഹ | മറുവടിപറഞ്ഞുപോൽ. |

സനത്കുമാര ഉവാച = സനത്കുമാരമുനി പറഞ്ഞു—

18 സാധു പൃഷ്ടം മഹാരാജ സൎവ്വഭൂതഹിതാത്മനാ
ഭവതാ വിദുഷാ ചാപി സാധൂനാം മതിരീദൃശീ

| | | | |
|---|---|---|---|
| മഹാരാജ | മഹാരാജാവേ! | സൎവ്വഭൂത-ഹിതാത്മനാ | എല്ലാ ജനങ്ങൾക്കും അറിവിന്റെഗുണമുണ്ടാകണമെന്ന ബുദ്ധിയുള്ള |
| വിദുഷാ ച അപി | സ്വയം അറിയുന്നവനാണെന്നിരിക്കിലുംകൂടി | | |

| | | | |
|---|---|---|---|
| ഭവതാ | അങ്ങയാൽ | സാധൂനാം | നല്ലവരുടെ |
| സാധു | നല്ല മാതൃകയിൽ | മതിഃ | ബുദ്ധി |
| പൃഷ്ടം | ചോദിക്കപ്പെട്ടിരിക്കുന്നു. | ഈദൃശീ | ഇമ്മാതിരിയാണു്. |

പൃഥുസമാഗമത്തിൽ തന്നെത്താൻ അഭിനന്ദിച്ചു് പറയുന്നു—

19 സംഗമഃ ഖലു സാധൂനാമുഭയേഷാം ച സമ്മതഃ
യത്സംഭാഷണസംപ്രശ്നഃ സർവ്വേഷാം വിതനോതി ശം.

| | | | |
|---|---|---|---|
| സാധൂനാം | സജ്ജനങ്ങളുടെ | യത്സംഭാഷണസംപ്രശ്നഃ | യാതൊരുവർ തമ്മിലുള്ള സംഭാഷണസഹിതമായ സംവാദം |
| സംഗമഃ | കൂടിക്കാഴ്ച | സർവ്വേഷാം | എല്ലാവൎക്കും |
| ഉഭയേഷാം ച | ഇരുകൂട്ടൎക്കും (വക്താക്കൾക്കും ശ്രോതാക്കൾക്കും) | ശം | സുഖത്തെ |
| സമ്മതഃ ഖലു | ഗുണകരമായതാണല്ലോ. | വിതനോതി | വളൎത്തുന്നതുമാണു്. |

ഈ വിധം സജ്ജനസമാഗമത്തിൻെറ പ്രയോജനത്തെ മുഖവുരയായി പ്രസ്താവിച്ച ശേഷം രാജാവിൻെറ ചോദ്യമനുസരിച്ചു് മോക്ഷമാൎഗ്ഗം ഉപദേശിക്കുന്നു—

20 അസ്ത്യേവ രാജൻ ഭവതോ മധുദ്വിഷഃ
പാദാരവിന്ദസ്യ ഗുണാനുവാദനേ
രതിർദ്ദുരാപാ വിധുനോതി നൈഷ്ഠികീ
കാമം കഷായം മലമന്തരാത്മനഃ.

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | നൈഷ്ഠികീ | ഏകാഗ്രനിഷ്ഠമായ |
| ഭവതഃ | അങ്ങേയ്ക്കു് | (സാ) | അതു് |
| മധുദ്വിഷഃ | ശ്രീഹരിയുടെ | അന്തരാത്മനഃ | മനസ്സിൻെറ ഉള്ളിൽ |
| പാദാരവിന്ദസ്യ | തൃപ്പാദപദ്മത്തിൻെറ | കഷായം | കലങ്ങി കറപിടിച്ചു നില്ക്കുന്ന |
| ഗുണാനുവാദനേ | ഗുണങ്ങളെ പറഞ്ഞു കേൾക്കുന്നതിൽ | കാമം | കാമമെന്ന |
| ദുരാപാ | സുദുർല്ലഭമായ | മലം | അഴുക്കിനെ |
| രതിഃ | തീവ്രാഭിലാഷം | വിധുനോതി | നീക്കിക്കളയുന്നു. |
| അസ്തി ഏവ | തീൎച്ചയായുമുണ്ടു് | | |

മനസ്സിലെ അഴുക്കുനീങ്ങിയാൽമാത്രമേ ബാഹ്യവിരക്തിയും ആത്മരതിയും ഉണ്ടാകയുള്ളൂ. ഇവയിലുംകവിഞ്ഞു് യാതൊന്നും മോക്ഷസാധനമായിട്ടില്ലെന്നു് ശാസ്ത്രങ്ങൾ ഉദ്ഘോഷിക്കുന്നതിനെ ഇനി അനുസ്മരിപ്പിക്കുന്നു.

21 ശാസ്ത്രേഷ്വിയാനേവ സുനിശ്ചിതോ നൃണാം
ക്ഷേമസ്യ സധ്ര്യഗ്വിമൃശേഷു ഹേതുഃ
അസംഗ ആത്മവ്യതിരിക്ത ആത്മനി
ദൃഢാ രതിർബ്രഹ്മണി നിർഗ്ഗുണേ ച യാ

| | | | |
|---|---|---|---|
| സധ്ര്യഗ്വി-മൃശേഷു | സുവിചിന്തനം ചെയ്തിട്ടുള്ള | ആത്മ-വ്യതിരിക്തേ | ആത്മാവല്ലാതെയുള്ള ദേഹാദിവസ്തുവിൽ |
| ശാസ്ത്രേഷു | ശാസ്ത്രങ്ങളിൽ | അസംഗഃ | വിരക്തിയും, |
| നൃണാം | മനുഷ്യരുടെ | നിർഗ്ഗുണേ | ഗുണാതീതവും |
| ക്ഷേമസ്യ | ക്ഷേമത്തിനു് | ബ്രഹ്മണി | ബ്രഹ്മസ്വരൂപവുമായ |
| ഹേതുഃ | ഹേതുവായിട്ടു് | ആത്മനി | ആത്മാവിങ്കൽ |
| ഇയാൻ | ഇത്രമാത്രം | ദൃഢാ | അചഞ്ചലമായ |
| ഏവ | തന്നെയാണു് | രതിഃ | ആസക്തിയെന്നതു് |
| സുനിശ്ചിതഃ | നിർണ്ണയിക്കപ്പെട്ടിരിക്കുന്നതു് | യാ ച | ഏതോ, അതും (ഹേതുത്വേന നിർണ്ണയിക്കപ്പെട്ടിരിക്കുന്നു) |

ഈ വിരക്തിയും ആത്മരതിയും ഉത്തമഭക്തന്നു് ശ്രവണമാത്രേണ സിദ്ധിക്കുമെന്നും മററുള്ളവക്കു് മനഃശുദ്ധിയെ അനുസരിച്ചു് സാധനകളുടെ താരതമ്യം വഴിക്കു് വളരുന്ന ഭക്തിയാൽ സിദ്ധിക്കുന്നതാണെന്നും ഇനി നാലുശ്ലോകംകൊണ്ടു് വ്യക്തമാക്കുന്നു.

22 സാ ശ്രദ്ധയാ ഭഗവദ്ധർമ്മചര്യയാ
ജിജ്ഞാസയാദ്ധ്യാത്മികയോഗനിഷ്ഠയാ
യോഗേശ്വരോപാസനയാ ച നിത്യം
പുണ്യശ്രവഃകഥയാ പുണ്യയാ ച

| | | | |
|---|---|---|---|
| സാ | അതു് (ആത്മരതിയും വിരക്തിയും) | യോഗേശ്വരോ-പാസനയാ ച | മഹായോഗികളായ സിദ്ധന്മാരെ ഉപാസിക്കുന്നതുകൊണ്ടും |
| ശ്രദ്ധയാ | ശ്രദ്ധയാലും | നിത്യം | പതിവായി |
| ഭഗവദ്ധർമ്മ-ചര്യയാ | ഭഗവദ്ധർമ്മങ്ങളുടെ അനുഷ്ഠാനത്തിനാലും | പുണ്യയാ പുണ്യശ്രവഃ-കഥയാ ച | പുണ്യകീർത്തിമാനായ ശ്രീഹരിയുടെ പുണ്യകരമായ കഥാശ്രവണം കൊണ്ടും (ഉണ്ടാകും) |
| ജിജ്ഞാസയാ | തത്ത്വജ്ഞാനേച്ഛയാലും | | |
| അദ്ധ്യാത്മിക-യോഗനിഷ്ഠയാ | അദ്ധ്യാത്മയോഗങ്ങളുടെ സാധനകളാലും | | |

23 അർത്ഥേന്ദ്രിയാരാമസഗോഷ്ഠ്യതൃഷ്ണയാ
തത്സമ്മതാനാമപരിഗ്രഹേണ ച
വിവിക്തരുച്യാ പരിതോഷ ആത്മൻ
വിനാ ഹരേർഗ്ഗുണപീയൂഷപാനാത്

| | | | |
|---|---|---|---|
| അർത്ഥേന്ദ്രിയാരാമസഗോഷ്ഠ്യതൃഷ്ണയാ | അർത്ഥനിഷ്ഠന്മാരായ താമസന്മാരോടും കാമനിഷ്ഠന്മാരായ രാജസന്മാരോടും കൂടിയിരുന്നു് സല്ലപിക്കുന്നതിലുള്ള വൈമുഖ്യം കൊണ്ടും | ഹരേഃ | ശ്രീഹരിയുടെ |
| തത്സമ്മതാനാം | അവർക്കു് അഭിമതങ്ങളായ അർത്ഥകാമങ്ങളുടെ | ഗുണപീയൂഷപാനാത് വിനാ | ലീലാഗുണശ്രവണമാവുന്ന അമൃതാസ്വാദനം തരപ്പെടാതെ |
| അപരിഗ്രഹേണ ച | അസ്വീകാരം കൊണ്ടും | ആത്മൻ | തന്നിൽത്താൻ |
| | | പരിതോഷേ | സംതൃപ്തിയുണ്ടാകുമ്പോഴും ചെയ്യുന്ന |
| | | വിവിക്തരുച്യാ | ഏകാന്തവാസത്തിലുള്ള അഭിരുചികൊണ്ടും (ഉണ്ടാകും) |

24 അഹിംസയാ പാരമഹംസ്യചര്യയാ
സ്മൃത്യാ മുകുന്ദാചരിതാഗ്ര്യസീധുനാ
യമൈരകാമൈർനിയമൈശ്ചാപ്യനിന്ദയാ
നിരീഹയാ ദ്വന്ദ്വതിതിക്ഷയാ ച

| | | | |
|---|---|---|---|
| അഹിംസയാ | അഹിംസകൊണ്ടും | യമൈഃ | യമങ്ങൾകൊണ്ടും |
| പാരമഹംസ്യചര്യയാ | ഉപശമാദിപ്രധാനമായ പരമഹംസനിഷ്ഠകൊണ്ടും | അകാമൈഃ | കാമപരിത്യാഗംകൊണ്ടും |
| സ്മൃത്യാ | ഭഗവദ്ഗുണാനുസന്ധാനംകൊണ്ടും | നിയമൈഃ | നിയമങ്ങൾകൊണ്ടും |
| മുകുന്ദാചരിതാഗ്ര്യസീധുനാ | ശ്രീഹരിയുടെ ചരിതമാവുന്ന ഉത്തമസുധാരസത്തിന്റെ ആസ്വാദനസുഖംകൊണ്ടും | അനിന്ദയാ അപി ച | ഇതരമാർഗ്ഗങ്ങളെ നിന്ദിക്കാതിരിക്കകൊണ്ടും |
| | | നിരീഹയാ | നിഷ്കാമകർമ്മംകൊണ്ടും |
| | | ദ്വന്ദ്വതിതിക്ഷയാ ച | ശീതോഷ്ണാദി ദ്വന്ദ്വങ്ങളുടെ സഹനംകൊണ്ടും (ഉണ്ടാകുന്നതാണു്) |

25 ഹരേർമുഹുസ്തത്പരകർണ്ണപൂര-
ഗുണാഭിധാനേന വിജൃംഭമാണയാ
ഭക്ത്യാ ഹ്യസംഗഃ സദസത്യനാത്മനി
സ്യാന്നിർഗ്ഗുണേ ബ്രഹ്മണി ചാഞ്ജസാ രതിഃ.

| | | | |
|---|---|---|---|
| മുഹുഃ | തുടരത്തുടരെ | അനാത്മനി | ആത്മവ്യതിരിക്ത വസ്തുവിൽ |
| ഹരേഃ | ശ്രീഹരിയുടെ | അസംഗഃ | വിരക്തിയും |
| തത്പരകർണ്ണപൂരഗുണാഭിധാനേന | തൽഭക്തന്മാരുടെ കർണ്ണാവതംസമായ ഗുണസങ്കീർത്തനത്താൽ | നിർഗ്ഗുണേ | ഗുണാതീതമായ |
| വിജൃംഭമാണയാ | വർദ്ധമാനമായ | ബ്രഹ്മണി | ശാശ്വതബ്രഹ്മത്തിൽ (സച്ചിദാനന്ദത്തിൽ) |
| ഭക്ത്യാ ഹി | ഭക്തിയാൽ പ്രത്യേകിച്ചും | അഞ്ജസാ | ആയാസമെന്നിയെ |
| | | രതിഃ ച | ആസക്തിയും |
| സദസതി | കാര്യകാരണാത്മകമായ | സ്യാത് | സംഭവിക്കും. |

ഇങ്ങനെ ബാഹ്യപ്രപഞ്ചത്തിൽ വിരക്തിയും ആത്മാവിൽ ആസക്തിയും ഉണ്ടായാൽ പിന്നെയെന്തെന്നു് പറയുന്നു—

26 യദാ രതിർ ബ്രഹ്മണി നൈഷ്ഠികീ പുമാ-
നാചാര്യവാൻ ജ്ഞാനവിരാഗരംഹസാ
ദഹത്യവീര്യം ഹൃദയം ജീവകോശം
പഞ്ചാത്മകം യോനിമിവോത്ഥിതോഽഗ്നിഃ.

| | | | |
|---|---|---|---|
| യദാ | എപ്പോൾ | അവീര്യം | കൎമ്മവാസനയില്ലാതെയായതും |
| ബ്രഹ്മണി | ഈ നിർഗ്ഗുണാഖണ്ഡസച്ചിദാനന്ദസ്വരൂപത്തിൽ | പഞ്ചാത്മകം | അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നിവയഞ്ചും ഉൾക്കൊണ്ടിരുന്നതും |
| നൈഷ്ഠികീ | പരിനിഷ്ഠിതമായ | ജീവകോശം | ജീവാവരകവുമായ |
| രതിഃ | തീവ്രാഭിലാഷം | ഹൃദയം | അന്തഃകരണത്തെ |
| (സ്യാത് തദാ) | ഉണ്ടാകുന്നുവോ, അപ്പോൾ | ഉത്ഥിതഃ | കത്തിയുയൎന്ന |
| | | അഗ്നിഃ | അഗ്നി |
| പുമാൻ | മനുഷ്യൻ | യോനിം ഇവ | കത്തുന്നതിനു കാരണഭൂതമായ അരണിയെ എന്നപോലെ |
| ആചാര്യവാൻ | ഗുരുസഹായനായിട്ടു് | | |
| ജ്ഞാനവിരാഗ-രംഹസാ | ജ്ഞാനവൈരാഗ്യങ്ങളുടെ ആവേഗത്താൽ | ദഹതി | ദഹിപ്പിക്കുന്നു. |

27 ദഗ്ദ്ധാശയോ മുക്തസമസ്തതദ്ഗുണോ
നൈവാത്മനോ ബഹിരന്തർവിചഷ്ടേ
പരാത്മനോൎയ്യദ്വ്യവധാനം പുരസ്താത്
സ്വപ്നേ യഥാ പുരുഷസ്തദ്വിനാശേ.

| | | | |
|---|---|---|---|
| ദഗ്ദ്ധാശയഃ | ദഹിച്ചുകഴിഞ്ഞ അന്തഃകരണത്തോടുകൂടിയവനും | പരാത്മനോഃ | അന്യമായ ദൃശ്യവസ്തുവിനും താനാവുന്ന ദ്രഷ്ടാവിനും തമ്മിൽ |
| മുക്തസമസ്ത-തദ്ഗുണഃ | (ആകയാൽ) അതിന്റെ എല്ലാ ധൎമ്മങ്ങളിൽനിന്നും മോചനംനേടിയിരിക്കുന്നവനുമായ ഒരാൾ | യത് | യാതൊരു |
| | | വ്യവധാനം | വേർതിരിവു് |
| | | പുരസ്താത് | ആദ്യം |
| ആത്മനഃ | സൎവ്വാത്മഭാവമുണ്ടായിക്കഴിഞ്ഞ തന്നിൽനിന്നു് | ആസീത് | ഉണ്ടായിരുന്നുവോ, |
| | | തദ്വിനാശേ | അതില്ലാതെയായപ്പോൾ |
| ബഹിഃ | പുറത്തുള്ളതിനേയോ, | പുരുഷഃ | മനുഷ്യൻ |
| അന്തഃ | തന്റെ അകത്തുള്ളതിനേയോ, | സ്വപ്നേ യഥാ | സ്വപ്നത്തിൽ കണ്ടിരുന്നതു് ഉണരുമ്പോൾ കാണാത്തതുപോലെ |
| ന വിചഷ്ടേ ഏവ | അനുഭവത്തിൽ കാണുകയേ ഇല്ല. | (ന വിചഷ്ടേ) | കാണാതെ വരുന്നു. |

അന്തഃകരണമാണു് ദ്വൈതപ്രതീതിയുണ്ടാക്കുന്നതു്. അതു് എരിഞ്ഞടങ്ങിയാൽ ദ്വൈതഭാവവും നശിച്ചു. ദ്വൈതബോധം സ്വപ്നദർശനംപോലെ ഒരു പ്രതിഭാസം മാത്രമാണെന്നു് സാരം.

ദ്വൈതപ്രതീതിക്കു് അന്തഃകരണം കാരണമാണെന്ന വസ്തുതയെ അന്വയവ്യതിരേകങ്ങൾകൊണ്ടു് ഇനി ഉപപാദിക്കുന്നു.

28 ആത്മാനമിന്ദ്രിയാർത്ഥം ച പരം യദുഭയോരപി
സത്യാശ്രയ ഉപാധൌ വൈ പുമാൻ പശ്യതി നാന്യദാ.

| | | | |
|---|---|---|---|
| ആശ്രയേ | അന്തഃകരണമാകുന്ന | യദുഭയോഃ | ഈ രണ്ടിനങ്ങളുടെയും |
| ഉപാധൌ | ഉപാധി | പരം അപി | അന്യോന്യബന്ധത്തിനു് ഹേതുവായി നില്ക്കുന്ന അഹംഭാവനയെന്ന മറ്റൊന്നിനെയും |
| സതി വൈ | ഉള്ളപ്പോൾമാത്രം (ജാഗ്രത്സ്വപ്നാവസ്ഥകളിൽമാത്രം) | പശ്യതി | ഭിന്നത്വേന കാണുന്നു. |
| പുമാൻ | മനുഷ്യൻ | അന്യദാ | അല്ലാത്തപ്പോൾ (കേവലസുഷുപ്ത്യവസ്ഥയിൽ) |
| ആത്മാനം | ദ്രഷ്ടാവായ തന്നെയും | | |
| ഇന്ദ്രിയാർത്ഥം ച | ദൃശ്യമായ വിഷയത്തെയും | ന | അങ്ങനെ സംഭവിക്കുന്നില്ല. |

ഏകമായ ആത്മാവിനെ അധികരിച്ചു് ദ്രഷ്ടാവെന്നും ദൃശ്യമെന്നും ഉള്ള ഭേദപ്രതീതി ഉപാധികൃതമായതാണെന്നു് താഴെ ദൃഷ്ടാന്തം കൊണ്ടു് വ്യക്തമാക്കുന്നു.

29 നിമിത്തേ സതി സർവ്വത്ര ജലാദാവപി പൂരുഷഃ
ആത്മനശ്ച പരസ്യാപി ഭിദാം പശ്യതി നാന്യദാ

| | | | |
|---|---|---|---|
| സർവ്വത്ര അപി | ലോകത്തിലെങ്ങും | ആത്മനഃ ച | തന്റെയും |
| പുരുഷഃ | മനുഷ്യൻ | പരസ്യ അപി | പ്രതിച്ഛായയുടെയും |
| ജലാദൌ | വെള്ളം, കണ്ണാടി മുതലായ | ഭിദാം | ഭേദത്തെ |
| | | പശ്യതി | കാണുന്നു; |
| നിമിത്തേ | ഉപാധി | അന്യദാ | ഇല്ലാത്തപ്പോൾ |
| സതി | ഉള്ളപ്പോൾമാത്രം | ന | കാണുന്നില്ല |

അതിനാൽ ഭേദദർശനം ഉപാധികൃതമാണെന്നു ഭാവം

അസംഗത്തിനും ആത്മരതിക്കും ഉള്ള മോക്ഷഹേതുത്വം 4 ശ്ലോകംകൊണ്ടു് പ്രതിപാദിച്ചശേഷം ഇനി നാലുശ്ലോകംകൊണ്ടു് അനാത്മരതിക്കുള്ള സംസാരഹേതുത്വം പറഞ്ഞുതുടങ്ങുന്നു.

30 ഇന്ദ്രിയൈർവിഷയാകൃഷ്ടൈരാക്ഷിപ്തം ധ്യായതാം മനഃ
ചേതനാം ഹരതേ ബുദ്ധേഃ സ്തംബസ്തോയമിവ ഹ്രദാത്.

| | |
|---|---|
| ധ്യായതാം | വിഷയഗുണങ്ങളെ അനുസ്മരിച്ചുകൊണ്ടിരിക്കുന്നവരുടെ |
| മനഃ | മനസ്സ് |
| വിഷയാകൃഷ്ടൈഃ | വിഷയങ്ങളാൽ ആകർഷിക്കപ്പെട്ടതായ |
| ഇന്ദ്രിയൈഃ | ഇന്ദ്രിയങ്ങളാൽ |
| ആക്ഷിപ്തം | ആകൃഷ്ടമായിട്ടു് |
| ബുദ്ധേഃ | ബുദ്ധിയിൽനിന്നു് |
| ചേതനാം | (അതിന്റെ ധർമ്മമായ) വിവേചനശക്തിയെ |
| സ്തംബഃ | (തീരത്തിലുള്ള) പുൽച്ചെടി |
| ഹ്രദാത് | ജലാശയത്തിൽനിന്നു് |
| തോയം ഇവ | ജലത്തെ എന്നപോലെ |
| ഹരതേ | ആന്തരമായി വലിച്ചെടുക്കുന്നു. |

31 ഭ്രശ്യത്യനു സ്മൃതിശ്ചിത്തം ജ്ഞാനഭ്രംശഃ സ്മൃതിക്ഷയേ
തദ്രോധം കവയഃ പ്രാഹുരാത്മാപഹ്നവമാത്മനഃ

| | |
|---|---|
| ചിത്തം അനു | ഇന്ദ്രിയാകൃഷ്ടമായ മനസ്സിനാൽ അപഹൃതചേതനമായ ബുദ്ധിയെ തുടർന്നു് |
| സ്മൃതിഃ | പൂർവ്വാപരാനുസന്ധാനം |
| ഭ്രശ്യതി | ഭ്രംശിക്കുന്നു |
| സ്മൃതിക്ഷയേ | സ്മൃതിഭ്രംശംവരുമ്പോൾ |
| ജ്ഞാനഭ്രംശഃ | ജ്ഞാനത്തിനു ഭ്രംശമായി. |
| തദ്രോധം | ആ ജ്ഞാനത്തിന്റെ ഭ്രംശത്തെ |
| കവയഃ | വിവേകികൾ |
| ആത്മനഃ | ആത്മാവിനെ നിമിത്തീകരിച്ചുണ്ടായ |
| ആത്മാപഹ്നവം | ആത്മാവിന്റെ നാശമായിട്ടു് |
| ആഹുഃ | പറയുന്നു. |

ഈ ‘ആത്മാപഹ്നവം’ ഉണ്ടായിക്കൊള്ളട്ടെ; അതുകൊണ്ടു് എന്തു് സംഭവിക്കും? എന്ന ചോദ്യത്തെ ആശങ്കിച്ചു് പറയുന്നു—

32 നാതഃ പരതരോ ലോകേ പുംസഃ സ്വാർത്ഥവ്യതിക്രമഃ
യദധ്യന്യസ്യ പ്രേയസ്ത്വമാത്മനഃ സ്വവ്യതിക്രമാത്.

| | |
|---|---|
| ലോകേ | ലോകത്തിൽ |
| പുംസഃ | മനുഷ്യനു് |
| യദധി | യാതൊന്നിനെ അധികരിച്ചാണോ |
| അന്യസ്യ | മററു വിഷയത്തിന്റെ |
| പ്രേയസ്ത്വം | അതിപ്രിയത്വം ഉണ്ടായതു്, |
| (തസ്യ) ആത്മനഃ | ആ ആത്മാവിനു് |
| സ്വവ്യതിക്രമാത് | തന്നെക്കൊണ്ടുതന്നെ ഉണ്ടാവുന്ന നാശത്താൽ സംഭവിക്കുന്ന |
| സ്വാർത്ഥ. വ്യതിക്രമഃ | തൻകാര്യദോഷമുണ്ടല്ലോ, |
| അതഃ | ഇതിനേക്കാൾ |
| പരതരഃ | കവിഞ്ഞതായിട്ടു് |
| ന | മറെറാന്നുമില്ല. |

കാരണം വ്യക്തമാക്കുന്നു—

33 അർത്ഥേന്ദ്രിയാർത്ഥാഭിധ്യാനം സർവ്വാർത്ഥാപഹ്നവോ നൃണാം
ഭ്രംശിതോ ജ്ഞാനവിജ്ഞാനാദ്യേനാവിശതി മുഖ്യതാം.

| | | | |
|---|---|---|---|
| അർത്ഥേന്ദ്രിയാർത്ഥാഭിധ്യാനം | അർത്ഥത്തെയും കാമത്തെയും കുറിച്ചുള്ള നിരന്തരാനുചിന്തനം | യേന | യാതൊരു ഈ അർത്ഥകാമചിന്തനത്താൽ |
| നൃണാം | മനുഷ്യർക്കു് | ജ്ഞാനവിജ്ഞാനാത് | ജ്ഞാനത്തിൽനിന്നും വിജ്ഞാനത്തിൽനിന്നും |
| സർവ്വാർത്ഥാപഹനവഃ | സമസ്ത പുരുഷാർത്ഥനാശകമായി ഭവിക്കുന്നു. | ഭ്രംശിതഃ | ഭ്രംശിപ്പിക്കപ്പെട്ടു് |
| | | മുഖ്യതാം | സ്ഥാവരതയെ |
| | | ആവിശതി | പ്രാപിക്കുന്നു. |

അനാത്മരതിയുടെ അനർത്ഥഹേതുത്വം പറഞ്ഞുകഴിഞ്ഞു. ഇനി സംഗത്തെ സംബന്ധിച്ചു് പറയുന്നു—

34 ന കുര്യാത് കർഹിചിത് സംഗം തമസ്തീവ്രം തിതീരിഷുഃ
ധർമ്മാർത്ഥകാമമോക്ഷാണാം യദത്യന്തവിഘാതകം.

| | | | |
|---|---|---|---|
| തീവ്രം തമഃ | നരകദുഃഖമാവുന്ന ഘോരാന്ധകാരത്തെ | യത് അത്യന്തവിഘാതകം | യാതൊന്നു് അത്യധികം തടസ്സമായി നില്ക്കുന്നുവോ, |
| തിതീരിഷുഃ | തരണംചെയ്യുവാനാഗ്രഹമുള്ളവൻ | (തസ്മിൻ) | അപ്രകാരമുള്ളതിൽ |
| ധർമ്മാർത്ഥകാമമോക്ഷാണാം | ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ നാലു പുരുഷാർത്ഥങ്ങൾക്കും | കർഹിചിത് | ഒരിക്കലും |
| | | സംഗം | ആസക്തിയെ |
| | | ന കുര്യാത് | ചെയ്യരുതു്. |

'നാലു് പുരുഷാർത്ഥങ്ങൾക്ക്' എന്നു് ഒന്നിച്ചു് പറഞ്ഞതുകൊണ്ടു് നാലും തുല്യമാണെന്നു് ധരിക്കരുതെന്നു് താഴെ ചൂണ്ടിക്കാണിക്കുന്നു.

35 തത്രാപി മോക്ഷ ഏവാർത്ഥ ആത്യന്തികതയേഷ്യതേ
ത്രൈവർഗ്ഗ്യോऽർത്ഥോ യതോ നിത്യം കൃതാന്തഭയസംയുതഃ

| | | | |
|---|---|---|---|
| തത്രാപി | അതിലും | യതഃ | എന്തെന്നാൽ, |
| മോക്ഷഃ | മോക്ഷമെന്ന | നിത്യം | എപ്പോഴും |
| അർത്ഥഃ ഏവ | പുരുഷാർത്ഥം മാത്രമേ | ത്രൈവർഗ്ഗ്യഃ | ത്രിവർഗ്ഗത്തിലുൾപ്പെട്ട |
| ആത്യന്തികതയാ | ശാശ്വതത്വേന | അർത്ഥഃ | പുരുഷാർത്ഥം |
| ഇഷ്യതേ | കരുതപ്പെടുന്നുള്ളു. | കൃതാന്തഭയസംയുതഃ | കാലഭയമുള്ളതാകുന്നു. (നശ്വരമാകുന്നു.) |

ഈ കാലഭയത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു—

36 പരേऽവരേ ച യേ ഭാവാ ഗുണവ്യതികരാദനു
ന തേഷാം വിദ്യതേ ക്ഷേമമീശവിധ്വംസിതാശിഷാം

| | |
|---|---|
| പരേ | ഉയൎന്നവയും |
| അവരേ ച | താഴ്ന്നവയുമായി |
| യേ ഭാവാഃ | യാവചിലസൃഷ്ടികൾ |
| ഗുണവ്യതി-കരാത് | സത്വാദിഗുണങ്ങളുടെ വിക്ഷോഭം ഹേതുവായി |
| അനു | തുടൎന്നുണ്ടായിക്കൊണ്ടിരിക്കുന്നുവോ, |
| ഈശവിധ്വം-സിതാശിഷാം | കാലശക്തിയാൽ തകൎക്കപ്പെട്ട ഇഷ്ടനില്പോടു കൂടിയ |
| തേഷാം | അവയെല്ലാറ്റിന്നും |
| ക്ഷേമം | ശാശ്വതരക്ഷ |
| ന വിദ്യതേ | ഉണ്ടാകയില്ല. |

37 ത്വം നരേന്ദ്ര ജഗതാമഥ തസ്ഥുഷാം ച
ദേഹേന്ദ്രിയാസുധിഷണാത്മഭിരാവൃതാനാം
യഃ ക്ഷേത്രവിത്തപതയാ ഹൃദി വിഷ്വഗാവിഃ
പ്രത്യക് ചകാസ്തി ഭഗവാംസ്തമേഹി സോഽസ്മി.

| | |
|---|---|
| നരേന്ദ്ര | രാജാവേ! |
| തത് | അതുഹേതുവായിട്ടു്, |
| ത്വം | അങ്ങു് |
| ദേഹേന്ദ്രിയാ-സുധിഷണാ-ത്മഭിഃ | ദേഹം, ഇന്ദ്രിയങ്ങൾ, പ്രാണൻ, ബുദ്ധി, അഹങ്കാരം എന്നിവയാൽ |
| ആവൃതാനാം | ആവരണം ചെയ്യപ്പെട്ടിരിക്കുന്ന |
| ജഗതാം | ജംഗമങ്ങളുടെയും |
| അഥ | ആവിധം |
| തസ്ഥുഷാം ച | സ്ഥാവരങ്ങളുടെയും |
| ഹൃദി | ഹൃദയത്തിൽ |
| യഃ ഭഗവാൻ | യാതൊരു ഭഗവാൻ |
| ക്ഷേത്രവി-ത്തപതയാ | അന്തൎയ്യാമിയായി ക്ഷേത്രജ്ഞനെ തപിപ്പിക്കുന്നവൻ (ജീവനെ നിയന്ത്രിക്കുന്നവൻ) എന്ന നിലയോടെ വൎത്തിച്ചു് |
| ആവിഃ | ബോധാത്മകനായും |
| പ്രത്യക് | പ്രത്യഗാത്മാവായും |
| വിഷ്വക് | വ്യാപകനായും |
| ചകാസ്തി | പ്രകാശിക്കുന്നുവോ, |
| തം | ആ സൎവ്വേശ്വരനെ |
| സഃ അസ്മി | "ആ സൎവ്വേശ്വരൻ തന്നെയാണു് ഞാൻ" എന്ന അഭേദഭാവത്തിൽ |
| അവേഹി | അറിഞ്ഞാലും. |

"സ്ഥാവരജംഗമങ്ങളുടെ ഹൃദയത്തിൽ പ്രകാശിക്കുന്നവൻ" എന്നാണു് പറഞ്ഞതു്. അപ്പോൾ അവയുടെ സത്തയും തൽസംബന്ധത്താൽ മാലിന്യവും ഈശ്വരന്നു് വരികയില്ലേ? — ഈ ആശങ്ക അസ്ഥാനത്തെന്നു് കാണിച്ചു് ഭക്തിപൂൎവ്വം പ്രണമിക്കുന്നു—

38 യസ്മിന്നിദം സദസദാത്മതയാ വിഭാതി
മായാ വിവേകവിധുതി സ്രജി വാഽഹിബുദ്ധിഃ
തം നിത്യമുക്തപരിശുദ്ധവിബുദ്ധതത്ത്വം
പ്രത്യൂഢകൎമ്മകലിലപ്രകൃതിം പ്രപദ്യേ.

| | |
|---|---|
| യസ്മിൻ | യാതൊരീശ്വരനിൽ |
| മായാ | മായയെന്നതു് |
| സദസദാ-ത്മതയാ | കാൎയ്യകാരണഭാവത്തോടു കൂടി, |
| വിവേക-വിധുതി | ആത്മജ്ഞാനംകൊണ്ടു് മാഞ്ഞുപോകുന്ന |
| ഇദം | ഈ വിശ്വമായിട്ടു് |
| സ്രജി | പൂമാലയിൽ |

| | | | |
|---|---|---|---|
| അഹിബുധ്നിഃ | സർപ്പമെന്നുതോന്നൽ | പ്രത്യൂഢകർമ്മ- | കർമ്മങ്ങളാൽ മലിന |
| വാ | ഉണ്ടാകുന്നപോലെ | കലില- | മായ പ്രകൃതിയെ അഭി |
| വിഭാതി | വിശേഷേണ ഭാസി | പ്രകൃതിം | ഭവിപ്പിച്ചിരിക്കുന്ന |
| | ക്കുന്നുവോ, | | |
| നിത്യമുക്ത- | നിത്യമുക്തവും, നിത്യ | തം | ആ സർവ്വേശ്വരനെ |
| പരിശുദ്ധ- | ശുദ്ധവും, നിത്യവിബു | | |
| വിബുദ്ധതത്ത്വം | ദ്ധവുമായ സത്യ | പ്രപദ്യേ | ശരണം പ്രാപിക്കുന്നു. |
| | സ്വരൂപമായി | | |

ഈശ്വരനെ 'സോഹംഭാവേന' അറിയുക എന്ന ജ്ഞാനമാർഗ്ഗം ദുഷ്കരമാകയാൽ ഇനി രണ്ടുശ്ലോകംകൊണ്ടു് ഭക്തിയെ ഉപദേശിക്കുന്നു.

39 യത്പാദപങ്കജപലാശവിലാസഭക്ത്യാ
കർമ്മാശയം ഗ്രഥിതമുദ്ഗ്രഥയന്തി സന്തഃ
തദ്വന്ന രിക്തമതയോ യതയോഽപി രുദ്ധ-
സ്രോതോഗണാസ്തമരണം ഭജ വാസുദേവം

| | | | |
|---|---|---|---|
| സന്തഃ | സജ്ജനങ്ങൾ | ഉദ്ഗ്രഥയന്തി | അറുത്തെറിയുന്നുവോ, |
| യത്പാദ- | യാതൊരുവന്റെ പാദ | തദ്വത് | അപ്രകാരം |
| പങ്കജപലാശ- | പങ്കജനഖദളകാന്തിയി | രിക്തമതയഃ | നിർവിഷയബുദ്ധികളും |
| വിലാസഭക്ത്യാ | ലമർന്ന അനുസ്മരണം | രുദ്ധസ്രോതോ- | പ്രത്യാഹരിക്കപ്പെട്ട ഇ |
| | കൊണ്ടു്, | ഗണാഃ | ന്ദ്രിയസംഘാതത്തോടു |
| ഗ്രഥിതം | കർമ്മങ്ങളാൽ ബന്ധിക്ക | | കൂടിയവരുമായ |
| | പ്പെട്ട | യതയഃ അപി | യോഗികൾക്കൂടിയും |
| കർമ്മാശയം | അഹംകാരരൂപമായ | ന (ശക്താഃ) | ശക്തരാകുന്നില്ലയോ, |
| | ഹൃദയഗ്രന്ഥിയെ | തം വാസുദേവം | ആ ശ്രീവാസുദേവനെ |
| (യദ്വത്) | എപ്രകാരം | അരണം ഭജ | ശരണമായി ഭജിക്കുക. |

ഹൃദയഗ്രന്ഥിയുടെ ഉദ്ഗ്രഥനം യതികൾക്കുകൂടി സാധിക്കുന്നില്ലെന്നു പറയാമോ? 'ബ്രഹ്മവിദാപ്നോതി പരം' ഇത്യാദി ശ്രുതിവചനമുണ്ടല്ലോ എന്ന ശങ്കയെ പരിഹരിക്കുന്നു

40 കൃച്ഛ്രോ മഹാനിഹ ഭവാർണ്ണമപ്ലവേശാം
ഷഡ്വർഗനക്രമസുഖേന തിതീർഷന്തി
തത്ത്വം ഹരേർഭഗവതോ ഭജനീയമംഘ്രിം
കൃത്വോഡുപം വ്യസനമുത്തര ദുസ്തരാർണ്ണം

| | | | |
|---|---|---|---|
| അപ്ലവേശാം | സംസാരസാഗരതരണ | മഹാൻ | വലിയ |
| | ത്തിനു് ഹേതുവായ | കൃച്ഛ്രഃ | കഷ്ടപ്പാടുണ്ടാകും |
| | ഈശ്വരനില്ലാത്തവർക്കു് | (തേ) | അവർ |
| ഇഹ | ഇതിൽ | ഷഡ്വർഗ- | ഇന്ദ്രിയ ഷൾകമാവുന്ന |
| | (തരണവിഷയത്തിൽ) | നക്രം | മുതലകളുള്ള |

| | |
|---|---|
| ഭവാർണ്ണവം | സംസാരസാഗരത്തെ |
| അസുഖേന | യോഗസാധനാദി വിഷമമാർഗ്ഗത്തിലൂടെ |
| തിതീരിഷന്തി | കടക്കുവാനാശിക്കുന്നു |
| തത് | അതുകൊണ്ടു് |
| ത്വം | അങ്ങു് |
| ഭഗവതഃ | സർവ്വൈശ്വര്യാദി ഷഡ്ഗുണനിലയമായ |
| ഹരേഃ | ശ്രീഹരിയുടെ |
| ഭജനീയം | ഭജനാർഹമായ |
| അംഘ്രിം | ശ്രീപാദത്തെ |
| ഉഡുപം | യാനപാത്രം (കപ്പൽ) ആക്കി |
| കൃത്വാ | പരികല്പിച്ചു് |
| വ്യസനം | ദുഃഖബഹുളവും |
| ദുസ്തരാർണ്ണം | ദുസ്തരവുമായ സംസാരസാഗരത്തെ |
| ഉത്തര | കടന്നാലും. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

41 ഏവം സ ബ്രഹ്മപുത്രേണ കുമാരേണാത്മമേധസാ
ദർശിതാത്മഗതിഃ സമ്യക് പ്രശസ്യോവാച തം നൃപഃ

| | |
|---|---|
| ഏവം | ഇപ്രകാരം |
| സഃ നൃപഃ | ആ രാജാവു് |
| ബ്രഹ്മപുത്രേണ | ബ്രഹ്മാവിന്റെ പുത്രനും |
| ആത്മമേധസാ | ആത്മജ്ഞാനിയുമായ |
| കുമാരേണ | സനത്കുമാരനാൽ |
| സമ്യക് | ശരിയാംവിധം |
| ദർശിതാത്മഗതിഃ | ഉപദേശിക്കപ്പെട്ട ആത്മജ്ഞാനത്തോടുകൂടിയവനായിട്ടു്, |
| തം | അദ്ദേഹത്തെ |
| പ്രശസ്യ | പ്രശംസിച്ചു് |
| ഉവാച | പറഞ്ഞു |

രാജോവാച = രാജാവു് പറഞ്ഞു—

42 കൃതോ മേഽനുഗ്രഹഃ പൂർവ്വം ഹരിണാർത്താനുകംപിനാ
തമാപാദയിതും ബ്രഹ്മൻ ഭഗവൻ യൂയമാഗതാഃ.

| | |
|---|---|
| ഭഗവൻ | ഹേ ജ്ഞാനനിധേ ! |
| ബ്രഹ്മൻ | ബ്രഹ്മസ്വരൂപ ! |
| പൂർവ്വം | മുമ്പുതന്നെ |
| മേ | എനിക്കു് |
| ആർത്താനുകംപിനാ | ദീനദയാലുവായ |
| ഹരിണാ | ശ്രീഹരിയാൽ |
| അനുഗ്രഹഃ | അനുഗ്രഹം |
| കൃതഃ | ചെയ്യപ്പെട്ടതാണു്. |
| തം | അതിനെ |
| ആപാദയിതും | നിറവേററുവാൻ വേണ്ടി |
| യൂയം | ഭവാന്മാർ |
| ആഗതാഃ | വന്നുചേർന്നതാണല്ലോ. |

43 നിഷ്പാദിതശ്ച കാർത്സ്ന്യേന ഭഗവദ്ഭിർഘൃണാലുഭിഃ
സാധൂച്ഛിഷ്ടം ഹി മേ സർവ്വമാത്മനാ സഹ കിം ദദേ

| | |
|---|---|
| ഘൃണാലുഭിഃ | കാരുണികന്മാരായ |
| ഭഗവദ്ഭിഃ | ഭവാന്മാരാൽ |
| കാർത്സ്ന്യേന | അതു് തികച്ചും |
| നിഷ്പാദിതഃ ച | നിറവേററപ്പെടുകയും ഉണ്ടായി. |

| | | | |
|---|---|---|---|
| മേ സർവ്വം | എന്റേതെല്ലാം | ഹി | അതിനാൽ |
| ആത്മനാ സഹ | ഉടലോടുകൂടിത്തന്നെ | | |
| സാധൂച്ഛിഷ്ടം | സജ്ജനങ്ങളുടെ ഉച്ഛിഷ്ടമാണു്. | കിം ദദേ | ഞാനെന്തുതരട്ടെ. |

എന്റെ ശരീരമുൾപ്പെടെയുള്ള സർവ്വസ്വവും സത്തുക്കൾക്കു് കൊടുത്തു്, അവർ സ്വീകരിച്ചു് പ്രസാദരൂപേണ എനിക്കു് തന്നിട്ടുള്ളതാണു്. അതിനാൽ സ്വന്തമായിട്ടൊന്നുമില്ലാത്തവൻ ഭവാന്മാൎക്കു് ഗുരുദക്ഷിണയായിട്ടു് എന്തു് തരട്ടെ—എന്നു് ഭാവാൎത്ഥം.

44 പ്രാണാ ദാരാ സുതാ ബ്രഹ്മൻ ഗൃഹാശ്ച സപരിച്ഛദാഃ
രാജ്യം ബലം മഹീ കോശ ഇതി സർവ്വം നിവേദിതം

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മൎഷേ ! | രാജ്യം | രാജാധികാരം, |
| പ്രാണാഃ | ജീവൻ, | ബലം മഹീ | സൈന്യം, ഭൂമി |
| ദാരാഃ സുതാഃ | പത്നി, പുത്രന്മാർ, | കോശഃ ച | ഖജാന |
| സപരിച്ഛദാഃ | സർവ്വോപകരണസഹിതങ്ങളായ | ഇതി സർവ്വം | എന്നുള്ളതെല്ലാം |
| ഗൃഹാഃ | ഭവനങ്ങൾ, | നിവേദിതം | നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു |

എന്റേതായി കാണുന്നതെല്ലാം സൽപുരുഷന്മാരായ ഭവാന്മാരുടെ പ്രസാദോച്ഛിഷ്ടമാണു്. തന്നതു് തിരികെക്കൊടുത്താൽ ദാനമാകയില്ല. അതിനാൽ നിവേദനം മാത്രം ചെയ്യുന്നു എന്നു് സാരം. (ഒരാളുടെ വസ്തു ആയാൾക്കുതന്നെ സമൎപ്പിക്കുക എന്നതാണു് നിവേദനം. ഭൃത്യൻ പ്രഭുവിനു് വെററിലച്ചുരുൾ കൊടുക്കുന്നപോലെ ഇവിടെ സേവനത്തിന്റെ അൎപ്പണം മാത്രമേയുള്ളു. ദ്രവ്യാൎപ്പണമില്ല.)

ഇനി രണ്ടു് ശ്ലോകങ്ങളാൽ രാജാവു് തന്റെ നില വ്യാഖ്യാനിച്ചു് പറയുന്നു.

45 സൈനാപത്യം ച രാജ്യം ച ദണ്ഡനേതൃത്വമേവ ച
സർവ്വലോകാധിപത്യം ച വേദശാസ്ത്രവിദൎഹതി.

| | | | |
|---|---|---|---|
| സൈനാപത്യം ച | സേനാനായകത്വവും | സർവ്വലോകാധിപത്യം ച | സർവ്വലോകപാലകൻ എന്ന പദവിയും |
| രാജ്യം ച | രാജാധികാരവും | വേദശാസ്ത്രവിത് | വേദശാസ്ത്രജ്ഞനായ ബ്രാഹ്മണൻ മാത്രം |
| ദണ്ഡനേതൃത്വം ഏവ ച | ദണ്ഡനാധികാരി എന്ന നിലതന്നെയും | അൎഹതി | അൎഹിക്കുന്നു. |

46 സ്വമേവ ബ്രാഹ്മണോ ഭുങ്ക്തേ സ്വം വസ്തേ സ്വം ദദാതി ച
തസ്യൈവാനുഗ്രഹേണാന്നം ഭുഞ്ജതേ ക്ഷത്രിയാദയഃ

| | | | |
|---|---|---|---|
| ബ്രാഹ്മണഃ | ബ്രാഹ്മണൻ | ഭുങ്ക്തേ | ഭക്ഷിക്കുന്നു; |
| സ്വം ഏവ | തന്റേതുമാത്രം | സ്വം വസ്തേ | തന്റേതു് ഉടുക്കുന്നു; |

| | | | |
|---|---|---|---|
| സ്വം | തന്റേതു് | അനുഗ്രഹേണ ഏവ | അനുഗ്രഹംകൊണ്ടു മാത്രമാണു് |
| ദദാതി ച | കൊടുക്കയും ചെയ്യുന്നു. | ക്ഷത്രിയാദയഃ | ക്ഷത്രിയാദികൾ |
| തസ്യ | അവന്റെ | അന്നം ഭുങ്ക്തേ | അന്നംഭക്ഷിക്കുന്നതു് |

അഥവാ, സ്വത്വമുണ്ടെന്നുതന്നെ ഇരിക്കട്ടെ. എന്നാലും സർവ്വസ്വദാനം ചെയ്താൽക്കൂടി ഗുരുവിനു് പ്രത്യുപകാരമാകയില്ലെന്നു് ഇനി പറയുന്നു.

47 യൈരീദൃശീ ഭഗവതോ ഗതിരാത്മവാദ-
ഏകാന്തതോ നിഗമിഭിഃ പ്രതിപാദിതാ നഃ
തുഷ്യന്ത്വദഭ്രകരുണാഃ സ്വകൃതേന നിത്യം
കോ നാമ തത്പ്രതികരോതി വിനോദപാത്രം.

| | | | |
|---|---|---|---|
| ആത്മവാദേ | അധ്യാത്മവിചാര വിഷയത്തിൽ | അദഭ്രകരുണാഃ | അനല്പകരുണാശാലികളായ അവർ |
| ഭഗവതഃ | ഭഗവൽസംബന്ധമായ | സ്വകൃതേന | സ്വന്തം സൽകർമ്മത്താൽതന്നെ |
| ഗതിഃ | വിശിഷ്ടജ്ഞാനം | നിത്യം | എന്നെന്നും |
| ഏകാന്തതഃ | നിശ്ചയരൂപത്തിൽ | തുഷ്യന്തു | സന്തുഷ്ടരാകട്ടെ |
| ഈദൃശീ | ഇന്നപ്രകാരമാണെന്നു് | ഉദപാത്രം വിനാ | അഞ്ജലിബന്ധംചെയ്യുക എന്നതല്ലാതെ |
| യൈഃ | യാതൊരു | കോ നാമ | ആരാണു് |
| നിഗമിഭിഃ | വേദവിത്തുകളാൽ | തത്പ്രതികരോതി | അവരുടെ ഉപകാരത്തിനു് പകരം ഉപകാരം ചെയ്യുക? |
| നഃ | നമുക്കു് | | |
| പ്രതിപാദിതാ | ഉപദേശിക്കപ്പെട്ടുവോ, | | |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

48 ത ആത്മയോഗപതയ ആദിരാജേന പൂജിതാഃ
ശീലം തദീയം ശംസന്തഃ ഖേഽഭ്രുവന്മിഷതാം നൃണാം

| | | | |
|---|---|---|---|
| ആത്മയോഗപതയഃ | അധ്യാത്മയോഗേശ്വരന്മാരായ | ശീലം | സ്വഭാവഗുണത്തെ |
| തേ | ആ സനകാദികൾ | ശംസന്തഃ | പുകഴ്ത്തിക്കൊണ്ടു് |
| ആദിരാജേന | പൃഥുചക്രവർത്തിയാൽ | നൃണാം | ജനങ്ങളെല്ലാം |
| പൂജിതാഃ | പൂജിതരായി, | മിഷതാം | നോക്കിനില്ക്കേ, |
| തദീയം | അദ്ദേഹത്തിന്റെ | ഖേ അഭ്രുവൻ | ആകാശത്തിലേക്കുയൎന്നു. |

49 വൈന്യസ്തു ധുര്യോ മഹതാം സംസ്ഥിത്യാധ്യാത്മശിക്ഷയാ
ആപ്തകാമമിവാത്മാനം മേന ആത്മന്യവസ്ഥിതഃ

| | | | |
|---|---|---|---|
| മഹതാം | മഹാത്മാക്കളിൽ | ആത്മനി | ആത്മാവിൽ |
| ധുര്യഃ | പ്രമുഖനായ | സംസ്ഥിതഃ | നിഷ്ഠയോടിരുന്നു് |
| വൈന്യഃ തു | പൃഥു ചക്രവൎത്തിയാകട്ടെ | ആത്മാനം | തന്നെക്കുറിച്ചു് |
| അധ്യാത്മ-ശിക്ഷയാ | അധ്യാത്മസംബന്ധമായ ശിക്ഷണംകൊണ്ടു് | ആപ്തകാമം ഇവ മേനേ | സൎവ്വാഭിലാഷവും സാധിച്ചവനെന്നപോലെ കരുതി. |
| സംസ്ഥിത്യാ | ഏകാഗ്രതയോടെ | | |

50 കൎമ്മാണി ച യഥാകാലം യഥാദേശം യഥാബലം
യഥോചിതം യഥാവിത്തമകരോദ്ബ്രഹ്മസാത്കൃതം.

| | | | |
|---|---|---|---|
| കൎമ്മാണി ച | കൎമ്മങ്ങളേയും | യഥോചിതം | ഉചിതംപോലെയും |
| യഥാകാലം | കാലത്തിനൊത്തും, | | |
| യഥാദേശം | ദേശത്തിനൊത്തും, | ബ്രഹ്മസാത്-കൃതം | ബ്രഹ്മാൎപ്പിതമാകും വണ്ണം |
| യഥാബലം | ശക്തിക്കനുസരിച്ചും, | | |
| യഥാവിത്തം | ധനത്തിനനുസരിച്ചും | അകരോത് | അനുഷ്ഠിച്ചു. |

51 ഫലം ബ്രഹ്മണി വിന്യസ്യ നിൎവിഷംഗഃ സമാഹിതഃ
കൎമ്മാധ്യക്ഷം ച മനചാന ആത്മാനം പ്രകൃതേഃ പരം

52 ഗൃഹേഷു വൎത്തമാനോഽപി സ സാമ്രാജ്യശ്രിയാനചിതഃ
നാസജ്ജതേന്ദ്രിയാൎത്ഥേഷു നിരഹംമതിരൎക്കവത്.

| | | | |
|---|---|---|---|
| ഫലം | കൎമ്മഫലത്തെ | സാമ്രാജ്യശ്രിയാ | സാമ്രാജ്യലക്ഷ്മിയോടു് |
| ബ്രഹ്മണി | ബ്രഹ്മത്തിൽ | അനചിതഃ | സമനചിതനായി |
| വിന്യസ്യ | അൎപ്പിച്ചു്, | ഗൃഹേഷു | ഗൃഹസ്ഥവൃത്തികളിൽ |
| നിൎവിഷംഗഃ | കൎമ്മങ്ങളിൽ അനാസക്തനായിരുന്നുകൊണ്ടും, | വൎത്തമാനഃ | വൎത്തിക്കുന്നവൻ |
| | | അപി | ആയിട്ടുകൂടിയും |
| സമാഹിതഃ | ചിത്തൈകാഗ്രതയോടെ ഇരുന്നു് | നിരഹംമതിഃ | അഹന്താബുദ്ധി കൈവിട്ടുകൊണ്ടും, |
| ആത്മാനം | ആത്മാവിനെ | സഃ | അദ്ദേഹം |
| പ്രകൃതേഃ | പ്രകൃതിയിൽനിന്നു് | അൎക്കവത് | സൂൎയ്യനെപ്പോലെ |
| പരം | അതീതമായി നിലകൊള്ളുന്ന | ഇന്ദ്രിയാൎത്ഥേഷു | ഇന്ദ്രിയവിഷയങ്ങളിൽ |
| കൎമ്മാധ്യക്ഷം | കൎമ്മസാക്ഷിയായി | ന അസജ്ജത | ആസക്തനാകാതെ വൎത്തിച്ചു. |
| മനചാനഃ ച | കരുതിക്കൊണ്ടും | | |

53 ഏവമധ്യാത്മയോഗേന കൎമ്മാണ്യനുസമാചരൻ
പുത്രാനുത്പാദയാമാസ പഞ്ചാൎച്ചിഷ്യാത്മസമ്മതാൻ
വിജിതാശചം ധൂമ്രകേശം ഹൎയ്യക്ഷം ദ്രവിണം വൃകം

| | | | |
|---|---|---|---|
| ഏവം | ഈ വിധം | ആത്മസമ്മതാൻ | തനിക്കൊത്തവരായ |
| അധ്യാത്മ-യോഗേന | വിഷയവ്യാവൎത്തിതവും ആത്മനിഷ്ഠവുമായ ചിത്തവൃത്തിയോടെ | പഞ്ച പുത്രാൻ | അഞ്ചു് പുത്രന്മാരെ— |
| | | വിജിതാശ്വം | വിജിതാശ്വൻ, |
| | | ധൂമ്രകേശം | ധൂമ്രകേശൻ, |
| കൎമ്മാണി | കൎമ്മങ്ങളെ | ഹൎയ്യക്ഷം | ഹൎയ്യക്ഷൻ, |
| അനുസമാചരൻ | അനുദിനം സമാചരിച്ചു കൊണ്ടു്, | ദ്രവിണം | ദ്രവിണൻ, |
| | | വൃകം | വൃകൻ എന്നിവരെ |
| അൎച്ചിഷി | 'അൎച്ചിസ്സ്'ന്ന പത്നിയിൽ | ഉത്പാദയാമാസ | ഉല്പാദിപ്പിച്ചു. |

54 സൎവ്വേഷാം ലോകപാലാനാം ദധാരൈകഃ പൃഥുൎഗ്ഗുണാൻ
ഗോപീഥായ ജഗത്സ്രഷ്ടുഃ കാലേ സ്വേ സ്വേഽച്യുതാത്മകഃ.

| | | | |
|---|---|---|---|
| അച്യുതാത്മകഃ | വിഷ്ണുകലാവതീൎണ്ണനായ | കാലേ | കാലത്തിങ്കൽ |
| പൃഥുഃ | പൃഥുചക്രവൎത്തി | ഏകഃ (സൻ) | താനൊററയ്ക്കു് |
| ജഗത്സ്രഷ്ടുഃ | ലോകത്തിലുള്ള സൃഷ്ടിവൎഗ്ഗത്തിന്റെ | സൎവ്വേഷാം | എല്ലാ |
| | | ലോകപാലാനാം | ലോകപാലന്മാരുടെയും |
| ഗോപീഥായ | പാലനത്തിന്നായി | ഗുണാൻ | ഗുണങ്ങളെ |
| സ്വേ സ്വേ | അതാതു് | ദധാര | ധരിച്ചിരുന്നു. |

55 മനോവാഗ്വൃത്തിഭിഃ സൌമ്യൈൎഗ്ഗുണൈഃ സംരഞ്ജയൻപ്രജാഃ
രാജേത്യധാന്നാമധേയം സോമരാജ ഇവാപരഃ.

| | | | |
|---|---|---|---|
| സൌമ്യൈഃ | മധുരാകൎഷകങ്ങളായ | നാമധേയം | അനൎത്ഥസംജ്ഞയെ |
| ഗുണൈഃ | ഗുണങ്ങളോടുകൂടിയ | അപരഃ | മറെറാരു |
| മനോവാഗ്-വൃത്തിഭിഃ | മനോവാക്കൎമ്മങ്ങളാം കൊണ്ടു് | സോമരാജഃ | സോമരാജൻ (ജനമനോല്ലാസകരനായ പൂൎണ്ണചന്ദ്രൻ) |
| പ്രജാഃ | ജനങ്ങളെ | | |
| സംരഞ്ജയൻ | വേണ്ടവിധം അനുരഞ്ജിപ്പിച്ചു് | ഇവ | എന്നതുപോലെ |
| രാജാ ഇതി | 'രാജാവു്' എന്നുള്ള * | അധാത് | ധരിച്ചു. |

* 'രാജാ' എന്ന വാക്കു് യോഗരൂഢിയാണു്. രഞ്ജിപ്പിക്കുന്നവൻ എന്നു് യൌഗികാൎത്ഥം. (രഞ്ജയതി ഇതി രാജാ)

56 ദുരാസദസ്ത്വാസ്ഥിതസ്തു ... 

57 തിതിക്ഷയാ ധരിത്രീവ ദ്യൌരിവാഭീഷ്ടദോ നൃണാം

| | | | |
|---|---|---|---|
| ഭുവഃ | ഭൂമിയിൽനിന്നു് | ദുർധർഷഃ | അധൃഷ്യനും, |
| വസു | ധനത്തെ | മഹേന്ദ്രഃ ഇവ | ഇന്ദ്രനെപ്പോലെ |
| ഗൃഹ്ണൻ | പിരിച്ചെടുത്തും | ദുർജയഃ | അജയ്യനും ആയിരുന്നു. |
| വിസൃജൻ ച | വിതരണംചെയ്തും | തിതിക്ഷയാ | ക്ഷമകൊണ്ടു് |
| സൂര്യവത് | സൂര്യനെപ്പോലെ | ധരിത്രീ ഇവ | ഭൂമിതുല്യനായിരുന്നു. |
| പ്രതപൻ | സമുജ്ജ്വലിച്ചുകൊണ്ടിരുന്നു. | ദ്യൗഃ ഇവ | സ്വർഗ്ഗലോകംപോലെ |
| തേജസാ | തേജസ്സുകൊണ്ടു് | നൃണാം | ജനങ്ങൾക്കു് |
| അഗ്നിഃ ഇവ | അഗ്നിയെപ്പോലെ | അഭീഷ്ടദഃ | വാഞ്ഛിതാർത്ഥപ്രദനായിരുന്നു. |

58 വർഷതി സ്മ യഥാകാമം പർജ്ജന്യ ഇവ തർപ്പയൻ
സമുദ്ര ഇവ ദുർബ്ബോധഃ സത്ത്വേനാചലരാഡിവ

| | | | |
|---|---|---|---|
| പർജന്യഃ ഇവ | പർജന്യൻ (വൃഷ്ടിദേവൻ) എന്നപോലെ | ദുർബോധഃ | ആഴം അറിയുവാനാവാത്തവനായിരുന്നു. |
| യഥാകാമം | ഇച്ഛയ്ക്കൊത്തവിധം | സത്ത്വേന | കരുത്തുകൊണ്ടു് |
| തർപ്പയൻ | തൃപ്തിയേകിക്കൊണ്ടു് | അചലരാട് | മഹാമേരുപർവ്വതം |
| വർഷതി സ്മ | വാരിച്ചൊരിഞ്ഞിരുന്നു. | | |
| സമുദ്രഃ ഇവ | സമുദ്രംപോലെ | ഇവ (ആസീത്) | പോലെയും ആയിരുന്നു. |

59 ധർമ്മരാഡിവ ശിക്ഷായാമാശ്ചര്യേ ഹിമവാനിവ
കുബേര ഇവ കോശാഢ്യോ ഗുപ്താർത്ഥോ വരുണോ യഥാ.

| | | | |
|---|---|---|---|
| ശിക്ഷായാം | ശിക്ഷണത്തിൽ | കുബേരഃ ഇവ | കുബേരനെപ്പോലെ |
| ധർമ്മരാട് ഇവ | ധർമ്മരാജനെപ്പോലെയും | കോശാഢ്യഃ | ധനാഢ്യനും |
| ആശ്ചര്യേ | അദ്ഭുതാവഹവിഷയത്തിൽ | വരുണഃ യഥാ | വരുണനെപ്പോലെ |
| | | ഗുപ്താർത്ഥഃ | മറച്ചുസൂക്ഷിച്ച സമ്പൽസ്ഥിതിയോടുകൂടിയവനമായിരുന്നു. |
| ഹിമവാൻ | ഹിമാലയപർവ്വതം | | |
| ഇവ (ആസീത്) | പോലെയും ആയിരുന്നു. | | |

60 മാതരിശ്വേവ സർവ്വാത്മാ ബലേന സഹസൗജസാ
അവിഷഹ്യതയാ ദേവോ ഭഗവാൻ ഭൂതരാഡിവ

| | | | |
|---|---|---|---|
| ബലേന | ഊക്കിനാലും | അവിഷഹ്യതയാ | ദുസ്സഹമായ ഉഗ്രവീര്യത്താൽ |
| സഹസാ | ഉൾക്കരുത്തിനാലും | | |
| ഓജസാ | ഊർജസ്വലതയാലും | ഭഗവാൻ | ഭഗവാനായ |
| സർവ്വാത്മാ | സർവ്വഗനായ | | |
| മാതരിശ്വാ ഇവ | വായുവെപ്പോലെ ആയിരുന്നു. | ഭൂതരാട്, ദേവഃ ഇവ | ശ്രീരുദ്രനെപ്പോലെയും ആയിരുന്നു. |

61 കന്ദൎപ്പ ഇവ സൗന്ദൎയ്യേ മനസ്വീ മൃഗരാഡിവ
വാത്സല്യേ മനുവന്നൄണാം പ്രഭുത്വേ ഭഗവാനജഃ.

| | | | |
|---|---|---|---|
| സൗന്ദൎയ്യേ | സൗന്ദൎയ്യത്തിൽ | നൄണാം | ജനങ്ങളുടെ |
| കന്ദൎപ്പഃ | കാമദേവൻ | വാത്സല്യേ | വാത്സല്യത്തിൽ |
| ഇവ (ആസീത്) | പോലെയായിരുന്നു. | മനുവത് | മനുവെപ്പോലെയും |
| മൃഗരാട് ഇവ | സിംഹംപോലെ | പ്രഭുത്വേ | രാജസ്വൈഭത്തിൽ |
| മനസ്വീ | ഉൽക്കൎഷത്തോടുകൂടിയവനായിരുന്നു. | ഭഗവാൻ അജഃ | ബ്രഹ്മദേവോപമനായും വൎത്തിച്ചിരുന്നു. |

62 ബൃഹസ്പതിൎബ്രഹ്മവാദേ ആത്മവത്ത്വേ സ്വയം ഹരിഃ
ഭക്ത്യാ ഗോഗുരുവിപ്രേഷു വിഷ്വക്സേനാനുവൎത്തിഷു
ഹ്രിയാ പ്രശ്രയശീലാഭ്യാമാത്മതുല്യഃ പരോദ്യമേ.

| | | | |
|---|---|---|---|
| ബ്രഹ്മവാദേ | വേദാൎത്ഥവിചാരത്തിൽ | വിഷ്വക്സേനാനുവൎത്തിഷു | വൈഷ്ണവധൎമ്മാനുസരണമുള്ളവരിലും ഉള്ളതായ |
| ബൃഹസ്പതിഃ | വാചസ്പതിയായും | ഭക്ത്യാ | ഭക്തികൊണ്ടും |
| ആത്മവത്ത്വേ | ജിതേന്ദ്രിയതയിൽ | ഹ്രിയാ | ശാലീനതകൊണ്ടും |
| സ്വയം | സാക്ഷാൽ | പ്രശ്രയ- | വിനയംകൊണ്ടും |
| ഹരിഃ | ശ്രീനാരായണനായും വൎത്തിച്ചു. | ശീലാഭ്യാം | സ്വഭാവശുദ്ധികൊണ്ടും |
| ഗോഗുരുവിപ്രേഷു | ഗോക്കൾ, ഗുരുജനങ്ങൾ, ബ്രാഹ്മണന്മാർ എന്നിവരിലും | പരോദ്യമേ | പരാൎത്ഥവൃത്തികൊണ്ടും |
| | | ആത്മതുല്യഃ | തനിക്കു താൻമാത്രം സമനായും വൎത്തിച്ചു. |

63 കീൎത്ത്യോൎദ്ധ്വഗീതയാ പുംഭിസ്ത്രൈലോക്യേ തത്ര തത്ര ഹ
പ്രവിഷ്ടഃ കൎണ്ണരന്ധ്രേഷു സ്ത്രീണാം രാമഃ സതാമിവ

| | | | |
|---|---|---|---|
| പുംഭിഃ | സൽപുരുഷന്മാരാൽ | കൎണ്ണരന്ധ്രേഷു | കാതുകളുകളിൽ |
| ഊൎദ്ധ്വഗീതയാ | ഉച്ചത്തിൽ പാടിപ്പുകഴ്ത്തപ്പെട്ട | പ്രവിഷ്ടഃ | പ്രവിഷ്ടനായ അദ്ദേഹം |
| കീൎത്ത്യാ | കീൎത്തിയിലൂടെ | സതാം | സജ്ജനങ്ങളുടെ |
| ത്രൈലോക്യേ | മൂന്നുലോകത്തിലും | (കൎണ്ണരന്ധ്രേഷു പ്രവിഷ്ടഃ) | കാതുകളുകളിൽ പ്രവിഷ്ടനായ |
| തത്ര തത്ര | അതാതിടത്തു് | രാമഃ ഇവ | രാമചന്ദ്രനെന്നപോലെ |
| സ്ത്രീണാം | സ്ത്രീകളുടെയും കൂടി | ബഭൗ ഹ | പ്രശോഭിച്ചുപോൽ |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുൎത്ഥസ്കന്ധേ

പൃഥുചരിതേ ദ്വാവിംശതിതമോദ്ധ്യായഃ ആദിതഃ ശ്ലോകാഃ 977.

നാലാമത്തെ സ്കന്ധത്തിൽ ഇരുപത്തിരണ്ടാമദ്ധ്യായം കഴിഞ്ഞു.

# ത്രയോവിംശോഽധ്യായഃ — അദ്ധ്യായം ഇരുപത്തിമൂന്ന്.

## പൃഥുചക്രവർത്തിയുടെ വൈകുണ്ഠലോകപ്രാപ്തി

“ത്രയോവിംശേ സഭാര്യസ്യ വനേ നിത്യസമാധിതഃ
വിമാനമധിരുഹ്യാഥ വൈകുണ്ഠഗതിരീര്യതേ”

പൃഥു വനത്തിൽചെന്ന് തപസ്സുചെയ്തതും, യോഗധാരണയാൽ ത്യക്തദേഹനായി വിമാനത്തിലേറി വൈകുണ്ഠലോകം ഗമിച്ചതും, അദ്ദേഹത്തിൻെറ പത്നിയായ അർച്ചിസ്സ് ചിതാരോഹണംചെയ്ത് അദ്ദേഹത്തെ അനുഗമിച്ചതും ഈ അധ്യായത്തിൽ പറയുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു —

1 ദൃഷ്ട്വാത്മാനം പ്രവയസമേകദാ വൈന്യ ആത്മവാൻ
ആത്മനാ വർദ്ധിതാശേഷസ്വാനുസർഗ്ഗഃ പ്രജാപതിഃ

2 ജഗതസ്തസ്ഥുഷശ്ചാപി വൃത്തിദോ ധർമ്മഭൃത് സതാം
നിഷ്പാദിതേശ്വരാദേശോ യദർത്ഥമിഹ ജജ്ഞിവാൻ

3 ആത്മജേഷ്വാത്മജാം ന്യസ്യ വിരഹാദ്രുദതീമിവ
പ്രജാസു വിമനഃസ്വേകഃ സദാരോഽഗാത്തപോവനം.

| | |
|---|---|
| ആത്മനാ | തന്നാൽ |
| വർദ്ധിതാശേഷ-സ്വാനുസർഗ്ഗഃ | വളർത്തപ്പെട്ട് സ്വീയമാക്കിയ എല്ലാ അനുസർഗ്ഗങ്ങളോടുംകൂടിയ * |
| പ്രജാപതിഃ | പ്രജാപതിയായി — |
| ജഗതഃ | ജംഗമശരീരികൾക്കും |
| തസ്ഥുഷഃ ച അപി | സ്ഥാവരശരീരികൾക്കും |
| വൃത്തിദഃ | ജീവനദാതാവായി — |
| സതാം | സജ്ജനങ്ങളുടെ |
| ധർമ്മഭൃത് | ആചാരങ്ങളെ കൊണ്ടു നടത്തുന്നവനായി — |
| യദർത്ഥം | യാതൊന്നിനുവേണ്ടി |
| ഇഹ | ഭൂമിയിൽ |
| ജജ്ഞിവാൻ | താൻ ജനിച്ചുവോ, |
| നിഷ്പാദിതേ-ശ്വരാദേശഃ | ആ ഈശ്വരാജ്ഞയെ നിറവേററിക്കഴിഞ്ഞവനായി — |
| ആത്മവാൻ | ആത്മനിഷ്ഠനായിരിക്കുന്ന |

| | |
|---|---|
| വൈന്യഃ | പൃഥുചക്രവർത്തി |
| ഏകദാ | ഒരിക്കൽ |
| ആത്മാനം | തന്നെ |
| പ്രവയസം | വാർദ്ധക്യഗ്രസ്തനായിട്ട് |
| ദൃഷ്ട്വാ | കണ്ടു്, |
| വിരഹാത് | സ്വവിയോഗംനിമിത്തം |
| രുദതീം ഇവ | കരയുന്നുവോ എന്നു തോന്നുമാറുള്ള |
| ആത്മജാം | പുത്രിയായ ഭൂമിയെ |
| ആത്മജേഷു | പുത്രന്മാരുടെ അടുക്കൽ |
| ന്യസ്യ | ഏല്പിച്ചുകൊടുത്തു്, |
| പ്രജാസു | പ്രജകളെല്ലാം |
| വിമനഃസു | മനംനൊന്തു കേഴവേ, |
| സദാരഃ | പത്നിയോടുകൂടി |
| ഏകഃ | മററാരുമില്ലാതെ ഒററക്കു് |
| തപോവനം | തപോവനത്തിലേക്കു് |
| അഗാത് | പോയി. |

* ധാന്യാദിഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം, പുരഗ്രാമാദികളുടെ സംവിധാനം എന്നിവയാണ് അനുസർഗ്ഗങ്ങൾ.

4 തത്രാപ്യദാഭ്യനിയമോ വൈഖാനസസുസമ്മതേ
ആരബ്ധ ഉഗ്രതപസി യഥാ സ്വവിജയേ പുരാ.

| | | | |
|---|---|---|---|
| തത്ര അപി | അവിടേയും | ഉഗ്രതപസി | ഉഗ്രതപസ്സിൽ, |
| | | പുരാ | പണ്ട് |
| അദാഭ്യ-നിയമഃ | വിഘ്നബാധവരാത്ത വ്രതാനുഷ്ഠാനത്തോടുകൂടെ | സ്വവിജയേ യഥാ | തന്റെ ഭൂമിവിജയത്തിലെന്നപോലെ |
| വൈഖാനസ-സുസമ്മതേ | വാനപ്രസ്ഥന്മാർക്ക് സുസമ്മതമായ | ആരബ്ധഃ | ജാഗ്രതയിൽ പ്രവൃത്തനായി. |

പ്രസ്തുതമായ ഉഗ്രതപസ്സിനെ മൂന്നുശ്ലോകംകൊണ്ട് വർണ്ണിക്കുന്നു.

5 കന്ദമൂലഫലാഹാരഃ ശുഷ്കപർണ്ണാശനഃ ക്വചിത്
അബ്ഭക്ഷഃ കതിചിത്പക്ഷാൻ വായുഭക്ഷസ്തതഃ പരം

| | | | |
|---|---|---|---|
| ക്വചിത് | ഒരിക്കൽ | കതിചിത് | ഏതാനും |
| കന്ദമൂല-ഫലാഹാരഃ | കിഴങ്ങും കായ്കനികളും ആഹാരമാക്കിക്കൊണ്ടും, | പക്ഷാൻ | പക്ഷങ്ങളോളം |
| | | അബ്ഭക്ഷഃ | വെള്ളംമാത്രം കുടിച്ചുകൊണ്ടും, |
| (ക്വചിത്) | പിന്നെയൊരിക്കൽ | തതഃ പരം | അതിൽപ്പിന്നെ |
| ശുഷ്കപർണ്ണാശനഃ | ഉണക്കിലകൾ മാത്രം ആഹാരമാക്കിക്കൊണ്ടും, | വായുഭക്ഷഃ | വായുഭക്ഷണമായിക്കൊണ്ടും (തപസ്സുചെയ്തു) |

6 ഗ്രീഷ്മേ പഞ്ചതപാ വീരോ വർഷാസ്വാസാരഷാൺമുനിഃ
ആകണ്ഠമഗ്നഃ ശിശിര ഉദകേ സ്ഥണ്ഡിലേശയഃ

| | | | |
|---|---|---|---|
| ഗ്രീഷ്മേ | വേനല്ക്കാലത്ത് | ഉദകേ | വെള്ളത്തിൽ |
| പഞ്ചതപാഃ | പഞ്ചാഗ്നികളുടെ ചൂടേറ്റുകൊണ്ടും, | ആകണ്ഠമഗ്നഃ | കഴുത്തോളം ആണ്ടുനിന്നുകൊണ്ടും, |
| വർഷാസു | മഴക്കാലത്ത് | സ്ഥണ്ഡിലേ-ശയഃ | വെറും നിലത്ത് കിടന്നുകൊണ്ടും |
| ആസാരഷാട് | പേമാരിസഹിച്ചുകൊണ്ടും, | വീരഃ മുനിഃ | വീരമുനിയായിട്ട് |
| ശിശിരേ | മഞ്ഞുകാലത്ത് | (തപശ്ചചാര) | തപസ്സാചരിച്ചു. |

7 തിതിക്ഷുര്യതവാഗ്ദാന്ത ഊർദ്ധ്വരേതാ ജിതാനിലഃ
ആരിരാധയിഷുഃ കൃഷ്ണമചരത്തപ ഉത്തമം.

| | | | |
|---|---|---|---|
| തിതിക്ഷുഃ | സഹനശീലനായി— | കൃഷ്ണം | ശ്രീവാസുദേവനെ |
| യതവാക് | നിയന്ത്രിതവചസ്സായി— | ആരിരാധയിഷുഃ | ആരാധിക്കുവാൻ ഉത്സുകതയാർന്നുകൊണ്ടു് |
| ശാന്തഃ | ജിതേന്ദ്രിയനായി— | | |
| ഊർദ്ധ്വരേതാഃ | ബ്രഹ്മചര്യമുള്ളവനായി— | ഉത്തമം | ഏററവും മഹത്തായ |
| ജിതാനിലഃ | പ്രാണായാമത്താൽ നിയന്ത്രിക്കപ്പെട്ട ശ്വാസഗതിയോടുകൂടിയവനുമായിട്ടു് | തപഃ | തപസ്സു് |
| | | അചരത് | അനുഷ്ഠിച്ചു. |

8 തേന ക്രമാനുസിദ്ധേന ധ്വസ്തകർമ്മാമലാശയഃ
പ്രാണായാമൈഃ സന്നിരുദ്ധഷഡ്വർഗശ്ഛിന്നബന്ധനഃ

| | | | |
|---|---|---|---|
| ക്രമാനുസിദ്ധേന | അനുക്രമത്തിൽ സാധിച്ചുറച്ചതായ | പ്രാണായാമൈഃ | പ്രാണായാമങ്ങളെക്കൊണ്ടു് |
| തേന | ആ തപശ്ചര്യയാൽ | സന്നിരുദ്ധഷഡ്വർഗഃ | പൂർണ്ണമായി നിരോധിക്കപ്പെട്ട ഷഡിന്ദ്രിയവ്യാപാരത്തോടുകൂടിയവനും |
| ധ്വസ്തകർമ്മാ | നശിച്ചുപോയ കർമ്മഗതിയോടുകൂടിയവനും | ഛിന്നബന്ധനഃ | വിച്ഛേദിക്കപ്പെട്ട കർമ്മവാസനകളോടുകൂടിയവനുമായിട്ടു് ഭവിച്ചു. |
| അമലാശയഃ | നിർമ്മലമായ അന്തഃകരണത്തോടുകൂടിയവനും | | |

9 സനത്കുമാരോ ഭഗവാൻ യദാഹാദ്ധ്യാത്മികം പരം
യോഗം തേനൈവ പുരുഷമഭജത് പുരുഷർഷഭഃ.

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞനായ | ആഹ | ചൊല്ലിക്കൊടുത്തിരുന്നുവോ, |
| സനത്കുമാരഃ | സനത്കുമാരമുനി | തേന ഏവ | ആ മാർഗ്ഗത്തിലൂടെ തന്നെ |
| പരം | ശ്രേഷ്ഠമായ | പുരുഷർഷഭഃ | പുരുഷശ്രേഷ്ഠനായ പൃഥു |
| യത് | യാതൊരു | | |
| അധ്യാത്മികം | ആത്മാധിഷ്ഠിതമായ | പുരുഷം | പുരുഷോത്തമനെ |
| യോഗം | യോഗസാധനയെ | അഭജത് | ഭജിച്ചു. |

10 ഭഗവദ്ധർമ്മിണഃ സാധോഃ ശ്രദ്ധയാ യതതഃ സദാ
ഭക്തിർഭഗവതി ബ്രഹ്മണ്യനന്യവിഷയാഽഭവത്.

| | | | |
|---|---|---|---|
| ഭഗവദ്ധർമ്മിണഃ | ഭഗവൽസമർപ്പിതമായ ധർമ്മാചരണത്തോടുകൂടിയവനായി | സദാ ശ്രദ്ധയാ | സർവ്വദാ ശ്രദ്ധയോടെ |
| | | യതതഃ | തപസ്സിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന |

| | |
|---|---|
| സാധോഃ | ആ പുണ്യാത്മാവിന്ന് |
| ബ്രഹ്മണി | സച്ചിദാനന്ദസ്വരൂപമായ |
| ഭഗവതി | ഭഗവാനിൽ |
| അനന്യവിഷയാ | ആത്യന്തികവും ഏകാഗ്ര്യമായ |
| ഭക്തിഃ | പ്രേമലക്ഷണഭക്തി |
| അഭവത് | ഉളവായി. |

11 തസ്യാനയാ ഭഗവതഃ പരികർമ്മശുദ്ധ-
സത്വാത്മനസ്തദനുസംസ്മരണാനുപൂർത്ത്യാ
ജ്ഞാനം വിരക്തിമദഭൂന്നിശിതേന യേന
ചിച്ഛേദ സംശയപദം നിജജീവകോശം.

| | |
|---|---|
| ഭഗവതഃ | ഭഗവാന്റെ |
| പരികർമ്മശുദ്ധസത്വാത്മനഃ | പരിചരണത്താൽ വിശുദ്ധ സത്വമയമായ അന്തഃകരണത്തോടു കൂടിയവനായി ഭവിച്ച |
| തസ്യ | അദ്ദേഹത്തിന്ന്, |
| തദനുസംസ്മരണാനുപൂർത്ത്യാ | തന്തിരുവടിയുടെ നിരന്തരാനുധ്യാനത്താൽ സംപൂർത്തിയിലേക്കെത്തിയ |
| അനയാ | ഈ ഭക്തിയാൽ |
| നിശിതേന | തീക്ഷ്ണമായിത്തീൎന്ന |
| യേന | യാതൊന്നുകൊണ്ട് |
| നിജജീവകോശം | സ്വജീവോപാധിയായ ഹൃദയഗ്രന്ഥിയാവുന്ന |
| സംശയപദം | മിഥ്യാജ്ഞാനാസ്പദത്തെ |
| ചിച്ഛേദ | വിച്ഛേദിക്കുവാൻ കഴിഞ്ഞുവോ, |
| (താദൃശം) | അപ്രകാരമുള്ള |
| വിരക്തിമത് | വിരക്തിസഹിതമായ |
| ജ്ഞാനം | ആത്മാവബോധം |
| അഭൂത് | സംജാതമായി. |

12 ഛിന്നാന്യധീരധിഗതാത്മഗതിർന്നിരീഹ-
സ്തത്തത്യജേച്ഛിനദിദം വയുനേന യേന
താവന്ന യോഗഗതിഭിർയ്യതിരപ്രമത്തോ
യാവദ്ഗദാഗ്രജകഥാസു രതിം ന കുര്യാത്.

| | |
|---|---|
| അധിഗതാത്മഗതിഃ | സംപ്രാപ്തമായ ആത്മതത്വാവബോധത്തോടു കൂടിയവനും |
| ഛിന്നാന്യധീഃ | (ആകയാൽ) വിച്ഛിന്നമായ ദേഹാത്മബുദ്ധിയോടുകൂടിയവനും |
| നിരീഹഃ | തനിക്കുണ്ടായ സിദ്ധികളിൽ നിസ്പൃഹനും ആയിക്കഴിഞ്ഞ അദ്ദേഹം |
| യേന | യാതൊരു |
| വയുനേന | തത്വാവബോധപ്രസക്തിയാൽ |
| ഇദം | ഈ മിഥ്യാജ്ഞാനാസ്പദത്തെ |
| അച്ഛിനത് | വേരറുത്തുകളഞ്ഞുവോ |
| തത് | അതിനേയുംകൂടി |
| തത്യജേ | വിട്ടുകളഞ്ഞു |
| യതിഃ | ഒരു യോഗി |
| യാവത് | ഏതുവരെ |
| ഗദാഗ്രജകഥാസു | ശ്രീകൃഷ്ണലീലാചരിതങ്ങളിൽ |

| | | | |
|---|---|---|---|
| രതിം | ആത്മലയരൂപത്തിലുള്ള അഭിനിവേശത്തെ | യോഗഗതിഭിഃ | യോഗസിദ്ധികളാൽ |
| ന കുര്യാത് | ചെയ്യുന്നില്ലയോ | അപ്രമത്തഃ | മാര്ഗ്ഗഭ്രംശം വരാത്തവൻ |
| താവത് | അതുവരെ | ന (ഭവതി) | ആകയില്ല. |

പൃഥുവിന്നു് യോഗസിദ്ധികളിൽപ്പോലും നിസ്പൃഹത്വം വന്നതു് യുക്തമത്രെ. ശ്രീകൃഷ്ണകഥാരതിയാണു് അദ്ദേഹത്തിന്റെ സാര്വ്വത്രികമായ നിസ്പൃഹതയ്ക്കു ഹേതുവായതു്. ഇതില്ലാത്തേടത്തോളം കാലം ഏതു യോഗിയും പ്രമത്തൻതന്നെ എന്നാശയം.

13 ഏവം സ വീരപ്രവരഃ സംയോജ്യാത്മാനമാത്മനി
ബ്രഹ്മഭൂതോ ദൃഢം കാലേ തത്യാജ സ്വം കളേബരം.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ദൃഢം ബ്രഹ്മഭൂതഃ | തികച്ചും സച്ചിത് സ്വരൂപമായിഭവിച്ചു് |
| വീരപ്രവരഃ | വീരാഗ്രഗണ്യനായ | കാലേ | കാലം അടുത്തപ്പോൾ |
| സഃ | അദ്ദേഹം | സ്വം | സ്വന്തം |
| ആത്മനി | പരമാത്മാവിൽ | കളേബരം | ശരീരത്തെ |
| ആത്മാനം | ജീവാത്മാവിനെ | തത്യാജ | പരിത്യജിച്ചു. |
| സംയോജ്യ | സംയോജിപ്പിച്ചു് | | |

യോഗമാര്ഗ്ഗത്തിലൂടെയുള്ള ശരീരത്യാഗപ്രകാരത്തെ താഴെ ആഞ്ചുശ്ലോകംകൊണ്ടു് പറയുന്നു.

14 സംപീഡ്യ പായും പാര്ഷ്ണിഭ്യാം വായുമുത്സാരയൻ ശനൈഃ
നാഭ്യാം കോഷ്ഠേഷ്വവസ്ഥാപ്യ ഹൃദുരഃകണ്ഠശീര്ഷ്ണി

15 ഉത്സര്പ്പയംസ്തു തം മൂര്ദ്ധ്നി ക്രമേണാവേശ്യ നിസ്പൃഹഃ
വായും വായൗ ക്ഷിതൗ കായം തേജസ്തേജസ്യയൂയുജത്.

| | | | |
|---|---|---|---|
| പായും | ഗുദദ്വാരത്തെ | അവസ്ഥാപ്യ | കൊണ്ടുവന്നുനിർത്തി, |
| പാര്ഷ്ണിഭ്യാം | കുതികാലുകളാൽ | തം തു | അതിനെത്തന്നെ വീണ്ടും |
| സംപീഡ്യ | നിരോധിച്ചു്, | ഉത്സര്പ്പയൻ | കയററിയിട്ടു് |
| വായും | വായുവിനെ | ക്രമേണ | ക്രമത്തിൽ |
| ശനൈഃ | പതുക്കെ | മൂര്ദ്ധ്നി | ബ്രഹ്മരന്ധ്രത്തിൽ |
| ഉത്സാരയൻ | മേലോട്ടുകയററി, | ആവേശ്യ | ആവേശിപ്പിച്ചശേഷം |
| കോഷ്ഠേഷു | (പിന്നെ) ഓരോരോ അധിഷ്ഠാനങ്ങളായ | നിസ്പൃഹഃ | അണിമാദ്യൈശ്വര്യസിദ്ധികളിൽക്കൂടി അഭിലാഷമില്ലാത്ത ആ രാജയോഗി |
| നാഭ്യാം | നാഭിചക്രത്തിലും | | |
| ഹൃദുരഃ- കണ്ഠശീര്ഷ്ണി | ഹൃദയം, ഉരസ്സ് (കഴുത്തിൻകീഴ്), കണ്ഠം, ഭ്രൂമധ്യം എന്നിവിടങ്ങളിലും | വായും | സ്വപ്രാണവായുവിനെ |
| | | വായൗ | വായുമഹാഭൂതത്തിലും, |

| | | | |
|---|---|---|---|
| കായം | ദേഹഗതമായ കഠിനാംശത്തെ | തേജഃ | തൈജസാംശത്തെ |
| | | തേജസി | സമഷ്ടിതേജസ്സിലും |
| ക്ഷിതൗ | പൃഥിവിയിങ്കലും | അയൂയുജത് | ഏകീകരിച്ചു |

16 ഖാന്യാകാശേ ദ്രവം തോയേ യഥാസ്ഥാനം വിഭാഗശഃ
ക്ഷിതിമംഭസി തത്തേജസ്യദോ വായൗ നഭസ്യമും

17 ഇന്ദ്രിയേഷു മനസ്താനി തന്മാത്രേഷു യഥോദ്ഭവം
ഭൂതാദിനാമൂന്യുത്കൃഷ്യ മഹത്യാത്മനി സന്ദധേ

| | | | |
|---|---|---|---|
| ഖാനി | ഇന്ദ്രിയങ്ങളെ | നഭസി | ആകാശത്തിലും (ഏകീകരിച്ചു). |
| ആകാശേ | ആകാശമഹാഭൂതത്തിലും, | | |
| ദ്രവം | ജലാംശത്തെ | മനഃ | മനസ്തത്വത്തെ |
| തോയേ | ജലത്തിലും | ഇന്ദ്രിയേഷു | ഇന്ദ്രിയങ്ങളിലും, |
| യഥാസ്ഥാനം } വിഭാഗശഃ | അതാതിന്റെ സ്ഥാന വിഭാഗങ്ങൾക്കനുസരിച്ച് ഏകീകരിച്ചു കഴിഞ്ഞശേഷം | താനി | അവയെ |
| | | തന്മാത്രേഷു | തന്മാത്രങ്ങളിലും (വിലയിപ്പിച്ചു) |
| | | അമൂനി | ഇവയെ |
| യഥോദ്ഭവം | ഉത്പത്തിക്രമത്തിൽ | ഉത്കൃഷ്യ | വീണ്ടും മുന്നോറിച്ച് |
| ക്ഷിതിം | പൃഥിവീഭൂതത്തെ | (ഭൂതാദൗ | അഹംകാരതത്വത്തിൽ |
| അംഭസി | ജലത്തിലും, | ക്ഷിപ്ത്വാ) | നിക്ഷേപിച്ച് |
| തത് | അതിനെ | ഭൂതാദിനാ | ആ അഹംകാരതത്വത്തോടുകൂടെ |
| തേജസി | തേജസ്സിലും, | | |
| അദഃ | ആയതിനെ | | |
| വായൗ | വായുവിങ്കലും, | മഹതി ആത്മനി | മഹത്തത്വത്തിൽ |
| അമും | ഈ വായുവിനെ | സന്ദധേ | ചേർത്തു. |

18 തം സർവ്വഗുണവിന്യാസം ജീവേ മായാമയേ ന്യധാത്
തം ചാനുശയമാത്മസ്ഥമസാവനുശയീ പുമാൻ
ജ്ഞാനവൈരാഗ്യവീര്യേണ സ്വരൂപസ്ഥോഽജഹാത്പ്രഭുഃ.

| | | | |
|---|---|---|---|
| സർവ്വഗുണ- } വിന്യാസം | എല്ലാ പ്രകൃതികാര്യങ്ങളുടെയും വിശ്രമസ്ഥിതിയോടുകൂടിയ | ജ്ഞാനവൈരാ- } ഗ്യവീര്യേണ | ജ്ഞാനത്തിന്റെയും വൈരാഗ്യത്തിന്റെയും ശക്തിയാൽ |
| തം | ആ മഹത്തത്വത്തെ | സ്വരൂപസ്ഥഃ | തന്റെ സച്ചിത് സ്വരൂപത്തിൽ നിലയുറച്ച് |
| മായാമയേ | മായോപാധിപ്രധാന | | |
| ജീവേ | ജീവാത്മാവിൽ [മായ | പ്രഭുഃ | സർവ്വസമർത്ഥനായി ഭവിച്ച് |
| ന്യധാത് | അർപ്പിച്ചു. | | |
| അനുശയീ | ഇതുവരെ ആ ഉപാധിയോടുകൂടിയിരുന്ന | ആത്മസ്ഥം തം | തന്നിലുള്ള ആ |
| | | അനുശയം ച | ഉപാധിയേയും |
| അസൗ പുമാൻ | ഈ പുരുഷൻ (പൃഥു) | അജഹാത് | ഉപേക്ഷിച്ചു. |

ഇനി നാലു് ശ്ലോകം കൊണ്ടു് രാജ്ഞിയുടെ വൃത്താന്തം പറയുന്നു—

19 അർച്ചിർനാമ മഹാരാജ്ഞീ തത്പത്ന്യനുഗതാ വനം
സുകുമാര്യതദർഹാ ച യത്പദ്ഭ്യാം സ്പർശനം ഭുവഃ.

| | | | |
|---|---|---|---|
| യത്പാദ്ഭ്യാം | യാതൊരുവളുടെ പാദങ്ങളാൽ | സുകുമാരീ | കോമളാംഗിയായ |
| ഭുവഃ | ഭൂമിയുടെ | തത്പത്നീ | ആ പൃഥുപത്നി— |
| സ്പർശനം (യത്) | സ്പർശനമെന്നതു് യാതൊന്നോ | അർച്ചിഃ നാമ | അർച്ചിസ്സെന്ന |
| അതദർഹാ ച | അതുപോലും അർഹിക്കാത്ത | മഹാരാജ്ഞീ | പട്ടമഹിഷി |
| | | വനം | തപോവനത്തിലേക്കു് |
| | | അനുഗതാ | ഭർത്താവിന്റെകൂടെ പോന്നിരുന്നുവല്ലോ. |

20 അതീവ ഭർത്തുർവ്രതധർമ്മനിഷ്ഠയാ
ശുശ്രൂഷയാ ചാരഷദേഹയാത്രയാ
നാവിന്ദതാർത്തിം പരികർഷിതാപി സാ
പ്രേയസ്കരസ്പർശനമാനനിർവൃതിഃ.

| | | | |
|---|---|---|---|
| ഭർത്തുഃ | ഭർത്താവിന്റെ | പരികർഷിതാ- അപി സാ | വലയ്ക്കപ്പെട്ടവളായി തീർന്നിട്ടുകൂടിയും അവൾ |
| വ്രതധർമ്മ-നിഷ്ഠയാ | വ്രതത്തിൽ സഹകരിച്ചു കൊണ്ടുള്ള ധർമ്മാചരണ നിഷ്ഠയാലും | പ്രേയസ്കര-സ്പർശനമാന-നിർവൃതിഃ | പ്രിയതമന്റെ കരസ്പർശം കൊണ്ടും ബഹുമതി കൊണ്ടും ആത്മസുഖമാർന്നവളാകയാൽ |
| ശുശ്രൂഷയാ | പരിചരണത്താലും | ആർത്തിം | സന്താപത്തെ |
| ആരഷദേഹ-യാത്രയാ ച | മുനിമാരുടേതുപോലുള്ള ശരീരസംധാരണത്താലും | ന അവിന്ദത | അറിഞ്ഞിരുന്നില്ല. |
| അതീവ | വല്ലാതെ | | |

21 ദേഹം വിപന്നാഖിലചേതനാദികം
പത്യുഃ പൃഥിവ്യാ ദയിതസ്യ ചാത്മനഃ
ആലക്ഷ്യ കിഞ്ചിച്ച വിലപ്യ സാ സതീ
ചിതാമഥാരോപയദദ്രിസാനുനി.

| | | | |
|---|---|---|---|
| സാ സതീ | ആ പതിവ്രത | വിപന്നാഖില-ചേതനാദികം | പ്രാണേന്ദ്രിയാദി സമസ്ത ചൈതന്യങ്ങളും വിട്ടകന്നുപോയ |
| ആത്മനഃ | തന്റെ | ദേഹം | ശരീരത്തെ |
| ദയിതസ്യ | പ്രിയവല്ലഭനും | ആലക്ഷ്യ | നോക്കി, |
| പൃഥിവ്യാഃ | ഭൂമിയുടെ | കിഞ്ചിത് ച | കുറഞ്ഞൊന്നു് |
| പത്യുഃ ച | നായകനുമായ ആ പുണ്യപുരുഷന്റെ | വിപല്യ | കരഞ്ഞു്, |

| | | | |
|---|---|---|---|
| അഥ | തദനന്തരം | ചിതാം | ചിതയിലേക്ക് |
| അദ്രിസാനുനി | പൎവ്വതത്തിന്റെ താഴ്വരയിൽ | ആരോപയത് | കയററി. |

22 വിധായ കൃത്യം ഹ്രദിനീജലാപ്ലുതാ
ദത്വോദകം ഭൎത്തുരുദാരകൎമ്മണഃ
നത്വാ ദിവിസ്ഥാംസ്ത്രിദശാംസ്ത്രിഃ പരീത്യ
വിവേശ വഹ്നിം ധ്യായതീ ഭൎത്തൃപാദൌ

| | | | |
|---|---|---|---|
| ഹ്രദിനീജലാപ്ലുതാ | നദീജലത്തിൽ മുങ്ങി കുളിച്ച് | ത്രിദശാൻ | ദേവന്മാരെ |
| കൃത്യം | കാലോചിതകൃത്യം | നത്വാ | നമസ്കരിച്ച്, |
| വിധായ | നിറവേററി, | വഹ്നിം | അഗ്നിയെ |
| ഉദാരകൎമ്മണഃ | ഉൽകൃഷ്ടകൎമ്മങ്ങൾ പലതും ചെയ്തിട്ടുള്ള | ത്രിഃ | മൂന്നുവട്ടം |
| ഭൎത്തുഃ | ഭൎത്താവിന്ന് | പരീത്യ | വലംവെച്ച്, |
| ഉദകം | നിവാപോദകം | ഭൎത്തൃപാദൌ | ഭൎത്താവിന്റെ തൃക്കാലടികളെ |
| ദത്വാ | കൊടുത്തു്, | ധ്യായതീ | ധ്യാനിച്ചുകൊണ്ട് |
| ദിവിസ്ഥാൻ | ആകാശത്തിൽ വന്നു നില്ക്കുന്ന | വിവേശ | (അതിലേക്ക്) പ്രവേശിച്ചു. |

23 വിലോക്യാനുഗതാം സാധ്വീം പൃഥും വീരവരം പതിം
തുഷ്ടുവുൎവരദാ ദേവൈൎദേവപത്ന്യഃ സഹസ്രശഃ.

| | | | |
|---|---|---|---|
| വീരവരം | വീരാഗ്രഗണ്യനും | വിലോക്യ | കണ്ട്, |
| പതിം | സ്വഭൎത്താവുമായ | ദേവൈഃ | ദേവന്മാരോടുകൂടിയിരിക്കുന്ന |
| പൃഥും | പൃഥുവിനെ | | |
| അനുഗതാം | ചിതാരോഹണത്തിലൂടെ അനുഗമിച്ച | വരദാഃ | വരപ്രദാനശക്തിയുള്ള |
| | | സഹസ്രശഃ | ആയിരക്കണക്കിൽ |
| സാധ്വീം | പതിവ്രതയായ അൎച്ചിസ്സിനെ | ദേവപത്ന്യഃ | ദേവപത്നിമാർ |
| | | തുഷ്ടുവുഃ | സ്തുതിച്ചു. |

24 കുൎവത്യഃ കുസുമാസാരം തസ്മിൻ മന്ദരസാനുനി
നദത്സ്വമരതൂൎയ്യേഷു ഗൃണന്തി സ്മ പരസ്പരം.

| | | | |
|---|---|---|---|
| അമരതൂൎയ്യേഷു | ദേവദുന്ദുഭികൾ | കുസുമാസാരം കുൎവത്യഃ | പുഷ്പവൎഷം ഇടവിടാതെ ചൊരിഞ്ഞുകൊണ്ട് |
| നദത്സു | മുഴങ്ങവേ, | പരസ്പരം | അന്യോന്യം |
| തസ്മിൻ മന്ദരസാനുനി | ആ മന്ദരപൎവ്വതത്തിന്റെ താഴ്വരയിൽ | ഗൃണന്തി സ്മ | പറഞ്ഞു. |

ദേവ്യ ഊചുഃ = ദേവസ്ത്രീകൾ പറഞ്ഞു —

25 അഹോ ഇയം വധൂർധന്യാ യാ ചൈവം ഭൂഭുജാം പതിം
സർവ്വാത്മനാ പതിം ഭേജേ യജ്ഞേശം ശ്രീർവധൂരിവ.

| | | | |
|---|---|---|---|
| അഹോ | അത്ഭുതം | പതിം | സ്വഭർത്താവിനെ, |
| ഇയം വധൂഃ | ഈ കുടുംബിനി | ശ്രീഃ വധൂഃ | ലക്ഷ്മീദേവി |
| ധന്യാ | ഭാഗ്യവതിയത്രേ. | യജ്ഞേശം | യജ്ഞപതിയായ ശ്രീഹരിയെ |
| യാ ച | എന്തെന്നാൽ, യാതൊരുവൾ | ഇവ | എന്നപോലെ |
| ഏവം | ഇപ്രകാരം | സർവ്വാത്മനാ | എല്ലാ പ്രകാരത്തിലും |
| ഭൂഭുജാം | രാജാക്കന്മാരുടെയും | ഭേജേ | സേവിച്ചിരിക്കുന്നു. |
| പതിം | രാജാവായ | | |

26 സൈഷാ നൂനം വ്രജത്യൂർധ്വമനു വൈന്യം പതിം സതീ
പശ്യതാസ്മാനതീത്യാർച്ചിർദുർവിഭാവ്യേന കർമ്മണാ.

| | | | |
|---|---|---|---|
| സാ ഏഷാ | അങ്ങനെയുള്ള ഈ | അതീത്യ | കടന്ന് |
| സതീ | പതിവ്രതയായ | ഊർധ്വം | മേലോട്ടേക്ക് |
| അർച്ചിഃ | അർച്ചിസ്സ് | പതിം | ഭർത്താവായ |
| ദുർവിഭാവ്യേന | (അസതികൾക്ക്) അനുഷ്ഠിക്കുവാൻ അസാധ്യമായ | വൈന്യം | പൃഥുചക്രവർത്തിയെ |
| | | അനു | പിൻതുടർന്ന് |
| കർമ്മണാ | കർമ്മംകൊണ്ട് | നൂനം വ്രജതി | നിശ്ശങ്കം പോകുന്നു. |
| അസ്മാൻ | നമ്മളേയും | പശ്യത | ഇതാ നോക്കുവിൻ! |

27 തേഷാം ദുരാപം കിം ത്വന്യന്മർത്ത്യാനാം ഭഗവത്പദം
ഭുവി ലോലായുഷോ യേ വൈ നൈഷ്കർമ്മ്യം സാധയന്ത്യുത

| | | | |
|---|---|---|---|
| ഭുവി | ഭൂമിയിൽ | നൈഷ്കർമ്മ്യം ഉത | വിശുദ്ധജ്ഞാനത്തെ കൂടിയും |
| ലോലായുഷഃ വൈ | ആയുസ്സിന്ന് സ്ഥിരതയില്ലാത്തവരായിട്ടുകൂടി | സാധയന്തി | നേടിയിരിക്കുന്നുവോ, |
| | | തേഷാം | ആ |
| യേ | യാതൊരുവർ | മർത്ത്യാനാം | മനുഷ്യർക്ക് |
| ഭഗവത്പദം | ഭഗവത്പ്രാപ്തിക്ക് ഉതകും പ്രകാരത്തിലുള്ള | അന്യത് കിം | വേറെ എന്തൊന്ന് |
| | | ദുരാപം തു | ദുർല്ലഭമായിട്ടുണ്ട്? |

28 സ വഞ്ചിതോ ബതാത്മധ്രുക് കൃച്ഛ്രേണ മഹതാ ഭുവി
ലബ്ധ്വാപവർഗ്ഗ്യം മാനുഷ്യം വിഷയേഷു വിഷജ്ജതേ

| | | | |
|---|---|---|---|
| മഹതാ | വലിയ | അപവർഗ്ഗ്യം | മോക്ഷസാധനമായ |

| | | | |
|---|---|---|---|
| വിഷയേഷു | ഇന്ദ്രിയവിഷയങ്ങളിൽ | സഃ ആത്മധ്രുക് | ആ ആത്മദ്രോഹി |
| (യഃ) | യാതൊരുവൻ | ബത | കഷ്ടമേ! |
| വിഷജ്യതേ | ആസക്തനായിരിക്കുന്നുവോ, | വഞ്ചിതഃ | വഞ്ചിതനായിരിക്കുന്നു. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

29 സ്തുവതീഷ്വമരസ്ത്രീഷു പതിലോകം ഗതാ വധൂഃ
യാം വാ ആത്മവിദാം ധുര്യോ വൈന്യഃ പ്രാപാച്യുതാശയഃ

| | | | |
|---|---|---|---|
| ആത്മവിദാം | ആത്മജ്ഞാനികളുടെ | പ്രാപ | പ്രാപിച്ചിരുന്നതു്, |
| ധുര്യഃ | മുന്നണിയിലുള്ളവനും | പതിലോകം | ആ ഭർത്തൃലോകത്തെ, |
| അച്യുതാശയഃ | ഭഗവൽസമർപ്പിതമായ മനസ്സോടുകൂടിയവനുമായ | അമരസ്ത്രീഷു | ദേവസ്ത്രീകൾ |
| വൈന്യഃ | പൃഥുചക്രവർത്തി | സ്തുവതീഷു | സ്തുതിച്ചുകൊണ്ടിരിക്കും വേളയിൽ |
| യം വൈ | യാതൊരു ലോകത്തെത്തന്നെയാണൊ | വധൂഃ ഗതാ | രാജ്ഞിയും പ്രാപിച്ചു. |

30 ഇത്ഥംഭൂതാനുഭാവോഽസൗ പൃഥുഃ സ ഭഗവത്തമഃ
കീർത്തിതം തസ്യ ചരിതമുദ്ദാമചരിതസ്യ തേ.

| | | | |
|---|---|---|---|
| ഭഗവത്തമഃ | ജ്ഞാനൈശ്വര്യാദി ഗുണോപേതനായ | ഉദ്ദാമചരിതസ്യ | മഹോന്നതാചരണങ്ങളോടുകൂടിയിരുന്ന |
| സഃ അസൗ പൃഥുഃ | ആ ഈ പൃഥുരാജാവു് | തസ്യ | അദ്ദേഹത്തിന്റെ |
| | | ചരിതം | ചരിത്രകഥ |
| ഇത്ഥംഭൂതാനുഭാവഃ | ഈ വിധത്തിലുള്ള മഹിമകൾ ചേർന്നിരുന്നവനായിരുന്നു | തേ | അങ്ങയ്ക്കുവേണ്ടി |
| | | കീർത്തിതം | സവിസ്തരം പറയപ്പെട്ടിരിക്കുന്നു. |

31 യ ഇദം സുമഹത്പുണ്യം ശ്രദ്ധയാവഹിതഃ പഠേത്
ശ്രാവയേച്ഛൃണുയാദ്വാപി സ പൃഥോഃ പദവീമിയാത്

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | പഠേത് | വായിക്കുകയോ, |
| സുമഹത് | അതിമഹത്തും | ശ്രാവയേത് | കേൾപ്പിക്കുകയോ, |
| പുണ്യം | പാവനവുമായ | ശൃണുയാത് വാ അപി | കേൾക്കുകയോ ചെയ്തിരുന്നാൽ |
| ഇദം | ഈ ചരിതത്തെ | സഃ | ആയാൾ |
| ശ്രദ്ധയാ | ധാർമ്മികവിശ്വാസത്തോടെ | പൃഥോഃ | പൃഥുവിന്റെ |
| | | പദവീം | പദവിയെ |
| അവഹിതഃ | മനസ്സിരുത്തിക്കൊണ്ടു് | ഇയാത് | പ്രാപിക്കുന്നതാണ് |

32 ബ്രാഹ്മണോ ബ്രഹ്മവർച്ചസ്വീ രാജന്യോ ജഗതീപതിഃ
വൈശ്യഃ പഠൻ വിട്പതിഃ സ്യാച്ഛൂദ്രഃ സത്തമതാമിയാത്

| | | | |
|---|---|---|---|
| ബ്രാഹ്മണഃ | ബ്രാഹ്മണൻ | വിട്പതിഃ | വണിക്പ്രമുഖനായി |
| പഠൻ | പാരായണംചെയ്താൽ | സ്യാത് | ഭവിക്കും |
| ബ്രഹ്മവർച്ചസ്വീ | ബ്രഹ്മതേജസ്സുള്ളവനാ | ശൂദ്രഃ | ശൂദ്രൻ |
| രാജന്യഃ | ക്ഷത്രിയൻ [കും | സത്തമതാം | സജ്ജനപ്രമുഖതയെ |
| ജഗതീപതിഃ | ലോകനായകനാകും. | ഇയാത് | പ്രാപിക്കും |
| വൈശ്യഃ | വൈശ്യൻ | | |

33 ത്രിഃകൃത്വ ഇദമാകർണ്യ നരോ നാര്യഥവാഽദൃതാ
അപ്രജഃ സുപ്രജതമോ നിർധനോ ധനസത്തമഃ
അസ്പഷ്ടകീർത്തിഃ സുയശാ മൂർഖോ ഭവതി പണ്ഡിതഃ

| | | | |
|---|---|---|---|
| നരഃ | പുരുഷനോ, | സുപ്രജതമഃ | നല്ല സന്താനങ്ങളുള്ളവനായി ഭവിക്കും. |
| അഥവാ | അല്ലെങ്കിൽ | നിർധനഃ | ദരിദ്രൻ |
| നാരീ | സ്ത്രീയോ | ധനസത്തമഃ | മഹാധനികനാകും. |
| ആദൃതാ | ആദരത്തോടുകൂടി | അസ്പഷ്ടകീർത്തിഃ | പുകൾതെളിമയില്ലാത്തവൻ |
| ത്രിഃകൃത്വഃ | മൂന്നുപ്രാവശ്യം | സുയശാഃ | മഹാകീർത്തിമാനാകും. |
| ഇദം | ഇതിനെ | മൂർഖഃ | അറിവില്ലാത്തവൻ |
| ആകർണ്യ | കേട്ടെന്നാൽ | പണ്ഡിതഃ | വിദ്വാനായി |
| അപ്രജഃ | സന്താനമില്ലാത്തവൻ | ഭവതി | ഭവിക്കും. |

34 ഇദം സ്വസ്ത്യയനം പുംസാമമംഗല്യനിവാരണം
ധന്യം യശസ്യമായുഷ്യം സ്വർഗ്യം കലിമലാപഹം.

| | | | |
|---|---|---|---|
| ഇദം | ഈ പൃഥുചരിതം | യശസ്യം | കീർത്തികരവും |
| പുംസാം | മനുഷ്യർക്ക് | ആയുഷ്യം | ആയുർവർദ്ധകവും |
| സ്വസ്ത്യയനം | ക്ഷേമത്തെയണക്കുന്നതും | സ്വർഗ്യം | സ്വർഗ്ഗസാധകവും |
| അമംഗല്യനിവാരണം | അശുഭത്തെ തടഞ്ഞു നിർത്തുന്നതും ആകുന്നു; | കലിമലാപഹം | കലികല്മഷനാശകവുമാകുന്നു. |
| ധന്യം | ധനപ്രദവും | | |

35 ധർമ്മാർത്ഥകാമമോക്ഷാണാം സമ്യക്സിദ്ധിമഭീപ്സുഭിഃ
ശ്രദ്ധയൈതദനുശ്രാവ്യം ചതുർണ്ണാം കാരണം പരം

| | | | |
|---|---|---|---|
| ധർമ്മാർത്ഥകാമമോക്ഷാണാം | ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥങ്ങളുടെ | ചതുർണ്ണാം | ആ നാലുകളുടെയും |
| സമ്യക്സിദ്ധിം | വഴിപോലുള്ള സിദ്ധിയെ | പരം | പ്രധാനപ്പെട്ട |
| അഭീപ്സുഭിഃ | ആഗ്രഹിക്കുന്ന ജനങ്ങളാൽ | കാരണം | കാരണമായ |
| | | ഏതത് | ഇതു് |
| | | ശ്രദ്ധയാ | ശ്രദ്ധയോടെ |
| | | അനുശ്രാവ്യം | നിത്യേന കേൾക്കപ്പെടേണ്ടതാണു്. |

36 വിജയാഭിമുഖോ രാജാ ശ്രുത്വൈതദഭിയാതി യാൻ
ബലിം തസ്മൈ ഹരന്ത്യഗ്രേ രാജാനഃ പൃഥവേ യഥാ

| | | | |
|---|---|---|---|
| രാജാ | ഒരു രാജാവ് | രാജാനഃ | ആ രാജാക്കന്മാർ |
| ഏതത് | ഇതിനെ | പൃഥവേ | പൃഥുവിന്നു് |
| ശ്രുത്വാ | കേട്ടിട്ടു് | യഥാ | എന്നപോലെ, |
| യാൻ | യാതൊരുവരെ ഉദ്ദേശിച്ചു് | അഗ്രേ | യുദ്ധംചെയ്യുന്നതിനു മുമ്പായിത്തന്നെ |
| വിജയാഭിമുഖഃ | വിജയോന്മുഖനായി | തസ്മൈ | അദ്ദേഹത്തിനു് |
| അഭിയാതി | പ്രയാണം ചെയ്യുന്നുവോ, | ബലിം ഹരന്തി | കപ്പം കൊടുക്കുന്നു. |

ഇങ്ങനെ നാനാഫലങ്ങളുണ്ടെങ്കിലും ഫലാസക്തിയില്ലാതെയാണ് ശ്രവണാദികൾ നിർവ്വഹിക്കേണ്ടതെന്നു് ഇനി എടുത്തുകാട്ടുന്നു—

37 മുക്താന്യസംഗോ ഭഗവത്യമലാം ഭക്തിമുദ്വഹൻ
വൈന്യസ്യ ചരിതം പുണ്യം ശൃണുയാച്ഛ്രാവയേത് പഠേത്

| | | | |
|---|---|---|---|
| മുക്താന്യസംഗഃ | മറ്റെല്ലാററിലും ആസക്തി കൈവെടിഞ്ഞു് | വൈന്യസ്യ | പൃഥുചക്രവർത്തിയുടെ |
| | | പുണ്യം | പാവനമായ |
| ഭഗവതി | ശ്രീഭഗവാനിൽ | ചരിതം | ചരിത്രത്തെ |
| അമലാം | വിശുദ്ധമായ | ശൃണുയാത് | കേൾക്കുക; |
| ഭക്തിം | ഭക്തിയെ | ശ്രാവയേത് | ചൊല്ലികേൾപ്പിക്കുക; |
| ഉദ്വഹൻ | ഉദ്വഹിച്ചുകൊണ്ടു് | പഠേത് | പാരായണംചെയ്യുക. |

38 വൈചിത്ര്യവീര്യാഭിഹിതം മഹന്മാഹാത്മ്യസൂചകം
അസ്മിൻ കൃതമതിർമർത്ത്യഃ പാർഥവീം ഗതിമാപ്നുയാത്.

| | | | |
|---|---|---|---|
| വൈചിത്ര്യവീര്യ | അല്ലയോ വിദുര! | കൃതമതിഃ | ശ്രദ്ധാലുവായ |
| മഹന്മാഹാത്മ്യസൂചകം | ഭഗവന്മാഹാത്മ്യത്തെ വ്യഞ്ജിപ്പിക്കുന്നതായ പൃഥുചരിതം | മർത്ത്യഃ | മനുഷ്യൻ |
| | | പാർഥവീം | പൃഥുവിനുണ്ടായ |
| അഭിഹിതം | പറയപ്പെട്ടുകഴിഞ്ഞു. | ഗതിം | സദ്ഗതിയെ |
| അസ്മിൻ | ഇതിൽ | ആപ്നുയാത് | പ്രാപിക്കുന്നതാണു്. |

39 അനുദിനമിദമാദരേണ ശൃണ്വൻ
പൃഥുചരിതം പ്രഥയൻ വിമുക്തസംഗഃ
ഭഗവതി ഭവസിന്ധുപോതപാദേ
സ ച നിപുണാം ലഭതേ രതിം മനുഷ്യഃ

| | | | |
|---|---|---|---|
| (യഃ) | യാതൊരുവൻ | സഃ മനുഷ്യഃ | ആ മനുഷ്യൻ |
| വിമുക്തസംഗഃ | വിഷയാസക്തി വിട്ടു കളഞ്ഞു് | ഭവസിന്ധു-പോതപാദേ | സംസാരസമുദ്രത്തെ കടത്തുന്ന കപ്പലാവുന്ന ശ്രീപാദത്തോടുകൂടിയ |
| ഇദം പൃഥുചരിതം | ഈ പൃഥുചരിതത്തെ | ഭഗവതി | ഭഗവാങ്കൽ |
| അനുദിനം | ദിവസംതോറും | നിപുണാം | സുയോഗ്യമായ |
| ആദരേണ | ആദരത്തോടെ | രതിം | പ്രേമഭക്തിയെ |
| ശൃണ്വൻ | കേട്ടുകൊണ്ടും | ലഭതേ | കൈപ്പററുന്നു. |
| പ്രഥയൻ ച | പ്രചരിപ്പിച്ചുകൊണ്ടും വത്തിക്കുന്നുവോ, | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുൎത്ഥസ്കന്ധേ

ത്രയോവിംശോऽധ്യായഃ ആദിതഃ ശ്ലോകാഃ 1016.

നാലാമത്തെ സ്കന്ധത്തിൽ ഇരുപത്തിമൂന്നാമധ്യായം കഴിഞ്ഞു.

# ചതുർവിംശോऽധ്യായഃ — അദ്ധ്യായം ഇരുപത്തിനാല്.

## രുദ്രപ്രാചേതസസമാഗമവും രുദ്രഗീതവും.

"ഏകാദശഭിരധ്യായൈഃ പൃഥോശ്ചരിതമീരിതം
പ്രചേതസാമഥാഷ്ടാഭിസ്തന്മധ്യേ പഞ്ചഭിഃ പിതുഃ
ചതുർവിംശേ പ്രപൗത്രാത്തു പൃഥോഃപ്രാചീനബർഹിഷഃ
പ്രചേതസാം ജനിസ്തേഭ്യോ രുദ്രഗീതം ച വർണ്യതേ"

കഴിഞ്ഞ 11 അധ്യായങ്ങൾകൊണ്ടു് പൃഥുചക്രവത്തിയുടെ ചരിതം പറഞ്ഞവസാനിപ്പിച്ചു. ഇനി ഈ സ്കന്ധത്തിലുള്ള 8 അധ്യായങ്ങളാൽ പ്രചേതസ്സുകളുടെ ചരിതം പറയുന്നു. അതിൽതന്നെ അഞ്ചധ്യായം അവരുടെ പിതാവായ പ്രാചിനബർഹിസ്സിൻെറ വൃത്താന്തമാണു്.

ഈ ഇരുപത്തിനാലാമധ്യായത്തിൽ, പൃഥുവിൻെറ പ്രപൗത്രനായ പ്രാചിനബർഹിസ്സിൻെറ പുത്രന്മാരായി പ്രചേതസ്സുകളുണ്ടായതും, അവക്കു് ശ്രീരുദ്രൻ ഉപദേശിച്ച 'രുദ്രഗീത'വും വർണ്ണിക്കപ്പെടുന്നു.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു:

1 വിജിതാശ്വോऽധിരാജാസീത് പൃഥുപുത്രഃ പൃഥുശ്രവാഃ
യവീയോഭ്യോऽദദാത് കാഷ്ഠാ ഭ്രാതൃഭ്യോ ഭ്രാതൃവത്സലഃ.

| | |
|---|---|
| പൃഥുപുത്രഃ | പൃഥുവിന്റെ പുത്രനും |
| പൃഥുശ്രവാഃ | വിപുലകീർത്തിമാനുമായ |
| വിജിതാശ്വഃ | വിജിതാശ്വൻ |
| അധിരാജാ | അധിരാജാവായി |
| ആസീത് | ഭവിച്ചു. |
| ഭ്രാതൃവത്സലഃ | സഹോദരസ്നേഹസമ്പന്നനായ അദ്ദേഹം |
| യവീയോഭ്യഃ | തന്റെ ഇളയ |
| ഭ്രാതൃഭ്യഃ | സഹോദരന്മാർക്ക് |
| കാഷ്ഠാഃ | ഓരോ ദിക്കുകളെ |
| അദദാത് | ഭാഗിച്ചുകൊടുത്തു. |

2 ഹര്യക്ഷായാദിശത്പ്രാചീം ധൂമ്രകേശായ ദക്ഷിണാം
പ്രതീചീം വൃകസംജ്ഞായ തുര്യാം ദ്രവിണസേ വിഭുഃ

| | |
|---|---|
| വിഭുഃ | എല്ലാ ദിക്കിന്റെയും അധീശതയുള്ള വിജിതാശ്വൻ |
| പ്രാചീം | കിഴക്കേദിക്കിനെ |
| ഹര്യക്ഷായ | ഹര്യക്ഷനും, |
| ദക്ഷിണാം | തെക്കേദിക്കിനെ |
| ധൂമ്രകേശായ | ധൂമ്രകേശനും, |
| പ്രതീചീം | പടിഞ്ഞാറിനെ |
| വൃകസംജ്ഞായ | വൃകനെന്നുപേരായ വന്നും, |
| തുര്യാം | നാലാമത്തെ (വടക്ക്) ദിക്കിനെ |
| ദ്രവിണസേ | ദ്രവിണസ്സിനും |
| അദിശത് | നല്കി. |

3 അന്തർധാനഗതിം ശക്രാല്ലബ്ധ്വാന്തർധാനസംജ്ഞിതഃ
അപത്യത്രയമാധത്ത ശിഖണ്ഡിന്യാം സുസമ്മതം

| | |
|---|---|
| ശക്രാത് | ഇന്ദ്രന്റെ അടുക്കൽ നിന്നു് |
| അന്തർധാനഗതിം | അന്തർധാന സഞ്ചരണ വിദ്യയെ (തിരസ്കരിണീവിദ്യയെ) |
| ലബ്ധ്വാ | ലഭിച്ചതിനുശേഷം |
| അന്തർധാനസംജ്ഞിതഃ | "അന്തർധാനൻ" എന്ന പേരിനാൽ അറിയപ്പെട്ടിരുന്ന ആ വിജിതാശ്വൻ |
| ശിഖണ്ഡിന്യാം | ശിഖണ്ഡിനി എന്ന പത്നിയിൽ |
| സുസമ്മതം | നല്ല യോഗ്യതയുള്ള |
| അപത്യത്രയം | മൂന്നു് പുത്രന്മാരെ |
| ആധത്ത | ജനിപ്പിച്ചു. |

4 പാവകഃ പവമാനശ്ച ശുചിരിത്യഗ്നയഃ പുരാ
വസിഷ്ഠശാപാദുത്പന്നാഃ പുനര്യോഗഗതിം ഗതാഃ

| | |
|---|---|
| പാവകഃ | പാവകനെന്നും |
| പവമാനഃ | പവമാനനെന്നും |
| ശുചിഃ ച ഇതി | ശുചിയെന്നും പ്രത്യേക സംജ്ഞകളുള്ള |
| അഗ്നയഃ | അഗ്നിദേവന്മാർ |
| പുരാ | പണ്ടൊരിക്കലുണ്ടായ |
| വസിഷ്ഠശാപാത് | വസിഷ്ഠശാപത്താൽ |
| ഉത്പന്നാഃ | മനുഷ്യയോനിയിൽ സംജാതരായിട്ടു് |
| പുനഃ | പിന്നെയും |
| യോഗഗതിം | യോഗസിദ്ധിയെ (യോഗസാധനയിലൂടെ മുൻപടിക്കുള്ള അഗ്നി സ്വരൂപത്തെ) |
| ഗതാഃ | പ്രാപിച്ചവരായി. |

5 അന്തർധാനോ നഭസ്വത്യാം ഹവിർധാനമവിന്ദത
യ ഇന്ദ്രമശ്വഹർത്താരം വിദ്വാനപി ന ജഘ്നിവാൻ

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | അന്തർധാനഃ | ആ അന്തർധാനൻ (വിജിതാശ്വൻ) |
| ഇന്ദ്രം | ഇന്ദ്രനെ | നഭസ്വത്യാം | നഭസ്വതിയെന്ന മറെറാരു പത്നിയിൽ |
| അശ്വഹർത്താരം | യാഗാശ്വത്തിന്റെ അപഹർത്താവായിട്ട് | ഹവിർധാനം | ഹവിർധാനനെന്ന പുത്രനെ |
| വിദ്വാൻ അപി | അറിഞ്ഞിട്ടുകൂടി | അവിന്ദത | നേടി. |
| ന ജഘ്നിവാൻ | വധിക്കാതെയിരുന്നുവോ, | | |

അശ്വാപഹരണത്താൽ അപരാധിയായ തന്നെ വധിക്കാതിരുന്നതുകൊണ്ട് സന്തുഷ്ടനായ ഇന്ദ്രൻ വിജിതാശ്വന്ന് അന്തർധാനഗതി ഉപദേശിക്കയുണ്ടായി എന്നത് ഈ ശ്ലോകത്താൽ അറിഞ്ഞുകൊള്ളണം.

6 രാജ്ഞാം വൃത്തിം കരാദാനദണ്ഡശുല്കാദിദാരുണാം
മന്യമാനോ ദീർഘസത്രവ്യാജേന വിസസർജ ഹ.

| | | | |
|---|---|---|---|
| രാജ്ഞാം | രാജാക്കന്മാരുടെ | മന്യമാനഃ | വിചാരിച്ചിരുന്ന |
| വൃത്തിം | കുലധർമ്മം | (സഃ) | അദ്ദേഹം |
| കരാദാനദണ്ഡശുല്കാദിദാരുണാം | കപ്പവും നികുതിയും പിരിച്ചെടുക്കുക, ശിക്ഷിക്കുക, ചുങ്കം ചുമത്തുക മുതലായ പ്രവൃത്തികളാൽ പരപീഡാപരുഷമായതാണെന്ന് | ദീർഘസത്രവ്യാജേന | നീണ്ടകാലത്തോളം സത്രത്തിലേർപ്പെടുക എന്ന ഒഴികഴിവിലൂടെ |
| | | വിസസർജ ഹ | കൈവെടിഞ്ഞുപോൽ. |

7 തത്രാപി ഹംസം പുരുഷം പരമാത്മാനമാത്മദൃക്
യജംസ്തല്ലോകതാമാപ കുശലേന സമാധിനാ

| | | | |
|---|---|---|---|
| തത്രാപി | ആ യാഗത്തിൽവെച്ചും | പരമാത്മാനം | പരമാത്മാവിനെ |
| ആത്മദൃക് | ആത്മജ്ഞാനിയായിരുന്ന അദ്ദേഹം | യജൻ | യജിച്ചുകൊണ്ട് |
| ഹംസം | സ്വഭക്തന്മാരുടെ ക്ലേശത്തെ ഹനിക്കുന്നവനും | കുശലേന | ആ പുണ്യംതന്നെയായ |
| പുരുഷം | പൂർണ്ണജീവതത്ത്വസ്വരൂപനമായ | സമാധിനാ | സമാധിയിലൂടെ |
| | | തല്ലോകതാം | തൽസാലോക്യത്തെ |
| | | ആപ | പ്രാപിച്ചു. |

8 ഹവിർധാനാദ്ധവിർധാനീ വിദുരാസൂത ഷട് സുതാൻ
ബർഹിഷദം ഗയം ശുക്ലം കൃഷ്ണം സത്യം ജിതവ്രതം

| | |
|---|---|
| വിദുര | ഹേ വിദുര! |
| ഹവിർധാനാത് | ഹവിർധാനനിൽ നിന്നു് |
| ഹവിർധാനീ | തൽപത്നിയായ ഹവിർധാനിയെന്നവരം |
| ഷട്സുതാൻ | ആറു പുത്രന്മാരെ |
| അസൂത | പ്രസവിച്ചു— |

ബർഹിഷത്ത്, ഗയൻ, ശുക്ലൻ, കൃഷ്ണൻ, സത്യൻ, ജിതവ്രതൻ, എന്നീ പേരുള്ളവരെ.

9 ബർഹിഷത് സുമഹാഭാഗോ ഹാവിർധാനിഃ പ്രജാപതിഃ
ക്രിയാകാണ്ഡേഷു നിഷ്ണാതോ യോഗേഷു ച കുരൂദ്വഹ.

| | |
|---|---|
| കുരൂദ്വഹ | ഹേ വിദുര! |
| ഹാവിർധാനിഃ | ഹവിർധാനപുത്രനും |
| സുമഹാഭഗഃ | മഹാമഹിമയെഴുന്നവനും |
| പ്രജാപതിഃ | പ്രജാപാലകനുമായ |
| ബർഹിഷത് | ബർഹിഷത്ത് |
| ക്രിയാകാണ്ഡേഷു | കർമ്മകാണ്ഡങ്ങളിലും |
| യോഗേഷു ച | പ്രാണായാമാദി യോഗാഭ്യാസങ്ങളിലും |
| നിഷ്ണാതഃ | വിദഗ്ദ്ധനായിരുന്നു. |

അദ്ദേഹത്തിന്റെ ക്രിയാകാണ്ഡനിഷ്ണാതത്വം താഴെ വ്യക്തമാക്കുന്നു.

10 യസ്യേദം ദേവയജനമനുയജ്ഞം വിതന്വതഃ
പ്രാചീനാഗ്രൈഃ കുശൈരാസീദാസ്തൃതം വസുധാതലം

| | |
|---|---|
| യസ്യ | യാതൊരു ഈ ബർഹിഷത്തെന്ന രാജാവു് |
| അനുയജ്ഞം | യജ്ഞങ്ങൾ സ്ഥലംമാറി മാറി തുടന്നുതുടന്നു നടത്തിക്കൊണ്ടു് |
| ഇദം | ഈ ഭൂമിയെത്തന്നെ |
| ദേവയജനം | യജ്ഞവാടമാക്കി |
| വിതന്വതഃ | ചെയ്തുകൊണ്ടിരിക്കെ, |
| പ്രാചീനാഗ്രൈഃ | കിഴക്കുതലയാക്കിവെച്ച |
| കുശൈഃ | ദർഭപ്പുല്ലുകളാൽ |
| വസുധാതലം | ഭൂമണ്ഡലമാകെയും |
| ആസ്തൃതം | മൂടിവിരിക്കപ്പെട്ടതായി |
| ആസീത് | ഭവിച്ചിരുന്നു. |

ഇക്കാരണത്താൽ അദ്ദേഹത്തിന്നു് 'പ്രാചീനബർഹിസ്സ്' എന്ന വിഖ്യാതനാമം സിദ്ധിച്ചു എന്നു് ഗമ്യാർത്ഥം. (ബർഹിസ്സ് = ദർഭ)

11 സാമുദ്രീം ദേവദേവോക്താമുപയേമേ ശതദ്രുതിം
യാം വീക്ഷ്യ ചാരുസർവ്വാംഗീം കിശോരീം സുഷ്ഠ്വലംകൃതാം
പരിക്രമന്തീമുദ്വാഹേ ചകമേഽഗ്നി ശുകീമിവ.

| | |
|---|---|
| സാമുദ്രീം | സമുദ്രരാജപുത്രിയും |
| ദേവദേവോക്താം | ബ്രഹ്മദേവനാൽ നിർദ്ദിഷ്ടയുമായ |
| ശതദ്രുതിം | ശതദ്രുതിയെന്നവളെ |
| ഉപയേമേ | അദ്ദേഹം വേട്ടു. |
| ചാരുസർവ്വാംഗീം | സർവ്വാംഗസുന്ദരിയും |
| സുഷ്ഠ്വലംകൃതാം | ഭംഗിയിൽ അലങ്കരിക്കപ്പെട്ടവളും |
| ഉദ്വാഹേ | വിവാഹവേദിയിൽ |
| പരിക്രമന്തീം | വലംവെക്കുന്നവളുമായ |
| യാം കിശോരീം | യാതൊരു ബാലികയെ |
| വീക്ഷ്യ | കണ്ടിട്ടു് |
| അഗ്നിഃ | അഗ്നിദേവൻ |
| ശുകീം ഇവ | (പണ്ടു്) ശുകിയെ എന്നപോലെ |
| ചകമേ | കാമിച്ചപോലും |

പണ്ടൊരിക്കൽ അഗ്നി സപ്തർഷികളുടെ സത്രത്തിൽവെച്ചു് അവരുടെ പത്നിയെ കണ്ടു് കാമസംതപ്തനായ കഥയാണു് ഈ സാദൃശ്യത്തിന്നവലംബം. അന്നു് ആ ശ്രുകിയെ കണ്ടപ്പോൾ ഉണ്ടായപോലെ വിവാഹാവസരത്തിൽ ശതദ്രുതിയെ കണ്ടപ്പോഴും അഗ്നിക്കു് കാമതാപമുണ്ടായെന്നു് ആശയം.

12 വിബുധാസുരഗന്ധർവ്വമുനിസിദ്ധനരോരഗാഃ
വിജിതാഃ സൂര്യയാ ദിക്ഷു ക്വണയന്ത്യൈവ നൂപുരൈഃ

| | | | |
|---|---|---|---|
| സൂര്യയാ | നവവധുവായ അവളാൽ | വിബുധാസുര-ഗന്ധർവ്വ-മുനിസിദ്ധ-നരോരഗാഃ | ദേവന്മാർ, അസുരന്മാർ, ഗന്ധർവ്വന്മാർ, മുനിമാർ, സിദ്ധന്മാർ, മനുഷ്യർ, നാഗദേവന്മാർ എന്നിവരെല്ലാം |
| നൂപുരൈഃ | കാൽചിലങ്കകൾകൊണ്ടു | | |
| ദിക്ഷു | ഓരോരോ ഇടങ്ങളിൽ | | |
| ക്വണയന്ത്യാ ഏവ | പാദന്യാസധ്വനിയുണ്ടാക്കിക്കൊണ്ടുമാത്രം | വിജിതാഃ | കീഴമർത്തപ്പെട്ടു. |

13 പ്രാചീനബർഹിഷഃ പുത്രാഃ ശതദ്രുത്യാം ദശാഭവൻ
തുല്യനാമവ്രതാഃ സർവ്വേ ധർമ്മസ്നാതാഃ പ്രചേതസഃ

| | | | |
|---|---|---|---|
| ശതദ്രുത്യാം | ശതദ്രുതിയിൽ | സർവ്വേ | ഇവരെല്ലാവരും |
| പ്രാചീന-ബർഹിഷഃ | പ്രാചീനബർഹിസ്സിന്നു് | തുല്യനാമ-വ്രതാഃ | ഒരേ പേരും ഒരേ വൃത്തിനിഷ്ഠയും ഉള്ളവരായിരുന്നു; |
| ദശ പുത്രാഃ | പത്തു പുത്രന്മാർ | | |
| അഭവൻ | ഉണ്ടായി. | | |
| പ്രചേതസഃ | പ്രചേതസ്സുകൾ എന്നറിയപ്പെട്ടിരുന്ന | ധർമ്മസ്നാതാഃ | ധർമ്മപാരംഗതന്മാരും ആയിരുന്നു. |

14 പിത്രാഽഽദിഷ്ടാഃ പ്രജാസർഗ്ഗേ തപസേഽർണ്ണവമാവിശൻ
ദശ വർഷസഹസ്രാണി തപസാഽർച്ചംസ്തപസ്പതിം

15 യദുക്തം പഥി ദൃഷ്ടേന ഗിരിശേന പ്രസീദതാ
തദ്ധ്യായന്തോ ജപന്തശ്ച പൂജയന്തശ്ച സംയതാഃ

| | | | |
|---|---|---|---|
| പ്രജാസർഗ്ഗേ | പ്രജാസൃഷ്ടിയെ നിർവ്വഹിക്കേണ്ടും വിഷയത്തിൽ | പഥി | പോകുംവഴിക്കു് |
| | | ദൃഷ്ടേന | ദർശിക്കപ്പെട്ടു് |
| | | പ്രസീദതാ | പ്രസന്നനായ |
| പിത്രാ | പിതാവിനാൽ | ഗിരിശേന | പരമശിവനാൽ |
| ആദിഷ്ടാഃ | ആദേശിക്കപ്പെട്ടിരുന്ന അവർ | യത് | യാതൊന്നു് |
| | | ഉക്തം | ഉപദേശിക്കപ്പെട്ടുവോ, |
| തപസേ | തപസ്സിനുവേണ്ടി | തത് | ആയതിനെ |
| അർണ്ണവം | സമുദ്രത്തിലേക്കു് | ധ്യായന്തഃ | ധ്യാനിച്ചുകൊണ്ടും |
| ആവിശൻ | ഇറങ്ങി. | ജപന്തഃ ച | ജപിച്ചുകൊണ്ടും |

| | | | |
|---|---|---|---|
| പൂജയന്തഃ ച | പൂജിച്ചുകൊണ്ടും | തപസാ | തപസ്സിനാൽ |
| സംയതാഃ | ഏകാഗ്രനിഷ്ഠന്മാരായി | തപസ്പതിം | തപസ്സുകളുടെ പതിയായ ശ്രീഹരിയെ |
| ദശവർഷ. സഹസ്രാണി | പതിനായിരത്താണ്ടു കാലം | ആച്ഛൻ | ആരാധിച്ചു. |

വിദുര ഉവാച = വിദുരർ പറഞ്ഞു —

16 പ്രചേതസാം ഗിരിത്രേണ യഥാഽസീത് പഥി സംഗമഃ
യദുതാഹ ഹരഃ പ്രീതസ്തന്നോ ബ്രഹ്മൻ വദാൎത്ഥവത്

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ ! | പ്രീതഃ | സന്തുഷ്ടനായിട്ട് |
| പ്രചേതസാം | പ്രചേതസ്സുകൾക്ക് | യത് | യാതൊന്ന് |
| ഗിരിത്രേണ | പരമശിവനോടുള്ള | ആഹ | അരുളിച്ചെയ്തുവോ, |
| സംഗമഃ | കൂടിക്കാഴ്ച | അൎത്ഥവത് | സാരവത്തായ |
| പഥി | വഴിക്കുവെച്ച് | തത് ഉത | അതുകൂടിയും |
| യഥാ ആസീത് | എങ്ങനെ സംഭവിച്ചു ? | നഃ വദ | എനിക്കു പറഞ്ഞുതരിക. |
| ഹരഃ | പരമശിവൻ | | |

17 സംഗമഃ ഖലു വിപ്രഷേ ശിവേനേഹ ശരീരിണാം
ദുൎല്ലഭോ മുനയോ ദധ്യുരസംഗാദ്യമഭീപ്സിതം.

| | | | |
|---|---|---|---|
| വിപ്രഷേ | ഹേ ബ്രഹ്മഷേ ! | (തേന) | അങ്ങനെയുള്ള |
| മുനയഃ | മുനിമാർകൂടിയും | ശിവേന | ശിവനോടുകൂടെ |
| അസംഗാത് | സൎവ്വസംഗത്യാഗം കൊണ്ട് | ഇഹ | ലോകത്തിലെ |
| അഭീപ്സിതം | പ്രാപിക്കുവാൻ അഭിലഷിക്കപ്പെട്ടിരിക്കുന്ന | ശരീരിണാം | സാധാരണജനങ്ങൾക്ക് |
| യം | യാതൊരു ദേവനെ | സംഗമഃ | കൂടിക്കാഴ്ചയുണ്ടാവുക എന്നതു് |
| ദധ്യുഃ | ധ്യാനിച്ചുകഴിയുന്നുവോ, | ദുൎല്ലഭഃ ഖലു | ദുസ്സാധമത്രെ. |

18 ആത്മാരാമോഽപി യസ്ത്വസ്യ ലോകകല്പസ്യ രാധസേ
ശക്ത്യാ യുക്തോ വിചരതി ഘോരയാ ഭഗവാൻ ഭവഃ.

| | | | |
|---|---|---|---|
| യഃ | യാതൊരു | ലോകകല്പസ്യ | ലോകസൃഷ്ടിയുടെ |
| ഭഗവാൻ | സൎവ്വജ്ഞനായ | രാധസേ | പാലനത്തിനായി |
| ഭവഃ തു | ശ്രീരുദ്രനാകട്ടെ | ഘോരയാ | ഭയങ്കരമായ |
| ആത്മാരാമഃ അപി | തന്നിൽത്താൻ ആനന്ദം കൊണ്ടിരിക്കുന്ന ആളാണെന്നിരിക്കിലും | ശക്ത്യാ | ശക്തിയോട് |
| | | യുക്തഃ | കൂടിയവനായിട്ട് |
| അസ്യ | ഈ | വിചരതി | സഞ്ചരിക്കുന്നു. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

19 പ്രചേതസഃ പിതുർവാക്യം ശിരസാദായ സാധവഃ
ദിശം പ്രതീചീം പ്രയയുസ്തപസ്യാദൃതചേതസഃ.

| | | | |
|---|---|---|---|
| സാധവഃ | സത്തമന്മാരായ | ആദൃത- ചേതസഃ | ആദൃതാത്മക്കളായി ഭവിച്ചുകൊണ്ട് |
| പ്രചേതസഃ | പ്രചേതസ്സുകൾ | | |
| പിതുഃ | അച്ഛന്റെ | പ്രതീചീം | പടിഞ്ഞാറെ |
| വാക്യം | വാക്യത്തെ | ദിശം | ദിക്കിലേക്ക് |
| ശിരസാ ആദായ | ശിരസാ വഹിച്ച്, | | |
| തപസി | തപസ്സിൽ | പ്രയയുഃ | പ്രയാണംചെയ്തു. |

20 സമുദ്രമുപ വിസ്തീർണമപശ്യൻ സുമഹത് സരഃ
മഹന്മന ഇവ സ്വച്ഛം പ്രസന്നസലിലാശയം.

| | | | |
|---|---|---|---|
| സമുദ്രം ഉപ | ഏതാണ്ടൊരു സമുദ്രം പോലെ | മഹന്മനഃ ഇവ | മഹാന്മാരുടെ മനസ്സെന്നപോലെ |
| വിസ്തീർണം | വിശാലമായുള്ള | | |
| സുമഹത് | വലിയ | സ്വച്ഛം | അതിനിർമ്മലവും |
| സരഃ | ഒരു തടാകത്തെ | പ്രസന്ന- സലിലാശയം | തെളിഞ്ഞുകാണാവുന്ന ജലജന്തുക്കളുള്ളതും ആയിരുന്നു. |
| അപശ്യൻ | (അവർ) കണ്ടു. | | |
| (തത്) | അത് | | |

21 നീലരക്തോത്പലാംഭോജകല്ഹാരേന്ദീവരാകരം
ഹംസസാരസചക്രാഹ്വകാരണ്ഡവനികൂജിതം.

| | | | |
|---|---|---|---|
| നീലരക്തോത്- പലാംഭോജ- കല്ഹാരേന്ദീ വരാകരം | നീലയും ചുകപ്പുമായ നൈതൽ, താമര, സൗഗന്ധികം, ആമ്പൽ എന്നീ പൂക്കളുടെ ആവാസവും— | ഹംസസാരസ- ചക്രാഹ്വ- കാരണ്ഡവ- നികൂജിതം | ഹംസം, സാരസം, ചക്രവാകം, കാരണ്ഡവം എന്നീ പക്ഷികളുടെ കളകൂജനമെഴുന്നതും ആയിരുന്നു. |

22 മത്തഭ്രമരസൗസ്വര്യഹൃഷ്ടരോമലതാംഘ്രിപം
പദ്മകോശരജോ ദിക്ഷു വിക്ഷിപത്പവനോത്സവം

| | | | |
|---|---|---|---|
| മത്തഭ്രമര- സൗസ്വര്യ- ഹൃഷ്ടരോമ- ലതാംഘ്രിപം | മദിച്ച വണ്ടുകളുടെ സുസ്വരതയാൽ പുളകച്ചാർത്തണിഞ്ഞ ലതാവൃക്ഷങ്ങളോടു ചേർന്നും | ദിക്ഷു | ദിക്കുകൾതോറും |
| | | വിക്ഷിപത്- പവനോത്സവം | വാരിവിതറുന്ന കാററിനാൽ ഉത്സവാഘോഷമാർന്നും ആയിരുന്നു. |
| പദ്മകോശ- രജഃ | താമരപ്പൂമ്പൊടിയെ | | |

23 തത്ര ഗാന്ധർവ്വമാകർണ്യ ദിവ്യമാർഗമനോഹരം
വിസിസ്മ്യൂ രാജപുത്രാസ്തേ മൃദംഗപണവാദ്യനു.

| | |
|---|---|
| തത്ര | അവിടത്തിൽ, |
| തേ രാജപുത്രാഃ | ആ രാജപുത്രന്മാർ |
| ദിവ്യമാർഗ-മനോഹരം | സ്വർഗ്ഗീയമായ രീതിഭേദങ്ങൾകൊണ്ടു മനംകവരുന്നതും |
| മൃദംഗപണ-വാദി അനു | മൃദംഗം, ഉടുക്ക മുതലായ വാദ്യഘോഷങ്ങളോട്ട കലർന്നതുമായ |
| ഗാന്ധർവ്വം | പാട്ട് |
| ആകർണ്യ | കേട്ട് |
| വിസിസ്മ്യൂഃ | വിസ്മയിച്ചു. |

24 തർഹ്യേവ സരസസ്തസ്മാന്നിഷ്ക്രാമന്തം സഹാനുഗം
ഉപഗീയമാനമമരപ്രവരം വിബുധാനുഗൈഃ

25 തപ്തഹേമനികായാഭം ശിതികണ്ഠം ത്രിലോചനം
പ്രസാദസുമുഖം വീക്ഷ്യ പ്രണേമുർജാതകൗതുകാഃ

| | |
|---|---|
| തർഹ്യേവ | അനന്തരം |
| തസ്മാത് സരസഃ | ആ തടാകത്തിൽനിന്ന് |
| സഹാനുഗം | അനുചരന്മാരോടുകൂടെ |
| നിഷ്ക്രാമന്തം | കയറിവന്നിരുന്ന— |
| അമരപ്രവരം | ദേവശ്രേഷ്ഠനായ— |
| വിബുധാ-നുഗൈഃ | ദേവന്മാരാവുന്ന അനുചരന്മാരാൽ |
| ഉപഗീയമാനം | പാടിപ്പുകഴ്ത്തപ്പെടുന്ന— |
| തപ്തഹേമ-നികായാഭം | ഉരുക്കിക്കറകളഞ്ഞ തങ്കക്കട്ടിക്കൊത്ത കാന്തിയേന്തുന്ന— |
| ശിതികണ്ഠം | നീലകണ്ഠനായ— |
| പ്രസാദസുമുഖം | ഉൾത്തെളിമയാൽ സൗമുഖ്യമാർന്ന— |
| ത്രിലോചനം | മുക്കണ്ണനെ (ശിവനെ) |
| വീക്ഷ്യ | കണ്ടിട്ട് |
| ജാതകൗതുകാഃ | ഉണ്ടായിവന്ന ആശ്ചര്യത്തോടുകൂടിയവരായി |
| പ്രണേമുഃ | വീണുനമസ്കരിച്ചു. |

26 സ താൻ പ്രപന്നാർത്തിഹരോ ഭഗവാൻ ധർമ്മവത്സലഃ
ധർമ്മജ്ഞാൻ ശീലസംപന്നാൻ പ്രീതഃ പ്രീതാനുവാച ഹ.

| | |
|---|---|
| പ്രപന്നാ-ർത്തിഹരഃ | ശരണാഗതന്മാരുടെ സന്താപത്തെ അകററുന്നവനും |
| ധർമ്മവത്സലഃ | ധർമ്മത്തിൽ വാത്സല്യമുള്ളവനും |
| ഭഗവാൻ | സമൈശ്വര്യാദി ഷഡ്ഗുണസമ്പന്നനുമായ |
| സഃ | തന്തിരുവടി |
| പ്രീതഃ | സന്തുഷ്ടനായിട്ട്, |
| ധർമ്മജ്ഞാൻ | ധർമ്മമറിയാവുന്നവരും |
| ശീല-സംപന്നാൻ | സ്വഭാവഗുണം തികഞ്ഞവരും |
| പ്രീതാൻ | സന്തുഷ്ടന്മാരുമായ |
| താൻ | അവരോട് |
| ഉവാച ഹ | പറഞ്ഞു ആശ്ചര്യം. |

ശ്രീരുദ്ര ഉവാച = ശ്രീരുദ്രൻ അരുളിച്ചെയ്തു

27 യൂയം വേദിഷദഃ പുത്രാ വിദിതം വശ്ചികീർഷിതം
അനുഗ്രഹായ ഭദ്രം വ ഏവം മേ ദർശനം കൃതം.

| | | | |
|---|---|---|---|
| യൂയം | നിങ്ങൾ | വഃ | നിങ്ങളെ |
| വേദിഷദഃ | ബർഹിഷത്തിൻെറ | അനുഗ്രഹായ | അനുഗ്രഹിക്കുന്നതിന്നു വേണ്ടി |
| പുത്രാഃ | പുത്രന്മാരാണ് | | |
| വഃ | നിങ്ങളുടെ | മേ ഏവം | എന്നാൽ ഈവിധം |
| ചികീർഷിതം | കർമ്മോദ്ദേശ്യവും | ദർശനം കൃതം | ദർശനം തരപ്പെട്ടു. |
| വിദിതം | അറിയപ്പെട്ടതാണ്. | ഭദ്രം | മംഗളമുണ്ടാകട്ടെ |

അനുഗ്രഹിക്കാനുള്ള കാരണം വ്യക്തമാക്കുന്നു.

28 യഃ പരം രംഹസഃ സാക്ഷാത് ത്രിഗുണാജ്ജീവസംജ്ഞിതാത്
ഭഗവന്തം വാസുദേവം പ്രപന്നഃ സ പ്രിയോ ഹി മേ.

| | | | |
|---|---|---|---|
| രംഹസഃ | സൂക്ഷ്മമായ | സാക്ഷാത് ഭഗവന്തം വാസുദേവം | സാക്ഷാൽ ഭഗവാനായ ശ്രീവാസുദേവനെ |
| ത്രിഗുണാത് | ത്രിഗുണത്തിൽനിന്നും * | | |
| ജീവസംജ്ഞിതാത് | ജീവനെന്നുള്ള അഭിധാനത്താൽ അറിയപ്പെട്ടന്നതിൽനിന്നും † | യഃ | ഏതൊരുവൻ |
| | | പ്രപന്നഃ | ശരണംപ്രാപിച്ചിരിക്കുന്നുവോ, |
| പരം | അതീതമായിനിന്ന് ഇവ രണ്ടിനേയും നിയന്ത്രിക്കുന്ന | സഃ | ആയവൻ |
| | | മേ | എനിക്ക് |
| | | പ്രിയഃ ഹി | ഇഷ്ടപ്പെട്ടവനാണല്ലോ. |

* പ്രകൃതിയിൽനിന്നും
† പുരുഷനിൽനിന്നും

ശ്രീവാസുദേവൻെറ സർവ്വാധികമഹത്ത്വമാണ് ഇനി പറയുന്നതു്—

29 സ്വധർമ്മനിഷ്ഠഃ ശതജന്മഭിഃ പുമാൻ
വിരിഞ്ചതാമേതി തതഃ പരം ഹി മാം
അവ്യാകൃതം ഭാഗവതോഽഥ വൈഷ്ണവം
പദം യഥാഹം വിബുധാഃ കലാത്യയേ.

| | | | |
|---|---|---|---|
| സ്വധർമ്മനിഷ്ഠഃ | സ്വകീയവർണ്ണാശ്രമാദിധർമ്മങ്ങളിൽ ആചാരനിഷ്ഠയോടെ ഇരിക്കുന്ന | മാം ഹി | എന്നെത്തന്നേയും |
| | | (ഏതി) | പ്രാപിക്കുന്നു. |
| പുമാൻ | മനുഷ്യൻ | ഭാഗവതഃ | ഭഗവാനായ ശ്രീവാസുദേവനിൽ ഭക്തിയുറച്ചവനാകട്ടെ |
| ശതജന്മഭിഃ | ബഹുജന്മങ്ങൾകൊണ്ട് | | |
| വിരിഞ്ചതാം | ബ്രഹ്മാവിൻെറ നിലയെ | അഥ | മരണാനന്തരം, |
| ഏതി | പ്രാപിക്കുന്നു. | അവ്യാകൃതം | പ്രപഞ്ചാതീതമായ |
| തതഃ | അതിലുംകവിഞ്ഞ പുണ്യകർമ്മത്താൽ | വൈഷ്ണവം പദം | വിഷ്ണുസായൂജ്യത്തെ |
| | | യഥാ | ഏതുപ്രകാരം |
| പരം | അതിലുംമീതെയായ | അഹം | രുദ്രനായ ഞാനും |

| | | | |
|---|---|---|---|
| വിബുധാഃ | ഇതരദേവന്മാരും | (ഏഷ്യന്തി | പ്രാപിച്ചേക്കുമോ |
| കലാത്യയേ | തങ്ങടെതങ്ങടെക്കള്ള വ്യക്തിത്വം അവസാനിക്കമ്പോഴ | തഥാ | അതുപ്രകാരം |
| | | ഏതി) | പ്രാപിക്കുന്നു. |

30 അഥ ഭാഗവതാ യൂയം പ്രിയാഃ സ്ഥ ഭഗവാൻ യഥാ
ന മദ്ഭാഗവതാനാം ച പ്രേയാനന്യോഽസ്തി കഹിചിത്.

| | | | |
|---|---|---|---|
| അഥ | ആകയാൽ | മത് | എന്നിലുംമീതെ |
| ഭാഗവതാഃ | ഭഗവൽഭക്തന്മാരായ | അന്യഃ | മറെറാരുത്തൻ |
| യൂയം | നിങ്ങൾ | ഭാഗവതാനാം ച | ഭഗവൽഭക്തന്മാൎക്കും |
| ഭഗവാൻ യഥാ | ഭഗവാനെപ്പോലെ (എനിക്കു്) | പ്രേയാൻ | പ്രിയതരനായിട്ടു് |
| | | കഹിചിത് | ഒരിക്കലും |
| പ്രിയാഃ സ്ഥ | പ്രിയപ്പെട്ടവരാണു്. | ന അസ്തി | ഉണ്ടാകയില്ല. |

31 ഇദം വിവിക്തം ജപ്തവ്യം പവിത്രം മംഗളം പരം
നിഃശ്രേയസകരം ചാപി ശ്രൂയതാം തദ്വദാമി വഃ

| | | | |
|---|---|---|---|
| പവിത്രം | പരിപാവനവും | വിവിക്തം | ഒതുക്കത്തോടുകൂടി |
| മംഗളം | ശുഭംകരവും | ജപ്തവ്യം | ജപിക്കപ്പെടേണ്ടതുണ്ടു് |
| പരം | അത്യുത്കൃഷ്ടവും | ശ്രൂയതാം | കേട്ടുകൊള്ളണം; |
| നിഃശ്രേയസ-കരം ച അപി | മുക്തിപ്രദായകവും കൂടിയായ | തത് വഃ | അതുനിങ്ങൾക്കു് |
| ഇദം | ഈ സ്തോത്രവും | വദാമി | ഞാൻ ചൊല്ലിത്തരാം. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു.

32 ഇത്യനുക്രോശഹൃദയോ ഭഗവാനാഹ താൻ ശിവഃ
ബദ്ധാഞ്ജലീൻ രാജപുത്രാന്നാരായണപരോ വചഃ

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | താൻ രാജപുത്രാൻ | ആ രാജകുമാരന്മാരോടു് |
| അനുക്രോശ-ഹൃദയഃ | കൃപാർദ്രമായ ഹൃദയത്തോടുകൂടിയവനും | നാരായണപരഃ | ഭഗവദനുധ്യാനനിരതനായിട്ടു് |
| ഭഗവാൻ | സർവ്വജ്ഞാനനിധിയുമായ | | |
| ശിവഃ | ശ്രീരുദ്രൻ | വചഃ | തിരുവചനത്തെ |
| ബദ്ധാഞ്ജലീൻ | കൈകൂപ്പിനില്ക്കുന്ന | ആഹ | ഉരചെയ്തു. |

ബ്രഹ്മാവു് സൃഷ്ടിയുടെ ആരംഭകാലത്തു് സ്വപുത്രന്മാൎക്കുണ്ടാക്കിക്കൊടുത്തുപദേശിച്ച സർവ്വാഭീഷ്ടദസ്തോത്രമാണു് താഴെ കാണുന്ന രുദ്രഗീതം. ഭഗവാൻ ശ്രീരുദ്രൻ അതു് പ്രചേതസ്സുകൾക്കു് കൃപയാൽ ഉപദേശിക്കുന്നു.

# രുദ്രഗീതം

ശ്രീരുദ്ര ഉവാച = ശ്രീരുദ്രൻ അരുളിച്ചെയ്തു —

33 ജിതം ത ആത്മവിദ്ധുര്യസ്വസ്തയേ സ്വസ്തിരസ്തു മേ
ഭവതാ രാധസാ രാദ്ധം സർവസ്മാ ആത്മനേ നമഃ

| | | | |
|---|---|---|---|
| തേ | നിന്തിരുവടിയുടെ | അസ്തു | ഉണ്ടാകട്ടെ |
| ജിതം | സർവ്വാതിശായിയായ ഉത്കർഷം | ഭവതാ | നിന്തിരുവടിയാൽ |
| ആത്മവിദ്-ധുര്യസ്വസ്തയേ | ആത്മജ്ഞോത്തമന്മാരുടെ ശോഭനസത്തയ്ക്കു് (സ്വാനന്ദലബ്ധിക്കു്) വേണ്ടിയാകുന്നു. | രാധസാ | സ്വാനന്ദരൂപനായിട്ടു് |
| | | രാദ്ധം | നിലകൊള്ളപ്പെട്ടിരിക്കുന്നു * |
| (അതഃ) | ആകയാൽ | ആത്മനേ | ഏവം ഭൂതാത്മാവായി |
| മേ | എനിക്കു് | സർവ്വസ്മൈ | സർവ്വസ്വരൂപനുമായിരിക്കുന്ന അവിടുത്തേക്കു് |
| സ്വസ്തി | സ്വാനന്ദപ്രാപ്തിയാവുന്ന സുഖാസീനത | നമഃ | നമസ്കാരം. |

* നിന്തിരുവടി പരമസച്ചിദാനന്ദാത്മാവായി സർവ്വദാ സ്വാഭാവികമായിട്ടുതന്നെ അവസ്ഥിതി ചെയ്യുന്നു എന്നർത്ഥം.

ഇനി പത്തുശ്ലോകങ്ങളാൽ ഭഗവാന്റെ സർവ്വസ്വരൂപതയെ പ്രപഞ്ചനംചെയ്തു കൊണ്ടു് നമസ്കരിക്കുന്നു.

34 നമഃ പങ്കജനാഭായ ഭൂതസൂക്ഷ്മേന്ദ്രിയാത്മനേ
വാസുദേവായ ശാന്തായ കൂടസ്ഥായ സ്വരോചിഷേ

| | | | |
|---|---|---|---|
| പങ്കജനാഭായ | സർവ്വവിശ്വാത്മകമായ പദ്മം നാഭിയിങ്കലുള്ള കാരണാത്മാവായും, | കൂടസ്ഥായ | നിർവ്വികാരനായി— |
| | | ശാന്തായ | സാത്ത്വികനായി— |
| ഭൂതസൂക്ഷ്മേ-ന്ദ്രിയാത്മനേ | പഞ്ചഭൂതങ്ങളും, പഞ്ചതന്മാത്രങ്ങളും, ദശേന്ദ്രിയങ്ങളും എന്നീ ജീവോപാധികളുടെ നിയന്താവായും, | വാസുദേവായ | "വാസുദേവാ"ഭിഖ്യയോടെ ചിത്തത്തിന്റെ അധിഷ്ഠാതാവായും സ്ഥിതിചെയ്യുന്ന അവിടുത്തേക്കു് |
| സ്വരോചിഷേ | സ്വയം പ്രകാശനായി— | നമഃ | നമസ്കാരം. |

35 സംകർഷണായ സൂക്ഷ്മായ ദുരന്തായാന്തകായ ച
നമോ വിശ്വപ്രബോധായ പ്രദ്യുമ്നായാന്തരാത്മനേ

| | | | |
|---|---|---|---|
| സൂക്ഷ്മായ | അവ്യക്തനായി— | സംകർഷണായ | 'സംകർഷണാ'ഖ്യയോടെ അഹംകാരത്തിന്റെ അധിഷ്ഠാതാവായിരിക്കുന്ന അവിടുത്തേക്കു് |
| ദുരന്തായ | അനന്തനായി— | | |
| അന്തകായ ച | അന്തകാരിയുമായി— | | |

| | | | |
|---|---|---|---|
| നമഃ | നമസ്കാരം. | അന്തരാത്മനേ | ബുദ്ധിതത്ത്വത്തിന്റെ അധിഷ്ഠാതാവായി സ്ഥിതിചെയ്യുന്ന |
| വിശ്വപ്രബോധായ | വിശ്വാവബോധത്തിനാസ്പദമായി | പ്രദ്യുമ്നായ നമഃ | 'പ്രദ്യുമ്നാ'ഭിധാനമൂർത്തിക്കു നമസ്കാരം. |

36 നമോ നമോഽനിരുദ്ധായ ഹൃഷീകേശേന്ദ്രിയാത്മനേ
നമഃ പരമഹംസായ പൂർണ്ണായ നിഭൃതാത്മനേ.

| | | | |
|---|---|---|---|
| ഹൃഷീകേശേന്ദ്രിയാത്മനേ | സർവ്വേന്ദ്രിയാധിപത്യം വഹിക്കുന്ന മനോരൂപേന്ദ്രിയത്തിന്റെ നിയന്താവായി സ്ഥിതിചെയ്യുന്ന | പൂർണ്ണായ | തേജസ്സിനാൽ വിശ്വവ്യാപിയായി— |
| അനിരുദ്ധായ | 'അനിരുദ്ധ'നെന്ന തദധിഷ്ഠാനമൂർത്തിക്ക് | നിഭൃതാത്മനേ | ക്ഷയവൃദ്ധിരഹിതനായി |
| നമോ നമഃ | നമസ്കാരം, നമസ്കാരം. | പരമഹംസായ | സൂര്യരൂപേണ സ്ഥിതനായിരിക്കുന്ന ഭഗവാന് |
| | | നമഃ | നമസ്കാരം. |

ജഗൽകാരണമെന്ന നിലയിലും, ജഗദുപാധികളായ തത്ത്വങ്ങൾ എന്ന നിലയിലും, അതിലും വിശേഷിച്ച് അന്തഃകരണതത്ത്വങ്ങളുടെ അധിഷ്ഠാതൃത്വം വഹിക്കുന്ന വാസുദേവാദിചതുർമൂർത്തികളുടെ സ്വരൂപമെന്ന നിലയിലും ഭഗവൽപ്രണാമംചെയ്തശേഷം ഈ ശ്ലോകത്തിന്റെ ഉത്തരാർദ്ധംമുതൽ മഹാഭൂതസ്വരൂപത്തേന വർത്തിക്കുന്ന ഭഗവാനെ പ്രണമിക്കുന്നു.

37 സ്വർഗാപവർഗദ്വാരായ നിത്യം ശുചിഷദേ നമഃ
നമോ ഹിരണ്യവീര്യായ ചാതുർഹോത്രായ തന്തവേ

| | | | |
|---|---|---|---|
| സ്വർഗാപവർഗദ്വാരായ | സ്വർഗ്ഗത്തിലേക്കും നിത്യമുക്തിയിലേക്കുമുള്ള പ്രവേശനദ്വാരമായി ഭവിച്ചവനും | തന്തവേ | അതിനെ വിസ്തരിപ്പിക്കുന്നവനും |
| ശുചിഷദേ | അന്തഃകരണത്തിൽ കുടികൊണ്ടിരിക്കുന്നവനും | ഹിരണ്യവീര്യായ | ഹിരണ്യമാവുന്ന വീര്യത്തോടുകൂടിയിരിക്കുന്നവനമായ അഗ്നിയുടെ സ്വരൂപമാന്ന ഭഗവാന് |
| ചാതുർഹോത്രായ | യജ്ഞകർമ്മത്തിന്റെ പ്രധാനസാധനമായിരുന്ന് | നിത്യം | എന്നെന്നും |
| | | നമഃ നമഃ | അനേകനമസ്കാരം |

38 നമ ഊർജ ഇഷേ ത്രയ്യാഃ പതയേ യജ്ഞരേതസേ
തൃപ്തിദായ ച ജീവാനാം നമഃ സർവ്വരസാത്മനേ

| | | | |
|---|---|---|---|
| യജ്ഞരേതസേ | സോമരസസ്വരൂപനായി | ഇഷേ | ദേവകളുടെ ആഹാരമായുംഭവിച്ച് (ചന്ദ്രന്റെ സ്വരൂപമാന്നിരിക്കുന്ന) |
| ഊർജേ | പിതൃക്കളുടെ ആഹാരമായും | | |

| | | | |
|---|---|---|---|
| ത്രയ്യാഃ പതയേ | വേദനായകനായ ശ്രീഹരിക്ക് | തുഷ്ടിദായ | തുഷ്ടിയെ പ്രദാനംചെയ്യുകൊണ്ട് |
| നമഃ | നമസ്കാരം. | സർവ്വരസാത്മനേ ച | സർവ്വരസ(ജല)സ്വരൂപനായും ഇരിക്കുന്ന ശ്രീഹരിക്ക് |
| ജീവാനാം | ജീവരാശികൾക്ക് | നമഃ | നമസ്കാരം. |

ഭഗവാന്റെ തേജഃസ്വരൂപം സൂര്യാഗ്നിസോമപരാമർശംകൊണ്ടും ജലസ്വരൂപം "സർവ്വരസാത്മനേ" എന്ന ഭാഗംകൊണ്ടും ഉക്തമായി. ഇനി പൃഥിവി, വായു, ആകാശം എന്നിവയെ പരാമർശിക്കുന്നു.

39 സർവ്വസത്ത്വാത്മദേഹായ വിശേഷായ സ്ഥവീയസേ
നമസ്ത്രൈലോക്യപാലായ സഹഓജോബലായ ച.

| | | | |
|---|---|---|---|
| സർവ്വസത്ത്വാത്മദേഹായ | സമസ്തപ്രാണിനിവഹത്തിന്റെയും ആത്മാക്കൾക്ക ശരീരമായി | സഹഓജോബലായ | പ്രാണേന്ദ്രിയശരീരശക്തികളാവുന്ന ധർമ്മങ്ങളോടുകൂടിയിരുന്ന് |
| സ്ഥവീയസേ | അതിസ്ഥൂലാകാരം പൂണ്ടിരിക്കുന്ന | ത്രൈലോക്യപാലായ ച | മൂപ്പാരിനേയും പരിപാലിക്കുന്ന വായുവിന്റെ സ്വരൂപമായവനും ആയ ശ്രീഹരിക്ക |
| വിശേഷായ | പൃഥിവിയുടെ സ്വരൂപമായവനും, | നമഃ | നമസ്കാരം. |

40 അർത്ഥലിംഗായ നഭസേ നമോഽന്തർബഹിരാത്മനേ
നമഃ പുണ്യായ ലോകായ അമുഷ്മൈ ഭൂരിവർച്ചസേ.

| | | | |
|---|---|---|---|
| അർത്ഥലിംഗായ | പദാർത്ഥങ്ങളുടെ ജ്ഞാപകമായി | ഭൂരിവർച്ചസേ | അമിതതേജോമയമായി |
| അന്തർബഹിരാത്മനേ | അകം, പുറം എന്നിങ്ങനെയുള്ള വ്യവഹാരത്തിന്ന് ആലംബനമായിരിക്കുന്ന | പുണ്യായ | പരമപാവനമായിരിക്കുന്ന |
| നഭസേ | ആകാശമായി ഭവിച്ചിരിക്കുന്ന ഭഗവാന്ന് | അമുഷ്മൈ ലോകായ | സ്വർല്ലോകമായിട്ട് അവസ്ഥിതി ചെയ്യുന്ന ദേവന്ന് |
| നമഃ | നമസ്കാരം | നമഃ | നമോവാകം. |

41 പ്രവൃത്തായ നിവൃത്തായ പിതൃദേവായ കർമ്മണേ
നമോഽധർമ്മവിപാകായ മൃത്യവേ ദുഃഖദായ ച

| | | | |
|---|---|---|---|
| പ്രവൃത്തായ | പ്രവൃത്തിലക്ഷണവും | പിതൃദേവായ | പിതൃലോകപ്രാപ്തിസാധകവും ദേവലോകപ്രാപ്തിസാധകവും ആയിരിക്കുന്ന |
| നിവൃത്തായ | നിവൃത്തിലക്ഷണവുമായി | | |

| | | | |
|---|---|---|---|
| കൎമ്മണേ | കൎമ്മമായുള്ളവനും, | ദുഃഖദായ | ദുഃഖപ്രദമായുള്ള |
| | | മൃത്യവേ ച | മൃത്യുവായിരിക്കുന്നവനു മായ ശ്രീഭഗവാനു് |
| അധൎമ്മ- വിപാകായ | അധൎമ്മത്തിന്റെ പരി ണതഫലമായി | നമഃ | നമോവാകം. |

42 നമസ്തേ ആശിഷാമീശ മനവേ കാരണാത്മനേ
നമോ ധൎമ്മായ ബൃഹതേ കൃഷ്ണായാകുണ്ഠമേധസേ
പുരുഷായ പുരാണായ സാംഖ്യയോഗേശ്വരായ ച

| | | | |
|---|---|---|---|
| ഈശ | ഹേ ഈശ! | അകുണ്ഠ- മേധസേ | അവ്യാഹതമായ വിജ്ഞാനശക്തിയായി, |
| ആശിഷാം | സോദ്ദേശ്യകൎമ്മങ്ങൾക്കു് | | |
| കാരണാത്മനേ | സാഫല്യമരുളുന്ന | സാംഖ്യയോ- ഗേശ്വരായ ച | ജ്ഞാനകൎമ്മയോഗങ്ങ ളുടെ പ്രവൎത്തകനായും |
| മനവേ | വേദമന്ത്രസ്വരൂപനായ | പുരാണായ | അനാദിയായ |
| തേ | നിന്തിരുവടിക്കു് | പുരുഷായ | ആത്മചൈതന്യമായും ഇരിക്കുന്ന |
| നമഃ | നമസ്കാരം. | | |
| ബൃഹതേ | മഹത്തായ | കൃഷ്ണായ | ശ്രീമഹാവിഷ്ണുവിനു് |
| ധൎമ്മായ | ധൎമ്മസ്വരൂപമായി, | നമഃ | നമസ്കാരം |

43 ശക്തിത്രയസമേതായ മീഢുഷേഽഹംകൃതാത്മനേ
ചേത ആകൂതിരൂപായ നമോ വാചോവിഭൂതയേ.

| | | | |
|---|---|---|---|
| ശക്തിത്രയ- സമേതായ | കൎത്തൃശക്തി, കരണ ശക്തി, കൎമ്മശക്തി എന്നീ മൂന്നിനോടും ചേൎന്ന | ചേത ആകൂതി- രൂപായ | ജ്ഞാനകൎമ്മങ്ങളുടെ സ്വരൂപമായി |
| | | വാചോ- വിഭൂതയേ | വാങ്മയത്തിന്റെ ബഹുവിധരചനയ്ക്കുറ വിടമായിരിക്കുന്ന ബ്രഹ്മദേവനായി ക്കൊണ്ടും |
| അഹംകൃതാ- ത്മനേ | അഹംകാരത്തിന്റെ സ്വരൂപമായിരിക്കുന്ന | | |
| മീഢുഷേ | ശ്രീരുദ്രനായിക്കൊണ്ടും, | നമഃ | നമസ്കാരം. |

ഭഗവൽസൎവ്വരൂപത്വം പ്രപഞ്ചനം ചെയ്തു് ഈ വിധം പ്രണമിച്ചശേഷം, ഭഗ വദ്ദൎശനത്തെ ഇനി 9 ശ്ലോകങ്ങളാൽ പ്രാൎത്ഥിക്കുന്നു.

44 ദൎശനം നോ ദിദൃക്ഷൂണാം ദേഹി ഭാഗവതാൎച്ചിതം
രൂപം പ്രിയതമം സ്വാനാം സൎവ്വേന്ദ്രിയഗുണാഞ്ജനം

| | | | |
|---|---|---|---|
| ഭാഗവതാൎ- ച്ചിതം | ഭാഗവതന്മാരാൽ സമരാധിതമായ | ദിദൃക്ഷൂണാം | ദൎശിക്കുവാൻ കൊതി യാൎന്നിരിക്കുന്ന |
| ദൎശനം | രൂപസാക്ഷാൽകാരം | നഃ | ഞങ്ങൾക്കു് |

48 സ്ഫുരത്കിരീടവലയഹാരനൂപുരമേഖലം
ശംഖചക്രഗദാപദ്മമാലാമണ്യുത്തമൎദ്ധിമത്

സ്ഫുരത്കിരീടവലയഹാരനൂപുരമേഖലം — മിന്നുന്ന കിരീടം–കൈവള–രത്നമാല–ചിലങ്ക–ഉദരബന്ധം എന്നിവയണിഞ്ഞതും,

ശംഖചക്രഗദാപദ്മമാലാമണ്യുത്തമൎദ്ധിമത് — ശംഖം–ചക്രം–ഗദ–പദ്മം–വനമാല–മണിമാല എന്നിവയാൽ ഉത്തമോത്കൎഷമിയന്നതുമായ—

49 സിംഹസ്കന്ധത്വിഷോ ബിഭ്രത്സൗഭഗഗ്രീവകൗസ്തുഭം
ശ്രിയാനപായിന്യാക്ഷിപ്തനികഷാശ്മോരസോല്ലസത്

സിംഹസ്കന്ധത്വിഷഃ — സിംഹത്തിന്റേതുപോലുള്ള സ്കന്ധങ്ങളിൽ വ്യാപിച്ച കുണ്ഡലഹാരാദികളുടെ ദീപ്തികളെ

ബിഭ്രത് — വഹിക്കുന്നതും,

സൗഭഗഗ്രീവകൗസ്തുഭം — അഴകുള്ള കണ്ഠത്തോടും തന്നിലെ കൗസ്തുഭത്തോടും ചേൎന്നു പരിലസിക്കുന്നതും,

അനപായിന്യാ — ഒരിക്കലും പിരിഞ്ഞു പോകാത്ത

ശ്രിയാ — ശ്രീദേവിനിമിത്തം

ആക്ഷിപ്തനികഷാശ്മോരസാ — സ്വൎണ്ണരേഖകളാവീണ മാററുരക്കല്ലിനെ തരംതാഴ്ത്തിയ തിരുമാറിടത്താൽ

ഉല്ലസത് — പരിശോഭിക്കുന്നതുമായ—

50 പൂരരേചകസംവിഗ്നവലിവല്ഗുദലോദരം
പ്രതിസംക്രാമയദ്വിശ്വം നാഭ്യാവൎത്തഗഭീരയാ

പൂരരേചകസംവിഗ്നവലിവല്ഗുദലോദരം — ഉച്ഛ്വാസനിശ്വാസങ്ങൾകൊണ്ടു ചലിക്കുന്ന ത്രിവലീകളാൽ സുന്ദരമായ ആലിലയ്യൊത്തിരിക്കുന്ന അരിവയറഴകുചേൎന്നതും,

ആവൎത്തഗഭീരയാ — നീർച്ചുഴിപോലെ ആഴ്ന്നിരിക്കുന്ന

നാഭ്യാ — പൊക്കിൾച്ചുഴിയാൽ

വിശ്വം — ലോകത്തെ

പ്രതിസംക്രമയത് — അകത്തേക്കുൾക്കൊള്ളിച്ചൊതുക്കുന്നതുമായ—

51 ശ്യാമശ്രോണ്യധിരോചിഷ്ണുദുകൂലസ്വൎണ്ണമേഖലം
സമചാൎവംഘ്രിജംഘോരുനിമ്നജാനുസുദൎശനം

ശ്യാമശ്രോണ്യധിരോചിഷ്ണുദുകൂലസ്വൎണ്ണമേഖലം — ശ്യാമാഭമായ അരക്കെട്ടിനാൽ അധികം ശോഭായമാനമായ മഞ്ഞപ്പട്ടിന്മേലിട്ടിരിക്കുന്ന പൊന്നരഞ്ഞാണോടുകൂടിയതും,

സമചാൎവംഘ്രിജംഘോരുനിമ്നജാനുസുദൎശനം — ഒരുപോലെ മനോഹരങ്ങളായ പാദങ്ങൾ–മുഴംകാലുകൾ – തുടകൾ – ഉന്തിനില്ക്കാത്ത മുട്ടുകൾ എന്നവയാൽ അതിദൎശനീയവുമായ —

52 പദാ ശരത്പദ്മപലാശരോചിഷാ
നഖദ്യുഭിർന്നോƒന്തരഘം വിധുന്വതാ
പ്രദർശ്ശയസ്വീയ മപാസ്തസാധ്വസം
പദം ഗുരോ മാർഗ്ഗഗുരുസ്തമോജുഷാം

| | |
|---|---|
| ശരത്പദ്മ-പലാശ-രോചിഷാ | ശരത്കാലത്തിലുള്ള താമരയുടെ ഇതളുകൾക്കൊത്ത കാന്തിയോടു കൂടിയതും |
| നഖദ്യുഭിഃ | നഖപ്രഭകളാൽ |
| നഃ | ഞങ്ങളുടെ |
| അന്തരഘം | അന്തരംഗത്തിലുള്ള അജ്ഞാനാന്ധകാരത്തെ |
| വിധുന്വതാ | അകററുന്നതുമായ |
| പദാ | തൃപ്പാദത്തോടുകൂടിയതും, |
| അപാസ്ത-സാധ്വസം | ഭീതിയെ ദൂരീകരിക്കുന്നതുമായ |
| സ്വീയം (രൂപം) | സ്വകീയരൂപത്തെ |
| പദം | ശരണമായിട്ടു് |
| പ്രദർശയ | കാട്ടിത്തന്നാലും. |
| ഗുരോ | ഹേ ലോകഗുരോ ! |
| (ത്വം ഏവ) | ഭവാൻ മാത്രമേ |
| തമോജുഷാം | അജ്ഞന്മാരായവൎക്കു് |
| മാർഗ്ഗഗുരുഃ | മാൎഗ്ഗദർശകനായുള്ള. |

സ്വരൂപദർശനത്തിനുള്ള തന്റെ പ്രാർത്ഥന ദുസ്സാധമായതാണെന്നു് സ്തോതാവു് തന്നെ പറയുന്നു—

53 ഏതദ്രൂപമനുധ്യേയമാത്മശുദ്ധിമഭീപ്സതാം
യദ്ഭക്തിയോഗോƒഭയദഃ സ്വധർമ്മമനുതിഷ്ഠതാം.

| | |
|---|---|
| സ്വധർമ്മം | സ്വന്തം വർണ്ണാശ്രമധർമ്മത്തെ |
| അനുതിഷ്ഠതാം | അനുഷ്ഠിച്ചുകൊണ്ടു് |
| ആത്മശുദ്ധിം | മനോനൈർമ്മല്യത്തെ |
| അഭീപ്സതാം | അഭിലഷിക്കുന്നവൎക്കു് |
| ഏതത്‌രൂപം | ഈ ഭഗവൽസ്വരൂപം |
| അനുധ്യേയം | അനുധ്യാനിക്കുവാൻ മാത്രം ഉതകുന്നതേയുള്ളു. |
| യദ്ഭക്തി-യോഗഃ | എങ്കിലും യാതൊരു ഭഗവദ്വിഷയകമായ ഈ അനുധ്യാനപരമായ ഭക്തിയോഗം |
| അഭയദഃ | അഭയത്തെ (സംസാരനിർമ്മുക്തിയെ) പ്രദാനം ചെയ്യുന്നു. |

സ്വരൂപദർശനത്തിന്റെ ദുർല്ലഭത്വം തന്നെ പ്രതിപാദിക്കുന്നു—

54 ഭവാൻ ഭക്തിമതാ ലഭ്യോ ദുർല്ലഭഃ സർവ്വദേഹിനാം
സ്വാരാജ്യസ്യാപ്യഭിമത ഏകാന്തേനാത്മവിദ്ഗതിഃ.

| | |
|---|---|
| ഭക്തിമതാ | ഭക്തിയുക്തനാൽ |
| ലഭ്യഃ | സംപ്രാപ്യനായ |
| ഭവാൻ | നിന്തിരുവടി |
| സർവ്വദേഹിനാം | മററു സമസ്തജനങ്ങൾക്കും |
| ദുർല്ലഭഃ | ദുർല്ലഭനാകുന്നു. |

52 പദാ ശരദ്പദ്മപലാശരോചിഷാ
നഖദ്യുഭിർനോഽന്തരഘം വിധുന്വതാ
പ്രദർശ്യസ്വീയമപാസ്തസാധ്വസം
പദം ഗുരോ മാർഗ്ഗഗുരുസ്തമോജുഷാം

| | | | |
|---|---|---|---|
| ശരത്പദ്മപലാശരോചിഷാ | ശരത്കാലത്തിലുള്ള താമരയുടെ ഇതളുകൾക്കൊത്ത കാന്തിയോടുകൂടിയതും | അപാസ്തസാധ്വസം | ഭീതിയെ ദൂരീകരിക്കുന്നതുമായ |
| നഖദ്യുഭിഃ | നഖപ്രഭകളാൽ | സ്വീയം (രൂപം) | സ്വകീയരൂപത്തെ |
| നഃ | ഞങ്ങളുടെ | പദം | ശരണമായിട്ട് |
| അന്തരഘം | അന്തരംഗത്തിലുള്ള അജ്ഞാനാന്ധകാരത്തെ | പ്രദർശ്യ | കാട്ടിത്തന്നാലും. |
| വിധുന്വതാ | അകററുന്നതുമായ | ഗുരോ | ഹേ ലോകഗുരോ! |
| പദാ | തൃപ്പാദത്തോടുകൂടിയതും, | (ത്വം മേവ) | ഭവാൻ മാത്രമേ |
| | | തമോജുഷാം | അജ്ഞന്മാരായവർക്ക് |
| | | മാർഗ്ഗഗുരുഃ | മാർഗ്ഗദർശകനായുള്ളു. |

സ്വരൂപദർശനത്തിനുള്ള തന്റെ പ്രാർത്ഥന ദുസ്സാധമായതാണെന്ന് സ്തോതാവ് തന്നെ പറയുന്നു—

53 ഏതദ്രൂപമനുധ്യേയമാത്മശുദ്ധിമഭീപ്സതാം
യദ്ഭക്തിയോഗോഽഭയദഃ സ്വധർമ്മമനുതിഷ്ഠതാം.

| | | | |
|---|---|---|---|
| സ്വധർമ്മം | സ്വന്തം വർണ്ണാശ്രമധർമ്മത്തെ | യദ്ഭക്തിയോഗഃ | എങ്കിലും യാതൊരു ഭഗവദ്വിഷയകമായ ഈ അനുധ്യാനപരമായ ഭക്തിയോഗം |
| അനുതിഷ്ഠതാം | അനുഷ്ഠിച്ചുകൊണ്ട് | | |
| ആത്മശുദ്ധിം | മനോനൈർമ്മല്യത്തെ | | |
| അഭീപ്സതാം | അഭിലഷിക്കുന്നവർക്ക് | | |
| ഏതത്‌രൂപം | ഈ ഭഗവൽസ്വരൂപം | അഭയദഃ | അഭയത്തെ (സംസാരനിർമ്മുക്തിയെ) പ്രദാനം ചെയ്യുന്നു. |
| അനുധ്യേയം | അനുധ്യാനിക്കുവാൻ മാത്രം ഉതകുന്നതേയുള്ളു. | | |

സ്വരൂപദർശനത്തിന്റെ ദുർല്ലഭത്വം തന്നെ പ്രതിപാദിക്കുന്നു—

54 ഭവാൻ ഭക്തിമതാ ലഭ്യോ ദുർല്ലഭഃ സർവദേഹിനാം
സ്വാരാജ്യസ്യാപ്യഭിമത ഏകാന്തേനാത്മവിദ്ഗതിഃ.

| | | | |
|---|---|---|---|
| ഭക്തിമതാ | ഭക്തിയുക്തനാൽ | സർവ്വദേഹിനാം | മററു സമസ്തജനങ്ങൾക്കും |
| ലഭ്യഃ | സംപ്രാപ്യനായ | | |
| ഭവാൻ | നിന്തിരുവടി | ദുർല്ലഭഃ | ദുർല്ലഭനാകുന്നു. |

| | |
|---|---|
| സ്വാരാജ്യസ്യ അപി | സ്വർഗ്ഗത്തിൽ വാഴ്ച്ചകൈവന്നവനുംകൂടിയും |
| അഭിമതഃ | സ്പൃഹണീയനാണ്; |
| ഏകാന്തേന | ഏകനിഷ്ഠയോടെ |

| | |
|---|---|
| ആത്മവിദ്-ഗതിഃ | ആത്മജ്ഞാനത്തിൽ അമർന്നിരിക്കുന്നവനും കൂടി ഗമ്യനായിട്ടിരിക്കുന്നു. |

ആകയാൽ ഭവാനെ മാത്രമല്ലാതെ മറെറാന്നും ആഗ്രഹിക്കുന്നില്ലെന്നു് പറയുന്നു.

55 തം ദുരാരാധ്യമാരാധ്യ സതാമപി ദുരാപയാ
ഏകാന്തഭക്ത്യാ കോ വാഞ്ഛേത് പാദമൂലം വിനാ ബഹിഃ

| | |
|---|---|
| സതാം അപി | സത്തുക്കൾക്കുപോലും |
| ദുരാരാധ്യം | ദുരാരാധ്യനായ |
| തം (ത്വാം) | ആ നിന്തിരുവടിയെ |
| ദുരാപയാ | ദുഷ്പ്രാപമായ |
| ഏകാന്തഭക്ത്യാ | പരിനിഷ്ഠിതപ്രേമഭക്തിയാൽ |

| | |
|---|---|
| ആരാധ്യ | ആരാധിച്ച് |
| പാദമൂലം വിനാ | അവിടുത്തെ തൃപ്പാദസന്നിധിയെ അല്ലാതെ |
| ബഹിഃ | പുറമെ വല്ലതും |
| കഃ | ആരാനും |
| വാഞ്ഛേത് | അഭിലഷിക്കുമോ ? |

അതിനു് കാരണം പറയുന്നു—

56 യത്ര നിർവിഷ്ടശരണം കൃതാന്തോ നാഭിമന്യതേ
വിശ്വം വിധ്വംസയൻ വീര്യശൗര്യവിസ്ഫൂർജ്ജിതഭ്രുവാ.

| | |
|---|---|
| യത്ര | യാതൊരു തൃപ്പാദസന്നിധിയിങ്കൽ |
| നിർവിഷ്ടശരണം | ശരണം പ്രാപിച്ചിട്ടുള്ള ഭക്തനെ |
| കൃതാന്തഃ | അന്തകൻ |
| വീര്യശൗര്യവിസ്ഫൂർജ്ജിതഭ്രുവാ | പ്രഭാവോത്സാഹങ്ങളാൽ ചുഴററിവെട്ടുന്ന പുരികക്കൊടികൊണ്ടു് |

| | |
|---|---|
| വിശ്വം | ലോകത്തെ മുഴുവൻ |
| വിധ്വംസയൻ | തട്ടിത്തകർക്കുന്നവനാണെങ്കിലും, |
| ന അഭിമന്യതേ | 'ഇവനെയും പിടിച്ചടക്കാ'മെന്നുള്ള ഊക്കു് നടിക്കയില്ല. |

അന്തകഭയം ഇല്ലാതെ വരുന്നതുതന്നെ അത്ര വലിയ നേട്ടമാണോ ? ഭവൽഭക്തജനസമ്പർക്കം സമസ്തപുരുഷാർത്ഥശ്രേണികളുടെയും ശിരസ്സിൽ നൃത്തം ചവുട്ടുന്ന ഒന്നാകയാൽ അതൊന്നു് മാത്രമാണു് അഭികാമ്യം — ഈ അഭിപ്രായത്തിൽ സ്തുതിഗീതം തുടരുന്നു—

57 ക്ഷണാർദ്ധേനാപി തുലയേ ന സ്വർഗം നാപുനർഭവം
ഭഗവത്സംഗിസംഗസ്യ മർത്ത്യാനാം കിമുതാശിഷഃ.

| | |
|---|---|
| ഭഗവത്-സംഗിസംഗസ്യ | നിന്തിരുവടിയുടെ വേഴ്ച്ചക്കാരുടെകൂടെ വേഴ്ച്ചയുണ്ടാവുക എന്നതിന്റെ (ഭക്തജനസമ്പർക്കത്തിന്റെ) |

| | |
|---|---|
| ക്ഷണാർദ്ധേന അപി | അരക്ഷണികയോടുകൂടിപ്പോലും |
| സ്വർഗം | സ്വർല്ലോകത്തെ |
| ന തുലയേ | ഞാൻ കൂട്ടിയിണക്കുന്നില്ല; |

| | |
|---|---|
| അപുനർഭവം | നിത്യമുക്തിയെപ്പോലും |
| ന | ഇല്ല. |
| മർത്ത്യാനാം | മനുഷ്യരുടെ |

| | |
|---|---|
| ആശിഷഃ | രാജ്യാദ്യഭിലാഷങ്ങൾ |
| കിമുത | പിന്നെയുണ്ടോ ? |

58 അഥാനഘാംഘ്രേസ്തവ കീർത്തിതീർത്ഥയോ-
രന്തർബഹിഃസ്നാനവിധൂതപാപ്മനാം
ഭൂതേഷ്വനുക്രോശസുസത്ത്വശീലിനാം
സ്യാത് സംഗമോऽനുഗ്രഹ ഏഷ നസ്തവ.

| | |
|---|---|
| അഥ | അതുകൊണ്ട് |
| അനഘാംഘ്രേഃ | പാപഹരങ്ങളായ പാദപത്മങ്ങളോടുകൂടിയ |
| തവ | നിന്തിരുവടിയുടെ |
| കീർത്തി-തീർത്ഥയോഃ | കീർത്തിയിലും ഗംഗാതീർത്ഥത്തിലും (യഥാക്രമം) |
| അന്തർബഹി-സ്നാനവിധൂത-പാപ്മനാം | ഉള്ളുകൊണ്ടും പുറംകൊണ്ടും സ്നാനം ചെയ്ത് പാപത്തെ അകററിയവരും |
| ഭൂതേഷു | ജീവജാലങ്ങളിൽ |

| | |
|---|---|
| അനുക്രോശ-സുസത്ത്വ-ശീലിനാം | കൃപയും രാഗദ്വേഷാദി രഹിതമായ ചിത്തവും ആർജ്ജവാദി സ്വഭാവഗുണങ്ങളും ഉള്ളവരുമായ മഹാത്മാക്കളുടെ |
| സംഗമഃ | സമ്പർക്കം |
| നഃ സ്യാത് | ഞങ്ങൾക്കുണ്ടായിവരേണമേ ! |
| ഏഷഃ | ഇതുമാത്രമാണ് |
| നഃ | ഞങ്ങൾക്കു വേണ്ടതായ |
| തവ | അവിടുത്തെ |
| അനുഗ്രഹഃ | അനുഗ്രഹം |

തത്ത്വജ്ഞാനമാകട്ടെ അവിടുത്തെ ഭക്തന്മാരായ മഹാത്മാക്കളുടെ സമ്പർക്കത്താൽ ഉണ്ടാകുമെന്നു് പറയുന്നു.

59 ന യസ്യ ചിത്തം ബഹിരർത്ഥവിഭ്രമം
തമോഗുഹായാം ച വിശുദ്ധമാവിശത്
യദ്ഭക്തിയോഗാനുഗൃഹീതമഞ്ജസാ
മുനിർവിചഷ്ടേ നനു തത്ര തേ ഗതിം.

| | |
|---|---|
| യസ്യ ചിത്തം | ഏതൊരാളുടെ ചിത്തം (എപ്പോൾ) |
| യദ്ഭക്തി-യോഗാനു-ഗൃഹീതം | യാതൊരു ഈ മഹാത്മാക്കളുടെ ഭക്തിയോഗത്താൽ അനുഗ്രഹിക്കപ്പെട്ട് |
| വിശുദ്ധം | സംശുദ്ധമായിഭവിച്ച്, |
| ബഹിരർത്ഥ-വിഭ്രമം ന | ബാഹ്യാർത്ഥവിക്ഷിപ്തമാകാതെയും, |

| | |
|---|---|
| തമോഗുഹായാം | അന്ധകാരഗഹ്വരത്തിൽ |
| ആവിശത് ച ന | ആഴ്ന്നുപോകാതെയും വരുന്നുവോ, |
| തത്ര | അപ്പോൾ |
| മുനിഃ | ആ മനനശീലൻ |
| തേ | നിന്തിരുവടിയുടെ |
| ഗതിം | തത്ത്വത്തെ |
| അഞ്ജസാ | അനായാസേന |
| വിചഷ്ടേ നനു | ദർശിക്കുന്നതാണല്ലോ. |

എങ്ങനെയുള്ള തത്ത്വത്തെ ? പറയുന്നു.

60 യത്രേദം വ്യജ്യതേ വിശ്വം വിശ്വസ്മിന്നവഭാതി യത്
തത് ത്വം ബ്രഹ്മ പരം ജ്യോതിരാകാശമിവ വിസ്തൃതം.

| | | | |
|---|---|---|---|
| യത്ര | യാതൊന്നിൽ | ആകാശം ഇവ | ആകാശംപോലെ |
| ഇദം വിശ്വം | ഈ പ്രപഞ്ചം | വിസ്തൃതം | വിശാലമായിരിക്കുന്ന |
| വ്യജ്യതേ | വ്യക്തീഭവിക്കുന്നുവോ, | തത് പരം | ആ പരമമായ |
| യത് | യാതൊന്ന് | ജ്യോതിഃ ബ്രഹ്മ | ജ്യോതിർമയ ബ്രഹ്മതത്ത്വം |
| വിശ്വസ്മിൻ | പ്രപഞ്ചത്തിൽ | ത്വം (അസി) | നിന്തിരുവടിയാകുന്നു. |
| അവഭാതി | അവഭാസിക്കുകയും ചെയ്യുന്നുവോ, | | |

ഈ വിധം പ്രപഞ്ചത്തിന്റെ ഉപാദാനകാരണത്വേന സ്ഥിതമായ ആ തത്ത്വം അതിന്റെ നിമിത്തകാരണവുംകൂടിയാണെന്ന് ഇനി വ്യക്തമാക്കുന്നു.

61 യോ മായയേദം പുരുരൂപയാസൃജദ്-
ബിഭർത്തി ഭൂയഃ ക്ഷപയത്യവിക്രിയഃ
യദ്ഭേദബുദ്ധിഃ സദിവാത്മദുഃസ്ഥയാ
തമാത്മതന്ത്രം ഭഗവൻ പ്രതീമഹി.

| | | | |
|---|---|---|---|
| ഭഗവൻ | ഭഗവാനേ ! | ഇദം | ഈ പ്രപഞ്ചത്തെ |
| യഃ | യാതൊരാൾ | സത് ഇവ | പരമാർത്ഥമായുള്ളതുപോലെ |
| പുരുരൂപയാ | ബഹുരൂപങ്ങളുള്ളവളും | അസൃജത് | സൃഷ്ടിച്ചുവോ, |
| ആത്മദുഃസ്ഥയാ | സ്വയം കാര്യശേഷിയില്ലാതെ തന്നിൽ സ്ഥിതി ചെയ്യുന്നവളുമായ | ബിഭർത്തി | പാലിക്കുകയും |
| | | ഭൂയഃ | വീണ്ടും |
| മായയാ | യോഗമായയാൽ | ക്ഷപയതി | സംഹരിക്കുകയും ചെയ്യുന്നുവോ, |
| യദ്ഭേദബുദ്ധിഃ | യാതൊന്നിനാൽ അന്യക്ക് ഭേദബുദ്ധിയുണ്ടാവുന്ന വിധത്തിലുള്ളവനായും, | തം (ത്വാം) | അങ്ങനെയുള്ള നിന്തിരുവടിയെ |
| | | ആത്മതന്ത്രം | സ്വതന്ത്രനായ—ഭേദോപാധിരഹിതനായ ബ്രഹ്മാത്മകനായിട്ട് |
| അവിക്രിയഃ | വാസ്തവത്തിൽ വികാരരഹിതനായും ഇരുന്നുകൊണ്ട് | പ്രതീമഹി | അറിയുന്നു. |

നിന്തിരുവടി നിർഭേദമായ ബ്രഹ്മതത്ത്വംതന്നെ എന്നിരിക്കിലും മുൻചൊന്ന സാകാരരൂപത്തെ ഭജിക്കുന്നവർ മാത്രമാണ് വേദാഗമതത്ത്വജ്ഞന്മാർ എന്നാണ് ഇനി പറയുന്നത്.

62 ക്രിയാകലാപൈരിദമേവ യോഗിനഃ
ശ്രദ്ധാന്വിതാഃ സാധു യജന്തി സിദ്ധയേ
ഭൂതേന്ദ്രിയാന്തഃകരണോപലക്ഷിതം
വേദേ ച തന്ത്രേ ച ത ഏവ കോവിദാഃ.

| | | | |
|---|---|---|---|
| ഭൂതേന്ദ്രിയാന്തഃകരണോപലക്ഷിതം | ഭൂതങ്ങളും, ഇന്ദ്രിയങ്ങളും, അന്തഃകരണവൃത്തികളും എന്നിവയോടുകൂടിയിരിക്കുന്ന | ശ്രദ്ധാന്വിതാഃ | ശ്രദ്ധായുക്തരായിട്ട് |
| | | ക്രിയാകലാപൈഃ | നാനാകൎമ്മപദ്ധതികളിലൂടെ |
| | | സാധു | വിധിയാംവണ്ണം |
| ഇദം ഏവ | ഈ സാകാരരൂപത്തെത്തന്നെ | യജന്തി | ആരാധിക്കുന്നുവോ, |
| | | തേ ഏവ | അവർമാത്രം |
| (യേ) യോഗിനഃ | യാവചില ഭക്തരായ കൎമ്മയോഗികൾ | വേദേ ച | വേദത്തിലും |
| | | തന്ത്രേ ച | ശാസ്ത്രത്തിലും |
| സിദ്ധയേ | സിദ്ധിക്കുവേണ്ടി | കോവിദാഃ | നിപുണന്മാരാകുന്നു. |

ഭഗവാന്റെ സാകാരരൂപത്തെ അനാദരിച്ച് കേവലജ്ഞാനത്തിൽ പ്രവൃത്തരായവർ ശരിക്കും വേദാഗമതത്ത്വജ്ഞന്മാരാകയില്ല എന്ന് സൂചിതാൎത്ഥം.

നിർഭിന്നബ്രഹ്മതത്ത്വത്തിൽ ഭേദദൎശനമുള്ള ഭക്തയോഗികൾ തത്ത്വകോവിദന്മാരാകുന്നതെങ്ങിനെ? പക്ഷെ അവരുടെ ഭേദദൎശനം അജ്ഞാനകൃതമല്ല. ഭഗവൽകൃതമാണ്. എന്തെന്നാൽ, ഭഗവാൻതന്നെ ക്രീഡാൎത്ഥം ചേതനാചേതനതേ്വന വൎത്തിച്ച് ഭേദദൎശനം തന്നിൽ ഉണ്ടാക്കിയിരിക്കുന്നുവെന്ന് ഇനി പറയുന്നു—

63 ത്വമേക ആദ്യഃ പുരുഷഃ സുപ്തശക്തി-
സ്തയാ രജഃസത്ത്വതമോ വിഭിദ്യതേ
മഹാനഹം ഖം മരുദഗ്നിവാർധരാഃ
സുരൎഷയോ ഭൂതഗണാ ഇദം യതഃ.

| | | | |
|---|---|---|---|
| ആദ്യഃ പുരുഷഃ | ആദിപുമാനായ | യതഃ | യാതൊരു ഈ ഗുണത്രയത്തിൽനിന്ന് |
| ത്വം | നിന്തിരുവടി | | |
| ഏകഃ | ഏകനായിരുന്നു; | മഹാൻ | മഹത്തത്ത്വവും, |
| സുപ്തശക്തിഃ | നിദ്രയിലാണ്ട (നിഷ്ക്രിയമായിരുന്ന) മായാശക്തിയോടുകൂടിയവനായിരുന്നു. | അഹം | അഹംകാരവും, |
| | | ഖം | ആകാശം— |
| | | മരുദഗ്നിവാർധരാഃ | വായു — അഗ്നി — ജലം — പൃഥിവി എന്നിവയും, |
| തയാ | (പിന്നെ) ആ ശക്തിയാൽ | സുരൎഷയഃ | ദേവന്മാരും, ഋഷികളും, |
| | | ഭൂതഗണാഃ | ഭൂതഗണങ്ങളും, |
| രജഃസത്ത്വതമഃ | രജസ്സ്, സത്ത്വം, തമസ്സ് എന്നീ ഗുണത്രയവും, | ഇദം | ഈ ജഗത്തും ഉണ്ടായോ |
| | | (തത്) | അതായിട്ട് സ്വയം |
| | | വിഭിദ്യതേ | വിഭേദിക്കപ്പെട്ടു. |

ഇപ്പറഞ്ഞതിനെ ഉപപാദിക്കുന്നു—

64 സൃഷ്ടം സ്വശക്ത്യേദമനുപ്രവിഷ്ട-
ശ്ചതുർവിധം പുരമാത്മാംശകേന
അഥോ വിദുസ്തം പുരുഷം സന്തമന്തർ-
ഭുങ്ക്തേ ഹൃഷീകൈർമധു സാരഘം യഃ.

| | |
|---|---|
| സ്വശക്ത്യാ | തന്റെ മായാശക്തിയാൽ |
| സൃഷ്ടം | സൃഷ്ടിക്കപ്പെട്ടിരിക്കുന്ന |
| ചതുർവിധം | ജരായുജാദിഭേദേന നാലുപ്രകാരത്തിലുള്ള |
| ഇദം പുരം | ഈ പുരത്തെ (ശരീരത്തെ) |
| ത്വം | നിന്തിരുവടി |
| ആത്മാംശകേന | സ്വാംശത്താൽ |
| അനുപ്രവിഷ്ടഃ | അനുപ്രവേശിച്ചിരിക്കുന്നു. |
| അഥോ | അതുഹേതുവായിട്ട് |
| അന്തഃ | പുരത്തിനകത്ത് (ദേഹത്തിനുള്ളിൽ) |
| സന്തം | നിലകൊള്ളുന്നവനും |
| യഃ | യാതൊരുവൻ |
| സാരഘം | തേനീച്ചകൾ സംഭരിച്ച |
| മധു | തേനിനെ (അതുപോലുള്ള ക്ഷുദ്രസുഖത്തെ) |
| ഹൃഷീകൈഃ | ഇന്ദ്രിയങ്ങളെക്കൊണ്ട് |
| ഭുങ്ക്തേ | അനുഭവിക്കുന്നുവോ, |
| തം | ആ ചിദാഭാസസംജ്ഞിതനുമായ ജീവാത്മാവിനെ |
| പുരുഷം | 'പുരുഷ'നെന്ന് |
| വിദുഃ | വ്യവഹരിക്കുന്നു. |

"പുരി (ദേഹേ) ശേതേ ഇതി = പുരുഷഃ" എന്ന വ്യുത്പത്തി പ്രകാരം പുരത്തിനുള്ളിൽ (ശരീരത്തിനുള്ളിൽ) ശയിക്കുന്നവൻ എന്നാണ് പുരുഷശബ്ദത്തിന്റെ അവയവാർത്ഥം. ആകയാൽ അത് ഇവിടെ ജീവപര്യായമാകുന്നു.

എന്നാൽ, സർവ്വജീവനിയന്താവായ നിന്തിരുവടിക്ക് ജീവനെപ്പോലെ ഈ സംസാരബന്ധമില്ലെന്ന് പറയുന്നു.

65 സ ഏഷ ലോകാനതിചണ്ഡവേഗോ
വികർഷസി ത്വം ഖലു കാലയാനഃ
ഭൂതാനി ഭൂതൈരനുമേയതത്ത്വോ
ഘനാവലീർവായുരിവാവിഷഹ്യഃ.

| | |
|---|---|
| സഃ ഏഷഃ ത്വം ഖലു | സ്വശക്തിയാൽ ലോകസൃഷ്ടിചെയ്തിരിക്കുന്ന ആ ഈ നിന്തിരുവടി തന്നെ |
| അതിചണ്ഡവേഗഃ | അത്യുഗ്രതയുള്ള ഊക്കെഴുന്നവനും |
| അവിഷഹ്യഃ | ചെറുത്തുനില്പാൻ അശക്യനും |
| അനുമേയതത്ത്വഃ | അനുമിക്കപ്പെടുവാൻ മാത്രം സാധ്യമായ സ്വരൂപത്തോടുകൂടിയവനുമായിട്ട് |
| വായുഃ | കാററ് |
| ഘനാവലീഃ | കാർനിരകളെ |
| ഇവ | എന്നപോലെ |
| ഭൂതൈഃ | ജീവരാശികളാൽ |
| ഭൂതാനി | ജീവരാശികളെ |
| കാലയാനഃ | ഉലച്ചുകൊണ്ട് |
| ലോകാൻ | ലോകങ്ങളെ |
| വികർഷസി | തന്നിലേക്കുതന്നെ വലിച്ചടുപ്പിക്കുന്നു. (സംഹരിക്കുന്നു) |

ഈ വിധം സംഹരിക്കുന്ന രീതിയെ വിവരിക്കുന്നു—

66 പ്രമത്തമുച്ചൈരിതികൃത്യചിന്തയാ
പ്രവൃദ്ധലോഭം വിഷയേഷു ലാലസം.
ത്വമപ്രമത്തഃ സഹസാഭിപദ്യസേ
ക്ഷുല്ലേലിഹാനോഽഹിരിവാഖുമന്തകഃ.

| | | | |
|---|---|---|---|
| വിഷയേഷു | ഇന്ദ്രിയാർത്ഥങ്ങളിൽ | പ്രമത്തം | വേണ്ടകാര്യത്തിൽ വീഴ്ച വന്നിട്ടുള്ളവനും ആയ മനുഷ്യനെ |
| ലാലസം | തല്പരനായും | അപ്രമത്തഃ | സദാ ജാഗരൂകനായ |
| പ്രവൃദ്ധലോഭം | കിട്ടിയതിൽത്തന്നെ അലംഭാവം വരാതെ വീണ്ടും പേരാശ കൊണ്ടിരിക്കുന്നവനും | ത്വം | നിന്തിരുവടി |
| | | അന്തകഃ | കാലസ്വരൂപമാൻ |
| | | ക്ഷുല്ലേലിഹാനഃ | പശിയാൽ കോർവായ നക്കിത്തുടയ്ക്കുന്ന |
| ഇതികൃത്യ-ചിന്തയാ | ഓരോന്നു് ചെയ്യേണ്ട തെങ്ങനെ എന്ന മനോവിചാരത്താൽ | അഹിഃ | പാമ്പു് |
| | | ആഖും ഇവ | എലിയെക്കണക്കെ, |
| | | സഹസാ | പെട്ടെന്നു് |
| ഉച്ചൈഃ | അതികലശലായി | അഭിപദ്യസേ | പിടികൂടുന്നു. |

67 കസ്ത്വത്പാദാബ്ജം വിജഹാതി പണ്ഡിതോ
യസ്തേഽവമാനവ്യയമാനകേതനഃ
വിശങ്കയാസ്മദ്ഗുരുരർച്ചതി സ്മ യ-
ദ്വിനോപപത്തിം മനവശ്ചതുർദശ.

| | | | |
|---|---|---|---|
| യത് | യാതൊന്നിനെ | (അർച്ചന്തി സ്മ) | ആരാധിച്ചുവരുന്നുവോ, |
| അസ്മദ്ഗുരുഃ | ഞങ്ങളുടെ ഗുരുവായ ബ്രഹ്മദേവൻ | (തത്) ത്വത്-പാദാബ്ജം | ആ ഭവൽപാദാരവിന്ദത്തെ, |
| വിശങ്കയാ | ശങ്കയെന്നിയെ | തേ | നിന്തിരുവടിയുടെ |
| അർച്ചതി സ്മ | ആരാധിച്ചുവോ, | അവമാന-വ്യയമാന-കേതനഃ | അനാദരത്താൽ ഒടുങ്ങിപ്പോകുന്ന ശരീരത്തോടു കൂടിയവനായ |
| (യത്) | യാതൊന്നിനെ | | |
| ചതുർദശ | പതിനാലു് | | |
| മനവഃ | മനുക്കളും | യഃ കഃ | ഏതെങ്കിലും ഒരാൾ |
| ഉപപത്തിം വിനാ | യുക്തിചിന്തകൂടാതെ, വിശ്വാസപൂർവ്വം | പണ്ഡിതഃ | അറിവുള്ളവനെങ്കിൽ |
| | | വിജഹാതി | ഉപേക്ഷിക്കുമോ? |

ഉപസംഹരിക്കുന്നു—

68 അഥ ത്വമസി നോ ബ്രഹ്മൻ പരമാത്മൻ വിപശ്ചിതാം
വിശ്വം രുദ്രഭയധ്വസ്തമകുതശ്ചിദ്ഭയാ ഗതിഃ

| | |
|---|---|
| അഥ | ആകയാൽ |
| ബ്രഹ്മൻ<br>പരമാത്മൻ | സർവ്വവ്യാപ്തമായ കൂടസ്ഥ ചൈതന്യമേ! ഭഗവൻ! |
| വിശ്വം | ലോകത്തെ |
| രുദ്രഭയധ്വസ്തം | സംഹാരമൂർത്തിയുടെ ഭയത്താൽ നടുക്കംകൊണ്ടിരിക്കുന്നതായിട്ടു് |
| വിപശ്ചിതാം | അറിഞ്ഞുവെച്ചിരിക്കുന്ന |
| നഃ | ഞങ്ങൾക്കു് |
| അകുതശ്ചിദ്ഭയാ | ഒരിടത്തുനിന്നും ഭയം ബാധിക്കാത്ത |
| ഗതിഃ | പരമാശ്രയം |
| ത്വം അസി | നിന്തിരുവടിയാണ് |

69 ഇദം ജപത ഭദ്രം വോ വിശുദ്ധാ നൃപനന്ദനാഃ
സ്വധർമ്മമനുതിഷ്ഠന്തോ ഭഗവത്യർപ്പിതാശയാഃ

| | |
|---|---|
| നൃപനന്ദനാഃ | രാജപുത്രന്മാരേ! |
| സ്വധർമ്മം | സ്വധർമ്മത്തെ |
| അനുതിഷ്ഠന്തഃ | അനുഷ്ഠിച്ചുകൊണ്ടു്, |
| ഭഗവതി | ഭഗവാനിൽ |
| അർപ്പിതാശയാഃ | സമർപ്പിതമായ ചിത്തത്തോടുകൂടിയവരും |
| വിശുദ്ധാഃ | ബാഹ്യാഭ്യന്തരശുദ്ധിയോടുകൂടിയവരും ആയിരുന്നു് |
| ഇദം | ഇതിനെ |
| ജപത | ജപിക്കുവിൻ! |
| വഃ ഭദ്രം | നിങ്ങൾക്കു നന്മവരട്ടെ. |

70 തമേവാത്മാനമാത്മസ്ഥം സർവ്വഭൂതേഷ്വവസ്ഥിതം
പൂജയധ്വം ഗൃണന്തശ്ച ധ്യായന്തശ്ചാസകൃദ്ധരിം

| | |
|---|---|
| സർവ്വഭൂതേഷു | എല്ലാ ജീവരാശികളിലും |
| അവസ്ഥിതം | അവസ്ഥിതി ചെയ്യുന്നവനും |
| ആത്മസ്ഥം | തന്നിലുള്ളവനും |
| ആത്മാനം | താൻതന്നെയായവനുമായ |
| തം ഹരിം ഏവ | ആ ശ്രീഹരിയെത്തന്നെ |
| അസകൃത് | ഇടവിടാതെ |
| ഗൃണന്തഃ ച | സ്തുതിച്ചുകൊണ്ടും |
| ധ്യായന്തഃ ച | ധ്യാനിച്ചുകൊണ്ടും |
| പൂജയധ്വം | പൂജിക്കുവിൻ. |

71 യോഗാദേശമുപാസാദ്യ ധാരയന്തോ മുനിവ്രതാഃ
സമാഹിതധിയഃ സർവ്വ ഏതദഭ്യസതാദൃതാഃ

| | |
|---|---|
| സർവ്വേ | എല്ലാവരും |
| ആദൃതാഃ | ആദരാന്വിതരായിട്ടു്, |
| യോഗാദേശം | 'യോഗാദേശം' എന്നു പേരായ |
| ഏതത് | ഈ സ്തോത്രത്തെ |
| ഉപാസാദ്യ | കാണാപ്പാഠമാക്കി, |
| ധാരയന്തഃ | ഹൃദിസ്ഥമാക്കിക്കൊണ്ടു് |
| മുനിവ്രതാഃ | മുനിചര്യകളോടുകൂടിയവരും |
| സമാഹിതധിയഃ | മനഃസമാധാനത്തോടുകൂടിയവരുമായിരുന്നു് |
| അഭ്യസത | പരിശീലിക്കുവിൻ |

72 ഇദമാഹ പുരാസ്മാകം ഭഗവാൻ വിശ്വസൃക്പതിഃ
ഭൃഗ്വാദീനാമാത്മജാനാം സിസൃക്ഷുഃ സംസിസൃക്ഷതാം.

| | |
|---|---|
| വിശ്വസൃക്പതിഃ | വിശ്വസ്രഷ്ടാക്കളുടെ പതിയായ |
| ഭഗവാൻ | ബ്രഹ്മദേവൻ |
| സിസൃക്ഷുഃ | സൃഷ്ട്യുന്മുഖനായിരിക്കെ |
| ആത്മജാനാം | സ്വപുത്രന്മാരും [വേ, |
| സംസിസൃക്ഷതാം | സൃഷ്ടികർമ്മോദ്യതന്മാരും |
| ഭൃഗ്വാദീനാം | ഭൃഗുപ്രഭൃതികളുമായ |
| അസ്മാകം | ഞങ്ങൾക്കു് |
| പുരാ ഇദം | പണ്ടു്, ഇതു് |
| ആഹ | ചൊല്ലിത്തന്നു. |

73 തേ വയം നോദിതാഃ സർവ്വേ പ്രജാസർഗ്ഗേ പ്രജേശ്വരാഃ
അനേന ധ്വസ്തതമസഃ സിസൃക്ഷ്മോ വിവിധാഃ പ്രജാഃ

| | |
|---|---|
| പ്രജാസർഗ്ഗേ | പ്രജാസൃഷ്ടിയിങ്കൽ |
| നോദിതാഃ | നിയുക്തരായുള്ള |
| പ്രജേശ്വരാഃ | പ്രജാപതിമാരായ |
| തേ വയം | ആ ഞങ്ങൾ |
| സർവ്വേ | എല്ലാവരും |
| അനേന | ഇതിനാൽ |
| ധ്വസ്തതമസഃ | വേരറുക്കപ്പെട്ട തമോഗുണത്തോടുകൂടിയവരായി ഭവിച്ചു് |
| വിവിധാഃ | പലതരം |
| പ്രജാഃ | പ്രജകളെ |
| സിസൃക്ഷ്മഃ | സൃഷ്ടിക്കാൻ ഉദ്യതരായിരിക്കുന്നു. |

74 അഥേദം നിത്യദാ യുക്തോ ജപന്നവഹിതഃ പുമാൻ
അചിരാച്ഛ്രേയ ആപ്നോതി വാസുദേവപരായണഃ.

| | |
|---|---|
| അഥ | ആകയാൽ |
| വാസുദേവപരായണഃ | ശ്രീവാസുദേവനെ സർവ്വഭാവേന ആശ്രയിക്കുന്ന |
| പുമാൻ | മനുഷ്യൻ |
| അവഹിതഃ | ശ്രദ്ധായുക്തനും |
| യുക്തഃ | ഏകാഗ്രചിത്തനുമായിട്ടു് |
| നിത്യദാ | പതിവായി |
| ഇദം | ഇതിനെ |
| ജപൻ | ജപിച്ചുകൊണ്ടിരുന്നാൽ |
| അചിരാത് | കാലതാമസംകൂടാതെ |
| ശ്രേയഃ | ശ്രേയസ്സിനെ |
| ആപ്നോതി | പ്രാപിക്കുന്നതാണു്. |

75 ശ്രേയസാമിഹ സർവ്വേഷാം ജ്ഞാനം നിഃശ്രേയസം പരം
സുഖം തരതി ദുഷ്പാരം ജ്ഞാനനൗർവ്യസനാർണ്ണവം

| | |
|---|---|
| ഇഹ | ഈ ലോകത്തിൽ |
| സർവ്വേഷാം | എല്ലാതരത്തിലുമുള്ള |
| ശ്രേയസാം | ശ്രേയസ്സുകളിലും വെച്ചു് |
| പരം | ശ്രേഷ്ഠവും |
| നിഃശ്രേയസം | പരമപുരുഷാർത്ഥപ്രാപകവും ആയിട്ടുള്ളതു് |
| ജ്ഞാനം | ആത്മാവബോധമാകുന്നു. |
| ജ്ഞാനനൗഃ | ഈ ആത്മാവബോധമായ നൗകയുള്ളവൻ |
| ദുഷ്പാരം | കരകാണാത്ത |
| വ്യസനാർണ്ണവം | ദുഃഖക്കടലിനെ |
| സുഖം | നിഷ്പ്രയാസം |
| തരതി | കടക്കുന്നു. |

76 യ ഇമം ശ്രദ്ധയാ യുക്തോ മദ്ഗീതം ഭഗവത്സ്തവം
അധീയാനോ ദുരാരാധ്യം ഹരിമാരാധയത്യസൗ.

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | അധീയാനഃ | പഠിച്ചുവശത്താക്കുന്നു |
| ശ്രദ്ധയാ | ശ്രദ്ധയോടുകൂടെ | അസൗ | അവൻ [വോ, |
| യുക്തഃ | ഏകാഗ്രചിത്തനായിട്ട് | ദുരാരാധ്യം | ആരാധിക്കുവാൻ പ്രയാസമേറിയ |
| മദ്ഗീതം | എന്നാൽ ഗാനംചെയ്യ | | |
| ഇമം | ഈ [പ്പെട്ട | ഹരിം | ശ്രീഹരിയെ |
| ഭഗവത്സ്തവം | ഭഗവൽസ്തുതിയെ | ആരാധയതി | ആരാധിക്കുന്നു. |

77 വിന്ദതേ പുരുഷോഽമുഷ്മാദ്യദ്യദിച്ഛത്യസത്വരൻ
മദ്ഗീതഗീതാത് സുപ്രീതാച്ഛ്രേയസാമേകവല്ലഭാത്.

| | | | |
|---|---|---|---|
| പുരുഷഃ | മനുഷ്യൻ | സുപ്രീതാത് | സന്തുഷ്ടനായവനും |
| അസത്വരൻ | സുസ്ഥിരനായിരുന്നു് | ശ്രേയസാം | ശ്രേയസ്സുകൾക്കു് |
| യത് യത് | ഏതേതെല്ലാം | | |
| ഇച്ഛതി | ആഗ്രഹിക്കുന്നുവോ, (അതൊക്കെയും) | ഏകവല്ലഭാത് | പരമാശ്രയഭൂതനുമായ |
| മദ്ഗീത- ഗീതാത് | എന്റെ ഗീതത്താൽ സ്തുതിക്കപ്പെട്ട് | അമുഷ്മാത് | ഈ ശ്രീഹരിയിൽനിന്നു |
| | | വിന്ദതേ | ലഭിക്കുന്നു. |

78 ഇദം യഃ കല്യ ഉത്ഥായ പ്രാഞ്ജലിഃ ശ്രദ്ധയാന്വിതഃ
ശൃണുയാത് ശ്രാവയേന്മൎത്ത്യോ മുച്യതേ കൎമ്മബന്ധനൈഃ

| | | | |
|---|---|---|---|
| യഃ | ഏതൊരുവൻ | ശൃണുയാത് | കേൾക്കുകയും |
| കല്യേ | ഉഷസ്സിൽ | ശ്രാവയേത് | കേൾപ്പിക്കുകയും ചെയ്യുന്നുവോ, |
| ഉത്ഥായ | എഴുന്നേററു്, | | |
| പ്രാഞ്ജലിഃ | തൊഴുതുകൊണ്ടു് | (സഃ) മൎത്ത്യഃ | ആ മനുഷ്യൻ |
| ശ്രദ്ധയാ | ശ്രദ്ധയോടു | കൎമ്മ- ബന്ധനൈഃ | പ്രാരബ്ധകൎമ്മങ്ങൾ കൊണ്ടുള്ള ബന്ധനങ്ങളാൽ |
| അന്വിതഃ | കൂടിയിരുന്നു് | | |
| ഇദം | ഈ സ്തോത്രത്തെ | മുച്യതേ | മോചിക്കപ്പെടുന്നു. |

79 ഗീതം മയേദം നരദേവനന്ദനാഃ
പരസ്യ പുംസഃ പരമാത്മനഃ സ്തവം
ജപന്ത ഏകാഗ്രധിയസ്തപോ മഹ–
ച്ചരധ്വമന്തേ തത ആപ്സ്യഥേപ്സിതം.

| | | | |
|---|---|---|---|
| നരദേവ-നന്ദനാഃ | അല്ലയോ മഹാരാജ കുമാരന്മാരേ ! | ജപന്തഃ | ജപിച്ചുകൊണ്ടു് |
| മയാ | എന്നാൽ | മഹത് | മഹത്തായ |
| ഗീതം | ഗാനംചെയ്യപ്പെട്ട | തപഃ | തപസ്സിനെ |
| പരസ്യ പുംസഃ | പരമപുരുഷനായ | ചരധ്വം | അനുഷ്ഠിച്ചുകൊൾക. |
| പരമാത്മനഃ | പരമാത്മാവിന്റെ | തതഃ | അതുവഴിയ്ക്കു് |
| ഇദം സ്തവം | ഈ സ്തോത്രത്തെ | അന്തേ | ഒടുവിൽ |
| ഏകാഗ്രധിയഃ | ഏകാഗ്രബുദ്ധിയോടു കൂടിയവരായി | ഈപ്സിതം | അഭീഷ്ടത്തെയും |
| | | ആപ്സ്യഥ | നേടിക്കൊൾക. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ

രുദ്രഗീതം നാമ ചതുർവിംശോഽദ്ധ്യായഃ ആദിതഃ ശ്ലോകാഃ 1095.

നാലാമത്തെ സ്കന്ധത്തിൽ ഇരുപത്തിനാലാമധ്യായം കഴിഞ്ഞു.

# പഞ്ചവിംശോഽധ്യായ: — അദ്ധ്യായം ഇരുപത്തഞ്ചു്.

## പുരഞ്ജനോപാഖ്യാനപ്രാരംഭം.

"പ്രചേതഃസു തപസ്യത്സു തത്പിത്രേ നാരദോ ഹ്യണീ
പ്രാചീനബർഹിഷേഽധ്യാത്മം പാരോക്ഷ്യേണാഹ പഞ്ചഭിഃ.
പുരഞ്ജനകഥാവ്യാജാത് പഞ്ചവിംശേ തു നാരദഃ
ആത്മനോ ബുദ്ധിസംഗേന വിവിധാമാഹ സംസൃതിം"

പ്രചേതസ്സുകൾ തപസ്സുചെയ്യുന്ന കാലത്തു് കാരുണികനായ ശ്രീനാരദമുനി പ്രാചീനബർഹിസ്സിനു് അധ്യാത്മജ്ഞാനോപദേശം ചെയ്ത കഥ ഇതുമുതൽ അഞ്ചധ്യായം കൊണ്ടു് പറയുന്നു.

ആത്മാവിനു് ബുദ്ധിസംഗം കൊണ്ടു് നേരിടുന്ന നാനാസംസൃതിയെക്കുറിച്ചു് പുരഞ്ജനകഥയാവുന്ന കൂടാന്യോക്തിയിലൂടെ ശ്രീനാരദൻ വെളിപ്പെടുത്താനുദ്യമിക്കുന്നതാണു് ഈ അധ്യായത്തിലെ വിഷയം.

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

1 ഇതി സന്ദിശ്യ ഭഗവാൻ ബാർഹിഷദൈരഭിപൂജിതഃ
പശ്യതാം രാജപുത്രാണാം തത്രൈവാന്തർദധേ ഹരഃ.

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞനായ | അഭിപൂജിതഃ | സമാരാധിതനായിട്ട്, |
| ഹരഃ | ശ്രീരുദ്രൻ | രാജപുത്രാണാം | ആ രാജപുത്രന്മാർ |
| ഇതി | ഇപ്രകാരം | പശ്യതാം | നോക്കിനില്ക്കെ, |
| സന്ദിശ്യ | ഉപദേശിച്ച്, | തത്ര ഏവ | അവിടെത്തന്നെ |
| ബാർഹിഷദൈഃ | പ്രചേതസ്സുകളാൽ | അന്തർദധേ | മറഞ്ഞു. |

2 രുദ്രഗീതം ഭഗവതഃ സ്തോത്രം സർവേ പ്രചേതസഃ
ജപന്തസ്തേ തപസ്തേപുർവർഷാണാമയുതം ജലേ.

| | | | |
|---|---|---|---|
| പ്രചേതസഃ | പ്രചേതസ്സുകളായ | ജപന്തഃ | ജപിച്ചുകൊണ്ട് |
| തേ സർവേ | അവരെല്ലാരും | വർഷാണാം അയുതം | പതിനായിരം വർഷങ്ങളോളം |
| രുദ്രഗീതം | രുദ്രോപദിഷ്ടമായ | ജലേ | വെള്ളത്തിൽ |
| ഭഗവതഃ | ഭഗവാന്റെ | തപഃ തേപുഃ | തപസ്സുചെയ്തു. |
| സ്തോത്രം | സ്തോത്രത്തെ | | |

പ്രചേതസ്സുകൾ തപസ്സനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ആ കാലഘട്ടത്തിൽ അവരുടെ അച്ഛൻ പ്രാചീനബർഹിസ്സ് ഇടവിടാതെ യാഗകർമ്മങ്ങളിൽ ഏർപ്പെട്ടുകഴിയുകയായിരുന്നു. ഒരിക്കൽ കാരുണികനായ ശ്രീനാരദമുനി അദ്ദേഹത്തെ സമീപിച്ച്, കർമ്മാസക്തിയിലുള്ള വൈഷമ്യം പുരഞ്ജനകഥാഖ്യാനവ്യാജേന ഉപദേശിച്ച് ആത്മബോധം വരുത്തിയ വൃത്താന്തത്തിലേക്ക് ഇനി പ്രവേശിക്കുന്നു. പ്രചേതസ്സുകളുടെ അവശിഷ്ടചരിതം മുപ്പതാമധ്യായത്തിൽ തുടരുന്നതാണ്.

3 പ്രാചീനബർഹിഷം ക്ഷത്തഃ കർമ്മസ്വാസക്തമാനസം
നാരദോऽധ്യാത്മതത്ത്വജ്ഞഃ കൃപാലുഃ പ്രത്യബോധയത്.

| | | | |
|---|---|---|---|
| ക്ഷത്തഃ | വിദുരരേ ! | അധ്യാത്മതത്ത്വജ്ഞഃ | അധ്യാത്മവിദ്യയുടെ പാരമാർത്ഥ്യം ഗ്രഹിച്ചിരിക്കുന്ന |
| കർമ്മസു | കർമ്മങ്ങളിൽ | നാരദഃ | ശ്രീനാരദമഹർഷി |
| ആസക്തമാനസം | ആസക്തചിത്തനായി കഴിഞ്ഞിരുന്ന | കൃപാലുഃ | മനസ്സലിവാർന്ന് |
| പ്രാചീനബർഹിഷം | പ്രാചീനബർഹിസ്സിനെ | പ്രത്യബോധയത് | ഉദ്ബോധിപ്പിച്ചു. |

4 ശ്രേയസ്ത്വം കതമദ്രാജൻ കർമ്മണാത്മന ഈഹസേ
ദുഃഖഹാനിഃ സുഖാവാപ്തിഃ ശ്രേയസ്തന്നേഹ ചേഷ്യതേ

| | | | |
|---|---|---|---|
| രാജൻ ത്വം | രാജാവേ ! അങ്ങ് | കതമത് | ഏതുതരത്തിലുള്ള |
| കർമ്മണാ | കർമ്മമാർഗ്ഗത്തിലൂടെ | ശ്രേയഃ | ശ്രേയസ്സിനെ |
| ആത്മനഃ | തനിക്ക് | ഈഹസേ | അഭിലഷിക്കുന്നു ? |

| | | | |
|---|---|---|---|
| ശ്രേയഃ | ശ്രേയസ്സെന്നതു് | തത് | അതുരണ്ടും |
| ദുഃഖഹാനിഃ | ദുഃഖനിവൃത്തിയും | ഇഹ | ഈ കർമ്മത്തിൽ |
| സുഖാവാപ്തിഃ | സുഖപ്രാപ്തിയുമാണു്. | ന ഇഷ്യതേ | അഭിലഷിക്കപ്പെടുന്നില്ല. |

രാജോവാച = രാജാവു് പറഞ്ഞു —

5 ന ജാനാമി മഹാഭാഗ പരം കർമ്മാപവിദ്ധധീഃ
ബ്രൂഹി മേ വിമലം ജ്ഞാനം യേന മുച്യേത കർമ്മഭിഃ

| | | | |
|---|---|---|---|
| മഹാഭാഗ | മഹാത്മൻ ! | മുച്യേത | മോചിക്കപ്പെടാവുന്നതോ, |
| കർമ്മാപവിദ്ധധീഃ | കർമ്മങ്ങളിലിടപെട്ടു് വിവേകഭ്രംശം നേരിട്ടിരിക്കുന്ന ഞാൻ | (തത്) | അങ്ങനെയുള്ള |
| പരം | പരമശ്രേയസ്സിനെ | വിമലം | നിർമ്മലമായ |
| ന ജാനാമി | അറിയുന്നില്ല. | ജ്ഞാനം | ജ്ഞാനത്തെ |
| യേന | യാതൊന്നുകൊണ്ടു് | മേ | എനിക്കു് |
| കർമ്മഭിഃ | കർമ്മങ്ങളാൽ | ബ്രൂഹി | ഉപദേശിച്ചുതരിക. |

6 ഗൃഹേഷു കൂടധർമ്മേഷു പുത്രദാരധനാർത്ഥധീഃ
ന പരം വിന്ദതേ മൂഢോ ഭ്രാമ്യൻ സംസാരവർത്മസു.

| | | | |
|---|---|---|---|
| കൂടധർമ്മേഷു | കപടതന്ത്രംമുഴുത്ത | സംസാരവർത്മസു | സംസൃതിയുടെ വഴിത്താരകളിൽ |
| ഗൃഹേഷു | ഗൃഹസ്ഥവൃത്തിയിലെ | ഭ്രാമ്യൻ | നട്ടംതിരിയുന്ന |
| പുത്രദാരധനാർത്ഥധീഃ | മക്കൾ, ഭാര്യ, ധനം എന്നിവയിൽ മാത്രം സമസ്തപുരുഷാർത്ഥങ്ങളെയും കരുതിക്കൊണ്ടു് | മൂഢഃ | അജ്ഞൻ |
| | | പരം | പരമശ്രേയോരൂപമായ മുക്തിയെ |
| | | ന വിന്ദതേ | അടയുന്നില്ല. |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു —

7 ഭോ ഭോ പ്രജാപതേ രാജൻ പശൂൻ പശ്യ ത്വയാധ്വരേ
സംജ്ഞാപിതാൻ ജീവസംഘാന്നിർഘൃണേന സഹസ്രശഃ.

| | | | |
|---|---|---|---|
| ഭോ പ്രജാപതേ | ഹേ പ്രജാപാലക ! | സംജ്ഞാപിതാൻ | വീർപ്പുമുട്ടിച്ചുകൊല്ലപ്പെട്ട |
| ഭോ രാജൻ | ഹേ രാജാവേ ! | സഹസ്രശഃ | ആയിരക്കണക്കിൽ |
| അധ്വരേ | യാഗത്തിൽവെച്ചു് | പശൂൻ | ബലിയാടുകളായുള്ള |
| നിർഘൃണേന | തെല്ലും കനിവില്ലാത്ത | ജീവസംഘാൻ | ജീവരാശികളെ |
| ത്വയാ | അങ്ങയാൽ | പശ്യ | നോക്കുക. |

8 ഏതേ ത്വാം സംപ്രതീക്ഷന്തേ സ്മരന്തോ വൈശസം തവ
സംപരേതമയഃകൂടൈശ്ഛിന്ദന്ത്യുത്ഥിതമന്യവഃ

| | | | |
|---|---|---|---|
| ഏതേ തവ | ഇവർ അങ്ങയുടെ | സംപരേതം | മരിച്ച് അങ്ങോട്ടെത്തുന്ന അങ്ങയെ |
| വൈശസം | ഹിംസാദ്രോഹത്തെ | ഉത്ഥിതമന്യവഃ | അമർഷം മുഴുത്തിട്ടുള്ള ഇവർ |
| സ്മരന്തഃ | ഓർമ്മവെച്ചുകൊണ്ട് | അയഃകൂടൈഃ | ഇരുമ്പുകമ്പിപോലുള്ള കൊമ്പുകൾകൊണ്ട് |
| ത്വാം | അങ്ങയെ | ഛിന്ദന്തി | കുത്തിപ്പിളർന്നേക്കും |
| സാംപ്രതീക്ഷന്തേ | കാത്തുനില്ക്കുന്നു. | | |

9 * അത്ര തേ കഥയിഷ്യേഽമുമിതിഹാസം പുരാതനം
പുരഞ്ജനസ്യ ചരിതം നിബോധ ഗദതോ മമ.

| | | | |
|---|---|---|---|
| അത്ര | • ഈ ഉർഘടവേളയിൽ പ്രയോജനപ്പെടുന്ന | കഥയിഷ്യേ | പറഞ്ഞുതരാം |
| അമും | ഇത്തരത്തിലൊരു | പുരഞ്ജനസ്യ | പുരഞ്ജനന്റെ |
| പുരാതനം | പഴയ | ചരിതം | ജീവിതകഥയെ |
| ഇതിഹാസം | ചരിത്രകഥ | മമ ഗദതഃ | ഞാൻ പറഞ്ഞുതരുമ്പോൾ |
| തേ | അങ്ങയ്ക്ക് | നിബോധ | കേട്ടുധരിച്ചുകൊൾക. |

ജീവാത്മാവിന് വിഷയാസക്തിമൂലം സംസാരദുഃഖം ഉണ്ടാവുന്നു. അത് ഈശ്വരാനുഗ്രഹത്തിനു പാത്രീഭവിച്ചാൽ നിവർത്തിതമാകയും ചെയ്യും. ഈ സംഗതി ചൊവ്വിലങ്ങുപറഞ്ഞാൽ വേണ്ടപോലെ ധരിച്ചെന്നുവരില്ല. ശ്രോതാവിന്റെ വിപര്യയഗ്രഹണപ്രവണതയാണ് അതിനുകാരണം. ആകയാൽ, ശ്രീനാരദൻ പുരഞ്ജനചരിതമെന്ന കൂടോക്തിയിലൂടെ രാജാവിന് തത്ത്വോപദേശം ചെയ്യുന്നു.

10 ആസീത് പുരഞ്ജനോ നാമ രാജാ രാജൻ ബൃഹച്ഛ്രവാഃ
തസ്യാവിജ്ഞാതനാമാസീത് സഖാഽവിജ്ഞാതചേഷ്ടിതഃ

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | തസ്യ | ആ രാജാവിന് |
| പുരഞ്ജനഃ | 'പുരഞ്ജനൻ' | അവിജ്ഞാതചേഷ്ടിതഃ | പ്രവൃത്തിയെന്തെന്ന് അറിയപ്പെടാത്തവനും |
| നാമ | എന്നുപേരായി | | |
| ബൃഹച്ഛ്രവാഃ | വലിയ കീർത്തിയുള്ള | അവിജ്ഞാതനാമാ | പേരെന്തെന്നു അറിയപ്പെടാത്തവനുമായി* |
| രാജാ | ഒരു രാജാവ് | സഖാ | ഒരു ചങ്ങാതിയും |
| ആസീത് | ഉണ്ടായിരുന്നു. | ആസീത് | ഉണ്ടായിരുന്നു. |

* അഥവാ 'അവിജ്ഞാത'നെന്നു പേരുള്ളവൻ

പുരഞ്ജനാദികളെ 29-ാമദ്ധ്യായത്തിൽ ഋഷിതന്നെ പരിചയപ്പെടുത്തുന്നുണ്ട്.

എങ്കിലും സുഖഗ്രഹണത്തിനായി അത്യാവശ്യം വേണ്ടിടത്തിൽ ചിലതു പറഞ്ഞുവെക്കാം. ഇവിടെ, സ്വകർമ്മങ്ങളാൽ പുരത്തെ (ശരീരത്തെ) ജനിപ്പിക്കുന്ന ജീവാത്മാവിനെയാണു് 'പുരഞ്ജനൻ' എന്നുപറഞ്ഞതു്. അവിജ്ഞാതകർമ്മനാമാവായ ചങ്ങാതി ഈശ്വരനമാണു്.

11 സോഽന്വിഷ്യമാണഃ ശരണം ബഭ്രാമ പൃഥിവീം പ്രഭുഃ
നാനുരൂപം യദാവിന്ദദഭൂത് സ വിമനാ ഇവ.

| | | | |
|---|---|---|---|
| പ്രഭുഃ | സർവ്വസമർത്ഥനായ | അനുരൂപം | തനിക്കുയോജിച്ചതിനെ |
| സഃ | അദ്ദേഹം | യദാ ന | കിട്ടാതെ വന്നപ്പോൾ |
| ശരണം | സുഖവാസകേന്ദ്രം | അവിന്ദത് | |
| അന്വേഷമാണഃ | അന്വേഷിച്ചുകൊണ്ടു് | സഃ | അദ്ദേഹം |
| പൃഥിവീം | നാടുമുഴുവനും | വിമാനാഃ ഇവ | മനഃപ്രയാസംനേരിട്ട |
| ബഭ്രാമ | ചുററിനടന്നു. | അഭൂത് | വനെന്നപോലെയായി. |

"സുഖവാസകേന്ദ്രം" എന്നതുകൊണ്ടു് ജീവന്റെ ഭോഗായതനമായ ശരീരത്തേയും "നാടുമുഴുവനും" എന്നതുകൊണ്ടു് ബ്രഹ്മാണ്ഡത്തേയും ലക്ഷണയാ ഉദ്ദേശിച്ചിരിക്കുന്നു.

12 ന സാധു മേനേ താഃ സർവാ ഭൂതലേ യാവതീഃ പുരാഃ
കാമാൻ കാമയമാനോഽസൗ തസ്യതസ്യോപപത്തയേ.

| | | | |
|---|---|---|---|
| ഭൂതലേ | ഭൂതലത്തിൽ | കാമയമാനഃ | ആഗ്രഹിച്ചുകൊണ്ടിരു[ന്ന |
| യാവതീഃ | എത്രത്തോളം | അസൗ | ഇദ്ദേഹം |
| പുരഃ | പുരങ്ങൾ ഉണ്ടോ, | തസ്യ തസ്യ | അതാതിന്റെ |
| | | ഉപപത്തയേ | സംപ്രാപ്തിക്കു് |
| താഃ സർവാഃ | അവയെ മുഴുവനും, | സാധു | പററിയതായിട്ടു് |
| കാമാൻ | നാനാഭോഗങ്ങളെ | ന മേനേ | കരുതിയില്ല. |

ഭൂമിയിലുള്ള പശുപക്ഷ്യാദികളുടെ ശരീരങ്ങൾ ഐഹികപാരലൗകികഭോഗാനുഭവങ്ങൾക്കു് അപര്യാപ്തമാകയാൽ ജീവനു് അവയിൽ അലംഭാവമുണ്ടായില്ലെന്നു് ആന്തരാർത്ഥം.

13 സ ഏകദാ ഹിമവതോ ദക്ഷിണേഷ്വഥ സാനുഷു
ദദർശ നവഭിർദ്വാർഭിഃ പുരം ലക്ഷിതലക്ഷണാം.

| | | | |
|---|---|---|---|
| അഥ | അങ്ങനെയിരിക്കെ, | നവഭിഃ | ഒമ്പതു് |
| സഃ | ആ പുരഞ്ജനൻ | ദ്വാർഭിഃ | കോട്ടപ്പടികളോടുകൂടി |
| ഏകദാ | ഒരിക്കൽ | | |
| ഹിമവതഃ | ഹിമാലയത്തിന്റെ | ലക്ഷിത- | സർവ്വസല്ലക്ഷണങ്ങളും |
| ദക്ഷിണേഷു | തെക്കുഭാഗത്തുള്ള | ലക്ഷണാം | തെളിഞ്ഞുകാണപ്പെടുന്ന |
| സാനുഷു | താഴ്‌വരപ്പരപ്പിൽ(കർമ്മക്ഷേത്രമായ ഭാരതവർഷത്തിൽ) | പുരം | പുരിയെ |
| | | ദദർശ | കണ്ടെത്തി. |

പുരഞ്ജനൻ കണ്ടെത്തിയ ഈ പുരി മനുഷ്യശരീരമാണു്. അതു ലക്ഷിതലക്ഷണവുമാണു്—അതായതു്, അന്ധപംഗുത്വാദി ദോഷങ്ങളൊന്നുമില്ലാത്തതു്.

ഇനി ഈ പുരിയെ മൂന്നുശ്ലോകങ്ങൾകൊണ്ടു് വർണ്ണിക്കുന്നു. വർണ്ണനയിൽ കാവ്യചമൽക്കാരത്തിനു് പ്രാധാന്യം കൊടുത്തിരിക്കയാൽ ശരീരസാദൃശ്യം സർവ്വത്ര ശരിപ്പെട്ടെന്നു വരികയില്ല. എങ്കിലും സൂക്ഷ്മമായി കാണാം.

14 പ്രാകാരോപവനാട്ടാലപരിഖൈരക്ഷതോരണൈഃ
സ്വർണ്ണരൗപ്യായസൈഃ ശൃംഗൈഃ സങ്കുലാം സർവ്വതോ ഗൃഹൈഃ.

| | | | |
|---|---|---|---|
| പ്രാകാരോപവനാട്ടാലപരിഖൈഃ | മതില്ക്കെട്ടു്, പൂന്തോട്ടം, കൊത്തളം, കിടങ്ങു് എന്നിവയാലും | സ്വർണ്ണരൗപ്യായസൈഃ | സ്വർണ്ണം വെള്ളി ഇരുമ്പ് എന്നിവകൊണ്ടുള്ള |
| അക്ഷതോരണൈഃ | ഗവാക്ഷങ്ങൾ, ബഹിർദ്വാരങ്ങൾ എന്നിവയാലും | ശൃംഗൈഃ | താഴികക്കുടങ്ങളോടു ചേർന്ന |
| | | ഗൃഹൈഃ | ഗൃഹങ്ങളാലും |
| | | സർവ്വതഃ | എല്ലാടവും |
| | | സങ്കുലാം | ഇടതിങ്ങിയ— |

15 നീലസ്ഫടികവൈഡൂര്യമുക്താമരകതാരുണൈഃ
ക്ലുപ്തഹർമ്മ്യസ്ഥലീം ദീപ്താം ശ്രിയാ ഭോഗവതീമിവ.

| | | | |
|---|---|---|---|
| നീലസ്ഫടികവൈഡൂര്യമുക്താമരകതാരുണൈഃ | ഇന്ദ്രനീലം, സ്ഫടികം, വൈഡൂര്യം, മുത്തു്, മരകതം, മാണിക്യം എന്നീ രത്നങ്ങൾകൊണ്ടു് | ശ്രിയാ | കാന്തിയാൽ |
| ക്ലുപ്തഹർമ്മ്യസ്ഥലീം | പടുത്തുയർത്തിയ മാളികപ്പുറങ്ങളെഴുന്നതും | ഭോഗവവതീം ഇവ | നാഗലോകനഗരം കണക്കെ |
| | | ദീപ്താം | ജാജ്വല്യമാനവുമായ— |

16 സഭാചത്വരരഥ്യാഭിരാക്രീഡായതനാപണൈഃ
ചൈത്യധ്വജപതാകാഭിര്യുക്താം വിദ്രുമവേദിഭിഃ

| | | | |
|---|---|---|---|
| സഭാചത്വരരഥ്യാഭിഃ | സഭാമണ്ഡപങ്ങൾ, നാല്ക്കവലകൾ, രഥവീഥികൾ എന്നിവയോടും | ചൈത്യധ്വജപതാകാഭിഃ | വിശ്രാന്തിസ്ഥലങ്ങൾ, കൊടികൾ, കൊടിക്കൂറകൾ എന്നിവയോടും |
| ആക്രീഡായതനാപണൈ | ക്രീഡാനിലയങ്ങൾ, അങ്ങാടികൾ, എന്നിവയോടും | വിദ്രുമവേദിഭിഃ | പവിഴത്തറകളോടും |
| | | യുക്താം | ഇടചേർന്നതുമായ (പുരിയെ കണ്ടെത്തി) |

17 പുര്യാസ്തു ബാഹ്യോപവനേ ദിവ്യദ്രുമലതാകുലേ

18 ഹിമനിർഝരവിപ്രുഷ്മത്കുസുമാകരവായുനാ
ചലത്പ്രവാളവിടപനളിനീതടസംപദി

19 നാനാരണ്യമൃഗവ്രാതൈരനാബാധേ മുനിവ്രതൈഃ
ആഹൂതം മന്യതേ പാന്ഥോ യത്ര കോകിലകൂജിതൈഃ

20 യദൃച്ഛയാഽഗതാം തത്ര ദദർശ പ്രമദോത്തമാം
ഭൃത്യൈർദശഭിരായാന്തീമേകൈകശതനായകൈഃ.

| | |
|---|---|
| ദിവ്യദ്രുമലതാകുലേ | വിശിഷ്ടങ്ങളായ വൃക്ഷലതകളാൽ നിറഞ്ഞതും, |
| നദദ്വിഹംഗാളികുലകോലാഹലജലാശയേ | ശബ്ദിക്കുന്ന പക്ഷികളുടേയും വണ്ടുകളുടേയും കോലാഹലത്തോടുകൂടിയ ജലാശയങ്ങളുള്ളതും, |
| ഹിമനിർഝരവിപ്രുഷ്മത് കുസുമാകരവായുനാ | മഞ്ഞരുവികളുടെ ശീകരങ്ങളേന്തിയ പൂക്കാലത്തെന്നലാൽ |
| ചലത്പ്രവാളവിടപനളിനീതടസംപദി | ചാഞ്ചാടിയാടുന്ന ചെന്തളിർചില്ലകളുമുറ്റിയ പൂത്തടാകക്കരകളോടുകൂടിയതും, |
| മുനിവ്രതൈഃ | ശാന്തസ്വഭാവമുള്ള |
| നാനാരണ്യമൃഗവ്രാതൈഃ | വിവിധ വന്യമൃഗസമൂഹങ്ങളോടുകൂടിയതും, |
| അനാബാധേ | അവയുടെ ശല്യമില്ലാത്തതും, |
| പാന്ഥഃ | വഴിയാത്രക്കാരൻ |

| | |
|---|---|
| യത്ര | യാതൊരിടത്തെത്തുമ്പോഴും |
| കോകിലകൂജിതൈഃ | പൂങ്കുയിലുകളുടെ കളകൂജനങ്ങളാൽ |
| ആഹൂതം | വിളിക്കപ്പെടുന്നതായി |
| മന്യതേ | തന്നെക്കരുതാമോ, |
| തത്ര | അങ്ങനെയുള്ളതുമായ |
| പുര്യാഃ തു | പ്രസ്തുത പുരിയുടെ |
| ബാഹ്യോപവനേ | ബാഹ്യോദ്യാനത്തിൽ |
| യദൃച്ഛയാ | ദൈവസങ്കല്പത്താൽ |
| ആഗതാം | വന്നണഞ്ഞവളും |
| ഏകൈകശതനായകൈഃ | പ്രത്യേകം നൂറുകണക്കിൽ സ്ത്രീകളുടെ നായകന്മാരായ |
| ദശഭിഃ | പത്തു് |
| ഭൃത്യൈഃ | ഭൃത്യന്മാരോടുകൂടെ |
| ആയാന്തീം | ചുററും സഞ്ചരിക്കുന്നവളുമായ |
| പ്രമദോത്തമാം | ഒരു തരുണീമണിയെ |
| ദദർശ | കണ്ടു. |

ഈ തരുണീമണി ജീവനെ വിഷയങ്ങളിലേക്കാകർഷിക്കുന്ന മായാകാര്യമായ ബുദ്ധിയും, ബാഹ്യോദ്യാനം വിഷയവർഗ്ഗവും, പത്തു ഭൃത്യന്മാർ പത്തു കർമ്മജ്ഞാനേന്ദ്രിയങ്ങളും, അവർ നായകത്വം വഹിക്കുന്ന സ്ത്രീകൾ വിവിധേന്ദ്രിയവൃത്തികളും ആകുന്നു. ഇങ്ങനെ വർണ്ണനയിലും കഥയിലും ആധ്യാത്മികാർത്ഥം നിഗൂഹനം ചെയ്തിരിക്കുന്നു.

പ്രമദോത്തമയെ വർണ്ണിക്കുന്നു.

21 പഞ്ചശീർഷാഹിനാ ഗുപ്താം പ്രതീഹാരേണ സർവതഃ
അന്വേഷമാണാമൃഷഭമപ്രൗഢാം കാമരൂപിണീം

22 സുനാസാം സുദതീം ബാലാം സുകപോലാം വരാനനാം
സമവിന്യസ്തകർണ്ണാഭ്യാം ബിഭ്രതീം കുണ്ഡലശ്രിയം

23 പിശംഗനീവീം സുശ്രോണീം ശ്യാമാം കനകമേഖലാം
പദ്ഭ്യാം ക്വണദ്ഭ്യാം ചലതീം നൂപുരൈർദേവതാമിവ

24 സ്തനൗ വ്യഞ്ജിതകൈശോരൗ സമവൃത്തൗ നിരന്തരൗ
വസ്ത്രാന്തേന നിഗൂഹന്തീം വ്രീഡയാ ഗജഗാമിനീം

| | |
|---|---|
| പഞ്ചശീർഷാഹിനാ | അഞ്ചുതലപ്പാമ്പാവുന്ന |
| പ്രതീഹാരേണ | കാവലാളിയാൽ |
| സർവതഃ | എല്ലാഭാഗത്തും |
| ഗുപ്താം | സുരക്ഷിതയായി— |
| ഋഷഭം | കാമുകവരനെ |
| അന്വേഷമാണാം | തേടുന്നവളായി— |
| അപ്രൗഢാം | പതിനാറുതികഞ്ഞ നവയൗവനവതിയായി— |
| കാമരൂപിണീം | ഇച്ഛയ്ക്കൊത്ത രൂപം കൊള്ളുന്നവളായി— |
| സുനാസാം | അഴകുള്ള മൂക്കും, |
| സുദതീം | തിളങ്ങുന്ന പല്ലുകളും, |
| സുകപോലാം | മിനുന്ന കവിൾത്തടവും, |
| വരാനനാം | മോഹനമായ മുഖവും ചേർന്ന |
| ബാലാം | ചെറുപ്പക്കാരിയായി— |
| സമവിന്യസ്തകർണ്ണാഭ്യാം | സമരചിതങ്ങളായ കാതുകൾകൊണ്ട് |
| കുണ്ഡലശ്രിയം | കുണ്ഡലശോഭയെ |
| ബിഭ്രതീം | ആവഹിക്കുന്നവളായി— |
| പിശംഗനീവീം | തങ്കനിറപ്പട്ടുടുത്ത്, |
| കനകമേഖലാം | പൊന്നരഞ്ഞാണിട്ട്, |
| സുശ്രോണീം | സ്ഥൂലനിതംബയായി— |
| ശ്യാമാം | ശ്യാമളാംഗിയായി— |
| നൂപുരൈഃ | ചിലങ്കകളാൽ |
| ക്വണദ്ഭ്യാം | മണിനാദം ചിതറുന്ന |
| പദ്ഭ്യാം | കാൽത്താരുകൾകൊണ്ട് |
| ദേവതാം ഇവ | ദേവസുന്ദരിയെപ്പോലെ |
| ചലതീം | സഞ്ചരിക്കുന്നവളായി— |
| സമവൃത്തൗ | വട്ടമൊത്തും |
| നിരന്തരൗ | ഇടതൂർന്നു തിങ്ങിയും |
| വ്യഞ്ജിതകൈശോരൗ | യൗവനാരംഭത്തെ പ്രകാശിപ്പിച്ചുനില്ക്കുന്ന |
| സ്തനൗ | സ്തനദ്വയത്തെ |
| വ്രീഡയാ | ലജ്ജയോടെ |
| വസ്ത്രാന്തേന | പുടവത്തലകൊണ്ട് |
| നിഗൂഹന്തീം | മറച്ചിരിക്കുന്നവളായി— |
| ഗജഗാമിനീം | ആനയെപ്പോലെ കുണുങ്ങിക്കൊണ്ടുള്ള നടത്തമുള്ളവളുമായിരിക്കുന്ന |
| (പ്രമദോത്തമാം | തരുണീമണിയെ |
| ദദർശ) | കണ്ടു. |

‘അഞ്ചുതലയുള്ള പാമ്പ്’ പഞ്ചവൃത്തികളോടുകൂടിയ പ്രാണനാണ്. ‘കാമുകവരൻ’ ജീവാത്മാവും. ഗന്ധജ്ഞാനാദികൾ ബുദ്ധിയുടെ അവയവങ്ങളാകയാൽ ‘സുനാസാം, സുദതീം’ ഇത്യാദി വിശേഷണങ്ങളും സംഗതങ്ങളാകുന്നു.

25 താമാഹ ലളിതം വീരഃ സവ്രീഡസ്മിതശോഭനാം
സ്നിഗ്ദ്ധേനാപാംഗപുംഖേന സ്പൃഷ്ടഃ പ്രേമോദ്ഭ്രമദ്ഭ്രുവാ

| | |
|---|---|
| വീരഃ | വീരനായ പുരഞ്ജനൻ |
| സവ്രീഡസ്മിതശോഭനാം | സലജ്ജമായ മന്ദഹാസത്താൽ ശോഭാതിശയമാർന്നിരിക്കുന്ന |
| താം | അവളോട് |
| പ്രേമോദ്ഭ്രമദ്ഭ്രുവാ | അനുരാഗത്താൽ ഉയർന്നു ചുഴലുന്ന ചില്ലീവില്ലിനോടിണങ്ങിയ— |
| സ്നിഗ്ദ്ധേന | പരിമൃദുലമായ— |
| അപാംഗപുംഖേന | കടക്കൺകോൺകണയുള്ള കടാക്ഷശരംകൊണ്ട് |
| സ്പൃഷ്ടഃ | എയ്യേറ്റ് |
| ലളിതം | ശൃംഗാരമധുരമായി |
| ആഹ | പറഞ്ഞു. |

26 കാ ത്വം കഞ്ജപലാശാക്ഷി കസ്യാസീഹ കുതഃ സതി
ഇമാമുപപുരീം ഭീരു കിം ചികീർഷസി ശംസ മേ

| | | | |
|---|---|---|---|
| കഞ്ജപലാശാക്ഷി | സുന്ദരി! | ഇമാം ഉപപുരീം | ഈ നഗരപ്രാന്തഭൂമിയെ (ലക്ഷീകരിച്ചു്) |
| ത്വം കാ | നീ ആരാണു്? | കിം | എന്തൊന്നു് |
| കസ്യ അസി | ആരുടെ പുത്രിയാണു്? | ചികീർഷസി | ചെയ്യാൻ ഭാവിക്കുന്നു? |
| സതി | ഉത്തമേ! | ഭീരു | ഭയശീലേ! |
| കുതഃ | എങ്ങുനിന്നു് | മേ ശംസ | എന്നോടു് പറയു. |
| ഇഹ | ഇങ്ങുവന്നവാം? | | |

27 ക ഏതേഽനുപഥാ യേ ത ഏകാദശ മഹാഭടാഃ
ഏതാ വാ ലലനാഃ സുഭ്രു കോഽയം തേഽഹിഃ പുരഃസരഃ

| | | | |
|---|---|---|---|
| തേ | നിന്റെ | സുഭ്രു | സുന്ദരി! |
| അനുപഥാഃ | അനുവർത്തികളായ | ലലനാഃ | പെൺമണികളായ |
| ഏകാദശ-മഹാഭടാഃ | പതിനൊന്നാമതായിട്ടു് ഒരു പ്രമുഖഭടനോടും കൂടിയുള്ള | ഏതാഃ വാ | ഇവരോ, ഏതു്? |
| | | തേ | നിന്റെ |
| | | പുരഃസരഃ | മുന്നിൽ നീങ്ങുന്ന |
| യേ | യാവചിലരുണ്ടോ, | അയം അഹിഃ | ഈ സർപ്പം |
| ഏതേ കേ | ഇവരെല്ലാം ആരു്? | കഃ | ഏതാണു്? |

പത്തുപേരേയും കഴിച്ചു് പതിനൊന്നാമതായുള്ള മഹാഭടൻ ദശേന്ദ്രിയങ്ങളുടെ കേന്ദ്രശക്തിയായി പ്രവർത്തിക്കുന്ന 'മനസ്സു്' എന്ന ഇന്ദ്രിയമാകുന്നു. ദശേന്ദ്രിയങ്ങളുടെ സഹായത്തോടെ മനസ്സു് ബുദ്ധിയെ പരിചരിക്കുന്നു. അതുകൊണ്ടു് മനസ്സിനെ ബുദ്ധിയിൽനിന്നു് വേറെ നില്ക്കുന്ന ഒന്നായിട്ടു് ഇവിടെ പരിഗണിച്ചു.

28 ത്വം ഹ്രീർഭവാന്യസ്യഥ വാഗ്രമാ പതിം
വിചിന്വതീ കിം മുനിവദ്രഹോ വനേ
ത്വദംഘ്രികാമാപ്തസമസ്തകാമം
ക്വ പദ്മകോശഃ പതിതഃ കരാഭ്യാം.

| | | | |
|---|---|---|---|
| ത്വം | നീ | ബ്രഹ്മാണം | ബ്രഹ്മദേവനെ |
| പതിം (ധർമ്മം) | ഭർത്താവായ ധർമ്മദേവനെ | വിചിന്വതീ) | തിരയുന്ന |
| വിചിന്വതീ | തേടിയുഴലുന്ന | വാക് | സരസ്വതിയോ? |
| ഹ്രീഃ അസി | ലജ്ജാദേവിയാണോ? | പതിം | ഭർത്താവിനെ |
| അഥ | അഥവാ, | (വിചിന്വതീ) | തിരയുന്ന |
| (പതിം ഭവം വിചിന്വതീ) | ഭർത്താവായ ശിവനെ തിരയുന്ന | രമാ | ലക്ഷ്മീദേവിയോ? |
| | | വനേ | വനത്തിൽ |
| ഭവാനീ | ശ്രീപാർവ്വതിയോ? | രഹഃ | ഏകാന്തതയിൽ |
| (പതിം | ഭർത്താവായ | മുനിവത് | മുനിയെപ്പോലിരുന്നു്, |

| | |
|---|---|
| തവാംഘ്രികാമാപ്തസമസ്തകാമം | നീ പ്രകടിപ്പിക്കുന്ന പാദശുശ്രൂഷാഭിലാഷം കൊണ്ടുതന്നെ സർവ്വകാമിതവും നേടിയിരിക്കുന്ന ഭർത്താവിനെ |
| വിചിന്വതീ കിം | തിരയുകയാണോ ? |
| പത്മകോശഃ | (നീ ലക്ഷ്മിയാണെങ്കിൽ) താമരമൊട്ടു് |
| കരാഭ്യാം | കൈയിൽനിന്നു് |
| ക്വ പതിതഃ | എവിടെ വീണു ? |

29 നാസാം വരോർവ്വന്യതമാ ഭുവിസ്പൃക്
പുരീമിമാം വീരവരേണ സാകം
അർഹസ്യലംകർത്തുമദഭ്രകർമ്മണാ
ലോകം പരം ശ്രീരിവ യജ്ഞപുംസാ.

| | |
|---|---|
| വരോരു | സുഭഗേ ! നീ |
| ആസാം | ഈ ദേവിമാരിൽ |
| അന്യതമാ | ഏതെങ്കിലും ഒരുത്തി |
| ന | ആകയില്ല. |
| (യതഃ) | എന്തെന്നാൽ, |
| ഭുവിസ്പൃക് | ഭൂസ്പർശമുള്ളവളാണു്. |
| അദഭ്രകർമ്മണാ | അനല്പകർമ്മപരാക്രമം [illegible] |
| വീരവരേണ സാകം | വീരവരനായ എന്നോടു കൂടെ |
| ശ്രീഃ | ലക്ഷ്മീദേവി |
| യജ്ഞപുംസാ | മഹാവിഷ്ണുവിനോടൊ[പ്പം] |
| പരം ലോകം | വൈകുണ്ഠത്തെ |
| ഇവ | എന്നപോലെ |
| ഇമാം പുരീം | ഈ പുരിയെ |
| അലംകർത്തും | ശോഭായമാനമാക്കുവാൻ |
| അർഹസി | അർഹിക്കുന്നു. |

30 യദേഷ മാപാംഗവിഖണ്ഡിതേന്ദ്രിയം
സവ്രീഡഭാവസ്മിതവിഭ്രമദ്ഭ്രുവഃ
ത്വയോപസൃഷ്ടോ ഭഗവാൻ മനോഭവഃ
പ്രബാധതേഽഥാനുഗൃഹാണ ശോഭനേ.

| | |
|---|---|
| ശോഭനേ | മഹാസുന്ദരി! |
| അപാംഗവിഖണ്ഡിതേന്ദ്രിയം | ഭവതിയുടെ കടക്കണ്ണേറുകൊണ്ടു് ഉള്ളംതകർന്നിരിക്കുന്ന |
| മാ | എന്നെ |
| സവ്രീഡഭാവസ്മിതവിഭ്രമദ്ഭ്രുവാ | ലജ്ജാമധുരമായി രതിഭാവത്തെ പ്രദർശിപ്പിക്കുന്ന പുഞ്ചിരിയോടൊത്ത ഭ്രൂചലനംകൊണ്ടു് |
| ത്വയാ | ഭവതിയാൽ |
| ഉപസൃഷ്ടഃ | പ്രേരിതനായിട്ടുള്ള |
| ഏഷഃ | ഈ |
| ഭഗവാൻ | ശക്തിശാലിയായ |
| മനോഭവഃ | കാമദേവൻ |
| പ്രബാധതേ | വല്ലാതെ കുഴക്കുന്നു. |
| യത് അഥ | ആകയാൽ |
| അനുഗൃഹാണ | പ്രസാദിക്കണേ! |

31 തദാനനം സുഭ്രു സുതാരലോചനം
വ്യാലംബിനീലാളകവൃന്ദസംവൃതം
ഉന്നീയ മേ ദർശയ വല്ഗുവാചകം
യദ്വ്രീഡയാ നാഭിമുഖം ശുചിസ്മിതേ

| | |
|---|---|
| ശുചിസ്മിതേ | തെളിവാൎന്ന പുഞ്ചിരി തൂകി മനംമയക്കുന്ന ഹേ സുമുഖി! |
| സുഭ്രു | അഴകുള്ള പുരികങ്ങളുള്ളതും |
| സുതാരലോചനം | മീനുമിനുത്ത കൃഷ്ണമണി കളം കളിക്കുന്ന കൺകളോട്ടുകൂടിയതും |
| വ്യാലംബി- നീലാളക- വൃന്ദസംവൃതം | നീണ്ടിരുണ്ടുചുരുണ്ട കുറുനിരകളാൽ ആവൃതമായതും |

| | |
|---|---|
| വല്ഗുവാചകം | തുമൊഴിപൊഴിയുന്നതും |
| യത് | യാതൊന്നു് |
| വ്രീഡയാ | ലജ്ജനിമിത്തം |
| അഭിമുഖം | സമ്മുഖമായി |
| ന | ഭവിക്കുന്നില്ലയോ, |
| തത് | അങ്ങനെയുള്ളതുമായ |
| ആനനം | മുഖത്തെ |
| ഉന്നീയ | ഉയൎത്തി |
| മേ | എനിക്കു് |
| ദൎശയ | ദൎശനം തരിക. |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു

32 ഇത്ഥം പുരഞ്ജനം നാരീ യാചമാനമധീരവത്
അഭ്യനന്ദത തം വീരം ഹസന്തീ വീര മോഹിതാ.

| | |
|---|---|
| വീര | വീരനായ രാജാവേ! |
| ഇത്ഥം | ഇപ്രകാരം |
| അധീരവത് | അധീരനെന്ന വിധം |
| യാചമാനം | കെഞ്ചിപ്പറയുന്ന |
| തം വീരം | ആ വീരനായ |

| | |
|---|---|
| പുരഞ്ജനം | പുരഞ്ജനനെ |
| മോഹിതാ | അദ്ദേഹത്തിൽ മോഹം കലൎന്ന |
| നാരീ | പെൺമണി |
| ഹസന്തീ | പുഞ്ചിരിയാൎന്നുകൊണ്ടു് |
| അഭ്യനന്ദത | അഭിനന്ദിച്ചു. |

"നീ ആരു്? ആരുടെ?" എന്നുള്ള ചോദ്യത്തിന്നു് ആദ്യം മറുവടിപറയുന്നു.

33 ന വിദാമ വയം സമ്യക്കൎത്താരം പുരുഷൎഷഭ
ആത്മനശ്ച പരസ്യാപി ഗോത്രം നാമ ച യത്കൃതം.

| | |
|---|---|
| പുരുഷൎഷഭ | ഹേ പുരുഷശ്രേഷ്ഠ! |
| ആത്മനഃ ച | എന്റെയും |
| പരസ്യ അപി | മററാരുടേയും |
| കൎത്താരം | കൎത്താവിനെ |
| വയം | ഞങ്ങൾ |

| | |
|---|---|
| സമ്യക് | നല്ലപോലെ |
| ന വിദാമ | അറിയുന്നില്ല. |
| ഗോത്രം | കുലവും |
| നാമ ച | പേരും |
| യത്കൃതം | ആരുടെ വകയാണെന്നും (അറിഞ്ഞുകൂടാ.) |

34 ഇഹാദ്യ സന്തമാത്മാനം വിദാമ ന തതഃ പരം
യേനേയം നിൎമ്മിതാ വീര പുരീ ശരണമാത്മനഃ

| | |
|---|---|
| ആദ്യ ഇഹ | ഇന്നിവിടെ |
| ആത്മാനം സന്തം | ഞാനുണ്ടെന്നുള്ളതു മാത്രം |

| | |
|---|---|
| വിദാമ | അറിയാം, |
| തതഃ പരം | അതിനപ്പുറം |
| ന | അറിഞ്ഞുകൂടാ. |

| | | | |
|---|---|---|---|
| വീര | വീരാത്മാവേ! | യേന | ഏതൊരാളാൽ |
| ആത്മനഃ | എനിക്കു് | നിൎമ്മിതാ | നിൎമ്മിതമായതാണോ, |
| ശരണം | ആശ്രയമായ | (തം ച ന) | ആ ആളെയും അറിയില്ല. |
| ഇയം പുരീ | ഈ പത്തനം | | |

35 ഏതേ സഖായഃ സഖ്യോ മേ നരാ നാൎയ്യശ്ച മാനദ
സുപ്തായാം മയി ജാഗൎത്തി നാഗോഽയം പാലയൻ പുരീം.

| | | | |
|---|---|---|---|
| മാനദ | ഹേ ബഹുമതിപ്രദ! | അയം നാഗഃ | ഈ സൎപ്പം |
| ഏതേ നരാഃ | ഈ പുരുഷന്മാരും | മയി സുപ്തായാം | ഞാനുറങ്ങുമ്പോഴും |
| നാൎയ്യഃ ച | സ്ത്രീകളും | പുരീം | പുരത്തെ |
| മേ | എന്റെ | പാലയൻ | സംരക്ഷിച്ചുകൊണ്ടു് |
| സഖായഃ | സഖാക്കളും | | |
| സഖ്യഃ | സഖിമാരുമാണു്. | ജാഗൎത്തി | ജാഗ്രതയിലിരിക്കും. |

36 ദിഷ്ട്യാഽഽഗതോഽസി ഭദ്രം തേ ഗ്രാമ്യാൻ കാമാനഭീപ്സസേ
ഉദ്വഹിഷ്യാമി താംസ്തേഽഹം സ്വബന്ധുഭിരരിന്ദമ

| | | | |
|---|---|---|---|
| ദിഷ്ട്യാ | എന്റെ ഭാഗ്യമേ ഭാഗ്യം! | അരിന്ദമ | ഹേ ശത്രുദമന! |
| ആഗതഃ അസി | താങ്കൾ വന്നല്ലോ. | തേ | അങ്ങയ്ക്കു് |
| തേ ഭദ്രം | താങ്കൾക്കഭിനന്ദനം | താൻ | അവയെ |
| ഗ്രാമ്യാൻ | ഇന്ദ്രിയാൎത്ഥങ്ങളായ | സ്വബന്ധുഭിഃ | എനിക്കു് വേണ്ടപ്പെട്ട വരോടുംകൂടി |
| കാമാൻ | സുഖഭോഗങ്ങളെ | അഹം | ഞാൻ |
| അഭീപ്സസേ | താങ്കൾ ആശിക്കുന്നു. | ഉദ്വഹിഷ്യാമി | നിറവേററിക്കൊള്ളാം. |

37 ഇമാം ത്വമധിതിഷ്ഠസ്വ പുരീം നവമുഖീം വിഭോ
മയോപനീതാൻ ഗൃഹ്ണാനഃ കാമഭോഗാൻ ശതം സമാഃ

| | | | |
|---|---|---|---|
| വിഭോ ത്വം | പ്രഭോ! താങ്കൾ | ശതം സമാഃ | നൂറാണ്ടുകാലം * |
| മയാ | എന്നാൽ | | |
| ഉപനീതാൻ | അടുക്കലെത്തിക്കപ്പെട്ട | നവമുഖീം | ഒമ്പതു് ഉമ്മറങ്ങളുള്ള † |
| കാമഭോഗാൻ | കാമഭോഗങ്ങളെ | ഇമാം പുരീം | ഈ പുരിയെ |
| ഗൃഹ്ണാനഃ | സ്വായത്തമാക്കി ക്കൊണ്ടു് | അധിതിഷ്ഠസ്വ | ആസ്ഥാനമാക്കിയാലും |

* മനുഷ്യശരീരം സ്വീകരിച്ച ജീവന്റെ തികഞ്ഞ ആയുഷ്കാലം നൂറുവൎഷമാണു്. ''ശതായുഃ പുരുഷഃ'' എന്നു് ആഗമപ്രസിദ്ധി.

† നവദ്വാരങ്ങളുള്ള.

ഇനി അഞ്ചുശ്ലോകംകൊണ്ടു് പ്രവൃത്ത്യുന്മുഖനായ ജീവനായകനെ വിഷയനിഷ്ഠബുദ്ധിയാവുന്ന നായിക അത്യാസക്തിയോടെ അഭിനന്ദിച്ചും നിവൃത്തിപരനെ നിന്ദിച്ചും പറയുന്നു.

38 കം ന ത്വദന്യം രമയേ ഹ്യരതിജ്ഞമകോവിദം
അസംപരായാഭിമുഖമശ്വസ്തനവിദം പശും

| | | | |
|---|---|---|---|
| ത്വത് | അങ്ങയെ വിട്ടു് | അസംപരായാഭിമുഖം | പരലോകചിന്താരഹിതനായ— |
| അന്യം കം | വേറെ ആരെയെങ്കിലും, | അശ്വസ്തനവിദം | നാളേക്കുവേണ്ടകാര്യം ചിന്തിച്ചറിയാത്ത |
| ഹി | വിശേഷിച്ചു് | പശും | മൃഗപ്രായനെ |
| അരതിജ്ഞം | രതിസുഖാനഭിജ്ഞനായി— | രമയേ | ഞാൻ രമിപ്പിക്കുമോ ? |
| അകോവിദം | അനിഷിദ്ധസുഖങ്ങളെ അനുഭവിക്കാനറിഞ്ഞുകൂടാത്ത— | | |

നിവൃത്തിപരനായ ജീവൻ (സന്ന്യാസി) രതിസുഖാഭിമുഖ്യമില്ലാത്ത നൈഷ്ഠികനും അനിഷിദ്ധസുഖംപോലും അറിയാത്തവനും സംപരായത്തെ—മൃത്യുവിനെ, —സച്ചിത് സ്വരൂപവിയോഗത്തെ, അഭിമുഖീകരിക്കാത്തവനും ഇഹലോകചിന്തയില്ലാത്തവനുമാണു്. വിഷയനിഷ്ഠബുദ്ധി അവനിൽ പരാജയപ്പെടുന്നു. പ്രവൃത്തിപരനായ ജീവനെ (ഗൃഹസ്ഥനെ) പാട്ടിലൊതുക്കിവെച്ചു് വലയ്ക്കുന്നു. ഇങ്ങനെ പരോക്ഷാർത്ഥം കണ്ടുകൊള്ളണം.

39 ധർമ്മോ ഹ്യത്രാർത്ഥകാമൗ ച പ്രജാനന്ദോഽമൃതം യശഃ
ലോകാ വിശോകാ വിരജാ യാന്ന കേവലിനോ വിദുഃ

| | | | |
|---|---|---|---|
| അത്ര ഹി | ഈ ഗൃഹസ്ഥവൃത്തിയിൽമാത്രമേ | വിശോകാഃ | അല്ലലില്ലാത്ത |
| ധർമ്മഃ | ധർമ്മവും, | വിരജാഃ | ദിവ്യങ്ങളായ |
| അർത്ഥകാമൗ | അർത്ഥവും, കാമവും, | ലോകാഃ ച | ലോകങ്ങളും ഉള്ളൂ; |
| പ്രജാനന്ദഃ | സന്താനസൗഖ്യവും, | യാൻ | ഇവ യാതൊന്നുകളേയും |
| അമൃതം | മോക്ഷവും, | കേവലിനഃ | വെറും സന്ന്യാസികൾ |
| യശഃ | കീർത്തിയും | ന വിദുഃ | അറിയുന്നില്ല. |

40 പിതൃദേവർഷിമർത്ത്യാനാം ഭൂതാനാമാത്മനശ്ച ഹ
ക്ഷേമ്യം വദന്തി ശരണം ഭവേഽസ്മിൻ യദ്ഗൃഹാശ്രമഃ

| | | | |
|---|---|---|---|
| അസ്മിൻ ഭവേ | ഈ പ്രപഞ്ചത്തിൽ | ആത്മനഃ ച | തനിക്കുതന്നേയും |
| പിതൃദേവർഷിമർത്ത്യാനാം | പിതൃക്കൾക്കും ദേവകൾക്കും ഋഷികൾക്കും മനുഷ്യർക്കും | ഗൃഹാശ്രമഃ | ഗൃഹസ്ഥാശ്രമം |
| | | (ഇതി) യത് | എന്നതു് |
| | | ക്ഷേമ്യം | ക്ഷേമംകരമായ |
| ഭൂതാനാം | മററു ചരാചരജീവജാലങ്ങൾക്കും | ശരണം | ഏകാലംബനമാണെന്നു |
| | | വദന്തി ഹ | പറയുന്നുണ്ടല്ലോ. |

41 കാ നാമ വീര വിഖ്യാതം വദാന്യം പ്രിയദൎശനം
ന വൃണീത പ്രിയം പ്രാപ്തം മാദൃശീ ത്വാദൃശം പതിം.

| | | | |
|---|---|---|---|
| വീര | വീരപുരുഷ! | ത്വാദൃശം | അങ്ങയെപ്പോലെയുള്ള ഒരാളെ |
| വിഖ്യാതം | വിശ്രുതനും | | |
| വദാന്യം | ഉദാരനും | മാദൃശീ | എന്നെപ്പോലെയുള്ള |
| പ്രിയദൎശനം | സുന്ദരനും | കാ നാമ | ഏതൊരുവൾ |
| പ്രിയം | പ്രീതികരനും | പതിം | ഭൎത്താവായിട്ടു് |
| പ്രാപ്തം | സ്വയം സമാഗതനുമായ | ന വൃണീത | വരിക്കാതിരിക്കും? |

42 കസ്യാ മനസ്തേ ഭുവി ഭോഗിഭോഗയോഃ
സ്ത്രിയാ ന സജ്ജേദ്ഭുജയോൎമ്മഹാഭുജ
യോഽനാഥവൎഗ്ഗാധിമലം ഘൃണോദ്ധത-
സ്മിതാവലോകേന ചരത്യപോഹിതും

| | | | |
|---|---|---|---|
| മഹാഭുജ | ഹേ മഹാബാഹോ! | ചരതി | സഞ്ചരിക്കുന്നുവോ, |
| യഃ | യാതൊരു അങ്ങുന്നു് | (തസ്യ) തേ | ആ അങ്ങയുടെ |
| അനാഥ-വൎഗ്ഗാധിം | ദീനജനതയുടെ മനോവേദനയെ | ഭോഗിഭോഗയോഃ | സൎപ്പശരീരംപോലെ നീണ്ടുരുണ്ടുപരുത്ത |
| ഘൃണോദ്ധത-സ്മിതാവ-ലോകേന | കാരുണ്യവായ്പാലെഴുന്ന മന്ദഹാസാവലോകത്താൽ | ഭുജയോഃ | കൈത്തണ്ടകൾക്കിടയിൽ ചേരുവാൻ |
| അലം | പാടെ | കസ്യാഃ സ്ത്രിയാഃ | ഏതൊരുത്തിയുടെ |
| അപോഹിതും | ദൂരീകരിക്കുവാൻ | മനഃ | മനം |
| ഭുവി | ഭൂമിയിലെങ്ങും | ന സജ്ജേത | കൊതിക്കയില്ല. |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു —

43 ഇതി തൗ ദംപതീ തത്ര സമുദ്യ സമയം മിഥഃ
താം പ്രവിശ്യ പുരീം രാജൻ മുമുദാതേ ശതം സമാഃ

| | | | |
|---|---|---|---|
| രാജൻ | പ്രാചീനബൎഹിസ്സേ! | ദംപതീ | ഭാൎയ്യാഭൎത്താക്കന്മാരായി ഭവിച്ച |
| ഇതി | ഇപ്രകാരം | തൗ | അവരിരുവരും |
| തത്ര | അവിടെവെച്ചു് | താം പുരീം | ആ പുരിയിലേക്കു് |
| മിഥഃ | അന്യോന്യം | പ്രവിശ്യ | കടന്നുചെന്നു് |
| സമയം | ഉടമ്പടിവാക്കു് | ശതം സമാഃ | നൂറുവൎഷംകാലം |
| സമുദ്യ | പറഞ്ഞു് | മുമുദാതേ | സുഖിച്ചുവാണു. |

ബുദ്ധിനായികയോടു് സമ്മേളിച്ചു് ശരീരപുരിയിലേക്കു് കടന്ന ജീവനായകന്റെ ജാഗ്രത്സുഷുപ്ത്യവസ്ഥകളെ ഇനി ഒരു ശ്ലോകത്തിൽ സംക്ഷേപിക്കുന്നു —

44 ഉപഗീയമാനോ ലളിതം തത്ര തത്ര ച ഗായകൈഃ
ക്രീഡൻ പരിവൃതഃ സ്ത്രീഭിർഹ്രദിനീമാവിശച്ഛുചൗ.

| | | | |
|---|---|---|---|
| ഗായകൈഃ | സ്തുതിപാഠകന്മാരാൽ | ശുചൗ | വേനല്ക്കാലമായപ്പോൾ |
| തത്ര തത്ര | അതാതിടത്തു് | സ്ത്രീഭിഃ | സ്ത്രീകളാൽ |
| ലളിതം | ഭംഗിയായി | പരിവൃതഃ | ചുഴന്നുകൊണ്ടു് |
| ഉപഗീയമാനഃ | പാടിപ്പുകഴ്ത്തിക്കൊണ്ടും, | ഹ്രദിനീം | ആററിലേക്കു് |
| ക്രീഡൻ ച | വിഹരിച്ചുകൊണ്ടും | ആവിശത് | ഇറങ്ങി. |

ഇവിടെ വിഹരണം ജാഗ്രത്തിനെയും, ജലാവഗാഹം സുഷുപ്തിയേയും പരോക്ഷമായി വ്യഞ്ജിപ്പിച്ചു.

ഇനി പുരഞ്ജനപുരിയുടെ ഒമ്പതു് നിർഗ്ഗമനമാർഗ്ഗങ്ങളെ വിവരിച്ചുകൊണ്ടും ജീവന്റെ ജാഗ്രദവസ്ഥയെത്തന്നെ അധ്യായത്തിന്റെ പരിസമാപ്തിവരെ വിസ്തരിക്കുന്നു.

45 സപ്തോപരി കൃതാ ദ്വാരഃ പുരസ്തസ്യാസ്തു ദ്വേ അധഃ
പൃഥഗ്വിഷയഗത്യർത്ഥം തസ്യാം യഃ കശ്ചനേശ്വരഃ.

| | | | |
|---|---|---|---|
| തസ്യാഃ പുരഃ | ആ പുരിയുടെ | യഃ കശ്ചന | ഏതൊ ഒരാൾ |
| ഉപരി സപ്ത | ഉയരത്തിൽ ഏഴും, | ഈശ്വരഃ | നാഥനായിട്ടുണ്ടല്ലോ— |
| അധഃ തു ദ്വേ | താഴത്തു് രണ്ടും | (തസ്യ) | ആയാൾക്കു് |
| ദ്വാരഃ | നിർഗ്ഗമമാർഗ്ഗങ്ങൾ | പൃഥഗ്വിഷയ— | വ്യത്യസ്തദിശകളി |
| കൃതാഃ | നിർമ്മിതങ്ങളായിട്ടുണ്ടു്. | ഗത്യർത്ഥം | ലേക്കു് യാത്രപോകാൻ |
| തസ്യാം | അതിൽ | | വേണ്ടിയാണിവ. |

പരോക്ഷാർത്ഥത്തിൽ, ഉയരത്തിലുള്ള സപ്തദ്വാരങ്ങൾ മുഖാവയവങ്ങളും, താഴത്തുള്ള രണ്ടെണ്ണം ഗുദലിംഗങ്ങളുമാകുന്നു. ഇങ്ങനെ നവദ്വാരപരിഷ്കൃതമായ ശരീരപുരിയിലെ നാഥനായ ജീവൻ വാസ്തവത്തിൽ സമ്യഗ്ജ്ഞാതനോ നിയതസ്ഥിതനോ അല്ലായ്കയാൽ "ഏതോ ഒരാൾ" എന്നും പറഞ്ഞു.

46 പഞ്ച ദ്വാരസ്തു പൗരസ്ത്യാ ദക്ഷിണൈകാ തഥോത്തരാ
പശ്ചിമേ ദ്വേ അമൂഷാം തേ നാമാനി നൃപ വർണ്ണയേ.

| | | | |
|---|---|---|---|
| പഞ്ച | (ഇവയിൽ) അഞ്ചു് | ദ്വേ | രണ്ടെണ്ണം |
| ദ്വാരഃ തു | നിർഗ്ഗമനമാർഗ്ഗങ്ങൾ | പശ്ചിമേ | പടിഞ്ഞാറുഭാഗത്തുള്ളവയും (പിന്നിൽ കീഴ്‌വശത്തു്) ആകുന്നു. |
| പൗരസ്ത്യാഃ | കിഴക്കുഭാഗത്തുള്ളവയാണ്,(നേരെ മുന്നിലുള്ളവ) | | |
| ഏകാ | ഒന്നു് | നൃപ | രാജാവേ! |
| ദക്ഷിണാ | തെക്കുള്ളതും (വലത്തും) | അമൂഷാം | ഇവയുടെ |
| തഥാ | അതുപോലെ ഒന്നു് | നാമാനി | പേരുകളെയും |
| ഉത്തരാ | വടക്കുള്ളതും (ഇടത്തുള്ളതും) ആകുന്നു. | വർണ്ണയേ | വിസ്തരിച്ചുപറയാം |

47 ഖദ്യോതാഽവിർമ്മുഖീ ച പ്രാഗ്ദ്വാരാവേകത്ര നിർമ്മിതേ
വിഭ്രാജിതം ജനപദം യാതി താഭ്യാം ദ്യുമത്സഖഃ

| | | | |
|---|---|---|---|
| ഖദ്യോതാ | ഖദ്യോതയെന്നും | ദ്യുമത്സഖഃ | ദ്യുമാൻ എന്ന സഖാവോടുകൂടിയ പുരഞ്ജനൻ |
| ആവിർമ്മുഖീ ച | ആവിർമ്മുഖിയെന്നും പേരായി | താഭ്യാം | അവയിൽക്കൂടെ |
| പ്രാഗ്ദ്വാരൌ | കിഴക്കുഭാഗത്തുള്ള രണ്ടു് നിൎഗ്ഗമനമാൎഗ്ഗങ്ങൾ | വിഭ്രാജിതം | വിഭ്രാജിതമെന്ന |
| ഏകത്ര | ഒരേ ഇടത്തു് | ജനപദം | ദേശത്തിലേക്കു് |
| നിർമ്മിതേ | നിർമ്മിക്കപ്പെട്ടവയാണു്. | യാതി | യാത്രചെയ്തിരുന്നു. |

'ഖദ്യോത' — ഇടത്തെ കണ്ണു് (ഈഷൽപ്രകാശമുള്ളതു്) 'ആവിർമ്മുഖി' — വലത്തെ കണ്ണു് (ബഹുപ്രകാശമുള്ളതു്) 'ദക്ഷിണോƒദ്ധ്യ ആത്മനോ വീൎയ്യവത്തരഃ' എന്ന ശ്രുതി പ്രമാണംകൊണ്ടും സ്വാനുഭവംകൊണ്ടും ശരീരത്തിന്റെ വലതുവശത്തുള്ള അവയവങ്ങൾക്കു് ശക്തി അധികമാണല്ലോ. 'ദ്യുമാൻ' ചക്ഷുരിന്ദ്രിയവും, 'വിഭ്രാജിതദേശം' ദ്രവ്യനിഷ്ഠമായ രൂപസ്വരൂപങ്ങളുമാകുന്നു. ഇങ്ങനെ പരോക്ഷാൎത്ഥം കണ്ടുകൊള്ളണം.

48 നളിനീ നാളിനീ ച പ്രാഗ്ദ്വാരാവേകത്ര നിർമ്മിതേ
അവധൂതസഖസ്താഭ്യാം വിഷയം യാതി സൗരഭം

| | | | |
|---|---|---|---|
| നളിനീ | നളിനിയെന്നും | അവധൂതസഖഃ | അവധൂതൻ എന്ന സഖാവോടുകൂടി |
| നാളിനീ ച | നാളിനിയെന്നും പേരായി | താഭ്യാം | അവയിൽക്കൂടെ |
| പ്രാഗ്ദ്വാരൌ | കിഴക്കുഭാഗത്തുള്ള രണ്ടു് നിൎഗ്ഗമനമാൎഗ്ഗങ്ങൾ | സൗരഭം | സൗരഭമെന്ന |
| ഏകത്ര | ഒരേ ഇടത്തു് | വിഷയം | ദേശത്തിലേക്കു് |
| നിർമ്മിതേ | നിർമ്മിക്കപ്പെട്ടവയാണു് | യാതി | യാത്രചെയ്തിരുന്നു. |

പരോക്ഷാൎത്ഥത്തിൽ — 'നളിനീനാളിനികൾ' = ഇടത്തേതും വലത്തേതുമായ നാസികാദ്വാരകൾ. 'അവധൂതൻ' = വായ്വധിഷ്ഠിതമായ ഘ്രാണം. 'സൗരഭം' = ഗന്ധം. ഇവിടെയും 'നളിനീ, നാളിനീ' എന്നിങ്ങനെ ശബ്ദഭേദം കൊണ്ടു് ഇടതിനും വലതിനും തമ്മിൽ ന്യൂനാധിക്യം സൂചിതമായിരിക്കുന്നു.

49 മുഖ്യാ നാമ പുരസ്താദ്ദ്വാസ്തയാഽഽപണബഹൂദനൌ
വിഷയൌ യാതി പുരരാഡ്രസജ്ഞവിപണാന്വിതഃ.

| | | | |
|---|---|---|---|
| പുരസ്താത് | കിഴക്കുഭാഗത്തുതന്നെ | ദ്വാഃ | മറ്റൊരു നിൎഗ്ഗമനമാൎഗ്ഗമുണ്ടു്. |
| മുഖ്യാ നാമ | മുഖ്യ എന്നു് പേരായി | തയാ | അതിലൂടെ |

| | | | |
|---|---|---|---|
| പുരരാട് | നഗരപതിയായ പുരഞ്ജനൻ | ആപണ-ബഹൂദനൗ | ആപണം, ബഹൂദനം എന്നീ |
| രസജ്ഞ-വിപണാന്വിതഃ | രസജ്ഞൻ, വിപണൻ എന്നീ രണ്ടു് സഖാക്കളോടുകൂടി | വിഷയൗ | രണ്ടു് ദേശങ്ങളിലേക്കു് |
| | | യാതി | യാത്രചെയ്യുന്നു. |

പരോക്ഷാർത്ഥത്തിൽ — മുഖ്യാ = മുഖം (വായ); രസജ്ഞൻ = രസനേന്ദ്രിയം; വിപണൻ = വാഗിന്ദ്രിയം; ആപണം = ഭാഷണം; ബഹൂദനം = ബഹ്വന്നം.

50 പിതൃഹൂർന്നൃപ പുര്യാ ദ്വാർദക്ഷിണേന പുരഞ്ജനഃ
രാഷ്ട്രം ദക്ഷിണപഞ്ചാലം യാതി ശ്രുതധരാന്വിതഃ

| | | | |
|---|---|---|---|
| നൃപ | രാജാവേ! | പുരഞ്ജനഃ | പുരഞ്ജനൻ |
| പുര്യാഃ | പുരിയുടെ | ശ്രുതധരാന്വിതഃ | ശ്രുതധരനെന്ന സഖാവോടുകൂടി |
| ദക്ഷിണേന | തെക്കുഭാഗത്തു് | ദക്ഷിണപഞ്ചാലം | തെക്കൻപഞ്ചാലമെന്ന |
| പിതൃഹൂഃ | പിതൃഹൂ എന്നു് പേരായ | രാഷ്ട്രം | ദേശത്തിലേക്കു് |
| ദ്വാഃ | നിർഗ്ഗമനമാർഗ്ഗമുണ്ടു്. | യാതി | പോയിക്കൊണ്ടിരുന്നു. |

51 ദേവഹൂർനാമ പുര്യാ ദ്വാ ഉത്തരേണ പുരഞ്ജനഃ
രാഷ്ട്രമുത്തരപഞ്ചാലം യാതി ശ്രുതധരാന്വിതഃ.

| | | | |
|---|---|---|---|
| പുര്യാഃ | പുരിയുടെ | ശ്രുതധരാന്വിതഃ | ശ്രുതധരൻ എന്ന അതേ സഖാവോടുകൂടി |
| ഉത്തരേണ | വടക്കുഭാഗത്തു് | ഉത്തരപഞ്ചാലം | വടക്കൻ പഞ്ചാലമെന്ന |
| ദേവഹൂഃ നാമ | ദേവഹൂ എന്നു പേരായ | രാഷ്ട്രം | ദേശത്തിലേക്കു് |
| ദ്വാഃ | നിർഗ്ഗമനമാർഗ്ഗമുണ്ടു്. | യാതി | പോയിക്കൊണ്ടിരുന്നു. |
| പുരഞ്ജനഃ | പുരഞ്ജനൻ | | |

പരോക്ഷാർത്ഥത്തിൽ — പിതൃഹൂ = വലത്തെ കർണ്ണം; ദേവഹൂ = ഇടത്തെ കർണ്ണം; തെക്കൻപഞ്ചാലം = പ്രവൃത്തിലക്ഷണമായ ശാസ്ത്രം (കർമ്മകാണ്ഡം); വടക്കൻപഞ്ചാലം = നിവൃത്തിലക്ഷണമായ ശാസ്ത്രം (ജ്ഞാനകാണ്ഡം); ശ്രുതധരൻ = ശ്രോത്രേന്ദ്രിയം.

ശബ്ദശ്രവണവേളയിൽ പ്രകൃത്യാ കൂടുതൽ ക്ഷമതയുള്ള വലത്തെ കാതു് ആദ്യം പ്രവർത്തിച്ചുതുടങ്ങും. ശാസ്ത്രത്തിൽ ആദ്യം ശ്രവിക്കേണ്ടതു് കർമ്മകാണ്ഡവുമാണു്. ഈ കർമ്മകാണ്ഡത്താൽ വിഹിതമായതനുഷ്ഠിച്ചു് പിതൃക്കളാൽ ആഹൂതനായി പിതൃയാനത്തെ പ്രാപിക്കുവാൻ ഉതകുന്നതു് എന്ന ആശയത്തിൽ വലത്തെകാതു് പിതൃഹൂ. ഉത്തരശ്രുതമായ ജ്ഞാനകാണ്ഡത്താൽ ദേവയാനപ്രാപ്തി സാധകമായ ഇടതുകാതു് ദേവഹൂ. "പഞ്ചാനാം (വിഷയാണാം) പ്രകാശനായഅലം" എന്ന വ്യുത്പത്തിപ്രകാരം തത്വപ്രകാശനത്തിനു് പര്യാപ്തമായ — ശാസ്ത്രത്തെ 'പഞ്ചാലം' എന്ന സംജ്ഞയാലും നിർദ്ദിഷ്ടമായി.

52 ആസുരീ നാമ പശ്ചാദ്ദ്വാസ്തയാ യാതി പുരഞ്ജനഃ
ഗ്രാമകം നാമ വിഷയം ദുർമ്മദേന സമന്വിതഃ.

| | | | |
|---|---|---|---|
| പശ്ചാത് | പടിഞ്ഞാറുവശത്ത് | ദുർമ്മദേന | ദുർമ്മദനെന്ന സഹായിയോട് |
| ആസുരീ നാമ | ആസുരിയെന്നു പേരായ | സമന്വിതഃ | സഹിതനായിട്ട് |
| ദ്വാഃ | നിർഗ്ഗമനമാർഗ്ഗമുണ്ട്. | ഗ്രാമകം നാമ | ഗ്രാമകം എന്നു പേരായ |
| പുരഞ്ജനഃ | പുരഞ്ജനൻ | വിഷയം | ദേശത്തിലേക്ക് |
| തയാ | അതിലൂടെ | യാതി | പോയിക്കൊണ്ടിരുന്നു. |

പരോക്ഷാർത്ഥത്തിൽ — ആസുരീ = ശിശ്നദ്വാരം; ഗ്രാമകം = ലൈംഗികസുഖം; ദുർമ്മദൻ = ഗുഹ്യേന്ദ്രിയം.

53 നിരൃതിർനാമ പാശ്ചാദ്ദ്വാസ്തയാ യാതി പുരഞ്ജനഃ
വൈശസം നാമ വിഷയം ലുബ്ധകേന സമന്വിതഃ

| | | | |
|---|---|---|---|
| പശ്ചാത് | പടിഞ്ഞാറുതന്നെ | സമന്വിതഃ | കൂടിയവനായിട്ട് |
| നിരൃതിഃ നാമ | നിരൃതിയെന്നു പേരായ | വൈശസം നാമ | വൈശസമെന്നു പേരായ |
| ദ്വാഃ | നിർഗ്ഗമനമാർഗ്ഗമുണ്ട്. | | |
| പുരഞ്ജനഃ | പുരഞ്ജനൻ | | |
| തയാ | അതിലൂടെ | വിഷയം | ദേശത്തിലേക്ക് |
| ലുബ്ധകേന | ലുബ്ധകനെന്ന സഹായിയോട് | യാതി | പോയിക്കൊണ്ടിരുന്നു. |

പരോക്ഷാർത്ഥത്തിൽ — നിരൃതി = ഗുദം; വൈശസം = മലവിസർഗ്ഗം; ലുബ്ധകൻ = പായു എന്ന അപാനേന്ദ്രിയം.

54 അന്ധാവമീഷാം പൗരാണാം നിർവാക്പേശസ്കൃതാവുഭൗ
അക്ഷണ്വതാമധിപതിസ്താഭ്യാം യാതി കരോതി ച

| | | | |
|---|---|---|---|
| അമീഷാം പൗരാണാം | ഇപ്പറഞ്ഞ പുരവാസികളുടെ ഇടയിൽ | അധിപതിഃ | മേൽക്കോയ്മയുള്ളവനെന്നിരിക്കിലും പുരഞ്ജനൻ |
| നിർവാക്- പേശസ്കൃതൗ | നിർവാക്ക് എന്നും പേശസ്കൃത്ത് എന്നും പേരുള്ള | താഭ്യാം | ആ കാഴ്ചയില്ലാത്തവരുടെ സഹായത്തോടെ |
| ഉഭൗ | ഇരുവർ | യാതി | സഞ്ചരിക്കുകയും |
| അന്ധൗ | കുരുടന്മാരാണ്. | | |
| അക്ഷണ്വതാം | കാഴ്ച്ചയുള്ളവരുടെയെല്ലാം | കരോതി ച | പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു |

പരോക്ഷാർത്ഥത്തിൽ — നിർവാക്ക് = പാദം; പേശസ്കൃത്ത് = കരം. ഈ രണ്ട് ഇന്ദ്രിയങ്ങൾക്കും മററുള്ളവയ്ക്കുള്ളതുപോലെ സുഷിരമില്ല. അതുകൊണ്ട് അന്ധത്വകല്പന സംഗതം — ത്വഗിന്ദ്രിയം ഒഴിച്ച് മററുള്ള ജ്ഞാനേന്ദ്രിയങ്ങളേയും കർമ്മേന്ദ്രിയങ്ങളേയും നവദ്വാരങ്ങളേയും ഈ വിധം ചൂണ്ടിക്കാണിച്ചു. ത്വഗിന്ദ്രിയമാകട്ടെ എല്ലാററിലും അന്തർഭവിച്ചതുമാണ്. "അക്ഷണ്വതാം" എന്നതിന്ന് 'ഇന്ദ്രിയസഹിതമായ ശരീരങ്ങളുടെ' എന്നാണ് പരോക്ഷാർത്ഥം.

55 സ യർഹ്യന്തഃപുരഗതോ വിഷൂചീനസമന്വിതഃ
മോഹം പ്രസാദം ഹർഷം വാ യാതി ജായാത്മജോദ്ഭവം.

| | | | |
|---|---|---|---|
| സഃ യർഹി | അവൻ എന്നേരത്തു് | ജായാത്മജോദ്ഭവം | ഭാര്യാമക്കൾനിമിത്തമായുണ്ടാവുന്ന |
| വിഷൂചീനസമന്വിതഃ | വിഷൂചീനൻ എന്ന പ്രധാന സേവകനോടു കൂടി | മോഹം | മയക്കത്തെയോ, |
| | | പ്രസാദം | തെളിമയെയോ, |
| അന്തഃപുരഗതഃ തദാ | അന്തഃപുരത്തിൽ വന്നിരുന്നുവോ, അപ്പോഴെല്ലാം | ഹർഷം വാ | സന്തോഷത്തെയോ |
| | | യാതി | പ്രാപിച്ചിരുന്നു. |

പരോക്ഷാർത്ഥത്തിൽ — വിഷൂചീനൻ = സർവ്വതോമുഖമായ മനസ്സ്; അന്തഃപുരം = ഹൃദയം; മോഹപ്രസാദഹർഷങ്ങൾ = തമഃസത്ത്വരജഃകാര്യങ്ങൾ; ജായാ = ബുദ്ധി; ആത്മജന്മാർ = ഇന്ദ്രിയപരിണാമങ്ങൾ.

56 ഏവം കർമ്മസു സംസക്തഃ കാമാത്മാ വഞ്ചിതോഽബുധഃ
മഹിഷീ യദ്യദീഹേത തത്തദേവാന്വവർത്തത.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | അബുധഃ | മൂഢനായും ഭവിച്ച പുരഞ്ജനൻ |
| കർമ്മസു | കർമ്മങ്ങളിൽ | | |
| സംസക്തഃ | ആസക്തനായും | മഹിഷീ | തന്റെ റാണി |
| കാമാത്മാ | കാമവിവശചിത്തനായും | യത് യത് | എന്തെല്ലാം |
| | | ഈഹേത | ആഗ്രഹിക്കുമോ, |
| വഞ്ചിതഃ | (സ്ത്രീകളാൽ) വഞ്ചിതനായും | തത് തത് ഏവ | അതെല്ലാം തന്നെ |
| | | അന്വവർത്തത | അനുസരിച്ചു. |

57 ക്വചിത് പിബന്ത്യാം പിബതി മദിരാം മദവിഹ്വലഃ
അശ്നന്ത്യാം ക്വചിദശ്നാതി ജക്ഷത്യാം സഹ ജക്ഷതി.

| | | | |
|---|---|---|---|
| ക്വചിത് | വല്ലപ്പോഴും | ക്വചിത് | വല്ലപ്പോഴും |
| പിബന്ത്യാം | അവൾ മദ്യപാനം ചെയ്യുമ്പോൾ, | അശ്നത്യാം | അവൾ വല്ലതും തിന്നുമ്പോൾ |
| മദിരാം | മദ്യത്തെ (താനും) | അശ്നാതി | താനും അതുതിന്നും. |
| പിബതി | പാനം ചെയ്യും; | ജക്ഷത്യാം | ഭക്ഷണം കഴിക്കുമ്പോൾ |
| മദവിഹ്വലഃ ഭവതി | ലഹരിയിൽ മയങ്ങിയവനായും ഭവിക്കും. | സഹ | കൂടെയിരുന്നു് |
| | | ജക്ഷതി | ഭക്ഷണം കഴിക്കും |

58 ക്വചിദ് ഗായതി ഗായന്ത്യാം രുദത്യാം രുദതി ക്വചിത്
ക്വചിദ്ധസന്ത്യാം ഹസതി ജല്പന്ത്യാമനുജല്പതി

| | |
|---|---|
| കദാചിത് | വല്ലനേരത്തും |
| ഗായന്ത്യാം | അവൾ പാടുമ്പോൾ |
| ഗായതി | താനും പാട്ടുപാടും; |
| കദാചിത് | വല്ലനേരത്തും |
| രുദത്യാം | കരയുമ്പോൾ |
| രുദതി | താനും കരയും; |
| കദാചിത് | വല്ലനേരത്തും |
| ഹസന്ത്യാം | ചിരിക്കുമ്പോൾ |
| ഹസതി | താനും ചിരിക്കും; |
| ജല്പന്ത്യാം | അവൾ പൊന്നാരം പറയുമ്പോൾ |
| അനുജല്പതി | താനും കൂടെപ്പറയും, |

59 കദാചിദ്ധാവതി ധാവന്ത്യാം തിഷ്ഠന്ത്യാമനുതിഷ്ഠതി
അനുശേതേ ശയാനായാമന്വാസ്തേ കദാചിദാസതീം

| | |
|---|---|
| കദാചിത് | എങ്ങാനും |
| ധാവന്ത്യാം | അവൾ ഓടുമ്പോൾ |
| ധാവതി | താനും ഓടിത്തുടങ്ങും; |
| തിഷ്ഠന്ത്യാം | നില്ക്കുമ്പോൾ |
| അനുതിഷ്ഠതി | കൂടെ നിന്നേക്കും; |
| ശയാനായാം | കിടക്കുമ്പോൾ |
| അനുശേതേ | ഒപ്പം കിടക്കും; |
| കദാചിത് | എങ്ങാനും |
| ആസതീം | ഇരിക്കുന്നവളെ |
| അന്വാസ്തേ | അനുകൂലിച്ചു താനും ഇരിക്കും |

60 കദാചിച്ഛൃണോതി ശൃണ്വന്ത്യാം പശ്യന്ത്യാമനു പശ്യതി
കദാചിജ്ജിഘ്രതി ജിഘ്രന്ത്യാം സ്പൃശന്ത്യാം സ്പൃശതി കദാചിത്

| | |
|---|---|
| കദാചിത് | ചിലസമയത്തു് |
| ശൃണ്വന്ത്യാം | അവൾ വല്ലതും കേട്ടുകൊണ്ടിരിക്കുമ്പോൾ |
| ശൃണോതി | താനും കേട്ടുകൊണ്ടിരിക്കും; |
| പശ്യന്ത്യാം | കണ്ടുകൊണ്ടിരിക്കുമ്പോൾ |
| അനുപശ്യതി | കൂടെയിരുന്നു് താനും കാണും; |
| കദാചിത് | ചിലസമയത്തു് |
| ജിഘ്രന്ത്യാം | അവൾ വല്ലതും മണത്തു നോക്കിയാൽ |
| ജിഘ്രതി | താനും മണക്കുകയായി. |
| കദാചിത് | ചിലസമയം |
| സ്പൃശന്ത്യാം | അവൾ വല്ലതും തൊട്ടു നോക്കിയാൽ |
| സ്പൃശതി | താനും തൊട്ടുനോക്കും |

61 കദാചിച്ച ശോചതീം ജായാമനുശോചതി ദീനവത്
അനുഹൃഷ്യതി ഹൃഷ്യന്ത്യാമുദിതാമനു മോദതേ

| | |
|---|---|
| കദാചിത് | ചിലപ്പോൾ |
| ശോചതീം | ശോകാകുലയാവുന്ന |
| ജായാം | പത്നിയെ (കണ്ടു്) |
| ദീനവത് | ദീനനായെന്നപോലെ |
| അനുശോചതി | അനുശോചിക്കുകയും |
| ഹൃഷ്യന്ത്യാം | അവൾ ഹർഷിക്കുമ്പോൾ |
| അനുഹൃഷ്യതി | താനും അതനുസരിച്ചു് ഹർഷിക്കുകയും |
| മുദിതാം | ആനന്ദിതയാവുന്ന അവളെ |
| അനു | അനുസരിച്ചു് താനും |
| മോദതേ ച | ആനന്ദിക്കുകയും ചെയ്തിരുന്നു |

62 വിപ്രലബ്ധോ മഹിഷ്യൈവം സർവപ്രകൃതിവഞ്ചിതഃ
നേച്ഛന്നനുകരോത്യജ്ഞഃ ക്ലൈബ്യാത് ക്രീഡാമൃഗോ യഥാ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | നേച്ഛൻ | സ്വയം ഇച്ഛിക്കുന്നില്ലെങ്കിലുംകൂടി |
| മഹിഷ്യാ | തന്റെ റാണിയാൽ | ക്ലൈബ്യാത് | പാരവശ്യംമൂലം |
| വിപ്രലബ്ധഃ | വഞ്ചിതനായും | ക്രീഡാമൃഗഃ | കളിക്കരങ്ങ് |
| സർവപ്രകൃതി-വഞ്ചിതഃ | സകലഭൂതഗ്രാമാത്യാദികളാൽക്കൂടി വഞ്ചിതനായുംഭവിച്ച | യഥാ | കാണിക്കുംപോലെ |
| അജ്ഞഃ | മൂഢൻ | അനുകരോതി | അനുസരിച്ചു പ്രവൎത്തിച്ചുവന്നു. |

"സർവപ്രകൃതിവഞ്ചിതഃ" എന്ന സമസ്തപദത്തിനു് ജീവപക്ഷത്തിൽ സത്വാസംഗതാദിലക്ഷണമായ പ്രകൃതി (സ്വസ്വഭാവം) വഞ്ചിക്കപ്പെട്ടതായി ഭവിച്ചവൻ എന്നോ, സൎവ്വഥാ പ്രകൃതിയാൽ വഞ്ചിതനായവൻ എന്നോ പരോക്ഷാൎത്ഥം ധരിച്ചുകൊള്ളണം.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുൎത്ഥസ്കന്ധേ
പുരഞ്ജനോപാഖ്യാനേ പഞ്ചവിംശോऽധ്യായഃ ആദിതഃ ശ്ലോകാഃ 1157.

നാലാമത്തെ സ്കന്ധത്തിൽ ഇരുപത്തഞ്ചാമധ്യായം കഴിഞ്ഞു.

## ഷഡ്വിംശോऽധ്യായഃ — അദ്ധ്യായം ഇരുപത്താറ്.

### പുരഞ്ജനന്റെ വേട്ടക്കുപോക്കും, പുരഞ്ജനിയുടെ പ്രണയകോപവും

"ഷഡ്വിംശേ മൃഗയാവ്യാജാത് സ്വപ്നജാഗരണോക്തിതഃ
സദ്ബുദ്ധിത്യാഗയോഗാഭ്യാം സംസൃതിഃ സാ പ്രപഞ്ച്യതേ"

പുരഞ്ജനന്റെ നായാട്ടുകഥയിലൂടെ ജീവന്റെ സ്വപ്നജാഗ്രദവസ്ഥാഭേദംവൎണ്ണിച്ച് മായാബുദ്ധിയുടെ ത്യാഗത്താലും യോഗത്താലും ഉണ്ടാവുന്ന സംസൃതിയെ ഈ അദ്ധ്യായത്തിൽ പ്രപഞ്ചനംചെയ്യുന്നു. ആദ്യത്തെ 10 ശ്ലോകത്താൽ നായാട്ടുവൎണ്ണിക്കുന്നു.

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു:

1 സ ഏകദാ മഹേഷ്വാസോ രഥം പഞ്ചാശ്വമാശുഗം
ദ്വീഷം ദ്വിചക്രമേകാക്ഷം ത്രിവേണം പഞ്ചബന്ധുരം

2 ഏകരശ്മ്യേകദമനമേകനീഡം ദ്വികൂബരം
പഞ്ചപ്രഹരണം സപ്തവരൂഥം പഞ്ചവിക്രമം

3 ഹൈമോപസ്കരമാരുഹ്യ സ്വർണവർമ്മാക്ഷയേഷുധിഃ
ഏകാദശചമൂനാഥഃ പഞ്ചപ്രസ്ഥമഗാദ്വനം.

| | |
|---|---|
| മഹേഷ്വാസഃ | മഹാധനുർദ്ധരനായ |
| സഃ | ആ പുരഞ്ജനൻ |
| ഏകദാ | ഒരിക്കൽ |
| പഞ്ചാശ്വം | അഞ്ചു കുതിരകളെ പൂട്ടിക്കെട്ടിയ— |
| ആശുഗം | ശീഘ്രതയുള്ള— |
| ദ്വീഷം | രണ്ടു താങ്ങുതണ്ടുകൾ വെച്ചതായ— |
| ദ്വിചക്രം | രണ്ടു ചക്രങ്ങളോടു കൂടിയ— |
| ഏകാക്ഷം | ഒരച്ചുതണ്ടുള്ള— |
| ത്രിവേണും | മൂന്നു കൊടികൾ നാട്ടിയ— |
| പഞ്ചബന്ധുരം | അഞ്ചു കെട്ടുകയറിട്ട— |
| ഏകരശ്മ്യേകദമനം | ഒരു കടിഞ്ഞാണും ഒരു സാരഥിയുമുള്ള— |
| ഏകനീഡം | ഒരു ഇരിപ്പിടം മാത്രമുള്ള— |
| ദ്വികൂബരം | രണ്ടുനുകക്കോറികളുള്ള — |
| പഞ്ചപ്രഹരണം | അഞ്ചുവിധം ആയുധങ്ങൾ സജ്ജീകരിച്ചിട്ടുള്ള— |
| സപ്തവരൂഥം | ഏഴ് ആവരണങ്ങളോട് കൂടിയ— |
| പഞ്ചവിക്രമം | അഞ്ചുവിധം ഗതിഭേദങ്ങളുള്ള— |
| ഹൈമോപസ്കരം | സ്വർണ്ണമയോപകരണങ്ങളുള്ളതുമായ |
| രഥം ആരുഹ്യ | രഥത്തിലേറി, |
| സ്വർണവർമ്മാ | പൊൻചട്ടധരിച്ച്, |
| അക്ഷയേഷുധിഃ | അമ്പൊടുങ്ങാത്ത ആവനാഴിയേന്തി, |
| ഏകാദശചമൂനാഥഃ | പതിനൊന്നാമത്തെ വീരസേനാനിയോടുകൂടെ |
| പഞ്ചപ്രസ്ഥം വനം അഗാത് | 'പഞ്ചപ്രസ്ഥം' എന്ന വനത്തിലേക്ക് പോയി. |

ജീവാത്മാവിന്റെ സ്വപ്നവിഹാരമാണ് ഈ ശ്ലോകങ്ങളിലെ പരോക്ഷാർത്ഥം. ജീവാത്മാവാവുന്ന പുരഞ്ജനൻ സ്വപ്നശരീരമാവുന്ന രഥത്തിൽ വിഷയപഞ്ചകമാവുന്ന പഞ്ചപ്രസ്ഥവനത്തിലേക്ക് മൃഗയയാവുന്ന ഭോഗാസക്തിയാൽ യാത്രയായെന്ന് ചുരുക്കം. ആ രഥത്തിന്റെ അഞ്ച് കുതിരകൾ പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, രണ്ട് താങ്ങുതണ്ടുകൾ അഹന്തയും മമതയും, രണ്ട് ചക്രങ്ങൾ പുണ്യപാപങ്ങൾ, അച്ചുതണ്ട് മായ, മൂന്ന് കൊടികൾ സത്വാദിഗുണങ്ങൾ, അഞ്ചുകെട്ടുകയറുകൾ പഞ്ചപ്രാണങ്ങൾ, കടിഞ്ഞാൺ മനസ്സ്, സാരഥി ബുദ്ധി, ഇരിപ്പിടം ഹൃദയം, നുകക്കോറികൾ ശോകമോഹങ്ങൾ, അഞ്ചുവിധം ആയുധങ്ങൾ ശബ്ദാദി വിഷയപ്രക്ഷേപങ്ങൾ, ഏഴ് ആവരണങ്ങൾ സപ്തധാതുക്കൾ, അഞ്ച് ഗതിഭേദങ്ങൾ കർമ്മേന്ദ്രിയവ്യാപാരങ്ങൾ, പൊൻചട്ട രജോഗുണാവരണം, അമ്പൊടുങ്ങാത്ത ആവനാഴി അനന്തവാസനകൾ, പതിനൊന്നാമത്തെ സേനാനി സങ്കല്പവികല്പാത്മകമായ മനസ്സ്.

4 ചചാര മൃഗയാം തത്ര ദൃപ്ത ആത്തേഷുകാർമ്മുകഃ
വിഹായ ജായാമതദർഹാം മൃഗവ്യസനലാലസഃ.

| | |
|---|---|
| അതദർഹാം | വിട്ടുപിരിഞ്ഞുപോകുക എന്നതിന്നു് അർഹയല്ലെന്നിരിക്കിലും കൂടി |
| ജായാം | പത്നിയെ |
| വിഹായ | വേർപിരിഞ്ഞു് |
| തത്ര | അന്നേദിവസം, അവിടെ |
| മൃഗവ്യസന-ലാലസഃ | മൃഗങ്ങളെ വേട്ടയാടുന്നതിൽ അതിതല്പരനായി, |
| ആത്തേഷു-കാർമ്മുകഃ | അമ്പും വില്ലും കൈയിലെടുത്തുകൊണ്ടു്, |
| ദൃപ്തഃ | ഗർവ്വിതനായിട്ടു് |
| മൃഗയാം | നായാട്ടു് |
| ചചാര | നടത്തി. |

ജീവാത്മപക്ഷത്തിൽ, 'മൃഗവ്യസനലാലസത്വം' വിഷയഭോഗാസക്തിതത്പരതയും, 'ഇഷുക്കൾ' രാഗാദികളും, 'കാർമ്മുകം' ഭോഗാദൃഢനിവേശവും, 'ജായ' ബുദ്ധിയുമാകുന്നു.

5 ആസുരീം വൃത്തിമാശ്രിത്യ ഘോരാത്മാ നിരനുഗ്രഹഃ
ന്യഹനന്നിശിതൈർബാണൈർവനേഷു വനഗോചരാൻ.

| | |
|---|---|
| ആസുരീം | അസുരന്മാർക്കുചേർന്ന |
| വൃത്തിം | തമോഗുണവൃത്തിയെ |
| ആശ്രിത്യ | അവലംബിച്ചു് |
| ഘോരാത്മാ | കഠിനചിത്തനായും |
| നിരനുഗ്രഹഃ | കരുണാശൂന്യനായുമായിത്തീർന്ന അവൻ |
| നിശിതൈഃ | മൂർച്ചയുള്ള |
| ബാണൈഃ | അമ്പുകളാൽ |
| വനേഷു | വനങ്ങളിൽ |
| വനഗോചരാൻ | വന്യജന്തുക്കളെ |
| ന്യഹനത് | കൊന്നൊടുക്കി. |

രാഗാദിബാണങ്ങളാൽ ഇന്ദ്രിയാർത്ഥങ്ങളായ വന്യജന്തുക്കളെ സ്വായത്തമാക്കിയെന്നു് പരോക്ഷാർത്ഥം.

ഇവിടെ 'ആസുരീം വൃത്തിമാശ്രിത്യ' എന്നിങ്ങനെ മൃഗയാനിന്ദനം ചെയ്തുവല്ലോ അതെന്തിന്നു്? രാജാക്കന്മാർക്കു് വിഹിതമായ പ്രവൃത്തിയല്ലേ നായാട്ടു്? അധ്യാത്മപക്ഷത്തിലും ജീവന്നു് വിഷയഭോഗം വിഹിതമാണല്ലോ — ഈ ആശങ്കക്കു് മൂന്നു് ശ്ലോകം കൊണ്ടു് സമാധാനം പറയുന്നു—

6 തീർത്ഥേഷു പ്രതിദൃഷ്ടേഷു രാജാ മേധ്യാൻ പശൂൻ വനേ
യാവദർത്ഥമലം ലുബ്ധോ ഹന്യാദിതി നിയമ്യതേ

| | |
|---|---|
| അലം ലുബ്ധഃ | "മാംസഭക്ഷണത്തിലുള്ള ആസക്തിയാൽ നായാട്ടിൽ ഏർപ്പെടുന്ന |
| രാജാ | രാജാവു് |
| പ്രതിദൃഷ്ടേഷു | ശാസ്ത്രപ്രദർശിതരീത്യാ നല്ലനിലയിൽ ആണ്ടറുതിയിലുംമററും നടത്തുന്ന |
| തീർത്ഥേഷു | ശ്രാദ്ധാദിപുണ്യകർമ്മങ്ങളെ നിമിത്തീകരിച്ചു് |
| വനേ | കാട്ടിൽചെന്നു് |
| യാവദർത്ഥം | ആവശ്യത്തിന്നു് വേണ്ടിവരുന്നേടത്തോളംമാത്രമേ |
| മേധ്യാൻ | അനിഷിദ്ധങ്ങളായ |
| പശൂൻ | മൃഗങ്ങളെ |
| ഹന്യാത് | വധിക്കാവു" |
| ഇതി | എന്നിങ്ങിനെ |
| നിയമ്യതേ | ഹിംസ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. |

മൃഗയാവ്യസനത്തെ ശാസ്ത്രങ്ങളിൽ വിധിക്കുകയല്ല, നിയന്ത്രിക്കുകയാണ് ചെയ്തിട്ടുള്ളതു്. "ശ്രാദ്ധാദികൎമ്മങ്ങൾക്കുവേണ്ടി, അതിലും വിശിഷ്ടശ്രാദ്ധങ്ങൾക്കുവേണ്ടി, രാജാവായുള്ളവൻമാത്രം, വനത്തിൽവെച്ചു്, അനിഷിദ്ധമൃഗങ്ങളെ, ആവശ്യത്തിൽ കവിയാതെ, ഹിംസിക്കാം" എന്നീ ആറുപ്രകാരമാണു് ആ നിയന്ത്രണം.

7 യ ഏവം കൎമ്മ നിയതം വിദ്വാൻ കുൎവ്വീത മാനവഃ
കൎമ്മണാ തേന രാജേന്ദ്ര ജ്ഞാനേന ന സ ലിപ്യതേ.

| | | | |
|---|---|---|---|
| രാജേന്ദ്ര | മഹാരാജാവേ! | തേന | താദൃശമായ |
| വിദ്വാൻ | വിവേകിയായ | കൎമ്മണാ | കൎമ്മാചരണത്താലുണ്ടാവുന്ന |
| യഃ മാനവഃ | യാതൊരു മനുഷ്യൻ | | |
| ഏവം | ഇപ്രകാരം | ജ്ഞാനേന | ജ്ഞാനംഹേതുവായിട്ടു് |
| നിയതം | ശാസ്ത്രനിയന്ത്രിതമായ | സഃ | അവൻ |
| കൎമ്മ | കൎമ്മത്തെ | ന ലിപ്യതേ | കൎമ്മത്താൽ വിലിപ്തനായിത്തീരുകയില്ല. |
| കുൎവ്വീത | ആചരിക്കുന്നുവോ, | | |

8 അന്യഥാ കൎമ്മ കുൎവ്വാണോ മാനാരൂഢോ നിബധ്യതേ
ഗുണപ്രവാഹപതിതോ നഷ്ടപ്രജ്ഞോ പതത്യധഃ

| | | | |
|---|---|---|---|
| അന്യഥാ | മറിച്ചു്, തോന്നിയ മാതിരയിൽ | ഗുണപ്രവാഹപതിതഃ | ഗുണപ്രവാഹരൂപമായ സംസാരചക്രത്തിൽ വീണു്, |
| മാനാരൂഢഃ | കർത്തൃത്വാഭിമാനത്തിന്മേൽ കയറിയിരുന്നു് | നഷ്ടപ്രജ്ഞഃ | വിവേകബുദ്ധി നശിച്ചവനായി ഭവിച്ചു് |
| കർമ്മ | കർമ്മത്തെ | | |
| കുൎവ്വാണഃ | ആചരിക്കുന്നവൻ | | |
| നിബധ്യതേ | കർമ്മത്താൽ ബദ്ധനായിത്തീരുന്നു. | അധഃ പതതി | അധോഗതി പ്രാപിക്കുന്നു. |

സന്ദർഭവശാൽ വേണ്ടിവന്ന ഈ പ്രസ്താവം നിൎത്തി, വീണ്ടും പുരഞ്ജനന്റെ നായാട്ടിനെത്തന്നെ വൎണ്ണിച്ചുതുടങ്ങുന്നു.

9 തത്ര നിർഭിന്നഗാത്രാണാം ചിത്രവാജൈഃ ശിലീമുഖൈഃ
വിപ്ലവോഽഭൂദ്ദുഃഖിതാനാം ദുഃസഹഃ കരുണാത്മനാം.

| | | | |
|---|---|---|---|
| തത്ര | ആ വനത്തിൽവെച്ചു് | ദുഃഖിതാനാം | പ്രാണവേദനകൊള്ളുന്ന ജന്തുക്കളുടെ |
| ചിത്രവാജൈഃ | നാനാതരം തൂവലുകൾ കെട്ടിയ | കരുണാത്മനാം | കരുണാശീലന്മാൎക്കു് |
| ശിലീമുഖൈഃ | ശരങ്ങളാൽ | ദുഃസഹഃ | കണ്ടുപൊറുക്കുവാനാവാത്ത |
| നിർഭിന്നഗാത്രാണാം | പിളൎക്കപ്പെട്ട ശരീരങ്ങളോടുകൂടിയവയായി | വിപ്ലവഃ | മഹാനാശം |
| | | അഭൂത് | സംഭവിച്ചു. |

10 ശശാൻ വരാഹാൻ മഹിഷാൻ ഗവയാൻ രുരുശല്യകാൻ
മേധ്യാനന്യാംശ്ച വിവിധാൻ വിനിഘ്നൻ ശ്രമമധ്യഗാത്.

| | | | |
|---|---|---|---|
| ശശാൻ | മുയലുകളെയും, | അന്യാൻ | വേറിട്ടുള്ള |
| വരാഹാൻ | പന്നികളെയും, | വിവിധാൻ | പലതരം |
| മഹിഷാൻ | പോത്തുകളെയും, | മേധ്യാൻ | വേട്ടമൃഗങ്ങളെയും |
| ഗവയാൻ | ആര്യമാനുകളെയും, | വിനിഘ്നൻ | കൊന്നുകൊന്നൊടുക്കി |
| രുരു-ശല്യകാൻ | കൃഷ്ണമൃഗങ്ങളെയും, മുള്ളൻപന്നികളെയും, | ശ്രമം | തളർച്ചയെ |
| | | അധ്യഗാത് | പ്രാപിച്ചു. |

ഈ വിധം ജീവന്റെ സ്വപ്നാവസ്ഥയെ പരോക്ഷമായി കാണിച്ച്, വീണ്ടും വിഷയവിവേകവതിയായ ബുദ്ധിയോടുകൂടി രമിക്കുന്ന അവന്റെ പുത്രാദിപരമ്പരയെക്കുറിച്ച് പ്രപഞ്ചനം ചെയ്യാൻ ഉദ്യമിച്ചുകൊണ്ട്, കഥാചമൽക്കാരത്തിന്നായി ബുദ്ധിനായികയായ അവളുടെ പ്രണയകോപവും ജീവനായകനായ പുരഞ്ജനന്റെ അനുനയവും അടുത്ത ശ്ലോകം തൊട്ട് അധ്യായസമാപ്തിവരെ വിസ്തരിക്കുന്നു.

11 തതഃ ക്ഷുത്തൃട്പരിശ്രാന്തോ നിവൃത്തോ ഗൃഹമേയിവാൻ
കൃതസ്നാനോചിതാഹാരഃ സംവിവേശ ഗതക്ലമഃ.

| | | | |
|---|---|---|---|
| തതഃ | അനന്തരം | കൃതസ്നാനോ-ചിതാഹാരഃ | കുളിയും വേണ്ടപോലുള്ള ഭക്ഷണവും കഴിച്ച് |
| ക്ഷുത്തൃട്-പരിശ്രാന്തഃ | വിശപ്പും ദാഹവും കൊണ്ട് തളർന്നിട്ട് | ഗതക്ലമഃ | ക്ഷീണം വെടിഞ്ഞ രാജാവ് |
| നിവൃത്തഃ | കാട്ടിൽനിന്ന് മടങ്ങി | | |
| ഗൃഹം | കൊട്ടാരത്തിലേക്ക് | | |
| ഏയിവാൻ | തിരിച്ചെത്തി. | സംവിവേശ | കിടക്കയിൽ വിശ്രമിച്ചു. |

12 ആത്മാനമർഹയാഞ്ചക്രേ ധൂപാലേപസ്രഗാദിഭിഃ
സാധ്വലംകൃതസർവാംഗോ മഹിഷ്യാമാദധേ മനഃ.

| | | | |
|---|---|---|---|
| ധൂപാലേപ-സ്രഗാദിഭിഃ | സുഗന്ധപ്പുക, കുറിക്കൂട്ട്, പൂമാല എന്നു തുടങ്ങിയുള്ളവയാൽ | സാധ്വലംകൃത-സർവാംഗഃ | ഈ വിധം നന്നായലങ്കരിക്കപ്പെട്ട അഖിലാവയവങ്ങളോടുകൂടിയവനായിട്ട് |
| ആത്മാനം | തന്നുടലിനെ | മഹിഷ്യാം | റാണിയിൽ |
| | | മനഃ | മനസ്സ് |
| അർഹയാഞ്ചക്രേ | മോടിപിടിപ്പിച്ചു. | ആദധേ | ചെലുത്തി. |

13 തൃപ്തോ ഹൃഷ്ടഃ സുദൃപ്തശ്ച കന്ദർപ്പാകൃഷ്ടമാനസഃ
ന വ്യചഷ്ട വരാരോഹാം ഗൃഹിണീം ഗൃഹമേധിനീം.

| | |
|---|---|
| തൃപ്തഃ | ഭോജനാദികളാൽ സംതൃപ്തനും |
| ഹൃഷ്ടഃ | സുഗന്ധാദികളാൽ ആനന്ദിതനും |
| സുദൃപ്തഃ ച | മദോന്മത്തനും |
| കന്ദർപ്പാകൃഷ്ടമാനസഃ | മന്മഥനാൽ ആകർഷിക്കപ്പെട്ട മനോവൃത്തിയോടുകൂടിയവനുമായ പുരഞ്ജനൻ |
| വരാരോഹാം | സുന്ദരിയും |
| ഗൃഹമേധിനീം | ഗൃഹസ്ഥവൃത്തിയിൽ സഹധർമ്മം ആചരിക്കുന്നവളുമായ |
| ഗൃഹിണീം | ഗൃഹനായികയെ |
| ന വ്യചഷ്ട | കണ്ടില്ല. |

14 അന്തഃപുരസ്ത്രിയോഽപൃച്ഛദ്വിമനാ ഇവ വേദിഷത്
അപി വഃ കുശലം രാമാഃ സേശ്വരീണാം യഥാ പുരാ.
ന തഥൈതർഹി രോചന്തേ ഗൃഹേഷു ഗൃഹസംപദഃ

| | |
|---|---|
| വേദിഷത് | ഹേ പ്രാചീനബർഹിസ്സേ! |
| വിമനാഃ ഇവ | അവൻ അല്പം മനഃപ്രയാസമാർന്ന് |
| അന്തഃപുരസ്ത്രിയഃ | അന്തഃപുരത്തിലെ പരിചാരികമാരോട് |
| അപൃച്ഛത് | അന്വേഷിച്ചു— |
| രാമാഃ | "സുന്ദരിമാരേ! |
| സേശ്വരീണാം | മഹാറാണിയോടുകൂടിയ |
| വഃ | നിങ്ങൾക്ക് |
| പുരാ യഥാ | മുന്നെപ്പോലെ |
| അപി കുശലം | ക്ഷേമമല്ലയോ? |
| ഏതർഹി | ഇപ്പോൾ |
| ഗൃഹേഷു | നമ്മുടെ ഗൃഹത്തിൽ |
| ഗൃഹസംപദഃ | ഗാർഹികവിഭവങ്ങൾ |
| തഥാ | അപ്രകാരം |
| ന രോചന്തേ | രുചികരങ്ങളാകുന്നില്ലയോ? |

15 യദി ന സ്യാദ്ഗൃഹേ മാതാ പത്നീ വാ പതിദേവതാ
വ്യംഗേ രഥ ഇവ പ്രാജ്ഞഃ കോ നാമാസീത ദീനവത്

| | |
|---|---|
| ഗൃഹേ | ഗൃഹത്തിൽ |
| മാതാ | അമ്മയോ, |
| പതിദേവതാ | ഭർത്താവിനെ ദൈവമായി കരുതുന്ന |
| പത്നീ വാ | ഭാര്യയോ |
| യദി ന സ്യാത് | ഇല്ലാതെ വന്നാൽ, |
| പ്രാജ്ഞഃ | ബുദ്ധിമാനായ |
| കോ നാമ | ഏതൊരാളാണ് |
| ദീനവത് | വിഷണ്ണനെപ്പോലെ |
| വ്യംഗേ | ചക്രമോ മേൽക്കൂടോ ഇല്ലാത്ത |
| രഥേ ഇവ | തേരിലെന്നപോലെ |
| ആസീത | അതിലിരിക്കുക ? |

16 ക്വ വർത്തതേ സാ ലലനാ മജ്ജന്തം വ്യസനാർണവേ
യാ മാമുദ്ധരതേ പ്രജ്ഞാം ദീപയന്തീ പദേ പദേ.

| | |
|---|---|
| യാ | യാതൊരുവൾ |
| വ്യസനാർണവേ | ദുഃഖസമുദ്രത്തിൽ |
| മജ്ജന്തം മാം | മുങ്ങുന്ന എന്നെ |
| പദേ പദേ | ഓരോ അടിവെപ്പിലും |

| | | | |
|---|---|---|---|
| പ്രജ്ഞാം | വിവേകബുദ്ധിയെ | സാ ലലനാ | ആ പരമസുന്ദരി |
| ദീപയന്തീ | തെളിയിച്ചുകൊണ്ടു് | | |
| ഉദ്ധരതേ | സമുദ്ധരിക്കുന്നുവോ, | ക്വ വർത്തതേ | എവിടെ ഇരിക്കുന്നു?" |

രാമാ ഊചുഃ = അന്തഃപുരരമണികൾ പറഞ്ഞു—

17 നരനാഥ ന ജാനീമസ്ത്വത്പ്രിയാ യദ്വ്യവസ്യതി
ഭൂതലേ നിരവസ്താരേ ശയാനാം പശ്യ ശത്രുഹൻ

| | | | |
|---|---|---|---|
| നരനാഥ | രാജാവേ! | ശത്രുഹൻ | ശത്രുഹന്താവേ! |
| ത്വത്പ്രിയാ | അവിടുത്തെ വല്ലഭ | നിരവസ്താരേ | വിരിപ്പുപോലുമില്ലാത്ത |
| യത് | എന്തൊന്നു് | ഭൂതലേ | വെറും നിലത്തു് |
| വ്യവസതി | കരുതിയിരിക്കുമെന്നു് | ശയാനാം | കിടക്കുന്നവളെ |
| ന ജാനീമഃ | ഞങ്ങൾക്കറിഞ്ഞുകൂടാ. | പശ്യ | കണ്ടുകൊൾക. |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു

18 പുരഞ്ജനഃ സ്വമഹിഷീം നിരീക്ഷ്യാവധുതാം ഭുവി
തത്സംഗോന്മഥിതജ്ഞാനോ വൈക്ലവ്യം പരമം യയൗ

| | | | |
|---|---|---|---|
| പുരഞ്ജനഃ | പുരഞ്ജനൻ | തത്സംഗോ-ന്മഥിതജ്ഞാനഃ | അവളുടെ സമ്പർക്കത്താൽ പതറിപ്പോയ അറിവോടുകൂടിയവനായിട്ടു് |
| ഭുവി | നിലത്തു് | | |
| അവധുതാം | ശരീരശ്രദ്ധയില്ലാതെ അസ്തവ്യസ്തയായി കിടക്കുന്ന | പരമം | ഏററവും വലിയ |
| സ്വമഹിഷീം | തൻെറ റാണിയെ | വൈക്ലവ്യം | വല്ലായ്മയെ |
| നിരീക്ഷ്യ | ചെന്നുകണ്ടു് | യയൗ | പ്രാപിച്ചു. |

19 സാന്ത്വയൻ ശ്ലക്ഷ്ണയാ വാചാ ഹൃദയേന വിദൂയതാ
പ്രേയസ്യാഃ സ്നേഹസംരംഭലിംഗമാത്മനി നാഭ്യഗാത്.

| | | | |
|---|---|---|---|
| വിദൂയതാ | നൊമ്പരം കൊള്ളുന്ന | ആത്മനി | തന്നിൽ |
| ഹൃദയേന | ഹൃദയത്തോടെ | പ്രേയസ്യാഃ | പ്രിയതമക്കുണ്ടായ |
| ശ്ലക്ഷ്ണയാ | മൃദുലമായ | | |
| വാചാ | വചനത്താൽ | സ്നേഹസംരംഭ-ലിംഗം | പ്രണയകോപത്തിൻെറ ലക്ഷണം |
| സാന്ത്വയൻ | സമാധാനിപ്പിച്ചുകൊണ്ടിരുന്ന ആ പുരഞ്ജനൻ | ന അഭ്യഗാത് | അറിയാനായില്ല. |

20 അനുനിന്യേഽഥ ശനകൈർവീരോഽനുനയകോവിദഃ
പസ്പർശ പാദയുഗളമാഹ ചോത്സംഗലാളിതാം.

| | |
|---|---|
| അഥ | ആകയാൽ, |
| അനുനയ-കോവിദഃ | നല്ലവാക്കോതി പാട്ടിലാക്കാൻ വിരുതുകൂടിയ |
| വീരഃ | ആ വീരൻ |
| ശനകൈഃ | സാവകാശത്തിൽ |
| അനുനിന്യേ | അനുനയിപ്പിച്ചുതുടങ്ങി |
| പാദയുഗളം | അവളുടെ കാലുരണ്ടും |
| പസ്പൃശ് ച | തൊട്ടു. പിന്നെ, |
| ഉത്സംഗ-ലാളിതാം | മടിയിലിരുത്തി താലോലിക്കപ്പെട്ട അവളോട് |
| ആഹ | പറഞ്ഞുതുടങ്ങി. |

പുരഞ്ജന ഉവാച = പുരഞ്ജനൻ പറഞ്ഞു—

21 നൂനം ത്വകൃതപുണ്യാസ്തേ ഭൃത്യാ യേഷ്വീശ്വരാഃ ശുഭേ
കൃതാഗഃസ്വാത്മസാത്കൃത്വാ ശിക്ഷാദണ്ഡം ന യുഞ്ജതേ.

| | |
|---|---|
| ശുഭേ | ശോഭനേ ! |
| കൃതാഗഃസു | തെററു പ്രവർത്തിച്ച |
| യേഷു | യാതൊരുവരുടെ വിഷയത്തിൽ |
| ഈശ്വരാഃ | യജമാനന്മാർ |
| ആത്മസാത്-കൃത്വാ | ഇവൻ നമ്മുടെ കീഴിലുള്ളവനാണെന്നു വിചാരിച്ച് |
| ശിക്ഷാദണ്ഡം | ശിക്ഷണാർത്ഥം ദണ്ഡോപായത്തെ |
| ന യുഞ്ജതേ | പ്രയോഗിക്കുന്നില്ലയോ, |
| തേ | അങ്ങനെയുള്ള |
| ഭൃത്യാഃ തു | സേവകന്മാരാകട്ടെ |
| അകൃതപുണ്യാഃ | ഭാഗ്യംകെട്ടവരാണ്. |
| നൂനം | തീർച്ചതന്നെ. |

ശിക്ഷാദണ്ഡനമേററാൽ വിഷാദിക്കുന്നവൻ അജ്ഞനാണെന്നു ചൂണ്ടിക്കാണിക്കുന്നു.

22 പരമോഽനുഗ്രഹോ ദണ്ഡഃ ഭൃത്യേഷു പ്രഭുണാർപ്പിതഃ
ബാലോ ന വേദ തത്തന്വി ബന്ധുകൃത്യമമർഷണഃ.

| | |
|---|---|
| ഭൃത്യേഷു | സേവകന്മാരിൽ |
| പ്രഭുണാ | പ്രഭുവിനാൽ |
| അർപ്പിതഃ | ഏല്പ്പെടുത്തപ്പെടുന്ന |
| ദണ്ഡഃ | ദണ്ഡോപായം |
| പരമഃ | (അവക്കു) വലിയ |
| അനുഗ്രഹഃ | ഉപകാരമാണ്. |
| തന്വി | കൊച്ചോമനേ ! |
| ബന്ധുകൃത്യം | ഉററവരുടെ കർത്തവ്യമായ |
| തത് | അതു് |
| അമർഷണഃ | വാശിമുഴുത്തിരിക്കുന്ന |
| ബാലഃ | അജ്ഞൻ |
| വേദ ന | അറിഞ്ഞെന്നു വരില്ല. |

23 സാ ത്വം മുഖം സുദതി സുഭ്ര്വനുരാഗഭാര-
വ്രീഡാവിലംബവിലസദ്ധസിതാവലോകം
നീലാളകാളിഭിരുപസ്കൃതമുന്നസം നഃ
സ്വാനാം പ്രദർശയ മനസ്വിനി വല്ഗുവാക്യം.

| | |
|---|---|
| സുദതി | നല്ല പല്ലഴകാർന്നവളേ ! |
| സുഭ്രു | നല്ല ചില്ലീവിലാസമിയന്നവളേ ! |
| മനസ്വിനി | നല്ല മനക്കരുത്തുള്ളവളേ ! |
| സാ ത്വം | അങ്ങനെയുള്ള ഭവതി |
| അനുരാഗഭാരവ്രീഡാവിലംബവിലസദ്ധസിതാവലോകം | പ്രണയഭാരത്താലും ലജ്ജയാലും കുനിച്ചിരിക്കുന്നതും, വികസിക്കുന്ന മന്ദഹാസത്തോടുചേർന്ന കടാക്ഷവീക്ഷണത്തോടുകൂടിയതും, |
| നീലാളകാളിഭിഃ | കരിംകുറുനിരകളാൽ |
| ഉപസ്കൃതം | വിതാനിക്കപ്പെട്ടിരിക്കുന്നതും, |
| ഉന്നസം | ഉയർന്ന നാസികയുള്ളതും, |
| വല്ഗുവാക്യം | തുമൊഴിപൊഴിയുന്നതുമായ |
| മുഖം | മുഖകമലത്തെ |
| സ്വാനാം | സ്വന്തം ആളായ |
| നഃ | നമുക്ക് |
| പ്രദർശ്യ | നന്നായൊന്നു് കാട്ടിത്തരു. |

24 തസ്മിൻ ദധേ ദമമഹം തവ വീരപത്നി
യോƨന്യത്ര ഭൂസുരകുലാത് കൃതകില്ബിഷസ്തം.
പശ്യേ ന വീതഭയമുന്മുദിതം ത്രിലോക്യാ-
മന്യത്ര വൈ മുരരിപോരിതരത്ര ദാസാത്.

| | |
|---|---|
| വീരപത്നി | വീരാംഗനേ ! |
| യഃ | ഏതൊരുവൻ |
| തവ | ഭവതിക്കു് |
| കൃതകില്ബിഷഃ | അപരാധം ചെയ്തവനാണോ, |
| തസ്മിൻ | അവനിൽ— |
| ഭൂസുരകുലാത് | ബ്രാഹ്മണവംശത്തിൽ നിന്നു് |
| അന്യത്ര | പുറത്തുള്ളവനിലാണെങ്കിൽ, |
| മുരരിപോഃ | ഭഗവാന്റെ |
| ദാസാത് | ദാസനല്ലാതെ |
| ഇതരത്ര | മറ്റൊരുത്തനിലാണെങ്കിൽ |
| അഹം | ഞാൻ |
| ദമം | കടുത്ത ശിക്ഷാക്രമം |
| ദധേ | എടുക്കുന്നതാണ്— |
| (കിംതു) തം | എന്നാൽ, അങ്ങനെയൊരുത്തനെ |
| വീതഭയം | (ഭവതിക്കു് തെറ്റുചെയ്തു്) ഭയമകന്നിരിക്കുന്നവനായും |
| ഉന്മുദിതം | ഏറെ സന്തോഷിച്ചിരിക്കുന്നവനുമായിട്ടു് |
| ത്രിലോക്യാം | മൂന്നുലോകത്തിലും |
| അന്യത്ര വൈ | അതിനപ്പുറത്തും |
| ന പശ്യേ | ഞാൻ കാണുന്നില്ല. |

25 വക്ത്രം ന തേ വിതിലകം മലിനം വിഹർഷം
സംരംഭഭീമമവിമൃഷ്ടമപേതരാഗം
പശ്യേ സ്തനാവപി ശുചോപഹതൗ സുജാതൗ
ബിംബാധരം വിഗതകുങ്കുമപങ്കരാഗം.

| | |
|---|---|
| തേ വക്ത്രം | ഭവതിയുടെ മുഖം |
| വിതിലകം | പൊട്ടുതൊടാതെ, |
| മലിനം | ചളിപിടിച്ചു്, |
| വിഹർഷം | സന്തോഷമില്ലാതെ, |

| | |
|---|---|
| സംരംഭഭീമം | കോപോഗ്രമായി, |
| അവിമൃഷ്ടം | തെളിമകെട്ട് |
| അപേതരാഗം | സ്നേഹശൂന്യമായിരിക്കുന്നതു് |
| (ഇതഃ പൂർവ്വം) | ഇതിനുമുമ്പൊരിക്കലും |
| ന പശ്യേ | ഞാൻ കണ്ടിട്ടില്ല. |
| സുജാതൌ | ചേണററ |
| സ്തനൗ അപി | കൊങ്കകളും |

| | |
|---|---|
| ശുചാ | ശോകശ്രുക്കളാൽ |
| ഉപഹതൗ | കുതിൎന്നലഞ്ഞവയായിട്ടു് |
| (ന പശ്യേ) | കണ്ടിട്ടില്ല. |
| ബിംബാധരം | തൊണ്ടിപ്പഴത്തിനൊത്ത ചുണ്ടു് |
| വിഗതകുങ്കുമപങ്കരാഗം | കുങ്കുമച്ചാറിനോടു കിടനില്ക്കുന്ന താംബൂലച്ചുവപ്പ് വിട്ടുപോയതായും |
| ന പശ്യേ | ഞാൻ കണ്ടിട്ടില്ല. |

26 തന്മേ പ്രസീദ സുഹൃദഃ കൃതകില്ബിഷസ്യ
സ്വൈരം ഗതസ്യ മൃഗയാം വ്യസനാതുരസ്യ
കാ ദേവരം വശഗതം കുസുമാസ്ത്രവേഗ-
വിസ്രസ്തപൗംസ്നമുശതീ ന ഭജേത കൃത്യേ.

| | |
|---|---|
| തത് | ആകയാൽ, |
| വ്യസനാതുരസ്യ | ദുഃശീലംകൊണ്ടു് വിവശനായി |
| സ്വൈരം | തന്നിഷ്ടപ്രകാരം |
| മൃഗയാം | നായാട്ടിനു് |
| ഗതസ്യ | പോയവനും |
| കൃതകില്ബിഷസ്യ | ആ വിധത്തിൽ അപരാധം പ്രവൎത്തിച്ചവനും |
| സുഹൃദഃ | ആത്മവല്ലഭനുമായ |
| മേ | എന്റെ നേൎക്കു് |
| പ്രസീദ | മനം തെളിഞ്ഞാലും' |

| | |
|---|---|
| കുസുമാസ്ത്രവേഗവിസ്രസ്തപൗംസ്നം | കാമന്റെ പുഷ്പബാണങ്ങളുടെ ഊക്കിനാൽ ഉലഞ്ഞുപോയ പൗരുഷത്തോടുകൂടിയവനായി |
| വശഗതം | സ്വാധീനത്തിൽ അകപ്പെട്ടിരിക്കുന്ന |
| ദേവരം | കളിത്തോഴനെ (യുവകാന്തനെ) |
| കാ ഉശതീ | ഏതൊരു കാമിനിയാണു് |
| കൃത്യേ | വേണ്ടകാൎയ്യത്തിൽ |
| ന ഭജേത | അനുസരിക്കാതിരിക്കുക. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ

പുരഞ്ജനോപാഖ്യാനേ ഷഡ്വിംശോഽധ്യായഃ ആദിതഃ ശ്ലോകാഃ 1183.

നാലാമത്തെ സ്കന്ധത്തിൽ ഇരുപത്താറാമധ്യായം കഴിഞ്ഞു.

# സപ്തവിംശോഽധ്യായ: — അദ്ധ്യായം ഇരുപത്തേഴ്.

## പുരഞ്ജനപുരിയിൽ ചണ്ഡവേഗൻെറ ആക്രമണവും കാലകന്യാചരിത്രവും

"സപ്തവിംശേ പ്രിയാപുത്രാദ്യാസക്ത്യാ വിസ്മൃതാത്മനഃ
കാലകന്യാദ്യുപാഖ്യാനൈർജ്ജരാരോഗാദ്യുദീര്യതേ"

ഈ അധ്യായത്തിൽ ഭാര്യാപുത്രാദിവിഷയകമായ ആസക്തിമൂലം ആത്മാവിനെ മറന്നുപോയ പുരഞ്ജനനെ വാർദ്ധക്യവും രോഗവും മററും ബാധിച്ചവശനാക്കിയ വൃത്താന്തം കാലകന്യോപാഖ്യാനാദികളിലൂടെ പരോക്ഷമായി പറയുന്നു.

പുരഞ്ജനൻെറ പത്നീസാന്ത്വനാദികഥയിലൂടെ ജീവൻെറ ഉപാധിവശ്യതയാണ് കഴിഞ്ഞ അദ്ധ്യായത്തിൽ ഭംഗ്യന്തരേണ പ്രതിപാദിച്ചത്. ഇനി തന്നിമിത്തമായുണ്ടാവുന്ന സംസാരപരമ്പരയെ മുന്നേപ്പോലെ പരോക്ഷരീത്യാ നിരൂപണം ചെയ്യാൻ പോകുന്നു.

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു

1 ഇത്ഥം പുരഞ്ജനം സധ്ര്യഗ്വശമാനീയ വിഭ്രമൈഃ
പുരഞ്ജനീ മഹാരാജ രേമേ രമയതീ പതിം

| | | | |
|---|---|---|---|
| മഹാരാജ | മഹാരാജാവേ ! | വിഭ്രമൈഃ | ശൃംഗാരചേഷ്ടകളാൽ |
| ഇത്ഥം | ഇപ്രകാരം | രമയതീ | വിനോദിപ്പിച്ചുകൊണ്ട് |
| പുരഞ്ജനീ | പുരഞ്ജനപത്നി | സധ്ര്യക് | വേണ്ടുംവണ്ണം |
| പതിം | ഭർത്താവായ | വശംആനീയ | വശത്തിലാക്കി |
| പുരഞ്ജനം | പുരഞ്ജനനെ | രേമേ | രമിച്ചു. |

2 സ രാജാ മഹിഷീം രാജൻ സുസ്നാതാം രുചിരാനനാം
കൃതസ്വസ്ത്യയനാം തൃപ്താമഭ്യനന്ദദുപാഗതാം

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | രുചിരാനനാം | ശോഭനമുഖിയായി, |
| സഃ രാജാ | ആ പുരഞ്ജനനെന്ന രാജാവ് | കൃതസ്വസ്ത്യയനാം | നിറവേററപ്പെട്ട മംഗളാചരണങ്ങളോടുകൂടിയവളായി, |
| സുസ്നാതാം | നന്നായി കുളിച്ച് | | |

| | | | |
|---|---|---|---|
| തൃപ്താം | സംതൃപ്തയായി, | മഹിഷീം | റാണിയെ |
| ഉപാഗതാം | അരികെവന്ന | അഭ്യനന്ദത് | അഭിനന്ദിച്ചു. |

3 തയോപഗൂഢഃ പരിരബ്ധകന്ധരോ
രഹോനുമന്ത്രൈരപകൃഷ്ടചേതനഃ
ന കാലരംഹോ ബുബുധേ ദുരത്യയം
ദിവാ നിശേതി പ്രമദാപരിഗ്രഹഃ.

| | | | |
|---|---|---|---|
| തയാ | അവളാൽ | പ്രമദാ-പരിഗ്രഹഃ | സ്ത്രീതന്നെയാവുന്ന ജ്ഞാനസാധനത്തോടുകൂടിയവനായും ഭവിച്ചു് |
| ഉപഗൂഢഃ | ആശ്ലിഷ്ടനായും | ദിവാ നിശാ ഇതി | പകലുകളും രാത്രികളുമായിട്ടു് നീങ്ങിയ |
| പരിരബ്ധ-കന്ധരഃ | അവളുടെ കഴുത്തിൽ ആശ്ലേഷിച്ചുകൊണ്ടും | ദുരത്യയം | ദുസ്തരമായ |
| രഹഃ | ഏകാന്തതയിൽ വെച്ചുള്ള | കാലരംഹഃ | കാലത്തിന്റെ ഗതിവേഗത്തെ |
| അനുമന്ത്രൈഃ | അനുകൂലഗൂഢാലാപങ്ങളാൽ | ന ബുബുധേ | നിനച്ചതേ ഇല്ല. |
| അപകൃഷ്ട-ചേതനഃ | മയക്കപ്പെട്ട വിവേകബുദ്ധിയോടുകൂടിയവനായും | | |

4 ശയാന ഉന്നദ്ധമദോ മഹാമനാ
മഹാൎഹതല്പേ മഹിഷീഭുജോപധിഃ
താമേവ വീരോ മനുതേ പരം യത-
സ്തമോഭിഭൂതോ ന നിജം പരം ച യത്.

| | | | |
|---|---|---|---|
| ഉന്നദ്ധമദഃ | യൗവനമദം മുഴുത്തവനും | പരം | പരമപുരുഷാൎത്ഥമായി |
| മഹാമനാഃ | മഹാമനസ്കനും | മനുതേ | കരുതിവന്നു. |
| വീരഃ | വീരനുമായ പുരഞ്ജനൻ | തമോഭിഭൂതഃ യതഃ | അജ്ഞാനാന്ധകാരത്താൽ ബാധിതനായിരുന്നു എന്നതിനാൽ |
| മഹാൎഹതല്പേ | വിലകൂടിയ ശയ്യയിൽ | യത് നിജം | യാതൊന്നു് തന്റെ |
| മഹിഷീ-ഭുജോപധിഃ | റാണിയുടെ കൈത്തണ്ടയെത്തന്നെ തലയിണയാക്കിവെച്ചു് | പരം | പരമാൎത്ഥസ്വരൂപമോ, |
| ശയാനഃ | കിടന്നുകൊണ്ടു് | (തത്) | അതിനെക്കുറിച്ചു് |
| താം ഏവ | അവളെത്തന്നെ | ന ച | കരുതാതേയും വന്നു. |

5 തയൈവം രമമാണസ്യ കാമകശ്മലചേതസഃ
ക്ഷണാൎദ്ധമിവ രാജേന്ദ്ര വ്യതിക്രാന്തം നവം വയഃ

| | | | |
|---|---|---|---|
| രാജേന്ദ്ര | ഹേ രാജശ്രേഷ്ഠ! | കാമകശ്മല-ചേതസഃ | കാമത്താൽ കേടുബാധിച്ച ചിത്തവൃത്തിയോടുകൂടിയവനായി |
| ഏവം | ഇപ്രകാരം | | |

| | | | |
|---|---|---|---|
| തയാ | അവളോടുകൂടി | നവം വയഃ | യൗവനപ്രായം |
| രമമാണസ്യ | രമിച്ചുകൊണ്ടിരുന്ന അവന്റെ | ക്ഷണാർദ്ധം ഇവ | അരനിമിഷംപോലെ |
| | | വ്യതിക്രാന്തം | കടന്നുപോയി. |

6 തസ്യാമജനയത് പുത്രാൻ പുരഞ്ജന്യാം പുരഞ്ജനഃ
ശതാന്യേകാദശ വിരാഡായുഷോർദ്ധമഥാത്യഗാത്

| | | | |
|---|---|---|---|
| വിരാട് | സമ്രാട്ടായ | പുത്രാൻ | പുത്രന്മാരെ |
| പുരഞ്ജനഃ | പുരഞ്ജനൻ | അജനയത് | ജനിപ്പിച്ചു. |
| തസ്യാം പുരഞ്ജന്യാം | ആ പുരഞ്ജനിയിൽ | അഥ | അങ്ങനെ |
| ഏകാദശ ശതാനി | ആയിരത്തൊരുനൂറ് | ആയുഷഃ | ആയുസ്സിന്റെ |
| | | അർദ്ധം | പാതിയും |
| | | അത്യഗാത് | കടന്നു. |

7 ദുഹിതൄർദശോത്തരശതം പിതൃമാതൃയശസ്കരീഃ
ശീലൗദാര്യഗുണോപേതാഃ പൗരഞ്ജന്യഃ പ്രജാപതേ.

| | | | |
|---|---|---|---|
| പിതൃമാതൃയശസ്കരീഃ | അച്ഛനമ്മമാർക്ക് നല്ല പേരിനെ ഉളവാക്കുന്ന | പ്രജാപതേ | രാജാവേ! |
| ദശോത്തരശതം | ഒരുനൂറ്റിപ്പത്ത് | പൗരഞ്ജന്യഃ | പുരഞ്ജനപുത്രിമാർ |
| ദുഹിതൄഃ | പുത്രിമാരേയും | ശീലൗദാര്യഗുണോപേതാഃ | സൽസ്വഭാവം, ഔദാര്യം മുതലായ ഗുണങ്ങളോടുകൂടിയവരായിരുന്നു |
| (അജനയത്) | ജനിപ്പിച്ചു. | | |

8 സ പഞ്ചാലാധിപതിഃ പുത്രാൻ പിതൃവംശവിവർദ്ധനാൻ
ദാരൈഃ സംയോജയാമാസ ദുഹിതൄഃ സദൃശൈർവരൈഃ

| | | | |
|---|---|---|---|
| പഞ്ചാലാധിപതിഃ സഃ | പഞ്ചാലദേശാധിപനായ ആ പുരഞ്ജനൻ | ദാരൈഃ | വധുക്കളോടും |
| | | ദുഹിതൄഃ | പുത്രിമാരെ |
| പിതൃവംശവിവർദ്ധനാൻ | പിതാവിന്റെ വംശപരമ്പരയെ നിലനിർത്തിപ്പോരുന്ന | സദൃശൈഃ | അവർക്കു യോജിച്ച |
| | | വരൈഃ | ഭർത്താക്കന്മാരോടും |
| പുത്രാൻ | പുത്രന്മാരെ | സംയോജയാമാസ | വിവാഹകർമ്മത്താൽ സംയോജിപ്പിച്ചു. |

9 പുത്രാണാം ചാഭവൻ പുത്രാ ഏകൈകസ്യ ശതം ശതം
യൈർവൈ പൗരഞ്ജനോ വംശഃ പഞ്ചാലേഷു സമേധിതഃ

| | | | |
|---|---|---|---|
| ഏകൈകസ്യ | ഓരോരുത്തനു് | പുത്രാണാം ച | പുത്രന്മാൎക്കും |
| ശതം ശതം | നൂറ് നൂറ് എന്ന കണക്കിൽ | പുത്രാഃ | പുത്രന്മാർ |
| | | അഭവൻ | ഉണ്ടായി. |

| | |
|---|---|
| യൈഃ വൈ | ഇവരാൽത്തന്നെ |
| പൗരഞ്ജനാഃ | പുരഞ്ജനനെ സംബന്ധിച്ച |
| വംശാഃ | സന്താനപരമ്പര |
| പഞ്ചാലേഷു | പഞ്ചാലദേശത്തിൽ |
| സമേധിതാഃ | മുററും നിറഞ്ഞു. |

10 തേഷു തദ്രിക്ഥഹാരേഷു ഗൃഹകോശാനുജീവിഷു
നിരൂഢേന മമത്വേന വിഷയേഷ്വന്വബധ്യത.

| | |
|---|---|
| തേഷു | അവരിലും, |
| തദ്രിക്ഥ-ഹാരേഷു | അവരുടെ ദായക്കാരായുള്ളവരിലും, |
| ഗൃഹകോശാ-നുജീവിഷു | കൊട്ടാരം, രാജഭണ്ഡാരം, സേവകവൃന്ദം എന്നിവയിലും |
| നിരൂഢേന | വേരൂന്നിയ |
| മമത്വേന | മമതയാൽ |
| വിഷയേഷു | ഇന്ദ്രിയാൎത്ഥങ്ങളിൽ |
| അന്വബധ്യത | ബദ്ധനായിത്തീൎന്നു. |

ജീവാത്മപക്ഷത്തിൽ പുത്രന്മാരെ ഇന്ദ്രിയപരിണാമങ്ങളായും, തൽപത്നികളെ ഹിതാഹിതചിന്തകളായും, പൗത്രവൎഗ്ഗത്തെ നാനാകൎമ്മപരമ്പരയായും, പുത്രിമാരെ ബുദ്ധിവൃത്തികളായും, അവരുടെ ഭൎത്താക്കന്മാരെ വിഷയഭോഗങ്ങളായും ധരിച്ചുകൊള്ളണം. അവരുടെ സംഖ്യകൾ പറഞ്ഞതും മററും കഥാസൗന്ദൎയ്യാൎത്ഥം മാത്രമാകുന്നു.

11 ഈജേ ച ക്രതുഭിൎഘോരൈൎദ്ദീക്ഷിതഃ പശുമാരകൈഃ
ദേവാൻ പിതൄൻ ഭൂതപതീൻ നാനാകാമോ യഥാ ഭവാൻ

| | |
|---|---|
| ഭവാൻ യഥാ | അങ്ങയെപ്പോലെ |
| (സഃ) ച | അദ്ദേഹവും |
| നാനാകാമഃ | നാനാവിഷയങ്ങളെ ആഗ്രഹിച്ചുകൊണ്ടു് |
| ദീക്ഷിതഃ | യജ്ഞദീക്ഷയെടുത്തു് |
| പശുമാരകൈഃ | പശുഹിംസാപരങ്ങളായി |
| ഘോരൈഃ | ദാരുണങ്ങളായുള്ള |
| ക്രതുഭിഃ | യജ്ഞങ്ങളാൽ |
| ദേവാൻ | ദേവകളെയും |
| പിതൄൻ | പിതൃക്കളെയും |
| ഭൂതപതീൻ | ഭൂതപതികളെയും |
| ഈജേ | യജിച്ചു. |

12 യുക്തേഷ്വേവം പ്രമത്തസ്യ കുടുംബാസക്തചേതസഃ
ആസസാദ സ വൈ കാലോ യോഽപ്രിയഃ പ്രിയയോഷിതാം

| | |
|---|---|
| യുക്തേഷു | ആത്മീയമായി വേണ്ട കാൎയ്യങ്ങളിൽ |
| ഏവം | ഇപ്രകാരം |
| പ്രമത്തസ്യ | അന്ധാളിച്ചുപോയവനും |
| കുടുംബാസക്ത-ചേതസഃ | കുടുംബപാലനവിഷയത്തിൽ ആസക്തചിത്തനമായ പുരഞ്ജനനു്, |
| പ്രിയയോഷിതാം | സ്ത്രീലമ്പടന്മാൎക്കു് |
| അപ്രിയഃ | ഇഷ്ടമല്ലാത്ത |
| കാലഃ യഃ | കാലം യാതൊന്നോ |
| സഃ വൈ | അതുതന്നെ (വാൎദ്ധക്യം) |
| ആസസാദ | വന്നുചേൎന്നു. |

13 ചണ്ഡവേഗ ഇതി ഖ്യാതോ ഗന്ധർവ്വാധിപതിർനൃപ
ഗന്ധർവ്വാസ്തസ്യ ബലിനഃ ഷഷ്ട്യുത്തരശതത്രയം.

| | | | |
|---|---|---|---|
| നൃപ | രാജാവേ! | തസ്യ | അവന്റെ അധീനത്തിൽ |
| ചണ്ഡവേഗഃ ഇതി ഖ്യാതഃ | 'ചണ്ഡവേഗൻ' എന്നിങ്ങനെ വിഖ്യാതനായ | ബലിനഃ | ബലശാലികളായ |
| ഗന്ധർവ്വാധിപതിഃ | ഒരു ഗന്ധർവ്വരാജാവുണ്ടായിരുന്നു. | ഷഷ്ട്യുത്തരശതത്രയം | മുന്നൂററുപത്ത് |
| | | ഗന്ധർവ്വാഃ | ഗന്ധർവ്വന്മാരുണ്ട്. |

പരോക്ഷാർത്ഥത്തിൽ ചണ്ഡവേഗൻ സംവത്സരവും, ഗന്ധർവ്വന്മാർ പകലുകളുമാകുന്നു.

14 ഗന്ധർവ്യസ്താദൃശീരസ്യ മൈഥുന്യശ്ച സിതാസിതാഃ
പരിവൃത്യാ വിലുമ്പന്തി സർവ്വകാമവിനിർമ്മിതാം.

| | | | |
|---|---|---|---|
| അസ്യ | ഇവന്റെ അധീനത്തിൽ | സിതാസിതാഃ | വെളുത്തവരും കറുത്തവരുമായിട്ടുണ്ടായിരുന്നു |
| മൈഥുന്യഃ | അവരോട് ഇണചേർന്നുകൊണ്ട് | പരിവൃത്യാ | അവർ മാറി മാറി |
| താദൃശീഃ | അത്രയുംതന്നെ | സർവ്വകാമവിനിർമ്മിതാം | സകല ഭോഗസാമഗ്രികളോടെ വിനിർമ്മിതമായ പുരഞ്ജനപുരിയെ |
| ഗന്ധർവ്യഃ ച | ഗന്ധർവ്വസ്ത്രീകളും | വിലുമ്പന്തി | കവർന്നുകൊണ്ടിരുന്നു. |

വെളുത്ത ഗന്ധർവ്വസ്ത്രീകൾ ശുക്ലപക്ഷരാത്രികളും, കറുത്തവർ കൃഷ്ണപക്ഷരാത്രികളും. സംവത്സരം കറങ്ങിക്കൊണ്ട് രാപ്പകലുകളാൽ ജീവപുരിയെ കവർന്നുകവർന്ന് ദുർബലമാക്കുന്നു.

15 തേ ചണ്ഡവേഗാനുചരാഃ പുരഞ്ജനപുരം യദാ
ഹർത്തുമാരേഭിരേ തത്ര പ്രത്യഷേധത് പ്രജാഗരഃ

| | | | |
|---|---|---|---|
| ചണ്ഡവേഗാനുചരാഃ | ചണ്ഡവേഗന്റെ അനുചരന്മാരായ | ആരേഭിരേ | ആരംഭിച്ചുവോ, |
| തേ | ആ ഗന്ധർവ്വന്മാർ | തത്ര | അപ്പോൾ |
| പുരഞ്ജനപുരം | പുരഞ്ജനനഗരത്തെ | പ്രജാഗരഃ | പ്രജാഗരനെന്ന അഞ്ചുതലപ്പാമ്പ് |
| ഹർത്തും | കവർച്ച ചെയ്യുവാൻ | പ്രത്യഷേധത് | തടുത്തുനിന്നു. |
| യദാ | എപ്പോൾ | | |

16 സ സപ്തഭിഃ ശതൈരേകോ വിംശത്യാ ച ശതം സമാഃ

| | | | |
|---|---|---|---|
| പുരഞ്ജനപുരാധ്യക്ഷഃ | പുരഞ്ജനപുരത്തിന്റെ പര്യവേക്ഷകനായിരിക്കുന്ന | വിംശത്യാ ച | ഇരുപതോടെ |
| സഃ ബലീ | ആ ശക്തനായ പ്രജാഗരൻ | സപ്തഭിഃ | ഏഴ് |
| ഏകഃ | ഒററക്ക് | ശതൈഃ | നൂറുകളുള്ള (720) |
| | | ഗന്ധർവ്വൈഃ | ഗന്ധർവ്വന്മാരോടുകൂടി |
| | | ശതം സമാഃ | നൂറുകൊല്ലം |
| | | യുയുധേ | പൊരുതിനിന്നു. |

17 ക്ഷീയമാണേ സ്വസംബന്ധേ ഏകസ്മിൻ ബഹുഭിർയുധാ
ചിന്താം പരാം ജഗാമാർത്തഃ സരാഷ്ട്രപുരബാന്ധവഃ.

| | | | |
|---|---|---|---|
| ഏകസ്മിൻ | ഒരുത്തനായിനിന്നു് | ആർത്തഃ | ദുഃഖിതനായ രാജാവു് |
| ബഹുഭിഃ | പലരോടും | സരാഷ്ട്രപുരബാന്ധവഃ | ദേശപുരവാസികളോടും ബന്ധുക്കളോടുംകൂടി |
| യുധാ | പടവെട്ടിയതിനാൽ | പരാം | വലിയ |
| സ്വസംബന്ധേ | തന്റെ സഹായി | ചിന്താം | മനോവിചാരത്തിലേക്കു് |
| ക്ഷീയമാണേ | തളർന്നുതുടങ്ങിയപ്പോഴ്, | ജഗമ | ചെന്നകപ്പെട്ടു. |

18 സ ഏവ പുര്യാം മധുഭുക് പഞ്ചാലേഷു സ്വപാർഷദൈഃ
ഉപനീതം ബലിം ഗൃഹ്ണൻ സ്ത്രീജിതോ നാവിദദ്ഭയം

| | | | |
|---|---|---|---|
| സഃ | അവൻ | ഉപനീതം | സവിധത്തിലെത്തിക്കപ്പെട്ട |
| പഞ്ചാലേഷു | പഞ്ചാലരാജ്യത്തിൽ | ബലിം | രാജഭോഗത്തെ |
| പുര്യാം ഏവ | നഗരത്തിൽത്തന്നെ | ഗൃഹ്ണൻ | സ്വീകരിച്ചുംകൊണ്ടിരുന്നു് |
| മധുഭുക് | മധുപാനംചെയ്തും | | |
| സ്ത്രീജിതഃ | സ്ത്രീവശംവദനായും | ഭയം | ഭയപ്പാടിനെപ്പററി |
| സ്വപാർഷദൈഃ | സ്വസേവകന്മാരാൽ | ന അവിദത് | ചിന്തിച്ചിരുന്നതേയില്ല. |

പ്രാണശക്തി തളർന്ന് ജീവാത്മാവു് വിഷയസാമ്രാജ്യത്തിന്റെ കോട്ടയായ ശരീരത്തെ ആവസിച്ച്, ക്ഷുദ്രഭോഗങ്ങളിൽ നിരതനായും മായാബുദ്ധിക്കു് വശംവദനായും ഇന്ദ്രിയാർത്ഥങ്ങളെ സ്വീകരിച്ചുകൊണ്ടു് മൃത്യുഭയത്തെ ചിന്തിക്കാതെ കഴിയുന്നതിനെ ഈ ഭാഗം പരോക്ഷമായി ചൂണ്ടിക്കാട്ടുന്നു.

19 കാലസ്യ ദുഹിതാ കാചിത് ത്രിലോകീം വരമിച്ഛതീ
പര്യടന്തീ ന ബർഹിഷ്മൻ പ്രത്യനന്ദത കശ്ചന.

| | | | |
|---|---|---|---|
| ബർഹിഷ്മൻ | പ്രാചീനബർഹിസ്സേ ! | ത്രിലോകീം | മൂന്നുലോകവും |
| കാലസ്യ | കാലന്റെ | പര്യടന്തീ | ചുററിനടക്കുകയായിരുന്നു. |
| ദുഹിതാ | മകളായിട്ടുള്ള | | |
| കാചിത് | ഒരുത്തി | കശ്ചന | ഒരാളെങ്കിലും |
| വരം | കാമുകനെ | ന പ്രത്യനന്ദത | (അവളെ) സ്വാഗതം ചെയ്തില്ല. |
| ഇച്ഛതീ | തേടിക്കൊണ്ടു് | | |

കാലൻെറ മകൾ ജരാനര — അവളെ ആക്കും വേണ്ടതില്ലെങ്കിലും, അവൾ ആരേയും ഒഴിവാക്കാറില്ലല്ലോ.

20 ദൗർഭാഗ്യേനാത്മനോ ലോകേ വിശ്രുതാ ദുർഭഗേതി സാ
യാ തുഷ്ടാ രാജർഷയേ തു വൃതാദാത് പൂരവേ വരം.

| | | | |
|---|---|---|---|
| സാ | അവൾ (കാലകന്യ) | രാജർഷയേ | രാജോത്തമനായ |
| ആത്മനഃ | തൻെറ | പൂരവേ | പൂരുവിന്നു് |
| ദൗർഭാഗ്യേന | ദൗർഭാഗ്യംമൂലം | വൃതാ | അദ്ദേഹത്താൽ വരിക്കപ്പെട്ടു് |
| ലോകേ | ലോകത്തിൽ | | |
| ദുർഭഗാ ഇതി | "ദുർഭഗ" എന്നപേരിൽ | തുഷ്ടാ | സന്തുഷ്ടയായിട്ടു് |
| വിശ്രുതാ | വിഖ്യാതയാണു്. | വരം | വരത്തെ |
| യാ തു | യാതൊരുവളാകട്ടെ | അദാത് | പ്രദാനംചെയ്തിട്ടുണ്ടു്. |

ദുർഭഗയായ കാലകന്യ (ജര)യെ സ്വയം വരിച്ച ഒരേ ഒരാൾ പൂരു മാത്രമാണു്. അതിൽ അവൾ സന്തോഷിച്ചു് പൂരുവിന്നു് വരംകൊടുത്തതിൻെറ ഫലമായി അദ്ദേഹത്തിന്നു് രാജ്യം കിട്ടി.

പണ്ടു് ശുക്രശാപത്താൽ ജരാബാധിതനായ യയാതിരാജാവു് പുത്രന്മാരോടു് തൻെറ ജരയെ ഏറെറടുക്കാൻ ആവശ്യപ്പെട്ടു. ജ്യേഷ്ഠന്മാർ നാലുപേരും കൂട്ടാക്കിയില്ല കനിഷ്ഠനായ പൂരുമാത്രം വഴങ്ങി സ്വീകരിച്ചു. തൽഫലമായി അച്ഛൻ ആ മകന്നാണു് തൻെറ രാജ്യം കൊടുത്തതു്. ഇതു് ജരയുടെ വരപ്രസാദമാണെന്നു് ഇവിടെ ഭംഗ്യന്തരേണ പറഞ്ഞു.

21 കദാചിദടമാനാ സാ ബ്രഹ്മലോകാന്മഹീം ഗതം
വവ്രേ ബൃഹദ്വ്രതം മാം തു ജാനതീ കാമമോഹിതാ

| | | | |
|---|---|---|---|
| അടമാനാ | എങ്ങും ചുററിനടന്നിരുന്ന | ഗതം മാം | എത്തിച്ചേർന്ന എന്നെ |
| സാ | അവൾ | ബൃഹദ്വ്രതം | നൈഷ്ഠികനാണെന്നു് |
| കദാചിത് | ഒരിക്കൽ | ജാനതീ തു | അറിഞ്ഞിരുന്നിട്ടുംകൂടി |
| ബ്രഹ്മലോകാത് | ബ്രഹ്മലോകത്തിൽനിന്നു | കാമമോഹിതാ | കാമപരവശയായിട്ടു് |
| മഹീം | ഭൂലോകത്തിലേക്കു് | വവ്രേ | വരിക്കുകയുണ്ടായി. |

22 മയി സംരഭ്യ വിപുലമദാച്ഛാപം സുദുഃസഹം
സ്ഥാതുമർഹസി നൈകത്ര മദ്യാച്ഞാവിമുഖോ മുനേ

| | | | |
|---|---|---|---|
| മയി | (വഴങ്ങാത്ത) എന്നിൽ | സുദുഃസഹം | സഹിക്കരുതാത്ത |
| വിപുലം | പരപ്പിൽ | ശാപം അദാത് | ശാപം തന്നു— |
| സംരഭ്യ | കോപിച്ചിട്ടു് | മുനേ | "ഹേ മുനേ! |

| | | | |
|---|---|---|---|
| മദ്യാച്ഞാ- വിമുഖഃ | എന്റെ അപേക്ഷയെ തള്ളിക്കളഞ്ഞ അങ്ങു് | സ്ഥാതും | ഉറച്ചുനില്ക്കാൻ |
| ഏകത്ര | ഒരിടത്തു് | ന അർഹസി | പററാത്തവനാകും” |

23 തതോ വിഹതസങ്കല്പാ കന്യകാ യവനേശ്വരം
മയോപദിഷ്ടമാസാദ്യ വവ്രേ നാമ്നാ ഭയം പതിം.

| | | | |
|---|---|---|---|
| വിഹത- സങ്കല്പാ | നിനച്ചതു് നേടാൻ കഴിയാതെ ഹതാശയായി ഭവിച്ച | ഉപദിഷ്ടം | നിർദ്ദേശിക്കപ്പെട്ടതുപ്രകാരം |
| | | നാമ്നാ ഭയം | ‘ഭയം’ എന്നു് പേരുള്ള |
| കന്യകാ | കാലകന്യക | യവനേശ്വരം | യവനരാജാവിനെ |
| തതഃ | പിന്നീടു്, | ആസാദ്യ | ചെന്നുകണ്ടു് |
| മയാ | എന്നാൽ | പതിം വവ്രേ | ഭർത്താവായി വരിച്ചു. |

ഇവിടെ, ഭയസംജ്ഞകനായ യവനരാജാവു് മൃത്യുവും, അവന്റെ കീഴിലുള്ള യവനസംഘം ആധിവ്യാധിസമുച്ചയവുമാണെന്നു് മേലിൽ പറയും.

യവനേശ്വരന്റെ അടുക്കൽചെന്നു് കാലകന്യക പറഞ്ഞതു് താഴെ മൂന്നുശ്ലോകം കൊണ്ടു് കാണിക്കുന്നു —

24 ഋഷഭം യവനാനാം ത്വാം വൃണേ വീരേപ്സിതം പതിം
സങ്കല്പസ്ത്വയി ഭൂതാനാം കൃതഃ കില ന രിഷ്യതി

| | | | |
|---|---|---|---|
| വീര | അല്ലയോ വീര ! | ത്വയി | അങ്ങയുടെ അടുക്കൽ |
| യവനാനാം | യവനന്മാരുടെ | കൃതഃ | അർപ്പിതമായ |
| ഋഷഭം | പ്രമുഖനായ | ഭൂതാനാം | ജീവജാലങ്ങളുടെ |
| ത്വാം | അങ്ങയെ | സങ്കല്പഃ | മനോഭിലാഷം |
| ഈപ്സിതം | ഇഷ്ടപ്പെട്ട | ന രിഷ്യതി | പാഴിലാകയില്ല, |
| പതിം | ഭർത്താവായി | കില | അങ്ങനെയാണല്ലോ. |
| വൃണേ | വരിച്ചുകൊള്ളുന്നു. | | |

25 ദ്വാവിമാവനുശോചന്തി ബാലാവസദവഗ്രഹൗ
യല്ലോകശാസ്ത്രോപനതം ന രാതി ന തദിച്ഛതി.

| | | | |
|---|---|---|---|
| യത് | യാതൊന്നു് | (യഃ) ന രാതി | യാതൊരാൾ നല്കുന്നില്ലയോ, |
| ലോകശാസ്ത്രോ- പനതം | ലോകദൃഷ്ടിയാലും ശാസ്ത്രദൃഷ്ടിയാലും ഗ്രാഹ്യത്വേന സംപ്രാപ്തമാണോ, | (യഃ) | യാതൊരാൾ |
| | | ന ഇച്ഛതി | സ്വീകരിക്കുന്നില്ലയോ, |
| | | ഇമൗ ദ്വൗ | ഇവർ രണ്ടുപേരും |
| | | അസദവഗ്രഹൗ | വേണ്ടാത്തകാര്യത്തിൽ |
| തത് | അതിനെ | | പിടിവാശിയുള്ളവരത്രേ |

| | | | |
|---|---|---|---|
| (സന്തഃ) | സജ്ജനങ്ങൾ | ഇമൗ | ഇവരെക്കുറിച്ച് |
| ബാലൗ | ബാലിശരായ | അനുശോചന്തി | അനുശോചിക്കുന്നുണ്ട്. |

26 അഥോ ഭജസ്വ മാം ഭദ്ര ഭജന്തീം മേ ദയാം കുരു
ഏതാവാൻ പൗരുഷോ ധർമ്മോ യദാർത്താനനുകമ്പതേ.

| | | | |
|---|---|---|---|
| അഥോ | ആകയാൽ, | ആർത്താൻ | ദീനന്മാരോട് |
| ഭദ്ര | ഹേ ഭദ്ര ! | അനുകമ്പതേ | അനുകമ്പയുണ്ടാവുക |
| ഭജന്തീം | ആശിച്ചാശ്രയിക്കുന്ന | യത് | എന്നതു് യാതൊന്നോ, |
| മാം | എന്നെ | ഏതാവാൻ | ഇതൊന്നുമാത്രമാണ്, |
| ഭജസ്വ | സ്വീകരിച്ചാലും | പൗരുഷഃ | പുരുഷനെ സംബന്ധിച്ച |
| മേ | എന്നോട് | ധർമ്മഃ | കർത്തവ്യധർമ്മം. |
| ദയാം കുരു | ദയചെയ്യണേ! | | |

27 കാലകന്യോദിതവചോ നിശമ്യ യവനേശ്വരഃ
ചികീർഷുർദ്ദേവഗുഹ്യം സ സസ്മിതം താമഭാഷത.

| | | | |
|---|---|---|---|
| കാലകന്യോദിതവചഃ | കാലകന്യകയാൽ ചൊല്ലപ്പെട്ട വാക്കിനെ | ദേവഗുഹ്യം | ഈശ്വരനിഗൂഹിതമായ കാര്യത്തെ |
| നിശമ്യ | കേട്ടതിൽപ്പിന്നെ | ചികീർഷുഃ | നിറവേററുവാൻ ഉദ്ദേശിച്ചുകൊണ്ട് |
| സഃ യവനേശ്വരഃ | ആ യവനരാജാവ് | സസ്മിതം | പുഞ്ചിരിയോടെ |
| | | താം അഭാഷത | അവളോട് പറഞ്ഞു. |

പരോക്ഷാർത്ഥത്തിൽ "ദേവഗുഹ്യം" മരണംതന്നെ. പ്രാണികൾക്ക് ജീവിതവിരക്തി വരാതിരിക്കാൻ ഈശ്വരൻ അതിനെ നിഗൂഢമായി വെച്ചിരിക്കയാണല്ലോ.

28 മയാ നിരൂപിതസ്തുഭ്യം പതിരാത്മസമാധിനാ
നാഭിനന്ദതി ലോകോऽയം ത്വാമഭദ്രാമസമ്മതാം

| | | | |
|---|---|---|---|
| മയാ | എന്നാൽ | അയം ലോകഃ | ഈ ലോകം |
| ആത്മസമാധിനാ | സ്വന്തം യോഗദൃഷ്ടിയിലൂടെ അവേക്ഷിച്ച് | അഭദ്രാം | അശുഭകാരിണിയും |
| തുഭ്യം | നിനക്കു വേണ്ടതായ | അസമ്മതാം | തന്മൂലം ആർക്കും ഇഷ്ടപ്പെടാത്തവളുമായ |
| പതിഃ | ഭർത്താവ് | ത്വാം | നിന്നെ |
| നിരൂപിതഃ | ശരിക്കും കണക്കാക്കപ്പെട്ടിരിക്കുന്നു | ന അഭിനന്ദതി | അഭിനന്ദിക്കയില്ല. |

29 ത്വമവ്യക്തഗതിർഭുങ്ക്ഷ്വ ലോകം കർമ്മവിനിർമ്മിതം

| | |
|---|---|
| ത്വം | നീ |
| അവ്യക്തഗതിഃ | അലക്ഷിതഗതിയായിട്ട് |
| കർമ്മവിനിർമ്മിതം | കർമ്മവിപാകത്താൽ വിവിധാകാരേണ നിർമ്മിതമായിരിക്കുന്ന |
| ലോകം | ലോകത്തെ (സമസ്തജനസഞ്ചയത്തെ) |
| ഭുങ്ക്ഷ്വ | ബലാൽകാരേണ അനുഭവിച്ചുകൊൾക. |
| മേ | എന്റെ |
| പൃതനായുക്താ | സേനയോടുകൂടി |
| യാഹി | പൊയ്ക്കൊൾക |
| പ്രജാനാശം | പ്രജാനാശത്തെ |
| പ്രണേഷ്യസി | വരുത്തിക്കൊൾക. |

ദുർഭഗയായ നിന്നെ ലോകത്തിലാരും ഇഷ്ടപ്പെടുകയില്ല. അതിനാൽ ലോകത്തിലുള്ള എല്ലാവരേയും കടന്നാക്രമിച്ച് ഭർത്താവാക്കിക്കൊൾക. എന്റെ സൈന്യം നിനക്ക് സഹായത്തിനുണ്ട്—എന്നു താൽപര്യം.

30 പ്രജ്വാരോഽയം മമ ഭ്രാതാ ത്വം ച മേ ഭഗിനീ ഭവ
ചരാമ്യുഭാഭ്യാം ലോകേഽസ്മിന്നവ്യക്തോ ഭീമസൈനികഃ

| | |
|---|---|
| അയം പ്രജ്വാരഃ | ഈ പ്രജ്വാരനെന്നവൻ |
| മമ ഭ്രാതാ | എന്റെ സോദരനാണ് |
| ത്വം മേ | നീ എനിക്ക് |
| ഭഗിനീ ച | സഹോദരിയായും |
| ഭവ | വാണുകൊൾക. |
| ഉഭാഭ്യാം | നിങ്ങളിരുവരോടുംകൂടി |
| അവ്യക്തഃ | അവ്യക്തഗതിയായ ഞാൻ |
| ഭീമസൈനികഃ | ഭീകരസേനയോടുകൂടിയവനായിട്ട് |
| അസ്മിൻ ലോകേ | ഈ ലോകത്തിൽ |
| ചരാമി | സഞ്ചരിക്കാം. |

പരോക്ഷാർത്ഥത്തിൽ 'പ്രജ്വാരൻ' മാരകമായ വിഷ്ണുജ്വരമാണ്. ജരയും ജ്വരവുമാണ് മൃത്യുവിന്റെ സോദരീസോദരന്മാർ. പോരെങ്കിൽ ആധിവ്യാധികളായ സൈനികന്മാരുമുണ്ട്.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ

പുരഞ്ജനോപാഖ്യാനേ സപ്തവിംശോഽധ്യായഃ ആദിതഃ ശ്ലോകാഃ 1213.

നാലാമത്തെ സ്കന്ധത്തിൽ ഇരുപത്തേഴാമധ്യായം കഴിഞ്ഞു.

# അഷ്ടാവിംശോഽധ്യായഃ — അധ്യായം ഇരുപത്തെട്ട്.

## പുരഞ്ജനൻ സ്ത്രീയായി പിറക്കുന്നതും, അവിജ്ഞാതന്റെ ഉപദേശത്താൽ മുക്തനാകുന്നതും.

"അഷ്ടാവിംശേതു വൈദർഭ്യാഖ്യാനേന സ്ത്രീവിചിന്തയാ
സ്ത്രീത്വം പ്രാപ്തസ്യ ദൈവേന കദാചിന്മുക്തിരുച്യതേ."

സ്ത്രീചിന്തയോടെ മരണമടഞ്ഞ പുരഞ്ജനൻ അടുത്ത ജന്മത്തിൽ സ്ത്രീയായി പിറന്നതും, ഈശ്വരാനുഗ്രഹത്താൽ ഒരുവിധം മുക്തനായതും ഈ അധ്യായത്തിലെ വൈദർഭീചരിതംകൊണ്ട് പറയുന്നു—

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

1 സൈനികാ ഭയനാമ്നോ യേ ബർഹിഷ്മൻ ദിഷ്ടകാരിണഃ
പ്രജ്വാരകാലകന്യാഭ്യാം വിചേരുരവനീമിമാം.

| | | | |
|---|---|---|---|
| ബർഹിഷ്മൻ | പ്രാചീനബർഹിസ്സേ! | യേ | ആരെല്ലാമാണോ, അവർ |
| ഭയനാമ്നഃ | ഭയമെന്ന് പേരായ യവനപതിയുടെ | പ്രജ്വാര-കാലകന്യാഭ്യാം | പ്രജ്വാരനോടും കാലകന്യയോടുംകൂടി |
| ദിഷ്ടകാരിണഃ | ആജ്ഞാകാരികളായ | ഇമാം അവനീം | ഈ ഭൂമിയെ |
| സൈനികാഃ | പടയാളികൾ | വിചേരുഃ | ചുറ്റിനടന്നു. |

2 സ ഏകദാ തു രഭസാ പുരഞ്ജനപുരീം നൃപ
രുരുധുർഭൗമഭോഗാഢ്യാം ജരത്പന്നഗപാലിതാം

| | | | |
|---|---|---|---|
| നൃപ | രാജാവേ; | ജരത്പന്നഗ-പാലിതാം | കേഴയായിക്കഴിഞ്ഞിരിക്കുന്ന സർപ്പത്താൽ രക്ഷിക്കപ്പെട്ടുവരുന്നതുമായ |
| സഃ തു | അവനാകട്ടെ | | |
| ഏകദാ | ഒരിക്കൽ | പുരഞ്ജന-പുരീം | പുരഞ്ജനന്റെ നഗരത്തെ |
| ഭൗമഭോഗാഢ്യാം | പ്രാപഞ്ചിക സുഖസൗകര്യങ്ങളെല്ലാം തികഞ്ഞതും | രഭസാ | പെട്ടെന്ന് |
| | | രുരുധുഃ | നിരോധിച്ചു. |

3 കാലകന്യാഽപി ബുഭുജേ പുരഞ്ജനപുരം ബലാത്
യയാഽഭിഭൂതഃ പുരുഷഃ സദ്യോ നിഃസാരതാമിയാത്.

| | | | |
|---|---|---|---|
| യയാ | യാതൊരുവളാൽ | ഇയാത് | പ്രാപിച്ചേക്കുമോ, |
| അഭിഭൂതഃ | ബാധിതനാവുന്ന | കാലകന്യാ അപി | ആ കാലകന്യയും |
| പുരുഷഃ | മനുഷ്യൻ | പുരഞ്ജനപുരം | പുരഞ്ജനപുരിയെ |
| സദ്യഃ | ഉടൻതന്നെ | ബലാത് | ബലാൽകാരമായി |
| നിഃസാരതാം | നിസ്സാരാവസ്ഥയെ | ബുഭുജേ | കൈയടക്കിവാണു. |

4 തയോപഭുജ്യമാനാം വൈ യവനാഃ സർവ്വതോദിശം
ദ്വാർഭിഃ പ്രവിശ്യ സുഭൃശം പ്രാർദയൻ സകലാം പുരീം

| | | | |
|---|---|---|---|
| യവനാഃ വൈ | യവനരും അതോടൊപ്പം | സർവ്വതോദിശം | എല്ലാ ദിക്കുകളിലും എത്തും പ്രകാരം |
| തയാ | ആ കാലകന്യയാൽ | ദ്വാർഭിഃ | ഓരോരോ പടിവാതില്ക്കളിലൂടെ |
| ഉപഭുജ്യമാനാം | കൈയടക്കി അനുഭവിക്കപ്പെട്ടുവരുന്ന | പ്രവിശ്യ | കടന്നുവന്നു് |
| | | സുഭൃശം | കലശലായി |
| സകലാം പുരീം | മുഴുവൻ പുരിയിലേക്കും | പ്രാർദയൻ | ശല്യമുണ്ടാക്കി. |

5 തസ്യാം പ്രപീഡ്യമാനായാമഭിമാനീ പുരഞ്ജനഃ
അവാപോരുവിധാംസ്താപാൻ കുടുംബീ മമതാകുലഃ

| | | | |
|---|---|---|---|
| തസ്യാം പ്രപീഡ്യമാനായാം | ആ പുരി ഈവിധം സംപീഡ്യമാനമായിരിക്കെ, | മമതാകുലഃ | മമതാവിവശനുമായ |
| | | പുരഞ്ജനഃ | പുരഞ്ജനൻ |
| അഭിമാനീ | അതിന്റെ ഉടമയാണെന്നു് അഭിമാനംകൊണ്ടിരിക്കുന്നവനും | ഉരുവിധാൻ | നാനാതരത്തിലുള്ള |
| | | താപാൻ | കഷ്ടപ്പാടുകളെ |
| കുടുംബീ | കുടുംബവാനും | അവാപ | അനുഭവിച്ചുതുടങ്ങി. |

6 കന്യോപഗൂഢോ നഷ്ടശ്രീഃ കൃപണോ വിഷയാത്മകഃ
നഷ്ടപ്രജ്ഞോ ഹൃതൈശ്വര്യോ ഗന്ധർവ്വയവനൈർബലാത്

| | | | |
|---|---|---|---|
| കന്യോപഗൂഢഃ | കാലകന്യയാൽ ആലിംഗിതനായിട്ടു് | നഷ്ടപ്രജ്ഞഃ | നശിച്ച വിവേകത്തോടുകൂടിയവനായും, |
| നഷ്ടശ്രീഃ | നശിച്ച ദേഹകാന്തിയോടുകൂടിയവനായും, | ഗന്ധർവ്വയവനൈഃ | ഗന്ധർവ്വന്മാരാലും യവനന്മാരാലും |
| | | ബലാത് | ബലാൽക്കാരേണ |
| വിഷയാത്മകഃ | വിഷയാസക്തമനസ്സനായിട്ടു് | ഹൃതൈശ്വര്യഃ | കവർന്നെടുക്കപ്പെട്ട ഐശ്വര്യത്തോടുകൂടിയവനായുംഭവിച്ചു. |
| കൃപണഃ | അതീവ ദീനനായും, | | |

7 വിശീർണ്ണാം സ്വപുരീം വീക്ഷ്യ പ്രതികൂലാനനാദൃതാൻ
പുത്രാൻ പൌത്രാനുഗാമാത്യാൻ ജായാം ച ഗതസൗഹൃദാം

8 ആത്മാനം കന്യയാ ഗ്രസ്തം പഞ്ചാലാനരിദൂഷിതാൻ
ദുരന്തചിന്താമാപന്നോ ന ലേഭേ തത്പ്രതിക്രിയാം.

| | |
|---|---|
| വിശീർണ്ണാം | തകർന്നുതരിപ്പണമായ |
| സ്വപുരീം | സ്വന്തം നഗരത്തേയും, |
| പ്രതികൂലാൻ | പ്രതികൂലക്കാരായി |
| അനാദൃതാൻ | തന്നെ ആദരിക്കാതെയാ[യ |
| പുത്രാൻ | പുത്രന്മാരേയും, |
| പൌത്രാനുഗാമാത്യാൻ | പൌത്രന്മാരേയും, അനുചരന്മാരേയും, മന്ത്രിമാരേയും |
| ഗതസൗഹൃദാം, | സ്നേഹമില്ലാതെയായ |
| ജായാം ച | ഭാര്യയേയും, |
| കന്യയാ | കാലകന്യയാൽ |

| | |
|---|---|
| ഗ്രസ്തം | ഗ്രസിക്കപ്പെട്ട |
| ആത്മാനം | തന്നേയും, |
| അരിദൂഷിതാൻ | ശത്രുക്കളാൽ ദൂഷിപ്പിക്കപ്പെട്ട |
| പഞ്ചാലാൻ | പഞ്ചാലദേശത്തേയും |
| വീക്ഷ്യ | കണ്ടിട്ട് |
| ദുരന്തചിന്താം | അററമില്ലാത്ത ചിന്തയെ |
| ആപന്നഃ | പ്രാപിച്ച് |
| തത്പ്രതിക്രിയാം | അതിലേക്കവേണ്ടതായ പ്രതിവിധാനത്തെ |
| ന ലേഭേ | കണ്ടെത്തിയില്ല. |

9 കാമാനഭിലഷൻ ദീനോ യാതയാമാംശ്ച കന്യയാ
വിഗതാത്മഗതിസ്നേഹഃ പുത്രദാരാംശ്ച ലാളയൻ

10 ഗന്ധർവ്വയവനാക്രാന്താം കാലകന്യോപമർദിതാം
ഹാതും പ്രചക്രമേ രാജാ താം പുരീമനികാമതഃ

| | |
|---|---|
| കന്യയാ | കാലകന്യനിമിത്തം |
| യാതയാമാൻ | നിർവ്വീര്യങ്ങളായിത്തീർന്ന |
| കാമാൻ ച | ഭോഗസുഖങ്ങളെ വീണ്ടും |
| അഭിലഷൻ | കാംക്ഷിച്ചുകൊണ്ടും |
| വിഗതാത്മഗതിസ്നേഹഃ | പാരത്രികമായ ആത്മഗതിയിൽനിന്നും ഐഹികസ്വജനസ്നേഹത്തിൽനിന്നും വഞ്ചിതനായി |
| പുത്രദാരാൻ | പുത്രകളത്രാദികളെ |
| ലാളയൻ ച | താലോലിച്ചുകൊണ്ടും |
| ദീനഃ | ദീനനായിത്തീർന്ന |

| | |
|---|---|
| രാജാ | പുരഞ്ജനരാജാവ് |
| ഗന്ധർവ്വയവനാക്രാന്താം | ഗന്ധർവ്വന്മാരാലും യവനന്മാരാലും ആക്രമിക്കപ്പെട്ടതും |
| കാലകന്യോപമർദ്ദിതാം | കാലകന്യയാൽ മർദ്ദനമേല്പിക്കപ്പെട്ടതുമായ |
| താം പുരീം | ആ പുരിയെ |
| അനികാമതഃ | വിട്ടുപോകാനിഷ്ടമില്ലാതെയാണെങ്കിലും |
| ഹാതും | വിടുവാൻ |
| പ്രചക്രമേ | ആരംഭിച്ചു. |

11 ഭയനാമ്നോഽഗ്രജോ ഭ്രാതാ പ്രജ്വാരഃ പ്രത്യുപസ്ഥിതഃ
ദദാഹ താം പുരീം കൃത്സ്നാം ഭ്രാതുഃ പ്രിയചികീർഷയാ

| | |
|---|---|
| ഭയനാമ്നഃ | ഭയനാമാവായ യവനരാജാവിന്റെ |
| അഗ്രജഃ ഭ്രാതാ | ജ്യേഷ്ഠസഹോദരനായ |

| | |
|---|---|
| പ്രജ്വാരഃ | പ്രജ്വാരനെന്നവൻ |
| ഭ്രാതുഃ | തന്റെ അനുജന്റ |

| | | | |
|---|---|---|---|
| പ്രിയചികീർഷയാ | ഇഷ്ടമായുള്ളതു ചെയ്തു കൊടുക്കുവാനുള്ള താല്പര്യത്തോടെ | താം പുരീം | ആ പുരിയെ |
| പ്രത്യുപസ്ഥിതഃ | വന്നണഞ്ഞു, | കൃത്സ്നാം | മുഴുവനേയും |
| | | ദദാഹ | ചുട്ടെരിച്ചു. |

12 തസ്യാം സന്ദഹ്യമാനായാം സപൗരഃ സപരിച്ഛദഃ
കൗടുംബികഃ കുടുംബിന്യാ ഉപാതപ്യത സാന്വയഃ

| | | | |
|---|---|---|---|
| തസ്യാം | ആ പുരി | സാന്വയഃ | പുത്രപൗത്രാദികളോടും കൂടിയ |
| സന്ദഹ്യമാനായാം | ചുട്ടെരിക്കപ്പെട്ടുകൊണ്ടിരിക്കെ, | കൗടുംബികഃ | കുടുംബനാഥൻ |
| സപൗരഃ | പുരവാസികളോടും, | കുടുംബിന്യാ | കുടുംബനായികയോടൊന്നിച്ച് |
| സപരിച്ഛദഃ | ഭൃത്യാമാത്യാദികളോടും, | ഉപാതപ്യത | സന്താപംകൊണ്ടു. |

13 യവനോപരുദ്ധായതനോ ഗ്രസ്തായാം കാലകന്യയാ
പുര്യാം പ്രജ്വാരസംസൃഷ്ടഃ പുരപാലോഽന്വതപ്യത.

| | | | |
|---|---|---|---|
| കാലകന്യയാ | കാലകന്യയാൽ | പ്രജ്വാരസംസൃഷ്ടഃ | പ്രജ്വാരനാൽ ആക്രമിക്കപ്പെട്ടവനുമായിഭവിച്ച |
| പുര്യാം | പുരഞ്ജനപുരി | പുരപാലഃ | പുരപാലകൻ |
| ഗ്രസ്തായാം | ഗ്രസിക്കപ്പെട്ടിരിക്കവേ | അന്വതപ്യത | തുടരെത്തുടരെ സന്തപ്തനായി. |
| യവനോപരുദ്ധായതനഃ | യവനന്മാരാൽ നിരോധിക്കപ്പെട്ട വാസസ്ഥാനത്തോടുകൂടിയവനും | | |

14 ന ശേകേ സോഽവിതും തത്ര പുരുകൃച്ഛ്രോരുവേപഥുഃ
ഗന്തുമൈച്ഛത്തതോ വൃക്ഷകോടരാദിവ സാനലാത്.

| | | | |
|---|---|---|---|
| പുരുകൃച്ഛ്രോരുവേപഥുഃ | വല്ലാത്ത വേദന നിമിത്തം വിറഞ്ഞുതുള്ളുവാൻ തുടങ്ങിയ | സാനലാത് | തീപ്പിടിച്ച |
| | | വൃക്ഷകോടരാത് | മരപ്പൊത്തിൽനിന്നു് |
| | | (സർപ്പഃ) ഇവ | സർപ്പം എന്നപോലെ |
| സഃ | അവൻ | തതഃ | അവിടത്തിൽനിന്നു് |
| തത്ര | അവിടെ | ഗന്തും | വിട്ടുപോകുവാൻ |
| അവിതും | സംരക്ഷണം നടത്താൻ | ഐച്ഛത് | ആഗ്രഹിച്ചു. |
| ന ശേകേ | ശക്തനായില്ല. | | |

15 ശിഥിലാവയവോ യർഹി ഗന്ധർവ്വൈർഹൃതപൗരുഷഃ
യവനൈരരിഭീ രാജന്നുപരുദ്ധോ രുരോദ ഹ.

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | അരിഭിഃ | ശത്രുക്കളായ |
| ശിഥിലാവയവഃ | ഉലഞ്ഞുപോയ അംഗോപാംഗങ്ങളോടുകൂടിയവനായി— | യവനൈഃ | യവനന്മാരാൽ |
| | | ഉപരുദ്ധഃ | കഴുത്തിൽ ഞെക്കിപ്പിടിക്കപ്പെട്ടവനുമായി |
| ഗന്ധർവൈഃ | ഗന്ധർവ്വന്മാരാൽ | യർഹി (അഭൂത്) | ഭവിച്ചപ്പോൾ |
| ഹൃതപൗരുഷഃ | അപഹൃതപൗരുഷനായി— | രുരോദ ഹ | വിങ്ങിക്കരഞ്ഞു തുടങ്ങി. |

16 ദുഹിതൄഃ പുത്രപൗത്രാംശ്ച ജാമിജാമാതൃപാർഷദാൻ
സ്വത്വാവശിഷ്ടം യത്കിഞ്ചിത് ഗൃഹകോശപരിച്ഛദം

17 അഹം മമേതി സ്വീകൃത്യ ഗൃഹേഷു കുമതിർഗൃഹീ
ദധ്യൗ പ്രമദയാ ദീനോ വിപ്രയോഗ ഉപസ്ഥിതേ

| | | | |
|---|---|---|---|
| ദുഹിതൄഃ | പുത്രിമാരെയും, | സ്വീകൃത്യ | കൈയേററു് |
| പുത്രപൗത്രാൻ | പുത്രപൗത്രന്മാരെയും, | കുമതിഃ | ബുദ്ധിദോഷം ബാധിച്ചുകൊണ്ടു് |
| ജാമിജാമാതൃപാർഷദാൻ | പുത്രവധുക്കളെയും, പുത്രീവരന്മാരെയും, സേവകന്മാരെയും, | ഗൃഹേഷു | ഗൃഹസ്ഥവൃത്തിയിൽ ഏർപ്പെട്ടു് |
| ഗൃഹകോശപരിച്ഛദം | ഗൃഹം — ധനനിക്ഷേപം — ഉപകരണങ്ങൾ എന്നിവകളെയും, | ഗൃഹീ | കുടുംബവാനായിക്കഴിഞ്ഞിരുന്ന പുരഞ്ജനൻ |
| സ്വത്വാവശിഷ്ടം | മമതാബന്ധം മാത്രം അവശേഷിച്ചുനില്ക്കുന്ന | പ്രമദയാ | ഭാര്യയോടുള്ള |
| യത്കിഞ്ചിത് | മററുപലതിനേയും | വിപ്രയോഗേ | വേർപിരിവു് |
| അഹം മമ | 'ഞാൻ, എന്റെ' | ഉപസ്ഥിതേ | അടുത്തിരിക്കുന്ന ഈ വേളയിൽ |
| ഇതി | എന്നിപ്രകാരം | ദീനഃ | വിവശനായിട്ടു് |
| | | ദധ്യൗ | ചിന്തതുടങ്ങി. |

18 ലോകാന്തരം ഗതവതി മയ്യനാഥാ കുടുംബിനീ
വർത്തിഷ്യതേ കഥം ത്വേഷാ ബാലകാനനുശോചതീ.

| | | | |
|---|---|---|---|
| മയി | ഞാൻ | ബാലകാൻ | കുഞ്ഞുമക്കളെക്കുറിച്ചു് |
| ലോകാന്തരം | പരലോകത്തെ | അനുശോചതീ | ചിന്തിച്ചുഖേദിച്ചുകൊണ്ടു് |
| ഗതവതി | പ്രാപിക്കവേ, | കഥം | ഏതുവിധം |
| അനാഥാ | അസഹായയായി, | വർത്തിഷ്യതേ | കഴിഞ്ഞുകൂടുമോ, ആവോ? |
| കുടുംബിനീ | കുടുംബഭാരംവഹിക്കുന്ന | | |
| ഏഷാ തു | ഇവളാകട്ടെ | | |

19 ന മയ്യനാശിതേ ഭുങ്ക്തേ നാസ്നാതേ സ്നാതി മത്പരാ
മയി രുഷ്ടേ സുസംത്രസ്താ ഭർത്സിതേ യതവാഗ്ഭയാത്.

മത്പരാ — എന്നെത്തന്നെ എപ്പോഴും കരുതിക്കൊണ്ടിരിക്കുന്ന ഇവൾ
മയി — ഞാൻ
അനാശിതേ — ഉണ്ണാതിരുന്നാൽ
ന ഭുങ്ക്തേ — ഉണ്ണുകയില്ല;
അസ്നാതേ — കുളിക്കാതിരുന്നാൽ
ന സ്നാതി — കുളിക്കുകയില്ല;
മയി രുഷ്ടേ — ഞാൻ ദേഷ്യപ്പെട്ടാൽ
സുസംത്രസ്താ — വല്ലാതെ പേടിച്ചിരുന്നു;
ഭർത്സിതേ — ചീത്തപറഞ്ഞെന്നാൽ
ഭയാത് — ഭീതിനിമിത്തം
യതവാക — വാക്കൊതുക്കിനിന്നിരുന്നു.

20 പ്രബോധയതി മാവിജ്ഞം വ്യുഷിതേ ശോകകൎശിതാ
വൎത്മൈതദ്ഗൃഹമേധീയം വീരസൂരപി നേഷ്യതി.

അവിജ്ഞം — വിവേകഭ്രഷ്ടനാകാറുള്ള
മാ (സാ) — എന്നെ അവൾ
പ്രബോധയതി — ബോധവാനാക്കാറുണ്ട്.
വീരസൂഃ അപി — വീരമാതാവെന്നിരിക്കിലും അവൾ
വ്യുഷിതേ — ഞാൻ അന്യത്ര സ്ഥിതി ചെയ്യുമ്പോൾ
ശോകകൎശിതാ — വിരഹദുഃഖത്താൽ ചടച്ച്
ഗൃഹമേധീയം — ഗാൎഹികമായ
ഏതത് വൎത്മ — ഈ കൃത്യംപോലും
ന [illegible]ഷ്യതി — കൊണ്ടുനടത്താതെ വരുമോ ?

21 കഥം നു ദാരകാ ദീനാ ദാരകീൎവാऽപരായണാഃ
വൎത്തിഷ്യന്തേ മയി ഗതേ ഭിന്നനാവ ഇവോദധൗ.

മയി ഗതേ — ഞാൻ വിട്ടുപോയാൽ പിന്നെ
അപരായണാഃ — അന്യാവലംബമില്ലാതായി
ദീനാഃ — വിവശരായിത്തീരുന്ന
ദാരകാഃ — പുത്രന്മാരും
ദാരകീഃ വാ — പുത്രിമാരും
ഉദധൗ — കടലിൽ
ഭിന്നനാവഃ — പൊളിഞ്ഞ കപ്പലിൽ ഇരിക്കുന്നവർ
ഇവ — എന്നപോലെ
കഥം നു — എങ്ങനെയാണ്
വൎത്തിഷ്യന്തേ — കഴിഞ്ഞുകൂടുക ?

22 ഏവം കൃപണയാ ബുദ്ധ്യാ ശോചന്തമതദൎഹണം
ഗ്രഹീതും കൃതധീരേനം ഭയനാമാഭ്യപദ്യത.

ഏവം — ഇപ്രകാരം
കൃപണയാ — എളിയ
ബുദ്ധ്യാ — ബുദ്ധിയാൽ
ശോചന്തം — അനുതപിക്കുന്നവനും
അതദൎഹണം — വാസ്തവത്തിൽ അതിന്റെ ...
ഏനം — ഈ പുരഞ്ജനനെ
ഗ്രഹീതും — കടന്നുപിടിക്കുവാൻ
കൃതധീഃ — സന്നദ്ധനായ
ഭയനാമാ — ഭയാഖ്യയവനൻ

23 പശുവദ്യവനൈരേഷ നീയമാനഃ സ്വകം ക്ഷയം
അന്വദ്രവന്നനുപഥാഃ ശോചന്തോ ഭൃശമാതുരാഃ

| | | | |
|---|---|---|---|
| ഏഷഃ | ഈ പുരഞ്ജനൻ | അനുപഥാഃ | (അന്നേരം) അനുചരന്മാരും |
| പശുവത് | പശുവെപ്പോലെ | ഭൃശം | അത്യന്തം |
| യവനൈഃ | യവനരാൽ | ആതുരാഃ | വിവശരായി |
| സ്വകം ക്ഷയം | സ്വസ്ഥാനത്തേക്ക് | ശോചന്തഃ | ദുഃഖിച്ചുകൊണ്ട് |
| നീയമാനഃ | കൊണ്ടുപോകപ്പെട്ടിരുന്നു | അന്വദ്രവൻ | പിന്നാലെ പാഞ്ഞുപോയി |

24 പുരീം വിഹായോപഗത ഉപരുദ്ധോ ഭുജംഗമഃ
യദാ തമേവാനു പുരീ വിശീർണാ പ്രകൃതിം ഗതാ

| | | | |
|---|---|---|---|
| യദാ | ഏതുനേരത്ത് | ഭുജംഗമഃ | പാലകസർപ്പം |
| പുരീ | പുരഞ്ജനപുരം | തം ഏവ | ആ പുരഞ്ജനനെത്തന്നെ |
| വിശീർണാ | എമ്പാടും തകർന്ന് | അനു | പിൻതുടർന്ന് |
| പ്രകൃതിം | പ്രാകൃതാവസ്ഥയിലേക്ക് | പുരീം | പുരത്തെ |
| ഗതാ | എത്തിയോ, (അന്നേരം) | വിഹായ | കൈവിട്ട് |
| ഉപരുദ്ധഃ | പുരത്തിൽ നിരോധിച്ചുവെക്കപ്പെട്ടിരുന്ന | ഉപഗതഃ | കൂടവെ പോയി. |

25 വികൃഷ്യമാണഃ പ്രസഭം യവനേന ബലീയസാ
നാവിന്ദത്തമസാഽഽവിഷ്ടഃ സഖായം സുഹൃദം പുരഃ

| | | | |
|---|---|---|---|
| ബലീയസാ | ബലശാലിയായ | ആവിഷ്ടഃ | ബാധിതനായിട്ട് (ഇരിക്കുകയാൽ) |
| യവനേന | യവനപതിയാൽ | പുരഃ | മുന്നിലേയുള്ള |
| പ്രസഭം | ബലാൽകാരേണ | സഖായം | ചങ്ങാതിയും |
| വികൃഷ്യമാണഃ | പിടിച്ചിഴയ്ക്കപ്പെടുന്ന പുരഞ്ജനൻ | സുഹൃദം | ഹിതൈഷിയുമായ അജ്ഞാതനെ |
| തമസാ | അന്ധകാരത്താൽ | ന അവിന്ദത് | കണ്ടെത്തിയില്ല. |

പ്രാണപ്രയാണകാലത്തിലും ഈശ്വരസ്മരണ ജീവനുണ്ടായില്ല. അജ്ഞാനാന്ധകാരാവൃതത്വം തന്നെ അതിനു കാരണം എന്നത്രേ ഇവിടെ പരോക്ഷമായി സൂചിപ്പിച്ചു.

26 തം യജ്ഞപശവോഽനേന സംജ്ഞപ്താ യേഽദയാലുനാ
കുഠാരൈശ്ഛിച്ഛിദുഃ ക്രുദ്ധാഃ സ്മരന്തോഽമീവമസ്യ തത്

| | | | |
|---|---|---|---|
| അനേന | ഈ | യേ | യാവചില |
| അദയാലുനാ | നിർദയനാൽ | യജ്ഞപശവഃ | യജ്ഞപശുക്കൾ |

| | | | |
|---|---|---|---|
| സംജ്ഞപ്താഃ | കൊല്ലപ്പെട്ടിരുന്നുവോ, | ക്രുദ്ധാഃ | ക്രുദ്ധരായിട്ട് |
| (തേ) | അവ | കുഠാരൈഃ | കോടാലികളാൽ |
| അസ്യ | ഇവന്റെ | തം | അവനെ |
| തത് അമീവം | ആ ക്രൗര്യത്തെ | ചിച്ഛിദുഃ | വെട്ടിക്കീറി. |
| സ്മരന്തഃ | ഓർമ്മിച്ചുകൊണ്ട് | | |

27 അനന്തപാരേ തമസി മഗ്നോ നഷ്ടസ്മൃതിഃ സമാഃ
ശാശ്വതീരനുഭൂയാർത്തിം പ്രമദാസംഗദൂഷിതഃ

| | | | |
|---|---|---|---|
| പ്രമദാസംഗ-ദൂഷിതഃ | സ്ത്രീവിഷയകമായ ആസക്തിയാൽ ദൂഷിതനായ അവൻ | ആർത്തിം | യാതനയെ |
| | | അനുഭൂയ | അനുഭവിച്ച് |
| നഷ്ടസ്മൃതിഃ | നഷ്ടപ്രജ്ഞനായിട്ട് | അനന്തപാരേ | കരകാണാത്ത |
| ശാശ്വതീഃ | സുദീർഘങ്ങളായ | തമസി | അന്ധകാരത്തിൽ |
| സമാഃ | വർഷങ്ങളോളം | മഗ്നഃ | മുഴുകിക്കിടന്നു. |

28 താമേവ മനസാ ഗൃഹ്ണൻ ബഭൂവ പ്രമദോത്തമാ
അനന്തരം വിദർഭസ്യ രാജസിംഹസ്യ വേശ്മനി

| | | | |
|---|---|---|---|
| താം ഏവ | അവളെ (ഭാര്യയെ) തന്നെ | രാജസിംഹസ്യ | രാജശ്രേഷ്ഠനായ |
| | | വിദർഭസ്യ | വിദർഭന്റെ |
| മനസാ | മനസ്സാലെ | വേശ്മനി | ഗൃഹത്തിൽ |
| ഗൃഹ്ണൻ | കരുതിക്കൊണ്ട് (മരിച്ചുപോയ പുരഞ്ജനൻ) | പ്രമദോത്തമാ | നല്ലൊരു പെൺമണിയായിട്ട് |
| അനന്തരം | മറുജന്മത്തിൽ | ബഭൂവ | പിറന്നു. |

പുരഞ്ജനൻ അന്ത്യസമയത്ത് ഭാര്യയെത്തന്നെ ചിന്തിച്ചുകൊണ്ടിരുന്നതിനാൽ അടുത്ത ജന്മത്തിൽ സ്ത്രീയായിട്ട് പിറക്കുവാൻ ഇടയായി. പക്ഷേ അത് പതിവ്രതയെക്കുറിച്ചാകകൊണ്ട് ധാർമ്മികനായ ഒരു രാജാവിന്റെ മകളാകുവാൻ സംഗതിവന്നു. ഈ വിധം ധാർമ്മികസംഗത്താൽ വിശുദ്ധി കൈവന്ന ആ ജീവന് ഭാഗവതോത്തമനായ മലയധ്വജനോടുകൂടി ദാമ്പത്യബന്ധം സിദ്ധിച്ചു. അതിനെത്തുടർന്ന് വിഷ്ണുഭക്തിയും, തദ്വാരാ വൈരാഗ്യവും, പിന്നെ ആ ഭർത്താവിനെത്തന്നെ പരമഗുരുവായി മനസ്സിലുറച്ച് പതിവ്രതാധർമ്മത്തിലൂടെ ഭജിച്ചുവന്ന ആ ജീവന് ഭഗവൽപ്രസാദലബ്ധമായ ജ്ഞാനത്താൽ മുക്തിയും സംജാതമാകുന്നു. ഈ വസ്തുത കഥാലങ്കാരചമൽകൃതമായി പരോക്ഷരൂപത്തിൽ പ്രതിപാദിക്കാൻ തുടങ്ങുന്നു—

29 ഉപയേമേ വീര്യപണാം വൈദർഭീം മലയധ്വജഃ
യുധി നിർജിത്യ രാജന്യാൻ പാണ്ഡ്യഃ പരപുരഞ്ജയഃ.

| | | | |
|---|---|---|---|
| പരപുരഞ്ജയഃ | ശത്രുപുരജേതാവായ | നിർജ്ജിത്യ | തോല്പിച്ചു് |
| മലയധ്വജഃ | മലയധ്വജനെന്ന | | |
| പാണ്ഡ്യഃ | പാണ്ഡ്യൻ | വീര്യപണാം | വീര്യശുല്കയായ |
| യുധി | യുദ്ധത്തിൽ | വൈദർഭീം | വിദർഭരാജകുമാരിയെ |
| രാജന്യാൻ | സകല രാജാക്കന്മാരെയും | ഉപയേമേ | വേട്ടു. |

"മലയധ്വജപാണ്ഡ്യൻ" എന്നതിന്നു് ഭാഗവതപ്രധാനനായ സ്ഥിരപ്രജ്ഞൻ എന്നു് പരോക്ഷാർത്ഥം. മലയപർവ്വതമുള്ള ദ്രാവിഡദേശമാണു് ഭക്തിയുടെ ജന്മസ്ഥലം. ആ ദേശത്തിൽ ധ്വജംപോലെ ദർശനീയൻ വിഷ്ണുഭക്തപ്രധാനൻ തന്നെ. പണ്ഡാ = നിശ്ചയബുദ്ധി, അതിനെ അർഹിക്കുന്നവൻ പാണ്ഡ്യൻ. സ്ഥിരപ്രജ്ഞനെന്നു് താത്പര്യം. പുരഞ്ജനന്നു് സ്ത്രീയായിട്ടുള്ള ഈ പുനർജന്മത്തിൽ ഭാഗവതസമ്പർക്കം ലഭിച്ചുവെന്നു് സൂചന.

30 തസ്യാം സ ജനയാഞ്ചക്ര ആത്മജാമസിതേക്ഷണാം
യവീയസഃ സപ്ത സുതാൻ സപ്ത ദ്രവിഡഭൂഭൃതഃ

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | സപ്ത സുതാൻ | ഏഴു പുത്രന്മാരെയും |
| തസ്യാം | അവളിൽ | ജനയാഞ്ചക്രേ | ജനിപ്പിച്ചു. |
| അസിതേക്ഷണാം | നീലാപാംഗിയായ | (തേ) സപ്ത | ആ ഏഴുപേരും, പിന്നെ |
| ആത്മജാം | ഒരു പുത്രിയേയും, | ദ്രവിഡഭൂഭൃതഃ | തമിഴ്നാട്ടിലെ ഏഴു രാജാക്കന്മാരായി. |
| യവീയസഃ | അവളുടെ താഴെയായി | | |

അസിതേക്ഷണയായ പുത്രി ശ്രീകൃഷ്ണസേവാഭിരുചിയും ഏഴു പുത്രന്മാർ ശ്രവണകീർത്തനാദിഭക്തിപ്രകാരങ്ങളുമാകുന്നു. ശ്രവണകീർത്തനാദിഭക്തിപ്രകാരങ്ങളാൽ സുരക്ഷിതമായ ഭൂമി ദ്രാവിഡദേശമാകയാൽ അതിലെ രാജാക്കന്മാരായി ഈ പുത്രന്മാരെ കല്പിച്ചതും അനുയോജ്യംതന്നെ. പുരഞ്ജനന്നു് ഭാഗവതസമ്പർക്കത്താൽ ശ്രീകൃഷ്ണസേവാഭിരുചിയും ഭക്തിയുടെ വിവിധമാർഗ്ഗങ്ങളും ലഭിച്ചുവെന്നു് ആന്തരാർത്ഥം.

31 ഏകൈകസ്യാഭവത്തേഷാം രാജന്നർബുദമർബുദം
ഭോക്ഷ്യതേ യദ്വംശധരൈർമഹീ മന്വന്തരം പരം

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | യദ്വംശധരൈഃ | ഈ വംശത്തിലുള്ളവരാൽ |
| തേഷാം | അവരിൽ | | |
| ഏകൈകസ്യ | ഓരോരുത്തനും | മന്വന്തരം | മന്വന്തരം മുഴുവനും |
| അർബുദം അർബുദം | കോടിക്കണക്കിൽ സന്തതിപരമ്പര | പരം | അതിനുശേഷവും |
| | | മഹീ | ഭൂതലം |
| അഭവത് | സംജാതമായി | ഭോക്ഷ്യതേ | രക്ഷിക്കപ്പെടുന്നതാണു്. |

ശ്രവണാദിഭക്തിപ്രകാരങ്ങളുടെ അസംഖ്യം വകഭേദങ്ങളെ ഉദ്ദേശിച്ചാണു് കോടിക്കണക്കിൽ ദ്രാവിഡസന്താനങ്ങളുണ്ടായെന്നു പറഞ്ഞതു്.

32 അഗസ്ത്യഃ പ്രാഗ്ദുഹിതരമുപയേമേ ധൃതവ്രതാം
യസ്യാം ദൃഢച്യുതോ ജാത ഇധ്മവാഹാത്മജോ മുനിഃ.

| | | | |
|---|---|---|---|
| അഗസ്ത്യഃ | അഗസ്ത്യൻ | ദൃഢച്യുതഃ | ദൃഢച്യുതനെന്ന |
| ധൃതവ്രതാം | വ്രതപരായണയായ | മുനിഃ ജാതഃ | മുനിയുണ്ടായി. |
| പ്രാഗ്ദുഹിതരം | (മലയധ്വജന്റെ) മൂത്ത പുത്രിയെ | (സഃ) ഇധ്മവാഹാത്മജഃ | അദ്ദേഹം ഇധ്മവാഹൻ എന്ന പുത്രനുള്ളവനായി. |
| ഉപയേമേ | വിവാഹം ചെയ്തു. | | |
| യസ്യാം | യാതൊരുവളിൽ | | |

പരോക്ഷാർത്ഥത്തിൽ 'അഗസ്ത്യൻ' മനസ്സാണ് — "മലയധ്വജന്റെ പുത്രി" പരമഭാഗവതജന്യമായ കൃഷ്ണസേവാഭിരുചിയും. ആയത് മനസ്സോടിണങ്ങിയതിനെ വിവാഹം കൊണ്ട് സൂചിപ്പിച്ചു. തൽസന്തതികളാകട്ടെ ഭോഗവിരാഗാദികളും ഗുരൂപസത്തിയും ആകുന്നു.

33 വിഭജ്യ തനയേഭ്യഃ ക്ഷ്മാം രാജർഷിർമലയധ്വജഃ
ആരിരാധയിഷുഃ കൃഷ്ണം സ ജഗാമ കുലാചലം.

| | | | |
|---|---|---|---|
| സഃ രാജർഷിഃ | ആ രാജർഷിയായ | കൃഷ്ണം | ശ്രീകൃഷ്ണഭഗവാനെ |
| മലയധ്വജഃ | മലയധ്വജൻ | ആരിരാധയിഷുഃ | ആരാധിക്കുവാനിച്ഛിച്ച് |
| ക്ഷ്മാം | ഭൂമിയെ | കുലാചലം | മലയഗിരിയിലേക്ക് |
| തനയേഭ്യഃ | മക്കൾക്കായി | ജഗാമ | പോയി. |
| വിഭജ്യ | പങ്കിട്ടുകൊടുത്ത്, | | |

'ഭൂമിയിൽ ശ്രവണാദിഭക്തിയോഗഭേദങ്ങളുടെ വ്യവസ്ഥിതി വരുത്തി' എന്നർത്ഥത്തിൽ മലയധ്വജൻ മക്കൾക്ക് രാജ്യം കൊടുത്തതിനെ അറിഞ്ഞുകൊള്ളണം.

ഇനി സ്ത്രീജന്മമെടുത്ത പുരഞ്ജനന്റെ (ജീവന്റെ) വിരക്തിയും ഗുരുശുശ്രൂഷയും ശുദ്ധോക്തിയിലൂടെ വർണ്ണിച്ചുതുടങ്ങുന്നു. "പതിരേവ ഗുരുഃ സ്ത്രീണാം" എന്ന നിയമമനുസരിച്ച് വൈദർഭിയുടെ ഗുരു ഭർത്താവായ മലയധ്വജൻ തന്നെ.

34 ഹിത്വാ ഗൃഹാൻ സുതാൻ ഭോഗാൻ വൈദർഭീ മദിരേക്ഷണാ
അന്വധാവത പാണ്ഡ്യേശം ജ്യോത്സ്നേവ രജനീകരം.

| | | | |
|---|---|---|---|
| ജ്യോത്സ്നാ | ചന്ദ്രിക | സുതാൻ | പുത്രന്മാരേയും |
| രജനീകരം | ചന്ദ്രനെ | ഭോഗാൻ | വിഷയസുഖങ്ങളേയും |
| ഇവ | എന്നപോലെ, | ഹിത്വാ | ഉപേക്ഷിച്ച് |
| മദിരേക്ഷണാ | മത്തവിലോചനയായ | പാണ്ഡ്യേശം | പാണ്ഡ്യരാജാവിനെ |
| വൈദർഭീ | വിദർഭകുമാരി | അന്വധാവത | പിൻതുടർന്നുപോയി |
| ഗൃഹാൻ | ഗൃഹങ്ങളേയും | | |

35 തത്ര ചന്ദ്രവസാ നാമ താമ്രപൎണ്ണീ വടോദകാ
തത്പുണ്യസലിലൈൎന്നിത്യമുഭയത്രാത്മനോ മൃജൻ

36 കന്ദാഷ്ഠിഭിൎമ്മൂലഫലൈഃ പുഷ്പപൎണ്ണൈസ്തൃണോദകൈഃ
വൎത്തമാനഃ ശനൈൎഗ്ഗാത്രകൎശനം തപ ആസ്ഥിതഃ

| | |
|---|---|
| തത്ര | അവിടെ |
| ചന്ദ്രവസാ | ചന്ദ്രവസയെന്നും |
| താമ്രപൎണ്ണീ | താമ്രപൎണ്ണിയെന്നും |
| വടോദകാ | വടോദകയെന്നും |
| നാമ | പേരായ മൂന്നു നദികളുണ്ടു് |
| തത്പുണ്യസലിലൈഃ | അവയിലെ പവിത്രജലങ്ങളാൽ |
| നിത്യം | ദിവസേന |
| ആത്മനഃ | തന്റെ |
| ഉഭയത്ര | ബാഹ്യാഭ്യന്തരങ്ങളിൽ |
| മൃജൻ | ശുദ്ധിവരുത്തിയും, |
| കന്ദാഷ്ഠിഭിഃ | കിഴങ്ങുകൾ, ധാന്യവിത്തുകൾ, |
| മൂലഫലൈഃ | മൂലഫലങ്ങൾ, |
| പുഷ്പപൎണ്ണൈഃ | പൂക്കൾ, ഇലകൾ |
| തൃണോദകൈഃ | പുല്ലുകൾ, വെള്ളം എന്നിവയാൽ |
| വൎത്തമാനഃ | ദിവസവൃത്തികഴിച്ചു കൊണ്ടിരുന്നും |
| ശനൈഃ | സാവകാശത്തിൽ |
| ഗാത്രകൎശനം | ശരീരം ചടയ്ക്കുംപ്രകാരത്തിലുള്ള |
| തപഃ | തപസ്സിനെ |
| ആസ്ഥിതഃ | അനുഷ്ഠിച്ചു. |

37 ശീതോഷ്ണവാതവൎഷാണി ക്ഷുത്പിപാസേ പ്രിയാപ്രിയേ
സുഖദുഃഖേ ഇതി ദ്വന്ദ്വാന്യജയത് സമദൎശനഃ.

| | |
|---|---|
| സമദൎശനഃ | സമദൎശിയായിരുന്നു് |
| ശീതോഷ്ണവാതവൎഷാണി | തണുപ്പു്, ചൂടു്, കാററു്, മഴ, |
| ക്ഷുത്പിപാസേ | വിശപ്പു്, ദാഹം, |
| പ്രിയാപ്രിയേ | ഇഷ്ടം, അനിഷ്ടം, |
| സുഖദുഃഖേ | സുഖം, ദുഃഖം |
| ഇതി | എന്നിങ്ങനെയുള്ള |
| ദ്വന്ദ്വാനി | ദ്വന്ദ്വാവസ്ഥകളെ |
| അജയത് | ജയിച്ചു. |

38 തപസാ വിദ്യയാ പക്വകഷായോ നിയമൈൎയ്യമൈഃ
യുയുജേ ബ്രഹ്മണ്യാത്മാനം വിജിതാക്ഷാനിലാശയഃ.

| | |
|---|---|
| തപസാ | തപസ്സുകൊണ്ടും |
| വിദ്യയാ | ഉപാസനകൊണ്ടും |
| പക്വകഷായഃ | കാമാദിവാസനകൾ പാകപ്പെട്ടുവന്നവനായും, |
| യമൈഃ | യമങ്ങളാലും |
| നിയമൈഃ | നിയമങ്ങളാലും |
| വിജിതാക്ഷാനിലാശയഃ | പ്രാണേന്ദ്രിയാന്തഃകരണങ്ങളെ വിജയിച്ചവനായും ഭവിച്ചു് |
| ആത്മാനം | ആത്മാവിനെ |
| ബ്രഹ്മണി | പരമാത്മാവിൽ |
| യുയുജേ | സംയോജിപ്പിച്ചു. |

39 ആസ്തേ സ്ഥാണുരിവൈകത്ര ദിവ്യം വൎഷശതം സ്ഥിരഃ
വാസുദേവേ ഭഗവതി നാന്യദ്വേദോദ്വഹൻ രതിം.

| | | | |
|---|---|---|---|
| ദിവ്യം | ദേവകൾക്കുള്ള | ഭഗവതി | ഭഗവാനായ |
| വൎഷശതം | നൂറുവൎഷത്തോളം | വാസുദേവേ | ശ്രീവാസുദേവനിൽ |
| സ്ഥാണുഃ ഇവ | തൂണുപോലെ | രതിം | പ്രേമഭക്തിയെ |
| സ്ഥിരഃ | അനക്കമില്ലാത്തവനായി | ഉദ്വഹൻ | ഉദ്വഹിച്ചുകൊണ്ടിരിക്കയാൽ |
| ഏകത്ര | ഒരേ ഇടത്തിൽത്തന്നെ | അന്യത് | മറെറാന്നും |
| ആസ്തേ | നിലകൊണ്ടു. | ന വേദ | അറിഞ്ഞിരുന്നില്ല. |

40 സ വ്യാപകതയാത്മാനം വ്യതിരിക്തതയാത്മനി
വിദ്വാൻ സ്വപ്ന ഇവാമൎശസാക്ഷിണം വിരരാമ ഹ.

41 സാക്ഷാദ്ഭഗവതോക്തേന ഗുരുണാ ഹരിണാ നൃപ
വിശുദ്ധജ്ഞാനദീപേന സ്ഫുരതാ വിശ്വതോമുഖം

| | | | |
|---|---|---|---|
| നൃപ | രാജാവേ! | സ്വപ്നേ ഇവ | സ്വപ്നാവസ്ഥയിലെന്നപോലെ |
| സാക്ഷാത് | ശരിക്കും | വ്യാപകതയാ | ദേഹാദ്യുപാധികളിൽ വ്യാപ്തനായി അവയെ പ്രത്യക്ഷപ്പെടുത്തുന്നവൻ എന്ന നിലയോടെയും |
| ഭഗവതാ | സമഗ്രൈശ്വൎയ്യാദിഷഡ്ഗുണോപേതനായ | വ്യതിരിക്തതയാ | അവയിൽനിന്നു് വേറിട്ടു് നില്ക്കുന്നവൻ എന്ന നിലയോടെയും |
| ഹരിണാ | ശ്രീഹരിയാവുന്ന | ആത്മനി | ആത്മാവിങ്കൽ |
| ഗുരുണാ | അധ്യാത്മോപദേഷ്ടാവിനാൽ | വിദ്വാൻ | ബോധിച്ചവനായിട്ടു് |
| ഉക്തേന | ഉപദിഷ്ടമായി, | (അന്യസ്മാത്) | ആത്മവ്യതിരിക്തമായ മറെറല്ലാററിൽനിന്നും |
| വിശ്വതോമുഖം | സൎവ്വവ്യാപ്തമാകുംവണ്ണം | വിരരാമ ഹ | ഉപരമിച്ചുപോൽ. |
| സ്ഫുരതാ | സ്ഫുരിക്കുന്ന | | |
| വിശുദ്ധജ്ഞാനദീപേന | നിൎമ്മലവിജ്ഞാനപ്രദീപത്താൽ | | |
| സഃ | അദ്ദേഹം | | |
| ആമൎശസാക്ഷിണം | അന്തഃകരണപ്രവൃത്തിയുടെ പ്രകാശകനായ | | |
| ആത്മാനം | ആത്മാവിനെ | | |

ഇതുതന്നെ ഒന്നുകൂടി തറപ്പിച്ചുപറയുന്നു—

42 പരേ ബ്രഹ്മണി ചാത്മാനം പരം ബ്രഹ്മ തഥാത്മനി
വീക്ഷമാണോ വിഹായേക്ഷാമസ്മാദുപരരാമ ഹ.

| | | | |
|---|---|---|---|
| ആത്മാനം | ആത്മാവിനെ (ജീവനെ) | ബ്രഹ്മണി | ബ്രഹ്മത്തിങ്കലും (പരമാത്മാവിങ്കലും) |
| പരേ | പരമായ | | |

| | | | |
|---|---|---|---|
| തഥാ | അതേവിധം | വിഹായ | ഉപേക്ഷിച്ചു് |
| പരം ബ്രഹ്മ | പരമായ ബ്രഹ്മത്തെ | അസ്മാത് | ഈ സംസാരത്തിൽ നിന്നു് |
| ആത്മനി ച | ആത്മാവിങ്കലും | ഉപരരാമ | ഉപരമിച്ചു. |
| വീക്ഷമാണഃ | അഭിന്നതേന ഈക്ഷിച്ചുകൊണ്ടു്, | ഹ | ആശ്ചര്യം ! |
| ഈക്ഷാം | (ഒടുവിൽ) ഈക്ഷയെ കൂടിയും | | |

‘ബ്രഹ്മൈവാഹമസ്മി’ എന്നിങ്ങനെ ബ്രഹ്മത്തിൽ ആത്മാവിനെ കാണുമ്പോൾ ശോകാദിനിവൃത്തിയും, ‘അഹമേവ ബ്രഹ്മാസ്മി’ എന്നിങ്ങനെ ആത്മാവിൽ ബ്രഹ്മത്തെ കാണുമ്പോൾ ബ്രഹ്മപാരോക്ഷ്യനിവൃത്തിയും ആയിക്കഴിഞ്ഞു. എന്നാൽ, പിന്നെയും ഈ ‘കാണൽ’ എന്നതു് ജീവപരതത്വങ്ങൾക്കിടയിൽ വരുന്ന ഒരു മറയാകയില്ലേ? ആകും. അതുകൊണ്ടാണു് ഈക്ഷയെ (കാണൽ) കൂടിയും ഉപേക്ഷിച്ചുവെന്നു് പറഞ്ഞതു്. ഇങ്ങനെ ഭക്തിയാൽ അദ്വൈതത്തിലെത്തിയ മലയധ്വജപാണ്ഡ്യൻ നിത്യശാന്തിയിലെത്തിയെന്നു് സാരം.

43 പതിം പരമധൎമ്മജ്ഞം വൈദൎഭീ മലയധ്വജം
പ്രേമ്ണാ പൎയ്യചരദ്ധിത്വാ ഭോഗാൻ സാ പതിദേവതാ.

| | | | |
|---|---|---|---|
| പതിദേവതാ | ഭർത്തൃപരായണയായ | പരമധൎമ്മജ്ഞം | ഉന്നതനിലയിലുള്ള ധൎമ്മജ്ഞാനിയുമായ |
| സാ വൈദൎഭീ | ആ വൈദൎഭി | മലയധ്വജം | മലയധ്വജനെ |
| ഭോഗാൻ | വിഷയസുഖങ്ങളെ | പ്രേമ്ണാ | പ്രേമഭക്തിയോടെ |
| ഹിത്വാ | ഉപേക്ഷിച്ചു്, | പൎയ്യചരത് | ശുശ്രൂഷിച്ചിരുന്നു. |
| പതിം | സ്വഭൎത്താവും | | |

44 ചീരവാസാ വ്രതക്ഷാമാ വേണീഭൂതശിരോരുഹാ
ബഭാവുപ പതിം ശാന്താ ശിഖാ ശാന്തമിവാനലം.

| | | | |
|---|---|---|---|
| ചീരവാസാഃ | മരവുരിയുടുത്തവളും | അനലം (ഉപ) | അഗ്നിയോടുചേൎന്നു് |
| വ്രതക്ഷാമാ | വ്രതോപവാസാദിയാൽ ചടച്ചവളും | ശാന്താ | അടങ്ങിയ (പുകയില്ലാത്ത) |
| വേണീഭൂതശിരോരുഹാ | ജടപിടിച്ച തലമുടിയോടുകൂടിയവളുമായ അവൾ | ശിഖാ ഇവ | നാളംപോലെ |
| ശാന്തം | അടങ്ങിയ (കനലായിക്കഴിഞ്ഞ) | പതിം ഉപ | ഭൎത്താവിന്റെ അരികിൽ |
| | | ബഭൗ | പ്രശോഭിച്ചു. |

45 അജാനതീ പ്രിയതമം യദോപരതമംഗനാ
സുസ്ഥിരാസനമാസാദ്യ യഥാപൂൎവ്വമുപാചരത്.

| | | | |
|---|---|---|---|
| യദാ | യാതൊരു ഈ അവസ്ഥ[യിൽ] | സുസ്ഥിരാസനം | സുസ്ഥിരമായ ആസനത്തിൽ ഇരിക്കുന്നവനായി |
| അംഗനാ | പെൺമണി | ആസാദ്യ | കരുതിയിട്ടു് |
| പ്രിയതമം | ഭർത്താവിനെ | യഥാപൂർവ്വം | മുന്നെപ്പോലെ |
| ഉപരതം | നിത്യശാന്തിയടഞ്ഞവനെന്നു് | ഉപാചരത് | ഉപചരിച്ചു. |
| ആജാനതീ | അറിയാതെ | | |

46 യദാ നോപലഭേതാങ്ഘ്രാവൂഷ്മാണം പത്യുരർച്ചതീ
ആസീത് സംവിഗ്നഹൃദയാ യൂഥഭ്രഷ്ടാ മൃഗീ യഥാ

| | | | |
|---|---|---|---|
| അർച്ചതീ | പാദാർച്ചന ചെയ്തുകൊണ്ടിരുന്ന അവൾ | യദാ ന ഉപലഭേത | കിട്ടാതെയായി വന്നപ്പോൾ |
| പത്യുഃ | ഭർത്താവിന്റെ | യൂഥഭ്രഷ്ടാ | കൂട്ടംപിരിഞ്ഞ |
| അങ്ഘ്രൗ | കാലടിയിൽ | മൃഗീ യഥാ | മാൻപേടപോലെ |
| ഊഷ്മാണം | ചൂടു്. | സംവിഗ്നഹൃദയാ | വ്യാകുലചിത്തയായി |
| | | ആസീത് | ഭവിച്ചു |

47 ആത്മാനം ശോചതീ ദീനമബന്ധും വിക്ലവാശ്രുഭിഃ
സ്തനാവാസിച്യ വിപിനേ സുസ്വരം പ്രരുരോദ സാ

| | | | |
|---|---|---|---|
| വിപിനേ | വനത്തിൽ | വിക്ലവാശ്രുഭിഃ | സന്താപാശ്രുക്കളാൽ |
| അബന്ധും | ഉററവരില്ലാതെ | സ്തനൗ | സ്തനദ്വയത്തെ |
| ദീനം | അശരണയായിത്തീർന്ന | ആസിച്യ | നനച്ചു് |
| ആത്മാനം | തന്നെക്കുറിച്ചു് | സുസ്വരം | ഉറക്കെ |
| ശോചതീ | അല്ലലാർന്ന | പ്രരുരോദ | വാവിട്ടുകരഞ്ഞു. |
| സാ | അവൾ | | |

48 ഉത്തിഷ്ഠോത്തിഷ്ഠ രാജർഷേ ഇമാമുദധിമേഖലാം
ദസ്യുഭ്യഃ ക്ഷത്രബന്ധുഭ്യോ ബിഭ്യതീം പാതുമർഹസി

| | | | |
|---|---|---|---|
| രാജർഷേ | "ഋഷിയായ രാജാവേ! | ബിഭ്യതീം | ഭീതിയാർന്നിരിക്കുന്ന |
| ഉത്തിഷ്ഠ | എഴുന്നേല്ക്കു, | ഇമാം ഉദധിമേഖലാം | ഈ കടൽച്ചുഴം ഭൂമണ്ഡലത്തെ |
| ഉത്തിഷ്ഠ | എഴുന്നേല്ക്കു! | പാതും | കാത്തരുളുവാൻ |
| ദസ്യുഭ്യഃ | തട്ടിപ്പറിക്കാരിൽനിന്നും | അർഹസി | അങ്ങുന്നു് അർഹിക്കുന്നു" |
| ക്ഷത്രബന്ധുഭ്യഃ | കെട്ട നാടുവാഴികളിൽനിന്നും | | |

49 ഏവം വിലപതീ ബാലാ വിപിനേഽനുഗതാ പതിം
പതിതാ പാദയോർഭർത്തു രുദത്യശ്രൂണ്യവർത്തയത്.

| | |
|---|---|
| വിപിനേ | വനത്തിൽ |
| പതിം | ഭർത്താവിനെ |
| അനുഗതാ | അനുയാത്ര ചെയ്തുവന്നവളായ |
| ബാലാ | ആ അബല |
| ഏവം | ഇപ്രകാരം |
| വിലപതീ | വിലപിച്ചുകൊണ്ടു് |
| ഭർത്തുഃ | ഭർത്താവിന്റെ |
| പാദയോഃ | ചേവടികളിൽ |
| പതിതാ | വീണു് |
| രുദതീ | കരഞ്ഞുകൊണ്ടു് |
| അശ്രൂണി | കണ്ണുനീർ |
| അവർത്തയത് | തൂകി. |

50 ചിതിം ദാരുമയീം ചിത്വാ തസ്യാം പത്യുഃ കളേബരം
ആദീപ്യ ചാനുമരണേ വിലപന്തീ മനോ ദധേ

| | |
|---|---|
| ദാരുമയീം | വിറകുകൊണ്ടുള്ള |
| ചിതിം ചിത്വാ | ചിതകൂട്ടി, |
| തസ്യാം | അതിൽ |
| പത്യുഃ | ഭർത്താവിന്റെ |
| കളേബരം | ജഡശരീരത്തെ |
| ആദീപ്യ ച | വെച്ചുതീകൊളുത്തിയശേഷം |
| വിലപന്തീ | വിലപിച്ചുകൊണ്ടു് |
| അനുമരണേ | ഉടന്തടിയേറിമരിക്കുവാൻ |
| മനഃ ദധേ | തീർച്ചയാക്കി |

51 തത്ര പൂർവ്വതരഃ കശ്ചിത് സഖാ ബ്രാഹ്മണ ആത്മവാൻ
സാന്ത്വയൻ വല്ഗുനാ സാമ്നാ താമാഹ രുദതീം പ്രഭോ

| | |
|---|---|
| പ്രഭോ | രാജാവേ! |
| തത്ര | അവിടെ, അന്നേരം |
| പൂർവ്വതരഃ | ഏറെപ്പഴക്കമുള്ള |
| സഖാ | മിത്രമായ |
| ആത്മവാൻ | ആത്മജ്ഞനായുള്ള |
| കശ്ചിത് | ഏതോ ഒരു |
| ബ്രാഹ്മണഃ | ബ്രാഹ്മണൻ (വന്നിട്ടു്) |
| രുദതീം | കരഞ്ഞുകൊണ്ടേ ഇരിക്കുന്ന |
| താം | അവളെ |
| വല്ഗുനാ | മനോഹരമായ |
| സാമ്നാ | സാമവചനത്താൽ |
| സാന്ത്വയൻ | സമാധാനിപ്പിച്ചുകൊണ്ടു് |
| ആഹ | പറഞ്ഞു. |

'പൂർവ്വതരഃ സഖാ' എന്ന പദപ്രയോഗത്താൽ സൂചിതമായതു് അനാദിയും ജീവസഖനുമായ സർവ്വേശ്വരനാണു്. ''തസ്യാവിജ്ഞാതനാമാസീത് സഖാ'' എന്നിങ്ങനെ ഈ ഉപാഖ്യാനത്തിന്റെ തുടക്കത്തിൽ പരാമർശിച്ചതു് നോക്കുക.

ബ്രാഹ്മണ ഉവാച = ബ്രാഹ്മണൻ പറഞ്ഞു —

52 കാ ത്വം കസ്യാസി കോ വായം ശയാനോ യസ്യ ശോചസി
ജാനാസി കിം സഖായം മാം യേനാഗ്രേ വിചചർഥ ഹ

| | |
|---|---|
| ത്വം കാ | നീയാരു്? |
| കസ്യ അസി | ആരുടെ പുത്രിയാണു്? |
| യസ്യ | ആരെക്കുറിച്ചു് |
| ശോചസി | നീ ദുഃഖിക്കുന്നുവോ, |

| | | | |
|---|---|---|---|
| ശയാനഃ | ആ കിടക്കുന്ന | വിചചർഥ | നീ വിചാരിച്ചിരുന്നുവോ, |
| അയം | ഈയാൾ | (തം) സഖായം | ആ സഖാവായ |
| കോ വാ | ആരാണ്? | മാം | എന്നെ |
| അഗ്രേ | മുൻകാലത്ത് | ജാനാസി കിം | അറിയുന്നുണ്ടോ? |
| യേന | ഏതൊരാളുടെകൂടെ | ഹ | അദ്ഭുതമേ! |

അഗ്രേ വിചചർഥ — സൃഷ്ടിക്കുമുമ്പ് ജീവാത്മാവായ നീ പരമാത്മാവായ എൻ്റെകൂടെത്തന്നെ ആയിരുന്നു എന്ന് പരോക്ഷാർത്ഥം.

നാം തമ്മിലെ സഹചരത്വവും സഖ്യവും ഞാൻ ഓർക്കുന്നില്ലെന്നാണെങ്കിൽ അതിന്ന് പറയുന്നു—

53 അപി സ്മരസി ചാത്മാനമവിജ്ഞാതസഖം സഖേ
ഹിത്വാ മാം പദമന്വിച്ഛൻ ഭൗമഭോഗരതോ ഗതഃ

| | | | |
|---|---|---|---|
| സഖേ | സഖാവേ! | മാം ഹിത്വാ | എന്നെ വെടിഞ്ഞ് |
| ആത്മാനം | തന്നെക്കുറിച്ച് | ഭൗമഭോഗരതഃ | ഭൂമിയിലെ സുഖഭോഗങ്ങളിൽ ആസക്തനായി, |
| അവിജ്ഞാതസഖം | 'അവിജ്ഞാതൻ' എന്ന ഒരു സഖാവുള്ളവനായിരുന്നു താനെന്നത് | പദം | അതിനുള്ള സ്ഥാനത്തെ |
| | | അന്വിച്ഛൻ | അന്വേഷിച്ചുകൊണ്ട് |
| അപി സ്മരസി | ഓർമ്മിക്കുന്നുണ്ടോ? | ഗതഃ | പോയവനാണല്ലോ. |

ഇവിടെ 'സഖേ' എന്ന പുല്ലിംഗനിർദ്ദേശം മുൻജന്മത്തിലെ പുംസ്ത്വം സ്മരിക്കുന്നതിനുവേണ്ടിയാണ്. ആ പുരഞ്ജനനാണല്ലോ വൈദർഭിയായി ജനിച്ചിരിക്കുന്നത്.

ഇനി തന്നെ വിട്ടുമാറിയതുകൊണ്ടുണ്ടായ അനർത്ഥങ്ങളെ ആറ് ശ്ലോകം കൊണ്ട് പറയുന്നു—

54 ഹംസാവഹം ച ത്വം ചാര്യ സഖായൗ മാനസായനൗ
അഭൂതാമന്തരാവൗകഃ സഹസ്രപരിവത്സരാൻ

| | | | |
|---|---|---|---|
| ആര്യ | അല്ലയോ മാന്യപുരുഷ! | ഹംസൗ | ഹംസങ്ങളായിട്ട് |
| അഹം ച | ഞാനും | സഹസ്രപരിവത്സരാൻ | സഹസ്രാബ്ദങ്ങളോളം കാലം |
| ത്വം ച | അങ്ങയും | ഓകഃ | പ്രത്യേകസ്ഥാനം |
| മാനസായനൗ | മാനസസരോവാസികളും | അന്തരാ വാ | ഇല്ലാതെ തന്നെ |
| സഖായൗ | ചങ്ങാതികളുമായ | അഭൂതാം | കഴിഞ്ഞുവന്നു. |

അധ്യാത്മപക്ഷത്തിൽ 'മാനസായനങ്ങളായ ഹംസങ്ങൾ' ഹൃദയാകാശത്തിൽ വിരാജിക്കുന്ന വിശുദ്ധജീവാത്മപരമാത്മാക്കളാണ്.

55 സ ത്വം വിഹായ മാം ബന്ധോ ഗതോ ഗ്രാമ്യമതിർമഹീം
വിചരൻ പദമദ്രാക്ഷീഃ കയാചിന്നിർമ്മിതം സ്ത്രിയാ.

| | | | |
|---|---|---|---|
| ബന്ധോ | മിത്രമേ! | കയാചിത് | ഏതോ |
| സഃ ത്വം | അപ്രകാരമുള്ള അങ്ങു് | സ്ത്രിയാ | ഒരുത്തിയാൽ |
| ഗ്രാമ്യമതിഃ | വിഷയഭോഗേച്ഛുവായി | നിർമ്മിതം | നിർമ്മിക്കപ്പെട്ട |
| മാം വിഹായ | എന്നെ കൈവിട്ടു് | | |
| മഹീം ഗതഃ | ഭൂമിയിലേക്കു വന്നു. | പദം | ആവാസസ്ഥാനം |
| വിചരൻ | അങ്ങുമിങ്ങും ചുററിനടന്നു് | അദ്രാക്ഷീഃ | കണ്ടെത്തി. |

ഏതോ ഒരുത്തി = മായ; ആവാസസ്ഥാനം = ശരീരം. ഇനി അതിൻെറ വിശേഷത പറയുന്നു.

56 പഞ്ചാരാമം നവദ്വാരമേകപാലം ത്രികോഷ്ഠകം
ഷട്കുലം പഞ്ചവിപണം പഞ്ചപ്രകൃതി സ്ത്രീധവം

| | | | |
|---|---|---|---|
| പഞ്ചാരാമം | അഞ്ചു പൂന്തോട്ടങ്ങളുള്ളതും, | ഷട്കുലം | ആറുതരം വണിക്സംഘം നിവസിക്കുന്നതും, |
| നവദ്വാരം | ഒമ്പതു പടിയുമ്മറങ്ങളുള്ളതും, | പഞ്ചവിപണം | അഞ്ചു് അങ്ങാടിത്തെരുവുകളുള്ളതും, |
| ഏകപാലം | ഒരു കാവൽക്കാരനോടു കൂടിയതും, | പഞ്ചപ്രകൃതി | അഞ്ചുവിധം പ്രാകൃതിക ഉപാദാനവസ്തുക്കളാൽ നിർമ്മിതമായതും, |
| ത്രികോഷ്ഠകം | മൂന്നു ചുററുമതിലുകളോടുകൂടിയതും, | സ്ത്രീധവം | സ്ത്രീനായകത്വത്തോടുകൂടിയതുമായിരുന്നു അതു് |

മേൽപറഞ്ഞ കൂടോക്തിയെ സ്വയം വ്യാഖ്യാനിക്കുന്നു.

57 പഞ്ചേന്ദ്രിയാർത്ഥാ ആരാമാ ദ്വാരഃ പ്രാണാ നവ പ്രഭോ
തേജോബന്നാനി കോഷ്ഠാനി കുലമിന്ദ്രിയസംഗ്രഹഃ

58 വിപണസ്തു ക്രിയാശക്തിർ ഭൂതപ്രകൃതിരവ്യയാ
ശക്ത്യധീശഃ പുമാംസ്ത്വത്ര പ്രവിഷ്ടോ നാവബുധ്യതേ.

| | | | |
|---|---|---|---|
| പ്രഭോ | ഹേ പ്രഭോ! | തേജോബന്നാനി | തേജസ്സ്, ജലം, ഭൂമി എന്നിവ |
| പഞ്ചേന്ദ്രിയാർത്ഥാഃ | അഞ്ചുവിധം ഇന്ദ്രിയവിഷയങ്ങൾ | കോഷ്ഠാനി | ചുററുമതിലുകളും, |
| ആരാമാഃ | പൂന്തോട്ടങ്ങളും, | ഇന്ദ്രിയസംഗ്രഹഃ | മനസ്സുൾപ്പെടെയുള്ള ജ്ഞാനേന്ദ്രിയഗണം |
| നവ | ഒമ്പതു് | | |
| പ്രാണാഃ | ഇന്ദ്രിയച്ഛിദ്രങ്ങൾ | കുലം | വണിക്സംഘവുമാകുന്നു |
| ദ്വാരഃ | ഉമ്മറങ്ങളും, | ക്രിയാശക്തിഃ | കർമ്മേന്ദ്രിയശക്തി |

| | | | |
|---|---|---|---|
| ശക്ത്യധീശഃ | മായാബുദ്ധിയാവുന്ന അധിനായികയോടുകൂടിയവനായിട്ടു് | വിപണഃ തു | അങ്ങാടിയും, |
| തത്ര | അതിനുള്ളിൽ | ഭൂതപ്രകൃതിഃ | പഞ്ചഭൂതങ്ങളാവുന്ന പ്രകൃതി തത്വങ്ങളം |
| പ്രവിഷ്ടഃ | പ്രവിഷ്ടനായെന്നാൽ | അവ്യയാ | അഴിവില്ലാത്ത ഉപാദാനകാരണങ്ങളും ആകുന്നു |
| ന അവബുധ്യതേ | തന്നെത്താൻ മറക്കുന്നു. | പുമാൻ | പുരുഷൻ (ആത്മാവു്) |

59 തസ്മിംസ്ത്വം രാമയാ സ്പൃഷ്ടോ രമമാണോഽശ്രുതസ്മൃതിഃ
തത്സംഗാദീദൃശീം പ്രാപ്തോ ദശാം പാപീയസീം പ്രഭോ

| | | | |
|---|---|---|---|
| പ്രഭോ ത്വം | ഹേ പ്രഭോ! അങ്ങു് | അശ്രുതസ്മൃതിഃ | ബ്രഹ്മാത്മകമായ സ്വസ്വരൂപത്തെ മറന്നവനായി |
| തസ്മിൻ | ആ പുരിയിൽ | തത്സംഗാത് | അവളുടെ സമ്പൎക്കത്താൽ |
| രാമയാ | പുരിയുടെ സ്വാമിനിയായ സുന്ദരിയാൽ | ഈദൃശീം | ഈ വിധത്തിലുള്ള |
| സ്പൃഷ്ടഃ | പരാജിതനായി | പാപീയസീം | പാപഭൂയിഷ്ഠമായ |
| രമമാണഃ | അവളോടൊപ്പം രമിച്ചുകൊണ്ടു് | ദശാം | അവസ്ഥയെ |
| | | പ്രാപ്തഃ | പ്രാപിച്ചവനുമായി. |

ഇനി നാലുശ്ലോകംകൊണ്ടു് യാഥാത്മ്യം ഉപദേശിക്കുന്നു.

60 ന ത്വം വിദൎഭദുഹിതാ നായം വീരഃ സുഹൃത്തവ
ന പതിസ്ത്വം പുരഞ്ജന്യാ രുദ്ധോ നവമുഖേ യയാ

| | | | |
|---|---|---|---|
| ത്വം | അങ്ങു് | യയാ | യാതൊരുവളാൽ |
| വിദൎഭദുഹിതാ | വിദൎഭരാജപുത്രി | രുദ്ധഃ | അങ്ങു നിരോധിക്കപ്പെട്ടിരുന്നുവോ, |
| ന | അല്ല. | | |
| അയം വീരഃ | ഈ വീരപാണ്ഡ്യൻ | പുരഞ്ജന്യാഃ | ആ പുരഞ്ജനിയുടെ |
| തവ | അങ്ങയുടെ | പതിഃ | ഭൎത്താവു് |
| സുഹൃത് ന | പ്രിയഭൎത്താവല്ല. | | |
| നവമുഖേ | നവദ്വാരപുരത്തിൽ | ത്വം ന | അങ്ങയായിരുന്നില്ല. |

61 മായാ ഹ്യേഷാ മയാസൃഷ്ടാ യത്പുമാംസം സ്ത്രിയം സതീം
മന്യസേ നോഭയം യദ്വൈ ഹംസൌ പശ്യാവയോർ ഗതിം

| | | | |
|---|---|---|---|
| (പൂൎവ്വജന്മനി) | കഴിഞ്ഞ ജന്മത്തിൽ | (ഇതി)യത് | ഇങ്ങനെ യാതൊരു വസ്തുതയുണ്ടോ, |
| പുമാംസം | പുരുഷനായിട്ടു് | | |
| (അമന്യഥാഃ) | സ്വയം കരുതിയിരുന്നു, | ഏഷാ | ഇതു് |
| സതീം | പതിവ്രതയായ | മയാ | എന്നാൽ |
| സ്ത്രിയം | സ്ത്രീയായിട്ടു് | സൃഷ്ടാ | സൃഷ്ടിക്കപ്പെട്ട |
| മന്യസേ | ഇപ്പോഠം സ്വയം കരുതുന്നു | മായാ ഹി | മായ മാത്രമാണു് |

| | | | |
|---|---|---|---|
| ഉഭയം ന | രണ്ടും ഉണ്ടായിട്ടില്ല. | | (വിശുദ്ധാത്മചൈതന്യങ്ങൾ) ആണ്. |
| യത് വൈ | എന്തെന്നാൽ, | ആവയോഃ | നമ്മുടെ |
| (ആവാം) | നാമിരുവരും | ഗതിം | വാസ്തവികാവസ്ഥയെ |
| ഹംസൗ | ഹംസപ്പക്ഷികൾ | പശ്യ | കണ്ടുകൊള്ളുക. |

62 അഹം ഭവാൻ ന ചാന്യസ്ത്വം ത്വമേവാഹം വിചക്ഷ്വ ഭോഃ
ന നൗ പശ്യന്തി കവയശ്ഛിദ്രം ജാതു മനാഗപി.

| | | | |
|---|---|---|---|
| ഭോഃ | ഹേ സഖാവേ! | വിചക്ഷ്വ | ചിന്തിച്ചുനോക്കുക. |
| അഹം | ഞാൻ (ഈശ്വരൻ) | കവയഃ | ജ്ഞാനികൾ |
| ഭവാൻ | അങ്ങയാണ്. | നൗ | നാം തമ്മിൽ |
| ത്വം | അങ്ങ് (ജീവൻ) | മനാക് അപി | അല്പമെങ്കിലും |
| അന്യഃ | മറ്റൊരാൾ | ഛിദ്രം | ഭേദം |
| ന ച | അല്ലതന്നെ. | ജാതു | ഒരിക്കലും |
| ത്വം ഏവ | അങ്ങ തന്നെയാണ് | ന പശ്യന്തി | കാണുന്നതല്ല. |
| അഹം | ഞാൻ. | | |

'തത്' പദാർത്ഥമായ ഈശ്വരനും 'ത്വം' പദാർത്ഥമായ ജീവനും ചിദംശകത്വേന ഒന്നുതന്നെ എന്ന 'തത്ത്വമസി' വാക്യത്തിന്റെ പൊരുളാണ് ഈ ശ്ലോകം കൊണ്ട് കാണിച്ചത്. അന്യോന്യഭേദദർശനം അജ്ഞാനകൃതമാണെന്ന് ഇനി അടുത്ത ശ്ലോകം കൊണ്ട് ഉദാഹരിച്ച് പറയുന്നു—

63 യഥാ പുരുഷ ആത്മാനമേകമാദർശചക്ഷുഷോഃ
ദ്വിധാഭൂതമവേക്ഷേത തഥൈവാന്തരമാവയോഃ.

| | | | |
|---|---|---|---|
| യഥാ | എപ്രകാരം | ദ്വിധാഭൂതം | രണ്ടുതരത്തിൽ വ്യത്യസ്തമായി |
| പുരുഷഃ | ഒരാൾ | | |
| ഏകം | ഒന്നുതന്നെയായ | അവേക്ഷേത | കണ്ടേക്കുമോ, |
| ആത്മാനം | സ്വശരീരത്തെ | തഥാ ഏവ | അപ്രകാരം മാത്രമേ |
| ആദർശ- ചക്ഷുഷോഃ | കണ്ണാടിയിലും അന്യന്റെ കണ്ണിലും | ആവയോഃ | നമുക്കിരുവർക്കും തമ്മിൽ |
| | | അന്തരം | ഭേദമുള്ളു. |

ഒരേ ആത്മസ്വരൂപം വിദ്യ, അവിദ്യ എന്നീ ഉപാധിഭേദത്തെ ആശ്രയിച്ച് ഈശ്വരത്വേനയും ജീവത്വേനയും പ്രതിഭാസിക്കുന്നതാകയാൽ ഭേദദർശനം വാസ്തവികമായതല്ലെന്ന് സാരം. ഒരാളുടെ ശരീരം കണ്ണാടിയിൽ ഒരു തരത്തിലും അന്യന്റെ ദൃഷ്ടിയിൽ മറ്റൊരു തരത്തിലും പ്രത്യക്ഷപ്പെടുന്നപോലെയാണിത്.

64 ഏവം സ മാനസോ ഹംസോ ഹംസേന പ്രതിബോധിതഃ
സ്വസ്ഥസ്തദ്വ്യഭിചാരേണ നഷ്ടാമാപ പുനഃ സ്മൃതിം

| | |
|---|---|
| ഏവം | ഇപ്രകാരം |
| മാനസഃ | മാനസത്തിലുള്ള |
| സഃ ഹംസഃ | ആ ഹംസം (ജീവൻ) |
| ഹംസേന | മറെറ ഹംസത്താൽ (ഈശ്വരനാൽ) |
| പ്രതിബോധിതഃ | ഉണർത്തപ്പെട്ടിട്ട് |
| സ്വസ്ഥഃ | സ്വരൂപാനന്ദത്തിൽത്തന്നെ അവസ്ഥിതനാകയും, |
| തദ്വ്യഭിചാരേണ | തന്റെ കൂട്ടുകാരനെ വിട്ടു മാറിനടന്നതുനിമിത്തം |
| നഷ്ടാം | വിട്ടുപോയിരുന്ന |
| സ്മൃതിം | സ്മരണയെ (അഹം ബ്രഹ്മാസ്മീതിജ്ഞാനത്തെ) |
| പുനഃ | വീണ്ടും |
| ആപ | നേടുകയും ചെയ്തു. |

ഇതുവരെ പറഞ്ഞതു് വെറും ഒരു കഥയല്ലെന്നു് അവസാനമായി ശ്രീനാരദൻ എടുത്തുപറയുന്നു—

65 ബർഹിഷ്മന്നേതദധ്യാത്മം പാരോക്ഷ്യേണ പ്രദർശിതം
യത് പരോക്ഷപ്രിയോ ദേവോ ഭഗവാൻ വിശ്വഭാവനഃ

| | |
|---|---|
| ബർഹിഷ്മൻ | പ്രാചീനബർഹിസ്സേ! |
| അധ്യാത്മം | ആത്മതത്വജ്ഞാനപരമായ |
| ഏതത് | ഇതു് |
| പാരോക്ഷ്യേണ | പരോക്ഷരൂപത്തിൽ |
| പ്രദർശിതം | കാട്ടിത്തരപ്പെട്ടിരിക്കുന്നു. |
| യത് | അതെന്തെന്നാൽ, |
| വിശ്വഭാവനഃ | ജഗത്കാരണഭൂതനും |
| ഭഗവാൻ | ജ്ഞാനൈശ്വര്യാദിസമസ്തഗുണോപേതനുമായ |
| ദേവഃ | ശ്രീഹരി |
| പരോക്ഷപ്രിയഃ | പരോക്ഷകഥനത്തെ ഇഷ്ടപ്പെടുന്നവനാണു്. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ

പുരഞ്ജനോപാഖ്യാനേ ഽഷ്ടാവിംശതിതമോ ഽധ്യായഃ ആദിതഃ ശ്ലോകാഃ 1278.

നാലാമത്തെ സ്കന്ധത്തിൽ ഇരുപത്തെട്ടാമധ്യായം കഴിഞ്ഞു.

# ഏകോനത്രിംശോऽധ്യായഃ—അദ്ധ്യായം ഇരുപത്തൊമ്പതു്.

## പുരഞ്ജനോപാഖ്യാനത്തിന്റെ താത്പര്യം.

“ഊനത്രിംശേ പരോക്ഷാത്ഥവ്യാഖ്യാനേനോപസംഹൃതം
സ്ത്രീസംഗതോ ഭവസ്ത്വീശസംഗന്മുക്തിരിതി സ്ഫുടം”.

ഈ അദ്ധ്യായംകൊണ്ടു് പുരഞ്ജനകഥയാൽ പരോക്ഷവാദരീത്യാ ഉൾക്കൊണ്ടിരിക്കുന്ന തത്വത്തെ ശ്രീനാരദൻ പ്രാചീനബർഹിസ്സിന്നു വ്യാഖ്യാനിച്ചുകൊടുത്തു്, സ്ത്രീപ്രസക്തിയാൽ സംസൃതിബന്ധവും ഈശ്വരപ്രസക്തിയാൽ മുക്തിയും സിദ്ധിക്കുമെന്ന കാര്യം വ്യക്തമാക്കി ഉപസംഹരിക്കുന്നു.

പ്രാചീനബർഹിരുവാച = പ്രാചീനബർഹിസ്സ് പറഞ്ഞു—

1 ഭഗവംസ്തേ വചോऽസ്മാഭിർന്ന സമ്യഗവഗമ്യതേ
കവയസ്തദ്വിജാനന്തി ന വയം കർമ്മമോഹിതാഃ

| | | | |
|---|---|---|---|
| ഭഗവൻ | പൂർണ്ണവിജ്ഞാനനിധേ! | കവയഃ | അദ്ധ്യാത്മജ്ഞാനികൾ |
| തേ | അവിടുത്തെ | തത് | ആയതിനെ |
| വചഃ | വചനം | വിജാനന്തി | നന്നായറിയുന്നതാണു്. |
| അസ്മാഭിഃ | ഞങ്ങളാൽ | കർമ്മമോഹിതാഃ | കർമ്മങ്ങളാൽ ബുദ്ധിപകച്ചിരിക്കുന്ന |
| സമ്യക് | ശരിയായ രൂപത്തിൽ | | |
| ന അവഗമ്യതേ | മനസ്സിലാക്കപ്പെടുന്നില്ല | വയം ന | ഞങ്ങൾ അവ്വിധമല്ല. |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

2 പുരുഷം പുരഞ്ജനം വിദ്യാദ്യദ്വ്യനക്ത്യാത്മനഃ പുരം
ഏകദ്വിത്രിചതുഷ്പാദം ബഹുപാദമപാദകം.

| | | | |
|---|---|---|---|
| പുരഞ്ജനം | പുരഞ്ജനൻ എന്നു പറഞ്ഞ ആളെ | ഏകദ്വിത്രി-ചതുഷ്പാദം | ഒന്നോ, രണ്ടോ, മൂന്നോ, നാലോ കാലുകളുള്ളതോ, |
| പുരുഷം | ജീവാത്മാവായിട്ടു് | ബഹുപാദം | അനേകം കാലുകളുള്ളതോ, |
| വിദ്യാത് | അറിഞ്ഞുകൊള്ളണം | അപാദകം | കാലുതന്നെ ഇല്ലാത്തതോ ആയ |
| യത് | എന്തെന്നാൽ ഈ ജീവൻ | പുരം | ശരീരമാവുന്ന പുരത്തെ |
| ആത്മനഃ | തനിക്കുവേണ്ടി | വ്യനക്തി | വ്യക്തീഭവിപ്പിക്കുന്നു. |

"പുരം ജനയതി (സ്വകർമ്മണാ) ഇതി = പുരഞ്ജനഃ" സ്വകർമ്മത്താൽ ശരീരത്തെ ഉളവാക്കുന്നവൻ എന്നിങ്ങനെ പുരഞ്ജനപദം വ്യാഖ്യാനിക്കപ്പെട്ടു. അപ്പോൾ ജീവൻ, അതായതു് ക്ഷേത്രജ്ഞൻ എന്നർത്ഥമായി. ശരീരപുരമാകട്ടെ പ്രപഞ്ചത്തിൽ വിവിധമാണു്. ഒററക്കാലുള്ള പിശാചാദികൾ, രണ്ടുകാലുള്ള മനുഷ്യപക്ഷ്യാദികൾ, മൂന്നുകാലുള്ള ഭൂതപ്രേതാദികൾ, നാലുകാലുള്ള മൃഗങ്ങൾ, അനേകം കാലുകളുള്ള ക്ഷുദ്രജന്തുക്കൾ— വൃക്ഷലതാദികൾ, കാലില്ലാത്ത ഇഴജീവികൾ ഇങ്ങനെയാണു് ശരീരപുരത്തിന്റെ സ്ഥിതി.

3 യോഽവിജ്ഞാതാഹൃതസ്തസ്യ പുരുഷസ്യ സഖേശ്വരഃ
യന്ന വിജ്ഞായതേ പുംഭിർനാമഭിർവാ ക്രിയാഗുണൈഃ

| | |
|---|---|
| യഃ | യാതൊരാൾ |
| അവിജ്ഞാതാ-ഹൃതഃ | അവിജ്ഞാതൻ എന്ന പേരിനാൽ പറയപ്പെട്ടുവോ, |
| (സഃ) | ആയാൾ |
| തസ്യ പുരുഷസ്യ | ആ ജീവന്റെ |
| സഖാ | സഖാവായ |
| ഈശ്വരഃ | ഈശ്വരനാകുന്നു. |
| യത് | എന്തെന്നാൽ, ഈശ്വരൻ |
| നാമഭിഃ വാ | പേരുകൾ വഴിക്കോ, |
| ക്രിയാഗുണൈഃ | ക്രിയാഗുണങ്ങൾ വഴിക്കോ |
| പുംഭിഃ | ജീവന്മാരാൽ |
| ന വിജ്ഞായതേ | അറിയപ്പെടുന്നില്ല. |

'അവിജ്ഞാതൻ' എന്ന വാക്കിന്റെ നിരുക്തിയാണു് ഉത്തരാർദ്ധംകൊണ്ടു പറഞ്ഞതു്

4 യദാ ജിഘൃക്ഷൻ പുരുഷഃ കാർത്സ്ന്യേന പ്രകൃതേർഗ്ഗുണാൻ
നവദ്വാരം ദ്വിഹസ്താംഘ്രി തത്രാമന്യത സാധ്വിതി.

| | |
|---|---|
| യദാ | എപ്പോൾ |
| പുരുഷഃ | ജീവാത്മാവു് |
| പ്രകൃതേഃ | പ്രകൃതിയുടെ |
| ഗുണാൻ | ഗുണങ്ങളെ |
| കാർത്സ്ന്യേന | പൂർണ്ണരൂപത്തിൽ |
| ജിഘൃക്ഷൻ | സ്വീകരിക്കുവാൻ ഇച്ഛിക്കുന്നുവോ |
| (തദാ) തത്ര | അപ്പോൾ ആ പുരങ്ങൾക്കിടയിൽ |
| നവദ്വാരം | ഒമ്പതു നിർഗ്ഗമനമാർഗ്ഗങ്ങളുള്ളതും |
| ദ്വിഹസ്താംഘ്രി | രണ്ടുകൈയും രണ്ടുകാലും ചേർന്നിരിക്കുന്നതുമായ മനുഷ്യപുരം |
| സാധു ഇതി | നല്ലതാണെന്നു് |
| അമന്യത | കരുതിപ്പോകുന്നു. |

5 ബുദ്ധിം തു പ്രമദാം വിദ്യാന്മമാഹമിതി യത്കൃതം
യാമധിഷ്ഠായ ദേഹേഽസ്മിൻ പുമാൻ ഭുങ്ക്തേഽക്ഷഭിർഗ്ഗുണാൻ.

| | |
|---|---|
| ബുദ്ധിം തു | ബുദ്ധിയെ (അനാദിയായ അവിദ്യാവാസനയെ) |
| പ്രമദാം | പുരഞ്ജനിയായിട്ടു് |
| വിദ്യാത് | അറിഞ്ഞുകൊള്ളുക |
| മമ അഹം | 'എന്റെ, ഞാൻ' |
| ഇതി | എന്നീ അഭിമാനം |
| യത്കൃതം | യാതൊരുവളാൽ വരുത്തിവെക്കപ്പെട്ടതാണു്. |

| | | | |
|---|---|---|---|
| പുമാൻ | ജീവൻ | അക്ഷഭിഃ | ഇന്ദ്രിയങ്ങളാൽവഴിക്കു് |
| യാം | യാതൊരു ഈ ബുദ്ധിയെ | ഗുണാൻ | പ്രകൃതിവിഷയങ്ങളെ |
| അധിഷ്ഠായ | ആശ്രയിച്ചിരുന്നു് | | |
| അസ്മിൻ ദേഹേ | ഈ ശരീരത്തിൽ | ഭുങ്ക്തേ | അനുഭവിക്കുന്നു. |

6 സഖായ ഇന്ദ്രിയഗണാ ജ്ഞാനം കർമ്മ ച യത്കൃതം
സഖ്യസ്തദ്വൃത്തയഃ പ്രാണഃ പഞ്ചവൃത്തിർയഥോരഗഃ

| | | | |
|---|---|---|---|
| ഇന്ദ്രിയഗണാഃ | ദശേന്ദ്രിയങ്ങൾ | സഖ്യഃ | തോഴിമാർ, |
| സഖായഃ | (ബുദ്ധിയുടെ)തോഴന്മാർ, | പഞ്ചവൃത്തിഃ | അഞ്ചുവൃത്തികളോടു കൂടിയ |
| ജ്ഞാനം | അറിവും | | |
| കർമ്മ ച | പ്രവൃത്തിയും | | |
| യത്കൃതം | ഈ ഇന്ദ്രിയങ്ങൾ കൊണ്ടു് സാധിതമായി തീരുന്നു. | പ്രാണഃ | പ്രാണവായു * |
| | | ഉരഗഃ യഥാ | അഞ്ചുപത്തിയുള്ള സർപ്പംപോലെയുമാണല്ലോ. |
| തദ്വൃത്തയഃ | അവയുടെ പ്രവർത്തനങ്ങൾ | | |

* പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ എന്നീ പേരുകളാൽ വ്യപദേശിക്കപ്പെടുന്ന അഞ്ചുവിധം പ്രാണവൃത്തികൾ.

7 ബൃഹദ്ബലം മനോ വിദ്യാദുഭയേന്ദ്രിയനായകം
പഞ്ചാലാ പഞ്ച വിഷയാ യന്മധ്യേ സ്ഥാപിതം പുരം.

| | | | |
|---|---|---|---|
| ഉഭയേന്ദ്രിയനായകം | ജ്ഞാനകർമ്മാശ്രയഭേദേന രണ്ടു് പ്രകാരത്തിലുള്ള ഇന്ദ്രിയങ്ങളുടെയും നേതൃത്വം വഹിക്കുന്ന | വിദ്യാത് | ധരിച്ചുകൊള്ളണം. |
| | | പഞ്ച | അഞ്ചു് |
| | | വിഷയാഃ | ശബ്ദാദിവിഷയങ്ങൾ |
| | | പഞ്ചാലാഃ | പഞ്ചാലദേശമാകുന്നു. |
| | | യന്മധ്യേ | യാതൊന്നിന്റെ മധ്യത്തിൽ |
| മനഃ | മനസ്സിനെ | | |
| ബൃഹദ്ബലം | ബലശാലിയായ മഹാഭടനായിട്ടു് | പുരം | ഈ നവദ്വാരപുരം |
| | | സ്ഥാപിതം | നിർമ്മിതമായി നില്ക്കുന്നു. |

8 അക്ഷിണീ നാസികേ കർണ്ണൗ മുഖം ശിശ്നഗുദാവിതി
ദ്വേ ദ്വേ ദ്വാരൗ ബഹിര്യാതി യസ്തദിന്ദ്രിയസംയുതഃ

| | | | |
|---|---|---|---|
| അക്ഷിണീ | നേത്രങ്ങൾ, | മുഖം | വായ, |
| നാസികേ | നാസികാസുഷിരങ്ങൾ, | ശിശ്നഗുദൗ | ലിംഗം, ഗുദം |
| കർണ്ണൗ | കാതുകൾ, | ഇതി | എന്നീങ്ങനെ |

| | | | |
|---|---|---|---|
| ദ്വേ ദ്വേ | ഈരണ്ടായിട്ടുള്ള | ബഹിഃ | പുറമേക്കു് |
| ദ്വാരൗ | ദ്വാരങ്ങളും ഉണ്ടു്. | യാതി | ഈ ദ്വാരത്തിലൂടെ സഞ്ചരിക്കുന്നു. |
| യഃ | യാതൊരു ഈ ജീവൻ | | |
| തദിന്ദ്രിയ-സംയുതഃ | അതാതു ഇന്ദ്രിയശക്തികളോടുകൂടിയവനായിട്ടു് | | |

9 അക്ഷിണീ നാസികേ ആസ്യമിതി പഞ്ച പുരഃ കൃതാഃ
ദക്ഷിണാ ദക്ഷിണഃ കർണ്ണ ഉത്തരാ ചോത്തരഃ സ്മൃതഃ

| | | | |
|---|---|---|---|
| അക്ഷിണീ | രണ്ടു നേത്രങ്ങളും, | ദക്ഷിണഃ | വലത്തെ |
| നാസികേ | രണ്ടു നാസാച്ഛിദ്രങ്ങളും, | കർണ്ണഃ | കാതു് |
| ആസ്യം ഇതി | വായ ഇങ്ങനെ | ദക്ഷിണാ | തെക്കെ ഉമ്മറം; |
| പഞ്ച | അഞ്ചു് ദ്വാരങ്ങളും | ഉത്തരഃ | ഇടത്തേതു് |
| പുരഃ | മുൻവശത്തു് | ഉത്തരാ ച | വടക്കെ ഉമ്മറവുമായി |
| കൃതാഃ | ചെയ്യപ്പെട്ട ഉമ്മറങ്ങളും; | സ്മൃതഃ | കരുതപ്പെട്ടിരിക്കുന്നു. |

10 പശ്ചിമേ ഇത്യധോദ്വാരൗ ഗുദം ശിശ്നമിഹോച്യതേ
ഖദ്യോതാവിർമുഖീ ചാത്ര നേത്രേ ഏകത്ര നിർമ്മിതേ
രൂപം വിഭ്രാജിതം താഭ്യാം വിചഷ്ടേ ചക്ഷുഷേശ്വരഃ

| | | | |
|---|---|---|---|
| ഇഹ | ഇവിടെ | ഏകത്ര | ഒരേ ഇടത്തു് |
| പശ്ചിമേ | പടിഞ്ഞാറുള്ള നിർഗ്ഗമനമാർഗ്ഗങ്ങളും | നിർമ്മിതേ | നിർമ്മിതങ്ങളായ |
| ഇതി | എന്നു് പറയപ്പെട്ടവ | നേത്രേ | കണ്ണുകളാണു്. |
| അധോദ്വാരൗ | കീഴുമ്മറങ്ങളായ | രൂപം | പദാർത്ഥങ്ങളുടെ ആകാരം |
| ഗുദം ശിശ്നം | ഗുദം, ലിംഗം എന്നിവയെന്നു് | വിഭ്രാജിതം | വിഭ്രാജിതമെന്ന ദേശമായിട്ടു് പറയപ്പെട്ട |
| ഉച്യതേ | പറയപ്പെടുന്നു. | ഈശ്വരഃ | ജീവാത്മാവു് |
| അത്ര | ഇവിടെ | താഭ്യാം | അവയിലൂടെ |
| ഖദ്യോതാ | ഖദ്യോതയെന്നും | ചക്ഷുഷാ | ചക്ഷുരിന്ദ്രിയത്തിന്റെ (ദ്യുമാൻ) സഹായത്താൽ |
| ആവിർമുഖീ ച | ആവിർമുഖിയെന്നും പറയപ്പെട്ടവ | വിചഷ്ടേ | രൂപജ്ഞാനം നേടുന്നു. |

11 നളിനീ നാളിനീ നാസേ ഗന്ധഃ സൗരഭ ഉച്യതേ
ഘ്രാണോവധൂതോ മുഖ്യാസ്യം വിപണോ വാഗ്രസവിദ്രസഃ

| | | | |
|---|---|---|---|
| നാസേ | രണ്ടു നാസികാദ്വാരങ്ങളും | നാളിനീ | നാളിനിയെന്നും പേർ പറയപ്പെട്ട നിർഗ്ഗമമാർഗ്ഗങ്ങളാണു്. |
| നളിനീ | നളിനിയെന്നും | | |

| | | | |
|---|---|---|---|
| ഗന്ധഃ | ഗന്ധം | വാക് | വാഗിന്ദ്രിയം |
| സൗരഭഃ | സൗരഭദേശം, | വിപണഃ | വിപണൻ, |
| ഘ്രാണഃ | ഘ്രാണേന്ദ്രിയം | രസഃ | രസനേന്ദ്രിയം |
| അവധൂതഃ | അവധൂതൻ, | രസവിത് | രസജ്ഞൻ— |
| ആസ്യം | വായ | ഉച്യതേ | ഈ വിധം പേരുമാററി പറയപ്പെട്ടതാകുന്നു. |
| മുഖ്യാ | മുഖ്യയെന്ന നിർഗ്ഗമമാർഗ്ഗം, | | |

12 ആപണോ വ്യവഹാരോഽത്ര ചിത്രമന്ധോ ബഹൂദനം
പിതൃഹൂർദക്ഷിണഃ കർണ്ണ ഉത്തരോ ദേവഹൂഃ സ്മൃതഃ

| | | | |
|---|---|---|---|
| വ്യവഹാരഃ | വാചികവ്യാപാരം | പിതൃഹൂഃ | പിതൃഹൂ എന്ന നിർഗ്ഗമമാർഗ്ഗം, |
| ആപണഃ | ആപണൻ, | | |
| ചിത്രം | പലതരത്തിലുള്ള | ഉത്തരഃ | ഇടത്തേതു് |
| അന്നം | ഭക്ഷണപദാർത്ഥം | ദേവഹൂഃ | ദേവഹൂ എന്ന നിർഗ്ഗമമാർഗ്ഗം— |
| ബഹൂദനം | ബഹൂദനൻ, | | |
| ദക്ഷിണഃ | വലത്തെ | അത്ര സ്മൃതഃ | ഇവിടെ ഇങ്ങനെ നിരൂപിക്കപ്പെട്ടതാണ്. |
| കർണ്ണഃ | കാതു് | | |

13 പ്രവൃത്തം ച നിവൃത്തം ച ശാസ്ത്രം പഞ്ചാലസംജ്ഞിതം
പിതൃയാനം ദേവയാനം ശ്രോത്രാച്ഛ്രുതിധരാദ് വ്രജേത്

| | | | |
|---|---|---|---|
| പ്രവൃത്തം ച | കർമ്മകാണ്ഡമായ പ്രവൃത്തിമാർഗ്ഗശാസ്ത്രവും | ശ്രോത്രാത് | ശ്രോത്രേന്ദ്രിയമാവുന്ന |
| | | ശ്രുതധരാത് | ശ്രുതധരൻ വഴിയായി ഇവയെ കേട്ടുധരിച്ച് |
| നിവൃത്തം ച ശാസ്ത്രം | ഉപാസനാകാണ്ഡമായ നിവൃത്തിമാർഗ്ഗശാസ്ത്രവും | പിതൃയാനം | പിതൃയാനത്തിലേക്കോ, |
| പഞ്ചാല-സംജ്ഞിതം | ദക്ഷിണോത്തരപഞ്ചാലദേശങ്ങൾ എന്ന പേരിനാൽ ചൊല്ലപ്പെട്ടു. | ദേവയാനം | ദേവയാനത്തിലേക്കോ |
| | | വ്രജേത് | ജീവാത്മാവ് പോകുന്നതാണ്. |

14 ആസുരീ മേഢ്രമർവാഗ്ദ്വാർവ്യവായോ ഗ്രാമിണാം രതിഃ
ഉപസ്ഥോ ദുർമദഃ പ്രോക്തോ നിരൃതിർഗുദ ഉച്യതേ.

| | | | |
|---|---|---|---|
| മേഢ്രം | ലിംഗം | ഉപസ്ഥഃ | ഉപസ്ഥേന്ദ്രിയം |
| ആസുരീ | ആസുരിയെന്നു് പറയപ്പെട്ട | ദുർമദഃ | ദുർമദനെന്ന മിത്രമായും |
| | | പ്രോക്തഃ | പറയപ്പെട്ടു. |
| അർവാക് | കീഴ്‌വശത്തുള്ള | ഗുദഃ | ഗുദം |
| ദ്വാഃ | ദ്വാരമാണ്. | നിരൃതിഃ | നിരൃതിയെന്നുള്ള അടുത്ത ദ്വാരമായിട്ട് |
| വ്യവായഃ | സ്ത്രീസംഗം | | |
| ഗ്രാമിണാം രതിഃ | ഗ്രാമകദേശമായും | ഉച്യതേ | ചൊല്ലപ്പെട്ടതാണ്. |

15 വൈശസം നരകം പായുർല്ലുബ്ധകോऽന്ധൗ തു മേ ശൃണു
ഹസ്തപാദൗ പുമാംസ്താഭ്യാം യുക്തോ യാതി കരോതി ച

| | | | |
|---|---|---|---|
| നരകം | നരകമെന്നതു് | ഹസ്തപാദൗ | അവ കൈകാലുകളാണു്; |
| വൈശസം | വൈശസദേശം, | പുമാൻ | ജീവൻ |
| പായുഃ | പായു എന്ന ഇന്ദ്രിയം | താഭ്യാം | അവയോടു് |
| ലുബ്ധകഃ | ലുബ്ധകൻ, | യുക്തഃ | ചേൎന്നുകൊണ്ടു് |
| അന്ധൗ തു | ഇരുവർ അന്ധന്മാരാണെന്നു പറഞ്ഞുവല്ലോ; | കരോതി | പ്രവൎത്തിക്കുകയും |
| മേ ശൃണു | അതിന്റെ സാരം എന്നിൽനിന്നു കേട്ടുകൊൾക | യാതി ച | യാത്രചെയ്യുകയും ചെയ്യുന്നു. |

16 അന്തഃപുരം ച ഹൃദയം വിഷൂചിർമ്മന ഉച്യതേ
തത്ര മോഹം പ്രസാദം വാ ഹർഷം പ്രാപ്നോതി തദ്ഗുണൈഃ

| | | | |
|---|---|---|---|
| ഹൃദയം | ഹൃദയമെന്നതു് | തദ്ഗുണൈഃ | ആ മനസ്സിന്റെ സത്ത്വാദിഗുണങ്ങൾ നിമിത്തം |
| അന്തഃപുരം | അന്തഃപുരമായും | | |
| മനഃ | മനസ്സ് | | |
| വിഷൂചിഃ ച | വിഷൂചീനനെന്ന പ്രധാനസേവകനായും | പ്രസാദം | തെളിവോ, |
| | | ഹർഷം | ഉല്ലാസമോ, |
| ഉച്യതേ | പറയപ്പെട്ടതാകുന്നു | മോഹം വാ | മയക്കമോ |
| തത്ര | അവിടെ (ജീവൻ) | പ്രാപ്നോതി | പ്രാപിക്കുന്നു. |

ഇനി “മഹിഷീ യദ്യദീഹേത—” ഇത്യാദി കഥാകഥനത്തിന്റെ താത്പര്യം ചുരുക്കിപറയുന്നു—

17 യഥാ യഥാ വിക്രിയതേ ഗുണാക്തോ വികരോതി വാ
തഥാ തഥോപദ്രഷ്ടാऽऽത്മാ തദ്വൃത്തീരനുകാര്യതേ.

| | | | |
|---|---|---|---|
| യഥാ യഥാ | ഏതെല്ലാം പ്രകാരം | ആത്മാ | ജീവൻ (പുരഞ്ജനൻ) |
| (ബുദ്ധിഃ) | ബുദ്ധി (കഥയിലെ പുരഞ്ജനി) | തഥാ തഥാ | അതാതു പ്രകാരംതന്നെ |
| | | തദ്വൃത്തീഃ | അതിന്റെ വൃത്തികളെ (ദൎശനസ്പൎശനാദികളെ) |
| വിക്രിയതേ | വികാരപ്പെടുകയോ, | ഉപദ്രഷ്ടാ | വാസ്തവത്തിൽ നിൎവ്വികാരനായി, സാക്ഷിയായിട്ടുള്ളവനാണെങ്കിലും, |
| വികരോതി വാ | വികാരം കൊള്ളിക്കുകയോ ചെയ്യുമ്പോൾ | | |
| ഗുണാക്തഃ | ആ വക ഗുണങ്ങളാൽ ലിപ്തനായിത്തീരുന്ന | അനുകാര്യതേ | അനുകരിക്കപ്പെട്ടുപോകുന്നു |

18 ദേഹോ രഥസ്ത്വിന്ദ്രിയാശ്വഃ സംവത്സരരയോऽഗതിഃ
ദ്വികൎമ്മചക്രസ്ത്രിഗുണധ്വജഃ പഞ്ചാസുബന്ധുരഃ

19 മനോരശ്മിർബുദ്ധിസൂതോ ഹൃന്നീഡോ ദ്വന്ദ്വകൂബരഃ
പഞ്ചേന്ദ്രിയാർത്ഥപ്രക്ഷേപഃ സപ്തധാതുവരൂഥകഃ

| | |
|---|---|
| ദേഹഃ | ശരീരമാവുന്ന |
| രഥഃ തു | രഥമാകട്ടെ |
| ഇന്ദ്രിയാശ്വാഃ | ജ്ഞാനേന്ദ്രിയങ്ങളാവുന്ന അഞ്ചുകുതിരകളുള്ളതും, |
| സംവത്സരരയഃ | സംവത്സരത്തിന്റേതുപോലെ ഗമനവേഗമുള്ളതായി തോന്നപ്പെടുന്നതും, |
| അഗതിഃ | വാസ്തവത്തിൽ ഗമനമേ ഇല്ലാത്തതും, |
| ദ്വികർമ്മചക്രഃ | പുണ്യപാപകർമ്മങ്ങളാവുന്ന ഇരുചക്രങ്ങളുള്ളതും, |
| ത്രിഗുണധ്വജഃ | സത്ത്വാദി ഗുണങ്ങളായ മൂന്നു കൊടികൾ സ്ഥാപിച്ചതും, |
| പഞ്ചാസുബന്ധുരഃ | അഞ്ചുപ്രാണവൃത്തികളാവുന്ന കെട്ടുകയറുകളോടുകൂടിയതും, |
| മനോരശ്മിഃ | മനസ്സാവുന്ന കടിഞ്ഞാണുള്ളതും, |
| ബുദ്ധിസൂതഃ | ബുദ്ധിയാവുന്ന സാരഥിയോടുചേർന്നതും, |
| ഹൃന്നീഡഃ | ഹൃദയമാവുന്ന ഇരിപ്പിടമിട്ടിരിക്കുന്നതും, |
| ദ്വന്ദ്വകൂബരഃ | സുഖദുഃഖാദിദ്വന്ദ്വമാവുന്ന നുകങ്ങൾ വെച്ചതും, |
| പഞ്ചേന്ദ്രിയാർത്ഥപ്രക്ഷേപഃ | അഞ്ചു് ഇന്ദ്രിയാർത്ഥങ്ങളാവുന്ന ആയുധങ്ങളുള്ളതും, |
| സപ്തധാതുവരൂഥകഃ | സപ്തധാതുക്കളാവുന്ന ആവരണങ്ങളോടുകൂടിയതുമാകുന്നു. |

20 ആകൂതിർ വിക്രമോ വാഹ്യോ മൃഗതൃഷ്ണാം പ്രധാവതി
ഏകാദശേന്ദ്രിയചമൂഃ പഞ്ചസൂനാവിനോദകൃത്.

| | |
|---|---|
| ആകൂതിഃ | കർമ്മേന്ദ്രിയങ്ങൾ |
| വിക്രമഃ | ഗതിപ്രകാരങ്ങളാണു്. |
| ഏകാദശേന്ദ്രിയചമൂഃ | പതിനൊന്നു് ഇന്ദ്രിയങ്ങളാവുന്ന സേനകളോടുകൂടിയിരിക്കുന്ന |
| വാഹ്യഃ | വാഹനസ്ഥനായ ജീവൻ |
| പഞ്ചസൂനാവിനോദകൃത് | പഞ്ചേന്ദ്രിയങ്ങൾ കൊണ്ടു് ഹിംസാവിനോദം (ന്യായസംഗതമല്ലാത്ത വിഷയസേവ) ചെയ്തുകൊണ്ടു് |
| മൃഗതൃഷ്ണാം | മരുമരീചികപോലെ മിഥ്യയായ വിഷയവിഭ്രാന്തിയിലേക്കു് |
| പ്രധാവതി | പാഞ്ഞുപോകുന്നു. |

പുരഞ്ജനൻ ഒരു പ്രത്യേകതരം തേരിൽ കയറി നായാട്ടിനുപോയ വൃത്താന്തത്തിന്റെ വ്യാഖ്യാനമാണു് മേൽപ്പറഞ്ഞ മൂന്നു് ശ്ലോകം കൊണ്ടു് കാണിച്ചതു്. ഇനി ഗന്ധർവ്വയവനാദികളുടെ വ്യാഖ്യാനം പറഞ്ഞുതുടങ്ങുന്നു—

21 സംവത്സരശ്ചണ്ഡവേഗഃ കാലോ യേനോപലക്ഷിതഃ
തസ്യാഹാനീഹ ഗന്ധർവ്വാ ഗന്ധർവ്യോ രാത്രയഃ സ്മൃതാഃ.
ഹരന്ത്യായുഃ പരിക്രാന്ത്യാ ഷഷ്ട്യുത്തരശതത്രയം

| | | | |
|---|---|---|---|
| യേന കാലഃ | യാതൊന്നിലൂടെ കാലം | അഹാനി | പകലുകളും, |
| ഉപലക്ഷിതഃ | ഉപജ്ഞാതമായി വരുന്നുവോ, | ഗന്ധർവ്വ്യഃ | ഗന്ധർവ്വിമാർ |
| | | രാത്രയഃ | രാത്രികളും ആണെന്നു് |
| സംവത്സരഃ | ആ സംവത്സരമാണു് | ഇഹ സ്മൃതാഃ | ഇവിടെ കരുതപ്പെട്ടു. |
| ചണ്ഡവേഗഃ | ചണ്ഡവേഗനെന്ന ഗന്ധർവ്വരാജൻ | ഷഷ്ട്യുത്തര ശതത്രയം | വെവ്വേറെ മുന്നൂററവപ്തു സംഖ്യ വരുന്ന ഇവർ |
| തസ്യ | അവൻെറ അധീനത്തിലുള്ള | പരിക്രാന്ത്യാ | വട്ടം കറങ്ങിക്കൊണ്ടു് |
| | | ആയുഃ | മനുഷ്യായുസ്സിനെ |
| ഗന്ധർവ്വാഃ | ഗന്ധർവ്വന്മാർ | ഹരന്തി | കാൻെറുകന്നു. |

22 കാലകന്യാ ജരാ സാക്ഷാല്ലോകസ്താം നാഭിനന്ദതി
സ്വസാരം ജഗൃഹേ മൃത്യുഃ ക്ഷയായ യവനേശ്വരഃ

| | | | |
|---|---|---|---|
| കാലകന്യാ | കാലൻെറ മകൾ എന്നു പറഞ്ഞതു് | മൃത്യുഃ | മരണമാവുന്ന |
| | | യവനേശ്വരഃ | യവനരാജാവു് |
| സാക്ഷാത് | സാക്ഷാത്തായ | | |
| ജരാ | വാർദ്ധക്യമാണു്. | ക്ഷയായ | ലോകസംഹാരത്തിനായി |
| താം | അവളെ | | |
| ലോകഃ | ലോകത്തിലാരും | സ്വസാരം | അവളെ സോദരിയായി |
| ന അഭിനന്ദതി | അഭിനന്ദിക്കാറില്ല. | ജഗൃഹേ | സ്വീകരിച്ചു. |

23 ആധയോ വ്യാധയസ്തസ്യ സൈനികാ യവനാശ്ചരാഃ
ഭൂതോപസർഗാശുരയഃ പ്രജ്വാരോ ദ്വിവിധോ ജ്വരഃ.

| | | | |
|---|---|---|---|
| ആധയഃ | ആധികളും | ഭൂതോപസർഗാശുരയഃ | പ്രാണിപീഡനത്തിൽ അതിവേഗംകൊള്ളുന്ന |
| വ്യാധയഃ | വ്യാധികളും | | |
| തസ്യ | അവൻെറ | പ്രജ്വാരഃ | പ്രജ്വാരനെന്നവൻ |
| ചരാഃ | കാലാൾ | ദ്വിവിധഃ | ശീതോഷ്ണഭേദേന രണ്ടു തരത്തിലുള്ള |
| സൈനികാഃ | പടയാളികളായ | | |
| യവനാഃ | യവനന്മാരാകുന്നു. | ജ്വരഃ | പനിയാണു് |

ഇപ്രകാരം പുരഞ്ജനകഥയിലൂടെ പരോക്ഷമായി വ്യഞ്ജിപ്പിച്ചതിൻെറ സാക്ഷാത്തായ അർത്ഥം വ്യാഖ്യാനിച്ചുകൊടുത്തശേഷം പ്രസ്തുത കഥയിൽ ആകെ ഉൾക്കൊണ്ടിരിക്കുന്ന താത്പര്യാർത്ഥം വ്യക്തമാക്കുന്നു—

24 ഏവം ബഹുവിധൈർദുഃഖൈർദൈവഭൂതാത്മസംഭവൈഃ
ക്ലിശ്യമാനഃ ശതം വർഷം ദേഹേ ദേഹീ തമോവൃതഃ

25 പ്രാണേന്ദ്രിയമനോധർമ്മാനാത്മന്യധ്യാസ്യ നിർഗ്ഗുണഃ
ശേതേ കാമലവാൻ ധ്യായൻ മമാഹമിതി കർമ്മകൃത്.

| | |
|---|---|
| ഏവം | ഇപ്രകാരം |
| തമോവൃതഃ | തമോഗുണത്താൽ ആച്ഛാദിതനായിത്തീൎന്ന |
| ദേഹീ | ജീവാത്മാവു് |
| ദൈവഭൂതാത്മസംഭവൈഃ | അധിദൈവം, അധിഭൂതം, അദ്ധ്യാത്മം എന്നിവയെ നിമിത്തീകരിച്ചുണ്ടായ |
| ബഹുവിധൈഃ | നാനാതരത്തിലുള്ള |
| ദുഃഖൈഃ | ദുഃഖങ്ങളാൽ |
| ക്ലിശ്യമാനഃ | ക്ലേശിപ്പിക്കപ്പെട്ടുകൊണ്ടും, |
| നിൎഗ്ഗുണഃ | സ്വതേ നിൎഗ്ഗുണനെന്നിരിക്കിലും |
| പ്രാണേന്ദ്രിയമനോധൎമ്മാൻ | പ്രാണേന്ദ്രിയമനസ്സുകളുടെ ധൎമ്മങ്ങളായ പൈദാഹാദികളും, അന്ധതാദികളും, കാമാദികളും എന്നിവയെ |
| ആത്മനി | ആത്മാവിൽ (തന്നിൽ) |
| അധ്യാസ്യ | ആരോപിച്ചു് |
| മമ അഹം | എന്റെയെന്നും ഞാനെന്നും |
| ഇതി | ഉള്ള മിഥ്യാഭിമാനത്തോടെ |
| കാമലവാൻ | വിഷയസുഖലേശങ്ങളെ |
| ധ്യായൻ | കൊതിച്ചുകൊണ്ടും |
| കൎമ്മകൃത് | കൎമ്മങ്ങളുംചെയ്തുകൊണ്ടും |
| ശതം വൎഷം | നൂറുവൎഷത്തോളം |
| ദേഹേ | മനുഷ്യശരീരത്തിൽ |
| ശേതേ | കിടക്കുന്നു. |

അതിൽപ്പിന്നെ എന്തെന്നുള്ളതു് ഇനി രണ്ടു് ശ്ലോകം കൊണ്ടു് പറയുന്നു—

26 യദാऽത്മാനമവിജ്ഞായ ഭഗവന്തം പരം ഗുരും
പുരുഷസ്തു വിഷജ്ജേത ഗുണേഷു പ്രകൃതേഃ സ്വദൃക്

27 ഗുണാഭിമാനീ സ തദാ കൎമ്മാണി കുരുതേऽവശഃ
ശുക്ലം കൃഷ്ണം ലോഹിതം വാ യഥാകൎമ്മാഭിജായതേ.

| | |
|---|---|
| പുരുഷഃ തു | ജീവാത്മാവാകട്ടെ |
| സ്വദൃക് | സ്വപ്രകാശസ്വഭാവനാണു്. |
| (തഥാപി) | എന്നിരിക്കിലും, |
| യദാ | എപ്പോൾ വരെ |
| പരം ഗുരും | പരമഗുരുവും |
| ആത്മാനം | ആത്മസ്വരൂപനുമായ |
| ഭഗവന്തം | ഭഗവാനെ |
| അവിജ്ഞായ | അറിയാതെയിരിക്കുന്നുവോ, |
| തദാ | അപ്പോൾവരെക്കും |
| പ്രകൃതേഃ | പ്രകൃതിയുടെ |
| ഗുണേഷു | ഗുണങ്ങളിൽ |
| വിഷജ്ജേത | ആസക്തനായേക്കും; |
| ഗുണാഭിമാനീ | ആ വിധം പ്രകൃതിഗുണങ്ങളിൽ മമതാഭിമാനമാൎന്ന |
| സഃ | അവൻ (ജീവൻ) |
| അവശഃ | വിവശനായിട്ടു്, |
| ശുക്ലം | സാത്വികമോ |
| കൃഷ്ണം | താമസമോ |
| ലോഹിതം വാ | രാജസമോ ആയ |
| കൎമ്മാണി | കൎമ്മങ്ങളെ |
| കുരുതേ | ചെയ്തുകൊണ്ടിരിക്കുന്നു. |
| യഥാകൎമ്മ | കൎമ്മാനുസൃതമായി |
| അഭിജായതേ | മറുപിറവിയെടുക്കുന്നു. |

ഇപ്പറഞ്ഞതിനെ ഒന്നുകൂടി വിവരിക്കുന്നു—

28 ശുക്ലാത് പ്രകാശഭൂയിഷ്ഠാൻ ലോകാനാപ്നോതി കർഹിചിത്.
ദുഃഖോദർക്കാൻ ക്രിയായാസാംസ്തമഃ ശോകോത്കടാൻ ക്വചിത്.

| | |
|---|---|
| കർഹിചിത് | ചിലപ്പോൾ |
| ശുക്ലാത് | സാത്ത്വികകർമ്മങ്ങൾ കൊണ്ടു് |
| പ്രകാശഭൂയിഷ്ഠാൻ | പ്രകാശബാഹുല്യമുള്ള (സ്വർഗ്ഗാദി) |
| ലോകാൻ | ലോകങ്ങളെയും |
| ക്വചിത് | മററു ചിലപ്പോൾ |
| (ലോഹിതാത്) | രാജസകർമ്മങ്ങളാൽ |
| ക്രിയായാസാൻ | കർമ്മക്ലേശപരങ്ങളും |
| ദുഃഖോദർക്കാൻ | ദുഃഖത്തിന്നു് ഇടവരുത്തുന്നവയുമായ മാനുഷലോകങ്ങളേയും, |
| (കൃഷ്ണാത്) | തമോമയകർമ്മങ്ങളാൽ |
| ശോകോത്കടാൻ | ദുഃഖതീവ്രതകൾ പാത്രീഭവിക്കുന്ന തിൎയ്യക്കുകളുടെ ലോകങ്ങളേയും |
| ആപ്നോതി | പ്രാപിക്കുന്നു. |

29 ക്വചിത് പുമാൻ ക്വചിച്ച സ്ത്രീ ക്വചിന്നോഭയമന്ധധീഃ
ദേവോ മനുഷ്യസ്തിൎയ്യഗ്വാ യഥാകർമ്മഗുണം ഭവഃ

| | |
|---|---|
| ദേവഃ | ദേവനായിട്ടോ, |
| മനുഷ്യഃ | മനുഷ്യനായിട്ടോ, |
| തിൎയ്യക് വാ | പക്ഷിമൃഗാദിവൎഗ്ഗമായിട്ടോ ഭവിക്കുന്ന |
| അന്ധധീഃ | അന്ധബുദ്ധിയായ ജീവൻ |
| ക്വചിത് | ചില ജന്മത്തിൽ |
| പുമാൻ | പുരുഷനായും, |
| ക്വചിത് | ചിലപ്പോൾ |
| സ്ത്രീ | സ്ത്രീയായും, |
| ക്വചിത് | ചിലപ്പോൾ |
| നോഭയം ച | രണ്ടുമല്ലാത്തതായും പിറന്നുകൊണ്ടിരിക്കും. |
| യഥാകർമ്മഗുണം | കർമ്മത്തിനും ഗുണത്തിനും അനുസരിച്ചു് |
| ഭവഃ | ജന്മം സംഭവിക്കുന്നു. |

30 ക്ഷുത്പരീതോ യഥാ ദീനഃ സാരമേയോ ഗൃഹം ഗൃഹം
ചരൻ വിന്ദതി യദ്ദിഷ്ടം ദണ്ഡമോദനമേവ വാ

31 തഥാ കാമാശയോ ജീവ ഉച്ചാവചപഥാ ഭ്രമൻ
ഉപൎയ്യധോ വാ മധ്യേ വാ യാതി ദിഷ്ടം പ്രിയാപ്രിയം.

| | |
|---|---|
| യഥാ | ഏതുപ്രകാരമാണോ |
| ക്ഷുത്പരീതഃ | വിശപ്പുബാധിച്ചു് |
| ദീനഃ | അവശനായ |
| സാരമേയഃ | ഒരു ശ്വാവു് |
| ഗൃഹം ഗൃഹം | വീട്ടുതോറും |
| ചരൻ | അലഞ്ഞുനടന്നു് |
| ദിഷ്ടം യത് | വിധിയോഗം പോലെ |
| ദണ്ഡം വാ | തല്ലോ, അല്ലെങ്കിൽ |
| ഓദനം ഏവ | ഭക്ഷണസാധനം തന്നെയോ |
| വിന്ദതി | പ്രാപിക്കുന്നതു്, |
| തഥാ | ആ വിധം |
| കാമാശയഃ | ഉള്ളിൽ ഭോഗലാലസയാന്ന |
| ജീവഃ | ജീവൻ |
| ഉച്ചാവചപഥാ | ഉയൎച്ചയും താഴ്ചയുമുള്ള മാൎഗ്ഗത്തിലൂടെ |
| ഉപരി | മുകളിലേക്കോ, |

| | | | |
|---|---|---|---|
| കേവലം | കേവലമായുള്ള | ഹി | എന്തെന്നാൽ |
| കർമ്മ | മറെറാരു കർമ്മം | ദ്വയം | രണ്ടും |
| ഏകാന്തതഃ | ആത്യന്തികമായ | അവിദ്യോ-പസൃതം | അവിദ്യയാൽ അഭിവ്യാപ്തമായതാണ്. |
| പ്രതീകാരഃ ന | നിവൃത്തിമാർഗ്ഗമാകയില്ല. | | |

സ്വപ്നത്തിലുണ്ടാവുന്ന സ്വപ്നാന്തരം യഥാർത്ഥത്തിൽ സ്വപ്നനിവൃത്തിയാകുന്നില്ല. അതുപോലെ കർമ്മത്തിന്ന് മറെറാരു കർമ്മം പരിഹാരമാകുന്നതല്ലെന്ന് സാരം.

ശരി, ഈ സംസാരദുഃഖത്തിന്ന് കാരണമാകുന്ന ദേഹാദികൾ തന്നെ മിഥ്യയാണെന്നല്ലേ പറയുന്നത്? ആ സ്ഥിതിക്ക്, അതിൽനിന്ന് നിവർത്തിക്കുവാനുള്ള വൃഥായാസം എന്തിന്? ഈ ആശങ്കയ്ക്ക് സമാധാനം പറയുന്നു.

35 അർത്ഥേ ഹ്യവിദ്യമാനേഽപി സംസൃതിർന്ന നിവർത്തതേ
മനസാ ലിംഗരൂപേണ സ്വപ്നേ വിചരതോ യഥാ

| | | | |
|---|---|---|---|
| സ്വപ്നേ | സ്വപ്നാവസ്ഥയിൽ | അർത്ഥേ | ദേഹാദിദൃശ്യപദാർത്ഥം |
| ലിംഗരൂപേണ | ഉപാധിഭൂതമായ | അവിദ്യമാനേ അപി ഹി | വാസ്തവത്തിൽ ഇല്ലെന്നിരിക്കിൽക്കൂടിയും |
| മനസാ | മനോമയസൂക്ഷ്മശരീരത്തോടെ | സംസൃതിഃ | ജന്മമരണരൂപമായ സംസാരദുഃഖം |
| വിചരതഃ | വ്യാപരിക്കുന്നവന്ന് | ന നിവർത്തതേ | നീങ്ങിപ്പോകുന്നതല്ല. |
| യഥാ | പ്രപഞ്ചം പ്രതിഭാസിക്കുന്നതുപോലെ | | |

ദേഹാദ്യഭാവത്തിലും അവിദ്യാസംബന്ധത്താൽ ജീവന്ന് സംസാരമുക്തിയുണ്ടാവുന്നില്ലെന്ന് സാരം.

എന്നാൽ, ആ മുക്തിക്കുള്ള മാർഗ്ഗമെന്ത്? അത് പറഞ്ഞുതുടങ്ങുന്നു—

36 അഥാത്മനോഽർത്ഥഭൂതസ്യ യതോഽനർത്ഥപരംപരാ
സംസൃതിസ്തദ്വ്യവച്ഛേദോ ഭക്ത്യാ പരമയാ ഗുരൗ.

| | | | |
|---|---|---|---|
| അഥ | ആകയാൽ | | സംഭവിച്ചുകൊണ്ടിരിക്കുന്നുവോ, |
| അർത്ഥഭൂതസ്യ | പരമാർത്ഥസ്വരൂപമായിത്തന്നെ ഇരിക്കുന്ന | തദ്വ്യവച്ഛേദഃ | അതിന്റെ ആത്യന്തികനിവൃത്തി |
| ആത്മനഃ | ആത്മാവിന്ന് | ഗുരൗ | ഗുരുസ്വരൂപനായ ശ്രീഹരിയിൽ |
| യതഃ | യാതൊരു അവിദ്യോപാധിനിമിത്തം | പരമയാ | വേരുറച്ചുവളർന്ന |
| അനർത്ഥ-പരംപരാ | അനർത്ഥങ്ങളുടെ പരംപരയാവുന്ന | ഭക്ത്യാ | ഭക്തികൊണ്ടുമാത്രമെ സംജാതമാകയുള്ളൂ. |
| സംസൃതിഃ | ജനനമരണാദി ക്ലേശം | | |

ജനനമരണക്ലേശബഹുളമായ സംസൃതിയുടെ നിവൃത്തി വൈരാഗ്യപൂർവ്വകമായ ആത്മജ്ഞാനംകൊണ്ടല്ലാതെ ഭക്തികൊണ്ടെങ്ങനെയുണ്ടാകും ? "തരതി ശോകമാത്മവിത്" എന്നല്ലേ ശ്രുതിവചനം ? ഈ പൂർവ്വപക്ഷത്തെ ആശങ്കിച്ചു പറയുന്നു—

37 വാസുദേവേ ഭഗവതി ഭക്തിയോഗഃ സമാഹിതഃ
സധ്രീചീനേന വൈരാഗ്യം ജ്ഞാനം ച ജനയിഷ്യതി

| | | | |
|---|---|---|---|
| ഭഗവതി | ഭഗവാനായ | ഭക്തിയോഗഃ | നിരന്തരഭക്തിഭാവം |
| വാസുദേവേ | ശ്രീവാസുദേവനിൽ | വൈരാഗ്യം | വൈരാഗ്യത്തേയും |
| സധ്രീചീനേന | സമുചിതരീതിയിലൂടെ | ജ്ഞാനം ച | ആത്മജ്ഞാനത്തേയും |
| സമാഹിതഃ | ഏകാഗ്രമായി അർപ്പിക്കപ്പെട്ട | ജനയിഷ്യതി | ജനിപ്പിച്ചുകൊള്ളും |

വൈരാഗ്യജ്ഞാനങ്ങളെ ജനിപ്പിക്കുന്ന ഭക്തിയോഗം ഏതുവഴിക്കുണ്ടാകും ? അതു് താഴെ പറയുന്നു—

38 സോഽചിരാദേവ രാജർഷേ സ്യാദച്യുതകഥാശ്രയഃ
ശൃണ്വതഃ ശ്രദ്ദധാനസ്യ നിത്യദാ സ്യാദധീയതഃ

| | | | |
|---|---|---|---|
| രാജർഷേ | ഹേ രാജർഷേ ! | സ്യാത് | ഉണ്ടാകുന്നതാണ് |
| സഃ | ആ ഭക്തിഭാവം | നിത്യദാ | പതിവായി |
| അച്യുത- കഥാശ്രയഃ | ശ്രീഹരിയുടെ ലീലാകഥകളെ ആശ്രയിച്ചു് | ശ്രദ്ദധാനസ്യ | ശ്രദ്ധായുക്തനായിട്ട് |
| | | ശൃണ്വതഃ | കഥകേൾക്കുന്നവനും |
| അചിരാത് ഏവ | കാലതാമസം നേരിടാതെ തന്നെ | അധീയതഃ | വായിച്ചറിയുന്നവനും |
| | | സ്യാത് | ഉണ്ടാകുന്നതാണ്. |

ഉണ്ടാകുന്നതെവിത്തിൽവെച്ചു് ? അതു കാണിക്കുന്നു—

39 യത്ര ഭാഗവതാ രാജൻ സാധവോ വിശദാശയാഃ
ഭഗവദ്ഗുണാനുകഥനശ്രവണവ്യഗ്രചേതസഃ

40 തസ്മിൻ മഹന്മുഖരിതാ മധുഭിച്ചരിത്ര-
പീയൂഷശേഷസരിതഃ പരിതഃ സ്രവന്തി
താ യേ പിബന്ത്യവിതൃഷോ നൃപ ഗാഢകർണ്ണൈ-
സ്താന്ന സ്പൃശന്ത്യശനതൃഡ്ഭയശോകമോഹാഃ.

| | | | |
|---|---|---|---|
| രാജൻ | ഹേ രാജാവേ ! | വിശദാശയാഃ | ശുദ്ധാന്തഃകരണന്മാരും |
| യത്ര | യാതൊരു ദിക്കിൽ | ഭാഗവതാഃ | ഭഗവദ്ഭക്തന്മാരുമായ |
| ഭഗവദ്- ഗുണാനുകഥന- ശ്രവണ- വ്യഗ്രചേതസഃ | ഭഗവാന്റെ ഗുണങ്ങളെ ചൊല്ലിവാഴ്ത്തുന്നതിലും ശ്രവിക്കുന്നതിലും തിട്ടക്കംകൊള്ളുന്ന മനോവൃത്തിയോടുകൂടിയവരും | സാധവഃ | സജ്ജനങ്ങൾ സമ്മേളിക്കുന്നുവോ, |
| | | തസ്മിൻ | അദ്ദിക്കിൽ |

| | |
|---|---|
| മഹന്മുഖരിതാഃ | മഹാപുരുഷന്മാരുടെ മുഖത്തിൽനിന്നു് നിർഗ്ഗളിച്ച |
| മധുഭിച്ചരിത്രപീയൂഷശേഷസരിതഃ | ഹരികഥാമൃതമാവുന്ന തെളിനീരൊഴുകുന്ന പുഴകൾ |
| പരിതഃ | എമ്പാടും |
| സ്രവന്തി | ഒഴുകിക്കൊണ്ടിരിക്കുന്നു. |
| നൃപ | രാജാവേ ! |
| യേ | യാതൊരുവർ |
| അവിതൃഷാഃ | കേൾക്കെക്കേൾക്കെ സംതൃപ്തിവരാത്തവരായി ഭവിച്ചുകൊണ്ടു് |
| ഗാഢകൎണ്ണൈഃ | ശ്രദ്ധയെഴുന്ന കാതുകളാൽ |
| താഃ | അവയെ |
| പിബന്തി | പാനം ചെയ്യുന്നുവോ, |
| താൻ | ആ ഭക്തിരസജ്ഞന്മാരെ |
| അശനതൃഡ്ഭയശോകമോഹാഃ | പൈദാഹങ്ങളോ, ഭയശോകങ്ങളോ, മോഹമോ |
| ന സ്പൃശന്തി | സ്പൎശിക്കുന്നതല്ല. |

ഇങ്ങനെ തന്നെത്താൻ വിസ്മരണം വരുത്തുന്ന അനുസ്യൂതഭക്തി സത്സംഗം കൊണ്ടു് മാത്രമേ സാധിതമാകയുള്ളു. ഏകാന്തതയിൽ കഥാചിന്തനാദികളിലേൎപ്പെട്ടുമ്പോൾ ആലസ്യവും രസവിച്ഛിത്തിയും പൈദാഹാദികളും വന്നുചേരും. അപ്പോൾ ഭക്തിയോഗം പൂൎണ്ണമാകുന്നതുമല്ല. ഈ സംഗതി ചൂണ്ടിക്കാണിക്കുന്നു—

41 ഏതൈരുപദ്രുതോ നിത്യം ജീവലോകഃ സ്വഭാവജൈഃ
ന കരോതി ഹരേൎന്നൂനം കഥാമൃതനിധൌ രതിം

| | |
|---|---|
| സ്വഭാവജൈഃ | പ്രകൃതിജങ്ങളായ |
| ഏതൈഃ | ഈ പൈദാഹാദികളാൽ |
| നിത്യം | സൎവ്വദാ |
| ഉപദ്രുതഃ | ശല്യപ്പെടുത്തപ്പെട്ടിട്ടു് |
| ജീവലോകഃ | പ്രാണിവൎഗ്ഗം |
| ഹരേഃ | ശ്രീഹരിയുടെ |
| കഥാമൃതനിധൌ | കഥാമൃതസിന്ധുവിൽ |
| രതിം | ആസക്തിയെ |
| ന കരോതി | ചെയ്യുകയില്ല, |
| നൂനം | എന്നതാണു് വാസ്തവം |

ഭക്തികൊണ്ടു് ഭഗവദനുഗ്രഹം സിദ്ധിക്കാതെ ആൎക്കുമേ ആത്മജ്ഞാനം കൈവരികയില്ലെന്നു് കൈമുതികന്യായേന നാലുശ്ലോകംകൊണ്ടു് പറയുന്നു.

42 പ്രജാപതിപതിഃ സാക്ഷാദ്ഭഗവാൻ ഗിരിശോ മനുഃ
ദക്ഷാദയഃ പ്രജാധ്യക്ഷാ നൈഷ്ഠികാഃ സനകാദയഃ

43 മരീചിരത്ര്യംഗിരസൌ പുലസ്ത്യഃ പുലഹഃ ക്രതുഃ
ഭൃഗുൎവസിഷ്ഠ ഇത്യേതേ മദന്താ ബ്രഹ്മവാദിനഃ

44 അദ്യാപി വാചസ്പതയസ്തപോവിദ്യാസമാധിഭിഃ
പശ്യന്തോഽപി ന പശ്യന്തി പശ്യന്തം പരമേശ്വരം

| | |
|---|---|
| സാക്ഷാത് | ശരിക്കും |
| പ്രജാപതിപതിഃ | പ്രജാപതിമാരുടെ പതിയായ ബ്രഹ്മദേവൻ, |
| ഭഗവാൻ | ഭഗവാനായ |
| ഗിരിശഃ | ശ്രീശങ്കരൻ, |
| മനുഃ | സ്വായംഭുവമനു, |
| ദക്ഷാദയഃ | ദക്ഷൻ മുതലായുള്ള |
| പ്രജാധ്യക്ഷാഃ | പ്രജാപതിമാർ, |
| സനകാദയഃ | സനകാദികളായ |
| നൈഷ്ഠികാഃ | യാവജ്ജീവബ്രഹ്മചാരി[കൾ, |
| മരീചിഃ | മരീചി, |
| അത്ര്യംഗിരസൌ | അത്രി, അംഗിരസ്സ്, |
| പുലസ്ത്യഃ | പുലസ്ത്യൻ, |
| പുലഹഃ ക്രതുഃ | പുലഹൻ, ക്രതു, |
| ഭൃഗുഃ വസിഷ്ഠഃ | ഭൃഗു, വസിഷ്ഠൻ |
| ഇതി ഏതേ | എന്നുതുടങ്ങി |
| മദന്താഃ | ഞാൻ വരെക്കുമുള്ള |
| ബ്രഹ്മവാദിനഃ | വേദവാദികൾ |
| വാചസ്പതയഃ | സമസ്തവാങ്മയത്തിന്റെയും അധിപതികളായിരുന്നിട്ടു് |
| തപോവിദ്യാസമാധിഭിഃ | തപസ്സ്, ഉപാസന, സമാധി എന്നീ മാൎഗ്ഗങ്ങളിലൂടെ |
| പശ്യന്തഃ അപി | തിരഞ്ഞുനോക്കുന്നുണ്ടെങ്കിലും |
| പശ്യന്തം | എല്ലാം കണ്ടുകൊണ്ടിരിക്കുന്ന (സൎവ്വസാക്ഷിയായ) |
| പരമേശ്വരം | പരമേശ്വരനെ |
| അദ്യാപി | ഇതുവരേക്കും |
| ന പശ്യന്തി | കാണാൻ കഴിഞ്ഞിട്ടില്ല. |

അതിനുള്ള കാരണം പറയുന്നു—

45 ശബ്ദബ്രഹ്മണി ദുഷ്പാരേ ചരന്ത ഉരുവിസ്തരേ
മന്ത്രലിംഗൈർവ്യവച്ഛിന്നം ഭജന്തോ ന വിദുഃ പരം

| | |
|---|---|
| ഉരുവിസ്തരേ | അതിവിശാലവും |
| ദുഷ്പാരേ | ആശയം കൊണ്ടു് അതിരുകാണാത്തതുമായ |
| ശബ്ദബ്രഹ്മണി | വേദത്തിൽ |
| ചരന്തഃ | വിചരിച്ചുകൊണ്ടു്, |
| മന്ത്രലിംഗൈഃ | മന്ത്രങ്ങളാൽ ജ്ഞാപകങ്ങളായ ഇന്ദ്രാദിദേവരൂപങ്ങളാൽ |
| വ്യവച്ഛിന്നം | വിവിധാകാരേണ പരിച്ഛിന്നനായിരിക്കുന്ന ഈശ്വരനെ |
| ഭജന്തഃ | ഭജിച്ചുകൊണ്ടിരുന്നു് |
| പരം | പരമേശ്വരനെ |
| ന വിദുഃ | താത്ത്വികമായിട്ടറിയുന്നില്ല. |

എന്നാൽ കൎമ്മാദ്യാഗ്രഹം വിട്ടു് പരമേശ്വരനെ ഭജിക്കുന്നവൻ ആരു്? അതു് പറയുന്നു—

ബ്രഹ്മാദികൾക്കു് അറിവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ മററുള്ളവരുടെ കാര്യം ചോദിക്കാനുണ്ടോ?

46 യദാ യമനുഗൃഹ്ണാതി ഭഗവാനാത്മഭാവിതഃ
സ ജഹാതി മതിം ലോകേ വേദേ ച പരിനിഷ്ഠിതാം

| | |
|---|---|
| ഭഗവാൻ | സൎവ്വേശ്വരൻ |
| ആത്മഭാവിതഃ | ഹൃദയത്തിൽ അനുധ്യാതനായിട്ടു് |
| യദാ യം | എപ്പോൾ യാതൊരാളെ |
| അനുഗൃഹ്ണാതി | അനുഗ്രഹിക്കുന്നുവോ, |
| (തദാ) സഃ | അപ്പോൾ അവൻ |
| ലോകേ | ലോകവ്യവഹാരത്തിലും |

| | | | |
|---|---|---|---|
| വേദേ ച | വേദോക്തകർമ്മമാർഗ്ഗത്തി[ലും | മതിം | ശ്രദ്ധാബുദ്ധിയെ |
| പരിനിഷ്ഠിതാം | ഊന്നിയുറച്ച | ജഹാതി | വിട്ടുകളയുന്നു. |

47 തസ്മാത് കർമ്മസു ബർഹിഷ്മന്നജ്ഞാനാദർത്ഥകാശിഷു
മാഽർത്ഥദൃഷ്ടിം കൃഥാഃ ശ്രോത്രസ്പർശിഷ്വസ്പൃഷ്ടവസ്തുഷു.

| | | | |
|---|---|---|---|
| തസ്മാത് | അതിനാൽ | അസ്പൃഷ്ട-വസ്തുഷു | പരമാർത്ഥതയുടെ സ്പർശമില്ലാത്തവയുമായ |
| ബർഹിഷ്മൻ | പ്രാചീനബർഹിസ്സേ! | കർമ്മസു | കർമ്മങ്ങളിൽ |
| അജ്ഞാനാത് | അജ്ഞാനംമൂലം | അർത്ഥദൃഷ്ടിം | പരമപുരുഷാർത്ഥബുദ്ധിയെ |
| അർത്ഥകാശിഷു | പരമാർത്ഥത്വേന പ്രകാശിക്കുന്നവയും | മാ കൃഥാഃ | അംഗീകരിക്കരുത് |
| ശ്രോത്രസ്പർശിഷു | കാതുകൾക്ക് സുഖംകൊടുക്കുന്നവയും | | |

കർമ്മങ്ങൾ സ്വർഗ്ഗാദിസാധനത്വേന വേദത്താൽ വിഹിതങ്ങളായവയാണെന്നു് വേദജ്ഞന്മാർ പറയുമ്പോൾ അവയെ അസ്പൃഷ്ടവസ്തുക്കളായി പരിഗണിക്കുന്നതു് സാഹസമല്ലേ? ഈ ആശങ്കയ്ക്കുള്ള സമാധാനം പറയുന്നു—

48 സ്വം ലോകം ന വിദുസ്തേ വൈ യത്ര ദേവോ ജനാർദനഃ
ആഹുർ ധൂമ്രധിയോ വേദം സകർമ്മകമതദ്വിദഃ.

| | | | |
|---|---|---|---|
| (യേ) | യാവചില | യത്ര | യാതൊരിടത്തു് |
| ധൂമ്രധിയഃ | മലിനബുദ്ധികൾ | ദേവഃ | ഭഗവാൻ |
| വേദം | വേദത്തെ | ജനാർദനഃ | ശ്രീഹരിയുണ്ടോ, |
| സകർമ്മകം | കർമ്മപരമായിട്ടു് | (തം) സ്വം | ആ സ്വരൂപഭൂതമായ |
| ആഹുഃ | വ്യാഖ്യാനിക്കുന്നുവോ, | ലോകം | പരമധാമത്തെ (വേദാർത്ഥമായിട്ടു്) |
| (തേ) | അവർ | തേ വൈ | അവർ തീരെ |
| അതദ്വിദഃ | വേദവാക്യങ്ങളുടെ പൊരുൾ അറിഞ്ഞവരല്ല | ന വിദുഃ | അറിയുന്നില്ല. |

വേദത്തെ കേവലം കർമ്മപരത്വേന വ്യാഖ്യാനിച്ചതിൽ പിശകുപററിയിരിക്കുന്നു എന്നർത്ഥം.

പ്രാചീനബർഹിസ്സും ഇത്തരം മലിനബുദ്ധികളിൽ അകപ്പെട്ട മഹാമൂഢനാണെന്നു ചൂണ്ടിക്കാണിച്ചു്, യഥാർത്ഥമായ കർമ്മവും ഉപാസനയും എന്തെന്നുള്ളതു് ശ്രീനാരദൻ ഇനി ഉപദേശിക്കുന്നു.

49 ആസ്തീര്യ ദർഭൈഃ പ്രാഗഗ്രൈഃ കാർത്സ്നേന ക്ഷിതിമണ്ഡലം
സ്തബ്ധോ ബൃഹദ്വധാന്മാനീ കർമ്മ നാവൈഷി യത് പരം
തത്കർമ്മ ഹരിതോഷം യത് സാ വിദ്യാ തന്മതിർയയാ

| | | | |
|---|---|---|---|
| പ്രാഗഗ്രൈഃ | കിഴക്കോട്ടു തലയാക്കിവെച്ച | ക്ഷിതിമണ്ഡലം | ഭൂതലത്തെ |
| | | കാർത്സ്ന്യേന | ആകമാനം |
| ദർഭൈഃ | ദർഭപ്പുല്ലുകൾകൊണ്ടു് | ആസ്തീര്യ | ആച്ഛാദനംചെയ്തു്, |

| | | | |
|---|---|---|---|
| ബൃഹദ്വധാത് | അസംഖ്യം യജ്ഞപശുഹിംസനത്താൽ | ഹരിതോഷം | ശ്രീഹരിയെ സന്തോഷിപ്പിക്കുക എന്നതു് |
| മാനീ | കർമ്മാഭിമാനിയും | യത് | യാതൊന്നോ, |
| സ്തബ്ധഃ | സമുദ്ധതനായും വർത്തിക്കുന്ന താങ്കൾ | തത് | അതത്രേ |
| കർമ്മ | യഥാർത്ഥകർമ്മത്തെയോ | കർമ്മ | യഥാർത്ഥമായ കർമ്മം; |
| യത്പരം | യാതൊരു വിദ്യാ സ്വരൂപമായ ഉപാസനയേയോ | യയാ | യാതൊന്നിനാൽ |
| | | തന്മതിഃ | തന്തിരുവടിയിൽ ചിത്തം വിലയിക്കുമോ, |
| ന അവൈഷി | അറിയുന്നില്ല. | സാ വിദ്യാ | അതത്രേ ഉപാസന. |

അതെന്തുകൊണ്ടെന്നാൽ, പരമഫലസ്വരൂപം ശ്രീഹരിയായതുകൊണ്ടുതന്നെ എന്നു് താഴെ രണ്ടു് ശ്ലോകത്താൽ കാണിക്കുന്നു.

50 ഹരിർദ്ദേഹഭൃതാമാത്മാ സ്വയം പ്രകൃതിരീശ്വരഃ
തത്പാദമൂലം ശരണം യതഃ ക്ഷേമോ നൃണാമിഹ.

| | | | |
|---|---|---|---|
| ഹരിഃ | ഭഗവാൻ ശ്രീഹരി | തത്പാദമൂലം | തന്തിരുവടിയുടെ പാദാന്തികം മാത്രമേ |
| ദേഹഭൃതാം | സമസ്തദേഹികളുടെ | ശരണം | രക്ഷയായിട്ടുള്ളു. |
| ആത്മാ | ആത്മാവും | ഇഹ | ഈ ലോകത്തിൽ |
| ഈശ്വരഃ | നിയന്താവും | നൃണാം | മനുഷ്യർക്കു് |
| സ്വയം | സ്വതന്ത്രമായ | യതഃ | യാതൊന്നിൽ (ഹരിപാദത്തിൽ) മാത്രമേ |
| പ്രകൃതിഃ | കാരണവുമാകുന്നു. | | |
| (അതഃ തേഷാം) | അതിനാൽ അവർക്കു് | ക്ഷേമഃ | സുസ്ഥിതിയുള്ളു. |

ഹരിഭജനത്തിൽ അന്യഭജനത്തിലെന്നപോലെ ദുഃഖഭീതികൾക്കു് സംഭാവ്യതയില്ലെന്നു് കാണിക്കുന്നു—

51 സ വൈ പ്രിയതമശ്ചാത്മാ യതോ ന ഭയമണ്വപി
ഇതി വേദ സ വൈ വിദ്വാൻ യോ വിദ്വാൻ സ ഗുരുർഹരിഃ

| | | | |
|---|---|---|---|
| യതഃ | "യാതൊരുവനിൽ നിന്നു് | വേദ | അറിയുന്നുവോ, |
| | | സഃ വൈ | അവൻ മാത്രമാണു് |
| അണു അപി | അണുമാത്രംപോലും | വിദ്വാൻ | ജ്ഞാനിയായുള്ളവൻ; |
| ഭയം ന | ഭീതിയുണ്ടാകുന്നില്ലയോ, | (യഃ) വിദ്വാൻ | യാതൊരുവൻ ജ്ഞാനിയാകുന്നുവോ, |
| സഃ വൈ | അവൻ തന്നെയാണു് | | |
| പ്രിയതമഃ | ഏററവും പ്രിയപ്പെട്ടവനും | സഃ | അവൻ |
| | | ഗുരുഃ | പരമഗുരുവാകുന്നു; |
| ആത്മാ ച | ആത്മാവും" | ഹരിഃ | സാക്ഷാൽ ശ്രീഹരിയുമാകുന്നു. |
| ഇതി യ | എന്നിങ്ങനെ ആർ | | |

നാരദ ഉവാച = ശ്രീനാരദൻ (ഈ പ്രസ്താവത്തെ ഉപസംഹരിച്ചുകൊണ്ടു്) പറഞ്ഞു—

52 പ്രശ്ന ഏവം ഹി സംഛിന്നോ ഭവതഃ പുരുഷർഷഭ
അത്ര മേ വദതോ ഗുഹ്യം നിശാമയ സുനിശ്ചിതം

| | | | |
|---|---|---|---|
| ഭവതഃ | അങ്ങയുടെ | സുനിശ്ചിതം | നല്ലപോലെ ആലോചിച്ചു് നിർണ്ണയിക്കപ്പെട്ടതും |
| പ്രശ്നഃ | ചോദ്യം | ഗുഹ്യം | നിഗൂഢമായിരിക്കുന്നതുമായ ഒരു സംഗതിയെ |
| ഏവം ഹി | ഈ വിധം ഉത്തരം കൊണ്ടു് | മേ വദതഃ | ഞാൻ പറയുമ്പോൾ |
| സംഛിന്നഃ | പരിഹരിക്കപ്പെട്ടു കഴിഞ്ഞു | നിശാമയ | കേട്ടുധരിച്ചുകൊൾക. |
| അത്ര | ഇനിയും, ഈ വിഷയത്തിൽ | | |

ആത്മാവിന്റെ ബന്ധമോക്ഷപ്രകാരത്തെ കഥാരൂപേണ സരസമായി ഉദാഹരിച്ചുകൊടുത്തിട്ടും തീവ്രവിരക്തി വരാതെ വീണ്ടും പുത്രാഗമനം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന രാജാവിനെ ഭയകമ്പിതനാക്കി ഉടനടി ഗൃഹപരിത്യാഗം ചെയ്യിക്കുവാൻ വേണ്ടി ഒരു മാനിന്റെ വൃത്താന്തം രൂപകരീത്യാ പറഞ്ഞുകൊടുക്കുന്നു—

53 ക്ഷുദ്രഞ്ചരം സുമനസാം ശരണേ മിഥിത്വാ
രക്തം ഷഡംഘ്രിഗണസാമസു ലുബ്ധകർണ്ണം
അഗ്രേ വൃകാനസുതൃപോऽവിഗണയ്യ യാന്തം
പൃഷ്ഠേ മൃഗം മൃഗയ ലുബ്ധകബാണഭിന്നം.

| | | | |
|---|---|---|---|
| സുമനസാം ശരണേ | ഒരു പുഷ്പവാടികയുള്ളിൽ | അസുതൃപഃ | ഇതരജീവികളുടെ ആത്മാക്കളെ കവർന്നു് സ്വന്തം ആത്മാക്കളെ സംതൃപ്തിപ്പെടുത്തുന്ന |
| ക്ഷുദ്രഞ്ചരം | നറുംപുല്ലുമേഞ്ഞുകൊണ്ടും, | വൃകാൻ | ചെന്നായ്ക്കളെ |
| മിഥിത്വാ | പേടയോടിണചേർന്നു് | അവിഗണയ്യ | ശ്രദ്ധിക്കാതെ |
| രക്തം | അതിൽ ആസക്തിപൂണ്ടും, | യാന്തം | നടക്കുന്നതും, |
| ഷഡംഘ്രിഗണസാമസു | വണ്ടുകളുടെ മൂളിപ്പാട്ടുകളിൽ | പൃഷ്ഠേ | പിൻവശത്തു് |
| ലുബ്ധകർണ്ണം | ഇമ്പം കലർന്നു് കാതുകൊടുത്തും, | ലുബ്ധകബാണഭിന്നം | വേടന്റെ അമ്പേററിട്ടു് പിളർന്നിരിക്കുന്നതുമായ |
| അഗ്രേ | മുൻവശത്തു് | മൃഗം | ഒരു മാനിനെ |
| | | മൃഗയ | മനസ്സാൽ തേടിനോക്കുക. |

ഈ ശ്ലോകത്തെ പ്രകൃതത്തിൽ യോജിപ്പിച്ചു് ഗദ്യഭാഷയിൽ സ്വയം വ്യാഖ്യാനിക്കുന്നു—

54 സുമനഃസമാനധർമ്മണാം സ്ത്രീണാം ശരണ ആശ്രമേ പുഷ്പമധുഗന്ധവത് ക്ഷുദ്രതമം കാമ്യകർമ്മവിപാകജം കാമസുഖലവം ജൈഹ്വ്യൗപസ്ഥ്യാദി വിചിന്വന്തം മിഥുനീഭൂയ തദഭിനിവേശിതമനസം ഷഡംഘ്രിഗണസാമഗീതവദതിമനോഹരവനിതാദിജനാലാപേഷ്വതിതരാമതിപ്രലോഭിതകർണ്ണമഗ്രേ വൃകയൂഥവദാത്മന ആയുർഹരതോഽഹോരാത്രാൻ താൻ കാലലവവിശേഷാനവിഗണയ്യ ഗൃഹേഷു വിഹരന്തം പൃഷ്ഠത ഏവ പരോക്ഷമനുപ്രവൃത്തോ ലുബ്ധകഃ കൃതാന്തോഽന്തഃശരേണ യമിഹ പരാവിധ്യതി തമിമമാത്മാനമഹോ രാജൻ ഭിന്നഹൃദയം ദ്രഷ്ടുമർഹസീതി.

സുമനസാം ശരണേ = സുമനഃ സമാനധർമ്മണാം സ്ത്രീണാം ശരണേ ആശ്രമേ = പുഷ്പങ്ങളോടു് സാദൃശ്യം വഹിക്കുന്ന സ്ത്രീജനങ്ങളുടെ ആവാസസ്ഥാനമായ ഗൃഹത്തിൽ,/ ക്ഷുദ്രഞ്ചരം = പുഷ്പമധുഗന്ധവത് ക്ഷുദ്രതമം കാമ്യകർമ്മവിപാകജം ജൈഹ്വ്യൗപസ്ഥ്യാദി കാമസുഖലവം വിചിന്വന്തം = പൂന്തേനും പൂമണവും പോലെ ക്ഷണികാകർഷകവും സകാമകർമ്മങ്ങളുടെ പരിണതഫലവും ജിഹ്വയേയും ജനനേന്ദ്രിയത്തേയും തൃപ്തിപ്പെടുത്തുന്ന ഭക്ഷണസംഭോഗാദി തുച്ഛകാമസുഖത്തെ അന്വേഷിച്ചുഴലുന്നു്, / മിഥിതപാ = മിഥുനീഭൂയ = സ്ത്രീകളോടിണങ്ങിച്ചേർന്നു്, / രക്തം = തദഭിനിവേശിതമനസം = അവരിൽ ആസക്തമായ ചിത്തത്തോടുകൂടിയവനായി, / ഷഡംഘ്രിഗണസാമസു ലുബ്ധകർണ്ണം= ഷഡംഘ്രിഗണസാമഗീതവത് അതിമനോഹരവനിതാദിജനാലാപേഷു അതിതരാം അതിപ്രലോഭിതകർണ്ണം = വണ്ടുകളുടെ മൃദുഗാനത്തെപ്പോലെ മനംകവരുന്ന സ്ത്രീജനത്തിന്റെയും കുഞ്ഞുങ്ങളുടേയും വാർത്താലാപങ്ങളിൽ കണക്കിലേറെ കൊതികൊള്ളുന്ന കർണ്ണങ്ങളോടുകൂടിയവനായി, / അഗ്രേ അസുതൃപഃ വൃകാൻ അവിഗണയ്യ = അഗ്രേ വൃകയൂഥവത് ആത്മനഃ ആയുഃ ഹരതഃ അഹോരാത്രാൻ താൻ കാലലവവിശേഷാൻ അവിഗണയ്യ= മുൻവശത്തുനില്ക്കുന്ന ചെന്നായക്കൂട്ടംപോലെ തന്റെ ആയുസ്സിനെ കാർന്നുതിന്നുകൊണ്ടുപോകുന്ന രാപ്പകലുകളായി പര്യവസാനിക്കുന്ന കാലത്തിന്റെ അംശങ്ങളെ ശ്രദ്ധിക്കാതെ,/ യാന്തം = ഗൃഹേഷു വിഹരന്തം = വീട്ടിൽ വിഹരിച്ചുകൊണ്ടിരിക്കുന്നവനായി, / പൃഷ്ഠേ ലുബ്ധകബാണഭിന്നം = പൃഷ്ഠതഃ ഏവ പരോക്ഷം അനുപ്രവൃത്തഃ ലുബ്ധകഃ കൃതാന്തഃ അന്തഃ ശരേണ യം ഇഹ പരാവിധ്യതി = പിന്നിലൂടെത്തന്നെ കാണാതെ പിൻതുടർന്നുവന്ന അന്തകനാവുന്ന വേടൻ കുഴലിൽ ഒളുക്കിവെച്ച ഗൂഢാസ്ത്രത്താൽ ഏതൊരുത്തനെ ഈ ലോകത്തിൽ അകലത്തുനിന്നുതന്നെ എയ്തു് പിളർക്കുന്നുവോ, / മൃഗം മൃഗയ = തം ഇമം ഭിന്നഹൃദയം ആത്മാനം അഹോ രാജൻ ദ്രഷ്ടും അർഹസി = അങ്ങനെയുള്ള ഈ നിർഭിന്നഹൃദയനായ തന്നെക്കുറിച്ചു്, അഹോ രാജാവേ ! താങ്കൾ കണ്ടറിയേണ്ടതായിട്ടിരിക്കുന്നു. / ഇതി = എന്നതാണു് പറഞ്ഞതിന്റെ താത്പര്യം.

സോപദേശത്തിന്റെ സാരം വ്യക്തമാക്കുന്നു—

55 സ ത്വം വിചക്ഷ്യ മൃഗചേഷ്ടിതമാത്മനോഽന്ത-
ശ്ചിത്തം നിയച്ഛ ഹൃദി കൎണ്ണധുനീം ച ചിത്തേ
ജഹ്യംഗനാശ്രമമസത്തമയൂഥഗാഥം
പ്രീണീഹി ഹംസശരണം വിരമ ക്രമേണ

| | |
|---|---|
| ആത്മനഃ | തനിക്കുള്ള |
| മൃഗചേഷ്ടിതം | മൃഗീയചേഷ്ടയെപ്പററി |
| വിചക്ഷ്യ | ചിന്തിച്ചുനോക്കി, |
| സഃ ത്വം | അങ്ങനെയുള്ള താങ്കൾ |
| അന്തഃ ഹൃദി | ഹൃദയത്തിനുള്ളിൽ |
| ചിത്തം | ചിത്തത്തെയും, |
| ചിത്തേ | ചിത്തത്തിൽ |
| കൎണ്ണധുനീം ച | ശ്രവണേന്ദ്രിയത്തിന്റെ നദീപ്രവാഹം പോലുള്ള ബാഹ്യവൃത്തിയേയും |
| നിയച്ഛ | നിയന്ത്രിക്കുക. |
| അസത്തമ-യൂഥഗാഥം | ദുൎവൃത്തന്മാരുടെ സംഘം ചൎച്ചചെയ്യുന്ന |
| അംഗനാശ്രമം | ഗൃഹസ്ഥാശ്രമത്തെ |
| ജഹി | ഉപേക്ഷിക്കുക. |
| ഹംസശരണം | പരമഹംസാശ്രയഭൂതനായ ശ്രീഹരിയെ |
| പ്രീണീഹി | പ്രസാദിപ്പിക്കുക. |
| ക്രമേണ | ക്രമത്തിൽ |
| വിരമ | സൎവ്വവിഷയങ്ങളിൽ നിന്നും വിരമിക്കുക. |

രാജോവാച = രാജാവു് പറഞ്ഞു —

56 ശ്രുതമന്വീക്ഷിതം ബ്രഹ്മൻ ഭഗവാൻ യദഭാഷത
നൈതജ്ജാനന്ത്യുപാധ്യായാഃ കിം ന ബ്രൂയുൎവിദുൎയദി.

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മൻ ! |
| ഭഗവാൻ | സൎവ്വജ്ഞാനനിധിയായ അവിടുന്നു് |
| യത് | യാതൊന്നു് |
| അഭാഷത | അരുളിച്ചെയ്തുവോ, അതു് |
| ശ്രുതം | കേൾക്കപ്പെട്ടു; |
| അന്വീക്ഷിതം | പരിചിന്തനം ചെയ്യപ്പെട്ടു. |
| ഉപാധ്യായാഃ | കൎമ്മോപദേഷ്ടാക്കളായ ആചാൎയ്യന്മാർ |
| ഏതത് | ഈ അധ്യാത്മതത്ത്വം |
| ന ജാനന്തി | അറിയുന്നില്ല. |
| വിദുഃ യദി | (അവർ) അറിയുന്നുണ്ടെങ്കിൽ |
| കിം ന ബ്രൂയുഃ | പറഞ്ഞുതരികയില്ലേ ? |

57 സംശയോഽത്ര തു മേ വിപ്ര സംഛിന്നസ്തത്കൃതോ മഹാൻ
ഋഷയോഽപി ഹി മുഹ്യന്തി യത്ര നേന്ദ്രിയവൃത്തയഃ.

| | |
|---|---|
| വിപ്ര | ഹേ വേദജ്ഞോത്തമ ! |
| അത്ര | ഈ വിഷയത്തിൽ |
| തത്കൃതഃ | അവരാൽ ഉണ്ടാക്കി വെക്കപ്പെട്ട |
| മേ | എന്റെ |
| മഹാൻ | മഹത്തായ |
| സംശയഃ തു | സന്ദേഹമാകട്ടെ |
| സംഛിന്നഃ | അങ്ങയാൽ വേരറുക്കപ്പെട്ടു. |

| | | | |
|---|---|---|---|
| അത്ര തു | ഈ അധ്യാത്മവിഷയത്തിലാകട്ടെ | ഹി | എന്തെന്നാൽ |
| ഋഷയഃ അപി | മന്ത്രദ്രഷ്ടാക്കളായ മാമുനിമാർപോലും | യത്ര | യാതൊരു ഈ വിഷയത്തിൽ |
| മുഹ്യന്തി | അറിയാതുഴലുന്നു. | ഇന്ദ്രിയ-വൃത്തയഃ ന | പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങൾ ഫലപ്രദങ്ങളല്ല. |

ഈ മുഖവുരയോടുകൂടി രാജാവു് തനിക്കുള്ള രണ്ടു് സന്ദേഹങ്ങൾക്കു് നിവൃത്തിയുണ്ടാക്കിത്തരണമെന്നു് മുനിയോടു് അഭ്യർത്ഥിക്കുന്നു. അതാണു് താഴെയുള്ള രണ്ടു് ശ്ലോകങ്ങൾ.

58 കർമ്മാണ്യാരഭതേ യേന പുമാനിഹ വിഹായ തം
അമുത്രാന്യേന ദേഹേന ജുഷ്ടാനി സ യദശ്നുതേ.

59 ഇതി വേദവിദാം വാദഃ ശ്രൂയതേ തത്ര തത്ര ഹ
കർമ്മ യത് ക്രിയതേ പ്രോക്തം പരോക്ഷം ന പ്രകാശതേ.

| | | | |
|---|---|---|---|
| പുമാൻ | "ജീവൻ | വേദവിദാം | വേദജ്ഞന്മാരുടെ |
| ഇഹ | ഈ ലോകത്തിൽ | വാദഃ | പ്രസ്താവം |
| യേന | ഏതൊന്നിലൂടെ | തത്ര തത്ര | അവിടെയവിടെ |
| കർമ്മാണി | കർമ്മങ്ങളെ | ശ്രൂയതേ | കേൾക്കപ്പെടുന്നുണ്ടു്, |
| ആരഭതേ | ആരംഭിക്കുന്നുവോ, | ഹ | ഇതു് ശരിയോ ? |
| തം (ദേഹം) | ആ ശരീരത്തെ | യത് | യാതൊരു |
| വിഹായ സഃ | ഇവിടെ വിട്ടു്, അവൻ | പ്രോക്തം | വേദോക്തമായ |
| അമുത്ര | പരലോകത്തിൽ | കർമ്മ ക്രിയതേ | കർമ്മം ചെയ്യപ്പെടുന്നുവോ, |
| അന്യേന | മറെറാരു | (തത്) | അതു് |
| ദേഹേന | ശരീരംകൊണ്ടു് | പരോക്ഷം | അപ്രത്യക്ഷമായിട്ടു് |
| ജുഷ്ടാനി | ആ കർമ്മഫലങ്ങളെ | ന പ്രകാശതേ | പ്രകാശിക്കുന്നതുമില്ലല്ലോ. |
| അശ്നുതേ | അനുഭവിക്കുന്നു." | | |
| ഇതി | ഇങ്ങനെ | | |

ഈ ലോകത്തിൽ ഒരു ശരീരം കൊണ്ടു് ചെയ്ത കർമ്മത്തിന്റെ ഫലം മറെറാരു ശരീരംകൊണ്ടു് ജീവൻ അനുഭവിക്കുന്നു എന്നാണല്ലോ അഭിജ്ഞന്മാർ പറയുന്നതു്. കർമ്മം ചെയ്യുന്നതു് ഒന്നു്, ഫലം അനുഭവിക്കുന്നതു് മറെറാന്നു് — ഇങ്ങനെ വരാമോ ? രാജാവിന്റെ ഒരു സന്ദേഹമാണിതു്. അതിനു് പുറമെ, ഒരാൾ ചെയ്യുന്ന കർമ്മം അപ്പോൾ തന്നെ പര്യവസാനിക്കുന്നു. അതിനു് പരോക്ഷാനുവൃത്തിയില്ല. അപ്പോൾ കർമ്മഫലത്തിനും അങ്ങനെ വരരുതോ ? ഇതാണു് മറെറാരു സന്ദേഹം.

ശ്രീനാരദൻ ആദ്യത്തെ സന്ദേഹം നീക്കിക്കൊണ്ടു് പറയുന്നു.

നാരദ ഉവാച = നാരദൻ പറഞ്ഞു.

60 യേനൈവാരഭതേ കൎമ്മ തേനൈവാമുത്ര തത്പുമാൻ
ഭുങ്ക്തേ ഹ്യവ്യവധാനേന ലിംഗേന മനസാ സ്വയം.

| | | | |
|---|---|---|---|
| പുമാൻ | മനുഷ്യൻ | അവ്യവധാനേന | വിച്ഛേദംവരാതെ നില്ക്കുന്ന |
| യേന ഏവ | ഏതൊന്നുകൊണ്ടുതന്നെയാണോ | മനസാ | മനഃപ്രധാനമായ |
| കൎമ്മ | കൎമ്മത്തെ | ലിംഗേന | ലിംഗശരീരംകൊണ്ടു് |
| ആരഭതേ | ആരംഭിക്കുന്നതു്, | അമുത്ര | പരലോകത്തിൽ |
| | | തത് | അതിനെ |
| തേന ഏവ | ആയതുതന്നെയായിട്ടു് | സ്വയം ഭുങ്ക്തേ | സ്വയം അനുഭവിക്കുന്നു. |

മനുഷ്യന്റെ സ്ഥൂലശരീരം മനഃപ്രധാനമായ ലിംഗ (സൂക്ഷ്മ) ശരീരത്തിനു് അധീനമാണു്. കൎമ്മങ്ങളുടെ ഉത്തരവാദിത്വം ലിംഗശരീരത്തിനാണുള്ളതു്. ഇതു് സ്ഥൂലശരീരനാശത്തിങ്കലും കൎത്തൃത്വഭോക്തൃത്വവിച്ഛേദമില്ലാതെ നിലനില്ക്കുന്നു. അതിനാൽ കൎമ്മങ്ങളുടെ കൎത്തൃത്വവും കൎമ്മഫലങ്ങളുടെ ഭോക്തൃത്വവും ഈ ലിംഗശരീരത്തിനാണുള്ളതു്. കൎത്താവൊന്നു്, ഭോക്താവു് മറ്റൊന്നു് — ഈ വൈഷമ്യം സംഭവിക്കുന്നില്ല.

ലിംഗദേഹത്തോടുകൂടിയ ജീവാത്മാവിന്റെ ഭോക്തൃത്വം ഇനി സ്വപ്നദൃഷ്ടാന്തം കൊണ്ടു് സ്പഷ്ടമാക്കുന്നു—

61 ശയാനമിമമുത്സൃജ്യ ശ്വസന്തം പുരുഷോ യഥാ
കൎമ്മാത്മന്യാഹിതം ഭുങ്ക്തേ താദൃശേനേതരേണ വാ

| | | | |
|---|---|---|---|
| യഥാ | ഏതൊരുപ്രകാരം (സ്വപ്നാവസ്ഥയിങ്കൽ) | ആത്മനി | മനസ്സിൽ |
| | | ആഹിതം | സംസ്കാരരൂപേണ നിക്ഷിപ്തമായിരിക്കുന്ന |
| പുരുഷഃ | മനുഷ്യൻ (ജീവൻ) | | |
| ശ്വസന്തം | ശ്വസിച്ചുകൊണ്ടു് | കൎമ്മ | കൎമ്മത്തെ |
| ശയാനം | കിടന്നുറങ്ങുന്ന | താദൃശേന | തത്തുല്യമായതോ |
| ഇമം | ഈ സ്ഥൂലദേഹത്തെ | ഇതരേണ വാ | വ്യത്യസ്തമായതോ ആയ ദേഹാന്തരത്താൽ |
| ഉത്സൃജ്യ | വിട്ടു് (അതിലുള്ള അഹന്താമമതാദ്യഭിമാനം മറന്നു്) | ഭുങ്ക്തേ | അനുഭവിക്കുന്നുവോ,— |

"അതുപ്രകാരം, മരിച്ചശേഷവും നിലനില്ക്കുന്ന ലിംഗശരീരത്താൽ കൎമ്മഫലം അനുഭവിക്കാൻ ഇടവരുന്നു." എന്നു കൂട്ടിച്ചേൎത്തു ആശയപൂൎത്തിവരുത്തണം.

ഇപ്പറഞ്ഞ സ്വപ്നദൃഷ്ടാന്തം അനുസരിച്ചു് കൎമ്മത്തിന്റെ കൎത്തൃത്വവും ഭോക്തൃത്വവും ലിംഗദേഹവിശിഷ്ടമായ ആത്മാവിനാണുള്ളതെന്നു് സമ്മതിക്കാം. പക്ഷെ സ്ഥൂലദേഹവിശിഷ്ടമായതിന്നല്ലേ ദാനാദാനാദികൎമ്മങ്ങളോടു സംബന്ധം കാണുന്നുള്ളൂ എന്നിങ്ങനെ ആശങ്കിക്കുന്നുവെങ്കിൽ, പറയുന്നു.

62 മമൈതേ മനസാ യദ്യദസാവഹമിതി ബ്രുവൻ
ഗൃഹ്ണീയാത്തത്പുമാൻരാദ്ധം കർമ്മ യേന പുനർഭവഃ

| | | | |
|---|---|---|---|
| ഏതേ | ഇവർ | കർമ്മ | കർമ്മത്തെ |
| മമ | എന്റെയാണെന്നും, | പുമാൻ | ജീവൻ |
| അഹം | ഞാൻ | ഗൃഹ്ണീയാത് | ഏറ്റെടുക്കുന്നുവോ, |
| അസൌ ഇതി | ഇന്നവനാണെന്നും | തത് രാദ്ധം | അതു് സ്വീകൃതമായി തീരുന്നു. |
| ബ്രുവൻ | പറഞ്ഞുകൊണ്ടു് | | |
| മനസാ | മനസ്സിനാൽ | യേന | യാതൊന്നിനാൽ |
| യത് യത് | ഏതേതു | പുനർഭവഃ | പുനർജന്മം വേണ്ടിവരുന്നു |

ബാഹ്യദൃഷ്ടിയിൽ ദാനാദാനാദിക്രിയകൾ (കൊടുക്കുക, വാങ്ങുക മുതലായ പ്രവൃത്തികൾ) നടത്തുന്നതു സ്ഥൂലദേഹമാണെങ്കിലും മനഃപ്രധാനമായ ലിംഗദേഹമാണു് അഹന്തയാലും മമതയാലും ആയവയിൽ അഭിമാനംകൊള്ളുന്നതു്. അതുകൊണ്ടു് അഭിമന്താവായ ലിംഗദേഹം കർമ്മഫലഭോഗാർത്ഥം നാനായോനികളിൽ പിറവിയെടുത്തു് സംസാരചക്രത്തിൽ കിടന്നു കറങ്ങുന്നു. സ്ഥൂലദേഹമാകട്ടെ സൂക്ഷ്മവും കാരണാത്മകവുമായ ഈ ലിംഗദേഹത്തിനു് ആസ്പദം മാത്രമാണു്, മനുഷ്യനു് ഗൃഹാദികളെന്നപോലെ കരുതുക.

കർമ്മം ഉടനടി അപ്രത്യക്ഷമാകുന്ന ഒന്നാകയാൽ തൽഫലം ലോകാന്തരത്തിൽ അനുഭവിക്കുന്നതെങ്ങനെ ? ഈ സംശയത്തിനും നിവൃത്തിവരുത്തിക്കൊടുക്കുന്നു.

63 യഥാനുമീയതേ ചിത്തമുഭയൈരിന്ദ്രിയേഹിതൈഃ
ഏവം പ്രാഗ്ദേഹജം കർമ്മ ലക്ഷ്യതേ ചിത്തവൃത്തിഭിഃ

| | | | |
|---|---|---|---|
| യഥാ | എപ്രകാരം | അനുമീയതേ | അനുമിക്കപ്പെടുന്നുവോ, |
| ഉഭയൈഃ | ജ്ഞാനകർമ്മാസ്പദഭേദേന രണ്ടു പ്രകാരത്തിലുള്ള | ഏവം | അപ്രകാരം |
| ഇന്ദ്രിയേഹിതൈഃ | ഇന്ദ്രിയങ്ങളുടെ ചേഷ്ടകളാൽ | ചിത്തവൃത്തിഭിഃ | ചിത്തത്തിന്റെ വിഭിന്ന വൃത്തികളാൽ |
| | | പ്രാഗ്ദേഹജം | പൂർവ്വദേഹസംജാതമായ |
| ചിത്തം | അവയുടെ പ്രേരകമായ ചിത്തം | കർമ്മ | കർമ്മം |
| | | ലക്ഷ്യതേ | അനുമിക്കപ്പെടുന്നു. |

പൂർവ്വദേഹജമായ കർമ്മം നശിക്കാതെ അദൃഷ്ടരൂപേണ നിലനില്ക്കുന്നതുകൊണ്ടാണു് ചിത്തത്തിനു് വിഭിന്നവൃത്തികൾ അനുഭവപ്പെടുന്നതു്. ആകയാൽ കർമ്മം വാസനാരൂപേണ പരോക്ഷമായിട്ടാണെങ്കിലും നിലനിന്നുവരുന്നുണ്ടെന്നു് സാരം.

കർമ്മാനുബന്ധം മറ്റൊരു പ്രകാരത്തിലും അറിയാമെന്നു് രണ്ടു ശ്ലോകംകൊണ്ടു് തുടർന്നു് പറയുന്നു.

64 നാനുഭൂതം ക്വ ചാനേന ദേഹേനാദൃഷ്ടമശ്രുതം
കദാചിദുപലഭ്യേത യദ്രൂപം യാദൃഗാത്മനി.

| | | | |
|---|---|---|---|
| അനേന | ഈയുള്ള | യദ്രൂപം | ഏതോ രൂപത്തിലോ |
| ദേഹേന | ദേഹത്താൽ | യാദൃക് | ഏതോ പ്രകാരത്തിലോ ഉള്ളതു് |
| ക്വ ച | ഒരിക്കലും ഒരിടത്തും | കദാചിത് | ചിലപ്പോൾ സ്വപ്നത്തിലും മനോരാജ്യത്തിലും |
| നാനുഭൂതം | അനുഭവിക്കപ്പെട്ടിട്ടില്ലാത്തതും | ആത്മനി | മനസ്സിൽ |
| അദൃഷ്ടം | കാണപ്പെട്ടിട്ടില്ലാത്തതും | ഉപലഭ്യേത | അനുഭവപ്പെട്ടേക്കാം. |
| അശ്രുതം | കേൾക്കപ്പെട്ടിട്ടില്ലാത്തതുമായ | | |

65 തേനാസ്യ താദൃശം രാജൻ ലിംഗിനോ ദേഹസംഭവം
ശ്രദ്ധസ്വാനനുഭൂതോഽൎത്ഥോ ന മനഃ സ്പ്രഷ്ടുമൎഹതി.

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | ശ്രദ്ധസ്വ | നിശ്ചയിച്ചുകൊള്ളുക. |
| തേന | അതുകൊണ്ടു് | അനനുഭൂതഃ | മുമ്പു് അനുഭവിച്ചിട്ടില്ലാത്ത |
| ലിംഗിനഃ | ലിംഗദേഹാഭിമാനിയായ | അൎത്ഥഃ | വിഷയം |
| അസ്യ | ഈ ജീവന്നു് | മനഃ | മനസ്സിൽ |
| ദേഹസംഭവം | പൂൎവ്വദേഹത്താൽ സംഭൂതമായ | സ്പ്രഷ്ടും | സ്മരിക്കുവാൻ |
| താദൃശം | അത്തരം അനുഭവം ഉണ്ടായതാണെന്നു് | ന അൎഹതി | ഇടവരുന്നതല്ല. |

കഴിഞ്ഞതും വരാൻപോകുന്നതുമായ ശുഭാശുഭനിമിത്തശരീരങ്ങളെക്കുറിച്ചുള്ള അറിവിന്നും മനോവൃത്തിതന്നെയാണു് ആസ്പദമെന്നു് പറയുന്നു.

66 മന ഏവ മനുഷ്യസ്യ പൂൎവ്വരൂപാണി ശംസതി
ഭവിഷ്യതശ്ച ഭദ്രം തേ തഥൈവ ന ഭവിഷ്യതഃ.

| | | | |
|---|---|---|---|
| തേ ഭദ്രം | അങ്ങയ്ക്കു് നന്മവരട്ടെ ! | ഭവിഷ്യതഃ ച | ഭാവിയിൽ ഉണ്ടാകുന്നവയേയും, |
| മനഃ ഏവ | മനസ്സുതന്നെയാണു് | തഥൈവ | അതേവിധം |
| മനുഷ്യസ്യ | മനുഷ്യന്റെ | ന ഭവിഷ്യതഃ | ഉണ്ടാകാൻ ഇടയില്ലാത്തവയേയും |
| പൂൎവ്വരൂപാണി | കഴിഞ്ഞുപോയ ശരീരാകാരങ്ങളെയും, | ശംസതി | വെളിവാക്കുന്നു്. |

മനസ്സിന്റെ ഔദാൎയ്യകാൎപ്പണ്യാദിവൃത്തികൾ വഴിയായി അവൻ മുമ്പു് ആരായിരുന്നുവെന്നും ഇനി ആരാകുമെന്നും മനസ്സിലാക്കാം. അല്ലെങ്കിൽ ആരുമാകാതെ മുക്തനായിത്തീരുമോ എന്നതും മനസ്സിലാക്കാം എന്നു് ഭാവം.

വാസനാരൂപേണ മനസ്സിൽ ലയിച്ചിരിക്കുന്ന പൂൎവ്വകൃതകൎമ്മങ്ങളുടെ പരിസ്ഫുരണമാണു് സ്വപ്നാവസ്ഥയിൽ അനുഭവപ്പെടുന്നതെന്നു് പറഞ്ഞതു് തികച്ചും ശരിയല്ല.

എന്തെന്നാൽ, കർമ്മാനുഭൂതിക്കതീതമായവയും സ്വപ്നത്തിൽ ചിലപ്പോൾ സ്മരിച്ചേക്കാം. അതു് നിദ്രാദോഷസംബന്ധമായ ഏതോ വൈഷമ്യമാണെന്നു് ധരിച്ചാൽ മതിയെന്നു് ചൂണ്ടിക്കാണിക്കുന്നു.

67 അദൃഷ്ടമശ്രുതം ചാത്ര കദാചിന്മനസി ദൃശ്യതേ
യഥാ തഥാനുമന്തവ്യം ദേശകാലക്രിയാശ്രയം.

| | | | |
|---|---|---|---|
| കദാചിത് | സ്വപ്നത്തിൽ ചിലപ്പോൾ | ദൃശ്യതേ | കാണപ്പെടുന്നുണ്ടു് |
| മനസി | മനസ്സിൽ, | അത്ര | ഈ വിഷയത്തിൽ |
| അദൃഷ്ടം | മുമ്പു കാണപ്പെടാത്തതും | യഥാ തഥാ | ഏതോ തരത്തിൽ അങ്ങനെ (നിദ്രാദോഷംകൊണ്ടു്) സംഭവിച്ചതാണെന്നു് |
| അശ്രുതം ച | കേൾക്കപ്പെടാത്തതുമായി | | |
| ദേശകാല-ക്രിയാശ്രയം | സ്ഥലം, സമയം, ക്രിയ എന്നിവയെ ആശ്രയിച്ചുള്ള ചിലതു് | അനുമന്തവ്യം | അഭ്യൂഹിച്ചുകൊള്ളണം. |

മലയുച്ചികളിൽ ഒരു കടൽ, നട്ടുച്ചയ്ക്കു നക്ഷത്രദർശനം, തന്റെ തല വെട്ടേററു തെറിച്ചുകിടക്കുന്നു—ഇത്തരം ദേശകാലക്രിയാസംബന്ധികളായ അനുഭവങ്ങൾ ജീവനു് ഒരു ജന്മത്തിലും ഉണ്ടായിരിക്കയില്ലല്ലോ. സ്വപ്നത്തിൽ ഇങ്ങനെയും ചിലതു കണ്ടെന്നു വരാം. അതു പൂർവ്വാനുഭൂതിയുടെ ശരിക്കുള്ള സ്മരണമല്ല. ഉറക്കത്തിന്റെ തകരാറുനിമിത്തം ഏതോ ചില അനുഭൂതികളെ തലകീഴായിട്ടു കാണുകയാണു്.

68 സർവ്വേ ക്രമാനുരോധേന മനസീന്ദ്രിയഗോചരാഃ
ആയാന്തി വർഗശോ യാന്തി സർവ്വേ സമനസോ ജനാഃ

| | | | |
|---|---|---|---|
| മനസി | മനസ്സിൽ | വർഗശഃ | ഭോഗാനന്തരം കൂട്ടത്തോടെ |
| ഇന്ദ്രിയഗോചരാഃ | ഇന്ദ്രിയങ്ങൾക്കു് വിഷയീഭവിക്കുന്നവ | യാന്തി | വിട്ടുപോകുന്നു. |
| സർവ്വേ | എല്ലാംതന്നേയും | സർവ്വേ ജനാഃ | എല്ലാ ജീവന്മാരും |
| ക്രമാനുരോധേന | ഭോഗ്യതയുടെ ക്രമാനുസൃതമായിട്ടു് | സമനസഃ | 'മനസ്സ്' എന്നതു് ഉള്ളവരാണല്ലോ. |
| ആയാന്തി | വന്നുചേരുന്നു. | | |

സാധാരണതയാ മനസ്സിൽ ഇന്ദ്രിയാർത്ഥങ്ങളുടെ ഭാനം അനുക്രമമായിട്ടാണുണ്ടാവുന്നതു്. എന്നാൽ ഒന്നിച്ചുതന്നെയും ഈ ഭാനം (സർവ്വദർശനം) സംഭവിക്കാം. അതെപ്പോൾ? പറയുന്നു.

69 സത്ത്വൈകനിഷ്ഠേ മനസി ഭഗവത്പാർശ്വവർത്തിനി
തമശ്ചന്ദ്രമസീവേദമുപരജ്യാവഭാസതേ.

| | | | |
|---|---|---|---|
| ഭഗവത്പാർശ്വവർത്തിനി | ഭഗവൽസമീപത്തിൽ വർത്തിക്കുന്ന (ഭഗവദ്ധ്യാനനിരതമായ)– | ഇദം | ഈ വിശ്വം മുഴുവനും |
| സത്ത്വൈകനിഷ്ഠേ | വിശുദ്ധസാത്ത്വികഗുണാധിഷ്ഠിതമായ | ഉപരജ്യ | സംയോജിച്ചപോലിരുന്നു, |
| മനസി | മനസ്സിൽ | ചന്ദ്രമസി | ചന്ദ്രമണ്ഡലത്തിൽ |
| | | തമഃ ഇവ | രാഹുഗ്രഹമെന്നപോലെ |
| | | അവഭാസതേ | അവഭാസിക്കുന്നു. |

ശുദ്ധമായ മനസ്സിൽ സർവ്വവിഷയസ്ഫുരണം യോഗികൾക്കുണ്ടാവുന്നു എന്നതു് പ്രസിദ്ധമാണു്.

ഇങ്ങനെ, സ്ഥൂലദേഹനാശത്തിങ്കലും ലിംഗദേഹം നശിക്കാതെ നില്ക്കുകാരണം കർത്താവും ഭോക്താവും രണ്ടല്ലെന്നു് തെളിയിച്ചു. എന്നാൽ പിന്നേയും ഒരു ശങ്ക. ലിംഗദേഹത്തിന്നു് സ്ഥൂലദേഹംവഴിക്കാണല്ലോ കർത്തൃത്വവും ഭോക്തൃത്വവും സിദ്ധിക്കുന്നതു്. ഈ സ്ഥൂലദേഹം നശിച്ചു് കേവലം ലിംഗദേഹവിശിഷ്ടനായി ജീവൻ നിലകൊള്ളുന്ന സംപരേതാവസ്ഥയിൽ അതിന്നു കർത്തൃത്വഭോക്തൃത്വങ്ങൾ ഇല്ലാതെയാവുകയും മുക്തി സിദ്ധിക്കുകയും ചെയ്യാമല്ലോ. അതു സംഭാവ്യമല്ലെന്നു് ചൂണ്ടിക്കാണിക്കുന്നു.

70 നാഹം മമേതി ഭാവോഽയം പുരുഷേ വ്യവധീയതേ
യാവദ്ബുദ്ധിമനോഽക്ഷാർത്ഥഗുണവ്യൂഹോ ഹ്യനാദിമാൻ

| | | | |
|---|---|---|---|
| ബുദ്ധിമനോഽക്ഷാർത്ഥഗുണവ്യൂഹഃ | ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങൾ, ഇന്ദ്രിയാർത്ഥങ്ങൾ എന്നിവയുടെ പരിണതസംഘാതമായ ലിംഗദേഹം | യാവത് ഹി | ഉള്ളേടത്തോളം കാലം |
| അനാദിമാൻ | അനാദിയായിട്ടു് | അഹം മമ | 'ഞാൻ, എന്റെ' |
| | | ഇതി | എന്നുള്ള |
| | | അയം ഭാവഃ | ഈ ദൈഹികഭാവം |
| | | പുരുഷേ | ജീവാത്മാവിൽ |
| | | ന വ്യവധീയതേ | അകന്നിരിക്കുകയില്ല. |

ഉറക്കത്തിലും മററും അഹംബുദ്ധിയില്ലാത്തതുകൊണ്ടു് ലിംഗദേഹവിച്ഛേദം സംഭവിക്കുമെന്നു് കരുതേണ്ടതില്ലെന്നു് പറയുന്നു—

71 സുപ്തിമൂർച്ഛോപതാപേഷു പ്രാണായനവിഘാതതഃ
നേഹതേഽഹമിതി ജ്ഞാനം മൃത്യുപ്രജ്വാരയോരപി

| | | | |
|---|---|---|---|
| സുപ്തിമൂർച്ഛോപതാപേഷു | സുഷുപ്തി, മോഹാലസ്യം, വിരഹദുഃഖം എന്നിവയിലും | പ്രാണായനവിഘാതതഃ | ഇന്ദ്രിയങ്ങളുടെ വ്യാകുലീഭാവം കാരണം |
| മൃത്യുപ്രജ്വാരയോഃ അപി | മൃത്യു, കഠിനജ്വരം എന്നിവയിലും | അഹം ഇതി | 'ഞാൻ' എന്നുള്ള |
| | | ജ്ഞാനം | പ്രതീതി |
| | | ന ഈഹതേ | സുവ്യക്തമാകയില്ല. |

72 ഗർഭേ ബാല്യേഽപ്യപൗഷ്കല്യാദേകാദശവിധം തദാ
ലിംഗം ന ദൃശ്യതേ യൂനഃ കുഹ്വാം ചന്ദ്രമസോ യഥാ

| | | | |
|---|---|---|---|
| കുഹ്വാം | കറുത്തവാവിൻനാളിൽ | ലിംഗം | അഹന്താസ്വരൂപമായ ലിംഗശരീരം |
| ചന്ദ്രമസഃ | ചന്ദ്രന്റെ | ഗർഭേ | ഗർഭാവസ്ഥയിലും |
| (ലിംഗം) യഥാ | രൂപം കാണാത്തതു പോലെ | ബാല്യേ അപി | ബാല്യാവസ്ഥയിലും |
| യൂനഃ | യുവത്വംവന്നവന് | തദാ | അപ്പോൾ |
| ഏകാദശ-വിധം | ഏകാദശേന്ദ്രിയങ്ങളാൽ അഭിവ്യക്തമാവുന്ന | അപൗഷ്കല്യാത് | പൂർണ്ണവികാസം വരാത്തതുകൊണ്ടു് |
| | | ന ദൃശ്യതേ | കാണപ്പെടുകയില്ല. |

അഭിവ്യക്തിയില്ലെന്നല്ലാതെ അപ്പോഴും ലിംഗശരീരം നശിക്കുന്നില്ലെന്നു് ചന്ദ്രോദാഹരണത്താൽ ബോദ്ധ്യം.

ആകയാൽ അഹന്താരൂപമായ ലിംഗദേഹത്തിനു് ആസ്പദമായ സ്ഥൂലദേഹം നശിക്കുമ്പോഴും ലിംഗത്തിനു് ആത്യന്തികവിച്ഛേദം വരാത്തതുമൂലം സംസാരനിവൃത്തി ഉണ്ടാകയില്ലെന്നു് ഇനി പറയുന്നു.

73 അർത്ഥേ ഹ്യവിദ്യമാനേƒപി സംസൃതിർന നിവർത്തതേ
ധ്യായതോ വിഷയാനസ്യ സ്വപ്നേƒനർത്ഥാഗമോ യഥാ

| | | | |
|---|---|---|---|
| യഥാ ഹി | എപ്രകാരം | അവിദ്യ-മാനേ അപി | ഇല്ലാത്ത അവസ്ഥയിലുംകൂടി |
| സ്വപ്നേ | സ്വപ്നത്തിൽ | വിഷയാൻ | ഭൗതികവിഷയങ്ങളെ |
| അനർത്ഥാഗമഃ | ഇല്ലാത്ത വസ്തുകൾ ഉണ്ടായിട്ടു് (ഉണരുംവരെ) വിട്ടുമാറുന്നില്ലയോ, | ധ്യായതഃ | (അവിദ്യാവശഗനായി) ചിന്തിച്ചുകൊണ്ടേ ഇരിക്കുന്ന |
| (തഥാ) | അതേവിധം | അസ്യ | ഈ ജീവന്റെ |
| അർത്ഥേ | സ്ഥൂലദേഹമാവുന്ന ഭൗതികം | സംസൃതിഃ | ജനനമരണക്ലേശം |
| | | ന നിവർത്തതേ | വിട്ടുമാറുന്നില്ല. |

ഈ സംഗതിയെ നാലര ശ്ലോകംകൊണ്ടു് പ്രതിപാദിക്കുന്നു—

74 ഏവം പഞ്ചവിധം ലിംഗം ത്രിവൃത് ഷോഡശവിസ്തൃതം
ഏഷ ചേതനയാ യുക്തോ ജീവ ഇത്യഭിധീയതേ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ലിംഗം | ലിംഗ (സൂക്ഷ്മ) ദേഹം. |
| പഞ്ചവിധം | പഞ്ചതന്മാത്രാത്മകവും | ചേതനയാ | ചേതനാശക്തിയോടു് |
| ഷോഡശ-വിസ്തൃതം | പതിനാറു് തത്ത്വപരിണാമങ്ങളാൽ വികസിതവും | യുക്തഃ | ചേർന്നിരിക്കുന്ന |
| | | ഏഷഃ | ഇതു് |
| ത്രിവൃത് | ത്രിഗുണമയവുമായ ഒന്നാണു് | ജീവഃ ഇതി | 'ജീവൻ' എന്നു് |
| | | അഭിധീയതേ | പറയപ്പെടുന്നു. |

75 അനേന പുരുഷോ ദേഹാനുപാദത്തേ വിമുഞ്ചതി
ഹർഷം ശോകം ഭയം ദുഃഖം സുഖം ചാനേന വിന്ദതി.

| | | | |
|---|---|---|---|
| അനേന | ഈ സൂക്ഷ്മദേഹത്തിലൂടെ | ഹർഷം | സന്തോഷത്തെയും |
| പുരുഷഃ | ജീവൻ | ശോകം | സന്താപത്തെയും |
| ദേഹാൻ | സ്ഥൂലദേഹങ്ങളെ | ഭയം | ഭീതിയേയും |
| ഉപാദത്തേ | സ്വീകരിക്കുന്നു; | ദുഃഖം | ദുഃഖത്തേയും |
| വിമുഞ്ചതി | പരിത്യജിക്കുകയും ചെയ്യുന്നു. | സുഖം ച | സുഖത്തേയും |
| അനേന | ഇതിലൂടെ | വിന്ദതി | പ്രാപിക്കുകയുംചെയ്യുന്നു |

76 യഥാ തൃണജലൂകേയം നാപയാത്യപയാതി ച
ന ത്യജേൻമ്രിയമാണോഽപി പ്രാഗ്ദേഹാഭിമതിം ജനഃ

77 യാവദന്യം ന വിന്ദേത വ്യവധാനേന കർമ്മണാം
മന ഏവ മനുഷ്യേന്ദ്ര ഭൂതാനാം ഭവഭാവനം

| | | | |
|---|---|---|---|
| ഇയം തൃണജലൂകാ | ഈ പുല്ലട്ട എന്ന ഒരുതരം ജീവി | കർമ്മണാം | പൂർവ്വദേഹാരംഭകർമ്മങ്ങളുടെ |
| ന അപയാതി | താനിരിക്കുന്ന പുൽക്കൊടി വിട്ടുപോകായ്കയും | വ്യവധാനേന | പരിസമാപ്തികൊണ്ടു് |
| | | അന്യം | മറെറാരു ദേഹത്തെ |
| അപയാതി ച | മറെറാന്നു് എത്തിപ്പിടിച്ചു് വിട്ടുപോയിക്കൊണ്ടും ഇരിക്കുന്നതു്, | യാവത് ന വിന്ദേത | ലഭിക്കാതിരിക്കുന്നേടത്തോളം കാലം |
| | | പ്രാഗ്ദേഹാഭിമതിം | പൂർവ്വദേഹാഭിമാനത്തെ |
| യഥാ | എപ്രകാരമോ, അതുപോലെ | ന ത്യജേത് | കൈവിടുന്നതല്ല. |
| | | മനുഷ്യേന്ദ്ര | ഹേ രാജാവേ! |
| മ്രിയമാണഃ അപി | മരിച്ചുപോകുന്ന അവസ്ഥയിലെത്തിയവനായെങ്കിലുംകൂടി | ഭൂതാനാം | ജീവന്മാർക്കു് |
| | | ഭവഭാവനം | സംസാരകാരണമായതു് |
| | | മനഃ ഏവ | മനോമയമായ ലിംഗശരീരം മാത്രമാകുന്നു. |
| ജനഃ | ജീവൻ | | |

അതു് ഏതവസ്ഥയിലുള്ളപ്പോൾ എന്നു പറയുന്നു—

78 യദാക്ഷൈശ്ചരിതാൻ ധ്യായൻ കർമ്മാണ്യാചിനുതേഽസകൃത്
സതി കർമ്മണ്യവിദ്യായാം ബന്ധഃ കർമ്മണ്യനാത്മനഃ

| | | | |
|---|---|---|---|
| യദാ | എപ്പോൾ | കർമ്മാണി | അവയ്ക്കുവേണ്ടിയുള്ള കർമ്മങ്ങളെ |
| അക്ഷൈഃ | ഇന്ദ്രിയങ്ങളിലൂടെ | അസകൃത് | തുടരെത്തുടരെ |
| ചരിതാൻ | അനുഭവിച്ച ഭോഗങ്ങളെ | ആചിനുതേ | ചെയ്തുകൊണ്ടിരിക്കുന്നുവോ, |
| ധ്യായൻ | ചിന്തിച്ചുകൊണ്ടു് | | |

| | | | |
|---|---|---|---|
| (തദ) | അപ്പോൾ | അനാത്മനഃ | ആത്മവ്യതിരിക്തമായ ദേഹാദികളുടെ |
| കർമ്മണി സതി | കർമ്മം ഉള്ളനിലയിൽ | കർമ്മണി | കർമ്മത്തിൽ |
| അവിദ്യായാം | അവിദ്യ നിലനില്ക്കേ, | ബന്ധഃ | ബന്ധം നില്ക്കുന്നു. |

79 അതസ്തദപവാദാർത്ഥം ഭജ സർവ്വാത്മനാ ഹരിം
പശ്യംസ്തദാത്മകം വിശ്വം സ്ഥിത്യുത്പത്ത്യപ്യയാ യതഃ

| | | | |
|---|---|---|---|
| അതഃ | ആകയാൽ | പശ്യൻ | കണ്ടുകൊണ്ടു് |
| തദപ- വാദാർത്ഥം | ആ കർമ്മബന്ധത്തിൽ നിന്നു് വേറിടുന്നതിന്നു വേണ്ടി | സർവ്വാത്മനാ | സർവ്വഭാവേന |
| | | ഭജ | ഭജിച്ചുകൊൾക |
| ഹരിം | ശ്രീഹരിയെ, | സ്ഥിത്യുത്പ- ത്ത്യാപ്യയാഃ | ലോകത്തിന്റെ സൃഷ്ടി സ്ഥിതിസംഹാരങ്ങൾ |
| വിശ്വം | ലോകം മുഴുവനും | | |
| തദാത്മകം | തന്തിരുവടിയുടെ സ്വരൂപമായി | യതഃ (ഭവന്തി) | തന്തിരുവടിയിൽനിന്നാണു് സംഭവിക്കുന്നതു് |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

80 ഭാഗവതമുഖ്യോ ഭഗവാന്നാരദോ ഹംസയോർഗതിം
പ്രദർശ്യ ഹ്യമുമാമന്ത്ര്യ സിദ്ധലോകം തതോഽഗമത്.

| | | | |
|---|---|---|---|
| ഭാഗവത- മുഖ്യഃ | ഭഗവദ്ഭക്തന്മാരിൽ പ്രമുഖനും | പ്രദർശ്യ | കാട്ടിക്കൊടുത്തു്, |
| ഭഗവാൻ | സകലജ്ഞാനനിധിയുമായ | അമും | ഈ പ്രാചീനബർഹിസ്സിനോടു് |
| നാരദഃ | ശ്രീനാരദമഹർഷി | ആമന്ത്ര്യ | യാത്രപറഞ്ഞു്, |
| ഹംസയോഃ | ജീവാത്മപരമാത്മക്കളുടെ | തതഃ | അവിടെനിന്നു് |
| | | സിദ്ധലോകം | സിദ്ധലോകത്തിലേക്കു് |
| ഗതിം | തത്ത്വഭേദത്തെ | അഗമത് ഹ | എഴുന്നെള്ളിപോൽ |

81 പ്രാചീനബർഹീ രാജർഷിഃ പ്രജാസർഗാഭിരക്ഷണേ
ആദിശ്യ പുത്രാനഗമത്തപസേ കപിലാശ്രമം

| | | | |
|---|---|---|---|
| രാജർഷിഃ | രാജർഷിയായ | ആദിശ്യ | പറഞ്ഞേല്പിച്ചു്, |
| പ്രാചീനബർഹിഃ | പ്രാചീനബർഹിസ്സ് | തപസേ | തപസ്സിനായി |
| പ്രജാസർഗാ- ഭിരക്ഷണേ | പ്രജകളുടെ സംരക്ഷണവിഷയത്തിൽ | കപിലാശ്രമം | കപിലാശ്രമത്തിലേക്കു് |
| പുത്രാൻ | പുത്രന്മാരെ | അഗമത് | പോയി. |

സ്വപുത്രന്മാരായ പ്രചേതസ്സുകൾ തപസ്സിനുപോയ സന്ദർഭത്തിലാണു് ശ്രീനാരദോപദേശത്താൽ സദ്യോവിരക്തനായി ഭവിച്ച പ്രാചീനബർഹിസ്സ് കപിലാശ്രമമെന്ന

ഗംഗാസാഗരസംഗമത്തിലേക്കു് തപസ്സിനുപോയതു്. അതുകൊണ്ടു് "പുത്രാനാദിശ്യ" എന്നതിനു് "പുത്രന്മാൎക്കുള്ള ആദേശത്തെ മന്ത്രിമാരെ പറഞ്ഞേല്പിച്ചു്" എന്നിങ്ങനെ അൎത്ഥം ധരിക്കണം.

82 തത്രൈകാഗ്രമനാ വീരോ ഗോവിന്ദചരണാംബുജം
വിമുക്തസംഗോऽനുഭജൻ ഭക്ത്യാ തത്സാമ്യതാമഗാത്.

| | |
|---|---|
| തത്ര | അവിടെവെച്ചു്, |
| വീരഃ | വീരനായ രാജാവു് |
| വിമുക്തസംഗഃ | സൎവ്വവിഷയാസക്തിയേയും ഉപേക്ഷിച്ചു് |
| ഏകാഗ്രമനാഃ | ഏകാഗ്രചിത്തനായി |
| ഭക്ത്യാ | ഭക്തിയോടുകൂടി |
| ഗോവിന്ദ-ചരണാംബുജം | ശ്രീഹരിയുടെ തൃപ്പാദാരവിന്ദത്തെ |
| അനുഭജൻ | ഇടവിടാതെ ഭജിച്ചുകൊണ്ടിരുന്നു് |
| തത്സാമ്യതാം | തൽസാരൂപ്യത്തെ |
| അഗാത് | പ്രാപിച്ചു. |

83 ഏതദധ്യാത്മപാരോക്ഷ്യം ഗീതം ദേവൎഷിണാനഘ
യഃ ശ്രാവയേദ്യഃ ശൃണുയാത് സ ലിംഗേന വിമുച്യതേ.

| | |
|---|---|
| അനഘ | നിഷ്പാപനായ വിദുര! |
| ദേവൎഷിണാ | ദേവൎഷിയായ നാരദമുനിയാൽ |
| ഗീതം | ഉപദേശിക്കപ്പെട്ട |
| അധ്യാത്മ-പാരോക്ഷ്യം | അധ്യാത്മവിദ്യാരഹസ്യമാകുന്ന |
| ഏതത് | ഇതിനെ |
| യഃ | യാതൊരാൾ |
| ശ്രാവയേത് | ചൊല്ലിക്കേൾപ്പിക്കുന്നുവോ, |
| യഃ | യാതൊരാൾ |
| ശൃണുയാത് | കേൾക്കുന്നുവോ, |
| സഃ | ആയാൾ |
| ലിംഗേന | ലിംഗദേഹത്താൽ |
| വിമുച്യതേ | വിമുക്തനായിത്തീരുന്നു. |

84 ഏതന്മുകുന്ദയശസാ ഭുവനം പുനാനം
ദേവൎഷിവൎയ്യമുഖനിഃസൃതമാത്മശൌചം
യഃ കീൎത്ത്യമാനമധിഗച്ഛതി പാരമേഷ്ഠ്യം
നാസ്മിൻ ഭവേ ഭ്രമതി മുക്തസമസ്തബന്ധഃ

| | |
|---|---|
| മുകുന്ദയശസാ | ശ്രീഹരിയുടെ കീൎത്തിയാൽ |
| ഭുവനം | ലോകത്രയത്തെ |
| പുനാനം | പവിത്രീകരിക്കുന്നതും |
| ദേവൎഷിവൎയ്യ-മുഖനിഃസൃതം | ദേവൎഷിപ്രമുഖനായ ശ്രീനാരദന്റെ മുഖത്തിൽനിന്നു് നിൎഗ്ഗളിച്ചതും |
| ആത്മശൌചം | മനസ്സിലെ അഴുക്കു് നീക്കുന്നതും |
| പാരമേഷ്ഠ്യം | പരമപദപ്രാപകവുമായ |
| ഏതത് | ഈ പുരഞ്ജനചരിതത്തെ |
| യഃ | യാതൊരുവൻ |
| കീൎത്ത്യമാനം | കീൎത്തിക്കപ്പെടുന്നതായിട്ടു് |
| അധിഗച്ഛതി | ഉൾക്കൊള്ളുന്നുവോ, |
| (സഃ) | അവൻ |

| | | | |
|---|---|---|---|
| മുക്ത-സമസ്തബന്ധഃ | സൎവ്വപ്രാപഞ്ചിക ബന്ധങ്ങളിൽനിന്നും വിമുക്തനായിത്തീൎന്നു് | അസ്മിൻ ഭവേ | ഈ സംസാരചക്രത്തിൽ |
| | | ന ഭ്രമതി | വട്ടംകറങ്ങുകയില്ല. |

85 അധ്യാത്മപാരോക്ഷ്യമിദം മയാധിഗതമദ്ഭുതം
ഏവം സ്ത്രിയാഽശ്രമഃ പുംസശ്ഛിന്നോഽമുത്ര ച സംശയഃ

| | | | |
|---|---|---|---|
| അധ്യാത്മ-പാരോക്ഷ്യം | അധ്യാത്മതത്വത്തെ പരോക്ഷമായി പ്രതിപാദിക്കുന്ന— | സ്ത്രിയാ | സ്ത്രീയോടു് (മായാകാൎയ്യമായ ബുദ്ധിയോടു്) ചേൎന്നിട്ടുള്ള |
| അദ്ഭുതം | ഉക്തിവൈചിത്ര്യമുള്ള | ആശ്രമഃ | ആസ്പദം (അഹംകാരം) |
| ഇദം | ഈ പുരഞ്ജനചരിതം | ഛിന്നഃ | വിച്ഛേദിക്കപ്പെട്ടുപോകും; |
| മയാ | എന്നാൽ | അമുത്ര | പരലോകത്തിൽവെച്ചുള്ള (കൎമ്മഫലാനുഭവത്തെ സംബന്ധിച്ച) |
| അധിഗതം | ഗുരുമുഖത്തിൽനിന്നു് അറിയപ്പെട്ടതാകുന്നു. | | |
| ഏവം | ഇപ്രകാരം ബോധിച്ചാൽ | സംശയഃ ച | സന്ദേഹവും അകന്നുപോകും |
| പുംസഃ | പുരുഷനു് (ജീവനു്) | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുൎത്ഥസ്കന്ധേ
വിദുരമൈത്രേയസംവാദേ പ്രാചീനബൎഹിൎന്നാരദസംവാദോ നാമ
ഏകോനത്രിംശോഽധ്യായഃ ആദിതഃ ശ്ലോകാഃ 1363.

നാലാമത്തെ സ്കന്ധത്തിൽ ഇരുപത്തൊമ്പതാമദ്ധ്യായം കഴിഞ്ഞു.

# ത്രിംശോഽധ്യായഃ-അദ്ധ്യായം മുപ്പതു്.

## ഭഗവാൻ പ്രചേതസ്സുകൾക്കു് വരംകൊടുക്കുന്നതു്.

"പ്രസംഗാത് പഞ്ചഭിഃ പ്രോക്തം വൃത്തം പ്രാചീനബർഹിഷഃ
വർണ്ണ്യതേ ച പുനർദ്വാഭ്യാം പ്രസ്തുതം തത്പ്രചേതസാം
തത്ര ത്രിംശേ തപസ്തുഷ്ടാദീശാല്ലബ്ധവരാസ്തതഃ
ആഗത്യ വാർക്ഷീമുദ്വാഹ്യ രാജ്യം ചക്രുരിതീര്യതേ"

കഴിഞ്ഞ അഞ്ചദ്ധ്യായങ്ങൾകൊണ്ടു് പ്രാസംഗികമായിവന്ന പ്രാചീനബർഹിസ്സിന്റെ ചരിത്രം പറഞ്ഞവസാനിപ്പിച്ചു ഇനി രണ്ടദ്ധ്യായംകൊണ്ടു് മുമ്പു് 24-ാമദ്ധ്യായത്തിൽ പറഞ്ഞു പകുതിയിൽനിർത്തിയ പ്രചേതസ്സുകളുടെ ശേഷിച്ച കഥ പറഞ്ഞവസാനിപ്പിക്കുന്നു.

ഈ മുപ്പതാമത്തെ അദ്ധ്യായത്തിൽ, പ്രചേതസ്സുകൾചെയ്ത തപസ്സുകൊണ്ടു സന്തുഷ്ടനായ ഭഗവാൻ പ്രത്യക്ഷനായി വരംകൊടുത്തതും, അവർ ഭഗവന്നിയോഗത്താൽ വാർക്ഷിയെന്നവളെ പരിണയിച്ചതും, രാജ്യഭാരംചെയ്തതും വിവരിക്കുന്നു.

വിദുര ഉവാച = വിദുരർ പറഞ്ഞു —

1 യേ ത്വയാഭിഹിതാ ബ്രഹ്മൻ സുതാഃ പ്രാചീനബർഹിഷഃ
തേ രുദ്രഗീതേന ഹരിം സിദ്ധിമാപുഃ പ്രതോഷ്യ കാം

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മൻ ! | തേ | അവർ |
| ത്വയാ | അങ്ങയാൽ | രുദ്രഗീതേന | രുദ്രഗീതംകൊണ്ടു് |
| പ്രാചീന-ബർഹിഷഃ | പ്രാചീനബർഹിസ്സിന്റെ | ഹരിം | ശ്രീഹരിയെ |
| സുതാഃ | പുത്രന്മാരായിട്ടു് | പ്രതോഷ്യ | പ്രസാദിപ്പിച്ചു് |
| യേ | യാതൊരുവർ | കാം | ഏതൊരു |
| അഭിഹിതാഃ | ചൊല്ലപ്പെട്ടിരുന്നുവോ, | സിദ്ധിം ആപുഃ | സിദ്ധിയെ പ്രാപിച്ചു? |

2 കിം ബാർഹസ്പത്യേഹ പരത്ര വാഥ
കൈവല്യനാഥപ്രിയപാർശ്വവർത്തിനഃ
ആസാദ്യ ദേവം ഗിരിശം യദൃച്ഛയാ
പ്രാപുഃ പരം നൂനമഥ പ്രചേതസഃ

| | |
|---|---|
| ബാർഹസ്പത്യ | ബൃഹസ്പതിശിഷ്യനായ ഹേ മഹാത്മൻ! |
| പ്രചേതസഃ | പ്രചേതസ്സുകൾ |
| ദേവം | ഭഗവാനായ |
| ഗിരിശം | ശ്രീരുദ്രനെ |
| യദൃച്ഛയാ | ആകസ്മികമായി |
| ആസാദ്യ | ദർശിച്ച്, |
| കൈവല്യ-നാഥപ്രിയ-പാർശ്വവർത്തിനഃ | മോക്ഷാധിപതിയായ ശ്രീഹരിയുടെ പ്രിയസഖനായ ശ്രീരുദ്രന്റെ |
| | അന്തേവാസികളായി ഭവിച്ചിട്ട് |
| പരം | ബ്രഹ്മസായൂജ്യത്തെ |
| പ്രാപുഃ നൂനം | പ്രാപിച്ചിരിക്കണം. |
| അഥ | എങ്കിലും അതിനുമുമ്പ് |
| ഇഹ | ഈ ലോകത്തിൽ വെച്ചോ, |
| പരത്ര വാ | പരലോകത്തിൽവെച്ചോ |
| കിം (പ്രാപുഃ) | അവർ പ്രാപിച്ചതെന്ത്? |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു —

3 പ്രചേതസോऽന്തരുദധൗ പിതുരാദേശകാരിണഃ
ജപയജ്ഞേന തപസാ പുരഞ്ജനമതോഷയത്.

| | |
|---|---|
| പിതുഃ | അച്ഛന്റെ |
| ആദേശകാരിണഃ | ആജ്ഞാനുവർത്തികളായ |
| പ്രചേതസഃ | പ്രചേതസ്സുകൾ |
| അന്തരുദധൗ | സമുദ്രാന്തർഭാഗത്ത് |
| ജപയജ്ഞേന | രുദ്രഗീതംകൊണ്ടുള്ള ജപയജ്ഞത്താലും |
| തപസാ | തപസ്സിനാലും |
| പുരഞ്ജനം | ശ്രീഹരിയെ |
| അതോഷയത് | പ്രസാദിപ്പിച്ചു. |

4 ദശവർഷസഹസ്രാന്തേ പുരുഷസ്തു സനാതനഃ
തേഷാമാവിരഭൂത് കൃച്ഛ്രം ശാന്തേന ശമയൻ രുചാ

| | |
|---|---|
| ദശവർഷ-സഹസ്രാന്തേ | പതിനായിരം സംവത്സരം കഴിഞ്ഞപ്പോൾ |
| സനാതനഃ | ശാശ്വതമൂർത്തിയായ |
| പുരുഷഃ തു | പരമപുരുഷനാകട്ടെ |
| രുചാ | സ്വകാന്തിയാൽ |
| തേഷാം | അവരുടെ |
| കൃച്ഛ്രം | തപഃക്ലേശത്തെ |
| ശമയൻ | ശമിപ്പിച്ചുകൊണ്ട് |
| ശാന്തേന | ശുദ്ധസാത്ത്വിക സ്വരൂപത്തോടെ |
| ആവിരഭൂത് | ആവിർഭവിച്ചു. |

5 സുപർണസ്കന്ധമാരൂഢോ മേരുശൃംഗമിവാംബുദഃ
പീതവാസാ മണിഗ്രീവഃ കുർവൻ വിതിമിരാ ദിശഃ

| | |
|---|---|
| സുപർണസ്കന്ധം | ഗരുഡന്റെതോളത്ത് |
| ആരൂഢഃ | കയറിയിരിക്കുന്ന ഭഗവാൻ |
| മേരുശൃംഗം | മഹാമേരുവിന്റെ ശിഖരത്തിൽ |
| (ആരൂഢഃ) | കയറിപ്പററിയ |
| അംബുദഃ | നീലമേഘം |
| ഇവ | പോലെയായിരുന്നു. |

| | | | |
|---|---|---|---|
| പീതവാസാഃ | മഞ്ഞപ്പട്ടുടുത്തു് | ദിശഃ | ദിക്കുകളെ |
| മണിഗ്രീവഃ | കഴുത്തിൽ കൗസ്തുഭമണി യണിഞ്ഞു് | വിതിമിരാഃ | ഇരുളൊഴിഞ്ഞിയതാക്കി |
| | | കുൎവ്വൻ | ചെയ്തുകൊണ്ടിരുന്നു. |

6 കാശിഷ്ണുനാ കനകവൎണ്ണവിഭൂഷണേന
ഭ്രാജത്കപോലവദനോ വിലസത്കിരീടഃ
അഷ്ടായുധൈരനുചരൈൎമ്മുനിഭിഃ സുരേന്ദ്രൈ-
രാരാധിതോ ഗരുഡകിന്നരഗീതകീൎത്തിഃ

| | | | |
|---|---|---|---|
| കാശിഷ്ണുനാ | ഒളിവീശുന്ന | അനുചരൈഃ | പാൎഷദന്മാരാലും |
| കനകവൎണ്ണ-വിഭൂഷണേന | തങ്കനിറം ചേൎന്ന ദിവ്യാഭരണത്താൽ | മുനിഭിഃ | മുനിജനങ്ങളാലും |
| ഭ്രാജത്കപോല-വദനഃ | പ്രകാശമാനമായ കവിൾത്തടത്തോടും മുഖമണ്ഡലത്തോടും കൂടിയവനായി— | സുരേന്ദ്രൈഃ | ദേവപ്രമുഖന്മാരാലും |
| | | ആസേവിതഃ | അകമ്പടി സേവിക്ക പ്പെട്ടന്നവനായി— |
| വിലസത്-കിരീടഃ | മിന്നിത്തിളങ്ങുന്ന കിരീടത്തോടുകൂടിയവ നായി— | ഗരുഡകിന്നര-ഗീതകീൎത്തിഃ | ഗരുഡനാലും കിന്നര ന്മാരാലും ഗാനം ചെയ്യ പ്പെട്ടന്ന കീൎത്തിയോടു കൂടിയവനായി (ശോഭിച്ചു.) |
| അഷ്ടായുധൈഃ | എട്ടുവിധം ആയുധങ്ങ ളോടുകൂടിയവനായി— | | |

7 പീനായതാഷ്ടഭുജമണ്ഡലമധ്യലക്ഷ്മ്യാ
സ്പൎദ്ധച്ഛ്രിയാ പരിവൃതോ വനമാലയാഽദ്യഃ.
ബൎഹിഷ്മതഃ പുരുഷ ആഹ സുതാൻ പ്രപന്നാൻ
പൎജ്ജന്യനാദരുതയാ സഘൃണാവലോകഃ.

| | | | |
|---|---|---|---|
| പീനായതാ-ഷ്ടഭുജമണ്ഡല-മധ്യലക്ഷ്മ്യാ | തടിച്ചുരുണ്ടുനീണ്ട ഭുജ ങ്ങളുടെ മധ്യത്തിൽ (തി രുമാറിൽ) ഉള്ള ലക്ഷ്മീ ദേവിയോടു് | പ്രപന്നാൻ | ശരണാഗതന്മാരായ |
| | | ബൎഹിഷ്മതഃ | പ്രാചീനബൎഹിസ്സിൻെറ |
| | | സുതാൻ | പുത്രന്മാരോടു് |
| സ്പൎദ്ധച്ഛ്രിയാ | സ്പൎദ്ധിക്കുന്ന ശോഭയോടു കൂടിയ | സഘൃണാ-വലോകഃ | കൃപാകടാക്ഷവീക്ഷണ ത്തോടുകൂടിയവനായിട്ടു് |
| വനമാലയാ | വനമാലയാൽ | പൎജ്ജന്യനാദ-രുതയാ | മേഘഗൎജ്ജനത്തോടു തുല്യമായ ഗംഭീരവാണി യാൽ |
| പരിവൃതഃ | പരിവേഷ്ടിതനായിരി ക്കുന്ന | | |
| ആദ്യഃ പുരുഷഃ | പുരാണപുരുഷൻ | ആഹ | അരുളിച്ചെയ്തു. |

ശ്രീഭഗവാനുവാച = ശ്രീഹരി അരുളിച്ചെയ്തു.

8 വരം വൃണീധ്വം ഭദ്രം വോ യൂയം മേ നൃപനന്ദനാഃ
സൗഹാൎദ്ദേനാപൃഥഗ്ധൎമ്മാസ്തുഷ്ടോഽഹം സൗഹൃദേന വഃ

| | | | |
|---|---|---|---|
| നൃപനന്ദനാഃ | രാജകുമാരന്മാരേ! | അപൃഥഗ്ധർമ്മാഃ | പരസ്പരം വ്യത്യാസമില്ലാത്ത ധർമ്മാചാരങ്ങളോടുകൂടി വർത്തിക്കുന്ന രാജപുത്രന്മാരേ |
| വഃ ഭദ്രം | നിങ്ങൾക്കു നന്മവരട്ടെ | വഃ | നിങ്ങളുടെ |
| യൂയം | നിങ്ങൾ | സൗഹൃദേന | മൈത്രിയാൽ |
| മേ വരം | എന്നോടു് വരത്തെ | അഹം തുഷ്ടഃ | ഞാൻ സന്തുഷ്ടനാണു് |
| വൃണീധ്വം | വരിച്ചുകൊൾവിൻ | | |
| സൗഹാർദേന | സുഹൃദ്ഭാവത്താൽ | | |

9 യോഽനുസ്മരതി സന്ധ്യായാം യുഷ്മാനനുദിനം നരഃ
തസ്യ ഭ്രാതൃഷ്വാത്മസാമ്യം തഥാ ഭൂതേഷു സൗഹൃദം.

| | | | |
|---|---|---|---|
| യഃ നരഃ | യാതൊരു മനുഷ്യൻ | തസ്യ | അവന്നു് |
| അനുദിനം | ദിനംതോറും | ഭ്രാതൃഷു | സഹോദരന്മാരിൽ |
| സന്ധ്യായാം | സന്ധ്യാസമയത്തിൽ | ആത്മസാമ്യം | ആത്മതുല്യസ്നേഹവും |
| യുഷ്മാൻ | നിങ്ങളെ | തഥാ | അതേവിധം |
| അനുസ്മരതി | അനുസ്മരിക്കുന്നുവോ, | ഭൂതേഷു | ജീവജാലങ്ങളിൽ |
| | | സൗഹൃദം | മൈത്രീഭാവവുമുണ്ടാകും. |

10 യേ തു മാം രുദ്രഗീതേന സായം പ്രാതഃ സമാഹിതാഃ
സ്തുവന്ത്യഹം കാമവരാൻ ദാസ്യേ പ്രജ്ഞാം ച ശോഭനാം

| | | | |
|---|---|---|---|
| യേ തു | യാതൊരുവർ | സ്തുവന്തി | സ്തോത്രംചെയ്യുന്നുവോ, (അവർക്കു്) |
| പ്രാതഃ | രാവിലേയും | അഹം | ഞാൻ |
| സായം | വൈകുന്നേരത്തും | കാമവരാൻ | അഭീഷ്ടവരങ്ങളേയും |
| സമാഹിതാഃ | ഏകാഗ്രചിത്തരായി | ശോഭനാം | തെളിവാന്ന |
| രുദ്രഗീതേന | രുദ്രഗീതംകൊണ്ടു് | പ്രജ്ഞാം ച | ബുദ്ധിയേയും |
| മാം | എന്നെ | ദാസ്യേ | നല്കുന്നതാണു്. |

11 യദ്യൂയം പിതുരാദേശമഗ്രഹീഷ്ട മുദാന്വിതാഃ
അഥോ വ ഉശതീ കീർത്തിർല്ലോകാനനു ഭവിഷ്യതി.

| | | | |
|---|---|---|---|
| യത് | യാതൊന്നു ഹേതുവായിട്ടു് | അഥോ | അതുഹേതുവായിട്ടു് |
| യൂയം | നിങ്ങൾ | വഃ | നിങ്ങളുടെ |
| മുദാന്വിതാഃ | പ്രസന്നഭാവം ചേർന്നുകൊണ്ടു് | ഉശതീ | കമനീയമായ |
| പിതുഃ | അച്ഛന്റെ | കീർത്തിഃ | യശസ്സു് |
| ആദേശം | ആജ്ഞയെ | ലോകാൻ അനു | ലോകങ്ങളെ തുടന്നുകൊണ്ടു് |
| അഗ്രഹീഷ്ട | ശിരസാ വഹിച്ചുവോ, | ഭവിഷ്യതി | നിലനില്ക്കുന്നതാണു് |

12 ഭവിതാ വിശ്രുതഃ പുത്രോഽനവമോ ബ്രഹ്മണോ ഗുണൈഃ
യ ഏതാമാത്മവീര്യേണ ത്രിലോകീം പൂരയിഷ്യതി.

| | | | |
|---|---|---|---|
| ഗുണൈഃ | ഗുണങ്ങൾകൊണ്ട് | ഭവിതാ | നിങ്ങൾക്കുണ്ടാകും |
| ബ്രഹ്മണഃ | ബ്രഹ്മാവിൽനിന്ന് | യഃ | യാതൊരുവൻ |
| | | ആത്മവീര്യേണ | തന്റെ സന്തതികൊണ്ട് |
| അനവമഃ | ഒട്ടുമേ താഴെയല്ലാത്ത | ഏതാം ത്രിലോകീം | ഈ മൂന്നുലോകത്തേയും |
| വിശ്രുതഃ | വിഖ്യാതനായ | | |
| പുത്രഃ | പുത്രൻ | പൂരയിഷ്യതി | നിറയ്ക്കുന്നതായിരിക്കും. |

13 കണ്ഡോഃ പ്രമ്ലോചയാ ലബ്ധാ കന്യാ കമലലോചനാ
താം ചാപവിദ്ധാം ജഗൃഹുർഭൂരുഹാ നൃപനന്ദനാഃ

| | | | |
|---|---|---|---|
| നൃപനന്ദനാഃ | രാജകുമാരന്മാരേ! | കന്യാ (അസ്തി) | പെൺകിടാവുണ്ട്. |
| കണ്ഡോഃ | കണ്ഡുമുനിയിൽനിന്ന് | അപവിദ്ധാം | (മാതാവിനാൽ) പരിത്യക്തയായ |
| പ്രമ്ലോചയാ | പ്രമ്ലോചയെന്ന അപ്സരസ്ത്രീയാൽ | താം | അവളെ |
| | | ഭൂരുഹാഃ | വൃക്ഷദേവതകൾ |
| ലബ്ധാ | നേടിയെടുക്കപ്പെട്ട | ജഗൃഹുഃ ച | ഏറെറടുക്കുകയും ചെയ്തിട്ടുണ്ട് |
| കമലലോചനാ | സുന്ദരിയായ | | |

കണ്ഡുമുനിയുടെ തപസ്സുമുടക്കുവാൻവേണ്ടി ദേവന്മാർ പറഞ്ഞയച്ച പ്രമ്ലോചയെന്ന അപ്സരസ്ത്രീക്ക് തപോനാശംനേരിട്ട ആ മുനിയിൽനിന്ന് ഒരു പെൺകുഞ്ഞുണ്ടായി അവൾ സ്വകൃത്യം നിറവേററി സ്വർഗ്ഗത്തിലേക്കു തിരിച്ചുപോകുമ്പോൾ ആ കന്യകയെ വനസ്പതികൾക്കേല്പിച്ചുകൊടുത്തു. അങ്ങനെ വൃക്ഷദേവതകൾ വളർത്തിവന്നതുകൊണ്ട് ആ കന്യകയ്ക്ക് 'വാർക്ഷി' എന്ന പേരും സിദ്ധിച്ചു. പ്രചേതസ്സുകൾ എല്ലാവരുംകൂടി അവളെ വേൾക്കണമെന്നാണ് ഭഗവന്നിയോഗം.

14 ക്ഷുത്ക്ഷാമായാ മുഖേ രാജാ സോമഃ പീയൂഷവർഷിണീം
ദേശിനീം രോദമാനായാ നിദധേ സ ദയാന്വിതഃ

| | | | |
|---|---|---|---|
| രാജാ | വൃക്ഷൗഷധികളുടെ രാജാവായ | മുഖേ | വായിൽ |
| സഃ സോമഃ | ആ സോമൻ | പീയൂഷവർഷിണീം | അമൃത് ചൊരിയുന്ന |
| ക്ഷുത്ക്ഷാമായാഃ | വിശന്നുതളർന്ന് | ദേശിനീം | ചൂണ്ടുവിരൽ |
| രോദമാനായാഃ | കരഞ്ഞിരുന്ന ആ കന്യകയുടെ | ദയാന്വിതഃ | ദയാസമേതനായിട്ട് |
| | | നിദധേ | വെച്ചുകൊടുത്തു. |

അപ്സരോഗർഭസംഭവയായതുകൊണ്ട് അവൾ അതിസുന്ദരിയാണെന്നും, അമൃതാഹാരം ചെയ്യുവളാകയാൽ ക്ലമസ്വേദദുർഗ്ഗന്ധാദിരഹിതയാണെന്നും ഇവിടെ സൂചിപ്പിച്ചു.

15 പ്രജാവിസർഗ്ഗ ആദിഷ്ടാഃ പിത്രാ മാമനുവർത്തതാ
തത്ര കന്യാം വരാരോഹാം താമുദ്വഹത മാ ചിരം

| | | | |
|---|---|---|---|
| മാം | എന്നെ | ആദിഷ്ടാഃ | ആജ്ഞാപിക്കപ്പെട്ടവരായ നിങ്ങൾ |
| അനുവർത്തതാ | ഭജിച്ചുകൊണ്ടിരിക്കുന്ന | തത്ര | അതിനുവേണ്ടി |
| പിത്രാ | (നിങ്ങളുടെ) പിതാവിനാൽ | വരാരോഹാം | സുന്ദരിയായ |
| | | താം കന്യാം | ആ കന്യകയെ |
| പ്രജാവിസർഗ്ഗേ | സന്താനോത്പാദനാർത്ഥം | ഉദ്വഹത | വിവാഹം ചെയ്യുക, |
| | | മാ ചിരം | കാലതാമസം അരുതു് |

പത്തുപേർക്കുംകൂടി ഒരുത്തി ഭാര്യയാവുകയോ ?—ഈ ആശങ്കയെ പരിഹരിക്കുന്നു.

16 അപൃഥഗ്ധർമ്മശീലാനാം സർവ്വേഷാം വഃ സുമദ്ധ്യമാ
അപൃഥഗ്ധർമ്മശീലേയം ഭൂയാത് പത്ന്യർപ്പിതാശയാ

| | | | |
|---|---|---|---|
| അപൃഥഗ്-ധർമ്മശീലാനാം | അന്യോന്യം വ്യത്യസ്തമല്ലാത്ത ധർമ്മവും സ്വഭാവവും പുലർത്തിപ്പോരുന്ന | സുമദ്ധ്യമാ | സുന്ദരിയായ |
| | | ഇയം | ഇവൾ |
| വഃ | നിങ്ങൾക്കു് | അർപ്പിതാശയാ | തുല്യാനുരാഗമെഴുന്ന |
| സർവ്വേഷാം | എല്ലാവർക്കും | | |
| അപൃഥഗ്-ധർമ്മശീലാ | നിങ്ങളിൽനിന്നു് വ്യത്യസ്തമല്ലാത്ത ധർമ്മവും സ്വഭാവവുമുള്ള | പത്നീ | പത്നിയായി |
| | | ഭൂയാത് | ഭവിച്ചുകൊള്ളട്ടെ |

17 ദിവ്യവർഷസഹസ്രാണാം സഹസ്രമഹതൗജസഃ
ഭൗമാൻ ഭോക്ഷ്യഥ ഭോഗാൻ വൈ ദിവ്യാംശ്ചാനുഗ്രഹാന്മമ.

| | | | |
|---|---|---|---|
| ദിവ്യവർഷ-സഹസ്രാണാം | ആയിരം ദിവ്യവർഷങ്ങളുടെ | ഭൗമാൻ | ഭൂമിയിലുള്ളവയും |
| സഹസ്രം | ആയിരത്തോളം കാലം | ദിവ്യാൻ ച | ദേവലോകത്തിലുള്ളവയുമായ |
| മമ | എന്റെ | | |
| അനുഗ്രഹാത് | അനുഗ്രഹത്താൽ | ഭോഗാൻ വൈ | ഭോഗങ്ങളെ തികച്ചും |
| അഹതൗജസഃ | തേജോഹാനി സംഭവിക്കാത്ത നിങ്ങൾ | ഭോക്ഷ്യഥ | അനുഭവിക്കും. |

18 അഥ മയ്യനപായിന്യാ ഭക്ത്യാ പക്വഗുണാശയാഃ
ഉപയാസ്യഥ മദ്ധാമ നിർവിദ്യ നിരയാദതഃ

| | | | |
|---|---|---|---|
| അഥ | അനന്തരം | അനപായിന്യാ | അവിചലമായ |
| മയി | എന്നിലുള്ള | ഭക്ത്യാ | ഭക്തികൊണ്ടു് |

| | | | |
|---|---|---|---|
| പക്വഗുണാശയാഃ | അകത്തുള്ള കാമാദിമാലിന്യങ്ങൾ വെന്തെരിഞ്ഞുപോയവരായ നിങ്ങൾ | നിരയാത് | നരകതുല്യഭോഗത്തിൽ നിന്നു് |
| | | നിർവിദ്യ | വിരക്തിയാൎന്നിട്ടു് |
| | | മദ്ധാമ | എന്റെ പരമധാമം |
| അതഃ | ഈ ലോകദ്വയത്തിലെ | ഉപയാസ്യഥ | പ്രാപിക്കുന്നതാണു്. |

ഗൃഹസ്ഥവൃത്തിയിലേൎപ്പെട്ടുകഴിഞ്ഞാൽ അതിലുള്ള ആസക്തിമൂലം ഭഗവദ്ഭക്തിയും നിൎവ്വേദവും ഉണ്ടാവുന്നതെങ്ങനെ എന്നാണെങ്കിൽ പറയുന്നു—

19 ഗൃഹേഷ്വാവിശതാം ചാപി പുംസാം കുശലകൎമ്മണാം
മദ്വാൎത്തായാതയാമാനാം ന ബന്ധായ ഗൃഹാ മതാഃ

| | | | |
|---|---|---|---|
| ഗൃഹേഷു | ഗൃഹസ്ഥവൃത്തിയിൽ | മദ്വാൎത്താ-യാതയാമാനാം | എന്നെസ്സംബന്ധിച്ച വാൎത്തയാൽ കാലം കഴിക്കുന്നവരുമായ |
| ആവിശതാം ച അപി | പ്രവേശിച്ചിട്ടുള്ളവരായിരുന്നാലും കൂടി | പുംസാം | ജനങ്ങൾക്കു് |
| | | ഗൃഹാഃ | ഗൃഹസ്ഥവൃത്തികൾ |
| കുശല-കൎമ്മണാം | എന്നിൽ അൎപ്പിതമായ കൎമ്മത്തോടുകൂടിയവരും | ബന്ധായ | ബന്ധത്തിന്നു് |
| | | ന മതാഃ | ഹേതുവാകയില്ല. |

അതെങ്ങനെയെന്നു് ഉപപാദിക്കുന്നു—

20 നവ്യവദ്ധൃദയേ യജ്ജ്ഞോ ബ്രഹ്മൈതദ്ബ്രഹ്മവാദിഭിഃ
ന മുഹ്യന്തി ന ശോചന്തി ന ഹൃഷ്യന്തി യതോ ഗതാഃ.

| | | | |
|---|---|---|---|
| യത് | എന്തുകൊണ്ടെന്നാൽ | | എന്റെ സച്ചിന്മയസ്വരൂപം |
| ജ്ഞഃ (അഹം) | സൎവ്വജ്ഞനായ ഞാൻ | ബ്രഹ്മ | സാക്ഷാൽ ബ്രഹ്മം തന്നെ |
| ബ്രഹ്മവാദിഭിഃ | ബ്രഹ്മജ്ഞന്മാരായ പ്രവക്താക്കളിലൂടെ | യതഃ | എന്തെന്നാൽ, |
| നവ്യവത് | പ്രതിദിനം പുതുമ തോന്നിക്കുമാറു് | ഗതാഃ | അതിലെത്തിയവർ |
| | | ന മുഹ്യന്തി | പിന്നെ മോഹിക്കുകയില്ല; |
| ഹൃത് | ഹൃദയാന്തരത്തിലേക്കു് | | |
| അയേ | പ്രവേശിക്കുന്നു. | ന ശോചന്തി | ദുഃഖിക്കുകയില്ല; |
| ഏതത് | ഈ പ്രവിഷ്ടമായ | ന ഹൃഷ്യന്തി | സന്തോഷിക്കയുമില്ല. |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

21 ഏവം ബ്രുവാണം പുരുഷാൎത്ഥഭാജനം
ജനാൎദ്ദനം പ്രാഞ്ജലയഃ പ്രചേതസഃ
തദ്ദൎശനധ്വസ്തതമോരജോമലാ
നിരാഗൃണൻ ഗദ്ഗദയാ സുഹൃത്തമം.

| | |
|---|---|
| തദ്ദർശന-ധ്വസ്തതമോ-രജോമലാഃ | തന്തിരുവടിയുടെ ദർശനത്താൽ രജസ്തമോഗുണങ്ങളുടെ അഴുക്ക് നിശ്ശേഷം നശിച്ചുപോയവരായ |
| പ്രചേതസഃ | പ്രചേതസ്സുകൾ |
| ഏവം | ഇപ്രകാരം |
| ബ്രുവാണം | അരുളിച്ചെയ്യുവനും |
| പുരുഷാർത്ഥ-ഭാജനം | പുരുഷാർത്ഥങ്ങൾക്ക് ആശ്രയഭൂതനും |
| സുഹൃത്തമം | പരമസുഹൃത്തുമായ |
| ജനാർദനം | ശ്രീഹരിയെ |
| പ്രാഞ്ജലയഃ | കൂപ്പിത്തൊഴുതുകൊണ്ട് |
| ഗദ്ഗദയാ | ഗദ്ഗദാക്ഷരത്തോടെ |
| ഗിരാഗൃണൻ | വാഴ്ത്തിച്ചൊല്ലി. |

പ്രചേതസ ഊചുഃ = പ്രചേതസ്സുകൾ പറഞ്ഞു—

22 നമോ നമഃ ക്ലേശവിനാശനായ
നിരൂപിതോദാരഗുണാഹ്വയായ
മനോവചോവേഗപുരോജവായ
സർവാക്ഷമാർഗൈരഗതാധ്വനേ നമഃ

| | |
|---|---|
| ക്ലേശവി-നാശനായ | താപത്രയോന്മൂലനം ചെയ്യരുളുന്നവനും |
| നിരൂപിതോ-ദാരഗുണാ-ഹ്വയായ | വേദത്താൽ നിരൂപണം ചെയ്യപ്പെട്ടിരിക്കുന്ന ഉദാരഗുണങ്ങളോടും നാമങ്ങളോടും കൂടിയിരിക്കുന്നവനുമായ |
| (തേ) | നിന്തിരുവടിക്ക് |
| നമഃ നമഃ | അനേകം നമസ്കാരം |
| മനോവചോ-വേഗപുരോ-ജവായ | മനസ്സിന്റെയും വാക്കിന്റെയും വേഗത്തെക്കാൾ വേഗം കൂടിയിരിക്കുന്നവനും |
| സർവാക്ഷ-മാർഗൈഃ | സർവ്വേന്ദ്രിയങ്ങൾ വഴിയായിട്ടും |
| അഗതാധ്വനേ | അജ്ഞാതമായ പ്രവൃത്തിപഥത്തോടുകൂടിയിരിക്കുന്നവനുമായ അവിടുത്തേക്കു |
| നമഃ | നമസ്കാരം. |

23 ശുദ്ധായ ശാന്തായ നമഃ സ്വനിഷ്ഠയാ
മനസ്യപാർത്ഥം വിലസദ്ദ്വയായ
നമോ ജഗത്സ്ഥാനലയോദയേഷു
ഗൃഹീതമായാഗുണവിഗ്രഹായ.

| | |
|---|---|
| സ്വനിഷ്ഠയാ | സ്വസ്വരൂപാവസ്ഥിതിയാൽ |
| ശുദ്ധായ | മായാഗുണരഹിതനായി |
| ശാന്തായ | നിർവികാരാത്മാവുമായി സ്ഥിതിചെയ്യുന്ന അവിടുത്തേക്ക് |
| നമഃ | നമസ്കാരം. |
| മനസി | മനസ്സെന്ന നിമിത്തോപാധിയിരിക്കവേ, |
| അപാർത്ഥം | മിഥ്യയായിട്ട് |
| വിലസദ്-ദ്വയായ | പ്രതിഭാസിക്കുന്ന ദ്വൈതപ്രതീതിയോടുകൂടിയവനായി, |
| ജഗത്സ്ഥാന-ലയോദയേഷു | ലോകത്തിന്റെ നിലനില്പിനും സംഹാരത്തിനും ഉത്പത്തിക്കുംവേണ്ടി |
| ഗൃഹീത-മായാഗുണ-വിഗ്രഹായ | മായാഗുണങ്ങളെ സ്വീകരിച്ച് വിഷ്ണുരുദ്രബ്രഹ്മാദിരൂപം ധരിച്ചിരിക്കുന്ന അവിടുത്തേക്ക് |
| നമഃ | നമസ്കാരം. |

24 നമോ വിശുദ്ധസത്ത്വായ ഹരയേ ഹരിമേധസേ
വാസുദേവായ കൃഷ്ണായ പ്രഭവേ സർവസാത്വതാം

| | |
|---|---|
| വിശുദ്ധ-സത്ത്വായ | സ്വതേ വിശുദ്ധസത്ത്വസ്വരൂപനായി |
| ഹരിമേധസേ | സംസാരസംഹരണക്ഷമമായ ചിദാനന്ദമൂർത്തിയായും, |
| വാസുദേവായ | വസുദേവപുത്രനായി, |
| സർവ്വസാത്വതാം | സമസ്തയാദവന്മാരുടെ |
| പ്രഭവേ | സ്വാമിയായ |
| കൃഷ്ണായ | ശ്രീകൃഷ്ണനായും ഇരിക്കുന്ന |
| ഹരയേ | ശ്രീഹരിക്കായ്ക്കൊണ്ട് |
| നമഃ | നമസ്കാരം. |

25 നമഃ കമലനാഭായ നമഃ കമലമാലിനേ
നമഃ കമലപാദായ നമസ്തേ കമലേക്ഷണ.

| | |
|---|---|
| കമലനാഭായ | വിശ്വകാരണപദ്മം നാഭിയിങ്കലുള്ള ഭഗവാന് |
| നമഃ | നമസ്കാരം. |
| കമലമാലിനേ | പദ്മമാല്യാലംകൃതനായ ഭഗവാന് |
| നമഃ | നമസ്കാരം. |
| കമലപാദായ | പദ്മംപോലെ സുന്ദരമായ തൃപ്പാദങ്ങളോടുകൂടിയ ഭഗവാന് |
| നമഃ | നമസ്കാരം. |
| കമലേക്ഷണ | ഹേ പദ്മനയന! |
| തേ | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. |

26 നമഃ കമലകിഞ്ജൽക്കപിശംഗാമലവാസസേ
സർവഭൂതനിവാസായ നമോഽയുങ്ക്ഷ്മഹി സാക്ഷിണേ

| | |
|---|---|
| കമലകിഞ്ജൽക്ക-പിശംഗാമല-വാസസേ | പദ്മകേസരംപോലെ മഞ്ഞനിറമുള്ള നിർമ്മല വസ്ത്രം ധരിച്ചിരിക്കുന്ന ഭഗവാന് |
| നമഃ | നമസ്കാരം |
| സർവഭൂത-നിവാസായ | സമസ്തചരാചരങ്ങൾക്കും ആശ്രയഭൂതനായിരിക്കുന്നവനും |
| സാക്ഷിണേ | സർവ്വസാക്ഷിയുമായ നിന്തിരുവടിക്ക് |
| നമഃ | നമോവാകം |
| അയുങ്ക്ഷ്മഹി | അർപ്പിക്കുന്നു. |

'വരം വരിച്ചുകൊൾക' എന്നു ഭഗവാൻ പറഞ്ഞതിനെ ഉള്ളിൽ നിനച്ചുപറയുന്നു.

27 രൂപം ഭഗവതാ ത്വേതദശേഷക്ലേശസംക്ഷയം
ആവിഷ്കൃതം നഃ ക്ലിഷ്ടാനാം കിമന്യദനുകമ്പിതം

| | |
|---|---|
| അശേഷ-ക്ലേശസംക്ഷയം | എല്ലാ താപങ്ങളേയും ഇല്ലായ്മചെയ്യുന്ന |
| ഏതത് രൂപം | ഈ മംഗളരൂപം |
| ഭഗവതാ തു | നിന്തിരുവടിയാൽ സ്വയം |
| ആവിഷ്കൃതം | പ്രത്യക്ഷീകരിക്കപ്പെട്ടു. |
| ക്ലിഷ്ടാനാം | ക്ലേശിച്ചിരിക്കുന്ന |
| നഃ | ഞങ്ങൾക്ക് |
| അന്യത് കിം | വേറെയെന്ത് |
| അനുകമ്പിതം | അനുകമ്പ വേണ്ടൂ ? |

28 ഏതാവത്ത്വം ഹി വിഭുഭിർഭാവ്യം ദീനേഷു വത്സലൈഃ
യദനുസ്മര്യതേ കാലേ സ്വബുദ്ധ്യാഭദ്രരന്ധന

| | |
|---|---|
| അഭദ്രരന്ധന | ഹേ അമംഗളഹാരിൻ ! |
| കാലേ | വേണ്ടനേരത്തു് |
| സ്വബുദ്ധ്യാ | ഇവൻ എന്റെ ആളാണെന്ന വിചാരത്തോടെ |
| അനുസ്മര്യതേ | അനുസ്മരിക്കപ്പെടുന്നു |
| യത് | എന്നതു് യാതൊന്നോ, |

| | |
|---|---|
| ഏതാവത്ത്വം ഹി | ഇതുമാത്രമേ |
| ദീനേഷു | ദീനജനങ്ങളിൽ |
| വത്സലൈഃ | അനുകമ്പയുള്ള |
| വിഭുഭിഃ | പ്രഭുക്കന്മാരാൽ |
| ഭാവ്യം | വേണ്ടതായിട്ടുള്ളൂ. |

എന്നാൽ, അവിടുന്നു് ഞങ്ങളെ ഓർമ്മിക്കുക മാത്രമല്ല, ദർശനം തരികതന്നെ ചെയ്തു. ഇതിലേറെ എന്തനുകമ്പ വേണം ? എന്നു് വ്യംഗ്യം.

29 യേനോപശാന്തിർ ഭൂതാനാം ക്ഷുല്ലകാനാമപീഹതാം
അന്തർഹിതോऽന്തർഹൃദയേ കസ്മാന്നോ വേദ നാശിഷഃ.

| | |
|---|---|
| യേന | യാതൊരു ഈ അനുസ്മരണം കൊണ്ടുതന്നെ |
| ഉപശാന്തിഃ | അനുസ്മൃതന്മാർക്കു് മനഃശാന്തിയുണ്ടാവുന്നു. |
| ക്ഷുല്ലകാനാം | നിസ്സാരങ്ങളായ |
| ഭൂതാനാം അപി | ജീവികളുടെയും കൂടി |
| അന്തർഹൃദയേ | ഹൃദയാന്തരത്തിൽ |

| | |
|---|---|
| അന്തർഹിതഃ | അന്തര്യാമിയായി വസിക്കുന്ന നിന്തിരുവടി |
| ഈഹതാം | ഉപാസകന്മാരായ |
| നഃ | ഞങ്ങളുടെ |
| ആശിഷഃ | അഭിലാഷങ്ങളെ |
| കസ്മാത് | എന്തുകൊണ്ടു് |
| ന വേദ | അറിയുകയില്ല ? |

ഹൃദയത്തിൽ വസിക്കുന്ന ആൾക്കു് ഹൃദയാഭിലാഷം അറിയാതിരിക്കുമോ ? എങ്കിലും, പറയുകയാണു് വേണ്ടതെങ്കിൽ പറയാമെന്നർത്ഥത്തിൽ ഇനി തുടരുന്നു—

30 അസാവേവ വരോऽസ്മാകമീപ്സിതോ ജഗതഃ പതേ
പ്രസന്നോ ഭഗവാൻ യേഷാമപവർഗഗുരുർഗതിഃ

| | |
|---|---|
| ജഗതഃ പതേ | ഹേ ജഗത്പ്രഭോ ! |
| അപവർഗഗുരുഃ | മുക്തിമാർഗ്ഗത്തിന്റെ ഉപദേഷ്ടാവും |
| ഗതിഃ | പുരുഷാർത്ഥഭൂതനുമായിരിക്കുന്ന |
| ഭഗവാൻ | നിന്തിരുവടി |

| | |
|---|---|
| പ്രസന്നഃ | സുപ്രീതനായല്ലോ. |
| യേഷാം അസ്മാകം | യാതൊരു ഞങ്ങൾക്കു് |
| ഈപ്സിതഃ | അഭിലഷിതമായ |
| വരഃ | വരപ്രസാദം |
| അസൗ ഏവ | ഇതൊന്നുമാത്രമാണു്. |

31 വരം വൃണീമഹേऽഥാപി നാഥ ത്വത് പരതഃ പരാത്
ന ഹ്യന്തസ്ത്വദ്വിഭൂതീനാം സോऽനന്ത ഇതി ഗീയസേ.

| | | | |
|---|---|---|---|
| അഥാപി | എന്നിരിക്കിലും, | ത്വദ്വിഭൂതീനാം | അവിടുത്തെ വിഭൂതികൾക്ക് |
| നാഥ | മഹാപ്രഭോ ! | അന്തഃ ന | അററമില്ല. |
| പരതഃ | മൂലകാരണത്തിൽനിന്നും | ഹി | ആകയാൽ |
| പരാത് | അതീതനായ | സഃ | അങ്ങനെയുള്ള അവിടുന്ന് |
| ത്വത് | നിന്തിരുവടിയിൽ നിന്ന് | അനന്തഃ | 'അനന്തൻ' (അററമില്ലാത്തവൻ) |
| വരം | ഒരു വരം മാത്രം | ഇതി | എന്നിങ്ങനെ |
| വൃണീമഹേ | വരിച്ചുകൊള്ളുന്നു. | ഗീയസേ | കീർത്തിക്കപ്പെടുന്നു. |

അവിടുത്തേക്ക് എന്തുവരവും തരുവാനുള്ള കഴിവുണ്ട്. അവിടുത്തെ വിഭൂതികൾക്ക് അററവുമില്ല. ആകയാൽ എന്തൊന്നാണ് വരിക്കേണ്ടതു് ? അറിഞ്ഞുകൂടാ, എങ്കിലും ഒരു വരം വരിച്ചുകൊള്ളുന്നു എന്ന് സാരം.

32 പാരിജാതേഽഞ്ജസാ ലബ്ധേ സാരംഗോഽന്യന്ന സേവതേ
ത്വദങ്ഘ്രിമൂലമാസാദ്യ സാക്ഷാത് കിം കിം വൃണീമഹി

| | | | |
|---|---|---|---|
| പാരിജാതേ | കല്പവൃക്ഷം | സാക്ഷാത് | ശരിക്കും |
| അഞ്ജസാ | അനായാസേന | ത്വദങ്ഘ്രിമൂലം | അവിടുത്തെ തൃപ്പാദസന്നിധിയെ |
| ലബ്ധേ | ലഭിക്കപ്പെട്ടിരിക്കേ, | ആസാദ്യ | ലഭിച്ചതിൽപ്പിന്നെ |
| സാരംഗഃ | വണ്ട് | കിം കിം | എന്തുതന്നെ |
| അന്യത് | മറെറാരു മരത്തെ | വൃണീമഹി | ഞങ്ങൾ വരിക്കട്ടെ. |
| ന സേവതേ | ആശ്രയിക്കയില്ല. | | |

അതുകൊണ്ട് ഞങ്ങൾ പ്രാർത്ഥിക്കുന്നതു് ഇത്രമാത്രമാണെന്ന് അറിയിക്കുന്നു.

33 യാവത്തേ മായയാ സ്പൃഷ്ടാ ഭ്രമാമ ഇഹ കർമ്മഭിഃ
താവത്ഭവത്പ്രസംഗാനാം സംഗഃ സ്യാന്നോ ഭവേ ഭവേ.

| | | | |
|---|---|---|---|
| തേ | അവിടുത്തെ | താവത് | അത്രയും കാലത്തോളം, |
| മായയാ | മായയാൽ | ഭവത്പ്രസംഗാനാം | അവിടത്തോട് നിത്യസമ്പർക്കം പുലർത്തുന്ന ഭക്തജനങ്ങളുടെ |
| സ്പൃഷ്ടാഃ | സ്പർശിക്കപ്പെട്ടവരായിട്ട് | സംഗഃ | സമ്പർക്കം |
| കർമ്മഭിഃ | കർമ്മങ്ങൾനിമിത്തം | ഭവേ ഭവേ | ഓരോ ജന്മത്തിലും |
| ഇഹ | ഈ സംസാരചക്രത്തിൽ | നഃ സ്യാത് | ഞങ്ങൾക്കുണ്ടാകട്ടെ. |
| യാവത് | എത്രയും കാലത്തോളം | | |
| ഭ്രമാമഃ | ഞങ്ങൾ വട്ടംചുററിക്കൊണ്ടിരിക്കുന്നുവോ, | | |

രാജ്യാദിഭോഗങ്ങളും സ്വർഗ്ഗാപവർഗ്ഗങ്ങളും വിട്ടിട്ട് ഇങ്ങിനെയൊന്നു വരിക്കാൻ കാരണമെന്തെന്നു പറയുന്നു.

34 തുലയാമ ലവേനാപി ന സ്വർഗം നാപുനർഭവം
ഭഗവത്സംഗിസംഗസ്യ മർത്യാനാം കിമുതാശിഷഃ

| | | | |
|---|---|---|---|
| ഭഗവത്-സംഗിസംഗസ്യ | ഭഗവത്ഭക്തന്മാരോടു കൂടിയുള്ള സമ്പർക്കത്തിന്റെ | അപുനർഭവം | മുക്തിയേയും |
| | | ന | ഇല്ല. |
| ലവേന അപി | ഒരു കണികയോടുകൂടിപ്പോലും | മർത്യാനാം | മനുഷ്യരെ സംബന്ധിച്ചുള്ള |
| സ്വർഗം | ദേവലോകത്തെ | ആശിഷഃ | കാമനകളെ |
| ന തുലയാമ | ഞങ്ങൾ താരതമ്യപ്പെടുത്തുകയില്ല, | കിമുത | പിന്നെ പറയേണമോ ? |

സത്സംഗത്തിന്റെ വൈശിഷ്ട്യത്തെ മൂന്നുശ്ലോകംകൊണ്ടു് പ്രപഞ്ചനംചെയ്യുന്നു.

35 യത്രേഡ്യന്തേ കഥാ മൃഷ്ടാസ്തൃഷ്ണായാഃ പ്രശമോ യതഃ
നിർവൈരം യത്ര ഭൂതേഷു നോദ്വേഗോ യത്ര കശ്ചന

| | | | |
|---|---|---|---|
| യത്ര | യാതൊരു ഭക്തജനസമാജത്തിൽ | പ്രശമഃ | പ്രശമനം വരുന്നു. |
| | | യത്ര | യാതൊന്നിൽവെച്ച് |
| മൃഷ്ടാഃ | പരിശുദ്ധങ്ങളായ | ഭൂതേഷു | പ്രാണികളിൽ |
| കഥാഃ | ഭഗവൽക്കഥകൾ | നിർവൈരം | ദ്വേഷബുദ്ധി നീങ്ങുന്നു. |
| ഈഡ്യന്തേ | വാഴ്ത്തപ്പെടുന്നു. | യത്ര | യാതൊന്നിൽ |
| യതഃ | ആയതുമൂലം | കശ്ചന | ഒരുവിധത്തിലുള്ള |
| തൃഷ്ണായാഃ | ഭോഗതൃഷ്ണയ്ക്കു് | ഉദ്വേഗഃ ന | ശല്യവും ഇല്ല. |

36 യത്ര നാരായണഃ സാക്ഷാദ്ഭഗവാൻ ന്യാസിനാം ഗതിഃ
സംസ്തൂയതേ സത്കഥാസു മുക്തസംഗൈഃ പുനഃ പുനഃ

| | | | |
|---|---|---|---|
| യത്ര | യാതൊരു ഭക്തസമാജത്തിൽവെച്ചുള്ള | ഭഗവാൻ | ഭഗവാനായ |
| | | നാരായണഃ | ശ്രീനാരായണൻ |
| സത്കഥാസു | സൽക്കഥകളിൽ | മുക്തസംഗൈഃ | അനാസക്തരായ മഹാത്മാക്കളാൽ |
| ന്യാസിനാം | നിഷ്കാമയോഗികൾക്കു് | | |
| ഗതിഃ | ഏകാശ്രയമായ | പുനഃ പുനഃ | തുടരെത്തുടരെ |
| സാക്ഷാത് | സാക്ഷാൽ | സംസ്തൂയതേ | പ്രകീർത്തിക്കപ്പെടുന്നു. |

37 തേഷാം വിചരതാം പദ്ഭ്യാം തീർത്ഥാനാം പാവനേച്ഛയാ
ഭീതസ്യ കിം ന രോചേത താവകാനാം സമാഗമഃ.

| | | | |
|---|---|---|---|
| തീർത്ഥാനാം | പുണ്യസ്ഥലങ്ങളുടെ | പദ്ഭ്യാം വിചരതാം | കാൽനടയായി അവിടങ്ങളിൽ സഞ്ചരിക്കുന്ന |
| പാവനേച്ഛയാ | പാവനതക്കുവേണ്ടി | | |

| | |
|---|---|
| തേഷാം | ആ |
| താവകാനാം | ഭവൽഭക്തന്മാരുടെ |
| സമാഗമഃ | സന്തതസമ്പർക്കം |

| | |
|---|---|
| ഭീതസ്യ | സംസാരഭയം നേരിട്ടിരിക്കുന്നവനു് |
| കിം ന രോചേത | രുചികരമാകയില്ലയോ? |

സത്സംഗഫലം തങ്ങൾ അനുഭവിച്ചറിഞ്ഞതാണെന്നു് ഇനി എടുത്തുകാണിക്കുന്നു.

38 വയം തു സാക്ഷാദ്ഭഗവൻ ഭവസ്യ
പ്രിയസ്യ സഖ്യുഃ ക്ഷണസംഗമേന
സുദുശ്ചികിത്സ്യസ്യ ഭവസ്യ മൃത്യോർ-
ഭിഷക്തമം ത്വാദ്യ ഗതിം ഗതാഃ സ്മഃ

| | |
|---|---|
| ഭഗവൻ | ഭഗവാനേ ! |
| വയം തു | ഞങ്ങളാകട്ടെ |
| പ്രിയസ്യ | അവിടത്തെ പ്രിയപ്പെട്ട |
| സഖ്യുഃ | സഖാവായ |
| സാക്ഷാത് | സാക്ഷാൽ |
| ഭവസ്യ | പരമശിവന്റെ |
| ക്ഷണ-സംഗമേന | ക്ഷണികമായ സമ്പർക്കം ഹേതുവായിട്ടു് |

| | |
|---|---|
| സുദുശ്ചി-കിത്സ്യസ്യ | ചികിത്സിച്ചുമാററുവാൻ ഒട്ടേറെ പ്രയാസമുള്ള |
| ഭവസ്യ | ജനനത്തിന്റെയും |
| മൃത്യോഃ | മരണത്തിന്റെയും |
| ഭിഷക്തമം | മഹാചികിത്സകനായ |
| ത്വാ | നിന്തിരുവടിയെ |
| അദ്യ | ഇന്നിതാ |
| ഗതിം | ആശ്രയമായിട്ടു് |
| ഗതാഃ സ്മഃ | പ്രാപിച്ചിരിക്കുന്നു. |

ഈ വിധം സത്സംഗം വരിച്ചശേഷം മറെറാരു വരംകൂടെ രണ്ടു് ശ്ലോകത്താൽ പ്രചേതസ്സുകൾ പ്രാർത്ഥിക്കുന്നു—

39 യന്നഃ സ്വധീതം ഗുരവഃ പ്രസാദിതാ
വിപ്രാശ്ച വൃദ്ധാശ്ച സദാനുവൃത്ത്യാ
ആര്യാ നതാഃ സുഹൃദോ ഭ്രാതരശ്ച
സർവാണി ഭൂതാന്യനസൂയയൈവ

40 യന്നഃ സുതപ്തം തപ ഏതദീശ
നിരന്ധസാം കാലമദഭ്രമപ്സു
സർവം തദേതത്പുരുഷസ്യ ഭൂമ്നോ
വൃണീമഹേ തേ പരിതോഷണായ.

| | |
|---|---|
| ഈശ നഃ | പ്രഭോ ! ഞങ്ങളാൽ |
| സ്വധീതം | അധ്യയനം ചെയ്യപ്പെട്ടു; |
| ഗുരവഃ | ഗുരുജനങ്ങളും |
| വിപ്രാഃ ച | ബ്രാഹ്മണരും |

| | |
|---|---|
| വൃദ്ധാഃ ച | വൃദ്ധന്മാരും |
| സദാ | നിരന്തരം |
| അനുവൃത്ത്യാ | അനുസരണത്തോടു കൂടിയ ശുശ്രൂഷയാൽ |

| | |
|---|---|
| പ്രസാദിതാഃ | സംതൃപ്തരാക്കപ്പെട്ടു; |
| അനസൂയയാ ഏവ | ദോഷബുദ്ധിയോടു കൂടാതെ തന്നെ |
| ആര്യാഃ | വിശിഷ്ടന്മാരും |
| സുഹൃദഃ | സുഹൃത്തുക്കളും |
| ഭ്രാതരഃ | സഹജാതന്മാരും |
| നതാഃ | ആദരിക്കപ്പെട്ടു; |
| സർവാണി | സമസ്തങ്ങളായ |
| ഭൂതാനി ച | ജീവജാലങ്ങളും |
| (നതാനി) | ആദരിക്കപ്പെട്ടു |
| യത് | എന്നതു് യാതൊന്നോ, |
| തത് | അതും, |
| അദഭ്രം | ദീർഘമായ |
| കാലം | കാലത്തോളം |
| നിരന്ധസാം | നിരാഹാരരായിട്ടു് |
| നഃ | ഞങ്ങളാൽ |
| അപ്സു | വെള്ളത്തിലാണ്ടു് |
| ഏതത് തപഃ | ഈ വിധം തപസ്സ് |
| സുതപ്തം | അനുഷ്ഠിക്കപ്പെട്ടു |
| യത് | എന്നതു് യാതൊന്നോ, |
| തത് | അതും— |
| ഏതത് സർവം | ഇതെല്ലാംതന്നെ |
| ഭൂമ്നഃ | സർവ്വവ്യാപ്തമായ |
| പുരുഷസ്യ | ആത്മസ്വരൂപമായി നിലകൊള്ളുന്ന |
| തേ | നിന്തിരുവടിയുടെ |
| പരിതോഷണായ | സന്തോഷത്തിന്നുതകമാറാകട്ടെ എന്നു് |
| വൃണീമഹേ | പ്രാർത്ഥിച്ചുകൊള്ളുന്നു. |

അവിടുത്തെ മഹിമയെക്കുറിച്ചു് ബോധവാന്മാരായിട്ടല്ല ഞങ്ങൾ സ്തുതിക്കുന്നതു്, എങ്കിലും ഇതിൽ അനൗചിത്യമില്ല എന്നു് സൂചിപ്പിച്ചുകൊണ്ടു് പറയുന്നു—

41 മനുഃ സ്വയംഭൂർഭഗവാൻ ഭവശ്ച
യേഽന്യേ തപോജ്ഞാനവിശുദ്ധസത്ത്വാഃ
അദൃഷ്ടപാരാ അപി യന്മഹിമ്നഃ
സ്തുവന്ത്യഥോ ത്വാത്മസമം ഗൃണീമഃ

| | |
|---|---|
| മനുഃ | സ്വായംഭുവമനു, |
| സ്വയംഭൂഃ | ബ്രഹ്മാവു്, |
| ഭഗവാൻ | സർവ്വജ്ഞനായ |
| ഭവഃ ച | ശ്രീരുദ്രൻ എന്നിവരും, |
| തപോജ്ഞാനവിശുദ്ധസത്ത്വാഃ | തപസ്സ്, ജ്ഞാനം, എന്നിവയാൽ ശുദ്ധാന്തഃകരണന്മാരായ |
| അന്യേ യേ | മററു യാവചിലരും |
| യന്മഹിമ്നഃ | നിന്തിരുവടിയുടെ മഹത്ത്വത്തിന്റെ |
| അദൃഷ്ടപാരാഃ അപി | അററം കണ്ടെത്താത്തവരായിരുന്നിട്ടും |
| സ്തുവന്തി | സ്തുതിച്ചുകൊണ്ടിരിക്കുന്നു |
| അഥോ | അതിനാൽ |
| ആത്മസമം | ഞങ്ങളും സ്വബുദ്ധിക്കു് അനുസൃതമായി |
| ത്വാ | നിന്തിരുവടിയെ |
| ഗൃണീമഃ | സ്തുതിക്കുന്നു. |

42 നമഃ സമായ ശുദ്ധായ പുരുഷായ പരായ ച
വാസുദേവായ സത്ത്വായ തുഭ്യം ഭഗവതേ നമഃ

| | |
|---|---|
| സമായ | എന്നും ഒരുപോലെയുള്ളവനായും |
| ശുദ്ധായ | വിശുദ്ധസ്വരൂപനായും ഇരിക്കുന്ന |
| പരായ പുരുഷായ ച | നിന്തിരുവടിക്കു് നമസ്കാരം |
| സത്ത്വായ | സത്ത്വമൂർത്തിയായ |

| | | | |
|---|---|---|---|
| വാസുദേവായ | ശ്രീവാസുദേവനായും | ഇദം | നിന്തിരുവടിക്ക് |
| ഭഗവതേ | സർവ്വൈശ്വര്യാദി ഷഡ്ഗുണോപേതനായും ഇരിക്കുന്ന | നമഃ | നമസ്കാരം |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

43 ഇതി പ്രചേതോഭിരഭിഷ്ടുതോ ഹരിഃ
പ്രീതസ്തഥേത്യാഹ ശരണ്യവത്സലഃ
അനിച്ഛതാം യാനമതൃപ്തചക്ഷുഷാം
യയൗ സ്വധാമാനപവർഗവീര്യഃ

| | | | |
|---|---|---|---|
| ഇതി | എന്നിങ്ങനെ | അനപവർഗവീര്യഃ | അപ്രതിഹതപ്രഭാവനായ തന്തിരുവടി |
| പ്രചേതോഭിഃ | പ്രചേതസ്സുകളാൽ | അതൃപ്തചക്ഷുഷാം | തന്നെ കണ്ടിട്ട് കണ്ണിന്ന് തൃപ്തിവരാതെയിരിക്കുന്ന പ്രചേതസ്സുകൾ |
| അഭിഷ്ടുതഃ | സ്തോത്രംചെയ്യപ്പെട്ട | യാനം | സ്വഗമനത്തെ |
| ശരണ്യവത്സലഃ | ശരണാഗതവത്സലനായ | അനിച്ഛതാം | ഇച്ഛിക്കാതെ നില്ക്കേ, |
| ഹരിഃ | ശ്രീമഹാവിഷ്ണു | സ്വധാമ | തന്റെ ആവാസമായ ക്ഷേത്രഹൃദയത്തിലേക്ക് |
| പ്രീതഃ | സന്തുഷ്ടനായിട്ട് | യയൗ | യാത്രതിരിച്ചു. |
| തഥാ ഇതി | 'തഥാസ്തു' എന്ന് | | |
| ആഹ | അരുളിച്ചെയ്തു. | | |

44 അഥ നിര്യായ സലിലാത് പ്രചേതസ ഉദന്വതഃ
വീക്ഷ്യാകുപ്യൻ ദ്രുമൈശ്ഛന്നാം ഗാം ഗാം രോദ്ധുമിവോ-
ച്ഛ്രിതൈഃ

| | | | |
|---|---|---|---|
| അഥ | അനന്തരം | രോദ്ധും ഇവ | നിരോധിക്കുവാനോ എന്നു തോന്നുമാറ് |
| പ്രചേതസഃ | പ്രചേതസ്സുകൾ | ഉച്ഛ്രിതൈഃ | ഉയർന്നെഴുന്നുനില്ക്കുന്ന |
| ഉദന്വതഃ | സമുദ്രത്തിലെ | ദ്രുമൈഃ | വന്മരങ്ങളാൽ |
| സലിലാത് | ജലത്തിൽനിന്ന് | ഛന്നാം | ആച്ഛാദിതമായിരിക്കുന്ന |
| നിര്യായ | കയറിവന്നശേഷം, | ഗാം വീക്ഷ്യ | ഭൂമിയെ കണ്ടു |
| ഗാം | സ്വർഗ്ഗലോകത്തെ | അകുപ്യൻ | കുപിതരായി. |

ഈ പ്രചേതസ്സുകളുടെ പിതാവായ പ്രാചീനബർഹിസ്സ് നാരദോപദേശത്താൽ വിരക്തനായി രാജ്യം ഉപേക്ഷിച്ചുപോകയാൽ ഭൂമിയിൽ അരാജകത്വം വന്നു. വെട്ടും കിളയും കൃഷിയും ഇല്ലാതെയായി; നാടാകെയും കാടായിമാറി. തപഃസിദ്ധിയാർജ്ജിച്ചു വന്ന യുവരാജക്കളായ പ്രചേതസ്സുകൾക്ക് ഇതുകണ്ടപ്പോൾ വൃക്ഷലതാദികളോട് കോപം ജനിച്ചു എന്നിങ്ങനെ ഇവിടെ താൽപര്യം ഗ്രഹിച്ചുകൊൾക.

45 തതോഽഗ്നിമാരുതൗ രാജന്നമുഞ്ചൻ മുഖതോ രുഷാ
മഹീം നിർവീരുധം കർത്തും സംവർത്തക ഇവാത്യയേ

| | | | |
|---|---|---|---|
| രാജൻ | ഹേ മനോരഞ്ജകനായ വിദുരരേ ! | രുഷാ | കോപത്താൽ |
| | | അത്യയേ | കല്പാന്തകാലത്തിലെ |
| തതഃ (തേ) | അനന്തരം അവർ | സംവർത്തകഃ | കാലാഗ്നിരുദ്രൻ |
| മഹീം | ഭൂമിയെ | ഇവ | എന്നതുപോലെ |
| നിർവീരുധം കർത്തും | ഒരുവള്ളിപ്പടപ്പുപോലും ഇല്ലാത്തതാക്കിത്തീർക്കുവാൻവേണ്ടി | മുഖതഃ | മുഖത്തിൽനിന്നു് |
| | | അഗ്നിമാരുതൗ | തീയും കാററും |
| | | അമുഞ്ചൻ | പുറത്തുവിട്ടു. |

46 ഭസ്മസാത്ക്രിയമാണാംസ്താൻ ദ്രുമാൻ വീക്ഷ്യ പിതാമഹഃ
ആഗതഃ ശമയാമാസ പുത്രാൻ ബർഹിഷ്മതോ നയൈഃ

| | | | |
|---|---|---|---|
| ഭസ്മസാത്- ക്രിയമാണാൻ | ചുട്ടെരിച്ചു ചാമ്പലാക്കി മാററപ്പെടുന്ന | പിതാമഹഃ | ബ്രഹ്മദേവൻ |
| | | ബർഹിഷ്മതഃ | പ്രാചീനബർഹിസ്സിന്റെ |
| താൻ ദ്രുമാൻ | ആ വൃക്ഷങ്ങളെ | പുത്രാൻ | പുത്രന്മാരെ |
| വീക്ഷ്യ | കണ്ടിട്ടു് | നയൈഃ | നീതിവചനങ്ങൾകൊണ്ടു |
| ആഗതഃ | അങ്ങെഴുന്നള്ളിയ | ശമയാമാസ | സമാധാനിപ്പിച്ചു. |

47 തത്രാവശിഷ്ടാ യേ വൃക്ഷാ ഭീതാ ദുഹിതരം തദാ
ഉജ്ജഹ്രുസ്തേ പ്രചേതോഭ്യ ഉപദിഷ്ടാഃ സ്വയംഭുവാ.

| | | | |
|---|---|---|---|
| തത്ര | അവിടെ | ഭീതാഃ | ഭയന്നുപോയി. |
| അവശിഷ്ടാഃ | അവശേഷിക്കപ്പെട്ട | സ്വയംഭുവാ | ബ്രഹ്മാവിനാൽ |
| യേ | യാവചില | ഉപദിഷ്ടാഃ | ഉപദേശിക്കപ്പെട്ടവരായ |
| വൃക്ഷാഃ | വൃക്ഷങ്ങൾ (വൃക്ഷദേവതകൾ) ഉണ്ടായിരുന്നുവോ, | തേ | അവർ |
| | | ദുഹിതരം | സ്വപുത്രിയെ |
| (തേ) | അവർ | പ്രചേതോഭ്യഃ | പ്രചേതസ്സുകൾക്കു് |
| തദാ | അന്നേരം | ഉജ്ജഹ്രുഃ | കാഴ്ചവെച്ചു |

48 തേ ച ബ്രഹ്മണ ആദേശാന്മാരിഷാമുപയേമിരേ
യസ്യാം മഹദവജ്ഞാനാദജന്യജനയോനിജഃ

| | | | |
|---|---|---|---|
| തേ ച | അവരും | മഹദവ- ജ്ഞാനാത് | മഹാദേവനെ അവമാനിച്ചതിനാൽ (ആ ശരീരംവിട്ടു്) |
| ബ്രഹ്മണഃ | ബ്രഹ്മാവിന്റെ | | |
| ആദേശാത് | കല്പനപ്രകാരം | | |
| മാരിഷാം | മാരിഷയെന്ന വാർക്ഷിയെ | യസ്യാം | യാതൊരു ഈ വാർക്ഷിയിൽ |
| ഉപയേമിരേ | വിവാഹംചെയ്തു. | | |
| അജന- യോനിജഃ | ബ്രഹ്മാവിന്റെ പുത്രനായിരുന്ന ദക്ഷൻ | അജനി | വന്നുപിറന്നു. |

ശിവനെ ധിക്കരിച്ചകാരണം ദക്ഷന്നു് ബ്രഹ്മപുത്രത്വം നഷ്ടപ്പെട്ടു് ക്ഷത്രിയത്വേന പുനർജന്മം വേണ്ടതായിവന്നു എന്നതു് ഇവിടെ ശ്രദ്ധേയം.

49 ചാക്ഷുഷേ ത്വന്തരേ പ്രാപ്തേ പ്രാക്സർഗേ കാലവിദ്രുതേ
യഃ സസർജ പ്രജാ ഇഷ്ടാഃ സ ദക്ഷോ ദൈവചോദിതഃ

| | | | |
|---|---|---|---|
| പ്രാക്സർഗേ | പൂർവ്വശരീരം | ദൈവചോദിതഃ | ഈശ്വരപ്രേരിതനായി |
| കാലവിദ്രുതേ | കാലത്താൽ തകൎന്നു പോകവേ, | ഇഷ്ടാഃ | ഇച്ഛക്കൊത്ത |
| ചാക്ഷുഷേ | ചാക്ഷുഷമെന്ന | പ്രജാഃ | പ്രജകളെ |
| അന്തരേ | മന്വന്തരം | സസർജ | സൃഷ്ടിച്ചിരുന്നുവോ, |
| പ്രാപ്തേ തു | വന്നളവിൽ | സഃ ദക്ഷഃ | അദ്ദേഹമാണു് ഈ ദക്ഷൻ |
| യഃ | യാതൊരാൾ | | |

50 യോ ജായമാനഃ സർവേഷാം തേജസ്തേജസ്വിനാം രുചാ
സ്വയോപാദത്ത ദാക്ഷ്യാച്ച കർമ്മണാം ദക്ഷമബ്രുവൻ.

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | ഉപാദത്ത | കവൎന്നെടുത്തിരുന്നു. |
| ജായമാനഃ | ജനിച്ചഉടനെതന്നെ | (തത്) | ആയതുകൊണ്ടും, |
| സ്വയാ | തന്റേതായ | കർമ്മണാം | കൎമ്മങ്ങളുടെ |
| രുചാ | തേജസ്സിനാൽ | ദാക്ഷ്യാത് ച | ദക്ഷത്വം (കുശലത) നിമിത്തവും |
| സർവേഷാം | എല്ലാ | ദക്ഷം | 'ദക്ഷൻ' എന്നായിട്ടു് |
| തേജസ്വിനാം | തേജസ്വികളുടേയും | അബ്രുവൻ | പറഞ്ഞുവന്നു. |
| തേജഃ | തേജസ്സിനെ | | |

51 തം പ്രജാസർഗരക്ഷായാമനാദിരഭിഷിച്യ ച
യുയോജ യുയുജേഽന്യാംശ്ച സ വൈ സർവ്വപ്രജാപതീൻ.

| | | | |
|---|---|---|---|
| അനാദിഃ | ബ്രഹ്മാവു് | സഃ വൈ | ആ ദക്ഷനാകട്ടെ |
| തം | അദ്ദേഹത്തെ | അന്യാൻ | മററുള്ള |
| അഭിഷിച്യ ച | പട്ടാഭിഷേകം ചെയ്തു വാഴിച്ചു്, | സർവ്വപ്രജാപതീൻ | എല്ലാ പ്രജാപതിമാരേയും |
| പ്രജാസർഗരക്ഷായാം | പ്രജാസൃഷ്ടിയുടെ പരിപാലനവിഷയത്തിൽ | യുയുജേ ച | തത്തൽകാര്യങ്ങളിൽ ഏൎപ്പെടുത്തുകയും ചെയ്തു. |
| യുയോജ | നിയമിച്ചു. | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ചതുർത്ഥസ്കന്ധേ
ത്രിംശോഽധ്യായഃ ആദിതഃ ശ്ലോകാഃ 1414.

നാലാമത്തെ സ്കന്ധത്തിൽ മുപ്പതാമധ്യായം കഴിഞ്ഞു.

# ഏകത്രിംശോഽധ്യായ: — അദ്ധ്യായം മുപ്പത്തൊന്നു്.

## പ്രചേതസ്സുകൾക്കു് നാരദോപദേശത്താൽ മുക്തി സിദ്ധിക്കുന്നതു്.

"ഏകത്രിംശേ സുതേ ദക്ഷേ ധുരം ന്യസ്യ വനേ സതാം
നാരദോക്തേന മാർഗേണ മുക്തിരുക്താ പ്രചേതസാം

ഉത്തമന്മാരായ പ്രചേതസ്സുകൾ അവരുടെ പുത്രനായ ദക്ഷനു് രാജ്യഭാരം ഏല്പിച്ചു കൊടുത്തു്, ശ്രീനാരദോക്തമാർഗ്ഗത്തിലൂടെ സായൂജ്യം പ്രാപിച്ച കഥ ഈ അധ്യായത്തിൽ പറയുന്നു —

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു —

1 തത ഉത്പന്നവിജ്ഞാനാ ആശ്വധോക്ഷജഭാഷിതം
സ്മരന്ത ആത്മജേ ഭാര്യാം വിസൃജ്യ പ്രാവ്രജൻ ഗൃഹാത്.

| | | | |
|---|---|---|---|
| തതഃ | ദീർഘകാലാനന്തരം, | സ്മരന്തഃ | അനുസ്മരിച്ചുകൊണ്ടു് |
| ഉത്പന്ന-വിജ്ഞാനാഃ | വിവേകജ്ഞാനം കൈവന്ന പ്രചേതസ്സുകൾ | ഭാര്യാം | പത്നിയെ |
| | | ആത്മജേ | പുത്രന്റെ അടുക്കൽ |
| ആശു | ഉടൻതന്നെ | വിസൃജ്യ | ഏല്പിച്ചു്, |
| അധോക്ഷജ-ഭാഷിതം | ഭഗവാൻ ശ്രീഹരിയുടെ വചനത്തെ | ഗൃഹാത് | ഗൃഹത്തിൽനിന്നും |
| | | പ്രാവ്രജൻ | സന്യസിച്ചിറങ്ങി. |

2 ദീക്ഷിതാ ബ്രഹ്മസത്രേണ സർവ്വഭൂതാത്മമേധസാ
പ്രതീച്യാം ദിശി വേലായാം സിദ്ധോഽഭൂത് യത്ര ജാജലിഃ.

| | | | |
|---|---|---|---|
| പ്രതീച്യാം | പടിഞ്ഞാറെ | സർവ്വഭൂതാ-ത്മമേധസാ | 'സമസ്തഭൂതങ്ങളിലും ഒരേ ആത്മാവുതന്നെ' എന്ന ബോധം ഉള്ളിലുറയ്ക്കും പ്രകാരത്തിലുള്ള |
| ദിശി | ദിക്കിൽ | | |
| വേലായാം | സമുദ്രതീരത്തു്, | | |
| യത്ര | യാതൊരിടത്തു വെച്ചാണോ | ബ്രഹ്മസത്രേണ | ആത്മവിമർശരൂപമായ ബ്രഹ്മയജ്ഞംകൊണ്ടുള്ള |
| ജാജലിഃ | ജാജലിയെന്ന മഹർഷി | | |
| സിദ്ധഃ | സിദ്ധനായി | ദീക്ഷിതാഃ | നിഷ്ഠയിലുറച്ചവരായി ഭവിച്ചു. |
| അഭൂത് | ഭവിച്ചതു്, അവിടെ | | |

3 താന്നിർജിതപ്രാണമനോവചോദൃശോ
ജിതാസനാൻ ശാന്തസമാനവിഗ്രഹാൻ
പരേഽമലേ ബ്രഹ്മണി യോജിതാത്മനഃ
സുരാസുരേഡ്യോ ദദൃശേ സ്മ നാരദഃ.

| | |
|---|---|
| നിർജിത-പ്രാണമനോ-വചോദൃശഃ | പ്രാണേന്ദ്രിയമനോവൃത്തികളെയും വാക്കിനെയും ദൃഷ്ടിയേയും നിയന്ത്രിച്ചുകീഴടക്കിയവരായും |
| ജിതാസനാൻ | ആസനവിജയം സാധിച്ച് ഇരിപ്പുറപ്പിച്ചവരായും |
| ശാന്തസമാന-വിഗ്രഹാൻ | ഒതുങ്ങിനിവൎന്ന ശരീരത്തോടുകൂടിയവരായും |
| അമലേ | ശുദ്ധസത്വാത്മകമായ |
| പരേ ബ്രഹ്മണി | പരബ്രഹ്മത്തിൽ |
| യോജിതാത്മനഃ | ലയിപ്പിച്ചിരിക്കുന്ന അന്തഃകരണത്തോടുകൂടിയവരായും വൎത്തിച്ചുകൊണ്ടിരിക്കുന്ന |
| താൻ | അവരെ |
| സുരാസുരേഡ്യഃ | ദേവന്മാരാലും അസുരന്മാരാലും ആരാധ്യനായ |
| നാരദഃ | ശ്രീനാരദമുനി |
| ദദൃശേ സ്മ | സ്വയം സന്ദൎശിച്ചു. |

4 തമാഗതം ത ഉത്ഥായ പ്രണിപത്യാഭിനന്ദ്യ ച
പൂജയിത്വാ യഥാദേശം സുഖാസീനമഥാബ്രുവൻ

| | |
|---|---|
| ആഗതം | അരികെവന്നുനിന്ന |
| തം (ദൃഷ്ട്വാ) | അദ്ദേഹത്തെ കണ്ടു് |
| തേ | അവർ |
| ഉത്ഥായ | എഴുന്നേററ് |
| പ്രണിപത്യ | നമസ്കരിച്ച് |
| അഭിനന്ദ്യ ച | അഭിനന്ദിച്ചശേഷം, |
| യഥാദേശം | മുറപ്രകാരം |
| പൂജയിത്വാ | ആരാധിച്ച്, |
| അഥ | പിന്നീട് |
| സുഖാസീനം | സുഖോപവിഷ്ടനായ ആ മുനിയോട് |
| അബ്രുവൻ | പറഞ്ഞു. |

പ്രചേതസ ഊചുഃ = പ്രചേതസ്സുകൾ പറഞ്ഞു—

5 സ്വാഗതം തേ സുരർഷേഽദ്യ ദിഷ്ട്യാ നോ ദൎശനം ഗതഃ
തവ ചങ്ക്രമണം ബ്രഹ്മന്നഭയായ യഥാ രവേഃ.

| | |
|---|---|
| സുരർഷേ | ഹേ ദേവർഷേ ! |
| തേ സ്വാഗതം | അങ്ങയ്ക്കു് സ്വാഗതം. |
| അദ്യ | ഇന്നു് |
| ദിഷ്ട്യാ | ഭാഗ്യവശാൽ |
| നഃ | ഞങ്ങൾക്കു് |
| ദൎശനം ഗതഃ | ദൎശനഗതനായി. |
| ബ്രഹ്മൻ | ഹേ ബ്രഹ്മസ്വരൂപ ! |
| രവേഃ യഥാ | സൂൎയ്യന്റേതുപോലെ |
| തവ | ഭവാന്റെയും |
| ചങ്ക്രമണം | ചുററിനടത്തം |
| അഭയായ | അന്ധകാരഭീതിയെ അകററുന്നതിന്നുതകുന്നു. |

6 യദാദിഷ്ടം ഭഗവതാ ശിവേനാധോക്ഷജേന ച
തദ്ഗൃഹേഷു പ്രസക്താനാം പ്രായശഃ ക്ഷപിതം പ്രഭോ

| | |
|---|---|
| പ്രഭോ | ഹേ മഹാജ്ഞാനിൻ ! |
| ഭഗവതാ | സൎവ്വജ്ഞനായ |
| ശിവേന ച | ശ്രീരുദ്രനാലും |
| അധോക്ഷജേന | ശ്രീഹരിയാലും |

| | | | |
|---|---|---|---|
| യത് | യാതൊന്നു് | പ്രസക്താനാം | ഏർപ്പെട്ടുപോന്നിരുന്ന |
| ആദിഷ്ടം | ആദേശിക്കപ്പെട്ടിരുന്നു | (നഃ) പ്രായശഃ | ഞങ്ങൾക്കു്, മിക്കതും |
| തത് | അതു് [വോ, | | |
| ഗൃഹേഷു | ഗൃഹസ്ഥവൃത്തികളിൽ | ക്ഷപിതം | വിസ്മൃതമായിപ്പോയി. |

7 തന്നഃ പ്രദ്യോതയാധ്യാത്മജ്ഞാനം തത്ത്വാത്ഥദർശനം
യേനാഞ്ജസാ തരിഷ്യാമോ ദുസ്തരം ഭവസാഗരം

| | | | |
|---|---|---|---|
| തത് | ആകയാൽ | പ്രദ്യോതയ | തെളിയിച്ചുതന്നാലും |
| തത്ത്വാത്ഥ-ദർശനം | പരമാത്ഥതത്ത്വത്തിന്റെ സാക്ഷാത്കാരത്തിനുതകുന്ന | യേന | യാതൊന്നുകൊണ്ടു് |
| | | ദുസ്തരം | ദുസ്തരമായ |
| | | ഭവസാഗരം | സംസാരസമുദ്രത്തെ |
| അധ്യാത്മ-ജ്ഞാനം | അധ്യാത്മജ്ഞാനത്തെ | അഞ്ജസാ | സുഗമതയോടെ |
| | | തരിഷ്യാമഃ | ഞങ്ങൾ തരണംചെയ്യുന്നതായിരിക്കും |
| നഃ | ഞങ്ങൾക്കു് | | |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

8 ഇതി പ്രചേതസാം പൃഷ്ടോ ഭഗവാന്നാരദോ മുനിഃ
ഭഗവത്യുത്തമശ്ലോക ആവിഷ്ടാത്മാബ്രവീന്നൃപാൻ.

| | | | |
|---|---|---|---|
| ഉത്തമശ്ലോകേ | ഉദാരകീത്തിയെഴുന്ന | ഇതി | ഇപ്രകാരം |
| ഭഗവതി | ഭഗവാൻ ശ്രീഹരിയിൽ | പ്രചേതസാം | പ്രചേതസ്സുകളാൽ |
| ആവിഷ്ടാത്മാ | ആവിഷ്ടചിത്തനും | പൃഷ്ടഃ | ചോദിക്കപ്പെട്ടിട്ടു് |
| ഭഗവാൻ | സവ്വജ്ഞനുമായ | നൃപാൻ | ആ രാജാക്കന്മാരോടു് |
| നാരദഃ മുനിഃ | ശ്രീനാരദമഹഷി | അബ്രവീത് | പറഞ്ഞു. |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

ഗൃഹാസക്തിയാൽ ജന്മം പാഴാക്കുന്ന മൂഢാത്മാക്കളെപ്പററി അനുശോചിച്ചുകൊണ്ടു് പറയുന്നു—

9 തജ്ജന്മ താനി കമ്മാണി തദായുസ്തന്മനോ വചഃ
നൃണാം യേനേഹ വിശ്വാത്മാ സേവ്യതേ ഹരിരീശ്വരഃ

| | | | |
|---|---|---|---|
| ഇഹ | ഈ ലോകത്തിൽ | ഹരിഃ | ശ്രീഹരി |
| നൃണാം | മനുഷ്യക്കു് | സേവ്യതേ | സേവിക്കപ്പെടുന്നതിന്നു് ഇടയാകുന്നുവോ, |
| യേന | യാതൊന്നിലൂടെ | | |
| വിശ്വാത്മാ | സവ്വസ്വരൂപനും | തത് | അതത്രേ |
| ഈശ്വരഃ | സവ്വനിയന്താവുമായ | ജന്മ | യഥാത്ഥമായ ജന്മം; |

| | |
|---|---|
| താനി | അവയത്രെ |
| കർമ്മാണി | യഥാർത്ഥകർമ്മങ്ങൾ; |
| തത് | അതത്രെ |
| ആയുഃ | യഥാർത്ഥജീവിതകാലം; |
| തത് | അതത്രെ |
| മനഃ | യഥാർത്ഥമായ മനസ്സും |
| വചഃ | വാക്കും ആകുന്നതു്. |

10 കിം ജന്മഭിസ്ത്രിഭിർവേഹ ശൗക്ലസാവിത്രയാജ്ഞികൈഃ
കർമ്മഭിർവാ ത്രയീപ്രോക്തൈഃ പുംസോഽപി വിബുധായുഷാ.

| | |
|---|---|
| ശൗക്ലസാവിത്ര-യാജ്ഞികൈഃ | നല്ല മാതാപിതാക്കളിൽ നിന്നു് പിറവി, ഉപനയനസംസ്കാരം, യാഗദീക്ഷ എന്നീ |
| ത്രിഭിഃ | മൂന്നുപ്രകാരത്തിലുള്ള |
| ജന്മഭിഃ | ജന്മങ്ങൾകൊണ്ടും |
| ഇഹ | ഈ ലോകത്തിൽ |
| കിം വാ | ഫലമെന്തുള്ളൂ? |
| ത്രയീപ്രോക്തൈഃ | വേദോക്തങ്ങളായ |
| കർമ്മഭിഃ | കർമ്മങ്ങൾകൊണ്ടും, |
| വിബുധായുഷാ അപി | ദേവകൾക്കുതുല്യം ദീർഘിച്ച അയുസ്സുണ്ടായതുകൊണ്ടും |
| പുംസഃ കിം വാ | മനുഷ്യനു് ഫലമെന്തു്? |

11 ശ്രുതേന തപസാ വാ കിം വചോഭിശ്ചിത്തവൃത്തിഭിഃ
ബുദ്ധ്യാ വാ കിം നിപുണയാ ബലേനേന്ദ്രിയരാധസാ.

| | |
|---|---|
| ശ്രുതേന | ശാസ്ത്രജ്ഞാനംകൊണ്ടും, |
| തപസാ | തപസ്സുകൊണ്ടും, |
| വചോഭിഃ | വാക്ചാതുര്യങ്ങൾ കൊണ്ടും, |
| ചിത്തവൃത്തിഭിഃ | നാനാവിഷയങ്ങളെ ഓർമ്മിക്കുവാനുള്ള മനഃശക്തികൊണ്ടും |
| കിം വാ | ഫലമെന്തുള്ളൂ? |
| നിപുണയാ | കഴിവുററ |
| ബുദ്ധ്യാ | ബുദ്ധികൊണ്ടും, |
| ബലേന | ബലംകൊണ്ടും, |
| ഇന്ദ്രിയരാധസാ | ഇന്ദ്രിയപാടവംകൊണ്ടും |
| കിം വാ | എന്തുഫലമാണു് ? |

12 കിം വാ യോഗേന സാംഖ്യേന ന്യാസസ്വാധ്യായയോരപി
കിം വാ ശ്രേയോഭിരന്യൈശ്ച ന യത്രാത്മപ്രദോ ഹരിഃ

| | |
|---|---|
| യത്ര | യാതൊന്നിലൂടെ |
| ആത്മപ്രദഃ | സ്വരൂപസാക്ഷാത്കാരമരുളുന്ന |
| ഹരിഃ | ശ്രീഹരി |
| ന | പ്രാപ്യനല്ലെങ്കിൽ, |
| (തേന) | അങ്ങനെയുള്ള |
| യോഗേന | പ്രാണായാമാദിയോഗാഭ്യാസംകൊണ്ടും, |
| സാംഖ്യേന | ആത്മജ്ഞാനംകൊണ്ടും, |
| ന്യാസസ്വാ-ധ്യായയോഃ അപി | സന്യാസംകൊണ്ടും, വേദാധ്യയനംകൊണ്ടും |
| കിം വാ | ഫലമെന്തു് ? |
| അന്യൈഃ ച | വേറെയും വ്രതവൈരാഗ്യാദികളായ |
| ശ്രേയോഭിഃ | ശ്രേയഃസാധനങ്ങൾ കൊണ്ടു് |
| കിം വാ | എന്തുഫലം ? |

നാനാഫലങ്ങളെ സാധിപ്പിക്കുന്ന ഇവയെല്ലാം ഹരിഭജനം ഒന്നുമാത്രം ഇല്ലാഞ്ഞാൽ വ്യർത്ഥമാകുന്നതാണു്. അതെങ്ങനെയെന്നു് പറയുന്നു—

13 ശ്രേയസാമപി സവ്വേഷാമാത്മാ ഹ്യവധിരത്ഥതഃ
സവ്വേഷാമപി ഭൂതാനാം ഹരിരാത്മാത്മദഃ പ്രിയഃ.

| | | | |
|---|---|---|---|
| ഹി | ഇങ്ങനെ പറഞ്ഞ തെന്തെന്നാൽ, | സവ്വേഷാം | സകലങ്ങളായ |
| അത്ഥതഃ | പരമാത്ഥത്തിൽ | ഭൂതാനാം അപി | പ്രാണിജാലങ്ങൾക്കും |
| സവ്വേഷാം | എല്ലാ | ആത്മാ | ആത്മാവായും |
| ശ്രേയസാം അപി | സത്ഫലങ്ങളുടെയും | ആത്മദഃ | ആത്മപ്രദനായും |
| അവധിഃ | പരമകാഷ്ഠ | പ്രിയഃ | പ്രിയംകരനായും നില കൊള്ളുന്നതു് |
| ആത്മാ | ആത്മാവാണു്. | ഹരിഃ | ശ്രീഹരിയുമാണു്. |

മനുഷ്യൻ ചെയ്യുന്ന സമസ്തകൎമ്മങ്ങളുടേയും അന്തിമഫലം ആത്മപ്രീതിയാണല്ലോ ഈ ആത്മാവു് സാക്ഷാൽ ഹരിയല്ലാതെ മറെറാന്നുമല്ല. അതിനാൽ ഹരിപ്രീതിതന്നെ യാണു് ആത്മാനന്ദപ്രദമായതു്. ഇതിനും പുറമെ, നാനാകൎമ്മങ്ങൾമൂലേന നാനാദേവന്മാ രെ ഉപാസിക്കുന്നതുമൂലം ഉണ്ടാവുന്ന ഫലങ്ങളും ഹരിപ്രീതികൊണ്ടു് സാധിക്കും. സവ്വാ ത്മാവായ ഹരിയെ ആരാധിച്ചാൽ അതു് സവ്വദേവാരാധനമായി. ഈ വസ്തുതയെ ദൃഷ്ടാ ന്തംകൊണ്ടു് ഇനി ഉപപാദിക്കുന്നു.

14 യഥാ തരോർമൂലനിഷേചനേന
തൃപ്യന്തി തത്സ്കന്ധഭുജോപശാഖാഃ
പ്രാണോപഹാരാച്ച യഥേന്ദ്രിയാണാം
തഥൈവ സർവാർഹണമച്യുതേജ്യാ

| | | | |
|---|---|---|---|
| യഥാ | എപ്രകാരം | പ്രാണോപഹാരാത് | ഭക്ഷണാദിയാൽ പ്രാണനു് കെൽപുണ്ടാവുന്നതു കൊണ്ടു് |
| തരോഃ | വൃക്ഷത്തിൻെറ | ഇന്ദ്രിയാണാം ച | ഇന്ദ്രിയങ്ങൾക്കു കെല്പു ണ്ടാവുന്നുവോ, |
| മൂലനിഷേചനേന | കടയ്ക്കൽ വെള്ളം നനച്ചതുകൊണ്ടു് | തഥാ ഏവ | അതേവിധം |
| തത്സ്കന്ധഭുജോപശാഖാഃ | അതിൻെറ തടിയും കൊമ്പുകളും ചില്ലകളുംമററും | അച്യുതേജ്യാ | ഹരിസമാരാധനം |
| തൃപ്യന്തി | പുഷ്ടിയാർജ്ജിക്കുന്നുവോ, | സർവാർഹണം | സവ്വദേവസമാരാധനമാകുന്നതാണു്. |
| യഥാ | എപ്രകാരം | | |

ഇതെങ്ങനെയെന്നു് മറെറാരു ദൃഷ്ടാന്തംകൊണ്ടു് ഉപപാദിക്കുന്നു.

15 യഥൈവ സൂര്യാത് പ്രഭവന്തി വാരഃ
പുനശ്ച തസ്മിൻ പ്രവിശന്തി കാലേ
ഭൂതാനി ഭൂമൗ സ്ഥിരജംഗമാനി
തഥാ ഹരാവേവ ഗുണപ്രവാഹഃ

| | |
|---|---|
| യഥാ ഏവ | എവ്വിധം തന്നെയാണോ |
| വാരഃ | വെള്ളം |
| സൂര്യാത് | സൂര്യനിൽനിന്നു് |
| പ്രഭവന്തി | മഴയായിട്ടുണ്ടാവുകയും |
| പുനഃ ച | വീണ്ടും |
| കാലേ | വേനല്ക്കാലത്തു് |
| തസ്മിൻ | അതിൽ |
| പ്രവിശന്തി | ചെന്നെത്തുകയും ചെയ്യുന്നതു് |
| തഥാ | അതുപോലെയും, |
| (യഥാ) | എവ്വിധമോ |
| സ്ഥിരജംഗമാനി | സ്ഥാവരജംഗമങ്ങളായ |
| ഭൂതാനി | പ്രാണികൾ |
| ഭൂമൗ | ഭൂമിയിൽ– (ഭൂമിയിൽനിന്നുണ്ടായി അതിൽത്തന്നെ വിലയിക്കുന്നതു്) |
| (തഥാ) | അതുപോലെയും |
| ഹരൗ ഏവ | ശ്രീഹരിയിൽത്തന്നെ |
| ഗുണപ്രവാഹഃ | ചേതനാചേതനാത്മകമായ പ്രപഞ്ചമാകെയും ഉണ്ടായിട്ടു് വിലയിക്കുന്നു. |

“ഹരാവേവ ഗുണപ്രവാഹഃ” എന്നുപറഞ്ഞപ്പോൾ പ്രപഞ്ചാധാരം ഹരിയാണെന്നുവന്നതിനാൽ ഹരിക്കു് സോപാധികത്വം വന്നില്ലേ എന്നു് ആശങ്കിക്കുന്നുവെങ്കിൽ അതിനു് പറയുന്നു.

16 ഏതത്പദം തജ്ജഗദാത്മനഃ പരം
സകൃദ്വിഭാതം സവിതുര്യഥാ പ്രഭാ
യഥാസവോ ജാഗ്രതി സുപ്തശക്തയോ
ദ്രവ്യക്രിയാജ്ഞാനഭിദാഭ്രമാത്യയഃ

| | |
|---|---|
| ഏതത് | ഈ വിശ്വം |
| ജഗദാത്മനഃ | വിശ്വാത്മാവായ വിഷ്ണുവിന്റെ |
| പരം | സർവ്വോപാധിരഹിതമായ |
| തത് പദം | ആ സ്വരൂപംതന്നെയാണു്. |
| സകൃത് | ചിലകാലത്തു് |
| വിഭാതം | പ്രസ്ഫുരിക്കുന്ന ഇതു് |
| സവിതുഃ | സൂര്യന്റെ |
| പ്രഭാ യഥാ | പ്രഭപോലെയാണു്. |
| യഥാ | എപ്രകാരം |
| ജാഗ്രതി | ജാഗ്രദവസ്ഥയിൽ പ്രവൃത്ത്യുന്മുഖങ്ങളായിക്കാണുന്ന |
| അസവഃ | ഇന്ദ്രിയങ്ങൾ |
| സുപ്തശക്തയഃ | സുഷുപ്തിയിൽ വിലീനശക്തികളായി മങ്ങിപ്പോകുന്നുവോ, |
| (തഥാ) | അപ്രകാരമാകുന്നു. |
| ദ്രവ്യക്രിയാജ്ഞാനഭിദാഭ്രമാത്യയഃ | തന്തിരുവടി വാസ്തവത്തിൽ ദ്രവ്യം, ക്രിയ, ജ്ഞാനം എന്നീ മൂന്നുവിധം അഹംകാരകാര്യങ്ങൾക്കും തന്നിമിത്തമായ ഭേദവിഭ്രമത്തിനും ആസ്പദമാകുന്നില്ല. |

ഭഗവാൻ വിശ്വാധാരമാണെന്നു പറഞ്ഞതിനാൽ സോപാധികനാണെന്നു കരുതേണ്ടതില്ല. ഭഗവാൻതന്നേയാണു് ഈ വിശ്വം. ആധാരാധേയത്വം ഇവിടെയില്ല. ശരി, എന്നാൽ മറെറാരു തരത്തിൽ വിശ്വം സ്ഫുരിക്കുന്നതോ ? അതു് സൂര്യന്റെ പ്രഭപോലെ

കരുതിയാൽ മതി. സൂര്യനും പ്രഭയും ഭിന്നമല്ലല്ലോ. അതുപോലെ ഭഗവാനും വിശ്വവും ഭിന്നമല്ല. ജാഗ്രത്തിൽ ഇന്ദ്രിയങ്ങൾ ഉണൎന്നു പ്രവൎത്തിക്കുന്നു, സുഷുപ്തിയിൽ വിലയിക്കുന്നു. ഇതുപോലെ വിശ്വവും സൃഷ്ടികാലത്തിൽ പ്രകടമായി, പ്രളയകാലത്തിൽ ഭഗവാങ്കൽ വിലയിക്കുന്നു. ഭഗവാനാകട്ടെ സകലവിധഭേദവിഭ്രമത്തിൽനിന്നും അതീതനുമാണു്. എന്നിങ്ങനെ ഭാവാൎത്ഥം.

എങ്കിൽ, ഭഗവാൻ അസംഗനാണെന്നു് പറയുന്നതിൽ അൎത്ഥമെന്തു്? പ്രപഞ്ചോത്പത്തിലയങ്ങൾ അവിടെ സംഭവിക്കുന്നുവല്ലോ. അതിനാൽ അസംഗത്വം എങ്ങനെ? അതിന്നു് പറയുന്നു—

17 യഥാ നഭസ്യഭ്രതമഃപ്രകാശാ
ഭവന്തി ഭൂപാ ന ഭവന്ത്യനുക്രമാത്
ഏവം പരേ ബ്രഹ്മണി ശക്തയസ്ത്വമൂ
രജസ്തമഃസത്ത്വമിതി പ്രവാഹഃ.

| | | | |
|---|---|---|---|
| ഭൂപാഃ | രാജാക്കന്മാരേ! | പരേബ്രഹ്മണി | പരബ്രഹ്മത്തിൽ |
| യഥാ | എപ്രകാരമാണോ | രജസ്തമഃ-സത്ത്വം | രജസ്സു്, തമസ്സു്, സത്ത്വം എന്നിങ്ങനെയുള്ള |
| നഭസി | ആകാശത്തിൽ | അമൂഃ ശക്തയഃ | ഈ ശക്തികൾ (ഭവിക്കയും തിരോഭവിക്കയും ചെയ്യുന്നു) |
| അഭ്രതമഃ-പ്രകാശാഃ | മഴക്കാറും, ഇരുട്ടും വെളിച്ചവും | ഇതി | ഇങ്ങനെയാണു് |
| അനുക്രമാത് | ഓരോന്നോരോന്നായി | പ്രവാഹഃ | ജഗത്പ്രവാഹമുണ്ടാവുന്നതു് |
| ഭവന്തി | ആവിർഭവിക്കുകയും | | |
| ന ഭവന്തി | തിരോഭവിക്കുകയും ചെയ്യുന്നതു്, | | |
| ഏവം | അപ്രകാരം | | |

കാറും ഇരുളും വെളിച്ചവും ആകാശത്തിൽ ഉണ്ടാവുകയും അതിൽ വിലയിക്കുകയും ചെയ്യുന്നുണ്ടു്. എങ്കിലും ആകാശം നിർല്ലേപമാണല്ലോ. അതുപോലെ രാജസാദിഗുണപ്രവാഹം (സൃഷ്ടിസ്ഥിതിസംഹാരാദിപ്രക്രിയകൾ) പരബ്രഹ്മത്തിൽ സംഭവിച്ചാലും സംഭവിക്കാതിരുന്നാലും അതു നിർല്ലേപമാണു്, നിസ്സംഗമാണു്, നിൎവ്വികാരമാണു് എന്നാശയം.

18 തേനൈകമാത്മാനമശേഷദേഹിനാം
കാലം പ്രധാനം പുരുഷം പരേശം
സ്വതേജസാ ധ്വസ്തഗുണപ്രവാഹ-
മാത്മൈകഭാവേന ഭജധ്വമദ്ധാ

| | | | |
|---|---|---|---|
| തേന | ആകയാൽ | ആത്മാനം | ജീവചൈതന്യമായും |
| അശേഷ-ദേഹിനാം | സകല സ്ഥാവരജംഗമശരീരികളുടേയും | കാലം | ജഗത്തിന്റെ നിമിത്തകാരണമായ കാലശക്തിയായും |
| ഏകം | ഒന്നായിനില്ക്കുന്ന | | |

| | |
|---|---|
| പ്രധാനം | ഉപാദാനകാരണമായ മൂലപ്രകൃതിയായും |
| പുരുഷം | കർത്താവായ പുരുഷോത്തമനായും |
| സ്വതേജസാ | തന്റെ കാലോഗ്രതേജസ്സിനാൽ |
| ധ്വസ്തഗുണപ്രവാഹം | സത്വാദിഗുണങ്ങളുടെ പ്രവാഹസ്വരൂപമായ പ്രപഞ്ചത്തിന്റെ സംഹാരം നിർവ്വഹിക്കുന്നവനുമായ |
| പരേശം | സർവ്വേശ്വരനെ |
| ആത്മൈകഭാവേന | തന്നിൽനിന്നു് വേറെയല്ലെന്ന ഭാവനയോടെ |
| അദ്ധാ ഭജധ്വം | ശരിക്കും ഭജിക്കുവിൻ |

ഭജിക്കേണ്ടതു് ഏതുവഴിക്കു് ? അതു താഴെ പറയുന്നു—

19 ദയയാ സർവഭൂതേഷു സന്തുഷ്ട്യാ യേന കേന വാ
സർവേന്ദ്രിയോപശാന്ത്യാ വാ തുഷ്യത്യാശു ജനാർദനഃ.

| | |
|---|---|
| സർവ്വഭൂതേഷു | സകലജീവികളിലും |
| ദയയാ | കാരുണ്യംകൊണ്ടും |
| യേന കേന വാ | കിട്ടുന്നതുകൊണ്ടു് |
| സന്തുഷ്ട്യാ | സംതൃപ്തിയടയുക എന്നതുകൊണ്ടും |
| സർവ്വേന്ദ്രിയോപശാന്ത്യാ വാ | എല്ലാ ഇന്ദ്രിയങ്ങളേയും വിഷയങ്ങളിൽനിന്നു് വ്യാവർത്തിപ്പിച്ചു് പ്രശാന്തമാക്കുന്നതുകൊണ്ടും |
| ജനാർദനഃ | ഭക്തവത്സലനായ ഭഗവാൻ ശ്രീഹരി |
| ആശു | അതിവേഗം |
| തുഷ്യതി | സന്തോഷിക്കുന്നു. |

അങ്ങനെ സന്തുഷ്ടനായ ഭഗവാൻ ഭക്തനെ വിട്ടുപോകയില്ലെന്നു ബോധിപ്പിക്കുന്നു.

20 അപഹതസകലൈഷണാമലാത്മ-
ന്യവിരതമേധിതഭാവനോപഹൂതഃ
നിജജനവശഗത്വമാത്മനോഽയ-
ന്നസരതി ഛിദ്രവദക്ഷരഃ സതാം ഹി.

| | |
|---|---|
| സതാം | സത്തുക്കളുടെ |
| അപഹതസകലൈഷണാമലാത്മനി | ഏഷണാത്രയാദിവാസനകളെല്ലാം നശിച്ചു് നിർമ്മലമായിഭവിച്ച അന്തഃകരണത്തിൽ |
| അവിരതം | നിരന്തരം |
| ഏധിതഭാവനോപഹൂതഃ | വർദ്ധിച്ചെഴുന്ന ഭക്തിഭാവനയാൽ സന്നിധാനം ചെയ്യിക്കപ്പെട്ടവനായാൽ |
| അക്ഷരഃ | ആ അവിനാശിയായ ഭഗവാൻ |
| ആത്മനഃ | തന്റെ |
| നിജജനവശഗത്വം | ഭക്തജനങ്ങൾക്കു് താൻ അധീനനാണെന്ന നിലയെ |
| അയൻ | ഉണവാൻകൊണ്ടു് |
| ഛിദ്രവത് | ഹൃദ്ഗതമായ ആകാശം പോലെ |
| ന സരതി ഹി | ഹൃദയത്തിൽനിന്നു് അകന്നുപോകയില്ലല്ലോ. |

ഇങ്ങനെ സത്തുക്കൾക്കുമാത്രമേ ശ്രീഹരി വശ്യനാകയുള്ളൂ, അസത്തുക്കളുടെയാകട്ടെ പൂജപോലും കൈക്കൊള്ളുകയില്ലെന്നു് ഇനി പറയുന്നു.

21 ന ഭജതി കുമനീഷിണാം സ ഇജ്യാം
ഹരിരധനാത്മധനപ്രിയോ രസജ്ഞഃ .
ശ്രുതധനകുലകർമ്മണാം മദൈര്യേ
വിദധതി പാപമകിഞ്ചനേഷു സത്സു

| | | | |
|---|---|---|---|
| അധനാത്മധനപ്രിയഃ | നിർദ്ധനരായും ആത്മസ്വരൂപമായ ഭഗവാൻമാത്രം ധനമായുള്ളവരുമായ ജനങ്ങളിൽ പ്രീതിയെഴുന്നവനും | ശ്രുതധനകുലധർമ്മണാം | വിദ്യാഭ്യാസം, സമ്പത്തു്, കുടുംബമഹിമ, ഉദ്യോഗം എന്നിവയുടെ |
| | | മദൈഃ | തിമർപ്പുകളാൽ |
| | | അകിഞ്ചനേഷു | നിർദ്ധനരായ |
| | | സത്സു | സജ്ജനങ്ങളിൽ |
| രസജ്ഞഃ | ഭക്തിരസം അറിഞ്ഞാസ്വദിക്കുന്നവനുമായ | പാപം | വിദ്രോഹം |
| | | വിദധതി | ആചരിക്കുന്നുവോ, |
| സഃ ഹരിഃ | ആ ശ്രീഹരി, | കുമനീഷിണാം | ആ ദുർബ്ബുദ്ധികളുടെ |
| | | ഇജ്യാം | പൂജയെ |
| യേ | യാതൊരുവർ | ന ഭജതി | സ്വീകരിക്കുകയില്ല. |

22 ശ്രിയമനുചരതീം തദർത്ഥിനശ്ച
ദ്വിപദപതീൻ വിബുധാംശ്ച യത് സ്വപൂർണ്ണഃ
ന ഭജതി നിജഭൃത്യവർഗതന്ത്രഃ
കഥമമുമുദ്വിസൃജേത് പുമാൻ കൃതജ്ഞഃ

| | | | |
|---|---|---|---|
| യത് | യാതൊന്നുഹേതുവായിട്ടു് | വിബുധാൻ ച | ദേവന്മാരെയും |
| (സഃ) | തന്തിരുവടി | ന ഭജതി | താൽപര്യപ്പെടുന്നില്ല, |
| സ്വപൂർണ്ണഃ | സ്വരൂപാനന്ദംകൊണ്ടു തന്നെ പരിപൂർണ്ണനായിരിക്കുന്നുവോ, അതു ഹേതുവായിട്ടു് | നിജഭൃത്യവർഗതന്ത്രഃ | എങ്കിലും, സ്വഭക്തജനത്തിന്റെ ദാസനായിട്ടു വർത്തിക്കുന്നു. |
| | | അമും | ഈ കരുണാമയനെ |
| അനുചരതീം | നിരന്തരംതന്നെ പരിചരിച്ചുകൊണ്ടിരിക്കുന്ന | കൃതജ്ഞഃ | ഉപകാരസ്മരണയുള്ള |
| | | പുരുഷഃ | ഒരുവൻ |
| ശ്രിയം | ലക്ഷ്മിയേയും, | കഥം | എങ്ങനെയാണു് |
| തദർത്ഥിനഃ | ആ ലക്ഷ്മിയെ ആഗ്രഹിക്കുന്ന | ഉദ്വിസൃജേത് | കുറഞ്ഞൊരു നേരത്തെക്കെങ്കിലും വിട്ടുകളയുന്നതു്? |
| ദ്വിപദപതീൻ | രാജാക്കന്മാരെയും, | | |

മൈത്രേയ ഉവാച = മൈത്രേയമുനി പറഞ്ഞു—

23 ഇതി പ്രചേതസോ രാജന്യന്യാശ്ച ഭഗവത്കഥാഃ
ശ്രാവയിത്വാ ബ്രഹ്മലോകം യയൗ സ്വായംഭുവോ മുനിഃ.

| | | | |
|---|---|---|---|
| രാജൻ | ഹേ രാജൻ ! | ഭഗവത്കഥാഃ | ഭഗവത്കഥകളെ |
| സ്വായംഭുവഃ | ബ്രഹ്മപുത്രനായ | പ്രചേതസഃ | പ്രചേതസ്സുകളെ |
| മുനിഃ | നാരദമുനി | ശ്രാവയിത്വാ | പറഞ്ഞുകേൾപ്പിച്ച് |
| ഇതി | ഇങ്ങനെയും | ബ്രഹ്മലോകം | ബ്രഹ്മലോകത്തിലേക്ക് |
| അന്യാഃ ച | വേറിട്ടും ഉള്ള * | യയൗ | പോയി. |

* ധ്രുവചരിതാദികളെ ഉദ്ദേശിച്ച് പറഞ്ഞതാണിത്. 'സത്രേഽഗായത് പ്രചേതസാം' (അ – 12, ശ്ലോ – 40) എന്നിങ്ങനെ മുൻചൊന്നത് ഇവിടെ ശ്രദ്ധേയമാകുന്നു.

24 തേഽപി തന്മുഖനിര്യാതം യശോ ലോകമലാപഹം
ഹരേർനിശമ്യ തത്പാദം ധ്യായന്തസ്തദ്ഗതിം യയുഃ.

| | | | |
|---|---|---|---|
| തേ അപി | അവരും | യശഃ | കീർത്തിയെ |
| തന്മുഖനിര്യാതം | ആ മഹാമുനിയുടെ മുഖത്തിൽനിന്നു് ഉദ്ഗമിച്ചതും | നിശമ്യ | കേട്ട് |
| ലോകമലാപഹം | ജനമനോമാലിന്യത്തെ അകററുന്നതുമായ | തത്പാദം | അവിടുത്തെ തൃപ്പാദത്തെ |
| ഹരേഃ | ശ്രീഹരിയുടെ | ധ്യായന്തഃ | ധ്യാനിച്ചുകൊണ്ട് |
| | | തദ്ഗതിം | തന്തിരുവടിയുടെ പരമധാമത്തെ |
| | | യയുഃ | പ്രാപിച്ചു. |

25 ഏതത്തേഽഭിഹിതം ക്ഷത്തര്യന്മാം ത്വം പരിപൃഷ്ടവാൻ
പ്രചേതസാം നാരദസ്യ സംവാദം ഹരികീർത്തനം.

| | | | |
|---|---|---|---|
| ക്ഷത്തഃ | വിദുരരേ ! | ഏതത് | ഇതു് ഇത്രയും |
| പ്രചേതസാം | പ്രചേതസ്സുകൾക്കും | തേ | അങ്ങേയ്ക്കു് |
| നാരദസ്യ | ശ്രീനാരദനും തമ്മിലുണ്ടായ | അഭിഹിതം | ചൊല്ലിത്തരപ്പെട്ടു. |
| സംവാദം | സംഭാഷണത്തിന്റെ രൂപത്തിലുള്ള | യത് | യാതൊന്നിനെക്കുറിച്ച് |
| ഹരികീർത്തനം | ഹരിലീലാകഥനമാവുന്ന | ത്വം മാം | അങ്ങ് എന്നോട് |
| | | പരിപൃഷ്ടവാൻ | ചോദിക്കയുണ്ടായല്ലോ. |

മൂന്നാം സ്കന്ധത്തിൽനിന്നു് ആരംഭിച്ച വിദുരമൈത്രേയസംവാദം ഉപസംഹരിക്കുന്നതായി പരീക്ഷിത്ത്രാജാവിനെ ഉദ്ബോധിപ്പിച്ചുകൊണ്ട് ശ്രീശുകൻ തുടരുന്നു—

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

26 യ ഏഷ ഉത്താനപദോ മാനവസ്യാനുവർണിതഃ
വംശഃ പ്രിയവ്രതസ്യാപി നിബോധ നൃപസത്തമ

| | | | |
|---|---|---|---|
| നൃപസത്തമ | രാജോത്തമനായ പരീക്ഷിത്തേ ! | ഏഷഃ | അതു്, ഇതാ |
| മാനവസ്യ | മനുപുത്രനായ | അനുവർണിതഃ | വിസ്തരിച്ചുപറയപ്പെട്ടിരിക്കുന്നു. |
| ഉത്താനപാദഃ | ഉത്താനപാദന്റെ | പ്രിയവ്രതസ്യ അപി | പ്രിയവ്രതന്റെയും കൂടി, ഇനി |
| വംശഃ | പുത്രപൗത്രപരമ്പര | നിബോധ | കേട്ടുധരിച്ചുകൊള്ളുക. |
| യഃ | യാതൊന്നാണോ | | |

27 യോ നാരദാദാത്മവിദ്യാമധിഗമ്യ പുനർമഹീം
ഭുക്ത്വാ വിഭജ്യ പുത്രേഭ്യ ഐശ്വരം സമഗാത് പദം

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ഭുക്ത്വാ | അനുഭവിച്ചു്, |
| നാരദാത് | ശ്രീനാരദനിൽനിന്നു് | പുത്രേഭ്യഃ | പുത്രന്മാർക്കായി |
| ആത്മവിദ്യാം | അധ്യാത്മവിദ്യയെ | വിഭജ്യ | ഭാഗിച്ചുകൊടുത്തശേഷം |
| അധിഗമ്യ | ഗ്രഹിച്ചു്, | ഐശ്വരം | സർവ്വേശ്വരന്റെ |
| പുനഃ | പിന്നെയും | പദം | പരമധാമത്തെ |
| മഹീം | രാജ്യത്തെ | സമഗാത് | പ്രാപിച്ചു. |

28 ഇമാം തു കൗഷാരവിണോപവർണിതാം
ക്ഷത്താ നിശമ്യാജിതവാദസത്കഥാം.
പ്രവൃദ്ധഭാവോഽശ്രുകലാകുലോ മുനേർ-
ദധാര മൂർധ്നാ ചരണം ഹൃദാ ഹരേഃ

| | | | |
|---|---|---|---|
| ക്ഷത്താ തു | വിദുരരാകട്ടെ | അശ്രുകലാകുലഃ | ആനന്ദാശ്രുകണങ്ങളാൽ വ്യാകുലനായും ഭവിച്ചു്, |
| കൗഷാരവിണാ | മൈത്രേയമുനിയാൽ | മൂർധ്നാ | ശിരസ്സിനാൽ |
| ഉപവർണിതാം | വർണ്ണിച്ചുചൊല്ലപ്പെട്ട | മുനേഃ | മുനിയുടേയും |
| ഇമാം | ഈ | ഹൃദാ | ഹൃദയത്താൽ |
| അജിതവാദ-സത്കഥാം | ഭഗവത്പരമായ സത്കഥയെ | ഹരേഃ | ഹരിയുടേയും |
| നിശമ്യ | കേട്ടിട്ടു്, | ചരണം | തൃപ്പാദത്തെ |
| പ്രവൃദ്ധഭാവഃ | ഭക്തിവളർന്നവനായും | ദധാര | ധരിച്ചു. |

വിദുര ഉവാച = വിദുരർ പറഞ്ഞു —

29 സോഽയമദ്യ മഹായോഗിൻ ഭവതാ കരുണാത്മനാ
ദർശിതസ്തമസഃ പാരോ യത്രാകിഞ്ചനഗോ ഹരിഃ

| | | | |
|---|---|---|---|
| മഹായോഗിൻ | ഹേ യോഗിവര്യ ! | യത്ര | യാതൊരിടത്തു് |
| കരുണാത്മനാ | കാരുണികനായ | അകിഞ്ചനഗഃ | സാധുഗമ്യനായ |
| ഭവതാ | ഭവാനാൽ, | ഹരിഃ | ശ്രീഹരി വാണരുളുന്നുവോ, |

| | | | |
|---|---|---|---|
| സഃ അയം | അങ്ങനെയുള്ള ഈ | അദ്യ | ഇപ്പോൾ |
| തമസഃ | മോഹാന്ധകാരത്തിന്റെ | | |
| പാരഃ | മറുകര | ദർശിതഃ | കാട്ടിത്തരപ്പെട്ടു. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

30 ഇത്യാനമ്യ തമാമന്ത്ര്യ വിദുരോ ഗജസാഹ്വയം
സ്വാനാം ദിദൃക്ഷുഃ പ്രയയൗ ജ്ഞാതീനാം നിർവൃതാശയഃ

| | | | |
|---|---|---|---|
| വിദുരഃ | വിദുരർ | സ്വാനാം | സ്വകീയരായ |
| ഇതി | ഇപ്രകാരം പറഞ്ഞ് | ജ്ഞാതീനാം | ബന്ധുജനങ്ങളുടെ |
| തം | അദ്ദേഹത്തെ | ദിദൃക്ഷുഃ | ദർശനകാംക്ഷയോടുകൂടി |
| ആനമ്യ | നമസ്കരിച്ച്, | | |
| ആമന്ത്ര്യ | യാത്രപറഞ്ഞ് | | |
| നിർവൃതാശയഃ | നിർവൃതിയടഞ്ഞ അന്തഃകരണത്തോടുകൂടിയവനായിട്ട് | ഗജസാഹ്വയം | ഹസ്തിനാപുരത്തിലേക്ക് |
| | | പ്രയയൗ | യാത്രപുറപ്പെട്ടു. |

31 ഏതദ്യഃ ശൃണുയാദ്രാജൻ രാജ്ഞാം ഹര്യർപ്പിതാത്മനാം
ആയുർധനം യശഃ സ്വസ്തി ഗതിമൈശ്വര്യമാപ്നുയാത്

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | (സഃ) | അവൻ |
| യഃ | യാതൊരാൾ | ആയുഃ | ദീർഘായുസ്സും |
| ഹര്യർപ്പിതാത്മനാം | ശ്രീഹരിയിൽ സമർപ്പിതമായ അന്തഃകരണത്തോടുകൂടി വർത്തിച്ചിരുന്ന | ധനം | സമ്പത്തും |
| | | യശഃ | കീർത്തിയും |
| രാജ്ഞാം | രാജാക്കന്മാരുടെ | സ്വസ്തി | സൗഖ്യവും |
| ഏതത് | ഏവംവിധമായ | ഗതിം | സദ്ഗതിയും |
| (ചരിതം) | ചരിത്രത്തെ | ഐശ്വര്യം | ഈശ്വരസായൂജ്യവും |
| ശൃണുയാത് | ശ്രവിക്കുന്നുവോ | ആപ്നുയാത് | സാധിക്കുന്നതാണ്. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടാദശസാഹസ്ര്യാം സംഹിതായാം
ചതുർത്ഥസ്കന്ധേ പ്രാചേതസോപാഖ്യാനം നാമ ഏകത്രിംശോऽധ്യായഃ
ചതുർത്ഥസ്കന്ധേ ആദിതഃ ശ്ലോകാഃ 1445.
നാലാമത്തെ സ്കന്ധത്തിൽ മുപ്പത്തൊന്നാമദ്ധ്യായം കഴിഞ്ഞു.

ശ്രീമദ്ഭാഗവതേ ചതുർത്ഥഃ സ്കന്ധഃ സമാപ്തഃ നാലാംസ്കന്ധം സമാപിച്ചു.
നാലുസ്കന്ധത്തിലുംകൂടി ആകെ ചെന്ന ശ്ലോകങ്ങൾ 4056.

ശ്രീകൃഷ്ണാർപ്പണമസ്തു.
ഓം തത് സത്.